ശ്രീദേവീമാഹാത്മ്യം

സവ്യാഖ്യാനം.

വ്യാഖ്യാതാ:

ബ്രഹ്മശ്രീ കണ്ടിയൂർ മഹാദേവശാസ്ത്രികൾ.

പ്രകാശകന്മാർ:

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ, കൊല്ലം.

2-ാം പതിപ്പ് കാപ്പി 2000.

★

പകർപ്പവകാശം ടി ബുക്കഡിപ്പോവിന്ന്.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

സാഹിത്യ അക്കാദമി

വില രൂ. 5/-

★

1130/1955.



ശ്രീദേവിയുടെ കാളീരൂപപ്രദർശനം.

രണ്ടാം പതിപ്പിന്റെ മുഖവുര.

ദേവീപരമായ പൗരാണികഗ്രന്ഥങ്ങളിൽ എല്ലാവിധത്തിലും മുന്നിട്ടുനില്ക്കുന്ന ഒരു മഹാഗ്രന്ഥമാണ് ദേവീമാഹാത്മ്യം. അതിപുരാതനകാലംമുതല്ക്കേ ഭാരതഖണ്ഡത്തിലെങ്ങും ദേവീഭക്തന്മാർ ഭക്തിശ്രദ്ധാപൂർവ്വം പ്രകീർത്തിച്ചുവരുന്ന ഈ ഗ്രന്ഥം ചണ്ഡി, ദുർഗ്ഗാസപ്തശതി, ചണ്ഡിസപ്തശതി, ദേവീമാഹാത്മ്യം ഇത്യാദി നാമങ്ങളിൽ വിവിധ ഭൂവിഭാഗങ്ങളിൽ പ്രസിദ്ധിപെററതാണ്. ഇതിന്റെ അസ്തിത്വത്തിന് ഉപോൽബലകങ്ങളായ അനവധികഥകൾ ദേശാന്തരങ്ങളിൽത്തന്നെയും ഇക്കാലത്തുപോലും പ്രചരിച്ചിരിക്കുന്നവയായുണ്ട്. ധർമ്മക്ഷേത്രമാകുന്ന ഈ ആർഷഭൂമിയിൽ, ദേവീഭക്തന്മാർക്കു പാരായണയോഗ്യമായ ഈ ഗ്രന്ഥം, ഉത്തരോത്തരം പ്രചുരപ്രചാരം ആർജ്ജിക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിനു വകയില്ലല്ലോ.

ഈ ഗ്രന്ഥത്തിന്റെ വ്യാഖ്യാതാവായ ബ്രഹ്മശ്രീ കണ്ടിയൂർ മഹാദേവശാസ്ത്രികൾതന്നെ 1-ാംപതിപ്പ് പ്രസിദ്ധീകരിക്കയുണ്ടായി. ആ പ്രതികൾ മുഴുവനും വളരെക്കൊല്ലങ്ങൾക്കുമുമ്പുതന്നെ തീർന്നുപോകയാൽ ആവശ്യക്കാർക്കു പുസ്തകം ലഭിക്കുന്നതിനു മാർഗ്ഗമില്ലാതായി. ശാസ്ത്രികളുടെ ഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും ഞങ്ങൾ കാപ്പിറൈററു വാങ്ങുകയും പ്രചാരലുപ്തങ്ങളും അമിതവ്യയഹേതുകങ്ങളും ആയവ പലതും പ്രസിദ്ധീകരിക്കുകയും ചെയ്ത കൂട്ടത്തിൽ അദ്വിതീയമായ ഒന്നാണ് ഈ ദേവീമാഹാത്മ്യഗ്രന്ഥം. ഇതിന്റെയും സംവിധാനവിഷയത്തിൽ കൂടുതൽ നിഷ്കർഷാപൂർവ്വം ഞങ്ങൾ കഴിവതു യത്നിച്ചിട്ടുണ്ട്. പരിപാവനതയിലും സ്ഥൂലതയിലും അദ്വിതീയമായ ഈ മഹാഗ്രന്ഥവും ലോകോപകാരാർത്ഥമായി ഭവിക്കട്ടെയെന്നുള്ള ആശംസയോടും ദേവീപ്രണാമത്തോടുംകൂടി ഇതിനെ ഭക്തജനസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

പ്രകാശകന്മാർ.

1130 കർക്കടകം 9.

ശ്രീചണ്ഡികായൈ നമഃ

ആമുഖോപന്യാസം.

"ഏതത്തേ പ്രദർശിതം വിപ്രാ! ദേവീമാഹാത്മ്യമുത്തമം
സർവ്വവേദാന്തവേദേഷു നിശ്ചിതം ബ്രഹ്മവാദിഭിഃ
ഏകം സർവ്വഗതം സൂക്ഷ്മം കൂടസ്ഥമചലം ധ്രുവം
യോഗിനസ്തത് പ്രപശ്യന്തി മഹാദേവ്യാഃ പരം പദം
അനന്തം പ്രകൃതൗ ലീനം ദേവ്യാസ്തത് പരമം പദം
ആത്മോപലബ്ധിവിഷയം ദേവ്യാസ്തത് പരമം പദം"

(കൂർമ്മപുരാണം 12-ാം അദ്ധ്യായം)

"മായാ വാ ഏഷാ നാരസിംഹീ, സർവ്വമിദം സൃജതി
സർവ്വമിദം രക്ഷതി സർവ്വമിദം സംഹരതി
തസ്മാന്മായാമേതാം ശക്തിം വിദ്യാത്
യ ഏതാം മായാം ശക്തിം വേദ സ മൃത്യുഞ്ജയതി
സ പാപ്മാനം തരതി സോമൃതത്വം ച ഗച്ഛതി
മഹതീം ശ്രിയമശ്നുതേ."

(താപനീയോപനിഷത്ത്)

ഇത്യാദി സ്മൃതികളും ശ്രുതികളും ദേവ്യുപാസ്തിതന്നെ സർവ്വോൽകൃഷ്ടമായ പരമപദപ്രാപ്തിക്കുള്ള ഉത്തമമാർഗ്ഗമെന്നു ഘോഷിക്കുന്നു.

ആ ഉപാസ്തി ബാലാ,ലളിതാ,ചണ്ഡികാദിഭേദേന പലവിധമുണ്ടു്. അവയിൽ ഉത്തമമായുള്ളതു് ചണ്ഡികോപാസ്തിയും അതിൽ ഏററവും പ്രധാനമായുള്ളതു് ദേവീമാഹാത്മ്യപാരായണവുമാണു്. എന്നാൽ ദേവീമാഹാത്മ്യപാരായണം വിധിയാകുംവണ്ണം അർത്ഥജ്ഞാനത്തോടുകൂടിയും സുബദ്ധമായും വേണ്ടതാകുന്നു. അർത്ഥാവബോധം കൂടാതെ ചെയ്യുന്ന പാരായണത്തിനു് ഫലസിദ്ധിയില്ല, എന്നുതന്നെയുമല്ലാ ചില സന്ദർഭങ്ങളിൽ അനിഷ്ടഫലങ്ങൾകൂടിയുണ്ടായി എന്നും വരാം.

"ഭാര്യാം രക്ഷതു ഭൈരവീ" എന്നതിനു പകരം "ഭാര്യാം ഭക്ഷതു ഭൈരവീ" എന്നും "വൃത്രപ്രാണഹരേ" എന്നതിനു് "പുത്രപ്രാണഹരേ" എന്നും പാരായണം ചെയ്തവർക്കു് ആപത്തുണ്ടായി എന്നു് പ്രസിദ്ധിയുണ്ടു്.

അതുപോലെതന്നെ—

"ഉത്ഥായ ച മഹാസിം, ഹം ദേവീ ചണ്ഡമധാവത"

എന്നു് ഏഴാമദ്ധ്യായത്തിൽ ൧൯-ാം ശ്ലോകത്തിലെ പൂർവ്വാർദ്ധത്തിനു് "ദേവി വലുതായ സിംഹത്തിൽ കയറി ചണ്ഡൻെറ നേരേ ഓടി" എന്നു് ചിലർ അർത്ഥം പറയുന്നതായി കേട്ടിട്ടുണ്ടു്. എന്നാൽ "ദേവി

വലുതായ വാൾ ഉയൎത്തിപ്പിടിച്ചുകൊണ്ടു് ഹം എന്ന ശബ്ദത്തോടുകൂടി ചണ്ഡന്റെനേരെ ഓടി" എന്നാണു് ശരിയായ അൎത്ഥം.

"തസ്യാം വിനിൎഗ്ഗതായാം തു കൃഷ്ണാഭൂത്സാപി പാൎവ്വതി"

എന്നു് അഞ്ചാമദ്ധ്യായത്തിൽ ൮൮-ാംശ്ലോകത്തിലെ പൂൎവ്വാൎദ്ധത്തിനു് "പാൎവ്വതീദേവിയാണു് കൃഷ്ണവൎണ്ണയായ്തീൎന്ന"തെന്നു് പലരും തെററിദ്ധരിച്ചിട്ടുണ്ടു്. യഥാൎത്ഥത്തിൽ പാൎവ്വതീദേവി ഗൗരവൎണ്ണയായ്തന്നെയിരുന്നതേയുള്ളു. ആ പാൎവ്വതിതന്നെയാണു് എങ്കിലും കൌശികിയാണു് കൃഷ്ണവൎണ്ണയായ്തീൎന്നതു്. ഇതാണു് ശരിയായ അൎത്ഥം. ഇത്യാദി അൎത്ഥഗാംഭീൎയ്യമുള്ള പലഘട്ടങ്ങളുമുണ്ടു്.

ഇനിയും പ്രസ്തുതഗ്രന്ഥത്തിന്റെ പ്രചാരത്തേയും സ്ഥിതിയേയും പററി അല്പം പ്രസ്താവിക്കാം.

ഇതു കേരളത്തിൽ എന്നുവേണ്ടാ ഭാരതഖണ്ഡത്തിലെങ്ങും സുപ്രസിദ്ധമായ ഒരു പാരായണഗ്രന്ഥമാകുന്നു. ഭയഭക്തിവിശ്വാസങ്ങളെ ജനിപ്പിക്കുന്നതുകൊണ്ടു് ശൈവം,വൈഷ്ണവം, ശാക്തം എന്നീമൂന്നുമതത്തിലുമുള്ളവൎക്കും ഇതുപോലെ ആദരണീയമായ വേറൊരുഗ്രന്ഥം ഇല്ലെന്നുതന്നെ പറയാം. ഇതിനു് ബംഗാളദേശത്തിൽ 'ചണ്ഡീ' എന്നും, കാശി മദ്ധ്യഭാരതം ബാംബെ മുതലായദേശങ്ങളിൽ 'ദുൎഗ്ഗാസപ്തശതി' എന്നും, 'ചണ്ഡീസപ്തശതി' എന്നും, ചോളം പാണ്ഡ്യം കേരളം മുതലായ ദക്ഷിണദേശങ്ങളിൽ 'ദേവീമാഹാത്മ്യം' എന്നും പേർ പറഞ്ഞുവരുന്നു. ഭൂതപ്രേതപിശാചാദികളിൽനിന്നും സിംഹവ്യാഘ്രാദിദുഷ്ടജന്തുക്കളിൽനിന്നും തസ്കരന്മാരിൽനിന്നും മററും ഉണ്ടാകുന്ന ആപന്നിവാരണാൎത്ഥം ബാലന്മാരും വൃദ്ധന്മാരും ഗൎഭിണികളും പാന്ഥന്മാരും എന്നുവേണ്ട പലരും ഈ ഉത്തമഗ്രന്ഥത്തെ രക്ഷയായ്ധരിച്ചുവരുന്നു. ഈ ഗ്രന്ഥധാരണംകൊണ്ടുമാത്രം ആപത്തുകളിൽനിന്നു മോചിച്ചതായി ചില കഥകൾ ഉണ്ടു്.

കാരടിബ്ഭട്ടതിരിയും കാഞ്ഞിരക്കാട്ടുനമ്പൂതിരിയുംകൂടി വഴിയാത്രചെയ്തപ്പോൾ യക്ഷിപ്പറമ്പിനു സമീപംവച്ചു് രണ്ടു യക്ഷികൾ ഇവരെ ബാധിക്കുകയും ദേവീമാഹാത്മ്യം കയ്യിലുണ്ടായിരുന്ന നമ്പൂതിരിയെ ഉപദ്രവിക്കുന്നതിനു് ഒരുമ്പെട്ട യക്ഷി നിവൃത്തിയില്ലാതെ പിന്മാറുകയും ഭട്ടതിരിയെ ബാധിച്ചയക്ഷി അദ്ദേഹത്തെ നാമാവശേഷമാക്കിത്തീൎക്കുകയും ചെയ്തു എന്നും,

കൊടുങ്ങല്ലൂർക്ഷേത്രത്തിൽ കുരുതികഴിഞ്ഞിരുന്ന ഒരു ദിവസം അൎദ്ധരാത്രിയിൽ പ്രസിദ്ധനായ കൊച്ചിശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഉത്തമമാന്ത്രികനായ കല്ലൂരുനമ്പൂതിരിയെ ഒന്നു പരീക്ഷിക്കണമെന്നുദ്ദേശിച്ചു് ഭഗവതിയുടെ തൃപ്പടിയിൽ വച്ചിരിക്കുന്ന തന്റെ

മോതിരം എടുത്തുകൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയും, മനുഷ്യസഞ്ചാരം പതിവില്ലാത്ത ആ രാത്രിയിൽ ആ കാൎയ്യനിൎവ്വഹണത്തെക്കുറിച്ച് നമ്പൂതിരി വളരെ പരിഭ്രമിച്ചു എങ്കിലും ദേവീമാഹാത്മ്യത്തിൻെറ മഹിമയെ ഓൎത്ത് ധൈൎയ്യത്തെ അവലംബിച്ച് ഗ്രന്ഥവും കയ്യിലെടുത്ത് അകത്തു പ്രവേശിച്ച് യാതൊരുപദ്രവവും നേരിടാതെ മോതിരം എടുത്തുകൊണ്ടുചെന്നുകൊടുത്തു എന്നും പ്രസിദ്ധമാണല്ലോ.

കേവലം സ്പൎശംകൊണ്ടുമാത്രം ഇത്രത്തോളം ഫലം സിദ്ധിച്ചസ്ഥിതിക്ക് വിധിപ്രകാരമുള്ള പാരായണംകൊണ്ടുണ്ടാകാവുന്നഫലം അനിൎവ്വചനീയംതന്നെയാണ്.

വിശേഷിച്ച് "ശൂലേന പാഹി നോ ദേവി" എന്ന നാലാമദ്ധ്യായത്തിലെ ൨൰൪-ാം ശ്ലോകം ഒഴിച്ച് മററുസകലശ്ലോകങ്ങളിലും 'ത്' 'ര' എന്ന് രണ്ടക്ഷരങ്ങൾ അടങ്ങിയിട്ടുണ്ട്. അതിൻെറ താല്പൎയ്യം "ഈ പാരായണംകൊണ്ട് സംസാരസമുദ്രത്തെ തരണം ചെയ്താലും എന്ന് ഓരോ ശ്ലോകമന്ത്രങ്ങളും ഉപദേശിക്കുന്നു" എന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ ഒററശ്ലോകം തന്മാത്രജപത്തിലും പൂൎണ്ണപാരായണഫലത്തെ കൊടുക്കുന്നതാകുന്നു. ഈ മഹിമകൾ പ്രത്യേകം സ്മൎത്തവ്യങ്ങളാണ്.

ഇപ്രകാരം പലവിധത്തിൽ മാഹാത്മ്യവും അൎത്ഥഗാംഭീൎയ്യവും മന്ത്രത്വവുമുള്ള ഈ വിശിഷ്ടഗ്രന്ഥത്തിന് ഇപ്പോൾ മലയാളത്തിൽ രണ്ടുമൂന്നുതൎജ്ജമകളുണ്ട്. ഇവ ഒന്നുംതന്നെ വിധിപ്രകാരം അൎത്ഥജ്ഞാനത്തോടുകൂടി പാരായണംചെയ്യുന്നതിന് ഉപയോഗപ്പെടുകയില്ല. അതിനാൽ ശരിയായവിധം അൎത്ഥം മനസ്സിലാക്കി വിധിയാകുംവണ്ണം പാരായണംചെയ്യുന്നതിന് മലയാളഭാഷയിൽ മൂലത്തോടും വ്യാഖ്യാനത്തോടും കൂടിയ ഒരു ദേവീമാഹാത്മ്യഗ്രന്ഥം ഏററവും അത്യാവശ്യമായിരിക്കുന്നു.

എന്നാൽ ൭൦൦ മന്ത്രങ്ങൾ ശരിയായി അടങ്ങിയിട്ടുള്ള ഒരു സുബദ്ധഗ്രന്ഥം കണ്ടുപിടിക്കുന്നതിന് ഞാൻ എൻെറ ചെറുപ്പം മുതൽ ഇതേവരെയും അനേകം സ്ഥലങ്ങളിൽ അന്വേഷിച്ചതിൽ കണ്ടുകിട്ടിയിട്ടില്ലാ എന്നുമാത്രമല്ല, ഒന്നിനോടൊന്നു വ്യത്യാസപ്പെട്ടും—ശ്ലോകങ്ങൾക്കും മന്ത്രങ്ങളുടെ സംഖ്യകൾക്കും ക്ലിപ്തമില്ലാതെയും രണ്ടും മൂന്നുംമന്ത്രങ്ങൾ ഒന്നായും ഒരു മന്ത്രംതന്നെ രണ്ടുംമൂന്നുമായും എന്നു വേണ്ടാ ഐകരൂപ്യമില്ലാതെ നാനാവിധത്തിൽ കണ്ടുവരികയും, എല്ലാംആളുകളും അവരവരുടെ കൈവശമുള്ള ഗ്രന്ഥം സുബദ്ധമാണെന്ന് ഘോഷിക്കുന്നതുകൊണ്ടും "ഇത് ഒരുശരിയായ ഗ്രന്ഥംതന്നെയാണ്" എന്നുനിൎണ്ണയിക്കത്തക്ക തൃപ്തി മനസ്സിനുണ്ടാകാതെ ഇവിടങ്ങളിലും പരദേശങ്ങളിലും അന്വേഷിച്ചുവരികയും ചെയ്തുവേ,

"ഔറംഗബാദ്"നഗരവാസിയും ചതുശ്ശാസ്ത്രപണ്ഡിതനും മഹാതാന്ത്രികനും ദേവീഭക്തശിരോമണിയുമായ "ഹരികൃഷ്ണശൎമ്മ" എന്ന മഹാനുഭാവൻ പരോപകാരാൎത്ഥം അനേകം ദിക്കുകളിൽ അന്വേഷിച്ചു് പരിശ്രമംചെയ്തു് സമ്പാദിച്ചു, ദുൎഗ്ഗാപ്രദീപം, ഗുപ്തവതി, ചതുൎദ്ധരി, ശാന്തനവി, നാഗോജീഭട്ടി, ദംശോദ്ധാരം, ജഗച്ചന്ദ്രചന്ദ്രിക ഇങ്ങനെ ഏഴുവ്യാഖ്യാനങ്ങളോടുകൂടി ബാംബയിൽ അച്ചടിപ്പിച്ച ഒരു ദേവീമാഹാത്മ്യഗ്രന്ഥം ഈയിടെ കണ്ടുകിട്ടി.

ഇതിനെ പരോപകാരാൎത്ഥം വിനിയോഗിച്ചാൽ നന്നായിരിക്കുമെന്നു് അപ്പോൾത്തന്നെ എനിക്കുണ്ടായ ഉൽകണ്ഠയുടെഫലമാണു് ഈ മാസിക.

മേൽപ്പറഞ്ഞ ഏഴു വ്യാഖ്യാനങ്ങൾ ഉള്ളതിൽ ചില വ്യാഖ്യാതാക്കന്മാർ സുഗമങ്ങളാണെന്നുവച്ചു് ഏതാനും ശ്ലോകങ്ങൾക്കു് വ്യാഖ്യാനിക്കാതെയുണ്ടു്. ദുൎഗ്ഗാപ്രദീപവ്യാഖ്യാതാവു് കവചാൎഗ്ഗളകീലകങ്ങൾക്കുമാത്രമേ വ്യാഖ്യാനിച്ചിട്ടുള്ളു. ജഗച്ചന്ദ്രചന്ദ്രികയിൽ മന്ത്രവിഭാഗമേ പറഞ്ഞിട്ടുള്ളു.

ചിലശ്ലോകങ്ങൾക്കു് ഒരു വ്യാഖ്യാതാവു് പറയുന്ന അൎത്ഥത്തെത്തന്നെ വ്യത്യാസംകൂടാതെ വേറെ വ്യാഖ്യാതാക്കളും പറയുന്നു എങ്കിൽ പ്രയോജനമില്ലാത്തതുകൊണ്ടു് അതിൽ ഒരൎത്ഥംമാത്രമേ ഞാൻ എന്റെ തൎജ്ജമയിൽ ചേൎത്തിട്ടുള്ളു.

ഈ ഏഴുവ്യാഖ്യാനങ്ങളുടേയും പേരുകൾ കാണിക്കുന്നതിനു് ഈ പുസ്തകം മുഴുവനും വ്യാപിച്ചിരിക്കുന്ന ചില സംജ്ഞകളെക്കുറിച്ചുള്ള വിവരണം താഴെ ചേൎക്കുന്നു.

ദുൎഗ്ഗാപ്രദീപം—ദുൎഗ്ഗാ
ഗുപ്തവതി—ഗുപ്ത
ചതുൎദ്ധരി—ചതു
ശാന്തനവി—ശാന്ത
നാഗോജീഭട്ടി—നാഗോ
ദംശോദ്ധാരം—ദംശോ
ജഗച്ചന്ദ്രചന്ദ്രിക—ജഗ.

ഭക്തന്മാർ ഈ പുസ്തകത്തെ വിധിയാകുംവണ്ണം പാരായണംചെയ്തു്

"ആരാധിതാ സൈവ നൃണാം ഭോഗസ്വൎഗ്ഗാപവൎഗ്ഗദാ"

എന്നു് ൧൩-ാംഅദ്ധ്യായത്തിൽ സുമേധസ്സുമഹൎഷി സുരഥമഹാരാജാവിനോടു് ഒടുവിൽച്ചെയ്ത ഉപദേശംപോലെ ഇഹലോകഭോഗങ്ങളേയും പരലോകസുഖങ്ങളേയും അനുഭവിക്കട്ടെ. അതുതന്നെയാണു് എന്റെ ഈ പരിശ്രമത്തിന്റെഫലം. അതിനു് സൎവമംഗളയായ ശ്രീചണ്ഡികാദേവി സഹായിക്കട്ടെ.

1101 കുംഭം 14-ാംനു } കണ്ടിയൂർ മഹാദേവശാസ്ത്രികൾ.

ഹരിഃ ശ്രീഗണപതയേ നമഃ
അവിഘ്നമസ്തു.

ശ്രീദേവീമാഹാത്മ്യം

വിജ്ഞാപനം.

ജപേൽ സപ്തശതീം ചണ്ഡീം കൃത്വാ തു കവചം പുരാ
യാവൽ ഭൂമണ്ഡലം ധത്തേ സശൈലവനകാനനം
താവത്തിഷ്ഠതി മേദിന്യാം സന്തതിഃ പുത്രപൗത്രികീ
ദേഹാന്തേ പരമം സ്ഥാനം യത്സുരൈരപി ദുർല്ലഭം
പ്രാപ്നോതി പുരുഷോ നിത്യം മഹാമായാപ്രസാദതഃ.

ശ്രീദേവീകവചം ആദ്യം ജപിച്ചിട്ടു് ദേവീമാഹാത്മ്യത്തെ പാരായണംചെയ്യുന്നവനു്, ആദിശേഷൻ പർവ്വതകാനനങ്ങളോടു കൂടിയ ഈ ഭൂമണ്ഡലത്തെ എത്രകാലംവരെ ധരിക്കുന്നുവോ അത്രയും കാലം പുത്രപൗത്രാദിസന്തതികൾ നിലനില്ക്കുന്നതാകുന്നു. ആ പുരുഷൻ ദേഹാവസാനത്തിൽ മഹാമായാപ്രസാദംഹേതുവായിട്ടു് ദേവന്മാർക്കുകൂടിയും ദുർല്ലഭമായ് നിത്യമായ് ഇരിക്കുന്ന പരമപദത്തെ പ്രാപിക്കുന്നു.

എല്ലായ്പോഴും വേദാജ്ഞാപരിപാലനവും അതിൽ പ്രതിപാദിക്കുന്ന കർമ്മതന്ത്രത്തിൽ സമുത്സുകഹൃദയത്വവുംകൊണ്ടു് അത്യുത്തമന്മാരായിരിക്കുന്ന വിദ്വദഗ്രേസരന്മാരേ! മഹാന്മാരായിരിക്കുന്ന നിങ്ങൾക്കു് ഇതു് അറിയാവുന്നതായിരിക്കാം. മറെറാരുവസ്തുവിൻെറയും അപേക്ഷകൂടാതെതന്നെ വിധിയാംവണ്ണം പാരായണംചെയ്യുന്നവർക്കും, അനുഷ്ഠിക്കുന്നവർക്കും ധർമ്മാർത്ഥകാമമോക്ഷങ്ങളെന്ന നാലുപുരുഷാർത്ഥങ്ങളേയും സാധിപ്പിക്കുന്നതിനുള്ള സാമർത്ഥ്യത്തോടുകൂടിയതാണെന്നു് പ്രപഞ്ചംമുഴുവനും പെരുമ്പറയടിച്ചുഘോഷിച്ചുകൊണ്ടിരിക്കുന്ന ഒരു സാധനം "ദുർഗ്ഗാസപ്തശതീ" എന്ന നാമധേയത്തോടുകൂടി സർവ്വോൽകർഷേണ വർത്തിക്കുന്നു. ഈ ദേവീമാഹാത്മ്യം ഭക്തകാമകാമധേനുവാണെന്നു് അഖിലഭൂമണ്ഡലത്തിലും ആബാലവൃദ്ധം അറിയപ്പെട്ടിട്ടുള്ളതാണു്. ഇതിൻെറ പാഠാനുഷ്ഠാനക്രമം സത്തുക്കളാൽ അനുഭവിക്കപ്പെടുന്ന രാജമാർഗ്ഗംപോലെ സർവ്വത്ര അവ്യാഹതമാകുന്നു.

ഈ കാലത്തും അനേകശ്രദ്ധാലുക്കൾ ദാരിദ്ര്യം രോഗം ദുഃഖം മുതലായ ദുർഗ്ഗമസങ്കടങ്ങളിൽ അതാതിന്റെ നിവൃത്തിക്കായിക്കൊണ്ട് അപ്പോളപ്പോൾ സ്വയമേയോ ബ്രാഹ്മണമുഖമായിട്ടോ ഇതിന്റെ പാരായണത്തെ അനുഷ്ഠിച്ചുവരുന്നു. ചില വിദ്വാന്മാർ ഈ ദേവീമാഹാത്മ്യാനുഷ്ഠാനംകൊണ്ട് പൂർണ്ണകാമന്മാരായിട്ട് സന്തോഷഭരത്താൽ ഈ പാരായണംതന്നെ ശ്രേയസ്സാധനമെന്ന് അന്യന്മാരോട് ഉപദേശിച്ച് അവരെയും ഇതിൽ ശ്രദ്ധാലുക്കളാക്കിത്തീർക്കുന്നു.

പാരായണംചെയ്യുന്നവരിൽ ചിലർക്ക് സങ്കല്പിക്കുന്ന ഫലം സിദ്ധിക്കാതെയിരിക്കുന്നതിനുള്ളകാരണം വിധിയാകുംവണ്ണം അനുഷ്ഠിക്കാത്തതൊന്നുമാത്രമാകുന്നു.

ഇതിന്റെഅനുഷ്ഠാനം അജ്ഞന്മാർക്ക് സുലഭമല്ലാ. എന്തുകൊണ്ടെന്നാൽ,

"ജ്ഞാത്വാ പ്രാരഭ്യ കുർവീത ഹ്യകുർവാണോ വിനശ്യതി
തതോ ജ്ഞാത്വൈവ സമ്പന്നമിദം പ്രാരഭ്യതേ ബുധൈഃ"

ദേവീമാഹാത്മ്യത്തിന്റെ വിധിയാകുംവണ്ണമുള്ള പാരായണക്രമത്തെ അറിഞ്ഞിട്ട് ആരംഭിച്ചുനടത്തേണ്ടതാകുന്നു. അങ്ങനെ അറിഞ്ഞു് അതിന്റെ പരിഹാരങ്ങളെ ചെയ്യാതെ പാഠംചെയ്യുന്നവന് ഫലസിദ്ധിയുണ്ടാകുകയില്ല. അതുകൊണ്ട് അറിവുള്ളവർ പാഠവിധിയെഅറിഞ്ഞു് ഈ സ്തോത്രത്തെ നിർദ്ദോഷമാക്കിത്തന്നെ പാരായണമാരംഭിക്കേണ്ടതാകുന്നു.

"ഗീതീ ശീഘ്രീ ശിരഃകമ്പീ തഥാ ലിഖിതപാഠകഃ
അനർത്ഥജ്ഞോൽപകണ്ഠശ്ച ഷഡേതേ പാഠകാധമാഃ"

൧. സംഗീതത്തോടുകൂടി പാരായണംചെയ്യുന്നവൻ
൨. അതിവേഗത്തിൽ പാരായണംചെയ്യുന്നവൻ
൩. തലകുലുക്കിക്കൊണ്ടു് പാരായണംചെയ്യുന്നവൻ
൪. താൻതന്നെ എഴുതിയഗ്രന്ഥംനോക്കി പാരായണംചെയ്യുന്നവൻ
൫. സ്തോത്രാർത്ഥമറിയാതെ പാരായണംചെയ്യുന്നവൻ
൬. വളരെച്ചെറിയ ഒച്ചയിൽ പാരായണംചെയ്യുന്നവൻ

ഈ ആറുപേരും പാഠകാധമന്മാരാകുന്നു. ഈ ജ്ഞാനമില്ലാതെ പാരായണംചെയ്യുന്നവർക്ക് അത്യന്തം ദോഷവും വിപരീതഫലവും ഉണ്ടാകുന്നതാണു്.

അവിവേകികൾ ഒരുതവണ ഫലവിഘാതംവന്നാൽ പിന്നെ അതിൽ ആദരവില്ലാതെയും സ്വദോഷത്തെ ചിന്തിക്കാതെയും പരാങ്മുഖരായിത്തീർന്നു് അതിനെ മറ്റൊരിടത്താരോപിച്ചു് ഭ്രമിക്കുന്നു.

സാംസ്കാരികമോഹദാക്കുകൾ ദുഃഖപാരമ്പരയോട്ടുകൂടിയ സംസാരസമുദ്രത്തിൽ പലവട്ടവും രാത്രിയും പകലും മുങ്ങിയും പൊങ്ങിയും പാരവശ്യത്തോട്ടുകൂടി കരകാണാതെ ഉഴലുകയുംചെയ്യുന്നു.

ഇങ്ങനെയുള്ളവരേയും മററും വിചാരിച്ച് പാരായണംചെയ്യുന്നവൎക്ക് അൎത്ഥാവബോധാദികൾക്കായ് യഥാമതി സഹായംചെയ്യുന്നതു് ശ്രേയസ്കരമാണെന്നുള്ള ഉദ്ദേശത്തോട്ടുകൂടി ഞാൻ ഈ പുസ്തകത്തെ തൎജ്ജമചെയ്തു് ശ്രീമഹാദേവീപാദാരവിന്ദങ്ങളിൽ ഭക്തിയോട്ടുകൂടി സമൎപ്പിച്ചുകൊള്ളുന്നു.

---

൧. ചണ്ഡീശബ്ദാൎത്ഥനിൎണ്ണയം.

ചണ്ഡഭാനു, ചണ്ഡവാതം ഇത്യാദികളിൽ ചണ്ഡപദത്തിനു് "ഇത്രമാത്രമെന്നു നിൎണ്ണയിക്കാൻ പാടില്ലാത്തതു്" എന്നും "അസാധാരണഗുണത്തോട്ടുകൂടിയതു്" എന്നും അൎത്ഥം നിശ്ചയിച്ചിരിക്കുന്നു. ഇത്രമാത്രമെന്നു് നിശ്ചയിക്കാവുന്നതിനു് ദേശകാലവസ്തുപരിച്ഛേദം കൊണ്ടു് ത്രൈവിദ്ധ്യമുണ്ടു്. ആ പരിച്ഛേദത്രിതയത്തോട്ടുകൂടാത്തതും അസാധാരണഗുണത്തോട്ടുകൂടിയതുമാണു് ബ്രഹ്മം. ബ്രഹ്മത്തിൻെറ ലക്ഷണവും ഇതുതന്നെ അതുകൊണ്ടു് ചണ്ഡി എന്ന പദത്തിനു് ബ്രഹ്മത്തിൻെറ പട്ടമഹിഷി എന്നൎത്ഥം.

"ഭീഷാസ്മാദ്വാതഃ പവതേ ഭീഷോദേതി സൂൎയ്യഃ
ഭീഷാസ്മാദഗ്നിശ്ചേന്ദ്രശ്ച മൃത്യുൎദ്ധാവതി പഞ്ചമഃ"

ഈ ശ്രുതി, ഭയജനകമായകോപം ബ്രഹ്മത്തിൻെറ സ്വഭാവമാണെന്നു് കാണിക്കുന്നു.

"നമസ്തേ രുദ്രമന്യവേ" എന്ന വാക്യത്തിൽ കോപത്തെ നമസ്കരിക്കുന്നു എന്നു പറയുന്നു. അങ്ങനെയുള്ള കോപം 'ചണ്ഡി' ധാതുവിൻെറ മുഖ്യവൃത്തിയാകുന്നു.

ചണ്ഡതേ=കുപ്യതേ. "ചണ്ഡീ" ചണ്ഡിതന്നെ. ചണ്ഡിക കോപമുള്ളവൾ എന്നൎത്ഥം.

ഈ ചണ്ഡിശബ്ദം വാചകവും പരബ്രഹ്മമഹിഷി വാച്യവുമാണു്. ഈ ചണ്ഡിയെത്തന്നെ "തദൈക്ഷത" "സോകാമയത്" "തത്തപോകുരുത", എന്നു ശ്രുതിപ്രസിദ്ധമായ് ജ്ഞാനേച്ഛാക്രിയാസമഷ്ടിരൂപമായ് ഇരിക്കുന്ന ബ്രഹ്മത്തിൻെറ പ്രഥമവീക്ഷണമായ ധൎമ്മം എന്നും, ആദിശക്തി എന്നും പറയുന്നു.

മഹാകാളി മഹാലക്ഷ്മി മഹാസരസ്വതി എന്നു് നാമരൂപങ്ങൾ കല്പിച്ചു് വ്യഷ്ടിയായ് വ്യവഹരിക്കുന്നതും ശക്തിരഹസ്യാദികളിൽ തുരീയാ എന്നു നിർദ്ദേശിക്കുന്നതും ഈ ചണ്ഡികയെയാണു്. ആചാര്യസ്വാമികൾ ഇങ്ങനെ പറയുന്നു:—

ഗിരാമാഹുർദ്ദേവീം ദ്രുഹിണഗൃഹിണീമാഗമവിദോ
ഹരേഃ പത്നീം പത്മാം ഹരസഹചരീമദ്രിതനയാം
തുരീയാ കാപി ത്വം ദുരധിഗമനിസ്സീമമഹിമാ
മഹാമായാ വിശ്വം ഭ്രമയതി പരബ്രഹ്മമഹിഷി!

(സൗന്ദര്യലഹരി ൻ൭-ാം ശ്ലോകം.)

അല്ലയോ പരബ്രഹ്മമഹിഷി! വേദതത്ത്വജ്ഞന്മാരായ വ്യാസാദികൾ നിന്തിരുവടിയെത്തന്നെ ബ്രഹ്മപത്നിയായ സരസ്വതി എന്നും, നിന്തിരുവടിയെത്തന്നെ മഹാവിഷ്ണുപത്നിയായ മഹാലക്ഷ്മി എന്നും, നിന്തിരുവടിയെത്തന്നെ ശിവപത്നിയായ പാർവ്വതി എന്നും പറയുന്നു. നിന്തിരുവടി അറിവാൻപാടില്ലാത്ത അപാരമഹിമാവോടുകൂടിയ തുരീയാ എന്ന നാലാമത്തേവളായ് മഹാമായയായ് ഇരുന്നുംകൊണ്ടു് ഈ പ്രപഞ്ചത്തെ എല്ലാം ഭ്രമിപ്പിക്കുന്നു.

പരബ്രഹ്മമഹിഷിയായ് തുരീയയായ് ഇരിക്കുന്ന ഈ ചണ്ഡിക, ചരിത്രത്രയസമഷ്ടിദേവതാരൂപിണി എന്നു് ദേവീമാഹാത്മ്യത്തിൽ മുഴുവനും പ്രതിപാദിക്കപ്പെടുന്നവളായും,

"സർവ്വസ്യാദ്യാ മഹാലക്ഷ്മീ" എന്നും,
"മഹാലക്ഷ്മീരേവമതാരാജൻ സർവ്വേശ്വരേശ്വരി" എന്നും പ്രാധാനികരഹസ്യത്തിലും,

"സദാ ശിവാങ്കമാരൂഢാ ശക്തിരിത്യാഹ്വയാ ശിവാ
മഹാലക്ഷ്മീരിതിഖ്യാതാ സർവ്വദേവഗണാനതാ" എന്നു്

ശിവപുരാണത്തിലും ഉൽഘോഷിക്കപ്പെടുന്നവളായും ഇരിക്കുന്ന മഹാലക്ഷ്മിയാകുന്നു. ദേവീമാഹാത്മ്യത്തിന്റെ ഉപാസ്യദേവതയും മഹാകാള്യാദിദ്വാരാ സച്ചിദാനന്ദരൂപിണിയായ്, മൂലശക്തിയായ് തുരീയയായ് ചണ്ഡിക എന്നു് നാമാന്തരത്തോടുകൂടിയവളായ് ഇരിക്കുന്ന ഈ മഹാലക്ഷ്മിതന്നെയാണു്. മഹാലക്ഷ്മീമഹിമാവു് പ്രാധാനികരഹസ്യത്തിൽ വർണ്ണിച്ചിരിക്കുന്നു.

൯. നവാക്ഷരീമന്ത്രോദ്ധാരം.

ഇങ്ങനെ നാമരൂപോപാധിയോടുകൂടിയതായ് ശക്തിസ്വരൂപമായ് ഇരിക്കുന്ന ബ്രഹ്മത്തിന്റെ ഉപാസന അനേകം തന്ത്രങ്ങളിൽ പലവിധത്തിലും പ്രതിപാദിക്കുന്നുണ്ടു്. എന്നാൽ അവയിൽ എല്ലാം വച്ചു് ഉത്തമമായുള്ളതു് 'നവാക്ഷരീമന്ത്രം' 'സപ്തശതീസ്തോത്രം' ഇങ്ങനെ രണ്ടാകുന്നു.

"സർവ്വേ വൈ ദേവാ ദേവീമുപതസ്ഥുഃ കാസി ത്വം മഹാദേവി സാബ്രവീൽ അഹം ബ്രഹ്മരൂപിണീ മത്തഃപ്രകൃതിപുരുഷാത്മകം ജഗൽ"

(ദേവ്യഥർവ്വശീർഷോപനിഷത്തു്.)

എല്ലാ ദേവന്മാരും ദേവിയെ സേവിച്ചിട്ടു് "നിന്തിരുവടി ആരാണു്" എന്നു ചോദിച്ചു. ദേവിപറഞ്ഞു: ഞാൻ ബ്രഹ്മസ്വരൂപിണിയാണു്, എങ്കൽനിന്നുതന്നെ പ്രകൃതിപുരുഷാത്മകമായിരിക്കുന്ന ജഗത്തു്.

ഇത്യാദി ബഹുവിധസഗുണനിർഗ്ഗുണസ്വരൂപഭേദങ്ങളെക്കൊണ്ടു് ദേവിക്കു് സർവ്വദേവോത്തമത്വത്തെ സ്ഥാപിച്ചിട്ടു് ആ ദേവന്മാർ "നമോ ദേവ്യൈ മഹാദേവ്യൈ" ഇത്യാദി ശ്ലോകമന്ത്രങ്ങളെക്കൊണ്ടും വേദമന്ത്രങ്ങളെക്കൊണ്ടും നമസ്കാരാദികളെച്ചെയ്തു എന്നും, ശ്രീവിദ്യാമന്ത്രത്തെ ഉദ്ധരിച്ചു് വാക്.കാമ,ശക്തിബീജങ്ങളോടുകൂടിയ ബാലാമന്ത്രം ശ്രീവിദ്യാകൂടത്രയത്തിന്റെ രൂപാന്തരമാണു് എന്നും, ശക്തിബീജംതന്നെ മുഖ്യമെന്നും വർണ്ണിച്ചിട്ടു് ആ ശക്തിബീജവും വാക്കാമബീജങ്ങളും അടങ്ങിയ നവാക്ഷരീമന്ത്രത്തെ ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു.

വാങ് മായാ ബ്രഹ്മസൂഃ തസ്മാൽ ഷഷ്ഠം വക്ത്രസമന്വിതം
സൂര്യോ വാമശ്രോത്രബിന്ദുസംയുക്തഷ്ടാത്തൃതീയകഃ
നാരായണേന സംമിശ്രോ വായുശ്ചാധരയുക്തതഃ
വിച്ചേ നവാർണ്ണകോണഃ സ്യാന്മഹദാനന്ദദായകഃ

(ദേവ്യഥർവ്വശീർഷോപനിഷത്തു്.)

വാക്	= വാഗ്ഭവബീജം	ഐം
മായാ	= ശക്തിബീജം	ഹ്രീം
ബ്രഹ്മസൂഃ	= കാമബീജം	ക്ലീം
തസ്മാൽ ഷഷ്ഠം	= ആ 'ക'കാരത്തിൽനിന്നു് ആറാമത്തേതു് (ച)	ചാ
വക്ത്രസമന്വിതം	= (മാതൃകാന്യാസത്തിൽ) മുഖവൃത്താക്ഷരത്തോടു='ആ'കാരത്തോടുകൂടിയതു്	

സൂര്യഃ=(മ)
അവാമശ്രോത്രബിന്ദുസംയുക്തഃ = ഉകാരത്തോടും ബിന്ദുവോടും കൂടിയതു്. } മും

ടാൽതൃതീയകഃ='ട'കാരത്തിൽനിന്നു്മൂന്നാമത്തേതു് (ഡ)
നാരായണേനസംമിശ്രഃ='ആ'എന്നസ്വരംചേൎന്നതു് } ഡാ

വായുശ്ചാധരസംയുക്തഃ='യ'കാരം 'ഐ' എന്നസ്വരത്തോടുകൂടിയതു് } യൈ

വിച്ചെ=സ്വരൂപം വിച്ചെ

നവാൎണ്ണകോണുഃ സ്യാന്മഹദാനന്ദദായകഃ =ഇതു് ഉപാസകന്മാൎക്കു്മഹദാനന്ദത്തെ=ബ്രഹ്മസായുജ്യത്തെക്കൊടുക്കുന്ന നവാക്ഷരീ മഹാമന്ത്രമാകുന്നു.

ഇതിൽ ആദ്യം പ്രണവവും ഒടുവിൽ നമഃ എന്നും ചേൎക്കുന്നതു് സമ്പ്രദായമാണു്.

"ഓം, ഐം, ഹ്രീം, ക്ലീം, ചാമുംഡായൈ, വിച്ചെ നമഃ"
(നവാക്ഷരീമന്ത്രം)

മഹാലക്ഷ്മിക്കു് 'ശ്രീം' എന്നബീജം പ്രസിദ്ധമായിരിക്കുമ്പോൾ മന്ത്രത്തിൽ ശക്തിബീജത്തെ ലക്ഷ്മീവാചകമാക്കിപ്പറഞ്ഞതു് 'ശ' 'കാര'ഹ'കാരങ്ങൾ രണ്ടും ഊഷ്മാക്കളാകകൊണ്ടും "ഹ്രീശ്ച തേ ലക്ഷ്മീശ്ച പത്ന്യൌ" എന്ന ശ്രുതിയിൽ ശാഖാന്തരത്തിൽ ഹ്രീപദസ്ഥാനത്തു് ശ്രീപദത്തെ പാഠംചെയ്യുന്നതിനാലും ആകുന്നു. ഇതുപോലെതന്നെ കാമബീജമായ "ക്ലീം"കാരത്തിൽ 'ല'കാരസ്ഥാനത്തു് രേഫത്തെച്ചേൎത്തു 'ലകാരരേഫ'ങ്ങൾ രണ്ടും മദ്ധ്യമങ്ങളാകകൊണ്ടു്, "ക്രീം" എന്നു് കാളീബീജത്തെ ഉദ്ധരിച്ചിരിക്കുന്നു.

"ഐം ബീജമാദിന്ദുസമാനദീപ്തിം ഹ്രീം സൂൎയ്യതേജോദ്യുതിമദ്വിതീയം
ക്ലീം മൂൎത്തിവൈശ്വാനരതുല്യരൂപം തൃതീയമാനന്ത്യസുഖായ ചിന്ത്യം
ചാം ശുദ്ധജാംബൂനദകാന്തി തുൎയ്യം മും പഞ്ചമം രക്തതരം പ്രകല്പ്യം
ഡാ ഷഷ്ഠമുഗ്രാൎത്തിഹരം സനീലം യൈ സപ്തമം കൃഷ്ണതരം രിപുഘ്നം
വി പാണ്ഡുരം ത്വഷ്ടമമാദിസിദ്ധം ച്ചെ ധൂമ്രവൎണ്ണം നവമം വിശാലം."

൧. ഐം. ചന്ദ്രകാന്തി. ൨. ഹ്രീം. സൂൎയ്യകാന്തി.
൩. ക്ലീം. അഗ്നികാന്തി. ൪. ചാ. സ്വൎണ്ണവൎണ്ണം.
൫. മും. രക്തനിറം. ൬. ഡാ. നീലനിറം.
൭. യൈ. കറുപ്പുനിറം. ൮. വി. വെള്ളനിറം.
൯. ച്ചെ ധൂമ്രവൎണ്ണം.

നവാക്ഷരീബീജങ്ങളുടെ വൎണ്ണങ്ങളെ ഇങ്ങനെ ഭാവിക്കേണ്ടതാകുന്നു.

ർ. നവാക്ഷരിമന്ത്രാർത്ഥവർണ്ണനം.

നവാക്ഷരിമഹിമാതിശയവും മന്ത്രാർത്ഥവും ഡാമരാദിതന്ത്രങ്ങളിൽ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

വാഗ്ബീജം ചിദ്രൂപിണിയായ മഹാസരസ്വതിയുടേയും ശക്തിബീജം സദ്രൂപിണിയായ മഹാലക്ഷ്മിയുടേയും കാമബീജം ആനന്ദരൂപിണിയായ മഹാകാളിയുടേയും സംബോധനാരൂപങ്ങളാകുന്നു.

ചാമുണ്ഡാപദം മോക്ഷകാരണമായ നിർവികല്പവൃത്തിപരമാണ്. ചമും=ആകാശാദിസമൂഹരൂപസേനയെ "ഡള"യോരൈക്യംകൊണ്ട്. ലാതി=സ്വാത്മാവായ്ഭവിച്ച് നശിപ്പിക്കുന്നവൾ എന്നു താല്പര്യം.

"മയാ തവാത്രോപഹൃതൌ ചണ്ഡമുണ്ഡൌ മഹാപശൂ"

(ദേവീമാഹാത്മ്യം 7-23.)

"യസ്മാച്ചണ്ഡഞ്ച മുണ്ഡഞ്ച ഗൃഹീത്വാ ത്വമുപാഗതാ
ചാമുണ്ഡേതിതതോലോകേ ഖ്യാതാ ദേവീ ഭവിഷ്യസി"

(ദേവീമാഹാത്മ്യം 7-25.)

ഈ ഘട്ടങ്ങളിൽ ദ്വിവചനമായ 'പശൂ' എന്നതിനും ചണ്ഡമുണ്ഡപദങ്ങൾക്കും അവിദ്യകൾ എന്നു സൂക്ഷ്മദൃക്കുകൾ അർത്ഥം നിർണ്ണയിച്ചിരിക്കകൊണ്ട് ചാമുണ്ഡാപദത്തിന് അഖണ്ഡബ്രഹ്മവിദ്യാ എന്നർത്ഥം. അല്ലെങ്കിൽ ചങ്ങളുടെ=ബുദ്ധികളുടെ അല്ലെങ്കിൽ സുഖങ്ങളുടെ മുണ്ഡംപോലെ=ശിരസ്സുപോലെ സ്ഥിതിചെയ്യുന്നവൾ. സർവോത്തമയായ് ചരമവൃത്തിരൂപിയായ് ഇരിക്കുന്നവൾ എന്നു സാരം.

'വിച്ചെ' എന്നതിൽ വിത്-ച-ഇ എന്നു മൂന്നുപദങ്ങൾ ഉണ്ട്. അവ ക്രമേണ വാഗ്ഭവാദി ബീജങ്ങളെക്കൊണ്ടു പറയപ്പെടുന്ന ചിത്ത് സത്ത് ആനന്ദം ഇവയുടെ സംബോധനാരൂപങ്ങളാകുന്നു. അതിന്റെ സ്ത്രീ 'ഈ' സംബുദ്ധിയിൽ ദീർഘം ലോപിച്ച് ഇ എന്നാകും. ഹേ! ആനന്ദബ്രഹ്മമഹിഷി! എന്നർത്ഥം. വിത്പദം ജ്ഞാനത്തേയും ചകാരം സത്യത്തേയും പറയുന്നു.

"മഹാസരസ്വതി! ചിതേ! മഹാലക്ഷ്മി! സദാത്മികേ!
മഹാകാള്യാനന്ദരൂപേ! ത്വത്തത്വജ്ഞാനസിദ്ധയേ
അനുസന്ദധ്മഹേ ചണ്ഡി! വയം ത്വാം ഹൃദയാംബുജേ".

ഐംകാരരൂപിയായ് ജ്ഞാനരൂപിയായ് ഇരിക്കുന്ന മഹാസരസ്വതിയായും ഹ്രീംകാരരൂപിയായ് നിത്യയായ് ഇരിക്കുന്ന മഹാലക്ഷ്മിയായും ക്ലീംകാരരൂപിയായ് ആനന്ദമായ് ഇരിക്കുന്ന മഹാകാ

ളിയായും പ്രകാശിക്കുന്ന ചണ്ഡികേ! ബ്രഹ്മജ്ഞാനത്തിനായ്ക്കൊണ്ടു ഞങ്ങൾ നിന്തിരുവടിയെ ഹൃദയകമലത്തിൽ ധ്യാനിക്കുന്നു.

"നിർദ്ധൂതനിഖിലദ്ധ്വാന്തേ! നിത്യമുക്തേ! പരാൽപരേ!
അഖണ്ഡബ്രഹ്മവിദ്യായൈ ചിൽസദാനന്ദരൂപിണി!
അനുസന്ദധ്മഹേ നിത്യം വയം ത്വാം ഹൃദയാംബുജേ"

ജ്ഞാനംകൊണ്ടു് നിശ്ശേഷം നശിപ്പിക്കപ്പെട്ട അഖിലാജ്ഞാനത്തോടുകൂടിയ മഹാസരസ്വതി! ത്രികാലത്തിലും നശിക്കാത്തവളും കല്പിതമായ വിയദാദിപ്രപഞ്ചത്തിന്റെ നിരാസത്തോടുകൂടി വർത്തിക്കുന്നവളുമായ മഹാലക്ഷ്മി! ബ്രഹ്മാനന്ദസ്വരൂപിണിയായ മഹാകാളി! ചിത്ത്, സത്ത്, ആനന്ദം ഇവയുടെരൂപത്തോടുകൂടിയ ദേവി! ബ്രഹ്മജ്ഞാനത്തിനായി ഞങ്ങൾ നിന്തിരുവടിയെ നിത്യം ഹൃദയകമലത്തിൽ ധ്യാനിക്കുന്നു.

"കാളൈ്യ ലക്ഷ്മ്യൈ സരസ്വത്യൈ, ചണ്ഡികായൈ നമോസ്തു തേ
അവിദ്യാപാശഹൃദയഗ്രന്ഥിം വിസ്രംസ്യാ മുഞ്ച മാം"

മൂന്നു ബീജങ്ങളും=അവ്യയം. ചതുർത്ഥ്യന്തം- ചണ്ഡികായൈ =വ്യഷ്ടിദേവതാത്രയാഭേദവാചകം. വിച്ചെ= (അവ്യയം) മോചിപ്പിച്ചാലും എന്നർത്ഥം.

വ്യഷ്ടിരൂപിണികളായ മഹാകാളിക്കും മഹാലക്ഷ്മിക്കും മഹാസരസ്വതിക്കും, സമഷ്ടിരൂപിണിയായ ചണ്ഡികയ്ക്കും നമസ്കരിക്കുന്നു. ഹേ അംബെ! ബന്ധനകാരണമായ അജ്ഞാനക്കയറുകൊണ്ടുള്ള ഈ ഹൃദയക്കെട്ടിനെ പൊട്ടിച്ച് എന്നെ വിട്ടാലും എന്നു് മോക്ഷപ്രാർത്ഥനാരൂപമായ വിശിഷ്ടാർത്ഥം

"ഇത്ഥം വിശദയത്യേഷാ യാ കല്യാണീ നവാക്ഷരീ
അസ്യാ മഹിമലേശോപി ഗദിതും കേന ശക്യതേ
ബഹൂനാം ജന്മനാമന്തേ പ്രാപ്യതേ ഭാഗ്യഗൌരവാൽ
ഏതമർത്ഥം ഗുരോർലബ്ധ്വാ തസ്മൈ ദത്വാ ച ദക്ഷിണാം
ആശിഷഞ്ച പരാം ലബ്ധ്വാ മന്ത്രസിദ്ധിമവാപ്നുയാൽ"

ഇതാകുന്നു മംഗളകരമായ നവാക്ഷരീമന്ത്രത്തിന്റെ അർത്ഥം. ഈ മന്ത്രമാഹാത്മ്യം അവാച്യമാകുന്നു. അനേകജന്മം ഈശ്വരഭജനം ചെയ്തവർക്കു് അതിഭാഗ്യംകൊണ്ടുമാത്രമേ ഈ മന്ത്രം ലഭിക്കുകയുള്ളൂ. വിധിയാകുംവണ്ണം ഗുരുവിൽനിന്നു് ഉപദേശംവാങ്ങി ഗുരുദക്ഷിണയുംചെയ്തു് ഗുർവാശിസ്സോടുകൂടി ജപിച്ചാൽ ഫലസിദ്ധിയുണ്ടാകും.

---

൬. ദേവീമാഹാത്മ്യപാരായണക്രമം.

ദേവിമാഹാത്മ്യം ചരിത്രത്രയാത്മകമായി ശ്ലോകരൂപമായിരിക്കുന്ന മന്ത്രമാകുന്നു. ഇതിലെ കഥതന്നെ വാമനപുരാണം ദേവീഭാഗവതം മാർക്കണ്ഡേയപുരാണം ലക്ഷ്മീതന്ത്രം മുതലായവയിൽ പല വിധത്തിലും വർണ്ണിച്ചിട്ടുണ്ട്. എന്നാൽ മാർക്കണ്ഡേയപുരാണത്തിലെ 74-ാം അദ്ധ്യായംമുതൽ 86-ാം അദ്ധ്യായംവരെ "മാർക്കണ്ഡേയ ഉവാച" എന്നാരംഭിച്ച് "സാവർണ്ണിർഭവിതാ മനുഃ" എന്നവസാനിക്കുന്ന പതിമൂന്നദ്ധ്യായങ്ങളെയാണ് വാരാഹീതന്ത്രം, കാത്യായനീതന്ത്രം, മരീചീതന്ത്രം, ഹരഗൌരീതന്ത്രം മുതലായവയിൽ ഐകകണ്ഠ്യേന പുരുഷാർത്ഥപ്രദമായും അത്യുത്തമമായും സ്വീകരിച്ചിരിക്കുന്നത്.

"കവചാർഗ്ഗളേ ച കീലകമാദൌ മദ്ധ്യേ ത്രയോദശാദ്ധ്യായി
അന്തേ പ്രാധാനികവൈകൃതികേ മൂർത്തിത്രയം രഹസ്യാനാം"

"ശതമാദൌ ശതഞ്ചാന്തേ ജപേന്മന്ത്രം നവാർണ്ണകം
ചണ്ഡീസപ്തശതീമദ്ധ്യേ സമ്പുടോയമുദാഹൃതഃ
രാത്രിസൂക്തം ജപേദാദൌ മദ്ധ്യേ ചണ്ഡീസ്തവം പഠേൽ
പ്രാന്തേ തു ജപനീയം വൈ ദേവീസൂക്തമിതി ക്രമഃ"

കവചം, അർഗ്ഗളം, കീലകങ്ങൾ, നവാക്ഷരീമന്ത്രം, രാത്രിസൂക്തം, ഇത്രയും ആദ്യവും മദ്ധ്യേ ദേവീമാഹാത്മ്യം പതിമൂന്നദ്ധ്യായവും ഒടുവിൽ ദേവീസൂക്തം, നവാക്ഷരീമന്ത്രം, പ്രാധാനികരഹസ്യം, വൈകൃതികരഹസ്യം, മൂർത്തിരഹസ്യം ഇവയും പാഠം ചെയ്യേണ്ടതാകുന്നു.

ഇങ്ങനെ നിത്യമായ് ചെയ്യുന്ന പാരായണത്തേയാണ് വിധിയാകുംവണ്ണമുള്ള ദേവീമാഹാത്മ്യപാരായണമെന്ന് തന്ത്രങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നത്.

കേരളീയന്മാർ ഒരോദിവസം ഓരോചരിത്രംവീതം മൂന്നുദിവസം കൊണ്ട് ഒരാവൃത്തി പാരായണം പൂർത്തിയാക്കുകയും,

"ചന്ദ്രാ, ക്ഷി, ഭ്രൂ, വേദ, കരേ, ന്ദു,. ദസ്ര" (ചന്ദ്രൻ ൧. അക്ഷി ൨ ഭ്രൂ ൧. വേദം ൪, കരം ൨. ഇന്ദു ൧. ദസ്ര ൨) എന്ന രീതിയനുസരിച്ച്-൧. ൨. ൧. ൪. ൨. ൧. ൨. അദ്ധ്യായങ്ങൾ വീതം ഞായറാഴ്ചമുതൽ ശനിയാഴ്ചവരെ ഏഴു ദിവസംകൊണ്ട് പാരായണം പൂർത്തിയാക്കുകയുംചെയ്യുന്നു. ഈ രണ്ടാമത്തെ രീതിയെയാണ്,

"പാ, ഠോ, യം, വി, പ്ര, കാ, രഃ"
൧. ൨. ൧. ൪. ൨. ൧. ൨ } എന്നു പറയുന്നത്.

ഈ രണ്ടുവിധപാരായണങ്ങൾക്കും ശരിയായ ഒരു പ്രമാണം ഉണ്ടെന്നു തോന്നുന്നില്ല. അഥവാ ഉണ്ടെന്നുവരികിലും അതു് ഒരുദിവസംകൊണ്ടു് ഒരാവൃത്തി പാരായണംചെയ്യുന്നതിനു് ശക്തിയില്ലാത്തവരെമാത്രം സംബന്ധിക്കുന്നതാകുന്നു.

പൂർവോത്തരഭാഗങ്ങൾ പാഠംചെയ്യാതെയുള്ള പാരായണം നിഷ്ഫലമാകുന്നു. മൂന്നും ഏഴും ദിവസംകൊണ്ടു് പാരായണംചെയ്യുന്നവരിൽ ചിലർ പൂർവോത്തരഭാഗങ്ങളെച്ചേർത്തും ചിലർ ചേർക്കാതെ ഗ്രന്ഥമാത്രവും പാഠംചെയ്യാറുണ്ടു്. എന്നാൽ ഈ രണ്ടുവിധപാരായണങ്ങൾക്കും, ആദ്യവും അവസാനത്തിലും (ഒന്നും മൂന്നും ദിവസങ്ങളിലും ഒന്നും ഏഴും ദിവസങ്ങളിലും) പൂർവഭാഗങ്ങളും ഉത്തരഭാഗങ്ങളും, ദിവസംപ്രതിയുള്ള പാരായണത്തിനു സപ്തശതിയുടെ ഋഷ്യാദിഷഡംഗന്യാസവും മുൻപും പിൻപും അൻപത്തിനാലോ നൂററിഎട്ടോ വീതം നവാക്ഷരീമന്ത്രവും വേണ്ടതാകുന്നു.

സംഗീതത്തോടുകൂടിയും, അതിവേഗത്തിലും, തലകുലുക്കിക്കൊണ്ടും, അർത്ഥം മനസ്സിലാക്കാതെയും, അല്പമായച്ചെയിലും, താൻതന്നെ എഴുതിയ ഗ്രന്ഥംനോക്കിയും പാരായണംചെയ്യരുതു്.

"ചരിതാർദ്ധന്തു ന ജപേൽ ജപം ഛിദ്രമവാപ്നുയാൽ"

ഓരോചരിത്രവും മുഴുവനുമല്ലാതെ പകുതി ജപിക്കരുതു്. അങ്ങിനെ ജപിക്കുന്നതു് ജപത്തിനു ഛിദ്രമാണു്. (ഒന്നാമദ്ധ്യായം പ്രഥമചരിത്രവും ൨-ം ൩-ം ൪-ം അദ്ധ്യായങ്ങൾ മദ്ധ്യമചരിത്രവും ശേഷം ഒൻപതദ്ധ്യായങ്ങൾ ഉത്തമചരിത്രവുമാകുന്നു.)

"യാവന്ന പൂർയ്യതേദ്ധ്യായസ്താവന്ന വിരമേൽ പഠേൽ
യദി പ്രമാദാദദ്ധ്യായേ വിരാമോ ഭവതി പ്രിയേ!
പുനരദ്ധ്യായമാരഭ്യ പഠേൽ സർവം മുഹുർമ്മുഹുഃ"

ഒരദ്ധ്യായം ആരംഭിച്ചാൽ അതുമുഴുവനാകുന്നതുവരെ നിറുത്താതെ പാരായണംചെയ്യണം. നിറുത്തേണ്ടിവന്നാൽ ആ അദ്ധ്യായം വീണ്ടും ആദ്യംമുതലാരംഭിച്ചു് മുഴുവനാക്കേണ്ടതാകുന്നു.

"പുസ്തകേ വാചനം ശസ്തേ സഹസ്രാദധികം യദി
തതോന്യൂനസ്യ തു ഭവേൽ വാചനം പുസ്തകംവിനാ"

ആയിരംശ്ലോകത്തിലധികമുള്ള പുരാണാദികൾ പുസ്തകംനോക്കിയും, ആയിരത്തിൽ കുറവുള്ളവ പുസ്തകം നോക്കാതെയും പാരായണംചെയ്യണമെന്നുണ്ടു്. പ്രകൃതസ്തോത്രം ആയിരത്തിൽക്കുറവാകയാൽ (൭൦൦ മന്ത്രമാകയാൽ)

"തതഃ കൃതാഞ്ജലിപുടഃ സ്തുവീത ചരിതൈരിമൈഃ"

എന്നു് വൈകൃതികരഹസ്യത്തിൽ പറയുന്നതുപോലെ കഴിയുമെങ്കിൽ പുസ്തകംനോക്കാതെ ദേവിയെ തൊഴുതുപിടിച്ചുംകൊണ്ടു് പാരായണം ചെയ്യുന്നതു് ഉത്തമമാകുന്നു. അതിനു സാമർത്ഥ്യമില്ലാത്തവൻ,

"ആധാരേ സ്ഥാപയിത്വാ തു പുസ്തകം വാചയേത്തതഃ"
പുസ്തകം നിലത്തുവയ്ക്കാതെ ഒരു പീഠത്തിൽവച്ചു് അതുനോക്കി പാരായണം ചെയ്യണം.

"ഹസ്തസംസ്ഥാപനാദേവ ഭവേദർദ്ധഫലം ധ്രുവം"
പുസ്തകം കയ്യിൽവച്ചുകൊണ്ടു് പാരായണംചെയ്താൽ പകുതിഫലമേ കിട്ടുകയുള്ളു.

"ന മാനസം പഠേൽ സ്തോത്രം വാചികന്തു പ്രശസ്യതേ"
മനസ്സുകൊണ്ടു പാരായണംചെയ്യരുതു്. പദങ്ങളും അക്ഷരങ്ങളും സ്പഷ്ടമായ് ഉച്ചരിച്ചു് പാരായണംചെയ്യുന്നതാകുന്നു ശ്രേഷ്ഠം.

ഇങ്ങനെ പാരായണക്രമങ്ങളെ അറിഞ്ഞു് വിധിയാംവണ്ണം അനുഷ്ഠിക്കുന്നവർക്കു്, ഇതു് കലിയുഗത്തിൽ ശീഘ്രസിദ്ധിദമാകുന്നു.

---

൩. നവാക്ഷരീമന്ത്രസാധനക്രമം.

ദേവീമാഹാത്മ്യത്തിനും നവാക്ഷരീമന്ത്രത്തിനും അംഗാംഗീഭാവമാണു്. ദേവീമാഹാത്മ്യം അംഗിയും നവാക്ഷരീമന്ത്രം അംഗവുമാണെന്നു് ചിലരും, മന്ത്രം അംഗിയും മാഹാത്മ്യം അംഗവുമാണെന്നു മററു ചിലരും അഭിപ്രായപ്പെടുന്നു.

എന്നാൽ ചണ്ഡിക, ദേവീമാഹാത്മ്യംകൊണ്ടുതന്നെ ഉപാസ്യയാണു് എന്നുള്ളതിനാൽ ഇവിടെ മന്ത്രത്തെ അംഗമായ്ത്തന്നെ ഉപാസിക്കേണ്ടതാണു്.

"ലിഖേദഷ്ടദളം പത്മം കുങ്കുമാഗരുചന്ദനൈഃ
പത്മമദ്ധ്യേ ലിഖേച്ചക്രം ഷൾകോണം ചണ്ഡികാമയം
ഷൾകോണചക്രമദ്ധ്യസ്ഥമാദ്യം ബീജത്രയം ന്യസേൽ
പൂർവ്വാദികോണഷൾക്കേ തു ബീജാന്യന്യാനി വിന്യസേൽ."

കുങ്കുമാഗരുചന്ദനങ്ങളെക്കൊണ്ടു് ഒരു അഷ്ടദളപത്മവും അതിന്റെ മദ്ധ്യത്തിൽ ഒരു ഷൾകോണവും വരയ്ക്കണം. ഷൾകോണത്തിന്റെ മദ്ധ്യത്തിൽ ആദ്യമുള്ള മൂന്നു ബീജാക്ഷരങ്ങളേയും പൂർവ്വാദി ആറു കോണുകളിലും പ്രദക്ഷിണമായ് അനുസ്വാരത്തോടുകൂടി മററുള്ള ആറു ബീജാക്ഷരങ്ങളേയും എഴുതണം. ഇതു് പൂജായന്ത്രമാകുന്നു.

ശ്രീചണ്ഡികായന്ത്രം.



ഇതിൽ ചണ്ഡികയെ ഭക്തിയോടുകൂടി മനസ്സുകൊണ്ടു് ധ്യാനിച്ചു് പഞ്ചോപചാരംകൊണ്ടു പൂജിച്ചു് നവാക്ഷരിയുടെ ഋഷ്യാദികളും വിന്യസിച്ചു്:—

"ഏവം കൃത്വാ ജപേല്ലക്ഷചതുഷ്കം തദ്ദശാംശതഃ
പായസാന്നേന ജുഹുയാൽ പൂജിതേ ഹേമരേതസി."

നവാക്ഷരീമന്ത്രം നാലുലക്ഷം ഉരു ജപിക്കണം. അതിന്റെ പത്തിൽ ഒരു ഭാഗം (40000) അഗ്നിമുഖാദികൾകൊണ്ടു പൂജിതനായ അഗ്നിയിൽ പായസാന്നത്താൽ ഹോമംചെയ്യണം. എത്ര ദിവസംകൊണ്ടു നാലുലക്ഷം ജപവും 40000 സംഖ്യ ഹോമവും തീരുന്നുവോ അത്രയുംദിവസം മേൽപ്രകാരംതന്നെ അനുഷ്ഠിക്കേണ്ടതാണു്. എന്നാൽ ഈ നാലുലക്ഷം ജപവും സപ്തശതീസ്തോത്രസമ്പുടിതമായു് ചെയ്യേണ്ടതാകുന്നു.

"മാർക്കണ്ഡേയപുരാണോക്തം നിത്യം ചണ്ഡീസ്തവം പഠൻ
പുടിതം, മൂലമന്ത്രസ്യ ജപേനാപ്നോതി വാഞ്ഛിതം."

(ഡാമരതന്ത്രം)

സപ്തശതീസ്തോത്രം എപ്രകാരം നവാക്ഷരീമന്ത്രജപത്തിനു് സമ്പുടാകാരമായു് ഭവിക്കുമോ അപ്രകാരം പാഠംചെയ്താൽ ആ നവാക്ഷരീജപംകൊണ്ടു് അഭീഷ്ടഫലം സിദ്ധിക്കുന്നതാകുന്നു.

ആദ്യം വിധിപോലെ ദേവീമാഹാത്മ്യം പാരായണംചെയ്തു് മദ്ധ്യേ സഹസ്രാദിസങ്കല്പസംഖ്യാനുസാരേണ നവാക്ഷരീമന്ത്രം ജപിച്ചു് പിന്നെയും മുൻപോലെ മാഹാത്മ്യം പാരായണംചെയ്യണം. ഇതാണു് സമ്പുടാകാരം.

"സമാപ്തൗ തു മഹാലക്ഷ്മീം ധ്യാത്വാ, കൃത്വാ ഷഡംഗകം
ജപേദഷ്ടശതം മൂലം ദേവതായൈ നിവേദയേൽ"

(ഡാമരതന്ത്രം.)

ഒടുവിൽ മഹാലക്ഷ്മിയെ ധ്യാനിച്ചു് ൧൦൮ ഉരു നവാക്ഷരി ജപിച്ചു് നൈവേദ്യാദികൾചെയ്തു് പൂജയെ സമാപിപ്പിക്കണം. ഈ ഉരു ൧൦൮-ം പൂജാംഗമാകകൊണ്ടു് പ്രധാനജപസംഖ്യയോടു് ചേർത്തു കണക്കാക്കരുതു്.

ഇതു് നവാക്ഷരീമന്ത്രത്തിന്റെ ഒരു പുരശ്ചരണമാകുന്നു.

"ആശ്വിനസ്യ സിതേ പക്ഷേ ആരഭ്യാഗ്നിതിഥിം സുധീഃ
അഷ്ടമ്യന്തം ജപേല്ലക്ഷം ദശാംശം ഹോമമാചരേൽ."

കന്നിമാസത്തിൽ വെളുത്തപക്ഷത്തിലെ പ്രതിപദംമുതൽ അഷ്ടമിവരെ (നവരാത്രിയിൽ മഹാനവമിഒഴിച്ചു് ശേഷം എട്ടുദിവസംകൊണ്ടു്) നവാക്ഷരി ഒരുലക്ഷം മേൽപ്രകാരം സപ്തശതീസ്തോത്ര സമ്പുടിതമായ് ജപിക്കുകയും പതിനായിരം ഉരു ഹോമിക്കുകയും ചെയ്യണം. ഇതും നവാക്ഷരിയുടെ ഒരു പുരശ്ചരണമാകുന്നു.

നാഭിയോളം ജലത്തിൽനിന്നു് നവാക്ഷരീമഹാമന്ത്രം ൧൦൦൦ ഉരു ജപിച്ചാൽ കവിതാശക്തിയും, ൧൦൦൦൦-ഉരു ജപിച്ചാൽ രാജബന്ധന സങ്കടാദികളിൽനിന്നു മോചനവും ഉണ്ടാകുന്നതാണെന്നു് ഡാമരകല്പത്തിൽ പറയുന്നു.

"അസ്മിൻ നവാക്ഷരേ മന്ത്രേ മഹാലക്ഷ്മീർവ്യവസ്ഥിതാ
തസ്മാൽ സുസിദ്ധിസ്സർവ്വേഷാം സർവ്വദിക്ഷു പ്രദീപകഃ"

സാധാരണ മന്ത്രങ്ങൾക്കുള്ളതുപോലെ ഈ നവാക്ഷരീമഹാമന്ത്രത്തിനു പൊരുത്തം നോക്കുന്നതു് ആവശ്യമില്ലാത്തതാകുന്നു.

ശിവം.

൧. ദേവീമാഹാത്മ്യപ്രയോഗവിധി.

ചണ്ഡീപാഠഫലം ദേവി! ശൃണുഷ്വ ഗദതോ മമ
ഏകാവൃത്ത്യാദിപാഠാനാം പ്രത്യഹം പഠതാം നൃണാം ൧
സങ്കല്പ്യ പൂജ്യാം സംപൂജ്യ ന്യസ്യാംഗേഷു മന്ത്രൻ സകൃൽ
ഉപസൎഗ്ഗോപശാന്ത്യൎത്ഥം ത്രിരാവൃത്തം പഠേന്നരഃ. ൨
ഗ്രഹദോഷോപശാന്ത്യൎത്ഥം പഞ്ചാവൃത്തം വരാനനേ!
മഹാഭയേ സമുല്പന്നേ സപ്താവൃത്തമുദീരയേൽ. ൩
നവാവൃത്ത്യാ ഭവേച്ഛാന്തിൎമ്മുച്യേൽ പ്രാണാൎത്തിജാൽ ഭയാൽ
രാജവശ്യായ ഭൃത്യൈ ച രുദ്രാവൃത്തമുദീരയേൽ. ൪
അൎക്കാവൃത്ത്യാ കാമസിദ്ധിൎവൈരിനാശശ്ച ജായതേ
മന്വാവൃത്ത്യാ രിപുൎവ്വശ്യഃ തഥാ സ്ത്രീവശ്യതാമിയാൽ. ൫
സൗഖ്യം പഞ്ചദശാവൃത്ത്യാ ശ്രിയമാപ്നോതി മാനവഃ
കലാവൃത്ത്യാ പുത്രപൗത്രധനധാന്യാഗമം വിദുഃ ൬
രാജഭീതിവിനാശായ പരസ്യോച്ചാടനായ ച
കുൎയ്യാൽ സപ്തദശാവൃത്തം തഥാഷ്ടാദശകം പ്രിയേ! ൭
മഹാരണവിമോക്ഷായ വിംശാവൃത്തം പഠേന്നരഃ
പഞ്ചവിംശാവൃത്തനാച്ച ഭവേൽ ബന്ധവിമോക്ഷണം. ൮
സങ്കടേ സമനുപ്രാപ്തേ ദുശ്ചികിത്സഭയേ സദാ
ജാതിധ്വംസേ കുലച്ഛേദേ ആയുഷോനാശ ആഗതേ ൯
വൈരിവൃദ്ധൗ വ്യാധിവൃദ്ധൗ ധനനാശേ തഥാ ക്ഷയേ
തഥൈവ ത്രിവിധോല്പാതേ തഥാ ചൈവാതിപാതകേ ൧൦
കുൎയ്യാദ്യത്നാച്ഛതം വൃത്തം തതസ്സംപദ്യതേ ശുഭം
വിപദസ്തസ്യ നശ്യന്തി തതോ യാതി പരാം ഗതിം. ൧൧
ശ്രിയോവൃദ്ധിഃ ശതാവൃത്ത്യാ രാജവൃദ്ധിഃ തഥാപരാ
മനസാ ചിന്തിതം ദേവി! സിദ്ധ്യേദഷ്ടോത്തരാച്ഛതാൽ. ൧൨
ശതാശ്വമേധയജ്ഞാനാം ഫലമാപ്നോതി സുവ്രതേ!
സഹസ്രാവൎത്തനാല്ലക്ഷ്മീരാവൃണോതി സ്വയം സ്ഥിരാ. ൧൩
പ്രാപ്തോ മനോരഥാൻ കാമാൻ നരോ മോക്ഷമവാപ്നുയാൽ
യഥാശ്വമേധഃ ക്രതുഷു ദേവാനാഞ്ച യഥാ ഹരിഃ ൧൪
സ്തവാനാമപി സൎവ്വേഷാം തഥാ സപ്തശതീസ്തവഃ
അഥവാ ബഹുനോക്തേന കിമന്യേന വരാനനേ! ൧൫
ചണ്ഡ്യാഃ ശതാവൃത്തപാഠാൽ സൎവ്വാസ്സിദ്ധ്യന്തി സിദ്ധയഃ.

(വാരാഹീതന്ത്രം)

ശ്രീപരമേശ്വരൻ പാൎവ്വതീദേവിക്കു് ഉപദേശിക്കുന്നു.

അല്ലയോ ദേവി! ദേവീമാഹാത്മ്യം ദിവസംതോറും പാരായണം

ചെയ്യുന്ന ഭക്തന്മാൎക്കു ഒരാവൃത്തിമുതൽ പാഠംചെയ്യുന്നതിനാലുണ്ടാകുന്ന ഫലങ്ങളെ പറയാം; കേട്ടാലും.

സങ്കല്പംചെയ്തതിന്റെ ശേഷം ചണ്ഡികയെ പൂജിച്ചു നവാക്ഷരിമന്ത്രത്താൽ ഹൃദയാദിന്യാസംചെയ്തു പാരായണം ആരംഭിക്കണം.

ഈതിബാധാശമനത്തിന്നു മൂന്നാവൃത്തിയും, ഗ്രഹദോഷശാന്തിക്കു അഞ്ചാവൃത്തിയും മഹാഭയമുണ്ടാകുമ്പോൾ ഏഴാവൃത്തിയും പാരായണം ചെയ്യണം. ഒൻപതാവൃത്തികൊണ്ടു ശാന്തിയും, പ്രാണഭയത്തിൽനിന്നു രക്ഷയുമുണ്ടാകും. രാജവശ്യത്തിനും ഐശ്വൎയ്യത്തിനും പതിനൊന്നാവൃത്തി പാഠംചെയ്യണം. പന്ത്രണ്ടാവൃത്തികൊണ്ടു ആഗ്രഹസിദ്ധിയും വൈരിനാശവുമുണ്ടാകും. പതിന്നാലാവൃത്തികൊണ്ടു ശത്രുവശ്യവും സ്ത്രീവശ്യവും ഭവിക്കും. പതിനഞ്ചാവൃത്തികൊണ്ടു സൌഖ്യവും ഐശ്വൎയ്യവുമുണ്ടാകും. പതിനാറാവൃത്തികൊണ്ടു പുത്രപൌത്രധനധാന്യാഗമം സിദ്ധിക്കും. രാജഭയനാശത്തിനായി പതിനേഴും, ഉച്ചാടനത്തിനായി പതിനെട്ടും ആവൃത്തി പാരായണംചെയ്യണം. യുദ്ധശാന്തിക്കു ഇരുപതാവൃത്തി പാഠംചെയ്യണം. ഇരുപത്തഞ്ചാവൃത്തികൊണ്ടു ബന്ധനത്തിൽനിന്നു മോചിക്കും. മഹാദുഃഖം, ജാതിഭ്രംശം, കുലനാശം, ആയുൎന്നാശം മുതലായവയിൽ നൂറാവൃത്തികൊണ്ടു ശുഭമുണ്ടാകും; ആപത്തുകൾ നശിക്കും; മോക്ഷം ലഭിക്കും. നൂററിയെട്ടാവൃത്തികൊണ്ടു മനസ്സിൽ വിചാരിക്കുന്നകാൎയ്യം സാധിക്കും. നൂറു് അശ്വമേധഫലവും സിദ്ധിക്കും. ആയിരം ആവൃത്തി പാരായണംചെയ്യുന്ന പുരുഷനെ മഹാലക്ഷ്മി സ്വയമേ ആശ്രയിക്കും. അവന്നു ഇഷ്ടങ്ങളെല്ലാം സാധിക്കും; മോക്ഷം ലഭിക്കും.

ക്രതുക്കളിൽ അശ്വമേധം എങ്ങനെയോ അതുപോലെയും, ദേവന്മാരിൽ വിഷ്ണുഭഗവാൻ എപ്രകാരമോ അതുപോലെയും, ദേവിയുടെ ഉല്പത്തി, ചരിത്രം, സ്തുതികൾ ഇവ മൂന്നുമടങ്ങിയ ഈ സപ്തശതീസ്തവം എല്ലാ സ്തവങ്ങളിലുംവെച്ചു് ശ്രേഷ്ഠമായിട്ടുള്ളതാകുന്നു.

അല്ലയോ ദേവി! എന്തിനു വളരെപ്പറയുന്നു, വിധിയാകുംവണ്ണം ദേവീമാഹാത്മ്യം നൂറാവൃത്തി പാരായണംചെയ്താൽ സൎവ്വസിദ്ധികളും സിദ്ധിക്കുന്നതാകുന്നു.

"ശ്രീകാമഃ പുഷ്ടികാമോ വാ സൃഷ്ടിമാൎഗ്ഗക്രമേണ തു
ജപേച്ഛുക്രാദിമാരഭ്യ ശുംഭദൈത്യവധാവധി
ആദിമാരഭ്യ പ്രജപേൽ പശ്ചാച്ഛേഷം സമാചരേൽ
ശാന്ത്യാദികാമഃ സൎവ്വത്ര സ്ഥിതിമാൎഗ്ഗക്രമേണ തു

സാവൎണ്ണിസൂൎയ്യതനയസ്സാവൎണ്ണിൎഭവിതാ മനുഃ
സങ്കടേ ചാന്ത്യമാരഭ്യ പശ്ചാദാദിം സമാപയേൽ."
(ഹരഗൌരീതന്ത്രം)

ശ്രീയേയോ പുഷ്ടിയേയോ ആഗ്രഹിക്കുന്നവൻ സൃഷ്ടിക്രമമായ് ആദ്യം നാലുമുതൽ പത്തുവരെയും, പിന്നെ ഒന്നു മുതൽ മൂന്നു വരെയും, പിന്നീട്ടു പതിനൊന്നുമുതൽ പതിമൂന്നുവരെയും അദ്ധ്യായങ്ങളും, ശാന്തികാമൻ സ്ഥിതിക്രമമായ് ആദ്യംമുതൽ അവസാനം വരെയും, സങ്കടനിവൃത്തിക്കായ് അവസാനംമുതൽ ആദ്യംവരെയും പാരായണംചെയ്യേണ്ടതാകുന്നു.

ഇനി കാത്യായനീതന്ത്രോക്തങ്ങളായ ചില പ്രയോഗങ്ങളെ പറയുന്നു.

൧. ഓരോ ശ്ലോകത്തിൻെറയും ആദിയിലും അവസാനത്തിലും നവാക്ഷരീമന്ത്രംചേൎത്തു പാരായണംചെയ്താൽ മന്ത്രസിദ്ധിയുണ്ടാകും.

൨. പ്രണവവും അനുലോമമായി വ്യാഹൃതിത്രയവും (ഓം ഭൂർ ഭുവഃ സുവഃ എന്ന്, ആദിയിലും ഇവതന്നെ വിലോമമായ് (മറിച്ച് "സുവഃ ഭുവഃ ഭൂഃ ഓം എന്ന്) അവസാനത്തിലും ഓരോ ശ്ലോകത്തിലും ചേൎത്തു നൂറാവൃത്തി പാരായണം ചെയ്താൽ അതിവേഗം സിദ്ധിയുണ്ടാകും.

൩. ഓരോ ശ്ലോകത്തിൻെറയും ആദിയിൽ "ജാതവേദസേ" എന്ന ഋക്ചേൎത്ത് പാരായണംചെയ്താൽ സൎവ്വകാമസിദ്ധി.

൪. ദേവീമാഹാത്മ്യപാരായണത്തിൻെറ ആദിയിലും അവസാനത്തിലും ത്ര്യംബകമന്ത്രം നൂറുരുവീതം ജപിക്കുക. അപമൃത്യുനിവാരണം.

൫. ശ്ലോകംതോറും ത്ര്യംബകംചേൎത്ത് പാരായണം ചെയ്താലും അപമൃത്യുനിവാരണംതന്നെ.

൬. ശ്ലോകംതോറും "ശൂലേന പാഹി നോ ദേവി" എന്ന ശ്ലോകംചേൎത്തു പാരായണം ചെയ്താൽ അപമൃത്യുനാശം.

൭. "ശൂലേന പാഹി നോ ദേവി" എന്നശ്ലോകംമാത്രം ലക്ഷമോ പതിനായിരമോ ആയിരമോ നൂറോ (കാൎയ്യഗൌരവംപോലെ) ജപിച്ചാലും അപമൃത്യുനാശംതന്നെ.

൮. ഓരോ ശ്ലോകത്തിലും "ശരണാഗതദീനാൎത്ത" എന്ന ശ്ലോകംചേൎത്തു പാരായണംചെയ്താൽ സൎവ്വകാൎയ്യസിദ്ധി.

൯. ശ്ലോകംതോറും "കരോതു സാ നഃ" എന്ന ശ്ലോകത്തിലെ പൂൎവ്വാൎദ്ധംമാത്രം ചേൎത്ത് പാരായണംചെയ്താൽ സൎവ്വകാൎയ്യസിദ്ധി.

൧൦. അഭീഷ്ടസിദ്ധിക്കായി ഓരോശ്ലോകത്തിലും 'ഏവം ദേവ്യാ വരം ലബ്ധ്വാ" എന്ന ശ്ലോകം ചേൎത്തു പാരായണം ചെയ്യണം.

൧൧. സർവ്വാപന്നിവൃത്തിക്കായിട്ടു് ഓരോശ്ലോകത്തിലും "ദുർഗ്ഗേ സ്മൃതാ ഹരസി ഭീതിം" എന്ന ശ്ലോകംചേൎത്തു് പാരായണംചെയ്യണം.

൧൨. "ദുർഗ്ഗേ സ്മൃതാ ഹരസി ഭീതിം" എന്നശ്ലോകംമാത്രം (കാൎയ്യഗൌരവംപോലെ) ലക്ഷമോ പതിനായിരമോ ആയിരമോ നൂറോ ജപിച്ചാലും ആപന്നിവൃത്തി.

൧൩. "സർവ്വാ ബാധാ പ്രശമനം" എന്നശ്ലോകം ലക്ഷമുരുവോ, ശ്ലോകംതോറും ചേൎത്തോജപിച്ചാൽ വൈരിനാശം.

൧൪. "ഇത്ഥം യദാ യദാ" എന്നശ്ലോകം ജപിച്ചാൽ മഹാമാരിശാന്തി.

൧൫. "തതോ വവ്രേനൃപോ രാജ്യം" എന്ന ശ്ലോകം ലക്ഷമുരു ജപിച്ചാൽ രാജ്യലാഭം.

൧൬. ഒന്നാമതു് ആദ്യംമുതൽ അവസാനംവരെയും രണ്ടാമതു് (വിപരീതമായ്) അവസാനംമുതൽ ആദ്യംവരെയും മൂന്നാമതു് വീണ്ടും ആദ്യംമുതൽ അവസാനംവരെയും (ഇങ്ങനെ മൂന്നാവൃത്തി)പാരായണം ചെയ്താൽ ശീഘ്രം കാൎയ്യസിദ്ധി.

൧൭. സർവ്വാപന്നിവൃത്തിക്കായിക്കൊണ്ടു് "ദുർഗ്ഗേ സ്മൃതാ ഹരസി ഭീതിം" എന്നശ്ലോകത്തിന്റെ പൂർവ്വാൎദ്ധം ആദ്യവും, പിന്നെ "യദന്തി യച്ച ദൂരകേ" എന്നൠക്കും ഒടുവിൽ (ദാരിദ്ര്യദുഃഖഭയഹാരിണി എന്നു്) ഉത്തരാൎദ്ധവും (കാൎയ്യഗൌരവംപോലെ) ലക്ഷമോ പതിനായിരമോ ആയിരമോ നൂറോ ഉരു ജപിക്കണം.

൧൮. "കാംസോസ്മി" എന്ന ൠക്ക് ശ്ലോകംതോറും ചേൎത്തു് പാരായണംചെയ്താൽ ലക്ഷ്മീപ്രാപ്തി.

൧൯. "അഗ്നേ നയ സുപഥാ" ... "അഗ്ന്യേ അസ്മിൻ" എന്ന ൠക്ക് ശ്ലോകംതോറും ചേൎത്തു പാരായണംചെയ്താൽ ഋണമോചനം.

൨൦. "ജ്ഞാനിനാമപി ചേതാംസി" എന്നശ്ലോകംമാത്രം ജപിച്ചാൽ സദ്യോമോഹനമാണെന്നു് അനുഭവസിദ്ധമാകുന്നു.

൨൧. "ജ്ഞാനിനാമപി ചേതാംസി" എന്ന ശ്ലോകംതന്നെ ഓരോശ്ലോകംതോറുംചേൎത്തു് ജപിച്ചാൽ നിശ്ചയമായും സദ്യോമോഹനമാണു്.

൨൨. "രോഗാനശേഷാൻ" എന്നശ്ലോകം ശ്ലോകംതോറും ചേൎത്തുജപിച്ചാലും അതുമാത്രം ജപിച്ചാലും സകലരോഗനാശം.

൨൩. "ഇത്യുക്താ സാ തദാ ദേവി" എന്നാശ്ലോകം ശ്ലോകംതോറുംചേൎത്തു് പാരായണംചെയ്താലും ആ ശ്ലോകംമാത്രം ജപിച്ചാലും വിദ്യാപ്രാപ്തിയും വാക്‌വൈകൃതിനാശവും ഫലം.

൨൪. "ഭഗവത്യാ കൃതം സർവം" എന്നു മുതൽ മൂന്നു ശ്ലോകം (൧൧൨-അക്ഷരരൂപമായമന്ത്രം) സർവകാമപ്രദവും സർവാപന്നിവാരണവുമാകുന്നു.

൨൫. "ദേവി! പ്രപന്നാർത്തിഹരേ"എന്ന ശ്ലോകം ശ്ലോകന്തോറുംചേർത്തു ജപിച്ചാലും കാര്യാനുസാരേണ ലക്ഷമോ പതിനായിരമോ ആയിരമോ നൂറോ മറ്റോ ജപിച്ചാലും സർവാപന്നിവാരണവും സർവകാമപ്രദവുമാണ്.

൨൬. ഈ പ്രയോഗങ്ങൾ വിളക്കുവച്ച് ശ്ലോകന്തോറും നമസ്കാരരൂപേണ ചെയ്യുന്നതായാൽ അതിവേഗത്തിൽ ഫലം സിദ്ധിക്കുന്നതാണ്.

൨൭. ശ്ലോകന്തോറും ആദിയിലും അവസാനത്തിലും കാമബീജംചേർത്ത് ൪൧-ദിവസം മൂന്നാവൃത്തിവീതം പാരായണംചെയ്യുന്നതായാൽ സർവകാമസിദ്ധി.

൨൮ ൨൧-ദിവസം മേൽപ്പറഞ്ഞതുപോലെതന്നെ ദിവസന്തോറും ൧൨-ആവൃത്തിവീതം പാരായണംചെയ്യുന്നതായാൽ വശീകരണം.

൨൯. പ്രതിശ്ലോകം ആദിയിലും അവസാനത്തിലും മായാബീജവും അവസാനത്തിലെ മായാബീജംകഴിഞ്ഞു് ഫട് എന്നുംചേർത്ത് ഏഴുദിവസം ൧൨-ആവൃത്തിവീതം പാരായണംചെയ്താൽ ഉച്ചാടനസിദ്ധി.

൩൦. അതുപോലെതന്നെ നാലുദിവസം൧൧-ആവൃത്തിവീതം പാരായണം ചെയ്താൽ സർവോപദ്രവനാശം.

൩൧. ശ്ലോകന്തോറും ആദ്യവും അവസാനത്തിലും ലക്ഷ്മീബീജം ചേർത്ത് ൪൯-ദിവസം ൧൭-ആവൃത്തിവീതം പാരായണം ചെയ്താൽ ലക്ഷ്മീപ്രാപ്തി.

൩൨. ശ്ലോകന്തോറും ആദിയിലും അവസാനത്തിലും വാക്ബീജംചേർത്ത് ൧൦൦-ആവൃത്തി പാരായണം ചെയ്താൽ വിദ്യാപ്രാപ്തി.

തന്ത്രാന്തരങ്ങളിൽ ഇവകൂടാതെ വേറെയും അനേകം പ്രയോഗങ്ങൾ ഉണ്ട്.

പ്രയോഗവിധി സമാപ്തം.

൨. ശതചണ്ഡീവിധാനം.

"ശതചണ്ഡീവിധാനം" എന്നു പറയുന്നതു് പൂജാജപഹോമബ്രാഹ്മണഭോജനാദികളോടുകൂടി നൂറാവൃത്തി ദേവീമാഹാത്മ്യം പാരായണംചെയ്യുന്ന ഒരു ചണ്ഡികായാഗവിശേഷമാകുന്നു.

അതിന്:—

"ശങ്കരസ്യ ഭവാന്യാ വാ പ്രാസാദനികടേ ശുഭം
മണ്ഡപം ദ്വാരവേദ്യാഢ്യം കുര്യാൽ സദ്ധ്വജതോരണം.
തത്ര കുണ്ഡം പ്രകുർവീത പ്രതീച്യാം മദ്ധ്യതോപി വാ."

ശിവക്ഷേത്രത്തിന്റേയോ ദേവീക്ഷേത്രത്തിന്റേയോ സമീപത്തിൽ ദ്വാരങ്ങളോടും വേദിയോടും ധ്വജത്തോടും തോരണങ്ങളോടും കൂടി ശുഭമായ് ഒരു മണ്ഡപം നിർമ്മിക്കണം. ആ മണ്ഡപത്തിന് അഞ്ചോ ഏഴോ ഒൻപതോ പതിനാറോ മുഴം ചുററളവും, ചുററും പതിനാറു തൂണുകളും, മദ്ധ്യത്തിൽ നാലുതൂണും ഉണ്ടായിരിക്കണം. വേദി മണ്ഡപത്തിന്റെ മദ്ധ്യത്തിലായിരിക്കണം. അതിന് നാലുമുഴം ചുററളവും ഒരുമുഴം പൊക്കവും വേണം. പീഠസ്ഥാനമായ ആ വേദിയെ വെളുത്തമണ്ണും ചാണകവുംകൊണ്ട് തളിച്ച് തോരണാദികളെക്കൊണ്ട് അലങ്കരിക്കണം.

"പഞ്ചഭിസ്സപ്തഭിർവാപി ദിനേകാദശഭിസ്തഥാ
അദിർഘദിവസൈഃ ക്ഷിപ്രം വിദധ്യാച്ചണ്ഡികാമഖം"

അഷ്ടമി നവമി ചതുർദ്ദശി പൌർണ്ണമി ഇതിൽ ഏതെങ്കിലും ഒരു തിഥിയിൽ നൂറാവൃത്തി പാരായണം അവസാനിക്കത്തക്കവണ്ണവും, അഞ്ചോ ഏഴോ ഒൻപതോ പതിനൊന്നോദിനംകൊണ്ട് വേഗത്തിൽ തീരത്തക്കവണ്ണവും ചണ്ഡികായാഗം ആരംഭിക്കണം. അതിൽ ഇവിടെ പറയാൻപോകുന്നത് ഏഴുദിവസംകൊണ്ടവസാനിക്കുന്ന യാഗക്രമത്തെയാകുന്നു.

"സ്നാത്വാ നിത്യക്രിയാം കൃത്വാ വൃണുയാദ്ദശബാഡവാൻ
ജിതേന്ദ്രിയാൻ സദാചാരാൻ സുശീലാൻ സത്യവാദിനഃ
വ്യുല്പന്നാൻ ചണ്ഡികാപാഠരതാൻ ലജ്ജാഭയാവതഃ."

ആരംഭദിവസം യജമാനൻ സ്നാനംചെയ്തു് നിത്യകർമ്മങ്ങളും കഴിച്ച് ജിതേന്ദ്രിയന്മാരായി സദ്വൃത്തന്മാരായി സുശീലന്മാരായി സത്യവാദികളായി വ്യുല്പന്നന്മാരായി ദേവീമാഹാത്മ്യപാരായണതല്പരന്മാരായി അകൃത്യത്തിങ്കൽ ലജ്ജയും ദൈവത്തിങ്കൽ ഭയവും ഉള്ളവരായിരിക്കുന്ന പത്തുബ്രാഹ്മണരെ (ആചാര്യനുൾപ്പെടെ) ജപത്തിനായ് വരിക്കണം.

"വേദ്യാം വിരചിതേ രമ്യേ സർവതോ ഭദ്രമണ്ഡലേ
ഘടം സംസ്ഥാപ്യ വിധിവൽ തത്രാവാഹ്യാർച്ചയേച്ഛിവാം."

മുൻപറഞ്ഞ മനോഹരമായ മണ്ഡപത്തിൽ പത്മമിട്ടു് ജലപൂർണ്ണമായ ഘടംവച്ച് സിംഹവാഹനയായി ശംഖചക്രഗദാപത്മധരയായിരിക്കുന്ന ചണ്ഡികാപ്രതിമയേയും നവാക്ഷരിയന്ത്രത്തേയും സ്വർണ്ണത്തിൽ നിർമ്മിച്ച് ആ ഘടത്തിൽവച്ച് ചണ്ഡികയെ ആവാഹിച്ച്

വിധിയാകുംവണ്ണം പൂജ തുടങ്ങണം. ഇതു് ആചാൎയ്യൻ ചെയ്യേണ്ട താകുന്നു.

പൂജാവിധി.

ഓം കാമഗിരിപീഠായ നമഃ ഓം പൂൎണ്ണഗിരിപീഠായ നമഃ ഓം ജാലന്ധരപീഠായ നമഃ ഓം ഓഡ്യാണപീഠായ നമഃ.

എന്നു് പീഠംപൂജിച്ചു് ആഗ്നേയാദി നാലുദിക്കുകളിലും, ഓം ജയായൈ നമഃ ഓം വിജയായൈ നമഃ ഓം ജയന്ത്യൈ നമഃ ഓം അപരാജിതായൈ നമഃ എന്നു പൂജിക്കണം.

മുൻപറഞ്ഞ യന്ത്രത്തിന്റെ പൂൎവ്വഭാഗത്തു് സരസ്വതിയേയും ബ്രഹ്മാവിനേയും, നിരൃതികോണിൽ വിഷ്ണുവിനേയും ലക്ഷ്മിയേയും, വായുകോണിൽ ഉമയേയും ശിവനേയും പൂജിക്കണം. മദ്ധ്യത്തിൽ ബിന്ദുസ്ഥാനത്തു് മഹാലക്ഷ്മിയേയും, വലത്തുഭാഗത്തു് മഹാകാളിയേയും, വാമഭാഗത്തു് മഹാസരസ്വതിയേയും, വടക്കു വാഹനസിംഹത്തേയും, തെക്കു മഹിഷനേയും പൂജിക്കണം. പൂൎവ്വഭാഗം മുതൽ ഷൾകോണത്തിൽ ക്രമമായി ഓം നം നന്ദജായൈ നമഃ ഓം രം രക്തദന്തികായൈ നമഃ ഓം ശം ശാകംഭൎയ്യൈ നമഃ ഓം ദും ദുൎഗ്ഗായൈ നമഃ ഓം ഭീം ഭീമായൈ നമഃ ഓം ഭ്രം ഭ്രാമൎയ്യൈ നമഃ എന്നും, അഷ്ടദളത്തിൽ കിഴക്കുദിക്കുമുതൽ ഓം ബ്രഹ്മാണ്യൈ നമഃ ഓം മാഹേശ്വൎയ്യൈ നമഃ ഓം കൗമാൎയ്യൈ നമഃ ഓം വൈഷ്ണവ്യൈ നമഃ ഓം വാരാഹ്യൈ നമഃ ഓം നാരസിംഹ്യൈ നമഃ ഓം ഇന്ദ്രാണ്യൈ നമഃ ഓം ചാമുണ്ഡായൈ നമഃ എന്നും പൂജിക്കണം. ഓരോ ദളത്തിലും മുമ്മൂന്നു കേസരങ്ങളെ സങ്കല്പിച്ചു്, അവയിൽ മുമ്മൂന്നു ദേവതകളെവീതം "വിഷ്ണുമായ" മുതൽ "ചിതി"വരെയുള്ള ഇരുപത്തിനാലുദേവതകളെ പൂജിക്കണം.

വിഷ്ണുമായാ, ചേതനാ, ബുദ്ധിഃ, നിദ്രാ, ക്ഷുധാ, ഛായാ, ശക്തിഃ, തൃഷ്ണാ, ക്ഷാന്തി, ജാതിഃ, ലജ്ജാ, ശാന്തിഃ, ശ്രദ്ധാ, കാന്തിഃ, ലക്ഷ്മിഃ, ധൃതിഃ, വൃത്തിഃ, സ്മൃതിഃ, ദയാ, തുഷ്ടിഃ, പുഷ്ടിഃ, മാതാ, ഭ്രാന്തിഃ ചിതിഃ ഇവരാകുന്നു ഇരുപത്തിനാലു ദേവതകൾ. 'ഓം വിഷ്ണുമായായൈ നമഃ'ഇത്യാദി ഓരോന്നിനും ആദ്യം പ്രണവവും ഒടുവിൽ 'നമഃ'എന്നും ചേൎത്തുകൊള്ളണം. അഞ്ചാമദ്ധ്യായത്തിൽ ഈ ഇരുപത്തിനാലിൽ ഏതാനും നാമങ്ങൾ ഇല്ലാത്തതു് കാത്യായനീതന്ത്രമനുസരിച്ചാകുന്നു.

യന്ത്രനാളത്തിൽ ഓം ആധാരശക്ത്യൈ നമഃ ഓം കൂൎമ്മായ നമഃ ഓം ശേഷായ നമഃ ഓം പൃഥിവ്യൈ നമഃ എന്നും, ഗൃഹകോണുകളിൽ ഓം ഗണേശായ നമഃ ഓം ക്ഷേത്രപാലായ നമഃ ഓം വടുകായ നമഃ ഓം യോഗിനിഭ്യോ നമഃ എന്നും, കിഴക്കു ദിക്കു മുതൽ യഥാക്രമം ഇന്ദ്രാദികളേയും പൂജിക്കണം.

ഈ ഏഴ്ദിവസത്തിനകം നൂറാവൃത്തി സപ്തശതിപാരായണവും ലക്ഷം ഉരു നവാക്ഷരീജപവും പത്താവൃത്തി സപ്തശതികൊണ്ടും പതിനായിരം ആവൃത്തി നവാക്ഷരികൊണ്ടും ഹോമവും പത്തുപേരും കൂടി ചെയ്യേണ്ടതാകുന്നു.

"തേ ഹവിഷ്യാന്നമശ്നന്തോ മന്ത്രാർത്ഥഗതമാനസാഃ
ഭൂമൗ ശയാനാഃ പ്രത്യേകം ജപേയുശ്ചണ്ഡികാസ്തവം
മാർക്കണ്ഡേയപുരാണോക്തം ദശകൃത്വഃ സുചേതസഃ
നവാർണ്ണം ചണ്ഡികാമന്ത്രം ജപേയുശ്ചായുതം പൃഥക്."

ഋത്വിക്കുകൾ ഈ ഏഴ്ദിവസവും ഹവിസ്സ് ഭക്ഷിക്കുകയും നിലത്തു ശയിക്കുകയും വേണം. ഓരോരുത്തരും പത്താവൃത്തി വീതം പാരായണവും പതിനായിരം ഉരുവിതം ജപവും മന്ത്രാർത്ഥവിചാരത്തോടുകൂടി ശ്രദ്ധയായി ചെയ്യേണ്ടതാകുന്നു. ആദ്യദിവസം ഒന്നും രണ്ടാംദിവസം രണ്ടും മൂന്നാംദിവസം മൂന്നും നാലാംദിവസം നാലും വീതം നാലുദിവസംകൊണ്ടു പാരായണം നൂറാവൃത്തിയും തീന്നിരിക്കണം. നവാക്ഷരീജപം പാരായണത്തിനു് വിഘ്നംകൂടാതെ ഈ നാലുദിവസംകൊണ്ടു തീന്നതുനീക്കി ബാക്കിയുള്ളതു് ശേഷം മൂന്നുദിവസങ്ങൾകൊണ്ടു് പൂർത്തിയാക്കണം.

അഞ്ചാംദിവസം ഹോമം ആരംഭിക്കണം. "കലൗ ചണ്ഡീവിനായകൗ" (കലിയുഗത്തിൽ ചണ്ഡികയും ഗണപതിയും പ്രത്യക്ഷപ്പെട്ടു വരം കൊടുക്കുന്നവരാകുന്നു.) അതുകൊണ്ടു് ആദ്യം ഗണപതിഹോമം കഴിച്ചു ആ അഗ്നിയിൽ ചണ്ഡികയെ ആവാഹിച്ചു് എല്ലാവരുംകൂടി പത്താവൃത്തി സപ്തശതിയും പതിനായിരം ഉരു നവാക്ഷരിയും ഹോമം ചെയ്യണം. അനന്തരം ദേവന്മാരെ വരിച്ചു് അവരവരുടെ മന്ത്രം കൊണ്ടും ഹോമിക്കണം.

പായസാന്നംകൊണ്ടു് സപ്തശതിയും, നെയ്യും പായസാന്നവും കൊണ്ടു നവാക്ഷരിയും, ഫലങ്ങൾകൊണ്ടു ഉവാചമന്ത്രങ്ങളും അദ്ധ്യായങ്ങളുടെ അവസാനത്തിലുള്ള മന്ത്രങ്ങളും ഹോമിക്കേണ്ടതാകുന്നു.

ഫലങ്ങൾ—ദ്രാക്ഷാഫലം, രംഭാഫലം, മാതളനാരങ്ങാ, കരിമ്പു്, നാളികേരം, ജാതിക്കാ, മാമ്പഴം ഇത്യാദിയാകുന്നു.

ഒരാവൃത്തി പാരായണത്തിനും ആയിരം ഉരു നവാക്ഷരീജപത്തിനും ഒരാൾവീതം ആകെ നൂറു ബ്രാഹ്മണർക്കു ഗന്ധപുഷ്പധൂപദീപഭക്ഷ്യഭോജ്യാദികളെക്കൊണ്ടും യഥാശക്തി വസ്ത്രാഭരണധനങ്ങളെക്കൊണ്ടും സമാരാധനചെയ്യണം. അതു് ഋത്വിക്കുകൾ പത്തുപേർ ഏഴ ദിവസത്തേക്കാകുമ്പോൾ എഴുപതാകുന്നതുനീക്കി മുപ്പതുപേർക്കുകൂടി ആയാലും മതിയാകുന്നതാണു്.

ഏഴാംദിവസം യജമാനൻ ആ ചണ്ഡികാസന്നിധാനത്തിൽവച്ച്, പൂൎണ്ണാവയവസൗന്ദൎയ്യവതികളായി, അരോഗികളായി, ഉമികളായി, രണ്ടുമുതൽ പത്തുവരെ വയസ്സുള്ളവരായി ഇരിക്കുന്ന ഒൻപതു കന്യകമാരെ പൂജിക്കണം. അവരുടെ നാമങ്ങൾ—രണ്ടുവയസ്സുള്ളവൾ കുമാരി. മൂന്നു വയസ്സുള്ളവൾ ത്രിമൂൎത്തി. നാലുവയസ്സുള്ളവൾ കല്യാണി. അഞ്ചു വയസ്സുള്ളവൾ രോഹിണി. ആറു വയസ്സുള്ളവൾ കാളിക. ഏഴു വയസ്സുള്ളവൾ ശാംഭവി. എട്ടു വയസ്സുള്ളവൾ ദുൎഗ്ഗാ. ഒൻപതു വയസ്സുള്ളവൾ ചണ്ഡികാ. പത്തു വയസ്സുള്ളവൾ സുഭദ്രാ എന്നിങ്ങനെയാകുന്നു. ഇവരെ ഗന്ധം പുഷ്പം ധൂപം ദീപം പലവിധഭക്ഷണസാധനങ്ങൾ ഇവയെക്കൊണ്ടും ശക്തിപോലെ വസ്ത്രാഭരണാദികളെക്കൊണ്ടും പൂജിക്കേണ്ടതാകുന്നു.

കന്യകാവാഹനമന്ത്രം.

“മന്ത്രാക്ഷരമയീം ലക്ഷ്മീം മാതൄണാം രൂപധാരിണീം
നവദുൎഗ്ഗാത്മികാം സാക്ഷാൽ കന്യാമാവാഹയാമ്യഹം.”

കുമാരികാദികന്യകകളുടെ പൂജാമന്ത്രം.

“ജഗൽപൂജ്യേ! ജഗദ്വന്ദ്യേ! സൎവ്വശക്തിസ്വരൂപിണി!
പൂജാം ഗൃഹാണ കൗമാരി! ജഗന്മാതൎന്നമോസ്തു തേ. ൧
ത്രിപുരാം ത്രിപുരാധാരാം ത്രിവൎഷാം ജ്ഞാനരൂപിണീം
ത്രൈലോക്യവന്ദിതാം ദേവീം ത്രിമൂൎത്തിം പൂജയാമ്യഹം. ൨
കലാത്മികാം കലാതീതാം കാരുണ്യഹൃദയാം ശിവാം
കല്യാണജനനീം ദേവീം കല്യാണീം പൂജയാമ്യഹം. ൩
അണിമാദിഗുണാധാരാം അകാരാദ്യക്ഷരാത്മികാം
അനന്തശക്തികാം ലക്ഷ്മീം രോഹിണീം പൂജയാമ്യഹം. ൪
കാമചാരീം ശുഭാം കാന്താം കാലചക്രസ്വരൂപിണീം
കാമദാം കരുണോദാരാം കാളികാം പൂജയാമ്യഹം. ൫
ചണ്ഡവീരാം ചണ്ഡമായാം ചണ്ഡമുണ്ഡപ്രഭഞ്ജിനീം
പൂജയാമി സദാ ദേവീം ചണ്ഡികാം ചണ്ഡവിക്രമാം. ൬
സദാനന്ദകരീം ശാന്താം സൎവ്വദേവനമസ്കൃതാം
സൎവ്വഭൂതാത്മികാം ലക്ഷ്മീം ശാംഭവീം പൂജയാമ്യഹം. ൭
ദുൎഗ്ഗമേ ദുസ്തരേ കാൎയ്യേ ഭവദുഃഖവിനാശിനീം
പൂജയാമി സദാ ഭക്ത്യാ ദുൎഗ്ഗാം ദുൎഗ്ഗാൎത്തിനാശിനീം. ൮
സുന്ദരീം സ്വൎണ്ണവൎണ്ണാഭാം സുഖസൗഭാഗ്യദായിനീം
സുഭദ്രജനനീം ദേവീം സുഭദ്രാം പൂജയാമ്യഹം. ൯

ഈ മന്ത്രങ്ങളെക്കൊണ്ട് അതാതുകന്യകകളെ പൂജിക്കേണ്ടതാകുന്നു.

വിശേഷിച്ച് ഒരു സുമംഗലിയേയും ഒരു ബ്രഹ്മചാരിയേയും കൂടി അന്നേദിവസം പാദപ്രക്ഷാളനം മുതൽ ദക്ഷിണവരെ ചെയ്തു പൂജിക്കണം.

ഏഴുദിവസവും ചണ്ഡികാപൂജ ചെയ്യേണ്ടതാണ്. പ്രഥമദിവസം ആവാഹിച്ചു ചണ്ഡികയെ ഉപാസിക്കുന്നതും ആ കലശജലം കൊണ്ടു യജമാനനെ അഭിഷേകം ചെയ്യുന്നതും ഏഴാംദിവസമാകുന്നു. ചണ്ഡികാപ്രതിമയും യന്ത്രവും വിധിപോലെ ആചാര്യന് ദാനം ചെയ്യണം.

ജന്മമദ്ധ്യത്തിൽ ഒരുത്തൻ ഇപ്രകാരം ഒരു ചണ്ഡികായാഗംചെയ്താൽ അവന് ഇഹപരലോകസുഖങ്ങളെല്ലാം സിദ്ധിക്കുന്നതാകുന്നു.

൯. സപ്തശതീമന്ത്രവിഭാഗം.

"അഷ്ടസപ്തത്യുത്തരാണാം ശ്ലോകാനാം ശതപഞ്ചകം
പ്രോക്തം സപ്തശതിസ്തോത്രം തൽസപ്തശതസംഖ്യയാ
വിഭജ്യ ജുഹുയാന്മന്ത്രമിതി കാത്യായനീമതം."

പതിമൂന്നദ്ധ്യായങ്ങളോടും ഉവ്വെ ശ്ലോകങ്ങളോടും കൂടിയ ശ്രീദേവീമാഹാത്മ്യം ൭൦൦ മന്ത്രങ്ങളാകുന്നു. അതുകൊണ്ടാണ് "സപ്തശതി" എന്നു പേർ പറയുന്നതു്. ഈ മന്ത്രവിഭാഗജ്ഞാനം പാരായണംചെയ്യുന്നതിനു കൂടിയേതീരു എന്നില്ലെങ്കിലും ഹോമത്തിനും പ്രയോഗങ്ങൾക്കും അത്യാവശ്യമാകുന്നു.

മന്ത്രവിഭാഗത്തെക്കുറിച്ച് കാത്യായനീതന്ത്രത്തിലും യാമളാദിതന്ത്രങ്ങളിലും പറയുന്നുണ്ടു്. അവതമ്മിൽ ചിലഭാഗങ്ങളിൽ വ്യത്യാസങ്ങളും കാണുന്നു. ആ വ്യത്യാസങ്ങളെ സംബന്ധിച്ച് ഗുപ്തവതീവ്യാഖ്യാതാവു് ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"കാത്യായനീതന്ത്രമനുസരിച്ചുള്ള മന്ത്രവിഭാഗമാണ് മുഖ്യം. ആ തന്ത്രം സ്തോത്രത്തിലുൾപ്പെട്ടതിനെ ത്യജിക്കുകയും ഉൾപ്പെടാത്തതിനെ സ്വീകരിക്കുകയും ചെയ്തിട്ടില്ല. അതുകൊണ്ടു് അനേകം മഹാന്മാരും ആ ക്രമത്തെത്തന്നെ ആദരിച്ചുപോരുന്നു."

ഞാൻ മന്ത്രവിഭാഗത്തെക്കുറിച്ചു പരമേശ്വരൻ പാർവതിക്കുപദേശിക്കുന്ന കാത്യായനീതന്ത്രത്തിലെ ൧൩ മുതൽ ൧൬ വരെയുള്ള നാലു പടലങ്ങളെ അടിസ്ഥാനമാക്കി മന്ത്രവിഭാഗം ചെയ്യുന്നു. ഇതിൽ ൧൩-ാംപടലം പ്രഥമചരിത്രമായ ഒന്നാമദ്ധ്യായത്തെക്കുറിച്ചും ൧൪-ാം പടലം മദ്ധ്യമചരിത്രമായ ൨, ൩, ൪ ഈ അദ്ധ്യായങ്ങളെക്കുറിച്ചും ൧൫-ം ൧൬-ം പടലങ്ങൾ ഉത്തമചരിത്രമായ ശേഷം ഒൻപതദ്ധ്യായങ്ങളെക്കുറിച്ചും പറയുന്നതാകുന്നു.

പ്രഥമചരിത്രം.

ഒന്നാം അദ്ധ്യായം.

ഈശ്വര ഉവാച:—

"മാർക്കണ്ഡേയ ഉവാചാദ്യോ മന്ത്രഃ ശ്ലോകാത്മകസ്തതഃ
വ്യോമാദിവർണ്ണമാരഭ്യ ദ്വിതീയസ്സ്വരസംയുതഃ. ൧
ഗ്രപമിത്യന്തിമാ മന്ത്രാ ഭവന്ത്യഷ്ടാദശ പ്രിയേ
വൈശ്യവാക്യം തതഃ ശ്ലോകാ വ്യോമാദ്യാൽപഞ്ചമന്ത്രകാഃ ൨
ഗ്രപസ്യോക്തിർമാന്തവർണ്ണാൽ ദ്വാദശസ്വരസംയുതാൽ
സകാരോ ബിന്ദുയുക്തോന്തേ മന്ത്രൌ ദ്വാവിദ്രശൌ മതൌ. ൩
തതോ വൈശ്യ ഉവാചേതി സ്വരൈകാദശ ആദിതഃ
വഹ്നിബീജം ബിന്ദുയുക്തമന്തേ സ്യാന്മനുപഞ്ചകം. ൪
മാർക്കണ്ഡേയ ഉവാചൈകസ്തതോ മന്ത്രത്രയം ഭവേൽ
താദിവർണ്ണഞ്ച ഭുവനസ്വരയുക് വാരുണാന്തിമം. ൫
രാജോവാചേതി ഷണ്മന്ത്രാ ഭാദിതാന്താഃ ശുഭാനനേ!
അഥോവാച ഋഷിർജ്ഞാനമസ്തീത്യാരഭ്യ പാർവ്വതി! ൬
സർവ്വേശ്വരേശ്വരീത്യന്താ മന്ത്രാഃ ദ്വാദശ കീർത്തിതാഃ
രാജോവാചാഥ ഭഗവന്നാദാവന്തേ വിദാംവര! ൭
മന്ത്രത്രയമിദം ഖ്യാതം പശ്ചാദൃഷിരുവാച ഹ
നിത്യൈവ സാ ജഗച്ഛാദൌ പ്രഭുരന്തേഷ്ടമന്ത്രകഃ ൮
അഥ ബ്രഹ്മോവാച തതഃ ത്വം സ്വാഹാ ത്വം സ്വധാദിമാഃ
മഹാസുരാന്തിമാ മന്ത്രാ മതാഃ പഞ്ചദശ പ്രിയേ! ൯
ഋഷിരേവം സ്തുതേത്യാദ്യാഃ സപ്ത സ്യുഃ കേശവാന്തിമാഃ
തതോ ഭഗവദുക്തിഃ സ്യാൽ ഭവേതാമിത്യുഭൌ മന്ത്ര. ൧൦
അഥർഷിർവ്വഞ്ചിതാഭ്യാമിത്യേതന്മന്ത്രദ്വയം ശിവേ!
ഋഷ്യുക്തിശ്ച തഥേത്യുക്തേത്യാദിമന്ത്രദ്വയം ഭവേൽ. ൧൧
സർവ്വേ ശ്ലോകാ ഇഹാദ്ധ്യായേത്വഷ്ടയുക്സപ്തതിർമതാഃ
മദ്ധ്യേൽശ്ലോകമന്ത്രാസ്തു ചതുർവ്വിംശതിരീരിതാഃ ൧൨
ഉവാചാന്താസ്തത്ര ബോദ്ധ്യാ മന്ത്രാ ഭുവനസംജ്ഞകാഃ
സംഹത്യാഹുതയോ ജ്ഞേയാശ്ചതുർഭിരധികം ശതം. ൧൩

(കാത്യായനീതന്ത്രം 21-ാംപടലം)

പരമേശ്വരൻ പറഞ്ഞു:—

അല്ലയോ പാർവ്വതി! മാർക്കണ്ഡേയ ഉവാച എന്നു് ആദ്യത്തെ മന്ത്രമാകുന്നു. പിന്നെ സ മുതൽ ഗ്രപംവരെ ൧൮ മന്ത്രങ്ങൾ ഉണ്ടു്. അനന്തരം വൈശ്യഉവാച എന്നു് ഒന്നു്; സ മുതൽ ൫ ശ്ലോകമന്ത്രങ്ങൾ,രാജോവാച ഒന്നു്. യൈ മുതൽ സം വരെ രണ്ടു്. പിന്നെവൈശ്യ ഉവാച

എന്ന് ഒന്ന്. ഏ മുതൽ ഈ വരെ അഞ്ച്. മാർക്കണ്ഡേയ ഉവാച ഒന്ന്. പിന്നെ ത മുതൽ വൌ വരെ മൂന്നു മന്ത്രം. രാജോവാച എന്ന് ഒന്ന്. ഭ മുതൽ ത വരെ ൪ മന്ത്രം. അനന്തരം ഋഷിരുവാച എന്ന് ഒന്ന്. ജ്ഞാനമസ്തിമുതൽ സർവേശ്വരേശ്വരിവരെ ൧൮ മന്ത്രങ്ങൾ. രാജോവാച ഒന്ന്. ഭഗവൻ മുതൽ വിഭാംവര വരെ മൂന്ന്. പിന്നെ ഋഷിരുവാച ഒന്ന്. നിര്യ്യൈവ സാ മുതൽ പ്രബുദ്ധവരെ എട്ടു മന്ത്രം. പിന്നേ ബ്രഹ്മോവാച ഒന്ന്. പിന്നെ ത്വം സ്വാഹാ ത്വം സ്വധാ മുതൽ മഹാസുരൌ വരെ ൧൬ മന്ത്രം. ഋഷിരുവാച ഒന്ന്. ഏവം സ്തുതാ മുതൽ കേശവം വരെ ഏഴ്. പിന്നെ ഭഗവാനുവാച ഒന്ന്, ഭവേതാം എന്ന രണ്ടു മന്ത്രം. പിന്നെ ഋഷിരുവാച ഒന്ന്, വഞ്ചിതാഭ്യാം എന്ന രണ്ടു മന്ത്രം. ഋഷിരുവാച ഒന്ന്, തഥേത്യുക്ത്വാ എന്നുമുതൽ രണ്ടു മന്ത്രം.

ഈ അദ്ധ്യായത്തിൽ ൭൮ ശ്ലോകങ്ങളാകുന്നു. ശ്ലോകമന്ത്രങ്ങൾ ൬൬. അർദ്ധശ്ലോകമന്ത്രങ്ങൾ ൨൪ എന്നു പറയപ്പെടുന്നു. ഉവാച മന്ത്രങ്ങൾ ൧൪. ആകെയുള്ള ആഹുതിസംഖ്യ ൧൦൪ ആകുന്നു.

മന്ത്രവിഭാഗപട്ടിക

മന്ത്രവിഭാഗം		മന്ത്രസംഖ്യ		
ശ്ലോകാർത്ഥം	വിശദീകരണം	ഉവാച മന്ത്രം.	അർദ്ധ ശ്ലോക മന്ത്രം.	ശ്ലോക മന്ത്രം.
മാർക്കണ്ഡേയ ഉവാച	... ...	൧	...	...
സ മുതൽ രൂപം എന്നവരെയുള്ള ൧൮ മന്ത്രങ്ങൾ	സാവർണ്ണി എന്നു മുതൽ പ്രണയോദിതം എന്നവരെ	...	...	൧൭
	പ്രത്യുവാച ഇത്യാദി	...	൧	...
വൈശ്യ ഉവാച	... ...	൧	...	...
സ മുതൽ ൬ മന്ത്രങ്ങൾ	സമാധിർന്നാമ ഇത്യാദി	...	൧	...
	പുത്രദാരൈർ മുതൽ സാംപ്രതം വരെ	...	...	൪
	കഥം തേ ഇത്യാദി	...	൧	...
രാജോവാച	... ...	൧	...	...
യൈ മുതൽ സം വരെ രണ്ടു മന്ത്രങ്ങൾ	യൈർന്നിരസ്തോ ഇത്യാദി	...	൧	...
	തേഷു കിം ഇത്യാദി	...	൧	...
വൈശ്യ ഉവാച	... ...	൧	...	...

മന്ത്രവിഭാഗം		മന്ത്രസംഖ്യ		
ശ്ലോകാദ്യം	വിശദീകരണം	ഉവാച മന്ത്രം	അൎദ്ധശ്ലോക മന്ത്രം	ശ്ലോക മന്ത്രം
ഏ മുതൽ ഈ വരെ അഞ്ചു മന്ത്രം	ഏവം ഇത്യാദി	...	൧	...
	കിംകരോമിമുതൽ ജായതവരെ	...	...	൩
	കരോമി ഇത്യാദി	...	൧	...
മാൎക്കണ്ഡേയ ഉവാച	... ...	൧	...	...
ത മുതൽ വൈ വരെ മൂന്നു്	തതസ്തൌ ഇത്യാദി	...	൧	...
	സമാധി ഇത്യാദി	...	...	൧
	ഉപവിശ്യൌ ഇത്യാദി	...	൧	...
രാജോവാച	... ...	൧	...	...
ഭ മുതൽ ത വരെ ആറു മന്ത്രം	ഭഗവൻ ഇത്യാദി	...	൧	...
	ദുഃഖായമുതൽ ജ്ഞാനിനോരപി വരെ	...	...	൪
	മമാസ്യ ഇത്യാദി	...	൧	...
ഋഷിരുവാച	... ...	൧	...	...
ജ്ഞാനിനമസ്ഥി മുതൽ സ വേ്ശ്വരേശ്വരിവരെ ൧൨ മന്ത്രം.	ജ്ഞാനിനമസ്ഥി ഇത്യാദി	...	൧	...
	വിഷയശ്ചമുതൽസനാതനിവരെ	...	...	൧൦
	സംസാരേ ഇത്യാദി	...	൧	...
രാജോവാച	... ...	൧	...	...
ഭഗവൻ മുതൽ വിദാംവര വരെയുള്ള മൂന്നു മന്ത്രം	ഭഗവൻ ഇത്യാദി	...	൧	...
	ബ്രവീതി ഇത്യാദി	...	...	൧
	തൽസൎവം ഇത്യാദി	...	൧	...
ഋഷിരുവാച.	... ...	൧	...	...
നിത്യൈവ സം മുതൽ പ്രഭുവരെ എട്ടു മന്ത്രം	നിത്യൈവ ഇത്യാദി	...	൧	...
	തഥാപി മുതൽ കാരിണീംവരെ	...	...	൬
	നിദ്രാം ഇത്യാദി	...	൧	...

മന്ത്രവിഭാഗം		മന്ത്രസംഖ്യ		
ശ്ലോകാൎദ്ധം	വിശദീകരണം	ഉവാചമന്ത്രം	അൎദ്ധശ്ലോകമന്ത്രം	ശ്ലോകമന്ത്രം
ബ്രഹ്മോവാച	... ...	൧	...	...
ത്വം സ്വാഹാ മുതൽ മഹാസുരൌ വരെ ൧൭	ത്വം സ്വാഹാ ഇത്യാദി	...	൧	...
	സുധാ മുതൽ ലഘ്വവരെ	...	...	൧൫
	ബോധശ്ച ഇത്യാദി	...	൧	...
ഋഷിരുവാച	... ...	൧	...	...
ഏവം സ്തുതാ മുതൽ കേശവം വരെ ഏഴ്	ഏവം സ്തുതാ ഇത്യാദി	...	൧	...
	വിഷ്ണോൎമ്മുതൽ വിമോഹിതൗവരെ	...	...	൫
	ഉക്തവന്തൗ ഇത്യാദി	...	൧	...
ഭഗവാനുവാച	... ...	൧	...	...
ഭവേതാം എന്നു രണ്ടു മന്ത്രം	ഭവേതാം ഇത്യാദി	...	൧	...
	കിമന്യേന ഇത്യാദി	...	൧	...
ഋഷിരുവാച	... ...	൧	...	...
വഞ്ചിതാഭ്യാം എന്നു രണ്ടു്	വഞ്ചിതാഭ്യാം ഇത്യാദി	...	൧	...
	വിലോക്യ ഇത്യാദി	...	...	൧
ഋഷിരുവാച	... ...	൧	...	...
തഥേത്യുക്ത്വാ മുതൽ രണ്ടു്	തഥേത്യുക്ത്വാ മുതൽ വദാമി തേ വരെ	...	...	൨
ആകെ		൧൪	൨൪	൬൬

ഇങ്ങനെ (പ്രഥമചരിത്രം) ഒന്നാമദ്ധ്യായത്തിൽ ആകെയുള്ള മന്ത്രസംഖ്യ ൧൦൪ ആകുന്നു.

പ്രഥമചരിത്രമന്ത്രവിഭാഗം സമാപ്തം.

മദ്ധ്യമചരിത്രം.

രണ്ടാം അദ്ധ്യായം.

ഈശ്വര ഉവാച—

ദ്വിതീയേ ഋഷിവാഗഷ്ടഷഷ്ടിശ്ലോകാ ഇതിക്രമഃ.

(കാത്യായനീതന്ത്രം 22-ാംപടലം)

രണ്ടാമദ്ധ്യായത്തിൽ ഋഷിരുവാച എന്നു ഉവാചമന്ത്രം ഒന്നും ദേവാസുരം എന്നു മുതൽ ദിവി എന്നുവരെ ശ്ലോകമന്ത്രങ്ങൾ ൬൮-ം ഉൾപ്പെടെ ആകെ ൬൯ മന്ത്രങ്ങൾ ആണു്.

മൂന്നാം അദ്ധ്യായം.

തതസ്തൃതീയേദ്ധ്യായേ തു ഋഷിപ്രോവാച ദേശികേ! ൧
പഞ്ചത്രിംശത്തതഃ ശ്ലോകമന്ത്രാ ജ്ഞേയാ വരാനനേ!
ദേവ്യുവാച തതഃ ശ്ലോകമന്ത്ര ഏകോ മഹേശ്വരി! ൨
ഋഷിരുക്തിഃ പുനഃ ശ്ലോകമന്ത്രാഃ പഞ്ച സനാതനാഃ
ഏവമാഹുതയസ്തത്ര ചത്വാരിംശച്ചതുർയ്യുതാഃ ൩

(കാത്യായനീതന്ത്രം 22-ാംപടലം)

അനന്തരം മൂന്നാമദ്ധ്യായത്തിൽ ഋഷിരുവാച ഒന്നു്. ൩൪ ശ്ലോകമന്ത്രങ്ങൾ. ദേവ്യുവാച എന്നു് ഒന്നു്. ശ്ലോകമന്ത്രം ഒന്നു്. ഋഷിരുവാച ഒന്നു്. പിന്നെ ശ്ലോകമന്ത്രങ്ങൾ അഞ്ചു്. ഇങ്ങനെ ൪൪ ആഹുതികളാകുന്നു.

ശ്ലോകാർത്ഥം	വിശദീകരണം	ഉവാച മന്ത്രം	അർദ്ധ ശ്ലോക മന്ത്രം	ശ്ലോക മന്ത്രം
ഋഷിരുവാച	... ...	൧	...	...
൩൪ ശ്ലോകമന്ത്രങ്ങൾ	നിഹന്യമാനംമുതൽ അക്ഷരംവരെ	...	...	൩൪
ദേവ്യുവാച	... ...	൧	...	...
ശ്ലോകമന്ത്രം ഒന്നു്	ഗർജ്ജത്യാദി	...	...	൧
ഋഷിരുവാച	... ...	൧	...	...
ശ്ലോകമന്ത്രങ്ങൾ ൫.	ഏവംമുതൽ അപ്സരോഗണാഃ വരെ	...	...	൫.
	ആകെ	൩	...	൪൧

ഇങ്ങനെ മൂന്നാമദ്ധ്യായത്തിൽ മൂന്നു ഉവാചമന്ത്രങ്ങളും ൪൧ ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ൪൪ മന്ത്രങ്ങൾ ആണു്.

നാലാം അദ്ധ്യായം.

ചതുൎത്ഥത്വൃഷിവാങ്മന്ത്രഃ ശ്ലോകാഃ ഷഡ്വിംശതിസ്തതഃ
പുനസ്തഥൈവ ഋഷ്യുക്തിഃ ശ്ലോകൌ ദ്വൌ മന്ത്രരൂപിണൌ. ൪

ഏവം സ്തുതേതി മന്ത്രോയമതിഗുഹ്യോതിപാവനഃ
ദേവ്യുക്തിൎപ്രിയതാം മന്ത്രഃ കഥിതഃ ഷോഡശാക്ഷരഃ ൫

ദേവാ ഊചുരിതി പ്രോച്യ ഭഗവത്യാകൃതം വദേൽ
മന്ത്രോയം ശതവൎണ്ണാഢ്യോ ദ്വാദശോത്തരയുക് പുനഃ ൬

അഥോ ഋഷിരുവാചേതി മന്ത്രശ്ചേതി പ്രസാദിതാ
ഇതി ശ്ലോകാസ്തു ചത്വാരോ മന്ത്രാസ്താവന്ത ഏവ തേ. ൭

ശ്ലോകാശ്ചതുൎത്ഥേദ്ധ്യായേ തു ഷട്ത്രിംശൽ പരമേശ്വരി!
അൎദ്ധമന്ത്രദ്വയേനൈവ ചത്വാരിംശൽ ദ്വിയുക് പുനഃ ൮

ഏവം മദ്ധ്യചരിത്രസ്യ പഞ്ചാശച്ച ശതോത്തരം
തഥാ പഞ്ചയുതം മന്ത്രാ മഹാലക്ഷ്മ്യാ വിഭേദതഃ ൯

(കാത്യായനീതന്ത്രം 22-ാംപടലം)

നാലാമദ്ധ്യായത്തിൽ ഋഷിരുവാച ഒന്നു്. പിന്നെ ൨൬ ശ്ലോകമന്ത്രങ്ങൾ. പിന്നെ മുൻപോലെ ഋഷിരുവാച ഒന്നു്. രണ്ടു ശ്ലോകമന്ത്രങ്ങൾ. ഏവം സ്തുതാ എന്ന മന്ത്രം അതിരഹസ്യവും അതിശുദ്ധവുമാണു്. ദേവ്യുവാച ഒന്നു്. പ്രിയതാം എന്നു് പതിനാറക്ഷരമുള്ള മന്ത്രം ഒന്നു്. ദേവാ ഊചുഃ ഒന്നു്. ഭഗവത്യാകൃതം മുതൽ ൧൧൨ അക്ഷരങ്ങൾ ചേൎന്നമന്ത്രം ഒരു മഹാമന്ത്രമാകുന്നു. ഋഷിരുവാച എന്നു ഒന്നു്. ഇതി പ്രസാദിതാമുതൽ നാലുശ്ലോകങ്ങൾ നാലുമന്ത്രങ്ങളാണു്. അല്ലയോ പരമേശ്വരി! നാലാമദ്ധ്യായത്തിൽ ശ്ലോകങ്ങൾ ൩൬ ആണു്. ശ്ലോകമന്ത്രങ്ങൾ ൩൨. അൎദ്ധശ്ലോകമന്ത്രങ്ങൾ രണ്ടു്. ഉവാചമന്ത്രങ്ങൾ ൫. ഇങ്ങനെ മദ്ധ്യമചരിത്രത്തിൽ മഹാലക്ഷ്മിക്കു് ൧൫൫ മന്ത്രങ്ങളാകുന്നു.

ശ്ലോകാർത്ഥം	വിശദീകരണം	ഉവാച മന്ത്രം	അർദ്ധ ശ്ലോക മന്ത്രം	ശ്ലോക മന്ത്രം
ഋഷിരുവാച	... ...	൧	...	...
൨൬ ശ്ലോകമന്ത്രങ്ങൾ	ശക്രാദയമുതൽ സർവ്വതഃവരെ	...	...	൨൬
ഋഷിരുവാച	... ...	൧	...	...
രണ്ടു ശ്ലോകമന്ത്രങ്ങൾ	ഏവംമുതൽ സുരാൻവരെ	...	...	൨
ദേവ്യുവാച	... ...	൧	...	...
പ്രീയതാം എന്ന ൧൬ അക്ഷരമുള്ള മന്ത്രം	പ്രീയതാം ഇത്യാദി	...	൧	...
ദേവാഊചുഃ	... ...	൧	...	...
ഭഗവത്യാകൃതംമുതൽ ൧൧൨ അക്ഷരം ചേർന്നുള്ള മന്ത്രം	ഭഗവത്യാകൃതം ഇത്യാദി യദയംമുതൽ അംബികേവരെ	... ...	൧ ...	... ൩
ഋഷിരുവാച	... ...	൧	...	...
ഇതിപ്രസാദിതാമുതൽ നാലു ശ്ലോകമന്ത്രങ്ങൾ	ഇതിപ്രസാദിതാമുതൽ കഥയാമി തേ വരെ	...	...	൪
	ആകെ	൫	൨	൩൫

ഇങ്ങനെ നാലാമദ്ധ്യായത്തിൽ അഞ്ചു് ഉവാചമന്ത്രങ്ങളും രണ്ടു് അർദ്ധശ്ലോകമന്ത്രങ്ങളും ൩൫ ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ആകെ ൪൨ ആഹുതികളാണു്.

രണ്ടാമദ്ധ്യായത്തിൽ ൬൯-ം മൂന്നാമദ്ധ്യായത്തിൽ ൪൪-ം നാലാമദ്ധ്യായത്തിൽ ൪൨-ം ഉൾപ്പെടെ. മദ്ധ്യചരിത്രത്തിൽ ആകെയുള്ള മന്ത്രസംഖ്യ ൧൫൫ ആകുന്നു.

മദ്ധ്യമചരിത്രമന്ത്രവിഭാഗം സമാപ്തം.

ഉത്തമചരിത്രം

അഞ്ചാം അദ്ധ്യായം.

ഈശ്വര ഉവാച:—

ഋഷിവാക്യം പുരേത്യാദ്യാഃ വിഷ്ണുമായാം പ്രതുഷ്ടുവുഃ
ഇത്യന്താഃ ശ്ലോകമന്ത്രാഃ ഷഡ് ദേവാ ഊചുസ്തതഃ പരം. ൧

നമോ ദേവ്യൈ ഇതി ത്രിംശൽ ശ്ലോക്യന്തേ നമ്രമൂർത്തിഭിഃ
വിഷ്ണുമായാദികാസ്തേഷു ഭ്രാന്ത്യന്താ ഏകവിംശതിഃ ൨

അവതാരൈഃ പൃഥഗ്മന്ത്രാ ത്രിഷഷ്ട്യാഹുതയസ്തതാഃ
ചിതിരൂപേണ മന്ത്രേണാപ്യാഹുതിത്രയമാചരേൽ. ൩

ഏവം മന്ത്രാ അശീതിസ്സ്യുസ്സർവമംഗളനായികേ!
സ്തുതാ സുരൈരിതിശ്ലോകാവൃഷിരേവം സ്തവാദികാഃ ൪

ശ്ലോകാസ്സപ്തദശ പ്രോക്താ ശതംമന്ത്രാ ഋഷേർവ്വചഃ
നിശമ്യേത്യാദയഃ ശ്ലോകാ ഗിരേത്യന്താസ്തതഃ ത്രയഃ ൫

അഥ ദൂത ഉവാചേതി ദേവി! ദൈത്യേശ്വരാദയഃ
വ്രജാന്താ നവ മന്ത്രാസ്സ്യുരഥോ ഋഷിരുവാച ഹ. ൬

ഇത്യുക്ത്വാ സാ തദേത്യേകഃ ശ്ലോകമന്ത്രസ്സരസ്വതി
ദേവ്യുവാചാഥ ചത്വാരഃ ശ്ലോകാഃ സത്യാദയോലഘു. ൭

ദൂതോക്തിരവലിപ്താസി മൈവമിത്യാദയസ്തതഃ
ശ്ലോകാ ഗമിഷ്യസീത്യന്താശ്ചത്വാരോ ദേവ്യുവാച ഹി. ൮

ഏവമേതൽ ബലീത്യാദി സ ച യുക്തം കരോതു യൽ
ഇത്യന്തൗ ദ്വൗ മന്ത്ര ശ്ലോകാവംഗമന്ത്രാശ്ച തേ നവ. ൯

ഇത്യൂനത്രിംശദധികാഃ ശതം മന്ത്രാഃ പ്രകീർത്തിതാഃ

(കാത്യായനീതന്ത്രം 23-ാംപടലം)

ഋഷിരുവാച ഒന്നു്. പുരാമുതൽ വിഷ്ണുമായാം പ്രതുഷ്ടുവുഃ വരെ ശ്ലോകമന്ത്രങ്ങൾ ൬. പിന്നെ ദേവാ ഊചുഃ ഒന്നു്. നമോ ദേവ്യൈ മുതൽ നമ്രമൂർത്തിഭിഃ വരെ ൩൰ ശ്ലോകങ്ങൾ ഉള്ളതിൽ വിഷ്ണുമായമുതൽ ഭ്രാന്തി വരെ ൨൧. അവ ചണ്ഡികയുടെ കാള്യാദ്യവതാരങ്ങൾനിമിത്തം മുമ്മൂന്നായിട്ടു അറുപത്തിമൂന്നാഹുതികളാകുന്നു. ചിതി

രൂപേണ എന്ന മന്ത്രംകൊണ്ടും മൂന്നാഹുതിചെയ്യണം. അല്ലയോ സർവ്വമംഗളനായികേ! ഇങ്ങനെ എൺപതുമന്ത്രങ്ങൾ ഭവിക്കുന്നു. സ്തുതാ സുരൈഃ ഇത്യാദി രണ്ടു ശ്ലോകം. ഋഷിരുവാച ഒന്ന്, ഏവം സ്തവാദിമുതൽ ൧൭ ശ്ലോകങ്ങൾ പറയപ്പെടുന്നു. ഇപ്പോൾ നൂറു മന്ത്രങ്ങളായി. ഋഷിരുവാച ഒന്ന്. നിശമ്യ മുതൽ ഗിരാ വരെ ശ്ലോകങ്ങൾ മൂന്ന്. പിന്നെ ദൂത ഉവാച ഒന്ന്. ദേവി ദൈത്യേശ്വര എന്നു മുതൽ വ്രജ വരെ ഒൻപതു മന്ത്രങ്ങൾ. പിന്നെ ഋഷിരുവാച. അല്ലയോ സരസ്വതി! ഇത്യുക്താ സാ തദാ ദേവീ എന്നു ഒരു ശ്ലോകമന്ത്രമാകുന്നു. ദേവ്യുവാച ഒന്ന്. സത്യംമുതൽ ലഘു വരെ നാലു ശ്ലോകമന്ത്രങ്ങൾ. ദൂത ഉവാച ഒന്ന്. അവലിപ്താസി മൈവം മുതൽ ഗമിഷ്യസി വരെ നാലുശ്ലോകങ്ങൾ. ദേവ്യുവാച. ഏവമേതൽബലീ മുതൽ സചയുക്തം കരോതു യൽ വരെ രണ്ടു ശ്ലോകമന്ത്രങ്ങൾ. ഈ അദ്ധ്യായത്തിൽ ഉവാചമന്ത്രങ്ങൾ ഒൻപതു്. ഇങ്ങനെ ൧൨൯ മന്ത്രങ്ങൾ പറയപ്പെടുന്നു.

ശ്ലോകാർത്ഥം	വിശദീകരണം	ഉവാച മന്ത്രം	ബന്ധ മന്ത്രം	ശ്ലോക മന്ത്രം
ഋഷിരുവാച	... ...	൧	...	...
പുരാമുതൽ വിഷ്ണുമായാം പ്രതുഷ്ടുവുഃ വരെ	... ...	...	...	൬
ദേവാ ഊചുഃ	... ...	൧	...	...
നമോ ദേവ്യൈമുതൽ നമോനമഃ വരെ ൮൦ശ്ലോകങ്ങൾ ഉള്ളതിൽ വിഷ്ണുമായ മുതൽ ഭ്രാന്തിവരെ ൨൧. അവ ചണ്ഡികയുടെ കാള്യാദിഅവതാരങ്ങൾ നിമിത്തം ൬൩ ആഹുതികളാകുന്നു.	നമോദേവ്യൈമുതൽ ദേവ്യൈ കൃത്യൈ നമോനമഃ വരെ	...	...	൫
	യാദേവീ സർവ്വഭൂതേഷു വിഷ്ണുമായേതിമുതൽ ഭ്രാന്തിരൂപേണസംസ്ഥിതാ എന്നുവരെ	...	൬൩	...
	ഇന്ദ്രിയാണാം ഇത്യാദി	...	...	൧
	ചിതിരൂപേണ എന്നിത്യാദി ശ്ലോകംകൊണ്ടു് മൂന്നാഹുതി ചെയ്യണം.	...	൩	...
സ്തുതാസുരൈഃ ഇത്യാദി രണ്ടു ശ്ലോകം	സ്തുതാസുരൈഃമുതൽ നമ്രമൂർത്തിഭിഃവരെ	...	...	൨
ഋഷിരുവാച	... ...	൧	...	...
ഏവംസ്തവാദിമുതൽ ൧൭ ശ്ലോകങ്ങൾ	ഏവംസ്തവാദിമുതൽ ഗൃഹ്യതേ വരെ	...	...	൧൭

ശ്ലോകാത്ഥം	വിശദീകരണം		ഉവാച മന്ത്രം	ഖണ്ഡ മന്ത്രം	ശ്ലോക മന്ത്രം
ഋഷിരുവാച	...	...	൧	...	...
നിശമ്യമുതൽ ഗിരാവരെ	...	...	...	...	൧൨
ദൂതഉവാച	...	...	൧	...	...
ദേവിനൈതത്സത്യശപ്താമുതൽ വ്രജഃവരെ	...	...	...	...	൯
ഋഷിരുവാച	...	...	൧	...	...
ഇത്യുക്താപാസാതദാ ദേവീ ഇത്യാദി	...	...	...	...	൧
ദേവ്യുവാച	...	...	൧	...	...
സത്യംമുതൽ ലഘുംവരെ	...	...	...	...	൪
ദൂതഉവാച	...	...	൧	...	...
അവലിപ്താസിമൈവം മുതൽ ഗമിഷ്യസിവരെ	...	...	...	...	൪
ദേവ്യുവാച		...	൧	...	...
ഏവമേതൽബലി മുതൽ സദൃശംകുരുഷ്വതാൽ വരെ	...	...	...	...	൨
		ആകെ	൯	൬൬	൫൪

ഇങ്ങനെ അഞ്ചാമദ്ധ്യായത്തിൽ ഒൻപതു് ഉവാചമന്ത്രങ്ങളും ൬൬ ഖണ്ഡമന്ത്രങ്ങളും ൫൪ ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ആകെ ൧൨൯ ആഹുതികളാകുന്നു.

"യാ ദേവീ സർവ്വഭൂതേഷു വിഷ്ണുമായേതി ശബ്ദിതാ" എന്നുമുതൽ 'ഭ്രാന്തിരൂപേണ സംസ്ഥിതാ' എന്നുവരെ ദ്വിതീയചരണങ്ങൾമാത്രം ഭേദപ്പെട്ട ൨൨ ശ്ലോകങ്ങൾ ഈ അദ്ധ്യായത്തിലുണ്ടു്. മററു മൂന്നുചരണങ്ങൾക്കും ഐകരൂപ്യമാണു്. ഏകരൂപംതന്നെ എങ്കിലും മഹാകാളി, മഹാലക്ഷ്മി, മഹാസരസ്വതി എന്നു് ചണ്ഡികയുടെ മൂന്നവതാരങ്ങളെക്കൊണ്ടു് പ്രതിപാദിക്കുന്ന അർത്ഥങ്ങൾക്കു് ഭേദമുള്ളതിനാൽ ഓരോന്നും മുമ്മൂന്നുമന്ത്രങ്ങളായി വിചാരിക്കേണ്ടതാണു്. അങ്ങനെ ഈ ഇരുപത്തൊന്നും മൂന്നുവീതം ആകെ അറുപത്തിമൂന്നു മന്ത്രങ്ങളാകുന്നു. ചിതിരൂപേണ എന്ന ശ്ലോകവും ഇതുപോലെ മൂന്നു മന്ത്രമാണു്. ഇവയ്ക്കു് ഖണ്ഡമന്ത്രങ്ങൾ എന്നു പേർപറയുന്നു.

"യാ ദേവീ സർവ്വഭൂതേഷു വിഷ്ണുമായേതി ശബ്ദിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ"

ഇങ്ങനെ എട്ടക്ഷരങ്ങളുള്ള മൂന്നു പാദങ്ങളോടുകൂടിയ ഒരു അക്ഷരം ഗായത്രീച്ഛന്ദസ്സായ ഒരു മന്ത്രമായി ഭവിക്കുന്നു. ഇതിനെ ത്തന്നെ മൂന്നാവൃത്തിവീതം പാഠംചെയ്യണം.

"യാ ദേവി സർവ്വഭൂതേഷു വിഷ്ണുമായേതി ശബ്ദിതാ
നമസ്തസ്യൈ" ഇതി പ്രോക്തോ വിംശത്യക്ഷരകോ മനുഃ

"നമസ്തസ്യൈ" ഇതി പ്രോക്തോ ദ്വിതീയശ്ചതുരാക്ഷരഃ
അഷ്ടാക്ഷരസ്തൃതീയോപി "നമസ്തസ്യൈ നമോനമഃ"

"യാ ദേവീ സർവ്വഭൂതേഷു വിഷ്ണുമായേതി ശബ്ദിതാ നമസ്തസ്യൈ"

എന്ന് ഇരുപതക്ഷരമായും "നമസ്തസ്യൈ" എന്നു നാലക്ഷരമായും "നമസ്തസ്യൈ നമോനമഃ" എന്നു എട്ടക്ഷരമായും മേല്പറഞ്ഞ ഇരുപത്തിരണ്ടുശ്ലോകങ്ങളേയും മുമ്മൂന്നായി ഭാഗിച്ച് ആകെ നൂറു മന്ത്രങ്ങളാക്കി ചിലർ വിഭജിച്ചിരിക്കുന്നതു് ഏതു പ്രമാണമനുസരിച്ചും എന്തു ന്യായമനുസരിച്ചും ആണെന്ന് വിഭജിച്ചവരോടുതന്നെ ചോദിക്കണം എന്ന് ഗുപ്തവതീവ്യാഖ്യാതാവായ ഭാസുരാനന്ദനാഥസ്വാമികൾ അഭിപ്രായപ്പെടുന്നു.

ആറാം അദ്ധ്യായം

ഋഷ്യുക്തിരിത്യാകർണ്യേതി ശ്ലോകാശ്ചത്വാര ഈരിതാഃ. ൧൦

അഥോ ഋഷിരുവാചേതി തേനാജ്ഞപ്താ ഇതി ത്രയഃ
ശ്ലോകാത്മകാസ്തതോ മന്ത്രാഃ ദേവ്യുവാച തതഃ പരം. ൧൧

ദൈത്യേശ്വരേണ പ്രഹിത ഇത്യേകഃ ശ്ലോകമന്ത്രകഃ
അഥർഷിവാക്യമിത്യുക്തഃ സോഭ്യധാവദിതിഹ്യമീ. ൧൨

ശ്ലോകാഃ ദ്വാദശമന്ത്രാ സ്യുഃ ഷഷ്ഠേദ്ധ്യായേ തു സംഹതാഃ
ചതുർവിംശതിസംഖ്യാകാ ദേവതാഹുതയഃ ക്രമാൽ. ൧൩

(കാത്യായനീതന്ത്രം 23-ാംപടലം)

ഋഷിരുവാച ഒന്ന്. ഇത്യാകർണ്യ മുതൽ നാലു ശ്ലോകങ്ങൾ പറയപ്പെടുന്നു. പിന്നെ ഋഷിരുവാച തേനാജ്ഞപ്താ ഇത്യാദി ശ്ലോകമന്ത്രങ്ങൾ മൂന്ന്. പിന്നെ ദേവ്യുവാച. ദൈത്യേശ്വരേണ പ്രഹിത എന്ന ശ്ലോകമന്ത്രം ഒന്ന്, പിന്നെ ഋഷിരുവാച ഒന്ന്. ഇത്യുക്തഃ സോഭ്യ

ധാവൽ മുതൽ ൧൨ ശ്ലോകമന്ത്രങ്ങൾ. ആറാമദ്ധ്യായത്തിൽ ആകെ ൨൪ ദേവതാഹുതികൾ ആകുന്നു.

ശ്ലോകാരംഭം	വിശദീകരണം	ഉവാച മന്ത്രം.	അർദ്ധ ശ്ലോക മന്ത്രം.	ശ്ലോക മന്ത്രം.
ഋഷിരുവാച	... ...	൧	...	...
ഇത്യാകർണ്യമുതൽ നാലു ശ്ലോകങ്ങൾ	ഇത്യാകർണ്യമുതൽ ഏവമാദാവരെ	...	...	൪
ഋഷിരുവാച	... ...	൧	...	...
തേനാജ്ഞപ്തം ഇത്യാദി ശ്ലോകമന്ത്രം ൩.	തേനാജ്ഞപ്താമുതൽ വിഹ്വലാം വരെ	...	...	൩
ദേവ്യുവാച	... ...	൧	...	...
ദൈത്യേശ്വരേണ പ്രഹിതാ ഇത്യാദി	... ...	...	...	൧
ഋഷിരുവാച	... ...	൧	...	...
ഇത്യുക്തഃസോഭ്യധാവൽ മുതൽ ൧൨	ഇത്യുക്തഃ മുതൽ അംബികാംവരെ	...	...	൧൨
	ആകെ	൪	...	൨൦

ഇങ്ങനെ ആറാമദ്ധ്യായത്തിൽ നാലു് ഉവാചമന്ത്രങ്ങളും ഇരുപതു് ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ൨൪ ആഹുതികളാകുന്നു.

ഏഴാം അദ്ധ്യായം.

ഋഷ്യുക്തിരാജ്ഞപ്തേത്യാദ്യാസ്ത്രയോവിംശതി മാതരഃ
ഋഷിവാക്യം തതസ്താവാനീതൗ ദ്വൗ മാതരാവിതി. ൧൪
സപ്തവിംശതിസംഖ്യാകാ ഭവന്ത്യാഹുതയഃ പ്രിയേ!

(കാത്യായനീതന്ത്രം 23-ാംപടലം)

ഋഷിരുവാച. ആജ്ഞപ്താ എന്നുമുതൽ ൨൩ മന്ത്രങ്ങൾ. പിന്നെ ഋഷിരുവാച. താവാനീതൗ ഇത്യാദി രണ്ടു മന്ത്രങ്ങൾ. അല്ലയോ പ്രിയേ! ഏഴാമദ്ധ്യായത്തിൽ ൨൭ ആഹുതികളാകുന്നു.

ശ്ലോകാർത്ഥം	വിശദീകരണം	ഉവാച മന്ത്രം	അർദ്ധശ്ലോകമന്ത്രം	ശ്ലോകമന്ത്രം
ഋഷിരുവാച	... ...	൧	...	...
ആജ്ഞപ്തം എന്നുമുതൽ ൨൨ മന്ത്രങ്ങൾ	ആജ്ഞപ്താമുതൽ ഹനിഷ്യസിവരെ	...	...	൨൨
ഋഷിരുവാച	... ...	൧	...	...
താവാനീതൗ ഇത്യാദി ൩ മന്ത്രങ്ങൾ	താവാനീതൗമുതൽ ഭവിഷ്യസിവരെ	...	...	൩
	ആകെ	൨	...	൨൫

ഇങ്ങനെ ഏഴാമദ്ധ്യായത്തിൽ രണ്ട് ഉവാചമന്ത്രങ്ങളും ഇരുപത്തഞ്ചു ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ഇരുപത്തേഴ് ആഹുതികളാണ്.

എട്ടാം അദ്ധ്യായം.

"അഥർഷിർവാണീ ചണ്ഡേ ചേത്യാരഭ്യാഭിജഘാന തം. ൫൫
ഇത്യന്താഃ പഞ്ചപഞ്ചാശത് ശ്ലോകാ മന്ത്രാസ്തതഃ പരം
മുഖേന കാളി ജഗൃഹ ഇത്യർദ്ധശ്ലോകമന്ത്രകഃ. ൫൬
തതോസാവിതി ഷട് ശ്ലോകാസ്ത്രിഷഷ്ടിശ്ചേത്ഥമഷ്ടമേ"

(കാത്യായനീതന്ത്രം 23-ാംപടലം)

ഋഷിരുവാച. ചണ്ഡേ ച മുതൽ അഭിജഘാന തം വരെ ൫൫ ശ്ലോകമന്ത്രങ്ങൾ. പിന്നെ മുഖേന കാളി ജഗൃഹേ എന്ന് * അർദ്ധശ്ലോകമന്ത്രം ഒന്ന്. തതോസാ ഇത്യാദി ആറു ശ്ലോകങ്ങൾ. ഇങ്ങനെ എട്ടാംഅദ്ധ്യായത്തിൽ അറുപത്തിമൂന്ന് ആഹുതികളാണ്.

ശ്ലോകാർത്ഥം	വിശദീകരണം	ഉവാച മന്ത്രം	അർദ്ധശ്ലോകമന്ത്രം	ശ്ലോകമന്ത്രം
ഋഷിരുവാച	... ...	൧	...	...
ചണ്ഡേചമുതൽ അഭിജഘാനതംവരെ	... ...	...	...	൫൫
മുഖേന കാളീജഗൃഹേ ഇത്യാദി	... ...	...	൧	...
തതോസാ ഇത്യാദി ൬ ശ്ലോകങ്ങൾ	തതോസാമുതൽ മദോദ്ധതഃ വരെ	...	...	൬
	ആകെ	൧	൧	൬൧

* ഈ അദ്ധ്യായത്തിന്റെ ഒടുവിലുള്ള ഹതേ മാതൃഗണഃ എന്നുള്ളതാണ് അർദ്ധശ്ലോകമെന്നും പക്ഷാന്തരമുണ്ട്.

ഇങ്ങനെ എട്ടാം അദ്ധ്യായത്തിൽ ഒരു ഉവാചമന്ത്രവും ഒരു അർദ്ധശ്ലോകമന്ത്രവും ൬൧ ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ൬൩ ആഹുതികളാണു്.

ഒൻപതാം അദ്ധ്യായം.

"രാജാ, വിചിത്രമിത്യാദി ശ്ലോകദ്വയമഥോ ഋഷിഃ. ൧൭
ചകാര കോപമിത്യാദ്യാഃ സപ്തത്രിംശദ്ഭിരിതാഃ
ഇത്യേകചത്വാരിംശൽ സ്യുർന്നവമാദ്ധ്യായമന്ത്രകാഃ. ൧൮
(കാത്യായനീതന്ത്രം 23-ാംപടലം)

രാജോവാച. വിചിത്രം എന്നുമുതൽ രണ്ടു് ശ്ലോകം. പിന്നെ ഋഷിരുവാച. ചകാര കോപം എന്നുമുതൽ ൩൭ മന്ത്രങ്ങൾ പറയപ്പെട്ടിരിക്കുന്നു ഇങ്ങനെ ഒൻപതാമദ്ധ്യായത്തിൽ ൪൧ മന്ത്രങ്ങളാകുന്നു.

ശ്ലോകാരംഭം	വിശദീകരണം	ഉവാച മന്ത്രം	അർദ്ധ ശ്ലോക മന്ത്രം	ശ്ലോക മന്ത്രം
രാജോവാച	... ...	൧	...	...
വിചിത്രം മുതൽ ൨ ശ്ലോകം	വിചിത്രം എന്നുമുതൽ കോപനഃവരെ	...	...	൨
ഋഷിരുവാച	... ...	൧	...	...
ചകാരകോപംമുതൽ ൩൭ മന്ത്രങ്ങൾ	ചകാരകോപംമുതൽ ശുംഭനിശുംഭൌ വരെ	...	...	൩൭
	ആകെ	൨	...	൩൯

ഇങ്ങനെ ഒൻപതാം അദ്ധ്യായത്തിൽ രണ്ടു് ഉവാചമന്ത്രങ്ങളും ൩൯ ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ൪൧ ആഹുതികളാകുന്നു.

പത്താം അദ്ധ്യായം.

"ഋഷിർന്നിശുംഭം നിഹതമിതി ശ്ലോകാവുഭൌ മന്ത്രൌ
തതോ ദേവീവചഃ പ്രോക്തമേകൈവാഹമിതിദ്വയം. ൧൯
ദേവ്യുവാച തതശ്ചാഹം വിഭൂത്യേത്യേകലോ മനുഃ
ഋഷിസ്തതഃ പ്രവവൃതേ സാർദ്ധാദ്വാവിംശതിർമ്മതാഃ. ൨൦
ദ്വാത്രിംശന്മനവഃ സർവ്വേ തേഷ്വേകോർദ്ധമനുർമ്മതഃ
(കാത്യായനീതന്ത്രം 23-ാംപടലം)

ഋഷിരുവാച നിശുംഭം നിഹതമിത്യാദി രണ്ടു ശ്ലോകമന്ത്രം. പിന്നെ ദേവ്യുവാച. ഏകൈവാഹമിത്യാദി രണ്ടു്. ദേവ്യുവാച. അഹം വിഭൂത്യാ എന്നു് ഒരു മന്ത്രം. ഋഷിരുവാച. തതഃ പ്രവവൃതേ മുതൽ ഇരുപത്തിരണ്ടു. ആകെ ൩൧ മന്ത്രങ്ങൾ. അതിൽ അർദ്ധശ്ലോകമന്ത്രം ഒന്നു്.

ശ്ലോകാർത്ഥം	വിശദീകരണം	ഉവാച മന്ത്രം	അർദ്ധശ്ലോക മന്ത്രം	ശ്ലോക മന്ത്രം
ഋഷിരുവാച	... ...	൧	...	...
നിശുംഭംനിഹതമിത്യാദി രണ്ടു്	നിശുംഭം നിഹതം മുതൽ മാനിനിവരെ	...	...	൨
ദേവ്യുവാച	... ...	൧	...	...
ഏകൈവാഹമിത്യാദി രണ്ടു്	ഏകൈവാഹം മുതൽ അംബികാവരെ	...	...	൨
ദേവ്യുവാച	... ...	൧	...	...
അഹംവിഭൂത്യാ ഇത്യാദി	... ...	...	...	൧
ഋഷിരുവാച	... ...	൧	...	...
തതഃപ്രവവൃതേമുതൽ ഇരുപത്തിരണ്ടു	തതഃപ്രവവൃതേ മുതൽ ദിവം കരവരെ	...	...	൨൨
	[illegible] ഇത്യാദി	...	൧	...
	ആകെ	൪	൧	൨൬

ഇങ്ങനെ പത്താമദ്ധ്യായത്തിൽ നാലു് ഉവാചമന്ത്രങ്ങളും ഒരു അർദ്ധശ്ലോകമന്ത്രവും ൨൬ ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ൩൧ ആഹുതികളാകുന്നു.

പതിനൊന്നാം അദ്ധ്യായം.

ഋഷേസ്സുമേധസഃ ഖ്യാതം പ്രോക്തം ദേവ്യാഹതേ ശുഭേ!
ചതുസ്ത്രിംശദിതി ശ്ലോകാ മന്ത്രാസ്തൽ സംഖ്യകാശ്ച തേ. ൧

തതോ ദേവ്യേകമന്ത്രേണ വരദാഹം സുരേശ്വരി!
ദേവാ ഊചുസ്തതസ്സ്വാ ബാധാപ്രശമനം തഥാ. ൨

ശ്ലോകേനൈകേന ദേവേശി! ദേവ്യുവാച തതഃ പരം
വൈവസ്വതേന്തരേ പ്രാപ്തേ ഇതി സാർദ്ധാശ്ചതുർദ്ദശ. ൩
ശ്ലോകാ ആഹുതയസ്സർവ്വാ പഞ്ചാശൽ പഞ്ചസംയുതാഃ
(കാത്യായനീതന്ത്രം 24-ാംപടലം)

ഋഷിരുവാച. ദേവ്യാഹതേ മുതൽ ൩൪ ശ്ലോകങ്ങൾകൊണ്ടു ൩൪ മന്ത്രങ്ങൾ. പിന്നെ ദേവ്യുവാച. വരദാഹം എന്നു് ഒന്നു്. ദേവാ ഊചുഃ. പിന്നെ സർവ്വാബാധാപ്രശമനം എന്ന ശ്ലോകം ഒന്നു്. ദേവ്യുവാച. പിന്നെ വൈവസ്വതേന്തരേ പ്രാപ്തേ മുതൽ പതിനാലര ശ്ലോകങ്ങൾ. ആകെ ൫൫ ആഹുതികൾ.

ശ്ലോകാരംഭം	വിശദീകരണം	ഉവാച മന്ത്രം	അർദ്ധശ്ലോകമന്ത്രം	ശ്ലോകമന്ത്രം
ഋഷിരുവാച	...	൧	...	...
ദേവ്യാഹതേ മുതൽ ൩൪ ശ്ലോകങ്ങൾ	ദേവ്യാഹതേ മുതൽ വരദാഹം വരെ	...	...	൩൪
ദേവ്യുവാച	... ...	൧	...	...
വരദാഹം ഇത്യാദി	...	...	...	൧
ദേവാ ഊചുഃ	... ...	൧	...	...
സർവ്വാബാധാപ്രശമനം ഇത്യാദി	... ...	...	...	൧
ദേവ്യുവാച	... ...	൧	...	...
വൈവസ്വതേന്തരേ പ്രാപ്തേമുതൽ പതിനാലര ശ്ലോകങ്ങൾ	വൈവസ്വതേ മുതൽ ഭവിഷ്യതിവരെ	...	...	൧൪
	തദാതദാ ഇത്യാദി	...	൧	...
	ആകെ	൪	൧	൫൦

ഇങ്ങനെ പതിനൊന്നാമദ്ധ്യായത്തിൽ നാലു ഉവാചമന്ത്രങ്ങളും ഒരു അർദ്ധശ്ലോകമന്ത്രവും ൫൦ ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ൫൫ ആഹുതികളാകുന്നു.

പന്ത്രണ്ടാം അദ്ധ്യായം

ദേവ്യുവാചേതി ച തത ഏഭിഃ സ്തവൈശ്ച മാമിതി. ൪

ദുരാദ്യേതേഽന്നസഹിതാ അഷ്ടാവിംശതിരൂപകാഃ
തതശ്ചർഷിരുവാചേതീത്യുക്ത്വാ ശ്ലോകാദികൈശ്ച തൈഃ. ൭

അർദ്ധയുങ്നവഭിഃ ശ്ലോകൈസ്തത്സംഖ്യാമനവോ മതാഃ
ഏവന്തു ദ്വാദശേ ഏകചത്വാരിംശന്മിതാഹുതിഃ. ൬

(കാത്യായനീതന്ത്രം 24-ാംപടലം)

ദേവ്യുവാച ഒന്ന്. പിന്നെ ഏഭിസ്തവൈശ്ച മാം എന്നു മുതൽ ദുരാദേവ എന്ന അർദ്ധശ്ലോകമുൾപ്പെടെ ഇരുപത്തെട്ടു ശ്ലോകങ്ങൾ. പിന്നെ ഋഷിരുവാച എന്ന്. ഇത്യുക്ത്വാ എന്നു ഒൻപതരശ്ലോകങ്ങൾകൊണ്ടു അത്രയും മന്ത്രങ്ങൾ. ഇങ്ങനെ പന്ത്രണ്ടാമദ്ധ്യായത്തിൽ ൪൧ ആഹുതികൾ.

ശ്ലോകാത്ഥം	വിശദീകരണം	ഉവാച മന്ത്രം	അർദ്ധശ്ലോക മന്ത്രം	ശ്ലോക മന്ത്രം
ദേവ്യുവാച	... ...	൧	...	...
ഏഭിസ്തവൈശ്ചമാം എന്നു മുതൽ ദുരാദേവ എന്ന അർദ്ധശ്ലോകമുൾപ്പെടെ ഇരുപത്തെട്ടു ശ്ലോകം.	ഏഭിസ്തവൈഃ മുതൽ തഥാ എന്നുവരെ	...	...	൨൮
	ദുരാദേവ ഇത്യാദി	...	൧	...
ഋഷിരുവാച	... ...	൧	...	...
ഇത്യുക്ത്വാ മുതൽ ഒൻപതര ശ്ലോകം	ഇത്യുക്ത്വാ മുതൽ തഥാവരെ	...	...	൯
	ദദാതി ഇത്യാദി	...	൧	...
	ആകെ	൨	൨	൩൭

ഇങ്ങനെ പന്ത്രണ്ടാമദ്ധ്യായത്തിൽ രണ്ടു ഉവാചമന്ത്രങ്ങളും രണ്ടു് അർദ്ധശ്ലോകമന്ത്രങ്ങളും ൩൭ ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ൪൧ ആഹുതികളാകുന്നു.

പതിമൂന്നാം അദ്ധ്യായം.

തതസ്ത്രയോദശാദ്ധ്യായേ ഋഷിപ്രോവാച വാക്യതഃ
ഏതത്തേ കഥിതം ഭൂപേത്യാദ്യർദ്ധസാർദ്ധത്രയം മനുഃ. ൭

മാർക്കണ്ഡേയ ഉവാചേതി ഇതി തസ്യ വചോമുഖം
ശ്ലോകഷൾകം തതോ ദേവീ വചനം പരമേശ്വരി! ൮

യൽ പ്രാർത്ഥ്യതേ ത്വയാ ഭൂപ ത്വയേതി ശ്ലോക ഏകകഃ
മാർക്കണ്ഡേയ ഉവാചേതി തതോ വവ്രേ മനുത്രയം. ൯

ദേവ്യുവാച പുനഃ സ്വല്പൈരിതി ശ്ലോകത്രയേണ വൈ
അർദ്ധാനാമേവ മന്ത്രത്വാൽ ഭവന്ത്യാഹുതയോത്ര ഷട്. ൧൦

തതോ മാർക്കണ്ഡേയവച ഇതി ദത്വാ തയോരിതി
ദ്വൗ മന്ത്രൗ പുനരുച്ചാര്യ സാവർണ്ണിർഭവിതാ മനുഃ. ൧൧

(കാത്യായനീതന്ത്രം 24-ാംപടലം)

അനന്തരം ൧൩-ാം അദ്ധ്യായത്തിൽ ഋഷിരുവാച ഒന്ന്. ഏതത്തേ കഥിതം ഭൂപ എന്നു മുതൽ മൂന്നരശ്ലോകം. മാർക്കണ്ഡേയ ഉവാച. ഇതി തസ്യ വച മുതൽ ൬ ശ്ലോകം. പിന്നെ ദേവ്യുവാച. യൽ പ്രാർത്ഥ്യതേ ത്വയാ എന്ന ശ്ലോകം ഒന്ന്. മാർക്കണ്ഡേയ ഉവാച ഒന്ന്. തതോ വവ്രേ മുതൽ മൂന്നുമന്ത്രം. ദേവ്യുവാച. പിന്നെ സ്വല്പൈഃ എന്നു മുതൽ മൂന്നുശ്ലോകം. ആറ് അർദ്ധശ്ലോകമന്ത്രമാകുന്നു. പിന്നെ മാർക്കണ്ഡേയ ഉവാച. ഇതി ദത്വാ തയോ മുതൽ രണ്ടു മന്ത്രങ്ങൾ പറഞ്ഞിട്ട് സാവർണ്ണിർഭവിതാ മനുഃ എന്ന് സമ്പൂർണ്ണമാകുന്നു.

ശ്ലോകാർത്ഥം	വിശദീകരണം	ഉവാച മന്ത്രം	അർദ്ധശ്ലോകമന്ത്രം	ശ്ലോകമന്ത്രം
ഋഷിരുവാച	... ...	൧	...	...
ഏതത്തേ കഥിതം എന്നുമുതൽ മൂന്നര ശ്ലോകം	ഏതത്തേകഥിതംമുതൽ പരമേശ്വരീവരെ	...	...	൩
	ആരാധിതാ ഇത്യാദി	...	൧	...
മാർക്കണ്ഡേയ ഉവാച	... ...	൧	...	...
ഇതിതസ്യവചമുതൽ ൬ ശ്ലോകം	ഇതിതസ്യവച ഇത്യാദി	...	൧	...
	പ്രണിപത്യമുതൽ യഥാത്മനേ വരെ	...	...	൫
	പരിതുഷ്ടാ ഇത്യാദി	...	൧	...

ശ്ലോകാൎദ്ധം	വിശദീകരണം	ഉവാച മന്ത്രം	അൎദ്ധശ്ലോക മന്ത്രം	ശ്ലോക മന്ത്രം
ദേവ്യുവാച	... ...	൧	...	...
യത്പ്രാൎത്ഥ്യതേ ഇത്യാദി	... ...	...	...	൧
മാൎക്കണ്ഡേയ ഉവാച	... ...	൧	...	...
തതോവവ്രേമുതൽ ൩ മന്ത്രം	തതോവവ്രേ ഇത്യാദി	...	൧	...
	അത്രൈവചനിജം ഇത്യാദി	...	...	൧
	മമേത്യഹം	...	൧	...
ദേവ്യുവാച	... ...	൧	...	...
സ്വല്പൈഃ എന്നുമുതൽ ൩ ശ്ലോകംകൊണ്ടു് ആറു് അൎദ്ധശ്ലോകമന്ത്രം	സ്വല്പൈരഹോഭിഃ ഇത്യാദി	...	൧	...
	ഹത്വാ രിപൂൻ	...	൧	...
	മൃതശ്ച	...	൧	...
	സാവൎണ്ണികോ	...	൧	...
	വൈശ്യവൎയ്യ	...	൧	...
	തം പ്രയച്ഛാമി	...	൧	...
മാൎക്കണ്ഡേയ ഉവാച	... ...	൧	...	...
ഇതി ദത്വാമുതൽ ഭവിതാ മനുഃ വരെ	... ...	...	...	൨
	ആകെ	൬	൧൧	൧൨

ഇങ്ങനെ പതിമൂന്നാം അദ്ധ്യായത്തിൽ ൬ ഉവാചമന്ത്രങ്ങളും ൧൧ അൎദ്ധശ്ലോകമന്ത്രങ്ങളും ൧൨ ശ്ലോകമന്ത്രങ്ങളും ഉൾപ്പെടെ ൨൯ ആവൃത്തികളാകുന്നു.

"യൽ പ്രാൎത്ഥ്യതേ" ഇത്യാദി ശ്ലോകത്തെ രണ്ടു് അൎദ്ധശ്ലോകമായും, "സ്വല്പൈരഹോഭിഃ" മുതൽ മൂന്നു ശ്ലോകങ്ങളെ ആദ്യം ഒരൎദ്ധശ്ലോകവും പിന്നീടു് രണ്ടുശ്ലോകവും ഒടുവിൽ ഒരൎദ്ധശ്ലോകവുമായും, ഇതി ദത്വാ ഇത്യാദി ഒടുവിലത്തെ രണ്ടുശ്ലോകങ്ങളെ ആദ്യം ഒരൎദ്ധശ്ലോകവും പിന്നെ ഒരു ശ്ലോകവും പിന്നെയും ഒരൎദ്ധശ്ലോകവുമായും വിഭാഗിക്കണമെന്നു് ജഗച്ചന്ദ്രചന്ദ്രികാവ്യാഖ്യാതാവു് അഭിപ്രായപ്പെടുന്നു.

അഞ്ചാമദ്ധ്യായത്തിൽ ൧൨൯-ം ആറാമദ്ധ്യായത്തിൽ ൨൪-ം ഏഴാമദ്ധ്യായത്തിൽ ൨൭-ം എട്ടാമദ്ധ്യായത്തിൽ ൬൩-ം ഒൻപതിൽ ൪൧-ം പത്തിൽ ൩൨-ം പതിനൊന്നിൽ ൫൫-ം പന്ത്രണ്ടിൽ ൪൧-ം പതിമൂന്നിൽ ൨൯-ം ഉൾപ്പെടെ ഉത്തമചരിത്രത്തിൽ ആകെയുള്ള മന്ത്രസംഖ്യ ൪൪൧ ആകുന്നു.

ഉത്തമചരിത്രമന്ത്രവിഭാഗം സമാപ്തം.

മന്ത്രവിഭാഗപട്ടിക

ചരിത്രം	ഓരോ ചരിത്രത്തിലുള്ള ശ്ലോകസംഖ്യ	ഓരോ ചരിത്രത്തിലുള്ള മന്ത്രസംഖ്യ	അദ്ധ്യായം	ഓരോ അദ്ധ്യായത്തിലുള്ള ശ്ലോകസംഖ്യ	ഉവാചമന്ത്രങ്ങൾ	അർദ്ധശ്ലോകമന്ത്രങ്ങൾ	ആവൃത്തമന്ത്രങ്ങൾ	ശ്ലോകമന്ത്രങ്ങൾ	ആകെ
പ്രഥമം	൭൮	൧൦൪	൧	൭൮	൧൪	൨൪	,,	൬൬	൧൦൪
മദ്ധ്യമം	൧൪൫	൧൫൫	൨	൬൮	൧	,,	,,	൬൮	൬൯
			൩	൪൧	൩	,,	,,	൪൧	൪൪
			൪	൩൬	൫	൨	,,	൩൫	൪൨
ഉത്തമം	൩൫൫	൪൪൧	൫	൭൬	൯	,,	൬൬	൫൪	൧൨൯
			൬	൨൦	൪	,,	,,	൨൦	൨൪
			൭	൨൫	൨	,,	,,	൨൫	൨൭
			൮	൬൧൴	൧	൧	,,	൬൧	൬൩
			൯	൩൯	൨	,,	,,	൩൯	൪൧
			൧൦	൨൭൴	൪	൧	,,	൨൭	൩൨
			൧൧	൫൦൴	൪	൧	,,	൫൦	൫൫
			൧൨	൩൮	൨	൨	,,	൩൭	൪൧
			൧൩	൧൭൴	൬	൧൧	,,	൧൨	൨൯
ആകെ	൫൭൮	൭൦൦	,,	൫൭൮	൫൭	൪൨	൬൬	൫൩൫	൭൦൦

സപ്തശതീമന്ത്രവിഭാഗം സംപൂർണ്ണം.

൧൦. സങ്കല്പരീതി.

ശ്രീമഹാഗണപതയേ നമഃ

"ഓം നമശ്ചണ്ഡികായൈ
അദ്യ ശ്രീമഹാകാളി മഹാലക്ഷ്മി മഹാസരസ്വതീ പ്രസാദസിദ്ധ്യർത്ഥം ചണ്ഡീസപ്തശതീപാഠാഖ്യം കർമ്മ കരിഷ്യേ. തദംഗത്വേനാദൗ കവചാർഗ്ഗളകീലകപഠനമാദ്യന്തയോരഷ്ടോത്തരശതനവാർണജപപൂർവ്വകം ക്രമേണ രാത്രിസൂക്തദേവീസൂക്തപഠനം അന്തേ രഹസ്യത്രയപഠനഞ്ച കരിഷ്യേ."

എന്നു സങ്കല്പംചെയ്തിട്ടു്,

"നമോ ദേവ്യൈ മഹാദേവ്യൈ ശിവായൈ സതതം നമഃ
നമഃ പ്രകൃത്യൈ ഭദ്രായൈ നിയതാഃ പ്രണതാഃ സ്മ താം."

ഈ മന്ത്രംകൊണ്ടു് പഞ്ചോപചാരംചെയ്തു് പുസ്തകപൂജചെയ്യണം. അനന്തരം കവചംമുതൽ ക്രമേണ പാരായണം ചെയ്തുകൊള്ളണം.

---

൧൧. ദേവീകവചം

മാർക്കണ്ഡേയ ഉവാച:-

൧. യൽ ഗുഹ്യം പരമം ലോകേ സർവ്വരക്ഷാകരം നൃണാം
യന്ന കസ്യചിദാഖ്യാതം തന്മേ ബ്രൂഹി പിതാമഹ!

മാർക്കണ്ഡേയൻ പറഞ്ഞു:-

പിതാമഹ!	=	ബ്രഹ്മാവേ!
ലോകേ	=	ലോകത്തിൽ
ഗുഹ്യം പരമം	=	രഹസ്യവും ഉൽകൃഷ്ടവുമായി
നൃണാം	=	മനുഷ്യൎക്കു്
സർവ്വരക്ഷാകരം	=	എല്ലാരക്ഷയേയും ചെയ്യുന്നതായി
ന കസ്യചിദാഖ്യാതം	=	ഒരുത്തനോടും പറഞ്ഞിട്ടില്ലാത്തതായി
യൽ	=	യാതൊന്നുണ്ടോ
തത് മേ ബ്രൂഹി	=	അതിനെ എനിക്കുപദേശിച്ചാലും.

അല്ലയോബ്രഹ്മാവേ! ലോകത്തിൽ രഹസ്യവും ഉൽകൃഷ്ടവും മനുഷ്യൎക്കു് സകലരക്ഷയേയും ചെയ്യുന്നതും ഒരുത്തനോടും പറഞ്ഞിട്ടില്ലാത്തതുമായി യാതൊന്നുണ്ടോ അതിനെ എനിക്കുപദേശിച്ചാലും.

ഗുപ്തവതി—ദേവീകവചം ബ്രഹ്മാവു് മാർക്കണ്ഡേയനോടു പറയുന്നതാകുന്നു. മാർക്കണ്ഡേയ ഉവാച=ബ്രഹ്മാവിനോടു് മാർക്കണ്ഡേയൻ ചോദിക്കുന്നു. "മാർക്കണ്ഡേയൻ ക്രൗഷ്ടുകിയായ ഭാഗുരിക്കു് ഉപദേശിക്കുന്നതായി പക്ഷിരൂപന്മാരായിരിക്കുന്ന ദ്രോണമുനിപുത്രന്മാർ ജൈമിനിമുനിയോടുപറയുന്നു" എന്നാകുന്നു സംവാദസ്വഭാവം. കവചം=ചട്ട സകലജനങ്ങൾക്കും സർവാവയവരക്ഷയെ ചെയ്യുന്നതു് എന്നുതാല്പര്യം. ചട്ട ലോകത്തിൽ സർവശരീരത്തേയും രക്ഷിക്കുന്നതായി കാണുന്നുണ്ടല്ലോ.

ദുർഗ്ഗാപ്രദീപം-"അംഗഹീനോ യഥാ ദേഹീ സർവകർമസു ന ക്ഷമഃ
അംഗഷൾകവിഹീനാ തു തഥാ സപ്തശതീസ്തുതിഃ
തസ്മാദേതൽ പഠിത്വൈവ ജപേൽ സപ്തശതീം പരാം
അന്യഥാ ശാപമാപ്നോതി ഹാനിം ചൈവ പദേ പദേ
രാവണാദ്യാഃ സ്തോത്രമേതദംഗഹീനം നിഷേവിരേ
ഹതാ രാമേണ തേ യസ്മാന്നാംഗഹീനം പഠേത്തതഃ."
(കാത്യായനീതന്ത്രം)

കവചാദിത്രയ, രഹസ്യത്രയരൂപമായ അംഗഷൾകത്തോടുകൂടിത്തന്നെ സപ്തശതീസ്തോത്രം പാഠംചെയ്യണമെന്നു് വിധിക്കുന്നു. അതുകൊണ്ടു് തന്ത്രാന്തരങ്ങളിലുള്ളതാണെങ്കിലും, കവചാദിത്രയവും രഹസ്യത്രയവും സപ്തശതിയുടെ അംഗമാകുന്നു.

മാർക്കണ്ഡേയ ഉവാച=മാർക്കണ്ഡേയൻ കവചത്തെക്കുറിച്ചു് ബ്രഹ്മാവിനോടുചോദിക്കുന്നു:—ലോകത്തിൽ യാതൊന്നു് ഉൽകൃഷ്ടവും രഹസ്യവുമാണോ അതിനെ എനിക്കുപദേശിച്ചാലും. അതു് ബ്രഹ്മമാണോ എന്നാണെങ്കിൽ; അല്ല; സർവരക്ഷാകരമാകുന്നു. യാതൊന്നുകൊണ്ടു് സകലർക്കും രക്ഷയുണ്ടാകുമോ അതു് "നൃണാം"എന്നുപറഞ്ഞതുകൊണ്ടു് പാമരന്മാർക്കുകൂടി എന്നർത്ഥം. ബ്രഹ്മം ഉത്തമാധികാരികൾക്കുമാത്രമല്ലാതെ സകലർക്കും രക്ഷയാകുകയില്ല. ലോകത്തിൽ അനേകം കവചങ്ങൾ ഉണ്ടല്ലോ എന്നാണെങ്കിൽ—യന്ന കസ്യചിദാഖ്യാതം=യാതൊന്നു ഭവാൻ ആരോടും പറയാതെ നിധിയെപ്പോലെ സൂക്ഷിച്ചുവച്ചിരിക്കുന്നുവോ അതു്. അതുകൊണ്ടു് നിശ്ചയമായും വേഗത്തിൽ രക്ഷകിട്ടുമെന്നു് താല്പര്യം. അല്ലെങ്കിൽ നിധിയെപ്പോലെ രക്ഷിച്ചിട്ടാവശ്യമില്ലല്ലോ.

ആ ഉൽകൃഷ്ടവസ്തു എന്നാൽത്തന്നെ ദാനംചെയ്യപ്പെടണോ എന്നാണെങ്കിൽ:—ഹേ! പിതാമഹ! സ്വസന്താനരക്ഷയ്ക്കായി പിതാമഹനാൽത്തന്നെ നിശ്ചയമായി ദാനംചെയ്യപ്പെടേണ്ടതാകുന്നു.

പിതാമഹഃ = പിതൃപിതാ

ബ്രഹ്മോവാച:—

൨. അസ്തി ഗുഹ്യതമം വിപ്ര! സർവ്വഭൂതോപകാരകം
ദേവ്യാസ്തു കവചം പുണ്യം തച്ഛൃണുഷ്വ മഹാമുനേ!

ബ്രഹ്മാവ് പറഞ്ഞു:—

വിപ്ര!	= ഹേ ബ്രാഹ്മണ!
ഗുഹ്യതമം	= അത്യന്തം രഹസ്യമായി
സർവ്വഭൂതോപകാരകം	= സർവ്വപ്രാണികൾക്കുമുപകാരമായി
പുണ്യം	= പുണ്യമായി
ദേവ്യാസ്തു കവചം അസ്തി	= ദേവിയുടെ കവചം ഉണ്ട്.
മഹാമുനേ! തച്ഛൃണുഷ്വ	= ഹേ മഹർഷേ! അതിനെ കേട്ടാലും.

അല്ലയോ ബ്രാഹ്മണ! അത്യന്തം രഹസ്യമായും സർവ്വപ്രാണികൾക്കുമുപകാരമായും പുണ്യമായുമിരിക്കുന്ന ദേവിയുടെ കവചം ഉണ്ട്. ഹേ മഹാമുനേ! അതിനെ കേട്ടാലും.

ദുർഗ്ഗാ—ബ്രഹ്മാവ് ഉത്തരംപറയുന്നു. ഹേ വിപ്ര! ഭവാനാൽ ചോദിക്കപ്പെട്ടതുപോലെ പുണ്യമായിരിക്കുന്ന ദേവീകവചം നിധിപോലെ ഞാൻ സൂക്ഷിച്ചിട്ടുണ്ട്. അതിനെ മഹാമുനിയായ അങ്ങ് കേട്ടാലും സർവ്വഭൂതോപകാരാർത്ഥം പ്രവൃത്തിക്കുന്നതിനാൽ മഹാമുനേ എന്നു സംബോധന.

൩. പ്രഥമം ശൈലപുത്രീതി ദ്വിതീയം ബ്രഹ്മചാരിണീ
തൃതീയം ചന്ദ്രഘണ്ടേതി കൂശ്മാണ്ഡേതി ചതുർത്ഥകം.

൪. പഞ്ചമം സ്കന്ദമാതേതി ഷഷ്ഠം കാത്യായനീതി ച
സപ്തമം കാളരാത്രീതി മഹാഗൗരീതി ചാഷ്ടമം.

൫. നവമം സിദ്ധിദാ പ്രോക്താ നവദുർഗ്ഗാഃ പ്രകീർത്തിതാഃ
ഉക്താന്യേതാനി നാമാനി ബ്രഹ്മണൈവ മഹാത്മനാ.

പ്രഥമം ശൈലപുത്രീ ഇതി	= ഒന്നാമത്തു് ശൈലപുത്രി എന്നു്,
ദ്വിതീയം ബ്രഹ്മചാരിണീ	= രണ്ടാമത്തു് ബ്രഹ്മചാരിണി എന്നു്,
തൃതീയം ചന്ദ്രഘണ്ടാ ഇതി	= മൂന്നാമത്തു് ചന്ദ്രഘണ്ടാ എന്നു്,
ചതുർത്ഥകം കൂശ്മാണ്ഡാ ഇതി	= നാലാമത്തു് കൂശ്മാണ്ഡാ എന്നു്,
പഞ്ചമം സ്കന്ദമാതാ ഇതി	= അഞ്ചാമത്തു് സ്കന്ദമാതാ എന്നു്,
ഷഷ്ഠം കാത്യായനീ ഇതി ച	= ആറാമത്തു് കാത്യായനി എന്നു്,
സപ്തമം കാളരാത്രി ഇതി	= ഏഴാമത്തു് കാളരാത്രി എന്നു്,
അഷ്ടമം മഹാഗൗരി ഇതി ച	= എട്ടാമത്തു് മഹാഗൗരി എന്നും,
നവമം സിദ്ധിദാ	= ഒൻപതാമത്തു് സിദ്ധിദാ എന്നും

പ്രോക്താഃ	= പറയപ്പെട്ടു.
നവദുർഗ്ഗാഃ	= (ആ) ഒൻപതു ദുർഗ്ഗകൾ
പ്രകീർത്തിതാഃ	= (എന്നാൽ) പ്രകർഷേണ കീത്തിക്കപ്പെട്ടു
ഏതാനി നാമാനി	= ഈ നാമങ്ങൾ
മഹാത്മനാ	= സവ്വജ്ഞനായ
ബ്രഹ്മണാ ഏവ	= വേദപുരുഷനാൽതന്നെ
ഉക്താനി	= പറയപ്പെട്ടവയാകുന്നു.

ഒന്നാമതു് ശൈലപുത്രി എന്നും, രണ്ടാമതു് ബ്രഹ്മചാരിണി എന്നും, മൂന്നാമതു് ചന്ദ്രഘണ്ടാ എന്നും, നാലാമതു് കൃശ്മാണ്ഡാ എന്നും, അഞ്ചാമതു് സ്കന്ദമാതാ എന്നും, ആറാമതു് കാത്യായനി എന്നും, ഏഴാമതു് കാളരാത്രി എന്നും, എട്ടാമതു് മഹാഗൗരി എന്നും ഒൻപതാമതു് സിദ്ധിദാ എന്നും പറയപ്പെട്ടു. ആ ഒൻപതു ദുർഗ്ഗകളെ ഞാനും പ്രകഷേണ കീത്തിച്ചു. ഈ ഒൻപതു നാമങ്ങൾ സവ്വജ്ഞനായ വേദപുരുഷനാൽത്തന്നെ പറയപ്പെട്ടവയാകുന്നു.

ദുർഗ്ഗാ—ദേവി നവമൂത്ത്യാത്മികയായി ധ്യാനിക്കപ്പെടേണ്ടവളാകകൊണ്ടു് ആ മൂത്തികളുടെ നാമങ്ങളെ പറയുന്നു. (൧) ശൈലപുത്രി=നാമജ്ഞാനമുണ്ടാകുമ്പോൾ പ്രസിദ്ധിനിമിത്തം അതുകൊണ്ടു പറയപ്പെടുന്ന ആകാരത്തിൻേറയും ജ്ഞാനമുണ്ടാകുന്നു. ഭഗവതി സവ്വോത്തമൈശ്വയ്യവതിയാണെങ്കിലും ഭക്തനായ ഹിമവാനാൽ ഉൽകൃഷ്ടതപസ്സുകൊണ്ടു പ്രാത്ഥിതയായിട്ടു് കരുണനിമിത്തം അതിനിന്ദ്യമായ പുത്രീഭാവത്തെ സ്വീകരിച്ചു എന്നുള്ളതുകൊണ്ടു് ആ ഭഗവതിയുടെ ഭക്തവാത്സല്യം വാചാമഗോചരംതന്നെ എന്നു താല്പയ്യം.

(൨) ബ്രഹ്മചാരിണീ = സച്ചിദാനന്ദരൂപത്തെ പ്രാപിപ്പിക്കുന്നവൾ; ബ്രഹ്മരൂപപ്രദാ എന്നത്ഥം.

(൩) ചന്ദ്രഘണ്ടാ=ചന്ദ്രൻ കയ്യിലുള്ള ഘണ്ടയിൽ (മണിയിൽ) ഉള്ളവൾ; അല്ലെങ്കിൽ ചന്ദ്രനെപ്പോലെ നിമ്മലമായ ഘണ്ടയോടു കൂടിയവൾ.

"ആഹ്ലാദകാരിണീ ദേവീ ചന്ദ്രഘണ്ടേതി കീത്തിതാ"

(രഹസ്യാഗമം)

ആഹ്ലാദകാരിത്വംകൊണ്ടു് ചന്ദ്രനോടു സദൃശാ; ചന്ദ്രനെക്കാൾ അതിശയസൗന്ദയ്യവതി എന്നു താല്പയ്യം.

(൪) കൃശ്മാണ്ഡാ=കുത്സിതമായ ഉഷ്മാവു്; താപത്രയരൂപസന്താപത്തോടുകൂടിയ സംസാരം; അണ്ഡത്തിൽ=ഉദരത്തിൽ ഉള്ളവൾ; അധ്യാത്മികാദിതാപത്രയത്തോടുകൂടിയ സംസാരത്തെ ഭക്ഷിക്കുന്നവൾ എന്നു താല്പയ്യം.

"അണ്ഡഃ പേശീ ച പുഷ്കം ച"

(മേദിനി)

(൭) സ്കന്ദമാതാ = ഭഗവതീവീര്യത്തിൽനിന്നുത്ഭവിച്ച സനൽ ക്കുമാരന്ന് സ്കന്ദൻ എന്നു പേരുള്ളതിനാൽ ദേവിക്കു സ്കന്ദമാതാ എന്നു നാമം.

"ഭഗവാൻ സനൽക്കുമാരസ്തം സ്കന്ദ ഇത്യാചക്ഷതേ"

(ഛാന്ദോഗ്യോപനിഷത്തു്)

ജ്ഞാനികളാലും ദേവ്യുദരത്തിൽ ജന്മം ആഗ്രഹിക്കത്തക്കതാക യാൽ അതിശ്രേഷ്ഠാ എന്നു താല്പര്യം.

(൮) കാത്യായനി = ദേവകാര്യാർത്ഥം കാത്യായനാശ്രമത്തിൽ ആവിർഭവിച്ചു് ആ മഹർഷിയാൽ കന്യാത്വേന സ്വീകൃതയായതു കൊണ്ടു് ദേവിക്കു് കാത്യായനി എന്നു നാമം. ഈ ദേവി എന്നും കുമാരീത്വംകൊണ്ടു് പത്യനധീനയാകയാൽ സ്വാതന്ത്ര്യയാകുന്നു.

(൯) കാളരാത്രി=സർവ്വമാരകനായ കാലന്റേയും രാത്രി=നാശിനി. പ്രളയത്തിൽ കാലനും നാശമുണ്ടു്.

(൧൦) മഹാഗൗരി = ഇതു വളരെ അഭിമാനമുള്ള ഒരു ദേവിയാ കുന്നു. ഈ മഹാഗൗരി ശിവൻ കളിയായിട്ടു കാളി എന്നു വിളിച്ച തിനു് തപസ്സുകൊണ്ടു ഗൗരവർണ്ണത്തെ സമ്പാദിച്ചു എന്ന കഥ കാളീ പുരാണത്തിൽ വർണ്ണിച്ചിട്ടുണ്ടു്.

(൧൧) സിദ്ധിദാ = മോക്ഷത്തെ കൊടുക്കുന്നവൾ.

ദുർഗ്ഗയ്ക്കു് ഈ ഒൻപതു ഭേദങ്ങൾ യോഗിയുടെ കായവ്യൂഹം പോലെ ആകുന്നു. ധ്യാനത്തിനുവേണ്ടി ശാസ്ത്രത്തിൽ ഒൻപതായി പറയുന്നു. ദുർഗ്ഗാദേവി ഏകതന്നെയാണു്. അതുകൊണ്ടാണു് "ദേവി യുടെ കവചം" എന്നു രണ്ടാംശ്ലോകത്തിൽ ഏകവചനമായി പ്രയോ ഗിച്ചിരിക്കുന്നതു്. ബ്രഹ്മാവു് ഈ ഒൻപതുനാമങ്ങൾ താൻതന്നെ നിർമ്മിച്ചതാണോ എന്ന ശങ്കയെ പരിഹരിക്കുന്നതിനായി "ബ്രഹ്മ ണൈവ മഹാത്മനാ = മാഹാത്മ്യമുള്ള വേദത്താൽത്തന്നെ പറയപ്പെ ട്ടതാകുന്നു" എന്നു പറയുന്നു.

൮. അഗ്നിനാ ദഹ്യമാനസ്തു ശത്രുമദ്ധ്യേ ഗതോ രണേ
വിഷമേ ദുർഗ്ഗമേ ചൈവ ഭയാർത്താഃ ശരണം ഗതാഃ.

൯. ന തേഷാം ജായതേ കിഞ്ചിദശുഭം രണസങ്കടേ
നാപദം തസ്യ പശ്യാമി ശോകദുഃഖഭയം നഹി.

അഗ്നിനാ ദഹ്യമാനസ്തു = അഗ്നിയാൽ ദഹിക്കപ്പെട്ടവനും,
രണേ = യുദ്ധത്തിൽ

ശത്രുമദ്ധ്യേ	= ശത്രുമദ്ധ്യത്തിൽ
ഗതഃ	= പോയവനം (ശരണംപ്രാപിച്ചാൽ)
തസ്യ ആപദം ന പശ്യാമി	= അവന്ന് ആപത്തു് ഉണ്ടാകുകയില്ല
ശോകദുഃഖഭയം നഹി	= ദുഃഖംകൊണ്ടുള്ള ഭയവും ഇല്ല
വിഷമേ	= അസാമാന്യമായ്
ദുർഗ്ഗമേ	= അസഹ്യമായ് (ഇരിക്കുന്ന)
രണസങ്കടേ	= യുദ്ധസങ്കടത്തിൽ
ഭയാർത്താഃ	= ഭയപീഡിതന്മാരായി
ശരണം ഗതാഃ	= ശരണം പ്രാപിച്ചാൽ
തേഷാം	= അവൎക്കു്
കിഞ്ചിദശുഭം ന ജായതേ	= ഒട്ടും അമംഗലം ഉണ്ടാകുന്നില്ല.

അഗ്നിയാൽ ദഹിക്കപ്പെട്ടവനം യുദ്ധത്തിൽ ശത്രുമദ്ധ്യത്തിൽ പോയവനം ദേവിയെ ശരണംപ്രാപിച്ചാൽ അവന്ന ആപത്തും ദുഃഖംകൊണ്ടുള്ള ഭയവും ഉണ്ടാകുകയില്ലാ; അസാമാന്യമായി അസഹ്യമായിരിക്കുന്ന യുദ്ധസങ്കടത്തിൽ ഭയപീഡിതന്മാരായി ശരണംപ്രാപിച്ചാൽ അവൎക്കു ഒട്ടും അമംഗലം ഉണ്ടാകുകയില്ല.

ഗുപ്ത— * നവനാമങ്ങളെ പഠിക്കുന്നവൻ ഒരുത്തനായാലും അനേകംപേരായാലും ദേവിയെ ശരണം പ്രാപിച്ചാൽ അനിഷ്ടനിവൃത്തിയുണ്ടാകുമെന്നു താല്പൎയ്യം.

ദുൎഗ്ഗാ—ഇങ്ങനെ കവചപാഠത്തിൽ ധ്യാനിക്കേണ്ട ദേവതാസ്വരൂപത്തെ പറഞ്ഞിട്ടു് തൽഫലത്തിൽ അവിശ്വസിക്കരുതെന്നു പറയുന്നു. അഗ്നിയാൽ ദഹിക്കപ്പെട്ടവനം, യുദ്ധത്തിൽ ശത്രുമദ്ധ്യത്തിൽ പോയവനം, വിഷമമായി അതിസങ്കടമായിരിക്കുന്ന അവസ്ഥയിൽ ഭയപീഡിതരായവരും, ദേവിയെ ശരണംപ്രാപിച്ചാൽ അവൎക്കു ഭക്തിയോടുകൂടാത്ത സ്മരണമാത്രംകൊണ്ടും ഭയാദികൾ ഉണ്ടാകുകയില്ല.

വ്യ. യൈസ്തു ഭക്ത്യാ സ്മൃതാ നൂനം തേഷാമൃദ്ധിഃ പ്രജായതേ.

യൈസ്തു	= യാവചിലരാൽ
ഭക്ത്യാ സ്മൃതാ	= ഭക്തിയോടുകൂടി സ്മരിക്കപ്പെട്ടവളായാൽ
തേഷാം	= അവൎക്കു്
ഋദ്ധിഃ പ്രജായതേ	= സമൃദ്ധി നല്ലവണ്ണം ഉണ്ടാകുന്നു;
നൂനം	= നിശ്ചയം.

യാവചിലർ തിരുവടിയെ ഭക്തിയോടുകൂടി സ്മരിക്കുന്നുവോ അവൎക്കു സകലൈശ്വൎയ്യവും നല്ലവണ്ണം ഉണ്ടാകുന്നു; നിശ്ചയം.

---

* നവനാമങ്ങൾ ൩, ൪, ൫ ഈ ശ്ലോകത്തിൽ പറഞ്ഞ ശൈലപുത്രീ ഇത്യാദികളാകുന്നു.

ഗ്രഷ്ഠ—ഭക്തിയോടുകൂടാതെയുള്ള ദേവീസ്മരണത്തിന്റെ ഫല ത്തെ പറഞ്ഞിട്ട് ഭക്തിയോടുകൂടിയുള്ള സ്മരണത്തിന്റെ ഫലത്തെ പറയുന്നു.

§ സിദ്ധി = ജ്ഞാനം

ഭൂഗ്ഗാ—ആരു ഭക്തിയോടുകൂടി സ്മരിക്കുന്നുവോ അവൎക്കു മുൻപ റഞ്ഞ ഫലങ്ങൾ ഉണ്ടാകുന്നു. ഋദ്ധി=ധൎമ്മാൎത്ഥകാമമോക്ഷസമൃദ്ധി.

പ്രേതസംസ്ഥാ തു ചാമുണ്ഡാ വാരാഹീ മഹിഷാസനാ."

൯. ഐന്ദ്രീ ഗജസമാരൂഢാ വൈഷ്ണവീ ഗരുഡാസനാ
മഹേശ്വരീ വൃഷാരൂഢാ കൗമാരീ ശിഖിവാഹനാ.

൧൦ ബ്രാഹ്മീ ഹംസസമാരൂഢാ സൎവ്വാഭരണഭൂഷിതാ
നാനാഭരണശോഭാഢ്യാ നാനാരത്നോപശോഭിതാഃ.

൧൧ ദൃശ്യന്തേ രഥമാരൂഢാ ദേവ്യഃ ക്രോധസമാകുലാഃ

ചാമുണ്ഡാ	= കാളി
പ്രേതസംസ്ഥാ തു	= പ്രേതാസനത്തിൽ സ്ഥിതിചെയ്യുന്നവൾ
വാരാഹീ	= വരാഹശക്തി
മഹിഷാസനാ	= പോത്തു ആസനമായുള്ളവൾ
ഐന്ദ്രീ	= ഇന്ദ്രാണി
ഗജസമാരൂഢാ	= ഗജത്തിൽ കയറിയവൾ
വൈഷ്ണവീ	= വിഷ്ണുശക്തി
ഗരുഡാസനാ	= ഗരുഡൻ ആസനമായുള്ളവൾ
മഹേശ്വരീ	= മഹേശ്വരശക്തി
വൃഷാരൂഢാ	= വൃഷഭത്തിൽ കയറിയവൾ
കൗമാരീ	= സുബ്രഹ്മണ്യശക്തി
ശിഖിവാഹനാ	= മയിൽ വാഹനമായുള്ളവൾ
ബ്രാഹ്മീ	= ബ്രഹ്മശക്തി
ഹംസസമാരൂഢാ	= ഹംസത്തിൽ കയറിയവൾ
സൎവ്വാഭരണഭൂഷിതാ	= സൎവ്വാഭരണങ്ങൾകൊണ്ടു അലങ്കരിക്ക[പ്പെട്ടവൾ
ദേവ്യഃ	= ഈ ദേവിമാർ
നാനാഭരണശോഭാഢ്യാഃ	= പലവിധത്തിലുള്ള ആഭരണങ്ങളുടെ കാന്തി കൊണ്ടു ഉജ്ജ്വലിക്കുന്നവരായും
നാനാരത്നോപശോഭിതാ	= നാനാരത്നങ്ങളെക്കൊണ്ടു ശോഭിക്കുന്നവ[രായും
ക്രോധസമാകുലാഃ	= അതികോപത്തോടുകൂടിയവരായും
രഥമാരൂഢാ ദൃശ്യന്തേ	= രഥങ്ങളിൽ കയറിയവരായുംകാണപ്പെടുന്നു.

§ തേഷാം സിദ്ധിഃ എന്നു പാഠഭേദം.

ചാമുണ്ഡ പ്രേതാസനസ്ഥിതയും വാരാഹി പോത്തു് ആസനമായുള്ളവളും, ഇന്ദ്രാണി ഐരാവതത്തിൽ കയറിയവളും, വൈഷ്ണവി ഗരുഡാസനയും, മാഹേശ്വരി വൃഷഭവാഹനയും, കൗമാരി മയിൽ വാഹനമായുള്ളവളും, ബ്രാഹ്മി ഹംസവാഹനയും സർവ്വാഭരണഭൂഷിതയുമാകുന്നു. ഈ ദേവിമാർ നാനാഭരണശോഭകൊണ്ടു ഉജ്ജ്വലിക്കുന്നവരും, നാനാരത്നങ്ങളെക്കൊണ്ടു ശോഭിക്കുന്നവരും, ശത്രുക്കളായ ദൈത്യന്മാരെക്കുറിച്ചു അതികോപത്തോടുകൂടിയവരും, രഥാരൂഢകളുമായി കാണപ്പെടുന്നു. (ദേവാദികളാൽ എന്നു ചേർത്തുകൊള്ളണം)

ഗൂഢ—ഭക്തന്മാരുടെ അനിഷ്ടങ്ങളെ നശിപ്പിക്കുന്നതിനനുസരിച്ചാകുന്ന സപ്തമാതൃക്കൾക്കു എപ്പോഴുമുള്ള ഉദ്യമമെന്നു പറയുന്നു.

ഋജ്വാ—ഇതു സപ്തമാതൃക്കളുടെ വർണ്ണനയാണു്. ദേവിയുടെ പ്രേതാസനാദ്യാരോഹണങ്ങൾ ഭക്തരക്ഷാർത്ഥമാകകൊണ്ടു ഭക്തന്മാരോടുള്ള അതിവാത്സല്യത്തെ പ്രദർശിപ്പിക്കുന്നു.

ശംഖം, ചക്രം, ഗദാം, ശക്തിം, ഹലഞ്ച മുസലായുധം
൧൨. ഖേടകം, തോമരഞ്ചൈവ പരശും പാശമേവ ച
കുന്തായുധം ത്രിശൂലഞ്ച ശാർങ്ഗമായുധമുത്തമം.
൧൩. ദൈത്യാനാം ദേഹനാശായ ഭക്താനാമഭയായ ച
ധാരയന്ത്യായുധാനീത്ഥം ദേവാനാഞ്ച ഹിതായ വൈ.

ശംഖം ചക്രം	= ശംഖത്തെ ചക്രത്തെ
ഗദാം ശക്തിം	= ഗദയെ, വേലിനെ
ഹലം മുസലായുധം	= കലപ്പയെ ഇരുമ്പുലക്കയെ
ഖേടകം തോമരം	= പരിചയെ തോമരം എന്ന ആയുധത്തെ
പരശും പാശം	= കോടാലിയെ കയറിനെ
കുന്തായുധം ത്രിശൂലം	= കുന്തത്തെ മൂന്നുമുനയുള്ള ശൂലത്തെ
ഉത്തമം ശാർങ്ഗായുധം (ച ഏവ)	= ശ്രേഷ്ഠമായ കൊമ്പുകൊണ്ടുണ്ടാക്കിയ വില്ലിനെ
ഇത്ഥം ആയുധാനി	= ഇപ്രകാരമുള്ള ആയുധങ്ങളെ
ദൈത്യാനാം	= അസുരന്മാരുടെ
ദേഹനാശായ (ച)	= നിഗ്രഹത്തിനായിട്ടും
ഭക്താനാം അഭയായ ച	= ഭക്തന്മാരുടെ അനുഗ്രഹത്തിനായിട്ടും
ദേവാനാഞ്ച	= ദേവന്മാരുടെ
ഹിതായ വൈ	= ഹിതത്തിനായിട്ടും
ധാരയന്തി	= ധരിക്കുന്നു.

സപ്തമാതൃക്കളും, അന്യകളായ ദേവിമാരും, ശംഖം, ചക്രം, ഗദ, വേൽ, കലപ്പ, ഇരുമ്പുലക്ക, പരിച, തോമരം, കോടാലി, കയറു്,

കുന്തം, ത്രിശൂലം, കൊമ്പുകൊണ്ടുണ്ടാക്കിയ വില്ല് എന്നിങ്ങനെയുള്ള ആയുധങ്ങളെ അസുരനിഗ്രഹത്തിനും ഭക്താനുഗ്രഹത്തിനും ദേവഹിതത്തിനും ആയി ധരിക്കുന്നു.

ദുർഗ്ഗാ—സപ്തമാതൃക്കളിൽനിന്ന് അന്യകളായി യാവചില ദേവിമാരുണ്ടോ അവരും രഥാരൂഢകളായി കാണപ്പെടുന്നു. സപ്തമാതൃക്കളും അന്യകളായ ദേവിമാരും ശംഖചക്രാദ്യായുധങ്ങളെ അസുരനാശത്തിനും ഭക്തരക്ഷയ്ക്കും ദേവഹിതത്തിനുമായി ധരിക്കുന്നു ഈ മഹതികളായ ദേവതകൾ പ്രാർത്ഥിക്കാതെയും ജഗദ്രക്ഷണത്തിനു മാതൃവാത്സല്യത്തോടുകൂടി ഉദ്യുക്തകളായിരിക്കുമ്പോൾ മന്ദഭാഗ്യൻ സ്വരക്ഷയ്ക്കായി എന്തുകൊണ്ടു പ്രാർത്ഥിക്കുന്നില്ല?

ഹർ. മഹാബലേ! മഹോത്സാഹേ! മഹാഭയവിനാശിനി!
ത്രാഹി മാം ദേവി ദുഷ്പ്രേക്ഷ്യേ ശത്രൂണാം ഭയവർദ്ധിനി!

മഹാബലേ	= മായാശക്തിരൂപമായ മഹാബലത്തോടുകൂടിയവളേ!
മഹോത്സാഹേ!	= ജഗദ്രക്ഷണോത്സാഹത്തോടുകൂടിയവളേ!
മഹാഭയവിനാശിനി!	= മൃത്യുഭയത്തെ നശിപ്പിക്കുന്നവളേ!
ദുഷ്പ്രേക്ഷ്യേ!	= ദർശിക്കാൻ പാടില്ലാത്തവളേ!
ശത്രൂണാം	= കാമക്രോധാദിശത്രുക്കൾക്ക്
ഭയവർദ്ധിനി!	= ഭയത്തെ വർദ്ധിപ്പിക്കുന്നവളേ!
ദേവി! മാം ത്രാഹി	= മഹാദേവി! എന്നെ രക്ഷിച്ചാലും.

മായാശക്തിയായ മഹാബലത്തോടുകൂടിയവളായും, ജഗൽസംരക്ഷണമാകുന്ന മഹോത്സാഹത്തോടുകൂടിയവളായും, മൃത്യുരൂപമായ മഹാഭയത്തെ നശിപ്പിക്കുന്നവളായും, ദർശിക്കാൻപാടില്ലാത്തവളായും, കാമക്രോധാദിശത്രുക്കൾക്കു ഭയത്തെ വർദ്ധിപ്പിക്കുന്നവളായും ഉള്ള ദേവി! എന്നെ രക്ഷിച്ചാലും.

ഗുപ്ത—ഇതുമുതൽ ഭക്തന്റെ പ്രാർത്ഥനയാകുന്നു. ("മഹാബലേ" ഇത്യാദി)

ദുർഗ്ഗാ—കവചപാഠത്തിന്റെ ആദിയിൽ ഈ പ്രാർത്ഥനയെ ചെയ്തിട്ടു പിന്നീടു കവചം പാഠംചെയ്യണം.

മഹാബലാ	= മായാശക്തിരൂപമായ മഹാബലത്തോടുകൂടിയവൾ
മഹോത്സാഹാ	= ജഗദ്രക്ഷണമാകുന്ന മഹോത്സാഹത്തോടുകൂടിയവൾ

മഹാഭയവിനാശിനി = മൃത്യുരൂപമായ മഹാഭയത്തെ ജ്ഞാനദാനം കൊണ്ടു നശിപ്പിക്കുന്നവൾ
ദുഷ്പ്രേക്ഷ്യാ = ദർശിക്കാൻ പാടില്ലാത്തവൾ.

"ന സംദൃശേ തിഷ്ഠതി രൂപമസ്യ" എന്നു ശ്രുതി.

ശത്രുക്കൾ = കാമക്രോധാദികൾ.

൧൭. പ്രാച്യാം രക്ഷതു മാമൈന്ദ്രീ ആഗ്നേയ്യാമഗ്നിദേവതാ
ദക്ഷിണേ രക്ഷ വാരാഹി നൈരൃത്യാം ഖഡ്ഗധാരിണീ.

മാം ഐന്ദ്രീ	= എന്നെ ഇന്ദ്രാണി
പ്രാച്യാം രക്ഷതു	= കിഴക്കുദിക്കിൽ രക്ഷിക്കട്ടെ;
അഗ്നിദേവതാ	= അഗ്നിശക്തി
ആഗ്നേയ്യാം (രക്ഷതു)	= അഗ്നികോണിൽ (രക്ഷിക്കട്ടെ)
വാരാഹി!	= അല്ലയോ വരാഹശക്തി! (നിന്തിരുവടി)
ദക്ഷിണേ രക്ഷ	= തെക്കുദിക്കിൽ രക്ഷിച്ചാലും
ഖഡ്ഗധാരിണീ	= നിരൃതിശക്തി
നൈരൃത്യാം (രക്ഷേൽ)	= നിരൃതികോണിൽ (രക്ഷിക്കട്ടെ)

ഇന്ദ്രാണി എന്നെ കിഴക്കേ ദിക്കിൽ രക്ഷിക്കട്ടെ. അഗ്നികോണിൽ അഗ്നിശക്തി രക്ഷിക്കട്ടെ. അല്ലയോ വാരാഹി! നിന്തിരുവടി എന്നെ തെക്കേദിക്കിൽ രക്ഷിച്ചാലും. നിരൃതികോണിൽ ഖഡ്ഗധാരിണി രക്ഷിക്കട്ടെ.

ഗുപ്ത—'പ്രാച്യാം' ഇത്യാദിയിൽ ദേവീനാമം പ്രഥമാന്തമാകയാൽ ക്രിയ പ്രഥമപുരുഷനും "ദക്ഷിണേ രക്ഷ വാരാഹി!" ഇത്യാദിയിൽ ദേവീനാമം സംബുദ്ധ്യന്തമാകയാൽ ക്രിയ മദ്ധ്യമപുരുഷനുമാണു്. അതാതിന്റെ ഉത്തരചരണങ്ങളിൽ യഥായോഗ്യം അതാതു ക്രിയാപദങ്ങളെ ചേർത്തുകൊള്ളണം. "ഊർദ്ധ്വം ബ്രഹ്മാണി! മേ രക്ഷേൽ" എന്ന ദിക്കിൽ "ബ്രഹ്മാണി" എന്നു സംബുദ്ധിയും ക്രിയ പ്രഥമപുരുഷനുമാണു്. അവിടെ 'ഭവതി' എന്നു ചേർത്തുകൊള്ളേണ്ടതാണു്.

ദുർഗ്ഗാ—കിഴക്കേദിക്കിൽ ഇരിക്കുന്ന ഇന്ദ്രശക്തി എന്നെ രക്ഷിക്കട്ടെ. അല്ലെങ്കിൽ കിഴക്കേദിക്കിലിരിക്കുന്ന എന്നെ രക്ഷിക്കട്ടെ. എല്ലായിടത്തും ഇതുപോലെതന്നെ. ശക്തിശക്തിമാന്മാൎക്കു് അഭേദമാകകൊണ്ടു് അഗ്നിരൂപയായ ദേവത അഗ്നിശക്തിയാകുന്നു. ഇവിടെ രക്ഷിക്കട്ടെ എന്നു ചേൎക്കണം. വാരാഹി = യമശക്തി. ഹേ വാരാഹി! തെക്കേദിക്കിലിരിക്കുന്ന ഭവതി എന്നെ രക്ഷിച്ചാലും എന്നു് അൎത്ഥം. ഖഡ്ഗധാരിണി = നിരൃതിശക്തി. ഇവിടേയും രക്ഷിക്കട്ടെ എന്നു ചേൎക്കണം.

൧൩. പ്രതീച്യാം വാരുണീ രക്ഷേദ്വായവ്യാം മൃഗവാഹിനീ
രക്ഷേദുദീച്യാം കൗമാരീ ഐശാന്യാം ശൂലധാരിണീ.

വാരുണീ പ്രതീച്യാം	= വരുണശക്തി പടിഞ്ഞാറുദിക്കിൽ
മൃഗവാഹിനീ വായവ്യാം	= വായുശക്തി വായുകോണിൽ
രക്ഷേൽ	= രക്ഷിക്കട്ടെ.
കൗമാരി ഉദീച്യാം	= കുബേരശക്തി വടക്കുദിക്കിൽ
ശൂലധാരിണീ ഐശാന്യാം	= മഹേശ്വരശക്തി ഈശാനകോണിൽ
രക്ഷേൽ	= രക്ഷിക്കട്ടെ.

പടിഞ്ഞാറേദിക്കിൽ വാരുണിയും, വായുകോണിൽ മൃഗവാഹിനിയും, വടക്കേദിക്കിൽ കൗമാരിയും, ഈശാനകോണിൽ ശൂലധാരിണിയും എന്നെ രക്ഷിക്കട്ടെ.

ദ്രഷ്ടാ—മൃഗവാഹിനി=വായുദേവതയ്ക്കു് മൃഗവാഹനമാകയാൽ വായുശക്തി എന്നർത്ഥം.

ഇവിടെ ദിക്പാലന്മാരെ പറയുന്ന പ്രകൃതമാകകൊണ്ടു് കൗമാരിക്കു് കുബേരശക്തി എന്നർത്ഥം. കുത്സിതമായിരിക്കുന്ന മാരത്തോടു്= മദത്തോടുകൂടിയവൻ, കുമാരൻ=കുബേരൻ 'എന്നു് വ്യുൽപത്തി' കൗബേരിയുടെ രക്ഷണസ്ഥാനം മേൽ പറയുന്നുണ്ടു്. ഒരു ദേവത തന്നെ രണ്ടുസ്ഥാനത്തെ രക്ഷിക്കണമെന്നു് പറയുന്നതുകൊണ്ടു് ബാധകമില്ല. എന്തുകൊണ്ടെന്നാൽ മുൻശ്ലോകത്തിലെ വാരാഹിയും ഈ കൗമാരിയും സപ്തമാതൃക്കളിൽ അന്തർഭവിച്ചിട്ടുള്ളവരാകുന്നു.

ശൂലധാരിണി	= ഈശാനശക്തി.

൧൪. ഊർദ്ധ്വം ബ്രഹ്മാണി മേ രക്ഷേദധസ്താദ്വൈഷ്ണവീ തഥാ
ഏവം ദശദിശോ രക്ഷേച്ചാമുണ്ഡാ ശവവാഹനാ.

ബ്രഹ്മാണി!	= ഹേ ബ്രഹ്മാണി!
ഊർദ്ധ്വം മേ രക്ഷേൽ	= മുകളിൽ എന്നെ രക്ഷിച്ചാലും.
തഥാ വൈഷ്ണവീ	= അതുപോലെ വിഷ്ണുശക്തി
അധസ്താൽ (രക്ഷേൽ)	= അധോഭാഗത്തിൽ (രക്ഷിക്കട്ടെ)
ഏവം ദശദിശോ	= ഇപ്രകാരം പത്തുദിക്കുകളിലും
ശവവാഹനാ	= പ്രേതാസനത്തിൽവസിക്കുന്ന
ചാമുണ്ഡാ രക്ഷേൽ	= ചാമുണ്ഡാ രക്ഷിക്കട്ടെ.

ഹേ ബ്രഹ്മാണി എന്റെ ഊർദ്ധ്വഭാഗത്തെ രക്ഷിച്ചാലും; അതുപോലെ വൈഷ്ണവി അധോഭാഗത്തെ രക്ഷിക്കട്ടെ. ഇങ്ങനെ എന്റെ പത്തുദിക്കുകളിലും ശവവാഹനയായ ചാമുണ്ഡാ രക്ഷിക്കട്ടെ.

ദ്രഷ്ടാ—ബ്രഹ്മാണി = ബ്രഹ്മാവിന്റെശക്തി.

അല്ലയോ ബ്രഹ്മാണി! ഊർദ്ധ്വഭാഗസ്ഥിതയായ ഭഗവതി എന്നെ രക്ഷിച്ചാലും; അല്ലെങ്കിൽ എൻെറ ഊർദ്ധ്വഭാഗത്തെ രക്ഷിച്ചാലും.

ഇങ്ങനെ ദശദിക്പാലദേവതകളെപ്പോലെ പത്തുദിക്കുകളിലുമിരിക്കുന്ന ചാമുണ്ഡാ എന്നെ രക്ഷിക്കട്ടെ. അല്ലെങ്കിൽ എന്നെസ്സംബന്ധിച്ച പത്തുദിക്കുകളെയും രക്ഷിക്കട്ടെ. അല്ലാതെ ഏതാനംദിക്കിൻെറരക്ഷണത്തിൽമാത്രം പ്രയോജനമില്ലാ.

൧൮. ജയാ മേ ചാഗ്രതഃ സ്ഥാതു വിജയാ സ്ഥാതു പൃഷ്ഠതഃ
അജിതാ വാമപാർശ്വേ തു ദക്ഷിണേ ചാപരാജിതാ.

ജയാ = ജയാശക്തി
മേ അഗ്രതഃ സ്ഥാതു = എൻെറ മുൻപിൽ സ്ഥിതിചെയ്യട്ടെ.
വിജയാ = വിജയാദേവി
പൃഷ്ഠതഃ സ്ഥാതു = പിൻഭാഗത്തു് സ്ഥിതിചെയ്യട്ടെ.
അജിതാ = അജിതാദേവി
വാമപാർശ്വേ തു = ഇടത്തുഭാഗത്തും
അപരാജിതാ = അപരാജിതാ
ദക്ഷിണേ ച = വലത്തുഭാഗത്തും
(സ്ഥാതു) = (സ്ഥിതിചെയ്യട്ടെ)

എൻെറ മുൻഭാഗത്തു ജയാദേവിയും, പിൻഭാഗത്തു് വിജയാദേവിയും, ഇടത്തുഭാഗത്തു് അജിതാദേവിയും, വലത്തുഭാഗത്തു് അപരാജിതയും സ്ഥിതിചെയ്യട്ടെ.

ദൃഗ്ഗ്ാ—എന്നെ രക്ഷിക്കുന്നതിനായി സ്ഥിതിചെയ്യട്ടെ എന്നു് ആർഷപ്രയോഗമാകുന്നു.

൧൯. ശിഖാമുദ്യോതിനീ രക്ഷേദുമാ മൂർദ്ധ്നി വ്യവസ്ഥിതാ
മാലാധരീ ലലാടേ ച ഭ്രുവൗ രക്ഷേദ്യശസ്വിനീ.

ഉദ്യോതിനീ = ഉദ്യോതിനീ (എന്നുപേരായ ദേവി)
ശിഖാം രക്ഷേൽ = ശിഖയെ രക്ഷിക്കട്ടെ.
ഉമാ = ഉമാ
മൂർദ്ധ്നി വ്യവസ്ഥിതാ = ശിരസ്സിൽ സ്ഥിതിചെയ്യുന്നവളായിട്ടു്
(മൂർദ്ധാനം രക്ഷേൽ) = (ശിരസ്സിനെ രക്ഷിക്കട്ടെ.)
മാലാധരീ ലലാടേ(ച)= മാലാധരി ലലാടത്തിങ്കലും
യശസ്വിനി = യശസ്വിനി
ഭ്രുവൗ ച രക്ഷേൽ = പുരികങ്ങളേയും രക്ഷിക്കട്ടെ.

ഉദ്യോതിനി ശിഖയെ രക്ഷിക്കട്ടെ. ഉമാ മൂർദ്ധാവിൽ സ്ഥിതിചെയ്യുന്നവളായിട്ടു് മൂർദ്ധാവിനെ രക്ഷിക്കട്ടെ. നെററിയിൽ മാലാധരിയും യശസ്വിനി പുരികങ്ങളേയും രക്ഷിക്കട്ടെ.

ടിപ്പ്—ഉമാ മൂർദ്ധാവിൽ സ്ഥിതിചെയ്യുന്നവളായിട്ട് മൂർദ്ധാവിനെ രക്ഷിക്കട്ടെ; ഉദ്യോതിനി ശിഖയിൽ സ്ഥിതിചെയ്യുന്നവളായിട്ട് ശിഖയെ രക്ഷിക്കട്ടെ. ഇങ്ങനെ അവയവംപ്രതി യഥായോഗ്യം ചേർത്തുകൊള്ളണം.

൨൦. ത്രിനേത്രാ ച ഭ്രുവോർമദ്ധ്യേ യമഘണ്ടാ ച നാസികേ
ശംഖിനി ചക്ഷുഷോർമ്മദ്ധ്യേ ശ്രോത്രയോർദ്വാരവാസിനി.

൨൧. കപോലൗ കാളികാ രക്ഷേൽ കർണ്ണമൂലേ തു ശംകരീ
നാസികായാം സുഗന്ധാ ച ഉത്തരോഷ്ഠേ ച ചർച്ചികാ.

ഭ്രുവോർമ്മദ്ധ്യേ ത്രിനേത്രാ ച	= പുരികങ്ങളുടെ നടുവിൽ ത്രിനേത്രയും
നാസികേ യമഘണ്ടാ ച	= നാസികാപുടത്തിങ്കൽ യമഘണ്ടയും
ചക്ഷുഷോർമ്മദ്ധ്യേ ശംഖിനി	= നേത്രങ്ങളുടെ മദ്ധ്യത്തിൽ ശംഖിനിയും
ശ്രോത്രയോഃ ദ്വാരവാസിനി	= ചെവികളിൽ ദ്വാരവാസിനിയും
കപോലൗ കാളികാ	= കവിൾത്തടങ്ങളിൽ കാളികയും
കർണ്ണമൂലേ തു ശങ്കരീ	= കർണ്ണമൂലത്തിങ്കൽ ശങ്കരിയും
നാസികായാം സുഗന്ധാ ച	= നാസികാദണ്ഡത്തിൽ സുഗന്ധയും
ഉത്തരോഷ്ഠേ ചർച്ചികാ ച	= ഉത്തരോഷ്ഠത്തിൽ ചർച്ചികയും
രക്ഷേൽ	= രക്ഷിക്കട്ടെ.

പുരികങ്ങളുടെ മദ്ധ്യത്തിൽ ത്രിനേത്രയും, നാസികാപുടത്തിങ്കൽ യമഘണ്ടയും, നേത്രങ്ങളുടെ മദ്ധ്യത്തിൽ ശംഖിനിയും, ചെവികളിൽ ദ്വാരവാസിനിയും, കപോലങ്ങളിൽ കാളികയും, കർണ്ണമൂലത്തിങ്കൽ ശങ്കരിയും, നാസികാദണ്ഡത്തിൽ സുഗന്ധയും, ഉത്തരോഷ്ഠത്തിൽ ചർച്ചികയും രക്ഷിക്കട്ടെ.

ടിപ്പ്—നാസികേ=നാസാപുടങ്ങളെ. രണ്ടാമത്തെ നാസികാ ശബ്ദത്തിന് നാസികാദണ്ഡം എന്നർത്ഥം.

൨൨. അധരേ ചാമൃതകലാ ജിഹ്വായാം തു സരസ്വതീ
ദന്താൻ രക്ഷതു കൗമാരീ കണ്ഠമദ്ധ്യേ തു ചണ്ഡികാ.

അധരേ അമൃതകലാ ച	= അധരോഷ്ഠത്തിൽ അമൃതകലയും
ജിഹ്വായാം തു സരസ്വതീ	= നാക്കിൽ സരസ്വതിയും
ദന്താൻ കൗമാരീ	= ദന്തങ്ങളെ കൗമാരിയും
കണ്ഠമദ്ധ്യേ തു ചണ്ഡികാ	= കഴുത്തിന്റെ മദ്ധ്യത്തിൽ ചണ്ഡികയും
രക്ഷതു	= രക്ഷിക്കട്ടെ.

അധരോഷ്ഠത്തിൽ അമൃതകലയും, നാക്കിൽ സരസ്വതിയും, ദന്തങ്ങളെ കൗമാരിയും, കഴുത്തിന്റെ നടുവിൽ ചണ്ഡികയും രക്ഷിക്കട്ടെ.

ദൃഷ്ടാ—അധരം=അധരോഷ്ഠം.

൨൩. ഘണ്ടികാം ചിത്രഘണ്ടാ ച മാഹാമായാ ച താലുകേ
കാമാക്ഷീ ചിബുകം രക്ഷേൽ വാചം മേ സർവ്വമംഗലാ.

മേ ഘണ്ടികാം	= എന്റെ കണ്ഠമണിയെ
ചിത്രഘണ്ടാ ച	= ചിത്രഘണ്ടയും
താലുകേ മഹാമായാ ച	= ഉൾനാക്കിൽ മഹാമായയും
ചിബുകാ കാമാക്ഷീ	= താടിയെ കാമാക്ഷിയും
വാചംസർവ്വമംഗലാരക്ഷേൽ	= വാക്കിനെ സർവ്വമംഗളയും രക്ഷിക്കട്ടെ.

എന്റെ കണ്ഠമണിയെ ചിത്രഘണ്ടയും, ഉൾനാക്കിനെ മഹാമായയും, താടിയെ കാമാക്ഷിയും വാക്കിനെ സർവ്വമംഗളയും രക്ഷിക്കട്ടെ.

൨൪. ഗ്രീവായാം ഭദ്രകാളീ ച പൃഷ്ഠവംശേ ധനുർദ്ധരീ
നീലഗ്രീവാ ബഹിഃകണ്ഠേ നളികാം നളകൂബരീ.

൨൫. ഖഡ്ഗധാരിണ്യുഭൗ സ്കന്ധൗ ബാഹൂ മേ വജ്രധാരിണീ
ഹസ്തയോർദണ്ഡിനീ രക്ഷേദംബികാ ചാംഗുലീഷു ച.

മേ ഗ്രീവായാം ഭദ്രകാളീ ച	= എന്റെ കഴുത്തിൽ ഭദ്രകാളിയും
പൃഷ്ഠവംശേ ധനുർദ്ധരീ	= കഴുത്തിന്റെ പിൻഭാഗത്തു് ധനുർദ്ധരിയും
ബഹിഃകണ്ഠേ നീലഗ്രീവാ	= കണ്ഠബഹിർഭാഗത്തു് നീലഗ്രീവയും
നളികാം നളകൂബരീ	= കണ്ഠനാളത്തെ നളകൂബരിയും
ഉഭൗ സ്കന്ധൗ	= രണ്ടുതോളുകളെ
ഖഡ്ഗധാരിണീ	= ഖഡ്ഗധാരിണിയും
ബാഹൂ വജ്രധാരിണീ	= ബാഹുക്കളെ വജ്രധാരിണിയും
ഹസ്തയോഃ ദണ്ഡിനീ	= ഹസ്തങ്ങളിൽ ദണ്ഡിനിയും
അംഗുലീഷു അംബികാ ച	= വിരലുകളിൽ അംബികയും
രക്ഷേൽ	= രക്ഷിക്കട്ടെ.

എന്റെ കഴുത്തിൽ ഭദ്രകാളിയും, കഴുത്തിന്റെ പിൻഭാഗത്തു് ധനുർദ്ധരിയും, കണ്ഠബഹിർഭാഗത്തു് നീലഗ്രീവയും, കണ്ഠനാളത്തെ നളകൂബരിയും, രണ്ടുതോളുകളെയും ഖഡ്ഗധാരിണിയും, ബാഹുക്കളെ വജ്രധാരിണിയും, ഹസ്തങ്ങളെ ദണ്ഡിനിയും, വിരലുകളെ അംബികയും രക്ഷിക്കട്ടെ.

ഇഷ്ട—നളികാ = കണ്ഠനാളം.

ദൃഷ്ടാ—ബഹിഃകണ്ഠം = കണ്ഠത്തിന്റെ ബഹിർഭാഗം.
തോൾമുതൽ മുട്ടുവരെയുള്ളഭാഗം ബാഹുവും മുട്ടുമുതൽ വിരൽവരെ ഹസ്തവുമാകുന്നു.

൨൩. നഖാംശ്ശൂലേശ്വരീ രക്ഷേൽ കുക്ഷൗ രക്ഷേന്നളേശ്വരി
സ്തനൗ രക്ഷേന്മഹാദേവീ മനഃ ശോകവിനാശിനീ.

നഖാൻ ശൂലേശ്വരീ രക്ഷേൽ	= നഖങ്ങളെ ശൂലേശ്വരി രക്ഷിക്കട്ടെ.
കുക്ഷൗ നളേശ്വരീ രക്ഷേൽ	= ഉദരത്തിൽ നളേശ്വരി രക്ഷിക്കട്ടെ.
സ്തനൗ മഹാദേവി	= സ്തനങ്ങളെ മഹാദേവിയും
മനഃ ശോകവിനാശിനീ	= മനസ്സിനെ ശോകവിനാശിനിയും
രക്ഷേൽ	= രക്ഷിക്കട്ടെ.

നഖങ്ങളെ ശൂലേശ്വരിയും, ഉദരത്തിൽ നളേശ്വരിയും, സ്തനങ്ങളെ മഹാദേവിയും, മനസ്സിനെ ശോകവിനാശിനിയും രക്ഷിക്കട്ടെ.

ക്കുറിപ്പ്—"കുക്ഷൗ" എന്നു സപ്തമ്യന്തമായപാഠം പ്രാചീനന്മാൎക്കു സമ്മതമാകുന്നു.

൨൪. ഹൃദയം ലളിതാദേവീഹ്യുദരേ ശൂലധാരിണീ
നാഭിം ച കാമിനീ രക്ഷേൽ ഗുഹ്യം ഗുഹ്യേശ്വരീ തഥാ.

ഹൃദയം ലളിതാദേവീ ഹി	= ഹൃദയത്തെ ലളിതാദേവിയും
ഉദരേ ശൂലധാരിണീ	= ഉദരത്തിൽ ശൂലധാരിണിയും
നാഭിം കാമിനീ ച	= നാഭിയെ കാമിനിയും
തഥാ	= അതുപോലെ
ഗുഹ്യം ഗുഹ്യേശ്വരീ	= ഗുഹ്യപ്രദേശത്തെ ഗുഹ്യേശ്വരിയും
രക്ഷേൽ	= രക്ഷിക്കട്ടെ.

ഹൃദയത്തെ ലളിതാദേവിയും, ഉദരത്തിൽ ശൂലധാരിണിയും, നാഭിയെ കാമിനിയും, ഗുഹ്യസ്ഥലത്തെ ഗുഹ്യേശ്വരിയും രക്ഷിക്കട്ടെ.

൨൫. ഭൂതനാഥാ ച മേഢ്രഞ്ച ഗുദം മഹിഷവാഹിനീ
കട്യാം ഭഗവതീ രക്ഷേൽ ജാനുനീ വിന്ധ്യവാസിനീ.

മേഢ്രം	= ലിംഗത്തെ
ഭൂതനാഥാ ച	= ഭൂതനാഥയും
ഗുദം മഹിഷവാഹിനീ ച	= ഗുദത്തെ മഹിഷവാഹിനിയും
കട്യാം ഭഗവതീ	= കടിപ്രദേശത്തിൽ ഭഗവതിയും
ജാനുനീ വിന്ധ്യവാസിനീ	= മുട്ടുകളെ വിന്ധ്യവാസിനിയും
രക്ഷേൽ	= രക്ഷിക്കട്ടെ.

ലിംഗത്തെ ഭൂതനാഥയും, ഗുദത്തെ മഹിഷവാഹിനിയും, കടിപ്രദേശത്തിൽ ഭഗവതിയും, മുട്ടുകളെ വിന്ധ്യവാസിനിയും രക്ഷിക്കട്ടെ.

൨൬. ജംഘേ മഹാബലാ പ്രോക്താ ജാനുമദ്ധ്യേ വിനായകീ
ഗുൽഫയോൎന്നാരസിംഹീ ച പാദപൃഷ്ഠേ ƒമിതൗജസീ.

൨൦. പാദാംഗുലീഃ ശ്രീധരീ ച പാദാധസ്തലവാസിനീ
നഖാൻ ദംഷ്ട്രാഃ കരാളീ ച കേശാംശ്ചൈവോർദ്ധ്വകേശിനി.

ജംഘേ	= കണങ്കാലുകളെ
പ്രോക്താ	= ആഗമാദികളിൽ പറയപ്പെട്ടുന്ന
മഹാബലാ	= മഹാബലയും
ജാനുമദ്ധ്യേ വിനായകി	= മുട്ടുകളുടെ മദ്ധ്യത്തിൽ വിനായകിയും
ഗുൽഫയോഃ നാരസിംഹീ ച	= നരിയാണികളിൽ നാരസിംഹിയും
പാദപൃഷ്ഠേ അമിതൗജസീ	= പാദപൃഷ്ഠത്തിൽ അമിതൗജസിയും
പാദാംഗുലീഃ ശ്രീധരീ ച	= കാൽവിരലുകളെ ശ്രീധരിയും
പാദാധഃ തലവാസിനി	= പാദാധോഭാഗത്തിൽ തലവാസിനിയും
നഖാൻ ദംഷ്ട്രാ ച കരാളീ	= നഖങ്ങളേയും ദംഷ്ട്രങ്ങളേയും കരാളിയും
കേശാൻ	= കേശങ്ങളെ
ഊർദ്ധ്വകേശിനി ച ഏവ	= ഊർദ്ധ്വകേശിനിയും
(രക്ഷേൽ)	= (രക്ഷിക്കട്ടെ)

കണങ്കാലുകളെ ആഗമാദികളിൽ പറയപ്പെട്ടുന്ന മഹാബലയും, മുട്ടുകളുടെ മദ്ധ്യത്തിൽ വിനായകിയും, നരിയാണികളിൽ നാരസിംഹിയും, പുറങ്കാലിൽ അമിതൗജസിയും, കാൽവിരലുകളെ ശ്രീധരിയും, പാദാധോഭാഗത്തിൽ തലവാസിനിയും, നഖങ്ങളെയും ദംഷ്ട്രങ്ങളെയും കരാളിയും, കേശങ്ങളെ ഊർദ്ധ്വകേശിനിയും രക്ഷിക്കട്ടെ.

ദുർഗ്ഗാ—പ്രോക്താ = ആഗമാദിശാസ്ത്രങ്ങളിൽ മഹാബലാ എന്നു പറയപ്പെട്ടുന്നവൾ.

പാദാധസ്തലവാസിനീ എന്ന സ്ഥലത്തു് പാദാധഃ എന്നു പദച്ഛേദംചെയ്യണം.

തലവാസിനി = പാതാളതലവാസിനി.

നഖാംശ്ചോലേശ്വരി; നഖാൻ ദംഷ്ട്രാഃ കരാളീ ഇങ്ങനെ നഖരക്ഷണത്തിനു രണ്ടുദേവതകളെ പറയുന്നു. ഒരു ദേവതയ്ക്കു് രണ്ടു സ്ഥാനങ്ങളുടെ രക്ഷണം എങ്ങനെ വിരോധമില്ലയോ അതുപോലെ രണ്ടു ദേവതകൾക്കു് ഒരു സ്ഥാനത്തിന്റെ രക്ഷണവും വിരോധമില്ലാത്തതാകുന്നു. ഇതുപോലെ വേറെയുമുണ്ടു്.

൨൧. രോമകൂപാണി കൗബേരീ ത്വചം വാഗീശ്വരീ തഥാ
രക്തമജ്ജാവസാമാംസാന്യസ്ഥിമേദാംസി പാർവ്വതീ.

രോമകൂപാണി കൗബേരീ	= രോമകൂപങ്ങളെ കൗബേരിയും
തഥാ	= അതുപോലെ
ത്വചം വാഗീശ്വരീ	= ത്വക്കിനെ വാഗീശ്വരിയും

രക്തമജ്ജാവസാമാംസാനി = രക്തമജ്ജാവസാമാംസങ്ങളേയും
അസ്ഥിമേദാംസി = അസ്ഥിയേയും മേദസ്സിനേയും
പാർവ്വതീ (രക്ഷേൽ) = പാർവ്വതിയും (രക്ഷിക്കട്ടെ)

രോമകൂപങ്ങളെ കൗബേരിയും ത്വക്കിനെ വാഗീശ്വരിയും രക്തം, മജ്ജ, വസ, മാംസം, അസ്ഥി, മേദസ്സ് ഇവയെ പാർവ്വതിയും രക്ഷിക്കട്ടെ.

൩൧. ആന്ത്രാണി കാളരാത്രിശ്ച പിത്തഞ്ച മുകുടേശ്വരീ
പത്മാവതീ പത്മകോശേ കഫേ ചൂഡാമണിസ്തഥാ.

ആന്ത്രാണി കാളരാത്രിഃ ച = കുടലുകളെ കാളരാത്രിയും
പിത്തം മുകുടേശ്വരീ ച = പിത്തത്തെ മുകുടേശ്വരിയും
പത്മകോശേ പത്മാവതീ = പത്മകോശത്തിൽ പത്മാവതിയും
തഥാ = അതുപോലെ
കഫേ ചൂഡാമണിഃ = കഫത്തിൽ ചൂഡാമണിയും
(രക്ഷതു) = (രക്ഷിക്കട്ടെ)

കുടലുകളെ കാളരാത്രിയും, പിത്തത്തെ മുകുടേശ്വരിയും, വാതത്തിൽ പത്മാവതിയും, കഫത്തിൽ ചൂഡാമണിയും രക്ഷിക്കട്ടെ.

ഗുപ്ത—പത്മകോശം = പത്മം = ഹൃദയാദിരൂപം. കോശം=വാസസ്ഥാനം. ഹൃദയമാകുന്ന വാസസ്ഥാനം ഏതുവാതത്തിനോ ആ വാതത്തിൽ ഇരുന്നുംകൊണ്ട് എന്റെ വാതത്തെ രക്ഷിക്കട്ടെ.

ദുർഗ്ഗാ—പത്മകോശേ = ഹൃദയാദിരൂപമായ വാസസ്ഥാനം യാതൊരു ശ്വാസത്തിനോ ആ ശ്വാസത്തിൽ ഇരുന്ന് അതിനെ രക്ഷിക്കട്ടെ എന്നു ചിലരുടെ പക്ഷം.

പ്രാണരക്ഷണം മേൽ പറയുന്നുണ്ട്. അതുകൊണ്ട് ഇവിടെ "പത്മകോശപ്രതീകാശം ഹൃദയഞ്ചാപ്യധോമുഖം" എന്ന ശ്രുതിയിൽ പറയുന്ന ഹൃദയംതന്നെ പത്മകോശശബ്ദംകൊണ്ട് ഗ്രാഹ്യം എന്നു മററു ചിലരുടെ പക്ഷം.

'ചൂഡാമണി' എന്ന പേരോടുകൂടിയ ദേവി രക്താസുരവധത്തിൽ പ്രസിദ്ധയാകുന്നു.

൩൨. ജ്വാലാമുഖീ നഖജ്വാലാമഭേദ്യാ സർവ്വസന്ധിഷു
ശുക്രം ബ്രഹ്മാണി മേ രക്ഷേൽ ഛായാം ഛത്രേശ്വരീ തഥാ.

നഖജ്വാലാം ജ്വാലാമുഖീ = നഖകാന്തിയെ ജ്വാലാമുഖിയും
സർവ്വസന്ധിഷു അഭേദ്യാ = എല്ലാ സന്ധികളിലും അഭേദ്യയും
തഥാ = അതുപോലെ
ഛായാം ഛത്രേശ്വരീ = ഛായയെ ഛത്രേശ്വരിയും

രക്ഷേൽ	= രക്ഷിക്കട്ടെ.
ബ്രഹ്മാണി!	= അല്ലയോ ബ്രഹ്മാണി! (ഭവതി)
മേ ശുക്രം	= എന്റെ ശുക്ലത്തെ (രക്ഷിച്ചാലും)

നഖതേജസ്സിനെ ജ്വാലാമുഖിയും, എല്ലാ സന്ധികളിലും അഭേദ്യയും, നിഴലിനെ ഛത്രേശ്വരിയും രക്ഷിക്കട്ടെ. അല്ലയോ ബ്രഹ്മാണി! ഭവതി എന്റെ ശുക്ലത്തെ രക്ഷിച്ചാലും.

ഭൂഗ്ഗാ—നഖജ്വാലാ = നഖത്തിലുള്ള തേജസ്സ്.

അഭേദ്യാ എന്ന ദേവത സർവ്വസന്ധികളിലുമിരുന്നു സർവ്വസന്ധികളേയും രക്ഷിക്കട്ടെ.

ഹേ ബ്രഹ്മാണി! ഭവതി എന്റെ ശുക്ലത്തെ രക്ഷിച്ചാലും എന്നർത്ഥം.

൩൮. അഹങ്കാരം മനോ ബുദ്ധിം രക്ഷ മേ ധർമ്മചാരിണി!

മേ അഹങ്കാരം	= എന്റെ അഹങ്കാരത്തെയും
മനഃ ബുദ്ധിം	= മനസ്സിനേയും ബുദ്ധിയേയും
ധർമ്മചാരിണി!	= അല്ലയോ ധർമ്മചാരിണി! നിന്തിരുവടി
രക്ഷ	= രക്ഷിച്ചാലും.

അല്ലയോ ധർമ്മചാരിണി! നിന്തിരുവടി എന്റെ അഹങ്കാരത്തേയും മനസ്സിനേയും ബുദ്ധിയേയും രക്ഷിച്ചാലും.

ശുഷ്ക—അന്തഃകരണം മനസ്സോടുചേർന്നു നാലുവിധമാകകൊണ്ടു് ഇവിടെ മനസ്സുബുദ്ധ്യം ചിത്തത്തെ പറയുന്നതാകുന്നു. "മനശ്ശോകവിനാശിനീ" എന്ന ദിക്കിലെ മനസ്സിനുള്ള അർത്ഥമല്ലാ, അവിടെ മനസ്സിന്റെ ശോകത്തെ വിശേഷേണ നശിപ്പിക്കുന്നവൾ എന്നു മഹാദേവിയുടെ വിശേഷണമായിട്ടും (സമസ്തപദമായി) എടുക്കാം.

പ്രാണാപാനൗ തഥാ വ്യാനസമാനോദാനമേവ ച.

൩൯. യശഃകീർത്തിം ച ലക്ഷ്മീം ച സദാ രക്ഷതു ചക്രിണീ.

പ്രാണാപാനൗ	= പ്രാണനേയും അപാനനേയും
തഥാ	= അതുപോലെ
വ്യാനസമാനോദാനം ഏവ ച	= വ്യാനനേയും സമാനനേയും ഉദാനനേയും
യശഃ കീർത്തിം ച	= യശസ്സിനേയും കീർത്തിയേയും
ലക്ഷ്മീം ച	= ലക്ഷ്മിയേയും
സദാ	= എല്ലായ്പോഴും
ചക്രിണീ രക്ഷതു	= ചക്രേശ്വരി രക്ഷിക്കട്ടെ.

പ്രാണാപാനന്മാരേയും, വ്യാനസമാനോദാനന്മാരേയും, യശസ്സിനേയും, കീൎത്തിയേയും, ലക്ഷ്മിയേയും, (ഐശ്വൎയ്യത്തേയും) എല്ലായ്പ്പോഴും ചക്രേശ്വരി രക്ഷിക്കട്ടെ.

ഗോത്രമിന്ദ്രാണി മേ രക്ഷേൽ പശൂന്മേ രക്ഷ ചണ്ഡികേ.

മേ ഗോത്രം	= എന്റെ വംശത്തെ
ഇന്ദ്രാണി! രക്ഷേൽ	= അല്ലയോഇന്ദ്രാണി! ഭവതി രക്ഷിച്ചാലും
മേ പശൂൻ	= എന്റെ പശുക്കളെ
ചണ്ഡികേ!	= ഹേ ചണ്ഡികേ! നിന്തിരുവടി
രക്ഷ	= രക്ഷിച്ചാലും.

അല്ലയോ ഇന്ദ്രാണി! ഭവതി എന്റെ വംശത്തെ രക്ഷിച്ചാലും. അല്ലയോ ചണ്ഡികേ! നിന്തിരുവടി എന്റെ പശുക്കളെ രക്ഷിച്ചാലും.

൩൬. പുത്രാൻ രക്ഷേന്മഹാലക്ഷ്മീ ഭാൎയ്യാം രക്ഷതു ഭൈരവീ
മാൎഗ്ഗം ക്ഷേമകരീ രക്ഷേദ്വിജയാ സൎവ്വതഃ സ്ഥിതാ.

പുത്രാൻ മഹാലക്ഷ്മീ രക്ഷേൽ	= പുത്രന്മാരെ മഹാലക്ഷ്മി രക്ഷിക്കട്ടെ
ഭാൎയ്യാം ഭൈരവീ രക്ഷതു	= ഭാൎയ്യയെ ഭൈരവി രക്ഷിക്കട്ടെ
മാൎഗ്ഗം	= മാൎഗ്ഗത്തെ
സൎവ്വതഃ സ്ഥിതാ	= എല്ലാടിക്കിലും വസിക്കുന്ന
വിജയാ ക്ഷേമകരീ	= വിജയയായിരിക്കുന്ന ക്ഷേമംകരീദേവി
രക്ഷേൽ	= രക്ഷിക്കട്ടെ.

പുത്രന്മാരെ മഹാലക്ഷ്മിയും, ഭാൎയ്യയെ ഭൈരവിയും, മാൎഗ്ഗത്തെ എല്ലാടിക്കിലും വസിക്കുന്ന വിജയയായ ക്ഷേമംകരിയും രക്ഷിക്കട്ടെ.

൩൭. രക്ഷാഹീനന്തു യൽ സ്ഥാനം വൎജ്ജിതം കവചേന തു
തൽ സൎവ്വം രക്ഷ മേ ദേവീ ജയന്തീ പാപനാശിനീ

യൽ സ്ഥാനം തു	= യാതൊരുസ്ഥാനമാകട്ടെ
കവചേന വൎജ്ജിതം തു	= കവചത്തോടുകൂടാത്തതായിട്ട്
രക്ഷാഹീനം (ഭവതി)	= രക്ഷയില്ലാത്തതായ് (ഭവിക്കുന്നുവോ)
തൽ സൎവ്വം	= അതെല്ലാം
മേ ദേവി	= എന്റെ ദേവിയായി
ജയന്തീ	= സൎവ്വോൽകൃഷ്ടയായി
പാപനാശിനീ രക്ഷ	= പാപത്തെ നശിപ്പിക്കുന്നവളായിരിക്കുന്നനിന്തിരുവടി രക്ഷിച്ചാലും.

കവചത്തോടുകൂടാതെ രക്ഷാഹീനമായി യാതൊരുസ്ഥാനമുണ്ടോ അതെല്ലാം എന്റെ ദേവിയായി, സൎവ്വോൽകൃഷ്ടയായി, പാപനാശിനിയായി ഇരിക്കുന്ന നിന്തിരുവടി രക്ഷിച്ചാലും.

ഭാഷ്യം—യാതൊരുസ്ഥാനം കവചത്തോടുകൂടാതെ രക്ഷാഹീനമായി ഭവിക്കുന്നുവോ; കവചത്തിൽ ആ സ്ഥാനത്തിന്റെ ഉപഹം പോലുമില്ലാതെയിരിക്കുന്നുവോ ആ സ്ഥാനങ്ങളെയെല്ലാം എന്റെ ദേവി! നിന്തിരുവടി രക്ഷിച്ചാലും. എന്തുകൊണ്ടെന്നാൽ നിന്തിരുവടി സർവ്വോൽകൃഷ്ടയായും പാപനാശിനിയായും ഭവിക്കുന്നുവല്ലോ.

൩൮. പാദമേകം ന ഗച്ഛേത്തു യദിച്ഛേച്ഛുഭമാത്മനഃ
കവചേനാവൃതോ നിത്യം യത്ര യത്ര ഹി ഗച്ഛതി

൩൯. തത്ര തത്രാർത്ഥലാഭശ്ച വിജയഃ സാർവ്വകാമികഃ
യം യം ചിന്തയതേ കാമം തം തം പ്രാപ്നോതി നിശ്ചിതം.

ആത്മനഃ ശുഭം	= തന്റെ ശുഭത്തെ
ഇച്ഛേത് യദി	= ഇച്ഛിക്കുന്നു എങ്കിൽ
(കവചം വിനാ)	= (കവചത്തോടുകൂടാതെ)
ഏകം പാദം ന ഗച്ഛേൽ	= ഒരടി നടക്കരുതു്;
നിത്യം	= ദിവസംതോറും
കവചേന ആവൃതഃ	= കവചത്താൽ ചുററപ്പെട്ടവനായിട്ടു്
യത്ര യത്ര ഗച്ഛതി ഹി	= എവിടെ എവിടെ പോകുന്നുവോ
തത്ര തത്ര അർത്ഥലാഭശ്ച	= അവിടെ അവിടെ അർത്ഥലാഭവും
സാർവ്വകാമികഃ വിജയഃ	= ആഗ്രഹിക്കുന്ന എല്ലാ വിജയവും
യം യം കാമം ചിന്തയതേ	= ഏതേതു അഭീഷ്ടത്തെ ചിന്തിക്കുന്നുവോ
നിശ്ചിതം	= നിശ്ചയമായിട്ടു്
തം തം പ്രാപ്നോതി	= ആ ആ അഭീഷ്ടത്തേയും പ്രാപിക്കുന്നു.

തന്റെ ശുഭത്തെ ഇച്ഛിക്കുന്നവൻ കവചത്തോടുകൂടാതെ ഒരടി പോലും നടക്കരുതു്. ദിവസംതോറും കവചത്തെ ധരിച്ചുകൊണ്ടു് ഏതു ദിക്കിലെല്ലാം സഞ്ചരിക്കുന്നുവോ അവിടെ എല്ലാം ധനലാഭവും സർവ്വവിധവിജയങ്ങളും ഉണ്ടാകുന്നു. വിചാരിക്കുന്ന എല്ലാ അഭീഷ്ടങ്ങളും സാധിക്കുകയും ചെയ്യുന്നു. നിശ്ചയം.

ഗുപ്ത—'പാദമേകം' ഇത്യാദികൊണ്ടു് കവചധാരണത്തിന്റെ ഫലം പറയുന്നു. കവചം ധരിക്കാതെ എന്നു ചേർത്തുകൊള്ളണം.

ഭാഷ്യം—അനന്തരം ബ്രഹ്മാവു് കവചധാരണം കൂടാതെയിരിക്കരുതെന്നു് ഉപദേശിച്ചിട്ടു് 'കവചേനാവൃതോ' ഇത്യാദി ഫലശ്രുതിയെ പറയുന്നു.

തന്റെ ശുഭത്തെ ഇച്ഛിക്കുന്ന പുരുഷൻ കവചത്തോടു കൂടാതെ ഒരടിവയ്ക്കരുതു്=ക്ഷണനേരംപോലും ദേവീസ്മരണംകൂടാതെയിരിക്കരുതു് എന്നു താല്പര്യം.

പുരാണങ്ങളിൽ ഇങ്ങനെ പറയുന്നു:—

"സ്വപൻ തിഷ്ഠൻ വ്രജൻ മാർഗ്ഗേ പ്രലപൻ ഭോജനേ രതഃ
കീർത്തയേൽ സതതം ദേവീം സ വൈ മുച്യേത ബന്ധനാൽ."

എന്നു്.

൪൦. പരമൈശ്വര്യമതുലം പ്രാപ്സ്യതേ ഭൂതലേ പുമാൻ
നിർഭയോ ജായതേ മർത്ത്യഃ സംഗ്രാമേഷ്വപരാജിതഃ.

പുമാൻ	= പുരുഷൻ
ഭൂതലേ അതുലം	= ഭൂമിയിൽ തുല്യമില്ലാതെ
പരം ഐശ്വര്യം പ്രാപ്സ്യതേ	= ഉൽകൃഷ്ടമായ ഐശ്വര്യത്തെ പ്രാപിക്കുന്നു,
മർത്ത്യഃ	= മനുഷ്യൻ
സംഗ്രാമേഷു അപരാജിതഃ	= യുദ്ധങ്ങളിൽ അപരാജിതനായിട്ടു്
നിർഭയഃ ജായതേ	= ഭയമില്ലാത്തവനായി ഭവിക്കുന്നു.

കവചത്തോടുകൂടിയ പുരുഷൻ ഭൂമിയിൽ തുല്യമില്ലാത്ത ഉൽകൃഷ്ടൈശ്വര്യത്തെ പ്രാപിക്കുന്നു. ആ മനുഷ്യൻ യുദ്ധങ്ങളിൽ തോൽക്കാത്തവനായിട്ടു് ഭയമില്ലാത്തവനായി ഭവിക്കുന്നു.

൪൧. ത്രൈലോക്യേ തു ഭവേൽ പൂജ്യഃ കവചേനാവൃതഃ പുമാൻ.

കവചേന ആവൃതഃ പുമാൻ	= കവചംകൊണ്ടു് ചുററപ്പെട്ട പുരുഷൻ
ത്രൈലോക്യേ തു	= മൂന്നു ലോകങ്ങളിലും
പൂജ്യഃ ഭവേൽ	= പൂജ്യനായി ഭവിക്കും.

കവചത്താൽ ചുററപ്പെട്ട പുരുഷൻ മൂന്നുലോകങ്ങളിലും പൂജ്യനായി ഭവിക്കും.

ഇദന്തു ദേവ്യാഃ കവചം ദേവാനാമപി ദുർല്ലഭം

൪൨. യഃ പഠേൽ പ്രയതോ നിത്യം ത്രിസന്ധ്യം ശ്രദ്ധയാന്വിതഃ
ദൈവീകലാ ഭവേത്തസ്യ ത്രൈലോക്യേ ചാപരാജിതഃ.

൪൩. ജീവേദ്വർഷശതം സാഗ്രമപമൃത്യുവിവർജ്ജിതഃ
നശ്യന്തി വ്യാധയഃ സർവേ ലൂതാവിസ്ഫോടകാദയഃ.

൪൪. സ്ഥാവരം ജംഗമം ചാപി കൃത്രിമം ചാപി യദ്വിഷം.

ദേവാനാം അപി ദുർല്ലഭം	= ദേവന്മാർക്കുംകൂടി ദുർല്ലഭമായ
ദേവ്യാഃ ഇദം കവചം തു	= ദേവിയുടെ ഈ കവചത്തെയാകട്ടെ
യഃ	= യാവനൊരുത്തൻ
പ്രയതഃ	= ശുദ്ധനായി
ശ്രദ്ധയാന്വിതഃ	= ശ്രദ്ധയോടുകൂടിയവനായിട്ടു്
നിത്യം ത്രിസന്ധ്യം	= ദിവസംതോറും മൂന്നുസന്ധ്യയിലും

പഠേൽ	പാഠംചെയ്യുന്നുവോ
തസ്യ	അവന്
ദൈവീകലാ	ദേവിയെസ്സംബന്ധിച്ച ഒരു കടാക്ഷം
ഭവേൽ	ഉണ്ടാകും.
ത്രൈലോക്യേ ച	മൂന്നുലോകത്തിലും
അപരാജിതഃ	തോൽക്കാത്തവനായി
അപമൃത്യുവിവർജ്ജിതഃ	അപമൃത്യുക്കളോടുകൂടാത്തവനായി
സാഗ്രം വർഷശതം	സമ്പൂർണ്ണമായിരിക്കുന്ന നൂറുവർഷം
ജീവേൽ	ജീവിച്ചിരിക്കും.
ലൂതാവിസ്ഫോടകാദയഃ	മസൂരിമുതലായുള്ള
സർവേ വ്യാധയഃ നശ്യന്തി	എല്ലാവ്യാധികളും നശിച്ചുപോകുന്നു.
സ്ഥാവരം ജംഗമം ച അപി	സ്ഥാവരമായും ജംഗമമായും
കൃത്രിമം യദപി വിഷം	കൃത്രിമമായും യാതൊരു വിഷം ഉണ്ടോ
(തദപി നശ്യതി)	(അതും നശിക്കുന്നു)

ദേവന്മാർക്കുംകൂടി ദുർല്ലഭമായ ദേവിയുടെ ഈ കവചത്തെ യാവനൊരുത്തൻ ശുദ്ധനായി ശ്രദ്ധയോടുകൂടിയവനായി ദിവസന്തോറും മൂന്നു സന്ധ്യയിലും പാഠംചെയ്യുന്നുവോ അവനു ദേവിയുടെ ഒരു കടാക്ഷം (ചൈതന്യാംശം) ഉണ്ടാകും അവൻ മൂന്നുലോകത്തിലും തോൽക്കാത്തവനായി അപമൃത്യുക്കളോടുകൂടാത്തവനായി നൂറുവർഷം മുഴുവനും ജീവിച്ചിരിക്കും. ആ പുരുഷന് മസൂരിമുതലായ എല്ലാ വ്യാധികളും നശിച്ചുപോകുന്നു. സ്ഥാവരമായും ജംഗമമായും കൃത്രിമമായും ഉള്ള എല്ലാ വിഷങ്ങളും നാശത്തെപ്രാപിക്കയും ചെയ്യുന്നു.

ഉപ്പ—സ്ഥാവരം=വത്സനാഭാദി; ജംഗമം=സർപ്പാദി.

കൃത്രിമം=പരസ്പരയോഗജന്യം. (നെയ്യും തേനും സമമായി കൂട്ടിക്കലർത്തിയതുപോലെയുള്ളത്)

ദ്ഗ്ഗാ—ദൈവീകലാ=ചിൽകലാ=ചൈതന്യാംശം.

അഭിചാരാണി സർവാണി മന്ത്രയന്ത്രാണി ഭൂതലേ

൪൭. ഭൂചരാഃ ഖേചരാശ്ചൈവ ജലജാശ്ചോപദേശികാഃ
സഹജാഃ കുലജാമാലാ ഡാകിനീ ശാകിനീ തഥാ.

൪൮. അന്തരിക്ഷചരാ ഘോരാ ഡാകിന്യശ്ച മഹാബലാഃ
ഗ്രഹഭൂതപിശാചാശ്ച യക്ഷഗന്ധർവരാക്ഷസാഃ

൪൯. ബ്രഹ്മരാക്ഷസവേതാളാഃ കൂശ്മാണ്ഡാ ഭൈരവാദയഃ
നശ്യന്തി ദർശനാത്തസ്യ കവചേ ഹൃദി സംസ്ഥിതേ.

ഭൂതലേ	= ഭൂമിയിലുള്ള
മന്ത്രയന്ത്രാണി	= മന്ത്രയന്ത്രങ്ങളെസ്സംബന്ധിച്ച
സർവാണി അഭിചാരാണി	= എല്ലാ ആഭിചാരങ്ങളും
ഭൂചരാഃ	= ഭൂമിയിൽ ചരിക്കുന്നവയും
ഖേചരാഃ ച ഏവ	= ആകാശത്തിൽ സഞ്ചരിക്കുന്നവയും
ജലജാഃ ച	= ജലത്തിൽനിന്നുണ്ടായവയും
ഔപദേശികാഃ സഹജാഃ	= ഔപദേശികങ്ങളും സഹജങ്ങളും
കുലജാഃ മാലാ ഡാകിനി ശാകിനി തഥാ	= കുലജങ്ങൾ, മാലാ ഡാകിനി ശാകിനി മുതലായ ദുഷ്ടദേവതകളും
ഘോരാഃ അന്തരിക്ഷചരാഃ	= ഘോരങ്ങളായ അന്തരീക്ഷചരങ്ങളും
മഹാബലാഃ ഡാകിന്യഃ	= മഹാബലകളായ ഡാകിനികളും
ഗ്രഹഭൂതപിശാചാഃ ച	= ഗ്രഹഭൂതപിശാചുക്കളും
യക്ഷഗന്ധർവരാക്ഷസാഃ	= യക്ഷഗന്ധർവരാക്ഷസന്മാരും
ബ്രഹ്മരാക്ഷസവേതാളാഃ	= ബ്രഹ്മരാക്ഷസവേതാളങ്ങളും
കൃശ്മാണ്ഡാ ഭൈരവാദയഃ	= കൃശ്മാണ്ഡയും ഭൈരവാദികളും
കവചേ ഹൃദി സംസ്ഥിതേ	= കവചം ഹൃദിസ്ഥമായിരിക്കും സമയ- [ത്തിങ്കൽ
തസ്യ ദർശനാൽ	= അവൻെറ ദർശനംകൊണ്ടു്
നശ്യന്തി	= നശിച്ചുപോകുന്നു.

ഭൂമിയിലുള്ള മന്ത്രയന്ത്രങ്ങളെ സംബന്ധിച്ച എല്ലാ ആഭിചാരങ്ങളും, ഭൂമിയിൽ ചരിക്കുന്നവയും, ആകാശത്തിൽ സഞ്ചരിക്കുന്നവയും, ജലത്തിൽനിന്നുണ്ടായവയും, ഔപദേശികങ്ങളും സഹജങ്ങളും ആയ ദേവതകളും, കുലജങ്ങൾ, മാലാ, ഡാകിനി, ശാകിനി മുതലായ ദുഷ്ടദേവതകളും, ഘോരങ്ങളായ അന്തരീക്ഷചരങ്ങളും, മഹാബലകളായ, ഡാകിനികളും, ഗ്രഹഭൂതപിശാചുക്കളും, യക്ഷഗന്ധർവരാക്ഷസന്മാരും, ബ്രഹ്മരാക്ഷസവേതാളങ്ങളും, കൃശ്മാണ്ഡയും ഭൈരവാദികളും കവചം ഹൃദിസ്ഥമായിരിക്കുംസമയത്തിങ്കൽ അവൻെറ ദർശനംകൊണ്ടു് നശിച്ചുപോകുന്നു.

ദുർഗ്ഗാ—അഭിചാരങ്ങൾ=അന്യകൃതങ്ങൾ; കുലജാദികൾ=ദുഷ്ടദേവതാജാതിഭേദങ്ങൾ; ഔപദേശികങ്ങൾ=ഉപദേശമാത്രത്താൽ സിദ്ധിയാകുന്ന ഒരുവക ക്ഷുദ്രദേവതകൾ.

൪൮. മാനോന്നതിർഭവേദ്രാജ്ഞഃ തേജോവൃദ്ധികരം പരം
യശസാ വർദ്ധതേ സോപി കീർത്തിമണ്ഡിതഭൂതലേ.

രാജ്ഞഃ	= രാജാവിങ്കൽനിന്നു്
മാനോന്നതിഃ ഭവേൽ	= വലിയ ബഹുമാനം ഉണ്ടാകും.
പരം	= ഏററവും

തേജോവൃദ്ധികരം	=	തേജോവൃദ്ധിയെച്ചെയ്യുന്നതാകുന്നു.
സഃ അപി	=	അവനും
കീൎത്തിമണ്ഡിതഭൂതലേ	=	സ്വകീൎത്തികൊണ്ടു് അലങ്കരിക്കപ്പെട്ട [ഭൂമണ്ഡലത്തിൽ
യശസാ വൎദ്ധതേ	=	യശസ്സുകൊണ്ടു വൎദ്ധിക്കുന്നു.

ഈ കവചപാഠകനു് രാജാവിങ്കൽനിന്നു് ബഹുമാനമുണ്ടാകും. ഈ പാഠം ഏററവും തേജോവൃദ്ധിയെ ചെയ്യുന്നതാകുന്നു. കവചപാഠകൻ തന്റെ കീൎത്തികൊണ്ടു് അലങ്കരിക്കപ്പെട്ട ഭൂമണ്ഡലത്തിൽ യശസ്സുകൊണ്ടു് വൎദ്ധിക്കുന്നു. രാജസമ്മതനായും തേജസ്വിയായും യശസ്വിയായും തീരുമെന്നു താല്പൎയ്യം.

ദുൎഗ്ഗാ—രാജ്ഞഃ=രാജസകാശത്തിൽനിന്നു്.

൪൯. ജപേത്സപ്തശതീം ചണ്ഡീം കൃത്വാ തു കവചം പുരാ
യാവൽ ഭൂമണ്ഡലം ധത്തേ സശൈലവനകാനനം

൫൦. താവത്തിഷ്ഠതി മേദിന്യാം സന്തതിഃ പുത്രപൗത്രികീ
ദേഹാന്തേ പരമംസ്ഥാനം യത്സുരൈരപി ദുൎല്ലഭം

൫൧. പ്രാപ്നോതി പുരുഷോ നിത്യം മഹാമായാ പ്രസാദതഃ.

കവചം പുരാ കൃത്വാ തു	=	കവചത്തെമുൻപിൽപാഠംചെയ്തിട്ടു്
ചണ്ഡീം സപ്തശതീം	=	ചണ്ഡീസപ്തശതിയെ
ജപേൽ	=	ജപിക്കണം
(തസ്യ)	=	(അവന്നു്)
സശൈലവനകാനനം	=	പൎവ്വതകാനനങ്ങളോടുകൂടിയ
ഭൂമണ്ഡലം	=	ഭൂമണ്ഡലത്തെ
യാവൽ	=	യാതൊരുകാലംവരെ (ആദിശേഷൻ)
ധത്തേ	=	ധരിക്കുന്നുവോ
താവൽ	=	ആ കാലംവരെ
മേദിന്യാം	=	ഭൂമിയിൽ
പുത്രപൗത്രികീ	=	പുത്രപൗത്രന്മാരോടുകൂടിയ
സന്തതിഃ തിഷ്ഠതി	=	സന്താനം നിലനിൽക്കുന്നു.
പുരുഷഃ	=	ആ പുരുഷൻ
മഹാമായാപ്രസാദതഃ	=	മഹാമായാപ്രസാദംഹേതുവായിട്ടു്
ദേഹാന്തേ	=	ദേഹാവസാനത്തിൽ
സുരൈഃ അപി ദുൎല്ലഭം	=	ദേവന്മാരാലുംലഭിക്കാൻപാടില്ലാത്ത
യൽ പരമം സ്ഥാനം	=	യാതൊരു ഉൽകൃഷ്ടപദത്തെ
പ്രാപ്നോതി	=	പ്രാപിക്കുന്നു.

ഈ കവചം മുൻപിൽ ജപിച്ചിട്ടു് പിന്നെ സപ്തശതി പാഠംചെയ്യണം. എന്നാൽ അവനു് ആദിശേഷൻ പർവ്വതകാനനങ്ങളോടുകൂടിയ ഈ ഭൂമണ്ഡലത്തെ എത്രകാലം ധരിക്കുന്നുവോ അതുവരെ ഭൂമിയിൽ പുത്രപൗത്രാദിസന്തതികൾ നിലനിൽക്കുന്നതാകുന്നു. ആ പുരുഷൻ മഹാമായാപ്രസാദംനിമിത്തം ദേഹാവസാനത്തിൽ ദേവന്മാക്കും ദുർല്ലഭമായി നിത്യമായിരിക്കുന്ന പരമപദത്തെ പ്രാപിക്കുന്നു.

ഗുപ്ത—ഇവിടെ കവചം മുൻപിൽ ജപിച്ചിട്ടു് സപ്തശതി ജപിക്കണമെന്നുള്ള വിധി കവചം സപ്തശതിയുടെ അംഗമാണെന്നു സ്ഥാപിക്കുന്നതിനാകുന്നു. ഇതുപോലെ മററുപ്രമാണങ്ങളാലും കവചത്തിനു് സപ്തശതീപാഠാംഗത്വം സിദ്ധിക്കുന്നുണ്ടു്. 'യാവൽ ഭൂമണ്ഡല'മിത്യാദി പൂർണ്ണപാഠഫലശ്രുതിയാകുന്നു. 'പുരാ' എന്നതിനു്, മുമ്പിൽ എന്നുമാത്രം അർത്ഥമാണു്. 'രാത്രിസൂക്തം ജപേദാദൗ' എന്ന ദിക്കിൽ രാത്രിസൂക്തത്തിനു് മുമ്പിൽ നവാർണ്ണജപം വിധിച്ചിരിക്കകൊണ്ടു് ആദിശബ്ദത്തിനു് സപ്തശതിക്കു മുൻപിൽ എന്നേ താല്പര്യമുള്ളൂ. ഇതുപോലെതന്നെ അർഗ്ഗളാസ്തോത്രവും "ഇദം സ്തോത്രം പഠിത്വാ തു മഹാസ്തോത്രം പഠേന്നരഃ" എന്നു പറഞ്ഞിരിക്കുന്നതനുസരിച്ചു് അതും സപ്തശതിയുടെ അംഗംതന്നെ. കവചം, അർഗ്ഗളം, കീലകങ്ങൾ, നവാർണ്ണം, രാത്രിസൂക്തം, ചണ്ഡീസ്തവം, ദേവീസൂക്തം, നവാർണ്ണം, രഹസ്യത്രയം ഇങ്ങനെയാകുന്നു ജപക്രമം.

ദുർഗ്ഗാ—ഇവിടെ കവചത്തിനു സപ്തശത്യംഗത്വം സ്ഥാപിക്കുന്നു.

പുരാ=ആദ്യം. യാവൽ ഭൂമണ്ഡലം ധത്തേ=ആദിശേഷൻ എത്രകാലത്തോളം ഭൂമിയെ ധരിക്കുന്നുവോ അതുവരെ. പരമംസ്ഥാനം=ജ്ഞാനംകൊണ്ടു് പ്രാപിക്കുന്ന മോക്ഷം. നിത്യം=നിയമേന. മഹാമായാ=സർവ്വകാരണമായാശബളബ്രഹ്മരൂപിണീ. പ്രസാദതഃ=അവളുടെ പ്രസാദംകൊണ്ടു്.

പാർവ്വതീ പരമാ വിദ്യാ ബ്രഹ്മവിദ്യാപ്രദായിനീ
വിശേഷേണൈവ ജന്തൂനാം നാത്ര സന്ദേഹകാരണം.

(സൂതസംഹിത)

ശ്രീദേവീകവചം സമാപ്തം.

ശ്രീമഹാദേവ്യൈ നമഃ

൫൮. അൎഗ്ഗളാസ്തുതി.

മാൎക്കണ്ഡേയ ഉവാച:—

൧. ജയന്തി മംഗലാ കാളീ ഭദ്രകാളീ കപാലിനീ
ദുൎഗ്ഗാ ക്ഷമാ ശിവാ ധാത്രീ സ്വാഹാ സ്വധാ നമോസ്തു തേ.

മാൎക്കണ്ഡേയൻ പറഞ്ഞു:—

ജയന്തീ മംഗലാ	= ജയന്തിയായും മംഗലയായും
കാളീ ഭദ്രകാളീ	= കാളിയായും ഭദ്രകാളിയായും
കപാലിനീ ദുൎഗ്ഗാ	= കപാലിനിയായും ദുൎഗ്ഗയായും
ക്ഷമാ ശിവാ	= ക്ഷമയായും ശിവയായും
ധാത്രീ സ്വാഹാ	= ധാത്രിയായും സ്വാഹയായും
സ്വധാ തേ	=സ്വധയായും(ഇരിക്കുന്ന)നിന്തിരുവടിക്കു്
നമഃ അസ്തു	= നമസ്കാരം ഭവിക്കട്ടേ.

നിന്തിരുവടി, ജയന്തീ, മംഗലാ, കാളീ, ഭദ്രകാളീ, കപാലിനീ, ദുൎഗ്ഗാ, ക്ഷമാ, ശിവാ, ധാത്രി, സ്വാഹാ, സ്വധാ—ഇങ്ങനെയെല്ലാമുള്ള ഗുണവതിയായി ഭവിക്കുന്നു. അതുകൊണ്ടു് നിന്തിരുവടിക്കു് എന്റെ നമസ്കാരം ഭവിക്കട്ടേ.

ദുൎഗ്ഗാ—ഇവിടെ ആദ്യം ഉദ്ദിഷ്ടദേവതയുടെ ഗുണങ്ങളെ ധ്യാനോപയോഗത്തിനായി പറയുന്നു.

ജയന്തീ=സൎവ്വോൽകൃഷ്ടാ; ഗുണത്രയസാമ്യാവസ്ഥോപാധിയോടുകൂടിയവളായി ബ്രഹ്മരൂപിണിയായിരിക്കുന്ന ഭഗവതി സൎവ്വകാരണയാകയാൽ സൎവ്വോൽകൃഷ്ടാ.

മംഗലാ=മംഗത്തെ=ജനനമരണാദിരൂപമായ സംസാരത്തെ (ഭക്തന്മാൎക്കു്) ലാതി=നശിപ്പിക്കുന്നു; അങ്ങനെയുള്ളവൾ, മോക്ഷപ്രദാ എന്നൎത്ഥം. “ന തസ്യ പ്രാണാ ഉൽക്രാമന്തി” എന്നു് ശ്രുതി.

കാളീ = പ്രളയകാലത്തിൽ ഈ പ്രപഞ്ചത്തെ എല്ലാം ഭക്ഷിക്കുന്നവൾ.

ഭദ്രകാളീ = ഭദ്രത്തെ = മംഗലത്തെ അല്ലെങ്കിൽ സുഖത്തെ, കലയതി = സ്വീകരിക്കുന്നു. (ഭക്തന്മാൎക്കു ദാനംചെയ്യുന്നതിനായി) അങ്ങനെയുള്ളവൾ. രഹസ്യാഗമത്തിൽ ഭദ്രകാളിക്കു് സുഖപ്രദാ എന്നൎത്ഥം പറയുന്നു.

കപാലിനീ = കപാലത്തോടുകൂടിയവൾ; കപാലം = തലയോടു് ബ്രഹ്മാദികളെ നിഗ്രഹിച്ചിട്ടു് അവരുടെ തലയോട്ടിയെ ഗ്രഹിച്ചും

കൊണ്ടു് പ്രളയത്തിൽ സഞ്ചരിക്കുന്നവൾ. അല്ലെങ്കിൽ പ്രപഞ്ച രൂപാംബുജം ഹസ്തത്തിലുള്ളവൾ. "പ്രപഞ്ചാംബുജഹസ്താ ച കപാലിന്യുച്യതേ പരാ" എന്നു രഹസ്യാഗമം.

ദുർഗ്ഗാ = അഷ്ടാംഗയോഗരൂപമായും സർവകർമ്മോപാസനാരൂപമായും ഇരിക്കുന്ന ദുഃഖംകൊണ്ടു പ്രാപിക്കപ്പെടുവാൻ യോഗ്യ. "താം ദുർഗ്ഗാം ദുർഗ്ഗമാം ദേവീം" എന്നു് ദേവ്യഥർവശിരസ്സ്.

ക്ഷമാ = ഭക്തന്മാരുടേയും മററും സർവാപരാധങ്ങളേയും ക്ഷമിക്കുന്നവൾ. സർവജനനിയാകയാൽ അതിശയകാരുണ്യവതീ എന്നു താല്പര്യം.

ശിവാ = ചിദ്രൂപിണീ.

"ചിന്മാത്രാശ്രയമായായാഃ ശക്ത്യാകാരേ ദ്വിജോത്തമാഃ
അനുപ്രവിഷ്ടാ യാ സംവിൽ നിർവികല്പാ സ്വയംപ്രഭാ
സദാകാരാ സദാനന്ദാ സംസാരോച്ഛേദകാരിണീ
സാ ശിവാ പരമാ ദേവീ ശിവാഭിന്നാ ശിവങ്കരീ"

(സൂതസംഹിത)

ധാത്രീ	=	സർവപ്രപഞ്ചത്തേയും ധരിക്കുന്നവൾ
സ്വാഹാ സ്വധാ	=	ദേവപോഷിണീ പിതൃപോഷിണീ

നിന്തിരുവടി ഇങ്ങനെയുള്ള മുൻപറഞ്ഞ മഹാഗുണങ്ങളോടുകൂടിയവളായി ഭവിക്കുന്നു. അതുനിമിത്തം കേവലം എന്റെ നമസ്കാരം തന്നെ ഭവിക്കട്ടെ. അങ്ങനെയുള്ള ദേവിയുടെ പൂജാദികൾക്കു് എനിക്കു സാമർത്ഥ്യമില്ലെന്നു താല്പര്യം.

൨. മധുകൈടഭവിദ്രാവി! വിധാതൃവരദേ! നമഃ
രൂപം ദേഹി ജയം ദേഹി യശോ ദേഹി ദ്വിഷോ ജഹി.

മധുകൈടഭനിദ്രാവി!	=	മധുകൈടഭന്മാരെ നശിപ്പിച്ച ദേവി
വിധാതൃവരദേ!	=	ബ്രഹ്മാവിനു വരത്തെ ദാനംചെയ്ത ദേവി!
നമഃ	=	നമസ്കാരം
രൂപം ദേഹി	=	രൂപത്തെ തന്നാലും;
ജയം ദേഹി	=	ജയത്തെ തന്നാലും;
യശഃ ദേഹി	=	കീർത്തിയെ തന്നാലും;
ദ്വിഷഃ ജഹി	=	ശത്രുക്കളെ നശിപ്പിച്ചാലും.

മധുകൈടഭനാശിനിയായും ബ്രഹ്മാവിനു വരത്തെ ദാനംചെയ്തവളായുമുള്ള ദേവീ! നിന്തിരുവടിക്കു നമസ്കാരം. രൂപത്തേയും ജയത്തേയും കീർത്തിയേയും തന്നാലും. ശത്രുക്കളെ നശിപ്പിച്ചാലും.

ഗുപ്ത—വിദ്രാവിണിയായും വിധാതൃവരദയായുമിരിക്കുന്നവൾ.

രൂപം=ബന്ധുക്കൾക്കു മോഹനമായും ശത്രുക്കൾക്കു ഭയങ്കരമായും ഉള്ള ആകൃതി അല്ലെങ്കിൽ സൗന്ദര്യം.

ഭർഗ്ഗാ—മധുകൈടഭന്മാരെ നശിപ്പിച്ചവളും ബ്രഹ്മാവിനു വരം കൊടുത്തവളും എന്നത്ഥം. ശ്രീദേവി മധുകൈടഭനാശത്തിനായി ബ്രഹ്മാവിനാൽ സ്തുതയായിട്ടു് അദ്ദേഹത്തിനു വരംകൊടുത്തു എന്ന കഥ ദേവീഭാഗവതം ഒന്നാംസ്കന്ധത്തിൽ പറയുന്നു. രൂപം = രൂപ്യതേ = അറിയപ്പെടുന്നതു് = പരമാത്മവസ്തു. "രൂപം ഭവേൽ ബിന്ദുര മന്ദകാന്തിഃ" എന്നു് ആഗമം. എന്നാൽ ചെയ്യപ്പെട്ട നമസ്കാരം കൊണ്ടു പ്രസന്നയായിട്ടു് രൂപാദികളെ എനിക്കു തന്നാലും.

പരമാത്മസ്വരൂപം ഏതുകൊണ്ടു ജയിക്കുന്നുവോ അതു ജയം, ശ്രുതിസ്മൃതിസമൂഹം എന്നർത്ഥം. ഇതു് "തതോ ജയമുദീരയേൽ" എന്ന ദിക്കിൽ പ്രസിദ്ധമാകുന്നു.

യശസ്സ് = "സഹനൗ യശഃ" എന്ന ശ്രുതിപ്രസിദ്ധമായി തത്വജ്ഞാനസമ്പാദനജന്യമായി ഇരിക്കുന്ന കീർത്തി.

ദ്വിഷോ ജഹി = കാമക്രോധാദിശത്രുക്കളെ നശിപ്പിച്ചാലും.

൩. മഹിഷാസുരനിർന്നാശവിധാത്രി വരദേ! നമഃ.

* രൂപം.........

മഹിഷാസുരനിർന്നാശവിധാത്രി!	=മഹിഷാസുരവധത്തെ ചെയ്ത ദേവി!
വരദേ! നമഃ	= വരത്തെ ദാനംചെയ്യുന്നവളേ! നമസ്കാരം.

മഹിഷാസുരവധത്തെ ചെയ്ത ദേവി! വരത്തെ ദാനംചെയ്യുന്നവളേ! നമസ്കാരം. രൂപ.........

ഗുപ്ത—നിർന്നാശവിധാത്രീ എന്നു് ഒരു പദമാകുന്നു.

ദുർഗ്ഗ—മഹിഷാസുരനിർന്നാശം=മഹിഷാസുരന്റെ നിർന്നാശം= വധം. അതിന്റെ വിധാത്രി=കർത്ത്രി എന്നത്ഥം. വരദേ എന്നു് വേറെ പദമാകുന്നു.

൪. വന്ദിതാംഘ്രിയുഗേ! ദേവി! ദേവി! സൗഭാഗ്യദായിനി!

രൂപം.........

വന്ദിതാംഘ്രിയുഗേ!	= ബ്രഹ്മാദികളാൽ വന്ദിക്കപ്പെടുന്ന പാദയുഗത്തോടു കൂടിയവളേ!
ദേവി സൗഭാഗ്യദായിനി!	= ദേവി! സൗഭാഗ്യത്തെ ദാനംചെയ്യുന്നവളേ!
ദേവി	= ദേവി!

* രണ്ടുമുതൽ ഇരുപത്തൊന്നുവരെ ശ്ലോകങ്ങൾക്കു് ഉത്തരാദ്ധം 'രൂപം ദേഹി' ത്യാദിയാകകൊണ്ടു പ്രതിശ്ലോകം അവയെ ആവർത്തിക്കുന്നില്ല.

ബ്രഹ്മാദികളാൽ വന്ദിക്കപ്പെടുന്ന പാദയുഗത്തോടുകൂടിയ ദേവി! സൗഭാഗ്യത്തെ ദാനംചെയ്യുന്ന ദേവി! രൂപ.........

ദുർഗ്ഗാ — വന്ദിതാംഘ്രിയുഗാ=ബ്രഹ്മവിഷ്ണ്വാദികളാൽ വന്ദിക്കപ്പെടുന്ന രണ്ടു ചരണങ്ങളോടുകൂടിയവൾ. ബ്രഹ്മാദികൾ ദേവിയെ അപേക്ഷിച്ചു് ന്യൂനന്മാരാകുന്നു. 'ദേവി' എന്നു രണ്ടുതവണ പറഞ്ഞതു് ഭക്ത്യതിശയംകൊണ്ടാണു്.

൭. രക്തബീജവധേ! ദേവി! ചണ്ഡമുണ്ഡവിനാശിനി
രൂപം.........

രക്തബീജവധേ!	= രക്തബീജവധത്തെച്ചെയ്തവളേ!
ചണ്ഡമുണ്ഡവിനാശിനി	= ചണ്ഡമുണ്ഡന്മാരെ വിശേഷേണ നശിപ്പിച്ചവളേ!
ദേവി!	= ദേവി!

രക്തബീജവധത്തെ ചെയ്തവളും ചണ്ഡമുണ്ഡന്മാരെ നശിപ്പിച്ചവളുമായ ദേവി! രൂപം.........

ദുർഗ്ഗാ—രക്തബീജവധ=രക്തബീജനെ വധിച്ചവൾ അല്ലെങ്കിൽ രക്തബീജവധം ആരിൽനിന്നുണ്ടായോ അവൾ.

൮. അചിന്ത്യരൂപചരിതേ! സർവ്വശത്രുവിനാശിനി!
രൂപം.........

അചിന്ത്യരൂപചരിതേ!	= വിചാരിക്കാൻപാടില്ലാത്ത രൂപങ്ങളോടും ചരിതങ്ങളോടുംകൂടിയ ദേവി!
സർവ്വശത്രുവിനാശിനി!	= എല്ലാശത്രുക്കളേയും നിശ്ശേഷം നശിപ്പിക്കുന്നവളേ!

വിചാരിക്കാൻപാടില്ലാത്ത രൂപങ്ങളോടും ചരിത്രങ്ങളോടുംകൂടിയവളും സകലശത്രുക്കളേയും നശിപ്പിക്കുന്നവളുമായ ദേവി! രൂപം ...

ദുർഗ്ഗാ—അചിന്ത്യരൂപചരിത="യതോ വാചോ നിവർത്തന്തേ അപ്രാപ്യമനസാ സഹ" എന്ന ശ്രുതിപ്രകാരം വാക്കിനും മനസ്സിനും വിഷയമല്ലാത്തവൾ.

൯. നതേഭ്യഃ സർവ്വദാ ഭക്ത്യാ ചണ്ഡികേ! പ്രണതായ മേ
രൂപം.........

ചണ്ഡികേ!	= ചണ്ഡികേ!
സർവ്വദാ ഭക്ത്യാ	= സദാ ഭക്തിയോടുകൂടി
നതേഭ്യഃ	= നമസ്കരിക്കുന്നവർക്കും
പ്രണതായ മേ	= നമസ്കരിക്കുന്ന എനിക്കും

ഹേ ചണ്ഡികേ! എല്ലായ്പ്പോഴും ഭക്തിയോടുകൂടി നമസ്കരിക്കുന്നവർക്കും നമസ്കരിക്കുന്ന എനിക്കും രൂപം......

ഭാഷ്യ—എല്ലായ്പ്പോഴും ഭക്തിയോടുകൂടി നമസ്കരിക്കുന്നവർക്കും നമസ്കരിക്കുന്ന എനിക്കും രൂപാദികളെ തന്നാലും എന്നന്വയം.

വ്വ. സ്തുവത്ഭ്യോ ഭക്തിപൂർവം ത്വാം ചണ്ഡികേ! വ്യാധിനാശിനി!
രൂപം......

ചണ്ഡികേ! ത്വാം	= ഹേ ചണ്ഡികേ! നിന്തിരുവടിയെ
ഭക്തിപൂർവം സ്തുവത്ഭ്യഃ	= ഭക്തിയോടുകൂടി സ്തുതിക്കുന്നവർക്ക്
വ്യാധിനാശിനി!	= വ്യാധികളെ നശിപ്പിക്കുന്നവളേ!

നിന്തിരുവടിയെ ഭക്തിയോടുകൂടി സ്തുതിക്കുന്നവർക്ക് വ്യാധികളെ നശിപ്പിക്കുന്ന ചണ്ഡികേ! രൂപം......

൯. ചണ്ഡികേ! സതതം യേ ത്വാമർച്ചയന്തീഹ ഭക്തിതഃ
രൂപം......

ചണ്ഡികേ	= ഹേ ചണ്ഡികേ!
യേ ത്വാം	= യാവചിലർ നിന്തിരുവടിയെ
സതതം ഭക്തിതഃ	= എല്ലായ്പ്പോഴും ഭക്തിയോടുകൂടി
അർച്ചയന്തി ഇഹ	= അർച്ചിക്കുന്നുവോ (അവർക്ക്)

ഹേ ചണ്ഡികേ! നിന്തിരുവടിയെ യാവചിലർ എല്ലായ്പ്പോഴും ഭക്തിയോടുകൂടി അർച്ചിക്കുന്നുവോ അവർക്ക് രൂപം ......

ഗുപ്ത—യാവചിലർ നിന്തിരുവടിയെ അർച്ചിക്കുന്നുവോ അവർക്ക് എന്നർത്ഥം.

൧൦. ദേഹി സൗഭാഗ്യമാരോഗ്യം ദേഹി ദേവി! പരം സുഖം
രൂപം ......

ദേവി!	= അല്ലയോ ദേവി!
സൗഭാഗ്യം ആരോഗ്യം	= സൗഭാഗ്യത്തെയും ആരോഗ്യത്തെയും
ദേഹി	= തന്നാലും.
പരം സുഖം ദേഹി	= ഉൽകൃഷ്ടസുഖത്തെത്തന്നാലും.

ഹേ ദേവി! എനിക്കു സൗഭാഗ്യത്തേയും ആരോഗ്യത്തേയും ഉൽകൃഷ്ടസുഖത്തേയും തന്നാലും. രൂപം......

ഭാഷ്യ—'തന്നാലും' എന്നതിനു മുമ്പിൽ എനിക്ക് എന്നുചേർക്കണം.

൧൧. വിധേഹി ദ്വിഷതാം നാശം വിധേഹി ബലമുച്ചകൈഃ
രൂപം ......

ദ്വിഷതാം നാശം വിധേഹി = ശത്രുക്കളുടെ നാശത്തെ ചെയ്യാലും
ഉച്ചൈഃ ബലം വിധേഹി = അത്യുച്ചമായ ബലത്തെ ചെയ്യാലും.

എനിക്ക് ശത്രുക്കളുടെ നാശത്തെ ചെയ്യാലും; വലുതായ ബലത്തെ ചെയ്യാലും. രൂപം ....

ദുർഗ്ഗാ—എനിക്ക് അതിശയമായ ബലത്തെ ചെയ്യാലും എന്നത്ഥം.

൨൨. വിധേഹി ദേവി! കല്യാണം വിധേഹി വിപുലാം ശ്രിയം
രൂപം ......

ദേവി! കല്യാണം വിധേഹി = ഹേ ദേവി! കല്യാണത്തെ ചെയ്യാലും.
വിപുലാം ശ്രിയം വിധേഹി = വിപുലമായ ഐശ്വയ്യത്തെ ചെയ്യാലും.

ഹേ ദേവി! മംഗളത്തേയും വിപുലൈശ്വയ്യത്തേയും ചെയ്യാലും.
രൂപം ......

൨൩. വിദ്യാവന്തം യശസ്വന്തം ലക്ഷ്മീവന്തം ജനം കുരു
രൂപം ......

ജനം	= ഭക്തജനത്തെ
വിദ്യാവന്തം	= വിദ്യയോടുകൂടിയവനാക്കിയും
യശസ്വന്തം	= കീത്തിയോടുകൂടിയവനാക്കിയും
ലക്ഷ്മീവന്തം	= ഐശ്വയ്യത്തോടുകൂടിയവനാക്കിയും
കുരു	= ചെയ്യാലും.

നിന്തിരുവടി സ്വഭക്തജനമായ എന്നെ വിദ്യാവാനായും, യശസ്വിയായും, ഐശ്വയ്യവാനായും ആക്കി ചെയ്യാലും. രൂപം ......

ഗുപ്ത—ജനം=ഭക്തജനമായ എന്നെ.

ദുർഗ്ഗാ—വിദ്യാവാൻ=ബ്രഹ്മവിദ്യയോടുകൂടിയവൻ. ജനം=സ്വഭക്തജനം.

൨൪. പ്രചണ്ഡദൈത്യദർപഘ്നേ! ചണ്ഡികേ! പ്രണതായ മേ
രൂപം ......

പ്രചണ്ഡദൈത്യ-ദർപഘ്നേ!	= അതിപരാക്രമികളായിരിക്കുന്ന അസുരന്മാരുടെ അഹങ്കാരത്തെ നശിപ്പിക്കുന്നവളേ!
ചണ്ഡികേ!	= ഹേ ചണ്ഡികേ!
പ്രണതായ മേ	= നമസ്കരിക്കുന്ന എനിക്ക്

അതിപരാക്രമികളായിരിക്കുന്ന അസുരന്മാരുടെ അഹങ്കാരത്തെ നശിപ്പിക്കുന്ന ചണ്ഡികേ! നമസ്കരിക്കുന്ന എനിക്കു രൂപം......

൨൫. ചതുർഭുജേ! ചതുവ്ക്ത്രസംസ്തുതേ! പരമേശ്വരി!
രൂപം......

ചതുർഭുജേ! = നാലു കൈകളോടുകൂടിയവളേ!
ചതുർവ്വക്ത്രസംസ്തുതേ! = ബ്രഹ്മാവിനാൽ സ്തുതിക്കപ്പെടുന്നവളേ!
പരമേശ്വരി! = ഹേ പരമേശ്വരി!

നാലു കൈകളോടുകൂടിയവളും ബ്രഹ്മാവിനാൽ സ്തുതിക്കപ്പെടുന്നവളുമായ ഹേ! പരമേശ്വരി! രൂപം......

൧൮. കൃഷ്ണേന സംസ്തുതേ! ദേവി! ശശ്വൽ ഭക്ത്യാ തഥാംബികേ!
രൂപം......

ശശ്വൽ = നല്ലവണ്ണം (പിന്നെയും പിന്നെയും)
ഭക്ത്യാ കൃഷ്ണേന = ഭക്തിയോടുകൂടി ശ്രീകൃഷ്ണനാൽ
തഥാ സംസ്തുതേ ദേവി = അപ്രകാരം സ്തുതിക്കപ്പെട്ട ദേവി!
അംബികേ! = അംബികേ!

ശ്രീകൃഷ്ണനാൽ നല്ലവണ്ണം ഭക്തിയോടുകൂടി സ്തുതിക്കപ്പെട്ട ദേവി! അംബികേ! രൂപം......

ഋഗ്ഗാ—ശ്രീകൃഷ്ണൻ ദേവിയെ സ്തുതിച്ച കഥ ദേവീഭാഗവതത്തിൽ പറയുന്നുണ്ട്.

൧൯. ഹിമാചലസുതാനാഥപൂജിതേ! പരമേശ്വരി!
രൂപം......

ഹിമാചലസുതാനാഥപൂജിതേ! = ശിവനാൽ പൂജിക്കപ്പെട്ടവളേ!
പരമേശ്വരി! = ഹേ പരമേശ്വരി!

ശിവനാൽ പൂജിക്കപ്പെട്ട ഹേ പരമേശ്വരി! രൂപം......

൨൦. സുരാസുരശിരോരത്നനിഘൃഷ്ടചരണേംബികേ!
രൂപം......

സുരാസുരശിരോരത്ന നിഘൃഷ്ടചരണേ! = സുരന്മാരാലും അസുരന്മാരാലും നമസ്കരിക്കപ്പെടുന്ന പാദങ്ങളോടുകൂടിയവളേ!
അംബികേ! = ഹേ അംബികേ!

സുരന്മാരാലും അസുരന്മാരാലും നമസ്കരിക്കപ്പെടുന്ന ചരണങ്ങളോടുകൂടിയ അംബികേ! രൂപം......

ഋഗ്ഗാ—ദേവാസുരന്മാർക്ക് ദേവീനമനത്തിൽ തുല്യതയെ പറഞ്ഞിരിക്കുന്നതു ദേവീദർശനംകൊണ്ടു പാപികൾക്കുംകൂടി നിർവ്വൈരതയും അദ്വൈതഭാവവും ഉണ്ടാകുമെന്നു ധ്വനിപ്പിച്ചാകുന്നു.

൨൧. ഇന്ദ്രാണീപതിസൽഭാവപൂജിതേ! പരമേശ്വരി!
രൂപം......

ഇന്ദ്രാണീപതിസൽഭാവപൂജിതേ! = ഇന്ദ്രാണീപതിയാൽ സൽഭാവത്തോടുകൂടി പൂജിക്കപ്പെട്ടവളേ!
പരമേശ്വരി! = ഹേ പരമേശ്വരി!

ഇന്ദ്രനാൽ ആസ്തികബുദ്ധിയോടുകൂടി പൂജിക്കപ്പെട്ട പരമേശ്വരി! രൂപം......

ഗുപ്ത—ഇന്ദ്രാണീപതിസൽഭാവപൂജിതാ= ഇന്ദ്രാണിയാൽ പതി ഉണ്ടോ എന്നറിയുന്നതിനായി പൂജിക്കപ്പെട്ടവൾ.

ദേവേന്ദ്രൻ ഒരിക്കൽ കാലദോഷംനിമിത്തം ഒരു സരസ്സിൽ താമരവളയത്തിനുള്ളിൽ ഇരുന്നു എന്നും അപ്പോൾ ഇന്ദ്രാണി ദേവ്യാരാധനകൊണ്ടു ആ സ്ഥലം കണ്ടുപിടിച്ച് ഇന്ദ്രനെ കണ്ടുവെന്നും ഉള്ള കഥ ദേവീഭാഗവതത്തിൽ വിസ്തരിക്കുന്നു.

ദുർഗ്ഗാ—ഇന്ദ്രാണി......പൂജിതാ = ഇന്ദ്രാണീപതിയാൽ സൽഭാവത്തോടുകൂടി പൂജിക്കപ്പെട്ടവൾ.

൨൦. ദേവി! പ്രചണ്ഡദോർദണ്ഡദൈത്യദർപവിനാശിനി!
രൂപം......

പ്രചണ്ഡദോർദ്ദണ്ഡദൈത്യദർപവിനാശിനി! = അത്യന്തം ശക്തിയുള്ള ബാഹുദണ്ഡങ്ങളോടുകൂടിയ അസുരന്മാരുടെ അഹങ്കാരത്തെ നിശ്ശേഷം നശിപ്പിക്കുന്നവളേ!
ദേവി! = അല്ലയോ ദേവി!

അത്യന്തം ശക്തിയുള്ള ബാഹുദണ്ഡങ്ങളോടുകൂടിയ അസുരന്മാരുടെ അഹങ്കാരത്തെ നിശ്ശേഷം നശിപ്പിക്കുന്ന ദേവി! രൂപം......

൨൧. ദേവി! ഭക്തജനോദ്ദാമദത്താനന്ദോദയേംബികേ!
രൂപം......

ഭക്തജനോദ്ദാമദത്താനന്ദോദയേ = ഭക്തജനോദ്ദാമന്മാർക്കു ദാനംചെയ്യപ്പെടുന്ന ആനന്ദോദയത്തോടുകൂടിയവളേ!
ദേവി! അംബികേ! = ഹേ ദേവി അംബികേ!

ഭക്തജനോത്തമന്മാർക്കു മോക്ഷത്തെ കൊടുക്കുന്ന ദേവി! ലോകമാതാവേ! രൂപം......

ഗുപ്ത—ഭക്തജനോദ്ദാമന്മാർ= ഭക്തജനങ്ങളിൽവച്ചു ശ്രേഷ്ഠന്മാർ
അവർക്കു ദത്തമായ് = ദാനംചെയ്യപ്പെടുന്നതായ് ഇരിക്കുന്ന
ആനന്ദോദയത്തോട് = മോക്ഷത്തോടുകൂടിയവൾ.

൨൨. പത്നീം മനോരമാം ദേഹി മനോവൃത്താനുസാരിണീം
താരിണീം ദുർഗ്ഗസംസാരസാഗരസ്യ കുലോത്ഭവാം.

മനോവൃത്താനുസാരിണീം = മനോവൃത്തിയെ അനുസരിക്കുന്നവളായും
ദുൎഗ്ഗസംസാരസാഗരസ്യ താരിണീം = കരകേറാൻ പാടില്ലാത്ത സംസാരസമുദ്രത്തിങ്കൽനിന്നു കരകേറ്റുന്നവളായും
കുലോൽഭവാം = സൽകുലത്തിൽ ജനിച്ചവളായും
മനോരമാം = മനസ്സിനെ രമിപ്പിക്കുന്നവളായും (ഉള്ള)
പത്നീം ദേഹി = പത്നിയെ (ഭാൎയ്യയെ) തന്നാലും.

മനോവൃത്തിയെ അനുസരിക്കുന്നവളായും, കടക്കാൻപാടില്ലാത്ത സംസാരസമുദ്രത്തിൽനിന്നു കരകേറ്റുന്നവളായും, സൽകുലത്തിൽ ജനിച്ചവളായും, മനസ്സിനെ സന്തോഷിപ്പിക്കുന്നവളായും ഉള്ള ഭാൎയ്യയെ തന്നാലും.

ദുൎഗ്ഗ—താരിണീ = മാൎക്കണ്ഡേയപുരാണപ്രസിദ്ധയായ "മദാലസ"യാൽ പുത്രനും, വാസിഷ്ഠപ്രസിദ്ധയായ "ചൂഡാല"യാൽ ഭൎത്താവും കരകേറ്റപ്പെട്ടു. അവരോടു തുല്യ എന്നൎത്ഥം.

വ്യാ. ഇദം സ്തോത്രം പഠിത്വാ തു മഹാസ്തോത്രം പഠേന്നരഃ
സ തു സപ്തശതീസംഖ്യാവരമാപ്നോതി സംപദഃ.

നരഃ ഇദം സ്തോത്രം പഠിത്വാ = മനുഷ്യൻ ഈ സ്തോത്രത്തെ പാഠംചെയ്തിട്ടു്
മഹാസ്തോത്രം = ദേവീമാഹാത്മ്യത്തെ
പഠേൽ തു സ തു = പാരായണം ചെയ്യുന്നു എങ്കിൽ അവൻ
സപ്തശതീസംഖ്യാവരം = സപ്തശതീപാരായണംകൊണ്ടു് ഉണ്ടാകുന്ന പുണ്യത്തിനു് എത്രമാത്രം ഒരു പരിണാമമുണ്ടോ അത്രമാത്രം
സംപദഃ ആപ്നോതി = സമ്പത്തുകളെ പ്രാപിക്കുന്നു.

മനുഷ്യൻ ഈ അൎഗ്ഗളാസ്തോത്രത്തെ പാഠംചെയ്തിട്ടു് ദേവീമാഹാത്മ്യപാരായണംചെയ്യുന്നു എങ്കിൽ അവൻ സപ്തശതീപാരായണംകൊണ്ടുണ്ടാകുന്ന പുണ്യത്തിനു എത്രമാത്രം ഒരു പരിണാമമുണ്ടോ അവസാനമില്ലാത്ത അത്രമാത്രം സമ്പത്തുകളെ പ്രാപിക്കുന്നു.

ദുൎഗ്ഗാ—മഹാസ്തോത്രം = സപ്തശതീസ്തോത്രം.

ഇതുകൊണ്ടു് അൎഗ്ഗളാസ്തുതിക്കും സപ്തശത്ര്യംഗത്വം സ്ഥാപിക്കപ്പെട്ടു. യാവനൊരുത്തൻ ഇങ്ങനെ അൎഗ്ഗളാസ്തുതിയെ പഠിച്ചിട്ടു് സപ്തശതിയെ ജപിക്കുന്നുവോ അവൻതന്നെ സപ്തശതിയുടെ ജപസംഖ്യകൊണ്ടുണ്ടാകുന്ന ഫലത്തെ പ്രാപിക്കുന്നു. അത്രയും സമ്പത്തുകളേയും പ്രാപിക്കുന്നു. അന്യൻ പ്രാപിക്കുന്നില്ലാ എന്നൎത്ഥം. അതിനാൽ അവശ്യം അൎഗ്ഗളാസ്തോത്രം പാഠംചെയ്യേണ്ടതാണെന്നു താല്പൎയ്യം.

അൎഗ്ഗളാ = സാക്ഷാ (തഴുതു്)

സപ്തശതീപാരായണംകൊണ്ടുണ്ടാകുന്ന സിദ്ധികൾക്കു് പ്രതിബന്ധങ്ങളായിരിക്കുന്ന പാപങ്ങൾ സാക്ഷാകൾക്കു് തുല്യങ്ങളാകകൊണ്ടു് ആ പാപങ്ങളെ നശിപ്പിക്കുന്ന സ്തോത്രത്തിനു (ലക്ഷണയാ) അൎഗ്ഗളാ എന്നു പേരിട്ടിരിക്കുന്നു.

അൎഗ്ഗളാസ്തോത്രം സമാപ്തം.

ശ്രീചണ്ഡികായൈ നമഃ.

---

൧൩. ദേവീകിലകം.

ഋഷിരുവാച:—

൧. വിശുദ്ധജ്ഞാനദേഹായ ത്രിവേദീദിവ്യചക്ഷുഷേ
ശ്രേയഃപ്രാപ്തിനിമിത്തായ നമഃ സോമാൎദ്ധധാരിണേ.

ഋഷി പറഞ്ഞു:—

വിശുദ്ധജ്ഞാനദേഹായ = നിൎവിഷയചൈതന്യദേഹനായി അദ്ധ്യയനസിദ്ധവേദാത്മശരീരമായി

ത്രിവേദീദിവ്യചക്ഷുഷേ = മൂന്നു വേദങ്ങളാകുന്ന ദിവ്യചക്ഷുസ്സുകളോടുകൂടിയവനായി: ഐഷ്ടികം, പാശുകം, സൌമികം എന്ന വേദികാത്രയമാകുന്ന കണ്ണുകളോടുകൂടിയതായി

ശ്രേയഃപ്രാപ്തിനിമിത്തായ = മോക്ഷപ്രാപ്തിക്കു കാരണഭൂതനായി: സ്വൎഗ്ഗപ്രാപ്തിക്കു കാരണമായി

സോമാൎദ്ധധാരിണേ നമഃ = ചന്ദ്രക്കലയെ ധരിക്കുന്നവനായി ഇരിക്കുന്ന പരമേശ്വരനായിക്കൊണ്ടു്—സോമരസം പ്രധാനമായുള്ളതായി ഇരിക്കുന്ന സോമയാഗത്തിനായിക്കൊണ്ടു്—നമസ്കാരം.

നിൎവിഷയചൈതന്യദേഹനായി, മൂന്നു വേദങ്ങളാകുന്ന ദിവ്യചക്ഷുസ്സുകളോടുകൂടിയവനായി മോക്ഷപ്രാപ്തിക്കു കാരണഭൂതനായി, ചന്ദ്രക്കലയെ ധരിക്കുന്നവനായിരിക്കുന്ന പരമേശ്വരനായിക്കൊണ്ടു നമസ്കാരം.

അദ്ധ്യയനസിദ്ധവേദാത്മശരീരമായി, ഐഷ്ടികം, പാശുകം സൌമികം എന്ന വേദികാത്രയമാകുന്ന മൂന്നു കണ്ണുകളോടുകൂടിയതായി, സ്വൎഗ്ഗപ്രാപ്തിക്കു കാരണമായി, സോമരസം പ്രധാനമായുള്ളതായി ഇരിക്കുന്ന സോമയാഗത്തിനായിക്കൊണ്ടു് നമസ്കാരം.

ഗ്രന്ഥ—ഈ ശ്ലോകം തക്കചരണമീമാംസാവാർത്തികത്തിലെ പ്രഥമശ്ലോകമാകുന്നു. ഇതു് (ശിവനും സോമയാഗത്തിനും) ശ്ലേഷയാകുന്നു.

വിശുദ്ധം	= നിർവിഷയകം—അദ്ധ്യയനസിദ്ധം
ജ്ഞാനം	= ചൈതന്യം —വേദാത്ഥം
ത്രിവേദി	= വേദത്രയം —ഐഷ്ടികാദി വേദികാത്രയം
ശ്രേയസ്സ്	= മോക്ഷം —സ്വഗ്ഗം
സോമാദ്ധം	= ചന്ദ്രക്കല —സോമരസം.

ഭഗ്ഗാ—അനന്തരം കീലകവിവരണം ഇതു് മാക്കണ്ഡേയമഹഷി ശിഷ്യന്മാക്കുപദേശിക്കുന്നതാണു്. ഈ സംവാദം തന്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ടു്.. മാക്കണ്ഡേയൻ കീലകത്തെ പറയുന്നതിനായി (വിശുദ്ധജ്ഞാനാദിശ്ലോകംകൊണ്ടു്) മംഗളത്തെ ആശംസിക്കുന്നു. ഈ ശ്ലോകം തക്കചരണമീമാംസാവാർത്തികത്തിലെ ആദ്യശ്ലോകമാണെന്നും, അനേകംപേർ ഇതിലും ഉപയോഗിക്കുന്നു എന്നും, ഇതു് ഋഷിപ്രോക്തമല്ലെന്നും ചിലർ പറയുന്നു. ഞാൻ പറയുന്നതു് ഇതിലെ ശ്ലോകംതന്നെ വാർത്തികകാരൻ മംഗളാശംസയ്ക്കായി എടുത്തു എന്നാണു്. എന്തുകൊണ്ടു് അങ്ങനെ വന്നുകൂടാ? ഒരു ഗ്രന്ഥത്തിലെ ശ്ലോകം മംഗളത്തിനായി മറ്റൊന്നിൽ എടുത്തുകൂടാ എന്നു് രാജാജ്ഞയില്ല. അതുകൊണ്ടു് വേറേ പുസ്തകങ്ങളിൽ പറഞ്ഞിരുന്നാലും ഈ ശ്ലോകം ആഷംതന്നെയാകുന്നു.

൨. സവ്മേതദ്വിജാനീയാന്മന്ത്രാണാമഭികീലകം

സവ്ം മന്ത്രാണാം	= എല്ലാ മന്ത്രങ്ങൾക്കും
അഭികീലകം	= സിദ്ധിപ്രതിബന്ധകശാപരൂപങ്ങളായിരിക്കുന്ന കീലങ്ങളെ നശിപ്പിക്കുന്ന
ഏതൽ വിജാനീയാൽ	= ഈ സപ്തശതീസ്തോത്രത്തെ ഉപാസിക്കണം.

എല്ലാ മന്ത്രങ്ങൾക്കും സിദ്ധിപ്രതിബന്ധങ്ങളായി, ശാപരൂപങ്ങളായി ഇരിക്കുന്ന കീലങ്ങളെ നശിപ്പിക്കുന്ന ഈ സപ്തശതീസ്തോത്രത്തെ ഉപാസിക്കണം.

ഭഗ്ഗാ—അഭികീലകം = മേൽ പറയാൻപോകുന്നതനുസരിച്ചു് സവ്മന്ത്രസിദ്ധിപ്രതിബന്ധകശാപരൂപങ്ങളായി ഇരിക്കുന്ന കീലങ്ങളെ നശിപ്പിക്കുന്നതു്.

വിജാനീയാൽ	= ഉപാസിച്ചാലും.

സോപി ക്ഷേമമവാപ്നോതി സതതം ജാപ്യതൽപരഃ
൩ സിദ്ധ്യന്ത്യുച്ചാടനാദീനി വസ്തൂനി സകലാന്യപി.

സതതം ജാപ്യതല്പരഃ	= എല്ലായ്പ്പോഴും ജപതല്പരനായ
സോപി ക്ഷേമം അവാപ്നോതി	= അവനും ക്ഷേമത്തെ പ്രാപിക്കുന്നു.
ഉച്ചാടനാദീനി	= ഉച്ചാടനാദികളും
സകലാനി വസ്തൂനി	= അലഭ്യങ്ങളായ സകലവസ്തുക്കളും
സിദ്ധ്യന്തി	= സിദ്ധിക്കുന്നു.

എല്ലായ്പ്പോഴും അന്യമന്ത്രജപതല്പരനായ അവനും ക്ഷേമത്തെ പ്രാപിക്കുന്നു. അവന് ഉച്ചാടനാദികളും അലഭ്യങ്ങളായ സകലവസ്തുക്കളും സിദ്ധിക്കുകയും ചെയ്യുന്നു.

ദുർഗ്ഗാ—സപ്തശതിപാരായണത്തിൽത്തന്നെ ആഗ്രഹത്തെ ജനിപ്പിക്കുന്നുവല്ലോ. എന്നാൽ അന്യമന്ത്രങ്ങളുടെ ഉപാസനകൊണ്ടു് ക്ഷേമമുണ്ടാകുകയില്ലേ? എന്നാണെങ്കിൽ ഉണ്ടാകുകതന്നെ ചെയ്യും. സപ്തശതീസ്തോത്രംകൂടാതെ സദാ അന്യമന്ത്രങ്ങളുടെ ജപരൂപമായ കർമ്മത്തിൽ അനവരതനിഷ്ഠയോടുകൂടിയവനും ക്ഷേമത്തെ പ്രാപിക്കുന്നു. അവന് ഉച്ചാടനാദികർമ്മങ്ങൾ സിദ്ധിക്കുകയും അതുപോലെ അലഭ്യങ്ങളായ എല്ലാവസ്തുക്കളും ലഭിക്കുകയും ചെയ്യുന്നു.

ഏതേന സ്തുവതാം ദേവീ സ്തോത്രമാത്രേണ സിദ്ധ്യതി.

ഏതേന സ്തോത്രമാത്രേണ	= ഈ സ്തോത്രംകൊണ്ടുമാത്രം
സ്തുവതാം	= സ്തുതിക്കുന്നവർക്കു്
ദേവീ സിദ്ധ്യതി	= ഭഗവതി പ്രസാദിക്കുന്നു.

ഈ സപ്തശതീസ്തോത്രംകൊണ്ടുമാത്രം സ്തുതിക്കുന്നവർക്കു് ദേവി പ്രസാദിക്കുന്നു.

ദുർഗ്ഗാ—ഇങ്ങനെ സപ്തശതീപാഠരഹിതന്മാരായ പുരുഷന്മാർക്കു് കേവലമന്ത്രജപംകൊണ്ടു് സിദ്ധിയെ പറഞ്ഞിട്ടു് മന്ത്രജപരഹിതന്മാരായിരിക്കുന്ന പുരുഷന്മാർക്കും കേവലസപ്തശതീപാഠംകൊണ്ടും സർവസിദ്ധികളുമുണ്ടാകുമെന്നു് ഉപദേശിക്കുന്നു. ഈ പ്രകൃതസ്തോത്രമായ സപ്തശതികൊണ്ടുമാത്രം സ്തുതിക്കുന്നവർക്കും സച്ചിദാനന്ദരൂപിണിയായ ദേവി പ്രസാദിക്കുന്നു.

൪. ന മന്ത്രോനൗഷധം തത്ര ന കിഞ്ചിദപി വിദ്യതേ
വിനാ ജാപ്യേന സിദ്ധ്യേത സർവമുച്ചാടനാദികം

൫. സമഗ്രാണ്യപി സിദ്ധ്യന്തി..................

തത്ര മന്ത്രഃ ഔഷധം	= ആ പുരുഷനു് മന്ത്രവും ഔഷധവും
ന കിഞ്ചിദപി ന വിദ്യതേ	= മററുയാതൊന്നും അറിയപ്പെടുന്നില്ല.
ജാപ്യേന വിനാ	= അന്യമന്ത്രജപംകൂടാതെ
ഉച്ചാടനാദികം സർവം	= ഉച്ചാടനാദികളായ എല്ലാകാര്യങ്ങളും

സിദ്ധ്യേത	= സിദ്ധിക്കും.
സമഗ്രാണ്യപി	=സമ്പൂർണ്ണങ്ങളായഅഭിലാഷങ്ങളെല്ലാം
സിദ്ധ്യന്തി	= സിദ്ധിക്കുന്നു.

ഈ സപ്തശതിസ്തോത്രംമാത്രം പാഠംചെയ്യുന്നവനു് മന്ത്രവും ഔഷധവും മററുയാതൊന്നും കാര്യസിദ്ധിക്കായി ഉപയോഗപ്പെടുന്നില്ല. അവനു് അന്യമന്ത്രജപംകൂടാതെ ഉച്ചാടനാദികാര്യങ്ങളെല്ലാം സാധിക്കുകയും സമ്പൂർണ്ണങ്ങളായ അഭിലാഷങ്ങളെല്ലാം സിദ്ധിക്കുകയും ചെയ്യുന്നു.

ഗുപ്ത—അതുകൊണ്ടു് ലഘൂപായമായ ഈ സപ്തശതിയെ വിട്ടു് പ്രയാസസാധ്യങ്ങളായിരിക്കുന്ന മററു സകലവിദ്യകൾക്കും വൈയർത്ഥ്യംതന്നെ എന്നു പറയുന്നു.

ന വിദ്യതേ = അറിയപ്പെടുന്നില്ല; അതായതു് ജനങ്ങൾ മന്ത്രാദികളെ അനാദരിച്ചു തള്ളിക്കളഞ്ഞു എന്നർത്ഥം.

ദുർഗ്ഗാ—സപ്തശതീപാഠകനു് അന്യമന്ത്രാദികൾ ഉപയോഗമില്ലെന്നു പറയുന്നു. ആ പുരുഷനു് കാര്യസിദ്ധിക്കു് മന്ത്രവും ഔഷധവും യോഗസിദ്ധ്യാദിരൂപമായ മററുയാതൊന്നും ഉപയോഗത്തിനായി ഭവിക്കുന്നില്ല. എന്നുമാത്രവുമല്ല അന്യമന്ത്രജപംകൂടാതെ കേവലസപ്തശതീപാഠമാത്രംകൊണ്ടു് ഉച്ചാടനാദിയായിരിക്കുന്ന ആഭിചാരകർമ്മങ്ങളും സമഗ്രങ്ങളായ അഭിലാഷങ്ങളും സാധ്യമാകുന്നു.

ഏതാവൽപര്യന്തം കേവലസപ്തശത്യുപാസനകൊണ്ടും അതുപോലെതന്നെ സപ്തശതിയല്ലാതെയുള്ള അന്യമന്ത്രോപാസനകൾകൊണ്ടും സർവ്വമംഗളങ്ങളും സിദ്ധിക്കുമെന്നു രണ്ടഭിപ്രായങ്ങൾ പറയപ്പെട്ടു.

൫. .... ലോകശങ്കാമിമാം ഹരഃ
കൃത്വാ നിമന്ത്രയാമാസ സർവ്വമേവമിദം ശുഭം.

ഹരഃ	= പരമേശ്വരൻ
ഇമാം ലോകശങ്കാം	= ഈ പക്ഷദ്വയരൂപമായ ജനശങ്കയെ
കൃത്വാ	= വിചാരിച്ചിട്ടു്
ഏവം	= ഇങ്ങനെ കീലകത്തെ നിർമ്മിച്ചിട്ടു്
ഇദം സർവ്വം	= ഈ അന്യമന്ത്രങ്ങളെ എല്ലാം
ശുഭം നിമന്ത്രയാമാസ	= സാർത്ഥകങ്ങളാക്കി നിമന്ത്രിച്ചു.

സപ്തശത്യുപാസനകൊണ്ടും അന്യമന്ത്രോപാസനകൊണ്ടും സർവ്വമംഗളങ്ങളും സിദ്ധിക്കും എന്ന പക്ഷദ്വയത്തെക്കുറിച്ചുള്ള ജനങ്ങളുടെ ശങ്കയെ നിരാകരിക്കുന്നതിനായി പരമേശ്വരൻ കീലകത്തെ

നിർമ്മിച്ചിട്ടു് ഇങ്ങനെ അന്യമന്ത്രസമൂഹങ്ങളും സാൎത്ഥകങ്ങളായി എന്നു വിചാരിച്ചു.

ഗുപ്ത—ജനങ്ങൾ സപ്തശതീപാഠമാത്രംകൊണ്ടു കൃതാൎത്ഥന്മാരായിട്ടു് ധൎമ്മാൎത്ഥകാമമോക്ഷശാസ്ത്രങ്ങളേയും മന്ത്രങ്ങളേയും എല്ലാം ഉപേക്ഷിച്ചു. അതുകൊണ്ടവയ്ക്കുണ്ടായ വ്യൎത്ഥതയെക്കുറിച്ചു പരമേശ്വരൻ വിചാരിച്ചിട്ടു് അവ സഫലങ്ങളായിത്തീരുന്നതിനുവേണ്ടി സപ്തശതീജപംകൊണ്ടുണ്ടാകുന്ന സിദ്ധികൾക്കു പ്രതിബന്ധകമായി ഇങ്ങനെ കീലകത്തെ നിൎമ്മിച്ചു. ഇതാകുന്നു മേൽപ്പറഞ്ഞ നാലു ശ്ലോകങ്ങളുടെ താല്പൎയ്യം.

൬. സ്തോത്രം വൈ ചണ്ഡികായാസ്തു തച്ച ഗുഹ്യം ചകാര സഃ
സമാപ്തിൎന്ന ച പുണ്യസ്യ താം യഥാവന്നിയന്ത്രണാം.

സഃ	= അവൻ
ചണ്ഡികായാഃ തു	= ചണ്ഡികയുടെ
തൽ സ്തോത്രം വൈ	= ആ സ്തോത്രത്തെ ആകട്ടെ
ഗുഹ്യം	= രഹസ്യ(അപ്രചരദവസ്ഥ)മാക്കിയും
പുണ്യസ്യ	= സപ്തശതീപാരായണപുണ്യത്തിനു്
സമാപ്തിഃ ന ച	= അവസാനം ഇല്ല (അതുകൊണ്ടു്)
താം	= അതിനെ (ആ പാരായണക്രമത്തെ)
യഥാവൽ	= വേണ്ടതുപോലെ
നിയന്ത്രണാം ചകാര	= ഗൂഢോപായമാക്കിയും ചെയ്തു.

പരമേശ്വരൻ സപ്തശതീസ്തോത്രത്തെ രഹസ്യമാക്കിയും അതിന്റെ പാരായണപുണ്യത്തിനു് അവസാനമില്ലാത്തതുകൊണ്ടു് ആ പാരായണക്രമത്തെ ഗൂഢോപായമാക്കിയും ചെയ്തു.

ഗുപ്ത—പരമശിവൻ ചണ്ഡികാസ്തോത്രത്തെ പ്രചാരത്തോടു കൂടാത്തതാക്കിച്ചെയ്തു. അല്പപ്രചാരംകൊണ്ടും അനന്തംഫലമുണ്ടാകുന്നതുനിമിത്തം പാരായണക്രമത്തെ ഗൂഢോപായമാക്കിയും ചെയ്തു.

ഭാസ്കാ—അനന്തരം ചണ്ഡീസ്തവത്തെ അതിരഹസ്യമാക്കിച്ചെയ്തു. മുൻപറഞ്ഞ അന്യമന്ത്രജപങ്ങളെ അപേക്ഷിച്ചു് സപ്തശതിയെത്തന്നെ സാരഭൂതമാക്കിച്ചെയ്തു എന്നു താല്പൎയ്യം.

ഇങ്ങനെ മാൎക്കണ്ഡേയൻ ശിഷ്യന്മാരോടു തന്ത്രോക്തമായ പൂൎവ്വവൃത്തത്തെ പറഞ്ഞിട്ടു് സപ്തശതീമാഹാത്മ്യത്തെ പറയുന്നതിനായി പരമശിവാഭിപ്രായത്തെ ഇങ്ങനെ വിവരിക്കുന്നു: "അന്യമന്ത്രങ്ങളുടെ ജപംകൊണ്ടുണ്ടാകുന്ന ഫലത്തിനു് ഒരു അതിൎത്തിയുണ്ടു്. സപ്തശതീജപംകൊണ്ടുണ്ടാകുന്ന പുണ്യത്തിനാകട്ടെ ഒരിക്കലും അവസാനമില്ലാ. അതുകൊണ്ടു് അതിനെ ഇങ്ങനെ കീലകംകൊണ്ടു് ഒന്നു നിയന്ത്രി

ക്കണം." ഈ നിയന്ത്രണാസ്വഭാവത്തെ നിങ്ങൾ നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടതാകുന്നു.

൭. സോപി ക്ഷേമമവാപ്നോതി സർവമേവ ന സംശയഃ

സഃ അപി	= അവനും
സർവം ക്ഷേമം ഏവ	= സർവക്ഷേമത്തേയും
അവാപ്നോതി	= പ്രാപിക്കുന്നു
ന സംശയഃ	= സംശയമില്ല.

ആ ഗൂഢോപായത്തെ അറിഞ്ഞു് സപ്തശതിപാരായണംചെയ്യുന്നവനും സർവക്ഷേമത്തേയും—ആ മുഴവൻ പുണ്യത്തേയും—പ്രാപിക്കുന്നു. സംശയമില്ല.

ഗുപ്ത—ഇങ്ങനെ എല്ലാം പറഞ്ഞതുകൊണ്ടു് സപ്തശതികൊണ്ടുണ്ടാകുന്ന സിദ്ധികൾക്കു് ഒരിക്കലും ന്യൂനതയുണ്ടെന്നു വിചാരിക്കരുതു്. ഗുരുമുഖത്തിൽനിന്നു് അപ്രകാരമുള്ള കീലകോപായത്തെ അറിഞ്ഞു് അതുപോലെ അനുഷ്ഠിക്കുന്നവനു് മുൻപറഞ്ഞപോലെ അന്യവിദ്യകളെ അപേക്ഷിക്കാതെതന്നെ സർവസിദ്ധികളും ഉണ്ടാകുന്നതാകുന്നു.

ദുർഗ്ഗാ—അന്യവിദ്യകളെ ഉപാസിക്കുന്നവനും സപ്തശതീസ്തോത്രത്തോടുകൂടിയാണെങ്കിൽ സർവക്ഷേമത്തേയും പ്രാപിക്കുന്നു. അതുകൊണ്ടു് സകലജനങ്ങളും ഈ സപ്തശതിയെത്തന്നെ ആദരിക്കേണ്ടതാണു്. അന്യമന്ത്രങ്ങളെ ഉപാസിക്കുന്നതു് കീലകാംഗഭൂതമായ സപ്തശതിയോടുംകൂടിയാണെങ്കിൽ അതു് അതാതുമന്ത്രങ്ങളുടെ സിദ്ധിപ്രതിബന്ധങ്ങളെ നശിപ്പിക്കുന്നതാകകൊണ്ടു പൂർണ്ണഫലവും സിദ്ധിക്കുന്നു. കീലകാംഗസഹിതമായ സപ്തശതി സർവമന്ത്രസിദ്ധിപ്രതിബന്ധനാശകമാകുന്നു. അതുകൊണ്ടാകുന്നു ഇതിലെ രണ്ടാംശ്ലോകത്തിൽ ഇതു് അഭികീലകമാണെന്നു പറഞ്ഞതു്. അഭികീലകം എന്നതു് സിദ്ധികൾക്കു പ്രതിബന്ധത്തെ ചെയ്യുന്ന ഒരു ദോഷമാകുന്നു. ആ ദോഷത്തെ നശിപ്പിക്കുന്നതുകൊണ്ടു് (ലക്ഷണയാ) ഇതിനും അഭികീലകം എന്നു പേരിട്ടിരിക്കുന്നു.

എന്നാൽ സപ്തശതിക്കും നവാക്ഷരീജപാപേക്ഷയുണ്ടല്ലോ എന്നാണെങ്കിൽ അതു ശീഘ്രഫലസിദ്ധിക്കാകുന്നു. അതുകൂടാതെയും സപ്തശതിക്കു ഫലമില്ലെന്നില്ല. സപ്തശതികൂടാതെ അന്യമന്ത്രങ്ങൾക്കു സിദ്ധിക്കുള്ള പ്രതിബന്ധത്തെ നശിപ്പിക്കുന്നതിനുള്ള ശക്തി ഇല്ലാത്തതുനിമിത്തം അവയ്ക്കു പൂർണ്ണഫലമുണ്ടാകുന്നില്ല.

കൃഷ്ണായാം വാ ചതുർദ്ദശ്യാമഷ്ടമ്യാം വാ സമാഹിതഃ
൮. ദദാതി പ്രതിഗൃഹ്ണാതി നാന്യഥൈഷാ പ്രസീദതി.

കൃഷ്ണായാം അഷ്ടമ്യാം = കൃഷ്ണാഷ്ടമിയിലോ
ചതുൎദ്ദശ്യാം വാ = കൃഷ്ണചതുൎദ്ദശിയിലോ
സമാഹിതഃ = ഏകാഗ്രമനസ്സോടുകൂടി
ദദാതി പ്രതിഗൃഹ്ണാതി=ദാനപ്രതിഗ്രഹരൂപമായ കൎമ്മവിധിയെ അനുഷ്ഠിക്കണം
അന്യഥാ ഏഷാ = അല്ലെങ്കിൽ ഈ സപ്തശതീദേവി
ന പ്രസീദതി = പ്രസാദിക്കുന്നില്ല.

കൃഷ്ണപക്ഷത്തിലെ അഷ്ടമിയിലോ ചതുൎദ്ദശിയിലോ ഏകാഗ്രമനസ്സോടുകൂടി ദാനപ്രതിഗ്രഹരൂപമായ കൎമ്മവിധിയെ അനുഷ്ഠിക്കണം. അല്ലെങ്കിൽ ഈ സപ്തശതീദേവി പ്രസാദിക്കുന്നില്ലാ.

ഇത്ഥം രൂപേണ കീലേന മഹാദേവേന കീലിതം.

൯. യോ നിഷ്കീലാം വിധായൈനാം നിത്യം ജപതി സംസ്ഫുടം
സ സിദ്ധഃ സ ഗണഃ സോപി ഗന്ധൎവ്വോ ജായതേ ഽവനേ.

ഇത്ഥം രൂപേണ കീലേന = മേല്പറഞ്ഞതുപോലെ ഒരാണികൊണ്ടു്
മഹാദേവേന = ശ്രീപരമേശ്വരനാൽ
കീലിതം = അടിച്ചുറപ്പിക്കപ്പെട്ടു.
യഃ യേഷാം = യാവനൊരുത്തൻ ഈ സപ്തശതിയെ
നിഷ്കീലാം വിധായ = (ദാനപ്രതിഗ്രഹാഖ്യകൎമ്മംകൊണ്ടു്) ആ ആണിയോടുകൂടാത്തതാക്കി ചെയ്തിട്ടു്
നിത്യസംസ്ഫുടം ജപതി = ദിവസവും വ്യക്തമായിട്ടു് ജപിക്കുന്നുവോ
സഃ സിദ്ധഃ = അവൻ സിദ്ധനായും
സഃ ഗണഃ = അവൻ ദേവിയുടെ ഗണമായും
സഃ അവനേ = അവൻ രക്ഷണത്തിൽ
ഗന്ധൎവ്വഃ അപി ജായതേ = ഗന്ധൎവ്വനായും ഭവിക്കുന്നു.

മേല്പറഞ്ഞതുപോലെ ഒരാണികൊണ്ടു് ശ്രീപരമേശ്വരനാൽ അടിച്ചുറപ്പിക്കപ്പെട്ടു. യാവനൊരുത്തൻ ഈ സപ്തശതിയെ ദാനപ്രതിഗ്രഹാഖ്യകൎമ്മംകൊണ്ടു് ആ ആണിയോടുകൂടാത്തതാക്കിച്ചെയ്തിട്ടു് ദിവസവും വ്യക്തമായി ജപിക്കുന്നുവോ അവൻ സിദ്ധനായും ദേവിയുടെ പരിവാരമായും രക്ഷണത്തിൽ ഗന്ധൎവ്വനായും ഭവിക്കുന്നു.

ഒറ്റ—അല്ലയോ ശിഷ്യന്മാരേ! ഈ സ്തോത്രം എല്ലാവൎക്കും അചിന്ത്യഫലപ്രദമായിത്തീൎന്നതുകൊണ്ടു് സകലജനങ്ങളും സ്വേശ്വരന്മാരായി ഭവിക്കുമെന്നറിഞ്ഞു് ശ്രീമഹാദേവൻ ഇങ്ങനെ കീലകരൂപമായ ഒരാണി വെച്ചതാകുന്നു. ഉപാസകൻ കൃഷ്ണാഷ്ടമിയിലോ ചതുൎദ്ദശിയിലോ ഏകാഗ്രഹൃദയനായിട്ടു് ന്യായാൎജ്ജിതമായ തന്റെ ധനം മുഴുവനും “അല്ലയോ ദേവി! ഇപ്പോൾമുതൽ എന്റെ ധനം മുഴുവനും

നിന്തിരുവടിക്കു ദത്തമായി" എന്നു സമപ്പിക്കണം. "നിന്റെ കാല ക്ഷേപത്തിന് എന്റെ പ്രസാദമായി ഈ ദ്രവ്യത്തെ ഗ്രഹിച്ചാലും" എന്ന ദേവ്യാജ്ഞയെ മനസ്സുകൊണ്ടു ഗ്രഹിച്ച് ആ ദ്രവ്യത്തെ പ്രതിഗ്രഹിക്കണം. അതിനെ ധമ്മശാസ്ത്രപ്രകാരം വിനിയോഗിച്ചു സദാ ദേവ്യധീനനായി ഭവിക്കണം. അങ്ങനെയുള്ളവന്ന് ഈ സപ്തശതി ദേവി പ്രസാദിക്കും; അല്ലാത്തവനു പ്രസാദിക്കുകയില്ലാ. ഇതിന്റെ രീതി ഗുരുകീലകപടലത്തിൽ വിസ്തരിക്കുന്നുണ്ട്.

ഗന്ധവ്വൻ = "തസ്യാസീൽ ദുഹിതാ ഗന്ധവ്വഗൃഹീതാ" എന്നു ശ്രുതിയിൽ പറയുന്ന ദേവതാവിശേഷമാണ്. അവൻ സവ്വജഗദ്രക്ഷണസമത്ഥനാകുന്നു.

൧൦. നചൈവാപ്യടതസ്തസ്യ ഭയം ക്വാപീഹ ജായതേ
നാപമൃത്യുവശം യാതി മൃതോ മോക്ഷമവാപ്നുയാൽ.

അടതഃ തസ്യ	= സഞ്ചരിക്കുന്ന അവന്ന്
ഇഹ ക്വ അപി	= ഇഹലോകത്തിൽ ഒരുദിക്കിലും
ഭയം ന ജായതേ ഏവ ച	= ഭയം ഉണ്ടാകുന്നില്ല; നിശ്ചയം.
അപമൃത്യുവശം ന യാതി	= അപമൃത്യുവിന്നധീനനായിപ്പോകുകയില്ല
മൃതഃ	= മരിച്ചാൽ
മോക്ഷം അവാപ്നുയാൽ	= മോക്ഷത്തെ പ്രാപിക്കും.

വിധിയാകുംവണ്ണം സപ്തശതിയെ പാഠംചെയ്യുന്നവൻ ഇഹലോകത്തിൽ എവിടെല്ലാം സഞ്ചരിച്ചാലും അവന്ന് ഒരു ദിക്കിൽ നിന്നും ഭയം ഉണ്ടാകുന്നില്ല. അവൻ അപമൃത്യുവിന്നധീനനായിത്തീരുകയില്ല. മരിച്ചാൽ മോക്ഷത്തെ പ്രാപിക്കും.

൧൧. ജ്ഞാത്വാ പ്രാരഭ്യ കുവ്വീത ഹ്യകുവ്വാണോ വിനശ്യതി
തതോ ജ്ഞാത്വൈവ സമ്പന്നമിദം പ്രാരഭ്യതേ ബുധൈഃ

ജ്ഞാത്വാ	= അറിഞ്ഞിട്ട്
പ്രാരഭ്യ കുവ്വീത	= പാരായണമാരംഭിച്ചു നടത്തണം
അകുവ്വാണഃ	= (അങ്ങനെ) ചെയ്യാത്തവൻ
വിനശ്യതി ഹി	= സിദ്ധിയെ പ്രാപിക്കുന്നില്ല നിശ്ചയം
തതഃ	= അതുകൊണ്ട്
ബുധൈഃ	= വിദ്വാന്മാരാൽ
ജ്ഞാത്വാ ഏവ	= (പാരായണക്രമത്തെ) അറിഞ്ഞിട്ടുതന്നെ
ഇദം	= ഇതിനെ
സമ്പന്നം പ്രാരഭ്യതേ	= നിശ്ശേഷമാക്കി ആരംഭിക്കപ്പെടുന്നു.

കീലകസമ്പ്രദായത്തെ അറിഞ്ഞു് അതിന്റെ പരിഹാരത്തെ ചെയ്തു് പാഠം ആരംഭിക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യാത്തവനു

സിദ്ധിയുണ്ടാകുകയില്ല. അതുകൊണ്ടു് വിദ്വാന്മാർ ഇതിന്റെ പാഠക്രമത്തെ അറിഞ്ഞു് ഇതിനെ നിർദ്ദോഷമാക്കിത്തന്നെ ആരംഭിക്കുന്നു.

ടീക്കാ—ഇങ്ങനെയുള്ള കീലകത്തെ അറിയാതെ പാഠംചെയ്യുന്നവനുള്ള ദോഷത്തെ പറയുന്നു.

മുൻപറഞ്ഞ കീലകത്തെ അറിഞ്ഞിട്ടു് അതിന്റെ പരിഹാരത്തെ ചെയ്തു പാഠമാരംഭിക്കണം. അങ്ങനെ പരിഹാരംചെയ്യാത്തവൻ സിദ്ധിയെ പ്രാപിക്കുന്നില്ല. അതുകൊണ്ടു് ബുധന്മാർ കീലകത്തെ അറിഞ്ഞു് ദാനപ്രതിഗ്രഹാഖ്യകർമ്മംകൊണ്ടു് ഇതിനെ നിർദ്ദോഷമാക്കിത്തന്നെ പാഠമാരംഭിക്കുന്നു. കീലകജ്ഞാനം അത്യാവശ്യമാകകൊണ്ടാണു് വിനശ്യതി എന്നു പറഞ്ഞതു്.

൧൨. സൗഭാഗ്യാദി ച യൽ കിഞ്ചിൽ ദൃശ്യതേ ലലനാജനേ
തൽ സർവം തൽപ്രസാദേന തേന ജാപ്യമിദം ശുഭം.

ലലനാജനേ	= സ്ത്രീജനങ്ങളിൽ
സൗഭാഗ്യാദി ച	= സൗന്ദര്യം മുതലായ
യൽ കിഞ്ചിൽ	= യാവചില അല്പഗുണങ്ങൾ
ദൃശ്യതേ	= കാണപ്പെടുന്നുവോ
തൽ സർവം തൽപ്രസാദേന	= അതെല്ലാംദേവീപ്രസാദംകൊണ്ടാകുന്നു.
തേന	= അതുകൊണ്ടു്
ശുഭം ഇദം	= മംഗളമായ ഈ സ്തോത്രം
ജാപ്യം	= ജപിക്കപ്പെടേണ്ടതാകുന്നു.

പാരായണക്രമമറിവില്ലാത്ത സ്ത്രീജനങ്ങളിൽപ്പോലും സൗന്ദര്യം മുതലായ യാവചില അല്പഗുണങ്ങൾ കാണുന്നുവോ അതെല്ലാം ദേവീപ്രസാദംകൊണ്ടുതന്നെയാകുന്നു. അതുകൊണ്ടു് മംഗളമായ ഈ സ്തോത്രം വിധിപ്രകാരമോ വിധിയോടുകൂടാതെയോ ജപിക്കേണ്ടതുതന്നെയാകുന്നു.

ടീക്കാ—ഏതുവിധത്തിലും സപ്തശതി പാരായണഞ്ചെയ്യാമെന്നു് പ്രമാണാന്തരങ്ങൾ അനുവദിക്കുന്നതുകൊണ്ടു് വിധിയോടുകൂടിയോ കൂടാതെയോ ആയാലും ഇതു പാഠഞ്ചെയ്യേണ്ടതുതന്നെയാകുന്നു.

൧൩. ശനൈസ്തു ജപ്യമാനേഽസ്മിൻ സ്തോത്രേ സമ്പത്തിരുച്ചകൈഃ
ഭവത്യേവ സമഗ്രാപി തതഃ പ്രാരഭ്യമേവ തൽ.

അസ്മിൻ സ്തോത്രേ	= ഈ സപ്തശതീസ്തോത്രം
ശനൈഃ തു ജപ്യമാനേ	= പതുക്കെ ജപിച്ചാൽ
സമ്പത്തിഃ	= ഐശ്വര്യമുണ്ടാകും;
ഉച്ചകൈഃ	= ഉറച്ചുജപിച്ചാൽ
സമഗ്രാപി	= സമ്പൂർണ്ണങ്ങളായഐശ്വര്യങ്ങളും

ഭവതി ഏവ	= ഉണ്ടാകുന്നു; നിശ്ചയം.
തതഃ തൽ	= അതുകൊണ്ടു് അതു്
പ്രാരഭ്യമേവ	= ഉച്ചത്തിൽത്തന്നെ പാരായണം ചെയ്യേണ്ടതാകുന്നു.

ഈ സപ്തശതീസ്തോത്രം പതുക്കെ ജപിച്ചാൽ ഐശ്വര്യമുണ്ടാകും. ഉറക്കെ ജപിച്ചാൽ സമ്പൂർണ്ണങ്ങളായ ഐശ്വര്യങ്ങളും ഉണ്ടാകും; നിശ്ചയം. അതുകൊണ്ടു് അതിനെ ഉച്ചത്തിൽത്തന്നെ പാരായണം ചെയ്യേണ്ടതാകുന്നു.

ദൃഷ്ടാ—തന്റെ ചെവികൾക്കുമാത്രം കേൾക്കത്തക്കവണ്ണം ജപിച്ചാൽ അല്പസമ്പത്തുണ്ടാകും ഉച്ചത്തിൽ പാരായണംചെയ്താൽ സമ്പൂർണ്ണൈശ്വര്യമുണ്ടാകും; നിശ്ചയം. അതുകൊണ്ടു് ഉച്ചത്തിൽ തന്നെ പാരായണംചെയ്യേണ്ടതാകുന്നു.

ശ്ലോ. ഐശ്വര്യം യൽപ്രസാദേന സൗഭാഗ്യാരോഗ്യസമ്പദഃ
ശത്രുഹാനിഃ പരോ മോക്ഷഃ സ്തൂയതേ സാ ന കിം ജനൈഃ

യൽ പ്രസാദേന	= യാതൊരുദേവിയുടെ പ്രസാദംകൊണ്ടു്
ഐശ്വര്യം സൗഭാഗ്യാരോഗ്യസമ്പദഃ	= ഐശ്വര്യവും സൗഭാഗ്യം ആരോഗ്യം സമ്പത്തുകൾ ഇവയും
ശത്രുഹാനിഃ	= ശത്രുനാശവും
പരോ മോക്ഷഃ	= ഉൽകൃഷ്ടമായ മോക്ഷവുമുണ്ടാകുന്നുവോ
സാ ജനൈഃ	= ആ ദേവി ജനങ്ങളാൽ
കിം ന സ്തൂയതേ	= എന്തുകൊണ്ടു് സ്തുതിക്കപ്പെടുന്നില്ലാ?

യാതൊരു ദേവിയുടെ പ്രസാദംകൊണ്ടു് ഐശ്വര്യം, സൗഭാഗ്യം, ആരോഗ്യം, സമ്പത്തു്, ശത്രുനാശം, സർവ്വോത്തമമായ മോക്ഷം ഇവ ഉണ്ടാകുന്നുവോ ആ ദേവി ജനങ്ങളാൽ എന്തുകൊണ്ടു് സ്തുതിക്കപ്പെടുന്നില്ലാ?

ദൃഷ്ടാ—മാർക്കണ്ഡേയമഹർഷി കീലകവിധിയെ പൂർണ്ണമാക്കീട്ടു് ജനങ്ങളോടു് ഇങ്ങനെ നിലവിളിച്ചു പറയുന്നു:—

"അല്ലയോ ഭാഗ്യമില്ലാത്തജനങ്ങളേ! നിങ്ങൾ മംഗളത്തിനായിക്കൊണ്ടു് കാമധേനുവായിരിക്കുന്ന ഭഗവതിയാകുന്ന ദൃഷ്ടിഗോചരമായ ചിന്താമണിയെ ഉപേക്ഷിച്ചിട്ടു് അന്യദേവ[illegible]രൂപമായ ചായക്കല്ലിനെ എന്തിനു സ്വീകരിക്കുന്നു?"

ഉപ—ധൃതിപ്പെട്ടും മനസ്സുകൊണ്ടും ജപിക്കരുതു്. സ്വസ്ഥാനത്തിൽ വാചികമായി സ്പഷ്ടമായി ജപിക്കണം.

ദേവീകീലകം സമാപ്തം.

ശ്രീമഹാദേവ്യൈ നമഃ

———

൧൪. ഗുരുകീലകം.

ശിവ ഉവാച:—

൧. പുരാ സനൽകുമാരായ ദത്തമേതന്മയാഽനഘ!
സംവർത്തായ ദദൌ തച്ച സ ചാഽന്യസ്മൈ ദദൌ ച തൽ.

ശിവൻ പറഞ്ഞു:—

അനഘ!	= അല്ലയോ പാപഹീന!
ഏതൽ	= ഈ കീലകസ്തോത്രം
പുരാ മയാ	= പണ്ടു് എന്നാൽ
സനൽകുമാരായ ദത്തം	= സനൽകുമാരനായി കൊടുക്കപ്പെട്ടു.
സഃ തൽ ച	= അവൻ അതിനെ
സംവർത്തായ ദദൌ	= സംവർത്തനായി കൊടുത്തു.
സഃ ച	= അവനും
അന്യസ്മൈ ദദൌ ച	= മറെറാരുവന്നു് ദാനംചെയ്യുകയും ചെയ്തു.

അല്ലയോ പാപഹീന! ഈ കീലകസ്തോത്രം പണ്ടു് എന്നാൽ സനൽക്കുമാരനായി കൊടുക്കപ്പെട്ടു. സനൽകുമാരൻ അതിനെ സംവർത്തനായി കൊടുത്തു. അവൻ അതിനെ മറെറാരുത്തന്നു കൊടുത്തു.

൨. സർവ്വത്ര ചണ്ഡീസ്തോത്രസ്യ പ്രാചുര്യേണ മഹീതലേ
ബ്രഹ്മകാണ്ഡഃ കർമ്മകാണ്ഡസ്തന്ത്രകാണ്ഡശ്ച സർവ്വഥാ
൩. അഭൂൽ പ്രതിഹതോനേന ശീഘ്രസിദ്ധിപ്രദായിനാ.

മഹീതലേ സർവ്വത്ര	= ഭൂമണ്ഡലംമുഴുവനും
ചണ്ഡീസ്തോത്രസ്യ	= സപ്തശതിയുടെ
പ്രാചുര്യേണ	= പ്രചാരംകൊണ്ടു്
ബ്രഹ്മകാണ്ഡഃ കർമ്മകാണ്ഡഃ	= ബ്രഹ്മകാണ്ഡവും കർമ്മകാണ്ഡവും
തന്ത്രകാണ്ഡഃ ച സർവ്വഥാ	= തന്ത്രകാണ്ഡവും എല്ലാവിധത്തിലും
ശീഘ്രസിദ്ധിപ്രദായിനാ	= വേഗത്തിൽ സിദ്ധിയെക്കൊടുക്കുന്ന
അനേന	= സപ്തശതികൊണ്ടു്
പ്രതിഹതഃ അഭൂൽ	= നിഷ്പ്രയോജനമായി ഭവിച്ചു.

ഇങ്ങനെ ഭൂമിമുഴുവനും ശീഘ്രസിദ്ധിപ്രദമായ ചണ്ഡീസ്തോത്രത്തിൻെറ പ്രചാരംകൊണ്ടു് ബ്രഹ്മകാണ്ഡവും കർമ്മകാണ്ഡവും തന്ത്രകാണ്ഡവും എല്ലാവിധത്തിലും നിഷ്പ്രയോജനമായി ഭവിച്ചു.

തദാ തേഷാഞ്ച സാർത്ഥക്യം കർത്തുകാമേന ഭൂതലേ
൪. ദാനപ്രതിഗ്രഹാഭ്യേൻ മന്ത്രോയം കീലിതോ മയാ.

തദാ തേഷാം ച = അപ്പോൾ അവയ്ക്കം
ഭൂതലേ = ഭൂമിയിൽ
സാൎത്ഥക്യം = പ്രയോജനത്തെ
കൎത്തുകാമേന മയാ = ചെയ്യുന്നാമെന്നാഗ്രഹിക്കുന്നവനായ എന്നാൽ
അയം മന്ത്രഃ = ഈ സപ്തശതീസ്തോത്രം
ദാനപ്രതിഗ്രഹാഖ്യേന= ദാനപ്രതിഗ്രഹരൂപമായ
കീലിതഃ = ആണിവയ്ക്കപ്പെട്ടു.

അപ്പോൾ ഞാൻ ഭൂമിയിൽ അവയ്ക്ക് പ്രയോജനത്തെ ഉണ്ടാക്കണമെന്ന് വിചാരിച്ച് ദാനപ്രതിഗ്രഹരൂപമായ കീലകംകൊണ്ടു ഈ സ്തോത്രത്തിന്ന് ഒരാണിവച്ചു.

ദാനപ്രതിഗ്രഹാഖ്യം യൽ തൽ കീലകമുദാഹൃതം
൬. തദാരഭ്യ ച മന്ത്രോയം കീലകേനാസ കീലിതഃ
ന സൎവേഷാം ഭവേൽ സിദ്ധ്യൈ യേ കീലകപരാങ്മുഖാഃ.

ദാനപ്രതിഗ്രഹാഖ്യം = ദാനപ്രതിഗ്രഹം എന്നു പറയുന്നതു്
യൽ തൽ = യാതൊന്നോ അതു്
കീലകം ഉദാഹൃതം = കീലകം എന്നു് പറയപ്പെട്ടു.
തദാരഭ്യ അയം മന്ത്രഃ = അന്നുമുതൽ ഈ സപ്തശതീസ്തോത്രം
കീലകേന കീലിതം = ആണികൊണ്ടു് അടിച്ചുറപ്പിക്കപ്പെട്ടതായി
ആസ = ഭവിച്ചു
യേകീലകപരാങ്മുഖാഃ= യാവചിലർ കീലകപരാങ്മുഖന്മാരോ
(തേഷാം) സൎവേഷാം = അവൎക്കെല്ലാം
സിദ്ധ്യൈ ന ഭവേൽ = സിദ്ധിക്കായിക്കൊണ്ടു് ഭവിക്കുകയില്ലാ.

ദാനപ്രതിഗ്രഹാഖ്യമായ കൎമ്മത്തെയാണു് കീലകം എന്നു പറയപ്പെടുന്നതു്. അന്നുമുതൽ ഇതു് കീലകത്തോടുകൂടിയതായിട്ടു് കീലകപരാങ്മുഖന്മാൎക്കു് സിദ്ധിയെ കൊടുക്കാത്തതായി തീൎന്നു.

൭. യേ നരാഃ കീലകേനേമം ജപന്തി പരയാ മുദാ
തേഷാം ദേവീ പ്രസന്നാ സ്യാത്തതഃ സൎവാഃ സമൃദ്ധയഃ.

യേ നരാഃ = യാവചിലമനുഷ്യർ
ഇമം കീലകേന = ഈ സപ്തശതിയെ കീലകത്തോടുകൂടി
പരയാ മുദാ ജപന്തി = അതിപ്രീതിയായി ജപിക്കുന്നുവോ
തേഷാം = അവൎക്കു്
ദേവീ പ്രസന്നാ സ്യാൽ = ശ്രീദേവി പ്രസന്നയായി ഭവിക്കും.
തതഃ = അതുഹേതുവായിട്ടു്
സൎവാഃ സമൃദ്ധയഃ = സൎവസമൃദ്ധികളും (ഉണ്ടാകും)

യാവചിലർ ഇതിനെ കീലകത്തോട്ടുകൂടി അതിപ്രീതിയായി ജപിക്കുന്നുവോ അവക്ക്' ദേവി പ്രസന്നയായി ഭവിക്കും. അതുനിമി ത്തം സർവ്വസമൃദ്ധിയും ഉണ്ടാകുകയുംചെയ്യും.

൧. ത്വൽപ്രസൂതസ്ത്വദാജ്ഞപ്തസ്ത്വദ്ദാസസ്ത്വൽപരായണഃ
ത്വന്നാമചിന്തനപരസ്ത്വദർത്ഥേഹം നിയോജിതഃ.

ത്വൽപ്രസൂതഃ	=	നിന്തിരുവടിയാൽ പ്രസവിക്കപ്പെട്ടവനായി
ത്വദാജ്ഞപ്തഃ	=	നിന്തിരുവടിയാൽ ആജ്ഞാപിക്കപ്പെട്ടവനായി
ത്വദ്ദാസഃ	=	അവിട്ടത്തെ ദാസനായി
ത്വല്പരായണഃ	=	അവിട്ടുന്നുതന്നെ ആശ്രയമെന്ന് നിശ്ചയിച്ച വനായി
ത്വന്നാമചിന്ത നപരഃ	=	സദാ നിന്തിരുവടിയുടെ മന്ത്രങ്ങളെ ജപിക്കുന്ന വനായി (ഇരിക്കുന്ന)
അഹം	=	ഞാൻ
ത്വദർത്ഥേനിയോജിതഃ	=	നിന്തിരുവടിക്കായിസമർപ്പിക്കപ്പെട്ടിരിക്കുന്നു

നിന്തിരുവടിയാൽ പ്രസവിക്കപ്പെട്ടവനായി, നിന്തിരുവടിയാൽ ആജ്ഞാപിക്കപ്പെട്ടവനായി, അവിട്ടത്തെ ദാസനായി ദേവിതന്നെ ആശ്രയമെന്നു നിശ്ചയിച്ചവനായി, സദാ നിന്തിരുവടിയുടെ മന്ത്രങ്ങ ളെ ജപിക്കുന്നവനായിരിക്കുന്ന ഞാൻ നിന്തിരുവടിക്കായി സമർപ്പിക്ക പ്പെട്ടിരിക്കുന്നു.

൨. മയാർജ്ജിതമിദം സർവ്വം തവസ്വം പരമേശ്വരി!
രാഷ്ട്രം ബലം കോശഗൃഹം സൈന്യമന്യച്ച സാധനം.

൩. ത്വദധീനം കരിഷ്യാമി യത്രാർത്ഥേ ത്വം നിയോക്ഷ്യസി
തത്ര ദേവി! സദാ വർത്തേ തവാജ്ഞാമേവ പാലയൻ.

പരമേശ്വരി!	=	ഹേ പരമേശ്വരി!
മയാ ആർജ്ജിതം ഇദം സർവ്വം	=	എന്നാൽ സമ്പാദിക്കപ്പെട്ട ഇതെല്ലാം
തവസ്വം	=	നിന്തിരുവടിയുടെ സ്വത്താകുന്നു.
രാഷ്ട്രം ബലം	=	രാജ്യവും ബലവും
കോശഗൃഹം സൈന്യം	=	ഭണ്ഡാരവും സൈന്യവും
അന്യൽ സാധനം ച	=	മററു സകലസാധനങ്ങളും
ത്വദധീനം കരിഷ്യാമി	=	നിന്തിരുവടിക്കധീനമാക്കി ചെയ്യുന്നു.
ദേവി!	=	അല്ലയോ ദേവി!
ത്വം	=	നിന്തിരുവടി
യത്രാർത്ഥേ നിയോക്ഷ്യസി	=	ഏതുകാര്യത്തിൽ എന്നെ നിയോഗിക്കുന്നുവോ
തവാജ്ഞാം	=	അവിട്ടത്തെ ആജ്ഞയെ

പാലയൻ = പാലിച്ചുംകൊണ്ടു്
സദാ തത്ര ഏവ വൎത്തേ = എല്ലായ്പ്പോഴും അതിൽത്തന്നെ വൎത്തിക്കുന്നു

ഹേ പരമേശ്വരി! എന്നാൽ സമ്പാദിക്കപ്പെട്ട ഈ സൎവ്വസ്വവും നിന്തിരുവടിയുടെ സ്വത്താകുന്നു. ഞാൻ രാജ്യവും ബലവും ഭണ്ഡാരവും സൈന്യവും മററു സകലസാധനങ്ങളും നിന്തിരുവടിക്കു അധീനമാക്കി ചെയ്യുന്നു. അല്ലയോ ദേവി! അവിടുന്നു് എന്നെ ഏതു കാൎയ്യത്തിൽ നിയോഗിക്കുന്നുവോ അവിടുത്തെ ആജ്ഞയെ പാലിച്ചുകൊണ്ടു ഞാൻ എല്ലായ്പ്പോഴും അതിൽത്തന്നെ വൎത്തിക്കുന്നു.

൫൦. ഇതി സഞ്ചിന്ത്യ മനസാ സ്വാൎജ്ജിതാനി ധനാനി ച
കൃഷ്ണായാം വാ ചതുൎദ്ദശ്യാമഷ്ടമ്യാം വാ സമാഹിതഃ
൫൧. സമൎപ്പയേന്മഹാദേവ്യൈ സ്വാൎജ്ജിതം സകലം ധനം
രാഷ്ട്രം ബലം കോശഗൃഹം നവം യദ്യദുപാൎജ്ജിതം
൫൨. അസ്മിൻ മാസി മയാ ദേവി! തുഭ്യമേതൽ സമൎപ്പിതം.

ഇതി മനസാ സഞ്ചിന്ത്യ = ഇങ്ങനെ മനസ്സുകൊണ്ടു വിചാരിച്ചിട്ടു്
സ്വാൎജ്ജിതാനി ധനാനി ച = സ്വാൎജ്ജിതങ്ങളായ ധനങ്ങളെ
കൃഷ്ണായാം അഷ്ടമ്യാം = കൃഷ്ണാഷ്ടമിയിലോ കൃഷ്ണചതുൎദ്ദശിയിലോ
സമാഹിതഃ = ഏകാഗ്രചിത്തനായിട്ടു്
മഹാദേവ്യൈ സമൎപ്പയേൽ = ശ്രീമഹാദേവിക്കായി സമൎപ്പിക്കണം.
ദേവി! അസ്മിൻ മാസി = അല്ലയോ ദേവി! ഈ മാസത്തിൽ
മയാ സ്വാൎജ്ജിതം = എന്നാൽ സമ്പാദിക്കപ്പെട്ട
സകലം ധനം രാഷ്ട്രം = സകലധനവും രാജ്യവും
ബലം കോശഗൃഹം = സൈന്യവും ഭണ്ഡാരവും
യൽ യൽ = യാതൊന്നു് യാതൊന്നു്
നവം ഉപാൎജ്ജിതം = പുത്തനായി സമ്പാദിക്കപ്പെട്ടുവോ അതും
ഏതൽ = ഇതെല്ലാം
തുഭ്യം സമൎപ്പിതം = നിന്തിരുവടിക്കായി സമൎപ്പിക്കപ്പെട്ടു.

ഇങ്ങനെ മനസ്സുകൊണ്ടു വിചാരിച്ചിട്ടു സ്വാൎജ്ജിതങ്ങളായ ധനങ്ങളെ കൃഷ്ണപക്ഷത്തിലെ അഷ്ടമിയിലോ ചതുൎദ്ദശിയിലോ ഏകാഗ്രചിത്തനായിട്ടു ശ്രീമഹാദേവിക്കായി സമൎപ്പിക്കണം. അല്ലയോ ദേവി! ഈ മാസത്തിൽ എന്നാൽ സമ്പാദിക്കപ്പെട്ട സകലധനവും രാജ്യവും സൈന്യവും ഭണ്ഡാരവും യാതൊന്നുയാതൊന്നു് പുതുതായി സമ്പാദിക്കപ്പെട്ടുവോ അതും ഇതെല്ലാം നിന്തിരുവടിക്കായി സമൎപ്പിക്കപ്പെട്ടു.

ഇതിധ്യാത്വാ തതോ ദേവ്യാഃ പ്രസാദാൽ പ്രതിഗൃഹ്യ ച

൧൬. വിഭജ്യ പഞ്ചധാ സർവ്വം ത്ര്യംശാൻ സ്വാർത്ഥം പ്രകല്പയേൽ
ദേവപിത്രതിഥീനാഞ്ച ക്രിയാർത്ഥം ത്വേകമാദിശേൽ

൧൭. ഏകാംശം ഗുരവേ ദദ്യാൽ തേന ദേവീ പ്രസീദതി.

ഇതി ധ്യാത്വാ	= ഇപ്രകാരം ധ്യാനിച്ചിട്ടു്
തതഃ ദേവ്യാഃ പ്രസാദാൽ	= അനന്തരം ദേവിയുടെപ്രസാദംനിമിത്തം
പ്രതിഗൃഹ്യ ച	= പ്രതിഗ്രഹിച്ചിട്ടു്
സർവ്വം പഞ്ചധാ വിഭജ്യ	= ആ ധനംമുഴുവനും അഞ്ചായി വിഭജിച്ചു്
ത്ര്യംശാൻ	= മൂന്നു ഭാഗങ്ങളെ
സ്വാർത്ഥം പ്രകല്പയേൽ	= തനിക്കുവേണ്ടി കല്പിക്കണം.
ഏകം തു	= ഒരു ഭാഗത്തെ
ദേവപിത്രതിഥീനാം ച	= ദേവന്മാരുടെയും പിതൃക്കളുടെയും അതിഥികളുടെയും
ക്രിയാർത്ഥം ആദിശേൽ	= കർമ്മങ്ങൾക്കായി എടുത്തുവയ്ക്കണം.
ഏകാംശം	= ഒരു ഭാഗം
ഗുരവേ ദദ്യാൽ	= ശ്രീഗുരുവിനായിട്ടു് ദാനംചെയ്യണം.
തേന ദേവീ പ്രസീദതി	= അതുകൊണ്ടു് ശ്രീമഹാദേവി പ്രസാദിക്കുന്നു.

ഇങ്ങനെ ധ്യാനിച്ചിട്ടു്, അനന്തരം ദേവിയുടെ പ്രസാദം നിമിത്തം പ്രതിഗ്രഹിച്ചു്. ആ ധനങ്ങൾ മുഴുവനും അഞ്ചായി വിഭജിച്ചു്, മൂന്നുഭാഗങ്ങളെ തനിക്കുവേണ്ടിയും, ഒരു ഭാഗത്തെ ദേവന്മാരുടെയും പിതൃക്കളുടെയും അതിഥികളുടെയും കർമ്മങ്ങൾക്കായും എടുത്തുവയ്ക്കണം. ഒരു ഭാഗം തന്റെ ശ്രീഗുരുവിനായിട്ടു ദാനം ചെയ്യണം. അതുകൊണ്ടു് ശ്രീമഹാദേവി പ്രസാദിക്കുന്നു.

തസ്യ രാജ്യം ബലം സൈന്യം കോശഃ സാധുവിവർദ്ധതേ
൧൮. നാനാരത്നാകരഃ ശ്രീമാൻ യഥാ പർവ്വണി വാരിധിഃ

നാനാരത്നാകരഃ	= പലവിധരത്നങ്ങൾക്കു വിളനിലമായി
ശ്രീമാൻ വാരിധിഃ	= ശ്രീമത്തായി (ഇരിക്കുന്ന) സമുദ്രം
പർവ്വണി	= പൗർണ്ണമിയിൽ
യഥാ	= എങ്ങനെയോ (അതുപോലെ)
തസ്യ രാജ്യം ബലം	= അവന്റെ രാജ്യവും ബലവും
സൈന്യം കോശഃ	= സൈന്യവും ഭണ്ഡാരവും
സാധു വിവർദ്ധതേ	= നല്ലവണ്ണം വിശേഷേണ വർദ്ധിക്കുന്നു.

രത്നാകരമായി ശ്രീമത്തായി ഇരിക്കുന്ന സമുദ്രം പൗർണ്ണമിയിൽ എന്നതുപോലെ അവന്റെ രാജ്യവും ബലവും ഭണ്ഡാരവും സൈന്യവും വഴിപോലെ വർദ്ധിക്കുന്നു.

ജ്ഞാത്വാ നവാക്ഷരം മന്ത്രം ജീവബ്രഹ്മസമാശ്രയം
൫൩. തത്ത്വമസ്യാദിവാക്യാനാം സാരം സംസാരഭേഷജം
സപ്തശത്യാഖ്യമന്ത്രസ്യ യാവജ്ജീവമഹം ജപം
൫൪. കുർവൻ തതോ ന പ്രമാദം പ്രാപ്സ്യാമിതി നിശ്ചയം
കൃത്വാ, പ്രാരഭ്യ കുർവീതഹ്യ കുർവാണോ വിനശ്യതി.

തത്ത്വമസ്യാദിവാക്യാനാം= തത്ത്വമസി ഇത്യാദി മഹാവാക്യങ്ങളുടെ
സാരം = സാരമായി
സംസാരഭേഷജം = സംസാരനാശത്തിന് ഔഷധമായി
ജീവബ്രഹ്മസമാശ്രയം = ജീവബ്രഹ്മൈക്യമായി (ഇരിക്കുന്ന)
നവാക്ഷരം മന്ത്രം = നവാക്ഷരീമഹാമന്ത്രം
ജ്ഞാത്വാ = ഉപദേശം വാങ്ങീട്ട്
അഹം യാവജ്ജീവം = ഞാൻ ജീവിച്ചിരിക്കുന്ന കാലംവരെ
സപ്തശത്യാഖ്യമന്ത്രസ്യ = സപ്തശതീമാലാമന്ത്രത്തിന്റെ
ജപം = ജപത്തെ
കുർവൻ = ചെയ്യുന്നവനായിട്ട്
തതഃ പ്രമാദം = അതിന് വ്യത്യാസം
ന പ്രാപ്സ്യാൽ ഇതി = വരുത്തുകയില്ലാ എന്ന്
നിശ്ചയം കൃത്വാ = നിശ്ചയംചെയ്ത്
പ്രാരഭ്യ കുർവീത = ആരംഭിച്ചു നടത്തേണ്ടതാകുന്നു.
ഹി അകുർവാണഃ = എന്നാൽ മുടക്കംവരുത്തുന്നവൻ
വിനശ്യതി. = സിദ്ധിയെ പ്രാപിക്കുകയില്ല.

തത്ത്വമസ്യാദിമഹാവാക്യങ്ങളുടെ സാരമായി, സംസാരഭേഷജമായി, ജീവബ്രഹ്മൈക്യമായി, ഇരിക്കുന്ന നവാക്ഷരീമഹാമന്ത്രം ഉപദേശംവാങ്ങി "ഞാൻ ജീവിച്ചിരിക്കുന്ന കാലംമുഴുവനും സപ്തശതീപാരായണംചെയ്യാം, അതിന് വ്യത്യാസം വരികയില്ലാ" എന്നു നിശ്ചയം ചെയ്തിട്ടു ആരംഭിച്ചു നടത്തേണ്ടതാകുന്നു. മുടക്കംവരുത്തുന്നവന് സിദ്ധിയുണ്ടാകുകയില്ലാ.

൫൫. നാഹം ബ്രഹ്മ നിരാകുര്യാം മാ മാ ബ്രഹ്മ നിരാകരോൽ
അനിരാകരണം മേസ്തു അനിരാകരണം മമ
൫൬. ഇതി വേദാന്തമൂർദ്ധന്യേ ച്ഛാന്ദോഗേസ്യ പ്രപഞ്ചനാൽ
പ്രാരബ്ധ തൽപരിത്യാഗോ ന തസ്യ ശ്രേയസേ മതഃ

നാഹം ബ്രഹ്മ നിരാകുര്യാം = ഞാൻ ബ്രഹ്മത്തെ നിരാകരിക്കുകയില്ലാ
മാ മാ ബ്രഹ്മ നിരാകരോൽ= ബ്രഹ്മത്തെ നിരാകരിക്കരുത്, അരുത്,
അനിരാകരണം മേസ്തു = എനിക്ക് അനിരാകരണം ഭവിക്കട്ടെ
അനിരാകരണം മമ = അനിരാകരണം എനിക്കു ഭവിക്കട്ടെ.

ഇതി വേദാന്തമൂർദ്ധന്യേ	= എന്ന് വേദാന്തശിരോരത്നമായ
ഛാന്ദോഗ്യേ	= ഛാന്ദോഗ്യോപനിഷത്തിൽ
അസ്യ	= ഇതിനെക്കുറിച്ച്
പ്രപഞ്ചനാൽ	= വിസ്തരിച്ചിരിക്കുന്നതുകൊണ്ടു്
പ്രാരഭ്യ തൽപരിത്യാഗഃ	= ആരംഭിച്ചിട്ടു് അതിനെ മുടക്കുന്നതു്
തസ്യ ശ്രേയസേ ന മതഃ	= അവന്നു് ശ്രേയസ്സിനായിക്കൊണ്ടു് അല്ലാ.

"ഞാൻ ബ്രഹ്മത്തെ നിരാകരിക്കുകയില്ലാ, ബ്രഹ്മത്തെ നിരാകരിക്കരുതു് നിരാകരിക്കരുതു്, എനിക്കു് അനിരാകരണം ഭവിക്കട്ടെ, അനിരാകരണം എനിക്കു ഭവിക്കട്ടെ" ഇങ്ങനെ ഛാന്ദോഗ്യോപനിഷത്തിൽ നിരാകരണത്തെക്കുറിച്ചു വിസ്തരിച്ചിരിക്കുന്നതുകൊണ്ടു് ആരംഭിച്ചിട്ടു മുടക്കുന്നതു ശ്രേയസ്സിനായി ഭവിക്കുകയില്ലാ.

൨൦. നാബ്രഹ്മവിൽ കുലേ തസ്യ ജായതേ ച കദാചന
ന ദാരിദ്ര്യം കുലേ തസ്യ യാവൽ സ്ഥാസ്യതി മേദിനീ.

തസ്യ കുലേ കദാചന	= അവന്റെ വംശത്തിൽ ഒരിക്കലും
അബ്രഹ്മവിൽ	= ബ്രഹ്മജ്ഞാനിയല്ലാത്തവൻ
ന ജായതേ ച	= ജനിക്കുകയില്ല.
തസ്യ കുലേ	= അവന്റെ വംശത്തിൽ
മേദിനിയാവൽ സ്ഥാസ്യതി	= ഭൂമി ഇരിക്കുന്നതുവരെ
ദാരിദ്ര്യം ന	= ദാരിദ്ര്യം ഇല്ലാ.

മുടങ്ങാതെ ശരിയായി അനുഷ്ഠിക്കുന്നവന്റെ വംശത്തിൽ ഒരിക്കലും ബ്രഹ്മജ്ഞാനിയല്ലാത്തവൻ ജനിക്കുകയില്ലാ, ഭൂലോകം ഉള്ളകാലംവരെ അവന്നു് ദാരിദ്ര്യവും ഉണ്ടാകുകയില്ലാ.

൨൧. പ്രതിസംവത്സരം കുര്യാൽ ശാരദം വാർഷികം തഥാ
തേന സർവമവാപ്നോതി സുരാസുരസുദുർല്ലഭം.

൨൨. അന്യച്ച യദ്യൽ കല്യാണം ജായതേ തൽ ക്ഷണേ ക്ഷണേ.

പ്രതിസംവത്സരം	= വർഷംതോറും
ശാരദം തഥാ വാർഷികം കുര്യാൽ	= ശരത്തു് വസന്തം ഈ രണ്ടു് ഋതുക്കളിൽ ചെയ്യേണ്ട പൂജാമഹോത്സവം ചെയ്യണം
തേന	= അതുകൊണ്ടു്
സുരാസുരസുദുർല്ലഭം	= ദേവാസുരന്മാർക്കും കൂടി ലഭിക്കാത്ത
സർവം അവാപ്നോതി	= സർവസിദ്ധികളേയും പ്രാപിക്കുന്നു.
അന്യൽ ച	= വേറെയും
യദ്യൽ കല്യാണം	= യാതൊരുവിധമായ മംഗളങ്ങളുണ്ടോ
തൽക്ഷണേക്ഷണേജായതേ	= അതും ക്ഷണംപ്രതി ഉണ്ടാകുന്നു.

വഷംതോറും ശരത്തു് വസന്തം ഈ രണ്ടു് ഋതുക്കളിൽ ചെയ്യേണ്ട പൂജാമഹോത്സവം ചെയ്യണം. അതുകൊണ്ടു് ദേവന്മാൎക്കും അസുരന്മാൎക്കുംകൂടി ലഭിക്കാത്ത സൎവ്വസിദ്ധികളേയും പ്രാപിക്കുന്നു. വേറേ യാതൊരുവിധമായ മംഗളങ്ങളുണ്ടോ ക്ഷണംതോറും അവയും ഉണ്ടാകുന്നു.

സത്യം സത്യമിദം സത്യം ഗോപനീയം പ്രയത്നതഃ
൨൩. പുത്രായ ബ്രഹ്മനിഷ്ഠായ പിത്രാ ദേയം മഹാത്മനാ
അന്യഥാ ദേവതാ തസ്മൈ ശാപം ദദ്യാന്ന സംശയഃ.

ഇദം സത്യം സത്യം സത്യം	= ഇതു് സത്യം; സത്യം; സത്യം.
പ്രയത്നതഃ	= പ്രയാസപ്പെട്ടും
ഗോപനീയം	= രഹസ്യമായിവച്ചുകൊള്ളണം.
മഹാത്മനാ പിത്രാ	= മഹാത്മാവായ പിതാവിനാൽ
ബ്രഹ്മനിഷ്ഠായ പുത്രായ	= ബ്രഹ്മജ്ഞാനിയായ പുത്രനായി
ദേയം	= കൊടുക്കപ്പെടേണ്ടതാകുന്നു.
അന്യഥാ തസ്മൈ ദേവതാ	= അല്ലെങ്കിൽ അവന്നു് ദേവി
ശാപം ദദ്യാൽ ന സംശയഃ	= ശാപംകൊടുക്കും; സംശയമില്ല.

ഇതു് സത്യമാകുന്നു. പ്രയാസപ്പെട്ടും രഹസ്യമായി വെച്ചുകൊള്ളണം. മഹാത്മാവായ പിതാവിനാൽ ബ്രഹ്മജ്ഞാനിയായ പുത്രനായി കൊടുക്കപ്പെടേണ്ടതാകുന്നു? അല്ലെങ്കിൽ ദേവി അവനെ ശപിക്കും; സംശയമില്ല.

ഗുപ്ത—പിത്രാജ്ജിതംകൂടാതെ താൻതന്നെ മന്ത്രോപദേശാനന്തരം നൂതനമായി സമ്പാദിച്ച സ്വത്തുക്കളെല്ലാം കൃഷ്ണപക്ഷത്തിലുള്ള അഷ്ടമിയിലോ ചതുൎദ്ദശിയിലോ മറെറാരു ശുഭദിനത്തിലോ ദേവിസന്നിധിയിലിരുന്നു്, ദേശകാലങ്ങളെ കീൎത്തിച്ചു്, ദാനപ്രതിഗ്രഹാഖ്യകൎമ്മംകൊണ്ടു് ദേവിയെ സന്തോഷിപ്പിക്കുന്നു എന്നു സങ്കല്പം ചെയ്തു്, "തൽപ്രസൂത" ഇത്യാദി മൂന്നു ശ്ലോകങ്ങൾ അൎത്ഥാനുസന്ധാനത്തോടുകൂടി പാഠംചെയ്തിട്ടു്, "രാഷ്ട്രം ബലം" ഇത്യാദി ശ്ലോകമന്ത്രംകൊണ്ടു് ദേവീചരണങ്ങളിൽ അപ്പിച്ചതായി വിചാരിച്ചു്, പ്രസന്നയായ ദേവിയാൽ ആജ്ഞാപിക്കപ്പെട്ടവൻ എന്നപോലെ പ്രതിഗ്രഹിച്ചതായി ഭാവിച്ചു് ആ സ്വത്തിനെ അഞ്ചു ഭാഗമാക്കി മുൻപറഞ്ഞപോലെ വിനിയോഗിക്കണം.

ഇങ്ങനെ ദാനപ്രതിഗ്രഹകൎമ്മം ഒന്നു്, ജീവാവസാനംവരെയുള്ള സപ്തശതീപാരായണം ഒന്നു്, വസന്തം ശരത്തു് ഈ ഋതുക്കളിലെ പൂജാമഹോത്സവങ്ങൾ രണ്ടു് ഈ നാലുകാൎയ്യങ്ങളും മുടങ്ങാതെ അനുഷ്ഠിക്കുന്ന ചണ്ഡികോപാസകനു സൎവ്വസിദ്ധികളും ഉണ്ടാകുന്നു.

മാസം എന്നു പറഞ്ഞതു് അമാവാസ്യന്തമുള്ള ചാന്ദ്രമാസത്തെയാണു്. അമാവാസിയിൽ ആരംഭിക്കുന്നതു് അടുത്തമാസത്തിൽ ദാനം ചെയ്യണം.

ശരൽക്കാലത്തു് തുലാമാസത്തിലും, വസന്തത്തുവിൽ മേടമാസത്തിലും ശുക്ലപ്രതിപദംമുതൽ നവമിപര്യന്തം ഉള്ള രണ്ടു നവരാത്രികളിലും കല്പത്തിൽപ്പറയുന്നതനുസരിച്ചു യഥാശക്തി പൂജാമഹോത്സവം നടത്തണം.

'ഗുരു' എന്നതിൽ ഗുരുപുത്രാദികളും ഉൾപ്പെടും.

ഗുരുകീലകം സമ്പൂർണ്ണം.

ശ്രീദേവ്യൈ നമഃ.

---

൧൭. നവാക്ഷരീമന്ത്രജപക്രമം.

ഓം അസ്യ ശ്രീനവാക്ഷരീമഹാമന്ത്രസ്യ
ബ്രഹ്മവിഷ്ണുരുദ്രാ ഋഷയഃ, ഗായത്ര്യുഷ്ണിഗനുഷ്ടുപ്ഛന്ദാംസി,
ശ്രീമഹാകാളീമഹാലക്ഷ്മീമഹാസരസ്വത്യഃ ദേവതാഃ
ഐം, രക്തദന്തികാ ദുർഗ്ഗാഭ്രാമര്യോ ബീജാനി
ഹ്രീം, നന്ദാശാകംഭരീഭീമാഃ ശക്തയഃ
ക്ലീം, അഗ്നിവായുഃസൂര്യ്യഃ തത്ത്വാനി, ഋഗ്യജുസ്സാമവേദാ ധ്യാനാനി,
സർവ്വാഭീഷ്ടസിദ്ധ്യർത്ഥേ ജപേ വിനിയോഗഃ

ഓം, ഐം അംഗുഷ്ഠാഭ്യാം നമഃ; ഓം ഹ്രീം തർജ്ജനീഭ്യാം നമഃ; ഓം ക്ലീം മദ്ധ്യമാഭ്യാം നമഃ; ഓം ചാമുണ്ഡായൈ അനാമികാഭ്യാം നമഃ; ഓം വിച്ചെ കനിഷ്ഠികാഭ്യാം നമഃ; ഓം ഐം ഹ്രീം ക്ലീം ചാമുണ്ഡായൈ വിച്ചെ കരതലകരപൃഷ്ഠാഭ്യാം നമഃ

(ഇതുപോലെതന്നെ ഹൃദയാദിന്യാസം.)

ധ്യാനം:

മാതർമ്മേ മധുകൈടഭഘ്നി! മഹിഷപ്രാണാപഹാരോദ്യമേ!
ഹേലാനിർമ്മിതധൂമ്രലോചനവധേ! ഹേ ചണ്ഡമുണ്ഡാർദ്ദിനി!
നിശ്ശേഷീകൃതരക്തബീജദനുജേ! നിത്യേ! നിശുംഭാപഹേ!
ശുംഭധ്വംസിനി! സംഹരാശു ദുരിതം ദുർഗ്ഗേ! നമസ്തേംബികേ!

(പഞ്ചോപചാരം.)

മൂലം. ഓം, ഐം, ഹ്രീം, ക്ലീം, ചാമുണ്ഡായൈ വിച്ചെ നമഃ

നൂററിഎട്ടു ഉരുജപിച്ചു് ഹൃദയാദിധ്യാനാന്തംചെയ്തു ദേവിയിൽ അർപ്പിക്കണം.

ശ്രീമഹാദേവ്യൈ നമഃ.

ശുഭം.

൧൩. രാത്രിസൂക്തം *

൧. വിശ്വേശ്വരീം ജഗദ്ധാത്രീം സ്ഥിതിസംഹാരകാരിണീം
നിദ്രാം ഭഗവതീം വിഷ്ണോരതുലാം തേജസഃ പ്രഭുഃ.

ബ്രഹ്മോവാച:—

൨. ത്വം സ്വാഹാ ത്വം സ്വധാ ത്വം ഹി വഷട്കാരസ്വരാത്മികാ
സുധാ ത്വമക്ഷരേ നിത്യേ ത്രിധാ മാത്രാത്മികാ സ്ഥിതാ
൩. അർദ്ധമാത്രാ സ്ഥിതാ നിത്യാ യാ ഽനുച്ചാര്യ്യാ വിശേഷതഃ
ത്വമേവ സാ ത്വം സാവിത്രീ ത്വം ദേവി ജനനീ പരാ
൪. ത്വയൈതൽ ധാര്യ്യതേ വിശ്വം ത്വയൈതൽ സൃജ്യതേ ജഗൽ
ത്വയൈതൽ പാല്യതേ ദേവി ത്വമത്സ്യന്തേ ച സർവ്വദാ
൫. വിസൃഷ്ടൗ സൃഷ്ടിരൂപാ ത്വം സ്ഥിതിരൂപാ ച പാലനേ
തഥാ സംഹൃതിരൂപാന്തേ ജഗതോസ്യ ജഗന്മയേ!
൬. മഹാവിദ്യാ മഹാമായാ മഹാമേധാ മഹാസ്മൃതിഃ
മഹാമോഹാ ച ഭവതീ മഹാദേവി മഹാസുരീ
൭. പ്രകൃതിസ്ത്വം ഹി സർവ്വസ്യ ഗുണത്രയവിഭാവിനീ
കാളരാത്രിർമ്മഹാരാത്രിർ മോഹരാത്രിശ്ച ദാരുണാ.
൮. ത്വം ശ്രീസ്ത്വമീശ്വരീ ത്വം ഹ്രീസ്ത്വം ബുദ്ധിർബ്ബോധലക്ഷണാ
ലജ്ജാ പുഷ്ടിസ്തഥാ തുഷ്ടിസ്ത്വം ശാന്തിഃ ക്ഷാന്തിരേവ ച
൯. ഖഡ്ഗിനീ ശൂലിനീ ഘോരാ ഗദിനീ ചക്രിണീ തഥാ
ശംഖിനീ ചാപിനീ ബാണഭുശുണ്ഡീ പരിഘായുധാ
൧൦. സൗമ്യാസൗമ്യതരാശേഷസൗമ്യേഭ്യസ്ത്വതിസുന്ദരീ
പരാപരാണാം പരമാ ത്വമേവ പരമേശ്വരീ
൧൧. യച്ച കിഞ്ചിൽ ക്വചിദ്വസ്തു സദസദ്വാഖിലാത്മികേ
തസ്യ സർവ്വസ്യ യാ ശക്തിഃ സാ ത്വം കിം സ്തൂയസേ തദാ
൧൨. യയാ ത്വയാ ജഗൽസ്രഷ്ടാ ജഗൽപാത്യത്തിയോ ജഗൽ
സോപി നിദ്രാവശം നീതഃ കസ്ത്വാം സ്തോതുമിഹേശ്വരഃ
൧൩. വിഷ്ണുഃ ശരീരഗ്രഹണമഹമീശാന ഏവ ച.
കാരിതാസ്തേ യതോതസ്ത്വാം കഃ സ്തോതും ശക്തിമാൻ ഭവേൽ.
൧൪. സാ ത്വമിത്ഥം പ്രഭാവൈഃ സ്വൈരുദാരൈർദ്ദേവി സംസ്തുതാ
മോഹയൈതൗ ദുരാധർഷാവസുരൗ മധുകൈടഭൗ
൧൫. പ്രബോധഞ്ച ജഗൽസ്വാമീ നീയതാമച്യുതോ ലഘു
ബോധശ്ച ക്രിയതാമസ്യ ഹന്തുമേതൗ മഹാസുരൗ.

രാത്രിസൂക്തം സമാപ്തം.

---

* ഇതു് ഒന്നാമദ്ധ്യായത്തിൽ ൭൩ മുതൽ ൮൭ വരെയുള്ള ശ്ലോകങ്ങളുമായതുകൊണ്ടു് അവിടെ വ്യാഖ്യാനിക്കുന്നുണ്ടു്.

ശ്രീദേവീമാഹാത്മ്യം.

സപ്തശതീ.

അസ്യ ശ്രീപ്രഥമമദ്ധ്യമോത്തമചരിത്രരൂപസപ്തശതീമാലാമന്ത്രസ്യ ബ്രഹ്മവിഷ്ണുരുദ്രാ ഋഷയഃ; ഗായത്ര്യുഷ്ണിഗനുഷ്ടുപ്ഛന്ദാംസി; ശ്രീമഹാകാളീമഹാലക്ഷ്മീമഹാസരസ്വത്യഃ ദേവതാഃ; രക്തദന്തികാദുഗ്ഗാഭ്രാമയ്യോ ബീജാനി; നന്ദാശാകംഭരീഭീമാഃ ശക്തയഃ; അഗ്നിവായുസൂയ്യസ്തത്വാനി; ഋഗ്യജുസ്സാമവേദാ ധ്യാനാനി; സവ്വാഭീഷ്ടസിദ്ധ്യത്ഥേ ജപേ വിനിയോഗഃ.

ഖഡ്ഗിനീ ശൂലിനീ ഘോരാ ഗദിനീ ചക്രിണീ തഥാ,
ശംഖിനീ ചാപിനീ ബാണഭുശുണ്ഡീ പരിഘായുധാ,
ഐം അംഗുഷ്ഠാഭ്യാം നമഃ
ശൂലേന പാഹി നോ ദേവി പാഹി ഖഡ്ഗേന ചാംബികേ,
ഘണ്ടാസ്വനേന നഃ പാഹി ചാപജ്യാനിസ്വനേന ച,
ഹ്രീം തജ്ജനീഭ്യാം നമഃ
പ്രാച്യാം രക്ഷ പ്രതീച്യാം ച ചണ്ഡികേ രക്ഷ ദക്ഷിണേ,
ഭ്രാമണേനാത്മശൂലസ്യ ഉത്തരസ്യാം തഥേശ്വരീ,
ക്ലീം മദ്ധ്യമാഭ്യാം നമഃ .
സൗമ്യാനി യാനി രൂപാണി ത്രൈലോക്യേ വിചരന്തി തേ,
യാനി ചാത്യന്തഘോരാണി തൈ രക്ഷാസ്മാംസ്തഥാ ഭുവം,
ഐം അനാമികാഭ്യാം നമഃ
ഖഡ്ഗശൂലഗദാദീനി യാനി ചാസ്ത്രാണി തേംബികേ,
കരപല്ലവസംഗീനി തൈരസ്മാൻ രക്ഷ സവ്വതഃ,
ഹ്രീം കനിഷ്ഠികാഭ്യാം നമഃ
സവ്വസ്വരൂപേ സവ്വേശേ സവ്വശക്തിസമന്വിതേ,
ഭയേഭ്യസ്ത്രാഹി നോ ദേവി ദുഗ്ഗേ ദേവി! നമോസ്തു തേ,
ക്ലീം കരതലകരപൃഷ്ഠാഭ്യാം നമഃ.

(ഇതുപോലെതന്നെ ഹൃദയാദിന്യാസവും.)

ധ്യാനം.

൧. ഖഡ്ഗം ചക്രഗദേഷുചാപപരിഘാൻ ശൂലം ഭുശുണ്ഡിം ശിരഃ
ശംഖം സന്ദധതീം കരൈസ്ത്രിനയനാം സവ്വാംഗഭൂഷാവൃതാം

നീലാശ്മദ്യുതിമാസ്യപാദദശകാം സേവേ മഹാകാളികാം
യാമസ്തൗത്സ്വപിതേ ഹരൗ കമലജോ ഹന്തും മധും കൈടഭം,
൨. അക്ഷസ്രക്പരശും ഗദേഷു കുലിശം പത്മം ധനുഃ കുണ്ഡികാം
ദണ്ഡം ശക്തിമസിം ച ചർമ്മജലജം ഘണ്ടാം സുരാഭാജനം
ശൂലം പാശസുദർശനേ ച ദധതീം ഹസ്തൈഃ പ്രസന്നാനനാം
സേവേ സൈരിഭമർദ്ദിനീമിഹ മഹാലക്ഷ്മീം സരോജസ്ഥിതാം.
൩. ഘണ്ടാശൂലഹലാനി ശംഖമുസലേ ചക്രം ധനുഃ സായകം
ഹസ്താബ്ജൈർദ്ദധതീം ഘനാന്തവിലസച്ഛീതാംശുതുല്യപ്രഭാം
ഗൗരീദേഹസമുത്ഭവാം ത്രിനയനാമാധാരഭൂതാം മഹാ-
പൂർവ്വാമത്ര സരസ്വതീമനുഭജേ ശുംഭാദിദൈത്യാർദ്ദിനീം

പഞ്ചോപചാരം.

ഒന്നാം അദ്ധ്യായം.

മാർക്കണ്ഡേയ ഉവാച:—(൧)*

൧. സാവർണ്ണിഃ സൂര്യ്യതനയോ യോ മനുഃ കഥ്യതേഽഷ്ടമഃ
നിശാമയ തദുല്പത്തിം വിസ്തരാൽ ഗദതോ മമ—൨

മാർക്കണ്ഡേയൻ പറഞ്ഞു:—

യഃ	= യാവനൊരുത്തൻ
സൂര്യ്യതനയഃ സാവർണ്ണിഃ	= സൂര്യ്യപുത്രനായ സാവർണ്ണി എന്ന
അഷ്ടമഃ മനുഃ കഥ്യതേ	= എട്ടാമനായ മനു എന്നു് പറയപ്പെടുന്നു
തദുല്പത്തിം	= അദ്ദേഹത്തിന്റെ ഉത്ഭവത്തെ
വിസ്തരാൽ ഗദതഃ	= വിസ്തരിച്ചു പറയുന്ന
മമ നിശാമയ	= എങ്കൽനിന്നു് കേട്ടാലും.

യാവനൊരുത്തൻ സൂര്യ്യപുത്രനായ സാവർണ്ണി എന്ന എട്ടാമത്തെ മനു എന്നു പറയപ്പെടുന്നുവോ അദ്ദേഹത്തിന്റെ ഉത്ഭവത്തെ വിസ്തരിച്ചുപറയുന്ന എങ്കൽനിന്നു കേട്ടാലും.

ഉപ്പത്തി—മാർക്കണ്ഡേയ ഉവാച=മാർക്കണ്ഡേയമഹർഷി ഭാഗുരിയോടു പറഞ്ഞു എന്നു ചിലർ അഭിപ്രായപ്പെടുന്നു.

"തപസ്യന്തം മഹാത്മാനം മാർക്കണ്ഡേയം മഹാമുനിം
വ്യാസശിഷ്യോ മഹാതേജാ ജൈമിനിഃ പര്യ്യപൃച്ഛത.

---

* ഉവാചാദികളുടെയും അർദ്ധശ്ലോകങ്ങളുടെയും ശ്ലോകങ്ങളുടെയും ഒടുവിൽകാണുന്നതു് തുടർന്നുള്ള മന്ത്രസംഖ്യയാകുന്നു.

മാർക്കണ്ഡേയ മഹാപ്രാജ്ഞ! സർവ്വശാസ്ത്രവിശാരദ!
ശ്രോതുമിച്ഛാമ്യശേഷേണ ദേവീമാഹാത്മ്യമുത്തമം.

മഹാതപസ്വിയായ മാർക്കണ്ഡേയമഹർഷിയോടു് വേദവ്യാസ ശിഷ്യനും അതിതേജസ്വിയുമായ ജൈമിനിമുനി "സർവ്വശാസ്ത്രസമർത്ഥനും മഹാത്മാവുമായ ഹേ മാർക്കണ്ഡേയമഹർഷേ! അത്യുത്തമമായിരിക്കുന്ന ദേവീമാഹാത്മ്യംമുഴുവനും കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു് ചോദിക്കുന്നതായി ചില പുസ്തകങ്ങളിൽ പൂർവ്വപീഠിക കാണുന്നു.

അഷ്ടമൻ=സ്വായംഭുവ, സ്വാരോചിഷ, ഉത്തമ, താപസ, രൈവത, ചാക്ഷുഷ, വൈവസ്വതാദി പതിന്നാലു മനുക്കളുടെ മദ്ധ്യത്തിൽ എട്ടാമൻ.

വിസ്തരിച്ചു്=ഗ്രന്ഥബഹുലമായിട്ടു്.

ഈ ശ്ലോകത്തിലെ മന്ത്രോദ്ധാരം.

യഃ='ഈ'കാരത്തിൽനിന്നു്, അഷ്ടമഃ=എട്ടാമത്തേതു്. 'ഈ'കാരത്തെവിട്ടു് എട്ടാമതായ 'ഐ'കാരം. ഉൽപത്തിം എന്നതിലെ ബിന്ദുവും. ഇങ്ങനെ "ഐം"എന്നു് മഹാസരസ്വതീബീജവും,

യഃ=(പഞ്ചമി)യകാരത്തിൽനിന്നു് അഷ്ടമഃ=എട്ടാമതായ ഹകാരം. സൂര്യതനയൻ=അഗ്നി. അഗ്നിബീജം രേഫം സാവർണ്ണിഃ= ഈകാരം. ശ്ലോകത്തിലെ ബിന്ദു. ഇങ്ങനെ "ഹ്രീം" എന്നു മഹാലക്ഷ്മീബീജവും,

യോ മനുഃ=മനുശബ്ദം പതിന്നാലിനെപറയുന്നു. യകാരം ഈ എന്നതിന്റെ പഞ്ചമി ഈകാരത്തിൽനിന്നു പതിനാലാമതായ 'ക'കാരം. തതോ=തകാരത്തിൽനിന്നു്. മ=അഞ്ചു് മമ=രണ്ടു് അഞ്ചു്= പത്തു്. തകാരത്തെവിട്ടു് പത്താമത്തേതായ 'ല'. ഈകാരവും ബിന്ദുവുംചേർത്തു് "ക്ലീം" എന്നു് മഹാകാളീബീജവും,

'ള'കാരം 'ല'കാരത്തിന്റെ രൂപാന്തരവും 'ക്ഷ'കാരം 'ക'കാര 'ഷ'കാര'യോഗവുമാകകൊണ്ടു് 'അ'കാരംമുതൽ 'ഹ'കാരംവരെയാകുന്നു മാതൃകാക്ഷരങ്ങൾ എന്ന ന്യായമനുസരിച്ചു് വിപരീതമായി എണ്ണുമ്പോൾ യഃ അഷ്ടമഃ=ഈകാരത്തിൽനിന്നു് എട്ടാമത്തേ അക്ഷരം 'ശ'. രേഫ 'ഈ'കാരബിന്ദുയോഗത്തിൽ "ശ്രീം"എന്നു് ലക്ഷ്മീബീജവും,

യോ മനുഃ=യകാരത്തിൽനിന്നു് പതിന്നാലാമതു് 'ഈ'കാരം ബിന്ദുയോഗത്തിൽ 'ഈം' എന്നു് കാമകലാബീജവും, 'കാദിനവകം' അനുസരിച്ചു് അഷ്ടമഃ=വർഗ്ഗാക്ഷരത്തിൽ എട്ടാമതു് 'ക്ഷ' മനുഃ=പതി

ന്നാലാമത്തേതായ 'ഔ' കാരം രേഫബിന്ദുയോഗത്തിൽ "ക്ഷ്റൗം" എന്ന നാരസിംഹീബീജവും ഗദതോ മമ='ഗ്'സ്വരൂപംതന്നെ. ദതോ മമ=ദകാരത്തിൽനിന്നു് പത്താമതു് 'ല'കാരം 'ഔ'കാരബിന്ദുയോഗത്തിൽ "ഗ്ലൗം"എന്നു് വാരാഹീബീജവും,

ഗദതോ എന്നതിൽ ആദ്യത്തെ 'ഗ്'കാരത്തോടു അനുസ്വാരം ചേർത്തു് 'ഗം'എന്ന ഗണപതിബീജവും,

സൂര്യതനയൻ=യമൻ. യമബീജം='ഹ'കാരം 'ഔ'കാരാനുസ്വര യോഗത്തിൽ "ഹൗം"എന്ന പ്രാസാദബീജവും,

സാവർണ്ണിഃ='സ'കാരം മനുഃ='ഔ'കാരം തനയഃ എന്നതിലെ വിസർഗ്ഗം. "സൗഃ" എന്നു് പരാബീജവും,

യഃ അഷ്ടമഃ=ഈകാരത്തിൽനിന്നു് എട്ടാമതു് 'ഐ'കാരം അതിൽനിന്നു് വിലോമാഷ്ടമം ഈകാരം ബിന്ദുവോടുകൂടി 'ഈം'

മനു=ഔകാരം ഇങ്ങനെ "ഐ ഈം ഔ" എന്നു് ത്രൈപുരകന്ദാ എന്ന ചേതനീമന്ത്രവും ഉദ്ധരിച്ചിരിക്കുന്നു.

"നിർവ്വിശേഷപരാ മന്ത്രാഃ സവിശേഷപരാശ്ച യേ
പ്രതിശ്ലോകം നിഗൂഢാസ്തേ തേനേയം സർവ്വതഃ പരാ."

സപ്തശതി സ്വയമേതന്നെ മന്ത്രങ്ങളാണു്. ഇതുപോലെ ഓരോ ശ്ലോകങ്ങളിലും മററനേകം മന്ത്രങ്ങൾ അന്തർഭവിച്ചുമിരിക്കുന്നു. അതുകൊണ്ടു് ഈ സ്തുതി സർവ്വോത്തമമാകുന്നു.

ചതുർദ്ധരീ—മാർക്കണ്ഡേയ ഉവാച; ഗ്രന്ഥാദിയിലുള്ള ഈ ചിരംജീവിയുടെ ഉപന്യാസം മംഗളത്തിനാകുന്നു.

സാവർണ്ണി=സവർണ്ണയുടെ പുത്രൻ, സവർണ്ണ=ഛായാദേവി. അല്ലെങ്കിൽ വൈവസ്വതമനുവിന്റെ സമാനവർണ്ണത്തോടുകൂടിയവൻ,

"ഛായാസംജ്ഞാസുതോ യോസൗ ദ്വിതീയഃ കഥിതോ മനുഃ
പൂർവ്വജസ്യ സവർണ്ണോസൗ സാവർണ്ണിസ്തേന കഥ്യതേ"

(വിഷ്ണുപുരാണം)

സൂര്യതനയൻ എന്നു പറഞ്ഞതു് ദക്ഷസാവർണ്ണി മുതലായവരെ ഉൾപ്പെടുത്താതെയിരിക്കുന്നതിനാണു്.

യാവനൊരുത്തൻ എട്ടാമത്തെ മനുവായി ഭവിക്കാൻ പോകുന്ന 'സുരഥൻ' എന്നു പറയപ്പെടുന്നുവോ "വാച്യവാചകഭേദാഭിപ്രായേണ" അവന്റെ ഉത്ഭവത്തെ അറിഞ്ഞാലും എന്നർത്ഥം. വിസ്തരാൽ ഗദതോ മമ=വിസ്തരിച്ചുപറയുന്ന എന്റെ, അല്ലെങ്കിൽ ശബ്ദവിസ്താരത്തിൽനിന്നു്,

"വിസ്തരോ വിഗ്രഹോ വ്യാസഃ സ ച ശബ്ദസ്യ വിസ്തരഃ"
(അഭിധാനം.)

അല്ലെങ്കിൽ എന്റെ മുഖത്തിൽനിന്നു്. മമ ഗദതഃ എന്നതിനു ചിലർ എന്റെ വചനത്തിൽനിന്നു് എന്നത്ഥംപറയുന്നതു് ശരിയല്ല. ഗദം മുഖമാണു്; ഗദനമാണു് വചനം.

ശാന്തനവി—മാക്കണ്ഡേയൻ=മൃകണ്ഡുവിന്റെ പുത്രൻ, മൃകണ്ഡു=യോഗാഭ്യാസംകൊണ്ടു് മൃഗത്തെപ്പോലെ മദിക്കുന്നവൻ, അല്ലെങ്കിൽ മൃഗങ്ങളെ മട്ടിക്കുന്നവൻ. ഈ ബ്രഹ്മകല്പത്തിൽ സ്വായംഭുവൻ, സ്വാരോചിഷൻ, ഔത്തമൻ, താമസൻ, രൈവതൻ, ചാക്ഷുഷൻ ഈ ആറു മനുക്കളുംകഴിഞ്ഞു് ഇപ്പോൾ ഏഴാമത്തെ വൈവസ്വതമനുവാകുന്നു. എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള അഞ്ചും സവർണ്ണയുടെ പുത്രന്മാരായ സാവർണ്ണിമനുക്കളാണു്. പതിമൂന്നു് രൗച്യൻ, പതിന്നാലു് ഭൗത്യൻ ഇങ്ങനെയാകുന്നു പതിന്നാലുമനുക്കൾ. ഇതിൽ എട്ടാമത്തെ സാവർണ്ണിമനുവിന്റെ ഉല്പത്തിയെ (മാക്കണ്ഡേയ ഉവാച) മാക്കണ്ഡേയൻ ശിഷ്യനോടു പറഞ്ഞു എന്നു താല്പൎയ്യം.

സാവർണ്ണി=സവർണ്ണയുടെ പുത്രൻ. സവർണ്ണാ=വർണ്ണത്തോടു്=സ്തുതിയോടുകൂടി വൎത്തിക്കുന്നവൾ.

"വർണ്ണോ ദ്വിജാദൗ ശുക്ലാദൗ സ്തുതൗ വർണ്ണന്തു ചാക്ഷരേ"
(അഭിധാനം)

അല്ലെങ്കിൽ സ്വഭർത്താവായ സൂൎയ്യനോടുസമാനമായ വർണ്ണത്തോടുകൂടിയവൾ.

യോ മനുഃ കഥ്യതേഷ്ടമഃ=പൗരാണികന്മാർ ഏഴാമനായ വൈവസ്വതമനുവിനുശേഷം സൂൎയ്യപുത്രനായി സാവർണ്ണി എന്നു പേരോടുകൂടിയ മനുവായി ആരെ പറയുന്നുവോ ആ എട്ടാമത്തെ മനു.

സാവർണ്ണി എന്ന മനു വേറെയുമുണ്ടു്. സൂൎയ്യതനയൻ എന്നു മാത്രം പറഞ്ഞാൽ ഛായാപുത്രനായ ശനൈശ്ചരൻ എന്നത്ഥമാകും. അതുകൊണ്ടാണു് സാവർണ്ണി സൂൎയ്യതനയൻ എന്നു് രണ്ടും പറഞ്ഞിരിക്കുന്നതു്. ആ സാവർണ്ണി എന്ന എട്ടാമത്തെ മനുവിന്റെ ഉല്പത്തിയെ ശബ്ദവിസ്താരത്തോടുകൂടി പറയുന്ന എന്റെ മുഖത്തേയോ സമ്മുഖമായോ ഏകാഗ്രചിത്തനായി നോക്കുക എന്നത്ഥം.

'നിശാമയ' എന്ന പദത്തിനു് കേട്ടാലും എന്നത്ഥം പറയുന്നതു് ശരിയല്ല. "നിശ്ശക്രമിദം തീൎത്ഥം ഭരദ്വാജ! നിശാമയ" എന്നദിക്കിൽ കണ്ണുകൊണ്ടു നോക്കുക എന്നത്ഥമാകുന്നു. എന്നാൽ

ഇവിടെ നിശാമനം ചക്ഷുഃസാധനമായ ജ്ഞാനം എന്നു വ്യാഖ്യാനിക്കുന്നതു് ദുർഘടവുമാണു്.

നാഗോജിഭട്ടി—യഃ=യകാരത്തിൽനിന്നു്. അഷ്ടമഃ=എട്ടാമത്തേതു്, 'ഹ'കാരം. സൂര്യതനയഃ=രേഫം. സാവർണ്ണി='ഈ'കാരം, അനുസ്വാരവും ചേർന്നു് "ഹ്രീം" എന്നമന്ത്രം. തദുൽപത്തിയെ=(ജന്യജനകയോർഭേദാഭാവാദധ്യാഹൃത്യസ്യ വാചകേനാപി എന്നപ്രമാണമനുസരിച്ചു് ദേവിക്കും മന്ത്രത്തിനും അഭേദമാകയാൽ) തദവതാരങ്ങളെ അതായതു് ദേവീമാഹാത്മ്യത്തെ പറയുന്ന എങ്കൽനിന്നു് അറിഞ്ഞാലും.

മാർക്കണ്ഡേയപുരാണത്തിൽ—

"അസ്മിൻ കല്പേ സപ്തയേന്യേ ഭവിഷ്യന്തി മഹാമുനേ!
നവസ്താൻ സമാചക്ഷ്വ തേഷു ദേവാദയശ്ച യേ"

എന്നു് ഉപക്രമപ്രശ്നത്തിലും, സാവർണ്ണികാഖ്യാനകഥനോത്തരം,

"സാവർണ്ണികമിദം സമ്യക് പ്രോക്തം മന്വന്തരം തവ
തത്രൈവ ദേവീമാഹാത്മ്യം പൃഷ്ടമേതത്തവോദിതം"

എന്നു് ഉപസംഹാരപ്രസംഗത്തിലും പറഞ്ഞിരിക്കുന്നു.

ദംശോദ്ധാരം—മാർക്കണ്ഡേയ ഉവാച = വേദവ്യാസശിഷ്യനായ ജൈമിനി, വ്യാസമുഖത്തിങ്കൽനിന്നു് സകലധർമ്മങ്ങളേയും ശ്രവിച്ചതിനുശേഷം ചില സംശയങ്ങളെക്കുറിച്ചു് മാർക്കണ്ഡേയമഹർഷിയോടു ചോദിച്ചു. അദ്ദേഹത്തിനു് നിരന്തരമായ ഭഗവദ്ധ്യാനംകൊണ്ടു് അവസരമില്ലാത്തതുനിമിത്തം ആ മഹർഷി, വിന്ധ്യാചലത്തിൽ നിവസിക്കുന്ന സർവ്വപുരുഷാർത്ഥങ്ങളേയുമറിയുന്ന നാലു പക്ഷികളെക്കൊണ്ടു് ഉത്തരം പറയിച്ചു. ആ പക്ഷികൾ മാർക്കണ്ഡേയഭാഗുരിസംവാദമായുള്ള മന്വന്തരകഥാപ്രസംഗത്തിൽ ഏഴു മന്വന്തരങ്ങളേയും വർണ്ണിച്ചിട്ടു് എട്ടാംമന്വന്തരത്തെ "മാർക്കണ്ഡേയൻ പറഞ്ഞു" എന്നു തുടങ്ങി വർണ്ണിക്കുന്നു.

നിശാമയ="ശമോ അദർശനേ" എന്നുള്ളതുകൊണ്ടു് നിശാമയ എന്നപദത്തിനു് അറിഞ്ഞാലും എന്നുതന്നെ അർത്ഥം പറയേണ്ടതാകുന്നു.

ജഗച്ചന്ദ്രചന്ദ്രിക:—മാർക്കണ്ഡേയ ഉവാച എന്നതു് സപ്തശതിയിൽ ആദ്യത്തെ മന്ത്രമാകുന്നു. ബലിദാനത്തിനു് നമോന്തവും, ഹോമത്തിനു് സ്വാഹാന്തവും ആണെന്നു് ആഗമം പറയുന്നു. "സാവർണ്ണിഃ സൂര്യതനയഃ" എന്ന പ്രഥമശ്ലോകം രണ്ടാമത്തെ മന്ത്രമാണു്.

മാർക്കണ്ഡേ ഉവാച സ്വാഹാ — ൧.
സാവർണ്ണിഃ......ഗദതോ മമ സ്വാഹാ — ൨.

൨. മഹാമായാനുഭാവേന യഥാ മന്വന്തരാധിപഃ
സ ബഭൂവ മഹാഭാഗഃ സാവർണ്ണിസ്തനയോ രവേഃ ൩.

സഃ സാവർണ്ണിഃ	=	ആ പ്രസിദ്ധനായ സാവർണ്ണി എന്ന
രവേഃ തനയഃ മഹാഭാഗഃ	=	സൂര്യ്യപുത്രനായ മഹാഭാഗ്യവാൻ
മഹാമായാനുഭാവേന	=	മഹാമായാപ്രഭാവത്താൽ
യഥാ	=	എങ്ങനെ
മന്വന്തരാധിപഃ ബഭൂവ	=	എഴുപത്തൊന്നു ചതുര്യ്യുഗങ്ങളുടെ അധിപനായി ഭവിച്ചു.

പ്രസിദ്ധനായ സാവർണ്ണി എന്ന സൂര്യ്യപുത്രനായ ആ മഹാഭാഗ്യവാൻ മഹാമായാപ്രഭാവത്താൽ എങ്ങനെ എഴുപത്തൊന്നു ചതുര്യ്യുഗങ്ങളുടെ അധിപനായി ഭവിച്ചുവോ ആ വിധത്തെ വിസ്തരിച്ചുപറയാം; കേട്ടാലും.

ചതു — മായാ=സാദൃശ്യമില്ലാത്ത തോന്നലിനു് സാധനമായുള്ളതു്. ആ മായയുടെ മഹത്വം സർവ്വവിഷയവ്യാപകമാകയാൽ മഹാമായാ=ഈശ്വരശക്തി. അവൾതന്നെ പ്രാണികളെ മോഹിപ്പിക്കുന്നു. അവളുടെ അനുഭാവംകൊണ്ടു്=മാഹാത്മ്യംകൊണ്ടു്=ഇതു് ഇവനു ഭവിക്കട്ടെ എന്ന അനുകൂലേച്ഛനിമിത്തം, എപ്രകാരം മന്വന്തരത്തിന്റെ=എഴുപത്തൊന്നു ചതുര്യ്യുഗാത്മകകാലത്തിന്റെ അധിപനായി=രാജാവായി ഭവിച്ചു. "ആ വിധത്തെ കേട്ടാലും" എന്നു് സംബന്ധം.

മഹാഭാഗഃ=അസാധാരണഭാഗ്യസമൂഹത്തോടുകൂടിയവൻ.

"ഐശ്വര്യ്യസ്യ സമഗ്രസ്യ ധർമ്മസ്യ യശസഃ ശ്രിയഃ
ജ്ഞാനവൈരാഗ്യയോശ്ചൈവ ഷണ്ണാം ഭഗ ഇതീരണാ"
(വിഷ്ണുപുരാണം)

സൂര്യ്യപുത്രൻ, സാവർണ്ണി, എന്നു പുനരുക്തി, സംഭ്രമം കൊണ്ടാകുന്നു.

ശാന്ത—"മാത്യസ്യാം വിശ്വം"=വിശ്വം ഇവളിൽ അളവായി നിൽക്കുന്നതുകൊണ്ടു് മായാ അല്ലെങ്കിൽ 'മാന, പൂജായാം'=പൂജാഹാ (അ) മായോടും=ലക്ഷ്മിയോടും, അയത്തോടും=ശുഭാവഹവിധിയോടും കൂടിയവൾ.

മഹാമായാ=മഹതിയായിരിക്കുന്ന മായാ (അ) അൻ=വിഷ്ണു. അദ്ദേഹത്തിന്റെ മായാ=അമായാ, മഹതിയായിരിക്കുന്ന അമായാ, മഹാമായാ. ആ പരമശക്തിയുടെ അനുഭാവംകൊണ്ടു്=ബുദ്ധിനിശ്ചയംകൊണ്ടു്,

"അനുഭാവപ്രഭാവേ ച സതാം ച മതിനിശ്ചയേ"
(അടിയാനം)

മന്വന്തരാധിപഃ=ഇവിടെ പ്രകൃതമനുസരിച്ച് മന്വന്തരശബ്ദം കൊണ്ടു് ഏഴാമത്തെ മനുവിന്റെ ജീവിതകാലത്തിനപ്പുറവും ഒൻപതാമത്തെ മനുവിന്റെ ഉത്ഭവത്തിനുമുൻപും ഉള്ള കാലത്തെയാണു് വിവക്ഷിച്ചിരിക്കുന്നതു്.

അന്തരം=മദ്ധ്യം. അധിപൻ=ഏഴും ഒൻപതും മനുക്കളുടെ മദ്ധ്യത്തിൽ ബ്രഹ്മാവിനാൽ അധികൃതനായ രക്ഷകൻ=പ്രജകളുടെ നാഥൻ.

മഹാഭാഗൻ=മഹാഭാഗ്യവാൻ. മഹാഭക്തിമാൻ. മഹാധർമ്മിഷ്ഠൻ. മഹത്തായ പരദേവതാമന്ത്രത്തോടുകൂടിയവൻ.

ഭംശേ—ഭവിച്ചു എന്ന ഭൂതകാലം ഉപചാരത്തിനായി പറഞ്ഞതാണു്. അന്യകല്പത്തെ ഉദ്ദേശിച്ചു് എന്നും പറയാം. മേലും ഇതുപോലെ ഊഹിച്ചുകൊള്ളണം.

ജഗ—മഹാമായാ......രവേഃ സ്വാഹാ......ന

ന. സ്വാരോചിഷേന്തരേ പൂർവ്വം ചൈത്രവംശസമുത്ഭവഃ
സുരഥോ നാമ രാജാഭൂൽ സമസ്തേ ക്ഷിതിമണ്ഡലേ. ൪

പൂർവ്വം	= പണ്ടു്
സ്വാരോചിഷേ	= സ്വാരോചിഷൻ എന്ന മനുവിനെ സം
അന്തരേ	= കാലത്തു് [ബന്ധിച്ച
ചൈത്രവംശസമുത്ഭവഃ	= ചൈത്രന്റെ വംശത്തിൽ ജനിച്ച
സുരഥഃ നാമ	= സുരഥൻ എന്നവൻ
സമസ്തേ ക്ഷിതിമണ്ഡലേ	= അഖില ഭൂമണ്ഡലത്തിനും
രാജാ അഭൂൽ	= രാജാവായി ഭവിച്ചു.

പണ്ടു് സ്വാരോചിഷൻ എന്ന മനുവിന്റെ കാലത്തു് ചൈത്രന്റെ വംശത്തിൽ ജനിച്ച സുരഥൻ എന്ന പ്രസിദ്ധനായവൻ അഖിലഭൂമണ്ഡലത്തിനും രാജാവായി ഭവിച്ചു.

ചതു—ഇവിടെ ഇതിഹാസമാരംഭിക്കുന്നു.

സ്വാരോചിഷേന്തരേ=സ്വരോചിഷന്റെ പുത്രൻ സ്വാരോചിഷൻ (അദ്ദേഹം രണ്ടാമത്തെ മനുവാകുന്നു.) ആ മനുവിന്റെ അധികാരകാലത്തു് ദ്വിതീയമന്വന്തരത്തിൽ "മന്വന്തരം മനോഃ കാലഃ" എന്നു വിഷ്ണുപുരാണം.

പൂർവ്വം=കഥാകാലത്തെ അപേക്ഷിച്ചു പണ്ടു്. ചൈത്രവംശസമുത്ഭവഃ=സ്വാരോചിഷമനുവിന്റെ പുത്രൻ ചൈത്രൻ, അവന്റെ വംശത്തിൽ=സന്തതിയിൽ ഉത്ഭവത്തോടു്=ജന്മത്തോടുകൂടിയവൻ.

നാമ=പ്രസിദ്ധം, സുരഥസംജ്ഞയാ പ്രസിദ്ധൻ എന്നൎത്ഥം.

ശാന്ത—മാൎക്കണ്ഡേയൻ ഈ ശ്ലോകംകൊണ്ടു് എട്ടാമത്തെ മനുവിന്റെ ഉത്ഭവത്തെ പറയാമെന്നു് മുൻപ്രസ്താവിച്ചിരുന്നതുപോലെ സാവൎണ്ണിയുടെ പൂൎവ്വജന്മത്തേയും മഹിമയേയും ചരിത്രത്തേയും വൎണ്ണിക്കുന്നു. സുരഥൻ സമസ്തക്ഷിതിമണ്ഡലത്തിനും രാജാവായിഭവിച്ചു=രക്ഷിതാവായിരുന്നു. സ്വാരോചിസ്=ബ്രഹ്മത്തിനെപ്പോലെ പ്രഭയുള്ളവൻ. സ്വരോചിസിനെ സംബന്ധിച്ചതു് സ്വാരോചിഷം.

"രോചിശ്ശോചിരുഭേ ക്ലീബേ പ്രകാശോദ്യോത ആതപഃ"
(അഭിധാനം)

ചൈത്രവംശസമുത്ഭവഃ=ധൎമ്മങ്ങളെ പ്രവൎത്തിക്കുന്നതിനും അധൎമ്മങ്ങളെ നിവൎത്തിക്കുന്നതിനും ചേതതി=അറിയുന്നു, അങ്ങനെയുള്ളവൻ ചിത്രൻ. അദ്ദേഹത്തിന്റെ പുത്രൻ ചൈത്രൻ. ആ വംശത്തിലുണ്ടായവൻ.

സുരഥൻ = ശോഭനമായ രഥത്തോടുകൂടിയവൻ.
ക്ഷിതിമണ്ഡലം = ഭൂചക്രവാളം.

ജഗ—സ്വാരോചിഷേ—മണ്ഡലേ സ്വാഹാ ൪

൪. തസ്യ പാലയതഃ സമ്യൿ പ്രജാഃ പുത്രാനിവൗരസാൻ
ബഭൂവുഃ ശത്രവോ ഭൂപാഃ കോലാവിദ്ധ്വംസിനസ്തഥാ. ൫

ഔരസാൻപുത്രാൻ ഇവ= സ്വന്തപുത്രന്മാരെപ്പോലെ
സമ്യൿ = വഴിയാകുംവണ്ണം
പ്രജാഃ പാലയതഃ തസ്യ= ജനങ്ങളെ രക്ഷിക്കുന്ന അവനു്
കോലാവിദ്ധ്വംസിനഃ = കോലാവിദ്ധ്വംസികളായ
ഭൂപാഃ ശത്രവഃ ബഭൂവുഃ = രാജാക്കന്മാർ ശത്രുക്കളായി ഭവിച്ചു.

സ്വന്തപുത്രന്മാരെപ്പോലെ നീതിശാസ്ത്രമനുസരിച്ചു ജനങ്ങളെ രക്ഷിക്കുന്ന ആ രാജാവിനു കോലാവിദ്ധ്വംസികൾ എന്ന രാജാക്കന്മാർ അതിശയേന ശത്രുക്കളായി ഭവിച്ചു.

ഗുപ്ത—കോലാ എന്നതു് ക്ഷത്രിയന്മാരുടെ ഒരു വംശമാണെന്നു ചിലരും സുരഥന്റെതന്നെ മറ്റൊരു രാജധാനിയാണെന്നു് വേറെചിലരും അഭിപ്രായപ്പെടുന്നു.

ചതു—വഴിപോലെ നീതിശാസ്ത്രമനുസരിച്ചു് പ്രജകളെ, ധൎമ്മപത്നിയിൽനിന്നു് ജനിച്ച പുത്രന്മാരെപ്പോലെ, പാലിക്കുന്ന ആ സുരഥമഹാരാജാവിനു് അത്യഹംകാരികളായ കോലാവിദ്ധ്വംസികൾ ശത്രുക്കളായി ഭവിച്ചു.

കോലാവിദ്ധ്വംസികൾ=കോലാ എന്നതു് അന്യന്മാരുടെ ഒരു രാജധാനിയാകുന്നു. അതിനെ വിദ്ധ്വംസിക്കുന്നവർ=അധിവസിക്കുന്നവർ.

തഥാ=അപ്രകാരമുള്ളവർ=ഏററവും അഹംകാരികൾ, "തദാ" എന്നും പാഠമുണ്ടു്.

ആ കാലത്തു് സുരഥൻെറ മററൊരു രാജധാനിയെ മട്ടിക്കുന്നവരായ രാജാക്കന്മാർ ശത്രുക്കളായി ഭവിച്ചു.

അല്ലെങ്കിൽ കോലങ്ങൾ=പന്നികൾ വിദ്ധ്വംസികൾ=അവയെ ധ്വംസിക്കാത്തവർ=യവനന്മാർ (അ)കോലാ ഒരായുധം, അതുകൊണ്ടു് വിശേഷേണ ധ്വംസിക്കുന്നവർ. "കോലാശസ്ത്രപ്രഭേദേസ്യാൽ"എന്നു് അമരം.

ശാന്ത—ഔരസന്മാർ=ഉരസ്സുകൊണ്ടു് നിർമ്മിച്ചവർ. "ഉരസോയച്ച" ഔരസോ ധർമ്മപത്നീജഃ എന്നു് സ്മൃതി.

പുത്രൻ=പിതാവിനെ 'പുത്' എന്ന നരകത്തിൽനിന്നും രക്ഷിക്കുന്നവൻ.

"പുന്നാമ്നോ നരകാദ്യസ്മാൽ പിതരം ത്രായതേ സുതഃ
തതഃ പുത്ര ഇതി പ്രോക്തഃ സ്വയമേവ സ്വയംഭുവാ
(എന്നു് സ്മൃതി)

കോലാവിദ്ധ്വംസികൾ=കോലന്മാർ=കൻ=ബ്രഹ്മ, അൻ=വിഷ്ണു, ഉ=മഹേശ്വരൻ, ആ ബ്രഹ്മാദികളെ ലാഃ=ലാന്തി=അച്ചിക്കാനായി ഗ്രഹിക്കുന്നു, അങ്ങനെയുള്ളവർ=ബ്രാഹ്മണർ അവരെ ആ=സമന്താൽ വിദ്ധ്വംസിക്കുന്നവർ=രാക്ഷസന്മാർ (അ) കോലാവികൾ=കോലങ്ങളെ =പന്നികളെ വിദ്ധ്യന്തി=താഡിക്കുന്നവർ=ക്ഷത്രിയന്മാർ അവരെ ധ്വംസിക്കുന്നവർ=യനവന്മാർ (അ) കോലങ്ങളെ=പന്നികളെ അവന്തി=രക്ഷിക്കുന്നവർ. കോലാവികൾ=യവനന്മാർ. അവരെ ധ്വംസിക്കുന്നവൻ കോലാവിദ്ധ്വംസി. ഇതിൻെറ ഷഷ്ഠി കോലാവിദ്ധ്വംസിനഃ. ഇതു് സുരഥൻെറ വിശേഷണമാകുന്നു. അടുത്തശ്ലോകത്തിൽ "കോലാവിദ്ധ്വംസിഭിഃ" എന്നതു് യവനവിശേഷണമായി വ്യാഖ്യാനിച്ചിട്ടുണ്ടു്.

ജഗ—തസ്യ പാലയത......വിദ്ധ്വംസിനസ്തഥാ സ്വാഹാ...൭

൭. തസ്യ തൈരഭവദ്യുദ്ധമതിപ്രബലദണ്ഡിനഃ
ന്യൂനൈരപി സ തെയ്യുദ്ധേ കോലാവിദ്ധ്വംസിഭിർജ്ജിതഃ ൮

അതിപ്രബലദണ്ഡിനഃ = അതിപ്രബലശിക്ഷയോടുകൂടിയ
തസ്യ = അവനു്

തൈഃ യുദ്ധം അഭവൽ = അവരോടുകൂടി യുദ്ധം ഉണ്ടായി.
യുദ്ധേ = ആ യുദ്ധത്തിൽ
സഃ ന്യൂനൈരപി = അവൻ അല്പബലന്മാരായിരുന്നിട്ടും
തൈഃ കോലാവിധ്വംസിഭിഃ= ആ യവനഭൂപന്മാരാൽ
ജിതഃ = ജയിക്കപ്പെട്ടു.

ഏററവും പ്രബലമായ ശിക്ഷയോടുകൂടിയ സുരഥരാജാവിനു് കോലാവിധ്വംസികളോടുകൂടി യുദ്ധമുണ്ടായി. യുദ്ധത്തിൽ അല്പബലന്മാരായ യവനഭൂപന്മാർ ആ രാജാവിനെ ജയിച്ചു.

ചിത്രു അതിപ്രബലദണ്ഡീ = അതിപ്രബലമായദണ്ഡത്തോടു= ആന, കുതിര മുതലായ സൈന്യസമൂഹത്തോടുകൂടിയവൻ (ആ) പ്രജകളെ ധർമ്മശാസ്ത്രമനുസരിച്ചു രക്ഷിക്കുന്നവൻ. ആ സുരഥരാജാവിനു കോലാവിധ്വംസികളോടു യുദ്ധമുണ്ടായി. അല്പസൈന്യത്തോടുകൂടിയ ആ യവനന്മാരോടു് ദൈവാധീനക്കുറവുകൊണ്ടു തോററു.

ശാന്ത—അതിപ്രബലദണ്ഡീ=അതിപ്രബലന്മാരെ ദണ്ഡിക്കുന്നവൻ. അതിപ്രബലന്മാർ=ആന, കുതിര മുതലായ സൈന്യസമൂഹത്തോടു കൂടിയവർ.

ആ സുരഥനു് യവനഭൂപന്മാരോടുകൂടി യുദ്ധമുണ്ടായി. ആ യുദ്ധത്തിൽ സുരഥൻ, അല്പബലന്മാരായിരുന്നിട്ടും ആ യവനഭൂപന്മാരാൽ തോല്പിക്കപ്പെട്ടു.

ഇവിടെ 'ജി' ജയത്തിലല്ല അഭിഭവത്തിലാണു് പ്രയോഗിച്ചിരിക്കുന്നതു്. ('ജി' അഭിഭവേന തു 'ജി' ജയേ) എന്നുണ്ടു്.

കോലാവിധ്വംസികൾ=കോലാ എന്ന രാജധാനിയെ വിശേഷേണ ധ്വംസിക്കുന്നവർ=യവനരാജാക്കന്മാർ.

അഖിലഭൂമണ്ഡലചക്രവർത്തിയായിരുന്ന സുരഥൻ ഇപ്പോൾ ദൈവവശാൽ നിസ്സാരന്മാരായ ശത്രുക്കളാൽ ആക്രമിക്കപ്പെട്ടു. ചക്രവർത്തിത്വത്തിനു ന്യൂനത ഭവിച്ചു എന്നു താല്പര്യം.

ജഗ—തസ്യ തൈര......വിധ്വംസിഭിർജ്ജിതഃ സ്വാഹാ ൯.

൯. തതഃ സ്വപുരമായാതോ നിജദേശാധിപോ/ഭവൽ
ആക്രാന്തഃ സ മഹാഭാഗസ്തൈസ്തദാ പ്രബലാരിഭിഃ ൧.

തദാ തൈഃ പ്രബലാരിഭിഃ = അപ്പോൾ ആ പ്രബലശത്രുക്കളാൽ
ആക്രാന്തഃ സഃ മഹാഭാഗഃ = ആക്രമിക്കപ്പെട്ടവനായ ആ മഹാഭാഗൻ
തതഃ സ്വപുരമായാതഃ = പിന്നെ തന്റെ പുരത്തെ പ്രാപിച്ചിട്ടു്
നിജദേശാധിപഃ അഭവൽ = സ്വദേശാധിപതിയായി ഭവിച്ചു.

അപ്പോൾ ആ പ്രബലശത്രുക്കളാൽ ആക്രമിക്കപ്പെട്ട ആ മഹാഭാഗൻ, അനന്തരം സ്വപുരത്തെ പ്രാപിച്ചിട്ടു്, തന്റെ ദേശത്തിന്റെ അധിപനായിഭവിച്ചു.

ചതു—സ്വപുരം=നിജരാജധാനി. നിജദേശാധിപൻ=പ്രധാന പട്ടണത്തിനു് അദ്ധ്യക്ഷൻ. ആക്രാന്തൻ=രാജ്യംമുഴുവനും അപഹരിക്കപ്പെടാതെ പരിഭവിപ്പിക്കപ്പെട്ടവൻ. പ്രബലന്മാർ=തല്ക്കാലമുണ്ടായ ബലത്തോടുകൂടിയവർ.

ശാന്ത—ആ പ്രബലശത്രുക്കളാൽ അധിക്ഷിപ്തനായ സുരഥൻ യുദ്ധത്തിനുശേഷം തന്റെ പുരത്തിൽവന്നു് ശത്രുക്കളുടെ ആക്രമണം നിമിത്തം ഭൂമണ്ഡലാധിപത്യത്തെവിട്ടു് തന്റെ ദേശത്തിനുമാത്രം അധിപനായിത്തീൎന്നു.

ശത്രുക്കളുടെ ആക്രമണംകൊണ്ടുണ്ടായ ഭയംനിമിത്തം വനത്തിൽപ്പോയി, സുമേധസ്സിനാൽ ഉപദേശിക്കപ്പെട്ടുന്ന ദേവ്യാരാധനകൊണ്ടു് വരംലഭിച്ചു, ചക്രവൎത്തിത്വവും അഷ്ടമമനുത്വവും പ്രാപിക്കുന്നതിനുപാത്രമായിത്തീരാൻപോകുന്നതുകൊണ്ടു് "മഹാഭാഗൻ"എന്ന വിശേഷണം അത്ഥവത്തുതന്നെ.

ജഗ—തതഃ സ്വപുര......പ്രബലാരിഭിഃ സ്വാഹാ...... ൫

൬. അമാത്യൈർബലിഭിർദുഷ്ടൈർ ദുർബലസ്യ ദുരാത്മഭിഃ
കോശോബലഞ്ചാപഹൃതം തത്രാപി സ്വപുരേ സതഃ. വൃ

തത്ര സ്വപുരേ അപി സതഃ	= അവിടെ സ്വപുരത്തിലും ഇരിക്കുന്ന
ദുർബലസ്യ	= ബലഹീനനായ അവന്റെ
കോശഃ ബലം ച	= ഭണ്ഡാരവും സൈന്യവും
ബലിഭിഃ ദുഷ്ടൈഃ	= ബലവാന്മാരും മൎയ്യാദയില്ലാത്തവരും
ദുരാത്മഭിഃ അമാത്യൈഃ	= ദുരാഗ്രഹികളുമായ മന്ത്രിമാരാൽ
അപഹൃതം	= അപഹരിക്കപ്പെട്ടു.

അവിടെ സ്വപുരത്തിൽഇരിക്കുന്ന ദുർബലനായ ആ രാജാവിന്റെ ഭണ്ഡാരത്തേയും സൈന്യങ്ങളേയും, ബലവാന്മാരും ദുഷ്ടന്മാരും ദുരാഗ്രഹികളുമായ മന്ത്രിമാർ അപഹരിച്ചു.

ശാന്ത—ശത്രുക്കൾ സ്വഭൂഭാഗങ്ങളെ ആക്രമിച്ചതുകൊണ്ടു നിന്ദിതനായിട്ടു സ്വപുരത്തിൽ വസിക്കുന്നവനും, പ്രഭു മന്ത്രോത്സാഹശക്തികളോടു കൂടാതെ ബലഹീനനുമായ സുരഥന്റെ ഭണ്ഡാരത്തേയും, സൈന്യങ്ങളേയും, ബലവാന്മാരായി, മൎയ്യാദയില്ലാത്തവരായി, ദുർബുദ്ധികളായി രാജ്യം മുഴുവനും അപഹരിക്കണമെന്നു് നിശ്ചയിച്ചവരായി ഇരിക്കുന്ന മന്ത്രിമാർ അപഹരിച്ചു്. തങ്ങളുടെ അധീനത്തിലാക്കി.

ഭണ്ഡാരം=സ്വൎണ്ണാദി അഷ്ടലോഹവസ്തുക്കളുടെ കൂട്ടം.

സ്വൎണ്ണം, വെള്ളി, ചെമ്പു്, പിച്ചള, ഓടു്, വെള്ളീയം, കാരീയം. ഇരുമ്പു് ഇവയാകുന്നു അഷ്ടലോഹങ്ങൾ.

ദം.ശോ—ദുഷ്ടന്മാർ=കാമക്രോധാദി ദോഷങ്ങളോടുകൂടിയവർ. ദുരാത്മാക്കൾ=സ്വാമിദ്രോഹംകൊണ്ടു ദുഷിച്ച മനസ്സോടുകൂടിയവർ.

ജഗ—അമാത്യൈ.........സ്വപുരേ സതഃ സ്വാഹാ......വ്യ

വ്യ. തതോ മൃഗയാവ്യാജേന ഹൃതസ്വാമ്യഃ സ ഭൂപതിഃ
ഏകാകീ, ഹയമാരുഹ്യ ജഗാമ ഗഹനം വനം. ൯

തതഃ	= അനന്തരം
ഹൃതസ്വാമ്യഃ	= സ്വാമിത്വം അപഹരിക്കപ്പെട്ട
സ ഭൂപതിഃ	= ആ രാജാവു്
മൃഗയാവ്യാജേന	= നായാട്ടു് എന്ന വ്യാജേന
ഏകാകീ ഹയമാരുഹ്യ	= നിസ്സഹായനായി കുതിരയിൽ കയറി
ഗഹനം വനം ജഗാമ	= ഗംഭീരമായ കാടിനെ പ്രാപിച്ചു.

അനന്തരം സ്വാമിത്വംപോയ ആ രാജാവു് നായാട്ടു് എന്നവ്യാജേന തനിച്ചു കുതിരപ്പുറത്തു കയറി കൊടുംകാടിനെ പ്രാപിച്ചു.

ശാന്ത—അതിന്റെശേഷം ഭണ്ഡാരത്തേയും സൈന്യത്തേയും മന്ത്രിമാർ അപഹരിച്ചതുകൊണ്ടു് സ്വാമിത്വംപോയ ആ സുരഥൻ, നിസ്സഹായനായി, നായാട്ടിനു് എന്നുള്ള വ്യാജേന ഒരു കുതിരപ്പുറത്തു കയറി വൃക്ഷങ്ങളും ലതകളും തിങ്ങിയിരിക്കുന്ന കാട്ടിൽ ചെന്നുചേൎന്നു.

“നായാട്ടിനെന്നുള്ള വ്യാജേന” എന്നു പറഞ്ഞതിന്റെ അൎത്ഥം ‘നായാട്ടു് പാപമാകകൊണ്ടു് മുനിവനത്തെത്തന്നെ പ്രാപിക്കണമെന്നു നിശ്ചയിച്ചു’ എന്നാകുന്നു.

മുഖ്യകാൎയ്യസ്വരൂപത്തെ മറക്കുന്നതാകുന്നു വ്യാജം.

സ്വാമിത്വം=ഈശ്വരത്വം.

നാഗോ—ഹൃതസ്വാമ്യൻ=ആധിപത്യംപോയവൻ.

ജഗ—തതോ......ഗഹനം വനം സ്വാഹാ ൯

൯. സ തത്രാശ്രമമദ്രാക്ഷീദ് ദ്വിജവൎയ്യസ്യ മേധസഃ
പ്രശാന്തശ്വാപദാകീൎണ്ണം മുനിശിഷ്യോപശോഭിതം. ൧൦

സഃ തത്ര	= അവൻ അവിടെ
ദ്വിജവൎയ്യസ്യ മേധസഃ	= ബ്രാഹ്മണശ്രേഷ്ഠനായ സുമേധസ്സിന്റെ
പ്രശാന്തശ്വാപദാകീർണ്ണം	= ശാന്തജന്തുക്കളാൽ വ്യാപ്തവും
മുനിശിഷ്യോപശോഭിതം	= മുനിശിഷ്യന്മാരെക്കൊണ്ടു് ശോഭിക്കുന്നതുമായ
ആശ്രമം അദ്രാക്ഷീൽ	= ആശ്രമത്തെ (പൎണ്ണശാലയെ) കണ്ടു.

ആ രാജാവു് അവിടെ ബ്രാഹ്മണശ്രേഷ്ഠനായ സുമേധസ്സിന്റെ,

പരഹിംസയെ വെടിഞ്ഞിരിക്കുന്ന വ്യാഘ്ര്യാദിദുഷ്ടമൃഗങ്ങളാൽനിറഞ്ഞിരിക്കുന്നതും, മുനിശിഷ്യന്മാരെക്കൊണ്ടു ശോഭിക്കുന്നതുമായ ആശ്രമത്തെ കണ്ടു.

ശാന്ത—"ദ്വിജ! വര്യ്യഃ സുമേധസഃ" എന്നും പാഠമുണ്ടു്. ദ്വിജ! എന്നു് മൎക്കണ്ഡേയൻ ശിഷ്യനോടുചെയ്യുന്ന സംബോധനയാണു്. "വര്യ്യഃ" എന്നു് ഭാവിശ്രേയസ്സിനെ ഉദ്ദേശിച്ചുള്ള സുരഥവിശേഷണം.

ആ പൂജ്യനായ സുരഥൻ, കാട്ടിൽ സുമേധസ്സ് എന്ന മുനിയുടെ, തപോബലംകൊണ്ടു ഹിംസയെ ഉപേക്ഷിച്ചിരിക്കുന്ന വ്യാഘ്ര്യാദിജന്തുക്കളാൽ വ്യാപ്തവും, വേദാദ്ധ്യയനംചെയ്യുന്ന ശിഷ്യന്മാരെക്കൊണ്ടു് ശോഭിക്കുന്നതുമായ ആശ്രമത്തെക്കണ്ടു.

സുമേധസ്സ്=ശോഭനമായ മേധയോടുകൂടിയവൻ, മേധാ=ധരിക്കുന്നതിനു സാമൎത്ഥ്യമുള്ള ബുദ്ധി.

ചതു—ആശ്രമം=മുനിവാസത്തിനു ഉചിതമായ സ്ഥാനം. പ്രശാന്തം=മുനിയുടെ തപഃശക്തികൊണ്ടു പരഹിംസയോടുകൂടാത്തതു്. മുനിശിഷ്യന്മാർ=മുനിയുടെ ശിഷ്യന്മാർ, (അ) മനനശീലന്മാരായ ശിഷ്യന്മാർ (അ) മുനിമാരും ശിഷ്യന്മാരും. ഉപശോഭിതം=അലങ്കരിക്കപ്പെട്ടതു്.

നാഗോ—മേധസ്സ് എന്നതു ഒരു ഋഷിയുടെ പേരാണു്. വാസ്തവത്തിൽ അതു് വസിഷ്ഠമഹൎഷിതന്നെയാകുന്നു.

"അമുഷ്യാഃ സാവതാരായാഃ മഹാലക്ഷ്മ്യാ അമാനുഷം
ജന്മാനി ചരിതൈസ്സാൎദ്ധം സ്തോത്രൈൎവാ വേദവാദിനാ
കഥിതാനി പുരാ ശക്ര! വസിഷ്ഠേന മഹാത്മനാ
സ്വാരോചിഷേന്തരേ രാജ്ഞേ സുരഥായ മഹാത്മനേ
സമാധയേ ച വൈശ്യായ പ്രണതായ ച സീദതേ."

(എന്നു് ലക്ഷ്മീതന്ത്രം)

"ശ്രീശസ്തു രൂപമാസ്ഥായ പുരാ വിപ്രസ്യ മേധസഃ
സ്വമായാം ജ്ഞാപയാമാസ സുരഥായ സമാധയേ"

(എന്നുമുണ്ടു്)

ജഗ—സ തത്രാശ്രമ......ശോഭിതം സ്വാഹാ...... ഫം-
ഫം. തസ്ഥൗ കംചിത്സ കാലം മുനിനാ തേന സൽകൃതഃ
ഇതശ്ചേതശ്ച വിചരംസ്തസ്മിൻ മുനിവരാശ്രമേ......... ഫ്ഥ

തേന മുനിനാ സൽകൃതഃ	=	ആ മുനിയാൽ പൂജിതനായ
സഃ ച	=	ആ രാജാവും
ഇതശ്ചേതശ്ച വിചരൻ	=	അവിടെയും ഇവിടെയും സഞ്ചരിച്ചു
കംചിൽകാലം	=	കുറച്ചുകാലം [കൊണ്ടും

തസ്മിൻ മുനിവരാശ്രമേ	= ആ മുനിശ്രേഷ്ഠൻെറ പർണ്ണശാലയിൽ
തസ്ഥൗ	= വസിച്ചു.

സുമേധസ്സ് എന്ന മുനിയാൽ സൽകരിക്കപ്പെട്ട ആ രാജാവു് അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടു് കുറേക്കാലം ആ മുനിശ്രേഷ്ഠൻെറ ആശ്രമത്തിൽ വസിച്ചു.

ശാന്ത—സുമേധസ്സമുനിയാൽ സൽകൃരിക്കപ്പെട്ട സുരഥൻ ആ മുനിശ്രേഷ്ഠൻെറ ആശ്രമത്തിൽ അങ്ങുമിങ്ങും സഞ്ചരിച്ചുംകൊണ്ടു് കുറേക്കാലം വസിച്ചു. (അ) ആ സുരഥൻ ആ മുനിവരൻെറ=സുമേധസ്സിൻെറ ആശ്രമത്തിൽ ആ മുനിയാൽ ഇതശ്ചേതശ്ച വിചരൻ=ഇതനായി=സ്വീകൃതനായി, വിരുന്നുകാരനായി സൽകൃരിക്കപ്പെട്ടവനായിട്ടു്, ചേതശ്ച വിചരൻ=തപസ്സിനു് യോഗ്യമോ അല്ലയോ എന്നു വിചാരിച്ചുംകൊണ്ടുവസിച്ചു.

മുനിവരാശ്രമേ; മുനിവര! ആശ്രമേ എന്നു പദച്ഛേദം.

മുനിവര! എന്നു ഭാഗുരിസംബോധനം.

ജഗ—തസ്ഥൗ......മുനിവരാശ്രമേ സ്വാഹാ ൧൧

൧൧. സോചിന്തയത്തദാ തത്ര മമതാകൃഷ്ടചേതനഃ

മൽപൂർവൈഃ പാലിതം പൂർവം മയാഹീനം പുരം ഹി തൽ. ൧൨

തദാ തത്ര സഃ	= അപ്പോൾ അവിടെ അവൻ
മമതാകൃഷ്ടചേതനഃ	= മമതയാൽ ആകർഷിക്കപ്പെട്ട മനസ്സോ [ടുകൂടി
അചിന്തയൽ	= വിചാരിച്ചു.
പൂർവം മൽപൂർവൈഃ	= പണ്ടു് എൻെറ പൂർവികന്മാരാൽ
പാലിതം തൽ പുരം	= രക്ഷിക്കപ്പെട്ട ആ പുരം
മയാഹീനം ഹി	= എന്നോടുകൂടാത്തതായി നിശ്ചയം.

അപ്പോൾ അവിടെ ആ സുരഥൻ മമതയാൽ വശീകരിക്കപ്പെട്ട മനസ്സോടുകൂടിയവനായിട്ടു് താഴെ പറയുന്നതുപോലെ എല്ലാം വിചാരിച്ചു. പണ്ടു് എൻെറ പൂർവികന്മാരാൽ രക്ഷിക്കപ്പെട്ട ആ പുരം ഇപ്പോൾ എന്നോടുകൂടാത്തതായിത്തീൎന്നു; നിശ്ചയം.

ചതു—മമതാകൃഷ്ടചേതനഃ=ഇതു് എൻേറതാണെന്നുള്ള അഭിമാനംകൊണ്ടു് വശീകരിക്കപ്പെട്ട ബുദ്ധിയോടുകൂടിയവൻ.

ശാന്ത—മുനിയോടുകൂടി ആശ്രമത്തിൽ വസിക്കുന്ന സുരഥൻ എൻേറതെന്നുള്ള വിചാരത്തോടുകൂടി കുടുംബത്തെ വിചാരിച്ചു. പണ്ടു എൻെറ അച്ഛൻ മുതലായവർ ധർമ്മമായി പാലിച്ചുവന്ന പുരം ഇപ്പോൾ ദൈവവിധികൊണ്ടു് എന്നാൽ നിശ്ശേഷം ഉപേക്ഷിക്കപ്പെട്ടു; നിശ്ചയം.

ജഗ—സോചിന്തയ...........പുരം ഹി തൽ സ്വാഹാ ൧൨

൧൧. മദ്ഭൃത്യൈസ്തൈരസദ്വൃത്തൈർ ധർമതഃ പാല്യതേ ന വാ
ന ജാനേ സപ്രധാനോ മേ ശൂരഹസ്തീ സദാമദഃ ൧൨

൧൨. മമ വൈരിവശം യാതഃ കാൻ ഭോഗാനുപലപ്സ്യതേ.

അസദ്വൃത്തൈഃ = ദുർവൃത്തന്മാരായ
തൈഃ മദ്ഭൃത്യൈഃ = ആ എന്റെ ഭൃത്യന്മാരാൽ
ധർമ്മതഃ = ധർമ്മശാസ്ത്രമനുസരിച്ചു (പ്രജകൾ)
പാല്യതേ ന വാ = പാലിക്കപ്പെടുന്നുവോ ഇല്ലയോ (എന്നും)
സപ്രധാനഃ = പ്രധാനനോടുകൂടിയവനും
സദാമദഃ = എല്ലായ്പോഴും മദമുള്ളവനും
ശൂരഹസ്തീ = ശൂരനമായ ആനത്തലവൻ
മമ വൈരിവശംയാതഃ = എന്റെ ശത്രുക്കളുടെ അധീനത്തെപ്രാപിച്ചിട്ട്
കാൻ ഭോഗാൻ = എന്തുസുഖങ്ങളെ
ഉപലപ്സ്യതേ = അനുഭവിക്കുന്നു (എന്നും)
ന ജാനേ = (ഞാൻ) അറിയുന്നില്ലാ.

അസത്തുക്കളായ എന്റെ ആ ഭൃത്യന്മാർ പ്രജകളെ ധർമ്മമായി രക്ഷിക്കുന്നുവോ എന്നും. സദാ മദത്തോടുകൂടിയവനും ശൂരനമായ എന്റെ ആനത്തലവൻ ശത്രുക്കളുടെ അധീനത്തിൽ അകപ്പെട്ടു് എന്തെല്ലാം അനുഭവിക്കുന്നുവോ എന്നും ഞാൻ അറിയുന്നില്ല.

ചതു—'അസദ്വൃത്തന്മാർ' എന്നു കാരണംകൊണ്ടു പറയുന്ന വിശേഷണമാകുന്നു.

ന വാ = രക്ഷിക്കുന്നുവോ ഇല്ലയോ എന്നു സംശയിക്കുന്നു. ധർമ്മം = ഉചിതമായ നീതി. സഃ = ആ പ്രസിദ്ധനായ, പ്രധാനൻ = മുഖ്യൻ. ("യേ പ്രധാനാഃ പ്ലവംഗമാഃ" എന്നു രാമായണം ലങ്കാകാണ്ഡം) അല്ലെങ്കിൽ സപ്രധാനൻ = ആനക്കാരനോടുകൂടിയവൻ.

ശാന്ത—ദുഷ്പ്രവൃത്തിയോടുകൂടിയ എന്റെ ഭൃത്യന്മാർ—അമാത്യന്മാർ—രാജധർമ്മത്തെ അനുസരിച്ചു പ്രജകളെ ദുഃഖങ്ങളിൽനിന്നു് രക്ഷിക്കുന്നുവോ ഇല്ലയോ എന്നും, മുഖ്യനായി ശൂരനായി എല്ലാസമയത്തും മദമ്പാടോടുകൂടിയവനായി ഇരിക്കുന്ന ആന എന്റെ ശത്രുക്കളുടെ അധീനത്തിൽ അകപ്പെട്ടു് ഇപ്പോൾ എന്തെല്ലാം അനുഭവിക്കുന്നുവോ മേലാൽ എന്തെല്ലാം അനുഭവിക്കേണ്ടിവരുമോ എന്നും എനിക്കറിഞ്ഞുകൂടാ.

ദംശോ—സഃ ദാമദൻ = ആ പ്രസിദ്ധനായ ദാമദൻ–ദാമദൻ = ബന്ധനത്തെ ഖണ്ഡിക്കുന്നവൻ = മദോന്മത്തൻ.

ജഗ—മദ് ഭൃത്യൈ........സദാമദഃ സ്വാഹാ ൧൨

യേ മമാനുഗതാ നിത്യം പ്രസാദധനഭോജനൈഃ ൪൪
൪൪. അനുവൃത്തിം ധ്രുവം തേ ഽദ്യ കുർവ്വന്ത്യന്യമഹീഭൃതാം.

നിത്യം = ദിവസംതോറും
പ്രസാദധനഭോജനൈഃ = ബഹുമാനധനഭോജനങ്ങളെക്കൊണ്ടു്
യേ മമാനുഗതാഃ = യാവചിലർ എന്നെക്കൊണ്ടു ഉപജീവിച്ചു [വന്നുവോ
തേ അദ്യ = അവർ ഇപ്പോൾ
അന്യമഹീഭൃതാം = അന്യരാജാക്കന്മാരുടെ
അനുവൃത്തിം കുർവ്വന്തി ധ്രുവം = സേവയെച്ചെയ്യുന്നു നിശ്ചയം.

ബഹുമാന,ധന,ഭോജനങ്ങൾനിമിത്തം എന്നെക്കൊണ്ടു് ഉപജീവിച്ചുവന്നവർ യാവചിലരോ അവർ ഇപ്പോൾ അന്യരാജാക്കന്മാരുടെ സേവയെച്ചെയ്യുന്നു; നിശ്ചയം.

ഗുപ്ത—ചില ഗ്രന്ഥങ്ങളിൽ "കുർവ്വന്ത്യന്യമഹീഭൃതാം" എന്നു കഴിഞ്ഞു്,

"മമ ഭാര്യാ വരാരോഹാ പുത്രശ്ചാ ഽതിവ ശോഭനഃ
സന്ത്യന്യാനി സ്വർഗ്ഗസദൃശാന്യപ്സരഃപ്രതിമാഃ സ്ത്രീയഃ" എന്നു് ഒരു ശ്ലോകംകൂടി കാണുന്നുണ്ടു്.

ചതു—അനുഗതന്മാർ = സേവകന്മാർ. പ്രസാദം = സന്തോഷിപ്പിക്കുക. ധനം = വർഷംതോറും കൊടുക്കുന്ന വർഷാശനം. ഭോജനം = ദിനംപ്രതി ചെയ്യുന്ന അന്നദാനം.

ശാന്ത—യാവചിലർ എല്ലായ്പോഴും, ഞാൻ ചെയ്യുന്ന ഉചിതദാനങ്ങൾ, മാസംതോറുമുള്ള ശമ്പളം, ഭോജനം ഇവനിമിത്തം ഉപജീവിച്ചുവന്നുവോ അവർ—ആ ഭൃത്യന്മാർ—ഇപ്പോൾ എന്നോടുകൂടാതെ അനാഥന്മാരായിട്ടു് അന്യരാജാക്കന്മാരുടെ സേവയെ നിശ്ചയമായിച്ചെയ്യുന്നു.

ജഗ—മമ വൈരിവശം.........ധനഭോജനൈഃ സഹാഹാ ൪൫
അസമ്യഗ്വ്യയശീലൈസ്തൈഃ കുർവ്വദ്ഭിഃ സതതം വ്യയം ൪൬
൪൬. സഞ്ചിതഃ സോതിദുഃഖേന ക്ഷയം കോശോ ഗമിഷ്യതി
ഏതച്ചാന്യച്ച സതതം ചിന്തയാമാസ പാർത്ഥിവഃ. ൪൭

അതിദുഃഖേന സഞ്ചിതഃ = വളരെ കഷ്ടപ്പെട്ടു സമ്പാദിക്കപ്പെട്ട
സഃ കോശഃ = ആ (എന്റെ) ഭണ്ഡാരം
അസമ്യഗ്വ്യയശീലൈഃ = ദുർവ്വ്യയശീലന്മാരായി
സതതം വ്യയം കുർവ്വദ്ഭിഃ = എല്ലായ്പോഴും ചിലവുചെയ്യുന്നവരായി (ഇരിക്കുന്ന)
തൈഃ ക്ഷയം ഗമിഷ്യതി = അവർനിമിത്തം ക്ഷയത്തെ പ്രാപിക്കും.
പാർത്ഥിവഃ = സുരഥരാജാവു്

ഏതൽ ച അന്യൽ ച = ഇങ്ങനെയുംമററും
സതതം ചിന്തയാമാസ = സദാ വിചാരിച്ചു.

ദുർവ്യയശീലന്മാരായ അവർ എപ്പോഴും ചിലവു ചെയ്യുന്നതു കൊണ്ടു ഞാൻ വളരെ കഷ്ടപ്പെട്ടു സമ്പാദിച്ച ആ ഭണ്ഡാരം നാശത്തെപ്രാപിക്കും. ആ സുരഥരാജാവു് ഇങ്ങനെയും മററുവിധത്തിലും സദാ വിചാരിച്ചുകൊണ്ടിരുന്നു.

ചതു—ദുർവ്യയശീലന്മാർ = വരവിൽ നാലിലൊന്നിലധികം ചിലവുചെയ്യുന്നവർ.

ശാന്ത—നിഷ്ഫലമായി ചിലവുചെയ്യുന്ന സ്വഭാവത്തോടുകൂടിയ ആ അമാത്യന്മാർനിമിത്തം ഞാൻ വളരെ കഷ്ടപ്പെട്ടു സമ്പാദിച്ച ഭണ്ഡാരം നശിച്ചുപോകും.

ചിലവില്ലാതെ വരവുള്ളപ്പോൾ ഭണ്ഡാരം വർദ്ധിക്കുകയും, വരവില്ലാതെ ചിലവുചെയ്യുമ്പോൾ ക്ഷയിക്കുകയും, വരവും ചിലവും തുല്യമായിരിക്കുമ്പോൾ പൂർവ്വസ്ഥിതിയിൽത്തന്നെ ഇരിക്കുകയുംചെയ്യും. ആ സുരഥൻ മേല്പറഞ്ഞതുപോലെയും മററും വിസ്താരമായിട്ടു് അന്തഃപുരത്തിലുള്ളതും മററു പുരത്തിലുള്ളതും ദേശാന്തരങ്ങളിലുള്ളതും ആയ തൻെറ സർവ്വവസ്തുക്കളെക്കുറിച്ചും വിചാരിച്ചു.

സതതം എന്നതിനു എല്ലാഴ്പോഴും എന്നും, സഃ തതം = അവൻ വിസ്താരമായിട്ടു്, എന്നും അർത്ഥം.

രാജാവു് മേൽവരാൻപോകുന്ന അഷ്ടമമന്വന്തരപ്രാപ്തിക്കു കാരണമായി, ഋഷിയോടുചോദിക്കുന്നതിനു അനുകൂലമാകത്തക്കവണ്ണം പല വിചാരങ്ങളെക്കൊണ്ടും സമാധാനംചെയ്യുന്നതിനു വഴിയില്ലാതെ ദുഃഖിതനായിത്തീൎന്നു എന്നു താല്പൎയ്യം.

൧൨-ാംശ്ലോകത്തിലും ഇവിടെയും 'ചിന്തിച്ചു' എന്നു രണ്ടുതവണ പറഞ്ഞതിൻെറ അർത്ഥം 'മമതാകൃഷ്ടമാനസനായിട്ടു്' മേല്പറഞ്ഞതും പറയാതെയുള്ളതും പിന്നെയും പിന്നെയും ചിന്തിച്ചതിനെത്തന്നെ ചിന്തിച്ചുകൊണ്ടിരുന്നു' എന്നാകുന്നു.

ദംശോ—അന്യച്ച = രാജ്യഭ്രഷ്ടനായ എനിക്കു് ഇനിയും എങ്ങനെ രാജ്യം കിട്ടുമെന്നുംമററും.

ജഗ—അനുവൃത്തിം......സതതം വ്യയം സ്വാഹാ ൧൭
സഞ്ചിതഃ സോതി......പാൎത്ഥിവഃ സ്വാഹാ ൧൮

൧൮. തത്ര വിപ്രാശ്രമാഭ്യാശേ വൈശ്യമേകം ദദൎശ സഃ
സ പൃഷ്ടസ്തേന കസ്ത്വം ഭോ ഹേതുശ്ചാഗമനേത്ര കഃ. ൧൯

സഃ തത്ര = ആ രാജാവു് അവിടെ
വിപ്രാശ്രമാഭ്യാശേ = മുനിയുടെ ആശ്രമത്തിനു സമീപത്തിൽ
ഏകം വൈശ്യം ദദൎശ = ഒരു വൈശ്യനെ കണ്ടു.

സഃ തേന = ആ വൈശ്യൻ രാജാവിനാൽ
ഭോ ത്വം കഃ = അല്ലയോ ഭവാൻ ആരാണു്?
അത്ര ആഗമനേ ഹേതുഃകഃ = ഇവിടെ വന്നതിനുള്ള കാരണം എന്തു്
പൃഷ്ടഃ = (എന്നു്) ചോദിക്കപ്പെട്ടു.

ആ രാജാവു് അവിടെ മുനിയുടെ ആശ്രമത്തിനു സമീപത്തിൽ ഒരു വൈശ്യനെക്കണ്ടു. അദ്ദേഹം ആ വൈശ്യനോടു് അങ്ങു് ആരാണെന്നും ഇവിടെ വന്നതിനുള്ള കാരണമെന്തെന്നും ചോദിച്ചു.

ചതു—വിപ്രാശ്രമാഭ്യാശേ = വിപ്ര! എന്നു ഭാഗുരിയോടു സംബോധന, അല്ലെങ്കിൽ സുമേധസ്സിൻെറ വിശേഷണം. അഭ്യാശം = നികടം. ഏകൻ = നിസ്സഹായൻ. അത്ര = ഈ ആശ്രമത്തിൽ.

ശാന്ത—സുരഥൻ ആ തപോവനത്തിൽ അങ്ങനെ തൻെറ ഭണ്ഡാരത്തേയും മററും ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ സുമേധസ്സു് മുനിയുടെ ആശ്രമസമീപത്തിൽ ഒരു വൈശ്യനെക്കണ്ടു: ആ വൈശ്യൻ തന്നേയും മുനിയേയും അപേക്ഷിച്ചു് ആ കാട്ടിൽ മൂന്നാമത്തെ ആളാകുന്നു. രാജാവു വൈശ്യനോടു് "ആശ്ചര്യം" അങ്ങു് എന്തു ജാതിയാണു്. ഈ മുനിയുടെ ആശ്രമത്തിൽ വരുന്നതിനുള്ള കാരണമെന്തു് എന്നു ചോദിച്ചു.

"ദദർശ ഹ" എന്നും പാഠമുണ്ടു്.

ജഗ—തത്ര വിപ്രാശ്രമ......ഹേതുശ്ചാഗമനേത്ര കഃ സ ചാഹ ൧൭

൧൭. സശോക ഇവ കസ്മാത്ത്വം ദുർമ്മനാ ഇവ ലക്ഷ്യസേ
ഇത്യാകർണ്ണ്യ വചസ്തസ്യ ഭൂപതേഃ പ്രണയോദിതം. ൧൮

൧൮. പ്രത്യുവാച സ തം വൈശ്യഃ പ്രശ്രയാവനതോ നൃപം. ൧൯

കസ്മാൽ ത്വം = എന്തുകൊണ്ടാണു് അങ്ങു്
സശോക ഇവ = ദുഃഖത്തോടുകൂടിയവൻ എന്നപോലെയും
ദുർമ്മനാ ഇവ ലക്ഷ്യസേ = ദുർമ്മനസ്സു്എന്നപോലെയുംകാണപ്പെടുന്നു
ഇതി തസ്യ ഭൂപതേഃ = ഇങ്ങനെ ആ രാജാവിൻെറ
പ്രണയോദിതം = സ്നേഹത്തോടുകൂടി പറയപ്പെട്ട
വചഃ ആകർണ്ണ്യ = വാക്കിനെ കേട്ടിട്ടു്
തം നൃപം സഃ വൈശ്യഃ = ആ രാജാവിനോടു് ആ വൈശ്യൻ
പ്രശ്രയാവനതഃപ്രത്യുവാച = വിനയാവനതനായിട്ടു ഉത്തരംപറഞ്ഞു.

എന്തുകാരണത്താലാണു് അങ്ങു ശോകത്തോടുകൂടിയവൻ എന്നപോലെയും ദുർമ്മനസ്സു് എന്നപോലെയും കാണപ്പെടുന്നതു് എന്നു ആ രാജാവിൻെറ സ്നേഹത്തോടുകൂടി പറയപ്പെട്ട വാക്കിനെക്കേട്ടിട്ടു് ആ വൈശ്യൻ വിനയാവനതനായിട്ടു് ആ രാജാവിനോടു ഉത്തരംപറഞ്ഞു.

ചതു—ഇഷ്ടജനങ്ങളുടെ വേർപാടിനെക്കുറിച്ച് ചിന്തിക്കുന്നതു ശോകം, അതുകൊണ്ടുള്ള മനസ്സിന്റെ തളർച്ച്, ദൗർമ്മനസ്യം, മേലക്ഷി ണംകൊണ്ടു ശോകവും, അസ്ഥിരതകൊണ്ടു ദൗർമ്മനസ്യവും ഊഹിച്ചു.

പ്രണയോദിതം = വിശ്വാസമായി പറയപ്പെട്ടതു്.

ശാന്തം—ആശ്ചര്യം! ഹേ അങ്ങു് എന്തു കാരണത്താലാണു ദുഃഖ ത്തോടുകൂടിയവൻ എന്നപോലെ കാണപ്പെടുന്നതു്? എന്തു കാരണ ത്താലാണു് വിമനസ്സായി കാണപ്പെടുന്നതു്? എന്നിങ്ങനെ രാജാ വിന്റെ വാക്കുകളെക്കേട്ടു വൈശ്യൻ വിനയാവനതനായി = വണക്ക ത്തോടുകൂടി ആ രാജാവിനോടു ഉത്തരംപറഞ്ഞു.

ജഗ—സശോക ഇവ.........പ്രണയോദിതം സ്വാഹാ ൨൮

പ്രത്യുവാച.........നൃപം സ്വാഹാ ൨൯

വൈശ്യ ഉവാച ൩൦

സമാധിർന്നാമ വൈശ്യോഹമുല്പന്നോ ധനിനാം കുലേ ൩൧

൨൯. പുത്രദാരൈർന്നിരസ്തശ്ച ധനലോഭാദസാധുഭിഃ

വിഹീനഃ സ്വജനൈർദ്ദാരൈഃ പുത്രൈരാദായ മേ ധനം ൩൨

൩൦. വനമഭ്യാഗതോ ദുഃഖി നിരസ്തശ്ചാപ്തബന്ധുഭിഃ.

വൈശ്യൻ പറഞ്ഞു:

അഹംധനിനാം കുലേഉല്പന്നഃ	=	ഞാൻ ധനികളുടെവംശത്തിൽജനിച്ച
സമാധിർന്നാമവൈശ്യഃ	=	സമാധി എന്നപേരോടുകൂടിയ വൈ ശ്യനാകുന്നു.
അസാധുഭിഃ പുത്രദാരൈഃ	=	അസത്തുക്കളായപുത്രന്മാരാലും ദാരങ്ങളാ [ലും
ധനലോഭാൽ	=	ധനത്തിലുള്ള ആഗ്രഹംനിമിത്തം
മേ ധനം ആദായ	=	എന്റെ സ്വത്തിനെ അപഹരിച്ചുംകൊ [ണ്ടു്
നിരസ്തഃ	=	ഉപേക്ഷിക്കപ്പെട്ടവനായി
സ്വജനൈഃ ദാരൈഃ പുത്രൈഃ വിഹീനഃ	=	(ആ ഞാൻ) സ്വജനങ്ങളോടും ഭാര്യയോ ടും പുത്രന്മാരോടും കൂടാത്തവനായിട്ടു്
ആപ്തബന്ധുഭിഃ നിരസ്തഃ	=	ആപ്തബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ട വനായി
ദുഃഖി ച വനമഭ്യാഗതഃ	=	ദുഃഖിയായിട്ടു(ഈ)വനത്തിൽവന്നുചേന്നു.

ഞാൻ ധനികന്മാരുടെ വംശത്തിൽ ജനിച്ച "സമാധി" എന്നു പ്രസിദ്ധനായ ഒരു വൈശ്യനാകുന്നു. അസത്തുക്കളായ ഭാര്യാപുത്ര ന്മാർ ധനത്തിലുള്ള ആഗ്രഹംനിമിത്തം എന്റെ ധനത്തെ അപഹ രിച്ചുംകൊണ്ടു എന്നെ ഉപേക്ഷിച്ചു. സ്വജനങ്ങളോടും, ഭാര്യയോടും പുത്രരോടുംകൂടാത്ത ഞാൻ ആപ്തബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ടവ നായി ദുഃഖിയായിട്ടു ഈ വനത്തിൽ വന്നുചേന്നു.

ശാന്ത—"ധനികന്മാരുടെ വംശത്തിൽജനിച്ച ഞാൻ 'സമാധി' എന്ന പേർകേട്ടവനും ജാതിയിൽ വൈശ്യനുമാകുന്നു" ഇതു ൧൯-ാം ശ്ലോകത്തിലെ രാജാവിന്റെ "ആരാണു്" എന്ന ചോദ്യത്തിനുത്തരമാണു്..

"എന്റെ ആപ്തബന്ധുക്കളായ പുത്രമിത്രകളത്രാദികളാൽ ധനത്തെ അപഹരിക്കപ്പെട്ട ഉപേക്ഷിക്കപ്പെട്ട ഞാൻ ദുഃഖത്തോടുകൂടി ഈ വനത്തിൽവന്നു." ഇതു് "ഇവിടെ വരുന്നതിനുള്ള കാരണമെന്തു്" എന്നു ചോദിച്ചതിനുത്തരമാകുന്നു.

ചതു—"ഞാൻ പുത്രന്മാരാലും ദാരങ്ങളാലും അധിക്ഷിപ്തനായി എന്നുമാത്രമല്ല അവർ എന്റെ ധനത്തെ അപഹരിച്ചുംകൊണ്ടു എന്നെത്തള്ളി ഓടിക്കുകയുംചെയ്തു. ഇങ്ങനെ ഞാൻ ധനത്തോടും ഭാര്യയോടും പുത്രന്മാരോടും ആപ്തബന്ധുക്കളോടും കൂടാത്തവനായിട്ടു ഈ വനത്തിൽവന്നു." ഇതു് (൧൭-ാംശ്ലോകത്തിലെ) "എന്തുകൊണ്ടാണു് ദുഃഖത്തോടുകൂടിയവൻ എന്നപോലെ കാണപ്പെടുന്നതു്" എന്ന ചോദ്യത്തിനുത്തരമാണു്. 'ആദായി' എന്നും പാഠമുണ്ടു്. അതിനു അപഹരിക്കപ്പെട്ട എന്നർത്ഥം.

ജഗ—വൈശ്യ ഉവാച സ്വാഹാ ൨൦

സമാധിർന്നാമ.........ധനിനാംകുലേ സ്വാഹാ ൨൧
പുത്രദാരൈ.........മേ ധനം സ്വാഹാ ൨൨
സോഽഹം ന വേദ്മി പുത്രാണാം കുശലാകുശലാത്മികാം ൨൩
൨൧. പ്രവൃത്തിം സ്വജനാനാഞ്ച ദാരാണാം ചാത്ര സംസ്ഥിതഃ
കിം നു തേഷാം ഗൃഹേ ക്ഷേമമക്ഷേമം കിം നു സാമ്പ്രതം ൨൪
൨൨. കഥം തേ കിം നു സദ്വൃത്താഃ ദുർവൃത്താഃ കിം നു മേ സുതാഃ ൨൫

സഃ അഹം അത്ര സംസ്ഥിതഃ	= ആ ഞാൻ ഇവിടെ ഇരുന്നുകൊണ്ടു്
പുത്രാണാം സ്വജനാനാം ച	= പുത്രന്മാരുടേയും സ്വജനങ്ങളുടേയും
ദാരാണാം ച	= ദാരങ്ങളുടേയും
കുശലാകുശലാത്മികാം പ്രവൃത്തിം	= കുശലരൂപയായും അകുശലരൂപയായും ഇരിക്കുന്ന വാർത്തയേയും
സാമ്പ്രതം തേഷാം ഗൃഹേ	= ഇപ്പോൾ അവരുടെ ഗൃഹത്തിൽ
ക്ഷേമം കിം നു	= ക്ഷേമമോ
അക്ഷേമം കിം നു	= അക്ഷേമമോ
തേ മേ സുതാഃ	= ആ എന്റെ പുത്രന്മാർ
സദ്വൃത്താഃ കിം നു	= സദ്വൃത്തന്മാരോ
ദുർവൃത്താഃ കിം നു	= ദുർവൃത്തന്മാരോ
കഥം ന വേദ്മി	= എന്തോ അറിയുന്നില്ല.

ആ ഞാൻ ഇവിടെ ഇരുന്നുംകൊണ്ടു് പുത്രന്മാരുടേയും സ്വജന ങ്ങളുടേയും, ദാരങ്ങളുടേയും, കുശലരൂപയായും അകുശലരൂപയായും ഉള്ള വാൎത്തയേയും, ഇപ്പോഠം അവരുടെ ഗൃഹത്തിൽ ക്ഷേമമോ അക്ഷേമമോ എന്നും, എന്റെ പുത്രന്മാർ സദ്വൃത്തന്മാരോ ദുർവൃത്ത ന്മാരോ എന്നും അറിയുന്നില്ലാ.

ചതു—സഃ അഹം=ആവിധമുള്ള ഞാൻ, കുശലാകുശലാത്മി കാം=ശുഭമോ അശുഭമോ എന്ന, പ്രവൃത്തിം=വാൎത്തയെ.

ശാന്ത—ഈ കാട്ടിലുള്ളവരോടുകൂടി ഇവിടെ വസിക്കുന്ന ഞാൻ പുത്രാദികളുടെ ഗൃഹത്തിൽ അവൎക്കു ക്ഷേമമമാണോ അല്ലെങ്കിൽ ഇപ്പോഠം അക്ഷേമം തന്നെയാണോ അതുരണ്ടും അറിയുന്നില്ലാ. ആ പുത്രന്മാർ ഇപ്പോഠം സദ്വൃത്തന്മാരായിരിക്കുന്നുവോ ദുർവൃത്തന്മാരായി രിക്കുന്നുവോ എന്നു ഞാൻ എങ്ങനെ അറിയുന്നു?

സദ്വൃത്തന്മാർ=നല്ല ചരിത്രത്തോടുകൂടിയവർ (അ) സത്തുക്ക ളുടെ എന്നപോലെ ഉള്ള ചരിത്രത്തോടുകൂടിയവർ. വിപരീതമായു ള്ളവർ ദുർവൃത്തന്മാർ.

ജഗ—വനമദ്ധ്യാഗതോ......കുശലാത്മികാം സ്വാഹാ · ൨൩

പ്രവൃത്തിം......സാംപ്രതം സ്വാഹാ ൨൪

കഥം തേ..... കിം നു മേ സുതാഃ സ്വാഹാ ൨൫

രാജോവാച—൨൬

യൈൎന്നിരസ്തോ ഭവാൻ ലുബ്ധൈഃ പുത്രദാരാദിഭിൎദ്ധനൈഃ ൨൭
൨൩. തേഷു കിം ഭവതഃ സ്നേഹമനുബധ്നാതി മാനസം ൨൮

രാജാവു് പറഞ്ഞു:—

ഭവാൻ	= അങ്ങു്
ധനൈഃ ലുബ്ധൈഃ	= ധനംനിമിത്തം അത്യാഗ്രഹികളായ
യൈഃ പുത്രദാരാദിഭിഃ	= യാവചില ഭാൎയ്യാപുത്രാദികളാൽ
നിരസ്തഃ	= ഉപേക്ഷിക്കപ്പെട്ടു;
തേഷു ഭവതഃ മാനസം	= അവരിൽ ഭവാന്റെ മനസ്സു്
സ്നേഹം കിം അനുബധ്നാതി	= സ്നേഹത്തെ എന്തിനു ചെയ്യുന്നു.

അല്ലയോ വൈശ്യ! അങ്ങു്, ധനംനിമിത്തം ഭാൎയ്യാപുത്രന്മാർ മുതലായവരാൽ ഉപേക്ഷിക്കപ്പെട്ടു. പിന്നെയും ഭവാൻ അവരെ എന്തിനു സ്നേഹിക്കുന്നു?

ശാന്ത—അല്ലയോ സമാധേ! അത്യാഗ്രഹികളായി ദുർവൃത്തന്മാ രായിരിക്കുന്ന ഭാൎയ്യാപുത്രാദികഠം ധനത്തിനുവേണ്ടി അങ്ങേ ഉപേ

ക്ഷിച്ചു. അവരെ അങ്ങ് എന്തിന്നു സ്നേഹിക്കുന്നു? അവരോടുള്ള സ്നേഹം നിന്ദ്യമാണ്. അതിനെ ത്യജിക്കണം.

"ഭാവിതസ്സ്നിഹ്യതി സ്നേഹേ ദ്രോഹേ ച ദ്രുഹ്യതേ പുനഃ
സൗജന്യം സുജനേ കുര്യാൽ ദൗർജ്ജന്യമപി ദുർജ്ജനേ"
(എന്ന് ആപ്തവാക്യം.)

ജഗ—രാജോവാച സ്വാഹാ...... ൧൬
യൈർന്നിരസ്തോ......ധനൈഃ സ്വാഹാ ൧൭
തേഷു കിം......മാനസം സ്വാഹാ ൧൮
വൈശ്യ ഉവാച...... ൧൯
ഏവമേതദ്യഥാ പ്രാഹ ഭവാനസ്മൽഗതം വചഃ ൨൦
൧൪. കിം കരോമി ന ബധ്നാതി മമ നിഷ്ഠുരതാം മനഃ

വൈശ്യൻ പറഞ്ഞു.

ഭവാൻ അസ്മൽഗതം = അങ്ങ് ഞങ്ങളെക്കുറിച്ച്
തഥാ വചഃ പ്രാഹ = എങ്ങനെ വാക്കു പറഞ്ഞു,
ഏവമേതൽ = അതു് അങ്ങിനെതന്നെ.
മമ മനഃ = എന്റെ മനസ്സ്
നിഷ്ഠുരതാം ന ബധ്നാതി= കാഠിന്യത്തെ ആശ്രയിക്കുന്നില്ലാ;
കിം കരോമി = എന്തുചെയ്യുന്നു.

ഭവാൻ ഞങ്ങളെക്കുറിച്ച് എങ്ങനെ വാക്കുപറഞ്ഞുവോ അതു് അങ്ങനെതന്നെ. ഞാൻ എന്തു ചെയ്യുന്നു? എന്റെ മനസ്സ് കാഠിന്യത്തെ ആശ്രയിക്കുന്നില്ലാ.

ശാന്ത—"ഭവാൻ യന്മൽഗതം വചഃ" എന്നും പാഠമുണ്ട്.

ഇതു് 'എന്റെ' എന്ന് ഏകവചനമാകകൊണ്ട് സഭ്യമാകുന്നു. 'അസ്മൽഗതം' എന്ന പാഠത്തിൽ വൈശ്യൻ മുമ്പ് രാജാവിനോടു വിനയത്തോടുകൂടി പറഞ്ഞു എന്ന ഭാഗത്തിനു ന്യൂനതയുണ്ട്.

അല്ലയോ രാജാവേ! ഭവാൻ എന്നെക്കുറിച്ചു പറഞ്ഞ വാക്ക് സത്യംതന്നെ. എങ്കിലും എന്റെ മനസ്സു നിഷ്ഠുരതയെ അവലംബിക്കുന്നില്ലാ. അതിനു ഞാൻ എന്തു ചെയ്യുന്നു?

ജഗ—വൈശ്യ ഉവാച സ്വാഹാ...... ൧൯
ഏവമേതദ്യഥാ......ഗതം വചഃ സ്വാഹാ...... ൨൦
യൈസ്സന്ത്യജ്യ പിതൃസ്നേഹം ധനലുബ്ധൈർന്നിരാകൃതഃ ൨൧
൧൫. പതിസ്വജനഹാർദ്ദഞ്ച ഹാർദി തേഷ്വേവ മേ മനഃ

പിതൃസ്നേഹം = പിതൃസ്നേഹത്തേയും
പതിസ്വജനഹാർദ്ദഞ്ച സന്ത്യജ്യ = ഭർത്തൃസ്നേഹത്തേയും സ്വജനസ്നേഹത്തേയും ഉപേക്ഷിച്ചിട്ട്

ധനലുബ്ധൈഃ യൈഃ = ധനാഗ്രഹികളായ യാവ ചിലരാൽ
നിരാകൃതഃ = (ഞാൻ) ത്യജിക്കപ്പെട്ടുവോ
തേഷു മേ മനഃ = അവരിൽ എന്റെ മനസ്സ്
ഹാർദി ഏവ = സ്നേഹമുള്ളതായിത്തന്നെ ഇരിക്കുന്നു.

അവർ പിതൃസ്നേഹത്തേയും ഭർത്തൃസ്നേഹത്തേയും സ്വജനസ്നേഹത്തേയും ഉപേക്ഷിച്ചിട്ട് എന്നെ ത്യജിച്ചുകളഞ്ഞു. എന്റെ മനസ്സ് അവരിൽത്തന്നെ സ്നേഹത്തോടുകൂടിയതായി ഭവിക്കുന്നു.

ചതു—ഞാൻ പുത്രന്മാരാൽ പിതൃസ്നേഹവും, ഭാര്യയാൽ ഭർത്തൃസ്നേഹവും, സ്വജനങ്ങളാൽ സ്വജനസ്നേഹവും ഉപേക്ഷിക്കപ്പെട്ടിട്ട്, ധനലുബ്ധനിമിത്തം നിരാകരിക്കപ്പെട്ടവനായി. അങ്ങനെയുള്ള ആ പുത്രാദികളിൽത്തന്നെ എന്റെ മനസ്സ് സ്നേഹത്തോടുകൂടിയതായിരിക്കുന്നു. അതിനു ഞാൻ എന്തു ചെയ്യുന്നു?

ശാന്ത—ഹൃദയത്തിന്റെ കർമ്മം ഹാർദം=സ്നേഹം. ഹാർദത്തോടുകൂടിയതു ഹാർദി.

ജഗ—കിം കരോമി......നിരാകൃതഃ സ്വാഹാ ൨൧

കിമേതന്നാഭിജാനാമി ജാനന്നപി മഹാമതേ! ൨൨-

൨൩. യൽ പ്രേമപ്രവണം ചിത്തം വിഗുണേഷ്വപി ബന്ധുഷു

മഹാമതേ! = അല്ലയോ മഹാമതേ!
ജാനന്നപി = (ഞാൻ) അറിവുള്ളവനായിരുന്നിട്ടും
വിഗുണേഷു ബന്ധുഷു അപി = സ്നേഹമില്ലാത്ത ബന്ധുക്കളിലും
യൽ ചിത്തം = യാതൊരു (എന്റെ) മനസ്സ്
പ്രേമപ്രവണം = സ്നേഹമുള്ളതായി ഭവിക്കുന്നു.
ഏതൽ കിം = ഇതു് എന്താണെന്നു്
ന അഭിജാനാമി = അറിയുന്നില്ലാ.

അല്ലയോ മഹാമതേ! ഞാൻ അറിവുള്ളവനാണെങ്കിലും ഗുണമില്ലാത്ത ബന്ധുക്കളിലും എന്റെ മനസ്സ് സ്നേഹത്തോടുകൂടിയതായിരിക്കുന്നു. ഇതെന്താണെന്നു് ഞാൻ അറിയുന്നില്ല.

ശാന്ത—അല്ലയോ മഹാമനസ്കനായ രാജാവേ! ഗുണമില്ലാത്ത ബന്ധുക്കളിലും സ്നേഹത്തോടുകൂടിയതാണു് എന്റെ മനസ്സ് എന്നു് ഞാൻ അറിയുന്നുഎങ്കിലും, അതു് എന്തുകൊണ്ടാണെന്നു് അറിയുന്നില്ലാ; ഇതെന്താണു്. (അ) അസത്തുക്കളായ ബന്ധുക്കളിലും എന്റെ മനസ്സ് സ്നേഹത്തോടുകൂടിയതാണെന്നു് അറിയുന്നുഎങ്കിലും അതിനെ നിവർത്തിക്കുന്നതിനു് ഞാൻ അറിയുന്നില്ലാ; എന്തുചെയ്യുന്നു. (അ) ഹേ രാജാവേ! ബന്ധുക്കൾ ഗുണമില്ലാത്തവരായിരിക്കുമ്പോൾ എന്റെ

മനസ്സ് അവരിൽ സ്നേഹമുള്ളതായിത്തീൎന്നു. അതു് നിന്ദ്യമാണെന്നു് ഞാൻ അറിയുന്നുഎങ്കിലും അറിയുന്നില്ല.

പ്രേമപ്രവണം=സ്നേഹംകൊണ്ടു് താഴ്ന്നതു്=സ്നേഹംകൊണ്ടു് അനുകൂലമായുള്ളതു്. വിഗുണന്മാർ=സ്നേഹമില്ലാത്തവർ.

ദാശോ—അറിയുന്നവനാണെങ്കിലും അറിയുന്നില്ലാ. ഇതെന്താണെന്നു് ചോദ്യം. (ആ) ഞാൻ അറിവുള്ളവനാണെങ്കിലും സ്നേഹമില്ലാത്തബന്ധുക്കളെ സ്നേഹിക്കുന്നു. അതിനു കാരണമെന്താണെന്നറിയുന്നില്ലാ.

ജഗ—പതിസ്വജന......മഹാമതേ സ്വാഹാ...... ൩൨

തേഷാം കൃതേ മേ നിഃശ്വാസോ ദൗർമനസ്യം ച ജായതെ ൩൩

൨൭. കരോമി കിം യന്ന മനസ്തേഷ്വപ്രീതിഷു നിഷ്ഠുരം. ൩൪

തേഷാം കൃതേ മേ	= അവർനിമിത്തം എനിക്കു്
നിഃശ്വാസഃ ദൗൎമ്മനസ്യം ച	= ദീർഘശ്വാസവും ദുഃഖവും
ജായതേ	= ഉണ്ടാകുന്നു;
അപ്രീതിഷു തേഷു	= പ്രീതിയില്ലാത്ത അവരിൽ
യൽ മനഃ	= യാതൊരു (എന്റെ) മനസ്സ്
നിഷ്ഠുരം ന കിം കരോമി	= ക്രൂരമല്ല, എന്തുചെയ്യുന്നു.

അവർനിമിത്തം എനിക്കു് ദീർഘശ്വാസവും ദൗർമനസ്യവും ഉണ്ടാകുന്നു. പ്രീതിയില്ലാത്ത അവരിൽ എന്റെമനസ്സ് ക്രൂരമല്ല; എന്തുചെയ്യുന്നു

ചതു—"അപ്രീതി, സുനിഷ്ഠുരം" എന്നും പാഠമുണ്ടു്. അതിനു് അപ്രീതികൊണ്ടു് ഏററവും കഠിനമായി ഭവിക്കുന്നില്ല എന്നൎത്ഥം

ശാന്ത—യാതൊന്നുകൊണ്ടു് ശ്വാസം അധികമായി ഉണ്ടാകുന്നുവോ അതു് നിഃശ്വാസം=ദുഃഖം.

ദുഷിച്ചിരിക്കുന്ന മനസ്സോടുകൂടിയവൻ ദുൎമ്മനസ്സ്, അതിന്റെ ഭാവം ദൗൎമ്മനസ്യം. നിഷ്ഠുരം=കഠോരം.

പുത്രാദികൾക്കുവേണ്ടി ക്ഷേമലാഭപ്രാപ്തിവിഷയത്തിൽ എനിക്കു ദുഃഖവും ദൗർമനസ്യവും ഉണ്ടാകുന്നു. എന്തുകൊണ്ടാണു് എന്നിൽ പ്രീതിയില്ലാത്ത ആ പുത്രാദികളിൽ, എന്റെ മനസ്സ് കഠോരമായി ഭവിക്കാത്തതു്? അതിനു ഞാൻ എന്തുചെയ്യുന്നു. ഞാൻ ഇപ്പോൾ സംസാരചിന്തനിമിത്തം കാന്ദിശീകനായി ഭവിച്ചിരിക്കുന്നു. കാന്ദിശീകൻ=ഏതുദിക്കിലേക്കു ഓടേണ്ടുവെന്നു് പരിഭ്രമിക്കുന്നവൻ.

ജഗ—യൽ പ്രേമപ്രവണം......ജായതേ സ്വാഹാ ൩൩

കരോമി കിം......നിഷ്ഠുരം സ്വാഹാ ൩൪

മാൎക്കണ്ഡേയ ഉവാച— ൩൫

തതസ്തൗ സഹിതൗ വിപ്ര! തം മുനിം സമുപസ്ഥിതൗ. ൩൬
ഛവ്വ. സമാധിൎന്നാമ വൈശ്യോ ഽസൗ സ ച പാൎത്ഥിവസത്തമഃ

മാൎക്കണ്ഡേയൻ പറഞ്ഞു:

വിപ്ര! = ഭാഗുരിദ്വിജ!
തതഃ = അനന്തരം
സമാധിൎന്നാമ = സമാധി എന്നു പേരായ
അസൗ വൈശ്യഃ = ഈ വൈശ്യനും
സഃ പാൎത്ഥിവസത്തമഃ ച = ആ രാജശ്രേഷ്ഠനും
തൗ സഹിതൗ = രണ്ടുപേരും ഒരുമിച്ചു്
തം മുനിം സമുപസ്ഥിതൗ = ആ മുനിയെ ഉപഗമിച്ചു.

അല്ലയോ ഭാഗുരിദ്വിജ! അനന്തരം സമാധി എന്നുപേരായ ഈ വൈശ്യനും ആ രാജശ്രേഷ്ഠനും രണ്ടുപേരും ഒന്നിച്ചു് ആ മുനിയുടെ സമീപത്തെ പ്രാപിച്ചു.

ശാന്ത— ഹേ ശിഷ്യ! സമാധി എന്ന ഈ വൈശ്യനും ആ സുരഥനും മിത്രത്വേന ഒന്നിച്ചുചേൎന്നു് ആ സുമേധസ്സുമഹൎഷിയുടെ സമീപത്തിൽ ചെന്നു.

ജഗ— മാൎക്കണ്ഡേയ ഉവാച സ്വാഹാ ൩൫
തതസ്തൗ......സമുപസ്ഥിതൗ സ്വാഹാ ൩൬
കൃത്വാ തു തൗ യഥാന്യായം യഥാൎഹം തേന സംവിദം ൩൭
ഉൻ. ഉപവിഷ്ടൗ കഥാഃ കാശ്ചിച്ചക്രതുൎവൈശ്യപാൎത്ഥിവൗ. ൩൮

തൗ വൈശ്യപാൎത്ഥിവൗ = ആ വൈശ്യനും രാജാവും
യഥാന്യായം യഥാൎഹം = ശാസ്ത്രപ്രകാരവും ആചാരമനുസരിച്ചും
തേന സംവിദം കൃത്വാ = ആ മുനിയോടു സംഭാഷണാദികളെ ചെ
ഉപവിഷ്ടൗ = ഇരുന്നു് [യ്തിട്ടു്
കാശ്ചിൽ കഥാഃ ചക്രതുഃ = ചില കഥകളെ പറഞ്ഞു.

ആ വൈശ്യഭൂപന്മാരാകട്ടെ ശാസ്ത്രംപോലെയും ആചാരമനുസരിച്ചും ആ മുനിയോടുകൂടി സംഭാഷണാദ്യാചാരംചെയ്തിട്ടു് ഇരുന്നു് ചില കഥകൾ പറഞ്ഞു.

ശാന്ത— അൽപ്പാചാരനായ വൈശ്യനും ക്ഷത്രിയനാകകൊണ്ടു് പൂജ്യനായ രാജാവും ജാത്യാചാരത്തേയും മുനിയുടെ പൂജ്യത്വത്തേയും വൃദ്ധത്വത്തേയും അതിക്രമിക്കാതെ ആ സുമേധസ്സുമുനിയോടു സംഭാഷണാദ്യാചാരങ്ങൾചെയ്തിട്ടു് ആ മുനിയാൽ പൂജിതന്മാരായിട്ടു് അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി ഇരുന്നു് സ്വവിഷയങ്ങളും അന്യവിഷയങ്ങളുമായ ചില കഥകൾ പറഞ്ഞു.

ജഗ—സമാധിന്നാമ......സംവിദം സ്വാഹാ ൩൧
ഉപവിഷ്ടൗ......പാൎത്ഥിവൗ സ്വാഹാ ൩൨

രാജോവാച ൩൯.

ഭഗവംസ്ത്വാമഹം പ്രഷ്ടുമിച്ഛാമ്യേകം വദസ്വ തൽ ൪൦
൩൦. ദുഃഖായ യന്മേ മനസഃ സ്വചിത്തായത്തതാം വിനാ.

രാജാവു് പറഞ്ഞു:

ഭഗവൻ!	= അല്ലയോഭഗവൻ!
അഹം ത്വാം	= ഞാൻ നിന്തിരുവടിയോടു്
ഏകം പ്രഷ്ടും ഇച്ഛാമി	= ഒന്നു് ചോദിക്കാൻ ആഗ്രഹിക്കുന്നു.
സ്വചിത്തായത്തതാം വിനാ	= തന്റെ ചിത്തം അധീനമാണെന്നുള്ള സ്ഥിതികൂടാതെ
മേ മനസഃ	= എന്റെ മനസ്സിന്നു്
ദുഃഖായ യൽ	= ദുഃഖത്തിനായി യാതൊരുവസ്തു ഭവിക്കുന്നു
തൽ വദസ്വ	= ആ രഹസ്യത്തെ പറഞ്ഞാലും.

അല്ലയോ ഋഷീശ്വര! ഞാൻ നിന്തിരുവടിയോടു് ഒന്നു് ചോദിക്കാനാഗ്രഹിക്കുന്നു. തന്റെ ചിത്തം അധീനമാണെന്നുള്ള അവസ്ഥ കൂടാതെ എനിക്കു് മനസ്സിന്നു് ദുഃഖത്തിനായി യാതൊരുവസ്തു ഭവിക്കുന്നുവോ അതിനെ പറഞ്ഞാലും.

ഗുപ്ത—തനിക്കു് ചിത്തജയം ഉണ്ടാകാതെയിരിക്കുന്നതിന്നു് അനുകൂലമായും, മനസ്സിൽ ദുഃഖത്തെ ഉണ്ടാക്കുന്നതിന്നു് കാരണമായുംഉള്ള വസ്തു എന്താണു്?

ചതു—ചിത്തം സങ്കല്പവികല്പാത്മകമാകുന്നു, മനോജയം ഒരുത്തനേയും ദുഃഖിപ്പിക്കുന്നില്ലാ. നിശ്ചയം "അധീനോ നിഘ്ന ആയത്തഃ" എന്നു് അമരം.

ശാന്ത—ഹേ സൎവൈശ്വൎയ്യസമ്പന്ന! ഹേ മുനേ! നിന്തിരുവടിയോടു ഞാൻ ഒരു രഹസ്യം ചോദിക്കാനാഗ്രഹിക്കുന്നു. അതു രഹസ്സിൽ ഉപദേശിക്കണം. എന്തുകാരണത്താലാണു് എന്റെ മനസ്സു് എന്റെ അധീനത്തിൽ അല്ലാതെയിരിക്കുന്നതു് അതു എനിക്കു ദുഃഖത്തെ ഉണ്ടാക്കുന്നു. ഞാൻ ഒരു രഹസ്യമാണു് ചോദിക്കുന്നതു്. അതു് എനിക്കു് നിശ്ചയമായി കേൾക്കേണ്ടതാകുന്നു. അതു കേൾക്കാതെ മനസ്സു് എന്റെ അധീനത്തിൽ പെടുകയില്ല. അങ്ങിനെ പെട്ടില്ലെങ്കിൽ സംശയംനിമിത്തം ദുഃഖവും നശിക്കുകയില്ല. അതുകൊണ്ടു് ആ രഹസ്യം എനിക്കു കേൾക്കുകതന്നെവേണമെന്നു് താല്പൎയ്യം.

നാഗോ—വദസ്വ=ക്രമപ്പെട്ടും പറയണം.

സങ്കല്പവികല്പാത്മകമായ അന്തഃകരണം നിരോധമില്ലാത്തതു കൊണ്ടു് സ്വസ്വരൂപത്തിൽ നിശ്ചയാത്മകമായി ഭവിക്കുന്നില്ല. അതു നിമിത്തം ദുഃഖമുണ്ടാകുന്നു. അതെന്താണെന്നു് നിർണ്ണയിക്കുന്നതിനു് എനിക്കു സാമർത്ഥ്യവും ഇല്ല.

ജഗ—രാജോവാച സ്വാഹാ ൩൯

ഭഗവംസ്ത്വാം......വദസ്വ തൽ സ്വാഹാ ൪൦

മമത്വം ഗതരാജ്യസ്യ രാജ്യാംഗേഷ്വഖിലേഷ്വപി ൪൧

൩൧. ജാനതോപി യഥാജ്ഞസ്യ കിമേതൻമുനിസത്തമ!

മുനിസത്തമ!	= ഹേ മുനിശ്രേഷ്ഠ!
ജാനതഃ അപി	= ജ്ഞാനമുള്ളവനാണെങ്കിലും
ഗതരാജ്യസ്യ	= രാജ്യംപോയ (എനിക്കു്)
അഖിലേഷു രാജ്യാം- ഗേഷു അപി	= എല്ലാരാജ്യാംഗങ്ങളിലും
യഥാ അജ്ഞസ്യ	= അറിവില്ലാത്തവനു് എന്നപോലെ
മമത്വം കിമേതൽ	= മമത (ഉണ്ടാകുന്നു) ഇതു് എന്താണു്.

ഹേ മുനിസത്തമ! ഞാൻ ജ്ഞാനമുള്ളവനാണു് എങ്കിലും രാജ്യം പോയ എനിക്കു് എല്ലാ രാജ്യാംഗങ്ങളിലും അറിവില്ലാത്തവനു് എന്ന പോലെ മമത തോന്നുന്നു. ഇതു് എന്താണു്?

ചതു—എനിക്കു് രാജ്യാംഗങ്ങളിൽ മമത തോന്നുന്നു. അതെന്താണു്.

"സ്വാമ്യമാത്യസുഹൃൽകോശരാഷ്ട്രദുർഗ്ഗബലാനി ച
രാജ്യാംഗാനി പ്രകൃതയഃ പൗരാണാം ശ്രേണയോപി ച"
(എന്നു് അമരം)

ശാന്ത—മുനിസത്തമൻ=മുനിമാരിൽവച്ചു് ഉത്തമൻ.

ഹേ മുനിസത്തമ! ഞാൻ ജ്ഞാനമുള്ളവനാണെങ്കിലും ശത്രുക്കളുടെ അധീനത്തിൽപ്പെട്ട സാമ്രാജ്യത്തോടുകൂടിയ എനിക്കു്, മൂഢനു് എന്നപോലെ അഖിലരാജ്യാംഗങ്ങളിലും എൻേറതെന്നുള്ള ബുദ്ധിയുണ്ടാകുന്നു. ഇതെന്താണു്? രാജ്യം നശിച്ചവനു് രാജ്യാംഗങ്ങളിൽ മമതകൊണ്ടു് പ്രയോജനമെന്തു്?

നാഗോ—രാജ്യം എൻേറതല്ലെന്നു് അറിയുന്ന എനിക്കു് മൂഢനെപ്പോലെ രാജ്യത്തിൽ മമത വന്നതെന്താണു്?

ജഗ—ദുഃഖായ യന്മേ... അഖിലേഷ്വപി സ്വാഹാ ൪൧

അയഞ്ച നികൃതഃ പുത്രൈർദാരൈർഭൃത്യൈസ്തഥോജ്ഝി-
[തഃ. ൪൨

൩൨. സ്വജനേന ച സംത്യക്തസ്തേഷു ഹാർദീ തഥാപ്യതി.

അയം ച = ഈ വൈശ്യനും
പുത്രൈഃ ദാരൈഃ ഭൃത്യൈഃ = പുത്രന്മാരാലും ദാരങ്ങളാലും ഭൃത്യന്മാരാലും
നികൃതഃ ഉജ്ഝിതഃ = നിന്ദിക്കപ്പെട്ടവനായിട്ടു് ഉപേക്ഷിക്കപ്പെട്ടു
തഥാ = അതുപോലെ
സ്വജനേന ച സംത്യക്തഃ = സ്വജനങ്ങളാലും ത്യജിക്കപ്പെട്ടു.
തഥാപി തേഷു = എന്നിട്ടും അവരിൽ
അതി ഹാർദ്ദീ = അതിസ്നേഹമുള്ളവനായിരിക്കുന്നു.

ഈ വൈശ്യനും പുത്രന്മാരാലും ഭാൎയ്യയാലും ഭൃത്യന്മാരാലും നിന്ദിക്കപ്പെട്ടവനായി ഉപേക്ഷിക്കപ്പെട്ടു. അതുപോലെ സ്വജനങ്ങളാലും ഉപേക്ഷിക്കപ്പെട്ടു. എന്നിട്ടും ഇവൻ അവരിൽ അത്യന്തം സ്നേഹമുള്ളവനായിരിക്കുന്നു.

ശാന്ത—ഈ വൈശ്യനും പുത്രന്മാരാലും ഭാൎയ്യയാലും ഭൃത്യന്മാരാലും സ്വജനങ്ങളാലും സഹോദരികളാലും മററു ബന്ധുക്കളാലും ഉപേക്ഷിക്കപ്പെട്ടു എങ്കിലും ആ പുത്രാദികളിൽ മമതകൊണ്ടു് അതിശയസ്നേഹവാനായി വൎത്തിക്കുന്നു. സ്നേഹമില്ലാത്ത പുത്രാദികളിൽ മമതകൊണ്ടു് അതിസ്നേഹവാനായിഭവിച്ചു എന്നു താല്പൎയ്യം.

നികൃതൻ=ഹിംസകനും കുടിലനും ദുഷ്ടനുമാണെന്നുവെച്ചു് ഉപേക്ഷിക്കപ്പെട്ടവൻ.

"നിഷ്കൃതഃ" എന്നും "നിഃകൃതഃ" എന്നും പാഠമുണ്ടു്.

നാഗോ—നികൃതൻ = തിരസ്കരിക്കപ്പെട്ടവൻ. ഉജ്ഝിതൻ= ത്യക്തൻ.

ജഗ—ജാനതോപി,........തഥോജ്ഝിതഃ സ്വാഹാ ൪൨
ഏവമേഷ തഥാഹഞ്ച ദ്വാവപ്യത്യന്തദുഃഖിതൗ ൪൩
നനു. ദൃഷ്ടദോഷേപി വിഷയേ മമതാകൃഷ്ടമാനസൗ.

ഏവം ഏഷഃ തഥാ അഹം ച = ഇങ്ങനെ ഇവനുംഅതുപോലെഞാനും
ദൃഷ്ടദോഷേ അപി വിഷയേ = ദോഷംകണ്ടിട്ടും ആ വസ്തുവിൽ
മമതാകൃഷ്ടമാനസൗ = മമതകൊണ്ടു് ആകൎഷിക്കപ്പെട്ട മനസ്സോടുകൂടിയവരായിട്ടു്
ദ്വൗ അപി = ഞങ്ങൾ രണ്ടുപേരും
അത്യന്തദുഃഖിതൗ = അത്യന്തദുഃഖത്തോടുകൂടിയവരായി ഭവിക്കുന്നു.

ഇങ്ങനെ ഈ വൈശ്യനും അതുപോലെ ഞാനും ഞങ്ങൾ രണ്ടുപേരും ദോഷംകണ്ടിട്ടും ആ രാജ്യപുത്രാദികളിൽ മമതയാൽ വശീകരിക്കപ്പെട്ട മനസ്സോടുകൂടിയവരായിട്ടു് ഏററവും ദുഃഖത്തോടുകൂടിയവരായിരിക്കുന്നു.

ശാന്ത—ഇങ്ങനെ ഈ വൈശ്യനും അതുപോലെ ഞാനും ദോഷമുണ്ടെന്നറിഞ്ഞിട്ടും ആ വിഷയത്തിൽ മമതകൊണ്ടു് വശീകരിക്കപ്പെട്ടവരായിട്ടു് ഞങ്ങൾ രണ്ടുപേരും ഏറ്റവും ദുഃഖത്തോടുകൂടിയവരായിരിക്കുന്നു.

നാഗോ—ഏവം ഏഷഃ=ഞാൻമാത്രമല്ല ഈ വൈശ്യനും അതുപോലെതന്നെ എന്നു പറയുന്നു.

മമത്വാകൃഷ്ടമാനസർ=രാജ്യപുത്രാദികളിൽ മമതകൊണ്ടു് ശബ്ദസ്പർശാദിവിഷയങ്ങൾക്കു് അധീനമാക്കിച്ചെയ്യപ്പെട്ട, മനസ്സു്, ബുദ്ധി, ചിത്തം, അഹങ്കാരം ഇവയോടുകൂടിയവർ.

ജഗ—സ്വജനേന......ദുഃഖിതൗ സ്വാഹാ ൪൬

തൽ കിമേതന്മഹാഭാഗ! യന്മോഹോജ്ഞാനിനോരപി ൪൭

നര്. മമാസ്യ ച ഭവത്യേഷാ വിവേകാന്ധസ്യ മൂഢതാ. ൪൮

മഹാഭാഗ!	= അല്ലയോ മഹാഭാഗ!
ജ്ഞാനിനോഃ അപി	= ജ്ഞാനികളായ ഞങ്ങൾക്കും
യൽ മോഹഃ	= യാതൊരു മോഹം (ഭവിക്കുന്നു)
വിവേകാന്ധസ്യ ഏഷാമൂഢതാ	= വിവേകമില്ലാത്തവന്റെ ഈ മൂഢ
മമ അസ്യ ച ഭവതി	= എനിക്കും ഇവനും ഉണ്ടാകുന്നു [തും
തൽ കിമേതൽ	= ഇതെന്താണു്?

അല്ലയോ മഹാഭാഗ! ജ്ഞാനികളായ ഞങ്ങൾക്കും യാതൊരു മോഹമുണ്ടാകുന്നു വിവേകമില്ലാത്തവരുടെ ഈ മൂഢത എനിക്കും ഇവനും ഭവിക്കുന്നതെന്താണു്?

ഗുപ്ത—വിവേകമുള്ളവനും, വിവേകമില്ലാത്തവനുംഉള്ള ജ്ഞാനാജ്ഞാനങ്ങൾക്കു് തുല്യതവരുന്നതെങ്ങനെയാണെന്നു് ചോദ്യം. വിവേകാന്ധൻ=തിരിച്ചറിവാകുന്ന കണ്ണോടുകൂടാത്തവൻ.

ചതു—ജ്ഞാനികളായ ഞങ്ങൾക്കും ഈ മറിച്ചുതോന്നൽ ഉണ്ടാകുന്നു. അതു് എന്തുകാരണത്താലാണു്? ഞങ്ങളെപ്പോലെ ഉള്ളവൎക്കു് മോഹം വരാനിടയില്ല; വസ്തുതത്വത്തെ തിരിച്ചറിയുന്നതാണു് വിവേകം; അങ്ങനെയുള്ള വിവേകത്തോടുകൂടാത്ത അവിവേകിക്കു് ഈവിധമുള്ള മൂഢത ഭവിക്കുന്നു വിവേകിക്കു് ഭവിക്കുന്നില്ല. പിന്നെ എങ്ങനെയാണു് ജ്ഞാനികളായ ഞങ്ങൾക്കു് ഈ മോഹമുണ്ടായതു്?
“തൽ കേനൈതൽ” എന്നും പാഠമുണ്ടു്.

നാഗോ—ദോഷജ്ഞാനരൂപമായ വിവേകത്തോടുകൂടിയ ഞങ്ങൾരണ്ടുപേൎക്കുമുള്ള ഈ മോഹം അയുക്തംതന്നെ; എന്തുകൊണ്ടെന്നാൽ ഈവിധത്തിലുള്ള മൂഢത അവിവേകികൾക്കേ ഉണ്ടാകുന്നുള്ളൂ.

ജഗ—ദ്ദൃഷ്ടദോഷേപി......ജ്ഞാനിനോരപി സ്വാഹാ ൪൮
മമാസ്യ ച......മൂഢതാ സ്വാഹാ ൪൭

ഋഷിരുവാച ൪൬.

ജ്ഞാനമസ്തി സമസ്തസ്യ ജന്തോർവിഷയഗോചരേ. ൪൬
൩൯. വിഷയശ്ച മഹാഭാഗ! യാതി ചൈവം പൃഥക് പൃഥക്.

ഋഷി പറഞ്ഞു:—

സമസ്തസ്യ ജന്തോഃ	= എല്ലാപ്രാണികൾക്കും
വിഷയഗോചരേ	= ശബ്ദാദിവിഷയങ്ങളിൽ
ജ്ഞാനം അസ്തി	= ജ്ഞാനം ഉണ്ടാകുന്നു.
മഹാഭാഗ!	= അല്ലയോ മഹാഭാഗ!
വിഷയശ്ച	= ആ വിഷയജ്ഞാനം.
ഏവം പൃഥക് പൃഥക് യാതി ച	= ഇങ്ങനെ പലവിധത്തിലാകുന്നു.

സകലജന്തുക്കൾക്കും ശബ്ദാദിവിഷയങ്ങളിൽ ജ്ഞാനമുണ്ട്. അല്ലയോമഹാഭാഗ! ആ ജ്ഞാനം ഇങ്ങനെ പലമാതിരിയാകുന്നു.

ഉപ്പ—മൂഢത്വം സംബന്ധിക്കാത്ത വിശേഷജ്ഞാനം രാജാവിനും വൈശ്യനും ഇല്ലാ എന്നു് ഋഷി പറയുന്നു.

വിഷയം ഗോചരം എന്ന രണ്ടുപദത്തിനും ഒരർത്ഥംതന്നെ. ജ്ഞാനം ശബ്ദാദിവിഷയങ്ങളെസ്സംബന്ധിച്ചും, ശബ്ദാദിവിഷയങ്ങൾ ജ്ഞാനത്തെസ്സംബന്ധിച്ചും ആകുന്ന ഉണ്ടാകുന്നതു്.

ചതു—ഭവാൻ അഭിപ്രായപ്പെട്ട ജ്ഞാനം കേവലം വിഷയജ്ഞാനമാകുന്നു. അതുകൊണ്ടു നിർമ്മോഹത്വം ഉണ്ടാകുകയില്ല. വിശേഷജ്ഞാനംകൊണ്ടാകുന്ന നിർമ്മോഹത്വം സിദ്ധിക്കുന്നതു്; വിഷയജ്ഞാനം സകലപ്രാണികൾക്കുമുണ്ടു്; അവയ്ക്കെല്ലാം നിർമ്മോഹത്വമില്ല. വിഷയജ്ഞാനമാകട്ടെ ഭിന്നസ്വഭാവമായിട്ടു്—ഇതു് പശു, ഇതു് ബ്രാഹ്മണൻ ഇത്യാദിഭേദേന—വെവ്വേറെയുള്ളതാകുന്നു. ശബ്ദസ്പർശാദിവിഷയങ്ങളും വെവ്വേറെ ഉള്ളതുതന്നെ. ഇങ്ങനെ ഭിന്നമായിരിക്കുന്ന വിഷയജ്ഞാനത്തിനു് നിർമ്മോഹത്വം ഉണ്ടാകുകയില്ല. "കോ മോഹഃ കഃ ശോക ഏകത്വമനുപശ്യതഃ" എന്നു് ഏകത്വത്തെ കാണുന്ന അഭേദജ്ഞാനത്തിനുമാത്രമേ നിർമ്മോഹത്വമുള്ളു.

ശാന്ത—ഇവിടെ വിവക്ഷിച്ചിരിക്കുന്നതു് "മോക്ഷേ ധീർജ്ഞാനം" എന്ന ജ്ഞാനമല്ല. ശബ്ദാദിവിഷയഗോചരമായി അതാതിന്ദ്രിയങ്ങളിൽനിന്നുണ്ടാകുന്ന ജ്ഞാനമാകുന്നു.

രാജവൈശ്യന്മാർക്കു് അത്രമാത്രം ജ്ഞാനമേയുള്ളൂ എന്നു് താല്പര്യം അല്ലയോ മഹാഭാഗനായ രാജാവേ! ഇതുപോലെ വിഷയവൃത്തികളും വെവ്വേറെ ഭിന്നങ്ങളായിട്ടു ഇന്ദ്രിയങ്ങൾവിഷയം പ്രസരിക്കുന്നു.

ദംശോ—ജ്ഞാനമുള്ള എനിക്ക് എങ്ങനെ മോഹമുണ്ടാകുന്നു എന്നുള്ള രാജാവിൻെറ ചോദ്യത്തെക്കുറിച്ച്, 'ഈ ജ്ഞാനത്തിന് നിർമ്മോഹത്വമുണ്ടാകുകയില്ല, അങ്ങനെയാണെങ്കിൽ വിഷയജ്ഞാനമുള്ള എല്ലാപ്രാണികൾക്കും നിർമ്മോഹത്വം സിദ്ധിക്കേണ്ടതാണ്" എന്നുള്ള അഭിപ്രായത്തോടുകൂടി ഋഷി പറയുന്നു.

ആഹാരനിദ്രാഭയമൈഥുനാദിവിഷയജ്ഞാനം സകലപ്രാണികൾക്കുമുണ്ട്. ആ ജ്ഞാനംകൊണ്ട് മോഹത്തെ നിവർത്തിക്കുന്നതിന് കഴിയുകയില്ല. അത് വിഷയഭേദംനിമിത്തം ഒരുവിധത്തിലുള്ളതുമല്ല.

'വിഷയാശ്ച' എന്നും 'ജാതിശ്ചൈവം' എന്നും പാഠഭേദമുണ്ട്. ജാതിശ്ചൈവം എന്ന പാഠത്തിന് വിഷയംപോലെ മനുഷ്യത്വാദി ജാതിയും വേറെവേറെയാകുന്നു എന്നർത്ഥം

ജഗ—ഋഷിരുവാച സ്വാഹാ ൪൬

ജ്ഞാനമസ്തി... ഗോചരേ സ്വാഹാ ൪൭

ദിവാന്ധാഃ പ്രാണിനഃ കേചിദ്രാത്രാവന്ധാസ്തഥാപരേ. ൪൮

ന൬. കേചിദ്ദിവാ തഥാ രാത്രൗ പ്രാണിനസ്തുല്യദൃഷ്ടയഃ.

കേചിൽ പ്രാണിനഃ	= ചില പ്രാണികൾ
ദിവാന്ധാഃ	= പകൽ അന്ധങ്ങളാകുന്നു.
തഥാപരേ	= അതുപോലെ മററു ചിലപ്രാണികൾ
രാത്രൗ അന്ധാഃ	= രാത്രിയിൽ അന്ധങ്ങളാകുന്നു.
കേചിൽ പ്രാണിനഃ തഥാ	= ചില പ്രാണികൾ അതുപോലെ
ദിവാരാത്രൗ തുല്യദൃഷ്ടയഃ	= പകലുംരാത്രിയും തുല്യദൃഷ്ടികളാകുന്നു.

ചില പ്രാണികൾ പകൽ ഇന്ദ്രിയജ്ഞാനവിഹീനങ്ങളും, മററു ചിലവ രാത്രിയിൽ ഇന്ദ്രിയജ്ഞാനവിഹീനങ്ങളുമാകുന്നു. ചില പ്രാണികൾ അതുപോലെ പകലും രാത്രിയും തുല്യദൃഷ്ടികളാകുന്നു.

ഗുപ്ത—പകൽ മൂങ്ങ മുതലായവയും, രാത്രിയിൽ കലവിങ്കം മുതലായവയും അന്ധങ്ങളാകുന്നു. പൂച്ച മുതലായവ പകലും രാത്രിയും തുല്യദൃഷ്ടികളാകുന്നു.

വേദാന്തികൾ ഇതിനെ "യാ നിശാ സർവ്വഭൂതാനാം തസ്യാം ജാഗർത്തി സംയമീ" എന്ന ഗീതാശ്ലോകാർത്ഥത്തോടു യോജിപ്പിക്കുന്നു.

ചതു—മുൻശ്ലോകത്തിൽ വിഷയജ്ഞാനം പലമാതിരിയാണെന്നു പറഞ്ഞതിനെ ദൃഷ്ടാന്തീകരിക്കുന്നു. മൂങ്ങ മുതലായ ചില പ്രാണികൾ പകൽ ഇന്ദ്രിയജ്ഞാനവിഹീനങ്ങളാകുന്നു. കാകൻ മുതലായ മററു ചിലവ രാത്രിയിൽ അന്ധങ്ങളാകുന്നു. അതുപോലെ രാക്ഷസാദികൾ പകലും രാത്രിയും തുല്യദൃഷ്ടികളാണ്. ഇതുകൊണ്ട് കേവലം

ജ്ഞാനത്തിന് മോഹാഭാവമുണ്ടാകുകയില്ല എന്ന് അൎത്ഥമാകുന്നു. ഉണ്ടാകുമെങ്കിൽ ഇന്ദ്രിയജ്ഞാനമുള്ള മൃഗങ്ങൾക്ക് രാത്രിയിലും കാകന് പകലും മോഹമുണ്ടാകരുത്. രാക്ഷസാദികൾക്ക് ഒരിക്കലും ഉണ്ടാകരുത്. എന്നാൽ ഉള്ളതായിട്ടാണ് കാണുന്നത്. അതുകൊണ്ട് ഇന്ദ്രിയജ്ഞാനമുള്ളതുകൊണ്ടുമാത്രം മോഹം നശിക്കുകയില്ല വാസ്തവ ജ്ഞാനമില്ലെങ്കിൽ മോഹം ഉണ്ടാകുക തന്നെ ചെയ്യും എന്ന് സാരം.

ജഗ—വിഷയശ്ച......തഥാപരേ സ്വാഹാ ൪൮

ജ്ഞാനിനോ മനുജാഃ സത്യം കിന്നുതേ നഹി കേവലം. ൪൯

൫൦. യതോ ഹി ജ്ഞാനിനഃ സൎവേ പശുപക്ഷിമൃഗാദയഃ.

മനുജാഃ ജ്ഞാനിനഃ	= മനുഷ്യർ ജ്ഞാനികളാകുന്നു,
സത്യം	= സത്യംതന്നെ.
കിം ന തേ കേവലം നഹി	= എന്നാൽ അവർമാത്രംഅല്ലാ; നിശ്ചയം
യതഃ	= എന്തുകൊണ്ടെന്നാൽ
സൎവേ പശു പക്ഷിമൃഗാദയഃ	= എല്ലാ പശുപക്ഷിമൃഗം മുതലായവയും
ജ്ഞാനിനഃ ഹി	= ജ്ഞാനികൾതന്നെയാകുന്നു.

മനുഷ്യർ ജ്ഞാനികളാകുന്നു; സത്യംതന്നെ. എന്നാൽ അവർ മാത്രമല്ല — എന്തുകൊണ്ടെന്നാൽ എല്ലാ പശുപക്ഷിമൃഗാദികളും ജ്ഞാനികൾതന്നെയാകുന്നു.

ഗൂഢ—മനുഷ്യർ കേവലം ശുദ്ധജ്ഞാനികളല്ല. അജ്ഞാനത്തിനുതുല്യമായ ജ്ഞാനത്തോടുകൂടിയവരാകുന്നു. "തദ്വിമുക്തസ്തു കേവലീ" എന്ന ശിവസൂത്രമനുസരിച്ച് ഉത്തമജ്ഞാനികളുടെ ജ്ഞാനവിശേഷത്തിനാകുന്നു കേവലം എന്ന പേർകല്പിച്ചിരിക്കുന്നത്. അതുകൊണ്ട ഭവാന്മാർ അപ്രകാരമുള്ള കേവലജ്ഞാനത്തോടുകൂടിയവരല്ല എന്നു താല്പൎയ്യം.

ചതു—അല്ലയോ രാജാവേ! ഭവാന്റെ അഭിപ്രായം സത്യം തന്നെ. എന്നാൽ മനുഷ്യർ ജ്ഞാനികൾമാത്രമല്ലാ അജ്ഞാനികളും കൂടിയാകുന്നു. ഇങ്ങനെ അജ്ഞാനസമ്മിശ്രമായ ജ്ഞാനം ഉള്ളതുകൊണ്ട് അവർ ജ്ഞാനികളല്ല എന്നുപറയുന്നതിനു നിവൃത്തിയില്ല. പശുപക്ഷിമൃഗാദികളും ജ്ഞാനികൾതന്നെ. അവയ്ക്കും അജ്ഞാനസമ്മിശ്രമായ ജ്ഞാനമുണ്ട്.

നാഗോ—മനുഷ്യർ ജ്ഞാനികളാണെന്നുള്ള അങ്ങേ അഭിപ്രായം സത്യംതന്നെ. അവർ കേവലം സൂക്ഷ്മജ്ഞാനത്തോടുകൂടിയവരല്ല. അജ്ഞാനസമ്മിശ്രമായ ജ്ഞാനത്തോടുകൂടിയവരും ഇങ്ങനെയുള്ള അജ്ഞാനംകൊണ്ട് ജ്ഞാനികളാണെന്നഭിമാനിക്കുന്നവരുംകൂടി ആകുന്നു. പശുപക്ഷിമൃഗാദികളും ജ്ഞാനികൾതന്നെ.

ദംശോ—പ്രാണികളും മനുഷ്യരും ജ്ഞാനികൾതന്നെ. പ്രാണികൾക്കു് വിഷയജ്ഞാനം ഉണ്ടു്. മനുഷ്യൎക്കു വിശേഷാൽ ശാസ്ത്രീയജ്ഞാനവുമുണ്ടാകുന്നു. എന്നാൽ ആ ജ്ഞാനംകൊണ്ടൊന്നും പ്രയോജനമില്ല. അനുഭവരൂപമായ സൂക്ഷ്മജ്ഞാനംകൊണ്ടേ പ്രയോജനമുള്ളു.

"വിജ്ഞാനരഹിതം ജ്ഞാനം നഹി ബന്ധവിമോചകം
നഹി ദീപസ്യ വാൎത്താഭിസ്തമോ നശ്യതി തൽക്ഷണാൽ"

(എന്നു മോക്ഷധൎമ്മം)

ജഗ—കേചിദ്ദിവാ......കേവലം സ്വാഹാ ൪൯

ജ്ഞാനഞ്ച തന്മനുഷ്യാണാം യത്തേഷാം മൃഗപക്ഷിണാം. ൫൦
ന.വ്യ. മനുഷ്യാണാഞ്ച യത്തേഷാം തുല്യമന്യത്തഥോഭയോഃ.

മൃഗപക്ഷിണാം	= മൃഗങ്ങൾക്കും പക്ഷികൾക്കും
യൽ ജ്ഞാനം	= യാതൊരുവിഷയജ്ഞാനം (ഉണ്ടോ)
തൽ	= ആ ജ്ഞാനം
തേഷാം മനുഷ്യാണാം	= അങ്ങനെയുള്ളമനുഷ്യൎക്കു് (ഉണ്ടു്)
മനുഷ്യാണാം ച യൽ	= മനുഷ്യൎക്കു് യാതൊരുശാസ്ത്രജ്ഞാനമു-
തഥാ തേഷാം	= അതുപോലെ മൃഗപക്ഷികൾക്കും [ണ്ടോ
തൽ	= അതാതു ജാതിക്കുപയോഗമായി നിയമിച്ചിരിക്കുന്ന ജ്ഞാനം ഉണ്ടു്.
അന്യൽ	= ആഹാരനിദ്രാഭയമൈഥുനാദിജ്ഞാനം
ഉഭയോഃ തുല്യം	= മൃഗപക്ഷികൾക്കും മനുഷ്യൎക്കും തുല്യമാകുന്നു.

മൃഗങ്ങൾക്കും പക്ഷികൾക്കുമുള്ള വിഷയജ്ഞാനം അവയെപ്പോലെ വിശേഷബുദ്ധിയില്ലാത്ത മനുഷ്യൎക്കുമുണ്ടു്. മനുഷ്യൎക്കു് വിശേഷാൽ ശാസ്ത്രീയജ്ഞാനം ഉണ്ടാകുന്നതുപോലെ പക്ഷിമൃഗാദികൾക്കും അതാതുജാതിക്കു ഉപയോഗമായി നിയമിച്ചിരിക്കുന്നജ്ഞാനമുണ്ടു്. ആഹാരനിദ്രാഭയമൈഥുനാദിജ്ഞാനം മനുഷ്യൎക്കും പക്ഷിമൃഗാദികൾക്കും തുല്യമാകുന്നു

ചതു — വിശേഷജ്ഞാനം വിശിഷ്ടമനുഷ്യൎക്കു മാത്രമേയുള്ളു. വിഷയജ്ഞാനം പക്ഷിമൃഗാദികൾക്കുണ്ടു്. അതുപോലെതന്നെ ആ വിധത്തിലുള്ള മനുഷ്യൎക്കുമുണ്ടു്. ആഹാരാദിശരീരമാത്രോപയോഗജ്ഞാനം മനുഷ്യൎക്കും പക്ഷിമൃഗാദികൾക്കും തുല്യമാകുന്നു.

ആഹാരനിദ്രാഭയമൈഥുനഞ്ച
സാമാന്യമേതൽ പശുഭിൎന്നരാണാം
ജ്ഞാനം നരാണാമധികം വിശേഷോ
ജ്ഞാനേന ഹീനാഃ പശുഭിഃ സമാനാഃ (എന്നുണ്ടു്)

ശാന്ത—'ജ്ഞാനം ന തന്മനുഷ്യാണാം' എന്നും പാഠമുണ്ട്. അതിന്ന പക്ഷിമൃഗാദികൾക്കു സ്വഭാവമായി അതാതു ജാതിക്കുപയോഗത്തിന്ന നിയമിച്ചിരിക്കുന്ന യാതൊരു ജ്ഞാനമുണ്ടോ ആ ജ്ഞാനം മനുഷ്യർക്കില്ല. മനുഷ്യർക്ക് സ്വഭാവമായി ശാസ്ത്രജന്യമായിരിക്കുന്ന യാതൊരു ജ്ഞാനമുണ്ടോ അതു് പക്ഷിമൃഗാദികൾക്കുമില്ല എന്നർത്ഥമാകുന്നു. അതാതു ജാതിക്കുമാത്രം ഉപയോഗപ്പെടുന്ന ജ്ഞാനത്തിൽ നിന്നന്യമായ ആഹാരാദിജ്ഞാനം രണ്ടുപേൎക്കും തുല്യമാകുന്നു.

ജഗ—യതോ ഹി......മൃഗപക്ഷിണാം സ്വാഹാ ൫൦

ജ്ഞാനേപി സതി പശ്യൈതാൻ പതംഗാംഛാവചഞ്ചുഷു ൫൧

നൻ. കണമോക്ഷാദൃതാന്മോഹാൽ പീഡ്യമാനാനപി ക്ഷുധാ.

ജ്ഞാനേ സതി അപി	= തങ്ങൾ ഭക്ഷിച്ചാലേ വിശപ്പുതീരു എന്നറിവുള്ളവയും
ക്ഷുധാ	= വിശപ്പുകൊണ്ടു്
പീഡ്യമാനാനപി	= പീഡിപ്പിക്കപ്പെടുന്നവയും
മോഹാൽ	= മമതനിമിത്തം
ഛാവചഞ്ചുഷു	= തങ്ങളുടെ ചെറുപക്ഷികളുടെ ചുണ്ടുകളിൽ
കണമോക്ഷാദൃതാൻ	= ആഹാരാംശങ്ങളെ നിക്ഷേപിക്കുന്നതിന്ന ആദരവോടുകൂടിയവയുമായ

ഏതാൻ പതംഗാൻ പശ്യ= ഈ പക്ഷികളെ നോക്കുക.

തങ്ങൾ ഭക്ഷിച്ചാലേ വിശപ്പുതീരു എന്നറിവുള്ളവയും, വിശപ്പുകൊണ്ടു പീഡിപ്പിക്കപ്പെടുന്നവയും, മമതനിമിത്തം തങ്ങളുടെ ചെറുപക്ഷികളുടെ ചുണ്ടുകളിൽ ആഹാരാംശങ്ങളെ നിക്ഷേപിക്കുന്നതിൽ ആദരവോടുകൂടിയവയുമായ ഈ പക്ഷികളെ നോക്കുക.

ചതു—ക്രിയാസാമ്യംകൊണ്ടു സാധാരണമനുഷ്യരും പശുപക്ഷിമൃഗാദികളും തുല്യമാണെന്നു പറയുന്നു.

ഈ ഭൂമണ്ഡലത്തിൽ പറന്നുനടക്കുന്ന സകലപക്ഷികളും മോഹം ഹേതുവായിട്ടു തങ്ങളുടെ അപത്യങ്ങളായ ചെറുപക്ഷികളുടെ ചുണ്ടുകളിൽ ആഹാരാംശങ്ങളെ നിക്ഷേപിക്കുന്നതിന്ന പ്രയത്നത്തോടുകൂടിയവയാകുന്നു.

ആ പക്ഷികൾ, ഭക്ഷിച്ചാൽ വിശപ്പു തീരുമെന്നറിവുള്ളവയും വിശപ്പുകൊണ്ടുള്ള പീഡയോടുകൂടിയവയുമാകുന്നു.

'നോക്കുക' എന്നതിന്ന വിഷയജ്ഞാനത്തിന്റെയും മോക്ഷഹേതുകമായ ജ്ഞാനത്തിന്റെയും വ്യത്യാസത്തെ മനസ്സിലാക്കുകയെന്നു താല്പൎയ്യമാണു്.

ശാന്ത—അല്ലയോ രാജാവേ! മമതനിമിത്തം തങ്ങളുടെ ശിശുക്കളുടെ ചുണ്ടുകളിൽ ആഹാരാംശങ്ങളെ വച്ചുകൊടുക്കുന്നവയും, വിശപ്പുകൊണ്ടുള്ള പീഡയോടുകൂടിയവയുമായ ഈ പക്ഷികളെ നോക്കുക. ഈ പക്ഷികൾ കുഞ്ഞുങ്ങളുടെ ചുണ്ടുകളിൽ നിക്ഷേപിക്കേണ്ട ആഹാരങ്ങളെ തങ്ങൾതന്നെ ഭക്ഷിക്കുന്നപക്ഷം നിശ്ചയമായും വിശപ്പുകൊണ്ടുള്ള ഉപദ്രവം തീരുമെന്ന സ്വാൎത്ഥത്തെ അറിയുന്നവയാകുന്നു. എങ്കിലും വിശപ്പുകൊണ്ടുള്ള ഉപദ്രവത്തെ സഹിച്ചുകൊണ്ടു വാത്സല്യംനിമിത്തം കുഞ്ഞുങ്ങളുടെ ചുണ്ടുകളിൽത്തന്നെ ആഹാരാംശങ്ങളെ നിക്ഷേപിക്കുന്നു.

"കണമോക്ഷാഹിതാൻ" എന്നും പാഠമുണ്ടു്.

ജഗ—മനുഷ്യാണാം......ചഞ്ചുഷു സ്വാഹാ ശ്ലോ

മാനുഷാ മനുജവ്യാഘ്ര! സാഭിലാഷാഃ സുതാൻ പ്രതി ൨൨.

ൎഥം. ലോഭാൽ പ്രത്യുപകാരായ നന്വേതാൻ കിം ന പശ്യസി.

മനുജവ്യാഘ്ര!	=	അല്ലയോ മനുഷ്യശ്രേഷ്ഠ!
മാനുഷാഃ സുതാൻപ്രതി	=	മനുഷ്യർ പുത്രന്മാരെക്കുറിച്ചു്
പ്രത്യുപകാരായലോഭാൽ	=	പ്രത്യുപകാരത്തിലുള്ള ആഗ്രഹംനിമിത്തം
സാഭിലാഷാഃ	=	ആശാബന്ധത്തോടുകൂടിയവരാകുന്നു.
നനു ഏതാൻ	=	എന്നാൽ ഈ പക്ഷികളെ
കിം ന പശ്യസി	=	ഭവാൻ കാണുന്നില്ലയോ?

അല്ലയോ മനുഷ്യശ്രേഷ്ഠ! മനുഷ്യർ പുത്രന്മാരെക്കുറിച്ചു പ്രത്യുപകാരത്തിലുള്ള ആഗ്രഹംനിമിത്തം ആശാബന്ധത്തോടുകൂടിയവരാകുന്നു. എന്നാൽ ഭവാൻ ഈ പക്ഷികളെ കാണുന്നില്ലേ? (ഇവ പ്രത്യുപകാരേച്ഛകൂടാതെ മോഹംനിമിത്തമുണ്ടാകുന്ന മമതകൊണ്ടുമാത്രം ആശയോടുകൂടിയവയാകുന്നു.)

ചതു—മനുഷ്യൎക്കും ഇതുതന്നെ രീതിയെന്നു പറയുന്നു. അല്ലയോ രാജാവേ! ഈ മനുഷ്യർ അപത്യങ്ങളെക്കുറിച്ചു ആശാബന്ധത്തോടുകൂടിയവരാണെന്നുള്ളതു ഭവാൻ കാണുന്നില്ലയോ? അതു പോഷണാദി പ്രത്യുപകാരത്തിലുള്ള ആഗ്രഹംനിമിത്തമാകുന്നു; നിശ്ചയം.

ഇതുകൊണ്ടു വിശേഷജ്ഞാനംമാത്രമേ മോഹവിരോധിയാകുകയുള്ളു. അതു വിശിഷ്ടന്മാൎക്കുമാത്രം ഉള്ളതുമാകുന്നു. നിങ്ങൾക്കു ആ മോഹവിരോധിയായ ജ്ഞാനമില്ല. വിഷയജ്ഞാനമേയുള്ളു. അതുനിമിത്തം മോഹമുണ്ടാകുകതന്നെചെയ്യുമെന്നു താല്പൎയ്യം.

ശാന്ത—ഹേ രാജാവേ! മനുഷ്യർ പുത്രന്മാർവിഷയം പ്രത്യുപകാരത്തിലുള്ള ആഗ്രഹംനിമിത്തം—ഈ പുത്രന്മാർ കാലാന്തരത്തിൽ നമുക്കുവേണ്ടി പ്രത്യുപകാരം ചെയ്യുമെന്നുള്ള ആശകൊണ്ടു്—സാഭി

ലാഷന്മാരാകുന്നു. എന്നാൽ അങ്ങു് മമതകൊണ്ടുമാത്രം പുത്രന്മാരെ ക്കുറിച്ചു ആശാബന്ധത്തോടുകൂടിയ ഈ പക്ഷിമൃഗാദികളെ കാണുന്നില്ലയോ? ഇവ പ്രത്യുപകാരത്തെ അപേക്ഷിക്കാതെ കേവലം മമത കൊണ്ടു പുത്രന്മാരെക്കുറിച്ചു ആശയും ആദരവും ഉള്ളവയായി കാണപ്പെടുന്നുവല്ലോ.

നാഗേ—മനുഷ്യർ സ്വശരീരത്തെ അപേക്ഷിച്ചു് ബഹിരംഗങ്ങളായ പുത്രാദികളിലും അതിപ്രീതിയുണ്ടാകുന്നതുകൊണ്ടു അവരിൽ മോഹവും ജ്ഞാനവും രണ്ടും തുല്യമായിരിക്കുന്നു.

മനുജവ്യാഘ്രൻ = മനുഷ്യശ്രേഷ്ഠൻ.

ജഗ—കണമോക്ഷാദൃതാൻ.....സുതാൻപ്രതി സ്വാഹാ ൪൨
തഥാപി മമതാവർത്തേ മോഹഗർത്തേ നിപാതിതാഃ ൪൩
ർഥ. മഹാമായാപ്രഭാവേണ സംസാരസ്ഥിതികാരിണഃ.

തഥാപി	= അപ്രകാരമാണെങ്കിലും
മഹാമായാപ്രഭാവേണ	= മഹാമായയുടെ സാമർത്ഥ്യംകൊണ്ടു്
മമതാവർത്തേ	= മമത എന്ന ചുഴിയോടുകൂടിയ
മോഹഗർത്തേ	= മോഹമാകുന്ന കുണ്ടിൽ
നിപാതിതാഃ	= നിശ്ശേഷം പതിപ്പിക്കപ്പെട്ടവരായിട്ടു്
സംസാരസ്ഥിതികാരിണഃ	= സംസാരസ്ഥിതിയെ ചെയ്യുന്നവരായിത്തന്നെ ഇരിക്കുന്നു.

അപ്രകാരമാണെങ്കിലും മനുഷ്യർ മഹാമായയുടെ സാമർത്ഥ്യം കൊണ്ടു മമത എന്ന ചുഴിയോടുകൂടിയ മോഹമാകുന്ന കുണ്ടിൽ തള്ളിയിടപ്പെട്ടവരായിട്ടു സംസാരകാര്യത്തെത്തന്നെ അനുഷ്ഠിക്കുന്നു.

ചതു—ഇങ്ങനെയാണെങ്കിലും എല്ലാ മനുഷ്യർക്കും വിശേഷജ്ഞാനത്തിനായുള്ള പ്രവൃത്തി ദുർല്ലഭമാണെന്നു പറയുന്നു.

മനുഷ്യർ തങ്ങൾക്കു വിഷയജ്ഞാനവും മോഹവും ഉണ്ടെന്നു നല്ലവണ്ണം അറിയുന്നു എങ്കിലും, മഹാമായാവൈഭവംകൊണ്ടു തന്റേതല്ലാത്ത വസ്തുവിൽ തന്റേതാണെന്നുള്ള ബുദ്ധിയാകുന്ന ചുഴിയോടുകൂടിയ മോഹക്കുണ്ടിൽ പതിപ്പിക്കപ്പെട്ടവരായിട്ടു സംസാരകാര്യത്തെത്തന്നെ പിന്നെയും പിന്നെയും ചെയ്യുന്നു.

അപൂർവ്വമായ ദേഹേന്ദ്രിയവാസനാസംബന്ധമാകുന്നു സംസാരം. സംസാരസ്ഥിതികാരികൾ = സംസാരത്തിന്റെ സ്ഥിതിയെ = നിലനില്പിനെ ചെയ്യുന്നവർ.

അല്ലെങ്കിൽ സംസാരസ്ഥിതികാരിണഃ (എന്നു ഷഷ്ഠി) = സംസാരസ്ഥിതിയെ ചെയ്യുന്ന വിഷ്ണുവിന്റെ (വിഷ്ണുമായയുടെ മാഹാത്മ്യം കൊണ്ടു്)

ശാന്ത—എങ്കിലും ഈ മനുഷ്യൎക്കു പുത്രന്മാരെ പാലിക്കുന്നതിനു യത്നിക്കുന്നതുപോലെ മോക്ഷത്തിനായും യത്നിക്കാമല്ലോ എന്നാണെങ്കിൽ ('സംസാരസ്ഥിതികാരിണാ' എന്ന പാഠം) സംസാരസ്ഥിതിയെ ചെയ്യുന്ന മഹാമായയുടെ സാമൎത്ഥ്യംകൊണ്ടു്—സംസാരപ്രവാഹത്തെ നിത്യമായി വച്ചുകൊള്ളുന്നതിനുവേണ്ടി—മോഹക്കുണ്ടിൽ പതിപ്പിക്കപ്പെടുന്നു.

നാഗോ—എന്നാൽ ഈ മനുഷ്യൎക്കു സംസാരത്തിൽ എന്തുകൊണ്ടു വിരക്തിവരുന്നില്ല എന്നു പറയുന്നു.

ഈവിധ ലോകവ്യവഹാരസാക്ഷാല്ക്കാരത്തിലും മായാവൈഭവംകൊണ്ടുണ്ടായ—ഇതു് എന്റേതു് ആകുന്നു എന്നുള്ള ബുദ്ധിനിമിത്തം സംസാരക്കുണ്ടിൽ വീണു പിന്നെയുംപിന്നെയും സംസാരകാൎയ്യങ്ങളെത്തന്നെ ചെയ്തുംകൊണ്ടിരിക്കുന്നതല്ലാതെ അതിൽനിന്നു വിരമിക്കുന്നില്ല.

ദംശോ—മനുഷ്യർ സ്നേഹാദികൾ ദുഃഖമാണു് എന്നു് അറിയുന്നു എങ്കിലും, സംസാരസ്ഥിതിയെ ചെയ്യുന്ന ഈശ്വരന്റെ മായകൊണ്ടു മൂഢപ്പെട്ടവരായിട്ടു്, സൂക്ഷ്മജ്ഞാനത്തെ പ്രാപിക്കുന്നില്ല. ആ സൂക്ഷ്മജ്ഞാനം പ്രാപിക്കാതെയിരിക്കുന്നതിനുള്ള കാരണം ഈശ്വരേച്ഛതന്നെയാകുന്നു. അല്ലെങ്കിൽ എല്ലാ മനുഷ്യരും പരമാത്മജ്ഞാനംനിമിത്തം മുക്തന്മാരായിത്തീരും. അപ്പോൾ സംസാരസ്ഥിതി നിന്നുപോകുന്നതാണു്.

ജഗ—ലോഭാൽ പ്രത്യുപകാരായ......നിപാതിതാഃ സ്വാഹാ ൫൨

തന്നാത്ര വിസ്മയഃ കാൎയ്യോ യോഗനിദ്രാ ജഗല്പതേഃ ൫൪

൫൨. മഹാമായാ ഹരേശ്ചൈതത്തയാ സംമോഹ്യതേ ജഗൽ.

മഹാമായാ	= മഹാമായ
ജഗല്പതേഃ ഹരേഃ	= ലോകനാഥനായ വിഷ്ണുവിന്റെ
യോഗനിദ്രാ	= യോഗനിദ്രയാകുന്നു.
തയാ ഏതൽ ജഗൽ	= ആ മഹാമായയാൽ ഈ ജഗത്തു മുഴുവനും
സംമോഹ്യതേ	= നല്ലവണ്ണം മോഹിപ്പിക്കപ്പെടുന്നു.
തൽ	= അതുനിമിത്തം
അത്ര വിസ്മയഃ ന കാൎയ്യഃ	= ഈ മോഹത്തിൽവിസ്മയിക്കേണ്ടകാൎയ്യമില്ല.

മഹാമായ എന്നു പറയുന്നതു് ലോകനാഥനായ മഹാവിഷ്ണുവിന്റെ യോഗനിദ്രയാകുന്നു. ആ മഹാമായയാൽ ഈ ജഗത്തുമുഴുവനും മോഹിപ്പിക്കപ്പെടുന്നു. അതുകൊണ്ടു് ഭവാന്റെ ഈ മോഹത്തിൽ വിസ്മയിച്ചിട്ടാവശ്യമില്ല.

ചതു—മഹാമായയാൽ ഈ ജഗത്തു മുഴുവനും മോഹിപ്പിക്കപ്പെട്ടുന്നതുകൊണ്ടു് ഭവാൻെറ മോഹത്തെക്കുറിച്ചു വിസ്മയിച്ചിട്ടാവശ്യമില്ല. മഹാമായ, ഈശ്വരൻെറ യോഗനിദ്ര (പരമാനന്ദമയിയായ ശക്തി) യാകുന്നു. "ജഗല്പതേഃ" എന്ന വിശേഷണം 'ശ്രീഭഗവാൻ' മോഹിപ്പിക്കപ്പെടുന്നവരിൽ ഉൾപ്പെടാത്തവനാണു് എന്നു ധ്വനിപ്പിക്കുന്നു.

ശാന്ത—അനാദിയായി പ്രസിദ്ധയായി ഇരിക്കുന്ന ഈ മഹാമായാഭഗവതി, ജഗൽപതിയായ വിഷ്ണുവിൻെറ യോഗനിദ്ര എന്നു പറയപ്പെടുന്നു. അവളാൽ ഈ ജഗത്തു മുഴുവനും മോഹപരായണമാക്കി ചെയ്യപ്പെടുന്നു. അതുകൊണ്ടു് ജ്ഞാനമുണ്ടായിട്ടും പുത്രാദികളിൽ മമത എങ്ങനെയുണ്ടാകുന്നു എന്നു വിസ്മയിച്ചിട്ടാവശ്യമില്ല. "മമ മായാ ദുരത്യയാ" എന്നു ഗീത. വിസ്മയം = മോഹം. യോഗനിദ്ര = യോഗമാകുന്ന നിദ്ര = വിഷയങ്ങളിൽനിന്നു ചിത്തവൃത്തിയെ നിരോധിച്ചു പ്രപഞ്ചത്തെ മറന്നു് ആത്മാവിനെ ധ്യാനിച്ചുംകൊണ്ടു് ഇരിക്കുന്ന അവസ്ഥ. ദേവന്മാൎക്കു് ഉറക്കമില്ലാത്തതുകൊണ്ടു സാധാരണനിദ്രയല്ല.

നാഗോ—മോഹിപ്പിക്കുന്നതു മായയുടെ ഒരു ആശ്ചൎയ്യശക്തിയാകുന്നു. യോഗനിദ്ര = തമോഗുണപ്രധാനയായ ശക്തി.

ജഗ—മഹാമായാ.........ജഗല്പതേഃ സ്വാഹാ ൫൪

ജ്ഞാനിനാമപി ചേതാംസി ദേവീ ഭഗവതീ ഹി സാ ൫൫

ൎന.. ബലാദാകൃഷ്യ മോഹായ മഹാമായാ പ്രയച്ഛതി.

സാ	= ആ പ്രസിദ്ധയായി
ഭഗവതീ	= ഐശ്വൎയ്യാദിഗുണപൂൎണ്ണയായി (ഇരിക്കുന്ന)
മഹാമായാ ദേവി	= മഹാമായാദേവി
ജ്ഞാനിനാമപി	= വിശേഷജ്ഞാനത്തോടുകൂടിയവരുടേയും
ചേതാംസി	= അന്തഃകരണങ്ങളെ
ബലാൽ ആകൃഷ്യ	= സ്വസാമൎത്ഥ്യംകൊണ്ടു പിടിച്ചുവലിച്ചു്
മോഹായ പ്രയച്ഛതി	= മോഹത്തിനായി അൎപ്പിക്കുന്നു.

ആ പ്രസിദ്ധയായി, ഐശ്വൎയ്യാദിഗുണപൂൎണ്ണയായി ഇരിക്കുന്ന മഹാമായാദേവി വിശേഷജ്ഞാനത്തോടുകൂടിയവരുടേയും അന്തഃകരണങ്ങളെ പിടിച്ചുവലിച്ചു സാംസാരികമായ മമതയോടുകൂടിയതാക്കി ച്ചെയ്യുന്നു.

ഗുപ്ത—സൂക്ഷ്മജ്ഞാനികളുടേയും എന്നു പറഞ്ഞപ്പോൾ മററുള്ളവരുടെ കഥ പറയണമെന്നില്ലല്ലോ.

ചതു—പ്രവൃത്തിമാൎഗ്ഗത്തിൽ ഇരിക്കുന്നവരെമാത്രമല്ലാ ജ്ഞാനികളേയും മോഹിപ്പിക്കുന്നു എന്നു പറയുന്നു.

വിശേഷജ്ഞാനത്തോടുകൂടിയവരുടേയും അന്തഃകരണങ്ങളെ ആ പ്രസിദ്ധയായ മഹാമായാഭഗവതി—അചിന്ത്യമഹിമാവായദേവി—സ്വശക്തികൊണ്ടു് വിവേകത്തിൽനിന്നു് തിരിച്ചു് മോഹാന്ധകുലങ്ങളാക്കിച്ചെയ്യുന്നു. പിന്നെ അജ്ഞേപ്പോലെയുള്ളവരുടെ കഥയെന്താണു്?

ശാന്ത—മഹാമായയുടെ പ്രാധാന്യത്തെ പറയുന്നു:

അനാദിയായി, പ്രസിദ്ധയായി, ഐശ്വര്യാദിഗുണപൂർണ്ണയായി ഇരിക്കുന്ന വൈഷ്ണവിയായ മഹാമായാദേവി, അദ്വൈതജ്ഞാനികളുടെയും ചേതസ്സുകളെ ബലാൽ ആകർഷിച്ചു സാംസാരികമായ മമതയ്ക്കായി ദാനംചെയ്യുന്നു—ചിത്തങ്ങളെ മമതാധീനങ്ങളാക്കിച്ചെയ്യുന്നു—എന്നു താല്പര്യം.

"സ്ഥൗല്യസാമർത്ഥ്യസൈന്യേഷു ബലം" എന്നു്.

ജഗ—മഹാമായാ......ഭഗവതി ഹി സാ സ്വാഹാ ൫൭

തയാ വിസൃജ്യതേ വിശ്വം ത്രൈലോക്യം സചരാചരം. ഒന്നു

൪൮. സൈഷാ പ്രസന്നാ വരദാ നൃണാം ഭവതി മുക്തയേ.

തയാ	= ആ ദേവിയാൽ
വിശ്വം സചരാചരം	= സമസ്തമായ ചരാചരങ്ങളോടുകൂടിയ
ത്രൈലോക്യം	= മൂന്നുലോകവും
വിസൃജ്യതേ	= വിശേഷേണ സൃഷ്ടിക്കപ്പെടുന്നു.
സാ ഏഷാ	= ബന്ധകാരണയാണെങ്കിലും ഈ ദേവി
പ്രസന്നാ	= പ്രസന്നയായാൽ
നൃണാം മുക്തയേ	= മനുഷ്യൎക്കു് മോക്ഷത്തിനായിട്ടു്
വരദാ ഭവതി	= വരംകൊടുക്കുന്നവളായി ഭവിക്കുന്നു.

ആ ദേവിയാൽ സമസ്തമായ ചരാചരങ്ങളോടുകൂടിയ മൂന്നു ലോകവും സൃഷ്ടിക്കപ്പെടുന്നു. ബന്ധകാരണയാണെങ്കിലും ഈ ദേവി പ്രസന്നയായാൽ മനുഷ്യൎക്കു് മോക്ഷത്തിനായിട്ടു വരത്തെ ദാനംചെയ്യുന്നവളായി ഭവിക്കുന്നു.

ശാന്ത—ആ ദേവിയാൽ ചരാചരം മുഴുവനും സൃഷ്ടിക്കപ്പെടുന്നു. അവളാൽത്തന്നെ അവിസൃജ്യതേ=രക്ഷിക്കപ്പെടുകയും ചെയ്യുന്നു. വരദയായ ആ ദേവി, ഭക്തന്മാൎക്കു് ഉപാസനകൊണ്ടു് പ്രസന്നയായാൽ മുക്തിക്കായി ഭവിക്കുന്നു—ദേവി പ്രസന്നയായാൽ മോക്ഷംതന്നെ എന്നു താല്പര്യം.

"വിശ്വമശേഷം കൃത്സ്നം സമസ്തനിഖിലാഖിലാനി
[നിശ്ശേഷം" (എന്നു്)

നാഗോ—വിശ്വം=സമസ്തം.

മുക്തി ദുർല്ലഭമല്ല. മോഹകാരിണിയാണെങ്കിലും ആ ദേവി ഉപാസനാദികളെക്കൊണ്ടും നിത്യകർമ്മാദികളെക്കൊണ്ടും പ്രസന്നയായിട്ടു് മോക്ഷത്തിന്നു് വരദയായി ഭവിക്കുന്നു.

"ജഗദേതച്ചരാചരം" എന്നും പാഠമുണ്ടു്.

ജഗ—ബലാദാകൃഷ്യ......സചരാചരം സ്വാഹാ ൫൩

സാ വിദ്യാ പരമാ മുക്തേർഹേതുഭൂതാ സനാതനീ ൫൪

൪൫. സംസാരബന്ധഹേതുശ്ച സൈവ സർവ്വേശ്വരേശ്വരീ. ൫൫

സനാതനീ	=	നിത്യയായി
മുക്തേഃ ഹേതുഭൂതാ	=	മോക്ഷത്തിന്നു കാരണഭൂതയായി
പരമാ വിദ്യാ	=	സർവ്വോൽകൃഷ്ടയായി (ഇരിക്കുന്ന) വിദ്യ
സാ	=	ആ മഹാമായയാകുന്നു.
സംസാരബന്ധഹേതുഃ ച	=	സംസാരബന്ധത്തിന്നു കാരണമായ അവിദ്യയും
സർവ്വേശ്വരേശ്വരീ	=	എല്ലാ ഈശ്വരന്മാൎക്കും ഈശ്വരിയായ
സാ ഏവാ	=	ആ മഹാമായതന്നെ.

നിത്യയായി, മോക്ഷത്തിന്നു് കാരണഭൂതയായി, സർവ്വോൽകൃഷ്ടയായിരിക്കുന്ന വിദ്യയും, സംസാരബന്ധത്തിന്നു കാരണമായ അവിദ്യയും, എല്ലാ ഈശ്വരന്മാൎക്കും ഈശ്വരിയായ ആ മഹാമായതന്നെ.

ചതു—ബന്ധമോക്ഷങ്ങൾ രണ്ടിന്നും കാരണം ഒരുവസ്തുതന്നെ എന്നു പറയുന്നു.

വിദ്യാ=പരമപുരുഷാൎത്ഥത്തെ സാധിപ്പിക്കുന്നതുകൊണ്ടു് ബ്രഹ്മജ്ഞാനലക്ഷണം.

സംസാരബന്ധം=സംസാരമാകുന്ന ബന്ധം.

സർവ്വേശ്വരേശ്വരീ=ബ്രഹ്മാദിതൃണപൎയ്യന്തമുള്ള സകലവസ്തുക്കൾക്കും പ്രവൃത്തിനിവൃത്തികൾക്കു് സ്വാമിനി (അ) സർവ്വേശ്വരേശ്വരി എന്നു രണ്ടുപാഠം സർവ്വേശ്വര! എന്നു് രാജസംബോധന.

ശാന്ത—മഹാമായ, അവിദ്യാരൂപിണിയായാൽ ബന്ധകാരണയും, വിദ്യാരൂപിണിയായാൽ മോക്ഷകാരണയുമാകുന്നു.

ഈ ശ്ലോകത്തിലുള്ള വിശേഷണങ്ങളെല്ലാം വിദ്യാ/വിദ്യകൾ രണ്ടിന്നും ഒന്നുപോലെ സംബന്ധിക്കുന്നതാണു്. (അതിൽ ആദ്യം വിദ്യയെസംബന്ധിച്ചു പറയുന്നു)

വിദ്യാ=പ്രപഞ്ചാതീതബ്രഹ്മവിഷയം — ഉപനിഷൽജ്ഞാനരൂപിണീ—(അ) വിത്തിനെ=ആത്മജ്ഞാനത്തെ, യാതി=പ്രാപിപ്പിക്കുന്നവൾ.

പരമാ=ഉത്തമരത്നവിഷയിണിയാകയാൽ ഉൽകൃഷ്ടാ. സംസാരബന്ധഹേതുഃ മുക്തേർഹേതുഭൂതാ=(ഹേതുഃ എന്ന ഷഷ്ഠി) സംസാരബന്ധത്തെ പ്രാപിച്ചവന്ന് മോക്ഷത്തിന്ന് കാരണഭൂതാ. "ജ്ഞാനാദേവ ഹി കൈവല്യം" എന്ന്.

സനാതനീ="സത്യം ജ്ഞാനമനന്തം ബ്രഹ്മ" എന്ന ശ്രുതിപ്രകാരം ബ്രഹ്മമാകയാൽ നിത്യാ.

സർവ്വേശ്വരേശ്വരീ=സംപൂർണ്ണയായി, വിശ്വരൂപയായി, ഈശ്വരന്മാർക്കും സ്വരൂപദർശനാർത്ഥം അവശ്യാശ്രയണീയയായുള്ളവൾ.

(ഇനി അവിദ്യയെസ്സംബന്ധിച്ച പറയുന്നു.)

അവിദ്യാ=വിദ്യേതരാ (അ) അവിത്തിനെ ബ്രഹ്മജ്ഞാനിയല്ലാത്ത സാംസാരികനെ യാതി=പ്രാപിച്ചിരിക്കുന്നവൾ (അ) അൻ=വിഷ്ണു, അദ്ദേഹത്തോടുകൂടി വർത്തിക്കുന്നവൾ—വിഷ്ണുമായാ—അപരമാ=ഉൽകൃഷ്ടയായ മോക്ഷലക്ഷ്മിയല്ലാത്തവൾ (അ) ഉൽകൃഷ്ടയായ മോക്ഷലക്ഷ്മി ആരിൽനിന്ന് അറിയപ്പെടുന്നില്ലയോ അവൾ.

അമുക്തേർഹേതുഭൂതാ=അമുക്തിക്ക്=ധർമ്മാർത്ഥകാമലക്ഷണമായ ത്രിവർഗ്ഗത്തിന്ന് ഹേതുഭൂതാ=കാരണീ

അസനാതനീ=(അവിദ്യ അനാദിയാണെങ്കിലും വിദ്യാപ്രാപ്തിയിൽ നശിച്ചുപോകുന്നതുകൊണ്ട്) അനിത്യാ.

സംസാരബന്ധഹേതുഃ=സംസാരമാകുന്ന ബന്ധത്തിന്ന് കാരണമായുള്ളവൾ.

സർവ്വേശ്വരേശ്വരീ=സർവ്വേശ്വരന്മാർക്കും = ബ്രഹ്മവിഷ്ണുരുദ്രാദികൾക്കും ഈശ്വരീ=ബ്രാഹ്മീവൈഷ്ണവ്യാദ്യവതാരങ്ങൾക്ക് സ്വാമിനീ.

നാഗോ—ബന്ധമോക്ഷോഭയഹേതുത്വം ഒരു വസ്തുവിന്നുതന്നെ ചിച്ഛക്തിയും ജഡശക്തിയും ആകകൊണ്ട് ഉഭയകാരണത്വം. വിദ്യാ/വിദ്യോഭയരൂപത്തോടുകൂടിയവളാണെങ്കിലും മോക്ഷം അവളിൽ അസംഗതമല്ല. സംസാരബന്ധഹേതുവായ അവിദ്യയും അവൾതന്നെ.

സർവ്വേശ്വരേശ്വരീ=ഈശ്വരത്വത്തെ സമ്പാദിപ്പിക്കുന്നവൾ.

പരമാ=ഉത്തമപുരുഷാർത്ഥത്തെ സാധിപ്പിക്കുന്നവൾ.

വിദ്യാ=ബ്രഹ്മജ്ഞാനരൂപിണീ.

സനാതനീ=അനാദ്യന്താ.

ജഗ—സൈഷാ......സനാതനീ......സ്വാഹാ...... ഠെ

സംസാരബന്ധ......സർവ്വേശ്വരേശ്വരീ സ്വാഹാ...... ഠവ്വ

രാജോവാച...... ഠൻ

ഭഗവൻ കാ ഹി സാ ദേവീ മഹാമായേതി യാം ഭവാൻ സ്ഥം

ർന്നു. ബ്രവീതി കഥമുല്പന്നാ സാ കർമ്മാസ്യാശ്ച കിം ദ്വിജ!

രാജാവു പറഞ്ഞു:—

ഭഗവൻ ഭവാൻ	=	ഹേ ഭഗവാനേ! അങ്ങു്
മഹാമായാ ഇതി	=	മഹാമായ എന്നു്
യാം ബ്രവീതി	=	യാവളൊരുത്തിയെ പറഞ്ഞു
സാ ദേവീ കാ ഹി	=	ആ ദേവി ആരാകുന്നു?
സാ കഥം ഉൽപന്നാ	=	അവൾ എങ്ങിനെ ഉണ്ടായി?
ദ്വിജ!	=	ഹേ വിപ്ര!
അസ്യാഃ കർമ്മ ച കിം	=	ഇവളുടെ പ്രവൃത്തിയും എന്തു്?

അല്ലയോ ഭഗവാനേ! അങ്ങു് മഹാമായ എന്നു യാവളൊരുത്തിയെ പറഞ്ഞുവോ ആ ദേവി ആരാകുന്നു? അവൾ എങ്ങനെ ഉണ്ടായി? ഹേ വിപ്ര! ആ ദേവിയുടെ പ്രവൃത്തിയും എന്തു്?

ഋഷ്ട—ആരു്? എങ്ങനെ? എന്തു്? എന്നു സ്വരൂപത്തെയും ഉത്ഭവത്തെയും പ്രഭാവത്തെയുംകുറിച്ചു് ചോദിക്കുന്നു.

ചതു—മുൻപിൽ ഹരിയുടെ യോഗനിദ്രയാകുന്ന മഹാമായ എന്നു സംക്ഷേപമായി പറഞ്ഞു. ആ മഹാമായയെ വിസ്താരമായി അറിയുന്നതിനുവേണ്ടി രാജാവു് ചോദിക്കുന്നു.

ശാന്ത—ഹേ ഭഗവൻ! = ഹേ സുമേധസ്സുമുനേ! ഭവാൻ യാവളൊരുത്തിയെ മഹാമായ എന്നു പറഞ്ഞുവോ ആ ദേവി ആരു്? എങ്ങിനെ ഉണ്ടായി? അവളുടെ കർമ്മമെന്തു്? പരാക്രമമെന്തു്? എന്നു രാജാവുചോദിച്ചു.

ജഗ—രാജോവാച സ്വാഹാ ൭൯
ഭഗവൻ......ഭവാൻ സ്വാഹാ ൮൦
യൽപ്രഭാവാ ച സാ ദേവീ യത്സ്വരൂപാ യദുത്ഭവാ ൮൧
൪൦. തൽ സർവം ശ്രോതുമിച്ഛാമി ത്വത്തോ ബ്രഹ്മവിദാംവര! ൮൨

ബ്രഹ്മവിദാംവര!	=	ബ്രഹ്മജ്ഞാനികളിൽ ശ്രേഷ്ഠ!
സാ ദേവീ	=	ആ ദേവി
യൽപ്രഭാവാ	=	എന്തുസാമർത്ഥ്യത്തോടുകൂടിയവൾ
യത്സ്വരൂപാ	=	എന്താകൃതിയോടുകൂടിയവൾ
യദുത്ഭവാ	=	എന്തിൽനിന്നുണ്ടായവൾ
തൽ സർവം	=	അതെല്ലാം
ത്വത്തഃ ശ്രോതുമിച്ഛാമി	=	ഭവാനിൽനിന്നു കേൾക്കാനാഗ്രഹിക്കുന്നു.

അല്ലയോ ബ്രഹ്മജ്ഞാനികളിൽവച്ചു ശ്രേഷ്ഠനായ മഹർഷേ! ആ ദേവിയുടെ സാമർത്ഥ്യമെന്തു? ആകൃതി എങ്ങനെ? ഉത്ഭവം ഏതു വിധത്തിലാണു്? എന്നെല്ലാം ഭവാനിൽനിന്നു കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ചതു—ബ്രഹ്മവിത്തുകൾ = വേദജ്ഞന്മാർ (ബ്രഹ്മജ്ഞാനികൾ) "യൽസ്വഭാവാ" എന്നുപാഠം.

ശാന്ത—അല്ലയോ ബ്രഹ്മജ്ഞാനികളിൽ ശ്രേഷ്ഠ! ഭവത്സകാശത്തിൽനിന്ന്, ആ ദേവി എന്തു സാമർത്ഥ്യത്തോടുകൂടിയവളാണ്? എന്താകൃതിയോടുകൂടിയവളാണ്? എന്തിൽനിന്നുത്ഭവിച്ചവളാണ്?— "ആ ദേവിക്ക് എന്തു സാമർത്ഥ്യം, എന്തു സ്വരൂപം, എങ്ങനെ ഉത്ഭവം"—ഇതെല്ലാം കേൾക്കാനിച്ഛിക്കുന്നു.

ബ്രഹ്മവിദാംവരൻ = ബ്രഹ്മത്തെ അറിയുന്നവരിൽവച്ചു ശ്രേഷ്ഠൻ.

"വേദസ്തത്വം തപോബ്രഹ്മ ബ്രഹ്മാവിപ്രഃ പ്രജാപതിഃ

ബ്രഹ്മവേദോബ്രഹ്മതപോബ്രഹ്മജ്ഞാനം ച ശാശ്വതം"എന്ന്.

"ത്വത്തോ ബ്രഹ്മൻ വിദാംവര!" എന്നും പാഠമുണ്ട്

നാഗോ—സ്വഭാവസ്വരൂപോല്പത്തികളെക്കുറിച്ച് മൂന്നു ചോദ്യം ബ്രഹ്മവിദാംവര! എന്ന സംബോധന, ഋഷിപറയുന്നതെല്ലാം ഉപനിഷദർത്ഥാനുസരണമായിരിക്കുമെന്ന് സ്പഷ്ടമാക്കുന്നു.

ജഗ—ബ്രവീതി......യദുത്ഭവാ സ്വാഹാ ൬൭

തൽ സർവ്വം......വിദാംവര! സ്വാഹാ ൬൮

ഋഷിരുവാച— ൬൯

നിത്യൈവ സാ ജഗന്മൂർത്തിസ്തയാ സർവ്വമിദം തതം ൭൦

ർവ്വ. തഥാപി തത്സമുല്പത്തിർബഹുധാ ശ്രൂയതാം മമ

ഋഷി പറഞ്ഞു:—

ജഗന്മൂർത്തിഃ സാ	= ജഗദ്രൂപിണിയായ ആ ദേവി
നിത്യാ ഏവ	= നിത്യതന്നെ ആകുന്നു.
ഇദം സർവ്വം	= ഈ പ്രപഞ്ചമെല്ലാം
തയാ തതം തഥാപി	= അവളാൽ നിർമ്മിക്കപ്പെട്ടതാണ്എങ്കിലും
തത്സമുല്പത്തിഃ	= അവളുടെ ഉത്ഭവം
ബഹുധാ	= പലപ്രകാരത്തിൽ
മമ ശ്രൂയതാം	= എങ്കൽനിന്നുകേട്ടാലും.

ജഗദ്രൂപിണിയായ ആ ദേവി നിത്യതന്നെ ആകുന്നു. ഈ പ്രപഞ്ചമെല്ലാം അവളാൽ നിർമ്മിക്കപ്പെട്ടതാണ് എങ്കിലും അവളുടെ ഉത്ഭവം എങ്കൽനിന്നു പലവിധത്തിൽ കേട്ടാലും.

ഉച്ഛ—സുമേധസ്സ്മഹർഷി, "നിത്യൈവ സാ ജഗന്മൂർത്തി" എന്ന് ഉത്ഭവമില്ലാത്തവളാണെന്നും, ജഗദ്രൂപിണിയാണെന്നും ഉത്ഭവത്തെയും സ്വരൂപത്തെയുംകുറിച്ചു ശുദ്ധിയായി പറഞ്ഞിട്ടു,

"ദേവാനാം" ഇത്യാദികൊണ്ടു് ദേവിയുടെ ആവിർഭാവത്തേയും പ്രഭാവത്തേയും പറയാൻ ആരംഭിക്കുന്നു.

ചതു—നിത്യാ = മുൻപു് ഒരിക്കലും ഇല്ലാതിരുന്നിട്ടില്ലാത്തവാം. ജഗൻമൂർത്തിഃ = ജഗത്തുതന്നെ മൂർത്തിയായി = വ്യക്തമായ ആകൃതിയായുള്ളവാം.

നാനാവിധസൃഷ്ടിയായി തോന്നുന്ന ഈ ജഗത്തെല്ലാം ചിത്സ്വരൂപിണിയായ ആ ദേവിയാൽ വ്യാപ്തമാകുന്നു.

മമ = (അവ്യയം) എങ്കൽനിന്നു്.

ശാന്ത—അല്ലയോ രാജാവേ! ജഗൻമൂർത്തിയായിരിക്കുന്ന അവാം നിത്യതന്നെ. ഈ ലോകമെല്ലാം അവളാൽ നിർമ്മിക്കപ്പെട്ടതാകുന്നു. ആ ദേവി ആരാലും നിർമ്മിക്കപ്പെട്ടവളല്ല. നിത്യയാണു്. എങ്കിലും ദേവി ലോകോപകാരാർത്ഥം പലവിധത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. അതിനെ കേട്ടാലും.

നാഗോ—'ജഗൻമൂർത്തിഃ' എന്നു പറഞ്ഞതുകൊണ്ടു ഈ ജഗത്തിനെവിട്ടു ദേവിക്കു് വേറെ മുഖ്യമായ ശരീരമില്ല എന്നു ധ്വനിക്കുന്നു. ജഗദാശ്രയഭൂതയായ ശക്തി എന്നു താല്പര്യം.

"ഈ പ്രപഞ്ചംമുഴവൻ ചിത്സ്വഭാവയായ അവളാൽ വ്യാപിക്കപ്പെട്ടതാകുന്നു" എന്നതു ദേവി എന്തു സ്വഭാവത്തോടുകൂടിയവളാണു് എന്ന ചോദ്യത്തിൻെറ ഉത്തരമാകുന്നു. അവാം സൃഷ്ടിസ്വഭാവയാകുന്നു എന്നർത്ഥം.

തതം = വിസ്താരിതം എന്നും വ്യാപ്തം എന്നും.

'നിത്യ' എന്ന പദംകൊണ്ടു ദേവിക്കു മുഖ്യമായി ഉല്പത്തിയും കാരണവും ഇല്ലാ എന്നു സ്ഥാപിച്ചു; എങ്കിലും ഔപചാരികമായി ഉല്പത്തികാരണങ്ങളെ കാണിക്കുന്നു.

ഭംശോ—ആരു്? എന്തു് സ്വരൂപം? എന്ന ചോദ്യത്തിനു് ജഗൻമൂർത്തിഃ എന്നും, എന്തുകർമ്മം? എന്തുസ്വഭാവം? എന്ന ചോദ്യത്തിനു് അവളാൽ പ്രപഞ്ചംമുഴവൻ വ്യാപ്തമാകുന്നു; എന്നും, എങ്ങനെയുണ്ടായി? എന്ന ചോദ്യത്തിനു നിത്യയാണു് എന്നും ഉത്തരമാകുന്നു.

ജഗ—ഋഷിരുവാച സ്വാഹാ ന്നമ

നിത്യൈവ സാ......തതം സ്വാഹാ ന്നർ

ദേവാനാം കാര്യസിദ്ധ്യർത്ഥമാവിർഭവതി സാ യദാ ന്നരി

ർൻ. ഉല്പന്നേതി തദാ ലോകേ സാ നിത്യാപ്യഭിധീയതേ.

സാ നിത്യാ അപി = ആ ദേവി നിത്യയാണെങ്കിലും

ദേവാനാം കാര്യസിദ്ധ്യർത്ഥം = ദേവന്മാരുടെ കാര്യസാദ്ധ്യത്തിനായി

യദാ ആവിർഭവതി = എപ്പോൾ പ്രത്യക്ഷപ്പെടുന്നുവോ
തദാ ലോകേ = അപ്പോൾ ലോകത്തിൽ
സാ ഉല്പന്നാ ഇതി = അവൾ ഉത്ഭവിച്ചു എന്ന്
അഭിധീയതേ = പറയപ്പെടുന്നു.

ആ ദേവി നിത്യയാണെങ്കിലും ദേവന്മാരുടെ കാര്യസാദ്ധ്യത്തിനായി എപ്പോൾ പ്രത്യക്ഷപ്പെടുന്നുവോ അപ്പോൾ ജനങ്ങൾ ലോകത്തിൽ അവൾ അവതരിച്ചു എന്നു പറയുന്നു.

ചതു—നിത്യയായ ദേവിക്കു ലോകത്തിൽ ഉത്ഭവം എന്നതു് അസംഗതമാണു് എന്നു പറയുന്നു.

ശാന്ത—ആ ദേവി ദേവകളുടെ കാര്യസിദ്ധിക്കായി എപ്പോൾ പ്രകാശിക്കുന്നുവോ അപ്പോൾ അവൾ നിത്യയാണെങ്കിലും ലോകത്തിൽ അവതരിച്ചു എന്നു ജനങ്ങൾ പറയുന്നു.

ആത്മതത്വസ്വരൂപിണിയാകകൊണ്ടു നിത്യത്വം—എന്നുമുള്ളവൾ എന്നർത്ഥം.

ആവിർഭവിക്കുക = പ്രകാശിക്കുക.

"ഗതാനുഗതികോ ലോകോ ന ലോകഃ പാരമാർത്ഥികഃ" അതുകൊണ്ടാണു് ജനങ്ങൾ പറയുന്നതു്

ദംശോ—നിത്യത്വത്തിനും ഉല്പത്തിക്കും പരസ്പരവിരോധമാണു് എങ്കിലും ദേവിയുടെ ഉല്പത്തിയല്ല. ജഗദ്രക്ഷണാർത്ഥമുള്ള ആവിർഭാവം ധർമ്മചിന്തനിമിത്തമാണു് എന്നു കാണിക്കുന്നതിനായി ദേവാനാം എന്നുമുതൽ,

"ഏവം ഭഗവതി ദേവീ സാ നിത്യാപി പുനഃ പുനഃ
സംഭൂയ കുരുതേ ഭൂപ! ജഗതഃ പരിപാലനം" എന്നു് പന്ത്രണ്ടാമദ്ധ്യായം ൩൩-ാംശ്ലോകംവരെ അവതാരപ്രയോജകമായ ഇതിഹാസത്തെ വിസ്തരിക്കുന്നു.

ജഗ—തഥാപി.........സാ യദാ സ്വാഹാ... ൬൭
യോഗനിദ്രാം യദാ വിഷ്ണുർജ്ജഗത്യേകാർണ്ണവീകൃതേ ൬൮

൪൦. ആസ്തീർയ്യ ശേഷമഭജൽ കല്പാന്തേ ഭഗവാൻ പ്രഭുഃ
തദാ ദ്വാവസുരൗ ഘോരൗ വിഖ്യാതൗ മധുകൈടഭൗ. ൬൯

൪൧. വിഷ്ണുകർണ്ണമലോത്ഭൂതൗ ഹന്തും ബ്രഹ്മാണമുദ്യതൗ

കല്പാന്തേ ജഗതി = പ്രളയകാലത്തിൽ ജഗത്തു്
ഏകാർണ്ണവീകൃതേ = ഏകസമുദ്രമാക്കിച്ചെയ്യപ്പെട്ടപ്പോൾ
ഭഗവാൻ = ഐശ്വര്യാദികളോടുകൂടിയവനായി
പ്രഭുഃ വിഷ്ണുഃ = പ്രഭുവായി (ഇരിക്കുന്ന) ശ്രീനാരായണൻ
ശേഷം ആസ്തീർയ്യ = അനന്തനെ മെത്തയാക്കീട്ടു്

യദാ	=	എപ്പോൾ
യോഗനിദ്രാം അഭജൽ	=	യോഗനിദ്രയെ സേവിച്ചുവോ
തദാ	=	അപ്പോൾ
വിഷ്ണുകർണ്ണമലോത്ഭൂതൗ	=	വിഷ്ണുവിൻെറ കർണ്ണമലത്തിൽനിന്നുണ്ടായവരായി
ഘോരൗ	=	ഭയങ്കരന്മാരായി
മധുകൈടഭൗ	=	മധുകൈടഭന്മാരെന്നു
വിഖ്യാതൗ	=	പ്രസിദ്ധന്മാരായി (ഇരിക്കുന്ന)
ദ്വൗ അസുരൗ	=	രണ്ടു് അസുരന്മാർ
ബ്രഹ്മാണം	=	ബ്രഹ്മാവിനെ
ഹന്തും ഉദ്യതൗ	=	ഹിംസിക്കാനായിട്ടു് ഉദ്യുക്തന്മാരായി.

പ്രളയകാലത്തിൽ ജഗത്തു് ഏകസമുദ്രമാക്കിച്ചെയ്യപ്പെട്ടപ്പോൾ ഐശ്വര്യാദികളോടുകൂടിയവനായി പ്രഭുവായി ഇരിക്കുന്ന ശ്രീനാരായണൻ അനന്തനെ മെത്തയാക്കീട്ടു യോഗനിദ്രയെ പ്രാപിച്ചു. ആ സമയത്തു് വിഷ്ണുവിൻെറ കർണ്ണമലത്തിൽനിന്നുണ്ടായവരും, ഭയങ്കരന്മാരും, മധുകൈടഭർ എന്നു പ്രസിദ്ധന്മാരും ആയ രണ്ടു് അസുരന്മാർ ബ്രഹ്മാവിനെ ഹിംസിക്കാനായി ആരംഭിച്ചു.

ഗുപ്ത—യോഗനിദ്രാപദം ശ്രീദേവി വിഷ്ണുവിനേയും മോഹിപ്പിക്കുന്നവളാണു് എന്നു കാണിക്കുന്നു.

ശേഷൻ = ശേഷൻ എന്ന സർപ്പം

കല്പാന്തം = സർവ്വനാശസമയം.

ശേഷപദംകൊണ്ടു് അതുമാത്രമേ ശേഷിച്ചിട്ടുള്ളൂ എന്നു ധ്വനിപ്പിക്കുന്നു.

ചതു—ഇവിടെ ഇതിഹാസമാരംഭിക്കുന്നു:—

യോഗനിദ്രാ = സ്വേച്ഛയാ സ്വീകരിക്കുന്ന നിദ്ര. വിഷ്ണു=ഈശ്വരൻ. കല്പാന്തം = ബ്രഹ്മദിവസാവസാനം. പ്രഭു = അപ്രതിഹതേച്ഛൻ.

ശാന്ത—"പ്രളയത്തിൽ ഭുവനം ഏകസമുദ്രമാക്കിച്ചെയ്യപ്പെട്ടപ്പോൾ ഐശ്വര്യാദിഗുണപൂർണ്ണനായി, സ്വാമിയായി, വ്യാപകനായിരിക്കുന്ന നാരായണൻ, അനന്തൻ എന്ന ഫണീശ്വരനെ മെത്തയാക്കിച്ചെയ്തിട്ടു് എപ്പോൾ യോഗനിദ്രയെ സേവിച്ചുവോ ആ യോഗനിദ്രാകാലത്തു്, വിഷ്ണുവിൻെറ കർണ്ണമലത്തിൽനിന്നുത്ഭവിച്ചവരായി, ഭയങ്കരന്മാരായി, മധുകൈടഭന്മാരെന്നു പ്രസിദ്ധന്മാരായി ഇരിക്കുന്ന രണ്ടു് അസുരന്മാർ വിഷ്ണുവിൻെറ നാഭിപത്മത്തിൽ സ്ഥിതിചെയ്യുന്ന ബ്രഹ്മാവിനെ ഹിംസിക്കുന്നതിനു് ഉദ്യമിച്ചു എന്നു ശ്ലോകദ്വയാർത്ഥം.

യോഗനിദ്ര = ധ്യാനാംഗനിദ്ര.

ഏകാർണ്ണവം = കേവലം സമുദ്രംമാത്രംകൊണ്ടു പൂർണ്ണമായിരിക്കുന്നതു്. ജഗത്തു് പ്രളയകാലത്തിനുമുമ്പിൽ സപ്താർണ്ണവത്തോടുകൂടിയതായിരുന്നു. പ്രളയത്തിൽ വിധിയാൽ (അ) നിത്യയായ ദേവിയാൽ ഏകാർണ്ണവമാക്കിച്ചെയ്യപ്പെട്ടു. "കല്പഃ ശാസ്ത്രേ വിധൗ ന്യായേ സംവർത്തേ ബ്രഹ്മണോദിനേ" എന്നു്. മധു = ഞാൻതന്നെ ശൂരൻ എന്നു വിചാരിക്കുന്നവൻ.

കൈടഭൻ = കീടഭം = കർണ്ണമലം അതിൽ ഭവിച്ചവൻ.

നാഗേശ—ദേവപ്രാർത്ഥനനിമിത്തം തൽകാര്യസിദ്ധിക്കായി ദേവി എങ്ങനെ അവതരിച്ചു എന്നും, മോഹകാരണത്തെക്കുറിച്ചു് രാജാവു ചോദിച്ചതുകൊണ്ടു് ആദ്യം മോഹകാരിണിയായി തമോഗുണപ്രധാനയായി ഇരിക്കുന്ന ദേവിയുടെ അവതാരത്തെക്കുറിച്ചും പറയാൻ തുടങ്ങുന്നു.

യോഗനിദ്രാ = താമസീശക്തി.

സർവ്വജ്ഞനായ ഭഗവാൻ പ്രളയകാലത്തെ അറിഞ്ഞു് തനിക്കു പാലനകർമ്മം ഇല്ലാത്തതുകൊണ്ടു് ഇതുതന്നെ അവസരം എന്നുദ്ദേശിച്ചു താമസീശക്തിയെ സേവിച്ചു. വസ്ത്രംകൊണ്ടു് എന്നപോലെ ആ ശക്തിയെക്കൊണ്ടു തന്നെ മറച്ചു—പ്രഭുവാകയാൽ സ്വേച്ഛയാ ആ ശക്തിയെ അംഗീകരിച്ചതാണു്; അല്ലാതെ അവരം ബലാൽ ഇദ്ദേഹത്തെ മോഹിപ്പിച്ചതല്ല—എന്നു താല്പര്യം. അതുകൊണ്ടാണു് യോഗനിദ്ര എന്നു പറഞ്ഞതു്. മററു നിദ്രയെപ്പോലെ ഇതും മോഹപാരവശ്യങ്ങളെ ഉണ്ടാക്കുന്നതുതന്നെ.

'കർണ്ണമലോൽഭൂതന്മാർ' എന്നു പറഞ്ഞതുകൊണ്ടു് അതിതാമസത്വം സൂചിപ്പിച്ചിരിക്കുന്നു.

ജഗ—ഉല്പന്നേ.........ഏകാർണ്ണവീകൃതേ സ്വാഹാ ൬൭

ആസ്തീര്യ.........മധുകൈടഭൗ സ്വാഹാ ൬൮

സ നാഭികമലേ വിഷ്ണോഃ സ്ഥിതോ ബ്രഹ്മാ പ്രജാപതിഃ ൬൯

൭൦. ദൃഷ്ട്വാ താവസുരൗ ചോഗ്രൗ പ്രസുപ്തം ച ജനാർദ്ദനം
തുഷ്ടാവ യോഗനിദ്രാം താമേകാഗ്രഹൃദയസ്ഥിതഃ. ൭൦

൭൧. വിബോധനാർത്ഥായ ഹരേർഹരിനേത്രകൃതാലയാം
വിശേശ്വരീം ജഗദ്ധാത്രീം സ്ഥിതിസംഹാരകാരിണീം. ൭൧

൭൨. നിദ്രാം ഭഗവതീം വിഷ്ണോരതുലാം തേജസഃ പ്രഭുഃ ൭൨

വിഷ്ണോഃ നാഭികമലേ = വിഷ്ണുവിൻെറ നാഭിയിലുള്ള കമലത്തിൽ
സ്ഥിതഃ = സ്ഥിതിചെയ്യുന്ന
സഃ പ്രജാപതിഃ പ്രഭുഃ = ആ് പ്രജാപതിയായി പ്രഭുവായി(ഇരിക്കുന്ന)

ബ്രഹ്മാ	=	ബ്രഹ്മാവ്
ഉഗ്രൗ തൗ അസുരൗ ച	=	ഉഗ്രന്മാരായ ആ രണ്ടസുരന്മാരേയും
ജനാർദ്ദനം	=	വിഷ്ണുവിനെ
പ്രസുപ്തം ച ദൃഷ്ട്വാ	=	ഉറങ്ങുന്നവനായിട്ടും കണ്ടിട്ട്
ഏകാഗ്രഹൃദയസ്ഥിതഃ	=	ഏകാഗ്രചിത്തനായി
ഹരേഃ പ്രബോധനാൎത്ഥായ	=	വിഷ്ണുവിൻെറ ഉണൎത്തലിനായിട്ട്
ഹരിനേത്രകൃതാലയാം	=	വിഷ്ണുവിൻെറ നേത്രത്തിൽ വസിക്കുന്ന
വിശ്വേശ്വരീം	=	വിശ്വവ്യാപികയായി
ജഗദ്ധാത്രീം	=	ജഗജ്ജനനിയായി
സ്ഥിതിസംഹാരകാരിണീം	=	രക്ഷാസംഹാരങ്ങളെ ചെയ്യുന്നവളായി
അതുലാം	=	തുല്യമില്ലാത്തവളായി
ഭഗവതീം	=	ഐശ്വൎയ്യപൂൎണ്ണയായി (ഇരിക്കുന്ന)
തേജസഃ വിഷ്ണോഃ	=	തേജോരൂപനായ വിഷ്ണുവിൻെറ
താം യോഗനിദ്രാം നിദ്രാം	=	ആ യോഗനിദ്രയാകുന്ന നിദ്രയെ
തുഷ്ടാവ	=	സ്തുതിച്ചു.

വിഷ്ണുവിൻെറ നാഭികമലത്തിൽ സ്ഥിതിചെയ്യുന്ന പ്രജാപതിയായി പ്രഭുവായി ഇരിക്കുന്ന ബ്രഹ്മാവ് ഉഗ്രന്മാരായിരിക്കുന്ന ആ രണ്ടു അസുരന്മാരേയും, ഉറങ്ങുന്നവനായ വിഷ്ണുവിനേയും കണ്ടിട്ട് ഏകാഗ്രചിത്തനായി വിഷ്ണുവിനെ ഉണൎത്തുന്നതിനുവേണ്ടി അദ്ദേഹത്തിൻെറ നേത്രത്തിൽ സ്ഥിതിചെയ്യുന്നവളായും, വിശ്വവ്യാപികയായും, ജഗത്തിൻെറ ജനനിയായും, രക്ഷാസംഹാരങ്ങളെ ചെയ്യുന്നവളായും, തുല്യമില്ലാത്തവളായും, ഐശ്വൎയ്യപൂൎണ്ണയായും ഇരിക്കുന്ന, തേജോരൂപനായ വിഷ്ണുവിൻെറ യോഗനിദ്രയാകുന്ന നിദ്രയെ സ്തുതിച്ചു.

ഗുപ്ത—ഈ യോഗനിദ്ര പ്രഥമചരിത്രദേവതയായി തമോഗുണപ്രധാനയായിരിക്കുന്ന മഹാകാളിയാകുന്നു.

"ഏവം സ്തുതാ തദാ ദേവീ താമസീ തത്ര വേധസാ" എന്നാകുന്നു ഈ യോഗനിദ്രാസ്തുതിയുടെ ഉപസംഹാരം.

ചതു—പ്രജാപതി = പ്രജകളുടെ നിയന്താവ്. ഏകാഗ്രഹൃദയൻ=അന്യനിഷ്ടയോടു ചേരാത്ത അന്തഃകരണത്തോടുകൂടിയവൻ. സ്ഥിതൻ = സ്ഥിതൻ.

ഹരിനേത്രകൃതാലയാ എന്നു പറഞ്ഞതു് യോഗനിദ്ര സൎവാംഗസ്ഥിതയാണെങ്കിലും വിഷ്ണുവിൻെറ നേത്രങ്ങളിൽനിന്നാവിൎഭവിക്കുന്നതുകൊണ്ടാകുന്നു.

സ്ഥിതിസംഹാരങ്ങൾ=ജന്മനാശങ്ങൾ.

ശാന്ത—നാഭികമലം=നാഭിയാകുന്ന കമലം (അ) കമലംപോലെ ഇരിക്കുന്ന നാഭി (അ) നാഭിയിലുള്ള കമലം.

ബ്രഹ്മാവു് എന്നുമാത്രം പറഞ്ഞാൽ അങ്ങനെ ഒരു വിപ്രൻ ഉള്ളതുകൊണ്ടും, പ്രജാപതി എന്നുമാത്രം പറഞ്ഞാൽ അങ്ങനെ ഒരു മനു ഉള്ളതുകൊണ്ടും ആകുന്നു ബ്രഹ്മാ പ്രജാപതി എന്നു രണ്ടു പദവും പ്രയോഗിച്ചിരിക്കുന്നതു്

ബ്രഹ്മാവിൻെറ ഈ സ്തുതി വിഷ്ണു ഉണരുന്നതിനും, സ്വയരക്ഷണത്തിനും, ദൈത്യവധംനിമിത്തമുള്ള ദേവരക്ഷണത്തിനുമാകുന്നു. ഏകാഗ്രഹൃദയസ്ഥിതൻ=ഏകാഗ്രഹൃത്തായി അയത്തിങ്കൽ=ദൈത്യവധലക്ഷണമാകുന്ന ശുഭാവഹവിധിയിങ്കൽ സ്ഥിതനായി=ശ്രദ്ധയോടുകൂടിയവനായി ഇരിക്കുന്നവൻ.

നാഗോ—യോഗനിദ്രയ്ക്കു് മൂലപ്രകൃതിയോടു് അഭേദത്തെ സ്ഥാപിച്ചു് "വിശേശ്വരി" ഇത്യാദി പദങ്ങളെക്കൊണ്ടു് വിശേഷിപ്പിക്കുന്നു.

ജഗദ്ധാത്രി=ജഗജ്ജനനി. ഇതുകൊണ്ടു് യോഗനിദ്രയ്ക്കു് ബ്രഹ്മലക്ഷണമായ ജഗൽസൃഷ്ടിസ്ഥിതിസംഹാരങ്ങളുണ്ടെന്നു് കാണിക്കുന്നു.

തേജസഃ പ്രഭുഃ എന്നു് അത്യുൽകഷ്ടത്തെ കാണിക്കുന്നതായ ബ്രഹ്മാവിൻെറ വിശേഷണമായും പറയാം.

മഹാമായ വിഷ്ണുവിനേയും മോഹിപ്പിച്ചതുകൊണ്ടു് അന്യന്മാരെ മോഹിപ്പിക്കുന്നതു് ആശ്ചര്യമല്ല എന്നു് ധ്വനിപ്പിക്കുന്നു. വാസ്തവത്തിൽ വിഷ്ണുവിൻെറ നിദ്ര എന്നതു് 'രാഹുവിൻെറ ശിരസ്സു്' എന്നപോലെ വിഷ്ണുരൂപയായ നിദ്ര എന്നത്ഥമാകുന്നു. സവ്വേശ്വരനായി സവ്വശക്തിമാനായിരിക്കുന്ന ബ്രഹ്മാവു് ലോകാനുഗ്രഹത്തിനായിട്ടു് താൻ മോഹിതനെന്നപോലെയും തൻെറ ദുഃഖനിവൃത്തിക്കായിട്ടെന്നപോലെയും സ്തുതിക്കുന്നു.

ദംശോ—തേജോരൂപനായ വിഷ്ണുവിൻെറ അനുപമയായ നിദ്രയെ സ്തുതിക്കുന്നു എന്നന്വയം. "തേജസാം പ്രഭുഃ" എന്നും പാഠമുണ്ടു്. അവിടെ തേജസാം എന്നതിനു് ദീപ്തിമാന്മാരുടെ എന്നത്ഥം.

ചില ഗ്രന്ഥങ്ങളിൽ:—

"സ്തൗമി നിദ്രാം ഭഗവതീം വിഷ്ണോരതുലതേജസഃ"

എന്നു് പാഠം കാണുന്നു. അവിടെ അനുപമതേജസ്സായിരിക്കുന്ന വിഷ്ണുവിൻെറ നിദ്രയെ സ്തുതിക്കുന്നുഎന്നത്ഥവും, വിശേശ്വരീം എന്നു മുതൽ സ്തുതിയുടെ ആരംഭവുമാകുന്നു. ഈ പക്ഷത്തിൽ "ബ്രഹ്മോവാച" എന്ന മന്ത്രം ഈ ശ്ലോകത്തിനു് മുൻപിലാണു് ഉപയോഗിച്ചുവരുന്നതു്. എന്നാൽ ഈ പാഠം ശരിയല്ല. കാത്യായനിതന്ത്രത്തിൽ വിധിച്ചിരിക്കുന്ന മന്ത്രവിഭാഗത്തിനു് വിരുദ്ധമായതുകൊണ്ടു്

ബ്രഹ്മോവാച എന്ന മന്ത്രം ഈ ശ്ലോകം കഴിഞ്ഞുതന്നെ വേണ്ടതാകുന്നു.

ജഗ—വിഷ്ണുകർണ്ണ......പ്രജാപതിഃ സ്വാഹാ ൬൨
ദൃഷ്ട്വാ താവസുരൌ......ഹൃദയസ്ഥിതഃ സ്വാഹാ ൬൩
വിബോധനാർത്ഥായ... സംഹാരകാരിണീം സ്വാഹാ ൬൪
നിദ്രാം ഭഗവതീം......തേജസഃ പ്രഭുഃ സ്വാഹാ ൬൫
ബ്രഹ്മോവാച ൬൬

ത്വം സ്വാഹാ ത്വം സ്വധാ ത്വം ഹി വഷട്കാര സ്വരാത്മികാ.
൭൩. സുധാ ത്വമക്ഷരേ നിത്യേ! ത്രിധാമാത്രാത്മികാ സ്ഥിതാ.

ബ്രഹ്മാവു പറഞ്ഞു:—

അക്ഷരേ! നിത്യേ!	= ബ്രഹ്മരൂപിണിയായി നിത്യയായുള്ള ദേവി!
സ്വാഹാ	= ദേവഗണങ്ങൾക്കു തൃപ്തിയെ ചെയ്യുന്നവൾ
ത്വം	= നിന്തിരുവടിയാകുന്നു.
സ്വധാ	= പിതൃഗണങ്ങൾക്കു് തൃപ്തിയെച്ചെയ്യുന്നവൾ
ത്വം	= നിന്തിരുവടിയാകുന്നു.
വഷട്കാരഃ	= വഷട് എന്ന ശബ്ദവും
സ്വരാത്മികാ ത്വം ഹി	= സ്വർഗ്ഗാത്മികയും നിന്തിരുവടിതന്നെ.
ത്വം സുധാ	= നിന്തിരുവടി അമൃതസ്വരൂപയായും
ത്രിധാമാത്രാത്മികാ സ്ഥിതാ	= അകാരഉകാരമകാര അർദ്ധമാത്രാസ്വരൂപിണിയായും ഇരിക്കുന്നവളാകുന്നു.

ബ്രഹ്മരൂപിണിയായി നിത്യയായുള്ള ദേവി! ദേവഗണങ്ങൾക്കും പിതൃഗണങ്ങൾക്കും തൃപ്തിയെ ചെയ്യുന്നവളും, വഷട് എന്ന ശബ്ദവും, സ്വർഗ്ഗാത്മികയും നിന്തിരുവടിയാകുന്നു. നിന്തിരുവടി അമൃതസ്വരൂപയായും പ്രണവസ്വരൂപിണിയായും ഇരിക്കുന്നവളാകുന്നു.

ദ്രഷ്ടു—"ഏകൈവ ശക്തിഃ പരമേശ്വരസ്യ
ഭിന്നാ ചതുർദ്ധാ വിനിയോഗകാലേ
ഭോഗേ ഭവാനീ പുരുഷേഷു വിഷ്ണുഃ
കോപേഷു കാളീ സമരേഷു ദുർഗ്ഗാ"—എന്ന പ്രമാണമനുസരിച്ചു് വിഷ്ണുവിനും കാളിക്കും ഏകത്വമാകകൊണ്ടും, മധുകൈടഭവധം വിഷ്ണുവേഷത്തോടുകൂടിയ ആ കാളിയാൽത്തന്നെ ചെയ്യപ്പെടേണമെന്നുള്ള ആശയത്തോടുകൂടിയും ആ കാളിയെ സ്തുതിക്കുന്നു.

സ്വാഹാ=ദേവഗണങ്ങൾക്കു തൃപ്തിയെ ചെയ്യുന്നവൾ
സ്വധാ=പിതൃഗണങ്ങൾക്കു തൃപ്തിയെ ചെയ്യുന്നവൾ

'സ്വാഹാസ്വധാ'ശബ്ദങ്ങൾ അവ്യയമായിട്ടുമാത്രമല്ല "നമഃ സ്വാഹായൈ സ്വധായൈ" എന്നും പ്രയോഗമുണ്ടു്.

വഷട്കാരം = വഷട് എന്നശബ്ദം

സ്വരാത്മികാ = { സകല കർമ്മഫലത്തോടുകൂടിയ സ്വരൂപിണീ (അ) അകാരാദി സ്വ (ര) രൂപാ.

സുധാ ത്വം = { (സുധാ=മോക്ഷം) ജ്ഞാനഫലവും നിന്തിരുവടിതന്നെ എന്നർത്ഥം.

അക്ഷരേ! നിത്യേ! എന്ന് സംബുദ്ധി.

അക്ഷരം=പരബ്രഹ്മം. "അക്ഷരം ബ്രഹ്മ പരമം" എന്നു ഗീതാ.

ത്രിധാമാത്രാത്മികാ=അകാര, ഉകാര, മകാര, അർദ്ധമാത്രാസ്വരൂപിണീ.

ചതു—സ്വാഹാ = ദേവന്മാർക്കു ഹവിസ്സിനെ ദാനംചെയ്യുന്നതിനുള്ള മന്ത്രം.

സ്വധാ = പിതൃക്കൾക്കു കവിസ്സിനെ ദാനംചെയ്യുന്നതിനുള്ള മന്ത്രം.

വഷട്കാരസ്വരാത്മികാ = വഷട്കാരം = യജ്ഞം തത്സ്വരൂപങ്ങളായ സ്വരങ്ങൾ = ഉദാത്താനുദാത്തസ്വരിതങ്ങൾ തത്സ്വരൂപിണീ.

"ഉദാത്തശ്ചാനുദാത്തശ്ച സ്വരിതശ്ച സ്വരാസ്ത്രയഃ" എന്നു ശിക്ഷ. സുധാ = ദേവതീർത്ഥം. അക്ഷരാ = ഉപചയാദികളോടുകൂടാത്തവൾ.

നിത്യാ = ജന്മവിനാശരഹിതാ.

ത്രിധാമാത്രാത്മികാ = ഹ്രസ്വദീർഘപ്ലുതങ്ങളുടേയും, ജാഗ്രൽസ്വപ്നസുഷുപ്ത്യഭിമാനികളായ വിശ്വ,തൈജസ,പ്രാജ്ഞന്മാരുടേയും സ്വരൂപത്തോടും സ്വഭാവത്തോടുംകൂടിയവൾ.

ശാന്ത—അക്ഷരാ = (അശ്നാതി ത്രീൻ ലോകാൻ ഭുംക്തേ) സർവ്വഭൂതാത്മതേന മൂന്നു ലോകങ്ങളേയും ഭുജിക്കുന്നവൾ (അ) അശ്നുതേ വ്യാപ്നോതി; വിശ്വാത്മകതേന വ്യാപിച്ചിരിക്കുന്നവൾ. (അ)ക്ഷരം= ചഞ്ചലം, അക്ഷരം=ധ്രുവം=ഇളക്കമില്ലാത്തവൾ. നിത്യ=ശാശ്വതീ.

സ്വാഹാ = ദേവകളെ ഉദ്ദേശിച്ച് ഹവിസ്സിനെ ദാനംചെയ്യുന്നതിൽവെച്ചുണ്ടാകുന്ന ദേവതൃപ്തിസ്വരൂപമായുള്ളവൾ.

"സ്വാഹാ ദേവഹവിർദ്ദാനേ ശ്രൗഷട്വൗഷട്വഷട്സ്വധാ" എന്ന്. അല്ലെങ്കിൽ സ്വാഹാരൂപേണ ഹവിസ്സിനെ ഭക്ഷിക്കുന്നവൾ (അ) ദേവസ്വരൂപാ (അ) അഗ്നിഭാര്യാ (അ) സുഷ്ടുവാകുംവണ്ണമുള്ള ആഹ്വാനത്തോടുകൂടിയവൾ (അ) വേദരൂപിണീ (അ) ബ്രാഹ്മീ.

സ്വധാ = പിതൃക്കളെ ഉദ്ദേശിച്ചു ചെയ്യുന്ന കവിർദ്ദാനത്തിൽ ഉണ്ടാകുന്ന തൃപ്തിരൂപാ (അ) സ്വധാരൂപേണ കവിസ്സിനെ ഭക്ഷിക്കുന്നവൾ (അ) സ്വധാമന്ത്രംകൊണ്ടു ഭക്ഷിക്കുന്നവൾ—പിതൃരൂപാ—(അ) ലക്ഷ്മീരൂപാ.

വഷഡിന്ദ്രായേതി; വഷട്കാരഭാഗിന്ദ്രഃ എന്നിങ്ങനെ നിന്തിരുവടി ഇന്ദ്രാണിയായി ഭവിക്കുന്നു. വഷട്കാരത്തിനു യജമാനൻ എന്നും. ഋത്വിക്ക് എന്നും അൎത്ഥമുണ്ടു്.

സ്വരാത്മികാ = സ്വഃ = സ്വൎഗ്ഗം ആത്മാവായുള്ളവൾ = സ്വൎഗ്ഗരൂപിണി (അ) പരലോകാത്മാവായുള്ളവൾ. "സ്വൎഗ്ഗേ പരേ ച ലോകേ സ്വഃ" എന്നു് (അ) നിഷാദർഷഭാദിസ്വരരൂപിണി. വഷട്കാരസ്വരാത്മികാ (എന്നു് ഒരു പദം) = വഷട്കാരപ്രവൎത്തക സ്വൎഗ്ഗരൂപഫലരൂപിണീ.

ത്രിധാമാത്രാത്മികാ എന്ന പദത്തിനെ ത്രിധാ, ത്രിധാമാ, ത്രാത്മികാ ഇങ്ങനെ മൂന്നുവിധത്തിലാക്കി അൎത്ഥം പറയുന്നു.

ത്രിധാ = മൂന്നു ലോകങ്ങളേയും വേദങ്ങളേയും ബ്രഹ്മവിഷ്ണുരുദ്രന്മാരേയും ധരിക്കുന്നവൾ.

ത്രിധാമാ=മൂന്നു ധാമങ്ങളോടു്=ഭൂമിസ്വൎഗ്ഗപാതാളങ്ങൾ, സ്ഥൂലസൂക്ഷ്മകാരണദേഹങ്ങൾ, ബ്രഹ്മവിഷ്ണുരുദ്രന്മാർ, ചന്ദ്രസൂൎയ്യാഗ്നികൾ, ഇച്ഛാജ്ഞാനക്രിയാശക്തികൾ ഇവയാകുന്ന മൂന്നു ഗൃഹങ്ങളോടുകൂടിയവൾ.

ത്രാത്മികാ = വിഷ്ണുരൂപാ (അ) പാലനരൂപാ (അ) ബ്രാഹ്മീമാഹേശ്വരീവൈഷ്ണവീരൂപാ.

നാഗോ—സ്വധാ = പിതൃപത്നി. സുധാ = ദേവാന്നം.

ത്രിധാമാത്രാത്മികാ = "അഗ്നിമീളേ പുരോഹിതം" ഇത്യാദി വേദാരംഭത്തിൽ പ്രണവോച്ചാരണം മൂന്നു മാത്രയോടുകൂടിയ പ്ലുതമായി വേണ്ടതാകകൊണ്ടു് ത്രിധാമാത്രാത്മകത്വം

ജഗ—ബ്രഹ്മോവാച സ്വാഹാ ൰൧

ത്വം സ്വാഹാ......സ്വരാത്മികാ സ്വാഹാ ൰൨

അൎദ്ധമാത്രാസ്ഥിതാ നിത്യാ യാനുച്ചാൎയ്യാ വിശേഷതഃ ൰൩

൰൪. ത്വമേവ സാ ത്വം സാവിത്രി ത്വം ദേവി! ജനനി പരാ.

യാ	= യാതൊരു ദേവി
അൎദ്ധമാത്രാസ്ഥിതാ	= അൎദ്ധമാത്രയിൽ സ്ഥിതിചെയ്യുന്നവളായും
നിത്യാ	= നിത്യയായും
വിശേഷതഃ	= വിശേഷേണ
അനുച്ചാൎയ്യാ	= ഉച്ചരിക്കാൻപാടില്ലാത്തവളായുമിരിക്കുന്നു–[വോ
സാ ത്വം ഏവ	= അവൾ നിന്തിരുവടിതന്നെ.
സാവിത്രി ത്വം	= ഗായത്രിയും നിന്തിരുവടിതന്നെ.
ദേവി!	= ഹേ ദേവി!
പരാ ജനനി ത്വം	= ഉൽകൃഷ്ടയായ മാതാവും നിന്തിരുവടി–[യാകുന്നു.

അർദ്ധമാത്രയിൽ സ്ഥിതിചെയ്യുന്നവളായും, നിത്യയായും, വിശേഷേണ ഉച്ചരിക്കാൻ പാടില്ലാത്തവളായും ഇരിക്കുന്ന ദേവി നിന്തിരുവടിയാകുന്നു. ഹേ ദേവി! ഗായത്രിയും ഉൽകൃഷ്ടയായ മാതാവും നിന്തിരുവടിതന്നെ.

ഗുപ്ത—അനുച്ചാര്യ്യ=അർദ്ധചന്ദ്രരോധിന്യാദിദ്ധ്വന്യവസ്ഥാകരൂപാ.

സാവിത്രീ=സവിതാവ് ദേവതയായിരിക്കുന്ന ഗായത്രീമന്ത്രം.

ചതു—അനുച്ചാര്യ്യാ=ഹ്രസ്വ,ദീർഘ,പ്ളുതങ്ങൾ എന്ന മൂന്നു മാത്രകൾകൊണ്ടു് ഉച്ചരിക്കാൻ പാടില്ലാത്തവൾ.

അർദ്ധമാത്രാത്മികാ=അർദ്ധമാത്രാസ്വരൂപാ.

അർദ്ധമാത്ര എന്നതു് വേദാന്തവാക്യാർത്ഥലക്ഷണയായി ഇരിക്കുന്ന തുരീയയാകുന്നു. "പ്രണവസ്വരൂപിണീ" എന്നർത്ഥം.

പ്രണവസ്വരൂപത്തെ ഭഗവാൻ ദത്താത്രേയൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "അകാര ഉകാര മകാരങ്ങൾ" സത്വരജസ്തമോഗുണരൂപങ്ങളും അർദ്ധമാത്ര യോഗികളാൽ പ്രാപിക്കപ്പെടാവുന്നതായ നിർഗ്ഗുണവും ആകുന്നു. അതിനെ ഗാന്ധാരസ്വരാശ്രയംനിമിത്തം 'ഗാന്ധാരീ' എന്നും പറയും. ആ മാത്ര സഹസ്രാരപത്മത്തിൽ ഉറുമ്പിഴയുന്നതുപോലെ സ്പർശിക്കുന്നതായി യോഗികൾക്കു് കാണാവുന്നതാണു്.

"വ്യക്താ തു പ്രഥമാ മാത്രാ, ദ്വിതീയാ ഽവ്യക്തസംജ്ഞിതാ
മാത്രാ തൃതീയാ ചിച്ഛക്തിരർദ്ധമാത്രാ പരം പദം"

പ്രഥമമാത്ര ഹ്രസ്വവും വ്യക്തവും, രണ്ടാമത്തേ മാത്ര ദീർഘവും അവ്യക്തവും, മൂന്നാമത്തേതു് പ്ളുതവും, ചിച്ഛക്തിരൂപവും, അർദ്ധമാത്ര പരമപദവും, സ്ഥൂലശ്രോത്രങ്ങൾക്കും വാക്കുകൾക്കും വിഷയമല്ലാത്തതും സൂക്ഷ്മശ്രോത്രവിഷയവുമാണു്.

"ഹ്രസ്വാ തു പ്രഥമാ മാത്രാ, ദ്വിതീയാ ദീർഘസംജ്ഞിതാ
തൃതീയാ തു പരാ ഽർദ്ധാഖ്യാ വചസഃ സാ ന ഗോചരാ" എന്നുമുണ്ടു്.

പരാജനനീ=ഉൽകൃഷ്ടയായമാതാവു്. അന്യമാതാക്കൾ ചിലദിക്കിൽ ചിലസമയം അല്പബലമായി പ്രസവിക്കുന്നവരാകുന്നു. ലോകമാതാവായ ദേവി അങ്ങനെയല്ല.

"ദേവജനനീ" എന്നും പാഠമുണ്ടു്. അതിനു് ദേവന്മാരുടെ മാതാവായ അദിതിരൂപിണീ എന്നർത്ഥം.

ശാന്ത—മുൻശ്ലോകത്തിൽ 'ത്രിധാമാത്രാത്മികാ' എന്നതുകൊണ്ടു് അകാരാദിസ്വരൂപിണിയാണെന്നു് നിർദ്ദേശിച്ചിട്ടു് ഇവിടെ 'അർദ്ധമാത്രാത്മികാ' എന്നതുകൊണ്ടു് കകാരാദിവ്യഞ്ജനരൂപമാതൃകാത്മകതയെ പറയുന്നു. "വ്യഞ്ജനഞ്ചാർദ്ധമാത്രകം" എന്നു്.

സാവിത്രീ=സൂര്യനേ സംബന്ധിച്ച ഋക് (അ) വിഷ്ണുശക്തി (അ) വ്യാഹൃതി ചേരാത്ത ഋക്. (വ്യാഹൃതി ചേൎന്നാൽ ഗായത്രി എന്നു പറയും)

ദംശോ—വിശേഷതഃ അനുച്ചാൎയ്യാ = സ്വരസംബന്ധമില്ലാതെ സ്പഷ്ടമായി ഉച്ചരിക്കാൻ പാടില്ലാത്തവൾ (അ) പ്രണവത്തിലുള്ള അൎദ്ധമാത്രയെ അകാരഉകാരമകാരങ്ങൾ കൂടാതെ ഉച്ചരിക്കാൻപാടില്ലാത്തതുകൊണ്ടു് അങ്ങനെയുള്ളവൾ.

"വേദജനനീ" എന്നും പാഠമുണ്ടു്.

ജഗ—സുധാ ത്വമക്ഷരേ......വിശേഷതഃ സ്വാഹാ ൭൪.

* ത്വയൈതൽ ധാൎയ്യതേ വിശ്വം ത്വയൈതൽ സൃജ്യതേജഗൽ.൭൫. ത്വയൈതൽ പാല്യതേ ദേവി! ത്വമത്സ്യന്തേ ച സൎവ്വദാ.

ദേവി! ത്വയാ	=	ഹേ ദേവി നിന്തിരുവടിയാൽ
ഏതൽ ജഗൽ സൃജ്യതേ	=	ഈ ജഗത്തു് സൃഷ്ടിക്കപ്പെടുന്നു.
ത്വയാ ഏതൽ	=	നിന്തിരുവടിയാൽ ഈ ജഗത്തു്
പാല്യതേ	=	രക്ഷിക്കപ്പെടുന്നു.
ത്വം അന്തേ അത്സി	=	നിന്തിരുവടി (ഇതിനെ) ഒടുവിൽ സംഹരിക്കുന്നു.
സൎവ്വദാ ച	=	ഇങ്ങനെ പിന്നെയും പിന്നെയും
ത്വയാ ഏതൽ വിശ്വം	=	നിന്തിരുവടിയാൽ ഈ പ്രപഞ്ചം
ധാൎയ്യതേ	=	ധരിക്കപ്പെടുന്നു.

ഹേ ദേവി! ഈ ജഗത്തു് നിന്തിരുവടി സൃഷ്ടിക്കുകയും രക്ഷിക്കുകയും ഒടുവിൽ സംഹരിക്കുകയും ചെയ്യുന്നു. ഇങ്ങനെ പിന്നെയും പിന്നെയും നിന്തിരുവടിയാൽ ഈ പ്രപഞ്ചം ധരിക്കപ്പെടുന്നു.

ചതു—അന്തം = പ്രളയം. അത്സി = ഭക്ഷിക്കുന്നു = താനാക്കിച്ചെയ്യുന്നു.

ശാന്ത—അല്ലയോ ദേവി! ബ്രാഹ്മീശക്തിയായ നിന്തിരുവടിയാൽ ഈ ജഗത്തു് സൃഷ്ടിക്കപ്പെടുകയും, വൈഷ്ണവീശക്തിയായ നിന്തിരുവടിയാൽ ഈ ജഗത്തു് ദുഃഖത്തിൽനിന്നു രക്ഷിക്കപ്പെടുകയും, നിന്തിരുവടി രൗദ്രീശക്തിയായിട്ടു് ഈ ജഗത്തിനെ അവസാനത്തിൽ സംഹരിക്കുകയും ചെയ്യുന്നു.

ഇങ്ങനെ പിന്നെയും പിന്നെയും സൃഷ്ടിസ്ഥിതിസംഹാരമെന്ന മൂന്നുവിധലക്ഷണത്തോടുകൂടിയ ഈ പ്രപഞ്ചം വാസ്തവത്തിൽ ബ്രാഹ്മ്യാദിവ്യപദേശാഭിന്നയായി ഏകശക്തിയായിരിക്കുന്ന നിന്തിരുവടിയാൽത്തന്നെ ധരിക്കപ്പെടുന്നു.

---

* ത്വയൈതൽ ധാൎയ്യതേ സൎവ്വം എന്നു പാഠഭേദം.

ജഗ—ത്വമേവ സാ......സൃജ്യതേ ജഗൽ സ്വാഹാ ൫

വിസൃഷ്ടൗ സൃഷ്ടിരൂപാ ത്വം സ്ഥിതിരൂപാ ച പാലനേ ൬

൫൬. തഥാ സംഹൃതിരൂപാന്തേ ജഗതോഽസ്യ ജഗന്മയേ!

ജഗന്മയേ! ത്വം	= ജഗദ്രൂപിണി! നിന്തിരുവടി
അസ്യ ജഗതഃ	= ഈ ജഗത്തിന്റെ
വിസൃഷ്ടൗ	= വിശേഷേണയുള്ള സൃഷ്ടിയിൽ
സൃഷ്ടിരൂപാ	= സൃഷ്ടിരൂപയാകുന്നു.
പാലനേ സ്ഥിതിരൂപാ	= പാലനത്തിൽ സ്ഥിതിരൂപയാകുന്നു
തഥാ അന്തേ	= അപ്രകാരം അവസാനത്തിൽ
സംഹൃതിരൂപാ ച	= സംഹാരരൂപയും ആകുന്നു.

അല്ലയോ ജഗദ്രൂപിണിയായ ദേവി! നിന്തിരുവടി ഈ ജഗത്തിന്റെ വിശേഷേണയുള്ള സൃഷ്ടിയിൽ സൃഷ്ടിരൂപയും പാലനത്തിൽ സ്ഥിതിരൂപയും അപ്രകാരം അവസാനത്തിൽ സംഹാരരൂപയും ആകുന്നു.

ചതു—വിസൃഷ്ടൗ=സൃഷ്ടികാലത്തിൽ. പാലനേ=സ്ഥിതികാലത്തിൽ. ജഗന്മയേ=ജഗദ്രൂപിണി!

ശാന്തു—ജഗന്മയി=ഭുവനജ്ഞേ. സൃഷ്ടി=ഉല്പാദനം

സൃഷ്ടിക്കും സൃഷ്ടികർത്ത്രിക്കും, പാലനത്തിനും പാലയിത്രിക്കും, സംഹാരത്തിനും സംഹർത്ത്രിക്കും അഭേദംതന്നെ എന്നു സാരം. ബ്രഹ്മശക്തി സൃഷ്ടിക്കുന്നു എന്നുള്ളതു് വ്യപദേശമാത്രമാണു്. വാസ്തവത്തിൽ സൃഷ്ട്യാദികൾ ചെയ്യുന്നതു് നിന്തിരുവടിതന്നെ ഞാനല്ല, എന്നു് ബ്രഹ്മാവിന്റെ വാക്കു്.

നാഗോ—സൃഷ്ട്യാദിക്രിയകളെച്ചെയ്യുന്നതു് നിന്തിരുവടിതന്നെയാകുന്നു എന്നു പറയുന്നു.

ജഗന്മയേ! എന്നു ആർഷം.

'ജഗന്മയി' എന്നും പാഠമുണ്ടു്. അതിനു ജഗന്നിർമ്മാണത്തിനായി ആഗമിച്ചവൾ എന്നർത്ഥം.

ജഗ—ത്വയൈതൽ പാല്യതേ...സ്ഥിതിരൂപാ ച പാലനേ സ്വാഹാ.

മഹാവിദ്യാ മഹാമായാ മഹാമേധാ മഹാസ്മൃതിഃ ൫

൭ൻ. മഹാമോഹാ ച ഭവതീ മഹാദേവീ മഹാസുരീ

മഹാവിദ്യാ=	= മഹതിയായിരിക്കുന്ന പരബ്രഹ്മവിഷയജ്ഞാനരൂപാ
മഹാമായാ	= മഹതിയായും, അനാത്മാവിൽ ആത്മാവാണെന്നും, ആത്മാവിലും അനാത്മാവാണെന്നും ഉള്ളതായും ഇരിക്കുന്നബുദ്ധി.

മഹാമേധാ	= മഹതിയായി ധാരണാവതിയായിരിക്കുന്ന ബുദ്ധി
മഹാസ്മൃതിഃ	= മഹതിയായിരിക്കുന്ന വേദവിദ്യ
മഹാമോഹാ	= മഹതിയായിരിക്കുന്ന സംസാരശക്തി
മഹാദേവീ മഹാസുരീ	= മഹാദേവപത്നിയുംമഹാസുരശക്തിയും
ഭവതി	= നിന്തിരുവടിയാകുന്നു.

മഹതിയായിരിക്കുന്ന പരബ്രഹ്മവിഷയജ്ഞാനരൂപയും, മഹതിയായും അനാത്മാവിൽ ആത്മാവാണെന്നും ആത്മാവിലും അനാത്മാവാണെന്നും ഉള്ളതായും ഇരിക്കുന്ന ബുദ്ധിയും, ധാരണാവതിയായി ഇരിക്കുന്ന ബുദ്ധിയും, വേദവിദ്യയും, സംസാരശക്തിയും, മഹാദേവപത്നിയും, മഹാസുരശക്തിയും നിന്തിരുവടിയാകുന്നു.

ചതു—മഹാവിദ്യാ=മഹാവാക്യലക്ഷണയായ വിദ്യ.

മഹാമായാ=സർവ്വവിഷയയായും ഒന്നിനെ മറ്റൊന്നായി തോന്നിപ്പിക്കുന്നതായും ഉള്ള ശക്തി—മൂലാവിദ്യാ.

മഹാമേധാ= സകലവസ്തുക്കളുടേയും തത്വങ്ങളെ ധരിക്കുന്നതിനു സാമർത്ഥ്യമുള്ള ബുദ്ധിശക്തി.

സ്മൃതിഃ=ധർമ്മശാസ്ത്രം (അ) വേദവിദ്യ.

മഹാമോഹാ=മഹത്തായ രാഗത്തിന് ആശ്രയമായ സംസാരശക്തി.

മഹാദേവീ=ഇന്ദ്രാദിലോകപാലകർമ്മസ്വരൂപാ

മഹാസുരീ=ഹിരണ്യാക്ഷാദിസ്വരൂപാ.

ശാന്ത—മഹാവിദ്യാ=മഹതിയായിരിക്കുന്ന വിദ്യാ=ബ്രഹ്മജ്ഞാനരൂപിണി (അ) മഹതിയായിരിക്കുന്ന അവിദ്യ=വാക്കിന് വിഷയമല്ലാത്തതായി പ്രപഞ്ചപരിജ്ഞാനരൂപമായിരിക്കുന്ന അജ്ഞാനം.

മഹാമേധാ=മഹതിയായിരിക്കുന്ന മേധാ=ധാരണാവതിയായ ബുദ്ധി (അ) മഹതിയായിരിക്കുന്ന അമേധാ=ധരിക്കാൻ സാമർത്ഥ്യമില്ലാത്ത ബുദ്ധി.

മഹാസ്മൃതിഃ=മഹതിയായിരിക്കുന്ന സ്മൃതി=ധ്യാനരൂപാ (അ) മഹതിയായിരിക്കുന്ന അമേധാ=അധ്യാനരൂപാ.

മഹാമോഹാ=വലിയ മമത (അ) മഹാഅമോഹാ=വലിയ വിരക്തി.

"മഹാമോഹാ ഭഗവതി മഹാദേവി മഹേശ്വരീ" എന്നു പാഠഭേദം.

നാഗോ—മഹാമായാ=സച്ചിദാനന്ദസ്വരൂപമായ ആത്മാവിൽ സാംസാരികരൂപമായ അനർത്ഥത്തെ തോന്നിക്കുന്നതിന് കാരണഭൂതയായിരിക്കുന്ന മൂലാവിദ്യാ.

മഹാമേധാ=ഭഗവാന്റെ സർവ്വജ്ഞത്വശക്തി.

മഹാസ്മൃതിഃ=വിധിക്ക് ജഗൽസൃഷ്ടിക്ക് അനുകൂലമായിരിക്കുന്ന കഴിഞ്ഞ കല്പങ്ങളിലുള്ള സകലവസ്തുക്കളുടെയും ജ്ഞാനത്തിന്റെ രൂപത്തോടുകൂടിയവൾ (അ) വേദരൂപാ.

മഹാദേവീ=സകലദേവശക്തിരൂപാ

ദംശോ—മഹാവിദ്യാ="തത്ത്വമസി" ഇത്യാദി മഹാവാക്യങ്ങളിൽനിന്നുണ്ടാകുന്ന ജ്ഞാനം.

മഹാമായാ=ബ്രഹ്മാദികളേയും മോഹിപ്പിക്കുന്ന അവിദ്യാശക്തി.

മഹാസുരീ=മഹത്തായും ദേവപരാജയത്തെ ചെയ്യുന്നതായുംഉള്ള അസുരശക്തി (അ) മഹത്തായിരിക്കുന്ന സുരശക്തി.

ജഗ—തഥാ സംസ്തുതി......മഹാസ്മൃതിഃ സ്വാഹാ ഐ

പ്രകൃതിസ്ത്വം ഹി സർവ്വസ്യ ഗുണത്രയവിഭാവിനീ വൈ

ന്നം. കാളരാത്രിർമ്മഹാരാത്രിർമ്മോഹരാത്രിശ്ച ദാരുണാ.

ഗുണത്രയവിഭാവിനീ	= സത്വരജസ്തമോഗുണങ്ങളെക്കൊണ്ടു് ഊഹിക്കാവുന്ന
സർവ്വസ്യ പ്രകൃതിഃ	= എല്ലാത്തിന്റേയും പ്രകൃതി
(ത്വം)	= (നിന്തിരുവടിയാകുന്നു)
കാളരാത്രിഃ മഹാരാത്രിഃ	= കാളരാത്രിയും മഹാരാത്രിയും
ദാരുണാ മോഹരാത്രിഃ ച	= പരിഹാരമില്ലാത്തതായ മോഹരാത്രി- [യും
ത്വം ഹി	= നിന്തിരുവടിതന്നെ

സത്വരജസ്തമോഗുണങ്ങളെക്കൊണ്ടു് ഊഹിക്കാവുന്ന സർവ്വത്തിന്റേയും പ്രകൃതി നിന്തിരുവടിയാകുന്നു. കാളരാത്രിയും മഹാരാത്രിയും പരിഹാരമില്ലാത്തതായ മോഹരാത്രിയും നിന്തിരുവടിതന്നെ.

ഗുപ്ത—കാളരാത്രി=കല്പാന്തപ്രളയം. മഹാരാത്രി=ബ്രഹ്മപ്രളയം. മോഹരാത്രി=മഹാപ്രളയം.

വാസ്തവത്തിൽ ഈ രാത്രിശബ്ദങ്ങൾ വിശേഷതിഥികളെ സംബന്ധിച്ചരാത്രികളുടേയും തദഭിമാനിനിദേവതകളുടേയും പേരുകളായിട്ടാണു് തന്ത്രരാജത്തിൽ പറഞ്ഞിരിക്കുന്നതു്. ആ ദേവതാത്രയസമഷ്ടിരൂപിണിയായ യോഗനിദ്രയെ പ്രതിപാദിക്കുന്നതുകൊണ്ടാണു് ഈ സ്തോത്രത്തിനു് രാത്രിസൂക്തം എന്ന നാമം കല്പിച്ചിരിക്കുന്നതു്.

ചതു—പ്രകൃതി=മൂലകാരണം. ഗുണത്രയവിഭാവിനീ=സത്വരജസ്തമോഗുണങ്ങളെ അനുവർത്തിപ്പിക്കുന്നവൾ.

കാളരാത്രി=കൽപാന്തരാത്രി. മഹാരാത്രി=ഈശ്വരന്റെ രാത്രി (അ) ബ്രഹ്മാവിന്റെ അവസാനരാത്രി.

മോഹരാത്രി=ചെയ്യാൻ പാടില്ലാത്തകാൎയ്യം മോഹംനിമിത്തം ചെയ്യാവുന്നതാണെന്നു് തോന്നുന്ന അജ്ഞാനം (അ) നിദ്രാ. ദാരുണാ=പരിഹാരമില്ലാത്തതു്.

ശാന്ത—സൎവ്വപ്രകൃതി=സത്വരജസ്തമോഗുണസാമ്യാവസ്ഥാരൂപിണിയായി അവ്യക്തയായി ഇരിക്കുന്ന പ്രധാനം.

ഗുണത്രയവിഭാവിനി=ഗുണങ്ങളെ വെവ്വേറെയാക്കി ജഗദ്രൂപേണ സ്ഥാപിക്കുന്നവൾ, സത്വഗുണം ജ്ഞാനത്തിനും സുഖത്തിനും, രജോഗുണം രാഗത്തിനും ദുഃഖത്തിനും, തമോഗുണം മറയ്ക്കുന്നതിനും മോഹത്തിനും കാരണമാകുന്നു. ഗുണങ്ങൾ പ്രകൃതിധൎമ്മങ്ങളാണു്.

കാളരാത്രി=ജഗൽസംഹാരത്തെച്ചെയ്യുന്നവൾ.

മോഹരാത്രി=മമത എന്ന ചുഴിയോടുകൂടിയ മോഹമാകുന്ന കുണ്ടിൽ പതിപ്പിക്കുന്ന മഹാമായാ എന്നു പറയുന്ന സംസാരം.

"ദംഷ്ട്രാകരാളകാലാഗ്നി രുദ്രകൽപാതിദാരുണാ
മോഹരാത്രിർ മോഹതനുർ ജഗൽ സൂത്രേ ജഗൽകരീ" എന്നു്.

ജഗ—മഹാമോഹാ......ഗുണത്രയവിഭാവിനി സ്വാഹാ വെ
ത്വം ശ്രീസ്ത്വമീശ്വരീ ത്വം ഹ്രീസ്ത്വം ബുദ്ധിർബോധലക്ഷണാ ൻെ
ന്നു. ലജ്ജാ പുഷ്ടിസ്തഥാ തുഷ്ടിസ്ത്വം ശാന്തിഃ ക്ഷാന്തിരേവ ച.

ശ്രീഃ ത്വം	= ലക്ഷ്മി നിന്തിരുവടിയാകുന്നു
ഈശ്വരീ ത്വം	= ഈശ്വരപത്നി നിന്തിരുവടിയാകുന്നു
ഹ്രീഃ ത്വം	= ലജ്ജ നിന്തിരുവടിയാകുന്നു
ബോധലക്ഷണാ ബുദ്ധിഃ	= നിശ്ചയാത്മികയായ ബുദ്ധിയും
ലജ്ജാ പുഷ്ടിഃ	= { ചെയ്യാനുള്ളതിൽ അജ്ഞാനശങ്ക കൊണ്ടുള്ള ദുഃഖവും വളച്ച്യും
തഥാ	= അപ്രകാരം
തുഷ്ടിഃ ശാന്തിഃ ക്ഷാന്തിഃ ച	= സന്തോഷവും മനസ്സമാധാനവുംക്ഷമയും
ത്വം ഏവ	= നിന്തിരുവടിതന്നെ.

ലക്ഷ്മിയും, ഈശ്വരപത്നിയും, ലജ്ജയും, നിശ്ചയാത്മികയായ ബുദ്ധിയും, ചെയ്യാനുള്ളതിൽ അജ്ഞാനശങ്കകൊണ്ടുള്ള ദുഃഖവും, വളച്ച്യും നിന്തിരുവടിയാകുന്നു. അപ്രകാരം സന്തോഷവും മനസ്സമാധാനവും ക്ഷമയും നിന്തിരുവടിതന്നെ.

ചതു—ശ്രീ=സമ്പത്തു് (അ) ലക്ഷ്മി. ഹ്രീ=അകൃത്യത്തിൽ വൈമുഖ്യം. ഹ്രീ എന്നുള്ളതിൽ അനുസ്വാരം ചേൎത്താൽ ഭുവനേശ്വരീബീജവും ദേവീപ്രണവവും ആയിത്തീരും.

ബുദ്ധിഃ=അന്തഃകരണം. പുഷ്ടിഃ=ഉപചയം.

തുഷ്ടിഃ=ലഭിച്ചതിൽ നിന്നന്യമായുള്ളതിൽ നിസ്സാരബുദ്ധി.

ശാന്ത—ഈശ്വരീ=ജഗദ്വ്യാപിനീ

ഹ്രീംകാരം പ്രാണനെ പറയുന്നു. "ഹ്രീംകാരോ വൈ പ്രാണഃ" എന്നു ശ്രുതി.

ബുദ്ധിഃ=ചിന്മാത്ര ബ്രഹ്മലക്ഷണാ. ബോധലക്ഷണാ=ബോധരൂപാ.

പുഷ്ടിഃ=അവയവങ്ങളുടെവളൎച്ച. തുഷ്ടി=പ്രീതി.

ശാന്തിഃ=വിഷയവ്യാവൃത്തി. ക്ഷാന്തി=തിതിക്ഷ

"ത്വം ഹ്രീഃ," എന്ന പാഠത്തിൽ ലജ്ജാശബ്ദം പുനരുക്തിയാകുന്നു.

നാഗോ—ശ്രീ എന്നതും ഹ്രീ എന്നതും ഈശ്വരി എന്നതിലെ ഈ എന്ന സ്വരവും, അനുസ്വാരവും ചേരുമ്പോൾ ക്രമേണ ലക്ഷ്മീബീജവും ഭുവനേശ്വരീബീജവും ആയിത്തീരും.

ബോധലക്ഷണാബുദ്ധിഃ = നിശ്ചയാത്മകജ്ഞാനത്തോടുകൂടിയ അന്തഃകരണം. ലജ്ജാ=അന്തഃകരണവൃത്തിവിശേഷം.

ശാന്തിഃ=വിഷയങ്ങളിൽനിന്നു ഇന്ദ്രിയങ്ങളെ വിരമിപ്പിക്കുക.

ക്ഷാന്തിഃ=പകരം ചെയ്യാൻ ശക്തിഉണ്ടെങ്കിലും പരാപരാധങ്ങളെ സഹിക്കുന്നസ്ഥിതി.

ജഗ—കാളരാത്രി......ബോധലക്ഷണാ സ്വാഹാ ൻ

ഖഡ്ഗിനീ ശൂലിനീ ഘോരാ ഗദിനീ ചക്രിണീ തഥാ വ്യം

ന്വ. ശംഖിനീ ചാപിനീബാണഭുശുണ്ഡീപരിഘായുധാ

ഖഡ്ഗിനീ	=	വാളോടുകൂടിയവൾ
ശൂലിനീ	=	ശൂലത്തോടുകൂടിയവൾ
ഘോരാ	=	ഒരു കയ്യിൽ ശിരസ്സിനെ ധരിച്ചിരിക്കകൊണ്ടു ഭയങ്കരി
ഗദിനീ	=	ഗദയോടുകൂടിയവൾ
ചക്രിണീ	=	ചക്രത്തോടുകൂടിയവൾ
ശംഖിനി	=	ശംഖത്തോടുകൂടിയവൾ
ചാപിനീ	=	വില്ലോടുകൂടിയവൾ
തഥാ	=	അപ്രകാരം
ബാണഭുശുണ്ഡിപരിഘായുധാ	=	ബാണം, ഭുശുണ്ഡീ, പരിഘം ഈ ആയുധങ്ങളോടുകൂടിയവൾ.

നിന്തിരുവടി പത്തുകൈകളിലും വാൾ, ശൂലം, ശിരസ്സ്, ഗദാ, ചക്രം, ശംഖ്, വില്ല്, ബാണം, ഭുശുണ്ഡി, പരിഘം ഈ ആയുധങ്ങളോടുകൂടിയവളാകുന്നു.

ഗുപ്ത—പത്തുകൈകളോടുകൂടിയ ദേവിയെ സ്തുതിക്കുന്നു.

ചതു— ചാപിനി=വില്ലോടുകൂടിയവൾ ബാണം=ശരം, ഭുശുണ്ഡീ =ഒരുമാതിരി വടി.

ശാന്ത— അല്ലയോ ചണ്ഡികേ! നിന്തിരുവടി ഖഡ്ഗിനിയും ശൂലിനിയും, ഗദിനിയും, ചക്രിണിയും, ശംഖിനിയും, ചാപിനിയും, ബാണത്തോടുകൂടിയവളും, പരിഘായുധയും ആയിട്ട് ഘോരയായ്= അത്യുഗ്രദർശനയായിരിക്കുന്ന 'ഭുശുണ്ഡി' എന്നു് പറയപ്പെടുന്നു. "ബാണാഭുശുണ്ഡീ" എന്നു് പാഠഭേദം ബാണാ=ശരത്തോടുകൂടിയവൾ. നിന്തിരുവടി വാൾ, ശൂലം, ഗദ, ചക്രം, ശംഖം, ചാപം, ബാണം, പരിഘം ഇങ്ങനെ എട്ടായുധങ്ങളോടുകൂടിയ എട്ടു കൈകളോടുകൂടിയ വളാകുന്നു. ഘോരയായ്=അത്യുഗ്രാകൃതിയായി, ഭുശുണ്ഡിയായി=ഭുജങ്ങളെക്കൊണ്ടു് ശത്രുക്കളെ ഖണ്ഡിക്കുന്നവളായി ഇരിക്കുന്ന ചണ്ഡിക എന്നർത്ഥം.

"ഭുജാഭിരഷ്ടഭിഃ ശത്രൂൻ നഷ്ടാവഷ്ടാഭിരായുധൈഃ
മുണ്ഡയത്യുഗ്രചണ്ഡീഭിർഭുശുണ്ഡി ചണ്ഡികാ സ്മൃതാ
ഉഡ്ഡീയോഡ്ഡീയ ച പ്രാപ്യ നന്ദനീഭശകത്തികാ
ക്രമതേ വാ നതാംഗീ യാ സാ ഭുശുണ്ഡീ നിഗദ്യതേ"

ഇതുകൊണ്ടു് 'ബാണാഭുശുണ്ഡീപരിഘായുധാ' എന്നു് ഒരു പദമായി പറയുന്നതു് ദുർവ്യാഖ്യാനമാകുന്നു. ഭുശുണ്ഡി ആയുധവിശേഷമായി പറയുന്നതു് ശരിയല്ലാ.

നാഗോ—ഘോരാ=ഒരു കയ്യിൽ ശിരസ്സിനെ ധരിച്ചിരിക്കുന്നതുകൊണ്ടു് ഭയങ്കരി.

ഈ ശ്ലോകംകൊണ്ടു് കാളി പത്തുകൈകളോടുകൂടിയവളാണെന്നു് സൂചിപ്പിച്ചിരിക്കുന്നു.

"യോഗനിദ്രാ ഹരേരുക്താ മഹാകാളീ തമോഗുണാ
മധുകൈടഭനാശാർത്ഥം യാം തുഷ്ടാവാംബുജാസനഃ
ദശവക്ത്രാ ദശഭുജാ ദശപാദാഞ്ജനപ്രഭാ"
"ഖഡ്ഗബാണഗദാശൂലശംഖചക്രഭുശുണ്ഡിഭൃൽ
പരിഘം കാർമ്മുകം ശീർഷം നിശ്ച്യോതദ്രുധിരം ദധൗ
ഏഷാ സാ വൈഷ്ണവീ മായാ മഹാകാളീ ദുരത്യയാ"

എന്നു് വൈകൃതികരഹസ്യം.

ജഗ—ലജ്ജാപുഷ്ടി......ചക്രിണി തഥാ സ്വാഹാ വ്യാ

സൗമ്യാസൗമ്യതരാശേഷസൗമ്യേഭ്യസ്ത്വതിസുന്ദരീ വ്യഥ

സമ്പ. പരാപരാണാം പരമാ ത്വമേവ പരമേശ്വരി

സൗമ്യാ = ഭക്തന്മാൎക്കു് സന്തോഷത്തെ ജനിപ്പിക്കത്തക്കവണ്ണം അതിസൗമ്യമായായ മുഖത്തോടുകൂടിയവളും

സൌമ്യതരാ = അതിശാന്തയും
അശേഷസൌമ്യേഭ്യസ്തു = അഖിലസുന്ദരപദാര്‍ത്ഥങ്ങളില്‍ വച്ചും
അതിസുന്ദരീ = അതിസുന്ദരിയും
പരാപരാണാം = ബ്രഹ്മാദികളേയും ഇന്ദ്രാദികളേയുംകാള്‍
പരമാ പരമേശ്വരീ = അത്യുല്‍കൃഷ്ടയും പരമേശ്വരപത്നിയും
ത്വം ഏവ = നിന്തിരുവടിതന്നെ.

ഭക്തന്മാര്‍ക്കു് സന്തോഷത്തെ ജനിപ്പിക്കത്തക്കവണ്ണം അതിസൌമ്യമായ മുഖത്തോടുകൂടിയവളും അതിശാന്തയും സകലസുന്ദരപദാര്‍ത്ഥങ്ങളിലുംവച്ചു് അതിസുന്ദരിയും, ബ്രഹ്മാദികളേയും ഇന്ദ്രാദികളേയും കാള്‍ അത്യുല്‍കൃഷ്ടയും, പരമേശ്വരപത്നിയും നിന്തിരുവടിതന്നെ.

ഗുപ്ത—പരാഃ=ബ്രഹ്മാദികള്‍. അപരാഃ=ഇന്ദ്രാദികള്‍.

ചതു—സൌമ്യാ=സന്തോഷംനിമിത്തം അതിസൌമ്യമായ മുഖത്തോടുകൂടിയവള്‍.

അശേഷസൌമ്യേഭ്യഃ=സകലാഹ്ലാദഹേതുക്കളില്‍വച്ചും സൌമ്യതരാ=മോക്ഷരൂപിണിയാകയാല്‍ പ്രശാന്ത.

പരാണാം=അനേകം ബ്രഹ്മാക്കളുടെ ആയുഷ്കാലങ്ങള്‍ക്കു് പരാ=അപ്പുറത്തിരിക്കുന്നവള്‍.

പരമേശ്വരി=ഇന്ദ്രാദികളുടേയും ഈശ്വരി

ശാന്ത—സൌമ്യാ=ക്രൂരയല്ലാത്തവള്‍ (അ) സൌമ്യത്തോടു്=ഉമയോടുകൂടിയ ശിവഭാവത്തോടുകൂടിയവള്‍.

പരമാ=പരയായി=ഉല്‍കൃഷ്ടയായിരിക്കുന്ന മാ=ലക്ഷ്മി പരമേശ്വരി=സര്‍വ്വോല്‍കൃഷ്ടനായ ഈശ്വരന്‍റെ സ്ത്രീ.

"ഈശ്വരീ സ്വാമിനീ ദുര്‍ഗ്ഗാ ലോകാനാം വ്യാപികാ ച സാ"

നാഗേശ— സൌമ്യാ=ഭക്തന്മാരില്‍ അക്രൂരാ.

അസൌമ്യതരാ=അസുരന്മാരില്‍ അതിക്രൂരാ

പരാ=പരാവാഗ്രൂപാ.

പരാണാം പരമാ=ഉല്‍കൃഷ്ടന്മാരില്‍വച്ചു് പ്രധാന.

ജഗ—ശംഖിനീ ചാപിനീ........സ്ത്വതിസുന്ദരീ സ്വാഹാ വൃഥ

യച്ച കിഞ്ചില്‍ ക്വചിദ്വസ്തു സദസദ്വാഖിലാത്മികേ വൃവ

ന്ദര്‍. തസ്യ സര്‍വ്വസ്യ യാ ശക്തിഃ സാ ത്വം കിം സ്തൂയസേ തദാ

അഖിലാത്മികേ! = അല്ലയോ സര്‍വ്വാത്മികേ
ക്വചില്‍ = പ്രപഞ്ചത്തില്‍ എവിടെയും
സല്‍ = എന്നും നിലനില്‍ക്കുന്നതായും
അസല്‍ = നശിച്ചുപോകുന്നതായും
യല്‍ ച = യാതൊരു
കിഞ്ചില്‍ വസ്തു = ചെറുതായ വസ്തുവും (ഭവിക്കുന്നുവോ)

തസ്യ സർവസ്യ = അതിനെല്ലാം
യാ ശക്തിഃ = യാതൊരു ശക്തി (ഉണ്ടോ)
സാ ത്വം = ആ ശക്തി നിന്തിരുവടിയാകുന്നു.
തദാ കിം സ്തൂയസേ = അപ്പോൾ എങ്ങിനെ സ്തുതിക്കപ്പെടുന്നു.

അല്ലയോ സർവാത്മികേ! എന്നും നിലനില്ക്കുന്നതായും, വേഗത്തിൽ നശിച്ചുപോകുന്നതായും, ഈ പ്രപഞ്ചത്തിൽ യാതൊരു ചെറുതായ വസ്തുവും ഭവിക്കുന്നുവോ അതിന്റെ എല്ലാം ശക്തി നിന്തിരുവടിയാകുന്നു. അപ്പോൾ എങ്ങനെ ഞാൻ നിന്തിരുവടിയെ സ്തുതിക്കുന്നു?

ചതു—സത്തു് = നിത്യമായ ആകാശം, പരമാണു മുതലായതു്. അസത്തു് = അനിത്യമായ ഭൂമി മുതലായതു്.

ശാന്ത—അല്ലയോ സർവാത്മികേ ദേവി! ജഗത്തിങ്കൽ സത്തായും അസത്തായും യാതൊരു ചെറിയ പദാർത്ഥരൂപവും തോന്നുന്നുവോ അതിന്റെ എല്ലാം സാമർത്ഥ്യം നിന്തിരുവടിയാകുന്നു. അതുകൊണ്ടു് എന്നാൽ എങ്ങനെ സ്തുതിക്കപ്പെടുന്നു.

"പദവും പദാർത്ഥവും അതുകളെക്കൊണ്ടു ചെയ്യപ്പെടുന്ന സ്തുതിയും സ്തുതിക്കുന്നവനും സ്തുത്യവും ഇവയുടെ എല്ലാം ശക്തിയും നിന്തിരുവടിതന്നെ. നിന്തിരുവടിയിൽനിന്നന്യമായി യാതൊന്നുമില്ലാത്തതു നിമിത്തം ഭേദബുദ്ധിയോടുകൂടിയ ഈ സ്തുതി എങ്ങനെ യഥാർത്ഥമായി ഭവിക്കുന്നു?" ഇപ്രകാരം പറഞ്ഞതുതന്നെ പരമാവധിയായ സ്തുതി. ഇതിൽനിന്നു് അപരമായ സ്തുതി ഒന്നുമില്ല എന്നു താല്പര്യം.

നാഗോ—സത്തു് = ബ്രഹ്മവർഗ്ഗം. അസത്തു് = ജഡവർഗ്ഗം.

ജഗ—പരാപരാണാം.........സദാഖിലാത്മികേ സ്വാഹാ വ്യ

യയാ ത്വയാ ജഗൽസ്രഷ്ടാ ജഗൽപാതാത്തിയോ ജഗൽ വ്യന്ന൭. സോപി നിദ്രാവശം നീതഃ കസ്ത്വാം സ്തോതുമിഹേശ്വരഃ.

ജഗൽസ്രഷ്ടാ = ജഗത്തിനെ സൃഷ്ടിക്കുന്നവനായി
ജഗൽപാതാ = ജഗത്തിനെ രക്ഷിക്കുന്നവനായി
യഃ ജഗൽ അത്തി = ജഗത്തിനെ സംഹരിക്കുന്നവനായിരിക്കുന്ന
സഃ അപി = ആ മഹാവിഷ്ണുവും
യയാ ത്വയാ = യാതൊരു നിന്തിരുവടിയാൽ
നിദ്രാവശം നീതഃ = നിദ്രാധീനത്വത്തെ പ്രാപിപ്പിക്കപ്പെട്ടു;
ത്വാം = അങ്ങിനെയിരിക്കുന്ന നിന്തിരുവടിയെ
സ്തോതും = സ്തുതിക്കുന്നതിന്നു്
ഇഹ കഃ ഈശ്വരഃ = ഇവിടെ ആരു സമർത്ഥനായി ഭവിക്കുന്നു.

ജഗൽസൃഷ്ടിസ്ഥിതിസംഹാരങ്ങളെ ചെയ്യുന്നവനായിരിക്കുന്ന മഹാവിഷ്ണുവിനേയും നിന്തിരുവടി നിദ്രാധീനനാക്കിച്ചെയ്തു. അങ്ങനെയിരിക്കുന്ന നിന്തിരുവടിയെ സ്തുതിക്കുന്നതിനു് ആരു സമൎത്ഥനായിത്തീരുന്നു?

ചതു—ബ്രഹ്മാകാരേണ ജഗത്തിനെ സൃഷ്ടിക്കുന്നവനായും, വിഷ്ണുരൂപേണ രക്ഷിക്കുന്നവനായും, രുദ്രാത്മനാ ഭക്ഷിക്കുന്നവനായും ഇരിക്കുന്ന ആ ഈശ്വരനായ വിഷ്ണുവുംകൂടി യാതൊരു യോഗനിദ്രയായ നിന്തിരുവടിയാൽ നിദ്രാധീനത്വത്തെ പ്രാപിപ്പിക്കപ്പെട്ടു; അങ്ങനെയുള്ള നിന്തിരുവടിയെ സ്തുതിക്കുന്നതിനു് ആരാണു സമൎത്ഥൻ? ആരുമില്ലാ എന്നൎത്ഥം.

ശാന്ത—"ജഗൽപാത്യത്തി" എന്നു പാഠഭേദം.

നാഗോ—ഭഗവാൻ വിഷ്ണു തമോഗുണപ്രധാനയായ മായാസംബന്ധംകൊണ്ടുതന്നെയാണു് സൎവ്വത്തേയും ഉപസംഹരിച്ചിട്ടു് സ്വസ്വരൂപത്തിൽ സ്ഥിതിചെയ്യുന്നതു് എന്നു താല്പൎയ്യം.

ജഗ—തസ്യ സൎവ്വസ്യ........യോ ജഗൽ സ്വാഹാ വ്യാ.

വിഷ്ണുഃ ശരീരഗ്രഹണമഹമീശാന ഏവ ച വ്യർ

ന്നു. കാരിതാസ്തേയതോ/തസ്ത്വാം കഃ സ്തോതും ശക്തിമാൻ ഭവേൽ.

വിഷ്ണുഃ അഹം	=	വിഷ്ണുഭഗവാനും ബ്രഹ്മാവായ ഞാനും
ഈശാനഃ ഏവ ച	=	രുദ്രനും
തേ	=	നിന്തിരുവടിയാൽ
ശരീരഗ്രഹണം കാരിതഃ	=	ശരീരഗ്രാഹികളാക്കി ചെയ്യപ്പെട്ടു.
യതഃ അതഃ	=	അതുനിമിത്തം
ത്വാം സ്തോതും	=	നിന്തിരുവടിയെ സ്തുതിക്കുന്നതിനു്
കഃ ശക്തിമാൻ	=	ആരു് ശക്തിമാനായി
ഭവേൽ	=	ഭവിക്കും.

വിഷ്ണുവും ഞാനും രുദ്രനും നിന്തിരുവടിനിമിത്തം ശരീരഗ്രാഹികളായിത്തീൎന്നതുകൊണ്ടു് അവിടത്തെ സ്തുതിക്കുന്നതിനു് ആരു് ശക്തിമാനായിത്തീരുന്നു? ആരും തീരുന്നില്ലാ എന്നു സാരം.

ശാന്ത—അല്ലയോ ദേവി! മഹാമായയായ നിന്തിരുവടിയാൽ ഞാനും വിഷ്ണുവും രുദ്രനും മൂന്നുപേരും ശരീരഗ്രഹണത്തെ ചെയ്യപ്പെട്ടവരായി, മമതാബന്ധത്തോടുകൂടിയവരാക്കിച്ചെയ്യപ്പെട്ടു. അതുകൊണ്ടു് നിന്തിരുവടിയെ സ്തുതിക്കുന്നതിനു് ആരു ശക്തനാകും? ആരും ആകുകയില്ല.

ശരീരമുള്ളവനെല്ലാം നിന്തിരുവടിയെ സ്തുതിക്കുന്നതിനു് അസമൎത്ഥൻതന്നെ. വിദേഹനായ മുക്തൻ ത്വദ്രൂപനാകകൊണ്ടു് നിന്തിരുവടിയെ എങ്ങനെ സ്തുതിക്കുന്നു?

നാഗോ—ശരീരഗ്രഹണം കേവലം മായാമയമാകുന്നു എന്നു താല്പൎയ്യം.

ജഗ—സോപി നിദ്രാവശം.........ഈശാന ഏവ ച സ്വാഹാ വൃ

സാ ത്വമിത്ഥം പ്രഭാവൈഃ സ്വൈരുദാരൈൎദ്ദേവി! സംസ്തുതാ വൃ
ന്ദ്യാ. മോഹയൈതൌ ദുരാധൎഷാവസുരൌ മധുകൈടഭൌ

ദേവി സാ ത്വം	= അല്ലയോ ദേവി! ആ നിന്തിരുവടി
ഇത്ഥം സ്വൈഃ	= ഇപ്രകാരം സ്വാത്മീയങ്ങളായി
ഉദാരൈഃ	= ഉൽകൃഷ്ടങ്ങളായി (ഇരിക്കുന്ന)
പ്രഭാവൈഃ	= മാഹാത്മ്യങ്ങളെക്കൊണ്ടു്
സംസ്തുതാ	= നല്ലവണ്ണം സ്തുതിക്കപ്പെട്ടവളായിട്ടു്
ഏതൌ ദുരാധൎഷൌ	= ഈ ദുരാധൎഷന്മാരായ
മധുകൈടഭൌ അസുരൌ	= മധുകൈടഭന്മാരെന്ന അസുരന്മാരെ
മോഹയ	= മോഹിപ്പിച്ചാലും.

അല്ലയോ ദേവി! ആ നിന്തിരുവടി ഇങ്ങനെ സ്വാത്മീയങ്ങളായി ഉൽകൃഷ്ടങ്ങളായിരിക്കുന്ന മാഹാത്മ്യങ്ങളെക്കൊണ്ടു് സമ്യക്കാകും വണ്ണം സ്തുതിക്കപ്പെട്ടവളായിട്ടു് ഈ ദുരാധൎഷന്മാരായിരിക്കുന്ന മധുകൈടഭന്മാരെന്ന അസുരന്മാരെ മോഹിപ്പിച്ചാലും.

ചതു—ഇത്ഥം = മേൽപറയപ്പെട്ടതുപോലെ. പ്രഭാവങ്ങൾ = മാഹാത്മ്യങ്ങൾ. ഉദാരങ്ങൾ = അസാധാരണങ്ങൾ.

ശാന്ത—അല്ലയോ ദേവി! ഇപ്പോൾ വൎണ്ണിച്ചതുപോലെ ഉൽകൃഷ്ടങ്ങളായി, സരളങ്ങളായി, ശ്രേഷ്ഠങ്ങളായി, ആത്മവിഷയങ്ങളായി ഇരിക്കുന്ന സാമൎത്ഥ്യവിശേഷങ്ങളെക്കൊണ്ടു നല്ലവണ്ണം സ്തുതിക്കപ്പെട്ടവളായിട്ടു്, ഈ ജഗത്തിനെ എല്ലാം മോഹിപ്പിക്കുന്നവളായ നിന്തിരുവടി ഈ പരാക്രമികളായിരിക്കുന്ന മധുകൈടഭന്മാരെ അവിവേകികളാക്കിച്ചെയ്താലും (മോഹിപ്പിച്ചാലും.)

നാഗോ—കാരിതാസ്തേ.........ദേവി സംസ്തുതാ സ്വാഹാ വൃ

പ്രബോധഞ്ച ജഗൽസ്വാമീ നീയതാമച്യുതോ ലഘു വൃന്ദ
ന്ദ്യ. ബോധശ്ച ക്രിയതാമസ്യ ഹന്തുമേതൌ മഹാസുരൌ വൃ

ജഗൽസ്വാമീ അച്യുതഃ	= ജഗന്നാഥനായ അച്യുതൻ
ലഘു പ്രബോധം ച	= വേഗം ജാഗരണത്തെ
നീയതാം	= പ്രാപിക്കട്ടെ.
ഏതൌ മഹാസുരൌ ഹന്തും	= ഈ മഹാസുരന്മാരെ നിഗ്രഹിക്കുന്നതിന്നു്
അസ്യ	= ഈ ഭഗവാന്നു്
ബോധം ച	= ഉത്സാഹത്തോടുകൂടിയ ബുദ്ധ്യുന്മേഷവും
ക്രിയതാം	= ചെയ്യപ്പെടണം.

നിന്തിരുവടിയാൽ ജഗന്നാഥനായിരിക്കുന്ന അച്യുതൻ വേഗത്തിൽ ജാഗരണത്തെ പ്രാപിക്കട്ടെ. ഈ വിഷ്ണുഭഗവാന് ഈ മഹാസുരന്മാരെ നിഗ്രഹിക്കുന്നതിന് ഉത്സാഹത്തോടുകൂടിയ ബുദ്ധ്യുന്മേഷത്തെയും ചെയ്യപ്പെടണം.

ദ്രുക്ഷ്ണ—ലഘു=ക്ഷിപ്രം

"ഭാവശ്ച ക്രിയതാം" എന്നു പാഠഭേദം.

ശാന്ത—അല്ലയോ ദേവി! നിന്തിരുവടിയാൽ, ജഗത്സ്വാമിയായി, അച്യുതനായി, ദൈത്യാരിയായിരിക്കുന്ന വിഷ്ണുഭഗവാൻ വേഗത്തിൽ ഉന്നിദ്രഭാവത്തെ നയിക്കട്ടെ. യോഗനിദ്രയായ നിന്തിരുവടിയാൽ ഇദ്ദേഹം ഉപേക്ഷിക്കപ്പെടണം എന്നർത്ഥം. വിശേഷിച്ച് ഈ മഹാസുരന്മാരെ നിഗ്രഹിക്കുന്നതിന് വിഷ്ണുഭഗവാന് ഉത്സാഹാനുകൂലമായ ബുദ്ധ്യുന്മേഷവും ഉണ്ടാക്കണം.

നാഗോ— ബോധം=പ്രവൃത്തി. നിന്തിരുവടി പ്രവൃത്തിസ്വഭാവത്തോടുകൂടിയവളാകുന്നു. നിന്തിരുവടി എന്നെ സൃഷ്ടിച്ചതുകൊണ്ട് എന്നെ നശിപ്പിക്കുന്നതിനുള്ള പ്രവൃത്തി ശരിയല്ല. വിഷവൃക്ഷവും നട്ടുവളർത്തിയാൽ വെട്ടിക്കളയുന്നതു് ന്യായമല്ലല്ലോ.

"ഇവിടെ ബ്രഹ്മാവിനെ രക്ഷിക്കുന്നതും മധുകൈടഭവധവും വിഷ്ണുവിനാൽ ചെയ്യപ്പെടുന്നു എങ്കിലും—ശിഷ്യാദ്ധ്യയനം ആചാര്യസാമർത്ഥ്യംകൊണ്ടെന്നപോലെ—ഭഗവാന് വധവിഷയമായ ഉത്സാഹബുദ്ധ്യുന്മേഷപ്രേരണാദികൾ ദേവിയാൽ ചെയ്യപ്പെടുന്നതുകൊണ്ട് അവയും ആ മഹാമായയാൽ തന്നെയാണ് ചെയ്യപ്പെടുന്നതു്" എന്നു താല്പര്യം.

ജഗ—മോഹയൈതൗ......മച്യുതോ ലഘു സ്വാഹാ ൮൬

ബോധശ്ച ക്രിയതാം......മഹാസുരൗ സ്വാഹാ ൮൭

ഋഷിരുവാച— ൮൮

ഏവം സ്തുതാ തദാ ദേവീ താമസീ തത്ര വേധസാ ൮൯

൬൯. വിഷ്ണോഃ പ്രബോധനാർത്ഥായ നിഹന്തും മധുകൈടഭൗ
നേത്രാസ്യനാസികാബാഹുഹൃദയേഭ്യസ്തഥോരസഃ ൯൦

൭൦. നിർഗ്ഗമ്യ ദർശനേ തസ്ഥൗ ബ്രഹ്മണോഽവ്യക്തജന്മനഃ

ഋഷി പറഞ്ഞു:

തദാ = അപ്പോൾ

തത്ര വേധസാ = വിഷ്ണുവിന്റെ നാഭികമലത്തിൽ (ഇരിക്കുന്ന) ബ്രഹ്മാവിനാൽ

ഏവം സ്തുതാ = ഇപ്രകാരം സ്തുതിക്കപ്പെട്ടവളായ

താമസീ ദേവീ	= തമോഗുണത്തോടുകൂടിയ നിദ്രാത്മികാദേവി
മധുകൈടഭൗ നിഹന്തും	= മധുകൈടഭന്മാരെ നിഗ്രഹിക്കുന്നതിനും
വിഷ്ണോഃ	= വിഷ്ണുവിന്റെ
പ്രബോധനാർത്ഥായ	= പ്രബോധനത്തിനും
(വിഷ്ണോഃ)	= (വിഷ്ണുവിന്റെ)
നേത്രാസ്യനാസികാബാഹു ഹൃദയേഭ്യഃ	= കണ്ണ്, മുഖം, മൂക്ക്, ബാഹുക്കൾ, ഹൃദയം
തഥാ ഉരസഃ നിർഗ്ഗമ്യ	= അതുപോലെ വക്ഷസ്സ്, (ഇവകളിൽ നിന്ന്) നിർഗ്ഗമിച്ച്
അവ്യക്തജന്മനഃ	= ആത്മാവിൽനിന്ന് ജനിച്ചവനായ
ബ്രഹ്മണഃ ദർശനേ തസ്ഥൗ	= ബ്രഹ്മാവിന്റെ ദർശനത്തിൽ സ്ഥിതി ചെയ്തു.

ആ പ്രളയകാലത്തിൽ വിഷ്ണുവിന്റെ നാഭിപത്മത്തിൽ ഇരിക്കുന്ന ബ്രഹ്മാവിനാൽ ഇപ്രകാരം സ്തുതിക്കപ്പെട്ട നിദ്രാത്മികയായ താമസീദേവി മധുകൈടഭന്മാരെ നിഗ്രഹിക്കുന്നതിനും, വിഷ്ണുവിനെ ഉണർത്തുന്നതിനും ആയി അദ്ദേഹത്തിന്റെ—വിഷ്ണുവിന്റെ—കണ്ണ്, മുഖം, മൂക്ക്, ബാഹുക്കൾ, ഹൃദയം, വക്ഷസ്സ് ഈ സ്ഥാനങ്ങളിൽ നിന്ന് വെളിയിൽപുറപ്പെട്ട്, സ്വയംഭൂവായ ബ്രഹ്മാവിന്റെ ദർശനവിഷയത്തിൽ സ്ഥിതിചെയ്തു—ബ്രഹ്മാവിന് പ്രത്യക്ഷമായി.

ഗുപ്ത—ചരിത്രത്രയദേവതകളായ മഹാകാളി മഹാലക്ഷ്മി മഹാസരസ്വതികൾ ക്രമേണ ബഹിർഭാഗത്തിൽ തമോരജസ്സത്വരൂപികളും, അന്തർഭാഗത്തിൽ സത്വരജസ്തമോരൂപികളും ആകുന്നു. അതുകൊണ്ടു് യോഗനിദ്ര തമോഗുണത്തോടുകൂടിയവളാണെങ്കിലും, അന്തർഭാഗത്തിൽ സത്വഗുണപ്രധാനയാകയാൽ ബഹിർഭാഗത്തിൽ വ്യാപിച്ചിരിക്കുന്ന തമോരൂപത്തെ സ്വരൂപാന്തരമായി ബ്രഹ്മാവിന്റെ മുൻപിൽ അവതരിപ്പിച്ചു എന്ന് രഹസ്യം. ഇതുകൊണ്ടാകുന്നു തന്ത്രങ്ങളിൽ മധുകൈടഭവധകർത്തൃത്വം ദേവിക്കാണെന്ന് പ്രതിപാദിക്കുന്നതു്. പുരുഷന്മാരോടുകൂടി ബാഹുയുദ്ധം ചെയ്യുന്നതിനുവേണ്ടി പുരുഷരൂപമായി അവരെ നിഗ്രഹിച്ചു എന്നാകുന്നു സ്ഥിതി.

ച തു—താമസീ=നിദ്രാകാരേണ പരിണമിച്ചിരിക്കുന്ന അവിദ്യാശക്തി.

"യയാച്ഛാദിതലോകോയം പശ്യന്നപി ന പശ്യതി" എന്ന്.

ഹൃദയം=അന്തഃകരണം. മനസ്സെന്നും ചിലർ പറയുന്നു.

ഉരസ്സ്=വക്ഷസ്സ്, ദർശനം=ചക്ഷുർവിഷയം.

അവ്യക്തജന്മാവ്=അവ്യക്തനായ ഈശ്വരനിൽ നിന്ന് ജനിച്ചവൻ.

ജഗ— ളൃഷിരുവാച സ്വാഹാ വ്വ
ഏവം സ്തുതാ...വേധസാ സ്വാഹാ വ്വൻ
വിഷ്ണോഃ പ്രബോധനാ......സ്തഥോരസഃ സ്വാഹാ ൻ൦
ഉത്തസ്ഥൗ ച ജഗന്നാഥസ്തയാ മുക്തോ ജനാൎദ്ദനഃ ൻ൧

൭. ഏകാൎണ്ണവേ ഹിശയനാത്തതഃ സ ദദൃശേ ച തൗ
മധുകൈടഭൗ ദുരാത്മാനാവതിവീൎയ്യപരാക്രമൗ ൻ൧.

൮. ക്രോധരക്തേക്ഷണൗ ഹന്തും ബ്രഹ്മാണം ജനിതോദ്യമൗ

തയാ മുക്തഃ	= ആ നിദ്രാദേവിയാൽ പരിത്യക്തനായ
ജഗന്നാഥഃ ജനാൎദ്ദനഃ	= ലോകനാഥനായിരിക്കുന്ന വിഷ്ണു
ഏകാൎണ്ണവേ	= ഏകസമുദ്രത്തിൽ
അഹിശയനാൽ	= സൎപ്പമാകുന്ന മെത്തയിൽനിന്നു്
ഉത്തസ്ഥൗ	= ഉത്ഥാനം ചെയ്തു
തതഃ സഃ	= അനന്തരം ആ ജനാൎദ്ദനൻ
ദുരാത്മാനൗ	= ദുഷ്ടബുദ്ധികളായി
അതിവീൎയ്യപരാക്രമൗ	= അത്യുൽകൃഷ്ടപരാക്രമികളായി
ക്രോധരക്തേക്ഷണൗ	= കോപംകൊണ്ടു് ചുവന്നിരിക്കുന്ന കണ്ണുകളോടു കൂടിയവരായി
ബ്രഹ്മാണം ഹന്തും	= ബ്രഹ്മാവിനെ നിഗ്രഹിക്കുന്നതിനു്
ജനിതോദ്യമൗ	= ഉത്സാഹത്തോടു കൂടിയവരായി ഇരിക്കുന്ന
തൗ മധുകൈടഭൗ	= ആ മധുകൈടഭന്മാരെ
ദദൃശേ ച	= കാണുകയും ചെയ്തു.

ആ നിദ്രാദേവിയാൽ ഉപേക്ഷിക്കപ്പെട്ടവനായ ലോകനാഥനായിരിക്കുന്ന വിഷ്ണുഭഗവാൻ, ഏകസമുദ്രത്തിൽ സൎപ്പമാകുന്ന മെത്തയിൽനിന്നു എഴുന്നേററിട്ടു്, ദുഷ്ടബുദ്ധികളായി, അത്യുൽകൃഷ്ടപരാക്രമികളായി, കോപംകൊണ്ടു് ചുവന്നിരിക്കുന്ന കണ്ണുകളോടു കൂടിയവരായി, ബ്രഹ്മാവിനെ നിഗ്രഹിക്കുന്നതിനു് ഉത്സാഹത്തോടുകൂടിയവരായിരിക്കുന്ന ആ മധുകൈടഭന്മാരെ കണ്ടു.

ഗുപ്ത—ജനാൎദ്ദനൻ എന്നതു് ചെയ്യാൻപോകുന്ന കൎമ്മത്തെ അനുസരിച്ചുള്ള വിശേഷണമാകുന്നു.

ചതു—"മധുകൈടഭൗ ദുരാത്മാനൗ" എന്നു ഒരക്ഷരം അധികമുള്ളതു് ഛാന്ദസമാകയാൽ സാധുവാകുന്നു.

വീൎയ്യം = ഉത്സാഹം പരാക്രമം = ശക്ത്യതിശയം
ജനിതോദ്യമർ = പ്രയത്നം ആരംഭിച്ചവർ.
"രക്തേക്ഷണാവൎത്തും" എന്നു പാഠഭേദം.

ദദൃശേ ച തൗ—എന്നതുകൊണ്ടു് അവർ ഭഗവാനേയുംകണ്ടു എന്നൎത്ഥമാകുന്നു.

ശാന്ത—ആ നിദ്രാദേവിയാൽ ഉപേക്ഷിക്കപ്പെട്ട വിഷ്ണു, ഏകാൎണ്ണവത്തിൽ ശേഷനിൽനിന്നു എഴുന്നീററിട്ടു്, ദുഷ്ടന്മാരായി, പരാക്രമികളായി, കോപത്തോടുകൂടിയവരായി, ബ്രഹ്മാവിനെ നിഗ്രഹിക്കുന്നതിനു് ശ്രമിക്കുന്നവരായി ഇരിക്കുന്ന മധുകൈടഭന്മാരെ കണ്ടു

ജനിതോദ്യമർ = മരണകാലം സമീപിച്ചിരിക്കുന്നവർ.

ജഗ—നിൎഗ്ഗമ്യ ദൎശനേ......ജനാൎദ്ദനഃ സ്വാഹാ ൯൧

ഏകാൎണ്ണവേ ഹി......പരാക്രമൗ സ്വാഹാ ൯൨

സമുത്ഥായ തതസ്താഭ്യാം യുയുധേ ഭഗവാൻ ഹരിഃ ൯൩

73 പഞ്ചവൎഷസഹസ്രാണി ബാഹുപ്രഹരണോ വിഭുഃ

തതഃ ഭഗവാൻ	= അനന്തരം ഐശ്വൎയ്യാദിയുക്തനായി ഇരിക്കുന്ന
വിഭുഃ	= വ്യാപകനായി
ഹരിഃ സമുത്ഥായ	= വിഷ്ണു എഴീററിട്ടു്
പഞ്ചവൎഷസഹസ്രാണി	= അയ്യായിരം വത്സരങ്ങൾ
താഭ്യാം	= ആ മധുകൈടഭന്മാരോടു്
ബാഹുപ്രഹരണഃ	= കൈകളാകുന്ന ആയുധങ്ങളോടുകൂടി
യുയുധേ	= യുദ്ധംചെയ്തു.

അനന്തരം ഐശ്വൎയ്യാദിയുക്തനായി വ്യാപകനായിരിക്കുന്ന വിഷ്ണുഭഗവാൻ എഴുനേററിട്ടു് അയ്യായിരം വൎഷങ്ങൾ ആ മധുകൈടഭന്മാരോടുകൂടി മുഷ്ടിയുദ്ധംചെയ്തു.

ഗുപ്ത—'ബാഹുപ്രഹരണോ വിഭുഃ എന്നു കഴിഞ്ഞു്—

"ന ച തൗ യുദ്ധവൈമുഖ്യം ശമം വാപ്യുപജഗ്മതുഃ
തതോ വിദ്യാമുഖാലോകസമുൽഭൂതമഹോത്സവഃ
ഹരിരൂചേ വരോ മത്തോ യുവാഭ്യാം വ്രിയതാമിതി
നിശമ്യേതദ്വിഭോൎവാക്യമവലോക്യ പരസ്പരം.

എന്നിങ്ങനെ രണ്ടു ശ്ലോകങ്ങൾകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

ഈ മധുകൈടഭന്മാർ അയ്യായിരംവൎഷം യുദ്ധംചെയ്തിട്ടും ഇവൎക്കു ക്ഷീണമോ പരാജയമോ ഉണ്ടാകാതെയിരിക്കുന്നതിനുള്ള കാരണം "അവൎക്കു സ്വസമ്മതത്താൽമാത്രമേ മരണമുണ്ടാകുകയുള്ളൂ" എന്ന വരം വാങ്ങീട്ടുള്ളതാണു് എന്നു ഭഗവാൻ അറിഞ്ഞു. പ്രത്യക്ഷത്തിൽ നില്ക്കുന്ന മഹാമായാദേവിയെ ദുഃഖത്തോടുകൂടി ഒന്നു നോക്കിയതിന്റെ ഫലമായി ഉണ്ടായ കടാക്ഷംനിമിത്തം വളരെ സന്തോഷിച്ചു് മധുകൈടഭന്മാരോടു് "വീരന്മാരായ നിങ്ങൾ എങ്കൽനിന്നും വരംവാങ്ങി

യാലും" എന്നു പറഞ്ഞു. മഹാപ്രഭുവായ ഭഗവാന്റെ ഈ വാക്കിനെക്കേട്ടു് അവർ പരസ്പരം ഒന്നു നോക്കിയിട്ടു്—

അപ്പയോ കേശവ! ഭവാൻ ഞങ്ങളിൽനിന്നു വരംവാങ്ങിയാലും എന്നു അടുത്ത ശ്ലോകത്തോടു സംബന്ധം.

ശാന്ത— അനന്തരം ഭഗവാനായി വിഭുവായി ഇരിക്കുന്ന വിഷ്ണു ശയനത്തിൽനിന്നു എഴുന്നേററു് ആ അസുരന്മാർ രണ്ടുപേരോടുംകൂടി ഒന്നിച്ചു അയ്യായിരംവർഷം മുഷ്ടിയുദ്ധംചെയ്തു.

ബാഹുപ്രഹരണൻ = ബാഹുക്കൾതന്നെ പ്രഹരണങ്ങളായി = ആയുധങ്ങളായി ഉള്ളവൻ. (ബാഹുയുദ്ധംചെയ്തു എന്നു താല്പയ്യം.)

പഞ്ചവർഷസഹസ്രങ്ങൾ = പഞ്ചസഹസ്രവർഷങ്ങൾ.

ജഗ—ക്രോധരക്തേക്ഷണൗ...ഭഗവാൻ ഹരിഃ സ്വാഹാ ൯൨

താവപ്യതിബലോന്മത്തൗ മഹാമായാവിമോഹിതൗ ൯൩

൯൩. ഉക്തവന്തൗ വരോസ്മത്തോ വ്രിയതാമിതി കേശവം ൯൪

അതിബലോന്മത്തൗ	=	അധികസാമത്ഥ്യംകൊണ്ടു അത്യന്തം മദി
തൗ അപി	=	ആ മധുകൈടഭന്മാർ (ച്ചിരിക്കുന്ന
മഹാമായാവിമോഹിതൗ	=	മഹാമായാദേവിയാൽ നല്ലവണ്ണം മോഹി
അസ്മത്തഃ	=	ഞങ്ങളിൽനിന്നു് (പ്പിക്കപ്പെട്ടവരായിട്ടു്
വരഃ വ്രിയതാം ഇതി	=	വരം വാങ്ങുക എന്നു്
കേശവം ഉക്തവന്തൗ	=	വിഷ്ണുവിനോടു് പറഞ്ഞു.

അതിസാമത്ഥ്യംകൊണ്ടു് ഏററവും മദിച്ചിരിക്കുന്ന ആ മധുകൈടഭന്മാർ മഹാമായാദേവിയാൽ നല്ലവണ്ണം മോഹിപ്പിക്കപ്പെട്ടവരായിട്ടു് വിഷ്ണുവിനോടു് ഞങ്ങളിൽനിന്നു് വരംവാങ്ങുക എന്നു പറഞ്ഞു

ശാന്ത—അതിബലംകൊണ്ടു് ഉന്മത്തന്മാരായ അവർ മഹാമായയാൽ നല്ലവണ്ണം മോഹിപ്പിക്കപ്പെട്ടവരായിട്ടു് ഞങ്ങളിൽ നിന്നു് വരം വാങ്ങുക = വാഞ്ഛിതാത്ഥത്തെ പ്രാത്ഥിക്കുക എന്നു് ഭഗവാനോടു പറഞ്ഞു.

അതിബലോന്മത്തന്മാർ = അത്യധികസാമത്ഥ്യംകൊണ്ടു് അധികമദത്തോടുകൂടിയവർ.

മഹാമായാവിമോഹിതന്മാർ = മായാദേവി മോഹിപ്പിച്ചതുകൊണ്ടുണ്ടായ അവിവേകത്തോടുകൂടിയവർ.

അസ്മത്തഃ = ഞങ്ങൾ രണ്ടുപേരിൽനിന്നും

കേശവൻ = പ്രശസ്തകേശത്തോടുകൂടിയവൻ.

ദംശോ—മഹാമായാവിമോഹിതന്മാർ = ഈ വിഷ്ണുഭഗവാൻ തങ്ങളുടെ വധത്തെത്തന്നെ വരിക്കും എന്നുള്ള വിവേകത്തോടുകൂടാത്തവർ.

ജഗ—പഞ്ചവർഷസഹസ്രാണി...വിമോഹിതൗ സ്വാഹാ ൯൪
ഉക്തവന്തൗ......കേശവം സ്വാഹാ ൯൫
ശ്രീഭഗവാനുവാച ൯൬
ഭവേതാമദ്യ മേ തുഷ്ടൗ മമ വദ്ധ്യാവുഭാവപി ൯൭
൭. കിമന്യേന വരേണാത്ര ഏതാവദ്ധി വൃതം മയാ ൯൮

ശ്രീഭഗവാൻ പറഞ്ഞു.

അദ്യ ഉഭൗ അപി	= ഇപ്പോൾ നിങ്ങൾ രണ്ടുപേരും
മേ തുഷ്ടൗ	= എനിക്കു് സന്തുഷ്ടന്മാരായി എങ്കിൽ
മമ വദ്ധ്യൗ ഭവേതാം	= എനിക്കു് വദ്ധ്യന്മാരായി ഭവിക്കണം
അത്ര അന്യേന വരേണ	= ഇവിടെ മറെറാരു വരംകൊണ്ടു്
കിം	= പ്രയോജനമെന്തു്?
മയാ ഏതാവൽ ഹി വൃതം	= എന്നാൽ ഇത്രയുംമാത്രം വരിക്കപ്പെട്ടു.

ഇപ്പോൾ നിങ്ങൾ രണ്ടുപേരും സന്തുഷ്ടന്മാരായി എങ്കിൽ എനിക്ക വദ്ധ്യന്മാരായിത്തീരണം. ഇവിടെ മറെറാരു വരം കൊണ്ടു് പ്രയോജനമെന്തു്? ഞാൻ ഇത്രയും മാത്രം വരിച്ചു.

ശാന്ത—ഭഗവാനുവാച = മധുകൈടഭന്മാരോടു് ഭഗവാൻ പറഞ്ഞു. ഇപ്പോൾ നിങ്ങൾ എനിക്കു് തുഷ്ടന്മാരായി ഭവിക്കുന്നുവെങ്കിൽ എനിക്ക വദ്ധ്യരായി = ഞാൻ വധിക്കുന്നതിനു സമ്മതമുള്ളവരായി തീരണം. അങ്ങനെ വദ്ധ്യന്മാരായിത്തീരാത്ത വിഷയത്തിൽ മറെറാരു വരംകൊണ്ടു എനിക്കു് പ്രയോജനമെന്താണു്? വധത്തെ വിട്ടു് മറെറാരുവരം അപേക്ഷിച്ചാൽ ശത്രുനാശം വരികയില്ല. ഈ വധമൊഴിച്ചു് പ്രപഞ്ചത്തിലുള്ള സകലതും ഭഗവാനായ എനിക്കധീനമാണു്. അതുകൊണ്ടു നിങ്ങളോടു ഞാൻ ഇത്രമാത്രമേ—പരസഹായം കൂടാതെ നിങ്ങളാൽമാത്രം അനുഭവിക്കപ്പെടാവുന്നതും എന്നാൽ ചെയ്യപ്പെടാവുന്നതുമായ വധലക്ഷണമായ വരം മാത്രമേ—അപേക്ഷിച്ചോള്ളു.

"വരേണാതഃ" എന്നു് പാഠഭേദം.

ജഗ—ശ്രീഭഗവാനുവാച സ്വാഹാ ൯൬
ഭവേതാ......വുഭാവപി സ്വാഹാ ൯൭
കിമന്യേന......വൃതം മയാ സ്വാഹാ ൯൮

ഋഷിരുവാച—൯൯

വഞ്ചിതാഭ്യാമിതി തദാ സർവ്വമാപോമയം ജഗൽ ൱൦൦
൫൩. വിലോക്യ താഭ്യാം ഗദിതോ ഭഗവാൻ കമലേക്ഷണഃ
ആവാം ജഹിനയത്രോർവ്വീ സലിലേന പരിപ്ലുതാ ൱൦൧

ഋഷി പറഞ്ഞു—

തദാ	= അപ്പോൾ
ഇതി	= ഇപ്രകാരം
വഞ്ചിതാഭ്യാം താഭ്യാം	= വഞ്ചിക്കപ്പെട്ട ആ അസുരന്മാരാൽ
സർവ്വം ജഗൽ	= ജഗത്തു മുഴുവനും
ആപോമയം വിലോക്യ	= ജലമയമായി കണ്ടിട്ടു്
കമലേക്ഷണഃ ഭഗവാൻ	= കമലേക്ഷണനായ വിഷ്ണുഭഗവാൻ
ഉർവ്വീ യത്രനസലിലേന പരിപ്ലുതാ	= ഭൂമി ജലത്തിൽ മുങ്ങാതെയിരിക്കുന്നസ്ഥലത്തു വച്ചു്
ആവാം ജഹി	= ഞങ്ങളെ നിഗ്രഹിച്ചാലും (എന്നു്)
ഗദിതഃ	= പറയപ്പെട്ടു.

അപ്പോൾ ഇങ്ങനെ വഞ്ചിക്കപ്പെട്ട ആ മധുകൈടഭന്മാർ ജഗത്തു മുഴുവനും ജലമയമായി കണ്ടിട്ടു് കമലലോചനനായ വിഷ്ണുഭഗവാനോടു് 'ഞങ്ങളെ ജലമില്ലാത്ത സ്ഥലത്തു വച്ചു് നിഗ്രഹിച്ചാലും' എന്നു പറഞ്ഞു.

ചതു—ഇതി = മേൽപറഞ്ഞതുപോലെ, ആപോമയം = ജലമയം. അവർ ജഗത്തു മുഴുവനും വെള്ളമാണെന്നു കണ്ടിട്ടു് തങ്ങളെ നിഗ്രഹിക്കാതെ ഇരിക്കുന്നതിനുവേണ്ടി വെള്ളമില്ലാത്തദിക്കിൽവെച്ചു് നിഗ്രഹിച്ചുകൊള്ളുക എന്നു് ഭഗവാനോടു പറഞ്ഞു. (ആ) അമയം = വിഷ്ണുമയം, സർവ്വംജഗൽ = ജഗത്തുമുഴുവനും, അപഃ = ജലമയമായി, വിലോക്യ = കണ്ടിട്ടു്—വിഷ്ണുമയമായ ജഗത്തുമുഴുവനും വെള്ളമായിക്കണ്ടിട്ടു്.

ശാന്തേ—ആ അസുരവധപ്രാർത്ഥനാകാലത്തു് മഹാമായ മോഹിപ്പിച്ചതു നിമിത്തം വഞ്ചിതന്മാരായ ആ മധുകൈടഭന്മാർ ജഗത്തു മുഴുവനും ജലമയമാണെന്നു കണ്ടിട്ടു് പുണ്ഡരീകാക്ഷനായ ഭഗവാനോടു് ഭൂമി എവിടെ വെള്ളത്തിൽ മുങ്ങാതെയിരിക്കുന്നുവോ അവിടെവെച്ചു് ഞങ്ങളെ നിഗ്രഹിച്ചുകൊള്ളുക എന്നു പറഞ്ഞു.

മധുകൈടന്മാരുടെ വധരൂപമായ വരത്തെ ആഗ്രഹിക്കുന്ന മായാമയനായ വിഷ്ണുവിനാൽ അവർ വഞ്ചിക്കപ്പെട്ടതുകൊണ്ടു് മരണം വരാതെയിരിക്കണമെന്നാഗ്രഹിച്ചു് 'ജലമില്ലാത്ത ദിക്കിൽ വെച്ചു് വധിച്ചുകൊള്ളുക' എന്നു പറഞ്ഞിട്ടു് "ജലമില്ലാത്തസ്ഥലം ഇല്ലാത്തതുകൊണ്ടു് തങ്ങളെ എവിടെവെച്ചു് നിഗ്രഹിക്കും? നിഗ്രഹിക്കുകയില്ലാ" എന്നുദ്ദേശിച്ചു് ഭഗവാനും വഞ്ചിക്കപ്പെട്ടതായി അവർ സമാധാനപ്പെട്ടു.

"ഭഗവാൻ കമലേക്ഷണഃ" എന്നു കഴിഞ്ഞു് 'ആവാം ജഹി' എന്നതിനു മുൻപിൽ "പ്രീതൗ സ്വസ്തവയുദ്ധേന ശ്ലാഘ്യസ്ത്വം മൃത്യു

രാവയോഃ" എന്നു് ഒരൎദ്ധശ്ലോകം ചില ഗ്രന്ഥങ്ങളിൽ കാണുന്നു. ഈ പാഠത്തെ ചതുൎദ്ധരിയും ശാന്തനവമിയും സമ്മതിച്ചിട്ടുണ്ടു്. ഇതിന്നു് "അല്ലയോ വിഷ്ണോ! ഭവാന്റെ യുദ്ധംകൊണ്ടു് ഞങ്ങൾ സന്തുഷ്ടന്മാരായി ഭവിക്കുന്നു. ഭവാൻ ഞങ്ങൾക്കു സ്തുത്യനായ മൃത്യുവാണു്" എന്നൎത്ഥം

ജഗ—ഋഷിരുവാച സ്വാഹാ ൯൯

വഞ്ചിതാഭ്യാ......ജഗൽസ്വാഹാ ൧൦൦

വിലോക്യ.....പരിപ്ലുതാസ്വാഹാ ൧൦൧

ഋഷിരുവാച—൧൦൨

ഓം—തഥേത്യുക്ത്വാ ഭഗവതാ ശംഖചക്രഗദാഭൃതാ
കൃത്വാ ചക്രേണ വൈ ഛിന്നേ ജഘനേ ശിരസീ തയോഃ ൧൦൩

ഋഷി പറഞ്ഞു:

തഥാ ഇതി ഉക്ത്വാ	= അപ്രകാരംതന്നെ എന്നു പറഞ്ഞിട്ടു്
ശംഖചക്രഗദാഭൃതാ	= ശംഖചക്രഗദകളെ ധരിക്കുന്ന
ഭഗവതാ ജഘനേ	= ഭഗവാനാൽ ജഘനപ്രദേശത്തിൽ
തയോഃ ശിരസീ കൃത്വാ	= അവരുടെ ശിരസ്സുകൾ വച്ചിട്ടു്
ചക്രേണ ഛിന്നേവൈ	= സുദൎശനംകൊണ്ടു് ഛേദിക്കപ്പെട്ടു.

ശംഖചക്രഗദാധാരിയായ വിഷ്ണുഭഗവാൻ വെള്ളമില്ലാത്തദിക്കിൽ വച്ചു് നിഗ്രഹിക്കാമെന്നു പറഞ്ഞിട്ടു മധുകൈടഭന്മാരുടെ ശിരസ്സുകളെ തന്റെ ജഘനപ്രദേശത്തിൽവച്ചു് ചക്രംകൊണ്ടു് മുറിക്കുകയും ചെയ്തു.

ഗുപ്ത—ജഘനത്തിൽ എന്നു പറഞ്ഞതു് ജലമില്ലാത്ത ദിക്കായതുകൊണ്ടാകുന്നു.

ഈ ശ്ലോകത്തിനുശേഷം ചില ഗ്രന്ഥങ്ങളിൽ—

"ഹത്വാ തു ഭഗവാൻവിഷ്ണുസ്താവുഭൌ മധുകൈടഭൌ
തയോസ്തു മേദസാ രാജൻ മഹീമേതാമകല്പയൽ
മേദിനീതി തദാരഭ്യ സംജ്ഞാമാപ വസുന്ധരാ
തതോ വീതഭയോ ബ്രഹ്മാ സസൎജ്ജ വിവിധാഃ പ്രജാഃ"

എന്നു തുടങ്ങി "സംസാരാബ്ധൌ ന മജ്ജതി" എന്നുവരെ ഏതാനം ശ്ലോകംകൂടി കാണുന്നു. അതിന്റെശേഷമാണു് "ഏവമേഷാ" എന്നീ ൧൦൪-ാം ശ്ലോകം. ഇതിനു് "അല്ലയോ രാജാവേ വിഷ്ണുഭഗവാൻ ആ മധുകൈടഭന്മാരെ നിഗ്രഹിച്ചിട്ടു് അവരുടെ മേദസ്സുകൊണ്ടു് ഈ ഭൂമിയെനിൎമ്മിച്ചു. അപ്പോൾമുതൽ ഭൂമിക്കു് 'മേദിനി' എന്ന നാമം സിദ്ധിച്ചു. അനന്തരം ബ്രഹ്മാവു് ഭയമില്ലാതെ അനേകം പ്രജകളെ സൃഷ്ടിച്ചു" എന്നൎത്ഥം: വേറെപുരാണത്തിൽ ഇതുകഴിഞ്ഞു് "വിഷ്ണു

ഭഗവാൻ തന്റെ ചതിവാക്കുകൊണ്ടുണ്ടായ പാപം നശിക്കുന്നതിനും തന്റെ വാക്കിനെ സ്വീകരിച്ച ആ മധുകൈടഭന്മാരെ ഉദ്ധരിക്കുന്നതിനുമായി വനത്തിൽചെന്നു് തപസ്സുചെയ്തിട്ടു് വരദാനദിയുടെ തീരത്തിങ്കൽ മധുകേശ്വരൻ, കൈടഭേശ്വരൻ, എന്ന നാമധേയങ്ങളോടുകൂടി രണ്ടു ശിവലിംഗങ്ങളും പ്രതിഷ്ഠിച്ചു, ഇത്യാദി" കഥാശേഷം കാണുന്നു.

ചതു—തഥേത്യുക്ത്വാ=അങ്ങനെതന്നെ എന്നു് അവരുടെ വചനത്തെ അംഗീകരിച്ചിട്ടു്.

ജഘനം=സന്ധിഭാഗം മൂലഭാഗം. കൃത്വാ=സ്ഥാപിച്ചിട്ടു്.

ശാന്ത—സുമേധസ്സു മഹർഷി സുരഥനോടുപറയുന്നു. അല്ലയോ മധുകൈടഭന്മാരേ! നിങ്ങളാൽ എങ്ങനെ പറയപ്പെട്ടുവോ അതുപ്രകാരം തന്നെ, മറ്റൊരുപ്രകാരത്തിലല്ലാ എന്നു ഭഗവാൻപറഞ്ഞിട്ടു് തന്റെ ഉപസ്ഥോദ്ധപ്രദേശത്തിൽ അവരുടെ ശിരസ്സുകളെ സ്ഥാപിച്ചിട്ടു് ചക്രംകൊണ്ടു മുറിച്ചു.

സൂക്ഷ്മത്തിൽ പ്രളയകാലജലസമൂഹത്തിനു് മഹാപ്രഭുവായ ഭഗവാന്റെ ജഘനത്തെ മുക്കുന്നതിനു് സാമർത്ഥ്യമില്ല. ജഘനാധോഭാഗം വരെയേ ജലമുള്ളു എന്നു താല്പര്യം "പാദോസ്യവിശ്വാ ഭൂതാനി" എന്നു് ശ്രുതി.

ജഗ—ഋഷിരുവാച സ്വാഹാ ൧൦൧

തഥേത്യുക്ത്വാ......ശിരസീതയോഃ സ്വാഹാ ൧൦൨

വൈ—ഏവമേഷാ സമുല്പന്നാ ബ്രഹ്മണാ സംസ്തുതാ സ്വയം

പ്രഭാവമസ്യാ ദേവ്യാസ്തു ഭൂയഃ ശൃണു വദാമി തേ ൧൦൩

ഏഷാ	=	ഈ മഹാമായാ ദേവി
ഏവം ബ്രഹ്മണാ സ്വയം	=	ഇപ്രകാരം ബ്രഹ്മാവിനാൽ താനേ തന്നെ
സംസ്തുതാ	=	നല്ലവണ്ണം സ്തുതിക്കപ്പെട്ടവളായിട്ടു്
സമുല്പന്നാ	=	ഉത്ഭവിച്ചു.
അസ്യാ ദേവ്യാഃ തു	=	ഈ ദേവിയുടെ
പ്രഭാവം	=	മാഹാത്മ്യത്തെ
ഭൂയഃ തേ	=	ഇനിയും നിനക്കു്
വദാമി ശൃണു	=	പറയാം കേട്ടാലും.

ഈ മഹാമായാദേവി, ഇപ്രകാരം ബ്രഹ്മാവിനാൽ താനേതന്നെ സ്തുതിക്കപ്പെട്ടവളായിട്ടു് ഉത്ഭവിച്ചു. ഈ ദേവിയുടെ മാഹാത്മ്യങ്ങളെ ഇനിയും ഞാൻ നിന്നോടുപറയാം കേട്ടാലും.

ചതു—'ഏവം' ഇത്യാദി ഉപസംഹരിക്കുന്നു.

പ്രഭാവം=സ്വേച്ഛയാ ചെയ്യപ്പെടുന്ന ഉത്ഭവം. ഭൂയഃ=ഇനിയും. തേ=ഭവാനോട്.

ശാന്ത—ഇപ്രകാരം ബ്രഹ്മാവിനാൽ താനേതന്നെ സ്തുതിക്കപ്പെട്ട ഈ മഹാമായാദേവി ദേവകാര്യാത്ഥം പ്രത്യക്ഷപ്പെട്ടു. അല്ലയോ സുരഥമഹാരാജാവേ! ഭവാൻ ഇനിയും ഈ ദേവിയുടെ പ്രാദുർഭാവത്തെ (സാമത്ഥ്യത്തെ) കേട്ടാലും, ഞാൻ പറയാം.

നാഗോ—'അസ്യാ' എന്നതിന്ന് താമസീദേവിക്കു കാരണഭൂതയായി ത്രിഗുണരൂപിണിയായി ഇരിക്കുന്ന മഹാലക്ഷ്മി എന്നത്ഥം. അതുകൊണ്ടാണു് 'തു' ശബ്ദം പ്രയോഗിച്ചിരിക്കുന്നതു്.

'ഭൂയഃ' എന്നു പ്രഭാവത്തിന്റെ വിശേഷണം, ഇനിയുമുള്ള പ്രത്യക്ഷത്വം എന്നു് അത്ഥം.

ഭൂയഃപ്രഭാവം—എന്നതു്—താമസീദേവിക്കും മഹാലക്ഷ്മിക്കും അഭേദമാകകൊണ്ടു് മുൻപറഞ്ഞ പ്രഭാവവും മഹാലക്ഷ്മിയുടേതുതന്നെ എന്നു് ധ്വനിപ്പിക്കുന്നു, (അ) പ്രാധാനിക രഹസ്യത്തിൽപറയുന്ന ചതുർഭുജയായ ദേവിതന്നെ മദ്ധ്യമചരിത്രത്തിൽ എട്ടുകൈകളോടുകൂടി പ്രത്യക്ഷപ്പെട്ടു എന്നു കാണിക്കുന്നു.

സ്തുതാ=വിശേശ്വരീ—ഇത്യാദി സ്തോത്രം കൊണ്ടു് സ്തുതിക്കപ്പെട്ടവൾ.

"വിശേശ്വര്യാദികം സൂക്തം ദൃഷ്ടം തൽ ബ്രഹ്മണാ പുരാ

സ്തുതയേ യോഗനിദ്രായാഃ മമ ദേവ്യാഃ പുരന്ദര!" (എന്നു്)

ജഗ—ഏവമേഷാ......വദാമി തേ സ്വാഹാ ൫൦൪

ഇതി ശ്രീ മാർക്കണ്ഡേയ പുരാണേ സാവർണ്ണികേ
മന്വന്തരേ ദേവീമാഹാത്മ്യേ മധു

കൈടഭവധോ നാമ പ്രഥമോധ്യായഃ.

മധുകൈടഭവധം എന്ന ഒന്നാം അദ്ധ്യായം സമാപ്തം.

മദ്ധ്യമചരിത്രം

രണ്ടാം അദ്ധ്യായം.

ഋഷിരുവാച—൧൦൫

൧. ദേവാസുരമഭൂദ്യുദ്ധം പൂർണ്ണമബ്ദശതം പുരാ
മഹിഷേഽസുരാണാമധിപേ ദേവാനാം ച പുരംദരേ. ൧൦൬

ഋഷി പറഞ്ഞു.

പുരാ	= പണ്ട്
മഹിഷേ അസുരാണാം	= മഹിഷൻ അസുരന്മാരുടേയും
പുരന്ദരേ ദേവാനാം ച	= ഇന്ദ്രൻ ദേവന്മാരുടേയും
അധിപേ	= അധിപന്മാരായിരിക്കുമ്പോൾ
ദേവാസുരം	= ദേവന്മാരും അസുരന്മാരും തമ്മിൽ
അബ്ദശതം	= നൂറുവഷം
പൂർണ്ണം യുദ്ധം അഭൂൽ	= ഇടവിടാതെ (മുഴുവനും) യുദ്ധം ഉണ്ടായി.

പണ്ട് പൂർവ്വകല്പത്തിൽ മഹിഷൻ അസുരന്മാരുടെ അധിപതിയും, ഇന്ദ്രൻ ദേവന്മാരുടെ അധിപതിയും ആയിരുന്ന കാലത്ത് ദേവന്മാരും അസുരന്മാരും തമ്മിൽ നൂറുവഷം മുഴുവനും യുദ്ധമുണ്ടായി.

ഉപ—മദ്ധ്യമചരിത്രസ്യ വിഷ്ണു ഋഷിഃ ഉഷ്ണിക് ഛന്ദഃ മഹാലക്ഷ്മീഃ ദേവതാ. ദുർഗ്ഗാ ബീജം ശാകംഭരി ശക്തിഃ വായുസ്തത്വം. മഹാലക്ഷ്മീ പ്രീത്യത്ഥേ ജപേ വിനിയോഗഃ.

'വിപ്രചിത്തി' എന്ന അസുരന്റെ പുത്രിയായ 'മാഹിഷ്മതി,' തപസ്സുചെയ്തുകൊണ്ടിരുന്ന 'സിന്ധുദ്വീപൻ' എന്ന ഋഷിയെ, എരുമയുടെ വേഷം ധരിച്ച് ഭയപ്പെടുത്തി. അതിന് അദ്ദേഹം അവളെ "നീ എരുമയായിത്തീരും" എന്ന് ശപിച്ചു. ആ ശാപംനിമിത്തം മഹിഷിയായിത്തീന്ന അവൾ ആ ഋഷിയുടെ ശുക്ലം സ്ഖലിച്ചതിനെ പാനംചെയ്തിട്ട് മഹിഷാസുരാഖ്യനെ പ്രസവിച്ചു. ഈ കഥ വാരാഹപുരാണത്തിലും ദേവീഭാഗവതത്തിലും വർണ്ണിച്ചിട്ടുണ്ട്.

ചതു—മഹിഷൻ=രംഭാസുരന്റെ പുത്രൻ. ദേവാസുരം=ദേവന്മാരും അസുരന്മാരും തമ്മിലുള്ളത്, (അ) ദേവാസുരന്മാരെ സംബന്ധിച്ചത്.

ശാന്ത—പുരാ=പൂൎവ്വകല്പത്തിൽ (യുഗത്തിൽ). പൂൎണ്ണം=ഇടവ ടാതെ. പുരന്ദരൻ=ശത്രുക്കളുടെ പുരങ്ങളെ ദാരണംചെയ്യുന്നവൻ=പിള ക്കുന്നവൻ.

നാഗോ—രംഭാസുരൻ, തപസ്സുചെയ്തു് ശിവനെ പ്രസാദിപ്പിച്ചു് അദ്ദേഹത്തിന്റെ അംശമായി ജനിച്ചിട്ടുള്ളവനാണു്. അവന്റെ സുതൻ മഹിഷൻ. അവൻ തപസ്സുചെയ്തു് ദേവിയുടെ അടുക്കൽ "തനിക്കു് സായുജ്യംലഭിക്കണം" എന്നു് വരം ചോദിച്ചു. ഈ കഥ കാളീപുരാണത്തിൽ പറഞ്ഞിട്ടുണ്ടു്.

ദംശോ—പൂൎവ്വാദ്ധ്യായത്തിന്റെ ഒടുവിൽ, "ഭൂയഃ ശൃണു" എന്നു പറഞ്ഞതനുസരിച്ചുള്ള ഇതിഹാസത്തെ ഈ അദ്ധ്യായത്തിൽ ദേവാസുരം എന്നുമുതൽ ആരംഭിക്കുന്നു.

ജഗ—ഋഷിരുവാച സ്വാഹാ ൱

ദേവാസുര......പുരന്ദരേ സ്വാഹാ ൨

൨. തത്രാസുരൈൎമ്മഹാവീൎയ്യൈൎദ്ദേവസൈന്യം പരാജിതം
ജിത്വാ ച സകലാൻ ദേവാനിന്ദ്രോഭൂന്മഹിഷാസുരഃ. ൱൦൧

തത്ര	= അവിടെ
മഹാവീൎയ്യൈഃ അസുരൈഃ	= അതിപരാക്രമികളായഅസുരന്മാരാൽ
ദേവസൈന്യം പരാജിതം	= ദേവകളുടെസേന തോല്പിക്കപ്പെട്ടു.
മഹിഷാസുരഃ	= മഹിഷാസുരൻ
സകലാൻ ദേവാൻ ജിത്വാ	= സകലദേവകളേയും ജയിച്ചിട്ടു്
ഇന്ദ്രഃ അഭൂൽ ച	= ഇന്ദ്രനായിഭവിക്കയും ചെയ്തു.

ആ യുദ്ധത്തിൽ അതിപരാക്രമശാലികളായ അസുരന്മാർ ദേവ സൈന്യത്തെ തോല്പിക്കുകയും മഹിഷാസുരൻ സകലദേവന്മാരെയും ജയിച്ചു് ഇന്ദ്രനായിത്തീരുകയുംചെയ്തു.

ചതു—തത്ര = യുദ്ധത്തിൽ. ഇന്ദ്രൻ = സുരരാജാവു്.

ശാന്ത—പരാജിതം = അഭിഭൂതം = തോല്പിക്കപ്പെട്ടതു്.

വീൎയ്യശബ്ദം "വീൎയ്യം, ബലം, പ്രഭാവം, വീരകൎമ്മം" ഇവയെ പറയുന്നതാകുന്നു.

സ്വാമിയോടുകൂടി ബന്ധിച്ചിരിക്കുന്നതു് അല്ലെങ്കിൽ വൎത്തിക്കു ന്നതു് സേന—അതുതന്നെ സൈന്യം.

ജഗ—തത്രാസുരൈ......മഹിഷാസുരഃ സ്വാഹാ ൩

൩. തതഃ പരാജിതാ ദേവാഃ പത്മയോനിം പ്രജാപതിം
പുരസ്കൃത്യ ഗതാസ്തത്ര യത്രേശഗരുഡധ്വജൌ. ൱൦൨

തതഃ പരാജിതാഃ ദേവാഃ	=	അനന്തരം തോല്പിക്കപ്പെട്ട ദേവകൾ
പത്മയോനിം പ്രജാപതിം	=	പത്മത്തിൽനിന്നുജനിച്ചബ്രഹ്മാവിനെ
പുരസ്കൃത്യ	=	മുൻനിറുത്തി
യത്ര	=	യാതൊരുദിക്കിൽ
ഈശഗരുഡധ്വജൗ	=	ശിവനും വിഷ്ണുവും (വസിക്കുന്നുവോ)
തത്ര ഗതാഃ	=	അവിടെപ്പോയി.

അനന്തരം മഹിഷാസുരനാൽ തോല്പിക്കപ്പെട്ട ദേവന്മാർ ബ്രഹ്മാവിനെ മുൻപിലാക്കിക്കൊണ്ട് ശിവനും വിഷ്ണുവും വസിക്കുന്ന ദിക്കിൽ പോയി.

ചതു—പത്മയോനിം =ബ്രഹ്മാവിനെ. 'പ്രജാപതിം' എന്നതു് 'പത്മയോനിം' എന്നതിന്റെ വിശേഷണം. ഈശഃ=രുദ്രൻ.

ശാന്ത—യോനി = കാരണം (അ) ഉത്ഭവസ്ഥാനം.

നാഗോ—സൃഷ്ടികർത്താവായതുകൊണ്ടു് ബ്രഹ്മാവിനു് ദേവന്മാരുടെ അഗ്രേസരത്വം ഭവിച്ചു.

പാലനത്തിനും സംഹാരത്തിനും വിഷ്ണുവും ശിവനും അധികാരികളാകയാൽ, ദേവകൾ ബ്രഹ്മാവോടുകൂടി അവരുടെ സമീപത്തിൽ എത്തി.

ജഗ—തതഃ പരാജിതാ......ഗരുഡധ്വജൗ സ്വാഹാ. ര

ര. യഥാവൃത്തം തയോസ്തദ്വന്മഹിഷാസുരചേഷ്ടിതം
ത്രിദശാഃ കഥയാമാസുർദ്ദേവാഭിഭവവിസ്തരം. ൧൦൭

ത്രിദശഃ തയോഃ	=	ദേവന്മാർ അവരുടെ അടുക്കൽ
യഥാവൃത്തം	=	യാതൊരുപ്രകാരം സംഭവിച്ചുവോ
തദ്വൽ	=	അപ്രകാരം
മഹിഷാസുരചേഷ്ടിതം	=	മഹിഷാസുരന്റെ ചേഷ്ടയേയും
ദേവാഭിഭവവിസ്തരംകഥയാമാസുഃ	=	ദേവന്മാൎക്കുണ്ടായവലുതായതോൽവിയേയും പറഞ്ഞു.

ദേവന്മാർ പരമേശ്വരന്റേയും വിഷ്ണുവിന്റേയും അടുക്കൽ ചെന്നു മഹിഷാസുരന്റെ പ്രവൃത്തിയേയും ദേവന്മാൎക്കുണ്ടായ വലുതായ പരാജയത്തേയും സംഭവിച്ചപ്രകാരം ഉണർത്തിച്ചു.

ചതു—യഥാവൃത്തം=എപ്രകാരം സംഭവിച്ചുവോ. തദ്വൽ= അപ്രകാരം. ചേഷ്ടിതം=ചരിതം. ത്രിദശാഃ=ദേവന്മാർ. തയോഃ= രുദ്രകൃഷ്ണന്മാർ ഇരിക്കുന്ന ദിക്കിൽ (അ) അവരുടെ അടുക്കൽ.

ശാന്ത—തയോഃ=ഈശകേശവന്മാരുടെ മുൻപിൽ.

യഥാവൃത്തം=സംഭവിച്ചതിൽ ഒട്ടുമധികമാകാതെ

മഹിഷാസുരചേഷ്ടിതം=മഹിഷാസുരന്റെ ഔദ്ധത്യത്തെ (അഹ

കാരത്തെ) മഹിഷാസുരൻെറ ചേഷ്ടിതത്തേയും ദേവന്മാരുടെ പരാജയത്തേയും വിസ്താരമായി പറഞ്ഞു എന്നു താല്പയ്യം.

നാഗോ—"ദേവപരാജയത്തെ വിസ്തരിക്കുന്ന മഹിഷാസുരചേഷ്ടിതം" എന്നു് വിശേഷണവിശേഷ്യങ്ങളാക്കാം.

ജഗ—യഥാവൃത്തം .....വിസ്തരം സ്വാഹാ ൫

൫. സൂയ്യേന്ദ്രാഗ്ന്യനിലേന്ദൂനാം യമസ്യ വരുണസ്യ ച
അന്യേഷാഞ്ചാധികാരാൻ സ സ്വയമേവാധിതിഷ്ഠതി. ൧൨

സഃ	= അവൻ
സൂയ്യേന്ദ്രാഗ്ന്യനിലേന്ദൂനാം	= സൂയ്യൻ, ഇന്ദ്രൻ, അഗ്നി, വായു, ചന്ദ്രൻ ഇവരുടേയും
യമസ്യ വരുണസ്യ ച	= കാലൻേറയും വരുണൻേറയും
അന്യേഷാം ച	= മററു ദേവകളുടേയും,ബ്രഹ്മഷികളുടേയും
അധികാരാൻ	= അധികാരങ്ങളെ
സ്വയമേവ അധിതിഷ്ഠതി	= താനേതന്നെ അനുഷ്ഠിക്കുന്നു.

ആ മഹിഷാസുരൻ, സൂയ്യൻ ഇന്ദ്രൻ അഗ്നി വായു ചന്ദ്രൻ കാലൻ വരുണൻ എന്നിവരുടേയും, മററുദേവകളുടേയും അധികാരങ്ങളെ താനേതന്നെ അനുഷ്ഠിക്കുന്നു.

ചതു—സഃ=ആ മഹിഷാസുരൻ അധിതിഷ്ഠതി=അനുഷ്ഠിക്കുന്നു.

ശാന്ത—'ച'കാരംകൊണ്ടു" ഇതിൽ പറയാത്ത മററു ദേവന്മാരേയും ഗ്രഹിച്ചുകൊള്ളണം.

അന്യേഷാം=ബ്രഹ്മഷികളുടേയും.

ആ മഹിഷാസുരൻ, സൂയ്യൻ, ഇന്ദ്രൻ, അഗ്നി, വായു, ചന്ദ്രൻ, കാലൻ, വരുണൻ, മററുദേവന്മാർ, ഋഷികൾ ഇവരുടെ അധികാരങ്ങളെ താൻതന്നെ വഹിക്കുന്നു.

ജഗ—സൂയ്യേന്ദ്രാഗ്ന്യ...അധിതിഷ്ഠതി സ്വാഹാ ൬

൬. സ്വർഗ്ഗാന്നിരാകൃതാഃ സവ്വേ തേന ദേവഗണാ ഭുവി
വിചരന്തി യഥാ മർത്ത്യാ മഹിഷേണ ദുരാത്മനാ. ൧൩

ദുരാത്മനാ തേന	= ദുരാത്മാവായ ആ മഹിഷാസുരനാൽ
സവ്വദേവഗണാഃ	= സകലദേവഗണങ്ങളും
സ്വർഗ്ഗാൽ	= സ്വർഗ്ഗത്തിൽനിന്നു്
നിരാകൃതാഃ	= നിരാകരിക്കപ്പെട്ടവരായിട്ടു്
മർത്ത്യാ യഥാ	= മനുഷ്യരെപ്പോലെ
ഭുവി വിചരന്തി	= ഭൂമിയിൽ സഞ്ചരിക്കുന്നു.

ദുഷ്ടനായ ആ മഹിഷാസുരൻ സകലദേവഗണങ്ങളേയും സ്വർഗ്ഗത്തിൽനിന്നു് ആട്ടിക്കളഞ്ഞതുകൊണ്ടു് അവർ മനുഷ്യരെപ്പോലെ ഭൂമിയിൽ സഞ്ചരിക്കുന്നു.

ചതു—നിരാകൃതാഃ=നിസ്സാരിതന്മാർ=പുറത്താട്ടിക്കളയപ്പെട്ടവർ. മർത്ത്യർ=മനുഷ്യർ.

ശാന്ത—ദുഷ്ടനായ ആ മഹിഷാസുരനാൽ എല്ലാദേവഗണങ്ങളും സ്വർഗ്ഗത്തിൽനിന്ന് നിരാകരിക്കപ്പെട്ടവരായിത്തീൎന്ന് മരണധൎമ്മത്തോടുകൂടിയ മൎത്ത്യരെപ്പോലെ ഭൂമിയിൽ സഞ്ചരിക്കുന്നു.

ജഗ—സ്വർഗ്ഗാന്നിരാകൃതാ......ദുരാത്മനാ സ്വാഹാ ൧

൧. ഏതദ്വഃ കഥിതം സൎവ്വമമരാരിവിചേഷ്ടിതം
ശരണം ച പ്രപന്നാഃ സ്മോ വധസ്തസ്യ വിചിന്ത്യതാം. ൧൧

ഏതൽ അമരാരിവിചേഷ്ടിതം	= ഈ മഹിഷാസുരന്റെ പ്രവൃത്തികൾ
സൎവ്വം വഃ കഥിതം	= എല്ലാം നിങ്ങളോട് പറയപ്പെട്ടു.
ശരണം ച പ്രപന്നാഃ സ്മഃ	= ശരണം പ്രാപിക്കുകയും ചെയ്തിരി-[ക്കുന്നു.
തസ്യ വധഃ	= അവന്റെ വധോപായം
വിചിന്ത്യതാം	= ആലോചിച്ചാലും.

ഈ മഹിഷാസുരന്റെ അഹങ്കാരപ്രവൃത്തികളെല്ലാം നിങ്ങളോടു പറഞ്ഞു. ഞങ്ങൾ, നിങ്ങളെ ശരണം പ്രാപിക്കുകയും ചെയ്തിരിക്കുന്നു. അവന്റെ വധത്തിനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിച്ചാലും.

ഗുപ്ത—'വഃ' എന്നു ബഹുവചനം പ്രയോഗിച്ചതു്, ലക്ഷ്മിയോടും പാൎവ്വതിയോടും ചേൎന്ന ഹരിഹരന്മാരെ ഉദ്ദേശിച്ചാണു്.

ചതു—'വഃ' എന്ന ബഹുവ്ചനം ഗുരുത്വത്തെ ഉദ്ദേശിച്ചാണു്.

ശാന്ത—'വഃ' എന്ന ബഹുവചനം ബ്രഹ്മ,വിഷ്ണു,മഹേശ്വരന്മാരെ അപേക്ഷിച്ചാണു്.

ഇന്ദ്രാദിദേവകളായ ഞങ്ങൾ ദേവശത്രുവിന്റെ ഈ വിചേഷ്ടിതത്തെ—ഔദ്ധത്യത്തേയും ദേവാഭിഭവത്തേയും—മുഴുവനും നിങ്ങളോടു പറഞ്ഞു. ദുഃഖങ്ങളിൽനിന്നു രക്ഷിക്കുന്ന മൂന്നുപേരെയും ഞങ്ങൾ ശരണംപ്രാപിക്കുകയുംചെയ്തിരിക്കുന്നു.

നാഗോ—രണ്ടുപേരെ നിൎദ്ദേശിക്കുവാൻ 'വഃ' എന്ന ബഹുവചനം പ്രയോഗിച്ചതു് ഗൗരവം ഹേതുവായിട്ടാകുന്നു.

ദംശോ—രണ്ടുപേരോടാണു് പറയുന്നതെങ്കിലും 'വഃ' എന്ന ബഹുവചനം കാൎയ്യസാദ്ധ്യത്തിനായി — ബഹുത്വാപേക്ഷയാ — പ്രയോഗിച്ചതാണു്.

ജഗ—ഏതദ്വഃ...വിചിന്ത്യതാം സ്വാഹാ ൨

൨. ഇത്ഥം നിശമ്യ ദേവാനാം വചാംസി മധുസൂദനഃ
ചകാര കോപം ശംഭുശ്ച ഭ്രുകുടീകുടിലാനനൗ. ൧൨

ഇത്ഥം	= ഇപ്രകാരം
ദേവാനാം വചാംസി നിശമ്യ	= ദേവന്മാരുടെ വാക്കുകളെ കേട്ടിട്ടു്

മധുസൂദനഃ ശംഭുഃ ച = വിഷ്ണുവും ശിവനും
ഭ്രുകുടീകുടിലാനനൗ = പുരികക്കൊടികളുടെ വളവുകൊണ്ടു ഭുഗ്നമായി (വളഞ്ഞതായി) ഇരിക്കുന്ന മുഖങ്ങളോടുക്രൂടിയവരായിട്ടു്
കോപം ചകാര = കോപത്തെ ചെയ്തു.

ഇപ്രകാരം ദേവന്മാർ പറഞ്ഞവാക്കുകളെക്കേട്ടു് മധുസൂദനനും, ശംഭുവും, പുരികക്കൊടികളുടെ വളവുനിമിത്തം വളഞ്ഞ മുഖത്തോടുക്രൂടിയവരായിട്ടു് കോപിച്ചു.

ഗുപ്ത—ഭ്രുകുടീകുടിലാനനൗ = പുരികങ്ങളുടെ വളവുകൊണ്ടു് വളഞ്ഞിരിക്കുന്ന മുഖത്തോടുക്രൂടിയവർ.

ചതു—ഭ്രുകുടികുടിലാനനൗ = നെററിയുടെ ഇളക്കംകൊണ്ടു് വളഞ്ഞ മുഖത്തോടുക്രൂടിയവർ.

ശാന്ത—ഇങ്ങനെ ദേവകളുടെ വാക്കുകളെ കേട്ടിട്ടു് കൈടഭജിത്തായ വിഷ്ണുവും മൃത്യുഞ്ജയനും ഭ്രുകുടീകുടിലാനനന്മാരായിട്ടു് കോപിച്ചു.

ഭ്രുകുടീകുടിലാനനന്മാർ = കോപംമൂലം വളഞ്ഞിരിക്കുന്ന പുരികക്കൊടികൾകൊണ്ടു് അല്പം വളഞ്ഞ മുഖങ്ങളോടുക്രൂടിയവർ. 'ച' കാരംകൊണ്ടു് ബ്രഹ്മാവും ഭ്രുകുടീകുടിലാനനനായിട്ടു് കോപിച്ചു എന്നു വിചാരിച്ചുകൊള്ളണം.

'ഭ്രുകുടീകുടിലാനനൗ' 'ഭ്രകുടീകുടിലാനനൗ' 'ഭ്രുകുടീകുടിലാനനൗ' എന്നു മൂന്നുവിധം പാഠമുണ്ടു്.

നാഗോ—ബ്രഹ്മാവിൻെറ കോപം രജോഗുണപ്രധാനവും, പാലകനായ വിഷ്ണുവിൻെറകോപം സത്വഗുണപ്രധാനവും, ശിവകോപം തമോഗുണപ്രധാനവും ആകകൊണ്ടു് ഈ ദേവി ത്രിഗുണസ്വരൂപിണിയാകുന്നു.

"സർവ്വദേവശരീരേഭ്യോ യാവിർഭൂതാ മിതപ്രഭാ
ത്രിഗുണാ സാ മഹാലക്ഷ്മീഃ സാക്ഷാന്മഹിഷമർദ്ദിനി"
(എന്നു് വൈകൃതികരഹസ്യം)

എന്നാലും ദേവന്മാർ രജസ്സത്വഗുണപ്രധാനന്മാർ ആകകൊണ്ടു് ഇവിടെയും രജസ്സത്വഗുണങ്ങൾക്കു് ആധിക്യമുള്ളതാകുന്നു.

ജഗ—ഇത്ഥം നിശമ്യ... കുടിലാനനൗ സ്വാഹാ ൻ

ൻ. തതോതിക്കോപപൂർണ്ണസ്യ ചക്രിണോ വദനാത്തതഃ
നിശ്ചക്രാമ മഹത്തേജോ ബ്രഹ്മണഃ ശങ്കരസ്യ ച. ഫഫര്

തതഃ	= അനന്തരം
അതികോപപൂൎണ്ണസ്യ	= അതികോപംകൊണ്ടു നിറഞ്ഞവനായ
ചക്രിണഃ	= വിഷ്ണുവിൻെറ
തതഃ വദനാൽ	= വിസ്തൃതമായ മുഖത്തിങ്കൽനിന്നും
ബ്രഹ്മണഃ ശങ്കരസ്യ ച	= ബ്രഹ്മാവിൻേറയും ശങ്കരൻേറയും മുഖങ്ങളിൽനിന്നും
മഹൽ തേജഃനിശ്ചക്രാമ	= വലുതായ തേജസ്സ് പുറപ്പെട്ടു.

അനന്തരം അതികോപംകൊണ്ടു് നിറഞ്ഞവരായ വിഷ്ണുവിൻേറയും, ബ്രഹ്മാവിൻേറയും, ശങ്കരൻേറയും വിസ്തൃതങ്ങളായ വദനങ്ങളിൽനിന്നു് മഹത്തായ തേജസ്സ് ഉത്ഭവിച്ചു.

ഗുപ്ത—'മദീയാഃ ശക്തിലേശാ യേ തത്തദ്ദേവ ശരീരഗാഃ' എന്ന ലക്ഷ്മീതന്ത്രാദിവചനപ്രകാരം "ദേവന്മാരിലും അവരുടെ ആയുധങ്ങളിലുമുള്ള ശക്തിഭാഗങ്ങളെല്ലാം ഏകീഭവിച്ചു് പതിനെട്ടുകൈകളോടുകൂടിയ ഒരു നാരീശക്തിരൂപേണ പരിണമിച്ചു" എന്നു പറയുന്നു.

ശാന്ത—അനന്തരം അതികോപപൂൎണ്ണനായ വിഷ്ണുവിൻേറയും, ബ്രഹ്മാവിൻേറയും, ശങ്കരൻേറയും വിസ്തൃതങ്ങളായ മുഖസമീപങ്ങളിൽനിന്നു് മഹത്തായ ഒരു ദീപ്തി നിൎഗ്ഗമിച്ചു.

"തേജഃപ്രഭാവേ ദീപ്തൌ ച ബലേ ശുക്ലേ പ്രകീൎത്തിതം"

(എന്നു്)

നാഗോ—രണ്ടാമത്തെ "തതഃ" എന്ന പദം 'പ്രസിദ്ധപ്പെട്ട' എന്ന അൎത്ഥത്തിൽ വദനാൽ എന്നതിൻെറ വിശേഷണമായി ഉപയോഗിച്ചിരിക്കുന്നു.

ജഗ—തതോഽതികോപ......ശങ്കരസ്യ ച സാഹാ ൧൦

൧൦. അന്യേഷാം ചൈവ ദേവാനാം ശക്രാദീനാം ശരീരതഃ
നിൎഗ്ഗതം സുമഹത്തേജഃ തച്ചൈക്യം സമഗച്ഛത. ൧൧

അന്യേഷാം	= മററുള്ള
ശക്രാദീനാം ദേവാനാം ച	= ഇന്ദ്രാദികളായ ദേവന്മാരുടേയും
ശരീരതഃ ഏവ	= ശരീരത്തിൽനിന്നുതന്നെ
സുമഹത്തേജഃ നിൎഗ്ഗതം	= ഏററവും വലുതായ തേജസ്സ് പുറപ്പെട്ടു.
തൽ	= അതു്
ഐക്യം സമഗച്ഛത ച	= ഏകഭാവത്തെ പ്രാപിക്കുകയും ചെയ്തു.

മററു് ഇന്ദ്രാദികളായ ദേവന്മാരുടേയും ശരീരങ്ങളിൽനിന്നു് വലുതായ ഒരു തേജസ്സ് പുറപ്പെട്ടു. ആ തേജസ്സുകൾ എല്ലാംകൂടി ഒന്നായിത്തീൎന്നു.

ചതു—ഐക്യം സമഗച്ഛത=ഐക്യത്തെ പ്രാപിച്ചു.
ഐക്യം=ഏകഭാവം.

ശാന്ത—ആ ത്രിമൂർത്തികളിൽനിന്നു് അന്യന്മാരായ ഇന്ദ്രാദിദേവന്മാരുടേയും ശരീരങ്ങളിൽനിന്നു് ഒരു മഹൽതേജസ്സ് പുറപ്പെട്ടു. അതു് (ത്രിമൂർത്തികളുടേയും ഇന്ദ്രാദികളുടേയും തേജസ്സ്) എല്ലാംകൂടി ഒന്നായിത്തീന്നു.

നാഗോ—അന്യേഷാം=കുറിതന്മാരായ മററുള്ളവരുടേയും.

നിർഗ്ഗതം തത്തേജഃ=ബ്രഹ്മാദികളുടേയും ഇന്ദ്രാദികളുടേയും തേജസ്സ് എല്ലാംകൂടിച്ചേന്നു്.

ഐക്യം=ഏകത്വത്തെ. സമഗച്ഛത=പ്രാപിച്ചു.

ദംശോ—ഐക്യം സമഗച്ഛത=ഒന്നായിത്തീന്നു.

"തദൈക്യാ സമപദ്യത" എന്നു പാഠഭേദം.

ജഗ—അന്യേഷാം......സമഗച്ഛത സ്വാഹാ ൧൧

൧൧. അതീവതേജസഃ കൂടം ജ്വലന്തമിവ പവ്വതം
ദദൃശുസ്തേ സുരാസ്തത്ര ജ്വാലാവ്യാപ്തദിഗന്തരം. ൧൨

തേ സുരാഃ തത്ര	= ആ ദേവകൾ അവിടെ
അതീവ	= അതിശോഭനമായി
ജ്വാലാവ്യാപ്തദിഗന്തരം	= ജ്വാലകളെക്കൊണ്ടു് ശോഭിക്കപ്പെട്ട ദിക്കുകളോട്ടുകൂടിയതായ (ഇരിക്കുന്ന)
തേജസഃ കൂടം	= തേജഃപുഞ്ജത്തെ
ജ്വലന്തം പവ്വതം ഇവ	=ജ്വലിച്ചുകൊണ്ടിരിക്കുന്ന പവ്വതംപോലെ
ദദൃശുഃ	= കണ്ടു.

ആ ദേവകൾ അവിടെ അത്യുഗ്രമായും ജ്വാലകളെക്കൊണ്ടു ശോഭിപ്പിക്കപ്പെട്ട പത്തുദിക്കുകളോട്ടുകൂടിയതായും ഇരിക്കുന്ന ഒരു തേജഃപുഞ്ജത്തെ കാന്തികൊണ്ടു ജ്വലിക്കുന്ന കനകപവ്വതത്തെ എന്നപോലെ കണ്ടു.

ചതു—അതീവ=ഏററവും ഉയന്ന. കൂടം=പുഞ്ജം.

തത്ര=അവിടെ=പുരാണാന്തരങ്ങളിൽ പ്രസിദ്ധമായ കാത്യായനാശ്രമത്തിൽ.

ശാന്ത—ആ ഇന്ദ്രാദിദേവകൾ ആ ദേവസദസ്സിൽ (അല്ലെങ്കിൽ ആ ദേവന്മാരുടെ ദേദീപ്യമാനമായി സവ്വോൽകഷേണ വത്തിക്കുന്ന ആ തേജസ്സിൽ) ഏററവും മനോഹരമാകുംവണ്ണം ജ്വാലകൾകൊണ്ടു വ്യാപിച്ചിരിക്കുന്ന ദിഗ്ഭാഗങ്ങളോട്ടുകൂടിയതായി ഇരിക്കുന്ന ഒരു തേജഃപുഞ്ജത്തെ, കാന്തികൊണ്ടു് ഉജ്ജ്വലിക്കുന്ന പവ്വതത്തെ എന്നപോലെ—സ്വർണ്ണപവ്വതത്തെ എന്നപോലെ—കണ്ടു.

"ആയോധനേ ശൈലശൃംഗേ സീരാംഗേ ക്രൂരമസ്ത്രിയാം" എന്നു്.

നാഗോ—തത്ര=ആ കാലത്തിൽ അല്ലെങ്കിൽ ആ ദേശത്തിൽ.

ജഗ—അതീവ......ദിഗന്തരം സ്വാഹാ ൧൨

൧൨. അതുലം തത്ര തത്തേജഃ സർവ്വദേവശരീരജം
ഏകസ്ഥം തദഭൂന്നാരീ വ്യാപ്തലോകത്രയം ത്വിഷാ. ൧൩

തത്ര	=	അവിടെ
സർവ്വദേവശരീരജം	=	സർവ്വദേവന്മാരുടേയും ശരീരങ്ങളിൽ നിന്നുണ്ടായ
അതുലം തൽ തേജഃ	=	അനുപമമായ ആ തേജസ്സ്
ഏകസ്ഥം	=	ഏകാകാരമായിത്തീർന്നു്
തൽ ത്വിഷാ	=	അനന്തരം ദീപ്തികൊണ്ടു്
വ്യാപ്തലോകത്രയം	=	വ്യാപിച്ചിരിക്കുന്ന ലോകത്രയത്തോടു കൂടിയതായ
നാരീ അഭൂൽ	=	നാരിയായി ഭവിച്ചു

ആ ദേവസദസ്സിൽ വിഷ്ണ്വാദി സകലദേവന്മാരുടേയും ശരീരങ്ങളിൽനിന്നുണ്ടായ അനുപമമായ ആ തേജസ്സ് ഏകാകാരമായിത്തീർന്നു. അനന്തരം ദീപ്തികൊണ്ടു വ്യാപിച്ചിരിക്കുന്ന മൂന്നുലോകങ്ങളോടുകൂടിയ ഒരു നാരീരൂപമായി പരിണമിച്ചു.

ചതു—ഏകസ്ഥം=ഏകാകാരമായി സ്ഥിതിചെയ്തതു്.
തൽ=അനന്തരം
നാരീ അഭൂൽ=നാരിയുടെ ആകാരമായി പരിണമിച്ചു.
ത്വിട്ടു്=ദീപ്തി (ഭാസ്സ്)

ശാന്ത—ആ ദേവസദസ്സിൽ, ആദ്യം ബ്രഹ്മവിഷ്ണുരുദ്രന്മാരുടെ മുഖങ്ങളിൽനിന്നുണ്ടായ തേജസ്സും, പിന്നീടു് ഇന്ദ്രാദികളായ എല്ലാ ദേവന്മാരുടേയും ശരീരങ്ങളിൽനിന്നുണ്ടായ തേജസ്സുംകൂടി ഒന്നിച്ചു ചേർന്നു്, അനുപമമായി ദീപ്തികൊണ്ടു വ്യാപിച്ചിരിക്കുന്ന മൂന്നുലോകങ്ങളോടുംകൂടിയതായി ഇരിക്കുന്ന ഒരു നാരീരൂപമായി പരിണമിച്ചു.

നാഗോ—തൽ = (ഉത്തരാർദ്ധത്തിലേതു്) അനന്തരം
തത്ര = പുരാണാന്തരപ്രസിദ്ധമായ കാത്യായനാശ്രമത്തിൽ

ജഗ—അതുലം......ത്വിഷാ സ്വാഹാ ൧൩

൧൩. യദഭൂച്ഛാംഭവം തേജസ്തേനാജായത തന്മുഖം
യാമ്യേന ചാഭവൻ കേശാ ബാഹവോ വിഷ്ണുതേജസാ. ൧൪

യൽ ശാംഭവം തേജഃ	=	യാതൊരു ശിവസംബന്ധിയായ തേജസ്സ്
അഭൂൽ തേന	=	ഉണ്ടായോ, അതുകൊണ്ടു്

തന്മുഖം അജായത = ആ ദേവിയുടെമുഖം ഉണ്ടായി
യാമ്യേന കേശാഃ = യമസംബന്ധിയായ (തേജസ്സുകൊണ്ടു്) കേശങ്ങളും
വിഷ്ണുതേജസാ = വിഷ്ണുതേജസ്സുകൊണ്ടു്
ബാഹവഃ ച അഭവൻ = കൈകളും ഉണ്ടായി.

ശിവതേജസ്സുകൊണ്ടു് ആ ദേവിയുടെ മുഖവും, യമതേജസ്സു കൊണ്ടു് കേശങ്ങളും, വിഷ്ണുതേജസ്സുകൊണ്ടു് പതിനെട്ടുകൈകളും ഉണ്ടായി.

ചതു—ശാംഭവം = ശൈവം. തന്മുഖം = ആ ദേവിയുടെ മുഖം. യാമ്യം = യമനെ സംബന്ധിച്ച.

നാഗോ—തേജോവിഭാഗംകൊണ്ടുണ്ടായ അംഗവിഭാഗത്തെ പറയുന്നു. 'ശംഭു' ധവളശരീരനാകകൊണ്ടു് അദ്ദേഹത്തിന്റെ തേജസ്സു കൊണ്ടുണ്ടായിരിക്കുന്ന ദേവിയുടെ മുഖം വെളുത്തനിറത്തോടുകൂടിയതായും, യമൻ കൃഷ്ണശരീരനാകകൊണ്ടു് ആ തേജസ്സുകൊണ്ടുണ്ടായിരിക്കുന്ന കേശങ്ങൾ കൃഷ്ണവർണ്ണത്തോടുകൂടിയതായും, വിഷ്ണു നീലനിറത്തോടുകൂടിയവനാകകൊണ്ടു് ആ തേജസ്സുകൊണ്ടുണ്ടായ പതിനെട്ടു കൈകൾ നീലനിറത്തോടുകൂടിയതായും രീന്ത

ജഗ—യദഭൂൽ......വിഷ്ണുതേജസാ സ്വാഹാ ൧൪

൧൪. സൌമ്യേനസ്തനയോര്യുഗ്മം മധ്യമൈന്ദ്രേണ ചാഭവൽ
വാരുണേന ച ജംഘോരൂ നിതംബസ്തേജസാ ഭുവഃ. ൧൫

സൌമ്യേന = ചന്ദ്രനെ സംബന്ധിച്ച തേജസ്സുകൊണ്ടു്
സ്തനയോഃ യുഗ്മം = ദേവിയുടെ രണ്ടു സ്തനങ്ങളും
ഐന്ദ്രേണ = ഇന്ദ്രനെ സംബന്ധിച്ച തേജസ്സുകൊണ്ടു്
മധ്യം ച = മധ്യപ്രദേശവും
വാരുണേന = വരുണതേജസ്സുകൊണ്ടു്
ജംഘോരൂ = ജംഘകളും ഊരുക്കളും
ഭുവഃ തേജസാ = ഭൂമിയുടെ തേജസ്സുകൊണ്ടു്
നിതംബഃ ച അഭവൽ = അരയുടെ പിൻഭാഗവും ഭവിച്ചു.

ചന്ദ്രതേജസ്സുകൊണ്ടു് ആ ദേവിയുടെ രണ്ടുസ്തനങ്ങളും, ഇന്ദ്രതേജസ്സുകൊണ്ടു് മധ്യപ്രദേശവും, വരുണതേജസ്സുകൊണ്ടു് കണങ്കാലുകളും തുടകളും, ഭൂമിയുടെ തേജസ്സുകൊണ്ടു് അരയുടെ പിൻഭാഗവും ഉണ്ടായി.

ഗുപ്ത—ജംഘോരൂ എന്നതു്, ജംഘേ, ഊരൂ എന്നു് രണ്ടു പദങ്ങൾ ആകുന്നു.

നിതംബം=അരയുടെ പിൻഭാഗം.

ചതു—ജംഘോരുകം= ജംഘകളോട്ട്=കണങ്കാലുകളോട്ട് കൂടിയ ഊരുക്കൾ=തുടകൾ.

ശാന്ത—സോമതേജസ്സുകൊണ്ടു് ആ നാരിയുടെ രണ്ടു സ്തനങ്ങളും, ഇന്ദ്രതേജസ്സുകൊണ്ടു് മദ്ധ്യവും, വരുണതേജസ്സുകൊണ്ടു് കണങ്കാലുകളോടുകൂടിയ തുടകളും, ഭൂമിയുടെ തേജസ്സുകൊണ്ടു് കടിപ്രദേശവും ഉണ്ടായി.

നാഗോ—ചന്ദ്രതേജസ്സുകൊണ്ടുണ്ടായതിനാൽ ദേവിയുടെ സ്തനങ്ങൾ ശ്വേതവർണ്ണങ്ങളായും, ഇന്ദ്രതേജസ്സുകൊണ്ടുണ്ടായതിനാൽ മദ്ധ്യപ്രദേശം രക്തവർണ്ണമായും ഭവിച്ചു.

ജഗ—സൌമ്യേന......സാ ഭുവഃ ധ്യാതാ ൧൮

൧൯. ബ്രഹ്മണസ്തേജസാ പാദൌ തദംഗുല്യോऽർക്കതേജസാ
വസൂനാം ച കരാംഗുല്യഃ കൌബേരേണ ച നാസികാ. ൨൦

ബ്രഹ്മണഃ തേജസാ	=	ബ്രഹ്മാവിൻെറ തേജസ്സുകൊണ്ടു്
പാദൌ	=	ആ ദേവിയുടെ പാദങ്ങളും
അർക്കതേജസാ	=	സൂര്യൻെറ തേജസ്സുകൊണ്ടു്
തദംഗുല്യഃ	=	കാൽവിരലുകളും
വസൂനാം ച	=	വസുക്കളുടെതേജസ്സുകൊണ്ടു്
കരാംഗുല്യഃ	=	കൈവിരലുകളും
കൌബേരേണ	=	കുബേരൻെറ തേജസ്സുകൊണ്ടു്
നാസികാ ച(അഭൂൽ)	=	നാസികയും (ഉണ്ടായി)

ബ്രഹ്മാവിൻെറ തേജസ്സുകൊണ്ടു് ആ ദേവിയുടെ പാദങ്ങളും സൂര്യതേജസ്സുകൊണ്ടു് കാൽവിരലുകളും, അഷ്ടവസുക്കളുടെ തേജസ്സുകൊണ്ടു് കൈവിരലുകളും, വൈശ്രവണതേജസ്സുകൊണ്ടു് നാസികയും ഉണ്ടായി.

ചതു—തദംഗുല്യഃ=പാദാംഗുലികൾ.

ശാന്ത—ബ്രഹ്മാവിൻെറ തേജസ്സുകൊണ്ടു് ആ നാരിയുടെ പാദങ്ങൾഉണ്ടായി. പാദങ്ങളിലുള്ള വിരലുകൾ അർക്കതേജസ്സുകൊണ്ടുണ്ടായി. അഷ്ടവസുക്കളുടെ തേജസ്സുകൊണ്ടു് കൈവിരലുകൾ ഉണ്ടായി. കുബേരതേജസ്സുകൊണ്ടു നാസികയും ഉണ്ടായി.

നാഗോ—ബ്രഹ്മതേജസ്സുകൊണ്ടുണ്ടായതിനാലാണു് പാദങ്ങൾ രക്തവർണ്ണങ്ങളായതു്. വൈകൃതികരഹസ്യത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

ശ്വേതാനനാ നീലഭുജാ സുശ്വേതസ്തനമണ്ഡലാ
രക്തമദ്ധ്യാ രക്തപാദാ നീലജംഘോരുരുന്മദാ

സുചിത്രജഘനാ ചിത്രമാല്യാംബരവിഭൂഷണാ
ചിത്രാനുലേപനാ കാന്തിരൂപസൗഭാഗ്യശാലിനീ. (എന്നു്)

ഈ രൂപംകൊണ്ടും ദേവിക്കു് ത്രിഗുണത്വം സൂചിപ്പിക്കപ്പെട്ടു. ആ ത്രിഗുണയായ ദേവി നാനാവൎണ്ണങ്ങളോടുകൂടിയവളാകകൊണ്ടു് നാനാവൎണ്ണങ്ങളോടുകൂടിയ മാല്യങ്ങളേയും, വസ്ത്രങ്ങളേയും, ആഭരണങ്ങളേയും, ആലേപനങ്ങളേയും, സ്വീകരിച്ചിരിക്കുന്നു.

ജഗ—ബ്രഹ്മണ......നാസികാ സ്വാഹാ ൰൩

൰൩. തസ്യാസ്തു ദന്താഃ സംഭൂതാഃ പ്രാജാപത്യേന തേജസാ
നയനത്രിതയം ജജ്ഞേ തഥാ പാവകതേജസാ. ൨൨൰

പ്രാജാപത്യേന തേജസാ = ദക്ഷൻ മുതലായ പ്രജാപതികളെസ്സംബന്ധിച്ച തേജസ്സുകൊണ്ടു്
തസ്യാഃ തു ദന്താഃ സംഭൂതാഃ = ആ ദേവിയുടെ ദന്തങ്ങൾ ഉണ്ടായി.
തഥാ പാവകതേജസാ = അപ്രകാരംതന്നെ അഗ്നിയുടെ തേജസ്സു-[കൊണ്ടു്
നയനത്രിതയം ജജ്ഞേ = മൂന്നുകണ്ണുകൾ ഉണ്ടായി

ദക്ഷൻ മുതലായ പ്രജാപതികളുടെ തേജസ്സുകൊണ്ടു് ആ ദേവിയുടെ ദന്തങ്ങൾ ഉണ്ടായി അതുപോലെതന്നെ അഗ്നിതേജസ്സുകൊണ്ടു് മൂന്നു കണ്ണുകളും ഉണ്ടായി.

ഗുപ്ത—പ്രാജാപത്യേന=ദക്ഷപ്രജാപതിയെ സംബന്ധിച്ച.

ചതു—പ്രാജാപത്യേന തേജസാ=ദക്ഷപ്രജാപതിസംബന്ധിയായ തേജസ്സുകൊണ്ടു്, (എന്നു വാമനപുരാണത്തിൽ കാണുന്നു) ജജ്ഞേ=ഉണ്ടായി.

നാഗോ—'പ്രാജാപത്യേന' എന്നതിന്നു് ഇവിടെ 'ദക്ഷാദികളെ സംബന്ധിച്ച' എന്നൎത്ഥമാകുന്നു. 'ബ്രഹ്മാവിനെ സംബന്ധിച്ച' എന്നല്ല. അതുകൊണ്ടു് "ബ്രഹ്മണസ്തേജസാ പാദൌ" എന്നു് മുൻ പറഞ്ഞതിന്നു് വിരോധമില്ല.

ജഗ—തസ്യാസ്തു......പാവകതേജസാ സ്വാഹാ ൰൧

൰൧. ഭ്രുവൌ ച സന്ധ്യയോസ്തേജഃ ശ്രവണാവനിലസ്യ ച
അന്യേഷാം ചൈവ ദേവാനാം സംഭവസ്തേജസാം ശിവാ. ൰൨൨

സന്ധ്യയോഃ തേജഃ = സന്ധ്യകളുടെ തേജസ്സു്
ഭ്രുവൌ ച = പുരികങ്ങളായും
അനിലസ്യ ശ്രവണൌ ച = വായുവിന്റെ തേജസ്സു് ചെവികളായും-[ഭവിച്ചു
അന്യേഷാം ദേവാനാം ച = മററുള്ള ദേവന്മാരുടേയും
തേജസാം സംഭവഃ ഏവ = തേജസ്സുകളുടെ പരിണാമംതന്നെ-
സാ ശിവാ = ആ ദേവി. [ആകുന്നു

രണ്ടു സന്ധ്യകളുടേയും തേജസ്സ് ആ ദേവിയുടെ പുരികക്കൊടികളായും, വായുതേജസ്സ് ചെവികളായും തീൎന്നു. മററുള്ള ദേവന്മാരുടേയും തേജസ്സുകളുടെ സമൂഹപരിണാമംതന്നെ ആകുന്നു സൎവ്വമംഗളയായ ആ ദേവി.

ഗുപ്ത—സന്ധ്യയോഃ=ത്രൈവൎണ്ണികന്മാൎക്ക് വന്ദനീയദേവതകളായിരിക്കുന്ന സായംപ്രാതസ്സന്ധ്യകൾ.

തേജസാം സംഭവഃ=തേജസ്സുകളുടെ ഏകശരീരാത്മനാ ഉള്ള പരിണാമം.

ചതു—അന്യേഷാം=വായു, അശ്വിനീദേവകൾ, വിശ്വകൎമ്മാ മുതലായവർ.

ശാന്ത—ആ നാരിയുടെ രണ്ടു പുരികക്കൊടികൾ സന്ധ്യകളുടെ തേജസ്സാകുന്നു, അല്ലെങ്കിൽ സന്ധ്യകളുടെ തേജസ്സ് ആ നാരിയുടെ പുരികക്കൊടികളാകുന്നു. അതുപോലെ അനിലന്റെ തേജസ്സ് ആ നാരിയുടെ ചെവികളാകുന്നു. അല്ലെങ്കിൽ ആ നാരിയുടെ ചെവികൾ അനിലന്റെ തേജസ്സാകുന്നു മേല്പറയപ്പെട്ട ദേവകളേയും അതു കൂടാതെ മററുദേവകളേയും സംബന്ധിച്ച തേജസ്സുകളുടെ സമൂഹപരിണാമംതന്നെ ആ സൎവ്വമംഗളയായ ദേവി. അല്ലെങ്കിൽ ആ ദേവി, ദേവതേജസ്സുകളുടെ സമൂഹമാകുന്നു.

ജഗ—ഭ്രുവൌ ച......തേജസാം ശിവാ സ്വാഹാ ൧൮൭.

൧൮൭ തതഃ സമസ്തദേവാനാം തേജോരാശിസമുത്ഭവാം
താം വിലോക്യ മുദം പ്രാപുരമരാ മഹിഷാൎദ്ദിതാഃ. ൧൮൮.

തതഃ സമസ്തദേവാനാം	= അനന്തരം സകലദേവന്മാരുടേയും
തേജോരാശിസമുത്ഭവാം	= തേജസ്സുകളുടെ കൂട്ടത്തിൽനിന്നുണ്ടായ
താം വിലോക്യ	= ആ ദേവിയെ കണ്ടിട്ട്
മഹിഷാൎദ്ദിതാഃ	= മഹിഷാസുരനാൽ ഹിംസിക്കപ്പെട്ടവ- [രായ
അമരാഃ	= ദേവകൾ
മുദം പ്രാപുഃ	= സന്തോഷത്തെ പ്രാപിച്ചു.

അനന്തരം, എല്ലാ ദേവന്മാരുടേയും തേജസ്സുകളുടെകൂട്ടത്തിൽ നിന്നുണ്ടായ ആ ദേവിയെ കണ്ടിട്ട്, മഹിഷാസുരനാൽ ഹിംസിക്കപ്പെട്ടവരായ ദേവകൾ സന്തോഷത്തോടുകൂടിയവരായിത്തീൎന്നു.

ചതു—മുദം=ചിത്തോല്ലാസം.

ശാന്ത—ദേവിയുടെ ആവിൎഭാവാനന്തരം എല്ലാ ദേവന്മാരുടേയും തേജസ്സുകളിൽനിന്ന് ഉത്ഭവിച്ച സൎവ്വമംഗളയായ ആ ദേവിയെ കണ്ടിട്ടു മുമ്പിൽ മഹിഷാസുരനാൽ ഹിംസിക്കപ്പെട്ടവരായ ആ ദേവകൾ സന്തോഷത്തെ പ്രാപിച്ചു.

* തതോ ദേവാ ദദുസ്തസ്യൈ സ്വാനി സ്വാന്യായുധാനി ച
ഊചുർജ്ജയജയേത്യുച്ചൈർജ്ജയന്തീം തേ ജയൈഷിണഃ

അനന്തരം ജയേച്ഛുക്കളായ ആ ദേവന്മാർ അവരവക്കുള്ള ആയുധങ്ങളെ ദേവിക്കു കൊടുക്കുകയും ജയശീലയായ ആ ദേവിയോടു ജയിച്ചാലും ജയിച്ചാലും എന്നു ഉച്ചത്തിൽ പറയുകയും ചെയ്തു.

നാഗോ—ബ്രഹ്മാദികളിൽ ഉണ്ടായിരുന്ന സ്വതേജസ്സുകൊണ്ടു തന്നെയാണ് ഭഗവതി ആവിർഭവിച്ചതു് എന്നു താല്പര്യം

മുദം=ഹർഷം.

ദംശോ—'തേജോരാശിസമുത്ഭവാം' എന്നതിൽനിന്നു് ദേവിയുടെ അവയവോല്പത്തിയെ മാത്രമല്ലാതെ ദേവ്യുല്പത്തിയെ ഗ്രഹിക്കരുതു്. അങ്ങനെ ഗ്രഹിക്കുന്നപക്ഷം ബ്രഹ്മാദികൾ ദേവ്യധീനന്മാരാണെന്നു മുൻപു പറഞ്ഞിട്ടുള്ളതിനു വിരോധവും, നിത്യയായ ദേവിക്കു് ഇവിടെ ഉല്പത്തിയെ സ്ഥാപിക്കുന്നപക്ഷം അനിത്യതവും സംഭവിക്കുന്നതാകുന്നു.

ജഗ—തതഃ സമസ്ത......മഹിഷാർദ്ദിതാ സ്വാഹാ ൧൯

൨൦. ശൂലം ശൂലാദ്വിനിഷ്കൃഷ്യ ദദൗ തസ്യൈ പിനാകധൃക്
ചക്രം ച ദത്തവാൻ കൃഷ്ണഃ സമുൽപാട്യ സ്വചക്രതഃ. ൨൧

പിനാകധൃക്	= ശിവൻ
ശൂലാൽ ശൂലം	= ശൂലത്തിൽനിന്നു് ശൂലത്തെ
വിനിഷ്കൃഷ്യ തസ്യൈ ദദൗ	= ആകർഷിച്ചിട്ടു് ആദേവിക്കു കൊടുത്തു.
കൃഷ്ണഃ സ്വചക്രതഃ	= വിഷ്ണു തന്റെ ചക്രത്തിൽനിന്നു്
ചക്രം ച സമുല്പാട്യ	= ചക്രത്തേയും വലിച്ചെടുത്തിട്ടു്
ദത്തവാൻ	= കൊടുത്തു.

ശിവൻ തന്റെ ശൂലത്തിൽനിന്നു് ശൂലത്തെയും, വിഷ്ണു തന്റെ ചക്രത്തിൽനിന്നു ചക്രത്തെയും ആകർഷിച്ചു് എടുത്തു ആ ദേവിക്കു കൊടുത്തു.

ഗുപ്ത—"ശൂലം ശൂലാൽ" എന്ന ശ്ലോകത്തിനു മുമ്പിൽ,

"തതോ ദേവാ ദദുസ്തസ്യൈ സ്വാനി സ്വാന്യായുധാനി ച"

എന്ന അർദ്ധശ്ലോകം കൂടിച്ചേർത്തു് ചിലർ പാഠം ചെയ്യുന്നുണ്ടു്. 'ചക്രം ച' എന്നതിലെ 'ച'കാരംകൊണ്ടു് ഗദയെക്കൂടിക്കൊടുത്തു എന്നു താല്പര്യം. ഗദകൂടി ചേർന്നാൽമാത്രമേ ദേവിയുടെ പതിനെട്ടു് ആയുധങ്ങൾ പൂർത്തിയാകുകയുള്ളൂ, എന്നു് വൈകൃതികരഹസ്യത്തിൽ പറയുന്നു.

---

* ഇങ്ങനെ ഒരു ശ്ലോകംകൂടി ൧൯-ാം ശ്ലോകം കഴിഞ്ഞു് ശാന്തനവീവ്യാഖ്യാതാവുമാത്രം സ്വീകരിച്ചിട്ടുള്ളതാകുന്നു.

ചതു—വിനിഷ്കൃഷ്യ = വലിച്ചെടുത്തിട്ടു്. പിനാകധൃക് = മഹാദേവൻ. സ്വചക്രതഃ = തന്റെ സുദർശനചക്രത്തിൽനിന്നു്. സമുൽപാദ്യ = ജനിപ്പിച്ചിട്ടു്. "സമുൽപാദ്യ" എന്നും പാഠം ഉണ്ടു്.

ശാന്ത—ദേവായുധങ്ങൾ, മന്ത്രധ്യാനവശംവദകളായ ദേവതകളുടെ ആകൃതികളോടും അത്യത്ഭുതശക്തികളോടുംകൂടിയവകളാണു്.

ശൂലാൽ = ശൂലായുധദേവതയിൽനിന്നു്. വിനിഷ്കൃഷ്യ = ആകർഷിച്ചിട്ടു്. പിനാകധൃക് = പിനാകി = ശിവൻ. ശൂലം = സ്വശൂലസദൃശമായ മറ്റൊരു ശൂലം,

ആയുധാധിദേവതയുടെ സാമർത്ഥ്യത്താൽ സ്വസദൃശമായ ആയുധത്തെ ജനിപ്പിക്കുന്നു. അങ്ങനെയുള്ള ആയുധത്തെ കൊടുത്തു എന്നു താല്പര്യം. സമുല്പാദ്യ = ആകർഷിച്ചിട്ടു്.

എപ്രകാരം ദേവന്മാരുടെ തേജസ്സുകളിൽനിന്നു് തേജോമയിയായിരിക്കുന്ന ദേവി ഉത്ഭവിച്ചുവോ അപ്രകാരം അവരുടെ ആയുധങ്ങളിൽനിന്നുതന്നെ ദേവിയുടെ ആയുധങ്ങളും ഉണ്ടായി എന്നതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ.

ജഗ — ശൂലം ശൂലാ.........സ്വചക്രതഃ സ്വാഹാ ൧൦

൧൧. ശംഖം ച വരുണഃ ശക്തിം ദദൗ തസ്യൈ ഹുതാശനഃ
മാരുതോ ദത്തവാംശ്ചാപം * ബാണപൂർണ്ണേ തഥേഷുധീ. ൧൧

വരുണഃ ശംഖം	= വരുണൻ ശംഖത്തെയും
ഹുതാശനഃ ശക്തിം ച	= അഗ്നി വേലിനേയും
തസ്യൈ ദദൗ	= ആ ദേവിക്കു് കൊടുത്തു.
മാരുതഃ ചാപം	= മാരുതൻ വില്ലും
തഥാ ബാണപൂർണ്ണേ	= അപ്രകാരംഅമ്പുകൾകൊണ്ടുനിറഞ്ഞി- [രിക്കുന്ന
ഇഷുധീ ദത്തവാൻ	= ആവനാഴികളും കൊടുത്തു.

ആ ദേവിക്കു് വരുണൻ ശംഖത്തേയും, അഗ്നി വേലിനേയും, വായു ഭഗവാൻ, വില്ലും ബാണങ്ങൾ നശിക്കാത്ത ആവനാഴികളും കൊടുത്തു.

ഗുപ്ത—ഇഷുധീ=തൂണീരങ്ങൾ.

ചതു—ചാപം=ധനുസ്സ്. ബാണപൂർണ്ണേ=ഒടുങ്ങാത്ത ബാണങ്ങളോടുകൂടിയ. ഇഷുധി=തൂണീരങ്ങൾ=അമ്പുറകൾ.

"തൂണോപാസംഗതൂണീരനിഷംഗാ ഇഷുധിർദ്വയോഃ"

(എന്നു് അമരം)

---

* "ബാണപൂർണ്ണൗ" എന്നും പാഠമുണ്ടു്.

ശാന്ത—വരുണൻ ആ ദേവിക്കു് ശംഖത്തെ കൊടുത്തു. അഗ്നി, ശക്തി എന്ന ആയുധവിശേഷത്തെ കൊടുത്തു. ഇവിടെ ശംഖിൽനിന്നു ശംഖത്തേയും ശക്തിയിൽനിന്നു് ശക്തിയേയും ആകൎഷിച്ചു കൊടുത്തു എന്നു താല്പൎയ്യം. വായുഭഗവാൻ ആ ദേവിക്കു് വില്ലിനേയും അതുപോലെതന്നെ ബാണങ്ങൾ നിറഞ്ഞിരിക്കുന്ന രണ്ടു് അമ്പുറകളേയും കൊടുത്തു. ആ അമ്പുറകൾ അക്ഷയബാണപൂൎണ്ണങ്ങളാകുന്നു.

രണ്ടു് അമ്പുറകൾ എന്നു പറഞ്ഞിരിക്കുന്നതു് ശ്രീദേവിക്കു് ഇടതുകൈകൊണ്ടും വലതുകൈകൊണ്ടും ശരംപ്രയോഗിക്കുന്നതിനു് സാമത്ഥ്യമുണ്ടു് എന്നു സൂചിപ്പിച്ചാകുന്നു.

നാഗോ—വരുണനിൽനിന്നു് ശംഖും അഗ്നിയിൽനിന്നു്. ശക്തിയും വായുവിൽനിന്നു് ചാപബാണങ്ങളും ലഭിച്ചു എന്നത്ഥം.

'ശംഖം ച' എന്നതിലെ 'ച'കാരം 'മേൽ പറയാൻ പോകുന്ന പാശത്തേയും കൊടുത്തു' എന്നു സൂചിപ്പിച്ചായിരിക്കാം.

ദംശോ—ഇഷുധീ=ഇഷുക്കളെ=ബാണങ്ങളെ=ധരിക്കുന്നവ. ദ്വിവചനപ്രയോഗം സവ്യാപസവ്യമായ ബാണാകഷണത്തെ സൂചിപ്പിക്കുന്നു.

ജഗ—ശംഖം ച.........തഥേഷു ധീ സ്വാഹാ വഹ

വഹ. വജ്രമിന്ദ്രഃ സമുൽപാട്യ കുലിശാദമരാധിപഃ
ദദൗ തസ്യൈ സഹസ്രാക്ഷോ ഘണ്ടാമൈരാവതാൽ ഗജാൽ൧൨

അമരാധിപഃ	= ദേവകളുടെ രാജാവായ
സഹസ്രാക്ഷഃ ഇന്ദ്രഃ	= ആയിരം കണ്ണുകളോടുകൂടിയ ഇന്ദ്രൻ
കുലിശാൽ വജ്രം	= വജ്രായുധത്തിൽനിന്നു് വജ്രത്തെയും
ഐരാവതാൽ ഗജാൽ	= ഐരാവതം എന്ന ആനയിൽനിന്നു്
ഘണ്ടാം സമുല്പാട്യ	= മണിയേയും ആകഷിച്ചിട്ടു്
തസ്യൈ ദദൗ	= ആ ദേവിക്കു കൊടുത്തു.

ദേവരാജാവായി സഹസ്രാക്ഷനായിരിക്കുന്ന ഇന്ദ്രൻ, വജ്രായുധത്തിൽനിന്നു് വജ്രവും, ഐരാവതഗജത്തിൽനിന്നു് മണിയും, ആകഷിച്ചെടുത്തു് ആ ദേവിക്കു കൊടുത്തു.

ചതു—'സമുല്പാട്യ' എന്നതു് അടുത്ത ശ്ലോകത്തിലുള്ള 'കാലദണ്ഡാൽ' എന്നതിലും ചേക്കണം.

ശാന്ത—അമരാധിപനായി, സഹസ്രാക്ഷനായിരിക്കുന്ന ശചീപതി, വജ്രായുധത്തിൽനിന്നു് വജ്രത്തേയും സ്വൎഗ്ഗഗജത്തിൽനിന്നു് മണിയേയും ആകർഷിച്ചെടുത്തു് ആ ദേവിക്കു് കൊടുത്തു.

അമരാധിപത്വം, സഹസ്രാക്ഷത്വം, ഇന്ദ്രത്വം വേറേയും ഉള്ളതു കൊണ്ടാണു് ഇവിടെ 'അമരാധിപനായി സഹസ്രാക്ഷനായി ഇരിക്കുന്ന ഇന്ദ്രൻ' എന്നു് പ്രയോഗിച്ചതു്.

ജഗ—വജ്രമിന്ദ്രഃ.....ഗജാൽ സ്വാഹാ ൨൨

൨൨. കാലദണ്ഡാദ്യമോ ദണ്ഡം പാശം ചാംബുപതിർദദൗ
പ്രജാപതിശ്ചാക്ഷമാലാം ദദൗ ബ്രഹ്മാ കമണ്ഡലും ൧൨൧

യമഃ	= അന്തകൻ
കാലദണ്ഡാൽ	= കാലദണ്ഡത്തിൽനിന്നു്
ദണ്ഡം	= കാലദണ്ഡം എന്ന ആയുധത്തേയും
അംബുപതിഃ	= വരുണൻ
പാശം ച ദദൗ	= പാശത്തേയും കൊടുത്തു.
പ്രജാപതിഃ ബ്രഹ്മാ	= സൃഷ്ടാവായ ബ്രഹ്മാവു്
അക്ഷമാലാം	= ജപമാലയേയും
കമണ്ഡലും ച ദദൗ	= ജലപാത്രത്തേയും കൊടുത്തു.

യമൻ കാലദണ്ഡത്തിൽനിന്നു് കാലദണ്ഡം എന്ന ആയുധത്തേയും, വരുണൻ പാശത്തേയും, പ്രജാപതിയായ ബ്രഹ്മാവു് ജപമാലയേയും ജലപാത്രത്തേയും, ആ ദേവിക്കു് കൊടുത്തു.

ചതു—അംബുപതിഃ=വരുണൻ

'പ്രജാപതിഃ' എന്നു് ബ്രഹ്മാവിന്റെ വിശേഷണം.

ബ്രഹ്മാവു്, ജപമാലയും, ജലപാത്രവും കൊടുത്തു എന്നു് വാമനപുരാണത്തിൽ കാണുന്നു.

ശാന്ത—അന്തകൻ, കാലദണ്ഡത്തിൽനിന്നു് ആകർഷിച്ചു് കാലദണ്ഡം എന്ന ആയുധത്തെ ആ ദേവിക്കുകൊടുത്തു. വരുണൻ പാശത്തിൽനിന്നാകർഷിച്ചു്, പാശം എന്ന ആയുധവിശേഷത്തേയും ആ ദേവിക്കു കൊടുത്തു. പ്രജാപതിയായ ബ്രഹ്മാവു് ആ ദേവിക്കു് ജപമാലയേയും ജലപാത്രത്തേയും കൊടുത്തു. 'ബ്രഹ്മാവു്' എന്നു് ഒരു വിപ്രനും, 'പ്രജാപതി' എന്നു് ഒരു മനുവും ഉള്ളതുകൊണ്ടാകുന്നു പ്രജാപതിയായ ബ്രഹ്മാവു് എന്നു് പ്രയോഗിച്ചിരിക്കുന്നതു്.

"വേദസ്തത്വം തപോ ബ്രഹ്മ ബ്രഹ്മ" വിപ്രഃ പ്രജാപതിഃ (എന്നു്)

ഇവിടെ 'വിധാതാ' എന്നർത്ഥം.

നാഗോ—കാലദണ്ഡാൽ=കാലദണ്ഡത്തിൽനിന്നു് — 'ആകർഷിച്ചു' എന്നു ചേർക്കണം.

ദംശോ—'പ്രജാപതി' എന്നു് ദക്ഷനേയും പറയാം. അതു കൊണ്ടു ബ്രഹ്മാ എന്നുകൂടി ചേർത്തിരിക്കുന്നു.

ജഗ—കാലദണ്ഡാദ്യ......കമണ്ഡലും സ്വാഹാ ൩൨

൩൨. സമസ്തരോമകൂപേഷു നിജരശ്മീൻ ദിവാകരഃ
കാലശ്ച ദത്തവാൻ ഖഡ്ഗം തസ്യാശ്ചർമ്മ ച നിർമ്മലം. ൧൨൮

ദിവാകരഃ = സൂര്യൻ
സമസ്തരോമകൂപേഷു = സകലരോമകൂപങ്ങളിലും
നിജരശ്മീൻ = തന്റെ രശ്മികളേയും
കാലഃ ച = കാലനും
തസ്യാഃ = ആ ദേവിക്കു്
ഖഡ്ഗം = വാളിനേയും
നിർമ്മലം ചർമ്മ ച ദത്തവാൻ= ദീപ്തിമത്തായ പരിചയേയും കൊടുത്തു.

സൂര്യഭഗവാൻ സമസ്തരോമകൂപങ്ങളിലും തന്റെ രശ്മികളേയും, കാലൻ ഖഡ്ഗത്തേയും ദീപ്തിമത്തായ പരിചയേയും ആ ദേവിക്കു കൊടുത്തു.

ചതു — കാലഃ = നിമിഷാദികാലങ്ങളുടെ അഭിമാനിനിയായ ദേവത. നിർമ്മലം = പ്രദീപ്തം.

"ബഹുലം ഛന്ദസി" എന്ന ന്യായപ്രകാരം ഛന്ദസ്സിൽ ചതുർത്ഥിക്കുപകരം ഷഷ്ഠി പ്രയോഗിക്കാറുണ്ടു്. അതനുസരിച്ചു് 'തസ്യൈ' എന്ന ചതുർത്ഥിക്കുപകരം ഇവിടെ 'തസ്യാഃ' എന്ന ഷഷ്ഠി പ്രയോഗിച്ചിരിക്കുന്നു.

ശാന്ത—സൂര്യഭഗവാൻ ആത്മീയങ്ങളായ കിരണങ്ങളെ ആ ദേവിയുടെ സമസ്തരോമകൂപങ്ങളിലും നിക്ഷേപിച്ചു. യമൻ ആ ദേവിക്കു് നിർമ്മലമായ ഖഡ്ഗത്തേയും, നിർമ്മലമായ പരിചയേയും കൊടുത്തു.

ചർമ്മം = അംഗരക്ഷണസാധനമായ പലക.

അതു് തുകൽകൊണ്ടു് മൂടിയതാകയാൽ ചർമ്മം എന്നു പറയുന്നു. 'ഫലകോƒസ്ത്രീ ഫലം ചർമ്മ,' എന്നഭിധാനം.

ദംശോ—'തസ്യാശ്ചർമ്മ' എന്ന ദിക്കിൽ, തസ്യ, ആഃ, ചർമ്മ എന്നു പദച്ഛേദം.

അതിനു്—തസ്യ = ആ വാളിനു്, ആഃ = അനുരൂപമായ, ചർമ്മ = പരിച—എന്നർത്ഥം.

വാളും അതിനനുരൂപമായ പരിചയുംകൊടുത്തു എന്നു താല്പര്യം.
"തസ്യൈ ചർമ്മ" എന്ന പാഠം സുഗമമാകുന്നു.

ജഗ—സമസ്തരോമ......നിർമ്മലം സ്വാഹാ ൩൩

൩൩. ക്ഷീരോദശ്ചാമലം ഹാരമജരേ ച തഥാംബരേ

ക്ഷീരോദഃ അമലം ഹാരം ച = പാല്ക്കടൽ നിൎമ്മലമായ മുത്തുമാലയും
തഥാ അജരേ അംബരേ ച = അപ്രകാരം നശിക്കാത്തതായ വസ്ത്ര
ങ്ങളും (കൊടുത്തു)

പാലാഴി, നിൎമ്മലമായ മുത്തുമാലയും, അതുപോലെ നശിക്കാത്ത വയും നിത്യനൂതനങ്ങളുമായ വസ്ത്രങ്ങളും ആ ദേവിക്കുകൊടുത്തു.

ചതു:—അജരേ=ഒരിക്കലും നശിക്കാത്തവ, നിത്യനൂതനങ്ങളായവ.

ശാന്ത—പാൽക്കടൽ—അതിൻെറ അധിദേവത—നിൎമ്മലമായ മുത്തുമാലയേയും അപ്രകാരംതന്നെ ജീൎണ്ണിക്കാത്തതായി എന്നും പുതുതായി ഇരിക്കുന്ന വസ്ത്രങ്ങളേയും ആ ദേവിക്കുകൊടുത്തു.

ചൂഡാമണിം തഥാ ദിവ്യം കുണ്ഡലേ കടകാനി ച. ൱൨൯
൨൯. * അൎദ്ധചന്ദ്രം തഥാ ദിവ്യം കേയൂരാൻ സൎവ്വബാഹുഷു
നൂപുരൌ വിമലൌ തദ്വൽ ഗ്രൈവേയകമനുത്തമം. ൱൩൦
൩൦. അംഗുലീയകരത്നാനി സമസ്താസ്വംഗുലീഷു ച
വിശ്വകൎമ്മാ ദദൌ തസ്യൈ പരശ്വും ചാതിനിൎമ്മലം. ൱൩൧
൩൧. അസ്ത്രാണ്യനേകരൂപാണി തഥാഭേദ്യം ച ദംശനം

വിശ്വകൎമ്മാ തസ്യൈ	= ദേവശില്പി ആ ദേവിക്ക്
ദിവ്യം ചൂഡാമണിം	= ദിവ്യമായ ശിരോരത്നവും
തഥാ കുണ്ഡലേ കടകാനി ച	= അപ്രകാരം കുണ്ഡലങ്ങളും വളകളും
തഥാ ദിവ്യം അൎദ്ധചന്ദ്രം	= അപ്രകാരം ശുഭ്രമായ അൎദ്ധചന്ദ്രവും
സൎവ്വബാഹുഷു കേയൂരാൻ	= എല്ലാ കൈകളിലും തോൾവളകളും
തദ്വൽ	= അതുപോലെ
വിമലൌ നൂപുരൌ	= നിൎമ്മലങ്ങളായ കാൽച്ചിലമ്പുകളും
അനുത്തമം ഗ്രൈവേയകം	= അത്യുത്തമമായ കണ്ഠാഭരണവും
സമസ്താസു അംഗുലീഷു	= സകലവിരലുകളിലും
അംഗുലീയകരത്നാനി ച	= ശ്രേഷ്ഠങ്ങളായ അംഗുലീയങ്ങളേയും
അതിനിൎമ്മലം പരശ്വും ച	= ഏററവും നിൎമ്മലമായ കോടാലിയും
അനേകരൂപാണി അസ്ത്രാണി	= പലപ്രകാരത്തിലുള്ള അസ്ത്രങ്ങളും
തഥാ	= അപ്രകാരം
അഭേദ്യം	= മുറിക്കാൻ പാടില്ലാത്ത
ദംശനം ച ദദൌ	= കവചവും കൊടുത്തു.

ദേവശില്പിയായ വിശ്വകൎമ്മാവ് ആ ദേവിക്ക് ദിവ്യമായ ശിരോരത്നവും, കുണ്ഡലങ്ങളും, വളകളും, ശുഭ്രമായ അൎദ്ധചന്ദ്രവും, എല്ലാ

* "അൎദ്ധചന്ദ്രം തഥാ ശുഭ്രം" എന്നും പാഠമുണ്ട്.

കൈകളിലും തോൾവളകളും, നിൎമ്മലങ്ങളായ കാൽച്ചിലമ്പുകളും, അത്യുത്തമമായ കണ്ഠാഭരണവും, എല്ലാവിരലുകളിലും ശ്രേഷ്ഠങ്ങളായ മോതിരങ്ങളും, ഏററവും നിൎമ്മലമായ കോടാലിയും, പലവിധത്തിലുള്ള അസ്ത്രങ്ങളും, മുറിക്കാൻപാടില്ലാത്ത കവചവും കൊടുത്തു

ചതു—കടകങ്ങൾ = വലയങ്ങൾ. കേയൂരാൻ = തോൾവളകളെ. നൂപുരൗ = ഹംസകടകങ്ങളെ = പാദസരങ്ങളെ. ഗ്രൈവേയകം = കണ്ഠത്തിൽ ധരിക്കുന്ന ആഭരണം. അനുത്തമം = യാതൊന്നിൽനിന്ന് ഉത്തമമായി വേറേ ഒന്നില്ലയോ അതു്. അനേകരൂപാണി = പലവിധത്തിലുള്ള. അഭേദ്യം = മുറിക്കുവാൻ പാടില്ലാത്തതു്. ദംശനം = ചട്ട.

ശാന്ത—ചൂഡാമണി എന്നു മുതൽ മൂന്നു ശ്ലോകത്തിലെ കൎത്താവും ഒന്നുതന്നെയാകുന്നു.

ദേവശില്പി ദിവ്യമായ ശിരോരത്നവും, കുണ്ഡലങ്ങളും, വളകളും, ശുഭ്രമായ അൎദ്ധചന്ദ്രനെപ്പോലെയുള്ള നെററിപ്പട്ടവും, എല്ലാ കൈകളിലേക്കും തോൾവളകളും, നിൎമ്മലങ്ങളായ പാദസരങ്ങളും, അത്യുത്തമമായകണ്ഠാഭരണവും, എല്ലാവിരലുകൾക്കും ശ്രേഷ്ഠങ്ങളായ മോതിരങ്ങളും, അതിനിൎമ്മലമായ കഠാരവും, പലവിധത്തിലുള്ള അസ്ത്രങ്ങളും അതുപോലെതന്നെ മുറിക്കാൻ പാടില്ലാത്ത ചട്ടയും ആ ദേവിക്കു കൊടുത്തു.

വിശ്വകൎമ്മാ = ദേവശില്പി
ദിവ്യം = സ്വൎഗ്ഗത്തിൽ ഉണ്ടായതു്.

സമസ്താസു അംഗുലിഷു അംഗുലീയകരത്നാനി = സകലവിരലുകളിലും ഉപയോഗിക്കുവാൻ യോഗ്യങ്ങളായ അംഗുലീയകരത്നങ്ങളെ, അംഗുലീയകങ്ങൾ = വിരലുകളിൽ ഉപയോഗിക്കുന്നവ—മോതിരങ്ങൾ. രത്നങ്ങൾ = ശ്രേഷ്ഠങ്ങൾ.

"രത്നം സ്വജാതിശ്രേഷ്ഠേപി" എന്നും

"ജാതൗ ജാതൗ യദുൽകൃഷ്ടം തദ്രത്നമഭിധീയതേ" എന്നും ഉള്ള പ്രമാണപ്രകാരം, അതാതുവൎഗ്ഗത്തിൽ ഗുണംഹേതുവായിട്ടു് ശ്രേഷ്ഠങ്ങളായോ മനോഹരങ്ങളായോ ഇരിക്കുന്ന വസ്തുക്കളെ 'രത്നങ്ങൾ' എന്നു പറയപ്പെടുന്നു.

അല്ലെങ്കിൽ അംഗുലീയകങ്ങളും രത്നങ്ങളും എന്നു് ദ്വന്ദ്വസമാസമായിട്ടും എടുക്കാം.

പരശ്വ = ശത്രുക്കളെ ഖണ്ഡിക്കുന്ന ആയുധം.

'അനേകരൂപാണി അസ്ത്രാണി' എന്നു പറഞ്ഞതുകൊണ്ടു് ദേവന്മാരാൽ കൊടുക്കപ്പെട്ട ശൂലചക്രാദികളിൽനിന്നു് അന്യങ്ങളായ അസ്ത്രങ്ങൾ എന്നു താല്പൎയ്യം.

നാഗോ—'ചൂഡാമണി' മുതൽ 'കവചം'വരെയുള്ളതിന്റെ ദാനകർത്താവു് വിശ്വകർമ്മാവാകുന്നു.

അർദ്ധചന്ദ്രം = അർദ്ധചന്ദ്രാകാരത്തിലുള്ള ലലാടഭൂഷണവിശേഷം.

ജഗ—ക്ഷീരോദശ്യാമലം......കടകാനി ച സ്വാഹാ ൨൫

അർദ്ധചന്ദ്രം......അനുത്തമം സ്വാഹാ ൨൬

അംഗുലീയക......നിർമ്മലം സ്വാഹാ ൨൭

അമ്ലാനപങ്കജാം മാലാം ശിരസ്യുരസി ചാപരാം. ൧൩൨

൨൮. അദദജ്ജലധിസ്തസ്യൈ പങ്കജഞ്ചാതിശോഭനം

ഹിമവാൻ വാഹനം സിംഹം രത്നാനി വിവിധാനി ച. ൧൩൩

ജലധിഃ തസ്യൈ	= സമുദ്രം ആ ദേവിക്കു്
ശിരസി ഉരസി ച	= തലയിലും മാറിലും
അപരാം	= വെവ്വേറെ
അമ്ലാനപങ്കജാം മാലാം	= വാടാത്ത താമരപ്പൂക്കളെ കൊണ്ടുണ്ടാക്കപ്പെട്ട ഓരോ മാലയും
അതിശോഭനം പങ്കജം ച	= അതിമനോഹരമായ താമരപ്പൂവും
ഹിമവാൻ	= ഹിമവാൻപർവ്വതം
സിംഹം വാഹനം	= സിംഹവാഹനത്തെയും
വിവിധാനി രത്നാനി ച	= പലതരത്തിലുള്ള രത്നങ്ങളെയും
അദദൽ	= കൊടുത്തു.

സമുദ്രം ആ ദേവിക്കു്, ശിരസ്സിലും മാറിലും ഒരിക്കലും വാടാത്ത ഓരോ പങ്കജമാലയും, അതിമനോഹരമായ താമരപ്പൂവും, ഹിമവാൻ സിംഹവാഹനവും, പലവിധത്തിലുള്ള രത്നങ്ങളും കൊടുത്തു.

ശാന്ത—സമുദ്രം ആ ദേവിക്കു്, ശിരസ്സിലും ഉരസ്സിലും വെവ്വേറെ വാടാത്ത പങ്കജമാലകളും, അതിമനോഹരമായ ലീലാരവിന്ദവും കൊടുത്തു. ഹിമവാൻ ആ ദേവിക്കു്, സിംഹവാഹനത്തേയും, നാനാപ്രകാരത്തിലുള്ള രത്നങ്ങളേയും കൊടുത്തു.

അമ്ലാനപങ്കജാം = ഒരിക്കലും വാടാത്ത താമരപ്പൂക്കളെക്കൊണ്ടുണ്ടാക്കിയ.

അപരാം = യാതൊന്നിൽനിന്നു് പരമായി = ശ്രേഷ്ഠമായി വേറെ ഒന്നു് ഇല്ലയോ അതു്. അല്ലെങ്കിൽ യാതൊന്നിനെ ധരിച്ചുകൊണ്ടിരിക്കുമ്പോൾ. പരന്മാർ = ശത്രുക്കൾ ഇല്ലാതെ ആകുന്നുവോ അതു്. അല്ലെങ്കിൽ യാതൊരു ദേവിയിൽത്തന്നെ സദാ ചേർന്നിരിക്കുന്നുവോ അതു്. അല്ലെങ്കിൽ—ശിരസ്സിലും ഉരസ്സിലും വെവ്വേറെ ഉള്ളതു്.

നാഗോ—൨൭-ാം ശ്ലോകത്തിലെ ഉത്തരാർദ്ധത്തിനും ൨൮-ാം ശ്ലോകത്തിലെ പൂർവാർദ്ധത്തിനും കർത്താവു് 'ജലധി'യാകുന്നു.

ഭാം—'അദദാൽ' എന്നു് ആത്മനേപദപ്രയോഗത്തിനു പകരം 'അദദൽ' എന്നു് പരസ്മൈപദപ്രയോഗം ആർഷമാകയാൽ സമ്മതിക്കേണ്ടതാണു്.

ജഗ—അസ്ത്രാണ്യനേകരൂപാണി......ചാപരാം സ്വാഹാ ൨൭

അദദജ്ജലധിസ്തസ്യ......വിവിധാനിച സ്വാഹാ ൨൮

൨൮. ദദാവശൂന്യം സുരയാ പാനപാത്രം ധനാധിപഃ
ശേഷശ്ച സർവനാഗേശോ മഹാമണിവിഭൂഷിതം. ൧൩൪

൩൦. നാഗഹാരം ദദൌ തസ്യൈ ധത്തേ യഃ പൃഥിവീമിമാം

ധനാധിപഃ	= വൈശ്രവണൻ
സുരയാ	= മധുകൊണ്ടു്
അശൂന്യം പാനപാത്രം	=പരിപൂർണ്ണമായിരിക്കുന്നപാനപാത്രവും
യഃ ഇമാം പൃഥിവീം ധത്തേ	= യാതൊരുത്തൻ ഈ ഭൂമിയെ ധരിക്കുന്നുവോ
സർവ്വനാഗേശഃ	= സകലനാഗങ്ങളുടേയും അധിപനായ
ശേഷഃ	= ആ അനന്തൻ
മഹാമണിവിഭൂഷിതാ	= ഉത്തമരത്നങ്ങളെക്കൊണ്ടു് അലങ്കരിക്കപ്പെട്ട
നാഗഹാരം	= നാഗഹാരവും
തസ്യൈ ദദൌ	= ആ ദേവിക്കു് കൊടുത്തു.

വൈശ്രവണൻ, സുധകൊണ്ടു് സർവദാ പരിപൂർണ്ണമായിരിക്കുന്ന പാനപാത്രവും, ഈ ഭൂമിയെ ധരിക്കുന്നവനും, സകലനാഗങ്ങളുടേയും അധിപനും ആയ അനന്തൻ ശ്രേഷ്ഠങ്ങളായ രത്നങ്ങളെക്കൊണ്ടു് അലങ്കരിക്കപ്പെട്ട നാഗഹാരവും ആ ദേവിക്കു കൊടുത്തു.

ചതു—സുരയാ = അമൃതുകൊണ്ടു്. അശൂന്യം = നിറഞ്ഞതു്. നാഗഹാരം = നാഗലോകത്തിൽ ഉണ്ടായ മുത്തുമാല.

ശാന്ത—ധനാധിപഃ = കുബേരൻ. അശൂന്യം = സർവദാ പരിപൂർണ്ണം. സുധാ = അതിസുഗന്ധത്തോടുകൂടിയ ഒരുവക മദ്യം.

ശേഷഃ = അനന്തൻ. നാഗഹാരം = നാഗരൂപമായ ഹാരം. ഹാരം = മുത്തുമാല. നാഗങ്ങൾ സർപ്പങ്ങളിൽനിന്നും അന്യങ്ങളായ ഒരുവക ദേവയോനികളാകുന്നു. "അനന്തോ നാഗരാജസ്സ്യാൽ സർപ്പരാജസ്തു വാസുകിഃ" (എന്നു്)

നാഗോ—ശ്രീദേവി പതിനെട്ടുകൈകളോടുകൂടിയവളും, ആയിരം കൈകളോടുകൂടിയവളും ആണെന്നു് സൂചിപ്പിച്ചിരിക്കുന്നു.

"അഷ്ടാദശഭുജാ പൂജ്യാ സാ സഹസ്രഭുജാ സതീ"

(എന്നു് വൈകൃതികരഹസ്യം)

"പതിനെട്ടുകൈകളിൽ ധരിക്കേണ്ട ആയുധങ്ങളെ കൊടുത്തു" എന്നു് വിശേഷമായും, 'മററു ദേവന്മാർ ആയുധങ്ങളേയും ഭൂഷണങ്ങളേയും കൊടുത്തു' എന്നു് സാമാന്യമായും പറഞ്ഞിരിക്കുന്നു.

"ആയുധാന്യത്ര വക്ഷ്യന്തേ ദക്ഷിണാധഃകരക്രമാൽ
അക്ഷമാലാ ച കമലം ബാണോസിഃ കുലിശം ഗദാ
ചക്രം ത്രിശൂലം പരശുഃ ശംഖോ ഘണ്ടാ ച പാശകഃ
ശക്തിർദണ്ഡശ്ചർമ്മ ചാപം പാനപാത്രം കമണ്ഡലുഃ
അലംകൃതഭുജാമേഭിരായുധൈഃ കമലാസനാം
സർവ്വദേവമയീമീശാം മഹാലക്ഷ്മീമിമാം നൃപ!
പൂജയേൻ സർവ്വലോകാനാം സദേവാനാം പ്രഭുർഭവേൽ.

(എന്നു് വൈകൃതികരഹസ്യം)

അതുകൊണ്ടു് ഈ ദേവി ബ്രാഹ്മിയാണെന്നും, വൈഷ്ണവിയാണെന്നും, ത്രിഗുണങ്ങളോടുകൂടിയവളാണെന്നും, മൂലശക്തിയുടെ അവതാരമാണെന്നും വെളിപ്പെടുന്നു. അതുകൊണ്ടാണു് ഇവിടെ ബ്രഹ്മാദികളുടേയും, ഇന്ദ്രാദികളുടേയും, ശരീരത്തിൽനിന്നുണ്ടായ തേജസ്സു് ദേവീവിഗ്രഹരൂപമായി പ്രത്യക്ഷപ്പെട്ടു എന്നും, ആ ദേവന്മാരാൽ തന്നെ അവരവരുടെ ആയുധങ്ങളിൽനിന്നു് ആകർഷിച്ചു് ആയുധങ്ങളും കൊടുക്കപ്പെട്ടു എന്നും പറഞ്ഞിരിക്കുന്നതു്.

ജഗൽകാര്യനിർവ്വഹണത്തിനായി ഏകദേശശക്തിരൂപേണ ദേവിതന്നെ അംശങ്ങളായി പരിണമിച്ചിരിക്കുന്ന അതാതുദേവന്മാർ, മഹിഷവധംകൊണ്ടു് ലോകരക്ഷയെ ചെയ്യുന്നതിനായി, ഒന്നായിച്ചേർന്നു് ദേവീരൂപത്തെ പ്രാപിച്ചു. ഇതുപോലെതന്നെ അവരുടെ ആയുധങ്ങളും ദേവീശക്ത്യംശങ്ങൾതന്നെയാകുന്നു "അഹം വിഭൂത്യാ ബഹുഭിഃ" എന്നു് തൃതീയചരിത്രത്തിലും,

"മഹാലക്ഷ്മീരഹം ശക്ര! പുനഃ സ്വായംഭുവേ/ന്തരേ
ഹിതായ സർവ്വദേവാനാം ജാതാ മഹിഷമർദ്ദിനീ
മദീയാഃ ശക്തിലേശാ യേ തത്ര ദേവശരീരഗാഃ
ധൃതം മയാ തൈഃ സംഭൂതൈഃ രൂപം പരമശോഭനം
ആയുധാനി ച ദേവാനാം യാനി യാനി സുരേശ്വര!
മച്ഛക്തയസ്തദാകാരാണ്യായുധാനി മമാഭവൻ"

എന്നു് ലക്ഷ്മീതന്ത്രത്തിലും പറഞ്ഞിരിക്കുന്നു.

ദംശോ—നാഗഹാരം = നാഗമാകുന്ന ഹാരം.

ജഗ—ദദാവശൂന്യം......വിഭൂഷിതം സ്വാഹാ ൩൦

അന്യൈരപി സുരൈർദ്ദേവി ഭൂഷണൈരായുധൈസ്തഥാ ൧൩൭

൩൮. സമ്മാനിതാ നനാദോച്ചൈസ്സാട്ടഹാസം മുഹുർമ്മുഹുഃ
തസ്യാ നാദേന ഘോരേണ കൃത്സ്നമാപൂരിതം നഭഃ ൧൩൬

ദേവീ അന്യൈഃ സുരൈഃ അപി	= ദേവി മററുള്ള ദേവന്മാരാലും
തഥാ	= അപ്രകാരം
ഭൂഷണൈഃ	= ഭൂഷണങ്ങളെക്കൊണ്ടും
ആയുധൈഃ	= ആയുധങ്ങളെക്കൊണ്ടും
സമ്മാനിതാ	= സമ്മാനിക്കപ്പെട്ടവളായിട്ടു്
മുഹുഃ മുഹുഃ ഉച്ചൈഃ	= പിന്നെയും പിന്നെയും ഉച്ചത്തിൽ
സാട്ടഹാസം നനാദ	= അട്ടഹാസത്തോടുകൂടുംവണ്ണംഅലറി
തസ്യാഃ ഘോരേണ നാദേന	= ദേവിയുടെ ഭയങ്കരമായ നാദത്താൽ
നഭഃ കൃത്സ്നം ആപൂരിതം	= ആകാശം മുഴുവനും നിറയ്ക്കപ്പെട്ടു.

ദേവി മററുള്ള ദേവന്മാരാലും, അപ്രകാരം ഭൂഷണങ്ങളേയും ആയുധങ്ങളേയുംകൊണ്ടു് സമ്മാനിതയായിട്ടു് വീണ്ടും വീണ്ടും ഉച്ചത്തിൽ അട്ടഹാസം ചെയ്തു. ദേവിയുടെ ഭയങ്കരമായ ആ നാദത്താൽ ആകാശം മുഴുവനും നിറഞ്ഞു.

ചതു—സാട്ടഹാസം = വലിയ ചിരിയോടുകൂടി, കൃത്സ്നം = അശേഷം. നഭഃ = ആകാശം = ഭുവർലോകം എന്നു താല്പര്യം.

ആപൂരിതം=നിറയ്ക്കപ്പെട്ടതു്.

ശാന്ത—മററുള്ള ദേവന്മാരും, സർവാഭരണങ്ങളും, സർവായുധങ്ങളും കൊടുത്തതുകൊണ്ടു് പൂജിതയായ ദേവി, അത്യധികഹാസത്തോടുകൂടി ഉച്ചത്തിൽ പിന്നെയും പിന്നെയും ശബ്ദിച്ചു. ദേവിയുടെ ആ ഘോരമായ സിംഹനാദംകൊണ്ടു് ആകാശംമുഴുവനും കമ്പിളികരിക്കപ്പെട്ടു

ആനന്ദംഹേതുവായിട്ടുണ്ടായിരിക്കുന്ന ഈ സിംഹനാദം, തന്റെ ശത്രുക്കളെ യുദ്ധത്തിൽ താൻ സംഹരിക്കുമെന്നുള്ള വീരരസാവിർഭാവത്തെ സൂചിപ്പിച്ചാകുന്നു.

യോദ്ധുകാമന്മാരായ വീരന്മാർ സാധാരണ സിംഹനാദം ചെയ്യുന്നതു് പതിവാകുന്നു.

ജഗ—നാഗഹാരം......രായുധൈസ്തഥാ സ്വാഹാ ൩൮
സമ്മാനിതാ......മാപൂരിതം നഭഃ സ്വാഹാ ൩൯

൩൯. അമായതാതിമഹതാ പ്രതിശബ്ദോ മഹാനഭൂൽ
ചുക്ഷുഭുഃ സകലാ ലോകാഃ സമുദ്രാശ്ച ചകമ്പിരേ. ൧൩൭

അമായതാതിമഹതാ	= അളവററതും അതിമഹത്തുമായ ആ നാദത്താൽ

മഹാൻ പ്രതിശബ്ദഃ അഭൂൽ = വലുതായ പ്രതിധ്വനി ഉണ്ടായി.
സകലാഃ ലോകാഃ ചുക്ഷുഭുഃ = സമസ്തങ്ങളായ ഭുവനങ്ങളും കലുങ്ങി
സമുദ്രാഃ ച ചകമ്പിരേ = സമുദ്രങ്ങളും ഇളകി.

അളവററ ആ നാദത്താൽ വലിയ മാറെറാലി ഉണ്ടായി. ലോകങ്ങളെല്ലാം കലുങ്ങുകയും, സമുദ്രങ്ങൾ കലങ്ങുകയുംചെയ്തു.

ചതു—അമായതാ = അപരിമിതമായ = അളവില്ലാത്തതായ, അല്ലെങ്കിൽ—അമായതാ = സൂൎയ്യലോകത്തെ പ്രാപിച്ചതായ

"അമാനാമ, രവേരശ്മിഃ സൂൎയ്യലോകേ പ്രതിഷ്ഠിതഃ" എന്നു്.
അല്ലെങ്കിൽ—അമായതാ = അട്ടഹാസത്തോടുകൂടി ഗമിച്ചതു്.

"അമാ സഹ സമീപേ ച" എന്നഭിധാനം.

പ്രതിശബ്ദഃ = മുഖ്യശബ്ദത്തിനു സദൃശമായ എതിർശബ്ദം.

ചുക്ഷുഭുഃ = ചലിച്ചു.

ശാന്ത—ദൂരത്തിൽ ഗമിക്കുന്നതും, അതിമഹത്തുമായ ആ ഘോരനാദംകൊണ്ടുണ്ടായ മാറെറാലി വലുതായിത്തീൎന്നു. അതുനിമിത്തം എല്ലാ ലോകങ്ങളും ക്ഷോഭിച്ചു, സമുദ്രങ്ങൾ ഇളകി.

വിഭുവായ നഭസ്സ്, അനന്തമായി, മഹല്പരിമാണമായിട്ടുള്ളതാണെങ്കിലും, ആ സിംഹനാദത്താൽ ആപൂരിതമായതുകൊണ്ടു് (അമായൽ) പരിമിതമായി ഭവിച്ചു. വിഭുവായിരിക്കുന്ന നഭസ്സ് വേറെവിധത്തിൽ പരിമിതമാകുന്നതല്ല = അളക്കപ്പെടുന്നതല്ല—അളക്കപ്പെട്ടും എങ്കിൽ വിഭുത്വത്തിനു ഹാനിവരും എന്നു താല്പൎയ്യം.

ജഗ—അമായതാതി......ചകമ്പിരേ സ്വാഹാ നമ.

നമ. ചചാല വസുധാ, ചേലുഃ സകലാശ്ച മഹീധരാഃ
ജയേതി ദേവാശ്ച മുദാ താമൂചുഃ സിംഹവാഹിനീം. ൧൩൨

വസുധാ ചചാല = ഭൂമി ഇളകി
സകലാഃ മഹീധരാഃ ച ചേലുഃ= സമസ്തങ്ങളായ പൎവ്വതങ്ങളും ചലിച്ചു
ദേവാഃ = ദേവകൾ
താം സിംഹവാഹിനീം = ആ സിംഹവാഹിനിയായ ദേവിയോടു്
ജയ ഇതി = ജയിച്ചാലും എന്നു്
മുദാ ഊചുഃ ച = സന്തോഷത്തോടുകൂടിപറയുകയുംചെയ്തു.

ഭൂമികലുങ്ങി. പൎവ്വതങ്ങളെല്ലാം ഇളകി. ദേവകൾ സിംഹവാഹിനിയായ ആ ദേവിയോടു് ജയിച്ചാലും എന്നിങ്ങനെ സന്തോഷത്തോടുകൂടി പറഞ്ഞു.

ശാന്ത—ഭൂമികലുങ്ങി. പൎവ്വതങ്ങളെല്ലാംവിറച്ചു. ദേവകൾ, ആ സിംഹവാഹനയായ ദേവിയോടു്, സൎവ്വോൽകൎഷേണ വൎത്തിച്ചാലും എന്നുപറഞ്ഞു.

ജഗ— ച ചാല......സിംഹവാഹിനീം സ്വാഹാ ൩൪

൩൫. തുഷ്ടുവുർമ്മുനയശ്ചൈനാം ഭക്തിനമ്രാത്മമൂർത്തയഃ

ദൃഷ്ട്വാ സമസ്തം സംക്ഷുബ്ധം ത്രൈലോക്യമമരാരയഃ. ൧൩൬

൩൬. സന്നദ്ധാഖിലസൈന്യാസ്തേ സമുത്തസ്ഥുരുദായുധാഃ

മുനയഃ	=	മുനികൾ
ഭക്തിനമ്രാത്മമൂർത്തയഃ	=	ഭക്തികൊണ്ടു കുനിഞ്ഞിരിക്കുന്ന സ്വശരീരങ്ങളോടുകൂടിയവരായിട്ടു്
ഏനാം തുഷ്ടുവുഃ ച	=	ഈ ദേവിയെ സ്തുതിക്കുകയുംചെയ്തു.
അമരാരയഃ	=	മഹിഷൻ മുതലായ അസുരന്മാർ
സമസ്തം ത്രൈലോക്യം	=	ത്രൈലോക്യം മുഴുവനും
സംക്ഷുബ്ധം ദൃഷ്ട്വാ	=	ക്ഷോഭിച്ചതായി കണ്ടിട്ടു്
തേ സന്നദ്ധാഖിലസൈന്യാഃ	=	അവർ തയാറാക്കപ്പെട്ട സകലസൈന്യങ്ങളോടും കൂടിയവരായി
ഉദായുധാഃ സമുത്തസ്ഥുഃ	=	ഉയർത്തിപ്പിടിക്കപ്പെട്ട ആയുധങ്ങളോടുകൂടിയവരായിട്ടു് എഴുന്നേററു.

മുനികൾ, ഭക്തിനിമിത്തം നമിക്കപ്പെട്ട സ്വശരീരങ്ങളോടുകൂടിയവരായിട്ടു് ഈ ദേവിയെ സ്തുതിച്ചു. ത്രൈലോക്യംമുഴുവനും ഇളകിയതായി കണ്ടു് മഹിഷൻ മുതലായ ആ അസുരന്മാർ തയാറാക്കപ്പെട്ട സകലസൈന്യങ്ങളോടും ഉയർത്തിപ്പിടിക്കപ്പെട്ട ആയുധങ്ങളോടുംകൂടിയവരായിട്ടു് (യുദ്ധത്തിന്നായിക്കൊണ്ടു്) എഴുന്നേററു.

ചതു— സന്നദ്ധാഖിലസൈന്യാഃ = സന്നദ്ധങ്ങളായ, = സജ്ജമാക്കപ്പെട്ട അഖിലസൈന്യങ്ങളോടുകൂടിയവർ.

സമുത്തസ്ഥുഃ = ഉദ്യോഗിച്ചു.

ശാന്ത— തുഷ്ടുവുഃ ച = 'ച' കാരം അർച്ചിക്കുകയുംചെയ്തു എന്നു കാണിക്കുന്നു.

ഭക്തിനമ്രാത്മമൂർത്തയഃ = ഭക്തികൊണ്ടു് നമ്രങ്ങളായ അന്തഃകരണങ്ങളോടും ശരീരങ്ങളോടും കൂടിയവർ.

അമരാരയഃ = ദേവന്മാരുടെ ശത്രുക്കൾ, അല്ലെങ്കിൽ ദേവന്മാർ ശത്രുക്കളായുള്ളവർ = മഹിഷാസുരാദികൾ.

സംക്ഷുബ്ധം = ഗിരികൾ, നദികൾ മുതലായവയോടുകൂടി നല്ലവണ്ണം കലുങ്ങിയതു്.

ഉദായുധാഃ = യുദ്ധംചെയ്യുന്നതിനായി ഉയർത്തിപ്പിടിക്കപ്പെട്ട ആയുധങ്ങളോടുകൂടിയവർ.

നാഗോ— സംക്ഷുബ്ധം = ആകുലമായി ഭവിച്ചതു്— അമരാരികളും സംക്ഷുബ്ധന്മാരായി എന്നർത്ഥം.

ജഗ—തുഷ്ടുവുർമ്മുനയ......മമരാരയഃ സ്വാഹാ ൩൨

ആഃ കിമേതദിതി ക്രോധദാഭാഷ്യ മഹിഷാസുരഃ. ൪൦

൩൩. അഭ്യധാവത, തം ശബ്ദമശേഷൈരസുരൈർവൃതഃ

മഹിഷാസുരഃ	= മഹിഷാസുരൻ
ആഃ ഏതൽ കിം ഇതി	= ആഃ ഇതെന്തു്? ഇങ്ങനെ
ക്രോധാൽ ആഭാഷ്യ	= കോപംനിമിത്തം പറഞ്ഞിട്ടു്
അശേഷൈഃ അസുരൈഃ	= എല്ലാ അസുരന്മാരാലും
വൃതഃ	= ചുററപ്പെട്ടവനായിട്ടു്
തം ശബ്ദം അഭ്യധാവത	= ആ ശബ്ദത്തിന്റെനേരെ ഓടി.

മഹിഷാസുരൻ ആഃ ഇതെന്തു്? എന്നിങ്ങനെ കോപംമൂലം പറഞ്ഞിട്ടു് എല്ലാ അസുരന്മാരോടുംകൂടി ആ സിംഹനാദത്തിന്റെ നേരേ ഓടി.

ചതു—ക്രോധത്തിങ്കലും, ദുഃഖത്തിങ്കലും 'ആഃ' എന്ന ശബ്ദം ഉണ്ടാകും. അഭ്യധാവത = ശബ്ദത്തെ ലക്ഷ്യമാക്കിക്കൊണ്ടു് ഓടി.

ശാന്ത—മഹിഷാസുരൻ എല്ലാ അസുരന്മാരാലും ചുററപ്പെട്ടവനായിട്ടു് ദേവിയുടെ ആ സിംഹനാദത്തെ അഭിമുഖീകരിച്ചിട്ടു് ഓടി.

നാഗോ—മുൻപിൽ ഒരു ദൂതനെ അയച്ചു് വിവരമറിയാതെയും, തനിക്കുമുൻപിൽ സൈന്യങ്ങളെ ഒന്നും അയയ്ക്കാതെയും, യുദ്ധത്തിനു് ആദ്യം താൻതന്നെ പുറപ്പെട്ടതുകൊണ്ടു് ആ മഹിഷാസുരൻ രൂപം കൊണ്ടുമാത്രമല്ലാ സ്വഭാവംകൊണ്ടും തമോഗുണപ്രധാനനാണെന്നു വെളിവാകുന്നു. അതുകൊണ്ടുതന്നെയാണു രജസ്സത്വഗുണപ്രധാനയായ ദേവി അവനെ വധിക്കുന്നതു്.

ജഗ—സന്നദ്ധാഖില.....മഹിഷാസുരഃ സ്വാഹാ ൩൩

സ ദദർശ തതോ ദേവീം വ്യാപ്തലോകത്രയാം ത്വിഷാ. ൪൧

൩൪. പാദാക്രാന്ത്യാനതഭുവം കിരീടോല്ലിഖിതാംബരാം

ക്ഷോഭിതാശേഷപാതാളാം ധനുർജ്ജ്യാനിഃസ്വനേന താം. ൪൨

൩൫. ദിശോ ഭുജസഹസ്രേണ സമന്താദ് വ്യാപ്യ സംസ്ഥിതാം

തതഃ സഃ	= അനന്തരം അവൻ
ത്വിഷാ	= തേജസ്സുകൊണ്ടു്
വ്യാപ്തലോകത്രയാം	= വ്യാപിച്ചിരിക്കുന്ന മൂന്നു ലോകങ്ങളോടുകൂടിയവളായി
പാദാക്രാന്ത്യാ	= കാൽച്ചവിട്ടുകൊണ്ടു്
നതഭുവം	= താഴ്ത്തപ്പെട്ട ഭൂമിയോടുകൂടിയവളായി

കിരീടോല്ലിഖിതാംബരാം	=	കിരീടത്താൽ സ്പൃശിക്കപ്പെട്ട ആകാശത്തോടുകൂടിയവളായി
ധനുർജ്യാനിഃസ്വനേന	=	വില്ലിന്റെ ഞാണൊലികൊണ്ടു്
ക്ഷോഭിതാശേഷപാതാളാം	=	ഇളക്കപ്പെട്ട അശേഷപാതാളലോകങ്ങളോടുകൂടിയവളായി
ഭുജസഹസ്രേണ	=	ആയിരം കൈകൾകൊണ്ടു്
സമന്താൽ ദിശഃ വ്യാപ്യ	=	ചുററും ദിക്കുകളെ വ്യാപിച്ചുകൊണ്ടു്
സംസ്ഥിതാം താം ദേവീം ദദൃശേ	=	സ്ഥിതിചെയ്യുന്ന ആ ദേവിയെ കണ്ടു.

അനന്തരം ആ മഹിഷാസുരൻ, തേജസ്സുകൊണ്ടു വ്യാപിച്ചിരിക്കുന്ന മൂന്നുലോകങ്ങളോടും, കാൽച്ചവിട്ടുകൊണ്ടു് താഴ്ത്തപ്പെട്ട ഭൂമിയോടും, കിരീടത്താൽ സ്പൃശിക്കപ്പെട്ട ആകാശത്തോടും, വില്ലിന്റെ ഞാണൊലികൊണ്ടു് ഇളക്കപ്പെട്ട അശേഷപാതാളലോകങ്ങളോടുംകൂടിയവളായും, അസംഖ്യം കൈകളാൽ ചുററും ദിക്കുകളെ വ്യാപിച്ചുകൊണ്ടു് സ്ഥിതിചെയ്യുന്നവളായും ഇരിക്കുന്ന ആ ദേവിയെ കണ്ടു.

ഗുപ്ത—"സമന്താദ്വ്യാപ്യ സംസ്ഥിതാം" എന്നു കഴിഞ്ഞു് "അഷ്ടാശീതിസഹസ്രേണ ഭുജൈഃ പരിവാരിതാം" എന്നു് ഒരു അർദ്ധശ്ലോകംകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

ചതു—കിരീടോല്ലിഖിതാംബരാം = കിരീടംകൊണ്ടു് ഉല്ലേഖനം ചെയ്യപ്പെട്ട = വരയ്ക്കപ്പെട്ട ആകാശത്തോടുകൂടിയവൾ.

ശാന്ത—അങ്ങനെ ഓടിച്ചെന്നതിനുശേഷം, ആ മഹിഷാസുരൻ, കാന്തികൊണ്ടു് വ്യാപിച്ചിരിക്കുന്ന മൂന്നുലോകങ്ങളോടും, കാൽച്ചവിട്ടുകൊണ്ടു് നമിപ്പിക്കപ്പെട്ട ഭൂമിയോടും, കിരീടംകൊണ്ടു് സ്പൃശിക്കപ്പെട്ട ആകാശത്തോടും, വില്ലിന്റെ ഞാണൊലികൊണ്ടു് ഇളക്കപ്പെട്ട സകലപാതാളങ്ങളോടും, അനേകം കൈകളാൽ ചുററും പത്തു ദിക്കുകളെയും വ്യാപിച്ചും ഇരിക്കുന്ന ആ ദേവിയെ കണ്ടു.

ധനുർജ്യാ = വില്ലിൽ കെട്ടിയിരിക്കുന്ന ഞാണു്.

നാഗോ—ധനുർജ്യാനിഃസ്വനം = വില്ലിന്റേയും ഞാണിന്റേയും ശബ്ദം. "വില്ലിന്റെ ശബ്ദം 'ക്രോം' കാരം" "ഞാണിന്റെ ശബ്ദം 'ടം'കാരം."

സമന്താൽ = എല്ലായിടത്തും.

ജഗ—അഭ്യധാവത......ലോകത്രയാം ത്വിഷാ സ്വാഹാ നഠ

പാദാക്രാന്ത്യാ......നിഃസ്വനേന താം സ്വാഹാ നവ

തതഃ പ്രവവൃതേ യുദ്ധം തയാ ദേവ്യാ സുരദ്വിഷാം. ഹർന

നൻ. ശസ്ത്രാസ്ത്രൈർബഹുധാ മുക്തൈരാദീപിതദിഗന്തരം

തതഃ തയാ ദേവ്യാ	= അനന്തരം ആ ദേവിയോടുകൂടി
സുരദ്വിഷാം	= അസുരന്മാൎക്കു്
ബഹുധാ മുക്തൈഃ	= പലപ്രകാരത്തിൽ പ്രയോഗിക്കപ്പെട്ട
ശസ്ത്രാസ്ത്രൈഃ	= ശസ്ത്രാസ്ത്രങ്ങളാൽ
ആദീപിതദിഗന്തരം	= പ്രകാശിപ്പിക്കപ്പെട്ട ദിഗന്തരത്തോടു കൂടുംവണ്ണം
യുദ്ധം പ്രവവൃതേ	= യുദ്ധം ഉണ്ടായി.

അനന്തരം ആ ദേവിയും അസുരന്മാരും തമ്മിൽ പലവിധത്തിൽ പ്രയോഗിക്കപ്പെട്ട ശസ്ത്രാസ്ത്രങ്ങളെക്കൊണ്ടു് ദിക്കെല്ലാം പ്രകാശിക്കത്തക്കവണ്ണം പ്രകൎഷേണ യുദ്ധമുണ്ടായി

ശാന്ത—ദേവീദൎശനാനന്തരം, ആ ദേവിയോടുകൂടി മഹിഷാസുരാദികൾക്കു്, പലവിധത്തിൽ പ്രയോഗിക്കപ്പെട്ട ഖഡ്ഗബാണാദികളാൽ പ്രകാശിപ്പിക്കപ്പെട്ട ദിഗന്തരത്തോടുകൂടുംവണ്ണം പ്രകൎഷേണ യുദ്ധം ഉണ്ടായി.

ശസ്ത്രാസ്ത്രങ്ങൾ = ശസ്ത്രങ്ങളും അസ്ത്രങ്ങളും. ശസ്ത്രങ്ങൾ = കയ്യിൽവെച്ചുകൊണ്ടു പ്രയോഗിക്കുന്ന വാൾ മുതലായവ. അസ്ത്രങ്ങൾ = വിട്ടയയ്ക്കുന്ന ബാണം മുതലായവ.

അല്ലെങ്കിൽ, ("ആയുധം തു പ്രഹരണം ശസ്ത്രമസ്ത്രം" എന്ന അഭിധാനപ്രകാരം) ശസ്ത്രാസ്ത്രം = പ്രഹരിക്കുവാനുള്ള ഏതെങ്കിലും ആയുധം.

അല്ലെങ്കിൽ, ("അസ്ത്രമായുധലോഹയോഃ" എന്ന അഭിധാനപ്രകാരം) ശസ്ത്രാസ്ത്രങ്ങൾ = ഇരുമ്പുകൊണ്ടു് നിൎമ്മിച്ചിട്ടുള്ള ആയുധങ്ങൾ.

അല്ലെങ്കിൽ, ശസ്ത്രാസ്ത്രങ്ങൾ = ശസ്ത്രങ്ങളെക്കൊണ്ടു് = അതാതു ദേവതാമന്ത്രങ്ങളെക്കൊണ്ടു് ശിക്ഷിതങ്ങളായിരിക്കുന്ന അസ്ത്രങ്ങൾ.

"ശാസ്ത്രാസ്ത്രൈ" എന്നു പാഠഭേദം.

അതിനു്, 'ആയുധശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന അസ്ത്രങ്ങൾ' എന്നൎത്ഥം.

ദംശോ—ശസ്ത്രങ്ങൾ = ആയുധങ്ങൾ. അസ്ത്രങ്ങൾ = ആഗ്നേയാദിദിവ്യാസ്ത്രങ്ങൾ

ജഗ—ദിശോഭുജ......സുരദ്വിഷാം സഹാഹാ ൩൯

മഹിഷാസുരസേനാനീശ്ചിക്ഷുരാഖ്യോ മഹാസുരഃ. ൪൦

൪൦. യുയുധേ ചാമരശ്ചാന്യൈശ്ചതുരംഗബലാന്വിതഃ

രഥാനാമയുതൈഃ ഷഡ്ഭിരുദഗ്രാഖ്യോ മഹാസുരഃ. ൪൧

മഹിഷാസുരസേനാനീഃ = മഹിഷാസുരന്റെ സേനാധിപനായ
ചിക്ഷുരാഖ്യഃ = ചിക്ഷുരൻ എന്ന പേരോടുകൂടിയ
മഹാസുരഃ = മഹാസുരനും
ചതുരംഗബലാന്വിതഃ = ചതുരംഗപ്പടയോടുകൂടിയവനായിട്ടു്
അന്യൈഃ ചാമരഃ ച = മററു് അസുരന്മാരോടുംകൂടി ചാമരനും
രഥാനാം ഷഡ്ഭിഃ അയുതൈഃ } = അറുപതിനായിരം തേരുകളോടുകൂടി
ഉദഗ്രാഖ്യഃ = ഉദഗ്രൻ എന്ന പേരോടുകൂടിയ
മഹാസുരഃ യുയുധേ = മഹാസുരനും യുദ്ധംചെയ്തു.

മഹിഷാസുരസേനാധിപതിയായ ചിക്ഷുരൻ എന്ന മഹാസുരനും, ചതുരംഗസൈന്യത്തോടും മററു അസുരന്മാരോടുംകൂടി ചാമരനും അറുപതിനായിരം രഥങ്ങളോടുകൂടി ഉദഗ്രൻ എന്ന അസുരനും യുദ്ധം ചെയ്തു.

ചതു—അന്യൈഃ = മററു് അസുരന്മാരോടുംകൂടി.

ചതുരംഗബലാന്വിതഃ = ആന, കുതിര, തേരു്, കാലാൾ, എന്ന നാലു് അംഗപ്പടയോടുകൂടിയവനായിട്ടു്.

ശാന്ത—മഹിഷാസുരന്റെ സേനാധിപനായ ചിക്ഷുരൻ എന്ന മഹാസുരനും, ചതുരംഗപ്പടകളോടുകൂടി * അന്യനായ ചാമരൻ എന്ന അസുരനും, അറുപതിനായിരം രഥങ്ങളോടുകൂടി ഉദഗ്രൻ എന്ന മഹാസുരനും യുദ്ധംചെയ്തു.

സേനാനീഃ = സേനകളെ നയിക്കുന്നവൻ = സൈന്യാധിപൻ.
ഷഡ്ഭിഃ = ആറു്. അയുതൈഃ = പതിനായിരം.
അയുതൈഃ ഷഡ്ഭിഃ = അറുപതിനായിരം (൬൦൦൦൦)

നാഗോ—അന്യൈഃ = വേറെ പ്രധാന ദൈത്യന്മാരോടുകൂടി.

'ച'കാരംകൊണ്ടു് ചിക്ഷുരനും ചതുരംഗപ്പടകളോടുകൂടി യുദ്ധം ചെയ്തു—എന്നു താല്പര്യം.

ജഗ—ശസ്ത്രാസ്ത്രൈ......മഹാസുരഃ സപാഹാ ൪൦
യുയുധേ ചാമര......മഹാസുരഃ സപാഹാ ൪൧

൪൧. അയുധ്യതായുതാനാം ച സഹസ്രേണ മഹാഹനുഃ
പഞ്ചാശദ്ഭിശ്ച നിയുതൈരസിലോമാ മഹാസുരഃ. ൧൪൯

മഹാഹനുഃ = മഹാഹനു എന്നവൻ
അയുതാനാം സഹസ്രേണ = ഒരുകോടിയും

* "യുയുധേ ചാമരശ്ചാന്യൈശ്ചതുരംഗബലാന്വിതഃ" എന്നു് ശാന്തനവീപാഠം.

അസിലോമാ മഹാസുരഃ = അസിലോമാവ് എന്ന മഹാസുരൻ
പഞ്ചാശദ്ഭിഃ നിയുതൈഃ ച = അഞ്ചുകോടിയും (തേരുകളോടുകൂടി)
അയുധ്യത = യുദ്ധംചെയ്തു.

മഹാഹനു, ഒരുകോടി തേരുകളോടുകൂടിയും, അസിലോമാവ് എന്ന മഹാസുരൻ അഞ്ചുകോടി രഥങ്ങളോടുകൂടിയും (ദേവിയുമായി) യുദ്ധംചെയ്തു.

ഗ്രന്ഥ—അയുതം = പതിനായിരം. നിയുതം = പത്തുലക്ഷം.

പ്രമാ—"ഏകം, ദശ, ശതം, ചൈവ സഹസ്രമയുതം, തഥാ
ലക്ഷം ച, നിയുതം, ചൈവ കോടി,രർബുദ, മേവ ച
വൃന്ദം, ഖർവ്വം, നിഖർവ്വം ച ശംഖ,പത്മശ്ച, സാഗരഃ
അന്ത്യം, മധ്യം, പരാർദ്ധം, ച ദശവൃദ്ധ്യാ യഥാക്രമം"

എന്ന് (ബ്രഹ്മാണ്ഡപുരാണം)

1.	ഏകം	ഒന്ന്	൧
2	ദശ	പത്ത്	൧0
3.	ശതം	നൂറ്	൧00
4.	സഹസ്രം	ആയിരം	൧000
5.	അയുതം	പതിനായിരം	൧0000
6.	ലക്ഷം	ലക്ഷം	൧00000
7.	നിയുതം	പത്തുലക്ഷം	൧000000
8.	കോടി	കോടി	൧0000000
9.	അർബ്ബുദം	പത്തുകോടി	൧00000000
10.	വൃന്ദം	നൂറുകോടി	൧000000000
11.	ഖർവ്വം	ആയിരംകോടി	൧0000000000
12.	നിഖർവ്വം	പതിനായിരംകോടി	൧00000000000
13.	ശംഖം	ലക്ഷംകോടി	൧000000000000
14.	പത്മം	പത്തുലക്ഷംകോടി	൧0000000000000
15.	സാഗരം	നൂറുലക്ഷംകോടി	൧00000000000000
16.	അന്ത്യം	ആയിരംലക്ഷംകോടി	൧000000000000000
17.	മധ്യം	പതിനായിരംലക്ഷംകോടി	൧0000000000000000
18.	പരാർദ്ധം	ലക്ഷംലക്ഷംകോടി	൧00000000000000000

ഇങ്ങനെ ഒന്നുമുതൽ പത്തു ഇരട്ടിച്ചുള്ള പതിനെട്ടു സ്ഥാനങ്ങളെ അറിഞ്ഞുകൊള്ളണം.

അയുതാനാംസഹസ്രേണ = പതിനായിരംപ്രാവശ്യം ആയിരം = ഒരുകോടി.

പഞ്ചാശദ്ഭിഃ നിയുതൈഃ=അൻപതുപ്രാവശ്യം പത്തുലക്ഷം=അഞ്ചുകോടി.

ശാന്ത—'മഹാഹനു' എന്ന മഹാസുരൻ ഒരുകോടി തേരുകളോടുകൂടിയും, 'അസിലോമാവു്' എന്ന മഹാസുരൻ അഞ്ചുകോടി തേരുകളോടുകൂടിയും ദേവിയോടെതിർത്തു് യുദ്ധം ചെയ്തു.

അസിലോമാവു്=അസികൾ=വാളുകൾ പോലെയുള്ള ലോമങ്ങളോടു്=രോമങ്ങളോടു് കൂടിയവൻ. അല്ലെങ്കിൽ, അസികൾതന്നെ രോമങ്ങളായിട്ടുള്ളവൻ.

ജഗ—അയുധ്യതാ......മഹാസുരഃ സഹസ്രാ ർ൨

ർവ. അയുതാനാം ശതൈഃ ഷഡ്ഭിർ ബാഷ്കളോ യുയുധേ രണേ
ഗജവാജിസഹസ്രൗഘൈരനേകൈഃ പരിവാരിതഃ. ഫർ൩

ർന. വൃതോ രഥാനാം കോട്യാ ച യുദ്ധേ തസ്മിന്നയുദ്ധ്യത

ബാഷ്കളഃ	= ബാഷ്കളൻ എന്ന അസുരൻ
രണേ	= യുദ്ധത്തിൽ
അയുതാനാം ഷഡ്ഭിഃ ശതൈഃ=അറുപതുലക്ഷം തേരുകളോടുകൂടി	
യുയുധേ	= പോർചെയ്തു.
പരിവാരിതഃ	= പരിവാരിതൻ എന്നവൻ
അനേകൈഃ	= അസംഖ്യങ്ങളായി
ഗജവാജിസഹസ്രൗഘൈഃ	= അപരിമിതങ്ങളായിരിക്കുന്ന ആന, കുതിര എന്നിവയുടെ സമൂഹങ്ങളാലും
രഥാനാം കോട്യാ ച	= ഒരുകോടി രഥങ്ങളാലും
വൃതഃ	= ചുററപ്പെട്ടവനായിട്ടു്
തസ്മിൻ യുദ്ധേ	= ആ യുദ്ധത്തിൽ
അയുദ്ധ്യത	= പോർചെയ്തു.

ബാഷ്കളൻ എന്ന അസുരൻ യുദ്ധത്തിൽ അറുപതുലക്ഷം തേരുകളോടുകൂടി പോർചെയ്തു. പരിവാരിതൻ എന്നവൻ അനേകായിരം ആന, കുതിര എന്നിവയുടെ കൂട്ടങ്ങളാലും, ഒരുകോടി തേരുകളാലും ചുററപ്പെട്ടവനായിട്ടു്, ആ യുദ്ധത്തിൽ പോർചെയ്തു.

ഉപ്പു—"ഗജവാജിസഹസ്രൗഘൈരനേകൈരുഗ്രദർശനഃ എന്നു പാഠഭേദം.
ഇതുകഴിഞ്ഞു്:—

ഉഗ്രശ്ചാത്യുഗ്രവീര്യശ്ച ത്രിനേത്രശ്ച മഹാബലഃ"

എന്നു് ഒരു അർദ്ധശ്ലോകംകൂടി ചില ഗ്രന്ഥങ്ങളിൽ അധികം കാണുന്നു.

ഛത്ര—അയുതാനാം ഷഡ്ഭിഃ ശതൈഃ=അറുപതുലക്ഷം. 'തേരു കൾ' എന്നു ചേക്കണം.

ഒരുകോടി രഥങ്ങളാൽ ചുററപ്പെട്ടവനായിട്ടു് പരിവാരിതൻ എന്നപേരോട്ടുകൂടിയ അസുരൻ യുദ്ധംചെയ്തു.

ശാന്ത—ആ യുദ്ധത്തിൽ ബാഷ്കളൻ എന്ന മഹാസുരൻ അറുപതുലക്ഷം തേരുകളോട്ടുകൂടി യുദ്ധം ചെയ്തു.

"ഗജവാജിസഹസ്രൌഘൈരനേകൈരുഗ്രദശനഃ"
എന്ന പാഠഭേദത്തിനു്,

"ആ യുദ്ധത്തിൽ ഉഗ്രദശനൻ എന്ന മഹാസുരൻ അപരിമിതങ്ങളായ ഗജവാജിസഹസ്രസമൂഹങ്ങളോട്ടും ഒരുകോടി രഥങ്ങളോട്ടും കൂടിയവനായിട്ടു് ദേവിയോടു് യുദ്ധംചെയ്തു എന്നത്ഥം

ഗജവാജിസഹസ്രൌഘങ്ങൾ=അനേകങ്ങളായും അപരിമിതങ്ങളായും ഇരിക്കുന്ന ആനകളുടേയും കുതിരകളുടേയും സമൂഹങ്ങൾ.

നാഗോ—ഗജവാജിസഹസ്രൌഘങ്ങൾ മേല്പറയുന്ന ബിഡാലന്റെ സൈന്യമാകുന്നു.

ജഗ—അയുതാനാം......പരിവാരിതഃ സ്വാഹ. ർ൩

ബിഡാലാഖ്യോ/യുതാനാം ച പഞ്ചാശദ്ഭിരഥായുതൈഃ ഫർവ്വ
ർർ. യുയുധേ സംയുഗേ തത്ര രഥാനാം പരിവാരിതഃ

അഥ ബിഡാലാഖ്യഃ ച = അനന്തരം,ബിഡാലൻ എന്നവനും
തത്ര സംയുഗേ = ആ യുദ്ധത്തിൽ
അയുതാനാം പഞ്ചാശദ്ഭിഃ അയുതൈഃ = അഞ്ഞൂറുകോടി
രഥാനാം പരിവാരിതഃ = തേരുകളെക്കൊണ്ടു് ചുററപ്പെട്ടവനാ-
യുയുധേ = പോർചെയ്തു. [യിട്ടു്

അനന്തരം ബിഡാലൻ എന്ന അസുരനും അഞ്ഞൂറുകോടി രഥങ്ങളാൽ പരിവൃതനായിട്ടു് ആ യുദ്ധത്തിൽ പോർചെയ്തു.

ഗുപ്ത—'ബിഡാലാഖ്യഃ' എന്നതിനു പകരം 'ബിഡാലാക്ഷഃ' എന്ന പാഠമാണു് മുഖ്യം.

"ദുർധരോ ദുർമുഖശ്ചൈവ ബിഡാലനയനസ്തഥാ"

(എന്നു് വാമനപുരാണം)

'നാമൈകദേശത്തിൽ നാമത്തെ മുഴുവനും ഗ്രഹിക്കണം' എന്ന പ്രമാണമനുസരിച്ചു് 'ബിഡാലാക്ഷൻ' എന്നതിനു പകരം 'ബിഡാലൻ' എന്നു പ്രയോഗിച്ചിട്ടുള്ളതാകുന്നു. "ബിഡാലസ്യാസിനാ കായാൽ" എന്നു മേലും പ്രയോഗമുണ്ടു്.

അയുതാനാം	= പതിനായിരം	അഞ്ഞൂറുകോടി
പഞ്ചാശദ്ഭിഃ	= അൻപതു്	(10000×50×10000=
അയുതൈഃ	= പതിനായിരം	5000000000)

ചതു—൪൨-ാം ശ്ലോകത്തിലെ ഉത്തരാൎദ്ധത്തിൽ 'പരിവാരിതഃ' എന്ന പദത്തിനു് 'പരിവാരിതൻ എന്ന പേരോടുകൂടിയ അസുരൻ' എന്നൎത്ഥം.

ആ ഉത്തരാൎദ്ധത്തെ ൪൩-ാം ശ്ലോകത്തിലെ പൂൎവ്വാൎദ്ധത്തോടുകൂടി അന്വയിക്കണം.

ബിഡാലാക്ഷൻ=ബിഡാലത്തിന്റെ=പൂച്ചയുടെ കണ്ണുപോലെയിരിക്കുന്ന കണ്ണുകളോടുകൂടിയവൻ.

ശാന്ത—"ബിഡാലാഖ്യോ മഹാദൈത്യഃ പഞ്ചാശദ്ഭിരഥായുതൈഃ" എന്നു പാഠഭേദം അതിനു് 'ബിഡാലൻ എന്ന മഹാസുരൻ അഞ്ചുലക്ഷം രഥങ്ങളോടുകൂടി യുദ്ധംചെയ്തു' എന്നൎത്ഥം.

൪൪-ാംശ്ലോകത്തിലെ പൂൎവ്വാൎദ്ധം ('രഥാനാം പരിവാരിതഃ' എന്നു്) കഴിഞ്ഞു്,

* "വൃതഃ കാലോ രഥാനാഞ്ച രണേ പഞ്ചശതായുതൈഃ
യുയുധേ സംയുഗേ തത്ര താവതഭിഃ പരിവാരിതഃ" എന്നു് ഒരു ശ്ലോകംകൂടിയുണ്ടു്. അതിനു് "കാലൻ എന്ന മഹാസുരൻ അഞ്ചു ലക്ഷം തേരുകളാലും അത്രയും ആന, കുതിര, കാലാൾ ഇവയാലും ചുററപ്പെട്ടവനായിട്ടു് ആ യുദ്ധത്തിൽ ദേവിയുമായി പോർചെയ്തു" എന്നൎത്ഥം.

ജഗ—വൃതോരഥാനാം......രഥായുതൈഃ സഹാഹാ ൪൪

അന്യേ ച തത്രായുതശോ രഥനാഗഹയൈൎവൃതാഃ ൫൪൯

൪൫. യുയുധുഃ സംയുഗേ ദേവ്യാ സഹ തത്ര മഹാസുരാഃ

തത്ര സംയുഗേ	= ആ യുദ്ധത്തിൽ
അന്യേ	= അന്യന്മാരായി യാവചില അസുരന്മാ-
തത്ര മഹാസുരാഃ ച	= അവരിൽ മഹാസുരന്മാരും [രുണ്ടോ
അയുതശഃ	= പതിനായിരംവീതം
രഥനാഗഹയൈഃ	=തേർ, ആന, കുതിര എന്നിവയെക്കൊണ്ടു്
വൃതാഃ	= ചുററപ്പെട്ടവരായിട്ടു്
ദേവ്യാ സഹ യുയുധുഃ	= ദേവിയോടുകൂടി യുദ്ധംചെയ്തു.

ആ യുദ്ധത്തിൽ, അന്യന്മാരായ അസുരന്മാരിൽവച്ചു് മഹാസുര

* ഈ ശ്ലോകം ശാന്തനവീവ്യാഖ്യാനവുമാത്രമല്ലാതെ മററാരും സ്വീകരിച്ചിട്ടില്ല.

ന്മാരും പതിനായിരം പതിനായിരംവീതം തേരു്, ആന, കുതിര ഇവ കളാൽ പരിവൃതന്മാരായിട്ടു് ദേവിയോടുകൂടി പോർചെയ്തു.

ചതു—അന്യേ ച = ചണ്ഡ, മുണ്ഡ,രക്തബീജാദികൾ.

ശാന്ത—ആ യുദ്ധത്തിൽ, ചിക്ഷുരാദികളിൽനിന്നു് അന്യന്മാരായി യാവചില അസുരന്മാരുണ്ടോ അവരിൽവച്ചു് മഹാസുരന്മാർ, പതിനായിരം പതിനായിരംവീതം തേരു്, ആന, കുതിര ഇവകളോടുകൂടി ദേവിയുമായി യുദ്ധംചെയ്തു.

തത്ര സംയുഗേ = ആ യുദ്ധത്തിൽ

തത്ര മഹാസുരാഃ = അവരിൽവച്ചു് മഹാസുരന്മാർ.

ജഗ—യുയുധേ സംയുഗേ......ഹയൈർവൃതാഃ സ്വാഹാ ൪൭

കോടികോടിസഹസ്രൈസ്തു രഥാനാം ദന്തിനാം തഥാ. ൧൭൦

ര്ന്ന. ഹയാനാം ച വൃതോ യുദ്ധേ തത്രാഭൂന്മഹിഷാസുരഃ

തഥാ മഹിഷാസുരഃ തു	=	അപ്രകാരം മഹിഷാസുരനും
തത്ര യുദ്ധേ	=	ആ യുദ്ധത്തിൽ
രഥാനാം ദന്തിനാം	=	തേരുകളുടേയും ആനകളുടേയും
ഹയാനാം ച	=	കുതിരകളുടേയും
കോടികോടിസഹസ്രൈഃ	=	ലക്ഷംലക്ഷം കോടികളെക്കൊണ്ടു്
വൃതഃ	=	ചുററപ്പെട്ടവനായിട്ടു്
അഭൂൽ	=	യുദ്ധംചെയ്യുന്നതിനുസന്നദ്ധനായിനിന്നു.

ആ യുദ്ധത്തിൽ മഹിഷാസുരനും, തേരു്, ആന, കുതിര ഇവയുടെ ലക്ഷം ലക്ഷംകോടികളെക്കൊണ്ടു് ചുററപ്പെട്ടവനായിട്ടു്, ദേവിയോടുകൂടി പോർചെയ്യുന്നതിനു് ഒരുങ്ങിനിന്നു.

ഗുപ്ത—കോടികോടിസഹസ്രം=ലക്ഷം ലക്ഷം കോടി=പരാർദ്ധം.

അങ്ങനെ ഒരു സംഖ്യ പറയപ്പെട്ടു എങ്കിലും മഹിഷാസുരനു മാത്രം അസംഖ്യം രഥാദികൾ ഉണ്ടായിരുന്നു എന്നു താല്പര്യം.

ചതു—തേരു്, ആന, കുതിര ഇവ ഓരോന്നും കോടികോടിസഹസ്രംവീതം ഉണ്ടായിരുന്നു എന്നത്ഥം.

ശാന്ത—മഹിഷാസുരനാകട്ടെ ആ യുദ്ധത്തിൽ, തേരുകളുടേയും, ആനകളുടേയും, കുതിരകളുടേയും പ്രത്യേകം, കോടികോടിസഹസ്രങ്ങളെക്കൊണ്ടു് ചുററപ്പെട്ടവനായിട്ടു് ദേവിയോടുകൂടി പോരുചെയ്യുന്നതിനു് തയാറായിനിന്നു.

കോടിയെ കോടികൊണ്ടു് ഗുണിച്ചുവരുന്നസംഖ്യ 'കോടികോടി.'

ആ കോടികോടിയെ ആയിരംകൊണ്ടു് ഗുണിച്ചുവരുന്ന സംഖ്യ "കോടികോടിസഹസ്രം."

'ച'കാരംകൊണ്ടു് കാലാൾപ്പടകളും കോടികോടിസഹസ്രം ഉണ്ടായിരുന്നു എന്നറിഞ്ഞുകൊള്ളണം.

ജഗ—യുയുധുഃ സംയുഗേ......ദന്തിനാം തഥാ സ്വാഹാ ർന്ന

തോമരൈർഭിന്ദിപാലൈശ്ച ശക്തിഭിർമ്മുസലൈസ്തഥാ. ഫഭഫ ർ൭.

യുയുധുഃ സംയുഗേ ദേവ്യാ ഖഡ്ഗൈഃ പരശ്ശുപട്ടിശൈഃ

സംയുഗേ = യുദ്ധത്തിൽ (ചിക്ഷുരാദികൾ)

തോമരൈഃ = തോമരങ്ങൾ എന്ന ആയുധവിശേഷങ്ങളെക്കൊണ്ടും

ഭിന്ദിപാലൈഃ = കവിണികളെക്കൊണ്ടും

ശക്തിഭിഃ = വേലുകളെക്കൊണ്ടും

മുസലൈഃ = ഉലക്കകളെക്കൊണ്ടും

പരശ്ശുപട്ടിശൈഃ = കോടാലികൾ, പട്ടിശങ്ങൾ ഇവയെക്കൊണ്ടും

ദേവ്യാ യുയുധുഃ = ദേവിയോടുകൂടി യുദ്ധംചെയ്തു.

യുദ്ധത്തിൽ, സേനാധിപനായ ചിക്ഷുരൻമുതലായ മഹാസുരന്മാർ, തോമരങ്ങൾ, കവിണികൾ, വേലുകൾ, ഇരുമ്പുലക്കകൾ, വാളുകൾ, കോടാലികൾ, പട്ടിശങ്ങൾ ഈ ആയുധങ്ങളെക്കൊണ്ടു് ദേവിയോടു യുദ്ധം ചെയ്തു.

ചതു—തോമരം='സവ്വലാ' എന്ന ആയുധവിശേഷം.

ഭിന്ദിപാലം=ആനയെ കുത്തിമുറിക്കുന്ന ശരം.

ശക്തികൾ=ടെക്കളി അമ്പുകൾ

മുസലങ്ങൾ=ഇരുമ്പുലക്കകൾ(അല്ലെങ്കിൽ) ജയദണ്ഡങ്ങൾ.

ശാന്ത—യുദ്ധത്തിൽ ചിക്ഷുരാദികളായ എല്ലാ മഹാസുരന്മാരും തോമരം മുതലായ ആയുധങ്ങളെക്കൊണ്ടു് ദേവിയോടുകൂടി യുദ്ധം ചെയ്തു.

തോമരങ്ങൾ='സവ്വലാ' എന്ന ആയുധങ്ങൾ. "സവ്വലാതോമരോഽസ്ത്രിയാം" എന്നു്.

ഭിന്ദിപാലം=കൈകൊണ്ടു് എറിയുന്ന ദണ്ഡു്.

ദംശോ—പരശ്ശു=കോടാലി. പട്ടിശം=വീതിയുള്ള വാൾ.

ജഗ—ഹയാനാം ച......മുസലൈസ്തഥാ സ്വാഹാ ർര

കേചിച്ച ചിക്ഷിപുഃ ശക്തീഃകേചിൽ പാശാംസ്തഥാപരേ. ഫഭവ ർവ്വ.

ദേവീം ഖഡ്ഗപ്രഹാരൈസ്തു തേ താം ഹന്തും പ്രചക്രമുഃ

കേചിൽ ശക്തീഃ = ചിലർ വേലുകളേയും

കേചിൽ പാശാൻ ച = ചിലർ പാശങ്ങളേയും

ചിക്ഷിപുഃ	= പ്രയോഗിച്ചു.
തഥാ	= അപ്രകാരം
അപരേ തു തേ	= അന്യന്മാരായ ചില മഹാസുരന്മാർ
ഖഡ്ഗപ്രഹാരൈഃ	= വാളുകൾകൊണ്ടുള്ള വെട്ടുകൾകൊണ്ടു്
താം ദേവീം	= ആ ദേവിയെ
ഹന്തും	= നിഗ്രഹിക്കുന്നതിനായിട്ടു്
പ്രചക്രമുഃ	= ഉത്സാഹംചെയ്തു.

ചില മഹാസുരന്മാർ വേലുകളേയും ചിലർ പാശങ്ങളേയും പ്രയോഗിച്ചു. അപ്രകാരംതന്നെ മററു ചില പ്രസിദ്ധദാനവന്മാർ ആ ദേവിയെ വാളുകൾകൊണ്ടു് വെട്ടി നിഗ്രഹിക്കുന്നതിനു് ഉത്സാഹംചെയ്തു.

ശാന്ത—യുദ്ധാരംഭത്തിനുശേഷം ചില മഹാസുരന്മാർ ദേവിയെ കൊല്ലുന്നതിനു് വേലുകൾ പ്രയോഗിച്ചു. ചിലർ പാശങ്ങൾ വീശി. അപ്രകാരംതന്നെ മററു ചിലരാകട്ടെ ഖഡ്ഗപ്രഹാരംകൊണ്ടു് ആ ദേവിയെ നിഗ്രഹിക്കുന്നതിനു് ഉത്സാഹംചെയ്തു.

നാഗോ—അപരേ തു തേ=മററു ചില പ്രസിദ്ധാസുരന്മാർ.

ജഗ—യുയുധുഃ സംയുഗേ......പാശാംസ്തഥാപരേ സഹാഹാ 49

സാപി ദേവീ തതസ്താനി ശസ്ത്രാണ്യസ്ത്രാണി ചണ്ഡികാ. ഹമെ. 50. ലീലയൈവ പ്രചിച്ഛേദ നിജശസ്ത്രാസ്ത്രവർഷിണീ

തതഃ	= അനന്തരം
സാ ചണ്ഡികാദേവീ അപി	= ആ ചണ്ഡികാദേവിയും
താനി ശസ്ത്രാണി അസ്ത്രാണി	= ആ ശസ്ത്രങ്ങളേയും അസ്ത്രങ്ങളേയും
നിജശസ്ത്രാസ്ത്രവർഷിണീ	= തന്റെ ശസ്ത്രങ്ങളേയും അസ്ത്രങ്ങളേയും വർഷിക്കുന്നവളായിട്ടു്
ലീലയാ ഏവ പ്രചിച്ഛേദ	= കളിയായിട്ടുതന്നെ ഛേദിച്ചു.

അനന്തരം ആ ചണ്ഡികാദേവിയും, ദൈത്യന്മാരുടെ ശസ്ത്രങ്ങളേയും, അസ്ത്രങ്ങളേയും തന്റെ ശസ്ത്രാസ്ത്രങ്ങളെക്കൊണ്ടു് കളിയായിട്ടുതന്നെ മുറിച്ചു.

ശാന്ത—അനന്തരം ജയശീലയായ ആ ചണ്ഡികാദേവിയും, ആത്മീയങ്ങളായ ഖഡ്ഗാദികളേയും, ബാണാദികളേയുംകൊണ്ടു്, ആ മഹാസുരപ്രയുക്തങ്ങളായ ഖഡ്ഗാദികളേയും ബാണാദ്യായുധങ്ങളേയും കളിയായിട്ടുതന്നെ ഖണ്ഡിച്ചു.

50-ാംശ്ലോകത്തിന്റെ നാലാംപാദം "നിജശസ്ത്രാസ്ത്രവർഷിണീ" എന്നും,

൪൯-ാം ശ്ലോകത്തിന്റെ രണ്ടാംപാദം "ശസ്ത്രാണ്യസ്ത്രാണി ചണ്ഡികാ" എന്നും "പാഠഭേദം"

കൂടാതെ, "ശസ്ത്രാണ്യസ്ത്രാണി ചാംബികാ" എന്നും "ശസ്ത്രാണ്യസ്ത്രാണി ചേശ്വരീ" എന്നും പാഠഭേദമുണ്ട്.

പ്രചിച്ഛേദ=ഖണ്ഡിച്ചു=മുറിച്ചു=രണ്ടാക്കിച്ചെയ്തു.

ജഗ—ദേവീം ഖഡ്ഗ......ചണ്ഡികാ സ്വാഹാ ൪൯

അനായസ്താനനാ ദേവി സ്തൂയമാനാ സുരർഷിഭിഃ. ൧൭൪

൫൦. മുമോച്ചാസുരദേഹേഷു ശസ്ത്രാണ്യസ്ത്രാണി ചേശ്വരീ.

അനായസ്താനനാ	= യാതൊരു വാട്ടവും ഇല്ലാത്ത മുഖത്തോടു കൂടിയവളും
സുരർഷിഭിഃ സ്തൂയമാനാ	= ദേവർഷികളാൽ സ്തുതിക്കപ്പെടുന്നവളും
ഈശ്വരീ ദേവീ	= ഈശ്വരിയും (ആയ) ഭഗവതി
അസുരദേഹേഷു	= അസുരന്മാരുടെ ശരീരങ്ങളിൽ
ശസ്ത്രാണ്യസ്ത്രാണി	= ശസ്ത്രങ്ങളേയും അസ്ത്രങ്ങളേയും
മുമോച ച	= പ്രയോഗിക്കുകയുംചെയ്തു.

യാതൊരു വാട്ടവുംകൂടാത്ത മുഖത്തോടുകൂടിയവളും, നാരദാദി ദേവർഷികളാൽ സ്തുതിക്കപ്പെടുന്നവളും, ഈശ്വരിയും ആയിരിക്കുന്ന ദേവി അസുരന്മാരുടെ ദേഹങ്ങളിൽ ശസ്ത്രാസ്ത്രങ്ങളെ പ്രയോഗിക്കുകയുംചെയ്തു.

ഗുപ്ത—അനായസ്താനനാ = ആയാസംകൊണ്ടുണ്ടായ വികാരത്തോടുകൂടാത്ത മുഖത്തോടുകൂടിയവൾ.

ചതു—അനായസ്താനനാ = വികാരമില്ലാത്ത മുഖത്തോടുകൂടിയവൾ.

ശാന്ത—അനായസ്തം = ദുഃഖത്തോടുകൂടാത്തതു് (അല്ലെങ്കിൽ) വാടാത്തതു്.

സുരർഷിഭിഃ = വസിഷ്ഠാദികളാലും നാരദാദികളാലും.

ഈശ്വരീ = ഈശ്വരന്റെസ്ത്രീ—വിശ്വവ്യാപികയായ ഭഗവതി—എന്നത്ഥം.

അസുരദേഹേഷു = അസുരന്മാരുടെ ദേഹങ്ങളിൽ.

മുമോച = പ്രയോഗിച്ചു.

ജഗ—ലീലയൈവ......സുരർഷിഭിഃ സ്വാഹാ ൫൦

സോഽപി ക്രുദ്ധോ ധുതസടോ ദേവ്യാ വാഹനകേസരീ. ൧൭൫

൫൧. ചചാരാസുരസൈന്യേഷു വനേഷ്വിവ ഹുതാശനഃ

ദേവ്യാഃ = ദേവിയുടെ
സഃ വാഹനകേസരീ അപി = പ്രസിദ്ധനായ വാഹനസിംഹവും
ക്രുദ്ധഃ = കോപിച്ചവനായി
ധുതസടഃ = ഇളക്കപ്പെട്ട സ്കന്ധരോമങ്ങളോടുകൂടിയ-
അസുരസൈന്യേഷു = അസുരസൈന്യങ്ങളിൽ [വനായിട്ടു്
വനേഷു ഹുതാശനഃ ഇവ = വനങ്ങളിൽ അഗ്നി എന്നപോലെ
ചചാര = സഞ്ചരിച്ചു.

ദേവിയുടെ ആ പ്രസിദ്ധപ്പെട്ട വാഹനസിംഹവും കോപത്തോടുകൂടി കഞ്ചിരോമങ്ങളെ ഇളക്കിക്കൊണ്ടു് അസുരസൈന്യങ്ങളിൽ, കാട്ടുകളിൽ തീ എന്നപോലെ സഞ്ചരിച്ചു.

ഗുപ്ത—ധുതസടൻ = ഇളക്കപ്പെട്ട സ്കന്ധരോമങ്ങളോടുകൂടിയവൻ.

ശാന്ത—ദേവിയുടെ ആ പ്രസിദ്ധനായ വാഹനസിംഹവും, ക്രുദ്ധനായി ഇളക്കപ്പെട്ട സ്കന്ധകേസരങ്ങളോടുകൂടിയവനായിട്ടു് അസുരസൈന്യങ്ങളിൽ, വനങ്ങളിൽ അഗ്നി എന്നപോലെ സഞ്ചരിച്ചു.

സടാ = ജട.

വനങ്ങളെ അഗ്നി ദഹിപ്പിക്കുന്നതുപോലെ അസുരസൈന്യങ്ങളെ നശിപ്പിക്കുന്നതുകൊണ്ടു് സിംഹത്തിനു് അഗ്നിസാദൃശ്യവും, കാട്ടുതീപിടിപെട്ടു് വനങ്ങൾ ഭസ്മീഭവിക്കുന്നതുപോലെ നാശത്തെ പ്രാപിക്കുന്നതുകൊണ്ടു് അസുരസൈന്യത്തിനു് വനസാദൃശ്യവും പറയപ്പെട്ടു.

ദേവീവാഹനസിംഹധ്യാനം.

ഗ്രീവായാം മധുസൂദനോഽസ്യ ശിരസി ശ്രീനീലകണ്ഠഃ സ്ഥിതഃ
ശ്രീദേവീ ഗിരിജാ ലലാടഫലകേ വക്ഷഃസ്ഥലേ ശാരദാ
ഷഡ്വക്ത്രോമണിബന്ധസന്ധിഷു തഥാ നാഗാസ്തു പാർശ്വസ്ഥിതാഃ
കർണ്ണൗ യസ്യ തു ചാശ്വിനൗ സ ഭഗവാൻ സിംഹോ മമാസ്ത്വിഷ്ടദഃ. ൧
യന്നേത്രേ ശശിഭാസ്കരൗ വസുകുലം ദന്തേഷു യസ്യ സ്ഥിതം
ജിഹ്വായാം വരുണസ്തു ഹുംകൃതിരിയം ശ്രീചച്ചികാ ചണ്ഡികാ
ഗണ്ഡൗ യക്ഷയമൗ തഥോഷ്ഠയുഗളം സന്ധ്യാദ്വയം പൃഷ്ഠകേ
വജ്രീ യസ്യ വിരാജതേ സ ഭഗവാൻ സിംഹോ മമാസ്ത്വിഷ്ടദഃ. ൨
ഗ്രീവാസന്ധിഷു സപ്തവിംശതിമതാന്യൃക്ഷാണി സാദ്ധ്യാ ഹൃദി
പ്രൗഢാ നിർഘൃണതാ തമോസ്യ തു മഹാക്രൂരൈശ്ച സമാഃ പൂതനാഃ

പ്രാണേ യസ്യ തു മാതരഃ പിതൃകുലം യസ്യാസ്ത്യപാനാത്മകം
രൂപേ ശ്രീകമലാ കഫേഷു വിമലാസ്തേസ്യ രവേ രശ്മയഃ. ന

(ദേവീപുരാണം)

ജഗ—മുമോചാ.....വാഹനകേസരി സ്വാഹാ ഒഫ

നിശ്വാസാൻ മുമുചേ യാംശ്ച യുധ്യമാനാ രണേഽംബികാ. ഫഒന്ന

ഒവ. തേ ഏവ സദ്യഃ സംഭൂതാ ഗണാഃ ശതസഹസ്രശഃ

അംബികാ ച	=	ചണ്ഡികാദേവിയും
രണേ യുധ്യമാനാ	=	യുദ്ധത്തിൽ യുദ്ധംചെയ്തുകൊണ്ടു്
യാൻ നിശ്വാസാൻ മുമുചേ	=	യാവചില ഉച്ഛ്വാസങ്ങളെ വിട്ടുവോ
തേ ഏവ സദ്യഃ	=	അവതന്നെ ആ ക്ഷണത്തിൽ
ശതസഹസ്രശഃ ഗണാഃ	=	ലക്ഷം ലക്ഷം ചണ്ഡികാഗണങ്ങളായി
സംഭൂതാഃ	=	സംഭവിച്ചു.

യുദ്ധത്തിൽ ചണ്ഡികാദേവി മഹാസുരന്മാരോടു് പൊരുതുകൊണ്ടു് വിട്ട ഓരോ ഉച്ഛ്വാസങ്ങളും ലക്ഷം ലക്ഷം ചണ്ഡികാഗണങ്ങളായി പരിണമിച്ചു.

ശാന്ത—ചണ്ഡികാദേവി യുദ്ധത്തിങ്കൽ മഹാസുരന്മാരോടുകൂടി പൊരുതുംകൊണ്ടു് യാവചില യാവചില നിശ്വാസങ്ങളേ പുറപ്പെടുവിച്ചുവോ ആ നിശ്വാസങ്ങൾതന്നെ പ്രത്യേകം ആ ക്ഷണത്തിൽ ലക്ഷം ലക്ഷം ചണ്ഡികാഗണങ്ങളായി കാണപ്പെട്ടു.

ശതസഹസ്രം = നൂറായിരം = ലക്ഷം.

നാഗോ—'ചണ്ഡികാദേവിയുടെ ഓരോരോ നിശ്വാസവും ഓരോരോ ഗണമായി പരിണമിച്ചു' എന്നർത്ഥം.

ജഗ—മചാരാസുര.....രണേഽംബികാ സ്വാഹാ ഒവ

യുയുധുസ്തേ പരശുഭിർ ഭിണ്ഡിപാലാസിപട്ടിശൈഃ. ഫഒൈ

ഒനു. നാശയന്തോഽസുരഗണാൻ ദേവീശക്ത്യുപബൃംഹിതാഃ

തേ	=	ആ ഗണങ്ങൾ
ദേവീശക്ത്യുപബൃംഹിതാഃ	=	ദേവിയുടെ ശക്തിയാൽ പ്രോത്സാഹിപ്പിക്കപ്പെട്ടവരായിട്ടു്
പരശുഭിഃ	=	കോടാലികളെക്കൊണ്ടും
ഭിണ്ഡിപാലാസിപട്ടിശൈഃ	=	ഭിണ്ഡിപാലം, വാൾ, പട്ടിശം ഇവകളെക്കൊണ്ടും
അസുരഗണാൻ	=	അസുരഗണങ്ങളെ
നാശയന്തഃ	=	നശിപ്പിക്കുന്നവരായിട്ടു്
യുയുധുഃ	=	യുദ്ധംചെയ്തു.

ആ ചണ്ഡികാഗണങ്ങൾ ദേവിയുടെ ശക്തിയാൽ പ്രോത്സാഹിപ്പിക്കപ്പെട്ടവരായിട്ട്, കോടാലി, കവിണി, വാൾ, വിസ്തീർണ്ണഖഡ്ഗം എന്നിവകളെക്കൊണ്ട്, അസുരഗണങ്ങളെ നശിപ്പിച്ചുകൊണ്ട് യുദ്ധം ചെയ്തു.

ചതു—ദേവീശക്ത്യുപബൃംഹിതാഃ = ദേവിയുടെ ശക്തിപ്രഭാവം കൊണ്ട് വർദ്ധിച്ചവർ.

ശാന്ത—ദേവിയുടെ രോഷനിശ്വാസത്തിൽനിന്നുണ്ടായ ആ ഗണങ്ങൾ "നിങ്ങൾ യുദ്ധംചെയ്താലും, യുദ്ധംചെയ്താലും" എന്നിങ്ങനെ ദേവിയാൽ പ്രോത്സാഹിപ്പിക്കപ്പെട്ടവരായിട്ട് പരശ്ശു മുതലായ ആയുധങ്ങളാൽ അസുരഗണങ്ങളെ നശിപ്പിച്ചുകൊണ്ട് ആ മഹാസുരന്മാരോടുകൂടി യുദ്ധംചെയ്തു.

"ദേവീശക്ത്യപബൃംഹിതാൻ" എന്നു പാഠഭേദം.

അതിന് "ആ ഗണങ്ങൾ, ദേവിയുടെ സാമർത്ഥ്യംകൊണ്ട് ക്ഷീണിതന്മാരായിഭവിച്ച അസുരഗണങ്ങളെ നശിപ്പിച്ചുകൊണ്ട് യുദ്ധംചെയ്തു" എന്നർത്ഥം.

ഈ പാഠമനുസരിച്ച് 'ഗണങ്ങൾക്ക് ശൗര്യോൽകർഷം ഭവിക്കുന്നില്ല' എന്നുവരുന്നു. അതുകൊണ്ട് 'ദേവീശക്ത്യുപബൃംഹിതാഃ' എന്ന പാഠമാണ് നല്ലത്.

ജഗ—ത ഏവസദ്യ..... പട്ടിശൈഃ സ്വാഹാ ൦൭.

അവാദയന്ത പടഹാൻ ഗണാഃ ശംഖാംസ്തഥാപരേ ൧൧൭

൧൮. മൃദംഗാംശ്ച തഥൈവാന്യേ തസ്മിൻ യുദ്ധമഹോത്സവേ

തസ്മിൻ യുദ്ധമഹോത്സവേ	= ആ യുദ്ധമഹോത്സവത്തിൽ
ഗണാഃ	= ദേവിയുടെ ഗണങ്ങൾ
പടഹാൻ അവാദയന്ത	= പെരുമ്പറകളെ കൊട്ടിഘോഷിച്ചു
തഥാ	= അപ്രകാരം
അപരേ ശംഖാൻ	= മററുഗണങ്ങൾ ശംഖങ്ങളെ (മുഴക്കി)
തഥാ ഏവ	= അതുപോലെതന്നെ
അന്യേ	= മററു ചില ഗണങ്ങൾ
മൃദംഗാൻ	= മൃദംഗങ്ങളെ (കൊട്ടിഘോഷിച്ചു)

ആ യുദ്ധമഹോത്സവത്തിങ്കൽ ദേവിയുടെ ചിലഗണങ്ങൾ പെരുമ്പറയടിക്കുകയും, മററുചിലഗണങ്ങൾ ശംഖങ്ങളെ മുഴക്കുകയും, അപ്രകാരംതന്നെ വേറെചിലഗണങ്ങൾ മൃദംഗങ്ങളെ കൊട്ടിഘോഷിക്കുകയും ചെയ്തു.

ചതു—"അവാദയന്തഃ പടഹാൻ" എന്നു പാഠഭേദം.

അതിന്—ഗണങ്ങൾ കൊട്ടിഘോഷിക്കുന്നവരായിട്ട യുദ്ധം ചെയ്തു—എന്ന് പൂവ്വേണസംബന്ധം.

യുദ്ധം വീരന്മാക്ക് സന്തോഷാധിക്യത്തെ ഉണ്ടാക്കുന്നതുകൊണ്ടു 'മഹോത്സവം' എന്നു പറയപ്പെട്ടു.

ശാന്ത—പടഹം=പെരുമ്പറ മൃദംഗം=മുരജം.

യുദ്ധമഹോത്സവം=മഹോത്സവംപോലെയുള്ള യുദ്ധം.

യുദ്ധമാഗ്ഗമായി ഗണങ്ങളുടെ ശൗയ്യവും, ജയസ്വഭാവവും സൂചിപ്പിക്കുന്നതിനു കാരണമാകകൊണ്ടാണ് 'യുദ്ധമഹോത്സവം' എന്നു പറഞ്ഞിരിക്കുന്നതു്.

ദംശോ—"ആവാദയന്തഃ പടഹാൻ" എന്നു പാഠഭേദം.

അതിന്—ആ=സമന്താൽചുററും. വാദയന്തഃ=കൊട്ടിഘോഷിച്ചുകൊണ്ടു്—എന്നത്ഥം.

ജഗ—നാശയന്തോ......സ്തുധാപരേ സ്വാഹാ ൭൪

തതോ ദേവീ ത്രിശൂലേന ഗദയാ ശക്തിവൃഷ്ടിഭിഃ ൧൧൫

൭൫. ഖഡ്ഗാദിഭിശ്ച ശതശോ നിജഘാന മഹാസുരാൻ.

തതഃ ദേവീ	=	അനന്തരം ദേവി
ത്രിശൂലേന ഗദയാ	=	ത്രിശൂലംകൊണ്ടും ഗദകൊണ്ടും
ശക്തിവൃഷ്ടിഭിഃ	=	വേലുകളുടെ വഷങ്ങളെകൊണ്ടും
ഖഡ്ഗാദിഭിഃ ച	=	വാൾ മുതലായതുകൊണ്ടും
മഹാസുരാൻ	=	മഹാസുരന്മാരെ
ശതശഃ നിജഘാന	=	നൂറുനൂറായി നിഗ്രഹിച്ചു.

അനന്തരം ദേവി, ത്രിശൂലം, ഗദ, വേലുകളുടെവഷം, വാൾ, മുതലായവകളെക്കൊണ്ടു് അസംഖ്യം അസുരന്മാരെ നിഗ്രഹിച്ചു.

ചതു—ശക്തിവൃഷ്ടിഭിഃ = ശക്തികളുടെ=വേലുകളുടെ വൃഷ്ടിഭിഃ= വഷംകൊണ്ടു്.

ശാന്ത—യുദ്ധമഹോത്സവത്തിൽ ഉത്സാഹകാരണമായ്ചെയ്തു പെരുമ്പറകൊട്ടിഘോഷിക്ക, ശംഖംമുഴക്കുക, മുതലായതിനു ശേഷം, ദേവി, വാൾ മുതലായ ആയുധങ്ങളെക്കൊണ്ടു് നൂറുനൂറായി ആ മഹാസുരന്മാരെ നിഗ്രഹിച്ചു.

"ഖഡ്ഗാദിഭിഃ" എന്നതിലെ 'ആദി'ശബ്ദംകൊണ്ടു്, വിസ്തീണ്ണ ഖഡ്ഗം, കോടാലി, കുന്തം, മുദ്ഗരം, ഇരുമ്പുലക്ക, കത്തരി, കൈവാൾ, കവിണി, പരിച, ശംകു (പാര), തോമരം, വജ്രം, വേൽ, പാശം, ചക്രം, മുതലായ ആയുധങ്ങളെ ഗ്രഹിച്ചുകൊള്ളേണ്ടതാണ്.

നാഗോ—"ഗദയാ ശക്തി ഋഷ്ടിഭിഃ" എന്നു പാഠഭേദം.

ജഗ—മൃദംഗാംശ്ച......ശക്തിവൃഷ്ടിഭിഃ സ്വാഹാ ൭൫

പാതയാമാസ ചൈവാന്യാൻ ഘണ്ടാസ്വനവിമോഹിതാൻ.
൩൯. അസുരാൻ ഭുവി പാശേന ബദ്ധ്വാ ചാന്യാനകർഷയൽ.

ഘണ്ടാസ്വനവിമോഹിതാൻ	= ഘണ്ടാശബ്ദംകൊണ്ടു വിശേഷേണ മോഹിപ്പിച്ച
അന്യാൻ	= മററുചിലരെ
പാതയാമാസ ച ഏവ	= പതിപ്പിക്കുകയുംചെയ്തു.
അന്യാൻ അസുരാൻ	= വേറെചില അസുരന്മാരെ
പാശേന ബദ്ധ്വാ	= കയറുകൊണ്ടു് കെട്ടി
ഭുവി അകർഷയൽ ച	= ഭൂമിയിൽഇട്ടു് വലിക്കുകയുംചെയ്തു.

അനന്തരം ദേവി, മണിയുടെ ഗംഭീരശബ്ദംകൊണ്ടു് മൂർഛിക്കപ്പെട്ട ചില അസുരന്മാരെ ഭൂമിയിൽ പതിപ്പിക്കുകയും, മററുചില അസുരന്മാരെ പാശംകൊണ്ടുകെട്ടി ഭൂമിയിലിട്ടു വലിക്കുകയുംചെയ്തു.

ചതു—"ബദ്ധ്വാ ചാന്യാനകർഷത" എന്നു് പാഠഭേദം.

ശാന്ത—അനന്തരം ദേവി, ഘണ്ടാനിർഘോഷമൂർഛിതന്മാരായി അന്യന്മാരായിരിക്കുന്ന അസുരന്മാരെ ഭൂമിയിൽ പതിപ്പിക്കുകയും, മററുചില അസുരന്മാരെ കയറുകൊണ്ടു് കെട്ടിവലിക്കുകയുംചെയ്തു.

ജഗ—ഖഡ്ഗാദിഭിഃ......വിമോഹിതാൻ സ്വാഹാ ഉന്ദ്ര

കേചിൽ ദ്വിധാകൃതാസ്തീക്ഷ്ണൈഃ ഖഡ്ഗപാതൈസ്തഥാപരേ
൪൦. വിപോഥിതാ നിപാതേന ഗദയാ ഭുവി ശേരതേ.
വേമുശ്ച കേചിദ്രുധിരം മുസലേന ഭൃശം ഹതാഃ ഫന്ദ്രവ
൪൧ കേചിന്നിപതിതാ ഭൂമൗ ഭിന്നാഃ ശൂലേന വക്ഷസി.

കേചിൽ	= ചിലമഹാസുരന്മാർ
തീക്ഷ്ണൈഃ	= തീക്ഷ്ണങ്ങളായ
ഖഡ്ഗപാതൈഃ	= ഖഡ്ഗപാതങ്ങളെക്കൊണ്ടു്
ദ്വിധാകൃതാഃ	= രണ്ടാക്കപ്പെട്ടു.
തഥാ	= അപ്രകാരം
അപരേ	= വേറെചിലർ
ഗദയാ നിപാതേന	= ഗദകൊണ്ടുള്ള അടിഹേതുവായിട്ടു്
വിപോഥിതഃ	= മട്ടിക്കപ്പെട്ടവരായിട്ടു്
ഭുവി ശേരതേ	= ഭൂമിയിൽ വീണു.
കേചിൽ ച മുസലേന	= മററുചിലർ ഇരുമ്പുലക്കകൊണ്ടു്
ഭൃശം ഹതാഃ	= നല്ലവണ്ണം താഡിക്കപ്പെട്ടവരായിട്ടു്
രുധിരം വേമുഃ	= ചോര വമിച്ചു.
കേചിൽ ശൂലേന	= ചിലർ ശൂലംകൊണ്ടു്

വക്ഷസി	= മാറിടത്തിൽ
ഭിന്നാഃ	= ഭേദിക്കപ്പെട്ടവരായിട്ട്
ഭൂമൗ നിപാതിതാഃ	= ഭൂമിയിൽ പതിച്ചു.

ചില മഹാസുരന്മാർ, ദേവിയുടെ മൂർച്ചയുള്ള വാൾകൊണ്ടുള്ള വെട്ടിനാൽ രണ്ടാക്കി ഖണ്ഡിക്കപ്പെടുകയും. അതുപോലെ മററുചിലർ ഗദയുടെ അടികൊണ്ട് മട്ടിക്കപ്പെട്ടവരായിട്ട് ഭൂമിയിൽ കിടക്കുകയും, ചിലർ ഇരുമ്പുലക്കകൊണ്ട് കഠിനമായ് അടിക്കപ്പെട്ടവരായിട്ട് ചോര ഛർദ്ദിക്കുകയും, ചിലർ ശൂലംകൊണ്ട് മാറിടം പിളക്കപ്പെട്ടവരായിട്ട് ഭൂമിയിൽ വീഴുകയുംചെയ്തു.

ഗുപ്ത—വിപോഥിതാഃ = അടികൊണ്ട് താഴെവീഴപ്പെട്ടവർ. ശേരതേ = ദീർഘനിദ്രയെപ്രാപിച്ചു.

ചതു—ഗദയാനിപാതേന=ഗദയുടെ നിപാതംകൊണ്ട്=ആഘാതംകൊണ്ട് = അടികൊണ്ടു—ഗദകൊണ്ട് മട്ടിക്കപ്പെട്ടവരായിട്ട്—എന്നു താല്പര്യം. ഭൃശം = ദൃഢം ഹതാഃ = താഡിതന്മാർ.

ശാന്ത—ദേവിയുടെ തീക്ഷ്ണങ്ങളായ ഖഡ്ഗപാതങ്ങളെക്കൊണ്ടു ചില മഹാസുരന്മാർ രണ്ടാക്കിഖണ്ഡിക്കപ്പെട്ടു. അതുപോലെ മററു ചില അസുരന്മാർ ദേവിയുടെ ഗദകൊണ്ടുള്ള അടിനിമിത്തം മട്ടിക്കപ്പെട്ടവരായിട്ട് ഭൂമിയിൽവീണു. ചിലമഹാസുരന്മാർ ദേവിയുടെ മുസലത്താൽ അത്യർത്ഥം താഡിക്കപ്പെട്ടവരായിട്ട് രക്തംഛർദ്ദിച്ചു. ചില മഹാസുരന്മാർ ദേവിയുടെശൂലംകൊണ്ടു വക്ഷസ്സു പിളക്കപ്പെട്ടവരായിട്ട് ഭൂമിയിൽവീണു.

"വവമുഃ" എന്നാണ് വേണ്ടതു്. "വേമുഃ" എന്നതും ചിലടത്തു് ശരിയാണ്.

നാഗോ—"വേമുഃ" എന്ന പ്രയോഗം ആർഷമാകുന്നു.

ജഗ—അസുരാൻ...തഥാപരേ സപാദഹാ— ൫൭
വിപോഥിതാ...ഭൃശം ഹതാ സപാദഹാ— ൫൮

നിരാകൃതാഃ ശരൗഘേണകൃതാ കേചിദ്രണാജിരേ— ഫന്ദന ഇൻ. സേനാനുകാരിണഃ പ്രാണാൻ മുമുചുസ്ത്രിദശാർദനാഃ

കേചിൽ	= ചില
സേനാനുകാരിണഃ ത്രിദശാർദ്ദനാഃ	= അഗ്രേസരന്മാരായ അസുരന്മാർ
രണാജിരേ	= യുദ്ധത്തിന്റെമുൻപിൽ
ശരൗഘേണ	= ശരസമൂഹത്താൽ
നിരാകൃതാഃ കൃതഃ	= നിരാകൃതന്മാരായ് ചെയ്യപ്പെട്ടവരായിട്ട്
പ്രാണാൻ മുമുചുഃ	= പ്രാണങ്ങളെ ഉപേക്ഷിച്ചു.

ചില സേനാഗ്രേസരന്മാരായ അസുരന്മാർ രണമുഖത്തിങ്കൽ ദേവിയുടെ ശരവഷംകൊണ്ടു് നിരാകൃതന്മാരായിട്ട മരിച്ചു.

ചതു—സേനാനകാരികൾ=സേനാഗ്രേസരന്മാർ, സേനാനിയന്താക്കൾ, എന്നും "ശ്യേനാനകാരിണഃ" എന്നു പാഠഭേദം.

അതിനു:—(ശ്യേനങ്ങൾക്ക്=പരുന്തുപക്ഷികൾക്കു്, അനുകാരികൾ=സദൃശന്മാർ)—പരുന്തുപക്ഷികൾ എപ്രകാരം അവയുടെ ചിറകുകളെക്കൊണ്ടു് നിരന്തരങ്ങളായിരിക്കുന്നുവോ അപ്രകാരം ദൈത്യന്മാരും ശരങ്ങളെക്കൊണ്ടു് നിരന്തരന്മാരായിത്തീൎന്നിട്ടു്—എന്നൎത്ഥം.

(അല്ലെങ്കിൽ)—ശ്യേനങ്ങൾ = മുള്ളൻപന്നികൾ ("ശ്യേനഃ പത്രിണിശല്യേ ച"—എന്നു് ശബ്ദരത്നാവലി) ശരൌഘപൂൎണ്ണത്വംകൊണ്ടു് ദൈത്യസേനകൾ മുള്ളൻപന്നികളെപ്പോലെ കാണപ്പെട്ടു—എന്നൎത്ഥം.

ശാന്ത—ത്രിദശാൎദ്ദനാഃ=ദേവന്മാരെ ഹിംസിക്കുന്നവർ.

രണാജിരേ=രണമുഖത്തിങ്കൽ. നിരാകൃതന്മാർ=നഷ്ടപ്പെട്ടവർ.

"നിരന്തരശരൌഘേണ കൃതാഃ കേചിദ്രണാജിരേ
സേനാനകാരിണഃ പ്രാണാൻ മുമുചു സ്ത്രിദശാർദ്ദിനഃ" എന്നുപാഠഭേദം.

അതിനു്—'ശരൌഘംകൊണ്ടു് രോമകൂപംതോറും വ്യാപ്താവയവന്മാരായി ചെയ്യപ്പെട്ട സേനാഗ്രേസരന്മാരായ അസുരന്മാർ രണമുഖത്തിങ്കൽ പ്രാണങ്ങളെ ത്യജിച്ചു്—എന്നൎത്ഥം.

നിരന്തരാഃ ശരൌഘേണ" എന്നു പാഠഭേദം.

അതിനു് ശരങ്ങളുടെ കൂട്ടംകൊണ്ടു് ഇടവിടാതെയുള്ളവരാക്കി ചെയ്യപ്പെട്ടവരായിട്ടു് എന്നൎത്ഥം.

"ശൈലാനകാരിണഃ" എന്നു പാഠഭേദം.

അതിനു്—സ്വഗാത്രപരിമാണംകൊണ്ടു് പൎവ്വതങ്ങളെ അനുകരിക്കുന്നവർ=കുന്നോളം ഉയരമുള്ളവർ എന്നൎത്ഥം.

"സേധാനകാരിണഃ" എന്നും "ശല്യാനകാരിണഃ" എന്നും പാഠഭേദങ്ങളുണ്ടു്.

"ശല്യാനകാരിണഃ' എന്നാണു് സഭ്യമായ പാഠം. (ശ്വാവിത്തു ശല്യഃ) എന്നഭിധാനം.

ശരൌഘംകൊണ്ടു് രോമകൂപംതോറും വ്യാപ്തന്മാരാക്കിച്ചെയ്യപ്പെട്ടിട്ടു് അസംഖ്യം മുള്ളുകളെക്കൊണ്ടു' ചുററപ്പെട്ടിരിക്കുന്ന മുള്ളൻപന്നികളെപ്പോലെ കാണപ്പെട്ടവരായിട്ടു് ചില അസുരന്മാർ യുദ്ധത്തിൽ പ്രാണങ്ങളെ ഉപേക്ഷിച്ചു—എന്നൎത്ഥം.

ദംശോ—സേനാനകാരിണഃ = സേനകളെ പിന്നിൽനിറുത്തുകശീലമായിട്ടുള്ളവർ—സൈന്യാഗ്രേസരന്മാർ—എന്നൎത്ഥം.

ജഗ—കേചിന്നിപാതിതാ......ദ്രണാജിരേ സ്വാഹ ൫൯

കേഷാംചില്‍ ബാഹവച്ഛിന്നാ ഛിന്നഗ്രീവാസ്തഥാപരേ ൫൬൪

൫൦. ശിരാംസി പേതുരന്യേഷാമന്യേ മദ്ധ്യേ വിദാരിതാഃ
വിച്ഛിന്നജംഘാസ്ത്വപരേ പേതുരുര്‍വ്യാം മഹാസുരാഃ. ൫൬൫

കേഷാംചില്‍ബാഹവാഃ ഛിന്നാഃ	=	ചിലരുടെ ബാഹുക്കള്‍ ഛേദിക്കപ്പെട്ടു.
തഥാ അപരേ	=	അതുപോലെ അന്യന്മാര്‍
ഛിന്നഗ്രീവാഃ	=	മുറിക്കപ്പെട്ട കഴുത്തോടുകൂടിയവരായി
അന്യേഷാം ശിരാംസി പേതുഃ	=	മററുചിലരുടെ ശിരസ്സുകള്‍ പതിച്ചു.
അന്യേ	=	മററുചിലര്‍
മദ്ധ്യേ വിദാരിതാഃ	=	മദ്ധ്യത്തില്‍ കീറപ്പെട്ടവരായി
അപരേ മഹാസുരാഃ തു	=	അന്യന്മാരായിരിക്കുന്ന മഹാസുരന്മാരാകട്ടെ
വിച്ഛിന്നജംഘാഃ	=	ഖണ്ഡിക്കപ്പെട്ട കണങ്കാലുകളോടുകൂടിയവരായിട്ടു്
ഉര്‍വ്യാം പേതുഃ	=	ഭൂമിയില്‍ പതിച്ചു.

ചിലരുടെ കൈകള്‍ മുറിക്കപ്പെട്ടു. അപ്രകാരം മററുചിലര്‍ കണ്ഠംമുറിഞ്ഞവരായി. ചിലരുടെ ശിരസ്സുകള്‍ നിലത്തുവീണു. വേറെ ചിലര്‍ നടുവേ കീറപ്പെട്ടവരായി. മററുചിലര്‍ കണങ്കാലുകള്‍ മുറിഞ്ഞു് ഭൂമിയില്‍ വീണു.

ചതു—മദ്ധ്യേ = ഹൃദയത്തില്‍. ഉര്‍വ്യാം = ഭൂമിയില്‍.

ശാന്ത—അതുപോലെതന്നെ ദേവിയാല്‍ ചില അസുരന്മാരുടെ ഭുജങ്ങള്‍ ഖണ്ഡിക്കപ്പെട്ടു് അവര്‍ ഭൂമിയില്‍പതിച്ചു. മററുചില അസുരന്മാര്‍ കണ്ഠംമുറിക്കപ്പെട്ടു് ഭൂമിയില്‍പതിച്ചു. വേറെചില അസുരന്മാരുടെ മുറിക്കപ്പെട്ട ശിരസ്സുകള്‍ ഭൂമിയില്‍വീണു. അന്യന്മാരായിരിക്കുന്ന അസുരന്മാര്‍ ശരീരത്തിന്റെ മദ്ധ്യഭാഗത്തില്‍ ദേവിയാല്‍ കീറപ്പെട്ടവരായിട്ടു് ഭൂമിയില്‍വീണു. അപരന്മാരായ മഹാസുരന്മാര്‍ ഖണ്ഡിക്കപ്പെട്ട ജംഘകളോടുകൂടിയവരായിട്ടു് ഭൂമിയില്‍പതിച്ചു.

നാഗേ—ശിരാംസി=ദേവിയാല്‍ മുറിക്കപ്പെട്ട ശിരസ്സുകള്‍.

ജഗ—സേനാനകാരിണഃ......ഗ്രീവാസ്തഥാചരേ സ്വാഹാ ൬൦

ശിരാംസി പേതു......മഹാസുരാഃ സ്വാഹാ ൬൧

൫൧. ഏകബാഹ്വക്ഷിചരണാഃ കേചിദ്ദേവ്യാ ദ്വിധാകൃതാഃ
ഛിന്നേപി ചാന്യേ ശിരസി പതിതാഃ പുനരുത്ഥിതാഃ ൫൬൬

൫൨. കബന്ധായുയുധുര്‍ദേവ്യാ ഗൃഹീതപരമായുധാഃ

കേചിൽ	= ചിലർ
ദേവ്യാ	= ദേവിയാൽ
ഏകബാഹ്വക്ഷി ചരണാഃ	= ഒരുകയ്യും കണ്ണും കാലും വീതമുള്ളവരാക്കി
ദ്വിധാകൃതാഃ അന്യേ	= രണ്ടായി ഖണ്ഡിക്കപ്പെട്ട വേറേ ചിലർ
ശിരസി ഛിന്നേ അപി	= ശിരസ്സു മുറിക്കപ്പെട്ട അവസരത്തിലും
പതിതാഃ ച പുനഃ	= വീണിട്ടും വീണ്ടും
ഉത്ഥിതാ	= എഴുന്നേററിട്ടു്
ഗൃഹീതപരമായുധാഃ	= ഉത്തമശസ്ത്രങ്ങളെ ഗ്രഹിച്ചുകൊണ്ടു്
കബന്ധാഃ	= കബന്ധങ്ങളായി.
ദേവ്യാ യുയുധുഃ	= ദേവിയോടുകൂടി യുദ്ധം ചെയ്തു.

ചില മഹാസുരന്മാർ ദേവിയാൽ ഒററക്കയ്യും, കണ്ണും, കാലും വീതമുള്ളവരാക്കി രണ്ടായി ഖണ്ഡിക്കപ്പെട്ടു. വേറെ ചില അസുരന്മാർ, ശിരസ്സുമുറിക്കപ്പെട്ടു് ഭൂമിയിൽവീണിട്ടും പിന്നെയും എഴുന്നേററ് ഉത്തമശസ്ത്രങ്ങളെ ഗ്രഹിച്ചുകൊണ്ടു് കബന്ധങ്ങളായി ദേവിയോടുകൂടി യുദ്ധംചെയ്തു.

ചതു—"പതിതാഃ പുനരുത്ഥിതാഃ" എന്നതിനു്:—

യുദ്ധത്തിൽ ആയിരംപേർ ഹതരായാൽ ഒരു കബന്ധം ഉത്ഭവിക്കും.

"മനുഷ്യാണാം സഹസ്രേഷു ഹതേഷു പതിതേഷു ച
ഉദതിഷ്ഠൻ കബന്ധാനി ബഹൂന്യുത്ഥാപി താന്യാപി"
(എന്നു് ശാന്തിപർവ്വം)

ശാന്ത—ചില മഹാസുരന്മാർ ഒരുകയ്യും ഒരു കണ്ണും ഒരു കാലും വീതമുള്ളവരാക്കി ദേവിയാൽ രണ്ടായി ഖണ്ഡിക്കപ്പെട്ടു് ഭൂമിയിൽ വീണു. മററു ചില മഹാസുരന്മാർ ശിരസ്സുമുറിക്കപ്പെട്ട സമയത്തിൽ ഭൂമിയിൽവീണിട്ടു് പിന്നെയും ഉത്ഥാനം ചെയ്തു് വീണ്ടും ശിരസ്സിനെ ധരിക്കുന്നവരായിട്ടു് ഉത്തമശസ്ത്രങ്ങളെടുത്തു് ദേവിയോടുകൂടി യുദ്ധം ചെയ്തു.

കം = ശിരസ്സിനെ ബധ്നാതിധരിക്കുന്നതു് കബന്ധം.

"കബന്ധോ / സ്ത്രീ ക്രിയായുക്തമപമൂർദ്ധകളേബരം" എന്നു്

കബന്ധലക്ഷണം

"യുദ്ധേ യോദ്ധൃഷു ശൂരേഷു സഹസ്രം കൃത്തമൂർദ്ധസു
തദാവേശാൽ കബന്ധസ്സ്യാ ദേകോമൂർദ്ധാ ക്രിയാന്വിതഃ"

അതിനു്—"യുദ്ധത്തിൽ, ശൂരന്മാരായിരിക്കുന്ന ആയിരം യോദ്ധാക്കളുടെ ശിരസ്സുകൾ ഖണ്ഡിക്കപ്പെട്ടപ്പോൾ അവരുടെ ആവേ

ശംനിമിത്തം പ്രവൃത്തിസാമർത്ഥ്യത്തോടും തലയോടുംകൂടി ഒരു കബന്ധം ഉണ്ടാകുന്നു" എന്നു് അർത്ഥം.

"ദേവീ ദാനവയുദ്ധേ തു കബന്ധാർബുദകോടയഃ
ക്ഷണേ ക്ഷണേ സമുൽപ്പന്നാ ദേവ്യാ യുയുധിരേ പുനഃ.
ദേവീദാനവയുദ്ധോത്ഥകബന്ധാർബുദകോടയഃ
ദേവീരോഷോത്ഥഹുങ്കാരജ്വലജ്ജ്വലനഭസ്മിതാഃ" (എന്നു്)

ഈ ദേവീദാനവയുദ്ധത്തിലാകട്ടെ ആയിരംലക്ഷംകോടി (അന്ത്യം) കബന്ധങ്ങൾ ക്ഷണംതോറും ഉത്ഭവിച്ചു് ദേവിയോടുകൂടി യുദ്ധംചെയ്യുന്നു. ഈ ആയിരംലക്ഷംകോടി കബന്ധങ്ങളേയും ദേവിയുടെ കോപത്തിൽനിന്നുണ്ടായ ഹുങ്കാരമാകുന്ന കത്തിക്കാളിജ്വലിക്കുന്ന അഗ്നികൊണ്ടു് ഭസ്മമാക്കിത്തീർക്കുകയുംചെയ്യുന്നു.

നാഗോ—ഏകബാഹ്വക്ഷിചരണാഃ =ശിരസ്സുമുതൽ പാദംവരെ നടുവേ രണ്ടായി കീറപ്പെട്ടവർ.

ഭംശോ—കബന്ധങ്ങൾ = ഛിന്നശിരസ്സുകളായിട്ടും മായാവിത്വംഹേതുവായിട്ടു് ശിരസ്സുകളെ ധരിക്കുന്നവർ.

(അല്ലെങ്കിൽ) ഒരുതരം അസുരന്മാർ.

(അല്ലെങ്കിൽ) വായുആശ്രയമായുള്ളവർ.

ജഗ—ഏകബാഹ്വക്ഷി.........പുനരുത്ഥിതാഃ സ്വാഹാ— സ്വ
നനൃതുശ്ചാപരേ തത്ര യുദ്ധേ തൂര്യലയാശ്രിതാഃ— എന്നും
സ്വ. കബന്ധാ ഛിന്നശിരസഃ ഖഡ്ഗശക്ത്യൃഷ്ടിപാണയഃ
തിഷ്ഠ തിഷ്ഠേതി ഭാഷന്തോ ദേവീമന്യേ മഹാസുരാഃ— എന്നുവ്യ

തത്ര യുദ്ധേ അപരേ	= ആ യുദ്ധത്തിൽ മററുചില അസുരന്മാർ
തൂര്യലയാശ്രിതാഃ	= വാദ്യാദികളുടെ അന്യോന്യസമതയെ ആശ്രയിച്ചു്
നനൃതുഃ ച	= നൃത്തംചെയ്യുകയും ചെയ്തു
ഛിന്നശിരസഃ	= ഛേദിക്കപ്പെട്ട ശിരസ്സുകളോടുകൂടിയ
കബന്ധാഃ	= കബന്ധങ്ങൾ
ഖഡ്ഗശക്ത്യൃഷ്ടി പാണയഃ	= വാൾ, വേൽ, രണ്ടുവശത്തും മൂർച്ചയുള്ള ഒരുമാതിരി വാൾ ഇവയെ കൈകളിൽ പിടിച്ചുകൊണ്ടും
അന്യേ മഹാസുരാഃ	= വേറെ ചില മഹാസുരന്മാർ
ദേവീം	= ദേവിയോടു്
തിഷ്ഠ തിഷ്ഠ ഇതി	= നിൽക്കു് നിൽക്കു് എന്നു്
ഭാഷന്തഃ	= പറഞ്ഞുകൊണ്ടും (യുദ്ധംചെയ്തു)

ആ യുദ്ധത്തിൽ ചില അസുരന്മാർ വാദ്യാദികളുടെ അന്യോന്യ തുല്യതയെ ആശ്രയിച്ചു് നൃത്തം ചെയ്യുകയും, ഛേദിക്കപ്പെട്ട ശിരസ്സുകളോടുകൂടിയ കബന്ധങ്ങൾ, വാൾ, വേൽ, ഋഷ്ടി, ഇവകളെ ധരിച്ചുകൊണ്ടും, മററു ചില മഹാസുരന്മാർ ദേവിയോടു് നിൽക്കു് നിൽക്കു് എന്നു പറഞ്ഞുകൊണ്ടും യുദ്ധംചെയ്കയും ചെയ്തു.

ഗുപ്ത—തുര്യലയാശ്രിതാഃ=തുര്യങ്ങളുടെ= വാദ്യങ്ങളുടെ ലയത്തെ= കാലക്രിയാമാനരൂപതാളവിരാമസാമ്യത്തെ ആശ്രയിച്ചവർ. കബന്ധങ്ങൾ=ശിരസ്സോടുകൂടാത്ത ദേഹങ്ങൾ. അവ, വീരാവേശംകൊണ്ടു്, സർവാംഗം നല്ലവണ്ണം മുറിപ്പെട്ടു് ശിരസ്സു വേർപെടാതെ കിടക്കുന്ന മററുചിലരെപ്പോലെ തലയിലും ഉടലിലും ജീവനോടും പ്രവൃത്തിയോടും കൂടി മുറിഞ്ഞുവീണമുഖംകൊണ്ടു് സംസാരിക്കുകയും ഇളകിക്കൊണ്ടിരിക്കുന്ന കബന്ധംകൊണ്ടു് യുദ്ധംചെയ്യുകയുംചെയ്തു.

ചതു—"തുര്യലയാന്വിതാ" എന്നു പാഠഭേദം "വാദ്യാദികളെ അനുസരിക്കുന്നവർ" എന്നർത്ഥം.

'കബന്ധങ്ങൾ' എന്നും 'ഛിന്നശിരസ്സുകൾ' എന്നും ഉള്ള പര്യായശബ്ദങ്ങളെ ഉപയോഗിച്ചിരിക്കുന്നതു് അവയുടെ ബഹുത്വത്തെ കാണിക്കുന്നതിനാകുന്നു. ചിലകബന്ധങ്ങൾ യുദ്ധംചെയ്കയും ചില കബന്ധങ്ങൾ നൃത്തംചെയ്കയുംചെയ്തു.

ശാന്ത—ആ ദേവീദാനവയുദ്ധത്തിൽ മററുചില മഹാസുരന്മാർ, തത, വിതതാ, നദ്ധ, സുഷിരങ്ങളായ നാലുവിധവാദ്യങ്ങളുടെ സാമ്യാവസ്ഥയെ ആശ്രയിച്ചു്, വാൾ, ശക്തി, ഋഷ്ടി, ഇവയെധരിച്ചുംകൊണ്ടു്, മുൻപ് ദേവിയാൽ ഛേദിക്കപ്പെട്ട ശിരസ്സുകളോടുകൂടിയവരാണെങ്കിലും, വീരരസത്തിൻേറയും സംഗ്രാമാധിദേവതയുടേയും ആവേശം നിമിത്തം ചൈതന്യത്തോടുകൂടിയവരായി, പിന്നേയും ശിരോധാരികളായിട്ടു് നൃത്തംചെയ്തു. 'നനൃതുശ്ച' എന്നതിലെ 'ച'കാരംകൊണ്ടു് 'ദേവിയോടുകൂടിയുദ്ധംചെയ്യുകയും ചെയ്തു" എന്നർത്ഥം.

തുര്യങ്ങൾ=വാദ്യങ്ങൾ.

"തതം വീണാദികം വാദ്യം ആനദ്ധം മുരജാദികം
വംശാദികന്തു സുഷിരം കാംസ്യം താളാദികം ഘനം"(എന്നു്)

കമ്പിയിട്ടു വായിക്കുന്ന വീണ മുതലായവയ്ക്കു് തതം എന്നും, തുകലിട്ടു കൊട്ടിഘോഷിക്കുന്ന പെരുമ്പറ മുതലായവയ്ക്കു് ആനദ്ധം എന്നും, കുഴലിൽ സുഷിരങ്ങളിട്ടു വായിക്കുന്ന നാകസ്വരംമുതലായവയ്ക്കു് സുഷിരം എന്നും, ഓട്ടുകൊണ്ടു് ഉണ്ടാക്കപ്പെട്ടതാളം മുതലായവയ്ക്കു് ഘനം എന്നും പേരുകൾ.

'ഖഡ്ഗം' 'ഋഷ്ടി, ഇതു രണ്ടും വാൾ എന്നതിന്റെ പൎയ്യായമാണെ ങ്കിലും ആകൃതിഭേദംകൊണ്ടു് വേറെ വേറെ പ്രയോഗിച്ചിട്ടുള്ള താകുന്നു.

"ഖഡ്ഗശക്ത്യൃഷ്ടപാണയഃ" എന്നു പാഠഭേദം.

ഖഡ്ഗങ്ങളെകൊണ്ടും വേലുകളെക്കൊണ്ടും വ്യാപിച്ചിരിക്കുന്ന കൈകളോടുകൂടിയവർ.

(അല്ലെങ്കിൽ) (ദൈത്യന്മാരിൽ ചിലർ അഷ്ടഭുജന്മാരുണ്ടു്) ഖ ഡ്ഗ,ശക്തികളോടുകൂടിയ അഷ്ടപാണികളോടുകൂടിയവർ എട്ടുകൈ കളിലും വാളുകളേയും വേലുകളേയും ധരിച്ചിരിക്കുന്നവർ—എന്നു താല്പൎയ്യം.

ചില രണശൂരന്മാരായ മഹാസുരന്മാർ യുദ്ധത്തിൽ ദേവിയോടു് നിൽക്കു് നിൽക്കു് എന്നു പറഞ്ഞുകൊണ്ടു്—ഞാൻ മുൻപിൽ, ഞാ ൻ മുൻപിൽ, എന്നുള്ള അഹങ്കാര സ്വഭാവത്തെ പ്രകടിപ്പിച്ചു കൊണ്ടു്—ദേവിയോടുകൂടി "യുദ്ധംചെയ്യുന്നതിനായി എത്തുന്നു" (എ ന്നുകൂടിചേൎത്തുകൊള്ളണം.)

തിഷ്ഠതിഷ്ഠേത്യഭാഷന്ത" എന്നു പാഠഭേദം.

മററുചില മഹാസുരന്മാർ ദേവിയോടു് "നില്ക്കു് നില്ക്കു്, ഇപ്പോൾ എന്റെ മുൻപിൽനിന്നും എവിടേക്കു പോകുന്നു എവിടെ ഒളിക്കുന്നു" എന്നു് പേരുപറഞ്ഞു് ഭർത്സിച്ചു എന്നൎത്ഥം.

ഈ ശ്ലോകം (ദേവീ മന്യേ മഹാസുര എന്നു) കഴിഞ്ഞു്

"രുധിരൌഘവിലുപ്താംഗാഃ സംഗ്രാമേ ലോമഹർഷണേ"

എന്നു് ഒരൎദ്ധശ്ലോകം കൂടിയുണ്ടു്.

നാഗോ—൫൩-ാം ശ്ലോകത്തിന്റെ പൂൎവ്വാൎദ്ധത്തിലും ഉത്തരാ ൎദ്ധത്തിലും "യുയുധുഃ" എന്ന ക്രിയചേൎക്കണം. ഋഷ്ടയഃ=രണ്ടുപുറ ത്തും മൂൎച്ചയുള്ള വാളുകൾ.

ഭംശോ—ഋഷ്ടയഃ=ഒരുവശത്തു മൂൎച്ചയുള്ള വാൾ.

ജഗ—കബന്ധാ...ലയാശ്രിതാഃ സ്വാഹാ— ൫൩

കബന്ധാ...മഹാസുരാഃ സ്വാഹാ— ൫൪

൫൪. പാതിതൈരഥനാഗാശ്വൈരസുരൈശ്ച വസുന്ധരാ

അഗമ്യാസാഭവത്തത്ര യത്രാഭൂത്സമഹാരണഃ— ൫൫

യത്ര = യാതൊരു ദിക്കിൽ

സഃ മഹാരണഃ അഭൂൽ= ആ മഹായുദ്ധം ഭവിച്ചുവോ

തത്രസാ വസുന്ധരാ = അവിടെ ആ ഭൂമി

പാതിതൈഃ = വീഴ്ത്തപ്പെട്ട

രഥനാഗാശ്വൈഃ = തേരുകൾ, ആനകൾ, കുതിരകൾ

ച = ഇവയെക്കൊണ്ടും
അസുരൈഃ ച = അസുരന്മാരെക്കൊണ്ടും
അഗമ്യാഅഭവൽ = ഗമിക്കാൻ പാടില്ലാത്തതായിഭവിച്ചു

ആ മഹായുദ്ധം നടന്നസ്ഥലം, വീണുകിടക്കുന്ന ആന, തേരു്, കുതിര ഇവകളെക്കൊണ്ടും, അസുരന്മാരെക്കൊണ്ടും, ഗമിക്കാൻപാടില്ലാത്തതായിത്തീൎന്നു.

ശാന്ത—ദേവിക്കും മഹിഷാസുരസൈന്യങ്ങൾക്കും തമ്മിൽ ഏതുദിക്കിൽവെച്ചു് യുദ്ധംനടന്നുവോ ആ ഭൂമി, ദേവിയാൽ പതിപ്പിക്കപ്പെട്ട രഥങ്ങളെക്കൊണ്ടും ആനകളെക്കൊണ്ടും, അശ്വങ്ങളെക്കൊണ്ടും, അസുരന്മാരെക്കൊണ്ടും വ്യാപ്തയായിട്ടു് ഗമിക്കാൻ പാടില്ലാത്തതായിത്തീൎന്നു.

അഗമ്യാ=പോകാൻ പാടില്ലാത്തതു്.

ജഗ—പാതിതൈരഥ...മഹാരണഃ സഹാഹാ— ൬൭

൬൭. ശോണിതൌഘാ മഹാനദ്യഃ സദ്യസ്തത്ര വിസുസ്രുവുഃ
മദ്ധ്യേ ചാസുരസൈന്യസ്യ വാരണാസുരവാജിനാം ൬൮

തത്ര = അവിടെ
അസുരസൈന്യസ്യമദ്ധ്യേ = അസുരസൈന്യത്തിന്റെ നടുവിൽ
സദ്യഃ = ക്ഷണത്തിൽ
വാരണാസുരവാജിനാം = ആനകളുടേയും അസുരന്മാരുടേയും കുതിരകളുടേയും
ശോണിതൌഘാഃ = രക്തസമൂഹങ്ങൾ
മഹാനദ്യഃവിസുസ്രുവുഃ ച= വലിയ പുഴകളായിട്ടു് ഒഴുകുകയും ചെയ്തു.

അവിടെ അസുരസൈന്യത്തിന്റെ നടുവിൽ, അപ്പോൾ ആനകളുടേയും, അസുരന്മാരുടേയും, കുതിരകളുടേയും രക്തസമൂഹങ്ങൾ നദികളായി പ്രവഹിച്ചു.

ശാന്ത—വിശേഷിച്ചും ആ യുദ്ധത്തിൽ, അസുരസൈന്യങ്ങളുടെ നടുവിൽ, ദേവിയോടുകൂടി യുദ്ധം ആരംഭിച്ച അവസരത്തിൽതന്നെ, ആനകളുടേയും, അസുരന്മാരുടേയും, കുതിരകളുടേയും രക്തസമൂഹങ്ങൾ മഹാനദികളയി പ്രവഹിക്കുകയും ചെയ്തു.

ജഗ—ശോണിതൌഘാ...വാജിനാം സഹാഹാ— ൬൮

൬൮. ക്ഷണേന തന്മഹാസൈന്യമസുരാണാം തഥാംബികാ
നിന്യേ ക്ഷയം യഥാ വഹ്നിസ്തൃണദാരുമഹാചയം. ൬൯

വഹ്നിഃ = അഗ്നി
തൃണദാരുമഹാചയം = വയ്ക്കോൽതുരുവിന്റെ വലുതായ കൂട്ടത്തെ

യഥാ തഥാ	= യാതൊരു പ്രകാരമോ അപ്രകാരം
അംബികാ	= ശ്രീദേവി
ക്ഷണേന	= ക്ഷണനേരംകൊണ്ടു്
അസുരാണാം തൽ മഹാസൈന്യം	= അസുരന്മാരുടെ ആ വലിയ സൈന്യത്തെ
ക്ഷയം നിന്യേ	= നാശം പ്രാപിപ്പിച്ചു.

അഗ്നി വയ്ക്കോൽത്തുറുവിന്റെ വലുതായ കൂട്ടത്തെ ക്ഷണനേരം കൊണ്ടു് ഭസ്മീകരിക്കുന്നതുപോലെ ശ്രീദേവിയും അസുരന്മാരുടെ ആ മഹാസൈന്യത്തെ ക്ഷണനേരംകൊണ്ടു് നശിപ്പിച്ചു.

ശാന്ത—അഗ്നി യാതൊരുപ്രകാരം വയ്ക്കോൽത്തുറുവിന്റെ കൂട്ടത്തെ ക്ഷണമാത്രംകൊണ്ടു് നശിപ്പിക്കുന്നുവോ അതുപോലെ ദേവി മഹാസൈന്യത്തെ ഭസ്മമാക്കി.

ജഗ—ക്ഷണേന..... മഹാചയം സ്വാഹാ ന്ന്വ

ന്ന്വ. സ ച സിംഹോ മഹാനാദമുൽസൃജൻ ധുതകേസരഃ

ശരീരേഭ്യോ ƒമരാരീണാമസൂനിവ വിചിന്വതി.— ഫ്വെ

സഃ സിംഹഃ ച	= ആ സിംഹവും
ധുതകേസരഃ	= ഇളക്കപ്പെട്ട ജടകളോടു കൂടിയവനായി
മഹാനാദം ഉൽസൃജൻ	= വലുതായി ഗർജ്ജനംചെയ്തുകൊണ്ടു്
അമരാരീണാം ശരീരേഭ്യഃ	= അസുരന്മാരുടെ ശരീരങ്ങളിൽ നിന്നു്
അസൂൻ	= പ്രാണങ്ങളെ
വിചിന്വതി ഇവ	= അന്വേഷിക്കുന്നുണ്ടോ എന്നു തോന്നുമാറു് (അസുരസൈന്യത്തെ നശിപ്പിച്ചു.)

ദേവീവാഹനമായ സിംഹവും സടകൾകുടഞ്ഞു ഗർജ്ജിച്ചുകൊണ്ടു് അസുരന്മാരുടെ ദേഹങ്ങളിൽനിന്നു് പ്രാണങ്ങളെ തിരയുന്നുണ്ടോ എന്നു തോന്നുംവണ്ണം അസുരസൈന്യത്തെ നശിപ്പിച്ചു.

ചതു—ദേവി എങ്ങനെ അസുരസൈന്യത്തെ നശിപ്പിച്ചുവോ അതുപോലെ ദേവീവാഹനസിംഹവും ആ യുദ്ധത്തിൽ അസുരന്മാരുടെ ശരീരങ്ങളിൽനിന്നു് പ്രാണങ്ങളെ അന്വേഷിച്ചെടുത്തു് കൂട്ടിച്ചേർക്കുന്നുവോ എന്നു തോന്നുമാറു്—ഉൽപ്രേക്ഷാലങ്കാരം.

ശാന്ത—ശ്രീദേവി മാത്രമല്ല അസുരസൈന്യത്തെ നശിപ്പിച്ചതു്. ആ പ്രസിദ്ധനായി ദേവീവാഹനഭൂതനായിരിക്കുന്ന സിംഹവും സ്കന്ധരോമങ്ങളെ ഇളക്കിക്കൊണ്ടു്—കണ്ഠീരവമാകയാൽ മഹത്തായ കണ്ഠഗർജ്ജനത്തെചെയ്തുകൊണ്ടു്—യഥോചിതം അസുരസൈന്യത്തെ നശിപ്പിച്ചു.

ഇതു് "സോപി ക്രുദ്ധോ ധുതസടോ ദേവ്യാ വാഹനകേസരീ
ചചാരാസുരസൈന്യേഷു വനേഷ്വിവ ഹുതാശനഃ"

എന്നു മുൻപിൽ പറഞ്ഞിട്ടുണ്ടു്.

ദംശോ—'സ ച സിംഹഃ. ഇതി പൂർവാർദ്ധം 'അസുരസൈന്യത്തെ ക്ഷയിപ്പിച്ചു' എന്നു് പൂർവശ്ലോകത്തോടും, 'വിചിന്വതി' എന്ന സപ്തമി ആകുമ്പോൾ 'ആ സിംഹം അസുരന്മാരുടെ പ്രാണങ്ങളെ അന്വേഷിക്കുമ്പോൾ ദേവിയുടെ ഗണങ്ങളാൽ യുദ്ധം ചെയ്യപ്പെട്ടു്,' എന്നു് ഉത്തരശ്ലോകത്തോടും അന്വയിക്കണം.

ജഗ—സ ച സിംഹോ.........വിചിന്വതി സ്വാഹാ— ന്വവ്വ.

ന്വവ്വ. ദേവ്യാ ഗണൈശ്ച തൈസ്തത്ര കൃതം യുദ്ധം തഥാസുരൈഃ
യഥൈഷാം തുഷ്ടുവുർദ്ദേവാഃ പുഷ്പവൃഷ്ടിമുചോ ദിവി. ഫബെ

ദേവാഃ	= ദേവന്മാർ
ദിവി പുഷ്പവൃഷ്ടിമുചഃ	= പുഷ്പവർഷംചെയ്തുകൊണ്ടു്
ഏഷാം യഥാ തുഷ്ടുവുഃ	= ഈ ദേവിയെ യാതൊരുപ്രകാരം സ്തുതിച്ചുവോ
ദേവ്യാഃ ഗണൈഃ ച	= ദേവിയുടെ ഗണങ്ങളാലും
തത്ര തൈഃ അസുരൈഃ	= ആ യുദ്ധത്തിൽ ആ അസുരന്മാരോടുകൂടി
തഥാ യുദ്ധം കൃതം	= അപ്രകാരം യുദ്ധമുണ്ടായി.

ദേവലോകത്തിൽ ദേവകൾ പുഷ്പവർഷം ചെയ്തുകൊണ്ടു് ദേവിയെ സ്തുതിക്കത്തക്കവണ്ണം ദേവിയുടെ ഗണങ്ങളും ആ അസുരന്മാരോടുകൂടി യുദ്ധം ചെയ്തു.

ഗുപ്ത—ദേവിയുടെ ഗണങ്ങളാൽ അസുരന്മാരോടുകൂടി ദേവകൾ സ്തുതിക്കത്തക്കവണ്ണം യുദ്ധം ചെയ്യപ്പെട്ടു.

ചതു—ദേവിയുടെ ഗണങ്ങളാൽ അസുരന്മാരോടുകൂടി എപ്രകാരം യുദ്ധംചെയ്യപ്പെട്ടുവോ അപ്രകാരം ദേവലോകത്തിൽ ദേവകൾ ഈ ഗണങ്ങളെ സ്തുതിച്ചു.

ശാന്ത—ആ യുദ്ധഭൂമിയിൽ ദേവിയുടെ രോഷനിശ്വാസസംഭൂതങ്ങളായ ഗണങ്ങൾ ആ അസുരന്മാരോടുകൂടി എപ്രകാരം യുദ്ധംചെയ്തുവോ അതുപോലെ സ്വർഗ്ഗലോകത്തിൽ ദേവകൾ പുഷ്പവർഷംചെയ്തുകൊണ്ടു് ഈ ദേവിയെ സ്തുതിച്ചു.

പുഷ്പവൃഷ്ടിമുചഃ=പുഷ്പങ്ങളുടെ വർഷത്തെ മോചിക്കുന്നവർ.

"അഥൈനാം തുഷ്ടുവുർദ്ദേവാഃ" എന്നു പാഠഭേദം.

ശ്രീദേവിയുടെ ഗണങ്ങളാൽ ആ യുദ്ധഭൂമിയിൽ മഹാസുരന്മാരോടുകൂടി യുദ്ധം ചെയ്യപ്പെട്ടു. അനന്തരം ദേവന്മാർ പുഷ്പവർഷം ചെയ്തുകൊണ്ടു് ഗണങ്ങളേയും സിംഹത്തിനേയും ദേവിയേയും സ്തുതിച്ചു എന്നു താല്പര്യം.

അഹോ!! ഇതെന്തൊരാശ്ചര്യം!! യോദ്ധാക്കൾ മായാവികളായിരിക്കുന്ന അസുരന്മാർ, അവരോടുകൂടി അബലയായി ഏകാകിനിയായിരിക്കുന്ന ദേവി യുദ്ധം ചെയ്യുന്നു. അനേകം മഹാസുരസൈന്യങ്ങളെ പത്തു്, നൂറു്, ആയിരം, പതിനായിരം, ലക്ഷം, കോടി, കോടികോടി വീതം ഈ ഏകാകിനിയായ ദേവി നശിപ്പിക്കുന്നു. ആ ദേവിയോടുകൂടി കബന്ധങ്ങളും യുദ്ധം ചെയ്യുന്നു. ആ കബന്ധങ്ങൾ ദേവീരോഷഹുങ്കാരജ്വലജ്ജ്വലനജ്വാലകൊണ്ടു് ദഹിക്കപ്പെട്ടു് ക്ഷണംതോറും ഭസ്മമായ്ത്തീരുന്നു: അതുകൂടാതേയും ഈ യുദ്ധഭൂമിയിൽ ദേവിയാൽ ഖണ്ഡിക്കപ്പെട്ട പ്രചണ്ഡവിക്രമന്മാരായി മഹായോദ്ധാക്കളായിരിക്കുന്ന മഹാസുരന്മാരുടെ ശരീരങ്ങളിൽനിന്നു് ധാരധാരയായി ഒഴുകുന്ന രുധിരൗഘങ്ങൾ മഹാനദികളായി പ്രവഹിക്കുന്നു. ഇങ്ങനെ അത്യത്ഭുതചരിതയായി, ലോകാത്ഭുതമൈകപാലോമയായിരിക്കുന്ന ആ ചണ്ഡികാദേവിയെ ദേവന്മാർ സ്തുതിക്കുന്നു.

നാഗോ—"യയൈഷാം തുതുഷുർദ്ദേവാഃ" എന്നു പാഠഭേദം.

ഭംശോ—"യയൈഷാം തുതുഷുർദ്ദേവാഃ" എന്ന പാഠത്തിനു്, ദേവന്മാർ തുഷ്ടന്മാരായി ഭവിച്ചു എന്നർത്ഥം.

ജഗ—ദേവ്യാഗണൈ.........മുചോദിവി സ്വാഹാ............ന്നൻ

ഇതി ശ്രീമാർക്കണ്ഡേയപുരാണേ സാവർണ്ണികേ
മന്വന്തരേ ദേവീമാഹാത്മ്യേ
മഹിഷാസുരസൈന്യവധോ നാമ
ദ്വിതീയോദ്ധ്യായഃ.

മഹിഷാസുരസൈന്യവധം എന്ന രണ്ടാമദ്ധ്യായം സമാപ്തം.

മൂന്നാമദ്ധ്യായം.

ഋഷിരുവാച—൧൪

൧. നിഹന്യമാനം തത്സൈന്യമവലോക്യ മഹാസുരഃ
സേനാനീശ്ചിക്ഷുരഃ കോപാദ്ധ്യയൌ യോദ്ധുമഥാംബികാം. ൨

ഋഷിപറഞ്ഞു.

അഥ	= അനന്തരം
സേനാനീഃ	= സേനാനായകനായ
ചിക്ഷുരഃ മഹാസുര.	= ചിക്ഷുരൻഎന്നപേരോടുകൂടിയ മഹാസുരൻ
തൽ സൈന്യം	= മഹിഷാസുരന്റെ സൈന്യം
നിഹന്യമാനം അവ ലോക്യ	= തീരെ കൊല്ലപ്പെടുന്നതായി കണ്ടിട്ടു്
കോപാൽ	= കോപത്താൽ
അംബികാം യോദ്ധും യയൌ	= അംബികയോടു് യുദ്ധംചെയ്‌വാൻ പുറപ്പെട്ടു.

അനന്തരം സൈന്യാധിപനായ ചിക്ഷുരൻ എന്ന മഹാസുരൻ, മഹിഷാസുരന്റെ സൈന്യം ദേവിയാൽ നിശ്ശേഷം നശിപ്പിക്കപ്പെട്ടുന്നതായി കണ്ടിട്ടു് കോപംമൂലം ദേവിയോടുകൂടി യുദ്ധംചെയ്വാൻ പുറപ്പെട്ടു.

ഗുപ്ത—ഋഷിരുവാച, എന്നതിന്റെ അനുവൃത്തി പൂർവാദ്ധ്യായത്തിന്റെ ഒടുവിലത്തെ ശ്ലോകംവരെയുള്ളതുകൊണ്ടു് പിന്നെയും ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ ഋഷിരുവാച എന്നു പറഞ്ഞിരിക്കുന്നതു്, "അദ്ധ്യായസമാപ്തിയെ അറിയിക്കുന്ന വാക്യം സൂതാദികളുടെ വചനമാകയാൽ വ്യാപ്തിക്കു് ഒരു തടവുവന്നതു കൊണ്ടു" ആ ഋഷിവാക്യത്തിനു് മേൽ വ്യാപ്തിയില്ല", എന്നുള്ള അഭിപ്രായത്തോടുകൂടിയാകുന്നു. അതുകൊണ്ടുതന്നെയാണു് അദ്ധ്യായസമാപ്തിയെ അറിയിക്കുന്ന വാക്യത്തെ യാമളാദിതന്ത്രങ്ങളിൽ വേറെ ഒരു മന്ത്രമായി പറഞ്ഞിരിക്കുന്നതു്.

'ത്രിദശാഃ കഥയാമാസു' എന്നരണ്ടാമദ്ധ്യായം എട്ടാംശ്ലോകത്തിൽ ദേവന്മാർ പറഞ്ഞു എന്നു വന്നിട്ടുള്ളതുകൊണ്ടു് 'സ്തുത്വന്ദ്രോഗ്യനിലേന്ദ്രൂനാം, എന്നു മുതൽ ഉള്ള ശ്ലോകത്രയാരംഭത്തിൽ "ദേവാ ഊചുഃ" എന്നു് ആവശ്യമില്ലാത്തതുകൊണ്ടു് പറഞ്ഞിട്ടില്ല. അതുകഴിഞ്ഞു് 'ഋഷിരുവാച' എന്നു ആവശ്യമുണ്ടെങ്കിലും തന്ത്രസമ്മതമില്ലായ്കയാൽ പറഞ്ഞിട്ടില്ലാ. അദ്ധ്യായാരംഭത്തിലെ 'ഋഷിരുവാച' എന്ന

തുതന്നെ—മണ്ഡൂകപ്ലുതിന്യായേന—അവസാനംവരെ സംബന്ധി ക്കുന്നതാകുന്നു എന്നറിഞ്ഞുകൊള്ളണം.

ശാന്ത—അനന്തരം മഹിഷാസുരന്റെ സേനാധിപനായ ചി ക്ഷുരൻഎന്നുപേരോടുകൂടിയ മഹാസുരൻ, മഹിഷാസുരന്റെ സൈ ന്യം ദേവിയാൽ നിശ്ശേഷം കൊന്നൊടുക്കപ്പെടുന്നതായിക്കണ്ടിട്ടു് കോ പംനിമിത്തം ദേവിയോടുകൂടി യുദ്ധംചെയ്യുന്നതിനായി എത്തുന്നു.

ജഗ—ഋഷിരുവാച...സ്വാഹാ ൧
നിഹന്യമാനം...മഥാംബികാംസ്വാഹാ ൨

൨, സദേവീം ശരവർഷേണവവർഷ സമരേഽസുരഃ
യഥാമേരുഗിരേഃ ശൃംഗം തോയവർഷേണ തോയദഃ— ൧൩

സഃ അസുരഃ സമരേ = ആ അസുരൻയുദ്ധത്തിൽ
ശരവർഷേണ ദേവീം = ശരവർഷംകൊണ്ടു് ദേവിയെ
തോയദഃ തോയവർഷേണ= മേഘം ജലവർഷംകൊണ്ടു്
മേരുഗിരേഃ = മേരു പർവതത്തിന്റെ
ശൃംഗം യഥാ വവർഷ = കൊടുമുടിയെ എന്നപോലെ വർഷിച്ചു.

ആ ചിക്ഷുരൻ എന്ന അസുരൻ യുദ്ധത്തിൽ ശരവർഷം കൊണ്ടു്, മേഘം ജലവർഷംകൊണ്ടു് മഹാമേരുവിന്റെ ശൃംഗത്തെ എന്ന പോലെ ദേവിയെ വർഷിച്ചു.

ശാന്ത—ആ ചിക്ഷുരൻ എന്നു പേരോടുകൂടിയ അസുരൻ യുദ്ധ ത്തിൽ ഇടവിടാതെ പ്രയോഗിക്കുന്ന ബാണസമൂഹത്തെക്കൊണ്ടു്ദേവി യെ, മേഘം ജലവർഷംകൊണ്ടു് മഹാമേരുവിന്റെ കൊടുമുടിയെ എന്നപോലെമൂടി.

ദംശോ—മേഘമണ്ഡലം മഹാമേരുപർവതത്തിന്റെ അധോഭാ ഗത്തിലായതുകൊണ്ടു് ഇതു് അദ്ഭുതോപമാലങ്കാരമാകുന്നു.

ജഗ—സ ദേവീം......തോയദഃ സ്വാഹാ— ൩

൩. തസ്യ ഛിത്വാ തതോ ദേവീ ലീലയൈവ ശരോൽക്കരാൻ
ജഘാന തുരഗാൻ ബാണൈര്യന്താരം ചൈവ വാജിനാം ൧൪

തതഃ ലീലയാ ഇവ = അനന്തരം കളിയായിട്ടു് എന്നപോലെ.
ബാണൈഃ = ബാണങ്ങളെക്കൊണ്ടു്
തസ്യ ശരോൽകരാൻ = അവന്റെ ശരസമൂഹങ്ങളെ
ഛിത്വാ = മുറിച്ചിട്ടു്
തുരഗാൻ = കുതിരകളേയും
വാജിനാംയന്താരം ച ഏവ ജഘാന = കുതിരക്കാരനേയും കൊന്നു.

അനന്തരം ദേവി കളിയായിട്ടെന്നപോലെ ബാണങ്ങളെക്കൊണ്ട് അവന്റെ ശരക്കൂട്ടത്തെ ഖണ്ഡിച്ചിട്ട് കുതിരകളേയും സാരഥിയേയും നിഗ്രഹിച്ചു.

ചതു—ശരോൽകരങ്ങൾ = ശരസമൂഹങ്ങൾ.

യന്താവ് = സാരഥി.

ശാന്ത—അനന്തരം ദേവി ആ സംഗ്രാമത്തിൽ കളിയായിട്ട് എന്നപോലെ പ്രയാസംകൂടാതെതന്നെ ബാണങ്ങളെക്കൊണ്ട് ആ ചിക്ഷുരമഹാസുരന്റെ ബാണസമൂഹങ്ങളെ മുറിച്ചിട്ട് അവന്റെ കുതിരകളേയും സാരഥിയേയും നിഗ്രഹിച്ചു.

യന്താവ് = നിയന്താവ്.

"നിയന്താപ്രാജിതായന്താ സൂതഃക്ഷത്താചസാരഥി" എന്ന്.

നാഗോ—"യന്താരം ചൈവവാജിനാം" എന്നതിലെ "ച"കാരംകൊണ്ട് രഥത്തേയും നശിപ്പിച്ചു, എന്ന് അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

ജഗ—തസ്യ ഛിത്വാ...വാജിനാം സ്വാഹാ ൪

൪. ചിച്ഛേദ ച ധനുഃ സദ്യോ ധ്വജം ചാതിസമുച്ഛ്റിതം
വിവ്യാധ ചൈവ ഗാത്രേഷു ഛിന്നധന്വാനമാശുഗൈഃ ൧൪

സദ്യഃ	= അപ്പോൾ (ദേവി)
ആശുഗൈഃ ധനുഃ	= അമ്പുകൾകൊണ്ട് വില്ലും
അതിസമുച്ഛ്റിതം	= അത്യുന്നതമായ
ധ്വജംച	= കൊടിമരവും
ചിച്ഛേദച	= മുറിക്കുകയും
ഛിന്നധന്വാനം	= ഛേദിക്കപ്പെട്ട വില്ലോടുകൂടിയ അവനെ
ഗാത്രേഷു ഏവ	= സർവാംഗങ്ങളിലും
വിവ്യാധ ച	= താഡിക്കുകയും ചെയ്തു.

ദേവി തൽക്ഷണം ബാണങ്ങളെക്കൊണ്ട് വില്ലും അത്യുന്നതമായ കൊടിമരവും മുറിക്കുകയും, ഛേദിക്കപ്പെട്ട വില്ലോടുകൂടിയ ആ ചിക്ഷുരമഹാസുരന്റെ സർവാംഗങ്ങളിലും ബാണങ്ങളെക്കൊണ്ടു തന്നെ താഡിക്കുകയും ചെയ്തു.

ശാന്ത—ആ ദേവി ആ ക്ഷണത്തിൽതന്നെ വിശിഖങ്ങളെക്കൊണ്ട് കോദണ്ഡത്തെ മുറിച്ചു. ഈ ബാണങ്ങളെക്കൊണ്ടുതന്നെ അത്യുന്നതമായ കൊടിമരവും ഛേദിച്ചു. മുറിഞ്ഞുപോയ വില്ലോടുകൂടിയ ആ ചിക്ഷുര മഹാസുരനെ സർവാവയവങ്ങളിലും ആശുഗങ്ങളെക്കൊണ്ടുതന്നെ താഡിച്ചു.

ജഗ—ചിച്ഛേദച...ധന്വാനമാശുഗൈഃ സ്വാഹാ ൭

൮. സ ഛിന്നധന്വാ വിരഥോ ഹതാശ്വോ ഹതസാരഥിഃ
അഭ്യധാവത താം ദേവീം ഖഡ്ഗചർമ്മധരോഽസുരഃ ൧൦൮

ഛിന്നധന്വാ വിരഥഃ	= വില്ലുമുറിഞ്ഞവനും തേരുടഞ്ഞവനും
ഹതാശ്വഃ	= കുതിരകൾ ചത്തുപോയവനും
ഹതസാരഥിഃ	= തേരാളി മരിച്ചുപോയവനും (ആയ)
സഃ അസുരഃ	= ആ അസുരൻ
ഖഡ്ഗചർമ്മധരഃ	= വാളുംപരിചയും ധരിച്ചവനായിട്ടു്
താം ദേവീം അഭ്യധാവത	= ആ ദേവിയെ നേരിട്ടു് ഓടി.

വില്ലുമുറിഞ്ഞും, തേരുടഞ്ഞും, അശ്വങ്ങളും സാരഥിയും നശിച്ചും ഇരിക്കുന്ന ആ ചിക്ഷുരാസുരൻ വാളും പരിചയും ധരിച്ചുകൊണ്ടു് ദേവിയുടെ നേരെ ഓടി.

ശാന്ത—ആ ചിക്ഷുര മഹാസുരൻ ദേവിയാൽ മുറിക്കപ്പെട്ട വില്ലോടുകൂടിയവനും, നശിച്ച തേരോടുകൂടിയവനും കുതിരകളും സൂതനും മരിച്ചവനും ആയിത്തീർന്നിട്ടു് വാളും പരിചയും എടുത്തുകൊണ്ടു് ആ ദേവിയെ നിഗ്രഹിക്കുന്നതിനായി നേരിട്ടു് ഓടി. ഖഡ്ഗചർമ്മധരൻ=ഖഡ്ഗത്തേയും ചർമ്മത്തേയും ധരിക്കുന്നവൻ. ചർമ്മം=പരിച.

ജഗ—സ ഛിന്നധന്വാ...ധരോഽസുരഃ സ്വാഹാ ൯

൯. സിംഹമാഹത്യ ഖഡ്ഗേന തീക്ഷ്ണധാരേണ മൂർദ്ധനി
ആജഘാന ഭുജേ സവ്യേ ദേവീമപ്യതിവേഗവാൻ— ൧൦൯

അതിവേഗവാൻ	= (അവൻ) ഏററവുംവേഗത്തോടുകൂടിയവനായിട്ടു്.
തീക്ഷ്ണധാരേണ ഖഡ്ഗേന	= മൂർച്ചയുള്ള വാൾകൊണ്ടു്
സിംഹം	= സിംഹത്തെ
മൂർദ്ധനി ആഹത്യ	= തലയിൽ വെട്ടിയിട്ടു്
ദേവീം അപി	= ദേവിയേയും
സവ്യേ ഭുജേ ആജഘാന	= ഇടത്തെക്കയ്യിൽ പ്രഹരിച്ചു.

ആ ചിക്ഷുരമഹാസുരൻ, അതിവേഗത്തോടുകൂടിയവനായിട്ടു് മൂർച്ചയുള്ള വാൾകൊണ്ടു് സിംഹത്തെ തലയിൽവെട്ടിയിട്ട ദേവിയേയും ഇടത്തേക്കയ്യിന്മേൽ പ്രഹരിച്ചു.

ഗുപ്ത—സവ്യം=ഇടത്തേതു്.

ചതു—സവ്യേഭുജേ=ഇടത്തെ കയ്യിന്മേൽ.

ശാന്ത—ആ ചിക്ഷുരൻ എന്ന സേനാധിപനായ അസുരൻ അതിവേഗത്തോടുകൂടി മൂർച്ചയുള്ള വാൾകൊണ്ടു് സിംഹത്തിനെ തലയിൽവെട്ടിയിട്ടു് ദേവിയേയും ഇടത്തെക്കയ്യിൽ പ്രഹരിച്ചു.

ജഗ—സിംഹമാഹത്യ......വേഗവാൻ സ്വാഹാ ൧

൧. തസ്യാഃ ഖഡ്ഗോ ഭുജം പ്രാപ്യ പഫാല നൃപനന്ദന!
തതോ ജഗ്രാഹ ശൂലം സ കോപാദരുണലോചനഃ— ൧൪൧

നൃപനന്ദന!	= സുരഥരാജാവേ!
ഖഡ്ഗഃ	= വാൾ
തസ്യാഃ ഭുജം പ്രാപ്യ	= ദേവിയുടെ ഭുജത്തെ പ്രാപിച്ചിട്ട്
പഫാല	= പൊടിഞ്ഞുപോയി
തതഃ കോപാൽ	= അനന്തരം കോപം ഹേതുവായിട്ട്
അരുണലോചനഃ സഃ	= ചുവന്ന കണ്ണുകളോടുകൂടിയ അവൻ
ശൂലം ജഗ്രാഹ	= ശൂലത്തെ എടുത്തു.

അല്ലയോ സുരഥമഹാരാജാവേ! ചിക്ഷുരാസുരന്റെ വാൾ ദേവിയുടെ കയ്യിൽ കൊണ്ടിട്ട് പൊടിഞ്ഞുപോയി. അതിന്റെശേഷം കോപംമൂലം ചുവന്നിരിക്കുന്ന കണ്ണുകളോടുകൂടിയ അവൻ ശൂലായുധത്തെഎടുത്തു.

ഗുപ്ത—പഫാല = പൊടിഞ്ഞു

ചതു—തസ്യാഃ ഭുജം എന്നന്വയം

ഹേനൃപനന്ദന! = അല്ലയോ രാജകുമാര!

അല്ലെങ്കിൽ നൃപനന്ദന, ന, എന്നുപാഠഭേദം.

ഹേ നൃപനന്ദന! ഖഡ്ഗഃ ന പഫാല = അല്ലയോ രാജകുമാര! ആ വാൾ ഫലിച്ചില്ല—വാൾ പ്രയോഗിച്ചിട്ട ഫലപ്രാപ്തിയുണ്ടായില്ല—എന്നുതാല്പര്യം.

നൃപനന്ദൻ=രാജാവിനെ സന്തോഷിപ്പിക്കുന്നവൻ=രാജകുമാരൻ

ശാന്ത—അല്ലയോ സുരഥരാജാവേ! കേട്ടാലും ചിക്ഷുര മഹാസുര പ്രയുക്തമായ ആ വാൾ ദേവിയുടെ വാമഭുജത്തെ പ്രാപിച്ചിട്ട് പൊടിഞ്ഞുപോയി. ആ വാൾ പൊടിഞ്ഞതിന്റെശേഷം ആ ചിക്ഷുരാസുരൻ കോപംഹേതുവായിട്ട് ചുവന്നിരിക്കുന്ന കണ്ണുകളോടുകൂടി ത്രിശൂലത്തെ എടുത്തു.

ജഗ—തസ്യാഃഖഡ്ഗോ......ദരുണലോചനഃ സ്വാഹാ ൨

൨. ചിക്ഷേപ ച തതസ്തത്തു ഭദ്രകാള്യാം മഹാസുരഃ
ജാജ്വല്യമാനം തേജോഭീ രവിബിംബമിവാംബരാൽ ൧൪൨

തതഃ മഹാസുരഃ	= അനന്തരം മഹാസുരൻ
അംബരാൽ	= ആകാശത്തെ ആക്രമിച്ചിട്ട്
തേജോഭിഃ	= തേജസ്സുകൊണ്ട്

രവിബിംബം ഇവ = സൂര്യബിംബം എന്നപോലെ
ജാജ്വല്യമാനം തൽ തു = ദേദീപ്യമാനമായ ആ ശൂലത്തെയാകട്ടെ
ഭദ്രകാള്യാം ചിക്ഷേപ ച = ദേവിയിൽ എറിഞ്ഞു.

അനന്തരം ചിക്ഷുരൻ എന്ന മഹാസുരൻ ആകാശത്തെ ആക്രമിച്ചിട്ടു് തേജസ്സുകൊണ്ടു് സൂര്യബിംബംപോലെ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ആ ശൂലത്തെ ദേവിയിൽ എറിഞ്ഞു.

ചതു—തേജോഭിഃ = രശ്മികളെക്കൊണ്ടു്. ജാജ്വല്യമാനം=അത്യന്തം ജ്വലിച്ചുകൊണ്ടിരിക്കുന്നതായ.

"തേജോഭിരവിബിംബം" എന്ന ഹ്രസ്വപാഠമായിട്ടും ഉണ്ടു്.
അപ്പോഠം തേജോഭിഃ, അവിബിംബം, എന്നു പദഛേദം.
അവിബിംബം = സൂര്യബിംബം
"അവിർമേഷേ, ഗിരൗ, സൂര്യേ" (എന്നു്)

ശാന്ത—ത്രിശൂലത്തെ ഗ്രഹിച്ചതിന്റെശേഷം ചിക്ഷുരൻ എന്ന ആ മഹാസുരൻ; ആകാശത്തിൽ വ്യാപിച്ചിട്ടു് തേജസ്സുകളെക്കൊണ്ടു സൂര്യബിംബം എന്നപോലെ ജാജ്വല്യമാനമായിരിക്കുന്ന ആ ത്രിശൂലായുധത്തെ ദേവിയിൽ പ്രയോഗിച്ചു.

ഭദ്രകാളി= ഭദ്രയായ്—മംഗളകാരിണിയായ്—കാലന്റെ = കാലാഗ്നിരുദ്രന്റെ പട്ടമഹിഷിയായിരിക്കുന്നവൾ.
(അല്ലെങ്കിൽ) ചണ്ഡികാ.

ദംശോ—അംബരാൽ=ആകാശേ=ആകാശത്തിൽ. ഛാന്ദസത്വം ഹേതുവായിട്ടു് വിഭക്തിവ്യത്യയം വന്നിരിക്കുന്നു.

ജഗ—ചിക്ഷേപച......മിവാംബരാൽ സ്വാഹാ ൻ

ൻ. ദൃഷ്ട്വാ തദാപതച്ഛൂലം ദേവീ ശൂലമമുഞ്ചത
തേന തച്ഛതധാ നീതം ശൂലം സ ച മഹാസുരഃ ഫട്വന്ദ.

തൽ ആപതൽ = ചിക്ഷുരപ്രയുക്തമായി വരുന്ന
ശൂലം ദൃഷ്ട്വാ ദേവീ = ശൂലത്തെ കണ്ടിട്ടു് ദേവി
ശൂലം അമുഞ്ചത = തന്റെ ശൂലത്തെ പ്രയോഗിച്ചു.
തേന തൽ ശൂലം = ആ ദേവീശൂലംകൊണ്ടു് ചിക്ഷുരന്റെ ശൂലവും
സഃ മഹാസുരഃ ച = ആ മഹാസുരനും
ശതധാ നീതം = നൂറായി ആക്കിത്തീർക്കപ്പെട്ടു.

ചിക്ഷുരമഹാസുരനാൽ പ്രയോഗിക്കപ്പെട്ട ആ ശൂലത്തെ കണ്ടിട്ടു് ദേവി സ്വശൂലത്തെ പ്രയോഗിച്ചു. ദേവിയുടെ ആ ശൂലംകൊണ്ടു് ചിക്ഷുരശൂലവും ചിക്ഷുരനും നൂറു ഖണ്ഡമാക്കപ്പെട്ടു.

ഗുപ്ത—ആ ദേവിയാൽ അയയ്ക്കപ്പെട്ട പ്രതിശൂലംകൊണ്ടു് ആ ചിക്ഷുരനും നൂറാക്കിത്തീൎക്കപ്പെട്ടു—എന്നന്വയം.

ശാന്ത—ആ ചിക്ഷുരപ്രയുക്തമായി വരുന്ന ശൂലത്തെ കണ്ടിട്ടു് ദേവി തന്റെ ശൂലത്തെ പ്രയോഗിച്ചു. ദേവിയാൽ പ്രയോഗിക്കപ്പെട്ട ആ ശൂലം കൊണ്ടു് ചിക്ഷുരശ്ശൂലം നൂറു ഖണ്ഡമായിത്തീൎന്നു. എന്നാൽ ചിക്ഷുരസംബന്ധിയായ ശൂലം മാത്രമല്ല നൂറായി പൊടിഞ്ഞതു്. പിന്നെയോ? ആ ചിക്ഷുരമഹാസുരനും ദേവീപ്രയുക്തശൂലംകൊണ്ടു് നൂറായി പൊടിക്കപ്പെട്ടു—ചിക്ഷുരപ്രയുക്തമായ ശൂലവും ചിക്ഷുരനും ദേവിയാൽ പ്രയോഗിക്കപ്പെട്ട ശൂലംകൊണ്ടു് നൂറു ഖണ്ഡമായിത്തീൎന്നു എന്നു താല്പൎയ്യം.

ജഗ—ദൃഷ്ട്വാതദാപത......മഹാസുരഃ സ്വാഹാ ൧൦

൧൦ ഹതേ തസ്മിൻ മഹാവീൎയ്യേ മഹിഷസ്യ ചമൂപതൌ
ആജഗാമ ഗജാരൂഢശ്ചാമരസ്ത്രിദശാൎദ്ദനഃ ൧൨൪

മഹിഷസ്യ ചമൂപതൌ	=	മഹിഷാസുരന്റെ സേനാധിപതിയായി
മഹാവീൎയ്യേ തസ്മിൻ	=	അതിബലവാനായിരിക്കുന്ന അവൻ
ഹതേ	=	കൊല്ലപ്പെട്ടപ്പോൾ
ചാമരഃ ത്രിദശാൎദ്ദനഃ	=	ചാമരൻ എന്നപേരോടുകൂടിയ അസുരൻ
ഗജാരൂഢഃ ആജഗാമ	=	ആനപ്പുറത്തു കയറി വന്നു.

മഹിഷാസുരന്റെ സൈന്യാധിപതിയായി അതിപരാക്രമിയായിരിക്കുന്ന ചിക്ഷുരൻ മരിച്ചപ്പോൾ ചാമരൻ എന്ന അസുരൻ ആനപ്പുറത്തുകയറി വന്നു.

ശാന്ത—മഹിഷാസുരന്റെ സേനാനായകനായിരിക്കുന്ന ആ ചിക്ഷുരമഹാസുരൻ യുദ്ധഭൂമിയിൽ വച്ചു് ദേവിയാൽ ഹനിക്കപ്പെട്ടപ്പോൾ ചാമരൻ എന്ന മഹാസുരൻ ഗജാരൂഢനായി ദേവിയോടുകൂടി യുദ്ധം ചെയ്യുന്നതിനു വന്നു.

ജഗ—ഹതേ തസ്മിൻ...സ്ത്രിദശാൎദ്ദനഃസ്വാഹാ ൧൧.

൧൧. സോപി ശക്തിം മുമോചാഥ ദേവ്യാസ്താമംബികാദ്രുതം
ഹുങ്കാരാഭിഹതാം ഭൂമൌ പാതയാമസനിഷ്പ്രഭാം ൧൨൫

അഥ സഃ അപി	=	അനന്തരം അവനും
ദേവ്യാഃ	=	ദേവിയുടെ (വധത്തിനായി)
ശക്തിം മുമോച	=	വേലിനെ ക്ഷേപിച്ചു
അംബികാ ദ്രുതം താം	=	ദേവി വേഗത്തിൽ അതിനെ
ഹുങ്കാരാഭിഹതാം	=	ഹുങ്കാരം കൊണ്ടു് നശിപ്പിച്ചു്

നിഷ്പ്രഭാം = പ്രഭയോട്ടു കൂടാത്തതാക്കി
ഭൂമൗ പാതയാമാസ = ഭൂമിയിൽ പതിപ്പിച്ചു.

അനന്തരം ആ ചാമരനും ദേവിയെ നിഗ്രഹിക്കുന്നതിനായി വേൽ പ്രയോഗിച്ചു. ദേവി വേഗത്തിൽ ആ വേലിനെ ഹുങ്കാരം കൊണ്ടു് തടുത്തു് തേജസ്സില്ലാത്തതാക്കി ഭൂമിയിൽ വീഴ്ത്തി.

ശാന്ത—അനന്തരം ആ ചാമരൻ എന്ന പേരോടുകൂടിയ മഹാദൈത്യൻ ദേവിയുടെ വധത്തിനായി ശക്തി എന്ന ആയുധവിശേഷത്തെ പ്രയോഗിച്ചു. ദേവി ആ ചാമരാസുരപ്രയുക്തമായ വേലിനെ വേഗത്തിൽ ഹുങ്കാരംകൊണ്ടു് നശിപ്പിച്ചു് പ്രഭയോടുകൂടാത്തതാക്കി ഭൂമിയിൽ പതിപ്പിച്ചു.

ജഗ—സോ ഽ പി ശക്തിം...നിഷ്പ്രഭാം സ്വാഹാ ൧൨

൧൨. ഭഗ്നാം ശക്തിം നിപതിതാം ദൃഷ്ട്വാ ക്രോധസമന്വിതഃ
ചിക്ഷേപ ചാമരശ്ശൂലം ബാണൈസ്തദപി സാച്ഛിനൽ ൧൩

ചാമരഃ ശക്തിം = ചാമരൻ വേലിനെ
ഭഗ്നാം നിപതിതാം ദൃഷ്ട്വാ = പൊടിഞ്ഞു വീണതായി കണ്ടിട്ടു്
ക്രോധസമന്വിതഃ = കോപത്തോടുകൂടിയവനായിട്ടു്
ശൂലം ചിക്ഷേപ = ശൂലത്തെ എറിഞ്ഞു
സാ തൽ അപി = ദേവി അതും
ബാണൈഃ അച്ഛിനൽ = ബാണങ്ങളെക്കൊണ്ടു് ഛേദിച്ചു.

ആ ചാമരാസുരൻ തന്റെ വേൽ മുറിഞ്ഞു വീണതായി കണ്ടിട്ടു കോപത്തോടുകൂടി ശൂലം പ്രയോഗിച്ചു ശ്രീദേവി ബാണങ്ങളെക്കൊണ്ടു് അതിനേയും മുറിച്ചു.

ശാന്ത—ചാമരൻ എന്ന മഹാസുരൻ തന്റെ വേലായുധത്തെ ദേവിയാൽ പൊടിക്കപ്പെട്ടു് ഭൂമിയിൽ വീഴ്ത്തപ്പെട്ടതായി കണ്ടിട്ടു് "ആരാലും തടുക്കാൻ പാടില്ലാത്തതായ എന്റെ വേൽ നിഷ്ഫലമായി തീൎന്നുവല്ലോ, എനിക്കു് ഇങ്ങനെ ഒരവസ്ഥ സംഭവിച്ചുവല്ലോ" എന്നു് വിചാരിച്ചു് അതികോപത്തോടുകൂടി ദേവിയുടെ നേരെ ശൂലം പ്രയോഗിച്ചു. ദേവി ആ ചാമരപ്രയുക്തമായ ശൂലത്തേയും ബാണങ്ങളെക്കൊണ്ടു് ഖണ്ഡിച്ചു.

ജഗ—ഭഗ്നാംശക്തിം...സാച്ഛിനൽ സ്വാഹാ ൧൩

൧൩. തതഃ സിംഹഃ സമുൽപത്യ ഗജകുംഭാന്തരസ്ഥിതഃ
ബാഹുയുദ്ധേന യുയുധേ തേനോച്ചൈസ്ത്രിദശാരിണാ ൧൪

തതഃ സിംഹഃ = അനന്തരം സിംഹം
സമുൽപത്യ = നല്ലവണ്ണം മേല്പോട്ടു ചാടിയിട്ടു്

ഗജകുംഭാന്തരസ്ഥിതഃ = ആനയുടെ മസ്തകത്തിൻെറ ഇടയിൽ നിന്നുകൊണ്ടു്.
തേന ത്രിദശാരിണാ = ആ അസുരനോടുകൂടി
ഉച്ചൈഃ = അതികഠിനമായി
ബാഹുയുദ്ധേന യുയുധേ = കൈകളെക്കൊണ്ടു് യുദ്ധം ചെയ്തു.

അനന്തരം സിംഹം നല്ലവണ്ണം ഒന്നു മേല്പോട്ടു ചാടിയിട്ടു് ആനയുടെ മസ്തകങ്ങളുടെ ഇടയിൽ നിന്നു് ആ ചാമരാസുരനോടുകൂടി ബാഹുയുദ്ധം ചെയ്തു.

ശാന്ത—ദേവിയാൽ, ചാമരൻ അയച്ച ശൂലം പൊടിക്കപ്പെട്ടതിൻെറ ശേഷം സിംഹം നല്ലവണ്ണം ഒന്നു മേല്പോട്ടു് ചാടിയിട്ടു് ആ ചാമരൻെറ ആനയുടെ മസ്തകങ്ങളുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടു് ആ ചാമരാസുരനോടുകൂടി ഏററവും കഠിനമായി ബാഹുയുദ്ധംചെയ്തു.

ജഗ—തതഃ സിംഹഃ......യുയുധേ സ്വാഹാ— ൧൪

൧൪. യുദ്ധ്യമാനൗ തതസ്തൗതു തസ്മാന്നാഗാന്മഹീം ഗതൗ
യുയുധാതേതിസംരബ്ധൗ പ്രഹാരൈരതിദാരുണൈഃ— ൧൫

തതഃ = അനന്തരം
യുദ്ധ്യമാനൗ = യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന
തൗ തു = അവരാകട്ടേ
തസ്മാൽ നാഗാൽ = ആ ആനയിൽ നിന്നു്
മഹീം ഗതൗ = ഭൂമിയെ പ്രാപിച്ചവരായിട്ടു്
അതിസംരബ്ധൗ = അത്യന്തം കോപിഷ്ഠന്മാരായിട്ടു്
അതിദാരുണൈഃ = അതിഭയങ്കരങ്ങളായ
പ്രഹാരൈഃ യുയുധാതേ = പ്രഹരങ്ങളെക്കൊണ്ടു് യുദ്ധം ചെയ്തു.

അനന്തരം യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നവരായ അവർ ആ ആനപ്പുറത്തുനിന്നു് ഭൂമിയിൽ ഇറങ്ങീട്ടു് അതികോപത്തോടുകൂടിയവരായിട്ടു് ഭയങ്കരങ്ങളായ പ്രഹരങ്ങളെക്കൊണ്ടു് യുദ്ധംചെയ്തു.

ശാന്ത—ആനപ്പുറത്തുനിന്നു് ബാഹുയുദ്ധം ചെയ്തതിൻെറ ശേഷമാകട്ടേ ആ സിംഹചാമരന്മാർ ആനയിൽനിന്നു് ഭൂമിയിൽ ഇറങ്ങി ഏററവും കോപിഷ്ഠന്മാരായിട്ടു് അതികഠിനങ്ങളായ പ്രഹാരങ്ങളേക്കൊണ്ടു് യുദ്ധംചെയ്തു.

ജഗ—യുദ്ധ്യമാനൗ......ദാരുണൈസ്വാഹാ— ൧൫

൧൫. തതോ വേഗാൽ ഖമുൽപത്യ നിപത്യ ച മൃഗാരിണാ
കരപ്രഹാരേണ ശിരശ്ചാമരസ്യ പൃഥക്കൃതം— ൧൬

തതഃ വേഗാൽ	= അനന്തരം വേഗത്തിൽ
ഖം ഉൽപത്യ	= ആകാശത്തിലേക്ക് ചാടിയിട്ട്
നിപത്യ ച	= പതിക്കുകയും ചെയ്തിട്ട്
ചാമരസ്യ ശിരഃ	= ചാമരൻെറ ശിരസ്സ്
മൃഗാരിണാ	= സിംഹത്താൽ
കരപ്രഹാരേണ	= കൈകൊണ്ടുള്ള അടിയാൽ
പൃഥക്കൃതം	= വേർപെടുത്തപ്പെട്ടു.

പിന്നീട് സിംഹം വേഗത്തിൽ മേല്പോട്ടുചാടി താഴെ പതിച്ചിട്ട്, ചാമരനെ കൈകൊണ്ടടിച്ചു കൊന്നു.

ചതു—വേഗാൽ= ഗതിതാരതമ്യംകൊണ്ട്.

പൃഥക്കൃതം=ഛേദിക്കപ്പെട്ടു.

ശാന്ത—അനന്തരം യുദ്ധരസാവേശം ഹേതുവായിട്ട്, വേഗത്തിൽ ആകാശത്തിലേക്ക് ചാടിയിട്ട്, പിന്നെയും വേഗത്തിൽ തന്നെ നിപതിച്ചിട്ട്, സിംഹത്താൽ കരപ്രഹാരംകൊണ്ട് ചാമരമഹാസുരൻെറ ശിരസ്സ് വേറാക്കപ്പെട്ടു.

ജഗ—തതോവേഗാൽ...പൃഥക്കൃതം സ്വാഹാ— ൧൬

൧൭. ഉദഗ്രശ്ച രണേ ദേവ്യാ ശിലാവൃക്ഷാദിഭിർഹതഃ
ദന്തമുഷ്ടിതലൈശ്ചൈവ കരാളശ്ച നിപാതിതഃ— ൧൭

രണേ	= യുദ്ധത്തിൽ
ദേവ്യാ	= ദേവിയാൽ
ശിലാവൃക്ഷാദിഭിഃ	= കല്ല്, മരം മുതലായവയെക്കൊണ്ട്
ഉദഗ്രഃ ച ഹതഃ	= ഉദഗ്രനും കൊല്ലപ്പെട്ടു
കരാളഃ ച	= കരാളനും
ദന്തമുഷ്ടിതലൈഃ ച	= ദന്തങ്ങളെക്കൊണ്ടും, മുഷ്ടികളെക്കൊണ്ടും, തലങ്ങളെകൊണ്ടും
നിപാതിതഃ	= പതിപ്പിക്കപ്പെട്ടു.

യുദ്ധത്തിൽ ദേവി, കല്ല്, മരം മുതലായവയെക്കൊണ്ട് ഉദഗ്രനേയും, ദന്തങ്ങളെക്കൊണ്ടും, മുഷ്ടികളെക്കൊണ്ടും, കരതലങ്ങളെക്കൊണ്ടും കരാളനേയും നിഗ്രഹിച്ചു.

ചതു—ദന്തമുഷ്ടിതലൈഃ=ദന്തമുഷ്ടിയുടെ തലങ്ങൾ। ദന്തമുഷ്ടി ആനക്കൊമ്പുകൊണ്ടുണ്ടാക്കിയിരിക്കുന്ന വാളിൻെറ പിടി, അതിൻെറ തലങ്ങളെക്കൊണ്ട്=അധോഭാഗംകൊണ്ടുള്ള അടികളെക്കൊണ്ട്.

(അല്ലെങ്കിൽ) പല്ലുകൾ കൊണ്ടുള്ള കടികൾകൊണ്ടും. മുഷ്ടികൾ കൊണ്ടുള്ള ഇടികൾ കൊണ്ടും, കരതലങ്ങളെക്കൊണ്ടുള്ള അടികൾ കൊണ്ടും.

ദേവി സഹസ്രഭുജയായതുകൊണ്ടാണ് 'ദന്തമുഷ്ടിതലൈഃ'എന്നു ബഹുവചനം പ്രയോഗിച്ചിരിക്കുന്നതു്.

ശാന്ത—യുദ്ധത്തിൽ ദേവിയാൽ, കല്ലുകൾ കൊണ്ടും മരങ്ങൾ കൊണ്ടും ധനുസ്സുമുതലായ ആയുധങ്ങൾ കൊണ്ടും ഉദഗ്രൻ എന്ന മഹാസുരൻ കൊല്ലപ്പെട്ടു. ദേവിയാലും ഗണങ്ങളാലും സിംഹത്താലും, ദന്തമുഷ്ടിതലങ്ങൾകൊണ്ടും ഖഡ്ഗാദ്യായുധങ്ങൾകൊണ്ടും, കരാളൻ എന്ന മഹാസുരനും സൈന്യങ്ങളും പതിപ്പിക്കപ്പെട്ടു.

"ശിലാവൃക്ഷാദിഭിഃ" എന്നതിലെ ആദിശബ്ദംകൊണ്ടു് ധനുസ്സു മുതലായ ആയുധങ്ങളേയും, "കരാളഃ ച"എന്നതിലെ ചകാരംകൊണ്ടു് കരാളൻെറ സൈന്യങ്ങളേയും, "ദന്തമുഷ്ടി തലൈശ്ച" എന്നതിലെ ച ശബ്ദംകൊണ്ടു് ഖഡ്ഗാദികളായ ആയുധങ്ങളെക്കൊണ്ടും, സിംഹത്താലും ഗണങ്ങളാലും ദേവിയാലും, എന്നും ഗ്രഹിച്ചുകൊള്ളണം.

ദന്തമുഷ്ടിതലൈഃ=ദന്തം=ആനക്കൊമ്പു്, അതുകൊണ്ടുണ്ടാക്കിയ മുഷ്ടി=ചുരികയുടെമുഷ്ടി, അതിൻെറ തലങ്ങളെക്കൊണ്ടു്=ഏകദേശഭാഗങ്ങളെക്കൊണ്ടു്.

നാഗോ—ദന്തമുഷ്ടിതലൈഃ=ദന്തങ്ങളെക്കൊണ്ടും=ആനക്കൊമ്പുകൊണ്ടുണ്ടാക്കിയ ആയുധങ്ങളെക്കൊണ്ടും, മുഷ്ടികളെക്കൊണ്ടും, കരതലങ്ങളെക്കൊണ്ടും.

(അല്ലെങ്കിൽ) ദന്തങ്ങളെക്കൊണ്ടു്=പല്ലുകളെക്കൊണ്ടുള്ള കടികൾ കൊണ്ടു്.

ജഗ—ഉദഗ്രശ്ച......നിപാതിതഃ സ്വാഹാ ൧൭

൧൭. ദേവീ ക്രുദ്ധാ ഗദാപാതൈഃ ചൂർണ്ണയാമാസ ചോദ്ധതം
ബാഷ്കളം ഭിന്ദിപാലേന ബാണൈസ്താമ്രം തഥാന്ധകം ൧൩൭

൧൮. ഉഗ്രാസ്യമുഗ്രവീര്യം ച തഥൈവ ച മഹാഹനും
ത്രിനേത്രാ ച ത്രിശൂലേന ജഘാന പരമേശ്വരീ ൧൩൮

ദേവീ ക്രുദ്ധാ	= ദേവി ക്രോധത്തോടു കൂടിയവളായിട്ടു്
ഉദ്ധതം ച	= ഉദ്ധതനേയും
ഗദാപാതൈഃ	= ഗദകൊണ്ടുള്ള അടികൾ കൊണ്ടു്
ചൂർണ്ണയാമാസ	= പൊടിയാക്കി
ത്രിനേത്രാ പരമേശ്വരീ	= ത്രിനേത്രയായ പരമേശ്വരി
ഭിന്ദിപാലേന ബാഷ്കളം	= കവണി കൊണ്ടു് ബാഷ്കളനേയും
തഥാ ബാണൈഃ	= അപ്രകാരം ബാണങ്ങൾകൊണ്ടു
താമ്രം അന്ധകം	= താമ്രനേയും അന്ധകനേയും
തഥാ ഏവ	= അതുപോലെ തന്നെ

ത്രിശൂലേന ഉഗ്രാസ്യം = ത്രിശൂലം കൊണ്ടു് ഉഗ്രാസ്യനേയും
ഉഗ്രവീര്യം ച മഹാഹനും ച= ഉഗ്രവീര്യനേയും മഹാ ഹനുവിനേയും
ജഘാന ച = കൊല്ലുകയുംചെയ്തു.

ദേവി കോപത്തോടുകൂടിയവളായിട്ടു് ഉദ്ധതനെ ഗദകൊണ്ടു് അടിച്ചു പൊടിയാക്കി. ത്രിനേത്രയായ പരമേശ്വരി കവണികൊണ്ടു് ബാഷ്കളനേയും, അതുപോലെ ബാണങ്ങൾകൊണ്ടു് താമ്രനേയും അന്ധകനേയും, അപ്രകാരം തന്നെ ത്രിശൂലംകൊണ്ടു് ഉഗ്രാസ്യൻ, ഉഗ്രവീര്യൻ, മഹാഹനു ഇവരേയും കൊല്ലുകയും ചെയ്തു.

ശാന്ത—രണത്തിങ്കൽ ദേവി, കോപത്തോടുകൂടിയവളായിട്ടു് ഉദ്ധതൻ എന്ന മഹാസുരനേയും സൈന്യങ്ങളേയും ഗദകൊണ്ടുള്ള അടികൊണ്ടു് പൊടിയാക്കി. ത്രി നേത്രയായ് പരമേശ്വരിയായിരിക്കുന്ന ചണ്ഡികാദേവി യുദ്ധത്തിൽ കോപത്തോടുകൂടിയവളായിട്ടു ഭിന്ദിപാലം കൊണ്ടു് ബാഷ്കളൻ എന്ന മഹാസുരനെ കൊന്നു. അപ്രകാരം പരമേശ്വരി ബാണങ്ങളെക്കൊണ്ടു് താമ്രൻ എന്ന മഹാസുരനേയും, അന്ധകൻ എന്ന മഹാസുരനേയും, ഉഗ്രാസ്യൻ എന്ന മഹാസുരനേയും, ഉഗ്രവീര്യൻ എന്ന മഹാസുരനേയും സൈന്യങ്ങളേയും, മഹാഹനു എന്ന മഹാസുരനേയും സൈന്യങ്ങളേയും കൊന്നു.

“ത്രിനേത്രം ച ത്രിശൂലേന” എന്നു പാഠഭേദം. ത്രിനേത്രൻ എന്ന മഹാസുരനേയും സൈന്യങ്ങളേയും ത്രിശൂലംകൊണ്ടു കൊന്നു.

‘ഉദ്ധതം ച’ ‘ഉഗ്രവീര്യം ച’ ‘മഹാഹനും ച’ ‘ത്രിനേത്രം ച’ ഇവകളിലെ ‘ച’കാരങ്ങളെകൊണ്ടു് അവരവരുടെ സൈന്യങ്ങളേയും എന്നു് ഗ്രഹിച്ചുകൊള്ളണം.

ഉഗ്രാസ്യൻ=ഉഗ്രമായ മുഖത്തോടുകൂടിയവൻ(അല്ലെങ്കിൽ) ഉഗ്രാസ്യൻ എന്നു പേരോടുകൂടിയവൻ.

ഉഗ്രവീര്യൻ=അത്യുഗ്രപരാക്രമത്തോടുകൂടിയവൻ (അല്ലെങ്കിൽ) ഉഗ്രവീര്യൻ എന്നു പേരോടുകൂടിയവൻ.

മഹാഹനു=വലുതായ താടിയോടുകൂടിയവൻ (അല്ലെങ്കിൽ) മഹാഹനു എന്നു പേരോടുകൂടിയവൻ.

ത്രിനേത്രൻ=മൂന്നു കണ്ണുള്ളവൻ (അല്ലെങ്കിൽ) ത്രിനേത്രൻ എന്നു പേരുള്ളവൻ.

പരമേശ്വരി=സർവോൽകൃഷ്ടയായ ഈശ്വരി (അല്ലെങ്കിൽ) പരമേശ്വരപത്നി.

ജഗ—ദേവീ ക്രുദ്ധാ..........തഥാന്ധകം സ്വാഹാ— ഫ്വ

ഉഗ്രാസ്യം......പരമേശ്വരീസ്വാഹാ— ഫൻ

ഹൻ. ബിഡാലസ്യാസിനാ കായാൽ പാതയാമാസ വൈ ശിരഃ
ദുർദ്ധരം ദുർമ്മുഖം ചോഭൗ ശരൈർനിന്യേ യമക്ഷയം— ഹൻന്ധ.

അസിനാ	= വാളുകൊണ്ടു്
ബിഡാലസ്യ ശിരഃ	= ബിഡാലന്റെ ശിരസ്സിനെ
കായാൽ	= ദേഹത്തിൽനിന്നു്
വൈ പാതയാമാസ	= കീൎത്തിപ്പെട്ടുംവണ്ണം പതിപ്പിച്ചു
ശരൈഃ	= ശരങ്ങൾകൊണ്ടു്
ദുർദ്ധരം ദുർമ്മുഖം ഉഭൗ ച	= ദുർദ്ധരൻ ദുർമ്മുഖൻ ഈ രണ്ടുപേരേയും
യമക്ഷയം നിന്യേ	= കാലഗേഹത്തെപ്രാപിപ്പിച്ചു

ദേവി വാളുകൊണ്ടു് ബിഡാലാക്ഷന്റെ ശിരസ്സിനെ ശരീരത്തിൽ നിന്നും കീൎത്തിപ്പെടത്തക്കവിധം പതിപ്പിക്കുകയും, ബാണങ്ങളെക്കൊണ്ടു് ദുർദ്ധരൻ ദുർമ്മുഖൻ എന്ന രണ്ടുപേരേയും നിഗ്രഹിക്കുകയും ചെയ്തു.

ശാന്ത—യുദ്ധത്തിൽ ദേവി വാളുകൊണ്ടു് ബിഡാലൻ എന്ന മഹാസുരന്റെ ശിരസ്സിനെ ശരീരത്തിൽനിന്നു് കീൎത്തിപ്പെട്ടുംവണ്ണം പതിപ്പിച്ചു. ദുർദ്ധരൻ ദുർമ്മുഖൻ എന്ന രണ്ടു അസുരന്മാരേയും ബാണങ്ങളെക്കൊണ്ടു് യമഗേഹത്തെ പ്രാപിപ്പിച്ചു.
യമക്ഷയം = യമഗൃഹം.

"ക്ഷയോ യക്ഷ്മണി കല്പാന്തേ തഥൈവ നിലയേ/പിച" (എന്നു്) ഈ ശ്ലോകം കഴിഞ്ഞു് താഴെപ്പറയുന്ന രണ്ടു ശ്ലോകങ്ങൾ കൂടിയുണ്ടു്. ചിലർ ഇതിനെ പാഠംചെയ്തുവരുന്നു.

* "കാലം ച കാലദണ്ഡേന കാളരാത്രിരപാതയൽ
ഉഗ്രദർശനമത്യുഗ്രൈഃ ഖഡ്ഗപാതൈരതാഡയൽ.
അസിനൈവാസിലോമാനമച്ഛിനൽ സാ രണോത്സവേ
ഗണൈഃ സിംഹേന ദേവ്യാ ച ജയക്ഷ്വേഡാകൃതോത്സവൈഃ."

("കാളരാത്രിയായ അംബിക കാലദണ്ഡംകൊണ്ടു് കാലൻ എന്ന മഹാസുരനെ വീഴ്ത്തി. അത്യുഗ്രങ്ങളായ ഖഡ്ഗപാതങ്ങളെക്കൊണ്ടു് ഉഗ്രദർശൻ എന്ന മഹാസുരനെ താഡിച്ചു. ആ അംബിക രണോത്സവത്തിൽ വാൾകൊണ്ടുതന്നെ അസിലോമാവു് എന്ന മഹാസുരനെ ഛേദിച്ചു. ഗണങ്ങളാലും സിംഹത്താലും ദേവിയാലും രണോത്സവം നിമിത്തം ജയസിംഹനാദം ചെയ്യപ്പെട്ടു"—എന്നൎത്ഥം)

ജഗ—ബിഡാലസ്യ.........യമക്ഷയം സ്വാഹാ— ൨൦

---

* ഈ രണ്ടു ശ്ലോകവും പാഠകൎത്താക്കൾ ആദരിക്കുന്നില്ല. ശാന്തനവീടികയിൽ മാത്രം കാണുന്നു.

൨൦. ഏവം സംക്ഷീയമാണേ തു സ്വസൈന്യേ മഹിഷാസുരഃ
മാഹിഷേണ സ്വരൂപേണ ത്രാസയാമാസ താൻ ഗണാൻ—

ഏവംസ്വസൈന്യേ	= ഇപ്രകാരം തന്റെ സൈന്യം
സംക്ഷീയമാണേ	= ക്ഷയിച്ചുകൊണ്ടിരിക്കുമ്പോൾ
മഹിഷാസുരഃ തു	= മഹിഷാസുരനാകട്ടെ
മഹിഷേണ സ്വരൂപേണ	= പോത്തിന്റെ വേഷത്തോടുകൂടി
താൻഗണാൻത്രാസയാമാസ	= ആ ഗണങ്ങളെ ഭയപ്പെടുത്തി.

ഇപ്രകാരം തന്റെ സൈന്യം ക്ഷയിച്ചുകൊണ്ടിരിക്കുമ്പോൾ ആ മഹിഷാസുരൻ പോത്തിന്റെ രൂപത്തോടുകൂടി ആ ദേവീഗണങ്ങളെ ഭയപ്പെടുത്തി.

ശാന്ത—മുൻപിൽ പറഞ്ഞപ്രകാരം തന്റെ സൈന്യം നശിച്ചുകൊണ്ടിരിക്കുമ്പോൾ മഹിഷാസുരൻ—അതിനെ സഹിക്കാൻ ശക്തിയില്ലാത്തവനായിട്ട്—മഹിഷാകാരമായ സ്വരൂപത്തോടുകൂടി ആ ദേവീഗണങ്ങളെ ഭയപ്പെടുത്തി.

നാഗോ—ഗണങ്ങൾ = ദേവീനിശ്വാസത്തിൽനിന്നുണ്ടായവർ.

ജഗ—ഏവം സംക്ഷീയ......താൻ ഗണാൻ സ്വാഹാ—൨൧.

൨൧. കാംശ്ചിത്തുണ്ഡപ്രഹാരേണ * ഖുരക്ഷേപൈസ്തഥാപരാൻ
ലാംഗൂലതാഡിതാംശ്ചാന്യാൻ ശൃംഗാഭ്യാം ച വിദാരിതാൻ

൨൨. വേഗേന കാംശ്ചിദപരാൻ നാദേന ഭ്രമണേന ച
നിഃശ്വാസപവനേനാന്യാൻ പാതയാമാസ ഭൂതലേ—എന്നു.

കാംശ്ചിൽ തുണ്ഡപ്രഹാരേണ	= ചിലരെമുഖംകൊണ്ടുള്ളഅടികൊണ്ടും
തഥാ അപരാൻ	= അതുപോലെ മററു ചിലരെ
ഖുരക്ഷേപൈഃ	= കുളമ്പുകൊണ്ടുള്ള ചവിട്ടുകൾകൊണ്ടും
അന്യാൻലാംഗൂലതാഡിതാൻ	= വേറെ ചിലരെ വാലുകൊണ്ടുഅടിച്ചും
ശൃംഗാഭ്യാം ചവിദാരിതാൻ	= (ചിലരെ)കൊമ്പുകൾകൊണ്ടു കീറിയും
കാംശ്ചിൽ വേഗേന	= ചിലരെ വേഗംകൊണ്ടും
അപരാൻ നാദേന	= വേറെ ചിലരെ നാദംകൊണ്ടും
ഭ്രമണേന ച	= (ചിലരെ) ഭ്രമണംകൊണ്ടും
അന്യാൻനിഃശ്വാസപവനേന	= മററു ചിലരെ ശ്വാസവായുകൊണ്ടും
ഭൂതലേ പാതയാമാസ	= ഭൂമിയിൽ പതിപ്പിച്ചു.

ആ മഹിഷാസുരൻ ദേവിയുടെഗണങ്ങളിൽ, ചിലരെ മുഖംകൊണ്ടു അടിച്ചും, അതുപോലെ മററു ചിലരെ കുളമ്പുകൾകൊണ്ടു ചവി

* "ക്ഷുരക്ഷേപൈ" എന്ന പാഠഭേദം.

ട്ടിയും, വേറെ ചിലരെ വാലുകൊണ്ടടിച്ചും, ചിലരെ കൊമ്പുകൾ കൊണ്ടു പിളൎന്നും ഭൂമിയിൽ പതിപ്പിച്ചു. അപ്രകാരം ചിലരെ വേഗംകൊണ്ടും, ചിലരെ കണ്ഠഗൎജ്ജനംകൊണ്ടും, വേറെ ചിലരെ ഭ്രമണംകൊണ്ടും, മററുചിലരെ ശ്വാസവായുകൊണ്ടും ഭൂമിയിൽവീഴ്ത്തി

ചതു—വേഗേന = ഗതി താരതമ്യം കൊണ്ടു്
ഭ്രമണേന = മണ്ഡലാകാരഗതികൊണ്ടു്.

ശാന്ത—ആ മഹിഷാസുരൻ മുഖം കൊണ്ടുള്ള അടികൊണ്ടു് ദേവീരോഷത്തിൽനിന്നുണ്ടായ രണശൂരന്മാരായിരിക്കുന്ന ചില പുരുഷന്മാരെ ഭൂമിയിൽ വീഴ്ത്തി. അതുപോലെ കുളമ്പുകൾ കൊണ്ടുള്ള ചവിട്ടുകൊണ്ടു് വേറെ ചില ഗണങ്ങളെ ഭൂമിയിൽ വീഴ്ത്തി. അപ്രകാരം തന്നെ അവൻ ചിലരെ വാലു കൊണ്ടുള്ള അടികൊണ്ടും, ചിലരെ കൊമ്പുകൾ കൊണ്ടു കീറിയും, ചിലരെ കണ്ഠരവം കൊണ്ടു് വ്യാകുലചിത്തന്മാരാക്കിയും, വേറെ ചിലരെ ശ്വാസവായു കൊണ്ടും, മററു ചിലരെ വട്ടത്തിലുള്ള ഓട്ടംകൊണ്ടു് ചുററും, മുൻപിലും പാൎശ്വങ്ങളിലുമായും, ചിലരെ വേഗംകൊണ്ടും ഭൂമിയിൽ പതിപ്പിച്ചു.

ജഗ—കാംശ്ചിത്തുണ്ഡ......വിദാരിതാൻ സ്വാഹാ— ൨൨
വേഗേന...ഭൂതലേ സ്വാഹാ— ൨൩

൨൩. നിപാത്യ പ്രമഥാനീകമഭ്യധാവത സോസുരഃ
സിംഹം ഹന്തും മഹാദേവ്യാഃ കോപം ചക്രേ തതോംബികാ.

സഃ അസുരഃ = ആ അസുരൻ
പ്രമഥാനീകം നിപാത്യ = ഗണസൈന്യത്തെ പതിപ്പിച്ചിട്ടു്
മഹാദേവ്യാഃ സിംഹം = മഹാദേവിയുടെ സിംഹത്തെ
ഹന്തും അഭ്യധാവത = കൊല്ലുന്നതിനായ് നേരിട്ടോടി
തതഃ അംബികാ കോപം ചക്രേ } = അപ്പോൾ ദേവി കോപിച്ചു.

ആ മഹിഷാസുരൻ ദേവീഗണസൈന്യത്തെ പതിപ്പിച്ചിട്ടു് ശ്രീദേവിയുടെ സിംഹത്തെ നിഗ്രഹിക്കുന്നതിനായി നേരിട്ടോടി. അപ്പോൾ ദേവി കോപിച്ചു.

ശാന്ത—ഇങ്ങനെ മഹിഷാസുരൻ ദേവിയുടെ പ്രമഥഗണങ്ങളെ ഭൂമിയിൽ നല്ലവണ്ണം പതിപ്പിച്ചിട്ടു് ആ ദേവിയുടെ സിംഹത്തെ ഹിംസിക്കുന്നതിനായി നേരിട്ടോടി—പ്രമഥഗണങ്ങളെ മൎദ്ദിച്ചതിൻെറ ശേഷം സിംഹത്തിനെ കൊല്ലുന്നതിനായി ചെന്നു. അതു നിമിത്തം ചണ്ഡികാദേവി മഹിഷാസുരനോടു കോപിച്ചു.

ജഗ—നിപാത്യ.....തതോംബികാ സ്വാഹാ— ൨൪

വർ, സോ ऽപി കോപാന്മഹാവീര്യഃ ഖുരക്ഷുണ്ണമഹീതലഃ
ശൃംഗാഭ്യാം പർവ്വതാനുച്ചാംശ്ചിക്ഷേപ ച നനാദ ച ഫൻവ്വ

മഹാവീര്യഃ സഃ അപി = അതിബലവാനായ അവനും
ഖുരക്ഷുണ്ണമഹീതലഃ = ചുരമാന്തുന്നവനായിട്ട്
കോപാൽ = കോപത്തോടുകൂടി
ഉച്ചാൻ പവ്വതാൻ = അത്യുന്നതങ്ങളായ പവ്വതങ്ങളെ
ശൃംഗാഭ്യാം = രണ്ടുകൊമ്പുകൾകൊണ്ട്
ചിക്ഷേപ ച നനാദ ച = എറിയുകയും ഗജ്ജിക്കുകയുംചെയ്തു.

അതിബലവാനായ ആ മഹിഷാസുരനും കോപത്തോടുകൂടി ചുരമാന്തിക്കൊണ്ട് അത്യുന്നതങ്ങളായ പവ്വതങ്ങളെ രണ്ടുകൊമ്പുകൾ കൊണ്ട് എറിയുകയും, അലറുകയുംചെയ്തു.

ശാന്ത—മഹാവീര്യത്തോടുകൂടിയ ആ മഹിഷാസുരൻ കോപം കൊണ്ട് മുൻപിലുള്ള ഒരുകാലിൻെറ കുളമ്പുകൊണ്ട് മുൻഭാഗത്തുള്ളനിലം മാന്തിപ്പൊടിച്ചുകൊണ്ട് അത്യുന്നതങ്ങളായ പവ്വതങ്ങളെ ദേവിയിൽ എറിഞ്ഞു.

മഹാവീര്യഃ = മഹാവീര്യസമ്പന്നൻ അല്ലെങ്കിൽ മഹാബലശാലി.

"ശൃംഗാഭ്യാംപവ്വതാനുച്ചൈശ്ചിക്ഷേപചനനാദച" എന്നുപാഠഭേദം.

ഉച്ചൈഃപവ്വതാൻ=മേഘത്തോളം ഉയന്നിരിക്കുന്ന പവ്വതങ്ങളെ (അല്ലെങ്കിൽ) ഉച്ചൈഃചിക്ഷേപ = മേഘത്തെ സ്പശിക്കുന്ന കിരീടത്തോടുകൂടിയ ദേവിയുടെ മൂദ്ധാവിൽഎറിഞ്ഞു. (അല്ലെങ്കിൽ) ഉച്ചൈഃ നനാദ = ഉച്ചത്തിൽ അലറി.

ജഗ—സോ ऽപി കോപാ......നനാദ ച സ്വാഹാ വ൭
വ൭, വേഗഭ്രമണവിക്ഷുണ്ണാ മഹീ തസ്യ വ്യശീര്യത
ലാംഗൂലേനാഹതശ്ചാബ്ധിഃ പ്ലാവയാമാസ സവ്വതഃ ഫൻൻ

തസ്യ = അവൻെറ
വേഗഭ്രമണവിക്ഷുണ്ണാ = വേഗത്തോടുകൂടിയുള്ള വട്ടംതിരിച്ചിൽകൊണ്ട് അരഞ്ഞുപോയ
മഹീ വ്യശീര്യത = ഭൂമി തകന്നു
ലാംഗൂലേന ആഹതഃ അബ്ധിഃ= വാൽകൊണ്ട് അടിക്കപ്പെട്ട സമുദ്രം
സവ്വതഃ പ്ലാവയാമാസ ച = എല്ലായിടവും മുക്കുകയും ചെയ്തു.

ആ മഹിഷാസുരൻെറ അതിവേഗത്തിലുള്ള ചുററിത്തിരിച്ചിൽ കൊണ്ട് ഭൂമി അരഞ്ഞുതകന്നു. അവൻെറ വാൽകൊണ്ട് അടിക്കപ്പെട്ട സമുദ്രം എല്ലായിടവും മുക്കുകയും ചെയ്തു.

ചതു—അവന്റെ വേഗത്തോടുകൂടിയുള്ള വട്ടംതിരിച്ചിൽകൊണ്ടു് നല്ലവണ്ണം അരഞ്ഞുപോയ ഭൂമി തകൎന്നുപോയി.

ശാന്ത—ആ മഹിഷമഹാസുരന്റെ വേഗത്തോടുകൂടിയുള്ള ഭ്രമണംകൊണ്ടു് വിശേഷേണ അരഞ്ഞുപോയ ഭൂമി സ്വയമേവ തകൎന്നുപോയി എന്നു മാത്രമല്ലാ—അവന്റെ പുച്ഛംകൊണ്ടു് താഡിതമായ അൎണ്ണവം ഭൂമിമുഴുവനും—സകല ജനങ്ങളേയും വെള്ളംകൊണ്ടു് മുക്കുകയുംചെയ്തു.

ജഗ—വേഗഭ്രമണ......സൎവ്വതഃ സ്വാഹാ ൨൩

൨൩. ധുതശൃംഗവിഭിന്നാശ്ച ഖണ്ഡം ഖണ്ഡം യയുൎഘനാഃ
ശ്വാസാനിലാസ്താഃ ശതശോ നിപേതുൎന്നഭസോഽചലാഃ ൨൦

ഘനാഃ	= മേഘങ്ങൾ
ധുതശൃംഗവിഭിന്നാഃ	= ഇളക്കപ്പെട്ട കൊമ്പുകൾ കൊണ്ടു നുറുങ്ങിയിട്ടു്
ഖണ്ഡം ഖണ്ഡം	= കഷണം കഷണമായി
യയുഃച	= തീരുകയും ചെയ്തു
ശ്വാസാനിലാസ്താഃ	= ശ്വാസവായുക്കളാൽ പറപ്പിക്കപ്പെട്ട
അചലാഃ നഭസഃ	= പൎവ്വതങ്ങൾ ആകാശത്തിൽനിന്നു്
ശതശഃ നിപേതുഃ	= നൂറുനൂറായു് വീണു

ആ മഹിഷാസുരന്റെ, ഇളക്കപ്പെട്ട കൊമ്പുകൾകൊണ്ടു് മേഘങ്ങൾ നുറുങ്ങിയിട്ടു് കഷണം കഷണമായി തീരുകയും ശ്വാസവായുക്കളെക്കൊണ്ടു് പറപ്പിക്കപ്പെട്ട പൎവ്വതങ്ങൾ ആകാശത്തിൽനിന്നു് നൂറുനൂറായി വീഴുകയും ചെയ്തു.

ചതു—ശ്വാസാനിലാസ്താഃ = നിശ്വാസവായുകൊണ്ടു് എറിയപ്പെട്ടവ.

ശാന്ത—വലുതായ മേഘങ്ങൾ ആ മഹിഷാസുരനാൽ ഇളക്കപ്പെട്ട കൊമ്പുകളാൽ കീറപ്പെട്ടിട്ടു് ശകലം ശകലമായി ഭവിച്ചു. അവന്റെ രോഷജങ്ങളായ ശ്വാസങ്ങളാകുന്ന വായുക്കളാൽ പൎവ്വതങ്ങൾ ആകാശത്തിൽനിന്നു നൂറുനൂറായി വീണു.

'ഖണ്ഡം ഖണ്ഡമയുൎഘനാഃ' എന്നും പാഠമുണ്ടു്.

"ശ്വാസാനിലാസ്താഽവിശീൎണ്ണാ" എന്നും "ശ്വാസാനിലാഹതാഃ ശീൎണ്ണാഃ" എന്നും പാഠഭേദങ്ങൾ.

'ശ്വാസവായുക്കളെക്കൊണ്ടു് എറിയപ്പെട്ടതുനിമിത്തം പൊടിഞ്ഞുപോയ പൎവ്വതങ്ങൾ' എന്നൎത്ഥം.

നാഗോ—ശ്വാസാനിലാസ്താഃ = ശ്വാസവായുവിനാൽ · ആകാശത്തിലേക്ക് എറിയപ്പെട്ട പവ്വതങ്ങൾ വീണ്ടും ആകാശത്തിൽനിന്നു വീണു എന്നത്ഥം.

ജഗ—ധുതശൃംഗ......നഭസോഽചലാഃ സ്വാഹാ ൨൭

൨൭. ഇതി ക്രോധസമാധ്മാതമാപതന്തം മഹാസുരം
ദൃഷ്ട്വാ സാ ചണ്ഡികാ കോപം തദ്വധായ തദാകരോൽ. ൨൰൮

ഇതി	= ഇപ്രകാരം
ക്രോധസമാധ്മാതം	= കോപംനിമിത്തം ഉജ്ജ്വലിച്ചുകൊണ്ടു്
ആപതന്തം മഹാസുരം	= നേരിട്ടു് ഓടിവരുന്നമഹിഷമഹാസുരനെ
ദൃഷ്ട്വാ	= കണ്ടിട്ടു്
തദാ തദ്വധായ	= അപ്പോൾ അവനെ കൊല്ലുന്നതിനായിട്ടു്
സാ ചണ്ഡികാ	= ആ ചണ്ഡികാദേവി
കോപം അകരോൽ	= കോപത്തെ ചെയ്തു.

ഇങ്ങനെ കോപം നിമിത്തം ഉജ്ജ്വലിച്ചുകൊണ്ടു് നേരിട്ടോടിവരുന്നവനായ ആ മഹിഷ മഹാസുരനെ കണ്ടപ്പോൾ അവനെ വധിക്കുന്നതിനായിട്ടു് ആ ചണ്ഡികാദേവി കോപിച്ചു.

ശാന്ത—മുൻപിൽ പറഞ്ഞതുപോലെ കോപാഗ്നിനിമിത്തം ഉജ്ജ്വലിച്ചുകൊണ്ടു് നേരിട്ടോടിവരുന്ന ആ മഹിഷാസുരനെ കണ്ടപ്പോൾ ചണ്ഡികാദേവി ആ മഹിഷനെ നിഗ്രഹിക്കുന്നതിനു കോപത്തോടുകൂടിയവളായിഭവിച്ചു.

ചണ്ഡികാ = അധമ്മംചെയ്യുന്നവരിൽ കോപത്തോടുകൂടിയവൾ.

ജഗ—ഇതിക്രോധ......തദാകരോൽ സ്വാഹാ ൨൮

൨൮ സാ ക്ഷിപ്ത്വാ തസ്യ വൈ പാശം തം ബബന്ധ മഹാസുരം
തത്യാജ മാഹിഷം രൂപം സോഽപി ബദ്ധോ മഹാമൃധേ. ൨൰൯

മഹാമൃധേ സാ	= മഹായുദ്ധത്തിൽ ചണ്ഡികാദേവി
തസ്യ	= അവന്റെമേൽ
വൈ പാശം ക്ഷിപ്ത്വാ	= പ്രസിദ്ധപ്പെട്ട പാശായുധത്തെ എറി-[ഞ്ഞിട്ടു്
തം മഹാസുരം ബബന്ധ	= ആ മഹാസുരനെ ബന്ധിച്ചു.
സഃ ബദ്ധഃ അപി	= അവൻ കെട്ടപ്പെട്ടവനാണെങ്കിലും
മാഹിഷം രൂപം തത്യാജ	= പോത്തിന്റെ രൂപത്തെ ത്യജിച്ചു.

ആ മഹായുദ്ധത്തിൽ ചണ്ഡികാദേവി മഹിഷാസുരന്റെ മേൽ തന്റെ പ്രസിദ്ധപ്പെട്ട പാശായുധത്തെ എറിഞ്ഞിട്ടു് ആ മഹിഷാസുരനെബന്ധിച്ചു. ആ മഹിഷാസുരൻ ബന്ധനത്തിൽപ്പെട്ടു എങ്കിലും പോത്തിന്റെ രൂപത്തെ ഉപേക്ഷിച്ചു.

ശാന്ത—ആ മഹായുദ്ധത്തിൽ ചണ്ഡികാദേവി മഹിഷാസുരന്റെ വധത്തിനായി വരുണനിൽനിന്നും ലഭിച്ച പ്രസിദ്ധമായ പാശായുധത്തെ എറിഞ്ഞിട്ടു് പ്രവൃത്തിയോടുകൂടിയിരിക്കുന്ന ആ മഹിഷാസുരനെ ബന്ധിച്ചു. അനന്തരം അവൻ പാശബന്ധത്തെ സഹിക്കാതെ മഹിഷരൂപത്തെ ത്യജിച്ചു. മായാവിയാകകൊണ്ടു് മഹിഷാകാരത്തെ ഉപേക്ഷിച്ചിട്ടു് അന്യരൂപങ്ങളെ എടുത്തപ്പോഴും അതിനു മുമ്പിൽ ഉണ്ടായിരുന്ന ഗാത്രക്ഷതങ്ങളോടുകൂടി പിന്നെയും ദേവീപാശത്താൽ കെട്ടപ്പെട്ടവനായിട്ടുതന്നെയിരുന്നു.

ദംശോ—തസ്യ = അവനെ ബന്ധിക്കുന്നതിന്നു്.

ജഗ—സാ ക്ഷിപ്ത്വാ......മഹാമൃധേ സ്വാഹാ. ൨൯

൨൯. തതഃ സിംഹോऽഭവത്സദ്യോ യാവത്തസ്യാംബികാശിരഃ
ഛിനത്തി താവൽ പുരുഷഃ ഖഡ്ഗപാണിരദൃശ്യത. ൩൦

തതഃ	= അനന്തരം
സദ്യഃ സിംഹഃ അഭവൽ	= വേഗത്തിൽ സിംഹമായിത്തീൎന്നു
അംബികാ തസ്യ ശിരഃ	= ദേവി അവന്റെ ശിരസ്സിനെ
യാവൽ ഛിനത്തി	= എപ്പോൾ ഛേദിക്കുന്നുവോ
താവൽ	= അപ്പോൾ
ഖഡ്ഗപാണിഃ പുരുഷഃ	= കയ്യിൽ വാളുള്ള പുരുഷനായിട്ടു്
അദൃശ്യത	= കാണപ്പെട്ടു.

അനന്തരം ആ മഹാസുരൻ വേഗത്തിൽ സിംഹമായിത്തീൎന്നു. ദേവി അവന്റെ ശിരസ്സിനെ ഛേദിച്ച ക്ഷണത്തിൽതന്നെ കയ്യിൽ വാൾ ധരിച്ചിരിക്കുന്ന പുരുഷനായി കാണപ്പെട്ടു.

ശാന്ത—മഹിഷരൂപപരിത്യാഗാനന്തരം ആ മഹാസുരൻ മായാവിത്വം ഹേതുവായിട്ടു് വേഗത്തിൽ ദേവിയോടുകൂടി യുദ്ധംചെയ്യുന്നതിന്നു് ഒരു സിംഹമായി ഭവിച്ചു. ചണ്ഡികാദേവി ആ മായാസിംഹത്തിന്റെ ശിരസ്സിനെ ഛേദിച്ച ക്ഷണത്തിൽതന്നെ ആ മായാവി കയ്യിൽ വാളോടുകൂടിയ ഒരു പുരുഷനായി ദേവിയാൽ കാണപ്പെട്ടു.

'ദേവി മഹിഷന്റെ ശിരസ്സിനെ ഛേദിക്കുന്നതും മഹിഷൻ പുരുഷനായി കാണപ്പെടുന്നതും ഏകകാലത്തിൽ തന്നെ' എന്നു താല്പൎയ്യം.

ജഗ—തതസ്സിംഹോ......പാണിരദൃശ്യത സ്വാഹാ ൩൦

൩൦. തത ഏവാശു പുരുഷം ദേവീ ചിച്ഛേദ സായകൈഃ
തം ഖഡ്ഗചൎമ്മണാ സാൎദ്ധം തതഃ സോऽഭൂന്മഹാഗജഃ ൩൧

തതഃ ദേവീ	= അനന്തരം ദേവി
ആശു ഏവ സായകൈഃ	= വേഗത്തിൽതന്നെ ബാണങ്ങളെക്കൊണ്ടു്
ഖഡ്ഗചമ്മണാ സാർദ്ധം	= വാളോടും പരിചയോടും കൂടി
തം പുരുഷം ചിച്ഛേദ	= ആ പുരുഷനെ ഛേദിച്ചു
തതഃ	= ആ പുരുഷരൂപത്തിൽ നിന്നു്
സഃ മഹാഗജഃ അഭൂൽ	= അവൻ വലിയ ആനയായിത്തീൎന്നു

അനന്തരം ദേവി അതിവേഗത്തിൽ ബാണങ്ങൾ കൊണ്ടു് വാളോടും പരിചയോടുംകൂടി ആ പുരുഷനെ ഛേദിച്ചു. ആ പുരുഷരൂപത്തിൽ നിന്നു് അവൻ ഒരു മഹാഗജമായി ഭവിച്ചു.

ചതു—ആശു ഏവ തം പുരുഷം ചിച്ഛേദ=വേഗത്തിൽ തന്നെ ആ പുരുഷനെ ഛേദിച്ചു.

ഖഡ്ഗചമ്മണാസാർദ്ധം എന്നു പറഞ്ഞതിനു് പുരുഷനേയും ഖഡ്ഗത്തേയും ചമ്മത്തേയും ഛേദിച്ചു എന്നൎത്ഥം.

ശാന്ത—ആ ഖഡ്ഗപാണിയായ പുരുഷദൎശനത്തിനു ശേഷം വേഗത്തിൽത്തന്നെ ദേവി ബാണങ്ങളെക്കൊണ്ടു് വാളോടും പരിചയോടുംകൂടി ആ പുരുഷനെ മുറിച്ചു.

ജഗ—തതഏവാശു...മഹാഗജഃ സ്വാഹാ— ൩൯

൩൯. കരേണ ച മഹാസിംഹം തം ചകൎഷ ജഗൎജ്ജ ച
കൎഷതസ്തു കരം ദേവീ ഖഡ്ഗേന നിരകൃന്തത— ൨൦൯

കരേണ	= തുമ്പിക്കൈകൊണ്ടു്
തം മഹാസിംഹം	= പ്രസിദ്ധനായ ആ മഹാസിംഹത്തെ
ചകൎഷ ച ജഗൎജ്ജ ച	= വലിക്കുകയും അലറുകയും ചെയ്തു
ദേവീ തു	= ദേവിയാകട്ടെ
കൎഷതഃ	= വലിക്കുന്ന (ആ മഹാഗജത്തിൻെറ)
കരം	= തുമ്പിക്കൈ
ഖഡ്ഗേന നിരകൃന്തത	= വാൾകൊണ്ടു് മുറിച്ചു.

ആ മഹാഗജം തുമ്പിക്കൈകൊണ്ടു് ദേവീവാഹനമായ ആ സിംഹത്തെ വലിക്കുകയും, അലറുകയും ചെയ്തു. ദേവിയാകട്ടെ അങ്ങനെപിടിച്ചു വലിക്കുന്ന ആ മഹാഗജത്തിൻെറ തുമ്പിക്കൈ വാൾകൊണ്ടു മുറിച്ചു.

ശാന്ത—ആ മഹാഗജം തുമ്പിക്കൈകൊണ്ടു് ആ പ്രസിദ്ധനായ ദേവീവാഹനസിംഹത്തെ പിടിച്ചു വലിക്കുകയും, അലറുകയും ചെയ്തു. അനന്തരം ദേവിയാകട്ടെ സിംഹത്തെ പിടിച്ചുവലിക്കുന്ന ആ മഹാഗജത്തിൻെറ തുമ്പിക്കൈ ചന്ദ്രഹാസംകൊണ്ടു നല്ലവണ്ണം മുറിച്ചു.

'ആന സിംഹത്തെ പിടിച്ചു വലിച്ചു' എന്നു പറഞ്ഞിരിക്കുന്നതു്—ലോകപ്രസിദ്ധിക്കു വിപരീതമാകകൊണ്ടു്—മഹിഷാസുരവിനാശത്തെ സൂചിപ്പിക്കുന്ന ഒരു ദുർല്ലക്ഷണമാകുന്നു.

"കഷ്തസ്തൽ കരം ദേവി" എന്നു പാഠഭേദം. 'പിടിച്ചു വലിക്കുന്ന ഗജത്തിന്റെ പ്രസിദ്ധകരത്തെ' എന്നൎത്ഥം.

ഈ സന്ദർഭത്തിൽ ആ മഹാസുരൻ മുൻപിൽ മുൻപിൽ ചെയ്ത മഹായുദ്ധംകൊണ്ടു തൃപ്തിപ്പെട്ടില്ല. എന്തെന്നാൽ—

"മഹിഷോഽഭൂത്തതോ വ്യാഘ്രഃ ഖഡ്ഗഃ പോത്രീ ഹരിഃ പുമാൻ
ഗജോഽഥ മഹിഷോ ഭൂയോ മായാവി സ മഹാമൃധേ" എന്നു്

മായാവിയായ ആ മഹാസുരൻ ദേവിയുമായുള്ള മഹായുദ്ധത്തിൽ വ്യാഘ്രമായും, ഖഡ്ഗമൃഗമായും, പന്നിയായും, സിംഹമായും പുരുഷനായും, ഗജമായും, പിന്നെയും മഹിഷമായും ഭവിച്ചു് യുദ്ധം ചെയ്തു.

ജഗ—കരേണ ച...നിരകൃന്തത സ്വാഹാ— മ.വ.

മ.വ. തതോ മഹാസുരോ ഭൂയോ മാഹിഷം വപുരാസ്ഥിതഃ
തഥൈവ ക്ഷോഭയാമാസ ത്രൈലോക്യം സ ചരാചരം— ഉ.ന്നു

തതഃ	= അനന്തരം
ഭൂയഃ മഹാസുരഃ	= വീണ്ടും മഹാസുരൻ
മാഹിഷം വപുഃ ആസ്ഥിതഃ	= പോത്തിന്റെരൂപം അംഗീകരിച്ചിട്ടു്
തഥൈവ	= മുൻപിലത്തേപ്പോലെ തന്നെ
സചരാചരം	= ജംഗമാജംഗമങ്ങളോടുകൂടിയ
ത്രൈലോക്യം ക്ഷോഭയാമാസ	= മൂന്നുലോകങ്ങളേയും ക്ഷോഭിപ്പിച്ചു.

അനന്തരം ആ മഹാസുരൻ വീണ്ടും പോത്തിന്റെ രൂപം ധരിച്ചിട്ടു് മുൻപിലത്തെപ്പോലെതന്നെ ചരാചരങ്ങളോടുകൂടിയ മൂന്നു ലോകങ്ങളേയും ഇളക്കി.

ശാന്ത—ഗജരൂപമായ ശരീരത്തെ ഉപേക്ഷിച്ചതിന്റെശേഷം പിന്നെയും ആ മഹാസുരൻ പോത്തിന്റെ ശരീരത്തെ സ്വീകരിച്ചിട്ടു്— മുൻപിലത്തെപ്പോലെതന്നെ മഹിഷാസുരനായിത്തീൎന്നു്—സ്ഥാവരജംഗമങ്ങളോടുകൂടിയ മൂന്നുലോകങ്ങളേയും ക്ഷോഭിപ്പിച്ചു.

സചരാചരം = ചരങ്ങളോടും അചരങ്ങളോടും കൂടിയതു്. ചരങ്ങൾ =ദേവാദികൾ. അചരങ്ങൾ = പൎവ്വതാദികൾ.

അല്ലെങ്കിൽ, സഃ ചരാചരം = (എന്നു രണ്ടുപദം) ചരാചരാത്മകമായ ത്രൈലോക്യത്തെ അവൻ ക്ഷോഭിപ്പിച്ചു. അല്ലെങ്കിൽ ചരാ

ചരം = ജഗദാത്മകം, ജഗദാത്മകമായ ത്രൈലോക്യത്തെ അവൻ ക്ഷോഭിപ്പിച്ചു എന്നത്ഥം.

'മാഹിഷം വപുരാശ്രിതഃ' എന്നു പാഠഭേദം.

ജഗ—തതോ മഹാസുരോ......സചരാചരം സ്വാഹാ— ൩൩

൩൩. തതഃ ക്രുദ്ധാ ജഗന്മാതാ ചണ്ഡികാ പാനമുത്തമം
പപൗ പുനഃ പുനശ്ചൈവ ജഹാസാരുണലോചനാ— ൩൦൭

തതഃ	= അനന്തരം
ജഗന്മാതാ ചണ്ഡികാ	= ലോകമാതാവായ ചണ്ഡികാദേവി
ക്രുദ്ധാ	= കോപത്തോടുകൂടിയവളായി
അരുണലോചനാ	= ചുവന്നകണ്ണുകളോടുകൂടിയവളായിട്ട്
ഉത്തമം പാനം പപൗ	= ഉത്തമമായ മധുവിനെ പാനംചെയ്തു
പുനഃ പുനഃ ച	= പിന്നെയും പിന്നെയും
ജഹാസ ഏവ	= ചിരിക്കുകയും ചെയ്തു.

അനന്തരം സർവ്വലോകജനനിയായ ചണ്ഡികാദേവി കോപത്താൽ കൺചുവന്നവളായിട്ട് ഉത്തമമായ മധുവിനെ പാനം ചെയ്യുകയും വീണ്ടുംവീണ്ടും ചിരിക്കുകയും ചെയ്തു.

ഗുപ്ത—സർവ്വദേവസമുൽഭൂതയായ ചണ്ഡികാദേവി തുരീയയാണ് എങ്കിലും ആ ദേവി മഹിഷാസുരസേനാധിപനായ ചിക്ഷുരൻ മുതലായ അനേകം അസുരന്മാരെയും സൈന്യങ്ങളേയും നിഗ്രഹിച്ചു.

ഇപ്പോൾ മഹിഷാസുരവധത്തിനായി രജോഗുണപ്രധാനയായിരിക്കുന്ന തന്റെ മഹാലക്ഷ്മീത്വത്തെ പ്രാപിച്ചിരിക്കുന്നു എന്നു ധ്വനിപ്പിക്കുന്നതിനായി ഇവിടെ മധുപാനത്തെക്കുറിച്ചു പറയുന്നു. അതുകൊണ്ട് ലോചനങ്ങളും മുഖവും ചുവന്നിരിക്കുന്നത് യുക്തം തന്നെ.

ചതു—'പീയത ഇതി പാനം മധു' കുടിക്കപ്പെടുന്നത് പാനം അതായത് മധു.

ശാന്ത—ത്രൈലോക്യക്ഷോഭണത്തിനു ശേഷം ജഗജ്ജനനിയായി ജഗദ്ധിതയായിരിക്കുന്ന ചണ്ഡികാദേവി കോപത്തോടുകൂടിയവളായിട്ട് തൃക്കണ്ണുകൾ ചുവന്ന് ഉത്തമമായിരിക്കുന്ന അമൃതത്തെ പിന്നെയും പിന്നെയും പാനംചെയ്തു—കളിയായിട്ട് മധുപാനംചെയ്തു. യുദ്ധത്തെ ലക്ഷ്യമാക്കാതെ പിന്നെയും പിന്നെയും ചിരിക്കുകയും ചെയ്തു. ഇതു് വീരന്മാർ ചെയ്യുന്ന മദ്യപാനം ആകുന്നു. യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ശ്രമപരിഹാരാത്ഥമായും, യുദ്ധം നടക്കാൻപോക

മ്പോൾ ഉത്സാഹവർദ്ധനയ്ക്കായും വീരന്മാരാൽ ചെയ്യപ്പെടുന്ന മദ്യപാനത്തിന് വീരപാനം എന്നു പറയുന്നു.

ദേവിയുടെ മധുപാനത്തേപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ഘടായുതായുതോന്മാനം മധുമാംസോപദംശകം

ഏകൈകശഃ പാസതശ്ചണ്ഡീ പപാവത്ര രണോത്സവേ" എന്ന് ചണ്ഡികാദേവി യുദ്ധത്തിൽ അനേകം ഘടങ്ങളിൽ നിറയ്ക്കാവുന്ന മദ്യങ്ങളെ മാംസോപദംശത്തോടുകൂടി കൂടെക്കൂടെ പാനംചെയ്തു എന്നർത്ഥം.

നാഗോ—മഹിഷാസുരൻ ശിവാവതാരമാകകൊണ്ടു ശ്രീദേവിക്ക് അവനെ കൊല്ലുന്നതിൽ ദയയുണ്ടാകാതെയിരിക്കുന്നതിനുവേണ്ടി മദ്യപാനംചെയ്തു. മധുപാനംനിമിത്തം കണ്ണുകൾ ചുവന്ന് പിന്നെയും പിന്നെയും ചിരിച്ചു.

ജഗ—തതഃ . . . ക്രുദ്ധാലോചനാ സഹാഹാ നർ

നർ. നനർദ്ദ ചാസുരഃ സോപി ബലവീര്യമദോദ്ധതഃ

വിഷാണാഭ്യാം ച ചിക്ഷേപ ചണ്ഡികാംപ്രതി ഭൂധരാൻ—൨൦വ്വ

ബലവീര്യമദോദ്ധതഃ	= ശരീരബലംകൊണ്ടും ഉത്സാഹാധിക്യം കൊണ്ടുംഉള്ള മദംനിമിത്തം അത്യഹങ്കാരിയായ
സഃ അസുരഃ അപി	= ആ അസുരനും
നനർദ ച	= അട്ടഹാസംചെയ്തു
ചണ്ഡികാംപ്രതി	= ദേവിയുടെ നേരേ
ഭൂധരാൻ	= പർവ്വതങ്ങളെ
വിഷാണാഭ്യാം	= കൊമ്പുകൾകൊണ്ട്
ചിക്ഷേപച	= എറിയുകയുംചെയ്തു.

ശരീരബലംകൊണ്ടും ഉത്സാഹാധിക്യത്താലും ഉള്ള ഗർവ്വത്താൽ അത്യഹങ്കാരിയായ ആ മഹിഷാസുരൻ അട്ടഹാസംചെയ്യുകയും കൊമ്പുകൾകൊണ്ട് പർവ്വതങ്ങളെ ദേവിയുടെനേക്ക് എറിയുകയും ചെയ്തു.

ശാന്ത—ബലംകൊണ്ടും വീര്യംകൊണ്ടും ഉള്ള ഗർവ്വുനിമിത്തം നിർമ്മര്യാദനായിട്ട് ആ മഹിഷാസുരൻ കണ്ഠഗർജ്ജനംചെയ്യുകയും ചണ്ഡികാദേവിയുടെനേക്ക് പർവ്വതങ്ങളെ കൊമ്പുകൾകൊണ്ടു് എറിയുകയും ചെയ്തു.

ഉദ്ധതൻ = അവിനീതൻ

ജഗ—നനർദ ചാസുരഭൂധരാൻ സഹാഹാ— ൨൧

൨൫. സാ ച താൻ പ്രഹിതാംസ്തേന ചൂർണ്ണയന്തീ ശരോൽകരൈഃ
ഉവാച തം മദോദ്ധൂതമുഖരാഗാകുലാക്ഷരം ൨൦൯

സാ ച	= ദേവിയും
തേന പ്രഹിതാൻ താൻ	= അവനാൽ എറിയപ്പെട്ട പർവ്വതങ്ങളെ
ശരോൽകരൈഃ	= ബാണപ്രയോഗങ്ങളെകൊണ്ടു്
ചൂർണ്ണയന്തീ	= പൊടിയാക്കുന്നവളായിട്ടു്
മദോദ്ധൂതമുഖരാഗാ കലാക്ഷരം	= മദം കൊണ്ടു വർദ്ധിച്ചിരിക്കുന്ന മുഖരാഗത്തോടുകൂടി അസ്പഷ്ടാക്ഷരമായി
തം ഉവാച	= അവനോടു് പറഞ്ഞു.

ചണ്ഡികാദേവിയും മഹിഷാസുരനാൽ എറിയപ്പെട്ട പർവ്വതങ്ങളെ ശരങ്ങൾ പ്രയോഗിച്ചു് പൊടിയാക്കീട്ടു സുരാപാനംകൊണ്ടുള്ള മദംനിമിത്തം ഉണ്ടായ മുഖച്ചുവപ്പോടുകൂടിയും അസ്പഷ്ടാക്ഷരമായും ആ മഹിഷാസുരനോടു പറഞ്ഞു.

ഗുപ്ത—ലക്ഷ്മിക്കും (ഐശ്വൎയ്യത്തിനും) സുരയ്ക്കും മദിപ്പിക്കുന്ന സ്വഭാവം തുല്യമാകുന്നു.
മദോദ്ധൂതമുഖരാഗം=സുരാജന്യമായ മദം കൊണ്ടു് അതിശയിതമായ മുഖരക്തിമാവു്.

ചതു—ആകുലാക്ഷരം=അവ്യക്തവൎണ്ണം.

ശാന്ത—ആ ചണ്ഡികാദേവി മഹിഷമഹാസുരനാൽ എറിയപ്പെട്ട ആ പർവ്വതങ്ങളെ ശരപ്രയോഗങ്ങൾകൊണ്ടു് പൊടിയാക്കീട്ടു് മധുപാനംമൂലമുണ്ടായ മദംനിമിത്തം വർദ്ധിച്ചിരിക്കുന്ന മുഖച്ചുവപ്പു കൊണ്ടു് അസ്പഷ്ടാക്ഷരമാകുംവണ്ണം പറഞ്ഞു.

(അല്ലെങ്കിൽ) മദോദ്ധൂതമുഖരാഗാ—ആകുലാക്ഷരം (എന്നു പദച്ഛേദം) മധുപാനജന്യമായ മദംനിമിത്തം ഉണ്ടായ മുഖച്ചുവപ്പോടുകൂടിയവളായിട്ടു് അസ്പഷ്ടാക്ഷരമാകുംവണ്ണം വാക്കുകളെപ്പറഞ്ഞു.
ജഗ—സാ ച താൻ......രാഗാകുലാക്ഷരം സ്വാഹാ ൩൩

ദേവ്യുവാച. ൨൧൦.

൩൩. ഗർജ്ജ ഗർജ്ജ ക്ഷണം മൂഢ! മധു യാവൽ പിബാമ്യഹം
മയാ ത്വയി ഹതേഽത്രൈവ ഗർജ്ജിഷ്യന്ത്യാശു ദേവതാഃ—
ദേവിപറഞ്ഞു.

മൂഢ!	= അറിവില്ലാത്തവനേ
യാവൽ അഹം	= യാതൊരുകാലംവരെ ഞാൻ
മധു പിബാമി	= മദ്യത്തെ പാനം ചെയ്യുന്നുവോ (അതുവരെ)
ക്ഷണം ഗർജ്ജ ഗർജ്ജ	= അല്പനേരം അലറിക്കൊൾക അലറിക്കൊൾക
മയാ ത്വയി ഹതേ	= എന്നാൽ നീ കൊല്ലപ്പെട്ടപ്പോൾ

അത്ര ഏവ	=	ഇവിടെത്തന്നെ
ആശു	=	വേഗത്തിൽ
ദേവതാഃ ഗർജ്ജിഷ്യന്തി	=	ദേവകൾ ഗർജ്ജിക്കും

അല്ലയോ മൂഢ! ഞാൻ മധുപാനംചെയ്യുന്നതുവരെ ക്ഷണനേരം നീ അലറിക്കൊള്ളുക, ഞാൻ വേഗത്തിൽ നിന്നെ നിഗ്രഹിക്കുമ്പോൾ ഇവിടെത്തന്നേ ദേവകൾ സന്തോഷംകൊണ്ടു് അലറും.

ഗുപ്ത—മധു യാവൽ പിബാമി=തുരീയയായി ചണ്ഡികയായിരിക്കുന്ന ഞാൻ മഹാലക്ഷ്മിയായി ഭവിക്കുന്നതുവരെ.

മയാ=ലക്ഷ്മിയായ എന്നാൽ (ഇന്ദിരാ ലോകമാതാ മാ) എന്നു്

ചതു—'ഗർജ്ജ ഗർജ്ജ' എന്ന പുനരുക്തി സംഭ്രമം ഹേതുവായിട്ടാകുന്നു.

ശാന്ത—ഇവിടെ ദേവി അസ്പഷ്ടാക്ഷരമായി പറഞ്ഞു എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ഗർജ്ജഗർജ്ജേത്യാദി ഓരോ പദങ്ങളും അവ്യക്താക്ഷരമായിത്തന്നെ പറഞ്ഞതാണു്. ഋഷി അതിനെ അർത്ഥമറിയത്തക്കവണ്ണം പരിഷ്കരിച്ചു് സ്പഷ്ടമാക്കിട്ടുള്ളതാകുന്നു.

എടാ മൂഢ! എത്രസമയംകൊണ്ടു് ഞാൻ മധുപാനംചെയ്യുന്നുവോ അത്രയുംക്ഷണം നീയും കണ്ഠഗർജ്ജനം ചെയ്തുകൊള്ളുക. നിന്റെ ആയുസ്സു് അത്രമാത്രമേയുള്ളൂ. ആ ക്ഷണം കഴിഞ്ഞാൽ ഞാൻ നിന്നെ വധിക്കുമ്പോൾ ഈ യുദ്ധഭൂമിയിൽത്തന്നേ(അല്ലെങ്കിൽ) ഈ അവസരത്തിൽത്തന്നെ വേഗത്തിൽ ഇന്ദ്രാദിദേവകൾ ഗർജ്ജനരൂപമായ സന്തോഷഗാനംചെയ്യും.

നാഗോ—ഗർജ്ജ ഗർജ്ജ എന്ന പുനരുക്തി സംഭ്രമംകൊണ്ടും മദംകൊണ്ടും ഉള്ളതാകുന്നു.

ജഗ—ദേവ്യുവാച സ്വാഹാ ൩൧

ഗർജ്ജ ഗർജ്ജ......ദേവതാ സ്വാഹാ ൩൮

ഋഷിരുവാച—൨൧൨

൩൯. ഏവമുക്ത്വാ സമുൽപത്യ സാരൂഢാ തം മഹാസുരം
പാദേനാക്രമ്യ കണ്ഠേ ച ശൂലേനൈനമതാഡയൽ ൨൧൩

ഋഷി പറഞ്ഞു.

സാ ഏവം ഉക്ത്വാ	=	ആദേവി ഇപ്രകാരം പറഞ്ഞതിനു
സമുൽപത്യ	=	ചാടി [ശേഷം
തം മഹാസുരം ആരൂഢാ	=	ആ മഹാസുരനെ ആരോഹണംചെയ്തിട്ടു്
ഏനം	=	ഇവനെ

പാദേന ആക്രമ്യ	= കാൽകൊണ്ടു് ചവിട്ടിപ്പിടിച്ചുംകൊണ്ടു്
കണ്ഠേ	= കഴുത്തിൽ
ശൂലേന അതാഡയൽ ച	– ശൂലത്താൽ താഡിക്കുകയുംചെയ്തു.

ആ ദേവി ഇപ്രകാരംപറഞ്ഞതിനുശേഷം ചാടി ആ മഹാസുരൻെറമേൽ കയറിയിട്ടു് ആ മഹിഷാസുരനെ കാൽകൊണ്ടു ചവിട്ടിപ്പിടിച്ചു് കഴുത്തിൽ ശൂലംകൊണ്ടു കുത്തുകയുംചെയ്തു.

ചതു—പാദേനാക്രമ്യ = കാൽകൊണ്ടു് ചവിട്ടിപ്പിടിച്ചിട്ടു്. പൃഷ്ഠത്തിൽ എന്നപേക്ഷണം.

ശാന്ത—ആ ദേവി ഇങ്ങനെ പറഞ്ഞിട്ടു് ചാടി ആ മഹിഷാസുരൻെറ മേൽകയറി അവൻെറ കണ്ഠത്തിൽ ഒരു കാൽകൊണ്ടു ചവിട്ടിപ്പിടിച്ചു് ശൂലായുധംകൊണ്ടു് കുത്തി.

നാഗോ—ദേവി അവൻെറ മേൽ ചാടിക്കയറിയിട്ടു് അവനെ ഒരു കാൽകൊണ്ടു് നല്ലവണ്ണം ചവിട്ടിപ്പിടിച്ചുംകൊണ്ടു് കണ്ഠത്തിൽ ശൂലംകൊണ്ടു കുത്തി.

ജഗ—ഋഷിരുവാച സ്വാഹാ ൩൯

ഏവമുക്ത്വാ......മതാഡയൽ സ്വാഹാ— ൪൦

൩൮. തതഃ സോഽപി പദാക്രാന്തസ്തയാ നിജമുഖാത്തതഃ
അർദ്ധനിഷ്ക്രാന്ത ഏവാതിദേവ്യാ വീര്യേണ സംവൃതഃ—൨൧൪

തതഃ സഃ	= അനന്തരം അവൻ
തയാ	= ആ ദേവിയാൽ
പാദാക്രാന്തഃ അപി	= { കാൽകൊണ്ടു് അമൎത്തിപ്പിടിക്കപ്പെട്ടവനായി എങ്കിലും
തതഃ നിജമുഖാൽ	= ആ തൻെറ മുഖത്തിൽ നിന്നു്
അർദ്ധനിഷ്ക്രാന്ത ഏവ	= പകുതി പുറപ്പെട്ടവനായിട്ടുതന്നെ
ദേവ്യാ വീര്യേണ	= ദേവിയുടെ വീര്യംകൊണ്ടു്
അതിസംവൃതഃ	= തീരെ മറയ്ക്കപ്പെട്ടു.

അനന്തരം ആ മഹിഷാസുരൻ ആ ദേവിയാൽ പാദംകൊണ്ടു അമൎത്തിപ്പിടിക്കപ്പെട്ടു എങ്കിലും, അവൻെറ മുഖത്തിൽനിന്നു് പകുതി ശരീരത്തോടുകൂടി എഴുന്നീററിട്ടു് ദേവീവീര്യംകൊണ്ടു് പ്രതിബന്ധിക്കപ്പെട്ടവനായി.

ചതു—ആ മഹിഷാസുരൻ ശൂലതാഡനം ഹേതുവായി തൻെറ മുഖത്തിൽനിന്നു് അർദ്ധശരീരത്തെ പുറത്തുവരുത്തിയവനായിട്ടു് ദേവിയുടെ അതിശയിക്കത്തക്ക സാമൎത്ഥ്യത്താൽ അനങ്ങുവാൻ പാടില്ലാത്തവനായിത്തീൎന്നു—സ്തബ്ധനായിത്തീൎന്നു.

ശാന്ത—അനന്തരം ആ മഹിഷാസുരൻ ദേവിയാൽ പാദം കൊണ്ടു് ആക്രമിക്കപ്പെട്ടവനായി ശൂലംകൊണ്ടു് താഡിക്കപ്പെട്ടവനായി ഭവിച്ചുവെങ്കിലും, ആ നിജമുഖത്തിങ്കൽനിന്നു് അർദ്ധശരീരത്തോടുകൂടി പുറത്തുപുറപ്പെട്ടവനായിട്ടു്, ദേവീബലംകൊണ്ടു് സ്തംഭിതനായിത്തീർന്നു്—ആ പകുതിപുറപ്പെട്ടവനായിത്തന്നെ ഇരുന്നതല്ലാതെ മുഴുവൻ ശരീരത്തോടുകൂടി പുറപ്പെടുന്നതിനിടയായില്ല, എന്നർത്ഥം.

"അർദ്ധനിഷ്ക്രാന്ത ഏവാസീദ്ദേവ്യാ വീര്യേണ സംവൃതഃ" എന്നു പാഠഭേദം.

നാഗോ—ആ ദേവിയാൽ നല്ലവണ്ണം ചവിട്ടിപ്പിടിക്കപ്പെട്ടു എങ്കിലും അവൻ ശൂലതാഡനാനന്തരം മഹിഷരൂപമായ നിജമുഖത്തിങ്കൽനിന്നു് വെളിയിൽപുറപ്പെട്ട നിജശരീരത്തോടുകൂടിയവനായിട്ടുതന്നെ ദേവിയുടെ അതിശയവീര്യത്താൽ ബന്ധിക്കപ്പെട്ടു—അവിടെനിന്നും പോകുന്നതിനു് സാമർത്ഥ്യമുണ്ടായില്ല—എന്നു താല്പര്യം.

ജഗ—തതഃ സോപി......വീര്യേണ സംവൃതഃ സ്വാഹാ— ർഥ ന്ദൻ. അർദ്ധനിഷ്ക്രാന്ത ഏവാസൗ യുദ്ധ്യമാനോ മഹാസുരഃ

തയാ മഹാസിനാ ദേവ്യാ ശിരഃഛിത്വാ നിപാതിതഃ— വചരി

അസൗ മഹാസുരഃ	= ഈ മഹാസുരൻ
അർദ്ധനിഷ്ക്രാന്തഃ ഏവ	= പകുതിശരീരത്തോടുകൂടി പുറപ്പെട്ടവനായിത്തന്നെ
യുദ്ധ്യമാനഃ	= യുദ്ധംചെയ്യുന്നവനായിട്ടു്
തയാ ദേവ്യാ	= ആ ദേവിയാൽ
മഹാസിനാ	= വലുതായവാൾകൊണ്ടു്
ശിരഃ ഛിത്വാ നിപാതിതഃ	= ശിരസ്സിനെ ഛേദിച്ചിട്ടു് വീഴ്ത്തപ്പെട്ടു

പകുതിശരീരത്തോടുകൂടി പുറപ്പെട്ടു് യുദ്ധംചെയ്യുന്നവനായ ഈ മഹാസുരൻെറശിരസ്സിനെ ആ ദേവി വലുതായ വാൾകൊണ്ടു് ഛേദിച്ചിട്ടു് ഭൂമിയിൽ വീഴ്ത്തി.

ഗുപ്ത—തയാ ദേവ്യാ=മധുപാനംകൊണ്ടു് രജോഗുണപ്രധാനയായി ഭവിച്ച ലക്ഷ്മീദേവിയാൽ.

ശിരച്ഛേദത്തിന്നുശേഷമുണ്ടായ യുദ്ധത്തെപ്പററി പുരാണാന്തരങ്ങളിൽനിന്നു് അറിഞ്ഞുകൊള്ളണം.

ചതു—"ശിരച്ഛേദോത്ഭവം തദ്വദ്ദാനവം ഖഡ്ഗപാണിനം" ശിരസ്സിനെ ഛേദിച്ചതിൻെറശേഷം മുൻപോലെതന്നെ ഖഡ്ഗപാണിയായ ആ അസുരനെ എന്നുതുടങ്ങിയുള്ള വിശേഷങ്ങൾ കല്പാന്തരത്തിങ്കലുള്ളതാണെന്നു തോന്നുന്നു.

ശാന്ത—ഈ മഹാസുരൻ മഹിഷമുഖത്തിങ്കൽനിന്നു് പകുതി ശരീരത്തോടുകൂടി പുറപ്പെട്ടു് യുദ്ധംചെയ്യുന്നവനായിട്ടുതന്നെ ആ ഭഗവതിയാൽ മണ്ഡലാഗ്രംകൊണ്ടു് ഉത്തമാംഗം ഛേദിക്കപ്പെട്ടു് ഭൂമിയിൽ പതിപ്പിക്കപ്പെട്ടു.

അൎദ്ധനിഷ്ക്രാന്തൻ=പകുതി ശരീരഭാഗം വെളിയിൽ പുറപ്പെടുവിച്ചവൻ.

* "ഏവം സ മാഹിഷോ നാമ സസൈന്യഃ സസുഹൃൽഗണഃ
ത്രൈലോക്യം മോഹയിത്വാ തു തയാ ദേവ്യാ വിനാശിതഃ"

മുൻപറഞ്ഞതുപോലെ സൈന്യങ്ങളോടും ബന്ധുവൎഗ്ഗങ്ങളോടുംകൂടി മൂന്നുലോകങ്ങളേയും ദുഃഖിപ്പിച്ച മഹിഷൻ എന്നു പ്രസിദ്ധനായ ആ മഹാസുരൻ ദേവിയാൽ നശിപ്പിക്കപ്പെട്ടു. ഇതിൽത്തന്നെ "മോഹയിത്വാ തു മഹാകാള്യാ നിപാതിതഃ" എന്നു പാഠഭേദം.

മഹാകാളി=ഉഗ്രപത്നി അല്ലെങ്കിൽ മഹതിയായിരിക്കുന്ന കാളി=ദുൎഗ്ഗാദേവി.

§ "ത്രൈലോക്യസ്ഥൈസ്തദാ ഭൂതൈൎമഹിഷേ വിനിപാതിതേ
ജയേത്യുക്തം തദാ സൎവ്വൈഃ സദേവാസുരമാനവൈഃ"

ദേവിയാൽ മഹിഷാസുരൻ പതിപ്പിക്കപ്പെട്ടപ്പോൾ മൂന്നുലോകങ്ങളിലുമുള്ള എല്ലാ പുരുഷന്മാരാലും—ദേവലോകത്തുള്ള ദേവന്മാരാലും, പാതാളലോകത്തിലുള്ള അസുരന്മാരാലും, ഭൂലോകത്തിലുള്ള മനുഷ്യരാലും—ദേവിയെക്കുറിച്ചു് "ലോകോൽകൎഷേണ വൎത്തിച്ചാലും" എന്നു പറയപ്പെട്ടു.

തദാ ഭൂതൈ (എന്നു് ഒരുപാഠം)=മഹിഷാസുരനിൽനിന്നു് ദുഃഖത്തെ പ്രാപിച്ചവരായ.

നാഗോ—ശിരച്ഛേദോത്ഭവനായി, ശൂലപാണിയായ ആ ദാനവനുമായിട്ടുണ്ടായ യുദ്ധവിശേഷം കല്പാന്തരങ്ങളിൽനിന്നും അറിയേണ്ടതാകുന്നു.

ജഗ—അൎദ്ധനിഷ്ക്രാന്ത...നിപാതിതഃ സ്വാഹാ · ൪വ

൪൦. തതോ ഹാഹാകൃതം സൎവ്വം ദൈത്യസൈന്യം നനാശ തൽ
പ്രഹർഷം ച പരം ജഗ്മുഃ സകലാ ദേവതാഗണാഃ വഹ്നു

തതഃ	= അനന്തരം
തൽ സൎവ്വം ദൈത്യസൈന്യം	= ആ എല്ലാഅസുരസൈന്യവും
ഹാഹാകൃതം നനാശ	= ഹാ!ഹാ!എന്ന ശബ്ദത്തെപുറപ്പെടുവിച്ചിട്ടു് ഓടി

* § ഇങ്ങനെ രണ്ടു ശ്ലോകംകൂടി ശാന്തനവീവ്യാഖ്യാതാവുമാത്രം സ്വീകരിച്ചിട്ടുണ്ടു്.

സകലാഃ ദേവതാഗണാഃ	=	സമസ്തങ്ങളായ ദേവഗണങ്ങൾ
പരം പ്രഹർഷം	=	ഉൽകൃഷ്ടമായ സന്തോഷത്തെ
ജഗ്മുഃ ച	=	പ്രാപിക്കുകയുംചെയ്തു.

അനന്തരം ആ അസുരസൈന്യങ്ങളെല്ലാം ഹാ! ഹാ! എന്ന ശബ്ദം പുറപ്പെടുവിച്ചുംകൊണ്ടു് ഓടി. സകല ദേവഗണങ്ങളും അതി സന്തോഷത്തെ പ്രാപിക്കുകയും ചെയ്തു.

ഗുപ്ത—നനാശ=ഓടി.

ഈ അദ്ധ്യായത്തിൽ രണ്ടു് 'ഋഷിരുവാച' എന്നുള്ളതു് അവ പറയപ്പെട്ടിട്ടുള്ള സ്ഥാനങ്ങളിൽതന്നെ വേണ്ടതാകുന്നു.

'ദേവ്യുവാച' എന്നതു് അവിടെ ആവശ്യമുള്ളതല്ലെങ്കിലും ഒരു മന്ത്രമായി കണക്കാക്കിയിരിക്കുന്നു.

ചതു—ഹാഹാകൃതം = ഹാ! ഹാ! ശബ്ദം ഉണ്ടാക്കി.

സർവ്വം എന്നതു് ശേഷിച്ചവർ എന്ന അഭിപ്രായത്തിൽ പറഞ്ഞതാണു്.

പരം പ്രഹർഷം= നിരതിശയമായ സന്തോഷം

ശാന്ത—മഹിഷമർദ്ദനാനന്തരം ശേഷിച്ച അല്പസ്വല്പം സൈന്യങ്ങളും ഹാ! ഹാ! എന്നശബ്ദത്തെ ദീനഭാവത്തോടുകൂടി പുറപ്പെടുവിച്ചിട്ടു് ഓടി—സംഭ്രമത്തോടുകൂടി ഹാ! ഹാ! എന്നു പറഞ്ഞിട്ടു് അനാഥമായി നശിച്ചു. വിശേഷിച്ചും ദേവഗണങ്ങളെല്ലാം ഉൽകൃഷ്ടമായ സന്തോഷത്തെ പ്രാപിക്കുകയുംചെയ്തു.

ജഗ—തതോ ഹാഹാകൃതം...ദേവതാഗണാഃ സ്വാഹാ— ർബ

ർഫ. തുഷ്ടുവുസ്താം സുരാ ദേവീം സഹ ദിവ്യൈർമഹർഷിഭിഃ
ജഗുർഗന്ധർവ്വപതയോ നനൃതുശ്ചാപ്സരോഗണാഃ— ൨൧

താം ദേവീം	=	ആ ദേവിയെ
സുരാഃ	=	ഇന്ദ്രാദിദേവന്മാർ
ദിവ്യൈഃ മഹർഷിഭിഃ സഹ	=	സ്വർഗ്ഗത്തിലുള്ളമഹർഷിമാരോടുകൂടി
തുഷ്ടുവുഃ	=	സ്തുതിച്ചു.
ഗന്ധർവ്വപതയഃ ജഗുഃ	=	ഗന്ധർവ്വമുഖ്യന്മാർ ഗാനംചെയ്തു
അപ്സരോഗണാഃ	=	അപ്സരസ്ത്രീകളുടെ കൂട്ടങ്ങൾ
നനൃതുഃ ച	=	നൃത്തംചെയ്യുകയും ചെയ്തു

ആ ദേവിയെ ഇന്ദ്രാദിദേവന്മാർ സ്വർഗ്ഗലോകത്തിലുള്ള മഹർഷിമാരോടുംകൂടി സ്തുതിച്ചു. ഗന്ധർവ്വശ്രേഷ്ഠന്മാർ ഗാനംചെയ്യുകയും അപ്സരഃസ്ത്രീകളുടെക്കൂട്ടങ്ങൾ നൃത്തംചെയ്യുകയും ചെയ്തു.

ചതു—ദിവ്യൈഃ മഹർഷിഭിഃ=നാരദാദികളാൽ

ശാന്ത—അനന്തരം ഇന്ദ്രാദികൾ സ്വർഗ്ഗലോകത്തുള്ള മഹർഷിമാരോടുകൂടി—ദേവന്മാരും മഹർഷിമാരും—ആ ദേവിയെ സ്തുതിച്ചു. ഈ ദേവീവിജയത്തിൽ ഹാഹാ ഹൂഹൂ മുതലായ ഗന്ധർവന്മാരുടെ നാഥന്മാരായ 'സ്വരു' മുതലായ ഗാനവിചക്ഷണന്മാർ പാടുകയും, ഉർവശിമുതലായ അപ്സരസ്ത്രീകളുടെകൂട്ടങ്ങൾ നൃത്തംചെയ്യുകയുംചെയ്തു.

നാഗോ—ദിവ്യൈഃ = ബ്രഹ്മാദികളോടും, മഹർഷിഭിഃ=നാരദാദികളോടും, സഹ=കൂടി.

ജഗ—തുഷ്ടുവുസ്താം.........ശ്വാപ്സരോഗണാഃ സ്വാഹാ—൩൮

ഇതി ശ്രീ മാർക്കണ്ഡേയപുരാണേ സാവർണ്ണികേ
മന്വന്തരേ ദേവീമാഹാത്മ്യേ മഹിഷാസുരവധോ നാമ
തൃതീയോദ്ധ്യായഃ
മഹിഷാസുരവധം എന്ന മൂന്നാം അദ്ധ്യായം സമാപ്തം.

നാലാം അദ്ധ്യായം.

ഋഷിരുവാച—വഹ്നിവ്യ.

൧. ശക്രാദയഃ സുരഗണാ നിഹതേഽതിവീര്യേ
തസ്മിൻ ദുരാത്മനി സുരാരിബലേ ച ദേവ്യാ
താം തുഷ്ടുവുഃ പ്രണതിനമ്രശിരോധരാംസാ
വാഗ്ഭിഃ പ്രഹർഷപുളകോൽഗമചാരുദേഹാഃ— വഹ്നി

ഋഷി പറഞ്ഞു.

ദേവ്യാ	= ആ മഹാലക്ഷ്മിയാൽ
അതിവീര്യേ സുരാരിബലേ	= അതിബലമുള്ള അസുരസൈന്യവും
(അതിവീര്യേ)	= അതിപരാക്രമത്തോടുകൂടിയവനായ
തസ്മിൻ ദുരാത്മനി ച	= ആ ദുഷ്ടനായ മഹിഷാസുരനും
നിഹതേ	= ഹനിക്കപ്പെട്ടപ്പോൾ
ശക്രാദയഃ സുരഗണാഃ	= ഇന്ദ്രൻമുതലായ ദേവഗണങ്ങൾ
പ്രണതിനമ്രശിരോധരാംസാഃ	= നമസ്കാരങ്ങളെക്കൊണ്ട് നമ്രങ്ങളായിരിക്കുന്ന കഴുത്തുകളോടും സ്കന്ധങ്ങളോടും കൂടിയവരായി
പ്രഹർഷപുളകോൽഗമചാരുദേഹാഃ	= അതിസന്തോഷംകൊണ്ടുണ്ടായ രോമാഞ്ചോൽഭവംനിമിത്തം മനോഹരങ്ങളായിരിക്കുന്ന ദേഹങ്ങളോടുകൂടിയവരായിട്ട്

വാഗ്ഭിഃ = വാക്കുകളേക്കൊണ്ടു്
താം തുഷ്ടുവുഃ = ആ മഹാലക്ഷ്മിയെ സ്തുതിച്ചു.

ആ മഹാലക്ഷ്മി ഏറ്റവും ബലമുള്ള അസുരസൈന്യത്തേയും, അതിപരാക്രമശാലിയായി ദുഷ്ടനായിരിക്കുന്ന ആ മഹിഷാസുരനേയും നിഗ്രഹിച്ചപ്പോൾ ദേവഗണങ്ങൾ, നമസ്കാരങ്ങളെക്കൊണ്ടു് നമ്രങ്ങളായിരിക്കുന്ന കഴുത്തുകളോടും സ്കന്ധങ്ങളോടും കൂടിയവരായി, അതിസന്തോഷംകൊണ്ടുണ്ടായ രോമാഞ്ചാവിർഭാവംനിമിത്തം മനോഹരങ്ങളായിരിക്കുന്ന ശരീരങ്ങളോടുകൂടിയവരായിട്ടു് വാക്കുകളെക്കൊണ്ടു് ആ മഹാലക്ഷ്മിയെ സ്തുതിച്ചു.

ശ്ലോ—ശക്രാദയഃ എന്നതിൽ മഹർഷിമാരും ഉൾപ്പെട്ടും. "മഹിഷാന്തകരീസൂക്തം ദൃഷ്ടം ദേവൈർമഹർഷിഭിഃ" എന്നു് തന്ത്രാന്തരത്തിൽ കാണുന്നതുകൊണ്ടു് 'മഹിഷാന്തകരീസൂക്തം' എന്നു പറയപ്പെടുന്ന ഈ നാലാമദ്ധ്യായത്തിലെ സ്തുതി, ദേവന്മാരും മഹർഷിമാരുംകൂടി വേദത്തിൽനിന്നും കണ്ടെടുത്തിട്ടുള്ളതാണു്.

തസ്മിൻ=മഹിഷാസുരൻ. താം=മഹാലക്ഷ്മിയെ.

പ്രണതിനമ്രശിരോധരാംസാഃ

പ്രണതിനമ്രങ്ങളായ, ശിരോധരങ്ങളോടും = കഴുത്തുകളോടും, അംസങ്ങളോടും = തോളുകളോടുംകൂടിയവർ. പുളകോൽഗമചാരുദേഹാഃ = പുളകോൽഗമംകൊണ്ടു് = രോമാഞ്ചാവിർഭാവംകൊണ്ടു്, ചാരുക്കളായ=കണ്ടകിതങ്ങളോ എന്നുതോന്നുംവണ്ണം മനോഹരങ്ങളായ, ദേഹാഃ=ശരീരങ്ങളോടുകൂടിയവർ.

ശാന്ത—ഋഷിരുവാച=സുമേധസ്സ് ഋഷി സുരഥനോടു പറഞ്ഞു.

* "തതഃ സുരഗണാഃ സർവേ ദേവ്യാ ഇന്ദ്രപുരോഗമാഃ
സ്തുതിമാരേഭിരേ കർത്തും നിഹതേ മഹിഷാസുരേ"

ചണ്ഡികാദേവിയാൽ യുദ്ധത്തിങ്കൽ മഹിഷാസുരൻ ഹതനായതിന്റെ ശേഷം ഇന്ദ്രൻ മുതലായ എല്ലാദേവഗണങ്ങളും ദേവിയുടെ സ്തുതിയെ ചെയ്യുന്നതിനു തുടങ്ങി—ദേവിയെ സ്തുതിക്കാനാരംഭിച്ചു.

ഇങ്ങനെ ഒരു ശ്ലോകംകൂടി ഈ അദ്ധ്യായത്തിന്റെ ആരംഭത്തിലുണ്ടു്. യുദ്ധത്തിൽ ചണ്ഡികാദേവിയാൽ ആ അതിപരാക്രമമുള്ള മഹിഷാസുരസൈന്യവും, ആ അതിവീര്യത്തോടുകൂടിയ ദുഷ്ടനായ മഹിഷാസുരനും കൊല്ലപ്പെട്ടപ്പോൾ, നമസ്കാരങ്ങൾകൊണ്ടു കുനിഞ്ഞ കഴുത്തുകളോടും തോളുകളോടും സന്തോഷംകൊണ്ടുണ്ടായ രോമാഞ്ചോൽഗമംനിമിത്തം മനോഹരങ്ങളായ ശരീരങ്ങളോടുംകൂടിയവരായ

* ഈ ശ്ലോകം ചതുർധരിയും സമ്മതിച്ചിട്ടുള്ളതാകുന്നു.

ഇന്ദ്രാദി ദേവഗണങ്ങൾ ആ മഹാലക്ഷ്മിയെ വാക്കുകൾകൊണ്ടു് സ്തുതിച്ചു.

വാഗ്ഭിഃ=നാലുവിധമുള്ള വാക്കുകളെക്കൊണ്ടു് 'ചതുഷ്ടയീശബ്ദാനാം പ്രവൃത്തിഃ' എന്നു ഭാഷ്യം. ശബ്ദങ്ങളുടെ പ്രവൃത്തി നാലുവിധം.

ജാതിശബ്ദങ്ങൾ, ഗുണശബ്ദങ്ങൾ, ക്രിയാശബ്ദങ്ങൾ, ദ്രവ്യശബ്ദങ്ങൾ ഇങ്ങനെ നാലുവിധം. വേറെ ചിലരുടെ അഭിപ്രായത്തിൽ ഈ നാലുവിധശബ്ദങ്ങൾക്കുപുറമേ യദൃച്ഛയാ പ്രയോഗിക്കപ്പെടുന്ന സംജ്ഞാശബ്ദം എന്നു് അഞ്ചാമതൊരുവിധംകൂടിയുണ്ടു്.

"വൈഖരീശബ്ദനിഷ്പത്തിർമദ്ധ്യമാ ശ്രുതിഗോചരാ
ദ്യോതിതാർത്ഥാ ച പശ്യന്തീ സൂക്ഷ്മാവാഗനപായിനീ"

എന്നീ നാലുവിധത്തിലാണെന്നു് വേറെ ചിലർ അഭിപ്രായപ്പെടുന്നു.

ശബ്ദത്തിന്റെ പരിപൂർണ്ണഭാവത്തെ അതായതു് ഘടം, പടം ഇത്യാദി അർത്ഥരൂപയായ വാക്കിനെ 'വൈഖരി, എന്നും, ചെവികൊണ്ടു കേൾക്കാവുന്ന ശബ്ദത്തെ 'മദ്ധ്യമാ' എന്നും, അർത്ഥത്തെ പ്രകാശിപ്പിക്കുന്ന ജ്ഞാനരൂപയായ വാക്കിനെ 'പശ്യന്തി' എന്നും, അനപായിനിയായി=ബ്രഹ്മരൂപയായി ഇരിക്കുന്ന വാക്കിനെ 'സൂക്ഷ്മാ' എന്നും പറയപ്പെടുന്നു.

നാഗേം—മൂന്നാമദ്ധ്യായത്തിന്റെ ഒടുവിലത്തെ ശ്ലോകത്തിൽ തുഷ്ടുവുസ്താം സുരാ ദേവീം, എന്നുപറഞ്ഞ ആ സ്തുതിയെയാണു് ഈ അദ്ധ്യായത്തിൽ പറയുന്നതു്.

ജഗ—ഋഷിരുവാച സ്വാഹാ— ൧
ശക്രാദയഃ... ചാരുദേഹാ സ്വാഹാ ൨

൨. ദേവ്യാ യയാ തതമിദം ജഗദാത്മശക്ത്യാ
നിശ്ശേഷദേവഗണശക്തിസമൂഹമൂർത്ത്യാ
താമംബികാമഖിലദേവമഹർഷിപൂജ്യാം
ഭക്ത്യാ നതാഃ സ്മ വിദധാതു ശുഭാനി സാ നഃ— ൨൨൦

നിശ്ശേഷദേവഗണശക്തി സമൂഹമൂർത്ത്യാ	=	സകല ദേവഗണങ്ങളുടേയും ശക്തിസമൂഹത്താൽ ഉണ്ടായ ശരീരത്തോടുകൂടിയ
യയാ ദേവ്യാ ആത്മശക്ത്യാ	=	യാതൊരുദേവിയാൽ സ്വശക്തികൊ
ഇദം ജഗൽ തതം	=	ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടുവോ(ണ്ടു്
അഖിലദേവമഹർഷിപൂജ്യാം	=	സകലദേവന്മാരാലും മഹർഷിമാരാലും പൂജിക്കപ്പെടുവാൻ യോഗ്യയായ
താം അംബികാം	=	ആ ചണ്ഡികാദേവിയെ

ഭക്ത്യാ നതാഃ സ്മഃ = ഭക്തിയോട്ടുകൂടി ഞങ്ങാം നമസ്കരിക്കുന്നു.
സാ നഃ = ആ ദേവി നമ്മാംക്ക്
ശുഭാനി വിദധാതു = മംഗളങ്ങളെ ചെയ്യട്ടെ.

സകലദേവഗണങ്ങളുടേയും ശക്തിസമൂഹത്താൽ ഉണ്ടായ ശരീരത്തോടുകൂടിയ യാതൊരുദേവി ആത്മശക്തികൊണ്ടു് ഈ ജഗത്തു മുഴുവൻ സൃഷ്ടിച്ചുവോ, സകലദേവന്മാരാലും സകലമഹഷിമാരാലും പൂജിക്കപ്പെട്ടുവാൻ യോഗ്യയായ ആ ചണ്ഡികാദേവിയെ ഞങ്ങാം ഭക്തിയോട്ടുകൂടി നമസ്കരിക്കുന്നു; ആ ദേവി ഞങ്ങാംക്കു മംഗളങ്ങളെ ചെയ്യട്ടെ. ൨

ചതു — ഇദം ജഗൽ=ഈ ബ്രഹ്മാണ്ഡം

യയാ തതം=യാതൊരുദേവിയാൽ വിസ്തരിക്കപ്പെട്ടതു്=സൃഷ്ടിക്കപ്പെട്ടതു്, അല്ലെങ്കിൽ യയാ/തതം=യയാ, ആതതം, എന്നു രണ്ടു പദം, ആതതം=അഭിവ്യാപ്തം=നല്ലവണ്ണം വ്യാപിക്കപ്പെട്ടതു്.

ആത്മശക്തി=തന്റെ ഉപാധിസ്വഭാവം—തന്റെ വൈഭവം. നിശ്ശേഷദേവഗണശക്തിസമൂഹമൂത്ത്യാ=സകല ദേവഗണങ്ങളുടെയും ശക്തിസമൂഹത്തിന്നായിട്ടു്— സാമർത്ഥ്യത്തെ വദ്ധിപ്പിക്കുന്നതിനായിട്ടു്—ഉള്ള മൂത്തിയോടു്=ശരീരത്തോടുകൂടിയവാം (ദേവഗണങ്ങാം മുൻപിൽക്കൂട്ടി ആത്തസ്വരങ്ങളോടുകൂടി പ്രാത്ഥിച്ചിട്ടു് ശക്തിസ്വരൂപിണിയായ ദേവി ആവിർഭവിച്ചു.) അല്ലെങ്കിൽ, സകല ദേവഗണങ്ങളുടേയും ശക്തിസമൂഹം=തേജോരാശി. അതുതന്നെ മൂത്തിയായി=ദേഹമായി ഉള്ളവാം.

ഭക്ത്യാ=സേവ്യസേവകഭാവേന=വണക്കത്തോടുകൂടി.

നതാഃ സ്മഃ=ഞങ്ങാം നമസ്കരിക്കുന്നു.

'സ്മ' എന്ന വിസഗ്ഗലോപപ്രയോഗം ആർഷമാണു്. 'സ്മഃ' എന്നതു് ഉത്തമപുരുഷബഹുവചനം='ഞങ്ങാം' എന്നു കത്താവു്.

നാഗോ— നിശ്ശേഷ.........സമൂഹമൂത്ത്യാ=അശേഷ ദേവഗണങ്ങളുടേയും ശക്തികളുടെ സമൂഹത്തിന്നായിക്കൊണ്ടു്=അഭിവൃദ്ധിക്കായിക്കൊണ്ടു്, ആ ശക്തിസമൂഹം=തേജോരാശിതന്നെ മൂത്തിയായി പരിണമിച്ചവാം.

ദംശോ—നിശ്ശേഷ.........സമൂഹമൂത്ത്യാ=അശേഷ ദേവഗണങ്ങളുടെ ശക്തിസമൂഹത്തിന്നായിക്കൊണ്ടു്=സാമത്ഥ്യപ്രകടനത്തിന്നായിക്കൊണ്ടുള്ള മൂത്തിയോട്ടുകൂടിയവാം.

ജഗ—ദേവ്യാ യയാ......ശുഭാനി സാ നഃ സ്വാഹാ ൩

ന. യസ്യാഃ പ്രഭാവമതുലം ഭഗവാനനന്തോ
ബ്രഹ്മാ ഹരശ്ച നഹി വക്തുമലം ബലം ച
സാ ചണ്ഡികാഖിലജഗൽപരിപാലനായ
നാശായ ചാശുഭഭയസ്യ മതിം കരോതു ൨൨൧

യസ്യാഃ	= യാതൊരു ദേവിയുടെ
അതുലംപ്രഭാവംബലംച	= അനുപമമായ മാഹാത്മ്യവും സാമൎത്ഥ്യവും
വക്തും	= മുഴുവനും വൎണ്ണിക്കുന്നതിന്
ബ്രഹ്മാ	= ബ്രഹ്മാവും
ഭഗവാൻ അനന്തഃ	= സൎവൈശ്വൎയ്യസമ്പന്നനായ വിഷ്ണുവും
ഹരഃ ച ന അലം ഹി	= പരമേശ്വരനും മതിയാകുകയില്ല,പ്രസിദ്ധം
സാ ചണ്ഡിക	= ആ ചണ്ഡികാദേവി
അഖിലജഗൽപരിപാലനായ	= സകലജഗത്തിനേയും നല്ലവണ്ണം രക്ഷിക്കുന്നതിനും
അശുഭഭയസ്യ	= അശുഭങ്ങളിൽനിന്നുണ്ടാകുന്ന ഭയത്തിന്റെ
നാശായ മതിം കരോതു	= നാശത്തിനും ബുദ്ധിയെ ചെയ്യട്ടെ.

യാതൊരു ദേവിയുടെ നിസ്തുല്യമായ മാഹാത്മ്യവും സാമൎത്ഥ്യവും മുഴുവനും വൎണ്ണിക്കുന്നതിന് ബ്രഹ്മാവും സൎവൈശ്വൎയ്യസമ്പന്നനായ വിഷ്ണുവും പരമേശ്വരനും മതിയാകുകയില്ല എന്നുള്ളതു് പ്രസിദ്ധമാകുന്നു. ആ ചണ്ഡികാദേവി സകല പ്രപഞ്ചത്തേയും പരിപാലിക്കുന്നതിനായും, അശുഭങ്ങളിൽ നിന്നുണ്ടാകുന്ന ഭയത്തിന്റെ നാശത്തിനായും മനസ്സുവയ്ക്കട്ടെ.

ചതു—പ്രഭാവം=ശ്രേഷ്ഠസ്വഭാവം, അതുലം=അനന്യസാധാരണം. നഹ്യലം=സമൎത്ഥന്മാരായി ഭവിക്കുന്നില്ലാ. അശുഭഭയം=അമംഗളങ്ങളിൽനിന്നുണ്ടാകുന്ന ഭയം—ഭാവിദുഃഖത്തെ പ്രകടിപ്പിക്കുന്ന അസുഖം അല്ലെങ്കിൽ അശുഭന്മാർ=ദൈത്യന്മാർ, അവരിൽ നിന്നുള്ള ഭയം.

ശാന്ത—യാതൊരുദേവിയുടെ അനുപമമായ മാഹാത്മ്യവും സാമൎത്ഥ്യവും മുഴുവനും പറയുന്നതിന് ചതുൎമ്മുഖനായ ബ്രഹ്മാവും, സൎവൈശ്വൎയ്യസമ്പന്നനായ വിഷ്ണുവും, പരമേശ്വരനും സമൎത്ഥന്മാരാവുകയില്ല നിശ്ചയം. ആ ചണ്ഡികാദേവി സകലജഗത്തിനേയും പരിപാലിക്കുന്നതിനായിട്ടും, അമംഗളങ്ങളിൽനിന്നുണ്ടാകുന്ന ഭയത്തെ നശിപ്പിക്കുന്നതിനായിട്ടും മനസ്സുവയ്ക്കട്ടെ—ശ്രദ്ധവയ്ക്കട്ടെ.

"നാശായ ചാശുഭഭവസ്യ" എന്നു പാഠഭേദം.

അശുഭോദയത്തിന്റെ നാശത്തിനായിട്ടു് എന്നൎത്ഥം.

നാഗോ—പ്രഭാവം = തേജസ്സ്, ബലം = ശരീരത്തെ സംബന്ധിച്ച ബലം.

അനന്തൻ = ആയിരം മുഖമുള്ളവൻ.

ബ്രഹ്മാ = സകലജഗൽസ്രഷ്ടാവു്. ഹരൻ = സകലശക്തികളോടും കൂടിയവൻ.

"നാശായ ചാസുരഭയസ്യ" എന്നു പാഠഭേദം

'അസുരന്മാരിൽനിന്നുള്ള ഭയത്തിന്റെ നാശത്തിനായിട്ടു്', എന്നൎത്ഥം.

ഭംശോ—അശുഭഭയം = അമംഗളത്തോടുകൂടിയ ഭയം.

ജഗ—യസ്യാഃ പ്രഭാവ......കരോതു സ്വാഹാ ൪

൪. യാ ശ്രീഃ സ്വയം സുകൃതിനാം ഭവനേഷ്വലക്ഷ്മീഃ
പാപാത്മനാം കൃതധിയാം ഹൃദയേഷു ബുദ്ധിഃ
ശ്രദ്ധാ സതാം കുലജനപ്രഭവസ്യ ലജ്ജാ
താം ത്വാം നതാഃ സ്മ പരിപാലയ ദേവി വിശ്വം ൨൨൨

യാ	= യാതൊരുദേവി
സ്വയം	= സ്വയമേവ
സുകൃതിനാം	= പുണ്യവാന്മാരുടെ
ഭവനേഷു ശ്രീഃ	= ഗൃഹങ്ങളിൽ സമ്പത്തായും
പാപാത്മനാം	= പാപികളുടെ ഗൃഹങ്ങളിൽ
അലക്ഷ്മീഃ	= അശ്രീയായും,
കൃതധിയാം ഹൃദയേഷു	= വിദ്വാന്മാരുടെ ഹൃദയങ്ങളിൽ
ബുദ്ധിഃ	= ബുദ്ധിയായും,
സതാം	= സത്തുക്കളുടെഹൃദയങ്ങളിൽ
ശ്രദ്ധാ	= സൽക്കൎമ്മനിഷ്ഠയായും
കുലജനപ്രഭവസ്യ	= സൽക്കുലത്തിൽജനിച്ചവരുടെ ഹൃദയങ്ങളിൽ
ലജ്ജാ	= ലജ്ജയായും ഭവിക്കുന്നുവോ?
താം ത്വാം	= ആ നിന്തിരുവടിയെ
നതാഃ സ്മഃ	= ഞങ്ങൾ നമസ്കരിക്കുന്നവരായി ഭവിക്കുന്നു.
ദേവി!	= അല്ലയോദേവി!
വിശ്വം പരിപാലയ	= ലോകത്തെ രക്ഷിച്ചാലും.

യാതൊരുദേവി സ്വയമേ പുണ്യവാന്മാരുടെ ഭവനങ്ങളിൽ ശ്രീയായും, പാപികളുടെ ഭവനങ്ങളിൽ അലക്ഷ്മിയായും, വിദ്വാന്മാരുടെ ഹൃദയങ്ങളിൽ ബുദ്ധിയായും, സത്തുക്കളുടെ ഹൃദയങ്ങളിൽ ആസ്തിക്യബുദ്ധിയായും, സൽകുലജാതന്മാരുടെ ഹൃദയങ്ങളിൽ ലജ്ജയായും ഭവിക്കുന്നുവോ ആ നിന്തിരുവടിയെ ഞങ്ങൾ നമസ്കരിക്കുന്നു.

അല്ലയോ ദേവി! നിന്തിരുവടി ഈ ജഗത്തിനെ നല്ലവണ്ണം രക്ഷി ച്ചാലും.

ശ്ലോ—കൃതധീകം = പണ്ഡിതോത്തമന്മാർ

കുലജനപ്രഭവം = ഉത്തമകുലത്തിൽ ജനിച്ച കുലസ്ത്രീകളുടെ സമൂഹം 'സ്യ' എന്ന വിസർഗ്ഗലോപം.

ചതു—പുണ്യശീലന്മാരുടെ ഗൃഹങ്ങളിൽ പൂർവ്വരൂപത്തെ വിട്ടിട്ടു്, സമ്പത്തായും, അതുപോലെ പാപികളുടെ ഗൃഹങ്ങളിൽ അല ക്ഷ്മിയായും, അതുപോലെ അഭ്യാസംകൊണ്ടു സംസ്കരിക്കപ്പെട്ട അന്തഃ കരണങ്ങളോടുകൂടിയ വിദ്വാന്മാരുടെ ഹൃദയങ്ങളിൽ നിശ്ചയാത്മക മായ അന്തഃകരണവൃത്തിവിശേഷമായും, അതുപോലെ സദാചാര ത്തോടുകൂടിയ ആസ്തികന്മാരുടെ (ഈശ്വരനുണ്ടെന്നുള്ള വിശ്വാസ ത്തോടുകൂടിയവരുടെ) ഹൃദയങ്ങളിൽ വേദത്താൽ വിധിക്കപ്പെടുന്നതു് യഥാർത്ഥമാണെന്നുള്ള നിശ്ചയബുദ്ധിയായും, ശുദ്ധകുലജാതന്മാരുടെ ഹൃദയങ്ങളിൽ അകാര്യങ്ങളെ ചെയ്യാതിരിക്കുന്നതിനുള്ള അന്തഃകരണ വൃത്തിയായും ഉള്ള ദേവിയെ ഞങ്ങൾ നമസ്കരിക്കുന്നു.

ശാന്ത—അല്ലയോ ദേവി! പുണ്യവാന്മാരുടെ ഗൃഹങ്ങളിൽ യാതൊരു ലക്ഷ്മി മുൻപിൽ ഉണ്ടായിട്ടുണ്ടോ? ഇപ്പോൾ ഉണ്ടാകു ന്നുവോ? മേൽ ഉണ്ടാകുമോ? ആ ലക്ഷ്മീസ്വരൂപിണിയായ നിന്തിരു വടിയെ ഞങ്ങൾ നമസ്കരിക്കുന്നു. അതുഹേതുവായിട്ടു് സുകൃതാത്മക മായിരിക്കുന്ന ഈ വിശ്വത്തെ നിന്തിരുവടി ലക്ഷ്മിയായിട്ടു് പരിപാ ലിച്ചാലും. അല്ലയോ ദേവി! പാപികളുടെ ഭവനങ്ങളിൽ യാതൊരു അശ്രീ മുൻപിൽ ഉണ്ടായിട്ടുണ്ടോ? ഇപ്പോൾ ഉണ്ടാകുന്നുവോ? മേൽ ഉണ്ടാകുമോ? ആ അശ്രീസ്വരൂപിണിയായ നിന്തിരുവടിയെ ഞങ്ങൾ നമസ്കരിക്കുന്നു. അതിനാൽ പാപാത്മകമായ ഈ ലോകത്തെ നിന്തിരുവടി അശ്രീയായിട്ടു് രക്ഷിച്ചാലും. അല്ലയോ ദേവി! ശാസ്ത്ര ജനിതമായ ബുദ്ധിവിശേഷത്തോടുകൂടിയ ജ്ഞാനികളുടെ ഹൃദയങ്ങ ളിൽ യാതൊരുബുദ്ധി മുൻപിൽ ഉണ്ടായിട്ടുണ്ടോ? ഇപ്പോൾ ഉണ്ടാകു ന്നുവോ? മേൽ ഉണ്ടാകുമോ? ആ ബുദ്ധിസ്വരൂപിണിയായ നിന്തിരു വടിയെ ഞങ്ങൾ നമസ്കരിക്കുന്നു. അതുകൊണ്ടു് അദ്ധ്യാത്മകമായി ചെയ്യപ്പെട്ട ഈ വിശ്വത്തെ നിന്തിരുവടി ബുദ്ധിരൂപിണിയായി രക്ഷി ച്ചാലും. അല്ലയോ ദേവി! സജ്ജനങ്ങളുടെ ഹൃദയങ്ങളിൽ യാതൊരു സൽകർമ്മനിഷ്ഠ മുൻപിൽ ഉണ്ടായിട്ടുണ്ടോ? ഇപ്പോൾ ഉണ്ടാകുന്നുവോ? മേൽ ഉണ്ടാകുമോ? ആ സൽകർമ്മനിഷ്ഠാസ്വരൂപിണിയായ നിന്തിരു വടിയെ ഞങ്ങൾ നമസ്കരിക്കുന്നു. അതു നിമിത്തം സദാത്മകമായ ഈ വിശ്വത്തെ നിന്തിരുവടി ശ്രദ്ധാരൂപിണിയായിട്ടു് രക്ഷിച്ചാലും.

അല്ലയോദേവി! കുലീനന്മാരായ സജ്ജനങ്ങളുടെ ഹൃദയത്തിൽ യാതൊരു ലജ്ജ മുൻപിൽ ഉണ്ടായിട്ടുണ്ടോ? ഇപ്പോൾ ഉണ്ടാകുന്നുവോ? മേൽ ഉണ്ടാകുമോ? ആ ലജ്ജാസ്വരൂപിണിയായ നിന്തിരുവടിയെ ഞങ്ങൾ നമസ്കരിക്കുന്നു. അതുഹേതുവായിട്ട് സകലാചാരങ്ങളേയും രക്ഷിക്കുന്നതിന് സൽകുലജനപ്രഭവാത്മകമായ ലോകത്തെ നിന്തിരുവടി ലജ്ജാസ്വരൂപിണിയായി രക്ഷിച്ചാലും.

സ്വയം = (അവ്യയം) (ക്രിയാവിശേഷണം) സുഷ്ടുവായിരിക്കുന്ന അയത്തോടു = ശുഭാവഹവിധിയോടുകൂടുംവണ്ണം.

നാഗോ—കൃതധികൾ = നിർമ്മലാന്തഃകരണത്തോടുകൂടിയവർ

ഹൃദയേ സുബുദ്ധിഃ = സുബുദ്ധി എന്ന പദം = സ്വർഗ്ഗാപവർഗ്ഗ സാധനമായ ജ്ഞാനം.

ശ്രദ്ധാ = ആസ്തിക്യബുദ്ധി.

ജഗ—യാ ശ്രീ സ്വയം......ദേവി വിശ്വം സ്വാഹാ— ൫

൬. കിം വർണ്ണയാമ തവ രൂപമചിന്ത്യമേതൽ
കിം ചാതിവീര്യമസുരക്ഷയകാരി ഭൂരി
കിം ചാഹവേഷു ചരിതാനി തവാതി യാനി
സർവ്വേഷു ദേവ്യസുരദേവഗണാദികേഷു — ൨൨൩

ദേവി!	= അല്ലയോ ദേവി!
സർവ്വേഷു അസുരദേവഗണാദികേഷു	= സകല അസുരദേവഗണങ്ങളിലും
അചിന്ത്യം	= വിചാരിക്കുവാൻ പാടില്ലാത്തതായ
തവ ഏതൽ രൂപം	= നിന്തിരുവടിയുടെ ഈ രൂപത്തെ
കിം വർണ്ണയാമഃ	= ഞങ്ങൾ എങ്ങനെ വർണ്ണിക്കുന്നു
ഭൂരി അസുരക്ഷയകാരി	= ഏററവും അസുരനാശം ചെയ്യുന്ന
അതിവീര്യം ച	= അത്യുൽകൃഷ്ട പരാക്രമത്തേയും
കിം	= ഞങ്ങൾ എങ്ങനെ വർണ്ണിക്കുന്നു
ആഹവേഷു	= യുദ്ധങ്ങളിൽ
യാനി	= യാവ ചില
അതി ചരിതാനി	= അത്യുൽകൃഷ്ടങ്ങളായ വീരകർമ്മങ്ങളുണ്ടോ?
താനി കിം	= അവയേയും ഞങ്ങൾ എങ്ങനെ വർണ്ണിക്കുന്നു?

അല്ലയോ ദേവി! സകല അസുരദേവഗണാദികളിലുമുള്ള വിചാരിക്കുവാൻ പാടില്ലാത്തതായ നിന്തിരുവടിയുടെ ഈ രൂപത്തേയും, അധികമായി അസുരനാശത്തെ ചെയ്യുന്ന നിന്തിരുവടിയുടെ ഉൽകൃഷ്ടപരാക്രമത്തേയും, യുദ്ധങ്ങളിൽ നിന്തിരുവടിയുടെ അത്യുൽകൃഷ്ടങ്ങളായ വീരകർമ്മങ്ങളേയും ഞങ്ങൾ എങ്ങനെ വർണ്ണിക്കുന്നു?

ഗുപ്ത—നിന്തിരുവടിയുടെ രൂപവീര്യചരിതങ്ങൾ വാചാമഗോചരങ്ങളാണെന്ന താല്പര്യം.

ചതു—ഈ ശ്ലോകം സ്തുതിപരമാകുന്നു. "അല്ലയോ ദേവി! വാസ്തവത്തിൽ നിന്തിരുവടി അനിർവാച്യതന്നെ" എന്നു പറയുന്നു. അചിന്ത്യം=സർവോൽകൃഷ്ടത്വം ഹേതുവാൽ നിരൂപിക്കുവാൻ പാടില്ലാത്തതു് ഏതൽ= പ്രസിദ്ധമായ, അതിവീര്യം=അനന്യസാധാരണമായ സാമർത്ഥ്യം.

തവഅതിചരിതാനി=നിന്തിരുവടിയുടെ അനന്യസമാനങ്ങളായ ചേഷ്ടിതങ്ങൾ.

'അചിന്ത്യം' എന്ന പദം രൂപത്തിനും വീര്യത്തിനും ചരിതത്തിനും വിശേഷണമാകുന്നു.

ശാന്ത—അല്ലയോ ദേവി! എല്ലാ അസുരന്മാരുടേയും ഗണങ്ങളിലും മനുഷ്യരിലും നിന്തിരുവടിയുടെ അത്ഭുതമായ രൂപം മനസ്സുകൊണ്ടു സ്മരിക്കുവാൻകൂടി അശക്യമായിട്ടുള്ളതാകുന്നു. അപ്രകാരമുള്ള നിന്തിരുവടിയുടെ ഈ മനോഹരരൂപത്തെ ഞങ്ങൾ വാക്കുകൊണ്ടു് എങ്ങനെ വർണ്ണിക്കുന്നു? അല്ലയോ ദേവി! നിന്തിരുവടിയുടെ അധികമായി അസുരനാശത്തെച്ചെയ്യുന്ന അതിവീര്യവും വാക്കുകൊണ്ടു് എങ്ങനെ വർണ്ണിക്കുന്നു? എന്തുകൊണ്ടെന്നാൽ അതു് മനസ്സുകൊണ്ടുകൂടി അചിന്ത്യമായിട്ടുള്ളതാണല്ലോ. അല്ലയോദേവി! എല്ലാ അസുരദേവഗണാദികളേയും സംബന്ധിച്ച യുദ്ധങ്ങളിൽ നിന്തിരുവടിയുടെ അത്ഭുതചരിത്രങ്ങളെയും ഞങ്ങൾ വാക്കുകൊണ്ടു് എങ്ങനെ വർണ്ണിക്കുന്നു? ആ ചരിത്രങ്ങൾ മനസ്സുകൊണ്ടു് വിചാരിക്കുന്നതിനുപോലും അശക്യങ്ങളാകുന്നു.

നാഗോ—ഈ അദ്ധ്യായത്തിലെ സ്തുതി മുഴുവൻകൊണ്ടും 'ശ്രീദേവി അനിർവാച്യതന്നേയാകുന്നു' എന്നു പറയുന്നു.

ദംശോ—"ആഹവേഷു ചരിതാനി" എന്നതിനു് "ആഹവേ, സുചരിതാനി" എന്നു പാഠഭേദം. സുചരിതങ്ങൾ=എല്ലാ അസുരദേവഗണാദികളിലും അതിശയേന വർത്തിക്കുന്ന ചരിതങ്ങൾ.

"കിം ചാഹവേഷു ചരിതാനി തവാത്ഭുതാനി" എന്നു പാഠഭേദം.

ജഗ—കിം വർണ്ണയാമ . . ...ഗണാദികേഷു സ്വാഹാ— ന്യ

ന്യ. ഹേതുഃ സമസ്തജഗതാം ത്രിഗുണാപി ദോഷൈർ-
ന ജ്ഞായസേ ഹരിഹരാദിഭിരപ്യപാരാ
സർവാശ്രയാഖിലമിദം ജഗദംശഭൂത-
മവ്യാകൃതാ ഹി പരമാ പ്രകൃതിസ്ത്വമാദ്യാ— ൨൨൪

സമസ്തജഗതാം = എല്ലാജഗത്തുക്കൾക്കും
ഹേതുഃ = (നിന്തിരുവടി) മൂലകാരണമാകുന്നു.

ത്രിഗുണാ അപി = (നിന്തിരുവടി) സത്വരജസ്തമോഗുണങ്ങളോടുകൂടിയവളാണെങ്കിലും.
ദോഷൈഃ ന ജ്ഞായസേ = രാഗാദികളാൽ വിഷയീകരിക്കപ്പെടുന്നി
ഹരിഹരാദിഭിഃ അപി = വിഷ്ണുരുദ്രാദികളാൽപ്പോലും (ല്ലാ
അപാരാ = അറിയപ്പെട്ടാത്തവളാകുന്നു.
സർവാശ്രയാ = നിന്തിരുവടി സർവ്വത്തിനും ആശ്രയമായിട്ടുള്ളവളാകുന്നു
ഇദം അഖിലം ജഗൽ = ഈ ജഗത്തു മുഴുവനും
അംശഭൂതം = നിന്തിരുവടിയുടെ അംശമായ് ഭവിച്ചതാണ്.
ത്വം അവ്യാകൃതാ = നിന്തിരുവടി വികാരരഹിതയാകുന്നു
ഹി = എന്തുകൊണ്ടെന്നാൽ
പരമാ = പരമാത്മാവിന്നു ജീവഭാവത്തെ ഉണ്ടാക്കുന്ന
ആദ്യാ പ്രകൃതിഃ = ആദ്യയായപ്രകൃതി(നിന്തിരുവടി)യാകുന്നു

നിന്തിരുവടി സത്വരജസ്തമോഗുണങ്ങളോടുകൂടിയവളാണെങ്കിലും സകല ജഗത്തുക്കൾക്കും മൂലകാരണമാകുന്നു. എങ്കിലും രാഗാദിദോഷങ്ങളാൽ വിഷയീകരിക്കപ്പെടുന്നില്ല. നിന്തിരുവടി വിഷ്ണുരുദ്രാദികളാലും അറിയപ്പെടാത്തവളാകുന്നു. സർവ്വത്തിനും ആശ്രയമായിട്ടുള്ളവളാണ്. ഈ സമസ്തജഗത്തും നിന്തിരുവടിയുടെ അംശമായ് ഭവിച്ചതാകുന്നു. എങ്കിലും നിന്തിരുവടി ആറുവിധവികാരങ്ങളോടു കൂടാത്തവളാണ്; എന്തുകൊണ്ടെന്നാൽ ആത്മാവിന്നു ജീവഭാവത്തെ ഉണ്ടാക്കുന്ന മൂലപ്രകൃതി നിന്തിരുവടിയാകുന്നു.

ഇഷ്ട—ദോഷൈഃ=ബുദ്ധിമാന്ദ്യാദികൾ

അംശഭൂതം എന്ന ദിക്കിൽ 'നിന്തിരുവടിയുടെ' എന്നുകൂടി ചേർത്തുകൊള്ളണം. അംശഭൂതം=ഈ ജഗത്തു മുഴുവനും നിന്തിരുവടിയുടെ അംശമാകുന്നു.

"പാദോസ്യ വിശ്വാ ഭൂതാനി" എന്നു ശ്രുതി.

അവ്യാകൃതാ=നാമരൂപങ്ങളെ നിർമ്മിക്കുന്നതിനു മുമ്പുള്ളവൾ. അതുകൊണ്ടു തന്നെയാകുന്നു 'ആദ്യാ' എന്നു പറഞ്ഞിരിക്കുന്നതു്.

ചതു—മൂലപ്രകൃതിയും നിന്തിരുവടിതന്നെയാണെന്നു പറയുന്നു. നിന്തിരുവടി സകലജഗത്തുക്കൾക്കും മൂലകാരണമാണ്. സത്വരജസ്തമോമയിയായിരുന്നിട്ടും രാഗാദിദോഷങ്ങളാൽ വിഷയീകരിക്കപ്പെടുന്നില്ല. ഹരിഹരാദികളാൽപോലും അറിയപ്പെടുന്നവളുമല്ല. നിന്തിരുവടി വിഷ്ണുരുദ്രാദിനാമരൂപങ്ങൾക്കെല്ലാം ആശ്രയഭൂതയാ

കുന്നു. ഈ ബ്രഹ്മാണ്ഡം മുഴുവനും അവിടുത്തെ ഏകദേശത്തെ ആശ്രയിച്ചിരിക്കുന്നതാണു്. നിന്തിരുവടി അനന്തബ്രഹ്മാണ്ഡനായികയാണു്. ഈ ജഗത്തു മുഴുവനും നിന്തിരുവടിയുടെ അംശമായി ഭവിച്ചതാണെങ്കിലും അവിടുന്നു് ഷഡ്വിധവികാരത്തോടുകൂടാത്തവളാകുന്നു. എന്തുകൊണ്ടെന്നാൽ നിന്തിരുവടി പരമാത്മാവിനേയുംകൂടി ജീവഭാവേന പരിച്ഛേദിക്കുന്ന ആദ്യയായ മൂലപ്രകൃതിയാകുന്നു. പരമാത്മാവു് പ്രകൃതിധർമ്മത്തിൻെറ അധ്യാസംനിമിത്തം ജീവഭാവേന നിശ്ചയിക്കപ്പെടുന്നു.

അവ്യാകൃതാ = ഷഡ്വിധവികാരത്തോടുകൂടാത്തവൾ.

"ഭൂമിരാപോഽനലോ വായുഃ ഖം മനോബുദ്ധിരേവ ച
അഹങ്കാര ഇതീയം മേ ഭിന്നാ പ്രകൃതിരഷ്ടധാ"
(എന്നു് ഭഗവൽഗീത)

ശാന്ത—അല്ലയോ ദേവി! നിന്തിരുവടി സത്വരജസ്തമോഗുണങ്ങളോടുകൂടിയവളാകുന്നു—സത്വഗുണയായിരിക്കുന്ന നിന്തിരുവടി വൈഷ്ണവീശക്തിയായിട്ടു് ജഗത്തിനെ രക്ഷിക്കുന്നു; രജോഗുണയായ നിന്തിരുവടി ബ്രാഹ്മീശക്തിയായിട്ടു് ജഗത്തിനെ സൃഷ്ടിക്കുന്നു; തമോഗുണയായ നിന്തിരുവടി മാഹേശ്വരീശക്തിയായിട്ടു് ജഗത്തിനെ സംഹരിക്കുന്നു; അതുഹേതുവായിട്ടുതന്നെയാണു് നിന്തിരുവടി സമസ്തജഗത്തുക്കളുടേയും കാരണമായി ഭവിക്കുന്നതു്. സൃഷ്ടിക്കേണ്ടവയും, സംരക്ഷിക്കേണ്ടവയും സംഹരിക്കേണ്ടവയുംആയ വിവിധങ്ങളായ സ്വർഗ്ഗം ഭൂമി പാതാളം എന്ന പേരോടുകൂടിയ ജഗത്തുക്കൾക്കെല്ലാം ഹേതു, നിന്തിരുവടിയാണു്.

ഹേദേവി! നിന്തിരുവടിയുടെ മായാരൂപത്വം ഹേതുവായിട്ടു് നിന്തിരുവടിയെ ഹരിഹരാദികളായ ദേവന്മാർപോലും യഥാർത്ഥമായി ട്ടറിയുന്നില്ല.

അല്ലയോ ദേവി! നിന്തിരുവടി അവധിയില്ലാത്തവളും അന്തമില്ലാത്തവളും ആകുന്നു.

അല്ലയോ ദേവി! നിന്തിരുവടി സർവ്വത്തിനും ആശ്രയമായിട്ടുള്ളവളാകുന്നു.

അല്ലയോ ദേവി! ഈ ജഗത്തുമുഴുവനും മായാമയമാകകൊണ്ടു് നിന്തിരുവടിയുടെതന്നെ അംശമായ് ഭവിച്ചതാകുന്നു.

അവ്യാകൃതാ = അല്ലയോദേവി! നിന്തിരുവടി ഒരുവനാലും പദംകൊണ്ടോ വാക്യംകൊണ്ടോ വിവരിക്കപ്പെടാവുന്നവളല്ല. ("യതോ വാചോ നിവർത്തന്തേ അപ്രാപ്യമനസാ സഹ"]എന്നശ്രുതി)—നിന്തിരുവടി വിദ്യാമയിയാകയാൽ പരബ്രഹ്മതത്വംതന്നെ—എന്നു

താല്പര്യം. അല്ലെങ്കിൽ, നിന്തിരുവടി യാതൊന്നിനാലും പ്രകാശിപ്പിക്കപ്പെടാത്തവളാകുന്നു. ബ്രഹ്മസ്വരൂപം പരപ്രകാശത്വത്തോടുകൂടാത്തതും, സ്വയംപ്രകാശത്തോടുകൂടിയതും ആകകൊണ്ടു് നിന്തിരുവടി യാതൊന്നിനാലും പ്രകാശിപ്പിക്കപ്പെടുന്നില്ല. നിന്തിരുവടി സ്വയംപ്രകാശമാനയായി അനതിശയാനന്ദചിദ്രൂപമായിരിക്കുന്ന പരബ്രഹ്മതത്വംതന്നെ എന്നു താല്പര്യം.

അല്ലെങ്കിൽ, നിന്തിരുവടി യാതൊരുവനാലും ഹിംസിക്കപ്പെടാത്തവളും നിന്തിരുവടിതന്നെ യുദ്ധത്തിൽ ശത്രുക്കളെ ഹിംസിക്കുന്നവളും ആകുന്നു.

അവ്യാകൃതാഹിപരമാ=യാതൊന്നു ഹേതുവായിട്ടു് അല്ലയോ ദേവി! നിന്തിരുവടി, പരയായ് = ഉൽകൃഷ്ടയായിരിക്കുന്ന മാ = ലക്ഷ്മിയായ് ഭവിക്കുന്നുവോ അതുഹേതുവായിട്ടു് അവ്യാകൃതയായി = അൻ = വിഷ്ണു അദ്ദേഹത്താൽ വ്യാകൃതാ = വക്ഷസ്സിൽ സ്ഥാപിക്കപ്പെട്ടവൾ (അല്ലെങ്കിൽ) ലോകങ്ങളിൽ സ്ഥാപിക്കപ്പെട്ടവൾ. അല്ലെങ്കിൽ, അല്ലയോ ദേവി! യാതൊന്നുഹേതുവായിട്ടു് നിന്തിരുവടിയുടെ സമസ്തരോമകൂപങ്ങളിലും സൂര്യഭഗവാൻ രശ്മികളെ ദാനംചെയ്തു? അതുഹേതുവായിട്ടു് നിന്തിരുവടി അവ്യാകൃതയായി =അവിയാൽ = സൂര്യനാൽ. ആ = ചുററും. കൃതയായ് = തേജസ്സുകളെക്കൊണ്ടു നിർമ്മിതയായി ഭവിക്കുന്നുവോ, അതുനിമിത്തം നിന്തിരുവടി പരയായ് = ശ്രേഷ്ഠയായിരിക്കുന്ന മാ = തേജോലക്ഷ്മിയായ് ഭവിക്കുന്നു. "അവയഃ ശൈലമേഷാർക്കാഃ" എന്നഭിധാനം.

അവ്യാകൃതാ ഹി പരമാ പ്രകൃതിസ്ത്വമാദ്യാ = അല്ലയോ ദേവി! യാതൊന്നു ഹേതുവായിട്ടു് നിന്തിരുവടി ജഗത്തുക്കൾക്കു് മൂലഭൂതയായ് ഭവിക്കുന്നുവോ അതു ഹേതുവായിട്ടു്, സൃഷ്ടിക്കു് മുൻപു് അവ്യാകൃതയായി = ത്രിഗുണങ്ങളില്ലാത്തതുകൊണ്ടു് ഭേദഭാവത്തോടുകൂടാത്തവളായി, സാംഖ്യമതപ്രസിദ്ധയായിരിക്കുന്ന 'പ്രധാനം' എന്നു പറയുന്ന പരമപ്രകൃതിയായി ഭവിക്കുന്നു.

ഈ ദേവിയെ, വേദാന്തികൾ അനിർവചനീയയായ ആത്മമായയെന്നും, അനാദിയായ അവിദ്യയെന്നും, ശാബ്ദികന്മാർ ശബ്ദശക്തിയെന്നും, താന്ത്രികന്മാർ കർമ്മങ്ങളുടെ അപൂർവോൽപാദനസാമർത്ഥ്യലക്ഷണയായ ഫലഗതിയെന്നും, ശൈവന്മാർ ശിവശക്തിയെന്നും, വൈഷ്ണവന്മാർ വിഷ്ണുമായയെന്നും, ശാക്തന്മാർ മഹാമായയെന്നും, അനാദിയായ ആദിശക്തിയെന്നും, പറയുന്നു. പൗരാണികന്മാരാകട്ടെ ദേവിയെന്നു പറയുന്നു.

നാഗോ — നിന്തിരുവടിക്കു് രാഗാദികൾ ഇല്ലാത്തതുകൊണ്ടു്, നിന്തിരുവടി ദോഷവിശിഷ്ടയാണെന്നു് ആരാലും അറിയപ്പെടുന്നില്ല.

എന്നാൽ പരിഛിന്നതകൊണ്ടു് സവ്ഹേതുത്വം ഇല്ലാ—എന്നു്പറയുകയാണെങ്കിൽ നിന്തിരുവടി പൂൎണ്ണയാകകൊണ്ടു് വിഷ്ണുരുദ്രാദികളാൽപോലും അറിയപ്പെടാത്തവളാകുന്നു. എന്തുകൊണ്ടെന്നാൽ നിന്തിരുവടി സവ്വത്തിനും ആശ്രയമായിട്ടുള്ളവളാണു്. കാൎയ്യം കാരണത്തെ ആശ്രയിക്കുന്നു. ജഗത്തു് കാൎയ്യം, നിന്തിരുവടി കാരണം. നിന്തിരുവടി സവ്ബ്രഹ്മാണ്ഡപരിപൂൎണ്ണയും, സവ്സമഷ്ടിയായിരിക്കുന്ന ബ്രഹ്മം നിന്തിരുവടിയുടെ അംശവുമാകകൊണ്ടു് ഈ ജഗത്തും ആവിട്ടത്തെ ഏകദേശാംശമായ് ഭവിച്ചതാകുന്നു. അങ്ങനെയാണെങ്കിൽ വികാരമുണ്ടാകണമല്ലോ"— എന്നചോദ്യത്തിനു്—ആത്മാവിനുംകൂടി ജീവഭാവത്തെപ്രാപിപ്പിക്കുന്ന മൂലപ്രകൃതിയായ സത്വരജസ്തമോഗുണസാമ്യാവസ്ഥാരൂപിണിയും നിന്തിരുവടിതന്നെയാകുന്നു.
ഠംശോ—പരമാപ്രകൃതിഃ=ആവരണശക്തി.

ജഗ—ഹേതുഃ സമസ്ത......പ്രകൃതിസ്ത്വമാദ്യാ സ്വാഹാ ൧

൧, യസ്യാഃ സമസ്തസുരതാ സമുദീരണേന
തൃപ്തിം പ്രയാതി സകലേഷു മഖേഷു ദേവി!
സ്വാഹാസി വൈ പിതൃഗണസ്യ ച തൃപ്തിഹേതു-
രുച്ചാൎയ്യസേത്വമത ഏവ ജനൈഃ സ്വധാ ച ൮.൨൭

ദേവി!	= അല്ലയോ ദേവി!
യസ്യാഃ സമുദീരണേന	= യാതൊരു സ്വാഹയുടെ ഉച്ചാരണംകൊണ്ടു്
സകലേഷു മഖേഷു	= സകല യജ്ഞങ്ങളിലും
സമസ്തസുരതാ	= എല്ലാ ദേവസമൂഹവും
തൃപ്തിം പ്രയാതി	= തൃപ്തിയെ പ്രാപിക്കുന്നു
വൈ സ്വാഹാ ച അസി	= പ്രസിദ്ധപ്പെട്ട ആ സ്വാഹാ (നിന്തിരുവടി ആകുന്നു.)
പിതൃഗണസ്യ	= പിതൃക്കളുടെ കൂട്ടത്തിനു്
തൃപ്തിഹേതുഃ ത്വം	= തൃപ്തിക്കു കാരണവും നിന്തിരുവടി തന്നെ
അത ഏവ ജനൈഃ	= അതു ഹേതുവായിട്ടു തന്നെ ജനങ്ങളാൽ
സ്വധാ ച ഉച്ചാൎയ്യസേ	= സ്വധാ എന്നു് നിന്തിരുവടി ഉച്ചരിക്കപ്പെടുന്നു.

അല്ലയോ ദേവി! യാതൊരു സ്വാഹയുടെ സമ്യക്കാകുംവണ്ണമുള്ള ഉച്ചാരണംകൊണ്ടു് സകലയജ്ഞങ്ങളിലും സമസ്തസുരസമൂഹവും തൃപ്തിയെ പ്രാപിക്കുന്നുവോ ആ പ്രസിദ്ധയായസ്വാഹ നിന്തിരുവടിയാകുന്നു. പിതൃഗണത്തിനു തൃപ്തിക്കുഹേതുവും നിന്തിരുവടിതന്നെ. അതുഹേതുവായിട്ടുതന്നെയാണു് ജനങ്ങൾ പിതൃകൎമ്മങ്ങളിൽ നിന്തിരുവടിയെ സ്വധാ എന്നു് ഉച്ചരിക്കുന്നതു്.

ചതു—യാതൊരു സ്വാഹയുടെ സമുച്ചാരണംകൊണ്ടു് നിശ്ശേഷദേവഗണവും തൃപ്തിയെ പ്രാപിക്കുന്നു. ആ സ്വാഹാ നിന്തിരുവടിതന്നെ. സ്വധയും നിന്തിരുവടിതന്നെയാകുന്നു. അതുഹേതുവായിട്ടത്രേ പിതൃകർമ്മങ്ങളിൽ നിന്തിരുവടി സ്വധാ എന്നു് ഉച്ചരിക്കപ്പെടുന്നതു്.

ശാന്ത—"യസ്യാഃ സമസ്തസുരതാഃ സമുദീരണേന തൃപ്തിം പ്രയാന്തി" എന്നു പാഠഭേദം.

അല്ലയോ ദേവി! സകലമഖങ്ങളിലും യജ്ഞഭുക്കുകളായിരിക്കുന്ന സമസ്ത വിബുധന്മാരും യാതൊരുസ്വാഹയുടെ ഉച്ചാരണംകൊണ്ടു് തൃപ്തിയെ പ്രാപിക്കുന്നുവോ ആ പ്രസിദ്ധയായ സ്വാഹ നിന്തിരുവടിയാകുന്നു. പിതൃയജ്ഞങ്ങളിൽ, പിതൃശ്രാദ്ധംചെയ്യുന്ന ജനങ്ങളാൽ പിതൃഗണങ്ങൾക്കു് തൃപ്തിഹേതുവായി ഉച്ചരിക്കപ്പെടുന്ന സ്വധയും നിന്തിരുവടിതന്നെ.

"ദൈവേ ശ്രാദ്ധേ ഭവേൽ സ്വാഹാ
പൈത്ര്യേ ശ്രാദ്ധേ സ്വധോച്യതേ" (എന്നു്)

ജഗ—യസ്യാഃ സമസ്ത......സ്വധാ ച സ്വാഹാ— വ്യ

വ്യ. യാ മുക്തിഹേതുരവിചിന്ത്യ മഹാവ്രതാത്വ-
മഭ്യസ്യസേ സുനിയതേന്ദ്രിയതത്വസാരൈഃ
മോക്ഷാർത്ഥിഭിർമുനിഭിരസ്തസമസ്തദോഷൈ-
ർവിദ്യാസി സാ ഭഗവതീ പരമാ ഹി ദേവി! ൧൧൩

ദേവി! = അല്ലയോ ദേവി!
മുക്തിഹേതുഃ = മോക്ഷത്തിനു കാരണമായി
അവിചിന്ത്യ = വിചാരിക്കുവാൻപാടില്ലാത്ത
മഹാവ്രതാ = മഹാവ്രതങ്ങളോടുകൂടിയതായി
ഭഗവതി പരമാ = ഭഗവദഭിഷയയായ് പ്രകൃഷ്ടതമയായിരിക്കുന്ന
യാ വിദ്യാ അസി = യാതൊരു വിദ്യയുണ്ടോ
സാ ത്വം = ആ വിദ്യ നിന്തിരുവടിയാകുന്നു.
ഹി = എന്തുകൊണ്ടെന്നാൽ
അസ്തസമസ്തദോഷൈഃ = രാഗാദിസമസ്തദോഷങ്ങളും നശിച്ചവരായി
സുനിയതേന്ദ്രിയ തത്വസാരൈഃ = ജിതേന്ദ്രിയന്മാരായ് ബ്രഹ്മതത്വം സാരമായുള്ളവരായി
മോക്ഷാർത്ഥിഭിഃ = മോക്ഷത്തെ അപേക്ഷിക്കുന്നവരായിരിക്കുന്ന
മുനിഭിഃ അഭ്യസ്യസേ= മുനികളാൽ നിന്തിരുവടി അഭ്യസിക്കപ്പെടുന്നു.

അല്ലയോ ദേവി! രാഗാദിസമസ്തദോഷങ്ങളും നശിച്ചവരായി, ജിതേന്ദ്രിയന്മാരായി, ബ്രഹ്മതത്വം സാരമായുള്ളവരായി, മോക്ഷാർത്ഥി

കളായിരിക്കുന്ന മുനിമാരാൽ യാതൊരുവിദ്യ അഭ്യസിക്കപ്പെടുന്നുവോ, മോക്ഷത്തിനു കാരണമായി വിചാരിക്കുവാൻ പാടില്ലാത്ത മഹാവ്രതങ്ങളോടുകൂടിയതായി, ബ്രഹ്മവിഷയയായി, പ്രകൃഷ്ടതമയായിരിക്കുന്ന ആ വിദ്യ നിന്തിരുവടിയാകുന്നു.

ഗുപ്ത—അസ്തസമസ്തദോഷന്മാർ= "ഋതംഭരാതത്രപ്രജ്ഞാ" എന്ന യോഗസൂത്രമനുസരിച്ച്, അസത്യവിഷയാദിദോഷങ്ങളോടുകൂടാത്ത ബുദ്ധിയോടുകൂടിയവർ.

പരമാ വിദ്യാ=നിർവികല്പവൃത്തിരൂപാ നിന്തിരുവടിതന്നെയാകുന്നു.

ചതു—ഭഗവദ്വിഷയിണിയായി ബ്രഹ്മവിഷയയായി, "സാ വിദ്യാ യാ വിമുക്തയേ" എന്ന വചനമനുസരിച്ച്, അത്യുൽകൃഷ്ടയായി, അനുഷ്ഠിക്കാൻ പാടില്ലാത്ത മഹാവ്രതങ്ങളോടുകൂടിയവളായി ഇരിക്കുന്ന ആ പ്രസിദ്ധയായ വിദ്യ നിന്തിരുവടിയാകുന്നു. എന്തുകൊണ്ടെന്നാൽ, രാഗാദിദോഷങ്ങൾ അശേഷം നശിച്ചവരായി, നല്ലവണ്ണം വശീകരിക്കപ്പെട്ട ഇന്ദ്രിയങ്ങളോടുകൂടിയവരും 'ബ്രഹ്മംതന്നെ സാരം' എന്നു നിശ്ചയിച്ചിരിക്കുന്നവരുമായി, മോക്ഷേച്ഛുക്കളായി ഇരിക്കുന്ന മനനതല്പരന്മാരാൽ പിന്നെയും പിന്നെയും നിന്തിരുവടി നിദിധ്യാസംചെയ്യപ്പെടുന്നു.

അഹിംസ, സത്യനിഷ്ഠ, മോഷ്ടിക്കാതിരിക്കുക, വിഷയസുഖത്യാഗം, പരദ്രവ്യകാംക്ഷകൂടാതിരിക്കുക ഈ ഗുണങ്ങളെ സാർവത്രികമായി, ജാതിദേശകാലഭേദങ്ങളോടുകൂടാതെ അനുഷ്ഠിക്കുന്നതാകുന്നു മഹാവ്രതം.

"അഹിംസാ സത്യമസ്തേയം ബ്രഹ്മചര്യാ/പരിഗ്രഹാഃ
ഏതേതുജാതിദേശകാലസമയാവഛിന്നാഃ സാർവഭൗമാമഹാവ്രതം"
(എന്നു പതഞ്ജലി)

ശാന്ത—പരമാ വിദ്യാ = വേദാന്തശാസ്ത്രത്തിൽനിന്നുണ്ടായ പരബ്രഹ്മതത്വജ്ഞാനരൂപമായ സാക്ഷാൽക്കാരമാകുന്ന ലക്ഷണത്തോടുകൂടിയ വിദ്യ, (അല്ലങ്കിൽ) വേദാന്തശ്രവണ, മനന, നിദിധ്യാസനങ്ങളുടെ ആവൎത്തനംകൊണ്ടുണ്ടായ ബ്രഹ്മതത്വസാക്ഷാൽകാരരൂപയായ വിദ്യ.

ആ വിദ്യ നിശ്ചയമായിട്ടും മുക്തിഹേതുവായ നിന്തിരുവടിയാകുന്നു. അതു്, വിഷയങ്ങളിൽനിന്നു് ഉദ്വലിക്കപ്പെട്ടിരിക്കുന്ന ഇന്ദ്രിയവൃത്തികളോടുകൂടിയവരായും ബ്രഹ്മംതന്നെ അറിയേണ്ടവയിൽവെച്ചു് സാരം എന്നു വിചാരിക്കുന്നവരായും, കാമക്രോധാദിദോഷങ്ങളെ നിശ്ശേഷം ഉപേക്ഷിച്ചിരിക്കുന്നവരായും, മോക്ഷത്തെ ഇഛിക്കുന്നവ

രായും ഉള്ള മുനിമാരാൽ ഉത്തമഗുരുക്കന്മാരിൽനിന്ന് പിന്നെയും പിന്നെയും അഭ്യസിക്കപ്പെടുന്നു.

“ജ്ഞാനാദേവ തു കൈവല്യം” എന്ന പ്രമാണമനുസരിച്ച് മോക്ഷത്തിനുകാരണം ജ്ഞാനരൂപിണിയായ ആ വിദ്യതന്നെ.

നാഗോ—“മഹാവ്രതാതാമഭ്യസ്യതേ” എന്നു പാഠഭേദം.

ഈ അദ്ധ്യായത്തിലെ ആറാം ശ്ലോകത്തിൽ ദേവി, മൂലപ്രകൃതി യാണെന്നുപറഞ്ഞു. ഈ ശ്ലോകത്തിൽ 'ബ്രഹ്മവും ദേവിതന്നെ യാണു” എന്നുപറയുന്നു.

അവിചിന്ത്യമഹാവ്രതാ = അനുഷ്ഠിക്കുന്നതിനെക്കുറിച്ച് വിചാരി ക്കുവാൻകൂടി വിഷയമല്ലാത്ത മഹാവ്രതത്തോടുകൂടിയതു്.

പരമാവിദ്യാ = ഉൽകൃഷ്ടവിദ്യാ—ഈശ്വരവിഷയമായ ആവര ണത്തെ നശിപ്പിക്കുന്ന ബ്രഹ്മജ്ഞാനരൂപിണി.

ജഗ—യാ മുക്തിഹേതു......പരമാ ഹി ദേവി! സ്വാഹാ ൻ

ൻ. ശബ്ദാത്മികാ സുവിമലർഗ്ഗ്യജുഷാം നിധാനം-
മുദ്ഗീഥരമ്യപദപാഠവതാം ച സാമ്നാം
ദേവി! ത്രയീ ഭഗവതീ ഭവഭാവനായ
വാർത്താ ച സർവ്വജഗതാം പരമാർത്തിഹന്ത്രീ ൧൧

ദേവി!	=	അല്ലയോ ദേവി!
ശബ്ദാത്മികാ	=	ശബ്ദബ്രഹ്മരൂപിണിയും
സുവിമലർഗ്ഗ്യജുഷാം	=	ഏററവും പരിശുദ്ധങ്ങളായ ഋക്കുകളുടേയും, യജുസ്സുകളുടേയും
ഉദ്ഗീഥരമ്യപദ പാഠവതാം	=	ഉദ്ഗീഥംകൊണ്ടു് രമ്യങ്ങളായ പദങ്ങളു ടെ പാഠത്തോടുകൂടിയ
സാമ്നാം ച	=	സാമങ്ങളുടേയും
നിധാനം	=	ആശ്രയവും നിന്തിരുവടിയാകുന്നു.
ഭഗവതി	=	ഐശ്വര്യാദിസമ്പന്നയായ നിന്തിരുവടി
ത്രയി	=	വേദത്രയരൂപയാകുന്നു.
ഭവഭാവനായ	=	സംസാരപ്രവർത്തനത്തിനായുള്ള
വാർത്താ പരമാ	=	കൃഷ്യാദിരൂപയും സർവ്വോത്തമയും
സർവ്വജഗതാം	=	അഖിലലോകങ്ങളുടേയും
ആർത്തിഹന്ത്രീ ച	=	പീഡാനാശിനിയും നിന്തിരുവടിതന്നെ.

അല്ലയോദേവി! ശബ്ദബ്രഹ്മസ്വരൂപിണിയും, ഏററവും പരിശു ദ്ധങ്ങളായ ഋഗ്യജുസ്സുകൾക്കും, ഉൽഗീഥംകൊണ്ടു് രമ്യങ്ങളായ പദങ്ങ ളുടെ പാഠത്തോടുകൂടിയ സാമങ്ങൾക്കും ആശ്രയവും നിന്തിരുവടിയാ

കുന്നു. ഐശ്വര്യാദിസമ്പന്നയായ നിന്തിരുവടി വേദത്രയരൂപയാകുന്നു. സംസാരപ്രവത്തനത്തിനായ്കൊണ്ടുള്ള കൃഷ്യാദിരൂപയും, സർവോത്തമയും, സകലജഗത്തുകളുടേയും പീഡാനാശിനിയും നിന്തിരുവടിതന്നെ.

ഗ്രന്ഥ—ശബ്ദാത്മികാ=നാദബ്രഹ്മം.

"ഉൽഗീഥപദംകൊണ്ടു് അഞ്ചായി ഭാഗിച്ചിരിക്കുന്ന സാമവേദത്തിന്റെ രണ്ടാംഭാഗം ഉത്തമമാകയാൽ ആ ഭാഗത്തെ ഇവിടെ നിർദ്ദേശിച്ചിരിക്കുന്നു.

രമ്യപദപാഠഃ=ദേവതാപദങ്ങളുടെ സമൂഹങ്ങളെക്കൊണ്ടു് നിറയപ്പെട്ടതു്.

ഭവഭാവനായ വാൎത്താ=സംസാരാനുവൎത്തനത്തിനായിട്ടുള്ളകൃഷ്യാദിരൂപിണി. വാൎത്താ=ഉപജീവനമാൎഗ്ഗം.

ആൎത്തിഹന്ത്രീ =ദേവി പഞ്ചകൃത്യപരായണയാകയാൽ അനുഗ്രഹകൃത്യത്തോടുകൂടിയവൾ.

ചതു—"ഉൽഗീതരമ്യ" എന്നു പാഠഭേദം. ഉച്ചൈസ്സാകുംവണ്ണമുള്ളഗാനം എന്നൎത്ഥം.

അല്ലയോ ദേവി! നിർദ്ദോഷങ്ങളായ ഋഗ്വേദം, യജുർവേദം ഇവയുടേയും, ഉച്ചൈൎഗ്ഗാനംകൊണ്ടു് മനോഹരങ്ങളായിരിക്കുന്ന പദങ്ങളുടെ പാഠങ്ങളോടുകൂടിയ സാമവേദങ്ങളുടേയും ആശ്രയം ശബ്ദബ്രഹ്മസ്വരൂപിണിയായ നിന്തിരുവടിയാകുന്നു.

ഉൽഗീഥം = സാമവേദത്തെ സംബന്ധിച്ച വിഭക്തിവിശേഷം. അതുകൊണ്ടു് മനോഹരങ്ങളായ് രസവിശേഷത്തോടുകൂടിയതായ് ഇരിക്കുന്ന പദങ്ങളുടെ പാഠത്തോടുകൂടിയതു്. "സാമ്ന ഉൽഗീഥോ രസഃ" എന്നു് ശ്രുതി.

അല്ലെങ്കിൽ ഉൽഗീഥം=പ്രണവമന്ത്രം. അപ്പോൾ "ഉൽഗീഥരമ്യപദപാഠവതാം"എന്നുള്ളതു് മൂന്നുവേദങ്ങൾക്കും വിശേഷണമാകും.

"ഉൽഗീഥഃ പ്രണവോ മന്ത്രഃ സൎവ്വവ്യാപീ നിരഞ്ജനഃ"

(എന്നു് നിഗമം)

"ബ്രഹ്മണഃ പ്രണവം കുൎയ്യാദാദാവന്തേ ച സൎവദാ

(എന്നു് മനു)

ദേവി=പ്രവൃത്തിമാൎഗ്ഗമായും നിവൃത്തിമാൎഗ്ഗമായും ഉള്ള ഉപദേശംകൊണ്ടു് സകലത്തേയും വ്യവഹരിപ്പിക്കുന്നവൾ.

ഭഗവതീ=സൎവപ്രാണികളേക്കാളും ബലമുള്ളവളാകയാൽ വീൎയ്യാതിശയംകൊണ്ടു് കൊണ്ടാടേണ്ടവൾ.

ത്രയീ=വേദത്രയരൂപാ.

വാൎത്താ=കൃഷ്യാദിരൂപാ.

കൃഷിർവ്വണിജ്യാതഥൈച്ച തൃതീയം പശുപാലനം
വിദ്യാഹ്യേതാ മഹാഭാഗ! വാർത്താ വൃത്തിത്രയാശ്രയാ"

(എന്നു് വിഷ്ണുപുരാണം)

പരമാർത്തിഹന്ത്രി = മഹത്തായ പീഡകളെക്കൂടി നിശ്ശേഷം നശിപ്പിക്കുന്നവൾ.

പരമാർത്തിഹന്ത്രിവാർത്താ = പരമപിഡാനാശിനിയായിട്ടു ജീവനസ്ഥിതികൃത്യത്തെ ചെയ്യുന്ന കൃഷ്യാദിരൂപാ.

ഭവഭാവനായ ത്രയീത്വം=സംസാരത്തെ നിലനിറുത്തുന്നതിനായുള്ള യജ്ഞകർമ്മങ്ങളെ ഉപദേശിക്കുന്ന വേദം നിന്തിരുവടിയാകുന്നു. ആ കർമ്മം നിമിത്തം അഗ്നിയിൽ വഴിപോലെ ഹോമിക്കുന്ന ആഹുതികൾ ആദിത്യനെ ആശ്രയിക്കുന്നു. ആദിത്യനിൽനിന്നു് വൃഷ്ടിയും, വൃഷ്ടിയിൽനിന്നു് അന്നവും, അതിൽനിന്നു് പ്രജകളും ഉണ്ടാകുന്നു. അതുകൊണ്ടു് ഈ സംസാരസ്ഥിതിക്കു കാരണം ആ കർമ്മങ്ങളെ ഉപദേശിക്കുന്ന വേദമാകുന്ന നിന്തിരുവടിതന്നെ.

"അഗ്നൗ പ്രാസ്താഹുതിഃ സമ്യഗാദിത്യമുപതിഷ്ഠതേ
ആദിത്യാജ്ജായതേ വൃഷ്ടിർ വൃഷ്ടേരന്നം തതഃ പ്രജാഃ" എന്നു്

ശാന്തം—ഭഗവതീ = ഐശ്വര്യാദിസമ്പന്നാ.

ശബ്ദാത്മികാ = വർണ്ണപദവാക്യരൂപയായ വാണിസ്വരൂപിണീ. അല്ലെങ്കിൽ ഗദ്യപദ്യാത്മികാ.

ഭവഭാവനായ വാർത്താത്രയീത്വമേവാസി= പരമാത്മധ്യാനത്തിന്നായിക്കൊണ്ടു് പ്രവർത്തിപ്പിക്കുന്നതായ മൂന്നു വേദങ്ങളും നിന്തിരുവടിതന്നെ.

നാഗോ—സുവിമലങ്ങൾ = അപൗരുഷേയത്വം ഹേതുവായിട്ടു് ദോഷരഹിതങ്ങൾ.

ഭവഭാവനായ വാർത്താ = പ്രാണികളുടെ ജീവനത്തിനായുള്ള കൃഷിവാണിജ്യാദികൾ.

ദംശോ—ഭഗവതീ = സർവ്വോൽകൃഷ്ടാ.

അഥർവ്വവേദത്തെ പ്രത്യേകിച്ചു പറയാത്തതു് അതിലെ ആഭിചാരാദിവിഷയങ്ങൾ ആദ്യത്തെ മൂന്നുവേദങ്ങളിൽ അന്തർഭവിച്ചിരിക്കുന്നതിനാൽ അതും ഇവയിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടാകുന്നു.

ജഗ—ശബ്ദാത്മികാ.........പരമാർത്തിഹന്ത്രി സ്വാഹാ— ൧൦.

൧൦. മേധാസി ദേവി! വിദിതാഖിലശാസ്ത്രസാരാ
ദുർഗ്ഗാസി ദുർഗ്ഗഭവസാഗരനൗരസംഗാ

ശ്രീഃ കൈടഭാരിഹൃദയൈകകൃതാധിവാസാ
ഗൌരീ ത്വമേവ ശശിമൗലികൃതപ്രതിഷ്ഠാ— ൧൧വ്യ.

ദേവി! = അല്ലയോദേവി! (നിന്തിരുവടി)

വിദിതാഖിലശാസ്ത്രസാരാ = അറിയപ്പെട്ടിരിക്കുന്ന എല്ലാശാസ്ത്രതത്വങ്ങളോടുംകൂടിയ

മേധാ അസി = ധരിക്കുന്നതിനു സാമൎത്ഥ്യമുള്ളബുദ്ധിയായ്ഭവിക്കുന്നു.

ദുൎഗ്ഗഭവസാഗരനൌഃ = നിന്തിരുവടി ദുസ്തരമായ സംസാരസമുദ്രത്തിന്ന് ഒരു തോണിയായിട്ട്

അസംഗാ = അദ്വിതീയയായിരിക്കുന്ന

ദുർഗാ അസി = ദുൎഗ്ഗയായും ഭവിക്കുന്നു.

(ദേവി!) = (അല്ലയോ ദേവി!)

കൈടഭാരിഹൃദയൈക കൃതാധിവാസാ ശ്രീഃ = വിഷ്ണുവിന്റെ മാറിടത്തിൽ വസിക്കുന്ന ലക്ഷ്മീദേവിയും

ശശിമൗലികൃതപ്രതിഷ്ഠാ ഗൌരീ = ചന്ദ്രശേഖരനായ പരമേശ്വരനിൽ ഇരിക്കുന്ന പാൎവ്വതിയും

ത്വം ഏവ = നിന്തിരുവടിതന്നെ.

അല്ലയോ ദേവി! നിന്തിരുവടി അറിയപ്പെട്ടിരിക്കുന്ന എല്ലാ ശാസ്ത്രതത്വങ്ങളോടുംകൂടിയ ധരിക്കുന്നതിനു സാമൎത്ഥ്യമുള്ള ബുദ്ധിയായും, കടക്കാൻപാടില്ലാത്തതായ സംസാരസമുദ്രത്തിന്ന് ഒരുതോണിയായിട്ട് അദ്വിതീയയായിരിക്കുന്ന ദുൎഗ്ഗയായും ഭവിക്കുന്നു. വിഷ്ണുവിന്റെ മാറിടത്തിൽ വസിക്കുന്ന ലക്ഷ്മീദേവിയും ചന്ദ്രശേഖരനായ പരമേശ്വരനിൽ ഇരിക്കുന്ന പാൎവ്വതീദേവിയും നിന്തിരുവടിതന്നെ.

ഉപ്ത—അസംഗാ നൌഃ ="സംഗഃ സൎവ്വാത്മനാ ത്യാജ്യഃ" എന്ന വചനമനുസരിച്ച് സംഗമററതിനു മാത്രമേ മറുകരകടത്തുന്നതിനുള്ള സാമൎത്ഥ്യമുള്ളൂ.

ചതു—അറിയപ്പെട്ടിരിക്കുന്ന സകലശാസ്ത്രങ്ങളുടേയും തത്വത്തോടുകൂടിയ യാതൊരു ധാരണാവതിയായ ബുദ്ധിയുണ്ടോ അത് നിന്തിരുവടിയാകുന്നു. കടക്കാൻപാടില്ലാത്തതായ സംസാരസമുദ്രത്തിൽ മറുകരപ്രാപിപ്പിക്കാനുള്ള സാധനവും നിന്തിരുവടിതന്നെ. വിഷ്ണുവിന്റെ വക്ഷഃസ്ഥലത്തിൽ മുഖ്യത്വേന നിവസിക്കുന്ന ലക്ഷ്മിയും ചന്ദ്രശേഖരനിൽ അധിവസിക്കുന്ന ഉമയും നിന്തിരുവടിതന്നെയാകുന്നു.

അസംഗാ= വ്യാപ്തിയോടുകൂടാത്തവൾ അല്ലെങ്കിൽ അദ്വിതീയാ. അമരക്കാരന്റേയും തോണിവലിക്കുന്നവരുടേയും സഹായംകൊണ്ടാ

ണം സാധാരണ തോണിപോകുന്നതു്. നിന്തിരുവടി ഇതൊന്നുംകൂടാതെതന്നെ മറുകരകടത്തുന്ന ഒരു തോണിയാകുന്നു.

ശശിമൌലികൃതപ്രതിഷ്ഠാ = പരമേശ്വരനു് ചെയ്യപ്പെട്ടിരിക്കുന്ന ഉൽക്കഷത്തോടുകൂടിയവൾ.

ശാന്ത—ഹേ ദേവി! നിന്തിരുവടി മേധയാകുന്നു. അതുഹേതുവായിട്ടുതന്നെ നിന്തിരുവടി വിദിതാഖിലശാസ്ത്രസാരയാകുന്നു. അല്ലെങ്കിൽ ഹേ ദേവി! നിന്തിരുവടി വിദിതാഖിലശാസ്ത്രസാരയായ മേധയാകുന്നു. യാതൊരു മേധയാൽ അഖിലങ്ങളായ ശാസ്ത്രങ്ങളുടെ സാരങ്ങളും—ചതുർവ്വർഗ്ഗതത്വപരങ്ങളായ ന്യായങ്ങളും—അറിയപ്പെടുന്നുവോ ആ മേധ നിന്തിരുവടിയാകുന്നു.

"ധീർധാരണാവതി മേധാ" (എന്നു് അമരം)

"പ്രവൃത്തിർവ്വാ നിവൃത്തിർവ്വാ നിത്യേന കൃതകേന വാ
പുംസാം യേനോപദിശ്യേത തച്ഛാസ്ത്രമഭിധീയതേ" (എന്നു്.

അല്ലയോ ദേവി! നിന്തിരുവടി അസംഗയായ് ദുർഗ്ഗയായ് ഇരിക്കുന്ന ദുർഗ്ഗ ഭവസാഗരനൌവ്വായിട്ടു ഭവിക്കുന്നു.

അസംഗാ=അഖിലബന്ധഹേതുക്കളേയും ഉപേക്ഷിച്ചവൾ—യാതൊരുപ്രതിബന്ധത്തോടുംകൂടാത്തവൾ—തടുക്കാൻ പാടില്ലാത്ത ഗതിയോടുകൂടിയവൾ.

ദുർഗ്ഗാ=ദുഃഖേന പ്രാപിക്കത്തക്കവൾ

ദുർഗ്ഗഭവസാഗരനൌഃ=സമുദ്രംപോലെ കടക്കാൻ പാടില്ലാത്തതായ സംസാരത്തിൽ തോണിയായി—പൊങ്ങുതടിയായി—ഉള്ളവൾ.

അല്ലെങ്കിൽ, ദുർഗ്ഗഭവസയായ്=ദുസ്തരമായി ഇരിക്കുന്ന സംസാരത്തെ ഖണ്ഡിക്കുന്നവളായി അഗരയായി = വിഷത്തോടു്—ദുഃഖത്തോടുകൂടാത്തവളായി ഇരിക്കുന്ന നൌഃ=തോണിയായുള്ളവൾ.

അല്ലെങ്കിൽ ബ്രഹ്മപ്രാപ്തിസാധനഭൂതയായ വിദ്യാരൂപാ.

ശശിമൗലികൃതപ്രതിഷ്ഠാ = ശശിമൗലിയാൽ= പരമേശ്വരനാൽ കൃതയായ = ചെയ്യപ്പെട്ട പ്രതിഷ്ഠയോടു് = അർദ്ധാംഗമായിത്തന്നെ ഭജിക്കുക എന്നുള്ള അവസ്ഥയോടുകൂടിയവൾ.

നാഗോ—മേധാ = സരസ്വതി.

കടക്കാൻപാടില്ലാത്ത സംസാരസാഗരത്തിനു് ഇതൊന്നിചാരാ നിന്തിരുവടി തോണിയാകുന്നു.

ഈ ശ്ലോകത്തിലെ പൂർവാർദ്ധംകൊണ്ടു് ദേവി ബ്രാഹ്മിയാണെന്നു് പറയപ്പെട്ടു. ഉത്തരാർദ്ധത്താൽ ദേവി വൈഷ്ണവിയാണെന്നും, രുദ്രാണിയാണെന്നും പറയപ്പെട്ടു.

സാഹിത്യ അക്കാദമി

ജഗ—മേധാസി... കൃതപ്രതിഷ്ഠാ സ്വാഹാ ൧൧

൧൧. ഈഷൽ സഹാസമമലം പരിപൂൎണ്ണചന്ദ്ര-
ബിംബാനുകാരി കനകോത്തമകാന്തികാന്തം
അത്യത്ഭുതം പ്രഹൃതമാത്തരുഷാ തഥാപി
വക്ത്രം വിലോക്യ സഹസാ മഹിഷാസുരേണ— ൧൨

ഈഷൽ സഹാസം അമലം	= അല്പം ചിരിയോടുകൂടിയതും മനോഹരവും
പരിപൂൎണ്ണചന്ദ്രബിംബാനുകാരി	= പൂൎണ്ണചന്ദ്രബിംബത്തെ അനുകരിക്കുന്നതും
കനകോത്തമകാന്തി കാന്തം വക്ത്രം	= ഉത്തമസ്വൎണ്ണത്തിന്റെ കാന്തിയോടുകൂടിയതും ശോഭാഢ്യവുമായ തിരുവടിയുടെ മുഖം
തഥാപി വിലോക്യ	= അപ്രകാരമെല്ലാമിരുന്നിട്ടും കണ്ടിട്ട
സഹസാ	= വേഗത്തിൽ
ആത്തരുഷാ	= കോപത്തോടുകൂടിയവനായ
മഹിഷാസുരേണ പ്രഹൃതം	= മഹിഷാസുരനാൽ പ്രഹരിക്കപ്പെട്ടു
അത്യത്ഭുതം.	= ഇതു് അത്യാശ്ചൎയ്യമാകുന്നു.

പുഞ്ചിരിയോടുകൂടിയതായും, പരിശുദ്ധമായും, പൂൎണ്ണചന്ദ്രബിംബസമാനമായും, ഉത്തമകനകകാന്തിയോടുകൂടിയതായും, മനോഹരമായും ഇരിക്കുന്ന തിരുവടിയുടെ മുഖം ജഗന്മോഹനമായി, സൎവോൽക്കൎഷേണ വൎത്തിക്കുന്നു. അപ്രകാരമിരുന്നിട്ടും തിരുവടിയുടെ മുഖകമലത്തെകണ്ടിട്ടു് അതിവേഗത്തിൽ, കോപത്തോടുകൂടിയവനായ മഹിഷാസുരൻ പ്രഹരിച്ചു. ഇതു് അത്യാശ്ചൎയ്യമാകുന്നു.

ഗുപ്ത—ഇപ്രകാരമുള്ള ദേവീമുഖദൎശനംകൊണ്ടു് കാമക്രോധാദികൾ എല്ലാം നശിച്ചു് ചിത്തശുദ്ധിയുണ്ടായി, വേഗത്തിൽ സൂക്ഷ്മതത്വജ്ഞാനം നിശ്ചയമായ് ഉണ്ടാകേണ്ടതാകുന്നു. അങ്ങിനെയിരിക്കേ ഇവിടെ മഹിഷാസുരന്റെ പാപാധിക്യംനിമിത്തം അതുണ്ടായില്ലെന്നു ധ്വനിപ്പിച്ചിരിക്കുന്നു.

ചതു—"സൈഷദ്ധാസം" എന്നുപറയേണ്ടതിന്നുപകരം "ഈഷൽ സഹാസം" എന്നു് സകാരത്തെ മദ്ധ്യത്തിൽ ചേൎത്തിരിക്കുന്നതു് ആൎഷമാകുന്നു.

സഹസാ=ബലത്തോടുകൂടി.

ശാന്ത—അല്ലയോ ദേവി! മന്ദസ്മിതത്തോടുകൂടിയതായി, രുചിരമായി, പരിപൂൎണ്ണചന്ദ്രബിംബത്തോടുതുല്യമായി, ഉത്തമകനകത്തിന്റെ കാന്തിയോടുകൂടിയതായി, മനോഹരമായി ഇരിക്കുന്ന തിരുവ

ടിയുടെ മുഖകമലം ജഗന്മോഹനമായി സർവ്വോൽക്കർഷേണ വർത്തി ക്കുന്നു. അങ്ങിനെയിരുന്നിട്ടും കോപത്തോടുകൂടിയ മഹിഷാസുരൻ തിന്തിരുവടിയുടെ മുഖകമലത്തെക്കണ്ടിട്ടു് ഒരു തക്കവുംകൂടാതെ പ്രഹ രിച്ചു. ഇതു് അത്യാശ്ചര്യമാകുന്നു.

ഈ വിധം ജഗന്മോഹനമായ തിന്തിരുവടിയുടെ മുഖത്തെ കാണുമ്പോൾ ഏതൊരു പുരുഷനാണു് ആനന്ദം ഉണ്ടാകാത്തതു്? പിന്നെ എന്തുകൊണ്ടാണു് മഹിഷാസുരൻ ആ മുഖം കണ്ടിട്ട കോപ ത്തോടുകൂടി പ്രഹരിച്ചതു്? ഇതു് അത്യാശ്ചര്യമാകുന്നു എന്നു താല്പര്യം.

സഹസാ=തക്കംകൂടാതെ.

ദംശോ—കനകോത്തമകാന്തി = ഉത്തമകനകത്തിൻെറ കാന്തി പോലെയുള്ള കാന്തിയോടുകൂടിയതു്. അല്ലെങ്കിൽ കനകത്തെക്കാൾ ഉത്തമമായ കാന്തിയോടുകൂടിയതു്.

ജഗ—ഈഷൽ സഹാസ......മഹിഷാസുരേണ സഹസാ ൧൦.

൧൦. ദൃഷ്ട്വാ തു ദേവി! കുപിതം ഭ്രുകുടീകരാള-
മുദ്യച്ഛശാങ്കസദൃശച്ഛവി യന്ന സദ്യഃ
പ്രാണാൻ മുമോച മഹിഷസ്തദതീവ ചിത്രം
കൈർജ്ജീവ്യതേ ഹി കുപിതാന്തകദർശനേന . ൧൧൦

ദേവി!	= അല്ലയോ ദേവി!
കുപിതം	= കോപത്തോടുകൂടിയതായി
ഭ്രുകുടീകരാളം	= വളഞ്ഞ പുരികക്കൊടികളെക്കൊണ്ടു ഭയങ്കരമായി
ഉദ്യച്ഛശാങ്കസദൃശച്ഛവി	= ഉദിച്ചു പൊങ്ങുന്ന രക്തനിറമുള്ള ചന്ദ്രബിംബത്തിൻെറ ശോഭയോടുകൂടിയതായിരിക്കുന്ന (തിന്തിരുവടിയുടെ മുഖത്തെ)
ദൃഷ്ട്വാ തു	= കണ്ടിട്ടും
മഹിഷഃ	= മഹിഷാസുരൻ
സദ്യഃ	= ഉടനെ
പ്രാണാൻ ന മുമോച	= പ്രാണങ്ങളെ ഉപേക്ഷിച്ചില്ല
യൽ തൽ	= എന്നതു് യാതൊന്നോ അതു്
അതീവ ചിത്രം	= ഏററവും ആശ്ചര്യമാകുന്നു
ഹി	= എന്തുകൊണ്ടെന്നാൽ
കുപിതാന്തകദർശനേന	= കുപിതനായ അന്തകൻെറ ദർശനംകൊണ്ടു്
കൈഃ ജീവ്യതേ	= ഏതുജന്തുക്കളാൽ ജീവിക്കപ്പെടുന്നു?

അല്ലയോ ദേവി! കോപത്തോടുകൂടിയതും, വളഞ്ഞ പുരികക്കൊ ടികളെക്കൊണ്ടു് ഭയങ്കരവും, ഉദിച്ചുയരുന്ന രക്തവർണ്ണമുള്ള ചന്ദ്രബിം

ബത്തിന്റെ ശോഭയോടുകൂടിയതും ആയ നിന്തിരുവടിയുടെ മുഖത്തെ കണ്ടിട്ടും മഹിഷാസുരൻ ഉടനെ പ്രാണങ്ങളെ ഉപേക്ഷിക്കാത്തതു് അത്യാശ്ചര്യംതന്നെ. എന്തുകൊണ്ടെന്നാൽ, കോപിച്ചിരിക്കുന്ന അന്തകനെ കണ്ടാൽ ആരെക്കൊണ്ടു് ജീവിപ്പാൻ കഴിയും?

ഇച്ഛ—മഹിഷാസുരനു് പുണ്യാധിക്യവുമുണ്ടെന്നു പറയുന്നു.

'ഉദ്യൽ'പദം ചുവപ്പുനിറത്തെ കാണിക്കുന്ന ശശാങ്കവിശേഷണമാകുന്നു.

ശാന്ത—അല്ലയോ ദേവി! കോപത്തോടുകൂടിയതും, വളഞ്ഞിരിക്കുന്ന പുരികക്കൊടികൾകൊണ്ടു് ഭയങ്കരവും, (കോപംനിമിത്തം) ഉദിച്ചുവരുന്ന ചന്ദ്രനോടുതുല്യമായ ചുവന്ന നിറത്തോടുകൂടിയതും ആയ നിന്തിരുവടിയുടെ രണോൻമുഖമായ മുഖത്തെ കണ്ടിട്ടും മഹിഷാസുരൻ ഉടനെ—ദർശനക്ഷണത്തിൽത്തന്നെ—പ്രാണങ്ങളെ ഉപേക്ഷിച്ചില്ലാ എന്നുള്ളതു് അത്യാശ്ചര്യമാകുന്നു. എന്തുകൊണ്ടെന്നാൽ കുപിതനായ അന്തകന്റെ ദർശനത്തിൽ ഏതുജന്തുക്കളാൽ ജീവിക്കുവാൻ കഴിയും? ഒരുത്തരാലും കഴിയുകയില്ല; എന്നർത്ഥം.

ദംശോ—ഭ്രുകുടീകരാളം=ഭ്രൂക്കളുടെ=പുരികങ്ങളുടെ കുടികൊണ്ടു് =കൌടില്യംകൊണ്ടു് കരാളം=ഭയങ്കരം.

ഉദ്യച്ഛശാങ്കസദൃശച്ഛവി=ഉദിച്ചുവരുന്ന ചന്ദ്രനുതുല്യമായ ചുവപ്പുനിറത്തോടുകൂടിയ കാന്തി—എന്നു പറഞ്ഞിരിക്കുന്നതു്—ശ്രീദേവിയുടെ വദനം കോപം നിമിത്തം ചുവന്നിരിക്കുന്നതുകൊണ്ടാകുന്നു.

ജഗ—ദൃഷ്ട്വാതു......കുപിതാന്തകദർശനേന സ്വാഹാ ൧൩.

൧൩. ദേവി! പ്രസീദ പരമാ ഭവതീ ഭവായ
സദ്യോ വിനാശയസി കോപവതീ കുലാനി
വിജ്ഞാതമേതദധുനൈവ യദസ്തമേത-
ന്നീതം ബലം സുവിപുലം മഹിഷാസുരസ്യ ൧൩.൧

ദേവി!	= അല്ലയോദേവി
പ്രസീദ	= പ്രസന്നയായിഭവിച്ചാലും
ഭവതീ	= നിന്തിരുവടി
പരമാ അസി	= ഉൽകൃഷ്ടയായിരിക്കുന്ന ലക്ഷ്മിയാകുന്നു
സദ്യഃ	= (നിന്തിരുവടി പ്രസന്നയായാൽ) വേഗത്തിൽ
ഭവായ	= കുലാഭിവൃദ്ധിക്കായിക്കൊണ്ടു് ഭവിക്കുന്നു.
കോപവതീ	= നിന്തിരുവടി കോപത്തോടുകൂടിയവളായാൽ
കുലാനി	= വംശങ്ങളെ
സദ്യഃ വിനാശയസി	= ഉടനെ വിശേഷേണ നശിപ്പിക്കുന്നു.
ഏതൽ അധുന ഏവ	= ഇതു് ഇപ്പോൾത്തന്നെ

വിജ്ഞാതം	= (ഞങ്ങളാൽ) അറിയപ്പെട്ടു
യൽ	= എന്തുകൊണ്ടെന്നാൽ
മഹിഷാസുരസ്യ	= മഹിഷാസുരന്റെ
സുവിപുലം ബലം	= അതിവിസ്താരത്തോടുകൂടിയ സൈന്യം
അസ്തംനീതം	= ക്ഷയം പ്രാപിപ്പിക്കപ്പെട്ടു.

അല്ലയോ ദേവി! പ്രസന്നയായി ഭവിച്ചാലും. നിന്തിരുവടി പ്രസാദിച്ചാൽ ഉടനെ കുലാഭിവൃദ്ധിയെ ഉണ്ടാക്കുന്നു; കോപിച്ചാൽ തൽക്ഷണം വംശനാശംവരുത്തുകയും ചെയ്യുന്നു; ഇതു്, മഹിഷാസുരന്റെ വലുതായസൈന്യം നശിച്ചതിൽനിന്നു ഞങ്ങൾക്കു് ഇപ്പോൾ തന്നെ അറിയുവാൻ ഇടയായി.

ചതു—പ്രസീദ=നിന്തിരുവടി പ്രസാദിച്ചാലും.

നിന്തിരുവടി അനുഗ്രഹബുദ്ധിയോടുകൂടിയവളായിട്ടു് സമ്പൽസമൃദ്ധിക്കായിക്കൊണ്ടു് ഭവിക്കുന്നു.

"ദേവി! പ്രസാദപരമാ" എന്നു പാഠഭേദം.

ശാന്ത—അല്ലയോ ദേവി! പ്രസന്നയായി ഭവിച്ചാലും.

അല്ലയോ ദേവി! നിന്തിരുവടി ഉൽകൃഷ്ടലക്ഷ്മിയായിട്ടു ഭവിക്കുന്നു.

അല്ലയോ ദേവി! നിന്തിരുവടി പ്രസന്നയായാൽ ജഗത്തുകളുടെ സമ്പൽഭവത്തിനായിക്കൊണ്ടു് വേഗത്തിൽ ഭവിക്കുന്നു. അപ്രസന്നയായി ഭവിക്കുന്നു എങ്കിൽ വേഗത്തിൽ ജഗത്തുകളുടെ വംശങ്ങളെ—സമൂഹങ്ങളെ—വിശേഷേണ ധ്വംസിക്കുന്നു.

അല്ലയോ ദേവി! യുദ്ധത്തിനായ്‌വന്ന അതിവിപുലമായ മഹിഷാസുരന്റെ സൈന്യത്തെ നിന്തിരുവടി അതിവേഗത്തിൽ നശിപ്പിച്ചതുകൊണ്ടു്, നിന്തിരുവടി കുപിതയായാൽ കുലങ്ങളെ ധ്വംസിക്കുന്നു എന്നുള്ളതു് ഞങ്ങളാൽ ഇപ്പോഴും അറിയപ്പെട്ടു.

"ദേവി! പ്രസാദപരമാഭവതീഭവായ" എന്ന പാഠത്തിനു് ഹേ ദേവി! നിന്തിരുവടി പ്രസാദംകൊണ്ടു് ഉൽകൃഷ്ടയായി ഭവിക്കുന്നു എങ്കിൽ അപ്പോൾ ലോകങ്ങൾക്കു് ഐശ്വര്യോദയത്തിന്നായിക്കൊണ്ടു് ഭവിക്കുന്നു എന്നൎത്ഥം.

"സദ്യോ വിനാശയതി" എന്നു പാഠഭേദം.

നാഗോ—'അല്ലയോ ദേവി! നിന്തിരുവടി പ്രസാദിച്ചാലും' എന്നു പറഞ്ഞിട്ടു" ആലോചിച്ചപ്പോൾ, ഈ ദേവിതന്നെ ഞങ്ങളിൽ ഇപ്പോൾ പ്രസാദിച്ചിട്ടു് സസൈന്യനായിരിക്കുന്ന മഹിഷാസുരനെ നിഗ്രഹിച്ചതുകൊണ്ടു് ഈ വാക്കു് വ്യൎത്ഥംതന്നെ എന്നു തോന്നി. എന്നാൽ നിന്തിരുവടി ഉൽകൃഷ്ടമായ അനുഗ്രഹബുദ്ധി

യോട്ടുകൂടിയവളാകുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ കുലാഭിവൃദ്ധിക്കായിക്കൊണ്ടു്, കോപത്തോട്ടുകൂടിയ നിന്തിരുവടി ഞങ്ങളുടെ ശത്രുക്കളുടെ കുലങ്ങളെ വേഗത്തിൽ നശിപ്പിച്ചുവല്ലൊ.

ദേവിയുടെ ആ കോപം ഭക്തരക്ഷണത്തിനായുള്ളതും സ്വാഭാവികമല്ലാത്തതും ആകുന്നു.

ശ്രീദേവി സത്വഗുണപ്രധാനയാണെന്നു താല്പര്യം.

ജഗ—ദേവിപ്രസീദ......മഹിഷാസുരസ്യ സ്വാഹാ— ൧൪

൧൪. തേ സമ്മതാ ജനപദേഷു ധനാനിതേഷാം
തേഷാം യശാംസി ന ച സീദതി ധമ്മവൎഗ്ഗഃ
ധന്യാസ്ത ഏവ നിഭൃതാത്മജഭൃത്യദാരാഃ
യേഷാം സദാഭ്യുദയദാ ഭവതി പ്രസന്നാ— വ.തി.വ.

യേഷാം ഭവതി	=	യാവ ചിലവൎക്കു് നിന്തിരുവടി
സദാ അഭ്യുദയദാ	=	എല്ലായ്പ്പോഴും അഭിവൃദ്ധിയെ കൊടുക്കുന്നവളായിട്ടു്
പ്രസന്നാ	=	പ്രസന്നയായി ഭവിക്കുന്നുവോ
തേ ഏവ	=	അവർ തന്നെ
ജനപദേഷു സമ്മതാഃ	=	ദേശങ്ങളിൽ സജ്ജനസമ്മതന്മാർ.
തേഷാം ധനാനി	=	അവൎക്കുതന്നെ ധനങ്ങൾ.
തേഷാം യശാംസി	=	അവൎക്കുതന്നെ കീൎത്തികൾ.
ധമ്മവൎഗ്ഗഃ ച ന സീദതി	=	ധമ്മാദിപുരുഷാൎത്ഥങ്ങളുംനശിക്കുന്നില്ല
നിഭൃതാത്മജഭൃത്യദാരാഃ ധന്യാഃ	=	വിനീതന്മാരായ പുത്രന്മാരോടും ഭൃത്യന്മാരോടും ദാരങ്ങളോടുംകൂടിയ ധന്യന്മാരും
തേ ഏവ	=	അവർതന്നെയാകുന്നു.

അല്ലയോ ദേവി! എല്ലായ്പ്പോഴും അഭിവൃദ്ധിയെ കൊടുക്കുന്ന നിന്തിരുവടി യാവചിലൎക്കു് പ്രസന്നയായി ഭവിക്കുന്നുവോ? ലോകത്തിൽ സജ്ജനസമ്മതന്മാരും, ധനികന്മാരും, കീൎത്തിമാന്മാരും, ക്ഷയിക്കാത്ത ധമ്മാദിപുരുഷാൎത്ഥങ്ങളോട്ടുകൂടിയവരും, പുണ്യവാന്മാരും, വിനീതന്മാരായ പുത്രഭൃത്യകളത്രങ്ങളോട്ടുകൂടിയവരും അവർ തന്നെയാകുന്നു.

ഗുപ്ത—ഇതുമുതൽ മൂന്നുശ്ലോകങ്ങളെക്കൊണ്ടു് ദേവീപ്രസാദഫലത്തെ പറയുന്നു.

ധന്യാഃ=ധനലാഭവാന്മാർ.

ചതു—സമ്മതാഃ=സമ്മാനഭാക്കുകൾ. ന സീദതി=അവസാനിക്കുന്നില്ല. ധമ്മവൎഗ്ഗഃ=ധമ്മാൎത്ഥകാമമോക്ഷങ്ങൾ. ധന്യന്മാർ=ശ്ലാഘ്യന്മാർ.

ശാന്ത—അല്ലയോ ദേവി! നിന്തിരുവടി എല്ലായ്പോഴും സകല മനോരഥങ്ങളേയും കൊടുക്കുന്നവളായിട്ടു് യാവചിലക്കു് പ്രസന്ന യായി ഭവിക്കുന്നുവോ, ആ ജനങ്ങൾതന്നെ ലോകത്തിൽ അഖിലജ നസമ്മതന്മാരായ സൽപുരുഷന്മാർ.

അല്ലയോ ദേവി! നിന്തിരുവടി ആക്ക് പ്രസന്നയായി ഭവിക്കുന്നു വോ അവക്കുതന്നെ ധനങ്ങൾ ഉണ്ടാകുന്നു. അവക്കുതന്നെ കീത്തി കളും ഉണ്ടാകുന്നു.

"ന ച സീദതി ബന്ധുവർഗ്ഗഃ" എന്നു പാഠഭേദം.

അല്ലയോ ദേവി! നിന്തിരുവടി സദാഭ്യുദയയായിട്ടു് ആക്കു് പ്രസന്നയായി ഭവിക്കുന്നുവോ അവക്കുതന്നെ ബന്ധുവർഗ്ഗങ്ങളുംകൂടി ദുഃഖിക്കാത്തവരായി ഭവിക്കുന്നു.

'ന ച സീദതി' എന്നതിലെ 'ച' കാരംകൊണ്ടു് അവരുടെ നാൽക്കാലികളുംകൂടി ദുഃഖത്തെ പ്രാപിക്കുന്നില്ല എന്നു് താല്പയ്യം. അല്ലയോ ദേവി! നിന്തിരുവടി ആക്ക് പ്രസന്നയായിഭവിക്കുന്നുവോ അവർതന്നെ വിനീതന്മാരായ പുത്രന്മാരോടും ഭൃത്യന്മാരോടും ദാരങ്ങ ളോടുംകൂടിയ പുണ്യവാന്മാരായിത്തീരുന്നു. "സുകൃതീ പുണ്യവാൻ ധ ന്യഃ" എന്നു്.

നിഭൃതാഃ=വിനയത്തോടുകൂടിയവർ, അല്ലെങ്കിൽ കുലാചാരശി ക്ഷയോടുകൂടിയവർ.

"ശ്രീദേവിയുടെ അനുഗ്രഹംകൊണ്ടു് ഭക്തന്മാക്കു് മേൽപറഞ്ഞ ഗുണങ്ങൾ എല്ലാം ഉണ്ടാകുന്നു" എന്നു താല്പയ്യം.

നാഗോ—സമ്മതാഃ=മഹാജനസമ്മതന്മാർ.

ജഗ—തേസമ്മതാ...... ഭവതീപ്രസന്നാസ്വാഹാ— ൧൭

൧൭. ധമ്മ്യാണി ദേവി! സകലാനി സദൈവ കമ്മാ—
ണ്യത്യാദൃതഃ പ്രതിദിനം സുകൃതീ കരോതി
സ്വർഗ്ഗം പ്രയാതി ച തതോ ഭവതീപ്രസാദാൽ
ലോകത്രയേഽപി ഫലദാ നനു ദേവി! തേന— വ.ന്മ.ന്മ.

ദേവി!	= അല്ലയോദേവി!
ഭവതീപ്രസാദാൽ	= നിന്തിരുവടിയുടെ പ്രസാദംകൊണ്ടു്
സുകൃതീ പ്രതിദിനം	= പുണ്യവാനായ പുരുഷൻദിവസംതോറും
സദ ഏവ അത്യാദൃതഃ	= എല്ലായ്പോഴും അധികാദരവോടുകൂടി
സകലാനി	= സമസ്തങ്ങളായ
ധമ്മ്യാണി	= ധമ്മംകൊണ്ടു പ്രാപിക്കപ്പെടേണ്ടവയായ
കമ്മാണി കരോതി	= ബ്രഹ്മയജ്ഞാദികളെ ചെയ്യുന്നു

തതഃ	= അതുഹേതുവായിട്ടു്
സ്വൎഗ്ഗം ച പ്രയാതി	= സ്വൎഗ്ഗത്തേയുംമോക്ഷത്തേയും പ്രാപിക്കുന്നു
തേന ദേവി!	= അതുകൊണ്ടു് അല്ലയോദേവി! നിന്തിരുവടി
ലോകത്രയേ അപി	= മൂന്നുലോകത്തിലും
ഫലദാ നനു	= ഫലത്തെ കൊടുക്കുന്നവളാകുന്നു നിശ്ചയം

അല്ലയോ ദേവി! നിന്തിരുവടിയുടെ പ്രസാദം ഹേതുവായിട്ടു് പുണ്യവാനായ പുരുഷൻ ദിവസംപ്രതി അറുപതുനാഴികയും അത്യാദരവോടുകൂടി, സമസ്തങ്ങളായി ധൎമ്മംകൊണ്ടു് പ്രാപിക്കപ്പെടേണ്ടവയായി ഇരിക്കുന്ന ബ്രഹ്മയജ്ഞാദികൎമ്മങ്ങളെ ചെയ്യുന്നു. തന്നിമിത്തം സ്വർഗ്ഗത്തേയും മോക്ഷത്തേയും പ്രാപിക്കുന്നു. അതിനാൽ അല്ലയോ ദേവി! നിന്തിരുവടി മൂന്നുലോകത്തിലും ഫലത്തെ കൊടുക്കുന്നവളാകുന്നു. സംശയമില്ല.

ചതു—ധൎമ്മ്യാണി=ധൎമ്മത്തോടുകൂടിയ. അത്യാദൃതഃ=അതിശ്രദ്ധയോടുകൂടിയവനായിട്ടു്. സ്വൎഗ്ഗം=ബ്രഹ്മലോകംമുതലായ ലോകം. 'പ്രയാതി ച' എന്നതിലെ 'ച'കാരംകൊണ്ടു് മോക്ഷവും പ്രാപിക്കുന്നു എന്നു താല്പൎയ്യം. ഭവതിപ്രസാദാൽ=നിന്തിരുവടിയുടെ അനുഗ്രഹംകൊണ്ടു്;

ലോകത്രയേ=ഇഹത്തിലും, സ്വൎഗ്ഗത്തിലും, മോക്ഷത്തിലും,

അതിൽ, ഐഹികമായ ഫലം സൽക്കൎമ്മാചരണവും, സ്വൎഗ്ഗഫലം സുഖാനുഭവവും, മോക്ഷഫലം നിത്യാനന്ദവും ആകുന്നു "ലോകദ്വയേഽപി" എന്നു പാഠഭേദം. ഇഹലോകപരലോകങ്ങളിൽ എന്നൎത്ഥം.

ശാന്ത—അല്ലയോ ദേവി! നിന്തിരുവടിയുടെ പ്രസാദംനിമിത്തം പുണ്യവാനായ പുരുഷൻ, ദിനംതോറും എല്ലാസമയത്തും ഏററവും ആദരവോടുകൂടി സമസ്തങ്ങളായി ധൎമ്മംകൊണ്ടു് പ്രാപിക്കപ്പെടേണ്ടവയായി ശ്രുതിസ്മൃതിചോദിതങ്ങളായി ഇരിക്കുന്ന ബ്രഹ്മയജ്ഞാദികൎമ്മങ്ങളേയും സ്വൎഗ്ഗത്തിനുവേണ്ടി ജ്യോതിഷ്ടോമാദികളേയും ചെയ്യുന്നു. അതുഹേതുവായിട്ടു് സ്വൎഗ്ഗത്തെ പ്രാപിക്കുന്നു. ഇങ്ങനെ പിന്നെയും കൎമ്മം ചെയ്യുകയും പിന്നെയും സ്വർഗ്ഗത്തെ പ്രാപിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് അല്ലയോ ദേവി! ഭൂലോകത്തും സ്വർഗ്ഗലോകത്തും നിന്തിരുവടിതന്നെ ഫലംകൊടുക്കുന്നവളായി ഭവിക്കുന്നു.

നാഗോ—അല്ലയോ ദേവി! നിന്തിരുവടിയുടെ പ്രസാദംകൊണ്ടു് പൂൎവ്വജന്മത്തിൽ പുണ്യംചെയ്തവനായ യാതൊരുപുരുഷൻ ആ സുകൃതംകൊണ്ടുണ്ടായ നിന്തിരുവടിയുടെ പ്രസാദംനിമിത്തം നിത്യനൈമിത്തികാദികൎമ്മങ്ങളിൽ അതിശ്രദ്ധയോടുകൂടിയവനായിട്ടു് അറുപതു

നാഴികയും ധമ്മത്തോടുകൂടിയ സകലകമ്മങ്ങളേയും ചെയ്യുന്നുവോ ആ പുരുഷൻ പിന്നെ നിന്തിരുവടിയെ ഉദ്ദേശിച്ചു ചെയ്ത കമ്മങ്ങളിൽനിന്നു് അവിടുത്തെ പ്രസാദമുണ്ടായി, സ്വഗ്ഗത്തേയും, പിന്നെ ക്രമംകൊണ്ടു് മോക്ഷത്തേയും പ്രാപിക്കുന്നു. നിശ്ചയം. അതുകൊണ്ടു് നിന്തിരുവടി മൂന്നുലോകത്തിലും ഫലങ്ങളെ കൊടുക്കുന്നവളാകുന്നു.

ജഗ—ധമ്മ്യാണി...നന്ദ ദേവി തേന സ്വാഹാ— ഹന്ത

ഹന്ത. ദുർഗ്ഗേ സ്മൃതാ ഹരസി ഭീതിമശേഷജന്തോഃ
സ്വസ്ഥൈഃ സ്മൃതാമതിമതീവ ശുഭാം ദദാസി
ദാരിദ്ര്യദുഃഖഭയഹാരിണി കാ ത്വദന്യാ
സവ്വോപകാരകരണായ സദാർദ്രചിത്താ— വന്മർ

ദുർഗ്ഗേസ്മൃതാ	=	സങ്കടത്തിൽ സ്മരിക്കപ്പെട്ടാൽ
അശേഷജന്തോഃഭീതിം	=	സകല പ്രാണികളുടെയും ഭയത്തെ
ഹരസി	=	(നിന്തിരുവടി) നശിപ്പിക്കുന്നു.
സ്വസ്ഥൈഃ സ്മൃതാ	=	ഭയമില്ലാത്തവരാൽ സ്മരിക്കപ്പെട്ടാൽ
അതീവ ശുഭാം	=	ഏററവും ചതുവ്വഗ്ഗഫലസാധനഭൂതയായ
മതിം ദദാസി	=	ബുദ്ധിയെ ദാനംചെയ്യുന്നു.
ദാരിദ്ര്യദുഃഖഭയഹാരിണി!	=	ദാരിദ്ര്യദുഃഖഭയത്തെ നശിപ്പിക്കുന്നദേവി!
സവ്വോപകാര കരണായ	=	സവ്വപ്രാണികൾക്കും ഉപകാരം ചെയ്യുന്നതിനു്
സദാ ആർദ്രചിത്താ	=	എല്ലായ്പോഴും കൃപകൊണ്ടു് അലിഞ്ഞ ഹൃദയത്തോടുകൂടിയവൾ
ത്വദന്യാ കാ	=	നിന്തിരുവടിയെ വിട്ടു് മററാരാണു്?

അല്ലയോ ദേവി! സങ്കടത്തിൽ നിന്തിരുവടിയെ സ്മരിച്ചാൽ സകല ജന്തുക്കളുടേയും ഭയത്തെ നശിപ്പിക്കുന്നു. ഭയമില്ലാത്തവരാൽ സ്മരിക്കപ്പെട്ടാൽ ഏററവും ശുഭയായ ബുദ്ധിയെ കൊടുക്കുന്നു. ദാരിദ്ര്യദുഃഖഭയത്തെ നശിപ്പിക്കുന്ന അല്ലയോ ദേവി! സവ്വപ്രാണികൾക്കും ഉപകാരം ചെയ്യുന്നതിനു് എല്ലായ്പോഴും അലിഞ്ഞമനസ്സോടുകൂടിയവൾ നിന്തിരുവടിയല്ലാതെ വേറെ ആരാണു്?

ശാന്ത—അല്ലയോ ദുർഗ്ഗേ! നിന്തിരുവടി ഹൃദയംകൊണ്ടു് സ്മരിക്കപ്പെട്ടാൽ അസ്വസ്ഥന്മാരായ സവ്വപ്രാണികളുടേയും ഭയത്തെ നശിപ്പിക്കുന്നു. അല്ലയോ ദുർഗ്ഗേ! നിന്തിരുവടി സ്വസ്ഥന്മാരാൽ സ്മരിക്കപ്പെട്ടാൽ പുരുഷാത്ഥഫലങ്ങളെ സാധിപ്പിക്കുന്നബുദ്ധിയെ കൊടുക്കുന്നു. അല്ലെങ്കിൽ നിന്തിരുവടിയുടെ മന്ത്രം ജപിക്കുക, അവിടുത്തെ ധ്യാനിക്കുക, നമിക്കുക മുതലായവയ്ക്കുള്ള ശ്രദ്ധയെ കൊടുക്കുന്നു. അല്ലയോ ദാരിദ്ര്യദുഃഖംകൊണ്ടുള്ള ഭയത്തെ നശിപ്പിക്കുന്ന ദേവി! എല്ലാ

ഭക്തന്മാരിലും, അഭക്തന്മാരിലും, ഉദാസീനന്മാരിലും ശത്രുക്കളിൽകൂടി യും ഉപകാരം ചെയ്യുന്നതിന് എല്ലായ്പോഴും അലിഞ്ഞ മനസ്സോടുകൂ ടിയവരം നിന്തിരുവടിയെ വിട്ടു വേറെ ആരാണുള്ളതു്- ആരുമില്ലാ എന്നു താല്പൎയ്യം.

"അഗ്ന്യാദിതോ ഭയം ഹൎത്തും മതിം ദാതുമനന്തമാം
ദേവി ത്വദപരാ കാസ്തി സൎവ്വോപകൃതികാരിണീ" എന്നു്

സ്വൎഗ്ഗസ്ഥൈഃ=സ്വൎഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന ദേവന്മാരാൽ

നാഗോ—ദുൎഗ്ഗേ=സങ്കടത്തിൽ അല്ലെങ്കിൽ ഹേ ദുൎഗ്ഗേ! എന്നു സംബോധന.

ജഗ—ദുൎഗ്ഗേ സ്മൃതാ .... സ്വാൎദ്രചിത്താ സ്വാഹാ— ൧൮

൧൮. ഏഭിർഹതൈർജഗദുപൈതി സുഖം തഥൈതേ
കുൎവ്വന്തു നാമ നരകായ ചിരായ പാപം
സംഗ്രാമമൃത്യുമധിഗമ്യ ദിവം പ്രയാന്തു
മത്വേതി നൂനമഹിതാൻ വിനിഹംസി ദേവി ൨൩൫

ഏഭിഃ ഹതൈഃ	= ഈ അസുരന്മാർ ഹനിക്കപ്പെട്ടവരായിട്ടു്
ജഗൽ സുഖം ഉപൈതി	= ലോകം സുഖത്തെ പ്രാപിക്കട്ടെ
തഥാ ആമനരകായ	= അപ്രകാരം മഹാവ്യാധിപ്രധാനമായ
	= നരകത്തിനായിക്കൊണ്ടു്
ചിരായ പാപം ന കുൎവ്വന്തു	= വളരെക്കാലം പാപത്തെ ചെയ്യാതിരിക്കട്ടെ.
ഏതേ	= ഇവർ
സംഗ്രാമമൃത്യും അധിഗമ്യ	= യുദ്ധത്തിൽ മരണത്തെ പ്രാപിച്ചിട്ടു്
ദിവം പ്രയാന്തു	= സ്വൎഗ്ഗത്തെ പ്രയാണംചെയ്യട്ടെ.
ദേവി! ഇതി മത്വാ	= അല്ലയോ ദേവി ഇങ്ങനെ വിചാരിച്ചിട്ടു്
ത്വം അഹിതാൻ വിനിഹംസി	= നിന്തിരുവടി ശത്രുക്കളെ കൊല്ലുന്നു.
നൂനം	= നിശ്ചയം

അല്ലയോ ദേവി! ഈ മഹിഷാസുരാദികൾ ഹനിക്കപ്പെട്ടിട്ടു് ലോകം സുഖത്തെ പ്രാപിക്കട്ടെ. അപ്രകാരം കുഷ്ഠാദിമഹാവ്യാധിപ്ര ധാനമായ നരകത്തിനായിക്കൊണ്ടു് വളരെക്കാലം ഇവർ പാപംചെ യ്യാതിരിക്കട്ടെ. ഈ അസുരന്മാർ യുദ്ധത്തിൽ മരിച്ചിട്ടു് സ്വൎഗ്ഗത്തെ പ്രാപിക്കട്ടെ. നിന്തിരുവടി ഇങ്ങനെ വിചാരിട്ടു് ശത്രുക്കളെ ഹനി ക്കുന്നു; നിശ്ചയം.

ഇഷ്ട—ഈഷത്സഹാസം ഇത്യാദി രണ്ടു ശ്ലോകം കൊണ്ടു് പറ യപ്പെട്ടആശ്ചൎയ്യത്തെ ഈ ശ്ലോകവും അടുത്ത ശ്ലോകവുംകൊണ്ടു് പരിഹരിക്കുന്നു.

ശാന്ത—ഈ ദേവി സകല പ്രാണികൾക്കും ഉപകാരംചെയ്യുന്ന തിന്ന് ശ്രദ്ധയോടുകൂടി സദാ അലിഞ്ഞ മനസ്സുള്ളവളായിരിക്കുന്നു. എങ്കിൽ പിന്നെ എങ്ങിനെയാണ് അസുരന്മാരെ നിഗ്രഹിച്ചതു് എന്നുള്ളതിന്ന് സമാധാനംപറയുന്നു.

“കവന്തു” എന്നതുപോലെ ‘ഉപൈതു’ എന്നാണു പാഠം.

‘നാമ’ എന്നുള്ളതു് ശരിയായ പാഠമല്ല. ‘നാംബ’ എന്നാണ് പാഠം. ന അംബ, എന്നു പദച്ഛേദം. അങ്ങനെയാണെങ്കിൽ അല്ല യോ ദേവി! ഹേ അംബ! ഹേ സർവ്വജനനി! നിന്തിരുവടി സർവ്വോപകാര കരണത്തിന്നായിട്ട് സദാ കൃപാർദ്രചിത്തയായി ഭവിക്കുന്നു എന്നുള്ള തിന്ന് സംശയമില്ല—എന്നർത്ഥം.

എന്തുകൊണ്ടെന്നാൽ ജഗദ്ദ്രോഹികളായിരിക്കുന്ന ഈ മഹിഷാസു രാദികൾ നിന്തിരുവടിയാൽ യുദ്ധത്തിൽ ഹനിക്കപ്പെട്ടിട്ട ജഗത്തു് ഉപ ദ്രവത്തോടുകൂടാത്തതായി സുഖത്തെ പ്രാപിക്കട്ടെ. അപ്രകാരം, മൂന്നു ലോകങ്ങളേയും ഉപദ്രവിക്കുന്ന ഈ മഹിഷാസുരാദിശത്രുക്കൾ നരക ത്തിന്നായിട്ട് വളരെക്കാലം പാപംചെയ്യാതിരിക്കട്ടെ. യുദ്ധത്തിൽ മരണം സംഭവിച്ചിട്ട് വീര്യസ്വർഗ്ഗം പ്രാപിക്കട്ടെ. ഇങ്ങനെ വിചാ രിച്ച് നിന്തിരുവടി അനുഗ്രഹബുദ്ധിയോടുകൂടിത്തന്നെ മഹിഷാസുരാ ദിദൈത്യന്മാരെ നിഗ്രഹിക്കുന്നു; നിശ്ചയം.

നാഗോ—ഉപൈതി—എന്നുള്ളതു്, ഉപൈതു എന്ന അർത്ഥ ത്തിൽപ്രയോഗിച്ചിരിക്കുന്നു.

ദംശോ—‘നിശ്ചയമായിട്ടും അസുരാപകാരിണിയായ എനിക്കു് സർവ്വോപകാരിത്വം എങ്ങനെ പറയാം” എന്ന് ദേവിയുടെ ചോദ്യ ത്തിനുള്ള മറുപടിയാണ് ഈ ശ്ലോകം.

അസുരഹനനം കൊണ്ടു് ജഗദുപകാരത്തേയും, പാപികൾക്കും സ്വർഗ്ഗത്തെ ദാനംചെയ്യുതുകൊണ്ടു് ദൈത്യോപകാരത്തേയും കാണി ച്ചിരിക്കുന്നു.

ജഗ—എദ്ഭിർഹതൈ......വിനിഹംസിദേവി സ്വാഹാ ദൃഷ്ട്വ

ദൃഷ്ട്വ. ദൃഷ്ട്വൈവ കിം ന ഭവതീ പ്രകരോതി ഭസ്മ
സർവ്വാസുരാനരിഷു യൽ പ്രഹിണോഷി ശസ്ത്രം
ലോകാൻ പ്രയാന്തു രിപവോऽപി ഹി ശസ്ത്രപൂതാ
ഇത്ഥം മതിർഭവതി തേഷ്വഹിതേഷു സാധ്വീ ഉന്നു

ഭവതീസർവ്വാസുരാൻ = നിന്തിരുവടി സകല അസുരന്മാരേയും
ദൃഷ്ട്വാ ഏവ = ദർശനം കൊണ്ടു തന്നെ
ഭസ്മ കിം ന പ്രകരോതി = ഭസ്മമാക്കി ചെയ്യുന്നില്ലയോ?

അരിഷു	= (നിന്തിരുവടി) ശത്രുക്കളിൽ
ശസ്ത്രം പ്രഹിണോഷി	= ആയുധത്തെ പ്രയോഗിക്കുന്നു
യൽ രിപവഃ അപി	= എന്നതു് യാതൊന്നു് അതു് ശത്രുക്കളും
ശസ്ത്രപൂതാഃ	= ആയുധംകൊണ്ടു് ശുദ്ധന്മാരായിട്ടു്
ലോകാൻ പ്രയാന്തു	= സ്വർഗ്ഗാദി ലോകങ്ങളെ പ്രാപിക്കട്ടെ
ഇത്ഥം തേഷ്വഹിതേഷു	= ഇപ്രകാരം ആ ശത്രുക്കളിലും കൂടി
സാധ്വീമതിഃ ഭവതി	= (നിന്തിരുവടിക്കു) അനുഗ്രഹബുദ്ധി ഭവിക്കുന്നു
ഹി	= നിശ്ചയം.

അല്ലയോ ദേവി! നിന്തിരുവടിക്കു് ദർശനമാത്രത്താൽതന്നെ സകലഅസുരന്മാരേയും ഭസ്മമാക്കിച്ചെയ്യാൻ കഴിയുമെന്നിരിക്കെ അങ്ങനെ ചെയ്യാതെ അവരിൽ ആയുധത്തെ പ്രയോഗിക്കുന്നതു്, ശത്രുക്കളും ആയുധമേററു് ശുദ്ധന്മാരായിട്ടു് സ്വർഗ്ഗാദിലോകങ്ങളെ പ്രാപിക്കട്ടെ എന്നുള്ള നിന്തിരുവടിയുടെ അനുഗ്രഹബുദ്ധി ആ ശത്രുക്കളിലുംകൂടി ഭവിക്കുന്നതുകൊണ്ടാകുന്നു; നിശ്ചയം.

ഗുപ്ത — ശസ്ത്രപൂതന്മാർ=ശസ്ത്രധാരയാകുന്ന തീർത്ഥംകൊണ്ടു പരിശുദ്ധന്മാർ.

ചതു — ദൃഷ്ട്യാ = കണ്ണുകൊണ്ടു് അല്ലെങ്കിൽ ദർശനംകൊണ്ടു്.

ന കിം ഭസ്മ പ്രകരോതി	= ഭസ്മമാക്കിച്ചെയ്യാൻ ശക്തയായി ഭവിക്കുന്നില്ലയോ?—ഭവിക്കുന്നു എന്നു താല്പര്യം.
പൂതന്മാർ	= പാപം നശിച്ചവർ
സാധ്വീ	= പരോപകാരതല്പര

ശാന്ത — അല്ലയോ ദേവി! സകലഅസുരന്മാരേയും ക്രൂരദൃഷ്ടികൊണ്ടുതന്നെ ഭസ്മീകരിക്കുന്നില്ലയോ — ഭസ്മീകരിക്കുന്നു എന്നു താല്പര്യം. അങ്ങനെയാണെങ്കിലും നിന്തിരുവടി ശത്രുക്കളിൽ ആയുധത്തെ പ്രയോഗിക്കുന്നതു് "നിശ്ചയമായിട്ടും ശത്രുക്കളും യുദ്ധത്തിൽ ശസ്ത്രംകൊണ്ടു് ശുദ്ധന്മാരായി-ശസ്ത്രഹതന്മാരായിട്ടു്. കൃതപ്രായശ്ചിത്തന്മാരായി പാപങ്ങൾ നശിച്ചവരായിട്ട സ്വർഗ്ഗാദിഇഷ്ടലോകങ്ങളെപ്രാപിക്കട്ടെ" എന്നു് നിന്തിരുവടിക്കു് അവരിലുംകൂടിയുള്ള അനുഗ്രഹബുദ്ധിയാകുന്നു. പിന്നെ സ്വധർമ്മനിഷ്ഠന്മാരായ സാധുക്കളിലുള്ള നിന്തിരുവടിയുടെ അനുഗ്രഹബുദ്ധിയെക്കുറിച്ചു് പറയണമെന്നില്ലല്ലോ.

നാഗോ — ദർശനംകൊണ്ടുമാത്രം ഭസ്മീകരണയോഗ്യന്മാരായിരിക്കുന്ന അസുരന്മാരിൽ നിന്തിരുവടി ശസ്ത്രം പതിപ്പിക്കുന്നതു് അവർക്കു് ഉത്തമലോകപ്രാപ്തിക്കായിക്കൊണ്ടാകുന്നു. ഇങ്ങനെ ശത്രുക്കളിലും ഉപ

കാരികയായ നിന്തിരുവടിക്കു് ഭക്തന്മാരെക്കുറിച്ചുള്ള ഉപകാരസ്വഭാവം അവഗ്ണനീയംതന്നെ.

ദംശോ—"ഞാൻ ജഗദ്രക്ഷയ്ക്കായിക്കൊണ്ടു് ഈ മഹാസുരന്മാരെ നിഗ്രഹിക്കുമ്പോൾ നിങ്ങൾ സ്വർഗ്ഗാദിദാനംകൊണ്ടു് ഇവൎക്കു് ഉപകാരം ചെയ്യുന്നതിനാണു് എന്നു എങ്ങനെ നിൎണ്ണയിച്ചു" എന്നു ദേവിയുടെ ചോദ്യത്തിനുള്ള ഉത്തരമാകുന്നു ഈ ശ്ലോകം.

ജഗ—ദ്ദൃഷ്ട്വൈവ.....സാധ്വീ സ്വാഹാ ഫൻ.

ഫൻ, ഖഡ്ഗപ്രഭ നികരവിസ്ഫുരണൈസ്തഥോഗ്രൈഃ
ശൂലാഗ്രകാന്തി നിവഹേന ദൃശോഽസുരാണാം
യന്നാഗതാ വിലയമംശുമദിന്ദുഖണ്ഡ—
യോഗ്യാനനം തവ വിലോകയതാം തദേതൽ വന്ദ

തവ ഉഗ്രൈഃ	= നിന്തിരുവടിയുടെ ഉഗ്രങ്ങളായ
ഖഡ്ഗപ്രഭാനികരവി സ്ഫുരണൈഃ	= വാളിന്റെ കാന്തിസമൂഹത്തിന്റെ എല്ലായിടത്തുമുള്ള പ്രസരിപ്പുകൊണ്ടും
തഥാ	= അപ്രകാരം
ശൂലാഗ്രകാന്തിനിവഹേന	= ശൂലാഗ്രങ്ങളുടെ പ്രഭാസമൂഹംകൊണ്ടും
അംശുമദിന്ദുഖണ്ഡയോഗ്യാനനം	= അമൃതകിരണനായ അൎദ്ധചന്ദ്രനോടു കൂടിയ നിന്തിരുവടിയുടെ മുഖത്തെ
വിലോകയതാം	= നോക്കിക്കൊണ്ടിരിക്കുന്നവരായ
അസുരാണാം ദൃശഃ	= അസുരന്മാരുടെ കണ്ണുകൾ
വിലയം ന ആഗതാഃ	= വിനാശത്തെ പ്രാപിച്ചില്ലാ
യൽ	= എന്നതു് യാതൊന്നു്
തദേതൽ	= അതു യുക്തം തന്നെ.

അല്ലയോ ദേവി! നിന്തിരുവടിയുടെ ഉഗ്രങ്ങളായ, വാളിന്റെ കാന്തിസമൂഹങ്ങളുടെ എല്ലാദിക്കിലുമുള്ള പ്രസരിപ്പുകൾകൊണ്ടും അപ്രകാരംതന്നെ ശൂലാഗ്രങ്ങളുടെ കാന്തിസമൂഹംകൊണ്ടും അസുരന്മാരുടെ കണ്ണുകൾ പൊട്ടിപ്പോകാതിരുന്നതു്, ചന്ദ്രക്കലയോടുകൂടിയ നിന്തിരുവടിയുടെ മുഖത്തെ അവർ ദൎശിച്ചുകൊണ്ടിരുന്നതുകൊണ്ടാണു്.

ചതു—ശൂലാഗ്രം = ശ്രേഷ്ഠമായ ശൂലം.

ശാന്ത—അല്ലയോ ദേവി! യുദ്ധത്തിൽ, നിന്തിരുവടിയുടെ ഉഗ്രങ്ങളായ വാളിന്റെ കാന്തിസമൂഹത്തിന്റെ വിശേഷേണയുള്ള സ്ഫുരണങ്ങൾകൊണ്ടും അതുപോലെതന്നെ ഉഗ്രമായ ശൂലാഗ്രങ്ങളുടെ

കാന്തിസമൂഹംകൊണ്ടും അസുരന്മാരുടെ കണ്ണുകൾ വിനാശത്തെ പ്രാപിക്കാതെയിരുന്നതിന്ന് വേറെ ഒരു കാരണമുണ്ട്. അതായതു് സുധാംശുഖണ്ഡത്തോടുകൂടിയ നിന്തിരുവടിയുടെമുഖത്തെ നോക്കി ക്കൊണ്ടിരുന്നതാണ്. എന്നാൽ യുദ്ധത്തിൽ, അസുരന്മാർ നിന്തിരു വടിയുടെ ചന്ദ്രക്കലയോടുകൂടിയ മുഖത്തെ നോക്കിക്കൊണ്ടിരുന്നില്ലെ ങ്കിൽ ഉഗ്രങ്ങളായ വാളിൻെറ കാന്തിസമൂഹത്തിൻെറ പ്രസരിപ്പുകൾ കൊണ്ടും, അതുപോലെതന്നെ ഉഗ്രമായ ഉത്തമശൂലത്തിൻെറ കാന്തി സമൂഹംകൊണ്ടും അവർ നശിച്ച ദൃഷ്ടികളോടുകൂടിയവരായി തീരുമാ യിരുന്നു—എന്നു താല്പര്യം.

ശൂലാഗ്രം = ശൂലത്തിൻെറ മൂന്നു് അഗ്രങ്ങൾ.

ഭംശോ—വിശേഷിച്ചും, ഖഡ്ഗപ്രഭാനികരവിസ്ഫുരണം കൊണ്ടും, ശൂലാഗ്രകാന്തിനിവഹംകൊണ്ടും അസുരന്മാരുടെ കണ്ണുകൾ പൊട്ടിപ്പോകാതിരുന്നതു് യുക്തംതന്നെ. എന്തുകൊണ്ടെന്നാൽ അർദ്ധചന്ദ്രനോടുകൂടിയ നിന്തിരുവടിയുടെ മുഖത്തെനോക്കിക്കൊണ്ടി രുന്നതുകൊണ്ടാകുന്നു. (അല്ലെങ്കിൽ) അമൃതകിരണങ്ങളോടുകൂടിയ ശരൽക്കാലത്തുള്ള പൂർണ്ണചന്ദ്രനെക്കാൾ അധികാഹ്ലാദത്തെ ഉണ്ടാ ക്കുന്ന നിന്തിരുവടിയുടെ മുഖചന്ദ്രാവലോകനംകൊണ്ടു് ആഹ്ലാദ ത്തോടുകൂടിയ ശത്രുക്കളുടെ ദൃഷ്ടികൾക്കു് ദുസ്സഹമായ ഖഡ്ഗശൂലകാ ന്തികൾ സുസഹമായി ഭവിച്ചു—എന്നു താല്പര്യം.

ജഗ—ഖഡ്ഗപ്രഭാനികര......തദേതൽ സ്വാഹാ ൨൦

൨൦. ദുർവൃത്തവൃത്തശമനം തവ ദേവി! ശീലം
രൂപം തഥൈതദവിചിന്ത്യമതുല്യമന്യൈഃ
* വീര്യം ച ഹന്തൃഹൃതദേവപരാക്രമാണാം
വൈരിഷ്വപി പ്രകടിതൈവ ദയാ ത്വയേത്ഥം ൨൩൭

ദേവി!	= അല്ലയോ ദേവി!
തവ ശീലം	= നിന്തിരുവടിയുടെ സ്വാഭാവികമായഗുണം
ദുർവൃത്തവൃത്തശമനം	= ദുർജ്ജനങ്ങളുടെ ചേഷ്ടകളെ ഇല്ലാതാക്കുന്ന താകുന്നു.
തഥാ ഏതൽ രൂപം	= അപ്രകാരം ഈ രൂപം
അവിചിന്ത്യം	= മനസ്സുകൊണ്ടു വിചാരിക്കുവാൻകൂടി പാടി ല്ലാത്തതും
അന്യൈഃ	= മററുമനോഹരവസ്തുക്കളോടു്
അതുല്യം	= സാമ്യമില്ലാത്തതും ആകുന്നു
വീര്യം	= വീര്യമാകട്ടെ

* "ഹന്ത്രഹതദേവ" എന്നു പാഠഭേദം.

ഏതദേവപരാക്രമാണാം= അസുരന്മാരുടെ
ഹന്തൃ ച = ഘാതകമാകുന്നു
ഇത്ഥം വൈരിഷു അപി= ഇപ്രകാരം ശത്രുക്കളിലും കൂടി
ത്വയാ = നിന്തിരുവടിയാൽ
ദയാ പ്രകടിതാ = കൃപ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു
ഏവ = നിശ്ചയം

അല്ലയോ ദേവി! നിന്തിരുവടിയുടെ സ്വാഭാവികമായ ഗുണം ദുൎജ്ജനങ്ങളുടെ ചേഷ്ടകളെ ഇല്ലാതാക്കുന്നതും അതുപോലെ തന്നെ നിന്തിരുവടിയുടെ ഈ രൂപം മനസ്സുകൊണ്ടു വിചാരിക്കുവാൻകൂടി പാടില്ലാത്തതും മററുമനോഹരവസ്തുക്കളോടു സാമ്യമില്ലാത്തതും, നിന്തിരുവടിയുടെ വീൎയ്യം അസുരന്മാരുടെ ഘാതകവും ആകുന്നു. ഇപ്രകാരം നിന്തിരുവടി ശത്രുക്കളിലുംകൂടി കൃപ പ്രകാശിപ്പിച്ചിരിക്കുന്നു; നിശ്ചയം.

ചതു—ദയാ = ആയുധപ്രയോഗമാകുന്ന ദയ

പാപികളും ദേവിയുടെ ശസ്ത്രംകൊണ്ടു് ഹനിക്കപ്പെട്ടാൽ ശുദ്ധന്മാരായിത്തീരുന്നു എന്നുള്ളതു് പ്രസിദ്ധമാകുന്നു.

ശാന്ത—അല്ലയോ ദേവി! നിന്തിരുവടിയുടെശീലം ദുഷ്ടചരിത്രന്മാരായ പുരുഷന്മാരുടെ ചേഷ്ടകളെ നിവാരണം ചെയ്യുന്നതാകുന്നു.

അല്ലെങ്കിൽ—ദുർവൃത്തവൃത്തത്തെ = നരകലക്ഷണമായ ഫലത്തെ ശമിപ്പിക്കുന്നതാകുന്നു.

അതുപോലെ തന്നെ, അല്ലയോ ദേവി നിന്തിരുവടിയുടെ ഈ സൎവ്വസൗഭാഗ്യസൗന്ദൎയ്യഭാജനമായ രൂപം മനസ്സുകൊണ്ടു വിചാരിക്കുന്നതിനുപോലും അശക്യമായിട്ടു്, അന്യങ്ങളായിരിക്കുന്ന മനോഹരവസ്തുക്കളോടു് അസദൃശമായി ഭവിക്കുന്നു. അതുപോലെതന്നെ നിന്തിരുവടിയുടെ വീൎയ്യവും അസുരന്മാരുടെ ഘാതകമായി വൎത്തിക്കുന്നു.

അല്ലയോ ദേവി! ഇങ്ങനെ—മുൻപിൽ ശസ്ത്രപ്രയോഗത്തെപ്പററി പറഞ്ഞതുപോലെ നിന്തിരുവടിയുടെ കൃപ ശത്രുക്കളിലും കൂടി പ്രകാശിപ്പിച്ചിരിക്കുന്നു നിശ്ചയം.

നാഗോ—ദുർവൃത്തവൃത്തം = പാപം

ശീലം = സ്വാഭാവികമായ ഗുണം

അവിചിന്ത്യം = എങ്ങനെയുള്ളതാണു്? എന്ന ചിന്തയ്ക്കു് അവിഷയമായിട്ടുള്ളതു്.

ഇപ്രകാരമുള്ള രൂപബലങ്ങളോടുകൂടിയ നിന്തിരുവടി അസുരന്മാരെ ശസ്ത്രം പ്രയോഗിച്ചു് നിഗ്രഹിക്കുന്നതു് അവരുടെ പാപശാ

ന്തിക്കാകകൊണ്ടു് നിന്തിരുവടിയാൽ അവരിലും ഭയതന്നെ ചെയ്യപ്പെട്ടു എന്നു താല്പര്യം.

ജഗ—ദുർവൃത്തവൃത്ത......ത്വയേത്ഥം സ്വാഹാ .വ.ഫ

വ.ഫ. കേനോപമാ ഭവതു തേ/സ്യ പരാക്രമസ്യ
രൂപം ച ശത്രുഭയകാര്യതിഹാരി കുത്ര
ചിത്തേ കൃപാസമരനിഷ്ഠുരതാ ച ദൃഷ്ടാ
ത്വയ്യേവ ദേവി! വരദേ ഭുവനത്രയേ/പി— വമൻ

വരദേ! ദേവി!	= ഭക്തന്മാൎക്കു് ഇഷ്ടവരങ്ങളെ ദാനംചെയ്യുന്ന മഹാദേവി!
തേ അസ്യ പരാക്രമസ്യ	= നിന്തിരുവടിയുടെ ഈ പരാക്രമത്തിനു്
കേന ഉപമാ ഭവതു	= ഏതൊരുവസ്തുവിനോടുകൂടി ഉപമ ഭവിക്കട്ടെ?
ശത്രുഭയകാരി	= ശത്രുക്കൾക്കു ഭയത്തെ ഉണ്ടാക്കുന്നതായി
അതിഹാരി രൂപം ച	= അതിമനോഹരമായിരിക്കുന്നരൂപവും
കുത്ര?	= എവിടെ?
ചിത്തേ കൃപാ	= മനസ്സിൽ അനുകമ്പയും
സമരനിഷ്ഠുരതാ ച	= യുദ്ധത്തിൽ ക്രൌൎയ്യവും
ഭുവനത്രയേ/പി	= മൂന്നുലോകങ്ങളിലും
ത്വയി ഏവ ദൃഷ്ടാ	= നിന്തിരുവടിയിൽമാത്രം കാണപ്പെടുന്നു

ഭക്തന്മാൎക്കു് ഇഷ്ടവരങ്ങളെ എല്ലാം ദാനംചെയ്യുന്ന അല്ലയോ ദേവി! നിന്തിരുവടിയുടെ ഈ പരാക്രമത്തോടു് ഉപമിക്കത്തക്കതായി യാതൊരു വസ്തുവുമില്ല. ശത്രുക്കൾക്കു് ഭയത്തെ ഉണ്ടാക്കുന്നതും ഭക്തന്മാൎക്കു് അതിമനോഹരവും ആയ രൂപം നിന്തിരുവടിക്കല്ലാതെ വേറെ ഇല്ല. മനസ്സിൽ ദയയും യുദ്ധത്തിൽ ക്രൂരതയും മൂന്നുലോകങ്ങളിലും നിന്തിരുവടിയിൽ മാത്രം കാണപ്പെടുന്നു.

ശാന്ത—അല്ലയോ വരങ്ങളെ ദാനംചെയ്യുന്ന ദേവി! നിന്തിരുവടിയുടെ ഈ പരാക്രമത്തിനു ഏതൊരു വസ്തുവിനോടുകൂടി ഉപമഭവിക്കുന്നു? യാതൊന്നിനോടുംകൂടി ഉപമ ഭവിക്കുന്നില്ലെന്നൎത്ഥം. എന്തെന്നാൽ നിന്തിരുവടിയുടെ പരാക്രമം നിരുപമമായിട്ടുള്ളതാണു്.

ഹേ വരദേ ദേവി! ശത്രുക്കൾക്കു് ഭയത്തെ ഉണ്ടാക്കുന്നതും അന്യന്മാൎക്കു് അതിസുന്ദരവും ആയ രൂപവും നിന്തിരുവടിക്കുമാത്രമേയുള്ളു. വേറെ ആൎക്കും തന്നെയില്ല.

അപ്രകാരം അല്ലയോ ദേവി! മനസ്സിൽ കൃപയും, സമരനിഷ്ഠുരതയും ത്രൈലോക്യത്തിലും നിന്തിരുവടിയിൽ മാത്രമേ കാണപ്പെടുന്നുള്ളു—വേറെ ഒരുത്തരിലും കാണപ്പെടുന്നില്ലെന്നു താല്പൎയ്യം.

ജഗ—കേനോപമാ......ഭുവനത്രയേ ƒപി സ്വാഹാ ൨൨

൨൨. ത്രൈലോക്യമേതദഖിലം രിപുനാശനേന
ത്രാതം ത്വയാ സമരമൂർദ്ധനി തേ ƒപി ഹത്വാ
നീതാ ദിവം രിപുഗണാഭയമപ്യപാസ്ത
മസ്മാകമുന്മദസുരാരിഭവം നമസ്തേ ൧൮൦

ത്വയാ ഏതൽ ത്രൈലോക്യം	= നിന്തിരുവടിയാൽ ഈ മൂന്നു ലോകവും
രിപുനാശനേന അഖിലം	= ശത്രുനാശംകൊണ്ടു മുഴുവനും
ത്രാതം	= രക്ഷിക്കപ്പെട്ടു.
സമരമൂർദ്ധനി	= യുദ്ധഭൂമിയിൽ
രിപുഗണാ	= ശത്രുസമൂഹങ്ങൾ
ഹത്വാ തേ	= ഹനിക്കപ്പെട്ടിട്ടു് അവർ.
ദിവം നീതാഃ അപി	= സ്വർഗ്ഗത്തെ നയിക്കപ്പെട്ടുകയും ചെയ്തു.
ഉന്മദസുരാരിഭവം	= അത്യഹങ്കാരികളായരു സുരന്മാരിൽനിന്നുണ്ടായ
അസ്മാകം ഭയം അപി	= ഞങ്ങളുടെ ഭയവും
അപാസ്തം	= ദൂരികരിക്കപ്പെട്ടു
തേ നമഃ	= നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം

അല്ലയോ ദേവി! ഈ ത്രൈലോക്യം മുഴുവനും ശത്രുനാശംഹേതുവായിട്ടു് നിന്തിരുവടിയാൽ രക്ഷിക്കപ്പെട്ടു. ശത്രുഗണങ്ങൾ യുദ്ധഭൂമിയിൽ ഹനിക്കപ്പെട്ടിട്ടു് അവർ സ്വർഗ്ഗം പ്രാപിപ്പിക്കപ്പെട്ടു. വളരെ വർദ്ധിച്ച അഹങ്കാരത്തോടുകൂടിയ അസുരന്മാരിൽ നിന്നുണ്ടായ ഞങ്ങളുടെ ഭയവും നശിപ്പിക്കപ്പെട്ടു. അല്ലയോ സർവ്വജനനി നിന്തിരുവടിക്കായിക്കൊണ്ടു് നമസ്കാരം.

ശാന്ത—ഹേ ദേവി! നിന്തിരുവടിയാൽ ഈ ത്രൈലോക്യം രിപുനാശത്താൽ അഖിലമാകുംവണ്ണം രക്ഷിതമായി. അല്ലയോ ദേവി! നിന്തിരുവടിയാൽ യുദ്ധഭൂമിയിൽ രിപുഗണങ്ങളെ ഹനിച്ചിട്ടു് ആരിപുഗണങ്ങൾ സ്വർഗ്ഗത്തെ പ്രാപിതന്മാരായി. ഹേ ദേവി! നിന്തിരുവടിയാൽ ഞങ്ങളുടെ (ദേവന്മാരുടെ) മഹാഅഹങ്കാരികളായ അസുരന്മാരിൽ നിന്നുണ്ടായ ഭയവും ദൂരികരിക്കപ്പെട്ടു. അല്ലയോദേവി! സർവ്വജനനി! നിന്തിരുവടിക്കു നമസ്സു് ഭവിക്കട്ടെ. ലോകഹിതത്തെ ചെയ്യുന്നവർ നമസ്സിനെ അർഹിക്കുന്നു; നിശ്ചയം.

നാഗോ—"ചിത്തേകൃപാ" എന്നു് മുൻശ്ലോകത്തിൽ പറഞ്ഞതിനെ ഈ ശ്ലോകംകൊണ്ടു് വിവരിച്ചിരിക്കുന്നു.

"നമസ്തേ"എന്നതുകൊണ്ടു് നമസ്കാരത്തിൽകവിഞ്ഞ ഒരു പ്രത്യുപകാരത്തിനു ഞങ്ങൾക്കു സാമർത്ഥ്യമില്ലെന്നു ധ്വനിപ്പിച്ചിരിക്കുന്നു.

ജഗ—ത്രൈലോക്യ......ഭവം നമസ്തേ ൨൩

൨൩. ശൂലേന പാഹി നോ ദേവി! പാഹി ഖഡ്ഗേന ചാംബികേ!
ഘണ്ടാസ്വനേന നഃ പാഹി ചാപജ്യാനിസ്വനേന ച- ൨൪

ദേവി! = അല്ലയോ ദേവി!
ശൂലേന = ശൂലായുധംകൊണ്ടു്
നഃ പാഹി = ഞങ്ങളെ രക്ഷിച്ചാലും.
അംബികേ! = അല്ലയോ ലോകമാതാവേ!
ഖഡ്ഗേന ച = വാൾകൊണ്ടും രക്ഷിച്ചാലും.
ഘണ്ടാസ്വനേന = മണിനാദംകൊണ്ടും
ചാപജ്യാനിഃസ്വനേന ച = വില്ലിന്റെ ഞാണൊലികൊണ്ടും
നഃ പാഹി = ഞങ്ങളെ രക്ഷിച്ചാലും.

അല്ലയോ ദേവി! നിന്തിരുവടി ശൂലായുധംകൊണ്ടു് ഞങ്ങളെ രക്ഷിച്ചാലും. അല്ലയോ അംബികേ, വാൾകൊണ്ടും, മണിനാദം കൊണ്ടും വില്ലിന്റെ ഞാണൊലികൊണ്ടും ഞങ്ങളെ രക്ഷിച്ചാലും.

ശാന്ത—അല്ലയോദേവി! നിന്തിരുവടി ശൂലായുധംകൊണ്ടു ശത്രുക്കളിൽനിന്നു ഞങ്ങളെ രക്ഷിച്ചാലും. അല്ലയോ അംബികേ നിന്തിരുവടി വാൾകൊണ്ടും ഞങ്ങളെ രക്ഷിച്ചാലും. അല്ലയോ ദേവി! നിന്തിരുവടി മണിനാദംകൊണ്ടു് ഞങ്ങളെ ശത്രുക്കളിൽനിന്നും പാപത്തിൽനിന്നും രക്ഷിച്ചാലും. അല്ലയോ ദേവി! നിന്തിരുവടി വില്ലിന്മേൽ കെട്ടിവലിക്കുന്ന ഞാണിൽനിന്നുണ്ടാകുന്ന ശബ്ദത്താലും ഞങ്ങളെ ശത്രുക്കളിൽനിന്നു രക്ഷിച്ചാലും.

ജഗ—ശൂലേന...നിഃസ്വനേന ചസ്വാഹാ ൨൪.

൨൪. പ്രാച്യാം രക്ഷ പ്രതീച്യാം ച ചണ്ഡികേ! രക്ഷ ദക്ഷിണേ
ഭ്രാമണേനാത്മശൂലസ്യ ഉത്തരസ്യാം തഥേശ്വരി— ൨൫

ഈശ്വരി! = ഹേ! ഈശ്വരി!
ആത്മശൂലസ്യ = നിന്തിരുവടിയുടെ ശൂലായുധത്തിന്റെ
ഭ്രാമണേന = ചുററിക്കൽ കൊണ്ടു്
പ്രാച്യാം രക്ഷ = കിഴക്കെ ദിക്കിൽ രക്ഷിച്ചാലും.
ചണ്ഡികേ! = അല്ലയോ ചണ്ഡികേ!
തഥാ = അപ്രകാരം
പ്രതീച്യാം ദക്ഷിണേ = പടിഞ്ഞാറെദിക്കിലും തെക്കെ ദിക്കിലും
ഉത്തരസ്യാം ച രക്ഷ = വടക്കെ ദിക്കിലും രക്ഷിച്ചാലും.

അല്ലയോ ഈശ്വരി! നിന്തിരുവടിയുടെ ശൂലായുധത്തിന്റെ ചുററിക്കൽകൊണ്ടു് കിഴക്കേദിക്കിൽ ഞങ്ങളെ രക്ഷിച്ചാലും അപ്രകാരം, പടിഞ്ഞാറു്, തെക്കു് വടക്കു് ഈ ദിക്കുകളിലും രക്ഷിച്ചാലും.

ഗുപ്ത—'ഭ്രാമണേന' എന്നതുകൊണ്ടു' അഗ്ന്യാദികോണുകളിലും' താഴെയും മുകളിലുംകൂടി രക്ഷിച്ചാലും എന്നു് ധ്വനിപ്പിച്ചിരിക്കുന്നു.

ശാന്ത—അല്ലയോ ഈശ്വരപത്നി! അല്ലയോ ജഗദ്വ്യാപിനി! അല്ലയോ ചണ്ഡികേ! നിന്തിരുവടി അവിടുത്തെ ശൂലായുധത്തിൻെറ ചുററും ചക്രാകാരമായുള്ള പരിവത്തനംകൊണ്ടു് ദേവന്മാരായ ഞങ്ങളെ ശത്രുക്കളിൽനിന്നു് കിഴക്കേദിക്കിൽ രക്ഷിച്ചാലും. അല്ലയോ ഈശ്വരി! അല്ലയോ ചണ്ഡികേ! നിന്തിരുവടി പടിഞ്ഞാറേദിക്കിൽ ആത്മശൂലത്തിൻെറ ഭ്രമണംകൊണ്ടു് ഞങ്ങളെ ശത്രുക്കളിൽനിന്നു രക്ഷിച്ചാലും. ഹേ ഈശ്വരി! ഹേ അംബികേ! ആത്മശൂലത്തിൻെറ ഭ്രമണംകൊണ്ടു് തെക്കേദിക്കിൽ ഞങ്ങളെശത്രുക്കളിൽനിന്നു് രക്ഷിച്ചാലും. ഹേ ഈശ്വരി! ഹേ ചണ്ഡികേ! നിന്തിരുവടി ആത്മശൂലത്തിൻെറ ഭ്രമണംകൊണ്ടു് ഉത്തരദിക്കിൽ ഞങ്ങളെ ശത്രുക്കളിൽനിന്നു രക്ഷിച്ചാലും.

ഭ്രാമണം = പ്രദക്ഷിണമായി ചുററുക.

ജഗ—പ്രാച്യാം......തഥേശ്വരീ സ്വാഹാ— ൨൫

൨൬. സൗമ്യാനി യാനി രൂപാണി ത്രൈലോക്യേ വിചരന്തി തേ
യാനി ചാത്യത്ഥഘോരാണി തൈ രക്ഷാസ്മാം സ്തഥാ ഭുവം ൨൬

ത്രൈലോക്യേ തേ	= മൂന്നുലോകങ്ങളിലും നിന്തിരുവടിയുടെ
യാനി സൗമ്യാനി രൂപാണി	= യാവ ചില സുന്ദരങ്ങളായ രൂപങ്ങളും
യാനി	= യാവ ചില
അത്യത്ഥഘോരാണി രൂപാണി ച	= ഏററവും ഭയങ്കരങ്ങളായ രൂപങ്ങളും
വിചരന്തി	= വിശേഷേണ സഞ്ചരിക്കുന്നുവോ
തൈഃ അസ്മാൻ	= അതാതു രൂപങ്ങളെക്കൊണ്ടു് ഞങ്ങളേയും
തഥാ ഭുവം രക്ഷ	= അപ്രകാരം ഭൂമിയേയും രക്ഷിച്ചാലും.

അല്ലയോ ദേവി! മൂന്നുലോകങ്ങളിലും നിന്തിരുവടിയുടെ, സൗമ്യങ്ങളായും ഏററവും ഭയങ്കരങ്ങളായും ഉള്ള ഏതേതുരൂപങ്ങൾവിശേഷേണ സഞ്ചരിക്കുന്നുണ്ടോ അതാതു രൂപങ്ങളെക്കൊണ്ടു് ഞങ്ങളേയും അതു പോലെതന്നെ ഭൂലോകത്തേയും രക്ഷിച്ചാലും

ചതു—സൗമ്യങ്ങൾ = സൃഷ്ടിസ്ഥിതികളെ ചെയ്യുന്നവ
അത്യത്ഥഘോരങ്ങൾ=സംഹാരത്തെ ചെയ്യുന്നവ.
"അത്യന്തഘോരാണി" എന്നു പാഠഭേദം *

ശാന്ത—അല്ലയോ ദേവി! മൂന്നുലോകങ്ങളിലും, നിന്തിരുവടിയുടെയാവ ചില സുന്ദരങ്ങളായും പ്രസന്നങ്ങളായും ഇരിക്കുന്ന രൂപങ്ങൾ

* ഈ പാഠം ശാന്തനവീവ്യാഖ്യാതാവും സമ്മതിച്ചിട്ടുണ്ടു്.

വിഹരിക്കുന്നുവോ, യാവ ചില അത്യന്തഭയങ്കരങ്ങളായിരിക്കുന്ന രൂപങ്ങളും വിഹരിക്കുന്നുവോ, അതാതുരൂപങ്ങളോടുകൂടിയിരിക്കുന്ന . നിന്തിരുവടി അതാതുരൂപങ്ങളെക്കൊണ്ടു് ദേവന്മാരായ ഞങ്ങളേയും അതുപോലെതന്നെ ആ രണ്ടുവിധരൂപങ്ങളെക്കൊണ്ടും ഭൂലോകത്തേയും രക്ഷിച്ചാലും.

"ച"കാരം കൊണ്ടു് ആ രൂപങ്ങളെക്കൊണ്ടുതന്നെ പാതാളത്തേയും രക്ഷിച്ചാലും എന്നർത്ഥം

"അനുഗൃഹ്ണാതി യാൻദേവീ തേഷാം സൌമ്യാ ജഗന്മയി
നാനുഗൃഹ്ണാതി യാൻ ദേവീ തേഷാം ഘോരാ ജഗന്മയീ" എന്നു്

ജഗ—സൌമ്യാനി......സ്തുഥാ ഭുവം സ്വാഹാ ൨൯

൨൯. ഖഡ്ഗശൂലഗദാദീനി യാനി ചാസ്ത്രാണി തേ/ംബികേ
കരപല്ലവസംഗീനി തൈരസ്മാൻ രക്ഷ സർവ്വതഃ ൨൰൪

അംബികേ	= അല്ലയോ അംബികേ
തേ കരപല്ലവസംഗീനി	= നിന്തിരുവടിയുടെ തളിരുപോലെയിരിക്കുന്ന കരങ്ങളിലുള്ള
യാനി	= യാവ ചില
ഖഡ്ഗശൂലഗദാദീനി	= വാൾ, ശൂലം ഗദ മുതലായവയും
അസ്ത്രാണി ച	= അസ്ത്രങ്ങളും ഭവിക്കുന്നു?
തൈഃ സർവ്വതഃ	= അവയെക്കൊണ്ടു് എല്ലായിടത്തും
അസ്മാൻ രക്ഷ	= ഞങ്ങളെ രക്ഷിച്ചാലും.

അല്ലയോ ദേവി! നിന്തിരുവടിയുടെ പല്ലവങ്ങൾപോലെയിരിക്കുന്ന കൈകളിൽ ചേൎന്നിരിക്കുന്ന വാൾ, ശൂലം, ഗദ മുതലായ ആയുധങ്ങളെക്കൊണ്ടും അസ്ത്രങ്ങളെക്കൊണ്ടും നിന്തിരുവടി എല്ലായിടത്തും ഞങ്ങളെ രക്ഷിച്ചാലും.

ശാന്ത—അല്ലയോ ലോകമാതാവേ! നിന്തിരുവടിയുടെ കരപല്ലവത്തിൽ ചേൎന്നിരിക്കുന്ന ഖഡ്ഗം, ശൂലം, ഗദ, മുതലായ യാവ ചില ആയുധങ്ങളുണ്ടോ അവയെക്കൊണ്ടും, യാവ ചില അസ്ത്രങ്ങളുണ്ടോ അവയെക്കൊണ്ടും ത്വദേകശരണന്മാരായിരിക്കുന്ന ഞങ്ങളെ ദുഃഖത്തിൽനിന്നും, പാപത്തിൽനിന്നും, ശത്രുക്കളിൽനിന്നും രക്ഷിച്ചാലും..

ജഗ—ഖഡ്ഗശൂല......സർവ്വതഃ സ്വാഹാ ൨൧

ഋഷിരുവാച ൨൰൭

൨൧. ഏവം സ്തുതാ സുരൈർദ്ദിവ്യൈഃ കുസുമൈർ നന്ദനോത്ഭവൈഃ
അൎച്ചിതാ ജഗതാം ധാത്രീ തഥാ ഗന്ധാനുലേപനൈഃ—൨൰൯

ഋഷി പറഞ്ഞു

ഏവം = ഇപ്രകാരം
ജഗതാം ധാത്രി = ജഗത്തിനെ ഭരിക്കുന്നവളായ ദേവി
സുരൈഃ സ്തുതാ = ദേവന്മാരാൽ സ്തുതിക്കപ്പെട്ടവളായിട്ടു്
ദിവ്യൈഃ = ദിവ്യങ്ങളായി
നന്ദനോത്ഭവൈഃ കുസുമൈഃ } = നന്ദനോദ്യാനത്തിൽ ഉണ്ടായവകളായിരിക്കുന്ന പുഷ്പങ്ങളെക്കൊണ്ടും
തഥാ ദിവ്യൈഃ = അപ്രകാരം തന്നെ ദിവ്യങ്ങളായ
ഗന്ധാനുലേപനൈഃ = ഗന്ധാനുലേപനങ്ങളെക്കൊണ്ടും
അർച്ചിതാ = ആരാധിക്കപ്പെട്ടു.

ഇപ്രകാരം ജഗന്മാതാവായ ദേവി ദേവന്മാരാൽ സ്തുതിക്കപ്പെട്ടകയും, ദിവ്യങ്ങളായി നന്ദനോദ്യാനത്തിൽ ഉണ്ടായവയായിരിക്കുന്ന കുസുമങ്ങളെക്കൊണ്ടും അപ്രകാരം ദിവ്യങ്ങളായ സുഗന്ധദ്രവ്യങ്ങളെക്കൊണ്ടും അംഗരാഗങ്ങളെക്കൊണ്ടും ആരാധിക്കപ്പെട്ടുകയുംചെയ്തു.

ശാന്ത—മുൻപറഞ്ഞതുപോലെ ജഗത്തുകളെ പോഷിപ്പിക്കുന്നവളായ ദേവി, ദേവന്മാരാൽ സ്തുതിക്കപ്പെട്ടുകയും, അനന്തരം ദേവലോകത്തിൽ നന്ദനോദ്യാനത്തിലുണ്ടായ പുഷ്പങ്ങളെക്കൊണ്ടും അതുപോലെതന്നെ ദിവ്യങ്ങളായിരിക്കുന്ന സുഗന്ധവസ്തുക്കളെകൊണ്ടും കുറിക്കൂട്ടുകളെക്കൊണ്ടും ആരാധിക്കപ്പെട്ടുകയുംചെയ്തു.

"കുങ്കുമാഗരു കസ്തൂരികർപ്പൂരം ചന്ദനം തഥാ
മഹാസുഗന്ധമിത്യുക്തം നാമ്നാ സ്യാദ്യക്ഷകർദ്ദമഃ" എന്നു്

അനുലേപനം = അംഗരാഗം (കുറിക്കൂട്ടു്)

ജഗ—ഋഷിരുവാച സ്വാഹാ ൩൫
ഏവം സ്തുതാ......ലേപനൈഃ സ്വാഹാ ൩൬

൩൫. ഭക്ത്യാ സമസ്തൈസ്ത്രിദശൈർദ്ദിവ്യൈർധൂപൈഃ സുധൂപിതാ *
പ്രാഹ പ്രസാദസുമുഖീ സമസ്താൻ പ്രണതാൻ സുരാൻ ൩൭

സമസ്തൈഃ ത്രിദശൈഃ = എല്ലാ ദേവന്മാരാലും
ഭക്ത്യാ ദിവ്യൈഃ = ഭക്തിയോടുകൂടി സ്വർഗ്ഗത്തിൽ ഉണ്ടായ
ധൂപൈഃ സുധൂപിതാ = ധൂപങ്ങളെക്കൊണ്ടു് നല്ലവണ്ണം ധൂപിക്കപ്പെട്ട ദേവി
പ്രസാദസുമുഖീ = പ്രസന്നവദനയായിട്ടു്
പ്രണതാൻ = നമസ്കരിച്ചുകൊണ്ടിരിക്കുന്ന
സമസ്താൻ സുരാൻ പ്രാഹ = സകല ദേവന്മാരോടും പറഞ്ഞു.

---

* "ധൂപൈസ്തു ധൂപിതാ" എന്നു പാഠഭേദം.

എല്ലാദേവന്മാരാലും ഭക്തിയോടുകൂടി, ദിവ്യങ്ങളായ ധൂപങ്ങളെക്കൊണ്ടു നല്ലവണ്ണം ധൂപിക്കപ്പെട്ടവളായദേവി പ്രസന്നവദനയായിട്ട് നമസ്കരിച്ചുകൊണ്ടിരിക്കുന്ന ഇന്ദ്രാദിസകലദേവന്മാരോടും പറഞ്ഞു.

ചതു—ദിവ്യങ്ങൾ = മനോഹരങ്ങൾ, പ്രസാദസുമുഖി = കൃപകൊണ്ട് ശോഭനമായ മുഖത്തോടുകൂടിയവൾ, പ്രണതന്മാർ = ശരണാഗതന്മാർ.

ശാന്ത—അഖിലന്മാരായ ദേവന്മാരാലും ഭക്തിയോടുകൂടി ദിവ്യങ്ങളായ ഗന്ധാദി ഉത്തമധൂപങ്ങളെക്കൊണ്ട് നല്ലവണ്ണം പൂജിക്കപ്പെട്ടവളായ ദേവി പ്രസന്നവദനയായിട്ട്, ആ പ്രണതന്മാരായ ഇന്ദ്രാദി സമസ്തദേവന്മാരോടും ഇങ്ങനെപറഞ്ഞു.

നാഗോ—ഭക്ത്യാ = ഭക്തിയോടുകൂടി. ഭക്തി = മനഃപൂർവ്വപ്രേമത്തോടുകൂടിയുള്ള ഭജനം.

ജഗ—ഭക്ത്യാ...സുരാൻ സ്വാഹാ— ൩൦

ദേവ്യുവാച—ഹർവ്വ.

ഹൻ, വ്രിയതാം ത്രിദശാഃ സർവ്വേ യദസ്മത്തോഽഭിവാഞ്ഛിതം—ഹർൻ.

ദേവി പറഞ്ഞു.

സർവ്വേ ത്രിദശാഃ! = അല്ലയോ സകലന്മാരായ ദേവന്മാരേ!

അസ്മത്തഃ = എങ്കൽനിന്ന്

അഭിവാഞ്ഛിതം യൽ= ആഗ്രഹിക്കപ്പെട്ട യാതൊരുകാര്യം ഭവിക്കുന്നുവോ

വ്രിയതാം = അതിനെ വരിച്ചാലും

അല്ലയോ സകലന്മാരായ ദേവന്മാരേ! എങ്കൽനിന്ന് നിങ്ങൾ യാതൊരു ഇഷ്ടവരത്തെ ആഗ്രഹിക്കുന്നുവോ അതിനെ വരിച്ചാലും.

ചതു—"വ്രിയതാം"എന്ന ഈ അൎദ്ധശ്ലോകാനന്തരം * "ദദാമ്യഹമതിപ്രീത്യാസ്തവൈരേഭിഃ സുപൂജിതാ" എന്ന് ഒരു അൎദ്ധശ്ലോകം കൂടിയുണ്ട്.

ശാന്ത—ദേവന്മാരായ നിങ്ങൾക്കെല്ലാം എങ്കൽനിന്ന് അഭിലഷിതമായി യാതൊരുവസ്തുഭവിക്കുന്നുവോ അതിനെ പ്രാൎത്ഥിച്ചാലും. ഞാൻ തരുന്നുണ്ട്.

"യത്തന്മത്തോഭിവാഞ്ഛിതം" എന്നു പാഠഭേദം.

"യദസ്മത്തോഭിവാഞ്ഛിതം" എന്ന പാഠത്തിൽ അസ്മത്തഃ=ദേവിയിൽ നിന്ന് വ്രിയതാം = വരിച്ചാലും—ഞാൻ തരുന്നുണ്ട്—എ

---

* ഈ അൎദ്ധശ്ലോകത്തെ ശാന്തനവീവ്യാഖ്യാതാവും സ്വീകരിച്ചിട്ടുണ്ട്. ഗുപ്തവതിയും, നാഗോജീഭട്ടീയും സ്വീകരിച്ചിട്ടില്ല.

ന്നു് വചനചാതുൎയ്യം സ്഼ഫുരിക്കുന്നു. എങ്ങനെയെന്നാൽ ബഹുവാക്കുകളെക്കൊണ്ടു് സ്തുതിക്കപ്പെട്ട സ്തുതിക്കു് അല്പവാക്കുകളെക്കൊണ്ടു ഉപസംഹരിച്ചിട്ടുള്ള മറുപടി, വാക്കുകളുടെ യുക്തിസാമൎത്ഥ്യത്തെ അറിയുന്നവൎക്കു് ആശ്ചൎയ്യത്തെ ജനിപ്പിക്കുന്നതാകുന്നു.

"ദദാമ്യഹമതിപ്രീത്യാ" എന്നതിനു്, "ദദാമ്യഹമതിപ്രീതാ" എന്നു് പാഠഭേദം. അല്ലയോ സൎവ്വന്മാരായ ദേവന്മാരേ! നിങ്ങളാൽ ചെയ്യപ്പെട്ട ഈ സ്തോത്രങ്ങളെക്കൊണ്ടു് ഏററവും പൂജിതയായ ഞാൻ അതിപ്രീതയായി ഭവിക്കുന്നു.

ദദാമ്യഹ......സുപൂജിതാ—എന്ന അൎദ്ധശ്ലോകാനന്തരം

§ "കൎത്തവ്യമപരം യച്ച ദുഷ്കൃതം തന്നിവേദ്യതാം

ഇത്യാകൎണ്ണ്യ വചോ ദേവ്യാഃ പ്രത്യൂചുസ്തേ ദിവൌകസഃ" എന്നു് ഒരു ശ്ലോകംകൂടിയുണ്ടു്.

അല്ലയോ ദേവന്മാരേ! നിങ്ങൾക്കുവേണ്ടി ഇനിയും ഞാൻ ചെയ്യപ്പെടേണ്ടതായിട്ടോ നിങ്ങളാൽ ദുസ്സാദ്ധ്യമായിട്ടോ യാതൊരുകാൎയ്യം ഉണ്ടോ അതിനെ എന്നോടു അറിയിച്ചാലും—ഞാൻ ഇപ്പോൾ ചെയ്ത മഹിഷാസുരവധംകൂടാതെ വേറെവല്ല കാൎയ്യവും ഉണ്ടെങ്കിൽ അതിനേയും സാധിച്ചുതരാം എന്നു താല്പൎയ്യം. ഇങ്ങനെ ദേവിയുടെ വാക്കിനെ കേട്ടിട്ടു് ആ ഇന്ദ്രാദികളായ ദേവന്മാർ ഉത്തരം പറഞ്ഞു.

ജഗ—ദേവ്യുവാച സ്വാഹാ— ൩൧

പ്രിയതാം......വാഞ്ഛിതം സ്വാഹാ— ൩൨

ദേവാ ഊചുഃ—൨൦.

ഭഗവത്യാ കൃതം സൎവ്വം ന കിഞ്ചിദവശിഷ്യതേ— ൨൦൧

൩൦. യദയം നിഹതഃ ശത്രുരസ്മാകം മഹിഷാസുരഃ

* യദി വാപി വരോ ദേയസ്ത്വയാസ്മാകം മഹേശ്വരി!— ൨൦൨

൩൧. സംസ്മൃതാ സംസ്മൃതാത്വം നോ ഹിംസേഥാഃ പരമാപദഃ

ദേവന്മാർ പറഞ്ഞു:

യൽ	= യാതൊന്നു ഹേതുവായിട്ടു്
അസ്മാകം ശത്രുഃ	= ഞങ്ങളുടെ ശത്രുവായ
അയം മഹിഷാസുരഃ	= ഈ മഹിഷാസുരൻ
നിഹതഃ	= ഹനിക്കപ്പെട്ടുവോ അതുഹേതുവായിട്ടു്
ഭഗവത്യാ	= ഭഗവതിയായ നിന്തിരുവടിയാൽ
സൎവ്വം കൃതം	= സൎവ്വവും ചെയ്യപ്പെട്ടു

§ ഈ ശ്ലോകം ശന്തനവീവ്യാഖ്യാതാവല്ലാതെ മററാരും സ്വീകരിച്ചിട്ടില്ല.

* "യദിചാപി" എന്നു പാഠഭേദം.

ന കിഞ്ചിദവശിഷ്യതേ	= ഒട്ടുംതന്നെ ശേഷിച്ചിട്ടില്ല.
മഹേശ്വരി!	= അല്ലയോ മഹേശ്വരി!
ത്വയാ അസ്മാകം	= നിന്തിരുവടിയാൽ ഞങ്ങൾക്ക്
വരഃ ദേയഃ യദി വാ അപി	= വരം ദാനംചെയ്യപ്പെടണമെന്നുണ്ടെങ്കിൽ
ത്വം	= നിന്തിരുവടി
സംസ്മൃതാ സംസ്മൃതാ	= സ്മരിക്കപ്പെട്ടവളായിട്ട് സ്മരിക്കപ്പെട്ടവളായിട്ട്
നഃ പരമാപദഃ ഹിംസേഥാഃ	= ഞങ്ങളുടെ അത്യാപത്തുകളെ നശിപ്പിച്ചാലും,

ഞങ്ങളുടെ ശത്രുവായ മഹിഷാസുരനെ വധിച്ചതുനിമിത്തം, ഭഗവതിയായ നിന്തിരുവടി ഞങ്ങൾക്കു ചെയ്യേണ്ടതു് സർവ്വം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇനി ഒന്നുംതന്നെ ചെയ്യേണ്ടതായിട്ടില്ല. അല്ലയോ മഹേശ്വരി! നിന്തിരുവടി ഇനിയും ഞങ്ങൾക്കു വരം തരണമെന്നു വിചാരിക്കുന്നുഎങ്കിൽ ഞങ്ങൾ നിന്തിരുവടിയെ സ്മരിക്കുമ്പോഴെല്ലാം ഞങ്ങളുടെ അത്യന്താപത്തുകളെ നിശിപ്പിച്ചാലും.

ശാന്ത—അല്ലയോ ദേവി! യാതൊരു കാരണത്താൽ ഭഗവതിയായനിന്തിരുവടിയാൽ ദേവന്മാരായ ഞങ്ങളുടെ ശത്രുവായ ഈ മഹിഷാസുരൻ എന്നവൻ ഹനിക്കപ്പെട്ടുവോ ആ കാരണത്താൽ നിന്തിരുവടിയാൽ ഞങ്ങൾക്കു് സർവ്വപ്രയോജനവും സാദ്ധ്യമായി. ഒരു കാര്യവും ശേഷിക്കുന്നില്ല. ഒരു ശത്രുവും ശേഷിച്ചിട്ടുമില്ല. അല്ലയോ മഹേശ്വരപത്നി! നിന്തിരുവടി ത്വദനുഗ്രഹജീവികളായ ഞങ്ങൾക്കു ഇനിയും വരം ദാനംചെയ്യാൻ വിചാരിക്കുന്നുഎങ്കിൽ പരമാപത്തുകളിൽ ഞങ്ങളാൽ പിന്നെയും പിന്നെയും ധ്യാനം ചെയ്യപ്പെട്ടവളായിട്ടു് ഞങ്ങൾക്കുള്ള അത്യന്താപത്തുകളെ എല്ലാം (അത്യന്താപത്തുകൾ ആരിൽ നിന്നുണ്ടാകുന്നുവോ ആ മഹാസുരന്മാരെ എല്ലാം) നശിപ്പിച്ചാലും.

നാഗോ—'ഹിംസേഥാഃ' എന്ന പ്രയോഗം ആർഷമാകുന്നു.

ജഗ—ദേവാ ഊചുഃ സ്വാഹാ— ൩൩

ഭഗവതാകൃതം......ശിഷ്യതേ സ്വാഹാ— ൩൪

യദയം.........മഹേശ്വരി സ്വാഹാ— ൩൫

യശ്ച മർത്ത്യഃ സ്തവൈരേഭിസ്ത്വാം സ്തോഷ്യത്യമലാനനേ! ൩൬

൩൫. തസ്യവിത്തർദ്ധിവിഭവൈർ ധനദാരാദിസമ്പദാം

വൃദ്ധയേഽസ്മൽ പ്രസന്നാത്വം ഭവേഥാഃ സർവ്വദാംബികേ! ൩൭.

അമലാനനേ അംബികേ!	= പ്രസന്നവദനയായ ലോകമാതാവേ!
യഃ മർത്ത്യഃ ച	= യാതൊരു മനുഷ്യനും

ഏഭിഃ സ്തവൈഃ	= ഈ സ്തോത്രങ്ങളെക്കൊണ്ടു്
ത്വാം സ്തോഷ്യതി	= നിന്തിരുവടിയെ സ്തുതിക്കുന്നുവോ
അസ്മൽപ്രസന്നാ	= ഞങ്ങളിൽ പ്രസാദിച്ചവളായിട്ടു്
ത്വം തസ്യ	= നിന്തിരുവടി ആ മനുഷ്യന്റ്
വിത്തർദ്ധിവിഭവൈഃ	= ജ്ഞാനം, സമൃദ്ധി, ഐശ്വര്യം ഇവകളോട്ടുകൂടി
ധനദാരാദിസമ്പദാം	= ധനം, ദാരങ്ങൾ മുതലായ സമ്പത്തുകളുടെ
വൃദ്ധയേ	= അഭിവൃദ്ധിക്കായിക്കൊണ്ടു്
സർവ്വദാ ഭവേഥാഃ	= എല്ലായ്പ്പോഴും ഭവിച്ചാലും.

അല്ലയോ പ്രസന്നവദനയായ ലോകമാതാവേ! ഈ സ്തോത്രങ്ങളെക്കൊണ്ടു് നിന്തിരുവടിയെ സ്തുതിക്കുന്നമനുഷ്യന്നു്, ഞങ്ങളിൽ പ്രസന്നയായിരിക്കുന്ന നിന്തിരുവടി, ജ്ഞാനം, സമൃദ്ധി, ഐശ്വര്യം ഇവകളോട്ടുകൂടിയ ധനദാരാദിസമ്പത്തുകളുടെ അഭിവൃദ്ധിക്കായിക്കൊണ്ടു് സദാ ഭവിച്ചാലും.

ഗുപ്ത—നിന്തിരുവടി പ്രസന്നയായിഭവിച്ചു് സർവ്വദയായി=ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്നസർവ്വപുരുഷാർത്ഥങ്ങളേയും ദാനംചെയ്യുന്നവളായി ഭവിച്ചാലും—സ്തുതിക്കുന്ന മർത്ത്യന്റെ അപരാധങ്ങൾനിമിത്തം അവനിൽ കോപിക്കരുതെന്നു താല്പര്യം.

ചതു—വിത്തർദ്ധിവിഭവം=വിത്തം=ജ്ഞാനം. ഋദ്ധി=സമൃദ്ധി. വിഭവം=ഐശ്വര്യം.

ധനദാരാദി എന്നതിലെ ആദിശബ്ദത്തിൽ പുത്രാദികളും, നിലം പുരയിടം മുതലായവയും ഉൾപ്പെട്ടും.

ശാന്ത—അല്ലയോ പ്രസന്നവദനേ! അല്ലയോ ലോകമാതാവേ! നിന്തിരുവടി ഞങ്ങളാൽ പ്രാപിക്കപ്പെട്ടവളായി, പ്രണതയായി, സേവിതയായിട്ടു് വരദയായി ഭവിക്കുന്നു. അതുനിമിത്തം യാതൊരു മനുഷ്യൻ ദേവന്മാരായ ഞങ്ങളാൽ ത്വദ്വിഷയമായി സ്തുതിക്കപ്പെട്ട മുൻപറഞ്ഞ സ്തോത്രങ്ങളെക്കൊണ്ടു് നിന്തിരുവടിയെ ഭക്തിയോട്ടുകൂടി സ്തുതിക്കുന്നുവോ ആ മനുഷ്യന്നു് ജ്ഞാനം, ഋദ്ധി, ഐശ്വര്യം ഇവകളോട്ടുകൂടിയ ധനദാരാദിസമ്പത്തുകളുടെ എല്ലായ്പ്പോഴുമുള്ള വൃദ്ധിക്കായിക്കൊണ്ടു് ഭവിച്ചാലും.

ഈ സ്തോത്രം വേദത്തിനു തുല്യമാകുന്നു.

വിത്തർദ്ധിവിഭവം=അർത്ഥത്തിന്റെ സമൃദ്ധിയുടെ ഉത്ഭവം.

ധനദാരാദി സമ്പദാം=ധനം ദാരങ്ങൾ മുതലായ സമ്പത്തുകളുടെ. ധനം=പശു, എരുമ, കുതിര മുതലായതു്. ദാരങ്ങൾ=പത്നികൾ

ആദിശബ്ദംകൊണ്ടു് "സേവകാദികളുടെ" എന്നു് അൎത്ഥം ഗ്രഹിക്കണം. സമ്പദാം=സമ്പത്തുകളുടെ=ക്ഷേത്രാരാമധാന്യപുത്രമിത്രാദിസമ്പത്തുകളുടെ.

ജഗ—സംസ്മൃതാ......ത്യമലാനനേ സ്വാഹാ ൩൩

തസ്യ വിത്തൎദ്ധി......സൎവ്വാംബികേ സ്വാഹാ ൩൪

ഋഷിരുവാച—൨൭

൩൫,ഇതി പ്രസാദിതാ ദേവൈൎജ്ജഗതോഽൎത്ഥേ തഥാത്മനഃ

തഥേത്യുക്ത്വാ ഭദ്രകാളീ ബഭൂവാന്തൎഹിതാ നൃപ!— ൨൮

ഋഷി പറഞ്ഞു.

നൃപ! = അല്ലയോ സുരഥരാജാവേ!
ഇതി ദേവൈഃ = ഇപ്രകാരം ദേവന്മാരാൽ
ജഗതഃ അൎത്ഥേ = ത്രൈലോക്യസംരക്ഷണത്തിനും
തഥാ ആത്മനഃ = അപ്രകാരം ദേവകാൎയ്യത്തിനും
പ്രസാദിതാഭദ്രകാളീ = പ്രസാദിപ്പിക്കപ്പെട്ട മംഗളത്തെ ചെയ്യുന്ന കാളി
തഥാ ഇതി ഉക്ത്വാ = അപ്രകാരം തന്നെ എന്നു പറഞ്ഞിട്ടു്
അന്തൎഹിതാ ബഭൂവ = മറഞ്ഞു.

അല്ലയോ സുരഥമഹാരാജാവേ! മുൻപറഞ്ഞപ്രകാരം ദേവകളാൽ ത്രൈലോക്യത്തിനുവേണ്ടിയും തങ്ങൾക്കുവേണ്ടിയും പ്രസാദിപ്പിക്കപ്പെട്ട മംഗളത്തെ ചെയ്യുന്ന കാളി 'അപ്രകാരം ഭവിക്കട്ടെ' എന്നു പറഞ്ഞിട്ടു് അന്തൎദ്ധാനംചെയ്തു.

ചതു—ഭദ്രകാളി=കല്യാണത്തെ ചെയ്യുന്നവൾ.

ശാന്ത—അല്ലയോ സുരഥമഹാരാജാവേ! മുൻപറഞ്ഞതുപോലെ ദേവന്മാരാൽ ത്രൈലോക്യരക്ഷയ്ക്കും അതുപോലെതന്നെ ദേവകാൎയ്യമായ സ്വാൎത്ഥത്തിനുമായി പ്രസാദിപ്പിക്കപ്പെട്ട സൎവ്വമംഗളയായ ഭദ്രപത്നി "അല്ലയോ ദേവന്മാരേ! നിങ്ങളുടെ ആഗ്രഹംപോലെ ഭവിക്കട്ടെ" എന്നു പറഞ്ഞിട്ടു് മറഞ്ഞു.

ജഗ—ഋഷിരുവാച സ്വാഹാ— ൩൭

ഇതി പ്രസാദിതാ—നൃപ! സ്വാഹാ ൩൮

൩൯. ഇത്യേതൽ കഥിതം ഭൂപ! സംഭൂതാ സാ യഥാ പുരാ

ദേവീ ദേവശരീരേഭ്യോ ജഗത്ത്രയഹിതൈഷിണീ— ൨൯

ഭൂപ! = അല്ലയോ രാജാവേ!
ജഗത്ത്രയഹിതൈഷിണി = മൂന്നു ലോകങ്ങളുടെയും അഭ്യുദയത്തെ ഇച്ഛിക്കുന്നവളായ

സാ ദേവീ	= ആ ദേവി
ദേവശരീരേഭ്യഃ	= ദേവന്മാരുടെ ശരീരങ്ങളിൽ നിന്നു്
യഥാ പുരാ	= യാതൊരുപ്രകാരം പണ്ടു്
സംഭൂതാ	= പ്രത്യക്ഷപ്പെട്ടു
ഇതി ഏതൽസർവ്വംകഥിതം	= ഈ ചരിത്രമെല്ലാം എന്നാൽ പറയപ്പെട്ടു.

അല്ലയോ സുരഥമഹാരാജാവേ! മൂന്നു ലോകങ്ങളുടേയും അഭ്യുദയത്തെ കാംക്ഷിക്കുന്നവളായ ആ ദേവി പണ്ടു് ദേവന്മാരുടെ ശരീരങ്ങളിൽനിന്നു് പ്രത്യക്ഷപ്പെട്ട ചരിത്രമെല്ലാം ഇങ്ങനെ ഞാൻ ഭവാനോടു പറഞ്ഞു.

ശാന്ത.—അല്ലയോ സുരഥമഹാരാജാവേ! മൂന്നുലോകങ്ങൾക്കും ഹിതത്തെ ഇച്ഛിക്കുന്നവളായ ആ മഹാലക്ഷ്മി ദേവന്മാരുടെ ശരീരങ്ങളിൽനിന്നു് എപ്രകാരം പണ്ടു് മഹിഷാസുരവധത്തിനായി തേജോരൂപിണിയായിട്ടു് പ്രത്യക്ഷപ്പെട്ടുവോ ആ കഥ മുഴുവനും ഇങ്ങനെ ഞാൻ ഭവാനോടു പറഞ്ഞു.

ജഗ—ഇത്യേതൽ.........ഹിതൈഷിണീ സ്വാഹാ ൪ം

മ.ഉ. പുനശ്ച ഗൗരീദേഹാത്സാ സമുൽഭൂതാ യഥാഭവൽ
വധായ ദുഷ്ടദൈത്യാനാം തഥാ ശുംഭനിശുംഭയോഃ ൨൦വ്വ

മ.ന്ദ. രക്ഷണായ ച ലോകാനാം ദേവാനാമുപകാരിണീ
തച്ഛൃണുഷ്വ മയാഖ്യാതം യഥാവൽ കഥയാമിതേ ൨൦ൻ

ദേവാനാം ഉപകാരിണീ	= ദേവന്മാൎക്കു് ഉപകാരം ചെയ്യുന്നവളായ
സാ പുനഃ ച	= ആ ദേവി പിന്നെയും
ദുഷ്ടദൈത്യാനാം	= ദുഷ്ടന്മാരായ ദൈത്യന്മാരുടേയും
തഥാ ശുംഭനിശുംഭയോ	= അതുപോലെ ശുംഭനിശുംഭന്മാരുടേയും
വധായ	= വധത്തിന്നായിക്കൊണ്ടും
ലോകാനാം രക്ഷണായ ച	= ലോകങ്ങളുടെ രക്ഷയ്ക്കായിക്കൊണ്ടും
യഥാ	= യാതൊരുപ്രകാരം
ഗൗരീദേഹാൽ	= പാൎവ്വതിയുടെ ദേഹത്തിൽ നിന്നു്
സമുൽഭൂതാ അഭവൽ	= ഉണ്ടായോ
യഥാവൽ	= അതുപോലെതന്നെ
തേ കഥയാമി	= ഭവാനോടു ഞാൻ പറയുന്നുണ്ടു്
തൽ മയാഖ്യാതം ശൃണുഷ്വ	= അതു് എന്നാൽ പറയപ്പെടുന്നതുപോലെ കേട്ടാലും

ദേവോപകാരിണിയായ ആ ദേവി ദുഷ്ടന്മാരായ അസുരന്മാരുടേയും അതുപോലെ ശുംഭനിശുംഭന്മാരുടേയും വധത്തിനായിട്ടും ലോക

ങ്ങളെ രക്ഷിക്കുന്നതിനായിട്ടും ഗൗരിയുടെ ദേഹത്തിൽനിന്നു് എപ്ര കാരം ഉത്ഭവിച്ചുവോ അതുപോലെതന്നെ ഞാൻ ഭവാനോട്ടു് പറയാം. എന്നാൽ പറയപ്പെടുന്നതുപോലെ കേട്ടാലും.

ഗുപ്ത—ഗൗരവർണ്ണശരീരത്തിന്റെ പ്രകടനത്തിനായിട്ടാണു് നീല വർണ്ണത്തോടുകൂടിയ കോശരൂപമായശരീരം പാർവ്വതിയാൽ ഉപേക്ഷി ക്കപ്പെട്ടതു്. കോശം=ഉറ.

ഈ ദേവീമാഹാത്മ്യത്തിൽ ദേവകൃതങ്ങളായ മൂന്നുസ്തവങ്ങളാണു ള്ളതു്. (൧) മഹിഷാസുരവധത്തിനുശേഷം ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്ന "മഹിഷാന്തകരീസൂക്തം" (൨) ശുംഭനിശുംഭന്മാരുടെ ഉപദ്രവനിവൃത്തിക്കായി ദേവന്മാരാൽ ചെയ്യപ്പെട്ട "നമോ ദേവ്യൈ മഹാദേവ്യൈ" ഇത്യാദി അഞ്ചാം അദ്ധ്യായത്തിലുള്ള സ്തോത്രം. (൩) ശുംഭനിശുംഭന്മാരുടെ വധാനന്തരം ദേവന്മാരാൽ ചെയ്യപ്പെട്ട പതി നൊന്നാമദ്ധ്യായത്തിലെ "നാരായണീസ്തുതി" ഇവയാകുന്നു.

ഈ മൂന്നുസ്തവങ്ങളിൽ ഓരോന്നിന്റേയും പ്രാരംഭത്തിൽ "ദേവാ ഊചുഃ" എന്നു ചേർക്കേണ്ടതാണു്. അപ്രകാരം ദേവകൃതമായ വര പ്രാർത്ഥനാദ്വയത്തിന്റെ പ്രാരംഭത്തിൽ (൪-ാം അദ്ധ്യായം ൨൯-ാം ശ്ലോകത്തിലെ ഉത്തരാർദ്ധത്തിനു മുൻപിലും ൧൧-ാം അദ്ധ്യായത്തിൽ ൩൬-ാംശ്ലോകത്തിനു മുൻപിലും) "ദേവാ ഊചുഃ" എന്നു് ഓരോപ്രാ വശ്യം ചേർത്തിരിക്കുന്നു. ഇങ്ങനെ ആകെ അഞ്ചുപ്രാവശ്യമാണു് തന്ത്രാന്തരത്തിൽ ദേവോക്തിയുള്ളതു്. എന്നാൽ സ്തവാരംഭത്തിനു മുൻപിൽ ശ്ലോകങ്ങളിൽതന്നെ നിയമേന 'ദേവന്മാർ പറഞ്ഞു,' എന്ന അർത്ഥത്തെ വരുത്തിയിരിക്കുന്നതിനാൽ വീണ്ടും"ദേവാ ഊചുഃ" എന്നു പറയുന്നതായാൽ പുനരുക്തിദോഷം സംഭവിക്കുന്നതുകൊണ്ടു് സ്തവാരംഭത്തിൽ മൂന്നുപ്രാവശ്യം ആവശ്യമില്ലെന്നുള്ള അഭിപ്രായ ത്തോടുകൂടി യാമളാതന്ത്രമനുസരിച്ചുള്ള പാഠത്തിൽ പ്രാർത്ഥനാരംഭ ത്തിൽ മാത്രം രണ്ടുതവണ ദേവോക്തി ആദരിക്കപ്പെട്ടിരിക്കുന്നു. ഈ ദേവീമാഹാത്മ്യത്തിൽ മഹിഷാന്തകരീസൂക്തത്തിന്റേയും നാരായണീ സ്തുതിയുടേയും ആരംഭത്തിൽ "ദേവാ ഊചുഃ" എന്നു ചേർക്കാതെ "നമോ ദേവ്യൈ മഹാദേവ്യൈ" ഇത്യാദി സ്തവാരംഭത്തിലും പ്രാർത്ഥ നാദ്വയാരംഭത്തിലും "ദേവാ ഊചുഃ" എന്നു പറയപ്പെട്ടിരിക്കുന്നു.

ചതു—ഈ ശ്ലോകങ്ങളിൽ ഇതിഹാസാന്തരത്തെ നിരൂപിക്കുന്നു. ഗൗരീദേഹാസാ എന്നു് പാഠഭേദം. ഗൗരീദേഹാ=പാർവ്വതിശരീരം ആസമായി=അവസ്ഥിതിയായി ഉള്ളവൾ. അതിമാഹാത്മ്യത്തോടു കൂടിയ ഗൗരിഗൃഹീതദേഹയായിട്ടു് എങ്ങനെ ഉത്ഭവിച്ചുവോ ആ

വിധത്തെ കേട്ടാലും. അല്ലെങ്കിൽ ഗൌരീദേഹാ=ഗൌരീദേഹംതന്നെ=ശരീരകോശംതന്നെ ദേഹകാരണമായുള്ളവൾ.

ശാന്ത—ശൃണു സ്വ എന്നു പദച്ഛേദം. ഹേ സ്വ!=അല്ലയോ സ്വന്തമായ സുരഥമഹാരാജാവേ! ആ പ്രസിദ്ധയായി ദേവന്മാക്ക് ഉപകാരം ചെയ്യുന്നവളായി ഇരിക്കുന്ന ദേവി പിന്നെയും ധൂമ്രലോചന, രക്തബീജ, ചണ്ഡമുണ്ഡാദികളായ ദുഷ്ടാസുരന്മാരുടേയും അതുപോലെതന്നെ ശുംഭനിശുംഭന്മാരുടേയും വധത്തിനായിട്ടും ലോകങ്ങളുടെ രക്ഷയ്ക്കായിട്ടും എപ്രകാരം ഗൌരീദേഹത്തിങ്കൽനിന്നു് പ്രത്യക്ഷപ്പെട്ടുവോ അതെല്ലാം ഉള്ളതുപോലെ ഞാൻ ഭവാനോടു് പറയാം. അതിനെ ഭവാൻ ഞാൻ എപ്രകാരം പറയുന്നുവോ അതുപോലെ കേട്ടാലും.

ശുംഭൻ=യുദ്ധത്തിൽ ശോഭിക്കുന്നവൻ.

നാഗോ—ഖ്യാതം=പ്രസിദ്ധപ്പെട്ടതു്. എങ്ങനെയെന്നാൽ മഹാലക്ഷ്മി ദേവേന്ദ്രനോടു പറയുന്നു.

"അഭിഷ്ടുതാ സുരൈഃ സാഹം മഹിഷം ജഘ്നുഷീ ക്ഷണാൽ
മഹിഷാന്തകരീസൂക്തം ദൃഷ്ടം ദേവൈർമ്മഹർഷിഭിഃ
ഉൽപത്തിം യുദ്ധവിക്രാന്തിം സ്തോത്രം ചേതി സുരേശ്വര!
കഥയന്തി സുവിസ്തീർണ്ണം ബ്രാഹ്മണാ വേദപാരഗാഃ"

(എന്നു് ലക്ഷ്മീതന്ത്രം)

ജഗ—പുനശ്ച..... നിശുംഭയോഃ സ്വാഹാ ൪൫

രക്ഷണായ ച......കഥയാമി തേ സ്വാഹാ ൪൬

ഇതി ശ്രീമാർക്കണ്ഡേയപുരാണേ സാവർണ്ണികേ മന്വന്തരേ
ദേവീമാഹാത്മ്യേ ശക്രാദിസ്തുതിർന്നാമ ചതുർത്ഥോഽദ്ധ്യായഃ
ദേവീസ്തുതി എന്ന നാലാമദ്ധ്യായം സമാപ്തം.

ഉത്തമ ചരിത്രം.

അഞ്ചാമദ്ധ്യായം

ഋഷിരുവാച—൨൱൦.

൧. പുരാ ശുംഭനിശുംഭാഭ്യാമസുരാഭ്യാം ശചീപതേഃ
ത്രൈലോക്യം യജ്ഞഭാഗാശ്ച ഹൃതാ മദബലാശ്രയാൽ–൨൱൧

ഋഷിപറഞ്ഞു

പുരാ	=	പൂർവ്വകല്പത്തിൽ
ശുംഭനിശുംഭാഭ്യാം	=	ശുംഭനിശുംഭന്മാരെന്ന
അസുരാഭ്യാം	=	അസുരന്മാരാൽ
മദബലാശ്രയാൽ	=	ഗർവ്വിനേയും ശക്തിയേയും ആശ്രയിച്ചിരിക്കുന്നതു നിമിത്തം
ശചീപതേഃ ത്രൈലോക്യം	=	ഇന്ദ്രന്റെ മൂന്നുലോകങ്ങളും
യജ്ഞഭാഗാഃ ച ഹൃതാഃ	=	യാഗഭാഗങ്ങളും അപഹരിക്കപ്പെട്ടു

പണ്ടു് ശുംഭനിശുംഭന്മാരെന്ന അസുരന്മാർ വരംകൊണ്ടുള്ള അഹങ്കാരവും ബലവുംനിമിത്തം ഇന്ദ്രനെ സംബന്ധിച്ച മൂന്നുലോകങ്ങളും യാഗഭാഗങ്ങളും അപഹരിച്ചു.

ഇഷ്ടം—ഉത്തമ ചരിത്രസ്യ രുദ്ര ഋഷിഃ, അനുഷ്ടുപ്ഛന്ദഃ, മഹാസരസ്വതീദേവതാ, ഭ്രാമരീബീജം, ഭീമാശക്തിഃ സൂര്യ്യസ്തത്വം, മഹാസരസ്വതിപ്രീത്യർത്ഥേ ജപേ വിനിയോഗഃ

"പുരാ ശുംഭനിശുംഭാഖ്യാവസുരൗ ഘോരദർശനൗ
അപ്രാപ്തയൗവ്വനാവേവ ചേരതുസ്തപ ഉത്തമം
വർഷാണാമയുതം ദിവ്യം രാജൻ വിസ്മാപനപ്രദം
നിരാഹാരൗ യതാത്മാനൗ പുഷ്കരേ ലോകപാവനേ
തതഃ പ്രസന്നോ ഭഗവാൻ ബ്രഹ്മാ ലോകപിതാമഹഃ
മനേഭിലഷിതാൻ കാമാൻ തയോ പ്രാദാദനുത്തമാൻ

ഇങ്ങനെ മൂന്നു ശ്ലോകംക്കൂടി ഈ അദ്ധ്യായാരംഭത്തിൽ ചേർത്തു് ചിലർ പാഠംചെയ്തുവരുന്നു—അല്ലയോ സുരഥമഹാരാജാവേ പണ്ടു്

ഭയങ്കരന്മാരായിരിക്കുന്ന ശുംഭനിശുംഭന്മാരെന്ന അസുരന്മാർ യൗവ്വനംപ്രാപിക്കുന്നതിനു മുൻപിൽതന്നെ നിരാഹാരന്മാരായി ജിതേന്ദ്രിയന്മാരായി, അതിശുദ്ധമായിരിക്കുന്ന പുഷ്കരദ്വീപത്തിൽ പതിനായിരം ദിവ്യവഷം ആശ്ചയ്യത്തെ ഉണ്ടാക്കത്തക്കവണ്ണം ഗംഭീരമായ തപസ്സുചെയ്തു. അനന്തരം ബ്രഹ്മാവു് പ്രത്യക്ഷമായിട്ടു് അവക്കു് അഭീഷ്ടങ്ങളായ വരങ്ങളെഎല്ലാം ദാനംചെയ്തു.

ചില ഗ്രന്ഥങ്ങളിൽ 'ശുംഭനിശുംഭന്മാർ' എന്നതിനു് 'സുംഭനിസുംഭന്മാർ' എന്നു കാണുന്നു.

മദം തനിക്കുചിതമല്ലാത്തതിനെ അപഹരിക്കുന്ന സ്വഭാവം, അതു് വിദ്യാമദം, ധനമദം ഇത്യാദി പലപ്രകാരത്തിലുമുണ്ടു്.

ചതു—ഇവിടെ ദേവിയുടെ മാഹാത്മ്യാന്തരത്തെ പറയുന്നതിനായി മേൽ അദ്ധ്യായങ്ങളിൽ സൂചിപ്പിക്കുന്ന ഇതിഹാസത്തെ അവതരിപ്പിക്കുന്നു.

ശുംഭനിശുംഭന്മാർ കശ്യപന്റേയും ദനുവിന്റേയും പുത്രന്മാരായ അസുരന്മാർ.

"കശ്യപസ്യ ദനുന്നാമഭാൎയ്യാസീദ്ദ്വിജസത്തമാഃ
തസ്യാഃ പുത്രത്രയം ജജ്ഞേ സഹസ്രാക്ഷാ ബലാധികം
ജ്യേഷ്ഠഃ ശുംഭ ഇതി ഖ്യാതോ നിശുംഭശ്ചാപരോ ഽസുരഃ
തൃതീയോ നമുചിന്നാമ മഹാബലപരാക്രമഃ

(എന്നു് വായുപുരാണം)

ശാന്ത—അല്ലയോ രാജാവേ! പൂൎവ്വകല്പത്തിൽ ശുംഭനിശുംഭന്മാരെന്ന രണ്ടു് അസുരന്മാർ ഗൎവ്വത്തോടുകൂടിയുള്ള ബലംനിമിത്തം ദേവേന്ദ്രാധീനത്തിൽനിന്നു് പാതാളം, ഭൂമി, സ്വൎഗ്ഗം ഈ മൂന്നു ലോകങ്ങളേയും അപഹരിച്ചു്, യാഗങ്ങളെ മുടക്കീട്ടു് ഇന്ദ്രനുള്ള യാഗഭാഗങ്ങളേയും ഇല്ലാതെയാക്കിത്തീൎത്തു.

നാഗോ—'യഥാവൽകഥയാമിതേ' എന്നു് കഴിഞ്ഞ അദ്ധ്യായത്തിന്റെ ഒടുവിൽ പറഞ്ഞ ഇതിഹാസത്തെ ഇവിടെ ആരംഭിക്കുന്നു.

"ദുഷ്ടദൈത്യന്മാരുടേയും ശുംഭനിശുംഭന്മാരുടേയും വധത്തിനായിക്കൊണ്ടു് ഞാൻ ഗൌരീദേഹത്തിൽനിന്നു് കൌശികീനാമത്തോടുകൂടി ഉത്ഭവിക്കും അപ്പോൾ എന്റെ ശക്തികളും ദേവന്മാരുടെ ദേഹങ്ങളിൽനിന്നു് അവരവരുടെ രൂപങ്ങളോടുകൂടി എനിക്കു സഹായിക്കുന്നതിനായി ഉണ്ടാകും. ഞാൻ അവരോടുകൂടി അനേകം ദൈത്യന്മാരേയും നിശുംഭനേയും നിഗ്രഹിച്ചിട്ടു് അവരെ എല്ലാം എന്നിൽതന്നെ ലയിപ്പിച്ചിട്ടു് ശുംഭനേയും നിഗ്രഹിക്കുന്നുണ്ടു്." (എന്നു്.)

ഈ ഉത്തമചരിത്രത്തിൽ

"നമോ ദേവ്യാദികം ദേവീസൂക്തം സർവ്വഫലപ്രദം
നാരായണീസ്തുതിർന്നാമ സൂക്തം പരമശോഭനം"

ഇങ്ങനെ രണ്ടുസ്തോത്രങ്ങളുണ്ടു്. ഇതിൽ "നമോ ദേവ്യാദി സൂക്തം" ബ്രഹ്മാദിദേവന്മാരാലും, "നാരായണീസ്തുതി" അഗ്ന്യാദിദേവന്മാരാലും കണ്ടെടുക്കപ്പെട്ടിട്ടുള്ളതാണു്. ഈ സ്തോത്രങ്ങളെക്കൊണ്ടു് ദേവിയെ സ്തുതിച്ചാൽ സകല ഐശ്വര്യങ്ങളും സിദ്ധിക്കുന്നതാകുന്നു. ഈ സ്തോത്രങ്ങളെക്കൊണ്ടുതന്നെയാകുന്നു വൈശ്യസുരഥന്മാർ സിദ്ധിയെപ്രാപിച്ചതു്.

ജഗ—ഋഷിരുവാച സ്വാഹാ ൧

പുരാ ശുംഭ.....ബലാശ്രയാൽ സ്വാഹാ ൨

൩. താവേവ സൂര്യതാം തദ്വദധികാരം തഥൈന്ദവം
കൌബേരമഥ യാമ്യഞ്ച ചക്രാതേ വരുണസ്യ ച ൩൬൨

തൌ ഏവ സൂര്യതാം	= അവർ തന്നെ സൂര്യന്റെ അധികാരത്തേയും
തദ്വൽ	= അതുപോലെതന്നെ
ഐന്ദവം	= ചന്ദ്രനെ സംബന്ധിച്ച അധികാരത്തേയും
തഥാ കൌബേരം അഥ യാമ്യം ച	= അപ്രകാരം കുബേരനേയും അന്തകനേയും സംബന്ധിച്ച അധികാരങ്ങളേയും
വരുണസ്യ ച ചക്രാതേ	= വരുണന്റെ അധികാരത്തേയും നടത്തുന്നു.

ആ ശുംഭനിശുംഭന്മാർതന്നെ സൂര്യനുള്ള അധികാരത്തേയും അതുപോലെ ചന്ദ്രന്റേയും വൈശ്രവണന്റേയും അന്തകന്റേയും വരുണന്റേയും അധികാരങ്ങളേയും നടത്തുന്നു.

ഗുപ്ത—സൂര്യത=സൂര്യന്റെ രൂപം, സൂര്യന്റെ ധർമ്മം, സൂര്യന്റെ കാലാദിപരിച്ഛേദരൂപമായ അധികാരം.

മുൻശ്ലോകത്തിൽ ത്രൈലോക്യത്തെ അപഹരിച്ചു എന്നുപറഞ്ഞിരിക്കുന്നതുകൊണ്ടു് സ്വർഗ്ഗലോകവുംകൂടി അതിൽ ഉൾപ്പെടുന്നതിനാൽ ഇന്ദ്രനെ മുൻപിൽ പറഞ്ഞതുകൂടാതെ മൂന്നു ദിക്പാലന്മാരുടെ അധികാരാപഹരണത്തെ ഈ ശ്ലോകത്തിൽ വിവരിക്കുന്നു.

ചതു—സൂര്യത=സൂര്യഭാവം.

ശാന്ത—ആ ശുംഭനിശുംഭന്മാർ കാമരൂപികളാകകൊണ്ടു് സൂര്യരൂപത്തെ പ്രാപിച്ചിട്ടു് സൂര്യാധികാരത്തെ നടത്തി. അവർതന്നെ ചന്ദ്രനെ സംബന്ധിച്ച ആധിപത്യത്തേയും, അതുപോലെതന്നെ വൈശ്രവണനെസംബന്ധിച്ച അധികാരത്തേയും, യമാധികാരത്തേയും, വരുണാധികാരത്തേയും നടത്തി—സൂര്യചന്ദ്രകുബേര യമവ

ങ്ങണാധികാരങ്ങളെ ആ രണ്ടു് അസുരന്മാരും അപഹരിച്ചുനടത്തി—എന്നു താല്പൎയ്യം.

നാഗോ—സൂൎയ്യത=സവ്ലോകപ്രേരകത്വം.

ജഗ—താവേവ......വരുണസ്യ ച സ്വാഹാ ൩

൩. താവേവ പവനൎദ്ധിം ച ചക്രതുൎവഹ്നികൎമ്മ ച
തതോ ദേവാ വിനിൎദ്ധൂതാ ഭ്രഷ്ടരാജ്യാഃ പരാജിതാഃ ഉ൬൩

തൗ ഏവ പവനൎദ്ധിംച= അവർ തന്നെ വായുവിന്റെ അധികാര[ത്തെയും
വഹ്നികൎമ്മ ച ചക്രതുഃ = അഗ്നികാൎയ്യങ്ങളേയും ചെയ്തു.
തതഃ ദേവാഃ പരാജിതാഃ= അനന്തരം ദേവന്മാർ മടക്കപ്പെട്ടവരായി
ഭ്രഷ്ടരാജ്യാഃ വിനിൎദ്ധൂതാഃ= രാജ്യം പോയവരായിട്ടു് ധിക്കരിക്കപ്പെട്ടു.

ആ ശുംഭനിശുംഭന്മാർതന്നെ വായുവിന്റെ അധികാരത്തേയും അഗ്നികാൎയ്യങ്ങളേയും നടത്തി. അനന്തരം ദേവന്മാർ അവരാൽ മടക്കപ്പെട്ടവരായി രാജ്യംപോയവരായിട്ടു് സ്വൎഗ്ഗലോകത്തിൽ നിന്നു് ദൂരികരിക്കപ്പെട്ടു.

ഗുപ്ത—ഈ ശ്ലോകത്തിൽ വായുവിനേയും അഗ്നിയേയുംകൂടി പറഞ്ഞതുകൊണ്ടു് ഇപ്പോൾ ദിക്പാലന്മാരിൽ ആറുപേരുടേ അധികാരാപഹരണമായി. ദൈത്യന്മാരും രാക്ഷസന്മാരും ഒരു ജാതിയാകകൊണ്ടു് നിരൃതിയുടെ അധികാരത്തേയും, വരദാനം നിമിത്തം ഈശാധികാരത്തേയും അവർ അപഹരിച്ചില്ലാ.

ശാന്ത—ആ അസുരന്മാർതന്നെ വായുവിന്റെ അധികാരത്തേയും അഗ്നിയുടെ കൎമ്മങ്ങളേയും നടത്തി മററുദേവന്മാരുടെ അധികാരങ്ങളേയും അവർ അപഹരിച്ചു. ആ ശുംഭനിശുംഭന്മാരാൽ തോല്പിക്കപ്പെട്ടു് രാജ്യവും അധികാരവും അപഹരിക്കപ്പെട്ട ദേവകൾ ഓടിപ്പൊയ്ക്കളകയും ചെയ്തു.

ജഗ—താവേവ......പരാജിതാഃ സ്വാഹാഃ ൪

൪. ഹൃതാധികാരാസ്ത്രിദശാസ്താഭ്യാം സൎവേ നിരാകൃതാഃ
മഹാഽസുരാഭ്യാം താം ദേവീം സംസ്മരന്ത്യപരാജിതാം—ഉ൬൪

താഭ്യാം മഹാസുരാഭ്യാം = ആ മഹാസുരന്മാരാൽ
ഹൃതാധികാരാഃ = അധികാരങ്ങൾഅപഹരിക്കപ്പെട്ടു്
നിരാകൃതാഃ സൎവേ ത്രിദശാഃ= നിരാകരിക്കപ്പെട്ട എല്ലാദേവന്മാരും
അപരാജിതാം = ആരാലും മടക്കപ്പെടുവാൻ കഴിയാത്ത
താം ദേവീംസംസ്മരന്തി(സ്മ)= ആ ദേവിയെ നല്ലവണ്ണം സ്മരിച്ചു.

ആ മഹാസുരന്മാരാൽ അധികാരങ്ങൾ അപഹരിക്കപ്പെട്ടു് നിരാകരിക്കപ്പെട്ട സകലദേവന്മാരും, ആരാലുംജയിക്കപ്പെട്ടുവാൻ പാടില്ലാത്ത ആ ദേവിയെ നല്ലവണ്ണം സ്മരിച്ചു.

ഗുപ്ത—ഈ ശ്ലോകത്തിലെ പൂർവാർദ്ധത്തിനുശേഷം ചിലർ ഈ നാലുശ്ലോകങ്ങൾ കൂടി പാഠം ചെയ്യുവരുന്നു.

"തേഷു തേഷ്വഥ ധിഷ്ണ്യേഷു ലോകേഷു ച മഹീപതേ!
സ്വഭൃത്യാ പ്രഥിതാ ദൈത്യാ അധികാരേ നിയോജിതാഃ
തതോ ദേവാഃ സഹേന്ദ്രേണ ബിഭ്രാണാ മാനുഷീം തനും
വിചേരുരവനൗ രാജന്മനുജൈഃ സംഗതാഃ കൃശാഃ

ഏവം നിവസതാം തത്ര ദേവാനാമമിതൗജസാം
ഗതമാസീന്മഹാരാജ! ചത്വാരിംശച്ചതുർയുഗം
തതോ ദേവാഃ സഹേന്ദ്രേണ ബ്രഹ്മണാ ച സമേത്യ വൈ
ദുർഗ്ഗാം ഭഗവതീം ഭക്ത്യാ സംസ്മരന്തോ ഽപരാജിതാം." (എന്നു്)

അല്ലയോ സുരഥമഹാരാജാവേ! ഓടിപ്പോയ ദേവകളുടെ ലോകങ്ങളിലും ഭവനങ്ങളിലും ആ ദേവന്മാക്കുള്ള അധികാരങ്ങളോടുകൂടി പ്രസിദ്ധന്മാരായി സ്വഭൃത്യന്മാരായി ഇരിക്കുന്ന അസുരന്മാരെ ആ ശുംഭനിശുംഭന്മാർ സ്ഥാപിച്ചു. ഇന്ദ്രനും ദേവകളും മനുഷ്യശരീരത്തെ സ്വീകരിച്ചുകൊണ്ടു് മനുഷ്യരോടുകൂടി ഭൂമിയിൽ കൃശന്മാരായി സഞ്ചരിച്ചു. മഹാപ്രഭാവത്തോടുകൂടിയ ദേവന്മാക്കു ഈവിധത്തിൽ നാല്പതു് ചതുർയുഗം കഴിഞ്ഞു. അതിന്റെശേഷം ദേവകളും ഇന്ദ്രനും ബ്രഹ്മാവും (ഹിമവാനെപ്രാപിച്ചിട്ടു്) ഭക്തിയോടുകൂടി അപരാജിതയായി ദുർഗ്ഗയായിരിക്കുന്ന ഭഗവതിയെ സ്മരിച്ചു.

ചതു—ത്രിദശന്മാർ = ജന്മം, യൗവ്വനം, നാശം ഈ മൂന്നു് അവസ്ഥകളോടുകൂടിയവർ.

നിരാകൃതന്മാർ = നിരസിക്കപ്പെട്ടവർ.

ശാന്ത—ആ ശുംഭനിശുംഭന്മാരാൽ അധികാരവും രാജ്യവും അപഹരിച്ചുംകൊണ്ടു് നിരസിക്കപ്പെട്ട എല്ലാ ദേവന്മാരും, ഒരുത്തരാലുംജയിക്കപ്പെട്ടുവാൻ കഴിയാത്തവളായി 'അപരാജിത' എന്ന പേരോടുകൂടിയവളായിരിക്കുന്ന ആ ദേവിയെസ്മരിച്ചു.

'സംസ്മരന്തി' എന്ന വർത്തമാനകാലക്രിയ ഭൂതകാലാർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നതാണു്.

നാഗോ—ത്രിദശന്മാർ എന്നു പറയുന്നതു് മുപ്പത്തിമൂന്നു ദേവന്മാരാകുന്നു. (ത്രിശബ്ദം ആവർത്തിച്ചു് എടുത്തുകൊള്ളണം.) ആദിത്യ

ന്മാർ പന്ത്രണ്ടു് രുദ്രന്മാർ പതിനൊന്നു് വസുക്കൾ എട്ടു് അശ്വിനീ ദേവകൾ രണ്ടു്. ഇങ്ങനെ മുപ്പത്തിമൂന്നു് ദേവന്മാർ.

ജഗ—ഏതാധികാരാ......പരാജിതാം സ്വാഹാ ൧

൧. തയാസ്മാകം വരോ ദത്തോ യഥാപൽസു സ്മൃതാഖിലാഃ
ഭവതാം നാശയിഷ്യാമി തൽക്ഷണാൽ പരമാപദഃ ൨൩൧

൩. ഇതി കൃത്വാ മതിം ദേവാ ഹിമവന്തം നഗേശ്വരം
ജഗ്മുസ്തത്ര തതോ ദേവീം വിഷ്ണുമായാം പ്രതുഷ്ടുവുഃ ൨൩൩

ആപൽസു സ്മൃതാ	=	ആപത്തുകളിൽ സ്മരിക്കപ്പെട്ടാൽ
തൽക്ഷണാൽ ഭവതാം	=	ഉടൻതന്നെ നിങ്ങളുടെ
അഖിലാഃ പരമാപദഃ	=	എല്ലാ വലിയ ആപത്തുകളേയും
നാശയിഷ്യാമി യഥാ	=	നശിപ്പിക്കുന്നുണ്ടു് എന്നു്
തയാ	=	ആ ദേവിയാൽ
അസ്മാകം വരഃ ദത്തഃ	=	ഞങ്ങൾക്കു് വരംനൾകപ്പെട്ടിട്ടുണ്ടു്
ഇതി മതിം കൃത്വാ ദേവാഃ	=	ഇങ്ങനെ വിചാരിച്ചു് ദേവന്മാർ
നഗേശ്വരം ഹിമവന്തം	=	പർവ്വതശ്രേഷ്ഠനായ ഹിമവാനെ
ജഗ്മുഃ	=	ഗമിച്ചു
തതഃ തത്ര	=	അനന്തരം അവിടെ
വിഷ്ണുമായാം ദേവീം	=	വിഷ്ണുമായയായ ദേവിയെ
പ്രതുഷ്ടുവുഃ	=	ഭക്തിയോടുകൂടി സ്തുതിച്ചു.

'ആപത്തുകളിൽ എന്നെ സ്മരിച്ചാൽ ഉടൻതന്നെ നിങ്ങളുടെ എല്ലാ വലിയആപത്തുകളേയും ഞാൻനശിപ്പിക്കുന്നുണ്ടു്" എന്നു് ആ ദേവി ഞങ്ങൾക്ക വരം നൽകീട്ടുണ്ടു് എന്നു വിചാരിച്ചുംകൊണ്ടു് ദേവന്മാർ പർവ്വതശ്രേഷ്ഠനായ ഹിമവാനെ പ്രാപിച്ചിട്ടു് വിഷ്ണുമായയായ ദേവിയെ ഭക്തിയോടുകൂടി സ്തുതിച്ചു.

ഗുപ്ത—'യഥാ' എന്ന ശബ്ദം 'ഇതി' എന്നതിന്റെ പര്യായമാകുന്നു.

ശാന്ത—ശുംഭനിശുംഭന്മാരാൽ നിരാകരിക്കപ്പെട്ട ദേവകൾ എന്തുദ്ദേശത്തോടുകൂടി ഏതു ദേശത്തെ പ്രാപിച്ചു എന്നു പറയുന്നു.

നാഗോ—പാർവ്വതീദേവി ഉത്ഭവിച്ച സ്ഥാനമാകകൊണ്ടാണു് ദേവന്മാർ ഹിമവാനെ പ്രാപിച്ചതു്. അവിടെ ശുംഭനിശുംഭനാശിനിയായ ദേവി മഹാസരസ്വതിയാണെങ്കിലും തദഭിന്നയായ വിഷ്ണുമായാദേവിയെയാണു് സ്തുതിക്കുന്നതു്.

ദംശോ—'പ്ര ശബ്ദം' ശ്രദ്ധാതിശയത്തെ സൂചിപ്പിക്കുന്നു.

ജഗ—തയാസ്മാകം......പരമാപദഃ സ്വാഹാ— ൩

ഇതി കൃത്വാ......പ്രതുഷ്ടുവുഃ സ്വാഹാ— ൭

ദേവാ ഊചുഃ...... വന്നു

൧. നമോ ദേവ്യൈ മഹാദേവ്യൈ ശിവായൈ സതതം നമഃ
നമഃ പ്രകൃത്യൈ ഭദ്രായൈ നിയതാഃ പ്രണതാഃ സ്മ താം—വന്നുവ്യ

ദേവന്മാർ പറഞ്ഞു.

ദേവ്യൈ നമഃ	= പ്രകാശസ്വരൂപയ്ക്കായിക്കൊണ്ടു' നമസ്കാരം
മഹാദേവ്യൈ	= മഹാദേവപത്നിയായി
ശിവായൈ സതതം നമഃ	= മംഗളകാരണയായിരിക്കുന്ന (പാർവ്വതിക്കായിക്കൊണ്ടു്) സദാ നമസ്കാരം.
പ്രകൃത്യൈ	= സത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥാരൂപിണിയായി ജഗൽകാരണയായിരിക്കുന്ന
ഭദ്രായൈ	= സർവ്വമംഗളയ്ക്കായിക്കൊണ്ടു്
നമഃ	= നമസ്കാരം
താം	= പ്രസിദ്ധയായ് അസ്മദ്വരദയായിരിക്കുന്ന ആ അംബികയെ
നിയതാഃ പ്രണതാഃ സ്മഃ	= ഞങ്ങൾ മനസ്സടക്കി നമസ്കരിക്കുന്നു

പ്രകാശസ്വരൂപയായി, മഹാദേവപത്നിയായി, മംഗളകാരണയായി ഇരിക്കുന്ന പാർവ്വതിക്കായിക്കൊണ്ടു് നമസ്കാരം. സത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥാരൂപിണിയായി ജഗൽകാരണയായിരിക്കുന്ന സർവ്വമംഗളയ്ക്കായിക്കൊണ്ടു് നമസ്കാരം. പ്രസിദ്ധയായി അസ്മദ്വരദയായി ഇരിക്കുന്ന ആ അംബികയെ ഞങ്ങൾ മനസ്സടക്കി നമസ്കരിക്കുന്നു.

ഗുപ്ത—നമോ ദേവ്യൈ എന്നതു് അഥർവ്വശിരസ്സിലുള്ള ഒരു മന്ത്രമാകുന്നു.

ചതു—പ്രകാശസ്വരൂപയായി, ബ്രഹ്മാദികളേയും സൃഷ്ട്യാദിവ്യവഹാരങ്ങളിൽ പ്രവർത്തിപ്പിക്കുന്നവളായി, കല്യാണകാരണയായി, മൂലപ്രകൃതിയായി, സൃഷ്ടിശക്തിയായി, അഖിലപ്രാണിഗണങ്ങളേയും രക്ഷിക്കുന്ന സ്ഥിതിശക്തിയായി ഇരിക്കുന്ന ആ വിഷ്ണുമായയ്ക്കായിക്കൊണ്ടു് ഞങ്ങൾ മനസ്സിരുത്തി നമസ്കരിക്കുന്നു.

ശാന്ത—ജയശീലയ്ക്കായിക്കൊണ്ടു് നമസ്കാരം. മഹാദേവപത്നിയായി മംഗളകാരണയായിരിക്കുന്ന ഭവാനിക്കായിക്കൊണ്ടു് സദാനമസ്കാരം. പ്രകൃതി = സത്വരജസ്തമസ്സുകളുടെ സാമ്യാവസ്ഥയായ ജഗൽ

കാരണം. അല്ലെങ്കിൽ, അംഗമന്ത്രങ്ങളെ അപേക്ഷിച്ച് മൂലമന്ത്രാത്മികയായ ദേവത, അല്ലെങ്കിൽ പ്രത്യയത്തിന്നുമുൻപുള്ളവൾ.

"പ്രകൃതിഃ പാർവ്വതി സാക്ഷാൽ പ്രത്യയസ്തു മഹേശ്വരഃ
അർദ്ധനാരീശ്വരഃ ശംഭുഃ കാമധുഗ്വഃ പ്രസീദതു" (എന്നു്)

നിയതാഃ = ജിതേന്ദ്രിയന്മാർ.

"നിയത്യൈ പ്രണതാത്മനാം" എന്നു പാഠഭേദം.

അതിന്, ഭക്തിനിമിത്തം അതിശാന്തമായിരിക്കുന്ന സ്വഭാവത്തോടുകൂടിയ മനുഷ്യൎക്ക് നിയതിയായി=ഭാഗ്യമായുള്ളവൾഎന്നൎത്ഥം.

ജഗ—ദേവാ ഊചുഃ സ്വാഹാ— വ്യ

നമോദേവ്യൈ...പ്രണതാഃ സ്മ താം സ്വാഹാ— ൻ

വ്യ. രൌദ്രായൈ നമോ നിത്യായൈ ഗൌൎയ്യൈ ധാത്ര്യൈ നമോനമഃ

ജ്യോത്സ്നായൈ ചേന്ദുരൂപിണ്യൈ സുഖായൈസതതം നമഃ

രൌദ്രായൈ നമഃ	= രുദ്രനെപ്പോലെ ഉഗ്രമായ രൂപത്തോടുകൂടിയവൾക്കായിക്കൊണ്ടു് നമസ്കാരം
നിത്യായൈ ധാത്ര്യൈ	= കാലത്രയത്തിലുംഉള്ളവളായി ജഗത്തിനെ പോഷിപ്പിക്കുന്നവളായി ഇരിക്കുന്ന
ഗൌൎയ്യൈ നമോനമഃ	= പാർവ്വതിക്കായിക്കൊണ്ടു് അനേകം നമസ്കാരം.
ജ്യോത്സ്നായൈ	= പ്രകാശകാരിണിയായി
ഇന്ദുരൂപിണ്യൈ	= ചന്ദ്രരൂപിണിയായി ഇരിക്കുന്ന
സുഖായൈ ച	= പരമാനന്ദരൂപയ്ക്കായിക്കൊണ്ടും
സതതം നമഃ	= എല്ലായ്പോഴും നമസ്കാരം.

രുദ്രനെപ്പോലെ ഉഗ്രമായ രൂപത്തോടുകൂടിയവളായി, കാലത്രയത്തിലും ഉള്ളവളായി ജഗൽ പോഷിണിയായി ഇരിക്കുന്ന പാർവ്വതിക്കായിക്കൊണ്ടു് അനേകം നമസ്കാരം. പ്രകാശകാരിണിയായിചന്ദ്രസ്വരൂപിണിയായി ഇരിക്കുന്ന പരമാനന്ദരൂപയ്ക്കായിക്കൊണ്ടും സദാ നമസ്കാരം.

ഗുപ്ത—രൌദ്ര = രൌദ്രരസത്തോടുകൂടിയവൾ.

ധാത്രി = (വളൎത്തുന്നതുകൊണ്ടു്) ഉപമാതാവു്.

സുഖാ = സുഖത്തിൽനിന്നു് അഭേദമായുള്ളവൾ = സുഖാഭിന്നാ, അല്ലെങ്കിൽ, ശോഭനങ്ങളായ ഇന്ദ്രിയങ്ങളോടുകൂടിയവൾ.

ചതു—രൌദ്രാ=കഠിനാ—സംഹാരശക്തി. ഗൌരീ=ഗൌരവൎണ്ണാ.

ശാന്ത—ധാത്രി = ഭൂമി. ജ്യോത്സ്നാ = ജ്യോതിസ്സോടുകൂടിയവൾ.

ജ്യോതിസ് = ഒരു ശാസ്ത്രം അല്ലെങ്കിൽ അക്ഷരം. അല്ലെങ്കിൽ തേജസ്സ്. സുധാ = സുഖത്തെ ചെയ്യുന്നവൾ.

ജഗ—രൌദ്രായൈ...സതതം നമഃ സ്വാഹാ— ൧൦

ൻ. കല്യാണ്യൈപ്രണതാവൃദ്ധ്യൈ സിദ്ധ്യൈ കൂർമ്മ്യൈ നമോനമഃ
നൈരൃത്യൈഭൂഭൃതാം ലക്ഷ്മ്യൈ ശർവ്വാണ്യൈ തേ നമോനമഃ

കല്യാണ്യൈ	= മംഗളത്തെ ചെയ്യുന്നവളായി
പ്രണതാവൃദ്ധ്യൈ	= നമസ്കരിക്കുന്നവർക്ക് സമൃദ്ധിരൂപയായി
സിദ്ധ്യൈ	= അണിമാദി സിദ്ധരൂപയായി
കൂർമ്മ്യൈ	= ഭൂഭാരോദ്ധാരണസമർത്ഥ കൂർമ്മശക്തിയായി (ഇരിക്കുന്ന)
നമോനമഃ	=(ദേവിക്കായിക്കൊണ്ട്)അനേകംനമസ്കാരം
നൈരൃത്യൈ	= അസുരശക്തിയായി
ഭൂഭൃതാംലക്ഷ്മ്യൈ	= രാജലക്ഷ്മിയായി
ശർവ്വാണ്യൈ	= ശിവപത്നിയായി ഇരിക്കുന്ന
തേ നമോനമഃ	= നിന്തിരുവടിക്കായിക്കൊണ്ട് അനേകം നമസ്കാരം

മംഗളത്തെ ചെയ്യുന്നവളായി, നമസ്കരിക്കുന്നവർക്ക് സമൃദ്ധിരൂപയായി, അണിമാദിരൂപയായി, ഭൂഭാരത്തെ ഉൽകൃഷ്ടേണധരിക്കുന്നതിനു സാമർത്ഥ്യമുള്ള കൂർമ്മശക്തിയായി അസുരശക്തിയായി, രാജലക്ഷ്മിയായി ശിവപത്നിയായി ഇരിക്കുന്ന നിന്തിരുവടിക്കായിക്കൊണ്ട് അനേകം നമസ്കാരം.

ഗുപ്ത—പ്രണതാ—ഋദ്ധ്യൈ(എന്നു രണ്ടുപദം)= നമസ്കരിക്കുന്ന വിഷയത്തിൽ സമൃദ്ധിരൂപയ്ക്കായിക്കൊണ്ട്.

കൂർമ്മ്യൈ = കൂർമ്മത്തിന്റെ = വിഷ്ണുവിന്റെ സ്ത്രീക്കായിക്കൊണ്ട്.

ശാന്ത—"സിദ്ധ്യൈകർമ്മഃ" എന്നു പാഠഭേദം.

ജഗജ്ജനനിയായ ദേവിയെക്കുറിച്ച് നമസ്കാരത്തെ ചെയ്യുന്നു എന്നർത്ഥം

ഭൂഭൃത്തുകൾ = പർവ്വതങ്ങൾ (അല്ലെങ്കിൽ) രാജാക്കന്മാർ.

"പ്രണതാം വൃദ്ധ്യൈ," എന്നു പാഠഭേദം.

"നമസ്കരിക്കുന്നവർക്ക്അഭിവൃദ്ധിരൂപയ്ക്കായിക്കൊണ്ട്"എന്നർത്ഥം

"കൌർമ്മ്യൈ" എന്നു പാഠഭേദം

'കൂർമ്മസംബന്ധിയായ ശക്തിക്കായിക്കൊണ്ട്' എന്നർത്ഥം.

നൈരൃത്യൈ = നിരൃതിയെ സംബന്ധിച്ച ലക്ഷ്മീരൂപയ്ക്കായിക്കൊണ്ട്.

ഭൃഭൃതാംലക്ഷ്മ്യൈ=ഭൂഭൃത്തുക്കൾ=ഭൂമിയെ ഭരിക്കുന്നവർ—ആദി ക്രൂർമ്മം, ആദിശേഷൻ, കലപർവ്വതങ്ങൾ, മനുതുടങ്ങിയ രാജാക്കന്മാർ—ഇവരുടെ ലക്ഷ്മീരൂപയ്ക്കായിക്കൊണ്ടു്.

ഭംശോ—കല്യാണി = കല്യാണരൂപാ,

നൈരൃതി = അസുരശക്തി (അല്ലെങ്കിൽ) അലക്ഷ്മി.

ജഗ—കല്യാണ്യൈ......നമോനമഃ സ്വാഹാ ൧൧

൧൦. ദുർഗ്ഗായൈ ദുർഗ്ഗപാരായൈ സാരായൈ സർവ്വകാരിണ്യൈ
ഖ്യാത്യൈ തഥൈവ കൃഷ്ണായൈ ധൂമ്രായൈ സതതം നമഃ

ദുർഗ്ഗായൈ	= ദുഃഖേന പ്രാപിക്കപ്പെടുവാൻ യോഗ്യയായി
ദുർഗ്ഗപാരായൈ	= സംസാരത്തിൽ നിന്നു കരകേററുന്നവളായി
സാരായൈ	= ബലവതിയായി
സർവ്വകാരിണ്യൈ	= സമസ്തവസ്തുക്കളേയുംനിർമ്മിച്ചവളായി
ഖ്യാത്യൈ	= കീർത്തിരൂപയായി
തഥാ ഏവ കൃഷ്ണായൈ	= അതുപോലെതന്നെ കൃഷ്ണവർണ്ണയായി
ധൂമ്രായൈ	= ധൂമ്രവർണ്ണയായി (ഇരിക്കുന്ന ദേവിക്കായി
സതതം നമഃ	= എല്ലായ്പോഴും നമസ്കാരം. (ക്കൊണ്ടു്

ദുർഗ്ഗയായി, സംസാരത്തിൽനിന്നു് കരകേററുന്നവളായി, ബലവതിയായി, സകലവസ്തുക്കളേയും നിർമ്മിച്ചവളായി, കീർത്തിസ്വരൂപയായി അപ്രകാരം കൃഷ്ണവർണ്ണയായി, ധൂമ്രവർണ്ണയായി ഇരിക്കുന്ന ദേവിക്കായിക്കൊണ്ടു് സദാ നമസ്കാരം.

ഗുപ്ത—ഈ ശ്ലോകത്തിൽ മൂന്നു പാദം വക്ത്രവൃത്തത്തിൻെറയും നാലാംപാദം പഥ്യാവൃത്തത്തിൻെറയും രീതിയാകുന്നു.

ചതു—ദുർഗ്ഗ = ദുരധിഗമാ(അല്ലെങ്കിൽ) സങ്കടത്തിങ്കൽ രക്ഷിക്കുന്നവൾ. ദുർഗ്ഗപാരാ = ദേശകാലാവധികളോടുകൂടാത്തവൾ.

ശാന്ത—അല്ലയോ സർവ്വകാരിണിയായ ദേവി! ദുർഗ്ഗയായി, ദുർഗ്ഗപാരയായി, സംസാരസാരയായി, ശ്രേഷ്ഠയായി, കീർത്തിരൂപയായി, കാളരാത്രിയായി, ധൂമ്രവർണ്ണയായി ഇരിക്കുന്ന ദേവിക്കായിക്കൊണ്ടു് എല്ലായ്പോഴും നമസ്കാരം.

ദുർഗ്ഗപാരാ = മഹാമായാസമുദ്രത്തിൻെറ ഗമിക്കാൻപാടില്ലാത്ത മറുകര ഏതു ദേവിനിമിത്തം ഉണ്ടാകുന്നുവോ അങ്ങനെയുള്ളദേവി. അല്ലെങ്കിൽ "ദുർഗ്ഗപാരാ" എന്നു പേരോടുകൂടിയവൾ.

നാഗോ—ദുർഗ്ഗാ = ദുഃഖേന അറിയപ്പെടാവുന്നവൾ.

സർവ്വകാരിണി=സർവ്വത്തേയും ജനിപ്പിക്കുന്നതിൽ സ്വാതന്ത്ര്യമുള്ളവൾ.

ഖ്യാതി=പ്രകൃതിപുരുഷന്മാരുടെ ഭേദജ്ഞാനരൂപാ.

കൃഷ്ണാ = കൃഷ്ണശക്തി.

ജഗ—ദുർഗ്ഗായൈ...സതതം നമഃ സ്വാഹാ ൧൨

൧൧. അതിസൌമ്യാതിരൌദ്രായൈ നതാസ്തസ്യൈ നമോനമഃ
നമോ ജഗൽപ്രതിഷ്ഠായൈ ദേവ്യൈ കൃത്യൈ നമോനമഃ ൧൩

അതിസൌമ്യാതിരൌദ്രായൈ	= സൌമ്യങ്ങളേയും രൌദ്രങ്ങളേയും അതിക്രമിച്ചിരിക്കുന്നദേവിക്കായിട്ടു്
നതാഃ	= ഞങ്ങൾ നമസ്കരിക്കുന്നു.
തസ്യൈ നമോനമഃ	= ആ വിഷ്ണുമായയ്ക്കായിക്കൊണ്ടു് അനേകം നമസ്കാരം
ജഗൽപ്രതിഷ്ഠായൈ നമഃ	= ചിച്ഛക്തിരൂപേണ ജഗത്തിൽ പ്രതിഷ്ഠയോടുകൂടിയ ദേവിക്കായി നമസ്കാരം
ദേവ്യൈ	= ദേവശക്തിയായി
കൃത്യൈ	= ക്രിയാത്മികയായി ഇരിക്കുന്ന ദേവിക്കായിക്കൊണ്ടു്
നമോനമഃ	= അനേകം നമസ്കാരം.

സൌമ്യങ്ങളേയും രൌദ്രങ്ങളേയും അതിക്രമിച്ചിരിക്കുന്നവളായിരിക്കുന്ന ആ വിഷ്ണുമായയ്ക്കായിക്കൊണ്ടു് അനേകം നമസ്കാരം. ചിച്ഛക്തിരൂപേണ ജഗത്തിൽ പ്രതിഷ്ഠയോടുകൂടിയവളായി, ദേവശക്തിയായി, ക്രിയാത്മികയായി ഇരിക്കുന്ന ദേവിക്കായിക്കൊണ്ടു് അനേകം നമസ്കാരം.

ചതു—അതിസൌമ്യാ=വിദ്യാരൂപേണ സംസാരതാപത്തെ നശിപ്പിക്കുന്നവൾ. അതിരൌദ്രാ=അവിദ്യാരൂപേണ സംസാരതാപത്തെ വർദ്ധിപ്പിക്കുന്നവൾ. ജഗൽപ്രതിഷ്ഠാ=ജഗദധിഷ്ഠാനരൂപാ.

ശാന്ത—അതിസൌമ്യാ=സോമദേവതാകമായും സുന്ദരമായും ഇരിക്കുന്ന രൂപത്തോടുകൂടിയവൾ. (സോമദേവതാകം=ചന്ദ്രനെസംബന്ധിച്ചതു്.) അതിരൌദ്രാ=രുദ്രദേവതാകമായ രൂപത്തോടുകൂടിയവൾ.

ദേവി, ഭക്തന്മാൎക്കു് അതി സൌമ്യയും, അഭക്തന്മാൎക്കു് അതി രൌദ്രയും ആകുന്നു.

ഇച്ഛാജ്ഞാനക്രിയാശക്തിസ്വരൂപിണിയാകകൊണ്ടാണു് മൂന്നു നമസ്കാരത്തെ പറഞ്ഞിരിക്കുന്നതു്.

ജഗൽപ്രതിഷ്ഠാ=പ്രാണികൾക്കു് ആധാരശക്തി. അല്ലെങ്കിൽ പ്രാണികൾക്കു് പ്രാണനെ ധരിക്കുന്നതിനുള്ള സ്ഥാനമായ മൂലാധാരപത്മം ആസ്പദമായുള്ളവൾ.

കൃത്യൈ=ജഗത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളാകുന്ന പ്രയത്നത്തോടുകൂടിയവൾക്കായിക്കൊണ്ടു്.

"ദേവ്യൈ കർത്ര്യൈ" എന്നു പാഠഭേദം.

'ജഗത്തിനെ സൃഷ്ടിക്കുന്നവൾ' എന്നത്ഥം.

നാഗോ—നമോ നമഃ നതാഃ = നമോനമഃ എന്നു പറഞ്ഞുകൊണ്ടു് നമസ്കരിക്കുന്നു.

ജഗൽ പ്രതിഷ്ഠാ=ജഗത്തിന്റെ ഉപാദാനകാരണം.

ജഗ—അതിസൌമ്യാ......നമോ നമഃ സ്വാഹാ— ൧൩

൧൪. * യാ ദേവീ സർവ്വഭൂതേഷു വിഷ്ണുമായേതി ശബ്ദിതാ
നമസ്തസ്യൈ നമോനമഃ ൧൫
യാ ദേവീ സർവ്വഭൂതേഷു വിഷ്ണുമായേതി ശബ്ദിതാ
നമസ്തസ്യൈ നമോനമഃ ൧൬
യാദേവീ സർവ്വഭൂതേഷു വിഷ്ണുമായേതി ശബ്ദിതാ
നമസ്തസ്യൈ നമോ നമഃ ൧൭

യാ ദേവീസർവ്വഭൂതേഷു	= യാതൊരു ദേവി അഖില പ്രാണികളിലും
വിഷ്ണു ഇതി ശബ്ദിതാ	= മൂലാവിദ്യ എന്നു് പറയപ്പെടുന്നുവോ
തസ്യൈ നമഃ	= ആ ദേവിക്കായിക്കൊണ്ടു് നമസ്കാരം
നമോനമഃ	= അനേകം നമസ്കാരം

യാതൊരുദേവി സർവ്വപ്രാണികളിലും വിഷ്ണുമായ എന്നു് ആഗമങ്ങളിലെല്ലാം പറയപ്പെടുന്നുവോ ആ ദേവിക്കായിക്കൊണ്ടു് നമസ്കാരം; അനേകം നമസ്കാരം.

ഇഷ്ട—മേഘവർഷം, സസ്യോല്പത്തി, മുതലായ അനേകം കാര്യങ്ങൾ വിഷ്ണുമായാത്മകങ്ങളാണെന്നു് വരാഹപുരാണത്തിൽ സവിസ്തരം പ്രതിപാദിക്കുന്നു. കാളികാപുരാണത്തിലാകട്ടെ:—

"അവ്യക്തം വ്യക്തരൂപേണ രജസ്സത്വതമോഗുണൈഃ
വിഭജ്യയാത്ഥം കുരുതേ വിഷ്ണുമായേതി സോച്യതേ"

എന്നു് ആ കാര്യങ്ങളേത്തന്നെ ചുരുക്കത്തിൽ പ്രതിപാദിക്കുന്നു. ഇവിടെ 'ലക്ഷ്മിരൂപേണ' എന്നു കഴിഞ്ഞിട്ടു് 'ധൃതിരൂപേണ'

---

* സപ്തശതീമന്ത്രവിഭാഗം അഞ്ചാമദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ഖണ്ഡമന്ത്രങ്ങൾ ഇവിടെ ആരംഭിക്കുന്നു. ഇതുമുതൽ 'ഭ്രാന്തിരൂപേണ' എന്നു വരെയുള്ള ഇരുപത്തൊന്നും 'ചിതിരൂപേണ' എന്ന ഒന്നും ഇപ്രകാരം മൂന്നാവത്തിച്ചു മുമ്മൂന്നു മന്ത്രങ്ങളായി (ആകെ 66 മന്ത്രങ്ങളായി) വിഭാഗിച്ചിരിക്കുന്നു.

ജഗച്ചന്ദ്രചന്ദ്രികാ വ്യാഖ്യാതാവു് ഈ ഓരോ ശ്ലോകത്തേയും ഇരുപതും, നാലും, എട്ടും അക്ഷരംവീതം മുമ്മൂന്നായി മന്ത്രവിഭാഗം ചെയ്തിരിക്കുന്നു. മന്ത്രവിഭാഗപ്പട്ടിക നോക്കുക.

എന്നും 'തുഷ്ടിരൂപേണ' എന്നു കഴിഞ്ഞു് 'പുഷ്ടിരൂപേണ' എന്നും രണ്ടു മന്ത്രങ്ങൾ തന്ത്രാന്തരങ്ങളിൽ സമ്മതിക്കപ്പെട്ടിട്ടുണ്ടു്. ചിലർ, കീർത്തി, പ്രജ്ഞാ, മേധാ, ശ്രുതി, സ്ഫൂർത്തി മുതലായി അനേകം മന്ത്രങ്ങൾ പാഠംചെയ്യുവരുന്നു. അതു് തന്ത്രസമ്മതമല്ല. വേറെ ചിലർ 'സ്ഫൂർത്തിരൂപേണ' 'മേധാരൂപേണ' എന്ന രണ്ടു മന്ത്രങ്ങളും സമ്മതങ്ങളാണെന്നു പറയുന്നു.

എന്നാൽ ഇതിൽ, ൨൧, മന്ത്രങ്ങളേ സ്വീകരിച്ചിട്ടുള്ളു എന്നു് അറിഞ്ഞുകൊള്ളണം.

൧൩—വിഷ്ണുമായാദേവി, സാത്വികരാജസതാമസഗുണങ്ങൾ മൂലം മൂന്നായിരിക്കുന്നതുകൊണ്ടാകുന്നു 'തസ്യൈ' പദം മൂന്നുചേർത്തിരിക്കുന്നതു്. 'നമഃപദം' മൂന്നുചേർത്തിട്ടുള്ളതു് പ്രസാദിപ്പിക്കുന്നതിനാണു്.

"പ്രസാദനേ സംഭ്രമേപി ദ്വിസ്ത്രിരുക്തം ന ദുഷ്യതി" എന്നുണ്ടു്. 'മഹത്തുക്കൾക്കു് പ്രദക്ഷിണം മൂന്നുവേണം എന്ന വിധി പോലെ മൂന്നു നമസ്കാരവും യുക്തംതന്നെ, എന്നു് ഒരു മഹാൻ അഭിപ്രായപ്പെടുന്നു.

'മൂന്നാവർത്തികൊണ്ടു് കായികവാചികമാനസികങ്ങളായ നമസ്കാരങ്ങളാകുന്നു' എന്നു വേറെ ഒരു മഹാൻ പറയുന്നു.

വിഷ്ണുമായ, ചേതന, ബുദ്ധി, നിദ്രാ, ക്ഷുധാ, ഛായാ, ശക്തി, തൃഷ്ണാ, ക്ഷാന്തി, ജാതി, ലജ്ജാ, ശാന്തി, ശ്രദ്ധാ, കാന്തി, ലക്ഷ്മീ, വൃത്തി, സ്മൃതി, ദയാ, തുഷ്ടി, മാതാ, ഭ്രാന്തി ഇവയാകുന്നു ഇരുപത്തൊന്നുമന്ത്രങ്ങൾ.

ശാന്ത—യാതൊരു ദേവി, കാലത്രയാത്മികയായി, സർവ്വഭൂതങ്ങളിലുംഭൂതാത്മികയായി,അനാത്മാവിൽ ആത്മബുദ്ധിയേയും, ആത്മാവിൽ അനാത്മബുദ്ധിയേയും ജനിപ്പിക്കുന്നവളായി, മമതാധീനന്മാരായിരിക്കുന്ന ജനങ്ങളെ പ്രസവിച്ച സർവ്വജനനിയായി, മഹാഭഗവതിയായിരിക്കുന്ന വിഷ്ണുമായ എന്നുപറയപ്പെടുന്നുവോ? സാത്വികരാജസതാമസങ്ങൾനിമിത്തം മൂന്നു രൂപങ്ങളോടുകൂടിയ ആ ദേവിക്കായിട്ടു് (മൂന്നു നമഃശബ്ദംകൊണ്ടു്) മൂന്നു നമസ്കാരം.

ഗുണത്രയസാമ്യാവസ്ഥാത്മികയായി, ഏകയായിരിക്കുന്ന ദേവിക്കായിട്ടു് കായവാങ്മനസ്സുകളെക്കൊണ്ടു് ഭക്തിശ്രദ്ധാതിശയങ്ങളോടുകൂടി (മൂന്നു നമഃശബ്ദംകൊണ്ടുതന്നെ) ഒരു നമസ്കാരം.

ഭൂതങ്ങൾ = പഞ്ചഭൂതങ്ങൾ അല്ലെങ്കിൽ ദേഹങ്ങൾ.

ജഗ—യാ ദേവീ......സ്വാഹാ ൧൪, ൧൫, ൧൬.

൧൩. യാ ദേവീ സർവ്വഭൂതേഷു ചേതനേത്യഭിധീയതേ
നമസ്തസ്യൈ നമോനമഃ വന്ന്യ-വ൭൭-വവ്യ

യാ ദേവീ സർവ്വഭൂതേഷു	=	യാതൊരു ദേവി അഖിലപ്രാണികളിലും
ചേതനാഇതിഅഭിധീയതേ	=	ജീവനാഡി എന്ന് പറയപ്പെടുന്നുവോ
തസ്യൈ നമഃ	=	ആ ദേവിക്കായിക്കൊണ്ടു് നമസ്കാരം;
നമോനമഃ	=	അനേകം നമസ്കാരം.

യാതൊരു ദേവി സർവ്വപ്രാണികളിലും ജീവനാഡി എന്നു പറയപ്പെടുന്ന ആ ദേവിക്കായികൊണ്ടു് നമസ്കാരം; അനേകം നമസ്കാരം.

ചതു—ചേതനാ=അന്തഃകരണവൃത്തി.

ശാന്ത—ചേതനാ എന്നും ബുദ്ധി എന്നും പറയുന്നതുകൊണ്ടു് പുനരുക്തിയില്ല.

ചേതനാ=നിർവ്വികല്പകജ്ഞാനം.

ബുദ്ധി=സവികല്പകജ്ഞാനം.

നാഗോ—ചേതനാ=നിർവ്വികല്പയായ ചിച്ഛക്തി.

ജഗ—യാദേവീ...സ്വാഹാ ൧൭-൧വ്യ-൧൯

൧൪. യാ ദേവീ സർവ്വഭൂതേഷു ബുദ്ധിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ വൻ-വവ്യം-വവ്യ൧

യാ ദേവീ	=	യാതൊരു ദേവി
സർവ്വഭൂതേഷു	=	അഖിലപ്രാണികളിലും
ബുദ്ധിരൂപേണ	=	അന്തഃകരണരൂപമായിട്ടു്
സംസ്ഥിതാ	=	സ്ഥിതിചെയ്യുന്നുവോ
തസ്യൈ നമഃ	=	ആ ദേവിക്കായിക്കൊണ്ടു് നമസ്കാരം,
നമോനമഃ	=	അനേകം നമസ്കാരം.

യാതൊരുദേവി സർവ്വപ്രാണികളിലും അന്തഃകരണരൂപമായിട്ടു് സ്ഥിതിചെയ്യുന്ന ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

ജഗ—യാ ദേവീ......സ്വാഹാ വ൦-വ൧-വവ

൧൫. യാ ദേവി സർവ്വഭൂതേഷു നിദ്രാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ വവ്യവ-വവ്യന-വവ്യർ.

യാതൊരുദേവി സർവ്വപ്രാണികളിലും നിദ്രാരൂപേണ സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിക്കൊണ്ടു് നമസ്കാരം; അനേകം നമസ്കാരം.

ഗ്രന്ഥ—നിദ്രാ = ബാഹ്യേന്ദ്രിയവ്യാപാരങ്ങൾ അടങ്ങുന്നതിന്ന് അനുകൂലമായ ഒരു വികാരം.

ചതു—നിദ്രാ=ഇന്ദ്രിയപ്രദേശങ്ങളിലല്ലാതെയുള്ള ഒരു മനോലയം.

ശാന്ത—നിദ്രാ = ഭക്ഷിക്കപ്പെട്ട അന്നാദികളെ പാകംചെയ്യുന്നതിന്ന കാരണമായി ഇന്ദ്രിയപ്രദേശങ്ങളിലല്ലാതെയുള്ള മനസ്സിന്റെ സ്ഥിതി.

നാഗോ—നിദ്രാ=സുഷുപ്തി, അല്ലെങ്കിൽ സ്വപ്നാവസ്ഥ.

ദംശോ—നിദ്രാ=ഇന്ദ്രിയമനസ്സുകളുടെ ലയാത്മികാവസ്ഥ.

ജഗ—യാ ദേവീ......സ്വാഹാ ൨൩. ൨൪. ൨൫.

൧൩. യാ ദേവീ സർവ്വഭൂതേഷു ക്ഷുധാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൨൬-൨൭-൨൮

യാതൊരു ദേവി സകലപ്രാണികളിലും ക്ഷുധാരൂപേണ സ്ഥിതി ചെയ്യുന്നുവോ ആ ദേവിക്കായിക്കൊണ്ടു് നമസ്കാരം; അനേകം നമസ്കാരം.

ഗ്രന്ഥ—ക്ഷുധാ=ഭക്ഷിക്കണമെന്നുള്ള ഇച്ഛയെ ഉണ്ടാക്കുന്ന ജഠരാഗ്നിവികാരം.

ചതു—ക്ഷുധാ=പൃഥിവിയെ സംബന്ധിച്ച ധാതുവിന്റെ ക്ഷയം കൊണ്ടുണ്ടാകുന്ന ഒരു തളൎച്ച.

ശാന്ത—ക്ഷുധാ=ഭക്ഷിക്കണമെന്നുള്ള ഇച്ഛ.
ക്ഷുധക്കുടാതെ പ്രാണികൾക്കു് ശരീരസുഖമില്ല.

ജഗ—യാ ദേവീ......സ്വാഹാ ൨൯. ൩൦. ൩൧.

൧൪. യാ ദേവീ സർവ്വഭൂതേഷു ഛായാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൩൨-൩൩-൩൪

യാതൊരുദേവി സകലപ്രാണികളിലും ഛായാരൂപേണസ്ഥിതി ചെയ്യുന്നുവോ ആ ദേവിക്കായിക്കൊണ്ടു നമസ്കാരം; അനേകം നമസ്കാരം.

ഗ്രന്ഥ—ഛായാ=പ്രതിവസ്തുവിൽനിന്നുണ്ടാകുന്നതും അതുപോലെയുള്ളതുമായ ഒരു തണൽ.

ചതു—ഛായാ=വൎണ്ണപ്രസാദം. അല്ലെങ്കിൽ,വെയിൽകൊണ്ടുള്ള ദുഃഖത്തെ നശിപ്പിക്കുന്ന ഒരു ശീതളാവസ്ഥ.

ശാന്ത—ഛായാ=സർവ്വഭൂതങ്ങളിലുംഉള്ള ഒരു പ്രതിബിംബം, അല്ലെങ്കിൽ സൂൎയ്യപത്നി.

ജഗ—യാ ദേവീ......സ്വാഹാ ൩൫-൩൬-൩൭.

൭൮. യാ ദേവീ സവ്വഭൂതേഷു ശക്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൨൧൭-൨൧൮-൨൧൯.

യാതൊരു ദേവി സകലപ്രാണികളിലും ശക്തിരൂപയായിട്ടു സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിക്കൊണ്ടു് നമസ്കാരം. അനേകം നമസ്കാരം.

ചതു—ശക്തി= സാമത്ഥ്യം അല്ലെങ്കിൽ ഉത്സാഹം അല്ലെങ്കിൽ ശിവാദ്ധ്രൂപയായ ശക്തി.

ശാന്ത—ശക്തി = വസ്തുധമ്മം.

നാഗോ—ശക്തി = കാൎയ്യജനനസാമത്ഥ്യം.

ജഗ—യാ ദേവീ......സ്വാഹാ ൩൨, ൩൩, ൩൪.

൭൯. യാ ദേവീ സവ്വഭൂതേഷു തൃഷ്ണാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൨൨൦-൨൨൧-൨൨൨.

യാതൊരുദേവി സകലപ്രാണികളിലും തൃഷ്ണാരൂപമായി സ്ഥിതി ചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം. അനേകംനമസ്കാരം.

ഗുപ്ത—തൃഷ്ണാ=ലോഭം.

ചതു—തൃഷ്ണാ=തന്റേതല്ലാത്തവസ്തുക്കളെ സ്വീകരിക്കണമെന്നുള്ള ഇച്ഛ.

ശാന്ത—തൃഷ്ണ=ഭോഗാഭിലാഷം, അല്ലെങ്കിൽ ധനപിശാചിക. അല്ലെങ്കിൽ ദാഹം.

'തൃഷ്ണേസ്പൃഹാ പിപാസേ ദേ തദ്രൂപേഹാംബികാ സ്മൃതാ' (എന്നു്)

ജഗ—യാ ദേവീ......സ്വാഹാ ൩൫, ൩൬, ൩൭.

൮൦. യാ ദേവീ സവ്വഭൂതേഷു ക്ഷാന്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൨൨൩-൨൨൪-൨൨൫.

യാതൊരുദേവി സകലപ്രാണികളിലും ക്ഷാന്തിരൂപേണ സ്ഥിതി ചെയ്യുന്ന ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം

ഗുപ്ത—ക്ഷാന്തി = ക്ഷമ.

ശാന്ത—ക്ഷാന്തി = പരന്മാരാൽ പ്രയുക്തമായ അപകാരത്തിന്നു് പ്രത്യപകാരം ചെയ്യുന്നതിലുള്ള ഉപേക്ഷ.

ദംശോ—ക്ഷാന്തി = സാമത്ഥ്യമുണ്ടെങ്കിലും അപകാരം ചെയ്യുന്നവരിലും അനപകാരശീലം.

ജഗ—യാ ദേവീ......സ്വാഹാ ൩൮-൩൯-൪൦.

൮൧. യാ ദേവീ സവ്വഭൂതേഷു ജാതിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൨൨൬-൨൨൭-൨൨൮.

യാതൊരുദേവി സകലപ്രാണികളിലും ജാതിരൂപയായി സ്ഥിതി ചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

ചതു—ജാതി=അനേകങ്ങളെ ഏകാകാരമായി പറയുന്നതു്.

ജഗ—യാ ദേവീ......സ്വാഹാ ൪൧-൪൨-൪൩.

൨൨. യാ ദേവീ സൎവ്വഭൂതേഷു ലജ്ജാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ...... ൩൦൩-൩൦൪-൩൦൫.

യാതൊരുദേവി സകലപ്രാണികളിലും ലജ്ജാരൂപേണ സ്ഥിതി ചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

ശാന്ത—ലജ്ജാ=അകൃത്യം ചെയ്യുന്നതിൽ അന്യനിൽനിന്നോ തന്നിൽ നിന്നോ ഉണ്ടാകുന്ന സങ്കോചം.

ജഗ—യാ ദേവീ......സ്വാഹാ ൪൪-൪൫-൪൬.

൨൩. യാ ദേവീ സൎവ്വഭൂതേഷു ശാന്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൩൦൬-൩൦൭-൩൦൮.

യാതൊരുദേവി സകലപ്രാണികളിലും ശാന്തിരൂപേണ സ്ഥിതി ചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

നാഗോ—ശാന്തി=കാമക്രോധാദികളെ ജയിച്ചിരിക്കുന്ന മനഃസ്ഥിതി.

ജഗ—യാ ദേവീ......സ്വാഹാ ൪൭-൪൮-൪൯.

൨൪. യാ ദേവീ സൎവ്വഭൂതേഷു ശ്രദ്ധാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൩൦൯-൩൧൦-൩൧൧.

യാതൊരുദേവി സകലപ്രാണികളിലും ശ്രദ്ധാസ്വരൂപിണിയായി സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

നാഗോ—ശ്രദ്ധാ=വേദോക്തകൎമ്മാനുഷ്ഠാനങ്ങളിൽ ആസ്തിക്യബുദ്ധി.

ജഗ—യാ ദേവീ......സ്വാഹാ ൫൦-൫൧-൫൨.

൨൫. യാ ദേവീ സൎവ്വഭൂതേഷു കാന്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൩൧൨-൩൧൩-൩൧൪.

യാതൊരുദേവി സകലപ്രാണികളിലും കാന്തിസ്വരൂപിണിയായി സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

ചതു—കാന്തി=ശോഭ.

ജഗ—യാ ദേവീ......സ്വാഹാ ൫൩-൫൪-൫൫.

൨൬. യാ ദേവീ സൎവ്വഭൂതേഷു ലക്ഷ്മീരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൩൧൫-൩൧൬-൩൧൭.

യാതൊരുദേവി സകലപ്രാണികളിലും ലക്ഷ്മീസ്വരൂപിണിയായി സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

ഗുപ്ത—ലക്ഷ്മി=ഐശ്വര്യം അല്ലെങ്കിൽ ദേഹശോഭ.

ജഗ—യാ ദേവീ......സ്വാഹാ ൭൫-൭൬-൭൭.

൨൧. യാ ദേവീ സർവ്വഭൂതേഷു * വൃത്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൨൧൭-൨൧൮-൨൨൦.

യാതൊരുദേവി സകലപ്രാണികളിലും വൃത്തിരൂപേണ സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

ഗുപ്ത—വൃത്തി=ജീവനോപായം.

ശാന്ത—ഈ ശ്ലോകത്തിനു മുൻപിൽ "ധൃതിരൂപേണ" എന്നു് ഒരുശ്ലോകംകൂടിയുണ്ടു്. ധൃതി=ധൈര്യം.

ദംശോ—ഈ ശ്ലോകം കഴിഞ്ഞു് "പുഷ്ടിരൂപേണ" എന്നുംകൂടിയുണ്ടു്.

ജഗ—യാ ദേവീ ......സ്വാഹാ ൭൮-൮൦-൮൧.

൨൨. യാ ദേവീ സർവ്വഭൂതേഷു സ്മൃതിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ...... ൨൨൧-൨൨൨-൨൨൩

യാതൊരുദേവി സകലപ്രാണികളിലും സ്മൃതിരൂപിണിയായിട്ടു സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

ദംശോ—സ്മൃതി=അനുഭവിച്ച കാര്യത്തെക്കുറിച്ചു് കാലാന്തരത്തിൽ ഉണ്ടാകുന്ന ഓൎമ്മ.

ജഗ—യാ ദേവീ......സ്വാഹാ ൮൨-൮൩-൮൪.

൨൩. യാ ദേവീ സർവ്വഭൂതേഷു ദയാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമോനമഃ ൨൨൪-൨൨൫-൨൨൬.

യായൊരുദേവി സകലപ്രാണികളിലും ദയാസ്വരൂപിണിയായി സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

ചതു—ദയ = ജീവകാരുണ്യം.

ശാന്ത—ഈശ്ലോകം കഴിഞ്ഞു് "നീതിരൂപേണ" എന്നു് ഒരു ശ്ലോകംകൂടിയുണ്ടു്.

ജഗ—യാ ദേവീ......സ്വാഹാ ൮൫-൮൬-൮൭.

---

* "വൃത്തിരൂപേണ" എന്നു പാഠഭേദം.

൩൦. യാ ദേവീ സർവ്വഭൂതേഷു തുഷ്ടിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൩൨൭-൩൨൮-൩൨൯.

യാതൊരുദേവി സകലപ്രാണികളിലും തുഷ്ടിരൂപിണിയായി സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

ഗുപ്ത—തുഷ്ടി = സന്തോഷം.

ചതു—തുഷ്ടി = ഒരുവസ്തുവിലും ആഗ്രഹമില്ലായ്മ.

ശാന്ത—ഈ ശ്ലോകം കഴിഞ്ഞു് "പുഷ്ടിരൂപേണ" എന്നു് ഒരു ശ്ലോകംകൂടിയുണ്ടു്

നാഗോ—തുഷ്ടി = ലഭിച്ചതിൽനിന്നു് അധികം ലഭിക്കണമെന്നു് ആഗ്രഹമില്ലായ്മ.

ജഗ—യാ ദേവീ......സ്വാഹാ ൬൨-൬൩-൬൪.

൩൧. യാ ദേവീ സർവ്വഭൂതേഷു മാതൃരൂപേണ സംസ്ഥിതാ.
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൩൩൦-൩൩൧-൩൩൨.

യാതൊരുദേവി സകലപ്രാണികളിലും മാതൃസ്വരൂപിണിയായി സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം.

ചതു—മാതാ = ദേഹത്തിൽ അധിവസിക്കുന്ന വർണ്ണാഭിമാനിയായ ദേവത അല്ലെങ്കിൽ ജനനി.

ശാന്ത—മാതാ = ബ്രാഹ്മ്യാദിമാതൃക്കൾ.

ജഗ—യാ ദേവീ......സ്വാഹാ ൬൫-൬൬-൬൭.

൩൨. യാ ദേവീ സർവ്വഭൂതേഷു ഭ്രാന്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൩൩൩-൩൩൪-൩൩൫.

യാതൊരുദേവി സകലപ്രാണികളിലും ഭ്രാന്തിരൂപേണ സ്ഥിതിചെയ്യുന്നുവോ ആ ദേവിക്കായിട്ടു് നമസ്കാരം; അനേകം നമസ്കാരം

ചതു—ഭ്രാന്തി = അതല്ലാത്തതിൽ അതാണെന്നുള്ള ബുദ്ധി.

ജഗ—യാ ദേവീ......സ്വാഹാ ൬൮-൬൯-൭൦.

൩൩. ഇന്ദ്രിയാണാമധിഷ്ഠാത്രീ ഭൂതാനാമഖിലേഷു യാ
ഭൂതേഷു സതതം തസ്യൈ വ്യാപ്ത്യൈ ദേവ്യൈ നമോനമഃ

യാ	= യാതൊരുശക്തി
അഖിലേഷു ഭൂതേഷു	= അശേഷങ്ങളായ പ്രാണികളിൽ
ഇന്ദ്രിയാണാം	= കർമ്മേന്ദ്രിയങ്ങൾക്കും ജ്ഞാനേന്ദ്രിയങ്ങൾക്കും, മനസ്സിനും
ഭൂതാനാം	= പഞ്ചഭൂതങ്ങൾക്കും
അധിഷ്ഠാത്രീ	= പ്രവൃത്തിനിവൃത്തികാരണയായും
വ്യാപ്ത്യൈ	= വ്യാപികാരൂപിണിയായും(ഇരിക്കുന്നുവോ)

തസ്യൈ ദേവ്യൈ	=	ആ ദേവിക്കായിക്കൊണ്ടു്
സതതം നമോനമഃ	=	എല്ലായ്പോഴും അനേകം നമസ്കാരം.

യാതൊരുശക്തി സകലപ്രാണികളിലും, കർമ്മേന്ദ്രിയങ്ങൾക്കും, ജ്ഞാനേന്ദ്രിയങ്ങൾക്കും, മനസ്സിനും, പഞ്ചഭൂതങ്ങൾക്കും, പ്രവൃത്തി നിവൃത്തികാരണയായും വ്യാപികാരൂപിണിയായും ഇരിക്കുന്നുവോ ആ ദേവിക്കായിക്കൊണ്ടു് എല്ലായ്പോഴും അനേകം നമസ്കാരം.

ചതു—അശേഷപ്രാണികളിലും, കർമ്മജ്ഞാനാത്മകങ്ങളായ ഏകാദശേന്ദ്രിയങ്ങൾക്കും, പൃഥിവ്യാദിപഞ്ചഭൂതങ്ങൾക്കും, പ്രവൃത്തി കാരണയായി വ്യാപികയായിരിക്കുന്ന ശക്തിക്കായിക്കൊണ്ടു് നമസ്കാരം.

ശാന്ത—യാതൊരുദേവി പൃഥിവ്യാദിപഞ്ചഭൂതങ്ങൾക്കാധാരശക്തിയായി സ്വാമിനിയായി ഇരിക്കുന്നുവോ? യാതൊരുദേവി, അഖില പ്രാണികളിലും, മനസ്സ്, ത്വക്ചക്ഷുഃശ്രോത്രജിഹ്വാഘ്രാണങ്ങൾ ഇവയ്ക്കു് ആധാരശക്തിയായി ഇരിക്കുന്നുവോ? ആ വ്യാപികാരൂപിണിക്കായിക്കൊണ്ടു് എല്ലായ്പോഴും നമസ്കാരം

നാഗോ—യാതൊരുദേവി അഖിലഭൂതങ്ങളിലും അന്തർഭാഗത്തിങ്കൽ ജ്ഞാനരൂപേണസ്ഥിതയായിട്ടു്, ജ്ഞാനകരണങ്ങളായും, ജ്ഞാനവിഷയങ്ങളായും, സ്ഥൂലസൂക്ഷ്മങ്ങളായും, ഇരിക്കുന്ന ഇന്ദ്രിയങ്ങളുടെ പ്രവൃത്തികയായിരിക്കുന്നുവോ ആ ദേവിക്കു് നമസ്കാരം.

ജഗ—ഇന്ദ്രിയാണാ......നമോനമഃ സ്വാഹാ. ൭

൩൪. *ചിതിരൂപേണ യാ കൃത്സ്നമേതദ്വ്യാപ്യ സ്ഥിതാ ജഗൽ
നമസ്തസ്യൈ നമോനമഃ...... ൩൩൭-൩൩൮-൩൩൯.

യാ	=	യാതൊരു ദേവി
ചിതിരൂപേണ	=	ജീവചൈതന്യരൂപിണിയായി
ഏതൽ കൃത്സ്നംജഗൽവ്യാപ്യ	=	ഈ അഖിലജഗത്തിനേയും വ്യാപി(ച്ചിട്ടു്
സ്ഥിതാ	=	സ്ഥിതിചെയ്യുന്നുവോ
തസ്യൈ നമഃ	=	ആ ദേവിക്കു് നമസ്കാരം.
നമോനമഃ	=	അനേകം നമസ്കാരം.

യാതൊരുദേവി ജീവചൈതന്യരൂപിണിയായി ഈ ജഗത്തുമുഴുവനും വ്യാപിച്ചിരിക്കുന്നുവോ ആ ദേവിക്കായിക്കൊണ്ടു് നമസ്കാരം; അനേകം നമസ്കാരം.

ഗുപ്ത—ചിതി = നിർവിഷയജ്ഞാനം.

ചതു—ചിതി = പ്രകൃതി, പ്രത്യേകചൈതന്യം, ജീവഭാവം.

---

* ഇതും ഖഡ്ഗമന്ത്രമാകുന്നു 'ചിത്തിരൂപേണ' എന്നു പാഠഭേദം

നാഗോ—ചിതി = ചിച്ഛക്തി.

ജഗ—ചിതിരൂപേണ...സ്വാഹാ വൈ. ൬ൻ. വ്യം

൩൫. സ്തുതാ സുരൈഃ പൂൎവ്വമഭീഷ്ടസംശ്രയാ-
ത്തഥാ സുരേന്ദ്രേണ ദിനേഷു സേവിതാ
കരോതു സാ നഃ ശുഭഹേതുരീശ്വരി
ശുഭാനി ഭദ്രാണ്യഭിഹന്തു ചാപദഃ. ൩൪൦

൩൬. യാ സാമ്പ്രതം ചോദ്ധതദൈത്യതാപിതൈ-
രസ്മാഭിരീശാ ച സുരൈൎന്നമസ്യതേ
യാ ച സ്മൃതാ തൽക്ഷണമേവ ഹന്തി നഃ
സൎവ്വാപദോ ഭക്തിവിനമ്രമൂൎത്തിഭിഃ. ൩൪൧

പൂൎവ്വം സുരൈഃ സ്തുതാ = പണ്ടു് ബ്രഹ്മാദികളാൽ സ്തുതിക്കപ്പെട്ടവ(ളായി)
തഥാ = അപ്രകാരം
സുരേന്ദ്രേണ അഭീഷ്ട സംശ്രയാൽ = ദേവേന്ദ്രനാൽ ഇഷ്ടകാൎയ്യസാദ്ധ്യം നിമിത്തം
ദിനേഷു സേവിതാ = ദിവസംതോറും സേവിക്കപ്പെട്ടവളായി (ഇരിക്കുന്ന)
ഈശാ യാ = സ്വാമിനിയായ യാതൊരു ദേവി
സാമ്പ്രതം ച = ഇപ്പോഴും
ഉദ്ധതദൈത്യതാപിതൈഃ = അഹങ്കാരികളായ അസുരന്മാരാൽ സന്തപിപ്പിക്കപ്പെട്ട
സുരൈഃ അസ്മാഭിഃ = ദേവന്മാരായ ഞങ്ങളാൽ
നമസ്യതേ = നമസ്കരിക്കപ്പെടുന്നുവോ
യാ ച = യാതൊരു ദേവി
ഭക്തിവിനമ്രമൂൎത്തിഭിഃ = ഭക്തിനിമിത്തംവിശേഷേണനമിക്കപ്പെട്ട ശരീരങ്ങളോടുകൂടിയ (ഞങ്ങളാൽ)
സ്മൃതാ = സ്മരിക്കപ്പെട്ടവളായിട്ടു്
തൽക്ഷണമേവ നഃ = സ്മരണകാലത്തിൽത്തന്നെ ഞങ്ങളുടെ
സൎവ്വാപദഃ ച ഹന്തി = എല്ലാ ആപത്തുകളേയും നശിപ്പിക്കുന്നുവോ
ശുഭഹേതുഃ സാ ഈശ്വരീ = ശുഭങ്ങൾക്കു കാരണമായ ആ ഈശ്വരി
നഃ = ഞങ്ങൾക്കു്
ശുഭാനി ഭദ്രാണി കരോതു = മംഗളങ്ങളേയും സുഖങ്ങളേയും ചെയ്യട്ടെ
ആപദഃ ച അഭിഹന്തു = ആപത്തുകളേയും നശിപ്പിക്കട്ടെ.

പണ്ടു് ബ്രഹ്മാദികളാൽ സ്തുതിക്കപ്പെട്ടവളായി, അതുപോലെ ദേവേന്ദ്രനാൽ ഇഷ്ടകാൎയ്യലാഭംനിമിത്തം ദിവസംതോറും സേവിക്ക

പ്പെട്ടവളായി, സ്വാമിനിയായി ഇപ്പോഴും അത്യഹങ്കാരികളായ അസുരന്മാരാൽ സന്തപിപ്പിക്കപ്പെട്ട ദേവന്മാരായ ഞങ്ങളാൽ നമസ്കരിക്കപ്പെടുന്നവളായി, ഭക്തിനിമിത്തം വിശേഷേണ നമിക്കപ്പെട്ട ശരീരങ്ങളോടുകൂടിയ ഞങ്ങളാൽ സ്മരിക്കപ്പെടുന്ന ക്ഷണത്തിൽത്തന്നെ ഞങ്ങളുടെ സർവാപത്തുകളേയും നശിപ്പിക്കുന്നവളായി ഇരിക്കുന്ന ശുഭകാരണയായ ആ ഈശ്വരി ഞങ്ങൾക്കു മംഗളങ്ങളേയും സുഖങ്ങളേയും ചെയ്യട്ടെ. ആപത്തുകളേയും നശിപ്പിക്കട്ടെ.

ഗുപ്ത—പൂർവം=മഹിഷാസുരവധകാലത്തു്.

ശാന്ത—പൂർവകല്പത്തിൽ സുരന്മാരാൽ സ്തുതിക്കപ്പെട്ടവളായി, ഉദ്ദിഷ്ടകാര്യലാഭംനിമിത്തം ദേവേന്ദ്രനാൽ സേവിക്കപ്പെട്ടവളായി സ്വാമിനിയായി ഇരിക്കുന്ന യാതൊരുദേവി, മര്യാദയില്ലാത്തവരായും, ബലംകൊണ്ടു് മദിച്ചവരായും ഇരിക്കുന്ന ശുംഭനിശുംഭാദിദൈത്യന്മാരാൽ സന്താപിതന്മാരായിരിക്കുന്ന ദേവന്മാരായ ഞങ്ങളാൽ ഇപ്പോൾ നമസ്കരിക്കപ്പെടുന്നുവോ യാതൊരുദേവി ഭക്തിവിനമ്രമൂർത്തികളായ ഞങ്ങളാൽ സ്മരിക്കപ്പെട്ടവളായിട്ടു് തൽക്ഷണംതന്നെ ഞങ്ങളുടെ സർവാപത്തുകളേയും നശിപ്പിക്കുന്നുവോ (അല്ലെങ്കിൽ) സർവാപത്തുകളേയും ഉണ്ടാക്കുന്ന ശത്രുക്കളെ നശിപ്പിക്കുന്നുവോ ആ ശുഭപ്രദാത്രിയായ ഈശ്വരി ഞങ്ങൾക്കു ശുഭങ്ങളേയും സുഖങ്ങളേയും ചെയ്യട്ടെ. അതുകൂടാതെ ഞങ്ങളുടെ ആപത്തുകളെ—ശത്രുക്കളിൽനിന്നുണ്ടാകുന്ന ദുഃഖങ്ങളെ—നശിപ്പിക്കട്ടെ.

"സുരേന്ദ്രേശദിനേശസേവിതാ" എന്നു പാഠഭേദം.

'ദേവേന്ദ്രനാലും പരമേശ്വരനാലും സൂര്യനാലും സേവിക്കപ്പെട്ടവൾ' എന്നർത്ഥം.

"അഭീഷ്ടസംശ്രയാ തഥാ" എന്നു പാഠഭേദം.

'ഇഷ്ടസാധ്യത്തിനായി ആശ്രയിക്കപ്പെടുവാൻ യോഗ്യ' എന്നർത്ഥം.

ജഗ—സ്തുതാ സുരൈഃ ... ചാപദഃ സ്വാഹാ വൃഥ

യാ സാമ്പ്രതം...മൂർത്തിഭിഃ സ്വാഹാ വൃവ

ഋഷിരുവാച—൮൪.

൮൧. ഏവം സ്തവാദിയുക്താനാം ദേവാനാം തത്ര പാർവതി
സ്നാതുമഭ്യായയൗ തോയേ ജാഹ്നവ്യാ നൃപനന്ദന! ൮൪൨

ഋഷി പറഞ്ഞു.

നൃപനന്ദന! = അല്ലയോ സുരഥരാജാവേ!
പാർവതീ = പാർവതീദേവി

തത്ര	= ആ ഹിമവാൻപർവ്വതത്തിൽ
ഏവംസ്തവാദിയുക്താനാം	= ഇങ്ങനെ സ്തോത്രാദികളോടുകൂടിയ
ദേവാനാം	= ദേവകളുടെ (പുരോഭാഗത്തിൽ)
ജാഹ്നവ്യാഃ തോയേ	= ഗംഗാജലത്തിൽ
സ്നാതും അഭ്യായയൌ	= സ്നാനം ചെയ്യുന്നതിനായി അഭിഗമിച്ചു.

അല്ലയോ സുരധരാജാവേ! പാർവ്വതീദേവി ആ ഹിമവാനിൽ ഇപ്രകാരം സ്തുതിക്കുന്നവരായ ദേവന്മാരുടെ പുരോഭാഗത്തിൽക്കൂടി ഗംഗാനദിയിൽ സ്നാനംചെയ്യുന്നതിനായി എഴുന്നള്ളി.

ചതു—ദേവന്മാരെ ആദരിക്കാതെപോയി എന്നർത്ഥം.

ശാന്ത—അല്ലയോ സുരധരാജാവേ! മുൻപറഞ്ഞതുപോലെ ദേവിയെസ്തുതിക്കുക, ധ്യാനിക്കുക മുതലായവയോടുകൂടിയ ദേവന്മാരുടെ മുൻപിൽ,—ആ ഹിമവാൻപർവ്വതത്തിൽ—പാർവ്വതീദേവി ഗംഗാജലത്തിൽ ജലക്രീഡചെയ്യുന്നതിനായി എഴുന്നള്ളി.

"സ്തവാദിയുക്താനാം" എന്നു പാഠഭേദം.

ജഗ—ഋഷിരുവാച സ്വാഹാ വ്വ൮

ഏവം സ്തവാദി...നൃപനന്ദന! സ്വാഹാ വ്വ൪

൮വ്വ. സാബ്രവീത്താൻ സുരാൻ സുഭ്രൂർഭവദ്ഭിഃ സ്തൂയതേ$\int$ത്ര കാ
ശരീരകോശതശ്ചാസ്യാഃ സമുൽഭൂതാബ്രവീച്ഛിവാ. ൮൪൪

സാ സുഭ്രൂഃ	= ആ സുന്ദരിയായ പാർവ്വതീദേവി
താൻ സുരാൻ	= അപ്രകാരം സ്തുതിക്കുന്ന ദേവന്മാരോട്
അത്ര	= ഈ ഹിമവാനിൽ
ഭവദ്ഭിഃ കാ സ്തൂയതേ	= ഭവാന്മാരാൽ ആരു സ്തുതിക്കപ്പെടുന്നു
(ഇതി) അബ്രവീൽ	= എന്നു ചോദിച്ചു
അസ്യാഃ ശരീരകോശതഃ	= പാർവ്വതീദേവിയുടെ ശരീരകോശത്തിൽ നിന്നു്
സമുൽഭൂതാ ശിവാ	= ഉത്ഭവിച്ചവളായ ദേവി
അബ്രവീൽ ച	= ഉത്തരം പറയുകയും ചെയ്തു.

ആ സുന്ദരിയായ പാർവ്വതീദേവി, അപ്രകാരം സ്തുതിക്കുന്ന ദേവന്മാരോടു് ഈ ഹിമവാനിൽ നിങ്ങൾ ആരെസ്തുതിക്കുന്നു? എന്നു്ചോദിച്ചു. പാർവ്വതീദേവിയുടെ ശരീരകോശത്തിൽനിന്നു് ഉത്ഭവിച്ച കൌശികീദേവി ഉത്തരംപറയുകയുംചെയ്തു.

ഗുപ്ത—പണ്ടൊരിക്കൽ പരമേശ്വരൻ പാർവ്വതിയെ നോക്കി 'കാളി' എന്നു വിളിച്ചു. അതുനിമിത്തം ദേവി നീലവർണ്ണയായി ഭവിച്ചതുകൊണ്ടു് "അല്ലയോ സ്വാമിൻ! ഭവാൻ കളിയായി

ട്ടാണു് എന്നെ കാളി എന്നു വിളിച്ചതു്, എങ്കിലും ആ വാക്കു് വ്യർത്ഥമായില്ല, എൻെറ ശരീരം ഗൌരവർണ്ണത്തോടുകൂടാത്തതായിത്തീൎന്നു, അവിടുത്തേക്കു് എന്നിൽ അധികമായ അപ്രീതിതന്നെ" എന്നു പറഞ്ഞിട്ടു് കോപിച്ചു. ശിവനാൽ പലവിധത്തിലും സമാധാനപ്പെടുത്തപ്പെട്ടദേവി, തൻെറ നീലനിറത്തിലുള്ള കോശത്തെ കളയണമെന്നുള്ള ഇച്ഛകൊണ്ടു് ശിവാജ്ഞയോടുകൂടി ഗൌതമാശ്രമത്തിൽച്ചെന്നു് തപസ്സുചെയ്തു്—സൎപ്പം ചട്ടയെ എന്ന പോലെ— കൃഷ്ണവർണ്ണമായ കോശത്തെ കളഞ്ഞു് ഗൗരവർണ്ണശരീരത്തോടുകൂടി ഗൗരി എന്നു പ്രസിദ്ധിസമ്പാദിച്ചു് ശിവസമീപത്തിൽ തിരിച്ചുവന്നു.

പാർവ്വതീദേവി ഉപേക്ഷിച്ച ആ കോശത്തിൽനിന്നു് പാർവ്വതിശക്തിതന്നെ അതിസുന്ദരിയായി നീലവർണ്ണയായി ഇരിക്കുന്ന ഒരു കന്യകയായി പ്രത്യക്ഷപ്പെട്ടു് പാർവ്വതിയോടുകൂടി സഞ്ചരിച്ചുകൊണ്ടിരുന്നു. ആ ദേവിയാണു് ഇപ്പോൾ ഉത്തരം പറഞ്ഞതു്.

ശിവപുരാണത്തിൽ വായുസംഹിതയിൽ ഇങ്ങനെ പറയുന്നു:— "ശുംഭനിശുംഭന്മാർ എന്നു പേരോടുകൂടി ഭ്രാതാക്കളായ രണ്ടു് അസുരന്മാർ ഉത്ഭവിച്ചു. അവർ തപോബലംകൊണ്ടു് ബ്രഹ്മാവിൻെറ അടുക്കൽനിന്നു് ഈ ജഗത്തിലുള്ള ഒരു പുരുഷനും തങ്ങളെ വധിക്കരുതെന്നും, അയോനിജയായി ഒരു സ്ത്രീയുടെ അംഗകോശത്തിൽനിന്നുത്ഭവിച്ചവളായി, അതിപരാക്രമത്തോടുകൂടിയവളായി, പുരുഷസ്പർശമുണ്ടായിട്ടില്ലാത്തവളായി ഇരിക്കുന്ന ഒരു കന്യക, ഞങ്ങൾ അവളെ കാമിച്ചിട്ടു് വധിച്ചുകൊള്ളട്ടെ എന്നും വരം വാങ്ങിച്ചു."

ആ സംഹിതയിൽത്തന്നെ വേറെ ഒരു ദിക്കിൽ:—"ശിവൻ പാർവ്വതിയോടു് കൗശികി ആരാണെന്നുചോദിച്ചതിനു് 'ഹേ സ്വാമിൻ എന്നാൽ സൃഷ്ടിക്കപ്പെട്ട ആ കൗശികിയെ ഭവാൻ കണ്ടില്ലയോ? അതുപോലെ ഒരു കന്യക ലോകത്തിൽ ഇതുവരെയും ഉണ്ടായിട്ടില്ല. മേൽ ഉണ്ടാകുകയുമില്ല. ആ കൗശികിയുടെ വീൎയ്യവും, ബലവും, വാസസ്ഥലവും, അതുപോലെതന്നെ യുദ്ധത്തിൽ ശുംഭനിശുംഭവധരീതിയും, ഭക്തന്മാൎക്കു് അഭീഷ്ടദാനവും, ദേവസംരക്ഷണംനിമിത്തം ബ്രഹ്മാവു് അറിയിച്ചുകൊള്ളും, എന്നു് പാർവ്വതി ഉത്തരം പറഞ്ഞതായും" പറയുന്നു.

ചതു—ശരീരകോശം=ദേഹാവരണചൎമ്മം.

ശാന്ത—പാർവ്വതീദേവി ദേവന്മാരുടെ മുമ്പിൽ എന്തുചെയ്തു എന്നു പറയുന്നു.

ആ സുന്ദരിയായ പാർവ്വതി സ്തുതിക്കുന്ന ദേവന്മാരോടു് "അല്ലയോ ദേവന്മാരേ! ഈ ഹിമവാൻപർവ്വതത്തിൽ നിങ്ങളാൽ ഏതു ദേവത സ്തുതിക്കപ്പെടുന്നു?" എന്നു ചോദിച്ചു. ദേവന്മാർ ഉത്തരംപറയുന്ന തിന്നുമുമ്പുതന്നെ ആ പാർവ്വതിദേവിയുടെ ശരീരകോശത്തിൽനിന്നു് ശിവയായ ആദിശക്തി ഉത്ഭവിച്ചു് ഉത്തരം പറഞ്ഞു. ഈ ശിവ, ബ്രഹ്മവിഷ്ണുമഹേശ്വരാദി സർവ്വദേവന്മാരുടേയും തേജോരൂപിണിയായി ആദ്യയായിരിക്കുന്ന ശക്തിയാകുന്നു.

ജ്ഞാനാർത്ഥനിധിയും സർവ്വജഗന്നിധിയും പരമാനന്ദനിധിയും ആകകൊണ്ടാണു് പാർവ്വതീശരീരത്തെ കോശത്തോടു് ഉപമിച്ചിരിക്കുന്നതു്.

നാഗോ—പാർവ്വതീദേവി "തന്നിൽനിന്നു് അന്യയായി ഒരു ദേവതഇല്ലാത്തതുകൊണ്ടു് ഏതുദേവത നിങ്ങളാൽ സ്തുതിക്കപ്പെടുന്നു." എന്നു ചോദിക്കുന്നു. ദേവന്മാരുടെ അജ്ഞാനത്തെ അറിഞ്ഞിട്ടു കരുണനിമിത്തം ദേവി സ്വയമേതന്നെ ഉത്തരംപറകയുംചെയ്യുന്നു.

ജഗ—സാബ്രവീത്താൻ...ച്ഛിവാ സ്വാഹാ വ്യ൭

ന൯. സ്തോത്രം മമൈതൽ ക്രിയതേ ശുംഭദൈത്യനിരാകൃതൈഃ
ദേവൈഃ സമേതൈഃ സമരേ നിശുംഭേന പരാജിതൈഃ. ന൪൭

സമരേ = യുദ്ധത്തിൽ
നിശുംഭേന പരാജിതൈഃ= നിശുംഭാസുരനാൽ മടക്കപ്പെട്ട
ശുംഭദൈത്യനിരാകൃതൈഃ= ശുംഭാസുരനാൽ നിരാകരിക്കപ്പെട്ട
സമേതൈഃ ദേവൈഃ = സമസ്തന്മാരായ ദേവന്മാരാൽ
മമ ഏതൽ സ്തോത്രംക്രിയതേ=എന്റെ ഈ സ്തോത്രം ചെയ്യപ്പെടുന്നു.

യുദ്ധത്തിൽ, നിശുംഭാസുരനാൽ മടക്കപ്പെട്ടവരും ശുംഭാസുരനാൽ നിരാകരിക്കപ്പെട്ടവരും ആയ എല്ലാദേവന്മാരും എന്റെ ഈ സ്തുതിയെ ചെയ്യുന്നു.

ചതു—"ദേവൈഃ സമാസ്തൈഃ" എന്നു പാഠഭേദം.

ശാന്ത—"ശിവാ, എന്തു പറഞ്ഞു എന്നു പറയുന്നു:—

'യുദ്ധത്തിൽ നിശുംഭനാൽ മടക്കപ്പെട്ടവരും, ശുംഭനാൽ നിരാകരിക്കപ്പെട്ടവരും ആയ എല്ലാ ദേവന്മാരും സർവ്വദേവതേജോമയിയായി ശിവയായിരിക്കുന്ന എന്റെ ഈ സ്തോത്രത്തെ ചെയ്തു.'

നാഗോ—ശുംഭദൈത്യനിരാകൃതൈഃ = ശുംഭാസുരനാൽ സ്വർഗ്ഗത്തിൽനിന്നും ആട്ടിക്കളയപ്പെട്ടവരാൽ.

ജഗ—സ്തോത്രം...പരാജിതൈഃ സ്വാഹാ വ്യ൫

൪൦. ശരീരകോശാദ്യത്തസ്യാഃ പാർവ്വത്യാ നിസ്സൃതാംബികാ
കൗശികീതി സമസ്തേഷു തതോ ലോകേഷു ഗീയതേ. ൩൪൩

യൽ	= യാതൊരു കാരണത്താൽ
തസ്യാഃ പാർവ്വത്യാഃ	= ആ പാർവ്വതിദേവിയുടെ
ശരീരകോശാൽ	= ശരീരത്തിങ്കൽനിന്നു്
അംബികാ നിസ്സൃതാ	= ദേവി നിർഗ്ഗമിച്ചുവോ
തതഃ	= അതുഹേതുവായിട്ടു്
സമസ്തേഷു ലോകേഷു	= സകലങ്ങളായ ലോകങ്ങളിലും
കൗശികീ ഇതി ഗീയതേ	= കൗശികി എന്നു് പറയപ്പെടുന്നു.

യാതൊരുകാരണത്താൽ ആ പാർവ്വതിയുടെ ശരീരകോശത്തിൽ നിന്നു് ദേവി ഉത്ഭവിച്ചുവോ അതുനിമിത്തം എല്ലാലോകങ്ങളിലും ആ ദേവിയെ കൌശികി എന്നു പറയുന്നു.

ശാന്ത—നിസ്സൃതാ = പുറപ്പെട്ടവൾ

കോശത്തിൽനിന്നും ഉണ്ടായവൾ കൗശികി.

ജഗ—ശരീരകോശാ...ഗീയതേ സ്വാഹാ ൮൭

൪൧. തസ്യാം വിനിർഗ്ഗതായാന്തു കൃഷ്ണാഭൂത്സാപി പാർവ്വതീ
കാളികേതി സമാഖ്യാതാ ഹിമാചലകൃതാശ്രയാ. ൩൪൪

തസ്യാം വിനിർഗ്ഗതായാം തു	= ആ ദേവി വിനിർഗ്ഗമിച്ചപ്പോളാകട്ടെ
സാ പാർവ്വതീ അപി കൃഷ്ണാ	= ആ പാർവ്വതിദേവിയും കൃഷ്ണവർണ്ണയായി
കാളികാ ഇതി സമാഖ്യാതാ	= കാളികാ എന്നു് പേരോടുകൂടിയവളായി
ഹിമാചലകൃതാശ്രയാ	= ഹിമവാൻപർവ്വതത്തിൽവസിക്കുന്നവളായി
അഭൂൽ	= ഭവിച്ചു.

ആ ദേവി വിനിർഗ്ഗമിച്ചപ്പോൾ, ആ പാർവ്വതീദേവിയും കൃഷ്ണവർണ്ണയായി കാളികാ എന്നു പേരോടുകൂടിയവളായി ഹിമവാൻപർവ്വതത്തിൽ വസിച്ചു.

ഗുപ്ത—"തസ്യാ വിനിർഗ്ഗതാ യാ തു" എന്നു പാഠഭേദം.

തസ്യാ = അവളിൽനിന്നു്.

പാർവ്വതീസമീപത്തിൽനിന്നു് യാതൊരുകൗശികി വിനിർഗ്ഗമിച്ചുവോ ആ പാർവ്വതീദേവിയും, കൃഷ്ണവർണ്ണത്തോടും കാളിക എന്ന പേരോടുംകൂടിയവളായിട്ടു് എല്ലാ ദേവന്മാരുടേയും പ്രാർത്ഥിതസ്ഥാനമായ ഹിമവാനിൽത്തന്നെ വസിച്ചു. അവിടെനിന്നും ഗംഗാനദിയിൽ സ്നാനത്തിനായി പോയില്ല—എന്നു താല്പര്യം. ദേവന്മാർ സ്തുതിക്കുമ്പോൾ ആ സ്തുതിയെ അംഗീകരിച്ച കൗശികിക്കു് അവരെ ഉപേക്ഷിച്ചു് വേറൊരുദിക്കിൽ ഗമനം അനുചിതമാണല്ലോ. (പാർവ്വതിദേവി

യാകട്ടെ ആ ദേവിയെ അവിടെത്തന്നെ സ്ഥാപിച്ചിട്ട് സ്നാനത്തിനായി ഗമിച്ചു എന്നു് അർത്ഥം.)

"തൽ കോശം സഹസോൽസൃജ്യ ഗൗരി സാ സമജായത
തൽകോശാദാത്മനോൽസൃഷ്ടാൽ കൗശികീനാമ നാമതഃ
കാളീ കാളാംബുദപ്രഖ്യാ കന്യകാ സമപദ്യത.
(എന്നു് വായുസംഹിത)

"തസ്യാം വിനിർഗ്ഗതായാന്തു" എന്നതിനു് ഗൗരി സ്നാനത്തിനായിട്ടോ, സ്നാനാനന്തരം കൈലാസപർവ്വതത്തിലേയ്ക്കോ ഗമിച്ചപ്പോൾ പാർവ്വതിതന്നെ കൃഷ്ണവർണ്ണയായി കാളിക എന്ന പേരോടുകൂടി ഹിമവാനിൽ വസിച്ചു, എന്നർത്ഥം.

ശാന്ത—ആ കൗശികി പാർവ്വതിതന്നെ ആണെങ്കിലും ശരീരകോശത്തിൽനിന്നു് വിനിർഗ്ഗമിച്ചപ്പോൾ കൃഷ്ണവർണ്ണയായിത്തീൎന്നു. അനന്തരം ആ പാർവ്വതിതന്നെ ഹിമവാനിൽ വസിച്ചു.

ഇവിടെ മഹാമായ ദേവകാർയ്യത്തിനായി ആദ്യം വിഷ്ണുവിൻെറ യോഗനിദ്രയായിത്തീൎന്നു. പിന്നെ സർവ്വദേവതേജോമയിയായ ശിവയായി ഭവിച്ചു. അനന്തരം പാർവ്വതിയായി. പിന്നീട്ട് കൗശികിയായിത്തീൎന്നു. ദേവസ്തുതിയെ അംഗീകരിച്ചിട്ടു് അതിനുശേഷം കാളികയായി. ആ കാളികയെത്തന്നെ അംബിക എന്നു പറയുന്നു.

ജഗ—തസ്യാം വിനിർഗ്ഗതായാം...കൃതാശ്രയാ സ്വാഹാ വൃവ

ർവ. തതോംऽബികാം പരം രൂപം ബിഭ്രാണാം സുമനോഹരം
ദദർശ ചണ്ഡോ മുണ്ഡശ്ച ഭൃത്യൗ ശുംഭനിശുംഭയോഃ. ന.ർവൃ

തതഃ	=	അനന്തരം
ശുംഭനിശുംഭയോഃ ഭൃത്യൗ	=	ശുംഭനിശുംഭന്മാരുടെ സേവകന്മാരായ
ചണ്ഡഃ മുണ്ഡഃ ച	=	ചണ്ഡനും മുണ്ഡനും
പരം	=	ഏററവും
സുമനോഹരം രൂപം	=	അതിമനോഹരമായ രൂപത്തെ
ബിഭ്രാണാം	=	ധരിച്ചവളായ
അംബികാം	=	കാളികാ എന്നു പേരോടുകൂടിയ പാർവ്വതിയെ
ദദർശ	=	ദർശിച്ചു.

അനന്തരം ശുംഭനിശുംഭന്മാരുടെ ഭൃത്യന്മാരായ ചണ്ഡമുണ്ഡന്മാർ ഏററവും മനോഹരമായ രൂപത്തെ ധരിച്ചിരിക്കുന്ന കാളിക എന്നു പേരോടുകൂടിയ പാർവ്വതിയെ കണ്ടു.

ഗുപ്ത—പരം രൂപം = കൗശികീനാമകമായ രൂപാന്തരം, അല്ലെങ്കിൽ ഉൽകൃഷ്ടമായ ലാവണ്യം, അല്ലെങ്കിൽ സ്ഥൂലം, സൂക്ഷ്മം, പരം എന്നു് ദേവതാരൂപം മൂന്നുവിധമുള്ളതിൽ മൂന്നാമത്തേതു്.

ശാന്ത—അനന്തരം ആ ഹിമവാനിൽ ശുംഭനിശുംഭസേവകന്മാരായ ചണ്ഡമുണ്ഡന്മാർ അതിമനോഹരമായ രൂപത്തോടുകൂടിയ അംബികയെ കണ്ടു.

''സുമനോഹരാം'' എന്നു പാഠഭേദം.

'അതിമനോഹരയായ ദേവിയെ' എന്നൎത്ഥം.

ജഗ—തതോംബികാം...നിശുംഭയോഃ സ്വാഹാ വ്യൻൎന.

താഭ്യാം ശുംഭായ ചാഖ്യാതാ സാതീവ സുമനോഹരാ
കാപ്യാസ്തേ സ്ത്രീർമഹാരാജ! ഭാസയന്തീ ഹിമാചലം. ന്മൻ

മഹാരാജ!	= അല്ലയോ മഹാരാജാവേ!
ഹിമാചലം ഭാസയന്തി	= ഹിമവാൻപൎവ്വതത്തെ ശോഭിപ്പിച്ചു-കൊണ്ടു്
കാപി സ്ത്രീഃ ആസ്തേ	= ഒരു സ്ത്രീ വസിക്കുന്നു എന്നു്
അതീവ സുമനോഹരാ	= ഏററവും മനോഹരയായ
സാ	= ആ കാളികാദേവി
താഭ്യാം	= ചണ്ഡമുണ്ഡന്മാരാൽ
ശുംഭായ ആഖ്യാതാ ച	= ശുംഭനോടു് പറയപ്പെട്ടുകയും ചെയ്തു.

അല്ലയോ മഹാരാജാവേ! ഹിമവാൻപൎവ്വതത്തെ ശോഭിപ്പിച്ചുകൊണ്ടു് ഒരു സ്ത്രീ വസിക്കുന്നു എന്നു് ആ രൂപവതിയായ കാളികാദേവി, ചണ്ഡമുണ്ഡന്മാരാൽ ശുംഭനോടു പറയപ്പെട്ടു.

ശാന്ത—ആ രൂപവതിയായ കാളികാദേവി ചണ്ഡമുണ്ഡന്മാരാൽ ശുംഭമഹാസുരസമക്ഷം പറയപ്പെട്ടു. അല്ലയോ മഹാരാജാവേ! അല്ലയോ ശുംഭ! ദൈത്യേശ്വര! ഏററവും മനോഹരയായ സ്ത്രീ ഹിമവാൻ പൎവ്വതത്തെ ശോഭിപ്പിച്ചുകൊണ്ടു്—സ്വയം ശ്യാമയായ അവൾ ശ്യാമശോഭകളെക്കൊണ്ടു് ശോഭാഢ്യമായ ഹിമവാനെ ശോഭിപ്പിച്ചുംകൊണ്ടു്—വസിക്കുന്നു.

അതിവസുമനോഹരാ=അത്യൎത്ഥം ഇവ സുമനോഹരാ. ഇവ സുമനോഹരാ=(ഇഃ=കാമം. വസു=ധനം) ഇവ വസുക്കളുടെ=കാമധനങ്ങളോടുകൂടിയവരുടെ മനഃ=മനസ്സിനെ ഹരാ=ഹരിക്കുന്നവൾ, എന്നു് പാതിവ്രത്യഭംഗപ്രസംഗംനിമിത്തം ദേവിയെക്കുറിച്ചുള്ള അനിഷ്ടാൎത്ഥം.

അതിവ സുമനോഹരാ = അത്യർത്ഥം സുമനോഹരാ. സുമനോഹരാ = സുമനസ്സിന്റെ = ശോഭനമായ മനസ്സോടുകൂടിയ പരമേശ്വരന്റെ ഹരാ = അർദ്ധാംഗത്തെ ഹരിച്ചവൾ എന്ന് ഇഷ്ടാർത്ഥം.

ജഗ—താഭ്യാം ശുംഭായ......ഹിമാചലം സ്വാഹാ ൯൦

൪൮. നൈവ താദൃക് ക്വചിദ്രൂപം ദൃഷ്ടം കേനചിദുത്തമം
ജ്ഞായതാം കാപ്യസൗ ദേവി ഗൃഹ്യതാം ചാസുരേശ്വര! ൯൧

അസുരേശ്വര!	= അല്ലയോ അസുരശ്രേഷ്ഠ!
ക്വചിൽ കേനചിൽ	= ഒരിടത്തും ഒരുത്തരാലും
താദൃക് ഉത്തമം രൂപം	= അപ്രകാരമുള്ള അതിസുന്ദരമായരൂപം
ദൃഷ്ടം ന ഏവ	= കാണപ്പെട്ടിട്ടില്ല; നിശ്ചയം.
അസൗ കാപി ദേവീ	= ഈ ഒരു ദേവസ്ത്രീ
ജ്ഞായതാം	= നിന്നാൽ അറിയപ്പെട്ടാലും
ഗൃഹ്യതാം ച	= ഗ്രഹിക്കപ്പെടുകയും ചെയ്താലും.

അല്ലയോ അസുരേശ്വര! ഭൂമിയിലെങ്ങും ഒരുത്തരാലും അപ്രകാരമുള്ള ഉത്തമമായ രൂപം കാണപ്പെട്ടിട്ടില്ല. ഈ ഒരു ദേവസ്ത്രീ ആരാണെന്ന് ഭവാനാൽ അറിയപ്പെടുകയും സ്വീകരിക്കപ്പെടുകയും വേണം.

ശാന്ത—അല്ലയോ അസുരേശ്വര! ഹേ ശുംഭ! ഭുവനത്തിലെങ്ങും ഒരു പുരുഷനാലും, അപ്രകാരം ഉത്തമമായി അതിസുന്ദരമായിരിക്കുന്ന രൂപം കാണപ്പെട്ടിട്ടില്ല. ഈ ദേവസ്ത്രീ അങ്ങാൽ അറിയപ്പെടുകയും ഗ്രഹിക്കപ്പെടുകയും വേണം—എന്ന് ദേവിയെക്കുറിച്ച് അനിഷ്ടാർത്ഥം. ഇഷ്ടാർത്ഥമാകട്ടെ, ഹേ ശുംഭ! അപ്രകാരം ഇരിക്കുന്ന ജ്ഞാനരൂപം ഒരിടത്തും ആരാലും കാണപ്പെട്ടിട്ടില്ല. അതുകൊണ്ട് ഈ ദേവി കാപി=പരദേവതയാണ് എന്ന് നിന്നാൽ അറിയപ്പെടണം. ഇവൾ ഒരു അബലയാണെന്ന് വിചാരിക്കരുത്. ഈ ദേവി ആത്മസംരക്ഷണത്തിനായിക്കൊണ്ട് നിന്നാൽ ആശ്രയിക്കപ്പെടുകയും വേണം —എന്ന് ശുംഭനോട് ഹിതോപദേശം.

ജഗ—നൈവ താദൃക്...ചാസുരേശ്വര! സ്വാഹാ ൯൧

൪൯. സ്ത്രീരത്നമതിചാർവംഗി ദ്യോതയന്തീ ദിശസ്ത്വിഷാ
സാ തു തിഷ്ഠതി ദൈത്യേന്ദ്ര! താം ഭവാൻ ദ്രഷ്ടുമർഹതി. ൯൨

ദൈത്യേന്ദ്ര!	= അല്ലയോ അസുരശ്രേഷ്ഠ!
സാ സ്ത്രീരത്നം തു	= ആ സ്ത്രീരത്നമാകട്ടെ
അതിചാർവംഗീ	= അത്യന്തസുന്ദരിയായി
ത്വിഷാ	= ദീപ്തികൊണ്ട്
ദിശഃദ്യോതയന്തീതിഷ്ഠതി	– ദിക്കുകളെ ശോഭിപ്പിക്കുന്നവളായിട്ട് വസിക്കുന്നു.

ഭവാൻ താം ദ്രഷ്ടും അർഹതി = അങ്ങ് അവളെ കാണേണ്ടതാകുന്നു.

ഹേ! അസുരശ്രേഷ്ഠ! ആ സ്ത്രീരത്നമാകട്ടെ അതിസുന്ദരിയായി ദീപ്തികൊണ്ട് ദിക്കുകളെ എല്ലാം പ്രകാശിപ്പിക്കുന്നവളായി വസിക്കുന്നു. ഭവാൻ അവളെ കാണേണ്ടതാകുന്നു

ശാന്ത—അല്ലയോ ദൈത്യേശ്വരനായ ശുംഭ! അംഗകാന്തികൊണ്ട് ചുറ്റുദിക്കുകളേയും പ്രകാശിപ്പിക്കുന്നവളായി അതിമനോഹരയായി ഇരിക്കുന്ന സ്ത്രീ എന്നു പറയുന്ന ഒരു രത്നം സ്ഥിതിചെയ്യുന്നു. ആ രത്നത്തെ ഭവാൻ കാണേണ്ടതാണ്.

അല്ലയോ ശുംഭ! അവൾ നിശ്ചയമായിട്ടും സ്ത്രീരത്നമാകുന്നു. അതുപോലെതന്നെ അതിസുന്ദരിയാകുന്നു. കാന്തികൊണ്ട് ദിക്കുകളെ പ്രകാശിപ്പിച്ചുകൊണ്ട് സ്ഥിതിചെയ്യുന്നു. അവളെക്കൊണ്ട് ഭവാന് എന്തുകാര്യമാണ്? എന്നാൽ അവളെ കാണേണ്ടതാണ്. (ദേവീദർശനം വേണ്ടതാണ്) യാവനൊരുത്തൻ ദോഷബുദ്ധിയോടുകൂടി അവളെ നോക്കുന്നുവോ അവൻ ഉടനേതന്നെ നശിച്ചുപോകും. അതുകൊണ്ട് ഭവാൻ അതിനു യത്നംചെയ്യരുത്—എന്നു് ഹിതോപദേശം.

ജഗ—സ്ത്രീരത്നമതി...ദ്രഷ്ടുമർഹതി സ്വാഹാ ൻവ ർന്നു. യാനി രത്നാനി മണയോ ഗജാശ്വാദീനി വൈ പ്രഭോ!
ത്രൈലോക്യേ തു സമസ്താനി സാമ്പ്രതം ഭാന്തി തേ ഗൃഹേ.

പ്രഭോ!	=	ഹേ ത്രൈലോക്യേശ്വര!
ത്രൈലോക്യേ തു	=	മൂന്നുലോകത്തിലും
ഗജാശ്വാദീനി	=	ആന കുതിര മുതലായി
യാനി	=	യാവ ചില
രത്നാനി	=	അതാതു ജാതിയിൽ ഉൽകൃഷ്ടങ്ങളായ വസ്തുക്കളും
മണയഃ	=	പത്മരാഗാദിരത്നങ്ങളും ഉണ്ടോ
താനിസമസ്താനി സാമ്പ്രതം	=	അവയെല്ലാം ഇപ്പോൾ
തേ ഗൃഹേ ഭാന്തി	=	ഭവാൻെറ ഭവനത്തിൽ ശോഭിക്കുന്നു
വൈ	=	പ്രസിദ്ധം.

അല്ലയോ ത്രൈലോക്യേശ്വര! ത്രൈലോക്യത്തിലും ഉള്ള ആന കുതിര മുതലായി അതാതു ജാതിയിൽപ്പെട്ട ഉൽകൃഷ്ടവസ്തുക്കളും പത്മരാഗാദിരത്നങ്ങളും എല്ലാം ഇപ്പോൾ ഭവാൻെറ ഭവനത്തിൽ ശോഭിക്കുന്നു എന്നുള്ളതു് പ്രസിദ്ധമാണ്.

ശാന്ത—ഹേ പ്രഭോ! ശുംഭ! ത്രൈലോക്യത്തിൽ ആന കുതിര മുതലായി അതാതുജാതിയിൽ ഉൽകൃഷ്ടങ്ങളായി ഇരിക്കുന്ന യാവ ചില

വസ്തുക്കൾ ഭവിക്കുന്നുവോ അതുപോലെ ദേദീപ്യമാനങ്ങളായിരിക്കുന്ന യാവചില പത്മരാഗാദിരത്നങ്ങൾ ഭവിക്കുന്നുവോ അതെല്ലാം (സാമ്പ്രതം ഭാന്തി=) ഇപ്പോൾ ഭവാന്റെ ഗൃഹത്തിൽ വൎത്തിക്കുന്നു. ഹേ പ്രഭോ! അങ്ങു് ദൂതവചനംഹേതുവായിട്ടു് അവളെ ആനയിപ്പാനായി യത്നംചെയ്യുന്നു എങ്കിൽ അതെല്ലാം മൂന്നുലോകത്തിലും അതാതിന്റെ സ്ഥാനത്തിൽ ചെന്നുചേരും.

ജഗ—യാനി രത്നാനി... തേ ഗൃഹേ സ്വാഹാ ൯൩

൪൧. ഐരാവതസ്സമാനീതോ ഗജരത്നം പുരന്ദരാൽ
പാരിജാതതരുശ്ചായം തഥൈവോച്ചൈഃശ്രവാ ഹയഃ- ൩൫൩

പുരന്ദരാൽ = ഇന്ദ്രങ്കൽനിന്നു്
ഐരാവതഃ ഗജരത്നം = ഐരാവതം എന്ന ശ്രേഷ്ഠമായ ഗജവും
അയം പാരിജാതതരുഃച = ഈ കല്പകവൃക്ഷവും
തഥാ ഏവ = അപ്രകാരംതന്നെ
ഉച്ചൈഃശ്രവാഃ ഹയഃ = ഉച്ചൈഃശ്രവസ്സ് എന്ന കുതിരയും
സമാനീതഃ = അങ്ങാൽ സമ്യക്കാകുംവണ്ണം ആനയിക്കപ്പെട്ടു.

ഹേ! പ്രഭോ! ദേവേന്ദ്രങ്കൽനിന്നു് ഐരാവതം എന്ന ശ്രേഷ്ഠമായഗജവും, ഈ കല്പകവൃക്ഷവും, അതുപോലെതന്നെ ഉച്ചൈഃശ്രവസ്സ് എന്ന കുതിരയും, അങ്ങാൽ ആനയിക്കപ്പെട്ടു.

ശാന്ത—ഗജാശ്വാദിശബ്ദങ്ങളെക്കൊണ്ടു് മുൻശ്ലോകത്തിൽ വിവക്ഷിച്ചിരിക്കുന്ന രത്നങ്ങളെ ഓരോന്നായി പറയുന്നു.

ഗജരത്നം എന്നുപറഞ്ഞിരിക്കുന്നതുപോലെ എല്ലാം രത്നങ്ങളാണെന്നു് വിചാരിച്ചുകൊള്ളണം.

ഹേ പ്രഭോ! അങ്ങു് ദേവേന്ദ്രങ്കൽനിന്നു് കൊണ്ടുവന്ന ഐരാവതം എന്നഗജരത്നവും, പാരിജാതം എന്ന തരുരത്നവും, ഉച്ചൈഃശ്രവസ്സ് എന്ന ഹയരത്നവും ഭവാന്റെ ഗൃഹത്തിൽ വൎത്തിക്കുന്നു.

ജഗ—ഐരാവത......ഹയഃ സ്വാഹാ ൯൪

൪൨. വിമാനം ഹംസസംയുക്തമേതത്തിഷ്ഠതി തേ ऽങ്കണേ
രത്നഭൂതമിഹാനീതം യദാസീദ്വേധസോ ऽത്ഭുതം. ൩൫൪

വേധസഃ = ബ്രഹ്മാവിന്നു്
അത്ഭുതം = ആശ്ചൎയ്യകാരിയായി
യൽ വിമാനം ആസീൽ = യാതൊരു വിമാനം ഭവിച്ചുവോ
ഹംസസംയുക്തം = ഹംസത്തോട്ടുകൂടിയതും

രത്നഭൂതം	= ശ്രേഷ്ഠമായിട്ടുള്ളതും ആയ
എതൽ ഇഹ ആനീതം	= ഈ വിമാനം ഇവിടെ കൊണ്ടുവരപ്പെട്ടു്
തേ അങ്കണേ	= ഭവാന്റെ മുററത്തു്
തിഷ്ഠതി	= ഇരിക്കുന്നു.

ആശ്ചര്യത്തെ ഉണ്ടാക്കുന്നതും ഹംസത്തോടുകൂടിയതും ശ്രേഷ്ഠമായിട്ടുള്ളതും ആയ ബ്രഹ്മാവിന്റെ വിമാനം ഇവിടെ കൊണ്ടുവരപ്പെട്ടു് ഭവാന്റെ അങ്കണത്തിൽ ഇരിക്കുന്നു.

ശാന്ത—അല്ലയോ പ്രഭോ! സ്രഷ്ടാവായ ബ്രഹ്മാവിനു് ആശ്ചര്യകാരിയായി ഹംസസംയുക്തമായി രത്നരൂപത്തെ പ്രാപിച്ചതായി ഇരിക്കുന്ന യാതൊരു ദേവയാനം മുൻപിൽ ഉണ്ടായിരുന്നുവോ അതു് ഭവാനാൽ അപഹരിക്കപ്പെട്ടു് ഇതാ അങ്കണത്തിൽ സ്ഥിതിചെയ്യുന്നു.

നാഗോ—വരപ്രദനായ ബ്രഹ്മാവിന്റെ വിമാനവും ഇവിടെ കൊണ്ടുവരപ്പെട്ടു എന്നുള്ളതു് അത്ഭുതംതന്നെ.

ആരാലും ജയിക്കപ്പെടുവാൻ കഴിയാത്ത ഭവാൻ ആ വിമാനത്തെ ബലാൽ അപഹരിച്ചതാകുന്നു—ബ്രഹ്മാവു് വരംതന്നതുകൊണ്ടു് അതിനെ ഉപേക്ഷിച്ചു എന്നു താല്പര്യം.

ജഗ—വിമാനം......സോത്ഭുതം സപാഹാ ൻ൫

ർൻ. നിധിരേഷ മഹാപത്മഃ സമാനീതോ ധനേശ്വരാൽ
കിഞ്ജല്ക്കിനീം ദദൗ ചാബ്ധിർമ്മാലാമമ്ലാനപങ്കജാം. ൩൫

ധനേശ്വരാൽ	= കുബേരങ്കൽനിന്നു്
ഏഷഃ മഹാപത്മഃ നിധിഃ	= ഈ മഹാപത്മം എന്നു പേരായ നിധി
സമാനീതഃ	= കൊണ്ടുവരപ്പെട്ടു.
അബ്ധിഃ	= സമുദ്രം
കിഞ്ജല്ക്കിനീം	= കേസരങ്ങളോടുകൂടിയതും
അമ്ലാനപങ്കജാം	= വാടാത്ത താമരപ്പൂക്കളോടുകൂടിയതുമായ
മാലാം ദദൗ ച	= മാലയെ തരികയും ചെയ്തു.

വൈശ്രവണനിൽനിന്നു് മഹാപത്മം എന്നു പേരായ ഈ നിധി സമാനയിക്കപ്പെട്ടു. സമുദ്രം, അല്ലികളെക്കൊണ്ടു ശോഭിക്കുന്ന വാടാത്ത പങ്കജമാലയെ തരികയുംചെയ്തു.

ചതു—കിഞ്ജല്ക്കിനി=കിഞ്ജല്കിനി എന്നു പേരോടുകൂടിയതും എണ്ണാൻപാടില്ലാത്ത കേസരങ്ങളോടുകൂടിയതും.

ശാന്ത—ഹേ പ്രഭോ! കുബേരനിൽനിന്നു് മഹാപത്മം എന്ന നിധിരത്നം അപഹരിക്കപ്പെട്ടു് അങ്ങേ ഗൃഹത്തിൽ ഇരിക്കുന്നു ഹേ

പ്രഭോ! സമുദ്രം അങ്ങേയ്ക്കു് കേസരങ്ങളോടുകൂടിയതും ഒരിക്കലും വാടാത്തതും ആയ പങ്കജമാലാരത്നത്തെയും തന്നു.

മഹാപത്മം=മഹത്തുക്കളായിരിക്കുന്ന, പത്മങ്ങൾ=നിധിഭേദങ്ങൾ ഏതിൽനിന്നുത്ഭവിക്കുന്നുവോ അതു്.

ജഗ—നിധിരേഷ......പങ്കജാം സ്വാഹാ ൯൩

൫൦. ഛത്രം തേ വാരുണം ഗേഹേ കാഞ്ചനസ്രാവി തിഷ്ഠതി
തഥായം സ്യന്ദനവരോ യഃ പുരാസീൽ പ്രജാപതേഃ. ൩൫൩

വാരുണം = വരുണനെസ്സംബന്ധിച്ചതും
കാഞ്ചനസ്രാവി = സ്വർണ്ണവർഷം ചെയ്യുന്നതും ആയ
ഛത്രം = വെൺകൊററക്കുടയും
തഥാ യഃ = അതുപോലെ യാതൊന്നു്
പുരാപ്രജാപതേഃ ആസിൽ = പണ്ടു് ബ്രഹ്മാവിനു് ഉണ്ടായിരുന്നുവോ
അയം സ്യന്ദനവരഃ = ഈ രഥരത്നവും
തേ ഗേഹേ തിഷ്ഠതി = ഭവാൻെറ ഗൃഹത്തിൽ ഇരിക്കുന്നു.

വരുണൻെറ സ്വർണ്ണവർഷംചെയ്യുന്ന വെൺകൊററക്കുടയും അപ്രകാരം പണ്ടു് ബ്രഹ്മാവിനുണ്ടായിരുന്ന ഈ രഥരത്നവും ഭവാൻെറ ഗൃഹത്തിൽ ഇരിക്കുന്നു.

ശാന്ത—വരുണനെ സംബന്ധിച്ചതും കാന്തികൊണ്ടു സ്വർണ്ണവർഷംചെയ്യുന്നതും ആയ വെൺകൊററക്കുടയും അതുപോലെ പണ്ടു് ബ്രഹ്മാവിനുണ്ടായിരുന്ന ഈ രഥരത്നവും ഭവാനാൽ അപഹരിക്കപ്പെട്ടു് അങ്ങേഗൃഹത്തിൽ വർത്തിക്കുന്നു.

അല്ലെങ്കിൽ വരുണൻെറ വെൺകൊററക്കുട ഭവാൻെറ കാഞ്ചനസ്രാവിയായ=സ്വർണ്ണവർഷം ചെയ്യുന്നതായ ഗൃഹത്തിൽ വർത്തിക്കുന്നു.

കാഞ്ചനസ്രാവി=കാഞ്ചനത്തിൻെറ=സ്വർണ്ണത്തിൻെറ കാന്തിപോലെയുള്ള കാന്തിയെ സ്രവിപ്പിക്കുന്നതു്=ഒഴുക്കുന്നതു്.

ജഗ—ഛത്രം തേ......പ്രജാപതേഃ സ്വാഹാ ൯൪

൫൧ മൃത്യോരുൽക്രാന്തിദാ നാമ ശക്തിരീശ! ത്വയാ ഹൃതാ
പാശഃ സലിലരാജസ്യ ഭ്രാതുസ്തവ പരിഗ്രഹേ ൩൫൪

ഈശ! = അല്ലയോ സ്വാമിൻ!
മൃത്യോഃ = കാലൻെറ
ഉൽക്രാന്തിദാ നാമശക്തിഃ = മരണത്തെ ഉണ്ടാക്കുന്നതു് എന്നു് പ്രസിദ്ധയായ ശക്തി

ത്വയാ ഹൃതാ	= ഭവാനാൽ അപഹരിക്കപ്പെട്ടു.
സലിലരാജസ്യ പാശഃ	= വരുണന്റെ പാശായുധം
തവ	= ഭവാന്റെ
ഭ്രാതുഃ പരിഗ്രഹേ	= സഹോദരന്റെ ഭവനത്തിൽ(വർത്തിക്കുന്നു)

ഹേ സ്വാമിൻ! മരണത്തെ ഉണ്ടാക്കുന്നതു് എന്നു പ്രസിദ്ധയായ കാലന്റെ ശക്തി ഭവാനാൽ അപഹരിക്കപ്പെട്ടു. വരുണന്റെ പാശായുധം ഭവാന്റെ സഹോദരനായ നിശുംഭന്റെ ഗൃഹത്തിൽ ഇരിക്കുന്നു.

ശാന്ത—അല്ലയോ സ്വാമിൻ! കാലന്റെ ഉൽക്രാന്തിദാ എന്നു പ്രസിദ്ധയായ യാതൊരു ശക്തിയുണ്ടോ അതു് ഭവാനാൽ അപഹരിക്കപ്പെട്ടു. വരുണപാശവും അങ്ങേ സഹോദരന്റെ കൈവശത്തിലാകുന്നു.

ഉൽക്രാന്തിദാ=മരണത്തെ കൊടുക്കുന്നതു്.

"പ്രാണിനാമായുഷോന്തേ യാ പ്രാണാകർഷണകാരിണീ
ശക്തിസ്സോൽക്രാന്തിദാ" (എന്നു്)

ജഗ—മൃത്യോരുൽ......പരിഗ്രഹേ സ്വാഹാ ന്റെവ്യ.

ഉ. നിശുംഭസ്യാബ്ധിജാതാശ്ച സമസ്താ രത്നജാതയഃ
* വഹ്നിശ്ചാപി ദദൌ തുഭ്യ § മഗ്നിശൌചേ ച വാസസീ. ൩൫വ്യ.

അബ്ധിജാതാഃ	=സമുദ്രത്തിൽനിന്നുണ്ടായവയായ
സമസ്താഃ രത്നജാതയഃ	= എല്ലാ രത്നസമൂഹങ്ങളും
നിശുംഭസ്യ	= നിശുംഭന്റെ (ഗൃഹത്തിൽ വർത്തിക്കുന്നു)
വഹ്നിഃ ച അപി	= അഗ്നിഭഗവാനും
തുഭ്യം അഗ്നിശൌചേ	= അങ്ങേയ്ക്കു് അഗ്നിയിൽ നിർമ്മലമാക്കുന്ന
വാസസീ ച	= വസ്ത്രങ്ങളും
ദദൌ	= ദാനംചെയ്തു.

സമുദ്രത്തിൽനിന്നുണ്ടായ സകലരത്നസമൂഹങ്ങളും നിശുംഭന്റെ ഗൃഹത്തിൽ വർത്തിക്കുന്നു. അഗ്നിഭഗവാനും അങ്ങേയ്ക്കു് അഗ്നിയിൽ ഇട്ടു നിർമ്മലമാക്കുന്ന വസ്ത്രങ്ങളേയും ദാനംചെയ്തു.

ശാന്ത—ഹേ പ്രഭോ! രത്നാകരസമുൽഭൂതങ്ങളായി സകലങ്ങളുമായിരിക്കുന്ന ഉത്തമരത്നസമൂഹവും ഭവാന്റെ സഹോദരനായ നിശുംഭന്റെ ഗൃഹത്തിൽ ഇരിക്കുന്നു. ഹേ പ്രഭോ! അങ്ങേയ്ക്കു് അഗ്നിഭഗവാനും അഗ്നിശൌചങ്ങൾ എന്നു പേരുള്ള രണ്ടുവസ്ത്രങ്ങളെ ദാനംചെയ്തു.

* അഗ്നിശ്ചാപി എന്നു പാഠഭേദം. § അഗ്നിശൌചേയ എന്നു പാഠഭേദം

അഗ്നിശൌചങ്ങൾ=അഗ്നിയിൽ നിക്ഷേപിക്കുന്നതുകൊണ്ടു് നിർമ്മലങ്ങളായിത്തീരുന്നവ=കല്പകവൃക്ഷത്തെ സംബന്ധിച്ചതും സ്വർണ്ണമയമായുള്ളതും അഗ്നിദേവതാകവും അഗ്നിയിൽ ഇടുന്നതുകൊണ്ടു് ശുദ്ധമായിത്തീരുന്നതും ആയിട്ടുള്ളവ.

ജഗ—നിശുംഭസ്യാബ്ധി......വാസസീ സ്വാഹാ ൯൯

൯൯. ഏവം ദൈത്യേന്ദ്ര! രത്നാനി സമസ്താന്യാഹൃതാനി തേ
സ്ത്രീരത്നമേഷാ കല്യാണി ത്വയാ കസ്മാന്ന ഗൃഹ്യതേ. ൩൪൯

ദൈത്യേന്ദ്ര! = അസുരശ്രേഷ്ഠ!
ഏവം = മേൽപറഞ്ഞതുപോലെ
സമസ്താനി രത്നാനി = സമസ്തങ്ങളായ രത്നങ്ങളും
തേ ആഹൃതാനി = അങ്ങേയ്ക്കായിട്ടു് കൊണ്ടുവരപ്പെട്ടു.
ഏഷാകല്യാണിസ്ത്രീരത്നം= ഈ അംബികയായ സ്ത്രീരത്നം
ത്വയാ = ഭവാനാൽ
കസ്മാൽ ന ഗൃഹ്യതേ = എന്തുകാരണത്താൽ ഗ്രഹിക്കപ്പെടുന്നില്ല.

അല്ലയോ അസുരശ്രേഷ്ഠ! മുൻപറഞ്ഞതുപോലെ സകലരത്നങ്ങളും അങ്ങേയ്ക്കായി കൊണ്ടുവരപ്പെട്ടു. ഈ അംബികയായ സ്ത്രീരത്നത്തെ എന്തുകൊണ്ടാണു് ഭവാൻ ഗ്രഹിക്കാത്തതു്?

ശാന്ത—അല്ലയോ ദൈത്യേന്ദ്ര! (ഐരാവതസ്സമാനീതഃഇത്യാദി) മുൻപറഞ്ഞതുപോലെ സകലരത്നങ്ങളും അങ്ങേക്കായിക്കൊണ്ടുവരപ്പെട്ടു. ഈ അംബികയായ സ്ത്രീരത്നം അങ്ങാൽ എന്തുകാരണത്താൽ സ്വീകരിക്കപ്പെടുന്നില്ല?—സ്വീകരിക്കാതിരിക്കുന്നതിനു് ഒരു കാരണവുമില്ലാത്തതുകൊണ്ടു് സ്വീകരിച്ചാലും—എന്നു താല്പര്യം.

അല്ലയോ ശുംഭ! സകലരത്നങ്ങളും അങ്ങാൽ കൊണ്ടുവരപ്പെട്ടു. എന്നാൽ (ഏഷാ സ്ത്രീരത്നം കല്യാണീ ന=) ഈ സ്ത്രീരത്നം ഭവാനു് കല്യാണിയല്ല=ശുഭകാരിണിയല്ല. ത്വയാ കസ്മാൽ ഗൃഹ്യതേ=അങ്ങയാൽ എന്തിനു ഗ്രഹിക്കപ്പെടുന്നു. ഇവൾ മഹേശ്വരപത്നിയും അസുരനാശിനിയുമാകുന്നു. അതുകൊണ്ടു് ആ വിചാരത്തെ ത്യജിക്കണം, എന്നു് ഹിതോപദേശം.

'ദൈത്യേന്ദ്രരത്നാനി' എന്നതിനു് ദൈത്യ! എന്നും, ഇന്ദ്രരത്നാനി എന്നും പദച്ഛേദം. ദൈത്യ! എന്നു സംബോധന. ഇന്ദ്രരത്നാനി= ഇന്ദ്രനെ സംബന്ധിച്ച ഐരാവതാദിരത്നങ്ങൾ.

ജഗ—ഏവം ദൈത്യേന്ദ്ര!......ഗൃഹ്യതേ സ്വാഹാ ൧൦൦

ഋഷിരുവാച—൩൫൦.

൧൦൧, നിശമ്യേതി വചശ്ശുംഭഃ സ തദാ ചണ്ഡമുണ്ഡയോഃ
പ്രേഷയാമാസ സുഗ്രീവം ദൂതം ദേവ്യാ മഹാസുരം. ൩൫൧

ഋഷി പറഞ്ഞു.

സഃ ശുംഭഃ തദാ = ആ ശുംഭാസുരൻ അപ്പോൾ
ചണ്ഡമുണ്ഡയോഃ വചഃ = ചണ്ഡമുണ്ഡന്മാരുടെ വാക്കിനെ
ഇതി നിശമ്യ = ഇങ്ങനെ കേട്ടിട്ടു്
മഹാസുരം സുഗ്രീവം ദൂതം = മഹാസുരനായ സുഗ്രീവൻ എന്ന ദൂതനെ
ദേവ്യാഃ പ്രേഷയാമാസ = ദേവിയെ ഉദ്ദേശിച്ചു് അയച്ചു.

അപ്പോൾ ആ ശുംഭാസുരൻ ചണ്ഡമുണ്ഡന്മാരുടെ വാക്കുകളെ ഇപ്രകാരം കേട്ടിട്ടു് മഹാസുരനായ സുഗ്രീവൻ എന്ന ദൂതനെ ദേവിയുടെ അടുക്കലേക്കു് അയച്ചു.

ശാന്ത—'മഹാസുരഃ' എന്നു പാഠഭേദം (ശുംഭവിശേഷണം) മഹാസുരനായ ശുംഭൻ അപ്പോൾ ചണ്ഡമുണ്ഡന്മാരുടെ മുൻപറയപ്പെട്ട വാക്കിനെ കേട്ടിട്ടു് സുഗ്രീവൻ എന്ന ദൂതനെ ദേവീസമീപത്തിൽ അയച്ചു.

ജഗ—ഋഷിരുവാച സ്വാഹാ ൧൦൧
നിശമ്യേതി......മഹാസുരം സ്വാഹാ ൧൦൨

൧൦൩. ഇതി ചേതി ച വക്തവ്യാ സാ ഗത്വാ വചനാന്മമ
യഥാ ചാഭ്യേതി സംപ്രീത്യാ തഥാ കാര്യം ത്വയാ ലഘു

മമ വചനാൽ = എന്റെ വാക്കുഹേതുവായിട്ടു് (നിന്നാൽ)
ഗത്വാ ഇതി ച ഇതി ച = അവിടെ ചെന്നിട്ടു് ഇങ്ങനെ ഇങ്ങനെ
സാ വക്തവ്യാ = അവൾ പറയപ്പെടേണ്ടവളാകുന്നു.
യഥാ സംപ്രീത്യാ = യാതൊരുപ്രകാരം പ്രീതിയോടുകൂടി
ലഘു അഭ്യേതി = വേഗത്തിൽ (അവൾ) വരുമോ
ത്വയാ തഥാ കാര്യം = നിന്നാൽ അപ്രകാരം ചെയ്യപ്പെടേണ്ടതാകുന്നു.

എന്റെ വാക്കുനിമിത്തം നീ അവിടെച്ചെന്നു് അവളോടു് ഇങ്ങനെയെല്ലാം പറയണം. എങ്ങനെയായാൽ അവൾ പ്രീതിയോടുകൂടി വേഗത്തിൽ ഇവിടെ വരുമോ അതുപോലെ എല്ലാം, നീ ചെയ്യുകയും വേണം

ശാന്ത—ഹേ സുഗ്രീവ! ഹേ ദൂത! നീ അവിടെ ചെന്നിട്ടു് എന്റെ വാക്കുനിമിത്തം അവളോടു് ഇങ്ങനെ സാമോപായമായി പറയണം. യാതൊരുപ്രകാരത്തിലായാൽ അവൾ സന്തോഷത്തോടുകൂടി വേഗത്തിൽ ഇവിടെവരുമോ അപ്രകാരമെല്ലാം നിന്നാൽ ചെയ്യപ്പെടുകയും വേണം.

നാഗോ—ഈ വാക്കുകൊണ്ടു് ശുംഭനിശുംഭന്മാർ രജോഗുണപ്രധാനികളാണെന്നു വെളിവാകുന്നു. അതുകൊണ്ടുതന്നെയാണു് അവരെ

കൊല്ലുന്നതിന്ന് സത്വഗുണപ്രധാനമായ അവതാരം—എന്നറിഞ്ഞു കൊള്ളേണം.

ജഗ—ഇതി ചേതി ച...ത്വയാലഘു സ്വാഹാ ൧൦൩

൩൬. സ തത്ര ഗത്വാ യത്രാസ്തേ ശൈലോദ്ദേശേ ƒതിശോഭനേ
സാ ദേവീ താം തതഃ പ്രാഹ ശ്ലക്ഷ്ണം മധുരയാ ഗിരാ ൬൩൪

യത്ര	= യാതൊരു
അതിശോഭനേ ശൈലോദ്ദേശേ	= ഏററവും മനോഹരമായ പർവ്വതപ്രദേശത്തിൽ
സാ ദേവീ ആസ്തേ	= ആ ദേവി വസിക്കുന്നുവോ
സഃ തത്ര ഗത്വാ	= ആ ദൂതൻ അവിടെ ചെന്നിട്ട്
തതഃ താം ശ്ലക്ഷ്ണം	= അനന്തരം അവളോട്ട് ഉചിതമാകുംവണ്ണം
മധുരയാ ഗിരാ പ്രാഹ	= മാധുര്യത്തോടുകൂടിയവാക്കുകൊണ്ട് പറഞ്ഞു.

സുഗ്രീവൻ എന്ന ദൂതൻ ആ ദേവി വസിക്കുന്ന അതിമനോഹരമായ പർവ്വതപ്രദേശത്തിൽച്ചെന്നിട്ട് അവളോട്ട് ഉചിതമാകുംവണ്ണം മധുരമായ വാക്കുകളെ പറഞ്ഞു.

ശാന്ത—സുഗ്രീവൻ എന്നു പേരോടുകൂടിയ ആ ദൂതൻ അതിമനോഹരമായിരിക്കുന്ന ഏതു പർവ്വതപ്രദേശത്തിൽ ഈ ദേവി ഇരിക്കുന്നുവോ ആ പർവ്വതപ്രദേശത്തിൽ ചെന്നിട്ട് അനന്തരം ആ അംബികയോടു സമുചിതമാകുംവണ്ണം, സുകുമാരമാകുംവണ്ണം കേൾക്കുന്നതിനു യോഗ്യങ്ങളായവാക്കുകൾകൊണ്ട് ശുംഭനാൽ പറയപ്പെട്ട സന്ദേശാഭിപ്രായത്തെ സന്ദർഭോചിതമായി പറഞ്ഞു.

ജഗ—സ തത്ര ഗത്വാ...മധുരയാ ഗിരാ സ്വാഹാ ൧൦൪

ദൂത ഉവാച—൬൩൫

൭. ദേവി! ദൈത്യേശ്വരഃ ശുംഭസ്ത്രൈലോക്യേ പരമേശ്വരഃ
ദൂതോഹം പ്രേഷിതസ്തേന ത്വത്സകാശമിഹാഗതഃ. ൬൩൬

ദൂതൻ പറഞ്ഞു.

ദേവി!	= ഹേ ദേവി!
ത്രൈലോക്യേ	= മൂന്നുലോകത്തും
പരമേശ്വരഃ	= ഉൽകൃഷ്ടേശ്വരനായി
ദൈത്യേശ്വരഃ ശുംഭഃ	= അസുരേശ്വരനായി ഇരിക്കുന്ന ശുംഭൻ (ഭവിക്കുന്നു)
അഹം തേന പ്രേഷിതഃ	= ഞാൻ അവനാൽ അയയ്ക്കപ്പെട്ട
ദൂതഃ	= ദൂതനാകുന്നു.

ഇഹ = ഇവിടെ
ത്വത്സകാശം ആഗതഃ = നിന്റെ സമീപത്തിൽ വന്നിരിക്കുന്നു.

അല്ലയോ ദേവി! മൂന്നുലോകങ്ങളിലും ഉൽകൃഷ്ടേശ്വരനായി ദൈത്യനാഥനായിരിക്കുന്ന ശുംഭനാൽ അയയ്ക്കപ്പെട്ട ദൂതനായ ഞാൻ നിന്റെ സമീപത്തിൽ വന്നിരിക്കുന്നു.

ഗുപ്ത—രാജാവായി ഭട്ടാരകനായി ഇരിക്കുന്ന ദേവന്റെ സ്ത്രീയാകുവാൻപോകുന്നു എന്നുദ്ദേശിച്ചാണു് ദേവി! എന്ന സംബോധന.

ശാന്ത—അസുരേശ്വരനായി, ലോകത്രയത്തിലും ഉൽകൃഷ്ടനായി, സ്വാമിയായി ഇരിക്കുന്ന ശുംഭനാൽ നിന്റെ സമീപത്തിലേയ്ക്കു് അയയ്ക്കപ്പെട്ട ദൂതനായ ഞാൻ സന്ദേശവുംകൊണ്ടു് ഇവിടെ വന്നിരിക്കുന്നു.

"ത്രൈലോക്യപരമേശ്വരഃ" എന്നു് ഒരു പദമാക്കുമ്പോൾ, ത്രൈലോക്യപനായി മൂന്നുലോകത്തേയും രക്ഷിക്കുന്നവനായി രമേശ്വരനായി ലക്ഷ്മീവാനായി ഇരിക്കുന്നവൻ എന്നൎത്ഥം. ദൂതനാണു് എന്നു പറഞ്ഞതു് തന്നെ നിഗ്രഹിക്കാതെയിരിക്കുന്നതിനാണു്.

'ദൂതോക്തം സദസദ്വാപി ശ്രുത്വാ കാൎയ്യം ഹിതാഹിതം
ദൂതോ ന ഹി നിഹന്തവ്യ ഇതി നീതിവിദോ വിദുഃ (എന്നു്)

ആദ്യംതന്നെ ദേവി! എന്ന സംബോധന അംബികയ്ക്കുതന്നെ ജയം എന്നു സൂചിപ്പിക്കുന്നു. ദേവി=ജയശീല.

ജഗ—ദൂത ഉവാച സ്വാഹാ ൧൦൪

ദേവി ദൈത്യേശ്വര...മിഹാഗതഃ സ്വാഹാ ൧൦൫

൭൫. അവ്യാഹതാജ്ഞഃ സൎവ്വാസു യഃ സദാ ദേവയോനിഷു
നിൎജ്ജിതാഖിലദൈത്യാരിഃ സ യദാഹ ശൃണുഷ്വ തൽ. ൱൰൫

യഃ സദാ = യാവനൊരുത്തൻ എപ്പോഴും
സൎവ്വാസു ദേവയോനിഷു = സകലദേവന്മാർവിഷയങ്ങളിലും
അവ്യാഹതാജ്ഞഃ = തടുക്കാൻപാടില്ലാത്ത കല്പനയോടുകൂടിയവനായി
നിൎജ്ജിതാഖിലദൈത്യാരിഃ സഃ = നിശ്ചയേന ജയിക്കപ്പെട്ട അഖിലദേവന്മാരോടുകൂടിയവനായി ഇരിക്കുന്ന ആ ശുംഭൻ
യൽ ആഹ = യാതൊന്നിനെ പറഞ്ഞുവോ
തൽ ശൃണുഷ്വ = ആ വാക്കിനെ കേട്ടാലും.

എല്ലാദേവന്മാർവിഷയവും അപ്രതിഹതാജ്ഞയോടുകൂടിയവനായി സകലദേവന്മാരേയും ജയിച്ചവനായി ഇരിക്കുന്ന ശുംഭൻ പറഞ്ഞ വാക്കിനെ കേട്ടാലും.

ശാന്ത—അല്ലയോദേവി! യാവനൊരുത്തൻ സകലദേവന്മാരി ലും തൻെറ ശാസനയ്ക്കു് തടവുക്കൂടാത്തവനായും, നിശ്ശേഷം ജയിക്ക പ്പെട്ട അഖിലദേവന്മാരോടും കൂടിയവനായും ഇരിക്കുന്നുവോ ആ ശുംഭൻ കല്പിച്ച വാക്കിനെ കേട്ടാലും.

"ശുംഭൻ അവ്യാഹതാജ്ഞനും നിർജ്ജിതാഖിലദൈത്യാരിയും തന്നെ" എന്നു് ദേവീപാർഷദാഭിപ്രായം. അവ്യാഹതാജ്ഞൻ = അവ്യാ = അവിദ്യയാൽ = വിഷ്ണുമായയാൽ ആഹതയായി = തടുക്കപ്പെട്ട ന്നതായി ഇരിക്കുന്ന ആജ്ഞയോടുകൂടിയവൻ. നിർജ്ജിതാഖിലദൈ ത്യാരി = ജയിക്കപ്പെട്ടുവാൻ കഴിയാത്ത സകല അസുരശത്രുക്കളോടും കൂടിവൻ (നിർന്നിശ്ചയനിഷേധയോഃ—എന്നു്.)

ജഗ—അവ്യാഹതാജ്ഞ...ശൃണുഷ്വ തൽ സ്വാഹാ ൧൦൭ ൭ൻ. മമ ത്രൈലോക്യമഖിലം മമ ദേവാ വശാനുഗാഃ.

യജ്ഞഭാഗാനഹം സവ്വാനുപാശ്നാമി പൃഥക് പൃഥക്. ൧൦൮

ത്രൈലോക്യം അഖിലം മമ = ലോകത്രയം എല്ലാം എനിക്കാകുന്നു.
ദേവാഃ മമ വശാനുഗാഃ = ദേവന്മാർ എൻെറ ചൊല്പടിക്കുള്ള വരാകുന്നു.
അഹം സവ്വാൻ യജ്ഞഭാഗാൻ= ഞാൻ എല്ലാ യാഗഭാഗങ്ങളെ
പൃഥക് പൃഥക് ഉപാശ്നാമി= വേറേ വേറേ ഭക്ഷിക്കുന്നു.

ലോകത്രയം മുഴുവനും എൻേറതാകുന്നു. ദേവന്മാർ എൻെറ ചൊല്പടിക്കുള്ളവരാകുന്നു. ഞാൻ യാഗഭാഗങ്ങളെ എല്ലാം വേറേ വേ റേ ഭക്ഷിക്കുന്നു.

ശാന്ത—ത്രൈലോക്യം മുഴുവനും എൻെറ സ്വത്താകുന്നു. ഓരോ ദേവന്മാൎക്കും പ്രത്യേകം പ്രത്യേകമുള്ള ആഹുതിരൂപങ്ങളായ യാഗഭാ ഗങ്ങളെ ശുംഭനായ ഞാൻതന്നെ ഭുജിക്കുന്നു.

മമ, എന്നുള്ളതു് മായയേയും അഹം എന്നുള്ളതു് അവിദ്യയേ യും കുറിക്കുന്നു. അതുകൊണ്ടു് മായാരൂപിണിയും അവിദ്യാരൂപിണി യും ആയ ദേവിക്കുതന്നെ ലോകത്രയവും യാഗഭാഗങ്ങളും—എന്നു് ദേവീപാർഷദാഭിപ്രായം.

ജഗ—മമ ത്രൈലോക്യ......പൃഥക് സ്വാഹാ ൧൦൮ ന്നും. ത്രൈലോക്യവരരത്നാനി മമ വശ്യാന്യശേഷതഃ

തഥൈവ ഗജരത്നം ച ഹൃത്വം ദേവേന്ദ്രവാഹനം. ൧൦൯

ത്രൈലോക്യവരരത്നാനി = മൂന്നുലോകത്തിലുമുള്ള ശ്രേഷ്ഠരത്നങ്ങൾ
അശേഷതഃ = സമസ്തവും
മമ വശ്യാനി = എനിക്കു് അധീനങ്ങളാകുന്നു:

തഥാ ഏവ	=	അപ്രകാരംതന്നെ
ദേവേന്ദ്രവാഹനം	=	ഇന്ദ്രവാഹനമായ
ഗജരത്നം ച	=	ഗജരത്നവും
ഹൃതം	=	എന്നാൽ ഹരിക്കപ്പെട്ടു.

മൂന്നുലോകത്തിലുമുള്ള എല്ലാശ്രേഷ്ഠരത്നങ്ങളും എന്റെ അധീനത്തിലാകുന്നു. അപ്രകാരം ദേവേന്ദ്രവാഹനമായ ഗജരത്നത്തേയും ഞാൻ അപഹരിച്ചു.

ശാന്ത—മൂന്നുലോകത്തിലും ഉള്ള ഉൽകൃഷ്ടരത്നങ്ങളും ഉർവ്വശി മുതലായ സ്ത്രീരത്നങ്ങളും എല്ലാം എന്റെ അധീനത്തിലാകുന്നു. അതുപോലെതന്നെ ദേവേന്ദ്രവാഹനമായ ഐരാവതവും എന്നാൽ അപഹരിക്കപ്പെട്ടു.

"മമ എന്നു് മായയെ പറയുന്നതാകുന്നു. അതുകൊണ്ടു് ത്രൈലോക്യത്തിലുള്ള അശേഷരത്നങ്ങളും ദേവിക്കധീനങ്ങളാണു്, ശുംഭനധീനമല്ല. അതുപോലെതന്നെ ഗജരത്നവും ദേവിയാലപഹരിക്കപ്പെട്ടു. ശുംഭനാലല്ല. ശുംഭൻ അഹങ്കാരംകൊണ്ടു് ഇങ്ങനെ പറയുന്നതാകുന്നു" എന്നു് ദേവീപാഷ്ദാഭിപ്രായം.

ജഗ—ത്രൈലോക്യ...വാഹനം സ്വാഹാ ൱൰൯

നൃഫ. ക്ഷീരോദമഥനോൽഭൂതമശ്വരത്നം മമാമരൈഃ
ഉച്ചൈഃശ്രവസസംജ്ഞം തൽ പ്രണിപത്യ സമർപ്പിതം. ന്ദൻ

ക്ഷീരോദമഥനോൽഭൂതം	=	പാലാഴിമഥനത്തിൽ ഉണ്ടായ
തൽ ഉച്ചൈഃശ്രവസസംജ്ഞം അശ്വരത്നം	=	ആ ഉച്ചൈഃശ്രവസ്സ് എന്നപേരോടുകൂടിയ ശ്രേഷ്ഠമായ കുതിര
അമരൈഃ മമ പ്രണിപത്യ	=	ദേവന്മാരാൽ എനിക്കു് നമസ്കരിച്ചിട്ടു്
സമർപ്പിതം	=	സമർപ്പിക്കപ്പെട്ടു.

പാലാഴിമഥനത്തിൽ ഉണ്ടായ ഉച്ചൈഃശ്രവസ്സെന്നപേരോടുകൂടിയ ആ അശ്വരത്നത്തെ, ദേവന്മാർ എന്റെ പാദപത്മത്തിൽ നമസ്കരിച്ചു് സമർപ്പിച്ചു.

ശാന്ത—"മമ എന്നു് മായയെ പറയുന്നതാകുന്നു. അതുകൊണ്ടു്, മായാഭഗവതിക്കു് ഭക്തിനമ്രന്മാരായിരിക്കുന്ന അമരന്മാരാൽ ഉച്ചൈഃശ്രവസ്സെന്ന കുതിര സമർപ്പണംചെയ്യപ്പെട്ടു. ശുംഭൻ അതു് എന്റേതാണെന്നു് അഭിമാനിക്കുന്നു" എന്നു് ദേവീപാഷ്ദാഭിപ്രായം.

നാഗോ—ദേവന്മാർ ഉച്ചൈഃശ്രവസ്സിനെ ഇന്ദ്രങ്കൽനിന്നു് അപഹരിച്ചു് എന്റെ പാദപത്മങ്ങളിൽ സമർപ്പിച്ചു എന്നർത്ഥം.

ജഗ—ക്ഷീരോദ......സമർപ്പിതം സ്വാഹാ ൱൨൰

൩൨. യാനി ചാന്യാനി ദേവേഷു ഗന്ധർവ്വേഷൂരഗേഷു ച
രത്നഭൂതാനി ഭൂതാനി താനി മയ്യേവ ശോഭനേ! ൩൦

ശോഭനേ!	= ഹേ ശോഭനേ!
ദേവേഷു ഗന്ധർവ്വേഷു	= ദേവന്മാരിലും ഗന്ധർവ്വന്മാരിലും
ഉരഗേഷു ച	= നാഗങ്ങളാലും
യാനി അന്യാനി ച	= യാവചില അന്യങ്ങളായും
രത്നഭൂതാനി ഭൂതാനി	= രത്നങ്ങളായി ഭവിച്ചവ ഉണ്ടോ
താനി മയി ഏവ	= അവ എങ്കൽത്തന്നെ.

അല്ലയോ ശോഭനേ! ദേവന്മാരിലും ഗന്ധർവ്വന്മാരിലും, നാഗങ്ങളിലും ഉള്ള ഉൽകൃഷ്ടങ്ങളായ വസ്തുക്കൾ എല്ലാം എങ്കൽത്തന്നെ.

ശാന്ത—അല്ലയോ ശോഭനേ! ദേവന്മാരിലും ദേവഗായകന്മാരായ ഗന്ധർവന്മാരിലും, നാഗങ്ങളിലും, ഉൽകൃഷ്ടത്വത്തെ പ്രാപിച്ചിരിക്കുന്ന മനോഹരങ്ങളായ യാവചില വസ്തുക്കളും, സ്ത്രീകളും ഉണ്ടോ അതെല്ലാം എങ്കൽത്തന്നെ വർത്തിക്കുന്നു.

"ദേവഗന്ധർവ്വോരഗങ്ങളിലുള്ള ദിവ്യവസ്തുക്കളും, അതുകൂടാതെ അന്യങ്ങളായ പൃഥിവ്യാദികളും, സ്ത്രീരത്നങ്ങളും പുരുഷരത്നങ്ങളും എല്ലാം വിശ്വരൂപിണിയും വിശ്വമാതാവും ആയ ദേവിയിൽത്തന്നെ വർത്തിക്കുന്നു" എന്നു ദേവീസഖീജനോക്തി.

ജഗ—യാനി ചാന്യാനി......ശോഭനേ! സ്വാഹാ ൧൧൧

൩൩. സ്ത്രീരത്നഭൂതാം ത്വാം ദേവി! ലോകേ മന്യാമഹേ വയം
സാ ത്വമസ്മാനുപാഗച്ഛ യതോ രത്നഭുജോ വയം. ൩൧

ദേവി!	= ഹേ ദേവി!
ലോകേ	= ഈ ഭൂലോകത്തിൽ
ത്വാം സ്ത്രീരത്നഭൂതാം	= നിന്നെ സ്ത്രീജാതിയിൽ ഉൽകൃഷ്ട എന്നു
വയം മന്യാമഹേ	= ഞങ്ങൾ വിചാരിക്കുന്നു.
യതഃ വയം	= യാതൊന്നുഹേതുവായിട്ടു ഞങ്ങൾ
രത്നഭുജഃ	= രത്നങ്ങളെ അനുഭവിക്കുന്നവരാകുന്നു (അതു ഹേതുവായിട്ടു)
സാ ത്വം	= ആ സ്ത്രീരത്നഭൂതയായ നീ
അസ്മാൻ ഉപാഗച്ഛ	= ഞങ്ങളെ പ്രാപിച്ചാലും.

ഹേ ദേവി! ലോകത്തിൽ സ്ത്രീരത്നം നീയാണെന്നു ഞങ്ങൾ വിചാരിക്കുന്നു. ആ സ്ത്രീരത്നഭൂതയായ നീ ഞങ്ങളെ പ്രാപിച്ചാലും. എന്തുകൊണ്ടെന്നാൽ ഞങ്ങൾ രത്നഭുക്കുകളാകുന്നു.

ശാന്ത—ഹേ ദേവി! ഈ ഭൂലോകത്തിൽ ഹിമാചലവാസിനിയായി മാനിനിയായിരിക്കുന്ന നിന്നെ ഞങ്ങൾ സ്ത്രീജാതിയിൽവച്ച് ഉൽകൃഷ്ടയാണെന്നു വിചാരിക്കുന്നു. അങ്ങനെ സ്ത്രീരത്നഭൂതയായ നീ രാജാവായ ശുംഭൻ എന്ന നമ്മെ പ്രാപിച്ചാലും. എന്തുകൊണ്ടെന്നാൽ നാം രാജാക്കളും രത്നങ്ങളെ അനുഭവിക്കുന്നവരുമാകുന്നു. നീയും സ്ത്രീരത്നമാകകൊണ്ടു് നമ്മെ പ്രാപിക്കണം. "രത്നഹാരീ ച പാർത്ഥിവഃ" എന്നു്.

"ഉപാഗച്ഛ=ഉപാ=ഉ=ശിവൻ, പാ=ശോഷിപ്പിക്കുന്നതു്= കാലാഗ്നിരുദ്രനെപ്പോലെ ശത്രുക്കളെ ശോഷിപ്പിക്കുന്നവളായിട്ടു്, ഗച്ഛ= പോയാലും" എന്നു് ദേവീപാർഷദാഭിപ്രായം.

ജഗ—സ്ത്രീരത്നഭൂതാം......ഭുജോ വയം സ്വാഹാ ൧൨൨

ന്ദർ. മാം വാ മമാനുജം വാപി നിശുംഭമുരുവിക്രമം
ഭജ ത്വം ചഞ്ചലാപാംഗി! രത്നഭൂതാസി വൈ യതഃ. ൧൨൨

ചഞ്ചലാപാംഗി!	=	ഹേ സുന്ദരി!
യതഃ ത്വം	=	യാതൊന്നുഹേതുവായിട്ടു് നീ
രത്നഭൂതാ അസി	=	സൌന്ദര്യംകൊണ്ടു് ഉൽകൃഷ്ടതയെ പ്രാപിച്ചവളായി ഭവിച്ചിരിക്കുന്നു (അതുഹേതുവായിട്ടു്)
മാം വാ	=	എന്നെയോ
ഉരുവിക്രമം മമ അനുജം	=	മഹാപരാക്രമിയായ എന്റെ അനുജൻ
നിശുംഭം വാ അപി ഭജ	=	നിശുംഭനെയോ ആശ്രയിച്ചാലും.

ഹേ സുന്ദരി! സൗന്ദര്യംകൊണ്ടു് ഉൽകൃഷ്ടതയെ പ്രാപിച്ചവളായി ഭവിച്ചിരിക്കുന്ന നീ എന്നെയോ എന്റെ അനുജൻ മഹാപരാക്രമിയായ നിശുംഭനെയോ ആശ്രയിച്ചാലും.

ശാന്ത—"ത്വം=നീ, ചഞ്ചലാപാംഗിയായി=ദുഷ്ടദൈത്യസംഹാരസന്നദ്ധശരീരയായിട്ടു്, ഉരു=വിപുലമാകുംവണ്ണം, വിക്രമം=ശുംഭനിശുംഭാദിദൈത്യന്മാർവിഷയം വിക്രമത്തെ, ഭജ=ഭജിച്ചാലും= പരാക്രമത്തെ ദർശിച്ചാലും" എന്നു് ദേവീപാർഷദാഭിപ്രായം.

ജഗ—മാം വാ മമാനുജം......വൈ യതഃ സ്വാഹാ ൧൨൩

ന്ദ. പരമൈശ്വര്യമതുലം പ്രാപ്സ്യസേ മൽപരിഗ്രഹാൽ
ഏതൽ ബുദ്ധ്യാ സമാലോച്യ മൽപരിഗ്രഹതാം വ്രജ. ൧൨൩

(ത്വം) മൽപരിഗ്രഹാൽ	=	നീ എന്റെ പത്നിയായി തീരുന്നതുകൊണ്ടു്
അതുലം പരം	=	തുല്യമില്ലാത്ത ശ്രേഷ്ഠമായ

ഐശ്വര്യം പ്രാപ്സ്യസേ	= ഐശ്വര്യത്തെ പ്രാപിക്കുന്നു.
ഏതൽ	= ഇതിനെ
ബുദ്ധ്യാ സമാലോച്യ	= ബുദ്ധികൊണ്ടു് നല്ലവണ്ണംവിചാരിച്ചിട്ടു്
മൽപരിഗ്രഹതാം വ്രജ	= എന്റെ ഭാര്യാഭാവത്തെ പ്രാപിച്ചാലും.

നീ എന്റെ ഭാര്യയായിഭവിച്ചാൽ തുല്യമില്ലാത്ത ഉൽകൃഷ്ടൈശ്വര്യത്തെ പ്രാപിക്കും. ബുദ്ധികൊണ്ടു് ഈ ഭാഗം നല്ലവണ്ണം ആലോചിച്ചിട്ടു് എന്റെ പത്നീഭാവത്തെ പ്രാപിച്ചാലും.

ശാന്ത—"ഉൽകൃഷ്ടയായ ദേവി തുല്യമില്ലാത്ത ഐശ്വര്യത്തെ പ്രാപിക്കുന്നതു് യുക്തംതന്നെ. മൽപരിഗ്രഹതയേ=മൽ=മദിച്ചിരിക്കുന്ന പരിഗ്രഹതയേ = ബ്രാഹ്മീമുതലായ മാതൃക്കൾ പരിജനമായുള്ള അവസ്ഥയെ, വ്രജ = (യുദ്ധത്തിനായ്) ഭജിച്ചാലും" എന്നു് ദേവീപാർഷദാഭിപ്രായം.

ജഗ—പരമൈശ്വര്യ......വ്രജ സ്വാഹാ. ൧൧൪

ഋഷിരുവാച—൧൨൭.

൧൧൫. ഇത്യുക്താ സാ തദാ ദേവീ ഗംഭീരാന്തഃസ്മിതാ ജഗൌ
ദുർഗ്ഗാ ഭഗവതി ഭദ്രാ യയേദം ധാര്യതേ ജഗൽ. ൧൨൯

ഋഷി പറഞ്ഞു.

ദുർഗ്ഗാ	= ദുഃഖേനപ്രാപിക്കപ്പെടുവാൻയോഗ്യയായ
ഭഗവതീ	= സമഗ്രൈശ്വര്യാദി സമ്പൂർണ്ണയായി
ഭദ്രാ യയാ	= ക്ഷേമരൂപയായി യാവളൊരുത്തിയാൽ
ഇദം ജഗൽ ധാര്യതേ	= ഈ ജഗത്തു് ധരിക്കപ്പെടുന്നുവോ (അങ്ങനെയുള്ളവളായിരിക്കുന്ന)
സാ ദേവീ തദാ	= ആ ദേവി അപ്പോൾ
ഇത്യുക്താ	= ദൂതനാൽ ഇങ്ങനെ പറയപ്പെട്ടവളായി
ഗംഭീരാന്തഃ സ്മിതാ	= ഗൂഢാഭിപ്രായത്തോടുകൂടിയ ഉൾച്ചിരിയോടുകൂടിയവളായിട്ടു്
ജഗൗ	= പറഞ്ഞു.

ദുഃഖേന പ്രാപിക്കപ്പെടുവാൻ യോഗ്യയായി, സമഗ്രൈശ്വര്യാദി സമ്പൂർണ്ണയായി, ക്ഷേമരൂപയായി, ഈ ജഗത്തിനെ ധരിക്കുന്നവളായി ഇരിക്കുന്ന ആ ദേവി അപ്പോൾ ദൂതനാൽ ഇപ്രകാരം പറയപ്പെട്ടവളായിട്ടു് ഗൂഢാഭിപ്രായത്തോടുകൂടിയ ഉൾച്ചിരിയോടുകൂടിപറഞ്ഞു.

ചതു—ഭഗവതി=അചിന്ത്യമാഹാത്മ്യാ.

ശാന്ത—ദൂതനാൽ പറയപ്പെട്ട സന്ദേശത്തെ കേട്ടവളായ—ഇങ്ങനെല്ലാംഭനാൽ ദൂതദ്വാരാ പറയപ്പെട്ടവളായ—ആ ദേവി അഗാധാഭി

പ്രായത്തോടുകൂടിയ ഉൾച്ചിരിയോടുകൂടി=ദൈത്യന്മാരെ നിഗ്രഹിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ദൂതനോടു പറഞ്ഞു. 'ഇത്യുക്താസാതദാ' എന്നതിന്ന്-അസാ-അതദാ-എന്നു പദച്ഛേദം. ഇങ്ങിനെ ദൂതനാൽ വ്യഭിചാരിഭാവത്തോടുകൂടി പറയപ്പെട്ടു എങ്കിലും ദേവി അസാ=അങ്ങിനെയുള്ളവളായി ഭവിച്ചില്ല. പതിവ്രതയാകകൊണ്ടു ദൂതവചനത്തെ കേട്ടിട്ടും ശുംഭാദികളോടുകൂടി രമിക്കുന്നതിന്നുള്ള ആഗ്രഹത്തോടുകൂടിയവളായി ഭവിച്ചില്ല. എന്നാൽ അതദാ=കാലാന്തരത്തിൽ ശുംഭാദികളെ നിഗ്രഹിക്കുന്നതിന്നുള്ള ആഗ്രഹത്തോടുകൂടിയവളായി ഭവിച്ചു.

അന്തഃസ്മിതം = നിന്ദ.

ജഗ—ദൃഷിരുവാച സ്വാഹാ ൧൧൭

ഇത്യുക്താ സാ......ജഗൽസ്വാഹാ ൧൧൮

ദേവ്യുവാച—സ്വാഹാ.

൧൧൯. സത്യമുക്തം ത്വയാനാത്ര മിഥ്യാ കിഞ്ചിത്ത്വയോദിതം
ത്രൈലോക്യാധിപതിഃ ശുംഭോ നിശുംഭശ്ചാപി താദൃശഃ. ൧൧൯

ദേവി പറഞ്ഞു.

ത്വയാ	= നിന്നാൽ
അത്ര	= ശുംഭവിഷയത്തിൽ
സത്യം ഉക്തം	= സത്യം പറയപ്പെട്ടു.
ത്വയാ	= നിന്നാൽ
കിഞ്ചിൽ മിഥ്യാ ന ഉദിതം	= ഒട്ടും വ്യാജം പറയപ്പെട്ടിട്ടില്ല
ശുംഭഃ	= ശുംഭൻ
ത്രൈലോക്യാധിപതിഃ	= മൂന്നുലോകത്തിന്നും അധിപതിതന്നെ
നിശുംഭഃ ച അപി	= നിശുംഭനും
താദൃശഃ	= അങ്ങിനെയുള്ളവൻതന്നെ.

ശുംഭനെക്കുറിച്ചു് നീ പറഞ്ഞതു് സത്യംതന്നെ. ഒട്ടും വ്യാജമല്ല. ശുംഭനും നിശുംഭനും ത്രൈലോക്യാധിപതികൾതന്നെ.

ശാന്ത—അല്ലയോ ദൂത! നിന്നാൽ ശുംഭനിശുംഭവിഷയത്തിൽ സത്യംതന്നെ പറയപ്പെട്ടു. ഒട്ടും വ്യാജം പറയപ്പെട്ടില്ല. ശുംഭൻ ത്രൈലോക്യാധിപതിയായി വൎത്തിക്കുന്നു. നിശുംഭനും ത്രൈലോക്യാധിപതിത്വേന ശുംഭസദൃശൻതന്നെയാകുന്നു. അല്ലയോ ദൂത! നീ, ശുംഭനേയോ നിശുംഭനേയോ ഭജിക്കണമെന്നു് ഈ പതിവ്രതയായ ദേവിയോടു പറഞ്ഞുവല്ലോ. ശുംഭനും നിശുംഭനും ത്രൈലോക്യാധിപതികൾ=ത്രൈലോക്യത്തിന്നും = മൂന്നുലോകത്തിന്നും, ആധിക്കു് = മാ

നസപീഡയ്ക്കു്, പതികൾ = ഉല്പാദകന്മാരായ സ്വാമിമാർതന്നെ എന്നുള്ളതു് സത്യം. അതുകൊണ്ടു് ദേവിക്കുതന്നെ ത്രൈലോക്യാധിപത്യം എന്നു് ദേവീപാഷ്ദാഭിപ്രായം.

ജഗ—ദേവ്യുവാച സ്വാഹാ ൧൧൭

സത്യമുക്തം......താദൃശഃ സ്വാഹാ ൧൧൮

൱൮. കിന്ത്വത്ര യൽ പ്രതിജ്ഞാതം മിഥ്യാ തൽ ക്രിയതേകഥം

ശ്രൂയതാമല്പബുദ്ധിത്വാൽ പ്രതിജ്ഞാ യാ കൃതാ പുരാ. ൬൭

കിന്തു	= എന്നാൽ
അത്ര	= ഭർത്താവിനെ സ്വീകരിക്കുന്നവിഷയത്തിൽ
യൽ പ്രതിജ്ഞാതം	= യാതൊരു സത്യംചെയ്യപ്പെട്ടുവോ
തൽ	= അതു്
കഥം മിഥ്യാ ക്രിയതേ	= എങ്ങനെ വ്യാജമാക്കി ചെയ്യുന്നു.
പുരാ അല്പബുദ്ധിത്വാൽ	= പണ്ടു് ബുദ്ധിക്കുറവുനിമിത്തം
യാ പ്രതിജ്ഞാ കൃതാ	= യാതൊരുസത്യം ചെയ്യപ്പെട്ടുവോ
ശ്രൂയതാം	= (അതിനെ) കേട്ടാലും

എന്നാൽ ഞാൻ ഭർത്താവിനെ സ്വീകരിക്കുന്നവിഷയത്തിൽ ചെയ്ത സത്യം എങ്ങനെ വ്യാജമാക്കിച്ചെയ്യുന്നു? പണ്ടു ബുദ്ധിക്കുറവു നിമിത്തം ഞാൻ ചെയ്ത സത്യത്തെ കേട്ടാലും.

ഗുപ്ത—സ്വസ്വരൂപാപേക്ഷയാ മനോവൃത്തിരൂപമായ ബുദ്ധിക്കു് അല്പത്വം സ്വാഭാവികംതന്നെ.

ശാന്ത—ശുംഭൻ ത്രൈലോക്യാധിപതിതന്നെ; സത്യം. എന്നാൽ ശുംഭനെ ഭർത്താവായി സ്വീകരിക്കുന്നവിഷയത്തിൽ എനിക്കു് വേറെ ഒരു വിചാരമുണ്ടു്. എന്നാൽ ഒരു പ്രതിജ്ഞ ചെയ്യപ്പെട്ടു. അതു് ദൂതനായ നീ കേട്ടാലും.

"കൃതാ മയാ" എന്നു് പാഠഭേദം.

"അല്പബുദ്ധിത്വാൽ ശ്രൂയതാം=അല്പയോ ദൂത! ശുംഭനേയോ നിശുംഭനേയോ ഭജിച്ചാലും എന്നു് നിന്റെ ബുദ്ധിക്കുറവുനിമിത്തം നീ പറഞ്ഞുവല്ലോ. ഭർത്തൃവിഷയമായി ഞാൻ ചെയ്ത പ്രതിജ്ഞയെ കേട്ടാലും. അതു് നിനക്കു ബോധിക്കുന്നു എങ്കിൽ എന്റെ ഭർത്തൃസ്വീകാരം മറെറാരുപ്രകാരത്തിലാകുന്നു. അതു് വ്യാജമാക്കിച്ചെയ്യുന്നതെങ്ങനെ?" എന്നു് ദേവീപാഷ്ദാഭിപ്രായം.

"അംഗീകൃതപരിത്യാഗാദനംഗീകൃതസംശ്രയാൽ
മാനിനീ നിരയം യാതി യാവദാഭൂതസംപ്ലവം" (എന്നു്)

ജഗ—കിന്തത്ര......കൃതാ പുരാ സ്വാഹാ ഫ്ഫൻ

ന്ദൻ. യോ മാം ജയതി സംഗ്രാമേ യോ മേ ദർപ്പം വ്യപോഹതി

യോ മേ പ്രതിബലോ ലോകേ സ മേ ഭർത്താ ഭവിഷ്യതി. ന്ദൻ

സംഗ്രാമേ	= യുദ്ധത്തിൽ
യഃ മാം ജയതി	= യാവനൊരുത്തൻ എന്നെ ജയിക്കുന്നുവോ
യഃ	= യാവനൊരുത്തൻ
മേ ദർപ്പം വ്യപോഹതി	= എൻെറ അഹങ്കാരത്തെ നശിപ്പിക്കുന്നുവോ
ലോകേ യഃ	= ലോകത്തിൽ യാവനൊരുത്തൻ
മേ പ്രതിബലഃ	= എനിക്കു തുല്യബലനായി ഭവിക്കുന്നുവോ
സഃ മേ ഭർത്താ ഭവിഷ്യതി	= അവൻ എനിക്കു ഭർത്താവായി ഭവിക്കും.

യുദ്ധത്തിൽ എന്നെ ആരു ജയിക്കുന്നുവോ? എൻെറ അഹങ്കാരത്തെ ആരു നശിപ്പിക്കുന്നുവോ? ലോകത്തിൽ എനിക്കു തുല്യബലനായി ആരു ഭവിക്കുന്നുവോ? അവൻ എൻെറ ഭർത്താവായിത്തീരും.

ഗുപ്ത—"സഹസ്രാണി യേ രുദ്രാഃ" എന്നു ശ്രുതിയിൽ ഘോഷിക്കുന്ന രുദ്രന്മാരെല്ലാം പുരുഷത്വത്തെ പ്രാപിച്ച ദേവീസ്വരൂപന്മാർ തന്നെയാകുന്നു. അവരിൽനിന്നും അന്യനായ മഹാദേവൻ ഭർത്താവായി ഭവിക്കും—എന്നർത്ഥം.

ശാന്ത—പ്രതിജ്ഞാസ്വഭാവത്തെ പറയുന്നു:—

യുദ്ധത്തിങ്കൽ യാവനൊരുത്തൻ എന്നെ ജയിക്കുന്നുവോ, യാവനൊരുത്തൻ എൻെറഗർവ്വത്തെ നശിപ്പിക്കുന്നുവോ, യാവനൊരുത്തൻ ലോകത്തിൽ എനിക്കു തുല്യബലനായി ഭവിക്കുന്നുവോ അവൻ എൻെറ ഭർത്താവായി ഭവിക്കും.

"ലോകത്തിൽ ജയന്തിയായ ശക്തി ഈ ദേവിതന്നെയാകുന്നു. ഈ ദേവിയെ ജയിക്കുന്നതിന്നു് ഒരുത്തനും ശക്തനാകുകയില്ല. ലോകത്തിൽ അഹങ്കാരരൂപിണിയായ ശക്തിയും ഈ ദേവിതന്നെ. ഈ ദേവിയെ ബലംകൊണ്ടു തോല്പിക്കുന്നതിന്നും ഒരുത്തനും ശക്തനല്ല. ഈ അഭിപ്രായത്തോടുകൂടിയാകുന്നു ദേവി പ്രതിജ്ഞചെയ്തതു്. യഃ= യാവനൊരുത്തൻ, സംഗ്രാമത്തിങ്കൽ=സംസാരചക്രത്തിങ്കൽ, മാം= ലക്ഷ്മിയെ=സമ്പത്തിനെ, ജയതി=ജയിക്കുന്നുവോ=പരമവൈരാഗ്യംനിമിത്തം ഉപേക്ഷിക്കുന്നുവോ, ("യോമേ=യഃ അമേ" എന്നു പാഠം) യഃ=യാവനൊരുത്തൻ, അമേ=അലക്ഷ്മിവിഷയത്തിൽ=ദൈത്യവർഗ്ഗവിഷയത്തിൽ, ദർപ്പം=ഗർവ്വത്തേയും സന്തോഷത്തേയും, വ്യപോഹതി=നശിപ്പിക്കുന്നുവോ, ("യോ മേപ്രതിബലഃ=യഃ മേ അപ്രതിബലഃ എന്നു പാഠം") യഃ=യാവനൊരുത്തൻ, മേ=എനിക്കു്, അപ്രതിബലഃ=അന

കുലനായി ഭവിക്കുന്നുവോ ആ മഹേശ്വരൻ എന്റെ ഭർത്താവായും ധാരകനായും പോഷകനായും ഭവിക്കുന്നു. അന്യനല്ല" എന്നു ദേവി പാഷ്ടാഭിപ്രായം.

ജഗ—യോ മാം ജയതി......ഭവിഷ്യതി സ്വാഹാ ൧൨൦

൭൦. തദാഗച്ഛതു ശുംഭോത്ര നിശുംഭോ വാ മഹാസുരഃ
മാം ജിത്വാ കിഞ്ചിരേണാത്ര പാണിം ഗൃഹ്ണാതു മേ ലഘു.

തൽ മഹാസുരഃ = അതുനിമിത്തം മഹാസുരനായ
ശുംഭഃ നിശുംഭഃ വാ = ശുംഭനോ നിശുംഭനോ
അത്ര ആഗച്ഛതു = ഇവിടെ വരട്ടെ
മാം ജിത്വാ = എന്നെ ജയിച്ചിട്ടു്
ലഘു പാണിം ഗൃഹ്ണാതു=വേഗത്തിൽ എന്റെ പാണിഗ്രഹണം ചെയ്യട്ടെ.
അത്ര ചിരേണ കിം = ഈ കാൎയ്യത്തിൽ കാലതാമസംകൊണ്ടു് കാൎയ്യമെന്തു്?

അതുകൊണ്ടു് അസുരശ്രേഷ്ഠനായ ശുംഭനോ നിശുംഭനോ ഇവിടെ വന്നു് എന്നെ ജയിച്ചു് വേഗത്തിൽ എന്റെ പാണിഗ്രഹണം ചെയ്യട്ടെ. ഈ കാൎയ്യത്തിൽ കാലതാമസംകൊണ്ടു് ഫലമെന്തു്?

ഗുപ്ത—ലഘുപദം അസുരനിഗ്രഹത്തിനുള്ള ദേവിയുടെ ഉൽകണ്ഠയെ ധ്വനിപ്പിക്കുന്നു.

ചതു—പാണിഗ്രഹണം = വിവാഹം.

ശാന്ത—ആ പ്രതിജ്ഞനിമിത്തം എന്നെ ജയിക്കുന്നതിനായി മഹാസുരനായ ശുംഭൻ വരട്ടെ; അല്ലെങ്കിൽ നിശുംഭൻ വരട്ടെ; എന്നോടുകൂടി യുദ്ധം ചെയ്യട്ടെ. എന്നെ ജയിച്ചു് വേഗത്തിൽ എന്റെ പാണിഗ്രഹണവും ചെയ്യട്ടെ. കാലതാമസംകൊണ്ടു് പ്രയോജനമില്ലാ.

സ്വീകരിക്കുക, കൊടുക്കുക, ചെയ്യപ്പെടേണ്ടകൎമ്മം ചെയ്യുക, ഇവയ്ക്കു കാലതാമസം വന്നാൽ കാലം ആ രസത്തെ അപഹരിച്ചുകളയും.

തദാഗച്ഛതു ശുംഭോത്ര നിശുംഭോ വാ = എന്റെ പ്രതിജ്ഞനിമിത്തം ശുംഭനോ നിശുംഭനോ വരട്ടെ, അതുകൊണ്ടു് പ്രയോജനമൊന്നുമില്ല. അവരുടെ വരവിനെ ആദരിക്കാതെ ജിത്വാവായി = ത്രൈലോക്യവിജയിയായി ഇരിക്കുന്ന മഹാസുരൻ = മഹാദേവൻ, മാം = എന്നെ, ലഘു ഗൃഹ്ണാതു=വേഗത്തിൽ സ്വീകരിക്കട്ടെ, അത്ര മേ ചിരേണ കിം = ഈ കാൎയ്യത്തിൽ എനിക്കു താമസംകൊണ്ടു് ഫലമെന്തു്? എന്നു ദേവീപാഷ്ടാഭിപ്രായം.

ജഗ—തദാഗച്ഛതു......മേ ലഘു സ്വാഹാ ൧൨൧

ദൂത ഉവാച—൩൨൧

൭൪ അവലിപ്താസി മൈവം ത്വം ദേവി ബ്രൂഹി മമാഗ്രതഃ .
ത്രൈലോക്യേ കഃ പുമാംസ്തിഷ്ഠേദഗ്രേ ശുംഭനിശുംഭയോഃ ൩ വ്യ

ദൂതൻ പറഞ്ഞു.

ദേവി! = അല്ലയോ ദേവി!
ത്വം അവലിപ്താ അസി = നി ഗർവ്വത്തോടുകൂടിയവളായി ഭവിക്കുന്നു
ഏവം മമ അഗ്രതഃ മാ ബ്രൂഹി=ഇങ്ങനെ എന്റെമുമ്പിൽ പറയരുതു്
ത്രൈലോക്യേ കഃ പുമാൻ= മൂന്നുലോകത്തും ഏതൊരു പുരുഷൻ
ശുംഭനിശുംഭയോഃ അഗ്രേ= ശുംഭനിശുംഭന്മാരുടെ മുൻപിൽ
തിഷ്ഠേൽ = യുദ്ധത്തിനായി നിൽക്കും?

അല്ലയോ ദേവി! നി ഗർവ്വത്തോടുകൂടിയവളായിഭവിക്കുന്നു. ഇങ്ങനെ എന്റെമുൻപിൽ പറയരുതു്. മൂന്നുലോകത്തിലും ശുംഭനിശുംഭന്മാരുടെ മുൻപിൽ ഏതൊരു പുരുഷൻ യുദ്ധത്തിനായി എതിർത്തു നിൽക്കും?

ഗുപ്ത—അവലിപ്താ = അഹങ്കാരംനിമിത്തം വിവേകമില്ലാത്തവൾ.

ശാന്ത—അല്ലയോ ദേവി! നി അഹങ്കാരത്തോടുകൂടിയവളാണു". "ഞാൻ യുദ്ധത്തിൽ ബലമുള്ളവളാണു്, എന്നോടുകൂടി യുദ്ധം ചെയ്യുന്നതിനു് ഒരുത്തനും ശക്തനല്ല. യുദ്ധത്തിൽ എനിക്കു സമമായി ആരുമില്ല." എന്നു് നീ ഗർവ്വിതയായിഭവിക്കുന്നു; ഇങ്ങനെ അഹങ്കാരിണിയായി ഭവിക്കരുതു്.

അല്ലയോ ദേവി! "എന്നെ ജയിച്ചു് എന്റെ പാണിഗ്രഹണം ചെയ്യട്ടേ" എന്നു് എന്റെമുൻപിൽ പറഞ്ഞതു് 'ഞാൻ ബലവതിയാകുന്നു' എന്നുള്ള നിന്റെ അഹങ്കാരംതന്നെ. ഇങ്ങനെ പറയരുതു് എന്തുകൊണ്ടെന്നാൽ മൂന്നുലോകത്തും ശുംഭനിശുംഭന്മാരുടെ മുൻപിൽ യുദ്ധത്തിനായി ഏതൊരുപുരുഷൻ നിൽക്കും? ത്രൈലോക്യത്തിൽ ഒരു പുരുഷനും അവരോടു് യുദ്ധം ചെയ്യാൻ ശക്തനാകുകയില്ല. പിന്നെ അബലയായ നിന്റെകഥ പറയണമെന്നില്ലല്ലോ.

"ഹേ അവലിപ്താസി! = ഹേ മദോദ്ധതമർദ്ദിനിയായ ദേവി നിന്തിരുവടി, മാ = ലക്ഷ്മിയാകുന്നു. മമാഗ്രതഃ ഏവം ബ്രൂഹി = സഖിയായ എന്റെ പുരോഭാഗത്തിൽ "ആരു് എന്നെ ജയിക്കുന്നുവോ അവൻ എന്റെ പാണിഗ്രഹണംചെയ്യട്ടെ" എന്നുപറഞ്ഞാലും. ത്രൈലോക്യേ = ലോകത്രയത്തിൽ, ശുംഭനിശുംഭയോഃ = ശുംഭനി

ശുംഭന്മാരിൽ എന്നല്ല, കഃ പുമാൻ = മറ്റേതൊരുപുരുഷൻ, അഗ്രേ= നിന്തിരുവടിയുടെ മുൻപിൽ യുദ്ധത്തിനായി എതിർത്തുനിൽക്കും? ശുംഭനും നിശുംഭനും നിൽക്കുകയില്ല എന്നു മാത്രമല്ല അവരെ സംബന്ധിച്ചവരും, മററാരുംതന്നെ എതിർത്തുനിൽക്കുകയില്ല" എന്നു ദേവീപാർഷദാഭിപ്രായം.

ജഗ—ദൂത ഉവാച സ്വാഹാ ൧൧൨

അവലിപ്താ.........നിശുംഭയോഃ സ്വാഹാ ൧൧൩

൨൨. അന്യേഷാമപി ദൈത്യാനാം സർവേ ദേവാ ന വൈ യുധി

തിഷ്ഠന്തി സംമുഖേ ദേവി! കിംപുനഃ സ്ത്രീത്വമേകികാ. ൩൨൩

ദേവി! = അല്ലയോ ദേവി!
അന്യേഷാം ദൈത്യാനാംഅപി= മററുള്ള അസുരന്മാരുടേയും
യുധി സർവേ ദേവാഃ = യുദ്ധത്തിൽ എല്ലാ ദേവന്മാരും
സംമുഖേ ന തിഷ്ഠന്തി വൈ = നേരേ നിൽക്കുന്നില്ല
ഏകികാ സ്ത്രീ = ഏകാകിനിയായി അബലയായിരി
ത്വം കിം പുനഃ = നീ പിന്നെ എന്തു്? (ക്കുന്ന

അല്ലയോ ദേവി! ശുംഭനിശുംഭന്മാരുടെ എന്നല്ല മററുള്ള ധൂമ്രലോചനപ്രഭൃതികളുടെ യുദ്ധത്തിൽപ്പോലും ദേവന്മാരാരും നേരേ നിൽക്കുകയില്ല. പിന്നെ ഏകാകിനിയായി അബലയായിരിക്കുന്ന നീ ശുംഭനിശുംഭന്മാരുടെ നേരേനിൽക്കുന്നതിന്ന് സാമർത്ഥ്യമില്ലാത്തവളാണെന്നു് പറയണമെന്നില്ലല്ലോ.

ശാന്ത—"അല്ലയോ ദേവി! ദേവന്മാരാരും യുദ്ധത്തിൽ മററു ദൈത്യന്മാരുടെ നേരേ നിൽക്കുകയില്ലെങ്കിൽ വേണ്ട, നിന്തിരുവടി യാകട്ടെ ഏകാകിനിയായ സ്ത്രീയാണെങ്കിലും യുദ്ധത്തിനായി മററു് അസുരന്മാരുടെ നേരേ, കിം ന തിഷ്ഠസി = എന്തുകൊണ്ടു് നില്ക്കുകയില്ല? നിൽക്കുകതന്നെ ചെയ്യും" എന്നു് ദേവീപാർഷദാഭിപ്രായം.

ജഗ—അന്യേഷാ......ത്വമേകികാ സ്വാഹാ ൧൧൪

൨൩. ഇന്ദ്രാദ്യാഃ സകലാ ദേവാസ്തസ്ഥുര്യേഷാന്ന സംയുഗേ

ശുംഭാദീനാം കഥം തേഷാം സ്ത്രീ പ്രയാസ്യസി സംമുഖം. ൩൨൪

ഏഷാം ശുംഭാദീനാം സംയുഗേ = ഈ ശുംഭാദികളുടെ യുദ്ധത്തിൽ
ഇന്ദ്രാദ്യാഃ സകലാഃ ദേവാഃ = ദേവേന്ദ്രൻ മുതലായ എല്ലാ ദേവ
ന തസ്ഥുഃ = എതിർത്തുനിന്നില്ല. (ന്മാരും
തേഷാം സംമുഖം = അവരുടെ നേരേ
സ്ത്രീ (ത്വം) കഥം പ്രയാസി = അബലയായ നീ എങ്ങനെപോകുന്നു?

അപ്പയോ ദേവി! ആ ശുംഭാദികളുടെ യുദ്ധത്തിൽ ദേവേന്ദ്രൻ മുതലായ ദേവന്മാരാരും എതിൎത്തുനിന്നില്ല അബലയായ നീ ആ ശുംഭനിശുംഭന്മാരുടെനേരെ എങ്ങനെ എതിൎത്തുനിൽക്കുന്നു?

ശാന്ത—അല്ലയോ ദേവി! യാതൊരു ശുംഭാദികളായ അസുരന്മാരുടെ യുദ്ധത്തിൽ ഇന്ദ്രാദിദേവന്മാരാരും നേരിട്ടുനിന്നില്ലയോ ആ ശുംഭാദികളായ അസുരന്മാരുടെമുൻപിൽ അബലയായ നീ എങ്ങനെ യുദ്ധത്തിനായി പോകുന്നു? വിവാഹപ്രതിജ്ഞയെ പരിപാലിക്കുന്നതിനായി ശുംഭാദികളായ അസുരന്മാരോടുകൂടി അബലയായ നിനക്കു് യുദ്ധം ചേരുന്നതല്ല. അതുകൊണ്ടു് യുദ്ധംകൂടാതെ, ശുംഭനാൽ വിളിക്കപ്പെട്ട നീ അവനെ ആശ്രയിക്കുക.

“അല്ലയോ ദേവി! ഇന്ദ്രാദികളായദേവന്മാരാരും ശുംഭാദികളുടെ യുദ്ധത്തിൽ നേരിട്ടു നിന്നില്ല. അത്രമാത്രംകൊണ്ടു് നിന്തിരുവടി അവരുടെനേരേ യുദ്ധത്തിനായി–കഥം ന പ്രയാസ്യസി=എന്തുകൊണ്ടു പോകുന്നില്ല? പോകുകതന്നെ ചെയ്യും”എന്നു് ദേവീപാഷദാഭിപ്രായം.

ജഗ—ഇന്ദ്രാദ്യാഃ...സമ്മുഖം സ്വാഹാ. ൬൨൭

൬൪. സാ ത്വം ഗച്ഛ മയൈവോക്താ പാൎശ്വം ശുംഭനിശുംഭയോഃ
കേശാകൎഷണനിൎദ്ധൂതഗൗരവാ മാ ഗമിഷ്യസി. ൬൨൮

സാ ത്വം	= ആ നീ
മയാ ഉക്താ ഏവ	= എന്നാൽ പറയപ്പെട്ടവളായിട്ടുതന്നേ
ശുംഭനിശുംഭയോഃപാൎശ്വം	= ശുംഭനിശുംഭന്മാരുടെ സമീപത്തെ
ഗച്ഛ	= ഗമിച്ചാലും.
കേശാകൎഷണ നിൎദ്ധൂത ഗൗരവാ	= തലമുടികളെ പിടിച്ചുവലിക്കുന്നതുകൊണ്ടു് നശിക്കപ്പെട്ട ഗൗരവത്തോടുകൂടിയവളായിട്ടു്
മാ ഗമിഷ്യസി	= ഗമിക്കരുതു്.

ഹേ ദേവി! എന്റെ വാക്കിനാൽ നീ ശുംഭനിശുംഭന്മാരുടെ സമീപത്തെ പ്രാപിച്ചാലും. തലമുടിക്കു് ചുററിപ്പിടിച്ചു് വലിച്ചു് മാനം കെട്ടവളായി ഭവിച്ചിട്ടു് ഗമിക്കരുതു്.

ശാന്ത—അല്ലയോ ദേവി! മുൻപറഞ്ഞ പ്രതിജ്ഞയെ പാലിച്ചു് വിവാഹം ചെയ്യണമെന്നു് ഇച്ഛിക്കുന്ന നീ, നിന്റെ ഗൗരവത്തെ കാംക്ഷിക്കുന്ന എന്റെ ഉപദേശം കേട്ടു്, പ്രതിജ്ഞാഭംഗഭയത്തെ ഉപേക്ഷിച്ചു്, ലജ്ജയെ വിട്ടു്, ശുംഭനിശുംഭന്മാരുടെ സമീപത്തെ പ്രാപിച്ചാലും. അല്ലെങ്കിൽ ബലാൽ നിന്റെ തലമുടി ചുററിപ്പി

ടിച്ചു വലിച്ചു നിൻെറ മാനത്തെ നശിപ്പിച്ചു് കൊണ്ടുപോകും. അപ്പോൾ നിൻെറ ഗൌരവവും മാനവും ഇല്ലാതെ പോകേണ്ടിവരും.

"അല്ലയോ ദേവി! നിന്തിരുവടി ദൂതനാൽ ഇപ്രകാരം പറയപ്പെട്ടവളായിട്ടു്, മയാ = സഖിയായ എന്നോടുകൂടി ശുംഭനിശുംഭന്മാരുടെ സമീപത്തെ—അവരെ വധിക്കുന്നതിനായി—ഗമിച്ചാലും. അനന്തരം ആ ശുംഭനിശുംഭന്മാരുടെ തലമുടി ചുററിപ്പിടിച്ചുവലിച്ചു അവരുടെ ഗൌരവത്തെ നശിപ്പിച്ചിട്ടു് പിന്നെ നിജസ്ഥാനമായ (അമാഗമിഷ്യസി=അമാ, ആഗമിഷ്യസി എന്നു പദം) അമാ=സഖിജനസമീപത്തെ, ആഗമിഷ്യസി=പ്രാപിക്കും" എന്നു് ദേവീപാക്ഷാഭിപ്രായം. "അമാ സഹസമീപേ ച" എന്നു്.

ജഗ—സാ ത്വം ഗച്ഛ...ഗമിഷ്യസി സ്വാഹാ ൧൨൩

ദേവ്യുവാച—൩൧.

൭൬. ഏവമേതൽ ബലീ ശുംഭോ നിശുംഭശ്ചാതിവീര്യവാൻ

കിം കരോമി പ്രതിജ്ഞാ മേ യദനാലോചിതാ പുരാ. ൩൨

ദേവി പറഞ്ഞു.

ശുംഭഃ നിശുംഭഃ ച	=	ശുംഭാസുരനും നിശുംഭാസുരനും
ബലീ അതിവീര്യവാൻ	=	ബലമുള്ളവനും ഏററവും വീര്യമുള്ളവനും ആകുന്നു
ഏതൽ ഏവം യൽ	=	ഇതു് ഇങ്ങനെതന്നെ; എന്നാൽ
മേ പ്രതിജ്ഞാ	=	എൻെറ സത്യം
പുരാ അനാലോചിതാ	=	പണ്ടു് ആലോചിക്കാത്തതായിപ്പോയി
കിം കരോമി	=	ഇപ്പോൾ എന്തുചെയ്യുന്നു?

ശുംഭനും നിശുംഭനും, ബലമുള്ളവനും അതിപരാക്രമിയും ആകുന്നു എന്നുള്ളതു് ശരിതന്നെ. എന്നാൽ ഞാൻ ആലോചിക്കാതെ പണ്ടു് പ്രതിജ്ഞചെയ്തുപോയി. ഇപ്പോൾ എന്തു ചെയ്യുന്നു?

ഗുപ്ത—ശുംഭനും നിശുംഭനും, ബലീ അതിവീര്യവാൻ=ബലിസാധനമായ യാഗമഹാപശുക്കൾതന്നെയാകുന്നു. എന്നു ശ്ലേഷം.

"മയാ തവാത്രോപഹൃതൌ ചണ്ഡമുണ്ഡൌ മഹാപശൂ
യുദ്ധയജ്ഞേ സ്വയം ശുംഭം നിശുംഭഞ്ച ഹനിഷ്യസി"

എന്നു ഏഴാമദ്ധ്യായം ൨൫-ാം ശ്ലോകത്തിൽ "ചണ്ഡമുണ്ഡന്മാർ യാഗപശുക്കളാണെന്നും, ശുംഭനിശുംഭന്മാർ ദേവിയാൽത്തന്നെ യുദ്ധയജ്ഞത്തിൽ ബലികഴിക്കപ്പെടേണ്ട മഹാപശുക്ക"ളാണെന്നും സൂചിപ്പിച്ചിട്ടുണ്ടു്.

പണ്ടു് ആലോചിക്കാതെ പെട്ടെന്നു് പ്രതിജ്ഞചെയ്തതു് അതു് ബലികഴിക്കേണ്ട കാൎയ്യം തുഷ്ഠമാകകൊണ്ടു് അതിനെക്കുറിച്ചു് മുൻകൂട്ടി ആലോചിക്കണമെന്നില്ലാത്തതുനിമിത്തമാകുന്നു.

ശാന്ത—പണ്ടു് ഞാൻ ആലോചിച്ചില്ല എങ്കിലും ദേവിയായ എന്റെ പ്രതിജ്ഞ ഇങ്ങനെയാണു്. അതുകൊണ്ടു് ഞാൻ യുദ്ധമല്ലാതെ പിന്നെ എന്തുചെയ്യുന്നു? യുദ്ധംതന്നെ ചെയ്യാം.
നാഗോ—'ഏവമേതൽ' എന്നു് ആക്ഷേപമായി പറയുന്നതാണു്.

ജഗ—ദേവ്യുവാച സ്വാഹാ ൧൨൭

ഏവമേതൽ...പുരാ സ്വാഹാ ൧൨൮

൧൨൯ സ ത്വം ഗച്ഛ മയൈവോക്തം യദേതത്സൎവ്വമാദൃതഃ

തദാചക്ഷ്വാ/സുരേന്ദ്രായ സ ച യുക്തം കരോതു യൽ. ൧൨൯

സ ത്വം ഗച്ഛ = ആ നീ പോയാലും
മയാ യദേതൽ ഉക്തം = എന്നാൽ യാതൊന്നു് പറയപ്പെട്ടുവോ
തൽ സൎവ്വം ഏവ ആദൃതഃ= അതെല്ലാംതന്നെ കൂട്ടൽകുറവുകൂടാതെ
അസുരേന്ദ്രായ ആചക്ഷ്വ = ശുംഭനോടു പറയണം.
സഃ ച = ആ ശുംഭനും
യൽ യുക്തം കരോതു = യാതൊന്നു്ഉചിതമോ അതിനെച്ചെയ്യട്ടെ.

ഹേ ദൂത! നീ പോയി ഞാൻ പറഞ്ഞതു മുഴുവനും കൂട്ടൽകുറവുകൂടാതെ ശുംഭാസുരനോടു പറയണം. ആ ശുംഭാസുരനും യുക്തംപോലെ ചെയ്യട്ടെ.

ശാന്ത—അല്ലയോദൂത! സദൃശംപോലെ പറയുന്ന ആ നീ നിജസ്ഥാനത്തെ പ്രാപിച്ചാലും. ഞാൻ പ്രതിജ്ഞമുതലായ യാതൊന്നിനെ പറഞ്ഞുവോ അതെല്ലാം കുറവുംകൂട്ടലുംകൂടാതെ ശുംഭാസുരനോടു പറയണം. അവനും ഉചിതംപോലെയോ അനുചിതംപോലെയോ ചെയ്യട്ടെ.

"യദേതത്സൎവ്വമാദിതഃ" എന്നു പാഠഭേദം.

"ഇതെല്ലാം ആദ്യംമുതൽ" എന്നൎത്ഥം.

ജഗ—സ ത്വം ഗച്ഛ...കരോതു യൽ സ്വാഹാ ൧൩൦

ഇതി ശ്രീമാൎക്കണ്ഡേയപുരാണേ സാവൎണ്ണികേ മന്വന്തരേ
ദേവീമാഹാത്മ്യേ ദേവീദൂതസംവാദോ നാമ പഞ്ചമോധ്യായഃ.
'ദേവീദൂതസംവാദം' എന്ന അഞ്ചാമദ്ധ്യായം സമാപ്തം.

ആറാമദ്ധ്യായം.

ഋഷിരുവാച—൩൮൯.

൧. ഇത്യാകർണ്ണ്യ വചോ ദേവ്യാഃ സ ദൂതോഽമർഷപൂരിതഃ
സമാചഷ്ട സമാഗമ്യ ദൈത്യരാജായ വിസ്തരാൽ. ൩൯൦

ഋഷി പറഞ്ഞു.

ഇതി	= ഇങ്ങനെ
ദേവ്യാഃ വചഃ ആകർണ്ണ്യ	= ദേവിയുടെ വാക്കിനെ കേട്ടിട്ട്
അമർഷപൂരിതഃ സഃ ദൂതഃ	= കോപപൂർണ്ണനായ ആ ദൂതൻ
സമാഗമ്യ	= സമാഗമിച്ചിട്ട്
ദൈത്യരാജായ	= ശുംഭാസുരനോട്ട്
വിസ്തരാൽ സമാചഷ്ട	= വിസ്തരിച്ചു പറഞ്ഞു.

ആ ദൂതൻ ഇപ്രകാരം ദേവിയുടെ വാക്കുകേട്ട് കോപത്തോടു കൂടി ശുംഭാസുരന്റെ അടുക്കൽച്ചെന്ന് അതെല്ലാം അവനോട്ട് വിസ്താരമായി പറഞ്ഞു.

ജഗ—ഋഷിരുവാച സ്വാഹാ ൧

ഇത്യാകർണ്ണ്യ......വിസ്തരാൽ സ്വാഹാ ൨

൨. തസ്യ ദൂതസ്യ തദ്വാക്യമാകർണ്ണ്യാസുരരാട് തതഃ
സക്രോധഃ പ്രാഹ ദൈത്യാനാമധിപം ധൂമ്രലോചനം. ൩൯൧

അസുരരാട്ട്	= അസുരരാജാവായ ശുംഭൻ
തസ്യ ദൂതസ്യ	= ആ ദൂതന്റെ
തൽവാക്യം ആകർണ്ണ്യ	= ആ വാക്കിനെ കേട്ടിട്ട്
തതഃ സക്രോധഃ	= അനന്തരം കോപത്തോടുകൂടിയവനായിട്ട്
ദൈത്യാനാമധിപം	= സേനാപതിയായ
ധൂമ്രലോചനം പ്രാഹ	= ധൂമ്രലോചനനോട്ട് പറഞ്ഞു.

അസുരരാജാവായശുംഭൻ ആ ദൂതന്റെ വാക്കു കേട്ടതിന്റെ ശേഷം കോപത്തോടുകൂടി അസുരസേനാധിപതിയായ ധൂമ്രലോചനനോടു പറഞ്ഞു.

ശാന്ത—ദൈത്യരാജാവായ ശുംഭൻ ആ ദൂതന്റെ മുഖത്തിൽനിന്ന് "അല്ലയോ ശുംഭ! നിന്റെ സമീപത്തിൽ ദേവി വരുന്നില്ല. നിന്നോടുകൂടി യുദ്ധത്തിനു ഇച്ഛിക്കുന്നു" എന്നുള്ള പ്രതികൂലവാക്കിനെ

കേട്ടു് കോപത്തോടുകൂടിയവനായിട്ടു് അസുരസേനാധിപനായ ധൂമ്രലോചനൻ എന്ന മഹാസുരനോടു പറഞ്ഞു.

"ദേവിയെ ജയിക്കുന്നതിനു് ഉദ്യുക്തനായി ഭവിച്ചാലും" എന്ന ദൂതവചനം കേട്ടു് ദേവിയെ കൊണ്ടുവരുന്നതിനായി ശുംഭൻ ധൂമ്രലോചനനെ അയയ്ക്കുന്നു.

ജഗ—തസ്യ ദൂതസ്യ...ധൂമ്രലോചനം സ്വാഹാ ൩

൩. ഹേ ധൂമ്രലോചനാശു ത്വം സ്വസൈന്യപരിവാരിതഃ

താമാനയ ബലാദ്ദുഷ്ടാം കേശാകർഷണവിഹ്വലാം. ൩൪൨

ഹേ ധൂമ്രലോചന! ത്വം	= എടോ ധൂമ്രലോചന! നീ
സ്വസൈന്യപരിവാരിതഃ	= നിന്റെ സൈന്യങ്ങളാൽ ചുററപ്പെട്ടവനായിട്ടു്
താം ദുഷ്ടാം	= ആ ദുഷ്ടയെ
കേശാകർഷണവിഹ്വലാം	= തലമുടി ചുററിപ്പിടിച്ചുവലിച്ചു് ഉലച്ചു്
ആശു	= വേഗത്തിൽ
ബലാൽ ആനയ	= ബലാൽക്കാരേണ കൊണ്ടുപോരണം.

അല്ലയോ ധൂമ്രലോചന! നീ നിന്റെ സൈന്യങ്ങളോടുകൂടി ആ ദുഷ്ടയെ തലമുടിക്കു ചുററിപ്പിടിച്ചു വലിച്ചു് വിവശയാക്കി വേഗത്തിൽ ബലാൽകാരേണ എന്റെ സമീപത്തിൽ കൊണ്ടുപോരിക.

ജഗ—ഹേ ധൂമ്രലോചന......വിഹ്വലാം സ്വാഹാ ൪

൪ തൽപരിത്രാണദഃ കശ്ചിദ്യദി വോത്തിഷ്ഠതേ പരഃ

സ ഹന്തവ്യോഽമരോ വാപി യക്ഷോ ഗന്ധർവ്വ ഏവ വാ. ൩൪൩

തൽപരിത്രാണദഃ	= അവളെ രക്ഷിക്കുന്നതിനായി
പരഃ	= അന്യനായ
കശ്ചിൽഉത്തിഷ്ഠതേയദിവാ	= ഒരുത്തൻ ഉദ്യമിക്കുന്നു എങ്കിൽ
സഃ അമരഃ അപി വാ	= അവൻ ദേവൻ ആണെങ്കിലും
യക്ഷഃ	= യക്ഷൻ ആണെങ്കിലും
ഗന്ധർവ്വഃ ഏവ വാ	= ഗന്ധർവ്വൻതന്നെയാണെങ്കിലും
ഹന്തവ്യഃ	= ഹനിക്കപ്പെടുവാൻ യോഗ്യനാകുന്നു.

എടോ ധൂമ്രലോചന! അവളെ രക്ഷിക്കുന്നതിനു് അന്യനായ ഒരുത്തൻ ഉദ്യമിക്കുന്നുഎങ്കിൽ അവൻ ദേവനോ യക്ഷനോ ഗന്ധർവ്വൻതന്നെയോ ആരായാലും നിന്നാൽ വധിക്കപ്പെടുവാൻ യോഗ്യനാകുന്നു.

ശാന്ത—എടോ ധൂമ്രലോചന! ആ ദേവിയേ രക്ഷിക്കുന്നതിനായി യാതൊരു മനുഷ്യരോ, ദേവന്മാരോ, കുബേരൻ മുതലായ യക്ഷ

ന്മാരോ, തുംബുരു തുടങ്ങിയ ഗന്ധർവ്വന്മാരോ, ദൈത്യന്മാരോ, ലങ്കാനിവാസികളായ രാക്ഷസന്മാരോ, നാഗങ്ങളോ, വിദ്യാധരന്മാരോ, ജീമൂതവാഹനാദി കിന്നരന്മാരോ മററോ ഉദ്യമിക്കുന്നുഎങ്കിൽ അവർ നിന്നാൽ കൊല്ലപ്പെടേണ്ടവരാകുന്നു.

ജഗ—തൽപരിത്രാണദഃ...ഏവ വാ സ്വാഹാ ൧

ഋഷിരുവാച—൫൱൰.

൧. തേനാജ്ഞപ്തസ്തതഃ ശീഘ്രം സ ദൈത്യോ ധൂമ്രലോചനഃ
വൃതഷ്ഷഷ്ട്യാ സഹസ്രാണാമസുരാണാം ദ്രുതം യയൌ. ൫൱൧

ഋഷി പറഞ്ഞു.

തതഃ തേന	= അനന്തരം ആ ശുംഭാസുരനാൽ
ശീഘ്രം ആജ്ഞപ്തഃ	= വേഗത്തിൽ ആജ്ഞാപിക്കപ്പെട്ട
സഃ ധൂമ്രലോചനഃ	= ആ ധൂമ്രലോചനൻ എന്ന
ദൈത്യഃ	= അസുരൻ
സഹസ്രാണാം ഷഷ്ട്യാ	= അറുപതിനായിരം
അസുരാണാം	= അസുരന്മാരാൽ
വൃതഃ ദ്രുതം യയൌ	= ചുററപ്പെട്ടവനായിട്ടുവേഗത്തിൽപോയി.

അനന്തരം ശുംഭാസുരനാൽ നിയോഗിക്കപ്പെട്ട ആ ധൂമ്രലോചനൻ എന്ന അസുരൻ അറുപതിനായിരംഅസുരന്മാരോട്ടുക്രൂടിപ്പോയി.

ശാന്ത—അനന്തരം ആ ശുംഭാസുരനാൽ "വേഗം പോയി അവളെ ആനയിച്ചാലും" എന്നു് ആജ്ഞാപിതനായ ധൂമ്രലോചനനെന്ന ദൈത്യൻ അറുപതിനായിരം അസുരന്മാരുടെ സംഘത്താൽ ചുററപ്പെട്ടവനായിട്ടു് വേഗത്തിൽപ്പോയി.

ജഗ—ഋഷിരുവാച സ്വാഹാ ൨

തേനാജ്ഞപ്ത......യയൌ സ്വാഹാ ൧

൨. സ ദൃഷ്ട്വാ താം തതോ ദേവീം തുഹിനാചലസംസ്ഥിതാം
ജഗാദോച്ചൈഃ പ്രയാഹീതി മൂലം ശുംഭനിശുംഭയോഃ. ൫൱൨

തതഃ സഃ	= അനന്തരം ആ ധൂമ്രലോചനൻ
തുഹിനാചലസംസ്ഥിതാം	= ഹിമവാൻപർവ്വതത്തിൽവസിക്കുന്നവളായ
താം ദേവീം ദൃഷ്ട്വാ	= ആ ദേവിയെ കണ്ടിട്ടു്
ശുംഭനിശുംഭയോഃ മൂലം	= ശുംഭനിശുംഭന്മാരുടെ സമീപത്തെ
പ്രയാഹി ഇതി	= ഗമിച്ചാലും എന്നു്
ഉച്ചൈഃ ജഗാദ	= അത്യുച്ചത്തിൽ പറഞ്ഞു.

അനന്തരം ആ ധൂമ്രലോചനൻ ഹിമാചലവാസിനിയായ ആ ദേവിയെ കണ്ടിട്ടു് 'ശുംഭനിശുംഭന്മാരുടെ സമീപത്തെ പ്രാപിച്ചാലും' എന്നു് ഉച്ചത്തിൽ പറഞ്ഞു.

ശാന്ത—ശുംഭനിദേശാനന്തരം ആ ധൂമ്രലോചനൻ എന്ന അസുരൻ ഹിമാചലവാസിനിയായ ആ ദേവിയെ കണ്ടിട്ടു് അത്യുച്ചത്തിൽ 'നീ ശുംഭനിശുംഭന്മാരുടെ സമീപത്തെ ഗമിച്ചാലും' എന്നു പറഞ്ഞു.

ജഗ—സ ദൃഷ്ട്വാ......നിശുംഭയോഃ സ്വാഹാ വ്യ

൭. ന ചേൽ പ്രീത്യാദ്യ ഭവതി മൽഭർത്താരമുപൈഷ്യതി

തതോ * ബലാന്നയാമ്യദ്യ കേശാകർഷണവിഹ്വലാം. ന്മൻ

അദ്യ ഭവതി പ്രീത്യാ	= ഇന്നു് നീ പ്രീതിയോടുകൂടി
മൽഭർത്താരം	= എന്റെ സ്വാമിയായ ശുംഭനെ
ന ഉപൈഷ്യതി	= പ്രാപിക്കുന്നില്ലെങ്കിൽ
തതഃ അഹം	= അതുഹേതുവായിട്ടു് ഞാൻ
അദ്യ ബലാൽ	= ഇപ്പോൾത്തന്നെ ബലാൽകാരേണ
കേശാകർഷണവിഹ്വലാം	= കേശാകർഷണംകൊണ്ടു് പരവശയാക്കിട്ടു്
നയാമി	= ശുംഭനെ പ്രാപിപ്പിക്കും.

അല്ലയോ ദേവി! നീ ഇന്നു് സന്തോഷത്തോടുകൂടി എന്റെ സ്വാമിയായ ശുംഭന്റെ സമീപത്തെപ്രാപിക്കുന്നില്ലെങ്കിൽ ഞാൻ ഇപ്പോൾത്തന്നെ ബലാൽകാരമായി നിന്റെ തലമുടി ചുററിപ്പിടിച്ചുവലിച്ചു് പരവശയാക്കി, കൊണ്ടുപോകും.

ശാന്ത—അല്ലയോ ദേവി! ഭവതി സ്നേഹത്തോടുകൂടി, എന്റെ പോഷകനായി സ്വാമിയായി ഇരിക്കുന്ന ശുംഭനെ പ്രാപിക്കുന്നില്ലെങ്കിൽ—നീ വരാത്ത അപരാധംനിമിത്തം—ധൂമ്രലോചനനായ ഈ ഞാൻ ഇപ്പോൾത്തന്നെ ബലാൽകാരമായി നിന്നെ, കേശാകർഷണംകൊണ്ടു് പരവശയാക്കിത്തീർത്തിട്ടു് ശുംഭനെ പ്രാപിപ്പിക്കും.

ജഗ—ന ചേൽ......വിഹ്വലാം സ്വാഹാ ൻ

ദേവ്യുവാച—ന്മൻവ്യ

൮. ദൈത്യേശ്വരേണ പ്രഹിതോ ബലവാൻ ബലസംവൃതഃ

ബലാന്നയസി മാമേവം തതഃ കിം തേ കരോമ്യഹം. ന്മൻ

ദേവി പറഞ്ഞു.

ബലവാൻ	= സാമർത്ഥ്യത്തോടുകൂടിയവനായി

---

* "ബലാന്നയാമ്യേഷഃ" എന്നു പാഠഭേദം.

ബലസംവൃതഃ	=	സൈന്യത്താൽ ചുററപ്പെട്ടവനായി
ദൈത്യേശ്വരേണ	=	ശുംഭാസുരനാൽ
പ്രഹിതഃ	=	അയയ്ക്കപ്പെട്ടവനായി ഇരിക്കുന്ന നീ
ബലാൽ ഏവം	=	ബലാൽകാരേണ ഇങ്ങനെ
മാം നയസി	=	എന്നെ കൊണ്ടുപോകുന്നു എങ്കിൽ
തതഃ അഹം	=	അതുനിമിത്തം ഞാൻ
തേ കിം കരോമി	=	നിന്നോട്ട് എന്തുചെയ്യുന്നു?

എടോ ധൂമ്രലോചന! സാമത്ഥ്യത്തോടുകൂടിയവനായി സൈന്യത്താൽ ചുററപ്പെട്ടവനായി ശുംഭാസുരനാൽ അയയ്ക്കപ്പെട്ടവനായി ഇരിക്കുന്ന നീ ബലാൽകാരമായി ഇപ്രകാരം എന്നെ കൊണ്ടുപോകുന്നെങ്കിൽ ഞാൻ നിന്നോട്ട് എന്തുചെയ്യും?

ശാന്ത—അല്ലയോ ധൂമ്രലോചന! നീ വീര്യമുള്ളവനും, സൈന്യത്താൽ ചുററപ്പെട്ടവനും, ശുംഭാസുരനാൽ അയയ്ക്കപ്പെട്ടവനും ആകുന്നു. ഇങ്ങനെ ബലാൽകാരേണ അബലയായ എന്നെ തലമുടി ചുററിപ്പിടിച്ചുവലിച്ചു കൊണ്ടുപോകുന്നു എങ്കിൽ ഞാൻ നിന്നോട്ട് എന്തു ചെയ്യും? ഞാൻ സ്ത്രീയാകകൊണ്ടു് നിന്നോടുകൂടി യുദ്ധംചെയ്യുന്നതിന്ന് അസമത്ഥയാകുന്നു.

ജഗ—ദേവ്യുവാച സ്വാഹാ ൧൦

ദൈത്യേശ്വരേണ......കരോമ്യഹം സ്വാഹാ ൧൧

ഋഷിരുവാച—൪൦൦

൯. ഇത്യുക്തഃ സോഽഭ്യധാവത്താമസുരോ ധൂമ്രലോചനഃ

ഹുങ്കാരേണൈവ തം ഭസ്മ സാ ചകാരാംബികാ തതഃ. ൪൦൧

ഋഷിപറഞ്ഞു.

ഇതി ഉക്തഃ	=	ഇപ്രകാരം ദേവിയാൽ പറയപ്പെട്ട
സഃ ധൂമ്രലോചനഃഅസുരഃ	=	ആ ധൂമ്രലോചനൻ എന്ന അസുരൻ
താം അഭ്യധാവൽ	=	ആ ദേവിയുടെ നേരേ വേഗത്തിൽ ഓടി.
തതഃ സാ അംബികാ	=	അനന്തരം ആ ദേവി
തം ഹുങ്കാരേണ ഏവ	=	അവനെ ഹുങ്കാരംകൊണ്ടുതന്നെ
ഭസ്മ ചകാര	=	ഭസ്മമാക്കിച്ചെയ്തു.

ഇപ്രകാരം ദേവിയുടെ വാക്കുകേട്ടു് ആ ധൂമ്രലോചനൻ ആ ദേവിയുടെ നേക്കു് വേഗത്തിൽ ഓടി. അനന്തരം ദേവി അവനെ ഹുങ്കാരംകൊണ്ടുതന്നെ ഭസ്മമാക്കിക്കളഞ്ഞു.

ശാന്ത—ഇങ്ങനെ ദേവിയാൽ പറയപ്പെട്ട ആ ധൂമ്രലോചനൻ എന്ന അസുരൻ വേഗത്തിൽ ആ ദേവിയുടെ നേരേ ഓടി. ഉടനെ

ആ ചണ്ഡികാദേവിയും ക്രോധാനലജ്വാലാരൂപമായ ഹുംകൃതി കൊണ്ടു് അവനെ ഭസ്മീകരിച്ചു.

"ഭസ്മസാച്ചകാര" എന്ന പാഠഭേദം.

ജഗ—ഋഷിരുവാച സ്വാഹാ ൫൨

ഇത്യുക്തഃ......തതഃ സ്വാഹാ ൫൩

൫൦. അഥ ക്രുദ്ധം മഹാസൈന്യമസുരാണാം തഥാംബികാ
വവർഷ സായകൈസ്തീക്ഷ്ണൈസ്തഥാ ശക്തിപരശ്വധൈഃ. ൪൦൨

അഥ അംബികാ	= അനന്തരം ദേവി
തഥാ ക്രുദ്ധം	= അപ്രകാരം കോപിക്കപ്പെട്ട
അസുരാണാംമഹാസൈന്യം	= അസുരന്മാരുടെ വലുതായ സൈന്യത്തെ
തീക്ഷ്ണൈഃ സായകൈഃ	= മൂർച്ചയുള്ള ശരങ്ങളെക്കൊണ്ടും
തഥാ	= അതുപോലെതന്നെ
ശക്തിപരശ്വധൈഃ	= വേലുകളെക്കൊണ്ടുംകുഠാരങ്ങളെക്കൊണ്ടും
വവർഷ	= വർഷിച്ചു.

അനന്തരം ദേവി, അപ്രകാരം കോപിച്ച അസുരമഹാസൈന്യത്തിൽ, മൂർച്ചയുള്ളശരങ്ങൾ, വേലുകൾ, കോടാലികൾ ഇവയെ വർഷിച്ചു.

ശാന്ത—ധൂമ്രലോചനൻ ഭസ്മീകൃതനായതിന്റെശേഷം അപ്രകാരം കോപിച്ച അസുരമഹാസൈന്യത്തെ, ദേവി മൂർച്ചയുള്ള അമ്പുകളെക്കൊണ്ടും ശക്തികളെക്കൊണ്ടും കുഠാരങ്ങളെക്കൊണ്ടും വർഷിച്ചു.

ജഗ—അഥ ക്രുദ്ധം......പരശ്വധൈഃ സ്വാഹാ ൫൪

൫൫. തതോ ധുതസടഃ കോപാൽ കൃത്വാ നാദം സുഭൈരവം
പപാതാസുരസേനായാം സിംഹോ ദേവ്യാഃ സ്വവാഹനഃ. ൪൦൩

തതഃ കോപാൽ	= അനന്തരം കോപംമൂലം
ധുതസടഃ	= ഇളക്കപ്പെട്ട സ്കന്ധരോമങ്ങളോടുകൂടിയ
ദേവ്യാഃ സ്വവാഹനഃ സിംഹഃ	= ദേവിയുടെ സ്വന്തംവാഹനമായ സിംഹം
സുഭൈരവം നാദം കൃത്വാ	= അതിഭയങ്കരമായ സിംഹനാദത്തെ ചെയ്തിട്ടു്
അസുരസേനായാം പപാത	= ആസുരസൈന്യത്തിൽ പ്രവേശിച്ചു.

അനന്തരം കോപംമൂലം ഇളക്കപ്പെട്ട സ്കന്ധരോമങ്ങളോടുകൂടിയ ദേവിവാഹനമായസിംഹം അതിഭയങ്കരമായ കണ്ഠഗർജ്ജനത്തെ ചെയ്തിട്ടു് അസുരസൈന്യത്തിൽ പ്രവേശിച്ചു.

ശാന്ത—അനന്തരം കോപംഹേതുവായിട്ടു് ഇളക്കപ്പെട്ട സ്കന്ധരോമങ്ങളോടുകൂടിയ ആ ദേവീവാഹനമായ സിംഹം അതിഭയങ്കരമായി കണ്ഠഗർജ്ജനത്തെ ചെയ്തിട്ടു് ഹിംസിക്കാനായി ദൈത്യസേനയിൽ പ്രവേശിച്ചു.

സ്വവാഹനം = അനന്യസാധാരണമായി ദേവിക്കുമാത്രമുള്ള വാഹനം.

നാഗോ—നായകനില്ലാത്ത സൈന്യത്തോടു് ദേവി യുദ്ധംചെയ്യുന്നതു ശരിയല്ലെന്നുദ്ദേശിച്ചു് സിംഹം യുദ്ധം ചെയ്തു.

ജഗ—തതോ ധുതസടഃ . . . . . സ്വവാഹനഃ സ്വാഹാ ഫൌ

ഫവ കാംശ്ചിൽ കരപ്രഹാരേണ ദൈത്യാനാസ്യേന ചാപരാൻ
ആക്രാന്ത്യാ ചാധരേണാന്യാൻ ജഘാന സ മഹാസുരാൻ. ർ൦ദ

സഃ	= ആ സിംഹം
കരപ്രഹാരേണ	= കൈകൊണ്ടുള്ള അടികൊണ്ടു്
കാംശ്ചിൽ ദൈത്യാൻ	= ചില അസുരന്മാരേയും
ആസ്യേന അപരാൻ ച	= മുഖംകൊണ്ടു് മററുചിലരേയും
ആക്രാന്ത്യാ അധരേണ ച	= ആക്രമണംകൊണ്ടും അധരോഷ്ഠം കൊ-
അന്യാൻ മഹാസുരൻ	= മററുചില മഹാസുരന്മാരേയും [ണ്ടും
ജഘാന	= നിഗ്രഹിച്ചു.

ആ സിംഹം ചില അസുരന്മാരെ കൈകൊണ്ടുള്ള അടികൊണ്ടും മററു ചിലരെ മുഖംകൊണ്ടും വേറേ ചില മഹാസുരന്മാരെ ആക്രമണംകൊണ്ടും അധരോഷ്ഠംകൊണ്ടും നിഗ്രഹിച്ചു.

ചതു—"ആക്രമ്യ ചാധരേണ" എന്നു പാഠഭേദം.

ശാന്ത—സിംഹം അസുരസേനയിൽ പ്രവേശിച്ചിട്ടു് എന്തുചെയ്തു എന്നു പറയുന്നു:—ആ പഞ്ചാസ്യൻ കൈകൾകൊണ്ടുള്ള അടികൾകൊണ്ടു് ചില അസുരന്മാരെ നിഗ്രഹിച്ചു. മുഖംകൊണ്ടു മററു ചില അസുരന്മാരെ നിഗ്രഹിച്ചു. ചരണാക്രമണംകൊണ്ടും അധരോഷ്ഠംകൊണ്ടും മററു ചില മഹാസുരന്മാരേയും ദേവിപ്രഭാവത്താൽ നിഗ്രഹിച്ചു. ആ പഞ്ചാസ്യനു്, ഒരു ആസ്യം മുഖവും അതുപോലെതന്നെ പ്രഹരണസാധനങ്ങളായി രണ്ടുകൈകളും രണ്ടു കാലുകളും, ഇങ്ങനെ പഞ്ചമുഖങ്ങൾ യുദ്ധസാധനങ്ങളായി ഉള്ളതാകുന്നു.

അധരം=അധരകായം=ഉരസ്സു്.

ജഗ—കാംശ്ചിൽ...മഹാസുരാൻ സ്വാഹാ ഫന്ദ

ഫന. കേഷാഞ്ചിൽ പാടയാമാസ നഖൈഃ കോഷ്ഠാനി കേസരീ
തഥാ തലപ്രഹാരേണ ശിരാംസി കൃതവാൻ പൃഥക്. ർ൦മ

കേസരീ	= ആ സിംഹം
കേഷാഞ്ചിൽ കോഷ്ഠാനി	= ചില അസുരന്മാരുടെ ജഠരാന്തർഭാഗങ്ങളെ
നഖൈഃ പാടയാമാസ	= നഖങ്ങളെക്കൊണ്ടു് കീറി.
തഥാ	= അപ്രകാരം
തലപ്രഹാരേണ	= കരതലംകൊണ്ടുള്ള അടികൊണ്ടു്
ശിരാംസി പൃഥക്	= ശിരസ്സുകളെ വേറെയാക്കി
കൃതവാൻ	= ചെയ്തു.

ആ സിംഹം ചില അസുരന്മാരുടെ ജഠരാന്തർഭാഗങ്ങളെ നഖങ്ങൾകൊണ്ടു് കീറുകയും അതുപോലെ കരതലങ്ങൾകൊണ്ടുള്ള അടികൊണ്ടു് മററു ചിലരുടെ ശിരസ്സുകളെ വേറെയാക്കുകയുംചെയ്തു.

ചതു—കോഷ്ഠങ്ങൾ=ഹൃദയങ്ങൾ.

തലം=വിരലുകൾ നിവർത്തിപ്പിടിക്കപ്പെട്ട കരതലം.

ശാന്ത—ആ സിംഹം ചില അസുരന്മാരുടെ ഉദരാന്തർഭാഗങ്ങളെ നഖങ്ങളെക്കൊണ്ട കീറി. അതുപോലെതന്നെ കരതലംകൊണ്ടുള്ള അടികൾകൊണ്ടു് ചില അസുരന്മാരുടെ ശരീരങ്ങളിൽനിന്നു മസ്തകങ്ങളെ വേറേയാക്കിച്ചെയ്തു.

ജഗ—കേഷാഞ്ചിൽ...പൃഥക് സ്വാഹാ ൧൯

൧൪. വിച്ഛിന്നബാഹുശിരസഃ കൃതാസ്തേന തഥാപരേ
പപൌ ച രുധിരം കോഷ്ഠാദന്യേഷാം ധുതകേസരഃ. ൪൦൩

തഥാ തേന	= ശൌര്യവാനായ ആ സിംഹത്താൽ
അപരേ	= മററുചില മഹാസുരന്മാർ
വിച്ഛിന്നബാഹു- ശിരസഃ കൃതാഃ	= വിശേഷേണ മുറിക്കപ്പെട്ട കൈകളോടും തലകളോടുംകൂടിയവരാക്കി ചെയ്യപ്പെട്ടു.
ധുതകേസരഃ	= ഇളക്കപ്പെട്ട സ്കന്ധരോമങ്ങളോടുകൂടിയവനായിട്ടു്
അന്യേഷാം	= മററുചില മഹാസുരന്മാരുടെ
കോഷ്ഠാൽ	= ഉദരാന്തഃപ്രദേശത്തിൽനിന്നു്
രുധിരംപപൌ ച	= ചോര കുടിക്കുകയും ചെയ്തു.

ശൌര്യവാനായ ആ സിംഹം ശത്രുക്കളായിരിക്കുന്ന മററു ചില അസുരന്മാരുടെ കൈകളും തലകളും മുറിച്ചു. അവൻ സ്കന്ധരോമങ്ങളെ ഇളക്കിക്കൊണ്ടു് വേറേ ചില അസുരന്മാരുടെ വയറുകീറി ചോരകുടിക്കുകയും ചെയ്തു.

ശാന്ത—ശൌര്യവാനായ ആ സിംഹത്താൽ ശത്രുക്കളായിരിക്കുന്ന മററു ചില അസുരന്മാർ കൈകളും തലകളും മുറിക്കപ്പെട്ടവരായി.

അതുപോലെതന്നെ ആ സിംഹം സ്കന്ധരോമങ്ങളെ ഇളക്കിക്കൊണ്ടു് മററുചില അസുരന്മാരുടെ ഉദരാന്തർഭാഗത്തെ കീറി രക്തപാനംചെയ്കയുംചെയ്തു. ഈ രക്തപാനംകൊണ്ടു് വാഹനസിംഹവും യുദ്ധത്തിൽ വീരപാനത്തിനു് ഉചിതനാണെന്നു് സൂചിപ്പിക്കുന്നു.

ജഗ—വിച്ഛിന്ന...ധുതകേസരഃ സ്വാഹാ ൰൩

൰൪. ക്ഷണേന തൽ ബലം സൎവ്വം ക്ഷയം നീതം മഹാത്മനാ
തേന കേസരിണാ ദേവ്യാ വാഹനേനാതികോപിനാ ൪൦൨

ദേവ്യാഃ വാഹനേന	=	ദേവിയുടെ വാഹനമായി
അതികോപിനാ	=	ഏററവും കോപിച്ചവനായി
മഹാത്മനാ	=	മഹാത്മാവായി ഇരിക്കുന്ന
തേന കേസരിണാ	=	ആ സിംഹത്താൽ
ക്ഷണേന തൽബലം സൎവ്വം	=	ക്ഷണനേരംകൊണ്ടു് ആ സൈന്യം മുഴുവനും
ക്ഷയം നീതം	=	നാശത്തെ പ്രാപിപ്പിക്കപ്പെട്ടു.

ദേവീവാഹനമായി, അതികോപത്തോടുകൂടിയവനായി മഹാത്മാവായി ഇരിക്കുന്ന ആ സിംഹം അല്പസമയംകൊണ്ടു് ധൂമ്രലോചനന്റെ ആ സൈന്യത്തെ മുഴുവൻ നശിപ്പിച്ചു.

ജഗ—ക്ഷണേന......കോപിനാ സ്വാഹാ ൰൪

൰൫. ശ്രുത്വാ തമസുരം ദേവ്യാ നിഹതം ധൂമ്രലോചനം
ബലഞ്ച ക്ഷയിതം കൃത്സ്നം ദേവികേസരിണാ തതഃ. ൪൦൩

൰൬. ചുകോപ ദൈത്യാധിപതിഃ ശുംഭഃ പ്രസ്ഫുരിതാധരഃ
ആജ്ഞാപയാമാസ ച തൌ ചണ്ഡമുണ്ഡൌ മഹാസുരൌ.

തം ധൂമ്രലോചനം അസുരം	=	ആ ധൂമ്രലോചനൻ എന്ന അസുരൻ
ദേവ്യാ നിഹതം	=	ദേവിയാൽ കൊല്ലപ്പെട്ടു എന്നും
തതഃ ദേവീകേസരിണാ	=	അനന്തരം ദേവിയുടെ സിംഹത്താൽ
കൃത്സ്നം ബലം ച	=	മുഴുവൻ സൈന്യവും
ക്ഷയിതം ശ്രുത്വാ	=	നശിപ്പിക്കപ്പെട്ടു എന്നും കേട്ടിട്ടു്
ദൈത്യാധിപതിഃ ശുംഭഃ	=	അസുരരാജാവായ ശുംഭൻ
പ്രസ്ഫുരിതാധരഃചുകോപ	=	ഇളക്കപ്പെട്ട അധരത്തോടുകൂടിയവനായിട്ടു് കോപിച്ചു.
തൌ ചണ്ഡമുണ്ഡൌ	=	ആ ചണ്ഡമുണ്ഡന്മാരെന്ന
മഹാസുരൌ	=	മഹാസുരന്മാരെ
ആജ്ഞാപയാമാസ ച	=	ആജ്ഞാപിക്കുകയും ചെയ്തു.

ദേവി ആ ധൂമ്രലോചനൻ എന്ന അസുരനെ നിഹനിച്ചു എന്നും ദേവീവാഹനമായ സിംഹം അവന്റെ സൈന്യത്തെ മുഴുവൻ നശിപ്പിച്ചു എന്നും കേട്ടു് ദൈത്യരാജാവായ ശുംഭൻ കോപംനിമിത്തം ഇളക്കപ്പെട്ട അധരത്തോടുകൂടിയവനായിട്ടു് ചണ്ഡമുണ്ഡന്മാരോടു് ആജ്ഞാപിച്ചു.

ശാന്ത—ആ പ്രസിദ്ധനായ ധൂമ്രലോചനൻ എന്ന അസുരൻ ദേവിയാൽ ഭസ്മീകരിക്കപ്പെട്ടു എന്നും ദേവീവാഹനസിംഹത്താൽ ധൂമ്രലോചനന്റെ സൈന്യം മുഴുവനും നശിപ്പിക്കപ്പെട്ടുഎന്നും കേട്ടിട്ടു് അസുരരാജാവായ ശുംഭൻ ഇളക്കപ്പെട്ട അധരത്തോടുകൂടിയവനായി കോപത്തോടുകൂടി മുൻപിൽ ദേവിയെ കണ്ട തന്റെ ഭൃത്യന്മാരായ ആ ചണ്ഡമുണ്ഡന്മാർ എന്ന മഹാസുരന്മാരെ നിയോഗിക്കുകയും ചെയ്തു.

"ബലഞ്ച ക്ഷപിതം" എന്നു പാഠഭേദം

ജഗ—ശ്രുത്വാതമസുരം......തതഃ സ്വാഹാ ൨൦

ചുകോപ......മഹാസുരൗ സ്വാഹാ ൨൧

൨൨. ഹേ ചണ്ഡ! ഹേ മുണ്ഡ! ബലൈർബഹുഭിഃ പരിവാരിതൗ

തത്ര ഗച്ഛത ഗത്വാ ച സാ സമാനീയതാം ലഘു. ൯൨൦

ഹേ ചണ്ഡ! ഹേ മുണ്ഡ!	= എടോ ചണ്ഡ! എടോ മുണ്ഡ!
ബഹുഭിഃ ബലൈഃ	= അസംഖ്യം സൈന്യങ്ങളാൽ
പാരിവാരിതൗ	= ചുററപ്പെട്ടവരായിട്ടു്
തത്ര ഗച്ഛത	= അവിടെ പോകണം.
ഗത്വാ സാ	= പോയിട്ടു് അവൾ
ലഘു സമാനീയതാം ച	= വേഗത്തിൽ കൊണ്ടുവരപ്പെടുകയും വേണം.

എടോ ചണ്ഡ! എടോ മുണ്ഡ! നിങ്ങൾ അനേകം സൈന്യങ്ങളോടുകൂടി അവിടെ ചെന്നു് അവളെ വേഗത്തിൽ കൊണ്ടുവരണം.

ശാന്ത—അല്ലയോ ചണ്ഡമുണ്ഡന്മാരേ! നിങ്ങൾ രണ്ടുപേരും ആ ദേവിയിരിക്കുന്ന സ്ഥലത്തു ചെന്നു് അവളെ വേഗത്തിൽ ഇവിടെ കൊണ്ടുപോരണം.

"ബലൈർബഹുലൈഃ" എന്നു പാഠഭേദം.

നാഗോ—'ഗച്ഛതം' എന്നു് ദ്വിവചനത്തിനു പകരം 'ഗച്ഛത' എന്ന ബഹുവചനക്രിയാപ്രയോഗം വൃത്തഭംഗംകൂടാതെയിരിക്കുന്നതിനാകുന്നു. അല്ലെങ്കിൽ ഗർവ്വംനിമിത്തമാകുന്നു.

അടുത്ത ശ്ലോകത്തിൽ "യദി വഃ" എന്നും ബഹുവചനപ്രയോഗം തന്നെ.

ജഗ—ഹേ ചണ്ഡ...ലഘു സ്വാഹാ ൨൨

൨൩. കേശേഷ്വാകൃഷ്യ ബദ്ധ്വാ വാ യദി വഃ സംശയോ യുധി
തദാശേഷായുധൈഃ സർവൈരസുരൈർവിനിഹന്യതാം. ൪൧൭

കേശേഷ്വാകൃഷ്യ	= തലമുടിചുററിപ്പിടിച്ചുവലിച്ചോ
ബദ്ധ്വാ വാ	= കയറുകൊണ്ടുകെട്ടിയോകൊണ്ടുപോരണം.
യുധി	= യുദ്ധത്തിൽ
വഃ സംശയഃ യദി തദാ	= നിങ്ങൾക്കുസംശയമുണ്ടെങ്കിൽ അപ്പോൾ
സർവൈഃ അസുരൈഃ	= എല്ലാ അസുരന്മാരാലും
അശേഷായുധൈഃ	= എല്ലാആയുധങ്ങളെക്കൊണ്ടും
വിനിഹന്യതാം	= ഹനിക്കപ്പെടണം.

നിങ്ങൾ അവളെ തലമുടിചുററിപ്പിടിച്ചുവലിച്ചോ കയറുകൊണ്ടു കെട്ടിയോ കൊണ്ടുപോരണം. യുദ്ധത്തിൽ നിങ്ങൾക്കു സംശയമുണ്ടെങ്കിൽ എല്ലാ അസുരന്മാരും കൂടി സർവായുധങ്ങളും പ്രയോഗിച്ച് അവളെ നിഹനിക്കണം.

ശാന്ത—അല്ലയോ ചണ്ഡ! അല്ലയോ മുണ്ഡ! അല്ലയോ സൈന്യങ്ങളേ! നിങ്ങൾ ആ ദേവിയെ തലമുടി ചുററിപ്പിടിച്ചുവലിച്ചോ കയറുകൊണ്ടു് കെട്ടിവലിച്ചോ കൊണ്ടുപോരണം. തലമുടിചുററിപ്പിടിച്ചുവലിച്ചും കയറുകൊണ്ടു കെട്ടിവലിച്ചും കൊണ്ടുപോരുന്നതിനു നിങ്ങൾക്കു് സംശയം ഉണ്ടെങ്കിൽ യുദ്ധത്തിൽ എല്ലാ അസുരന്മാരും ചേൎന്നു് സർവായുധങ്ങളും പ്രയോഗിച്ചു് ആ ദേവി ഹനിക്കപ്പെടണം.

നാഗോ—രണ്ടുപ്രകാരത്തിൽ ദേവിയെ കൊണ്ടുവരാമെന്നു പറയുന്നു. മുടിചുററിപ്പിടിച്ചുവലിച്ചാൽ വന്നില്ലെങ്കിൽ കയറുകൊണ്ടു കെട്ടിക്കൊണ്ടുപോരണം.

അല്ലെങ്കിൽ യുദ്ധത്തിൽ നിങ്ങൾ എല്ലാവരുംകൂടി നിഗ്രഹിച്ചു കളയണം.

ഒംശോ—ഹനിക്കുന്നതിനെക്കാൾ ശ്ലാഘ്യം കെട്ടിക്കൊണ്ടുപോരുന്നതാകുന്നു. എന്നാൽ അതിനുസംശയമുണ്ടെങ്കിൽ ഹനിക്കണം. സംശയമില്ലെങ്കിൽ കെട്ടിക്കൊണ്ടുപോരികതന്നേവേണം.

ഹനിക്കുക = താഡിക്കുക.

ജഗ—കേശേഷ്വാകൃഷ്യ...നിഹന്യതാം സ്വാഹാ ൨൩

൨൪. തസ്യാം ഹതായാം ദുഷ്ടായാം സിംഹേ ച വിനിപാതിതേ

ശീഘ്രമാഗമ്യതാം ബദ്ധ്വാ ഗൃഹീത്വാ താമഥാംബികാം. ർ൫൨

ദുഷ്ടായാം	= അസുരദ്വേഷിണിയായ
തസ്യാം ഹതായാം	= ആ ദേവി ഹനിക്കപ്പെട്ടുകയും (താഡിക്കപ്പെട്ടുകയും)
സിംഹേ ച വിനിപാതിതേ	= സിംഹവും പതിക്കപ്പെട്ടുകയും ചെയ്യുമ്പോൾ
അഥ താം അംബികാം	= അനന്തരം ആ ദേവിയെ
ഗൃഹീത്വാ ബദ്ധ്വാ	= ഗ്രഹിച്ചിട്ടോ ബന്ധിച്ചിട്ടോ
ശീഘ്രം ആഗമ്യതാം	= വേഗത്തിൽ ആഗമിക്കപ്പെടണം.

നിങ്ങൾ ദുഷ്ടയായിരിക്കുന്ന ആ ദേവിയെ ഹനിക്കുകയും സിംഹത്തെ പതിപ്പിക്കുകയും ചെയ്തിട്ട് ആ ദേവിയെ ഗ്രഹിച്ചിട്ടോ ബന്ധിച്ചിട്ടോ വേഗത്തിൽ കൊണ്ടുവരണം.

ഗുപ്ത—"അഥവാ ദേവിയെ ജീവനോട്ടുകൂടിത്തന്നെ ബന്ധിച്ചോ പിടിച്ചുവലിച്ചോ കൊണ്ടുപോരണം. അല്ലെങ്കിൽ ദേവിയെ നിഗ്രഹിച്ചിട്ടു ശവത്തെ കെട്ടിക്കൊണ്ടുപോരണം"എന്നു് ചിലർ പറയുന്നു.

ചതു—ഹതാ = ക്ഷീണിപ്പിക്കപ്പെട്ടവൾ.

സിംഹത്തെ പതിപ്പിച്ചിട്ടു ദേവിയെ ഭൂമിയിൽ വീഴ്ത്തിക്കൊണ്ടുപോരണം.

ശാന്ത—എടോ ചണ്ഡ! എടോ മുണ്ഡ! അല്ലയോ സൈന്യങ്ങളേ! നിങ്ങൾ എല്ലാവരും അസുരദ്വേഷിണിയായ ആ ദേവിയെ നിഗ്രഹിച്ചിട്ടു്, അവളുടെ സിംഹത്തേയും പതിപ്പിച്ചിട്ടു് വേഗത്തിൽ നിജസ്ഥാനത്തെ പ്രാപിച്ചാലും. അല്ലെങ്കിൽ അവളെ ജീവനോട്ടുകൂടി കൊണ്ടുവരാൻകഴിയുമെങ്കിൽ ഗ്രഹിച്ചിട്ടോ ബന്ധിച്ചിട്ടോ വേഗത്തിൽ കൊണ്ടുപോരണം. അവളെ കാണ്മാൻ എനിക്കു താല്പര്യമുണ്ടു്.

കോപംജ്വലിച്ചു കൊണ്ടിരിക്കുന്ന യുദ്ധവീരന്മാർക്കു് പ്രബലശത്രു യുദ്ധത്തിൽ മരിച്ചാൽ ആ ശവത്തേയും കാണ്മാൻ ആഗ്രഹമുണ്ടു്.

അവളെ ഹനിച്ചിട്ടു കൊണ്ടുപോരണമെന്നു് അതികോപംകൊണ്ടുണ്ടായ മനോവ്യാകുലതനിമിത്തം പറഞ്ഞുപോയതാകുന്നു. അനന്തരം കഴിയുമെങ്കിൽ ജീവനോട്ടുകൂടിത്തന്നെ കെട്ടി വേഗത്തിൽ കൊണ്ടുപോരണമെന്നുപറയുന്നു.

ജഗ—തസ്യാം ഹതായാം......താമഥാംബികാം സ്വാഹാ ൨ർ

ഇതി ശ്രീമാർക്കണ്ഡേയപുരാണേ സാവർണ്ണികേ മന്വന്തരേ ദേവീമാഹാത്മ്യേ ധൂമ്രലോചനവധോ നാമ ഷഷ്ഠോऽധ്യായഃ.

ധൂമ്രലോചനവധം എന്ന ആറാമദ്ധ്യായം സമാപ്തം.

ഏഴാമദ്ധ്യായം.

ഋഷിരുവാച—൪൧൩.

൧. ആജ്ഞപ്താസ്തേ തതോ ദൈത്യാശ്ചണ്ഡമുണ്ഡപുരോഗമാഃ
ചതുരംഗബലോപേതാ യയുരഭ്യുദ്യതായുധാഃ. ൪൧൪

ഋഷിപറഞ്ഞു

തതഃ ആജ്ഞപ്താഃ	=	അനന്തരം നിയുക്തന്മാരായ
ചണ്ഡമുണ്ഡപുരോഗമാഃ	=	ചണ്ഡമുണ്ഡന്മാർതുടങ്ങിയ
തേ ദൈത്യാഃ	=	ആ അസുരന്മാർ
ചതുരംഗബലോപേതാഃ	=	ചതുരംഗപ്പടകളോടുകൂടി
അഭ്യുദ്യതായുധാഃ	=	ആയുധങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടു്
യയുഃ	=	പോയി.

അനന്തരം ശുംഭാസുരനാൽ നിയുക്തന്മാരായ ചണ്ഡമുണ്ഡന്മാർ തുടങ്ങിയ ആ അസുരന്മാർ ചതുരംഗപ്പടകളോടുകൂടി ആയുധങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടുപോയി.

ശാന്ത—ധൂമ്രലോചനവധാനന്തരം ശുംഭാസുരനാൽ നിയോഗിക്കപ്പെട്ട ചണ്ഡമുണ്ഡന്മാർതുടങ്ങിയ ആ അസുരന്മാർ, ആന, കുതിര, തേരു്, കാലാൾ എന്ന നാലംഗപ്പടകളോടുകൂടി ആയുധങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടുപോയി.

ചണ്ഡമുണ്ഡപുരോഗമന്മാർ=ചണ്ഡമുണ്ഡന്മാർ മുൻപിൽ നടക്കുന്നവർ.

യയുഃ = തിരിച്ചുവരാത്തവണ്ണംപോയി.

ജഗ—ഋഷിരുവാച സ്വാഹാ ൧

ആജ്ഞപ്താസ്തേ......തായുധാഃ സ്വാഹാ ൨

൨. ദദൃശുസ്തേ തതോ ദേവീമീഷദ്ധാസാം വ്യവസ്ഥിതാം
സിംഹസ്യോപരി ശൈലേന്ദ്രശൃംഗേ മഹതി കാഞ്ചനേ. ൪൧൫

തതഃ തേ	=	അനന്തരം അവർ
മഹതി കാഞ്ചനേ	=	വലുതായി സ്വർണ്ണമയമായി ഇരിക്കുന്ന
ശൈലേന്ദ്രശൃംഗേ	=	ഹിമവാന്റെ കൊടുമുടിയിൽ
സിംഹസ്യോപരി	=	സിംഹത്തിന്റെ മുകളിൽ
ഈഷദ്ധാസാം വ്യവസ്ഥിതാം	=	പുഞ്ചിരിയോടുകൂടി ഇരിക്കുന്ന
ദേവീം ദദൃശുഃ	=	ദേവിയെ കണ്ടു.

അനന്തരം ചണ്ഡമുണ്ഡന്മാർതുടങ്ങിയ അസുരന്മാർ, പൊക്കമുള്ളതായി സ്വർണ്ണമയമായി ഇരിക്കുന്ന ഹിമവാൻപർവതത്തിന്റെ കൊടുമുടിയിൽ സിംഹത്തിന്റെമുകളിൽ പുഞ്ചിരിയോടുകൂടിയിരിക്കുന്ന ദേവിയെ കണ്ടു.

ശാന്ത—അതിധാവള്യത്തോടുകൂടിയതാകുന്നു ഹിമവാൻപർവതം. അതിന്റെ കൊടുമുടി സ്വർണ്ണമയമാണു്. അതിന്റെ മുകളിൽ പല വർണ്ണങ്ങളോടുകൂടി സിംഹം സ്ഥിതിചെയ്യുന്നു. ആ സിംഹത്തിന്റെ ഉപരിഭാഗത്തിൽ അതികാളിമയോടുകൂടി ഏററവും ശോഭിച്ചുകൊണ്ടു് ദേവി ഇരിക്കുന്നു.

"മുൻപു് സസൈന്യനായ ധൂമ്രലോചനൻ പ്രാപിച്ച ഫലം തന്നെയാണു് ഇപ്പോൾ ഈ ചണ്ഡമുണ്ഡാദികളും പ്രാപിക്കുവാൻ പോകുന്നതു്" എന്നാണു് ദേവിയുടെ പുഞ്ചിരിയുടെ അർത്ഥം.

ജഗ—ദദൃശുസ്തേ......കാഞ്ചനേ സാഹാ ൫

൬. തേ ദൃഷ്ട്വാ താം സമാദാതുമുദ്യമം ചക്രുരുദ്യതാഃ
ആകൃഷ്ടചാപാസിധരാസ്തഥാന്യേ തത്സമീപഗാഃ. ർ൫൬

ഉദ്യതാഃ തേ	=	ഉത്സാഹത്തോടുകൂടിയ അവർ
താം ദൃഷ്ട്വാ	=	അവളെ കണ്ടിട്ടു്
സമാദാതും ഉദ്യമം ചക്രുഃ	=	പിടിക്കുന്നതിനായി ഉദ്യോഗിച്ചു.
തഥാ അന്യേ	=	അപ്രകാരംതന്നെ മററുചിലർ
ആകൃഷ്ടചാപാസിധരാഃ	=	വലിച്ചുപിടിച്ചിരിക്കുന്ന വില്ലോടും, വാളോടും കൂടിയവരായി
തത്സമീപഗാഃ	=	ദേവിയുടെ സമീപത്തെ ഗമിച്ചു.

ഉത്സാഹത്തോടുകൂടിയ അവർ അവളെ കണ്ടിട്ടു് പിടിക്കുന്നതിനായി ഉദ്യോഗിച്ചു. അതുപോലെതന്നെ വേറേചിലർ വലിച്ചുപിടിച്ചിരിക്കുന്ന വില്ലോടും, വാളോടുംകൂടിയവരായിട്ടു് ദേവിസമീപത്തെ പ്രാപിച്ചു.

ശാന്ത—അനന്തരം ഉത്സാഹത്തോടുകൂടിയ ആ ചണ്ഡമുണ്ഡാദിമഹാസുരന്മാർ ആ ദേവിയെ കണ്ടിട്ടു് പിടിക്കുന്നതിനായി യത്നം ചെയ്തു. അതുപോലെതന്നെ മററുചില മഹാസുരന്മാർ ആ ചണ്ഡമുണ്ഡന്മാരുടെ സമീപവർത്തികളായി വലിച്ചുപിടിച്ചിരിക്കുന്ന വില്ലോടും വാളോടും കൂടിയവരായിട്ടു് ദേവിയെ പിടിക്കുന്നതിനായി ഉദ്യോഗിച്ചു, അല്ലെങ്കിൽ കൊല്ലുന്നതിനായി അടുത്തുചെന്നു.

നാഗോ—ആകൃഷ്ടചാപാസിധരാഃ=ചെവിയോളം വലിച്ചുപിടിക്കപ്പെട്ട വില്ലോടും,ഉറയിൽനിന്നുംഊരിപ്പിടിക്കപ്പെട്ടവാളോടുംകൂടിയവർ.

അവർ ദേവീസമീപത്തെ പ്രാപിച്ചു. അല്ലെങ്കിൽ ദേവിയെ പിടിക്കുന്നതിന് ഉദ്യുക്തന്മാരായ അസുരന്മാരെ രക്ഷിക്കുന്നതിനായി സമീപത്തെ പ്രാപിച്ചു.

ജഗ—തേ ദൃഷ്ട്വാ......സമീപഗാഃ സ്വാഹാ ൪

൪. തതഃ കോപം ചകാരോച്ചൈരംബികാ താനരീൻപ്രതി
കോപേന ചാസ്യാ വദനം മഷീവർണ്ണമഭൂത്തദാ, ൪൰൧

തതഃ അംബികാ	= അനന്തരം ദേവി
താൻ അരീൻപ്രതി	= ആ ശത്രുക്കളെക്കുറിച്ച്
ഉച്ചൈഃ കോപം ചകാര	= ഏററവും കോപത്തെ ചെയ്തു.
തദാ കോപേന	= അപ്പോൾ കോപംകൊണ്ടു്
അസ്യാഃ വദനം	= ഈ ദേവിയുടെ മുഖം
മഷീവർണ്ണം അഭൂൽ	= കൃഷ്ണവർണ്ണമായി ഭവിച്ചു.

അനന്തരം ദേവി ആ ശത്രുക്കളോടു വളരെ കോപിച്ചു. ആ കോപംനിമിത്തം അവളുടെ മുഖം മഷിപോലെ കറുത്തതായിത്തീൎന്നു

ശാന്ത—അനന്തരം ദേവി ആ യുദ്ധത്തിനായി വന്നിരിക്കുന്ന അസുരന്മാരെക്കുറിച്ചു്—അവരെ നിഗ്രഹിക്കുന്നതിനായി—ഏററവും കോപിച്ചു. അപ്പോൾ ആ കോപംനിമിത്തം ദേവിയുടെ മുഖം മഷിയുടെനിറംപോലെ കൃഷ്ണമായിത്തീൎന്നു.

നാഗോ—ഇവിടെ, ചണ്ഡാദികൾ അതിതാമസഗുണത്തോടു കൂടിയവരാകകൊണ്ടു് അവരെ വധിക്കുന്നതിനായി താമസീദേവിയുടെ പ്രാദുർഭാവത്തെ പറയാൻപോകുന്നു.

ജഗ—തതഃ കോപം......മഭൂത്തദാ സ്വാഹാ ൫

൫. ഭ്രുകുടീകുടിലാത്തസ്യാ ലലാടഫലകാദ്ദ്രുതം
കാളീ കരാളവദനാ വിനിഷ്ക്രാന്താസിപാശിനീ ൪൰൨

തസ്യാഃ	= അവളുടെ
ഭ്രുകുടീകുടിലാൽ	= പുരികക്കൊടികളുടെ വളവുകൊണ്ടു് വളഞ്ഞിരിക്കുന്ന
ലലാടഫലകാൽ	= വിസ്താരമായ നെററിയിൽനിന്നു്
ദ്രുതം	= വേഗത്തിൽ
കരാളവദനാ	= ഭയങ്കരമുഖിയായി
അസിപാശിനി	= വാളും പാശവും ധരിച്ചു്
കാളീ	= 'കാളീ' എന്നു പേരോടുകൂടിയ ദേവി
വിനിഷ്ക്രാന്താ	= ഉത്ഭവിച്ചു.

ആ ദേവിയുടെ, പുരികക്കൊടികളുടെ വളവുകൊണ്ടു് വളഞ്ഞതായ ഫാലപട്ടത്തിൽനിന്നു്, വേഗത്തിൽ ഭയങ്കരമായമുഖത്തോടു കൂടി വാളും, പാശവും ധരിച്ചു് 'കാളീ' എന്ന പേരോടുകൂടിയ ദേവി ഉണ്ടായി.

ശാന്ത—"യാതൊന്നഹേതുവായിട്ടു് അംബികയുടെ മുഖം കോപംനിമിത്തം കൃഷ്ണവൎണ്ണമായി ഭവിച്ചുവോ അതുഹേതുവായിട്ടുതന്നെ, വിസ്താരമായ ലലാടത്തിൽനിന്നു്, 'കാളീ' എന്ന പേരോടുകൂടിയ ദേവി ദൈത്യന്മാരെ നശിപ്പിക്കുന്നതിനായി ഉത്ഭവിച്ചു"—എന്നു പറയുന്നു.

ശത്രുക്കൾവിഷയം കോപത്തോടുകൂടിയ ആ അംബികാദേവിയുടെ ഫാലപട്ടത്തിൽനിന്നു്=ഭ്രൂഭംഗംനിമിത്തം കുടിലമായിരിക്കുന്ന ഫാലപട്ടത്തിൽ നിന്നു്, വേഗത്തിൽ ഭയങ്കരവദനയായി=ദംഷ്ട്രാകരാളവദനയായി, വാളും പാശവും ധരിച്ചു് കാളീ എന്നപേരോടുകൂടിയ ഒരു ശക്തി—ഒരു അപരയായ ദേവി—ഉത്ഭവിച്ചു.

ജഗ — ഭ്രുകുടീ......പാശിനീ സ്വാഹാ ൫

൬. വിചിത്രഖട്വാങ്ഗധരാ നരമാലാവിഭൂഷണാ
ദ്വീപിചൎമ്മപരീധാനാ ശുഷ്കമാംസാതിഭൈരവാ. ൪൮൯

൭. അതിവിസ്താരവദനാ ജിഹ്വാ ലലനഭീഷണാ
നിമഗ്നാ$\int$രക്തനയനാ നാദാപൂരിതദിങ്മുഖാ. ൪൯൦

(സാ)	= (അവൾ)
വിചിത്രഖട്വാങ്ഗധരാ	= വിചിത്രമായിരിക്കുന്ന ഖട്വാങ്ഗത്തെ ധരിച്ചിരിക്കുന്നവളായി
നരമാലാവിഭൂഷണാ	= തലമാലകളാകുന്ന അലങ്കാരത്തോടുകൂടിയവളായി
ദ്വീപിചൎമ്മപരിധാനാ	= വ്യാഘ്രത്തുകൽ വസ്ത്രമായുള്ളവളായി
ശുഷ്കമാംസാ	= മാംസത്തോടുകൂടാത്തവളായി
അതിഭൈരവാ	= അതിഭയങ്കരരൂപയായി
അതിവിസ്താരവദനാ	= ഏററവും വിസ്താരമുള്ള മുഖത്തോടുകൂടിയവളായി
ജിഹ്വാലലനഭീഷണാ	= നാവു് ഇളക്കുന്നതുകൊണ്ടു ഭയങ്കരിയായി
നിമഗ്നാ$\int$രക്തനയനാ	= കുഴിഞ്ഞു് ചുററും ചുവന്നിരിക്കുന്ന കണ്ണുകളോടുകൂടിയവളായി
നാദാപൂരിതദിങ്മുഖാ	= കണ്ഠഗൎജ്ജനംകൊണ്ടു് നിറയ്ക്കപ്പെട്ട ദിഗ്ഭാഗങ്ങളോടുകൂടിയവളായി (ഇരുന്നു.)

ആ കാളികാദേവി, വിചിത്രമായിരിക്കുന്ന ഖട്വാങ്ഗത്തെ ധരിച്ചവളും, തലമാലകളാകുന്ന അലങ്കാരത്തോടുകൂടിയവളും, വ്യാഘ്രത്തുകൽ വസ്ത്രമായുള്ളവളും, മാംസത്തോടുകൂടാത്തവളും, അതിഭയങ്കരരൂപയും, അതിവിസ്താരമായ മുഖത്തോടുകൂടിയവളും നാവു് ഇളക്കുന്നതുകൊണ്ടു് ഭയങ്കരിയും, താണു് ചുറ്റും ചുവന്നിരിക്കുന്ന കണ്ണുകളോടുകൂടിയവളും, കണ്ഠഗർജ്ജനംകൊണ്ടു് നിറയ്ക്കപ്പെട്ട ദിങ്മുഖങ്ങളോടുകൂടിയവളും ആയിരുന്നു.

ഗുപ്ത—ഖട്വാങ്ഗം=മനുഷ്യശിരസ്സു് കോത്തിരിക്കുന്ന ഖട്വാങ്ഗം എന്ന ദണ്ഡു്.

ചതു—ഖട്വാങ്ഗം=നരമാലാ=നരമുണ്ഡമാലാ.

"നരേന്ദ്രമൂർദ്ധസ്രജമുദ്വഹന്തി"

(എന്നു് വാമനപുരാണം)

ശാന്ത—"ശുഷ്കമാംസാതിഭൈരവീ" എന്നു പാഠഭേദം.

വിചിത്രഖട്വാംഗധരാ=പലവിധത്തിൽ വിചിത്രമായിരിക്കുന്ന ഖട്വയുടെ അംഗത്തെ ധരിച്ചിരിക്കുന്നവൾ, അല്ലെങ്കിൽ വിചിത്രഖട്വാസുരന്റെ അംഗത്തെ=ശരീരാരംഭത്തിലുള്ള അസ്ഥിക്കൂട്ടിനെ=കങ്കാളത്തെ ധരിച്ചിരിക്കുന്നവൾ.

നരമാലാവിഭൂഷണാ=നരന്മാരുടെ, പ്രേതങ്ങളുടെ ശിരസ്സുകൊണ്ടുള്ള മാല ആഭരണമായുള്ളവൾ.

ശുഷ്കമാംസാ=അസ്ഥിയും തൊലിയുംമാത്രം ശരീരമായുള്ളവൾ.

ജിഹ്വാലലനഭീഷണാ=നാവുകൊണ്ടു നക്കുവാനുള്ള ആഗ്രഹം നിമിത്തം ഭയങ്കരിയായുള്ളവൾ

നാദാപൂരിതദിങ്മുഖാ=നാദംകൊണ്ടു്=സിംഹനാദംപോലെയുള്ള കണ്ഠഗർജ്ജനംകൊണ്ടു്, ചുറ്റും നിറയ്ക്കപ്പെട്ട ആശാമുഖങ്ങളോടു് ദിഗന്തരാളങ്ങളോടുകൂടിയവൾ.

ജഗ—വിചിത്ര......ഭൈരവാ സ്വാഹാ ൧

അതിവിസ്താര......ദിങ്മുഖാ സ്വാഹാ വ്യ

വ്യ. സാ വേഗേനാഭിപതിതാ ഘാതയന്തീ മഹാസുരാൻ

സൈന്യേ തത്ര സുരാരീണാമഭക്ഷയത തൽബലം. ൮൨

സാ	= ആ കാളിദേവി
വേഗേന അഭിപതിതാ	= വേഗത്തിൽ നേരിട്ടുചെന്നു്
മഹാസുരാൻ ഘാതയന്തീ	= മഹാസുരന്മാരെ താഡിക്കുന്നവളായിട്ടു്
തത്ര സൈന്യേ	= ആ സൈന്യത്തിൽ

സുരാരിണാം	=	അസുരന്മാരുടെ
തൽ ബലം അഭക്ഷയത	=	ആ പ്രസിദ്ധമായസൈന്യത്തെഭക്ഷിച്ചു.

ആ കാളിദേവി വേഗത്തിൽ നേരിട്ടുചെന്നു് മഹാസുരന്മാരെ താഡിച്ചു. അസുരന്മാരുടെ ആ പ്രസിദ്ധമായ സൈന്യത്തെ ഭക്ഷിക്കുകയും ചെയ്തു.

ശാന്ത—ഘാതയന്തീ='എന്നെ അസുരന്മാർ കൊല്ലട്ടെ' എന്നു പറഞ്ഞുകൊണ്ടു്. അല്ലെങ്കിൽ, 'ഓടുന്നവരെ ഓടിക്കൊള്ളുവിൻ' എന്നു പറഞ്ഞുകൊണ്ടു്.

ജഗ—സാ വേഗേനാ......തൽ ബലം സ്വാഹാ ൻ

ൻ. പാർഷ്ണിഗ്രാഹാങ്കുശഗ്രാഹിയോധഘണ്ടാസമന്വിതാൻ

സമാദായൈകഹസ്തേന മുഖേ ചിക്ഷേപ വാരണാൻ. ൪൨

പാർഷ്ണിഗ്രാഹാങ്കുശഗ്രാഹിയോധഘണ്ടാസമന്വിതാൻ	=	ആനയുടെ പൃഷ്ഠഭാഗത്തെ രക്ഷിക്കുന്നവനോടും, പൂർവ്വഭാഗസ്ഥനായ തോട്ടിക്കാരനോടും, ഗജാരൂഢനായ യോദ്ധാവോടും പാർശ്വലംബികളായിരിക്കുന്ന ആനമണികളോടുംകൂടി
വാരണാൻ	=	ഗജങ്ങളെ
ഏകഹസ്തേന	=	ഒരുകൈകൊണ്ടു്
സമാദായ	=	പിടിച്ചു ചുരുക്കിട്ടു്
മുഖേ ചിക്ഷേപ	=	മുഖത്തിൽ ക്ഷേപിച്ചു.

ആ കാളീദേവി, ആനയുടെ പൃഷ്ഠഭാഗരക്ഷകനോടും പൂർവ്വഭാഗരക്ഷകനായ തോട്ടിക്കാരനോടും, ഗജാരൂഢനായ യോദ്ധാവോടും, പാർശ്വലംബികളായിരിക്കുന്ന മണികളോടുംകൂടി ഗജങ്ങളെ ഒരുകൈകൊണ്ടു് പിടിച്ചുചുരുക്കിട്ടു് കടിച്ചുഭക്ഷിച്ചു.

ചതു—പാർഷ്ണിഗ്രാഹൻ=ആനയുടെ പിൻഭാഗത്തിരുന്നു് പൃഷ്ഠത്തെ രക്ഷിക്കുന്നവൻ.

അങ്കുശഗ്രാഹി=മുൻപിൽ നിൽക്കുന്ന തോട്ടിക്കാരൻ.

ഘണ്ടാ=പാർശ്വലംബികളായി നിദ്രാലസ്യാദികളെ തടുക്കുന്നവയായി ഉള്ള അലങ്കാരമണികൾ.

ജഗ—പാർഷ്ണിഗ്രാഹാ......വാരണാൻ സ്വാഹാ ഹം

ഹം. തഥൈവ യോധം തുരഗൈ രഥം സാരഥിനാ സഹ

നിക്ഷിപ്യ വക്ത്രേ ദശനൈശ്ചർവ്വയന്ത്യതിഭൈരവം. ൪൩

തഥൈവ	=	അതുപോലെതന്നെ

യോധം തുരഗൈഃ	=	അശ്വാരൂഢനെ കുതിരകളോടുകൂടിയും
രഥം സാരഥിനാ സഹ	=	തേരിനെ സാരഥിയോടുകൂടിയും
വക്ത്രേ നിക്ഷിപ്യ	=	മുഖത്തിൽ ക്ഷേപിച്ചിട്ടു്
ദശനൈഃ	=	പല്ലുകളെക്കൊണ്ടു്
അതിഭൈരവം	=	ഏററവും ഭയങ്കരമാകുംവണ്ണം
ചർവ്വയന്തി	=	ചവയ്ക്കുന്നു.

അതുപോലെതന്നെ ആ കാളിദേവി അശ്വാരൂഢന്മാരെ കുതിരകളോടുകൂടിയും തേരുകളെ തേരാളികളോടുകൂടിയും മുഖത്തിൽ ക്ഷേപിച്ചിട്ടു് പല്ലുകളെക്കൊണ്ടു് അതിഭയങ്കരമാകുംവണ്ണം ചവയ്ക്കുന്നു.

ശാന്ത—ആനകളെ എന്നപോലെ അശ്വാരൂഢന്മാരോടുകൂടി കുതിരകളേയും, അതുപോലെതന്നെ സാരഥികളോടുകൂടി രഥങ്ങളേയും വായിലിട്ടു് പല്ലുകളെക്കൊണ്ടു് അതിഭയങ്കരമാകുംവണ്ണം കടിച്ചുചവച്ചു.

ജഗ—തഥൈവ...ഭൈരവം സ്വാഹാ ൧൧

൧൧. ഏകം ജഗ്രാഹ കേശേഷു ഗ്രീവായാമഥ ചാപരം
പാദേനാക്രമ്യ ചൈവാന്യമുരസാന്യമപോഥയൽ. ൪൨൪

ഏകം കേശേഷു ജഗ്രാഹ	=	ഒരസുരനെ തലമുടികളിൽ പിടിച്ചു
അഥ അപരം ച	=	അനന്തരം മറെറാരസുരനേയും
ഗ്രീവായാം അന്യം	=	കഴുത്തിൽ (പിടിച്ചു) വേറൊരുത്തനെ
പാദേന ഏവ ആക്രമ്യ	=	കാലുകൊണ്ടുതന്നെ ചവിട്ടിയിട്ടും
അന്യം	=	മറെറാരുത്തനെ
ഉരസാ ച അപോഥയൽ	=	മാറിടംകൊണ്ടും നിഗ്രഹിച്ചു.

ആ കാളിദേവി ഒരസുരനെ തലമുടകളിലും മറെറാരുത്തനെ കഴുത്തിലും പിടിച്ചു. വേറെ ഒരസുരനെ കാലുകൊണ്ടു ചവിട്ടിയും മറെറാരു അസുരനെ മാറിടംകൊണ്ടു് ഞെക്കിയും നിഗ്രഹിച്ചു.

ശാന്ത—ആന, കുതിര, തേരു് ഇവയെ നശിപ്പിച്ചതിനു ശേഷം കാലാൾപ്പടകളെ നിഗ്രഹിക്കുന്നവിധത്തെ പറയുന്നു:—

ആ കാളീദേവി ഒരു അസുരനെ താഡിക്കുന്നതിനായി, കേശങ്ങളിൽ കൈകൊണ്ടുപിടിച്ചു. അന്യനെ താഡിക്കുന്നതിനായി കഴുത്തിൽ പിടിച്ചു. അനന്തരം അവൾ വേറൊരസുരനെ കാലുകൊണ്ടു് ചവിട്ടിക്കൊന്നു. മറെറാരസുരനെ മാറിടംകൊണ്ടു് ഞെക്കിയും കൊന്നു.

"അപോടയൽ" എന്നു പാഠഭേദം.

'പൊടിച്ചുകളഞ്ഞു' എന്നർത്ഥം.

ജഗ—ഏകം ജഗ്രാഹ...മപോഥയൽ സ്വാഹാ ൧൮

൧൮. തൈർമ്മുക്താനി ച ശസ്ത്രാണി മഹാസ്ത്രാണി തഥാഽസുരൈഃ
മുഖേന ജഗ്രാഹ രുഷാ ദശനൈർമ്മഥിതാന്യപി. ൪൭൫

തൈഃ അസുരൈഃ	= ആ ചണ്ഡമുണ്ഡാദി അസുരന്മാരാൽ
മുക്താനി ശസ്ത്രാണി	= പ്രയുക്തങ്ങളായ ആയുധങ്ങളും
മഹാസ്ത്രാണി ച	= മഹത്തുക്കളായിരിക്കുന്ന ബാണങ്ങളും
തഥാ രുഷാ	= അപ്രകാരംതന്നെ കോപത്തോടുകൂടി
മുഖേന ജഗ്രാഹ	= മുഖംകൊണ്ടു് ഗ്രഹിച്ചു
ദശനൈഃമഥിതാനിഅപി	= പല്ലുകളെക്കൊണ്ടു് കടിച്ചു പൊട്ടിക്കയും ചെയ്തു.

ആ കാളീദേവി, ചണ്ഡമുണ്ഡാദിഅസുരന്മാരാൽ പ്രയുക്തങ്ങളായ ആയുധങ്ങളേയും, മഹത്തുക്കളായ ബാണങ്ങളേയും, കോപത്തോടുകൂടി മുഖംകൊണ്ടു് ഗ്രഹിച്ചു് പല്ലുകൾകൊണ്ടു കടിച്ചുപൊട്ടിച്ചു.

ശാന്ത—ആ കാളീദേവി, ചണ്ഡമുണ്ഡാദികളായ അസുരന്മാരാൽ പ്രയുക്തങ്ങളായ, കയ്യിൽവച്ചുകൊണ്ടുപ്രയോഗിക്കുന്ന വാൾ മുതലായ ആയുധങ്ങളേയും, അതുപോലെതന്നെ ചാപാദികളെക്കൊണ്ടു് ക്ഷേപിക്കുന്ന മഹത്തുക്കളായ ആഗ്നേയവായവ്യാദിബാണങ്ങളേയും മുഖത്തിൽ ഗ്രഹിച്ചിട്ടു് അവയെ കോപത്തോടുകൂടി പല്ലുകളെക്കൊണ്ടു് കടിച്ചുപൊട്ടിച്ചു.

ദേവി വിചിത്രശക്തിനിമിത്തം ഇങ്ങനെ ചെയ്തു.

ജഗ—തൈർമ്മുക്താനി......മഥിതാന്യപി സ്വാഹാ ൧൯

൧൯. ബലിനാം തൽ ബലം സർവ്വമസുരാണാം മഹാത്മനാം
മമർദ്ദാഽഭക്ഷയച്ചാന്യാനന്യാംശ്ചാതാഡയത്തഥാ. ൪൭൬

മഹാത്മനാം	= വലുതായ ദേഹത്തോടുകൂടിയവരായി
ബലിനാം	= ബലശാലികളായി ഇരിക്കുന്ന
അസുരാണാം തൽബലം സർവ്വം	= അസുരന്മാരുടെ ആ സൈന്യം മുഴുവനും
മമർദ്ദ	= മർദ്ദിച്ചു.
അന്യാൻ അഭക്ഷയൽ ച	= മററു ചിലരെ ഭക്ഷിക്കുകയും ചെയ്തു.
തഥാ അന്യാൻ	= അപ്രകാരം വേറേ ചിലരെ
അതാഡയൽ ച	= താഡിക്കുകയും ചെയ്തു.

ആ കാളീദേവി, വലുതായ ദേഹത്തോടുകൂടിയവരായി, ബലശാലികളായി ഇരിക്കുന്ന അസുരന്മാരുടെ ആ ചതുരംഗപ്പടയെ മുഴുവനും മർദ്ദിക്കുകയും, ചിലരെ ഭക്ഷിക്കുകയും, മററു ചിലരെ താഡിക്കുകയും ചെയ്തു.

ശാന്ത— "ദുരാത്മനാം" എന്ന പാഠഭേദം.

ആ കാളീദേവി, ദുഷ്ടാശയന്മാരായി ബലവാന്മാരായിരിക്കുന്ന ചണ്ഡാദ്യസുരന്മാരുടെ, ആന, കുതിര തേര്, കാലാൾ എന്നീ സൈന്യത്തെ മുഴുവനും മർദ്ദിച്ചു—പൊടിച്ചുകളഞ്ഞു—എന്നൎത്ഥം. മററുചില അസുരന്മാരെ കടിച്ചുതിന്നു. വേറെചില അസുരന്മാരെ താഡിക്കുകയും ചെയ്തു.

ജഗ—ബലിനാം......തഥാ സ്വാഹാ ൧൪

൧൪. അസിനാ നിഹതാഃ കേചിൽ കേചിൽ ഖട്വാങ്ഗതാഡിതാഃ
ജഗ്മുർവിനാശമസുരാ ദന്താഗ്രാഭിഹതാസ്തഥാ. ൪൨൧

കേചിൽ അസുരാഃ	= ചില അസുരന്മാർ
അസിനാ നിഹതാഃ	= വാളുകൊണ്ടു് താഡിതന്മാരായിട്ടും
കേചിൽ ഖട്വാങ്ഗതാഡിതാഃ	= ചിലർ ഖട്വാങ്ഗംകൊണ്ടു താഡിതന്മാരായിട്ടും
തഥാ ം	= അതുപോലെതന്നേ (ചിലർ)
ദന്താഗ്രാഭിഹതാഃ	= പല്ലുകളുടെ അഗ്രംകൊണ്ടു് കടിക്കപ്പെട്ടവരായിട്ടും
വിനാശം ജഗ്മുഃ	= വിനാശത്തെ പ്രാപിച്ചു.

ചില അസുരന്മാർ, ആ കാളിദേവിയുടെ വാൾകൊണ്ടുള്ള വെട്ടുകൊണ്ടും, ചിലർ ഖട്വാങ്ഗംകൊണ്ടുള്ള അടികൊണ്ടും അപ്രകാരം തന്നെ മററുചിലർ പല്ലുകൾകൊണ്ടുള്ള കടികൊണ്ടും വിനാശത്തെ പ്രാപിച്ചു.

ശാന്ത—ആ കാളീദേവിയാൽ ചില അസുരന്മാർ മണ്ഡലാഗ്രംകൊണ്ടു് താഡിതന്മാരായിട്ടു വിനാശത്തെപ്രാപിച്ചു. ചില അസുരന്മാർ അവളാൽ ഖട്വാങ്ഗംകൊണ്ടു് താഡിക്കപ്പെട്ടവരായിട്ടു് വിനാശം പ്രാപിച്ചു. അതുപോലെതന്നെ ചിലർ ആ ദേവിയാൽ ദന്താഗ്രംകൊണ്ടു് കടിക്കപ്പെട്ടിട്ടു് വിനാശം പ്രാപിച്ചു.

ജഗ—അസിനാ......ഹതാസ്തഥാ സ്വാഹാ ൧൫

൧൫. ക്ഷണേന തൽ ബലം സൎവമസുരാണാം നിപാതിതം
ദൃഷ്ട്വാ ചണ്ഡോഽഭിദുദ്രാവ താം കാളീമതിഭീഷണാം. ൪൨൨

ക്ഷണേന	= ക്ഷണനേരംകൊണ്ടു്
അസുരാണാം തൽബലംസൎവം	= അസുരന്മാരുടെ ആ സൈന്യംമുഴുവ- [നും
നിപാതിതം ദൃഷ്ട്വാ	= പതിക്കപ്പെട്ടതായി കണ്ടിട്ടു്
ചണ്ഡഃ	= ചണ്ഡൻ

അതിഭീഷണാം താം കാളീം	= അതിഭയങ്കരിയായ ആ കാളിയെക്കുറി
അഭിദുദ്രാവ	= നേരിട്ടു് ഓടി. [ച്ചു്

കാളീദേവി ക്ഷണനേരംകൊണ്ടു് അസുരന്മാരുടെ ചതുരംഗ സൈന്യത്തെ മുഴുവനും യുദ്ധഭൂമിയിൽപതിപ്പിച്ചതുകണ്ടിട്ടു് ചണ്ഡൻ അതിഭയങ്കരരൂപിണിയായിരിക്കുന്ന ആ കാളിയുടെനേക്കു ഓടി.

ശാന്ത—ആ കാളീദേവിയാൽ ക്ഷണമാത്രംകൊണ്ടു്, (രണോത്സവംകൊണ്ടു്) ആ ചണ്ഡാദികളുടെ മഹത്തായിരിക്കുന്ന ചതുരംഗപ്പടമുഴുവനും യുദ്ധഭൂമിയിൽ പതിപ്പിക്കപ്പെട്ടതായി കണ്ടിട്ടു് അതിപരാക്രമിയായിരിക്കുന്ന ചണ്ഡാസുരൻ, അതിഭയങ്കരരൂപവിക്രമയായിരിക്കുന്ന കാളീദേവിയുടെ അഭിമുഖമായി ഓടി.

"അതിഭീഷണം" എന്നു പാഠഭേദം.

അഭിദുദ്രാവ എന്ന ക്രിയയുടെ വിശേഷണം.

ജഗ—ക്ഷണേന......ഭീഷണാം സ്വാഹാ എന്നു

എന്നു ശരവർഷൈർമ്മഹാഭീമൈർഭീമാക്ഷീം താം മഹാസുരഃ

ഛാദയാമാസ ചക്രൈശ്ച മുണ്ഡഃ ക്ഷിപ്തൈഃ സഹസ്രശഃ

മഹാസുരഃ	= ചണ്ഡമഹാസുരൻ
മഹാഭീമൈഃ	= അതിഘോരങ്ങളായ
ശരവർഷൈഃ	= ശരവർഷങ്ങളെക്കൊണ്ടും
മുണ്ഡഃ	= മുണ്ഡൻ
സഹസ്രശഃ ക്ഷിപ്തൈഃ	= അനേകം പ്രാവശ്യം അയയ്ക്കപ്പെട്ട
ചക്രൈഃ ച	= ചക്രായുധങ്ങളെക്കൊണ്ടും
ഭീമാക്ഷീം താം ഛാദയാമാസ	= ഭയങ്കരനേത്രയായ ആ കാളിയെ മൂടി.

ചണ്ഡമഹാസുരൻ അതിഘോരങ്ങളായ ശരവർഷങ്ങളെക്കൊണ്ടും മുണ്ഡൻ അനേകംപ്രാവശ്യം അയയ്ക്കപ്പെട്ട ചക്രായുധങ്ങളെക്കൊണ്ടും ഭയങ്കരനേത്രയായ ആ കാളിയെ മൂടി.

ശാന്ത—ചണ്ഡൻ കാളിയുടെ നേക്കു് ഓടീട്ടു് എന്തുചെയ്തു എന്നു പറയുന്നു:—

"മുണ്ഡക്ഷിപ്തൈഃ" എന്നു് ഒരു പാഠം. (ശിരസ്സുകളെ മുറിക്കുന്ന ചക്രങ്ങളെക്കൊണ്ടു് എന്നു ചക്രവിശേഷണം.)

—മഹാസുരനായ ചണ്ഡൻ അതിഘോരങ്ങളായ ശരവർഷങ്ങളെക്കൊണ്ടും, മസ്തകങ്ങളെ മുറിക്കുന്ന അനേകം ചക്രായുധങ്ങളെക്കൊണ്ടും കാളിയെ മൂടി.

'ചണ്ഡൻ ശരവർഷംകൊണ്ടു' ആ കാളിയെ മൂടി എന്നും മുണ്ഡൻ ചക്രായുധങ്ങളെക്കൊണ്ടു' കാളിയെ മൂടി എന്നും' ചിലർ പറയുന്നു. എന്നാൽ "അഥ മുണ്ഡോഭ്യധാവത്താം" എന്നു' മുണ്ഡൻെറ യുദ്ധാരംഭത്തെക്കുറിച്ചു' മേൽ വേറേ പറയുന്നതുകൊണ്ടു' ഇതു യോജിക്കുന്നില്ല. അതിനാൽ ചണ്ഡൻതന്നെ ശരങ്ങളെക്കൊണ്ടും ചക്രങ്ങളെക്കൊണ്ടും കാളിയെ മൂടി എന്നു പറയുന്നതാകുന്നു യുക്തം. അപ്പോൾ "മുണ്ഡഃ" എന്നതിനു' വിസർഗ്ഗംകൂടാതെ 'മുണ്ഡക്ഷിപ്തൈഃ' എന്നു' ഒരുപദമാക്കണം.

നാഗോ—ചണ്ഡൻ ശരവർഷങ്ങളെക്കൊണ്ടും, മുണ്ഡൻ അനേകം തവണ അയയ്ക്കപ്പെട്ട ചക്രങ്ങളെക്കൊണ്ടും മൂടി എന്നർത്ഥം.

മുൻശ്ലോകത്തിൽ ചണ്ഡൻ ഓടി എന്നു പറഞ്ഞിരിക്കുന്നതിനു' "ചണ്ഡമുണ്ഡന്മാർ ഓടി" എന്നു ഗ്രഹിക്കണം.

ജഗ—ശരവർഷൈ.........സഹസ്രശഃ സ്വാഹാ ൧൭

൧൭. താനി ചക്രാണ്യനേകാനി വിശമാനാനി തന്മുഖം
ബഭുര്യഥാർക്കബിംബാനി സുബഹൂനി ഘനോദരം. ൪൩൦

താനി അനേകാനി ചക്രാണി	= ആ അസംഖ്യങ്ങളായ ചക്രായുധങ്ങൾ
തന്മുഖം വിശമാനാനി	= ദേവിയുടെ മുഖത്തെ പ്രവേശിച്ചിട്ടു'
ഘനോദരം	= മേഘാന്തർഭാഗത്തെ പ്രവേശിച്ചിരിക്കുന്ന
സുബഹൂനി	= അസംഖ്യങ്ങളായ
അർക്കബിംബാനി യഥാ ബഭുഃ	= സൂര്യമണ്ഡലങ്ങൾപോലെ ശോഭിച്ചു.

ആ അനേകം ചക്രായുധങ്ങൾ ദേവിയുടെ മുഖത്തു പ്രവേശിച്ചിട്ടു' മേഘാന്തർഭാഗത്തെ പ്രവേശിച്ചിരിക്കുന്ന അസംഖ്യം സൂര്യമണ്ഡലങ്ങൾ എന്നപോലെ ശോഭിച്ചു.

ശാന്ത—ആ ചണ്ഡദൈത്യനാൽ പ്രയോഗിക്കപ്പെട്ട അനേകം ചക്രായുധങ്ങൾ കാളീദേവിയുടെ മുഖത്തെ പ്രവേശിച്ചിട്ടു' അസംഖ്യം സൂര്യമണ്ഡലങ്ങൾ കാർമേഘത്തിൻെറ ഉള്ളിൽ പ്രവേശിച്ചിരിക്കുന്നതുപോലെ ശോഭിച്ചു.

ഇതു' "അദ്ഭുതോപമ"യാകുന്നു.

ജഗ—താനി ചക്രാണ്യ......ഘനോദരം സ്വാഹാ ൧൮

൧൮ തതോ ജഹാസാതിരുഷാ ഭീമം ഭൈരവനാദിനീ
കാളീ കരാളവക്ത്രാന്തർദുർദ്ദർശദശനോജ്ജ്വലാ ൪൩൧

തതഃ = അനന്തരം

ഭൈരവനാദിനി = ഭയങ്കരമാകുംവണ്ണം ശബ്ദിക്കുന്നവളായി

കരാളവക്ത്രാന്തുർദ്ദശ-ദശനോജ്ജ്വലാ } = ഭയങ്കരമായിരിക്കുന്ന മുഖത്തിൻെറ അന്തർഭാഗത്തിങ്കൽ, ദർശിക്കാൻ പാടില്ലാത്തതായ ദന്തങ്ങളെക്കൊണ്ടു് ഉജ്ജ്വലിച്ചുംകൊണ്ടിരിക്കുന്നവളായി ഇരിക്കുന്ന

കാളീ അതിരുഷാ =കാളീദേവി ഏററവും കോപത്തോടുകൂടി

ഭീമം ജഹാസ = ഭയങ്കരമാകുംവണ്ണം ചിരിച്ചു.

അനന്തരം ഭയങ്കരമാകുംവണ്ണം അട്ടഹാസംചെയ്യുന്നവളായി, ഏററവും ഭയങ്കരമായിരിക്കുന്ന മുഖാന്തർഭാഗത്തിൽ ദർശിക്കാൻപാടില്ലാത്തതായ ദന്തങ്ങളെക്കൊണ്ടു് ഉജ്ജ്വലിച്ചുംകൊണ്ടിരിക്കുന്നവളായി ഇരിക്കുന്ന കാളീദേവി അതികോപത്തോടുകൂടി ഭയങ്കരമാകുംവണ്ണം ചിരിച്ചു.

ശാന്ത—അനന്തരം ഭയങ്കരമായ മുഖത്തിൻെറ അന്തർഭാഗത്തിങ്കൽ നോക്കാൻ പാടില്ലാത്തവിധത്തിലുള്ള പല്ലുകളെക്കൊണ്ടു് ശോഭിക്കുന്നവളായ കാളീദേവി യുദ്ധോത്സവോല്ലാസംനിമിത്തം അതികോപത്തോടുകൂടി ഭയങ്കരമാകുംവണ്ണം ചിരിച്ചു.

ഭൈരവനാദിനീ=ഭൈരവനെപ്പോലെ=കാലാഗ്നിരുദ്രനെപ്പോലെ അട്ടഹസിക്കുന്നവൾ.

നാഗോ—വക്ത്രാന്തുർദ്ദശദശനോജ്ജ്വലാ=വക്ത്രമദ്ധ്യത്തിൽ വികടദന്തത്വം ഹേതുവായിട്ടു് നോക്കാൻപാടില്ലാത്ത പല്ലുകളുടെ തേജസ്സുകൊണ്ടു തേജോമയിയായുള്ളവൾ.

ജഗ—തതോ ജഹാസാ......ദശനോജ്ജ്വലാ സ്വാഹാ ൧൯

൧൯. ഉത്ഥായ ച മഹാസിം ഹം ദേവീ ചണ്ഡമധാവത
ഗൃഹീത്വാ ചാസ്യ കേശേഷു ശിരസ്തേനാസിനാച്ഛിനൽ. ൪൩൨

ദേവീ = ദേവി

മഹാസിം ഉത്ഥായ = വലുതായ വാളിനെ ഉയർത്തിപ്പിടിച്ചുംകൊണ്ടു്

ഹം = ഹം എന്നു പറഞ്ഞിട്ടു്

ചണ്ഡം അധാവത ച = ചണ്ഡൻെറനേക്കു് ഓടുകയും ചെയ്തു.

അസ്യകേശേഷുഗൃഹീത്വാ= ഇവൻെറ തലമുടികളിൽ പിടിച്ചിട്ടു്

തേന അസിനാ = ആ വാളുകൊണ്ടു്

ശിരഃ അച്ഛിനൽ ച = ശിരസ്സിനെ മുറിക്കുകയും ചെയ്തു.

ആ കാളീദേവി വലുതായ ഖഡ്ഗത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു് ഹം എന്നു ശബ്ദിച്ചിട്ടു് ചണ്ഡൻെറ നേക്കു് ഓടുകയും, അവൻെറ

കേശങ്ങളിൽ പിടിച്ചുവലിച്ചിട്ടു് ആ വാളുകൊണ്ടു് അവന്റെ ശിരസ്സിനെ മുറിക്കുകയുംചെയ്തു.

ചതു—മഹാസിം = മഹാഖഡ്ഗത്തെ

ഉത്ഥായ = ഉയർത്തിപ്പിടിച്ചുംകൊണ്ടു്

'ഹം'കാരം കോപംനിമിത്തം ഉണ്ടായതാകുന്നു. ഹം, എന്നുള്ളതു് ഹന്തും=(കൊല്ലുന്നതിന്നു്) എന്നാകുന്നു എന്നും, വർണ്ണലോപമായി പ്രയോഗിച്ചിട്ടുള്ളതാകുന്നു എന്നും ചിലർ പറയുന്നു. വേറേചിലർ, മഹാസിംഹം ഉത്ഥായ=(മഹാസിംഹത്തിൽ കയറി) എന്നു പറയുന്നു. എന്നാൽ കാളിക്കു് സിംഹവാഹനമില്ലാത്തതിനാലും ഉത്തരാർദ്ധത്തിൽ ആ വാളുകൊണ്ടു് എന്നു കാണുന്നതുകൊണ്ടും ഇതു ശരിയല്ല.

ശാന്ത—ആ കാളിദേവി വലുതായവാൾ ഉയർത്തിപ്പിടിച്ചുംകൊണ്ടു് ചണ്ഡന്റെ നേക്കു് ഓടി. ഈ ചണ്ഡന്റെ തലമുടികളിൽ പിടിച്ചുവലിച്ചിട്ടു് ആ പ്രസിദ്ധമായ വാൾകൊണ്ടു് അവന്റെ മസ്തകത്തെ മുറിക്കുകയുംചെയ്തു.

ഉത്ഥായ = ഇളക്കിക്കൊണ്ടു്.

ഈ ശ്ലോകത്തിനുശേഷം.—

* "ഛിന്നേ ശിരസി ദൈത്യേന്ദ്രശ്ചക്രേ നാദം സുഭൈരവം
തേന നാദേന മഹതാ ത്രാസിതം ഭുവനത്രയം" എന്നു് ഒരു ശ്ലോകംകൂടിയുണ്ടു്. "ചണ്ഡമഹാസുരൻ, ദേവിയാൽ ഇങ്ങനെ അവന്റെ ശിരസ്സു മുറിക്കപ്പെട്ടപ്പോൾ അതിഭയങ്കരമായിരിക്കുന്ന സിംഹനാദത്തെ ചെയ്തു. ആ വലുതായ ശബ്ദംകൊണ്ടു മൂന്നുലോകവും ഭയപ്പെട്ടു—ശിരസ്സുമുറിക്കപ്പെട്ട ചണ്ഡൻ മായാവിത്വംനിമിത്തം പിന്നെയും യുദ്ധംചെയ്യുന്നതിനായി എഴുന്നേററിട്ടു് ഭയങ്കരശബ്ദം പുറപ്പെടുവിച്ചു"—എന്നു് താല്പര്യം.

ജഗ—ഉത്ഥായ ച......ച്ഛിന്നൽ സ്വാഹാ ൨൦

൨൦. അഥ മുണ്ഡോ/ഭ്യധാവത്താം ദൃഷ്ട്വാ ചണ്ഡം നിപാതിതം
തമപ്യപാതയൽ ഭൂമൗ സാ ഖഡ്ഗാഭിഹതം രുഷാ. ൪൩൩

അഥ മുണ്ഡഃ	=	അനന്തരം മുണ്ഡൻ,
ചണ്ഡം	=	ചണ്ഡാസുരനെ
നിപാതിതം ദൃഷ്ട്വാ	=	വീഴ്ത്തപ്പെട്ടവനായി കണ്ടിട്ടു്
താം അഭ്യധാവൽ	=	കാളിയുടെ നേക്കു് ഓടി.

* ഈ ശ്ലോകം ഗുപ്തവതീവ്യാഖ്യാതാവും സമ്മതിച്ചിട്ടുണ്ടു്.

സാ തം അപി	= കാളീദേവി അവനേയും
രുഷാ ഖഡ്ഗാഭിഹതം	= കോപത്തോടുകൂടി വാൾകൊണ്ടു് അടിച്ചിട്ടു്
ഭൂമൌ അപാതയൽ	= ഭൂമിയിൽ പതിപ്പിച്ചു.

അനന്തരം ചണ്ഡാസുരൻ നിലത്തുപതിച്ചതുകണ്ടിട്ടു് മുണ്ഡൻ കാളിയുടെനേരേ ഓടി. കാളിദേവി അവനേയും കോപത്തോടുകൂടി വാൾകൊണ്ടു് അടിച്ചു ഭൂമിയിൽ വീഴ്ത്തി.

ശാന്ത—അനന്തരം മുണ്ഡമഹാസുരൻ കാളിദേവിയാൽ നിപതിപ്പിക്കപ്പെട്ടവനായ ചണ്ഡനെ കണ്ടിട്ടു് ആ കാളീദേവിയുടെ നേരേ ഓടി. ഉടനേ ദേവി കോപത്തോടുകൂടി മുണ്ഡാസുരനേയും വാൾകൊണ്ടു് താഡിച്ചു് മൃതനാക്കി യുദ്ധഭൂമിയിൽ വീഴ്ത്തി.

നാഗോ—ഖഡ്ഗാഭിഹതം = മുൻപുതന്നെ ഉയർത്തിപ്പിടിക്കപ്പെട്ട വാൾകൊണ്ടു് താഡിച്ചിട്ടു്,—വെട്ടിയിട്ടല്ലാ—എന്നു താല്പര്യം.

ജഗ—അഥ മുണ്ഡോ......രുഷാ സ്വാഹാ ൨൧

൨൧. ഹതശേഷം തതഃ സൈന്യം ദൃഷ്ട്വാ ചണ്ഡം നിപാതിതം
മുണ്ഡഞ്ച സുമഹാവീര്യം ദിശോ ഭേജേ ഭയാതുരം. ൪൩൪

തതഃ	= അനന്തരം
ഹതശേഷം സൈന്യം	= കൊല്ലപ്പെട്ടതിന്റെശേഷമുള്ള അസുരസൈന്യം
ചണ്ഡം	= ചണ്ഡനേയും
സുമഹാവീര്യം മുണ്ഡം ച	= മഹാപ്രഭാവത്തോടുകൂടിയ മുണ്ഡനേയും
നിപാതിതം ദൃഷ്ട്വാ	= വീഴ്ത്തപ്പെട്ടവരായി കണ്ടിട്ടു്
ഭയാതുരം	= ഭയംകൊണ്ടു് പരവശമായിട്ടു്
ദിശഃ ഭേജേ	= ദിക്കുകളെ ഭജിച്ചു.

അനന്തരം കൊല്ലപ്പെട്ടതിന്റെശേഷമുള്ള അസുരസൈന്യം, ചണ്ഡനും, മഹാവീര്യവാനായ മുണ്ഡനും, നിലത്തു പതിച്ചതു കണ്ടിട്ടു്, ഭയംകൊണ്ടു പരവശമായിട്ടു് ദിഗ്ഭാഗങ്ങളെ ആശ്രയിച്ചു.

ശാന്ത—ദേവിയാൽ ഹനിക്കപ്പെട്ടവരിൽനിന്നു് അവശേഷിച്ച അസുരസൈന്യങ്ങൾ മഹാപ്രഭാവത്തോടുകൂടിയ ചണ്ഡനും മഹാവീര്യവാനായ മുണ്ഡനും, യുദ്ധത്തിൽ ദേവിയാൽ കൊന്നുവീഴ്ത്തപ്പെട്ടതു കണ്ടിട്ടു് ഭയംകൊണ്ടുണ്ടായ പാരവശ്യത്തോടുകൂടി യുദ്ധഭൂമിയിൽനിന്നു് ഓരോ ദിക്കുകളിലേക്കു് ഓടിപ്പോയി.

ജഗ—ഹതശേഷം......ഭയാതുരം സ്വാഹാ ൨൨

൨൨. ശിരശ്ചണ്ഡസ്യ കാളീ ച ഗൃഹീത്വാ മുണ്ഡമേവ ച

പ്രാഹ പ്രചണ്ഡാട്ടഹാസമിശ്രമഭ്യേത്യ ചണ്ഡികാം. ൪൩൫

കാളീ	= കാളീദേവി
ചണ്ഡസ്യ ശിരഃ ച	= ചണ്ഡൻെറ ശിരസ്സിനേയും
മുണ്ഡം ഏവ ച	= മുണ്ഡൻെറ ശിരസ്സിനേയും
ഗൃഹീത്വാ	= ഗ്രഹിച്ചുകൊണ്ടു്
പ്രചണ്ഡാട്ടഹാസമിശ്രം	= അതിഗംഭീരമായ അട്ടഹാസത്തോടുകൂടി
അഭ്യേത്യ	= അഭിഗമിച്ചിട്ടു്
ചണ്ഡികാം പ്രാഹ	= ചണ്ഡികയെ പ്രാപിച്ചു് പറഞ്ഞു.

കാളിദേവി ചണ്ഡമുണ്ഡന്മാരുടെ ശിരസ്സുകളെ എടുത്തുകൊണ്ടു് അതിഘോരമായ അട്ടഹാസത്തോടുകൂടി ചണ്ഡികാദേവിയുടെ സമീപത്തെ പ്രാപിച്ചിട്ടു് ഇപ്രകാരം പറഞ്ഞു.

ശാന്ത—അംബികാദേവിയുടെ ഫാലപട്ടത്തിൽനിന്നു് ഉത്ഭവിച്ച കാളിദേവി ചണ്ഡമുണ്ഡന്മാരുടെ ശിരസ്സിനെ രണ്ടിനേയും എടുത്തും കൊണ്ടു് അതിഗംഭീരമായ അട്ടഹാസത്തോടുകൂടി ആഗമിച്ചു്, അംബികാദേവിയെ പ്രാപിച്ചിട്ടു് ഇപ്രകാരം പറഞ്ഞു. പരദേവതയായി ത്രിഭുവനജനനിയായി ഇരിക്കുന്ന ഭുവനേശ്വരിയെ, ചണ്ഡമുണ്ഡന്മാർ മുൻപു കണ്ടിട്ടു് പോയി ശുംഭനോടു് സ്ത്രീരത്നമായ അവളെ ഗ്രഹിച്ചാലും എന്നു പറഞ്ഞു. ആ ചണ്ഡമുണ്ഡന്മാർ പിന്നെയും യുദ്ധത്തിനായി ദേവിസമീപത്തിൽ വന്നു. അതുകൊണ്ടു് അവരുടെ ശിരസ്സുകളെ ഗ്രഹിച്ചുകൊണ്ടു് കാളീദേവിക്കുള്ള അട്ടഹാസം യുക്തംതന്നെ.

ജഗ—ശിരശ്ചണ്ഡസ്യ......ചണ്ഡികാം സ്വാഹാ ൨൩

൨൩. മയാ തവാത്രോപഹൃതൗ ചണ്ഡമുണ്ഡൗ മഹാപശൂ

യുദ്ധയജ്ഞേ സ്വയം ശുംഭം നിശുംഭം ച ഹനിഷ്യസി. ൪൩൬

അത്ര	= ഈ യുദ്ധയജ്ഞത്തിൽ
തവ ചണ്ഡമുണ്ഡൗ	= നിന്തിരുവടിക്കു് പശുക്കളായ ചണ്ഡമു-[ണ്ഡന്മാർ
മയാ ഉപാഹൃതൌ	= എന്നാൽ കൊണ്ടുവരപ്പെട്ടു.
ത്വം സ്വയം	= നിന്തിരുവടി താനേതന്നെ
യുദ്ധയജ്ഞേ	= രണയാഗത്തിൽ
മഹാപശൂ	= മഹാപശുക്കളായ
ശുംഭം നിശുംഭം ച ഹനിഷ്യസി	= ശുംഭനേയും നിശുംഭനേയും നിഗ്രഹിക്കും.

രണയാഗത്തിൽ പശുക്കളായ ചണ്ഡമുണ്ഡന്മാരെ ഞാൻ നിന്തിരുവടിക്കായി കൊണ്ടുവന്നു. ഈ രണയാഗത്തിൽ മഹാപശുക്കളായ ശുംഭനിശുംഭന്മാരെ നിന്തിരുവടി താനേതന്നെ നിഗ്രഹിക്കും.

ശാന്ത—കാളി ചണ്ഡികയോട് എന്തു പറഞ്ഞു എന്നു പറയുന്നു:—ഹേ ചണ്ഡികേ! ദേവി! നിന്തിരുവടിക്കു ചണ്ഡമുണ്ഡന്മാരായ രണ്ടു മഹാപശുക്കൾ യുദ്ധയജ്ഞത്തിൽ കാളിയായ എന്നാൽ സമപ്പിക്കപ്പെട്ടു (ബലിസാധനമാക്കിച്ചെയ്യപ്പെട്ടു.)

യുദ്ധയജ്ഞേ! = യുദ്ധം യജ്ഞമായുള്ള ദേവകാര്യകാരിണി! നിന്തിരുവടി സ്വയമേതന്നെ ദേവഗണപ്രീതിക്കായി ശുംഭനിശുംഭന്മാർ എന്ന രണ്ടു മഹാപശുക്കളേയും നിഗ്രഹിച്ചാലും.

ദേവഗണപ്രീതിക്കായി നരമേധത്തിങ്കൽ മഹാപശുവായ നരൻ എങ്ങനെ, ഹനിക്കപ്പെടുന്നുവോ അതുപോലെ നിന്തിരുവടിക്കായിക്കൊണ്ടു എന്നാൽ ചണ്ഡമുണ്ഡന്മാർ എന്ന മഹാപശുക്കൾ ഹനിക്കപ്പെട്ടു. ഇനിയും ശുംഭനിശുംഭന്മാരാകുന്ന മഹാപശുക്കളെ നിന്തിരുവടിതന്നെ നിഗ്രഹിക്കണം—എന്നു താല്പര്യം.

ജഗ—മയാ തവാ......ഹനിഷ്യസി സ്വാഹാ ൨൪

ഋഷിരുവാച—൪൩൧.

൨൫. താവാനീതൗ തതോ ദൃഷ്ട്വാ ചണ്ഡമുണ്ഡൗ മഹാസുരൗ
ഉവാച കാളീം കല്യാണീ ലളിതം ചണ്ഡികാ വചഃ. ൪൩൨

ഋഷി പറഞ്ഞു.

തതഃ കല്യാണീ	= അനന്തരം ശുഭവാക്കിനെ പറയുന്നവളായ
ചണ്ഡികാ	= ചണ്ഡികാഭഗവതി
തൗമഹാസുരൗ ചണ്ഡമുണ്ഡൗ	= ആ മഹാസുരന്മാരായ ചണ്ഡമുണ്ഡന്മാരെ
ആനീതൗ ദൃഷ്ട്വാ	= കൊണ്ടുവരപ്പെട്ടവരായി കണ്ടിട്ട്
കാളീം	= കാളിയോട്
ലളിതം വചഃ ഉവാച	= മനോഹരങ്ങളായ വാക്കുകളെ പറഞ്ഞു.

അനന്തരം കല്യാണിയായിരിക്കുന്ന ചണ്ഡികാഭഗവതി, മഹാസുരന്മാരായ ചണ്ഡമുണ്ഡന്മാരെ കൊണ്ടുവന്നതുകണ്ടിട്ട് ആ കാളിയോട് മനോഹരങ്ങളായ വാക്കുകളെ പറഞ്ഞു.

ശാന്ത—അനന്തരം കല്യാണിയായ ചണ്ഡികാഭഗവതി, ആ മഹാസുരന്മാരായ ചണ്ഡമുണ്ഡന്മാർ കാളിയാൽ ആനയിക്കപ്പെട്ടതായി കണ്ടിട്ട് ആ കാളിദേവിയോടു മനോഹരമായ വാക്കുകളെ ഉചിതമാകുംവണ്ണം പറഞ്ഞു.

നാഗോ—കാളീ=ലലാടത്തിൽനിന്നും ഉത്ഭവിച്ചവൾ.

ചണ്ഡികാ = കൗശികി.

ജഗ—ഋഷിരുവാച സ്വാഹാ ൨൧

താവാനീതൗ......വചഃ സ്വാഹാ ൨൬

൨൭. യസ്മാച്ചണ്ഡഞ്ച മുണ്ഡഞ്ച ഗൃഹീത്വാ ത്വമുപാഗതാ
ചാമുണ്ഡേതി തതോ ലോകേ ഖ്യാതാ ദേവി ഭവിഷ്യസി. ൪൯൯

(കാളി!) ത്വം	= (ഹേ കാളി!) ഭവതി
യസ്മാൽ	= യാതൊരുകാരണത്താൽ
ചണ്ഡം ച മുണ്ഡം ച ഗൃഹീത്വാ	= ചണ്ഡനേയും മുണ്ഡനേയും ഗ്രഹിച്ചിട്ടു്
ഉപാഗതാ	= വന്നുവോ
തതഃ ലോകേ	= അതുനിമിത്തം ഭുവനത്തിൽ
ചാമുണ്ഡാ ഇതി	= ചാമുണ്ഡാ എന്നു്
ഖ്യാതാ ദേവി ഭവിഷ്യസി	= പ്രസിദ്ധപ്പെട്ട ദേവിയായി ഭവിക്കുന്നു.

അല്ലയോ കാളി! ഭവതി ചണ്ഡമുണ്ഡന്മാരെ കൊണ്ടുവന്നതു കൊണ്ടു് ലോകത്തിൽ ചാമുണ്ഡാ എന്നു് പ്രസിദ്ധപ്പെട്ട ദേവിയായി ഭവിക്കും.

ശാന്ത—ചണ്ഡികാദേവി കാളിയോടു് ആദേശിക്കുന്നു:—

ഹേ കാളി! ഭവതി യാതൊന്നുഹേതുവായിട്ടു് ചണ്ഡൻേറയും മുണ്ഡൻേറയും ശിരസ്സുകളെ ഗ്രഹിച്ചുകൊണ്ടു് എൻെറ സമീപത്തിൽ വന്നുവോ അതുഹേതുവായിട്ടു് ലോകത്തിൽ ചാമുണ്ഡാ എന്നു് പ്രസിദ്ധയായ ദേവിയായി ഭവിക്കും.—ഇതാകുന്നു മുൻശ്ലോകത്തിൽ പറഞ്ഞ മനോഹരമായ ചണ്ഡികാവചനം.

ജഗ—യസ്മാച്ചണ്ഡഞ്ച...ഭവിഷ്യസി സ്വാഹാ ൩൧

ഇതി ശ്രീമാർക്കണ്ഡേയപുരാണേ സാവർണ്ണികേ മന്വന്തരേ

ദേവീമാഹാത്മ്യേ ചണ്ഡമുണ്ഡവധോനാമ സപ്തമോദ്ധ്യായഃ.

ചണ്ഡമുണ്ഡവധം എന്ന ഏഴാമദ്ധ്യായം

സമാപ്തം.

എട്ടാം അദ്ധ്യായം.

ഋഷിരുവാച—൪൪൦

൧. ചണ്ഡേ ച നിഹതേ ദൈത്യേ മുണ്ഡേ ച വിനിപാതിതേ
ബഹുലേഷു ച സൈന്യേഷു ക്ഷയിതേഷ്വസുരേശ്വരഃ. ൪൪൧

൨. തതഃ കോപപരാധീനചേതാഃ ശുംഭഃ പ്രതാപവാൻ
ഉദ്യോഗം സർവ്വസൈന്യാനാം ദൈത്യാനാമാദിദേശ ഹ. ൪൪൨

ഋഷി പറഞ്ഞു.

ചണ്ഡേ ദൈത്യേ = ചണ്ഡൻ എന്ന അസുരൻ
നിഹതേ ച = ഹനിക്കപ്പെട്ടകയും
മുണ്ഡേവിനിപാതിതേ ച = മുണ്ഡാസുരൻ പതിപ്പിക്കപ്പെട്ടകയും
ബഹുലേഷു സൈന്യേഷു = അസംഖ്യങ്ങളായ സൈന്യങ്ങൾ
ക്ഷയിതേഷു ച = ക്ഷയിപ്പിക്കപ്പെട്ടകയും ചെയ്തപ്പോൾ
തതഃ = അനന്തരം
പ്രതാപവാൻ = അതിപ്രതാപത്തോട്ടുകൂടിയവനായി
അസുരേശ്വരഃ = അസുരന്മാൎക്ക് ഈശ്വരനായി ഇരിക്കുന്ന
ശുംഭഃ = ശുംഭാസുരൻ
കോപപരാധീനചേതാഃ = കോപത്തിന്ന് അധീനമായ മനസ്സോട്ടുകൂടിയവനായിട്ട്
ദൈത്യാനാം സർവ്വസൈന്യാനാം = അസുരന്മാരായ എല്ലാ സൈന്യങ്ങൾക്കും
ഉദ്യോഗം = ദേവിയോട്ടു യുദ്ധം ചെയ്യുന്നതിന്ന് ഉത്സാഹിക്കുന്നതിനായി
ആദിദേശ ഹ = ആജ്ഞകൊടുത്തു.

ചണ്ഡമുണ്ഡന്മാരും അസംഖ്യം സൈന്യങ്ങളും നശിച്ചുപോയതിന്റെശേഷം മഹാപ്രതാപവാനായി അസുരേശ്വരനായി ഇരിക്കുന്ന ശുംഭൻ കോപപരവശഹൃദയനായിട്ട്, ദേവിയോട്ടു യുദ്ധംചെയ്യാൻ ഉത്സാഹിക്കുന്നതിനായി എല്ലാ അസുരസൈന്യങ്ങൾക്കും ആജ്ഞകൊടുത്തു.

ശാന്ത—ആ കാളീദേവിയാൽ രണോത്സവത്തിൽ, ചണ്ഡാസുരൻ നിഹതനാകുകയും, അതുപോലെതന്നെ മുണ്ഡാസുരൻ പതിപ്പിക്കപ്പെട്ടകയും, അപ്രകാരംതന്നെ അസംഖ്യംസൈന്യങ്ങൾ നശിപ്പിക്കപ്പെട്ടകയുംചെയ്തതിന്റെശേഷം കോപപരവശഹൃദയനായി, ഉഗ്രതേ

ജസ്സോടുകൂടിയവനായിത്തീന്നിരിക്കുന്ന അസുരേശ്വരനായ ശുംഭൻ ചണ്ഡികാദേവിയുടെനേരേ യുദ്ധംചെയ്യുന്നതിന്ന് ഉത്സാഹിക്കുന്നതിനായി, ആന, കുതിര, തേരു്, കാലാൾ ഇവയെല്ലാം രക്തബീജപ്രഭൃതികളായ അസുരന്മാൎക്കും കല്പനകൊടുത്തു.

"ക്ഷപിതേഷു" എന്നു പാഠഭേദം.

അസുരേശ്വരൻ=അസുരന്മാൎക്കു് ഈശ്വരൻ, അല്ലെങ്കിൽ അസുക്കളെ=പ്രാണങ്ങളെ, രാതി=ഗ്രഹിക്കുന്നു, അങ്ങനെയുള്ളവൻ—മൃത്യു എന്നൎത്ഥം. ആ മൃത്യു ഈശ്വരനായി ഉള്ളവൻ—മൃത്യുപരതന്ത്രനായി=ആസന്നമൃത്യുവായി ഉള്ളവൻ.

ജഗ—ഋഷിരുവാച സ്വാഹാ ൧

ചണ്ഡ ച......ഷ്വസുരേശ്വരഃ സ്വാഹാ ൨

തതഃ കോപ......മാദിദേശ ഹ സ്വാഹാ ൩

൩. അദ്യ സൎവ്വബലൈൎദ്ദൈത്യാഃ ഷഡശീതിരുദായുധാഃ
കംബൂനാം ചതുരശീതിൎന്നിൎയ്യാന്തു സ്വബലൈൎവൃതാഃ. ൪൩

അദ്യ	= ഇപ്പോൾ
ഉദായുധാഃ ദൈത്യാഃ	= തയാറാക്കപ്പെട്ട ആയുധങ്ങളോടുകൂടിയവരായ അസുരന്മാർ
ഷഡശീതിഃ	= എൺപത്തിആറും
സൎവ്വബലൈഃ	= എല്ലാ ചതുരംഗപ്പടകളോടുകൂടിയും
കംബൂനാം ചതുരശീതിഃ	= കംബുക്കളുടെ എൺപത്തിനാലു്
സ്വബലൈൎവൃതാഃ നിൎയ്യാന്തു	= സ്വസൈന്യങ്ങളാൽ ചുററപ്പെട്ടവരായിട്ടും പുറപ്പെടട്ടെ.

ഇപ്പോൾ എൺപത്താറു് പ്രധാനഭൂതന്മാരായ അസുരന്മാർ തയാറാക്കപ്പെട്ട ആയുധങ്ങളോടും എല്ലാ ചതുരംഗപ്പടകളോടും കൂടിയും, കംബുക്കൾ എന്നുപേരോടുകൂടിയ എൺപത്തിനാലു് അസുരസംഘം അവരവരുടെ സൈന്യങ്ങളാൽ ചുററപ്പെട്ടവരായിട്ടും ദേവിയോടു യുദ്ധത്തിനായി പുറപ്പെടട്ടെ.

ചതു—ഉദായുധന്മാർ എന്നു്, രാജസമീപവൎത്തികളായിരിക്കുന്ന സാമന്തന്മാരേയും അമാത്യന്മാരേയുംകുറിച്ചു് പറയുന്നതാകുന്നു.

കംബുക്കൾ=കംബുക്കൾ എന്നു പേരോടുകൂടിയ ദൈത്യകുലത്തിൽ ജനിച്ചവർ.

ശാന്ത—ശുംഭൻ പിന്നെയും വിശേഷാൽ ആജ്ഞകൊടുത്തു:— ഇന്നു് അല്ലെങ്കിൽ ഇപ്പോൾ എന്റെ ആജ്ഞനിമിത്തം എൺപ

ത്താറു് പ്രധാനഭൃതന്മാരായ അസുരന്മാർ തയാറാക്കപ്പെട്ട ആയുധങ്ങളോടും തയാറാക്കപ്പെട്ട എല്ലാചതുരംഗപ്പടകളാലും ചുററപ്പെട്ടവരായിട്ടും ദേവിയോടുകൂടി യുദ്ധത്തിനായി പോകട്ടെ. അതുകൂടാതേയും കംബുക്കൾ എന്ന പേരോടുകൂടിയ അസുരന്മാരുടെ എൺപത്തിനാലുവൃന്ദഭേദങ്ങൾ സ്വസൈന്യങ്ങളാൽ ചുററപ്പെട്ടവരായിട്ടു് ദേവിയോടുകൂടി യുദ്ധത്തിനായി പുറപ്പെടട്ടെ.

ജഗ—അദ്യ സർ......ബലൈർവൃതാഃ സ്വാഹാ ൪

൪. കോടിവീര്യാണി പഞ്ചാശദസുരാണാം കുലാനി വൈ
ശതം കുലാനി ധൗമ്രാണാം നിർഗ്ഗച്ഛന്തു മമാജ്ഞയാ. ൪൪

കോടിവീര്യാണി	=	കോടിവീര്യന്മാർ എന്ന പേരോടുകൂടിയ
അസുരാണാം കുലാനി വൈ	=	അസുരന്മാരുടെ കൂട്ടങ്ങൾ
പഞ്ചാശൽ	=	അൻപതും
ധൗമ്രാണാം കുലാനി ശതം	=	ധൂമ്രവംശജാതന്മാരുടെ കൂട്ടങ്ങൾ നൂറും
മമ ആജ്ഞയാ നിർഗ്ഗച്ഛന്തു	=	എന്റെ കല്പനനിമിത്തം പോകട്ടെ.

എന്റെ ആജ്ഞനിമിത്തം കോടിവീര്യന്മാർ എന്ന അസുരസംഘം അൻപതും, ധൂമ്രവംശജാതന്മാരായ അസുരസംഘം നൂറും യുദ്ധത്തിനായി പുറപ്പെടട്ടെ.

ചതു—കോടിവീര്യന്മാർ=കോടിവീര്യകുലോത്ഭവന്മാർ.

ശാന്ത — ശുംഭൻ പിന്നെയും വിശേഷമായി ആജ്ഞകൊടുത്തു:—കോടിവീര്യനാമധേയന്മാരായി ഇരിക്കുന്ന അസുരന്മാരുടെ വൃന്ദങ്ങൾ അൻപതും എന്റെ ആജ്ഞനിമിത്തം ദേവിയോടുകൂടി യുദ്ധത്തിനായി പുറപ്പെടട്ടെ. അതുകൂടാതെ ധൂമ്രന്മാർ എന്ന പേരോടുകൂടിയ അസുരന്മാരുടെ നൂറുവൃന്ദങ്ങളും പുറപ്പെടട്ടെ.

"കോടി സംഖ്യാനിപഞ്ചാശൽ" എന്നു പാഠഭേദം.

"അൻപതുകോടി" എന്നർത്ഥം.

"ധൌമ്രാണാം" എന്നു പാഠഭേദം.

"ധൂമ്രവംശ്യന്മാർ" എന്നർത്ഥം.

ജഗ—കോടിവീര്യാണി......മമാജ്ഞയാ സ്വാഹാ ൫

൫. കാലകാ, ദൗർഹൃദാ മൗര്യാഃ കാലകേയാസ്തഥാസുരാഃ
യുദ്ധായ സജ്ജാ നിര്യാന്തു ആജ്ഞയാ ത്വരിതാ മമ. ൪൫

കാലകാഃ	=	കാലകന്മാർ എന്ന പേരോടുകൂടിയവരും
ദൌർഹൃദാഃ	=	ദുർഹൃത്തിന്റെ വംശ്യന്മാരും

മൌര്യ്യാഃ = മുരന്റെ വംശത്തിൽ ജനിച്ചവരും
തഥാ = അപ്രകാരംതന്നെ
കാലകേയാഃ അസുരാഃ = കാലകയുടെ പുത്രന്മാരും ആയ അസുരന്മാർ
മമ ആജ്ഞയാ = എന്റെ കല്പനനിമിത്തം
ത്വരിതാഃ = വേഗത്തോടുകൂടിയവരായിട്ടു്
യുദ്ധായ = യുദ്ധത്തിനായിക്കൊണ്ടു്
സജ്ജാഃ നിര്യ്യാന്തു = ഒരുക്കത്തോടുകൂടി പുറപ്പെടട്ടെ.

എന്റെ ആജ്ഞനിമിത്തം, കാലകന്മാർ, ദൌർഹൃദന്മാർ, മൌര്യ്യന്മാർ, കാലകേയന്മാർ എന്നീ അസുരന്മാർ ഒരുക്കത്തോടുകൂടി വേഗത്തിൽ യുദ്ധത്തിനായി പോകട്ടെ.

ചതു—കാലകന്മാർ = കാലവംശത്തിൽ ജനിച്ചവർ.
കാലകേയന്മാർ = കാലകയുടെ പുത്രന്മാർ, കാലക = ഒരു അസുരപത്നി.

സജ്ജന്മാർ = സാമഗ്രികളോടുകൂടിയവർ.

ശാന്ത—ശുംഭൻ പിന്നെയും വിശേഷിച്ചു് ആജ്ഞകൊടുത്തു.
കാലകന്മാർ = യമസ്വരൂപന്മാർ എന്നു് ശത്രുക്കളാൽ പറയപ്പെടുന്നവർ.

ത്വരിതന്മാർ = സംഭ്രമത്തോടുകൂടിയവർ.
കാലകേയന്മാർ = കാലകേയന്മാർ എന്ന പേരോടുകൂടിയവർ.

ജഗ—കാലകാ...ത്വരിതാ മമ സ്വാഹാ ൯

൯. ഇത്യാജ്ഞാപ്യാസുരപതിഃ ശുംഭോ ഭൈരവശാസനഃ
നിർജ്ജഗാമ മഹാസൈന്യസഹസ്രൈർബ്ബഹുഭിർവൃതഃ. ൪൰൯

ഇതി ആജ്ഞാപ്യ = ഇങ്ങനെ കല്പനകൊടുത്തിട്ടു്
ഭൈരവശാസനഃ = ഭയങ്കരാജ്ഞയോടുകൂടിയവനായ
ശുംഭഃ അസുരപതിഃ = ശുംഭൻ എന്ന അസുരനായകൻ
ബഹുഭിഃ മഹാസൈന്യ–
സഹസ്രൈഃ = അസംഖ്യങ്ങളായ മഹാസുരസൈന്യസഹസ്രങ്ങളെക്കൊണ്ടു്
വൃതഃ നിർജ്ജഗാമ = ചുററപ്പെട്ടവനായിട്ടു് നിർഗ്ഗമിച്ചു.

ഇപ്രകാരം ആജ്ഞകൊടുത്തിട്ടു്, ഭയങ്കരശാസനയോടുകൂടിയവനായ ശുംഭൻ എന്ന അസുരശ്രേഷ്ഠൻ അനേകം മഹാസൈന്യസഹസ്രങ്ങളാൽ ചുററപ്പെട്ടവനായിട്ടു പുറപ്പെട്ടു.

ചതു—ഭൈരവശാസനൻ = അത്യുഗ്രശാസനയോടുകൂടിയവൻ
മഹാസൈന്യം = മഹാസേനാസമൂഹം.

ശാന്ത—ഇങ്ങനെ അസുരന്മാരോട് ആദേശിച്ചിട്ട് തടവുകൂടാത്ത ആജ്ഞയോടുകൂടിയവനായ ശുംഭൻ എന്ന ആ അസുരശ്രേഷ്ഠൻ അനേകങ്ങളായ അസുരസൈന്യസമൂഹങ്ങളാൽ ചുററപ്പെട്ടവനായിട്ട് ദേവിയോടുകൂടിയുദ്ധത്തിനായി ഗമിച്ചു.

ഭൈരവശാസനൻ = ആസന്നമരണം ഹേതുവായിട്ട്, ഭൈരവങ്കൽ നിന്ന് = മൃത്യുവിങ്കൽനിന്നുള്ള ശാസനയോട് = ആജ്ഞയോടുകൂടിയവൻ.

ജഗ—ഇത്യാജ്ഞാപ്യ...ബഹുഭിർവൃതഃ സ്വാഹാ ൧

൧. ആയാന്തം ചണ്ഡികാ ദൃഷ്ട്വാ തത്സൈന്യമതിഭീഷണം

ജ്യാസ്വനൈഃ പൂരയാമാസ ധരണീഗഗനാന്തരം. ൪൪൧

അതിഭീഷണം	= അതിഭയങ്കരമായ
തൽസൈന്യം	= ആ ശുംഭസൈന്യത്തെ
ആയാന്തം ദൃഷ്ട്വാ	= വരുന്നതായി കണ്ടിട്ട്
ചണ്ഡികാ ജ്യാസ്വനൈഃ	= ചണ്ഡികാദേവി ഞാണൊലികൊണ്ട്
ധരണീഗഗനാന്തരം	= ഭൂമ്യാകാശമദ്ധ്യപ്രദേശത്തെ
പൂരയാമാസ	= നിറച്ചു.

അതിഭങ്കരമായ ആ ശുംഭസൈന്യം വരുന്നതുകണ്ടിട്ട് ചണ്ഡികാദേവി ഞാണൊലികൊണ്ട് ഭൂമ്യാകാശമദ്ധ്യപ്രദേശം മുഴവൻനിറച്ചു.

ശാന്ത—ഏററവും ഭയങ്കരമായിരിക്കുന്ന ആന, കുതിര, തേര്, കാലാൾ മുതലായ ആ ശുംഭസൈന്യം വരുന്നതായി കണ്ടിട്ട് ചണ്ഡികാദേവി വില്ലുകുലച്ചുവലിച്ചതുനിമിത്തം ഞാണിൽനിന്ന് പുറപ്പെട്ട ശബ്ദങ്ങളെക്കൊണ്ട് ഭൂമ്യാകാശമദ്ധ്യം മുഴവനും നിറച്ചു.

അല്ലെങ്കിൽ, ഭീഷണം = ഭയങ്കരനായ ശുംഭനും അവന്റെ സൈന്യവും വരുന്നതു കണ്ടിട്ട്.

ജഗ—ആയാന്തം...ഗഗനാന്തരം സ്വാഹാ ൨

൨. തതഃ സിംഹോ മഹാനാദമതീവ കൃതവാൻ നൃപ!

ഘണ്ടാസ്വനേന തന്നാദമംബികാ ചോപബൃംഹയൽ. ൪൪൨

നൃപ!	= ഹേ രാജാവേ!
തതഃ സിംഹഃ	= അനന്തരം സിംഹം
അതീവമഹാനാദംകൃതവാൻ	= ഏററവും വലുതായ ശബ്ദത്തെ ചെയ്തു.
അംബികാ ച	= ദേവിയും
ഘണ്ടാസ്വനേന	= മണിനാദംകൊണ്ട്
തം നാദം ഉപബൃംഹയൽ	= ആ സിംഹനാദത്തെ വർദ്ധിപ്പിച്ചു.

ഹേ രാജാവേ! അനന്തരം സിംഹം പലതവണ കണ്ഠഗർജ്ജനംചെയ്തു. ദേവിയും മണിനാദംകൊണ്ടു് ആ സിംഹനാദത്തെ വർദ്ധിപ്പിച്ചു.

ശാന്ത—അല്ലയോ സുരഥമഹാരാജാവേ! ധനുർജ്യാനിസ്സ്വനാനന്തരം ദേവീവാഹനമായ സിംഹം പലതവണ വലുതായിരിക്കുന്ന കണ്ഠഗർജ്ജനത്തെച്ചെയ്തു. അംബികാദേവിയും കയ്യിലിരിക്കുന്ന മണിയുടെ നാദംകൊണ്ടു് ആ സിംഹഗർജ്ജനത്തെ വർദ്ധിപ്പിച്ചു.

"സ ച സിംഹോ മഹാനാദം" എന്നു് പാഠഭേദം.

ജഗ—തതഃ സിംഹോ...ബൃംഹയൻ സ്വാഹാ ൻ

ൻ. ധനുർജ്യാസിംഹഘണ്ടാനാം നാദാപൂരിതദിങ്മുഖാ

നിനാദൈർഭീഷണൈഃ കാളീ ജിഗ്യേ വിസ്താരിതാനനാ. ൪൯

ധനുർജ്യാസിംഹഘണ്ടാനാം	=	ഞാണിന്റേയും സിംഹത്തിന്റേയും മണിയുടേയും
നാദാപൂരിതദിങ്മുഖാ	=	നാദങ്ങളെക്കൊണ്ടുചുററുംനിറയ്ക്കപ്പെട്ടദിഗ്ഭാഗങ്ങളോടുകൂടിയവളായ ദേവിയാൽ
ഭീഷണൈഃ നിനാദൈഃ	=	ഭയങ്കരങ്ങളായ ആ ശബ്ദങ്ങളെക്കൊണ്ടു്
വിസ്താരിതാനനാ	=	വിസ്തീർണ്ണമുഖിയായി ഇരിക്കുന്ന
കാളീ ജിഗ്യേ	=	കാളി ജയിക്കപ്പെട്ടു.

ഞാണിന്റെയും സിംഹത്തിന്റെയും മണിയുടെയും ശബ്ദങ്ങളെക്കൊണ്ടു് നിറയ്ക്കപ്പെട്ട ദിഗ്ഭാഗങ്ങളോടുകൂടിയ ദേവിയാൽ ആ ഭയങ്കരശബ്ദങ്ങളെക്കൊണ്ടു് വിസ്തീർണ്ണമുഖിയായി ഇരിക്കുന്ന കാളി ജയിക്കപ്പെട്ടു.

ചതു—കാളി, ശബ്ദംകൊണ്ടു് നിറയ്ക്കപ്പെട്ട ദിഗ്ഭാഗങ്ങളോടുകൂടിയവളായി എങ്കിലും, ദേവിയാൽ ഞാണിന്റെയും സിംഹത്തിന്റെയും മണിയുടെയും നിനാദങ്ങളെക്കൊണ്ടു് ജയിക്കപ്പെട്ടു.

ശാന്ത—വില്ലിന്റെ ഞാണൊലികൊണ്ടും സിംഹനാദംകൊണ്ടും ഘണ്ടാസ്വനംകൊണ്ടും ദിഗ്ഭാഗങ്ങളെ എല്ലാം നിറച്ചിരിക്കുന്ന ദേവി വിസ്തീർണ്ണമുഖിയായിരിക്കുന്ന കാളിയെ ആ മൂന്നുവിധ ഭയങ്കരശബ്ദങ്ങളെക്കൊണ്ടും ജയിച്ചു.

അല്ലെങ്കിൽ ദിക്കെല്ലാം വ്യാപിച്ചിരിക്കുന്ന ഞാണിന്റേയും സിംഹത്തിന്റെയും മണിയുടെയും നാദങ്ങളെ വിസ്തീർണ്ണവദനയായ കാളി ഭയങ്കരശബ്ദങ്ങളെകൊണ്ടു് ജയിച്ചു.

ജഗ—ധനുർജ്യാ...വിസ്താരിതാനനാ സ്വാഹാ ൫൦

൫൦. തന്നിനാദമുപശ്രുത്യ ദൈത്യസൈന്യൈശ്ചതുർദ്ദിശം

ദേവി സിംഹസ്തഥാ കാളീ സരോഷൈഃ പരിവാരിതാഃ ൧൦

തൽ നിനാദം ഉപശ്രുത്യ	= ആ ശബ്ദത്തെ കേട്ടിട്ട്
സരോഷൈഃ	= കോപത്തോട്ക്കൂടിയവരായ
ദൈത്യസൈന്യൈഃ	= അസുരസൈന്യങ്ങളാൽ
ദേവീ സിംഹഃ	= അംബികയും സിംഹവും
തഥാ കാളീ	= അപ്രകാരം കാളിയും
ചതുർദ്ദിശം പരിവാരിതാഃ	= നാലുദിക്കിലും ചുററപ്പെട്ടവരായി.

ആ ഭയങ്കരശബ്ദത്തെ കേട്ടിട്ട് കോപത്തോട്ക്കൂടിയവരായ അസുരസൈന്യങ്ങളാൽ അംബികയും, വാഹനസിംഹവും, അതു പോലെ കാളിയും, നാലുപുറത്തും ചുററപ്പെട്ടവരായി.

ശാന്ത—നാലുദിക്കിലും വ്യാപിച്ചിരിക്കുന്ന ഞാണിന്റേയും സിംഹത്തിന്റേയും മണിയുടേയും ശബ്ദത്തെ കേട്ടിട്ട് കുപിതന്മാരായ ദൈത്യസൈന്യങ്ങളാൽ ആദിശക്തിയായി ഭഗവതിയായി ഇരിക്കുന്ന അംബികയും, വാഹനഭൂതമായ കേസരിയും, അംബികാലലാടോത്ഭവയായ കാളിയും, നാലുപുറത്തും ചുററപ്പെട്ടവരായി.

ജഗ—തന്നിനാദ...പരിവാരിതാഃ സ്വാഹാ ൧൧

൧൧. ഏതസ്മിന്നന്തരേ ഭൂപ! വിനാശായ സുരദ്വിഷാം
ഭവായാമരസിംഹാനാമതിവീര്യ്യബലാന്വിതാഃ. ൧൧

൧൨. ബ്രഹ്മേശഗുഹവിഷ്ണൂനാം തഥൈവേന്ദ്രസ്യ ശക്തയഃ
ശരീരേഭ്യോ വിനിഷ്ക്രമ്യ തദ്രൂപൈശ്ചണ്ഡികാം യയുഃ. ൧൨

ഭൂപ!	= അല്ലയോ രാജാവേ!
ഏതസ്മിൻ അന്തരേ	= ഈ അവസരത്തിൽ
സുരദ്വിഷാം വിനാശായ	= അസുരന്മാരുടെ നാശത്തിനായിട്ടും
അമരസിംഹാനാം ഭവായ	= ദേവശ്രേഷ്ഠന്മാരുടെ അഭിവൃദ്ധിക്കായിട്ടും
അതിവീര്യ്യബലാന്വിതാഃ	= അതിസാമത്ഥ്യത്തോടും ബലത്തോടും കൂടിയവയായ
ബ്രഹ്മേശഗുഹവിഷ്ണൂനാം	= ബ്രഹ്മാവിന്റേയും, പരമേശ്വരന്റേയും, സുബ്രഹ്മണ്യന്റേയും, വിഷ്ണുവിന്റേയും
തഥാ ഏവ	= അതുപോലെതന്നെ
ഇന്ദ്രസ്യ ശക്തയഃ	= ഇന്ദ്രന്റേയും ശക്തികൾ
ശരീരേഭ്യഃ വിനിഷ്ക്രമ്യ	= ശരീരങ്ങളിൽനിന്ന് പുറപ്പെട്ടിട്ട്
തദ്രൂപൈഃ	= ആ ബ്രഹ്മാദികളുടെ രൂപങ്ങളോട്കൂടി
ചണ്ഡികാം യയുഃ	= ചണ്ഡികാദേവിയെ പ്രാപിച്ചു.

അല്ലയോ സുരഥമഹാരാജാവേ! ഈ അവസരത്തിൽ അസുരനാശത്തിനായിട്ടും, ദേവന്മാരുടെ അഭിവൃദ്ധിക്കായിട്ടും, ബ്രഹ്മാവിന്റേയും പരമേശ്വരന്റേയും, സുബ്രഹ്മണ്യന്റേയും, വിഷ്ണുവിന്റേയും, ഇന്ദ്രന്റേയും അതിസാമർത്ഥ്യത്തോടും ബലത്തോടുംകൂടിയ ശക്തികൾ അവരുടെ ശരീരങ്ങളിൽനിന്നു് ഉത്ഭവിച്ചിട്ടു് ആ ബ്രഹ്മാദികളുടെ രൂപങ്ങളോടുകൂടി ചണ്ഡികാദേവിയെ പ്രാപിച്ചു.

ശാന്ത—സുമേധസ്സമഹർഷി സുരഥമഹാരാജാവിനോടുപറയുന്നു:—

അല്ലയോ രാജാവേ! ഏകാഗ്രതയോടുകൂടി ദേവീമഹിമയെ കേട്ടാലും.

ഈ ദേവീദാനവയുദ്ധം നടക്കുന്ന അവസരത്തിൽ അസുരവിനാശത്തിനായിട്ടും ദേവശ്രേഷ്ഠന്മാരുടെ ഐശ്വര്യത്തിനും അഭിവൃദ്ധികൾക്കും ആയിട്ടും ബ്രഹ്മാവിന്റേയും മഹേശ്വരന്റേയും, സുബ്രഹ്മണ്യന്റേയും വിഷ്ണുവിന്റേയും അപ്രകാരംതന്നെ ദേവേന്ദ്രന്റേയും—ഈ അഞ്ചു പേരുടേയും—അതിസാമർത്ഥ്യത്തോടുകൂടിയ ദേവതാരൂപികളായ ശക്തികൾഅവരവരുടെ ശരീരങ്ങളിൽനിന്നു് പ്രത്യക്ഷപ്പെട്ടിട്ടു് ആ ബ്രഹ്മാദികളുടെ രൂപങ്ങളോടുകൂടി ചണ്ഡികാദേവിയെ പ്രാപിച്ചു.

ബ്രഹ്മാവിന്റെ ശരീരത്തിൽനിന്നു് ബ്രഹ്മാണിയും, മഹേശ്വരന്റെശരീരത്തിൽനിന്നു് മാഹേശ്വരിയും, കുമാരശരീരത്തിൽനിന്നു് കൗമാരിയും, വിഷ്ണുശരീരത്തിൽനിന്നു് വൈഷ്ണവിയും, ഇന്ദ്രശരീരത്തിൽനിന്നു് ഐന്ദ്രിയും ഉണ്ടായി; അതാതുരൂപങ്ങളോടുകൂടി ചണ്ഡികാദേവിയെ പ്രാപിച്ചു.

"ഭവായാമരസൈന്യാനാം" എന്നു് പാഠഭേദം.

നാഗോ—വിഷ്ണുശരീരത്തിൽനിന്നു് വാരാഹിയും നാരസിംഹിയും കൂടി ഉത്ഭവിച്ചു എന്നു് ധരിച്ചുകൊള്ളണം.

ജഗ—ഏതസ്മിന്നന്തരേ...ബലാന്വിതാഃ സ്വാഹാ ൧൨

ബ്രഹ്മേശ...യയുഃ സ്വാഹാ ൧൩

൧൩. യസ്യ ദേവസ്യ യദ്രൂപം യഥാഭൂഷണവാഹനം

തദ്വദേവ ഹിതച്ഛക്തിരസുരാൻ യോദ്ധുമായയൗ. ൪൦൩

യസ്യ ദേവസ്യ യദ്രൂപം	= ഏതുദേവന്റെ ഏതു ആകൃതിയോ
യഥാഭൂഷണവാഹനം	= ആഭരണങ്ങളും വാഹനവും എപ്രകാരമോ
തദ്വൽ ഏവ ഹി തച്ഛക്തിഃ	= അതുപോലെതന്നെ ആ ശക്തി
അസുരാൻ	= അസുരന്മാരോടു്
യോദ്ധും ആയയൗ	= യുദ്ധത്തിനായി പുറപ്പെട്ടു.

അതാതു ദേവന്മാരുടെ രൂപത്തോടും ആഭരണങ്ങളോടും വാഹനത്തോടുംകൂടി അതാതുശക്തികൾ അസുരന്മാരോടു യുദ്ധംചെയ്യുന്നതിന്ന് പുറപ്പെട്ടു.

ശാന്ത—അതാതുരൂപങ്ങളോടുകൂടി എന്നു പറഞ്ഞതിനെ വിവരിക്കുന്നു:—

ദേവീദാനവയുദ്ധം ദർശിക്കാനായി വന്നിരിക്കുന്ന ബ്രഹ്മാദികളുടെ ശരീരങ്ങളിൽനിന്ന് ബ്രഹ്മാണ്യാദിശക്തികൾ പ്രത്യക്ഷപ്പെട്ടിട്ട് ചണ്ഡികാംശഭൂതകളാകക്കൊണ്ട് ചണ്ഡികാദേവിയെ യുദ്ധത്തിന്ന് ഉത്സാഹിപ്പിക്കുന്നതിനായി പോയി.

ഏതുദേവന്ന് ഏതാകൃതിയോ, എന്താഭരണങ്ങളോ, ഏതുവാഹനമോ, ആ ആകൃതിയോടും, ആ ആഭരണങ്ങളോടും, ആ വാഹനത്തിൽ കയറി, ആ ആയുധങ്ങളേയും ധരിച്ച് ദേവീസന്നിധാനമായ യുദ്ധഭൂമിയെ പ്രാപിച്ചു.

ജഗ—യസ്യ ദേവസ്യ......മായയൗ സ്വാഹാ ൫൪

൫൪. ഹംസയുക്തവിമാനാഗ്രേ സാക്ഷസൂത്രകമണ്ഡലുഃ
ആയാതാ ബ്രഹ്മണഃ ശക്തിർബ്രഹ്മാണീ സാഭിധീയതേ. ൪൧൪

ഹംസയുക്തവിമാനാഗ്രേ	=	അരയന്നങ്ങളോടുകൂടിയിരിക്കുന്ന വിമാനത്തിൽ
സാക്ഷസൂത്രകമണ്ഡലുഃ	=	ജപമാലയോടും ജലപാത്രത്തോടുംകൂടി
ബ്രഹ്മണഃശക്തിഃ ആയാതാ	=	ബ്രഹ്മാവിൻെറ ശക്തി വന്നു
സാ ബ്രഹ്മാണീ അഭിധീയതേ	=	ആ ദേവി ബ്രഹ്മാണീ എന്ന് പറയപ്പെടുന്നു.

ബ്രഹ്മാവിൻെറ ശക്തിയായ ബ്രഹ്മാണി എന്നു പറയപ്പെടുന്ന ദേവി ജപമാലയും ജലപാത്രവുംധരിച്ച് അരയന്നങ്ങളോടുകൂടിയ വിമാനത്തിൽ കയറിവന്നു.

ശാന്ത—ഹംസയുക്തവിമാനത്തിൽ കയറി സ്ഫടികമണികൊണ്ടുണ്ടാക്കിയ ജപമാലയും, കമണ്ഡലുവുംധരിച്ച് ബ്രഹ്മാവിൻെറശക്തി അസുരന്മാരോടുകൂടി യുദ്ധത്തിനായി വന്നു. ആ ദേവി ബ്രഹ്മാണി എന്നു പറയപ്പെടുന്നു.

ഹംസയുക്തവിമാനം = പരമഹംസന്മാരോട് കൂടിയിരിക്കുന്ന പരബ്രഹ്മം. ബ്രഹ്മാണി ഉപനിഷദ്രൂപയാകയാൽ അതിൽ ഇരിക്കുന്നു.

ജഗ—ഹംസയുക്ത...ധീയതേ സ്വാഹാ ൫൧

൧൫. മാഹേശ്വരീ വൃഷാരൂഢാ ത്രിശൂലവരധാരിണീ
മഹാഹിവലയാ പ്രാപ്താ ചന്ദ്രരേഖാവിഭൂഷണാ. ൪൫൪

വൃഷാരൂഢാ	= വൃഷഭത്തിൽ കയറി
ത്രിശൂലവരധാരിണീ	= ശ്രേഷ്ഠമായ ശൂലായുധത്തെ ധരിച്ച്
മഹാഹിവലയാ	= മഹാസർപ്പങ്ങളാകുന്ന കങ്കണങ്ങളോട്ടു-
ചന്ദ്രരേഖാവിഭൂഷണാ	= ചന്ദ്രക്കലാഭരണയായി [ക്കൂടി
മാഹേശ്വരീ പ്രാപ്താ	= മഹേശ്വരശക്തി പ്രാപിച്ചു.

മഹേശ്വരശക്തി, ശ്രേഷ്ഠമായ ശൂലായുധത്തോടും മഹാസർപ്പ കങ്കണങ്ങളോടും ചന്ദ്രക്കലയാകുന്ന ആഭരണത്തോടുംകൂടി വൃഷഭത്തിൽ കയറിവന്നു.

ശാന്ത—വൃഷാരൂഢാ=വൃഷഭത്തെ അല്ലെങ്കിൽ, ധർമ്മത്തെ ആരോഹണംചെയ്തവൾ.

ത്രിശൂലവരധാരിണീ=ശ്രേഷ്ഠമായിരിക്കുന്ന മൂന്ന് അഗ്രങ്ങളുള്ള ശൂലായുധത്തെ ധരിച്ചവൾ.

മഹാഹിവലയാ=മഹത്തുക്കളായിരിക്കുന്ന അനന്തതക്ഷകന്മാർ കടകങ്ങളായുള്ളവൾ.

ജ—മഹേശ്വരീ......വിഭൂഷണാ സ്വാഹാ ൧൬

൧൬. കൌമാരീ ശക്തിഹസ്താ ച മയൂരവരവാഹനാ
യോദ്ധുമഭ്യായയൌ ദൈത്യാനംബികാ ഗുഹരൂപിണീ. ൪൫൫

ശക്തിഹസ്താ	= കയ്യിൽ വേൽധരിച്ചവളായി
മയൂരവരവാഹനാ	= ശ്രേഷ്ഠമായിരിക്കുന്ന മയിൽവാഹനമായുള്ളവളായി
ഗുഹരൂപിണീ	= സുബ്രഹ്മണ്യന്റെ രൂപത്തോടുകൂടിയവളായി ഇരിക്കുന്ന
അംബികാ കൌമാരീ	= അംബികയായ സുബ്രഹ്മണ്യശക്തി
ദൈത്യാൻ	= അസുരന്മാരോടുകൂടി
യോദ്ധും അഭ്യായയൌ	= യുദ്ധം ചെയ്യുന്നതിനായി നേരിട്ടുവന്നു.

അംബികയായി കൌമാരിയായി ഇരിക്കുന്ന ദേവി കയ്യിൽ വേൽ ധരിച്ച് ശ്രേഷ്ഠമായ മയിൽവാഹനത്തിൽക്കയറി സുബ്രഹ്മണ്യരൂപത്തോടുകൂടി അസുരന്മാരോടു യുദ്ധംചെയ്യുന്നതിനായി നേരിട്ടുവന്നു.

ശാന്ത—വേലായുധത്തെ ധരിച്ച് ശ്രേഷ്ഠമായ മയിൽവാഹനത്തിൽ കയറി കുമാരാകാരത്തോടുകൂടി മാതാവായിരിക്കുന്ന കൌമാരീ ശക്തി അസുരന്മാരോടു യുദ്ധംചെയ്യുന്നതിനായിവന്നു.

ജഗ—കൗമാരീ......ഗ്രഹരൂപിണി സ്വാഹാ ൧൭

൧൭. തഥൈവ വൈഷ്ണവീശക്തിർഗ്ഗരുഡോപരി സംസ്ഥിതാ
ശംഖചക്രഗദാശാർങ്ഗഖഡ്ഗഹസ്താഭ്യുപായയൗ. ൪൫

തഥാ ഏവ	=	അതുപോലെതന്നെ
വൈഷ്ണവീശക്തിഃ	=	വിഷ്ണുവിനെ സംബന്ധിച്ചശക്തി
ഗരുഡോപരി സംസ്ഥിതാ	=	ഗരുഡന്റെമുകളിൽ ഇരിക്കുന്നവളായിട്ട്
ശംഖചക്രഗദാ-ശാർങ്ഗഖഡ്ഗഹസ്താ	=	കൈകളിൽ ശംഖം, ചക്രം, ഗദ, വില്ല്, വാൾ ഇവകളോടുകൂടിയവളായി
അഭ്യുപായയൗ	=	നേരിട്ടുവന്നു.

അതുപോലെതന്നെ വിഷ്ണുവിനെ സംബന്ധിച്ചശക്തി ഗരുഡന്റെ മുകളിൽ കയറി ശംഖം, ചക്രം, ഗദ, വില്ല്, വാൾ ഇവകളെ ധരിച്ചുവന്നു.

ഗുപ്ത—വില്ല് എന്നു പറഞ്ഞിരിക്കുന്നതിൽ ബാണവും ഉൾപ്പെട്ടുമെന്നു ധരിക്കേണ്ടതാകുന്നു.

"ബാഹുഭിർഗ്ഗരുഡാരൂഢാ ശംഖചക്രഗദാസിനീ
ശാർങ്ഗബാണധരാ ƒയാതാ വൈഷ്ണവീരൂപധാരിണീ"
(എന്നു വാമനപുരാണം)

അതുകൊണ്ടു് ഈ ദേവി ആറുകൈകളോടുകൂടിയവളാകുന്നു. ചിലർ, വാൾ കക്ഷത്തിലും, ആവനാഴി പുറകിലും ധരിച്ചിരിക്കുന്നതുകൊണ്ടു് ഈ ദേവി നാലുകൈകളോടുകൂടിയവളാകുന്നുഎന്നുംപറയുന്നു.

ചതു—ശംഖം=പാഞ്ചജന്യം. ചക്രം=സുദർശനം. ഗദ=കൌമോദകി. ശാർങ്ഗം=വില്ല്, ഖഡ്ഗം=നന്ദകം.

'വില്ല് ധരിച്ചിരിക്കുന്നതുകൊണ്ടു് ബാണത്തേയും ഗ്രഹിക്കണം' എന്നു പറഞ്ഞതുപോലെ, ഖഡ്ഗധാരണംകൊണ്ടു് പരിചയേയും എന്തുകൊണ്ടു് ഗ്രഹിച്ചുകൂടാ? എന്നാണെങ്കിൽ ഗ്രഹിക്കാം. (ഇങ്ങനെ ഏഴുകൈകളും ആയുധമില്ലാത്ത ഒരു കൈയും) അപ്പോൾ ഈ ദേവി എട്ടുകൈകളോടുകൂടിയവളാകുന്നു. എന്നാൽ മാഹേശ്വര്യാദികളെപ്പോലെ ഈ ദേവിക്കും ഒരു കയ്യിൽ ആയുധമില്ലാത്തതുകൊണ്ടു് ദോഷമില്ല.

ശാന്ത—ഗരുഡവാഹനയായ വൈഷ്ണവീശക്തി-നാരായണി—ബ്രാഹ്മ്യാദിശക്തികളെപ്പോലെ (വിഷ്ണുവിനെപ്പോലെ) അസുരന്മാരോടു യുദ്ധംചെയ്യുന്നതിനായി വന്നു.

ദംശോ—ദക്ഷാദികളുടെ വരദാനാവസരത്തിൽ വിഷ്ണുവിനു് അഷ്ടഭുജത്വം ഭാഗവതാദികളിൽ പ്രസിദ്ധമാകുന്നു.

ശംഖപടത്തെക്കൊണ്ടു് പത്മത്തേയും സ്വീകരിക്കാം.

ജഗ—തഥൈവ:......ഭൃപായയൈ സ്വാഹാ ൧൮

൧൮. യജ്ഞവാരാഹമതുലം രൂപം യാ ബിഭ്രതോ ഹരേഃ
ശക്തിസ്സാപ്യായയൌ തത്ര വാരാഹീം ബിഭ്രതീ തനും. ൪൧൮

അതുലം	= തുല്യമില്ലാത്ത
യജ്ഞവാരാഹം	= യജ്ഞാംഗകല്പിതസൂകരത്തിന്റെ
രൂപം ബിഭ്രതഃ ഹരേഃ	= ആകൃതിയെ ഭരിക്കുന്ന വിഷ്ണുവിന്റെ
യാ ശക്തിഃ സാ അപി	= യാതൊരുശക്തി ഉണ്ടോ ആ ശക്തിയും
തത്ര	= അവിടെ
വാരാഹീം തനും	= വരാഹത്തെ സംബന്ധിച്ച മൂൎത്തിയെ
ബിഭ്രതീ ആയയൌ	= ഭരിക്കുന്നവളായിട്ടു് വന്നു.

തുല്യമില്ലാത്ത യജ്ഞാംഗകല്പിതസൂകരത്തിന്റെ ആകൃതിയെ ധരിക്കുന്ന വിഷ്ണുവിന്റെ യാതൊരുശക്തിയുണ്ടോ ആ ശക്തിയും വരാഹത്തിന്റെ ശരീരത്തെ ധരിച്ചുകൊണ്ടു് അവിടെ വന്നു.

ശാന്ത—പിന്നെയും വിഷ്ണുവിന്റെ വേറേ ഒരു ശക്തി ആവിർഭവിച്ചു എന്നു പറയുന്നു.

വിഷ്ണുഭഗവാന്റെ, ബലപരാക്രമങ്ങളെക്കൊണ്ടു് തുല്യമില്ലാത്തതായ വരാഹത്തെ സംബന്ധിച്ച ആകൃതിയെ ധരിച്ചിരിക്കുന്ന ഭഗവതി—ഋഷികളാൽ ശാസ്ത്രംകൊണ്ടു് യജ്ഞത്തിൽ അറിയപ്പെട്ടവളായ വിഷ്ണുശക്തിയെന്ന നാരായണീദേവത—വരാഹശരീരത്തെ ധരിച്ചുംകൊണ്ടു് ആ ദേവീദാനവയുദ്ധത്തിൽ അസുരന്മാരോടു് യുദ്ധംചെയ്യുന്നതിനായി വന്നു.

നാഗോ—'യജ്ഞാംഗകല്പിതമായിരിക്കുന്ന വരാഹാകാരത്തെ ഭരിക്കുന്ന ഹരിയുടെ' എന്നു പറഞ്ഞതുകൊണ്ടു് ഈ ദേവിക്കും വിഷ്ണുത്വം തന്നെ സൂചിപ്പിച്ചിരിക്കുന്നു.

ജഗ—യജ്ഞവാരാഹ......ബിഭ്രതീ തനും സ്വാഹാ ൧൯

൧൯. നാരസിംഹീ നൃസിംഹസ്യ ബിഭ്രതീ സദൃശം വപുഃ
പ്രാപ്താ തത്ര സടാക്ഷേപക്ഷിപ്തനക്ഷത്രസംഹതിഃ. ൪൧൯

തത്ര	= ആ ദേവീദാനവയുദ്ധത്തിൽ
സടാക്ഷേപക്ഷിപ്ത നക്ഷത്രസംഹതിഃ	= സ്കന്ധകേസരങ്ങളുടെ താഡനംകൊണ്ടു് ചിതറിക്കുന്ന നക്ഷത്രസമൂഹങ്ങളോടുകൂടിയവളായ
നാരസിംഹീ	= നൃസിംഹത്തെ സംബന്ധിച്ച ശക്തി

നൃസിംഹസ്യ സദൃശം	= നൃസിംഹത്തിന്നു് തുല്യമായിരിക്കുന്ന
വപുഃ ബിഭ്രതീ പ്രാപ്താ	= ശരീരത്തെ ധരിച്ചുകൊണ്ടു് പ്രാപിച്ചു.

സ്കന്ധകേസരങ്ങളുടെ താഡനംകൊണ്ടു് ചിതറിക്കുന്ന നക്ഷത്ര സമൂഹങ്ങളോടുകൂടിയ നാരസിംഹീദേവി നൃസിംഹത്തിനു തുല്യമായ ശരീരത്തെ ധരിച്ചുംകൊണ്ടു് അവിടെ വന്നു.

ശാന്ത—പിന്നെയും വിഷ്ണുവിന്റെ വേറേ ഒരു ശക്തികൂടി വന്നു എന്നു പറയുന്നു.

ആ ദേവീദാനവയുദ്ധത്തിൽ സ്കന്ധകേസരങ്ങളുടെ കമ്പനം കൊണ്ടു് അങ്ങുമിങ്ങും ചിതറിക്കുന്ന നക്ഷത്രസമൂഹങ്ങളോടുകൂടിയ നാരസിംഹീ എന്ന വൈഷ്ണവിശക്തി അസുരന്മാരോടു് യുദ്ധംചെയ്യു ന്നതിനായി പ്രാപിച്ചു.

നൃസിംഹം=ഭഗവാന്റെ നരസിംഹാവതാരത്തിൽ ഉള്ളതുപോ ലെ മനുഷ്യന്റേയും സിംഹത്തിന്റേയും ഏകോപിച്ചുള്ള ആകൃതി.

ജഗ—നാരസിംഹീ....... സംഹതിഃ സ്വാഹാ ൨൦

൨൦. വജ്രഹസ്താ തഥൈവൈന്ദ്രീ ഗജരാജോപരിസ്ഥിതാ
പ്രാപ്താ സഹസ്രനയനാ യഥാ ശക്രസ്തഥൈവ സാ. ൪൩൦

തഥാ ഏവ	= അതുപോലെതന്നെ
യഥാ ശക്രഃ തഥാ ഏവ	= ഇന്ദ്രൻ എപ്രകാരമോ അപ്രകാരം
വജ്രഹസ്താ	= കയ്യിൽ വജ്രായുധംധരിച്ചു്
ഗജരാജോപരിസ്ഥിതാ	= ഐരാവതത്തിന്റെ മുകളിൽ കയറി
സഹസ്രനയനാ	= ആയിരം കണ്ണുകളോടുകൂടിയവളായി
സാ ഐന്ദ്രീ	= ആ ഇന്ദ്രനെ സംബന്ധിച്ച ശക്തി
പ്രാപ്താ	= പ്രാപിച്ചു.

അപ്രകാരംതന്നെ ദേവേന്ദ്രനെപ്പോലെ വജ്രായുധത്തെ ധരിച്ചു് ഐരാവതത്തിൽ കയറി ആയിരം കണ്ണുകളോടുകൂടിയവളായി ആ ഇന്ദ്രശക്തി വന്നു.

ശാന്ത—വജ്രഹസ്തയായി ഐരാവതാരൂഢയായി സഹസ്രനയ നയായി ആകാരാദികളെക്കൊണ്ടു് ഇന്ദ്രനെപ്പോലെതന്നെ, ആ ഇന്ദ്ര ശക്തിയായ ഐന്ദ്രീദേവതയും ബ്രാഹ്മ്യാദികൾക്കു് തുല്യമായി ആ ദേവീദാനവയുദ്ധത്തിൽ അസുരന്മാരോടു യുദ്ധംചെയ്യുന്നതിനായി വന്നു.

ഇങ്ങനെ, ബ്രഹ്മാണി, മഹേശ്വരി, കൌമാരി, വൈഷ്ണവി, വാരാഹി, നാരസിംഹി, ഐന്ദ്രി ഈ ഏഴുശക്തികൾ ഉത്ഭവിച്ചു എന്നു പറയപ്പെട്ടു.

ജഗ—വജ്രഹസ്താ......തഥൈവ സാ സ്വാഹാ ൨൧

൨൧. തതഃ പരിവൃതസ്താഭിരീശാനോ ദേവശക്തിഭിഃ
ഹന്യന്താമസുരാഃ ശീഘ്രം മമ പ്രീത്യാഹ ചണ്ഡികാം. ൪൬൧

തതഃ	= അനന്തരം
താഭിഃ ദേവശക്തിഭിഃ	= ആബ്രാഹ്മ്യാദികളായ ദേവശക്തികളാൽ
പരിവൃതഃ ഈശാനഃ	= ചുററപ്പെട്ടവനായ മഹേശ്വരൻ
മമ പ്രീത്യാ	= എൻെറ സ്നേഹംനിമിത്തം
ശീഘ്രം	= വേഗത്തിൽ
അസുരാഃ ഹന്യന്താം	= അസുരന്മാർ ഹനിക്കപ്പെടണമെന്നു്
ചണ്ഡികാം ആഹ	= ചണ്ഡികാദേവിയോടു് പറഞ്ഞു.

അനന്തരം ആ ദേവശക്തികളാൽ ചുററപ്പെട്ട പരമേശ്വരൻ എൻെറ പ്രീതിനിമിത്തം വേഗത്തിൽ അസുരന്മാരെ ഹനിക്കണമെന്നു് ചണ്ഡികാദേവിയോടു പറഞ്ഞു.

ശാന്ത—അനന്തരം ആ ബ്രാഹ്മ്യാദിദേവശക്തികളാൽ ചുററപ്പെട്ട മഹേശൻ "ശംഭുവായിരിക്കുന്ന എൻെറ സ്നേഹം ഹേതുവായിട്ടു് അസുരന്മാർ വേഗം ഹനിക്കപ്പെടണം" എന്നു ചണ്ഡികയോടു പറഞ്ഞു.

"ചണ്ഡികാ" എന്നു പാഠഭേദം. അപ്പോൾ പരിവൃതാ, ഈശാനാ എന്നു് രണ്ടുപദവും സ്ത്രീലിംഗമായി ചണ്ഡികാവിശേഷണമായിവരും.

"ബ്രഹ്മേശഗുഹവിഷ്ണൂനാം തഥേന്ദ്രസ്യ ച ശക്തയഃ
ശരീരേഭ്യോ വിനിഷ്ക്രമ്യ തദ്രൂപൈശ്ചണ്ഡികാം യയുഃ"

എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ആ ദേവശക്തികൾക്കു് ചണ്ഡികയോടുള്ള ചേർച്ച യുക്തമായും തീരും. അപ്പോൾ—

ദേവശക്തിയുടെ ആഗമനാനന്തരം ആ ബ്രാഹ്മ്യാദിശക്തികളാൽ ചുററപ്പെട്ടവളായി, സ്വാമിനിയായി, ഈശാനശക്തിയായി ഇരിക്കുന്ന ചണ്ഡികാദേവി, ദേവശക്തികളോടു് "നിങ്ങൾ എൻെറ പ്രീതിക്കുവേണ്ടി വേഗത്തിൽ അസുരന്മാരെ നിഗ്രഹിക്കണം" എന്നു പറഞ്ഞു—എന്നു താല്പര്യമായുംവരും.

ജഗ—തതഃ പരിവൃത......ചണ്ഡികാം സ്വാഹാ ൨൨

൨൨. തതോ ദേവീശരീരാത്തു വിനിഷ്ക്രാന്താതിഭീഷണാ
ചണ്ഡികാ ശക്തിരത്യുഗ്രാ ശിവാശതനിനാദിനീ. ൪൬൨

തതഃ = അനന്തരം

അതിഭീഷണാ	= ഏററവും ഭയങ്കരിയായി
അത്യുഗ്രാ	= അതിരൗദ്രയായി
ശിവാശതനിനാദിനീ	= അസംഖ്യം സൃഗാലങ്ങളുടെ ശബ്ദത്തോടു കൂടിയവളായി ഇരിക്കുന്ന
ചണ്ഡികാശക്തിഃ	= ചണ്ഡികയുടെ ശക്തി
ദേവീശരീരാൽ തു	= ദേവിയുടെ ശരീരത്തിൽനിന്നു്
വിനിഷ്ക്രാന്താ	= ഉത്ഭവിച്ചു.

അനന്തരം ചണ്ഡികാശരീരത്തിൽനിന്നു് അതിഭയങ്കരിയായി, അതിരൗദ്രയായി, അനേകം സൃഗാലങ്ങളുടെ ശബ്ദത്തോടുകൂടിയവളായി ഇരിക്കുന്ന ചണ്ഡികാശക്തി ഉണ്ടായി.

ഗുപ്ത—ശിവാശതനിനാദിനീ = അനന്തസൃഗാലങ്ങളുടെ നാദത്തോടുകൂടിയവൾ.

ശാന്ത—അസുരന്മാർ ഹനിക്കപ്പെടണമെന്നുള്ള ശാസനാനന്തരം ചണ്ഡികാശരീരത്തിൽനിന്നും അത്യർത്ഥം ഭയകാരിണിയായി അതിരൗദ്രയായി അസംഖ്യം സൃഗാലങ്ങളാൽ ചെയ്യപ്പെടുന്ന ശബ്ദം പോലെയുള്ള ശബ്ദത്തോടുകൂടിയവളായി ഇരിക്കുന്ന ചണ്ഡികാശക്തി പ്രത്യക്ഷപ്പെട്ടു.

"ശിവാഗൗരിസൃഗാലയോഃ" എന്നുള്ളതുകൊണ്ടു് 'ശിവാ' ശബ്ദത്തിനു് പരമേശ്വരി എന്നർത്ഥം, 'ശതനിനാദിനി' എന്ന വിശേഷണം—സർവ്വത്തശ്ശബ്ദായമാനയായിരിക്കുന്ന പരമേശ്വരി—എന്നു താല്പര്യം.

"യസ്യ ദേവസ്യ യദ്രൂപം യഥാഭൂഷണവാഹനം
തദ്വദേവ ഹി തച്ഛക്തിരസുരാൻ യോദ്ധുമായയൗ"

എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു്, ചണ്ഡികാകൃതിയായി ശിവ എന്നു പേരോടുകൂടിയവളായി സർവ്വത്തശ്ശബ്ദായമാനയായി ഇരിക്കുന്ന ചണ്ഡികാശക്തി വിനിർഗ്ഗമിച്ചു എന്നു താല്പര്യം.

അല്ലെങ്കിൽ, അനേകം സൃഗാലങ്ങളുടെ ശബ്ദങ്ങളോടുകൂടിയവൾ.

"തദാഗച്ഛത തൃപ്യന്തു മച്ഛിവാഃ പിശിതേന വഃ"

എന്നു് പരിവാരങ്ങളായ സൃഗാലങ്ങളുടെ ബഹുത്വം മേൽ പറയപ്പെടുന്നു.

നാഗോ—ശിവാശതനിനാദിനീ = അസംഖ്യം സൃഗാലങ്ങളുടെ ശബ്ദങ്ങളോടുകൂടിയവൾ—ശബ്ദിച്ചുകൊണ്ടിരുന്ന അനേകം സൃഗാലങ്ങളാൽ ചുററപ്പെട്ടവൾ.

ജഗ—തതോ ദേവീ......നിനാദിനീ സ്വാഹാ ൨൩

൨൩. സാ ചാഹ ധൂമ്രജടിലമീശാനമപരാജിതാ

ദൂതത്വം ഗച്ഛ ഭഗവൻ! പാൎശ്വം ശുംഭനിശുംഭയോഃ. ൪൧൩

അപരാജിത	= ആരാലും ജയിക്കപ്പെടാത്തവളായ
സാ ച	= ആ ചണ്ഡികാശക്തിയും
ധൂമ്രജടിലം	= ചുവന്ന ജടയോടുകൂടിയവനായ
ഈശാനം	= പരമേശ്വരനോട്ട്
ഭഗവൻ! ത്വം ദൂതഃ	= ഹേ ഭഗവാനേ! അങ്ങു് ദൂതനായിട്ടു്
ശുംഭനിശുംഭയോ പാൎശ്വം	= ശുംഭനിശുംഭന്മാരുടെ സമീപത്തെ
ഗച്ഛ ആഹ	= ഗമിച്ചാലും എന്നു് പറഞ്ഞു.

ആരാലും ജയിക്കപ്പെടാത്തവളായ ആ ചണ്ഡികാശക്തി, ചെമ്പിച്ച ജടയോടുകൂടിയ പരമേശ്വരനോടു് "അല്ലയോ ഭഗവാനേ! ഭവാൻ ദൂതനായിട്ടു് ശുംഭനിശുംഭന്മാരുടെ സമീപത്തെ പ്രാപിച്ചാലും" എന്നു പറഞ്ഞു.

ഗുപ്ത—ദൂതത്വം ഗച്ഛ=ദൌത്യത്തെ പ്രാപിച്ചാലും, അല്ലെങ്കിൽ ദൂത! ത്വം ഗച്ഛ = അല്ലയോ ദൂത! ഭവാൻ അവരുടെ സമീപത്തെ പ്രാപിച്ചാലും.

ശാന്ത—അപരാജിതാ = ലോകോൽകർഷത്തെ പ്രാപിച്ചവൾ.

ആ ചണ്ഡികാശക്തിയായിരിക്കുന്ന ദേവത, ചെമ്പിച്ച ജടയോടുകൂടിയവനായി, ശൂലിയായി, കപാലധാരിയായി, മൃത്യുഞ്ജയനായി ഇരിക്കുന്ന രുദ്രനോടു് "അല്ലയോ ഭഗവൻ! ഭവാൻ ദേവീശക്തിയായ എന്റെ ദൂതഭാവത്തെ ഭജിച്ചാലും. ശുംഭനിശുംഭന്മാരുടെ സമീപത്തെ പ്രാപിച്ചാലും."

ധൂമ്രജടിലം=ധൂമ്ര, ജടിലം എന്ന രണ്ടുപദം.

ധൂമ്രൻ=അസുരന്മാർവിഷയം കോപാഗ്നിപൂൎണ്ണനാകയാൽ ധൂമ്രവൎണ്ണത്തോടുകൂടിയവൻ.

ജടിലൻ = ജടയോടുകൂടിയവൻ.

നാഗോ—ചണ്ഡികാശക്തി, ബ്രാഹ്മി, മാഹേശ്വരി, വൈഷ്ണവി എന്നീ ത്രിമൂൎത്തിശക്തികളെക്കാളും ഉൽകൃഷ്ടയും കൌശികിയെ ഉത്ഭവിപ്പിച്ചവളും ആകകൊണ്ടു് അവരിൽ എല്ലാംവച്ചു് ശ്രേഷ്ഠയാകയാൽ ആ ദേവി പരമേശ്വരനെ ദൂതനായി അയയ്ക്കുന്നതു് ഉചിതംതന്നെ.

ജഗ—സാ ചാഹ......നിശുംഭയോഃ സ്വാഹാ ൨൪

൨൪. ബ്രൂഹി ശുംഭം നിശുംഭഞ്ച ദാനവാവതിഗൎവ്വിതൌ

യേ ചാന്യേ ദാനവാസ്തത്ര യുദ്ധായ സമുപസ്ഥിതാഃ. ൪൬൪

അതിഗർവിതൗ = അത്യഹങ്കാരികളായി
ദാനവൗ = അസുരന്മാരായി ഇരിക്കുന്ന
ശുംഭം നിശുംഭം ച = ശുംഭനോട്ടും നിശുംഭനോട്ടും
തത്രയുദ്ധായസമുപസ്ഥിതാഃ= അവിടെ യുദ്ധത്തിനായി വന്നിരിക്കുന്ന
യേ = യാവചില
അന്യേ ദാനവാഃ ച = മററുള്ള അസുരന്മാരുണ്ടോ അവരോട്ടും
ബ്രൂഹി = ഭവാൻ പറഞ്ഞാലും.

അല്പയോ ഭഗവാനേ! ഭവാൻ, അത്യഹങ്കാരികളായ ശുംഭനിശുംഭന്മാരെന്ന അസുരന്മാരോട്ടും, അവിടെ യുദ്ധത്തിനായി വന്നിരിക്കുന്ന മററുള്ള അസുരന്മാരോട്ടും പറഞ്ഞാലും.

ശാന്ത— അല്പയോ ഭഗവാനേ! അല്പയോ രുദ്ര! 'ദേവന്മാരെ ജയിച്ചുകൊണ്ടു ഞങ്ങൾക്കു തുല്യമായി യുദ്ധശൂരന്മാർ ആരുമില്ല' എന്നുള്ള അഹങ്കാരത്തോട്ടുകൂടിയവരായിരിക്കുന്ന ശുംഭനിശുംഭന്മാരെന്ന അസുരന്മാരോട്ടു മേൽപറയാൻ പോകുന്നതുപോലെ ഹിതത്തെ ഉപദേശിച്ചാലും. കൂടാതെ ആ ശുംഭനിശുംഭന്മാരുടെപക്ഷത്തിൽ യുദ്ധശൂരന്മാരെന്നു നടിച്ചുംകൊണ്ടു അഹങ്കാരികളായി യുദ്ധത്തിനു വന്നിരിക്കുന്ന മററുള്ള പ്രധാനികളായ ദാനവന്മാരോട്ടും ഹിതത്തെ ഉപദേശിച്ചാലും.

ജഗ— ബ്രൂഹി......സമുപസ്ഥിതാഃ സ്വാഹാ. ൨൫

൨൫. ത്രൈലോക്യമിന്ദ്രോ ലഭതാം ദേവാഃ സന്തു ഹവിർഭുജഃ
യൂയം പ്രയാത പാതാളം യദി ജീവിതുമിച്ഛഥ. ൪൬൫

ജീവിതും = ജീവനോട്ടുകൂടിയിരിക്കുന്നതിനു
ഇച്ഛഥ യദി = ഇച്ഛിക്കുന്നു എങ്കിൽ
യൂയം പാതാളം പ്രയാത = നിങ്ങൾ പാതാളത്തെ പ്രാപിച്ചാലും.
ഇന്ദ്രഃ ത്രൈലോക്യം = ദേവേന്ദ്രൻ മൂന്നു ലോകങ്ങളെ
ലഭതാം = ലഭിക്കട്ടെ.
ദേവാഃ = ദേവന്മാർ
ഹവിർഭുജഃ സന്തു = ഹവിസ്സിനെ ഭക്ഷിക്കുന്നവരായി ഭവിക്കട്ടെ.

നിങ്ങൾ ജീവിച്ചിരിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ പാതാളത്തെ പ്രാപിച്ചാലും. ദേവേന്ദ്രൻ ത്രൈലോക്യത്തേയും ലഭിക്കട്ടെ. ദേവന്മാർ ഹവിർഭുക്കുകളായി ഭവിക്കട്ടെ.

ശാന്ത— അല്പയോ ശുംഭാദികളായ അസുരന്മാരേ! നിങ്ങൾ എല്ലാം ജീവനോട്ടുകൂടിയിരിക്കുവാൻ ഇച്ഛിക്കുന്നു എങ്കിൽ പാതാള

ത്തിങ്കൽ ഗമിക്കുക. ഇന്ദ്രൻ ത്രൈലോക്യത്തെ പ്രാപിക്കട്ടെ. ഇന്ദ്രാദിദേവന്മാർ യാഗങ്ങളിൽ ഹവിർഭാഗങ്ങളെ ഭക്ഷിക്കുന്നവരായും തീരട്ടെ.

സർവ്വന്മാൎക്കും ഹിതത്തെ ചെയ്യുന്ന ചണ്ഡികാശക്തി ശുംഭാദികളോട് ഇങ്ങനെ ഹിതത്തെ ഉചിതമാകുംവണ്ണം ഉപദേശിച്ചു.

ജഗ—ത്രൈലോക്യ......മിത്ഥ്യ സ്വാഹാ. ൨൬

൨൬. ബലാവലേപാദഥ ചേൽ ഭവന്തോ യുദ്ധകാംക്ഷിണഃ
തദാഗച്ഛത തൃപ്യന്തു മച്ഛിവാഃ പിശിതേന വഃ. ൪൬൬

അഥ ചേൽ = അല്ലെങ്കിൽ
ഭവന്തഃ ബലാവലേപാൽ = നിങ്ങൾ ബലമുണ്ടെന്നുള്ള അഹങ്കാരംനി-
യുദ്ധകാംക്ഷിണഃ = യുദ്ധത്തിനാഗ്രഹിക്കുന്നവരായി [മിത്തം
തൽ ആഗച്ഛത = ഭവിക്കുന്നു എങ്കിൽ വന്നാലും.
മച്ഛിവാഃ = എന്റെ സൃഗാലങ്ങൾ
വഃ പിശിതേന തൃപ്യന്തു = നിങ്ങളുടെ മാംസംകൊണ്ടു തൃപ്തിപ്പെടട്ടെ.

അല്ലെങ്കിൽ ബലമുണ്ടെന്നുള്ള അഹങ്കാരംനിമിത്തം നിങ്ങൾ യുദ്ധത്തിനാഗ്രഹിക്കുന്നു എങ്കിൽ വന്നാലും. എന്റെ പരിവാരസൃഗാലങ്ങൾ നിങ്ങളുടെ മാംസംകൊണ്ട് തൃപ്തിപ്പെടട്ടെ.

ശാന്ത—അല്ലെങ്കിൽ അസുരന്മാരായിരിക്കുന്ന നിങ്ങൾ ബലംകൊണ്ടുള്ള ഗർവ്വുനിമിത്തം യുദ്ധാഗ്രഹികളായി ഭവിക്കുന്നു എങ്കിൽ എന്നോടുകൂടി യുദ്ധത്തിനായി വന്നാലും. നിങ്ങൾ അതിന്റെ ഫലം അനുഭവിക്കും. എന്റെ പരിവാരങ്ങളായ സൃഗാലങ്ങൾ യുദ്ധത്തിൽ ഖണ്ഡിക്കപ്പെട്ടവരായ നിങ്ങളുടെ മാംസം ഭക്ഷിച്ചു തൃപ്തിപ്പെടട്ടെ.

"കുക്കുരാശ്ച സൃഗാലാശ്ച ഹരിണാശ്ച തഥാ വയഃ
പ്രിയാ ഭവന്തി ശക്തീനാം ഭൈരവാണാഞ്ച വൈ തഥാ" (എന്നു്)

അതുകൊണ്ടാണ് പരിവാരസൃഗാലങ്ങൾ എന്നു പറഞ്ഞതു്.

നാഗോ—മച്ഛിവകൾ = എന്നോടുകൂടി ശബ്ദിച്ചുംകൊണ്ടു് പ്രത്യക്ഷപ്പെട്ട സൃഗാലങ്ങൾ.

ജഗ—ബലാവലേ......പിശിതേന വഃ സ്വാഹാ. ൨൭

൨൭. യതോ നിയുക്തോ ദൗത്യേന തയാ ദേവ്യാ ശിവസ്സ്വയം
ശിവദൂതീതി ലോകേ ഽസ്മിംസ്തതഃ സാ ഖ്യാതിമാഗതാ. ൪൬൭

യതഃ = യാതൊന്നുഹേതുവായിട്ടു്
തയാ ദേവ്യാ = ആ ദേവിയാൽ
സ്വയം ശിവഃ = താനേതന്നെ ശിവൻ

ദൗത്യേന നിയുക്തഃ	= ദൂതഭാവത്തോടുകൂടി നിയോഗിക്കപ്പെട്ടുവോ
തതഃ സാ	= അതുഹേതുവായിട്ടു് ആ ചണ്ഡികാദേവി
അസ്മിൻ ലോകേ	= ഈ മനുഷ്യലോകത്തിൽ
ശിവദൂതീ ഇതി	= ശിവദൂതി എന്നു്
ഖ്യാതിം ആഗതാ	= പ്രസിദ്ധിയെ പ്രാപിച്ചു.

യാതൊരു കാരണത്താൽ ആ ദേവിയാൽ താനേതന്നെ ശിവൻ ദൂതഭാവത്തോടുകൂടി നിയോഗിക്കപ്പെട്ടുവോ അതുനിമിത്തം ആ ചണ്ഡികാദേവി ഈ മനുഷ്യലോകത്തിൽ 'ശിവദൂതി' എന്നു് ഖ്യാതിയെ പ്രാപിച്ചു.

ശാന്ത—യാതൊന്നുഹേതുവായിട്ടു ആ ചണ്ഡികാശക്തിയായ ദേവിയാൽ താനേതന്നെ പരമേശ്വരൻ ദൂതകർമ്മത്തിനായിക്കൊണ്ടു് പ്രേരിതനായോ അതുഹേതുവായിട്ടു് ആ ചണ്ഡികാശക്തിയായ ദേവത ഈ മനുഷ്യലോകത്തിൽ ശിവദൂതി എന്നു് കീർത്തിയെ പ്രാപിച്ചു.

ശിവദൂതി = ശിവനാൽ സന്ദേശത്തെ പ്രാപിപ്പിക്കപ്പെട്ടവൾ, അല്ലെങ്കിൽ, ശിവനെ ദൂതനാക്കിച്ചെയ്യുവൾ. അല്ലെങ്കിൽ ശിവൻ ദൂതനായുള്ളവൾ.

ജഗ—യതോ......ഖ്യാതിമാഗതാ സ്വാഹാ ഌവ്യ

ഌവ്യ. തേഽപി ശ്രുത്വാ വചോ ദേവ്യാഃ ശർവാഖ്യാതം മഹാസുരാഃ

അമർഷാപൂരിതാ ജഗ്മുര്യതഃ കാത്യായനീ സ്ഥിതാ. ൪൨വ്യ

തേ അപി മഹാസുരാഃ	= ആ ശുംഭാദിമഹാസുരന്മാരും
ശർവാഖ്യാതം	= പരമേശ്വരനാൽ പറയപ്പെട്ട
ദേവ്യാഃ വചഃ ശ്രുത്വാ	= ചണ്ഡികാശക്തിയുടെ വാക്കിനെ കേട്ടിട്ടു്
അമർഷാപൂരിതാഃ	= കോപംകൊണ്ടു് നിറയപ്പെട്ടവരായിട്ടു്
കാത്യായനീ	= ആ ദേവി
യതഃ	= യാതൊരുദിക്കിൽ
സ്ഥിതാ ജഗ്മുഃ	= ഇരിക്കുന്നുവോ അവിടെ ഗമിച്ചു.

ആ ശുംഭാദിമഹാസുരന്മാരും പരമേശ്വരനാൽ പറയപ്പെട്ട ചണ്ഡികാശക്തിയുടെ സന്ദേശവാക്കിനെ കേട്ടു് അതികോപത്തോടുകൂടിയവരായിട്ടു് ആ ദേവി ഇരിക്കുന്ന ദിക്കിൽ ഗമിച്ചു.

ശാന്ത—ആ ശുംഭാദിമഹാസുരന്മാരും ശിവനാൽ പറയപ്പെട്ട ശിവദൂതീദേവിയുടെ സന്ദേശവാചകത്തെ കേട്ടു് കോപാവിഷ്ടന്മാരായിട്ടു്—പരമേശ്വരനാൽ പറയപ്പെട്ടതും, ദേവിയാൽ സന്ദേശിക്കപ്പെട്ടതും ആയ സാമവാദംകൊണ്ടു് ഉജ്ജ്വലിച്ച കോപത്താൽ നിറയപ്പെ

ട്ടവരായിട്ട് — "ക്രിയാ കേവലമുത്തരം" എന്നു വിചാരിച്ച്, യാതൊരുദിക്കിൽ കാത്യായനിയായ ചണ്ഡിക വർത്തിക്കുന്നുവോ അവിടെ ഗമിച്ചു.

"ഉമാ കാത്യായനി ഗൗരി" എന്നു് അഭിധാനം.

നാഗോ—മൂലശക്തിയോട്ട് അഭിന്നയാകയാൽ കാത്യായനി എന്നു പറയപ്പെട്ടു.

ജഗ—തേ ∫ പിശ്രുതാ......സ്ഥിതാ സ്വാഹാ ൨൯

൨൯. തതഃ പ്രഥമമേവാഗ്രേ ശരശക്ത്യൃഷ്ടിവൃഷ്ടിഭിഃ

വവർഷുരുദ്ധതാമർഷാസ്താം ദേവീമമരാരയഃ. ൩൦

തതഃ അമരാരയഃ	= അനന്തരം ശുംഭാദ്യസുരന്മാർ
ഉദ്ധതാമർഷാഃ	= വർദ്ധിച്ചിരിക്കുന്ന കോപത്തോടുകൂടിയവരായിട്ട്
പ്രഥമം ഏവ	= ആദ്യംതന്നെ
താം ദേവീം അഗ്രേ	= ആ ദേവിയുടെ ഉരസ്സിൽ
ശരശക്ത്യൃഷ്ടിവൃഷ്ടിഭിഃ വവർഷുഃ	= ബാണങ്ങളുടെയും വേലുകളുടെയും ഋഷ്ടികളുടെയും കൂട്ടങ്ങളെക്കൊണ്ടു് വർഷിച്ചു.

അനന്തരം ശുംഭാദ്യസുരന്മാർ വർദ്ധിച്ചിരിക്കുന്ന കോപത്തോടുകൂടിയവരായിട്ടു് ആദ്യംതന്നേ ആ ദേവിയുടെ ഉരസ്സിൽ ബാണങ്ങളുടേയും വേലുകളുടേയും ഋഷ്ടികളുടേയും കൂട്ടങ്ങളെ വർഷിച്ചു.

ശാന്ത—അനന്തരം സുരദ്രോഹികളായ ശുംഭാദികൾ പ്രവൃദ്ധരോഷന്മാരായിട്ടു് പ്രഥമാരംഭസമയത്തിൽതന്നെ ചണ്ഡികാദേവിയുടെ അഗ്രഭാഗത്തിൽ (ഉരസ്സിൽ) ശരങ്ങൾ, വേലുകൾ, ഋഷ്ടികൾ ഇവകളുടെ കൂട്ടങ്ങളെ വർഷിച്ചു് ആ ചണ്ഡികാദേവിയെ മൂടി

ഋഷ്ടി = ഖഡ്ഗം. വൃഷ്ടി = ഇടമുറിയാതെയുള്ള വർഷം.

നാഗോ—ഉദ്ധതപദംകൊണ്ടു്, "ഈ ശരപാതാദികളാൽ ശ്രീദേവി ഹനിക്കപ്പെടുന്നവളല്ല എന്നുള്ള വിവേകശൂന്യത്വത്തെ" സൂചിപ്പിച്ചിരിക്കുന്നു.

ജഗ—തതഃ പ്രഥമ......മമരാരയഃ സ്വാഹാ ൩൦

൩൦. സാ ച താൻ പ്രഹിതാൻ ബാണാൻ ശൂലശക്തിപരശ്വധാൻ

ചിച്ഛേദ ലീലയാധ്മാതധനുർമ്മുക്തൈർമ്മഹേഷുഭിഃ. ൩൧

സാ ച	= ആ ദേവിയും
താൻപ്രഹിതാൻബാണാൻ	= അവരാൽ പ്രയോഗിക്കപ്പെട്ട ശരങ്ങളേ—
ശൂലശക്തിപരശ്വധാൻ	= ശൂലം,വേൽ,കോടാലി ഇവകളേയും [യും
ലീലയാ	= കളിയായിട്ടു്

ആധ്മാതധനുമ്മുക്തൈഃ = ശബ്ദത്തോടുകൂടിയ വില്ലിൽനിന്നു് അയയ്ക്കപ്പെട്ട
മഹേഷുഭിഃ ചിച്ഛേദ = മഹാബാണങ്ങളെക്കൊണ്ടു് മുറിച്ചു

ആ ചണ്ഡികാദേവി, അസുരന്മാരാൽ പ്രയോഗിക്കപ്പെട്ട, ബാണം, ശൂലം, വേൽ, കോടാലി ഇവകളെ വില്ലുവലിച്ചു് എയ്ത മഹത്തായിരിക്കുന്ന ബാണങ്ങളെക്കൊണ്ടു് കളിയായിട്ടു് ഛേദിച്ചു.

ശാന്ത—ആ ചണ്ഡികാദേവിയും ആ അസുരന്മാരാൽ പ്രയോഗിക്കപ്പെട്ട ശരങ്ങളേയും, ശൂലങ്ങളേയും, വേലുകളേയും, കഠാരങ്ങളേയും മററു് ആയുധങ്ങളേയും അനായാസേന ഞാണൊലിനിമിത്തം ശബ്ദത്തോടുകൂടിയ വില്ലിൽനിന്നു് അയയ്ക്കപ്പെട്ട പ്രശസ്തശരങ്ങളെക്കൊണ്ടു് മുറിച്ചു.

ജഗ—സാ ച താൻ......മഹേഷുഭിഃ സ്വാഹാ നമഃ

നമഃ. തസ്യാഗ്രതസ്തഥാ കാളീ ശൂലപാതവിദാരിതാൻ
ഖട്വാംഗപോഥിതാംശ്ചാന്യാൻ കുർവ്വതീവ്യചരത്തദാ. ര്ഹെ

തദാ = അപ്പോൾ
തഥാ = അതുപോലെതന്നെ
കാളീ = കാളീദേവി
ശൂലപാതവിദാരിതാൻ = ശൂലായുധം പതിപ്പിച്ചിട്ടു് പിളക്കപ്പെട്ടവരാക്കിയും
അന്യാൻ = മററു ചില അസുരന്മാരെ
ഖട്വാംഗപോഥിതാൻ ച കുർവ്വതീ = ഖട്വാംഗംകൊണ്ടു് ഹിംസിക്കപ്പെട്ടവരാക്കിയും ചെയ്തുംകൊണ്ടു്
തസ്യാഃ അഗ്രതഃ വ്യചരൽ = ആ ദേവിയുടെ മുൻപിൽ സഞ്ചരിച്ചു.

അപ്പോൾ അപ്രകാരംതന്നെ കാളീദേവി ചിലരെ ശൂലപാതംകൊണ്ടു് പിളക്കപ്പെട്ടവരാക്കിയും മററുചിലരെ ഖട്വാംഗംകൊണ്ടു് മട്ടിക്കപ്പെട്ടവരാക്കിയുംചെയ്തുംകൊണ്ടു് ആ ദേവിയുടെ മുൻപിൽ സഞ്ചരിച്ചു.

ശാന്ത—ആ ദേവീദാനവയുദ്ധം നടക്കുമ്പോൾ കാളി, ശത്രുക്കളായ അസുരന്മാരെ ശൂലപാതംകൊണ്ടു് പിളർന്നുകൊണ്ടും മററുചിലരെ ഖട്വാംഗംകൊണ്ടു മട്ടിച്ചുകൊണ്ടും ദേവീസന്നിധിയിൽ സഞ്ചരിച്ചു.

"തസ്യാസ്തഥാഗ്രതഃ കാളീ" എന്നു പാഠഭേദം.

ജഗ—തസ്യാഗ്രത......വ്യചരത്തദാ സ്വാഹാ നമഃ

നമഃ. കമണ്ഡലുജലാക്ഷേപഹതവീര്യാൻ ഹതൗജസഃ
ബ്രഹ്മാണീ ചാകരോച്ഛത്രൂൻ യേന യേന സ്മ ധാവതി. ര്വൈ

ബ്രഹ്മാണീ ച	= ബ്രഹ്മശക്തിയും
യേന യേന ധാവതി സ്മ	= ഏതുദിക്കിൽ ഏതുദിക്കിൽക്കൂടി വേഗത്തിൽ സഞ്ചരിച്ചുവോ അവിടവിടെ (ശത്രുക്കളെ)
കമണ്ഡലുജലാക്ഷേപഹതവീര്യാൻ	= കമണ്ഡലുവിൽനിന്നു് എടുക്കുന്ന ജലംകൊണ്ടുള്ള പ്രോക്ഷണംനിമിത്തം വീര്യമില്ലാത്തവരാക്കിയും
ഹതൗജസഃ അകരോൽ	= ഓജസ്സില്ലാത്തവരാക്കിയും ചെയ്തു.

ആ യുദ്ധത്തിൽ ബ്രഹ്മാണിയും സഞ്ചരിച്ച ദിക്കിലെല്ലാം കമണ്ഡലുവിൽനിന്നും എടുക്കുന്ന ജലപ്രോക്ഷണംകൊണ്ടു് ശത്രുക്കളെ വീര്യമില്ലാത്തവരാക്കിയും ഓജസ്സില്ലാത്തവരാക്കിയുംചെയ്തു.

ശാന്ത—ബ്രാഹ്മീശക്തിയായ ദേവിയും ആ ദാനവയുദ്ധത്തിൽ എവിടെവിടെ എല്ലാം യുദ്ധംചെയ്യുന്നതിനായി സഞ്ചരിച്ചുവോ ആ സ്ഥലങ്ങളിലെല്ലാം ഉള്ള ശത്രുക്കളായ അസുരന്മാരെ കമണ്ഡലുവിൽനിന്നുള്ള ജലത്തിന്റെ പ്രോക്ഷണംഹേതുവായിട്ടു് നശിപ്പിക്കപ്പെട്ട വീര്യബലപ്രഭാവങ്ങളോടുകൂടിയവരാക്കിയുംഓജസ്സില്ലാത്തവരാക്കിയുംചെയ്തു.

ഈ ശ്ലോകംകൊണ്ടു് ബ്രഹ്മാണീപരാക്രമം വർണ്ണിക്കപ്പെട്ടു.

"കമണ്ഡലുജലാക്ഷേപഹതവീര്യാ ഹതൗജസഃ" എന്നു പാഠഭേദം.

ജഗ—കമണ്ഡലു.........ധാവതി സ്വാഹാ. ൩൩

൩൩. മാഹേശ്വരീ ത്രിശൂലേന തഥാ ചക്രേണവൈഷ്ണവീ
ദൈത്യാൻ ജഘാന കൗമാരീ തഥാ ശക്ത്യാതികോപനാ. ൪൬

മാഹേശ്വരീ ത്രിശൂലേന	= മഹേശ്വരശക്തി ശൂലായുധംകൊണ്ടും
തഥാ	= അപ്രകാരംതന്നെ
വൈഷ്ണവീ ചക്രേണ	= വിഷ്ണുശക്തി ചക്രായുധംകൊണ്ടും
തഥാ	= അതുപോലെതന്നെ
അതികോപനാ	= ഏററവും കോപത്തോടുകൂടിയവളായ
കൗമാരീ ശക്ത്യാ	= സുബ്രഹ്മണ്യശക്തിവേലായുധംകൊണ്ടും
ദൈത്യാൻ ജഘാന	= അസുരന്മാരെ നിഗ്രഹിച്ചു.

ആ യുദ്ധത്തിൽ മാഹേശ്വരി ത്രിശൂലംകൊണ്ടും, അതുപോലെതന്നെ വൈഷ്ണവി ചക്രംകൊണ്ടും, അപ്രകാരംതന്നെ അതികോപിഷ്ഠയായ കൗമാരി വേൽകൊണ്ടും അസുരന്മാരെ നിഗ്രഹിച്ചു.

ശാന്ത—ദേവ്യഗ്രത്തിങ്കൽ മഹേശ്വരശക്തിയായ ദേവി അതികോപത്തോടുകൂടിയവളായിട്ടു് ത്രിശൂലംകൊണ്ടു് അസുരന്മാരെ നിഗ്ര

ഹിച്ചു. അതുപോലെതന്നെ അതികോപിഷ്ഠയായ വൈഷ്ണവീശക്തിയും ചക്രംകൊണ്ടു് അസുരന്മാരെ കൊന്നു. അപ്രകാരംതന്നെ സുബ്രഹ്മണ്യശക്തിയായ ദേവത അത്യുഗ്രകോപത്തോടുകൂടി വേലായുധംകൊണ്ടു് അസുരന്മാരെ ഹിംസിച്ചു. ഈ ശ്ലോകംകൊണ്ടു്, മാഹേശ്വരി, വൈഷ്ണവി, കൗമാരി ഈ മൂന്നു ശക്തികളും, ത്രിശ്ശൂലം, ചക്രം, വേൽ ഈ ആയുധങ്ങളെക്കൊണ്ടു് ആ യുദ്ധത്തിൽ കാണിച്ച പരാക്രമങ്ങളെ വർണ്ണിച്ചിരിക്കുന്നു.

ജഗ—മാഹേശ്വരി.........കോപനാ സ്വാഹാ ൩൪

൩൪. ഐന്ദ്രീകുലിശപാതേന ശതശോ ദൈത്യദാനവാഃ
പേതുർവിദാരിതാ ഭൂമൗ രുധിരൗഘപ്രവർഷിണഃ. ൪൫

ഐന്ദ്രീകുലിശപാതേന	=	ഇന്ദ്രശക്തിയുടെ വജ്രായുധംകൊണ്ടുള്ള ആഘാതംനിമിത്തം
ശതശഃ ദൈത്യദാനവാഃ	=	അസംഖ്യം ദൈത്യന്മാരും ദാനവന്മാരും
വിദാരിതാഃ	=	പിളക്കപ്പെട്ടവരായിട്ടു്
രുധിരൗഘപ്രവർഷിണഃ	=	ധാരധാരയായി രക്തത്തെ വർഷിച്ചുകൊണ്ടു്
ഭൂമൗ പേതുഃ	=	യുദ്ധഭൂമിയിൽ പതിച്ചു.

ഐന്ദ്രിയുടെ വജ്രായുധം ഏററതുകൊണ്ടു് അനേകംദൈത്യദാനവന്മാർ പിളക്കപ്പെട്ടവരായിട്ടു് രക്തസമൂഹത്തെ വർഷിച്ചുകൊണ്ടു് ഭൂമിയിൽ പതിച്ചു.

ശാന്ത—ഇന്ദ്രശക്തിയായ ദേവതയുടെ വജ്രായുധംകൊണ്ടുള്ള ആഘാതംനിമിത്തം അസംഖ്യം ദൈത്യദാനവന്മാർ പിളക്കപ്പെട്ടവരായി രക്തസമൂഹത്തെ വർഷിച്ചുകൊണ്ടു് ഭൂമിയിൽ പതിച്ചു. ദൈത്യന്മാർ=ദിതിയിൽനിന്നും ജനിച്ചവർ. ദാനവന്മാർ=ദനുവിൽനിന്നു ജനിച്ചവർ. (ഇങ്ങനെ മാതൃഭേദംകൊണ്ടു് വ്യത്യാസം ഉണ്ടു്.)

ജഗ—ഐന്ദ്രി.........പ്രവർഷിണഃ സ്വാഹാ ൩൫

൩൫. തുണ്ഡപ്രഹാരവിധ്വസ്താ ദംഷ്ട്രാഗ്രക്ഷതവക്ഷസഃ
വാരാഹമൂർത്ത്യാ ന്യപതംശ്ചക്രേണ ച വിദാരിതാഃ. ൪൬

വാരാഹമൂർത്ത്യാ	=	വാരാഹമൂർത്തിയാൽ
തുണ്ഡപ്രഹാരവിധ്വസ്താ	=	മുഖംകൊണ്ടുള്ള അടിനിമിത്തം ധ്വംസിക്കപ്പെട്ടവരായിട്ടും
ദംഷ്ട്രാഗ്രക്ഷതവക്ഷസഃ	=	ദംഷ്ട്രങ്ങളുടെ അഗ്രങ്ങൾകൊണ്ടു് കീറപ്പെട്ട മാറിടത്തോടുകൂടിയവരായിട്ടും
ചക്രേണ	=	ചക്രായുധംകൊണ്ടു്

വിദാരിതാൻ ച	= പിളക്കപ്പെട്ടവരായിട്ടും
ന്യപതൻ	= പതിപ്പിക്കപ്പെട്ടു.

വാരാഹമൂത്തിയായ ദേവി, മുഖംകൊണ്ടു് അടിച്ചും, ദംഷ്ട്രങ്ങളുടെ അററങ്ങൾകൊണ്ടു് മാറിടംകീറിയും, ചക്രായുധംകൊണ്ടു് പിളന്നും അസുരന്മാരെ വീഴ്ത്തി.

ശാന്ത—വിഷ്ണുഭഗവാന്റെ വരാഹാവതാരത്തിലുള്ള മൂത്തിയോടുകൂടിയ വാരാഹി മുഖംകൊണ്ടുള്ള അടിനിമിത്തം ധ്വംസിച്ചിട്ടും, ദംഷ്ട്രാഗ്രങ്ങൾകൊണ്ടു മാറുപിളന്നിട്ടും, ചക്രായുധംകൊണ്ടു കീറിയിട്ടും, അനേകം അസുരന്മാരെ ആ യുദ്ധഭൂമിയിൽ പതിപ്പിച്ചു.

ഈ ശ്ലോകംകൊണ്ടു് വാരാഹിയുടെ പരാക്രമം വണ്ണിക്കപ്പെട്ടു.

ജഗ—തുണ്ഡപ്രഹാര......വിദാരിതാഃ സ്വാഹാ ൩൯

൩൯. നഖൈർവിദാരിതാംശ്ചാന്യാൻ ഭക്ഷയന്തീ മഹാസുരാൻ
നാരസിംഹീ ചചാരാജൗ നാദാപൂണ്ണദിഗംബരാ. ൪൦

നാരസിംഹീ	= നരസിംഹശക്തി
മഹാസുരാൻ	= മഹാസുരന്മാരെ
നഖൈഃ വിദാരിതാൻ	= നഖങ്ങളെക്കൊണ്ടു് കീറിയിട്ടും
അന്യാൻ	= മററുചില അസുരന്മാരെ
ഭക്ഷയന്തീ	= ഭക്ഷിക്കുന്നവളായിട്ടും
നാദാപൂണ്ണദിഗംബരാ	= ശബ്ദംകൊണ്ടു് നിറയ്ക്കപ്പെട്ടദിക്കുകളോടും ആകാശത്തോടും കൂടിയവളായിട്ടു്
ആജൌ ചചാര	= ആ യുദ്ധത്തിൽ സഞ്ചരിച്ചു.

നാരസിംഹി ചില മഹാസുരന്മാരെ നഖങ്ങളാൽ കീറിക്കൊണ്ടും മററുചിലരെ ഭക്ഷിച്ചുകൊണ്ടും നാദംകൊണ്ടു് നിറയ്ക്കപ്പെട്ട ദിഗ്ഭാഗങ്ങളോടും ആകാശത്തോടുംകൂടിയവളായിട്ടു് ആ യുദ്ധത്തിൽ സഞ്ചരിച്ചു.

ശാന്ത—"നാദാപൂണ്ണദിഗന്തരാ" എന്നും, "നാദാപൂരിതദിങ്മുഖാ" എന്നും പാഠഭേദങ്ങളുണ്ടു്. "സിംഹനാദംകൊണ്ടു് നിറയ്ക്കപ്പെട്ട ദിഗ്ഭാഗങ്ങളോടുകൂടിയവൾ" എന്നുതന്നെ രണ്ടിനും അത്ഥം.

നരസിംഹാവതാരമായ വിഷ്ണുഭഗവാന്റെ ശക്തിയായ മഹാവിദ്യുത്തോടുകൂടിയ നാരസിംഹിദേവത അസുരന്മാരെ, നഖങ്ങളാകുന്ന ആയുധങ്ങളെക്കൊണ്ടു കീറിക്കൊണ്ടും ചില മഹാസുരന്മാരെ ഭക്ഷിച്ചുകൊണ്ടും, ദിഗ്ഭാഗങ്ങളേയും ആകാശത്തേയും നാദംകൊണ്ടു് നിറച്ചുകൊണ്ടും, ആ യുദ്ധത്തിൽ സഞ്ചരിച്ചു.

ജഗ—നഖൈ......ദിഗംബരാ സ്വാഹാ ൩൦

൩൯. ചണ്ഡാട്ടഹാസൈരസുരാഃ ശിവദൂത്യഭിദൂഷിതാഃ
പേതുർവ്വിദാരിതാ ഭൂമൌ താംശ്ചഖാദാഥ സാ തദാ. ൪൦

അസുരാഃ	= അസുരന്മാർ
ചണ്ഡാട്ടഹാസൈഃ	= ഭയങ്കരാട്ടഹാസങ്ങളെക്കൊണ്ടു്
ശിവദൂത്യഭിദൂഷിതാഃ	= ശിവദൂതിയാൽ മൂർച്ഛയെ പ്രാപിപ്പിക്കപ്പെട്ടവരായി
വിദാരിതാഃ	= പിളക്കപ്പെട്ടവരായിട്ടു്
ഭൂമൌ പേതുഃ	= ഭൂമിയിൽ പതിച്ചു.
അഥ തദാ സാ	= ഉടനേതന്നെ ആ ശിവദൂതീദേവി
താൻ ചഖാദ	= അവരെ ഭക്ഷിച്ചു.

ശിവദൂതിയുടെ ഭയങ്കരമായ അട്ടഹാസംകേട്ടു് ഭയപ്പെട്ട ഭൂമിയിൽ പതിച്ച അസുരന്മാരെ ഉടനേതന്നെ ആ ദേവി കീറി ഭക്ഷിച്ചു.

ശാന്ത—ചണ്ഡികോല്പന്നയായ ശിവദൂതീശക്തിയാൽ, ഭയങ്കരാട്ടഹാസങ്ങൾനിമിത്തം അസുരന്മാർ മൂർച്ഛയെ പ്രാപിപ്പിക്കപ്പെട്ടവരായി പിളക്കപ്പെട്ടവരായിട്ടു് യുദ്ധഭൂമിയിൽ വീണു. ആ ദേവി ഉടനേതന്നെ അവരെ ഭക്ഷിക്കുകയും ചെയ്തു.

ജഗ—ചണ്ഡാട്ടഹാസൈ......സാ തദാ സ്വാഹാ ൩൯

൩൯. ഇതി മാതൃഗണം ക്രുദ്ധം മർദ്ദയന്തം മഹാസുരാൻ
ദൃഷ്ട്വാഭ്യുപായൈർവിവിധൈർന്നേശുർദ്ദേവാരിസൈനികാഃ. ൪൦

ഇതി വിവിധൈഃ	= ഇങ്ങനെ പലവിധത്തിലുള്ള
അഭ്യുപായൈഃ	= യുദ്ധോപായങ്ങളെക്കൊണ്ടു്
മഹാസുരാൻ മർദ്ദയന്തം	= മഹാസുരന്മാരെ മർദ്ദിക്കുന്ന
ക്രുദ്ധം മാതൃഗണം	= കോപിച്ച മാതൃഗണത്തെ
ദൃഷ്ട്വാ	= കണ്ടിട്ടു്
ദേവാരിസൈനികാഃ	= അസുരസൈന്യങ്ങൾ
നേശുഃ	= നശിച്ചു (ഓടിപ്പോയി)

ഇപ്രകാരം പലവിധയുദ്ധോപായങ്ങളെക്കൊണ്ടു് മഹാസുരന്മാരെ മർദ്ദിക്കുന്നവരും കോപിച്ചവരും ആയ അഷ്ടമാതൃക്കളെക്കണ്ടിട്ടു് അസുരസൈന്യങ്ങൾ ഓടിപ്പോയി.

ശാന്ത—ഇങ്ങനെ ബഹുവിധത്തിലുള്ള അമോഘങ്ങളായ യുദ്ധസാധനങ്ങളെക്കൊണ്ടു് മഹാസുരന്മാരെ മർദ്ദിക്കുന്ന കോപിച്ച അഷ്ടമാതൃക്കളെ കണ്ടിട്ടു് അസുരസൈന്യങ്ങൾ ഓടിപ്പോയി.

"ബ്രഹ്മാണി, വൈഷ്ണവീ, രൌദ്രീ, കൌമാരീ, ശിവദൂതികാ,
ഐന്ദ്രീ ച, നാരസിംഹികാ, വാരാഹീചാഷ്ടമാതരഃ (എന്നു്)

ജഗ—ഇതി മാതൃഗണം......സൈനികാ സ്വാഹാ ൩൯

൩൯. പലായനപരാൻ ദൃഷ്ട്വാ ദൈത്യാൻ മാതൃഗണാർദ്ദിതാൻ
യോദ്ധുമഭ്യായയൌ ക്രുദ്ധോ രക്തബീജോ മഹാസുരഃ ൪൦

രക്തബീജഃ മഹാസുരഃ = രക്തബീജൻ എന്ന മഹാസുരൻ
ദൈത്യാൻമാതൃഗണാർദ്ദിതാൻ= അസുരന്മാരെ മാതൃഗണങ്ങളാൽ പീഡിപ്പിക്കപ്പെട്ടവരായിട്ടു
പലായനപരാൻ ദൃഷ്ട്വാ = ഓടിപ്പോകുന്നതിൽതാല്പൎയ്യമുള്ളവരായി [കണ്ടിട്ടു
ക്രുദ്ധഃ = കോപാവിഷ്ടനായിത്തീൎന്ന്
യോദ്ധും അഭ്യായയൌ = യുദ്ധത്തിനായിക്കൊണ്ടു നേരിട്ടുചെന്നു.

രക്തബീജൻ എന്ന മഹാസുരൻ, മാതൃഗണങ്ങളാൽ മൎദ്ദിക്കപ്പെട്ട അസുരന്മാർ ഓടിപ്പോകുന്നതുകണ്ടു് കോപിച്ചു യുദ്ധത്തിനായി വന്നു.

ഗുപ്ത—ഈ ശ്ലോകം കഴിഞ്ഞു്:—

"ഭാഗിനേയോ മഹാവീൎയ്യസ്തയോഃ ശുംഭനിശുംഭയോഃ
ക്രോധവത്യാഃ സുതോ ജ്യേഷ്ഠോ മഹാബലപരാക്രമഃ" എന്നു്
ഒരു ശ്ലോകംകൂടി കാണുന്നു.

ശാന്ത— അസുരന്മാർ ബ്രഹ്മാണ്യാദി മാതൃക്കളാൽ പീഡിപ്പിക്കപ്പെട്ടു് യുദ്ധഭൂമിയിൽനിന്നു് ഓടിപ്പോകുന്നതിൽ തല്പരന്മാരായിത്തീൎന്നതുകണ്ടിട്ടു്, രക്തബീജമഹാസുരൻ, കോപത്തോടുകൂടിയവനായിഭവിച്ചു ദേവിയോടുകൂടി യുദ്ധത്തിനായി വന്നു.

രക്തബീജൻ = രക്തത്തെ ബീജമാക്കി ചെയ്തിരിക്കുന്നവൻ.

നാഗോ—രക്തബീജൻ = രക്തംബീജമായി = കാരണമായി ഉള്ളവൻ.

ദംശോ—രക്തബീജൻ=ശോണിതമാകുന്ന ബീജത്തെ പിന്നെയും പിന്നെയും ഉത്ഭവിപ്പിക്കുന്നവൻ.

ജഗ—പലായന......മഹാസുരഃ സ്വാഹാ ൪൦

൪൦. രക്തബിന്ദുൎയ്യദാ ഭൂമൌ പതത്യസ്യ ശരീരതഃ
സമുല്പതതി മേദിന്യാസ്തൽപ്രമാണോ മഹാസുരഃ. ൪൧

അസ്യ ശരീരതഃ = ഈ രക്തബീജന്റെ ദേഹത്തിൽനിന്നു്
രക്തബിന്ദുഃ = ചോരത്തുള്ളി
യദാ ഭൂമൌ പതതി = എപ്പോഠം ഭൂമിയിൽ വീഴുന്നുവോ (അപ്പോഠം)
തൽപ്രമാണഃ മഹാസുരഃ = രക്തബീജനെപ്പോലെയുള്ള ഒരു മഹാസു
മേദിന്യാഃ സമുല്പതതി = ഭൂമിയിൽനിന്നു് ഉത്ഭവിക്കുന്നു. [രൻ

ഈ രക്തബീജന്റെ ശരീരത്തിൽനിന്നു് എപ്പോഴം ഒരുതുള്ളിര ക്തം ഭൂമിയിൽ പതിക്കുന്നുവോ അപ്പോഴംതന്നെ അവനെപ്പോലെ ഒരു മഹാസുരൻ ആ ഭൂമിയിൽനിന്നു് ഉണ്ടാകുന്നു.

ശാന്ത— ഈ രക്തബീജമഹാസുരന്റെ ശരീരത്തിൽനിന്നു് ഒരു രക്തത്തുള്ളി എപ്പോഴം ഭൂമിയിൽ വീഴുന്നുവോ അപ്പോഴംതന്നെ ആ രക്തബീജന്റെ ശരീരപ്രമാണകനായ് ഒരു മഹാസുരൻ ആ ഭൂമിയിൽ നിന്നു് ഉണ്ടാകുന്നു.

അതുകൊണ്ടു് ആ അസുരനു് രക്തബീജനെന്നും, രക്തബിന്ദുബീ ജനെന്നും, രക്തബിന്ദുവെന്നും വിഖ്യാതിയുള്ളതാകുന്നു.

ജഗ—രക്തബിന്ദു...മഹാസുരഃ സ്വാഹാ. ൪൧

൪൧. യുയുധേ സ ഗദാപാണിരിന്ദ്രശക്ത്യാ മഹാസുരഃ
തതശ്ചൈന്ദ്രീ സ്വവജ്രേണ രക്തബീജമതാഡയൽ ൪൨

സഃ മഹാസുരഃ	= ആ രക്തബീജമഹാസുരൻ
ഗദാപാണിഃ	= കയ്യിൽ ഗദ ധരിച്ചുംകൊണ്ടു്
ഇന്ദ്രശക്ത്യാ യുയുധേ	= ഐന്ദ്രിയോടുകൂടി യുദ്ധം ചെയ്തു.
തതഃ ഐന്ദ്രീ	= അനന്തരം ആ ഇന്ദ്രശക്തി
സ്വവജ്രേണ	= തന്റെ വജ്രായുധംകൊണ്ടു്
രക്തബീജം അതാഡയൽ	= രക്തബീജനെ താഡിച്ചു.

ആ രക്തബീജമഹാസുരൻ കയ്യിൽ ഗദ ധരിച്ചുംകൊണ്ടു് ഐന്ദ്രിയോടുകൂടി യുദ്ധംചെയ്തു. അനന്തരം ഐന്ദ്രി തന്റെ വജ്രായു ധംകൊണ്ടു് രക്തബീജനെ താഡിച്ചു.

ശാന്ത—ആ രക്തബിന്ദുബീജനായ മഹാസുരൻ ഗദ കയ്യിൽ ധരിച്ചുംകൊണ്ടു് ഐന്ദ്രിയായ ശക്തിയോടുകൂടി യുദ്ധംചെയ്തു. അന ന്തരം ആ ഇന്ദ്രശക്തിയായ ദേവത നിജായുധമായ കുലിശംകൊണ്ടു് ആ രക്തബീജമഹാസുരനെ താഡിച്ചു.

ജഗ—യുയുധേ...താഡയൽ സ്വാഹാ ൪൨

൪൨. കുലിശേനാഹതസ്യാശു ബഹു സുസ്രാവ ശോണിതം
സമുത്തസ്ഥുസ്തതോ യോധാസ്തദ്രൂപാസ്തൽപരാക്രമാഃ. ൪൩

കുലിശേന	= വജ്രായുധംകൊണ്ടു്
ആഹതസ്യ	= താഡിതനായ രക്തബീജന്റെ ശരീ രത്തിൽനിന്നു്
ബഹു ശോണിതം ആശു	= വളരെ ചോര വേഗത്തിൽ
സുസ്രാവ	= സ്രവിച്ചു.
തതഃ	= ആ ശോണിതത്തിൽനിന്നു്
തദ്രൂപാഃ	= രക്തബീജരൂപത്തോടുകൂടിയവരായി

തൽപരാക്രമാഃ = അവനെപ്പോലെ പരാക്രമമുള്ളവരായിരി[ക്കുന്ന
യോധാഃ സമുത്തസ്ഥുഃ = യോദ്ധാക്കൾ എഴുന്നേററു.

വജ്രായുധംകൊണ്ടു് താഡിതനായ രക്തബീജൻെറ ശരീരത്തിൽ നിന്നു് വളരെ രക്തം പ്രവഹിച്ചു. ആ രക്തത്തിൽനിന്നു് അവൻെറ രൂപത്തോടും പരാക്രമത്തോടുംകൂടിയവരായ യോദ്ധാക്കൾ ഉത്ഭവിച്ചു.

ശാന്ത—ഇന്ദ്രശക്തിയായ ഐന്ദ്രീദേവതയുടെ വജ്രായുധത്താൽ താഡിതനായ രക്തബിജമഹാസുരൻെറ ശരീരത്തിൽനിന്നു് വളരെ ചോര വേഗത്തിൽ ഭൂമിയിൽ പതിച്ചു. ആ രക്തത്തിൽനിന്നു് രക്തബീജനെപ്പോലെ ഉള്ള ആകൃതിയോടുകൂടിയവരായും അവനെപ്പോലെ പരാക്രമത്തോടുകൂടിയവരായും ഇരിക്കുന്ന യോദ്ധാക്കളായ മഹാസുരന്മാർ സമുത്ഭവിച്ചു.

ജഗ—കുലിശേന......പരാക്രമാഃ സ്വാഹാ ൪൩

൪൩. യാവന്തഃ പതിതാസ്തസ്യ ശരീരാദ്രക്തബിന്ദവഃ
താവന്തഃ പുരുഷാ ജാതാസ്തദ്വീര്യ്യബലവിക്രമാഃ. ൪൰൩

തസ്യ ശരീരാൽ = അവൻെറ ശരീരത്തിങ്കൽനിന്നു്
യാവന്തഃ രക്തബിന്ദവഃ പതിതാഃ = എത്രത്തോളം ചോരത്തുള്ളികൾ പതിച്ചുവോ
താവന്തഃ = അത്രത്തോളം
തദ്വീര്യ്യബലവിക്രമാഃ = അവനെപ്പോലെ വീര്യ്യത്തോടും ബലത്തോടും വിക്രമത്തോടും കൂടിവരായ
പുരുഷാഃ ജാതാഃ = പുരുഷന്മാർ ഉണ്ടായി.

ആ രക്തബീജൻെറ ശരീരത്തിൽനിന്നു് എത്രത്തോളം ചോരത്തുള്ളികൾ ഭൂമിയിൽപതിച്ചുവോ? അവനെപ്പോലെ വീര്യ്യബലപരാക്രമത്തോടുകൂടിയവരായ അത്രത്തോളം പുരുഷന്മാർ ഉണ്ടായി.

ശാന്ത—ആ രക്തബിജാസുരൻെറ ശരിരത്തിങ്കൽനിന്നു് എത്രത്തോളം—എത്രസംഖ്യ—രക്തബിന്ദുക്കൾ ഭൂമിയിൽ പതിച്ചുവോ അത്രത്തോളംസംഖ്യ തന്നെ പുരുഷന്മാർ—ആ രക്തബീജനെപ്പോലെ ബലവീര്യ്യപരാക്രമത്തോടുകൂടിയ അസുരന്മാർ—ഉണ്ടായി.

ജഗ—യാവന്തഃ...വിക്രമാഃ സ്വാഹാ. ൪൪

൪൪. തേ ചാപി യുയുധുസ്തത്ര പുരുഷാ രക്തസംഭവാഃ
സമം മാതൃഭിരത്യുഗ്രശസ്ത്രപാതാതിഭീഷണം. ൪൰൪

തത്ര = ആ യുദ്ധത്തിൽ
രക്തസംഭവാഃ = രക്തത്തിൽനിന്നും ഉത്ഭവിച്ചവരായ
തേ പുരുഷാഃ ച അപി = ആ പുരുഷന്മാരും

മാതൃഭിഃ സമം	= മാതൃക്കളോട്ടുകൂടി
അത്യുഗ്രശസ്ത്രപാതാതിഭീഷണം	= അത്യുഗ്രങ്ങളായിരിക്കുന്ന ശസ്ത്രങ്ങളുടെ പാതനംനിമിത്തം അതിഭയങ്കരമാകുംവണ്ണം
യുയുധുഃ	= യുദ്ധംചെയ്തു.

ആ യുദ്ധത്തിൽ, രക്തത്തിൽനിന്നും ഉണ്ടായവരായ അസുരന്മാരും മാതൃക്കളോട്ടുകൂടി അത്യുഗ്രങ്ങളായിരിക്കുന്ന ശസ്ത്രപാതംനിമിത്തം അതിഭയങ്കരമാകുംവണ്ണം പോർചെയ്തു.

ശാന്ത—ആ ദേവീദാനവയുദ്ധത്തിൽ രക്തബീജാസുരന്റെ രക്തത്തിൽനിന്ന് ഉത്ഭവിച്ച പുരുഷന്മാരായ ദൈത്യന്മാരും ബ്രഹ്മാണ്യാദിമാതൃക്കളോട്ടുകൂടി അത്യുഗ്രങ്ങളായിരിക്കുന്ന ശസ്ത്രങ്ങളുടെ പാതംനിമിത്തം അതിഭയങ്കരമാകുംവണ്ണം യുദ്ധംചെയ്തു.

ജഗ—തേ ചാപി.........ഭീഷണം സ്വാഹാ ൪൭

൪൭. പുനശ്ച വജ്രപാതേന ക്ഷതമസ്യശിരോ യദാ
വവാഹ രക്തം പുരുഷാസ്തതോ ജാതാഃ സഹസ്രശഃ. ൪൮

പുനഃ ച വജ്രപാതേന	= പിന്നെയും വജ്രായുധം പതിച്ചതുകൊണ്ട്
അസ്യ ശിരഃ	= ഈ രക്തബീജന്റെ ശിരസ്സ്
യദാ ക്ഷതം	= എപ്പോൾ മുറിഞ്ഞുവോ അപ്പോൾ
രക്തം വവാഹ	= ചോര പ്രവഹിച്ചു.
തതഃ	= ആ രക്തപ്രവാഹത്തിൽനിന്ന്
സഹസ്രശഃ പുരുഷാഃ	= അസംഖ്യം പുരുഷന്മാർ
ജാതാഃ	= ജനിച്ചു.

പിന്നെയും വജ്രായുധമേററ് ഈ രക്തബീജന്റെ ശിരസ്സ് മുറിഞ്ഞപ്പോൾ രക്തം പ്രവഹിച്ചു. ആ രക്തപ്രവാഹത്തിൽനിന്ന് അസംഖ്യം അസുരന്മാർ ഉണ്ടായി.

ശാന്ത—പിന്നെയും ഐന്ദ്രീശക്തിയാൽ ചെയ്യപ്പെട്ട വജ്രപാതംകൊണ്ട് ഈ രക്തബീജമഹാസുരന്റെ മസ്തകം എപ്പോൾ മുറിക്കപ്പെട്ടുവോ അപ്പോൾ ആ വജ്രതാഡിതമസ്തകത്തിൽനിന്ന് രക്തം പ്രവഹിച്ചു. ആ രക്തപ്രവാഹത്തിൽനിന്നും അനേകം അനേകം അസുരന്മാർ ജനിച്ചു

ജഗ—പുനശ്ച...സഹസ്രശഃ സ്വാഹാ ൪൮

൪൮. വൈഷ്ണവീ സമരേ ചൈനം ചക്രേണാഭിജഘാന ഹ
ഗദയാ താഡയാമാസ ഐന്ദ്രീ തമസുരേശ്വരം. ൪൯

സമരേ വൈഷ്ണവീ ച	= യുദ്ധത്തിൽ വിഷ്ണുശക്തിയും
ഏനം	= ഈ രക്തബീജനെ
ചക്രേണ അഭിജഘാന ഹ	= ചക്രായുധംകൊണ്ടു് അഭിഹനിച്ചു.
ഐന്ദ്രീ തം അസുരേശ്വരം	= ഇന്ദ്രശക്തി ആ അസുരശ്രേഷ്ഠനെ
ഗദയാ താഡയാമാസ	= ഗദകൊണ്ടു് താഡിച്ചു.

യുദ്ധത്തിൽ വൈഷ്ണവി ഈ രക്തബീജനെ ചക്രായുധംകൊണ്ടു് അഭിഹനിച്ചു. ഐന്ദ്രി ആ അസുരശ്രേഷ്ഠനെ ഗദകൊണ്ടു താഡിച്ചു.

ശാന്ത—യുദ്ധത്തിൽ ആ വൈഷ്ണവീശക്തി ഈ രക്തബീജാസുരനെ വൈഷ്ണവായുധമായ ചക്രംകൊണ്ടു് ഹിംസിച്ചു. ഐന്ദ്രിയായിരിക്കുന്ന ശക്തി ഇവനെ ഗദകൊണ്ടു താഡിച്ചു.

നാഗോ—('ഐന്ദ്രീതം' എന്നു് ഒരു പാഠം) ഇന്ദ്രശക്തിയിങ്കൽനിന്നു് പരാങ്മുഖനായിട്ടു സ്വസമ്മുഖനായിവന്ന ഈ രക്തബീജനെ വൈഷ്ണവി ചക്രംകൊണ്ടു് ഹനിക്കുകയും ഗദകൊണ്ടു താഡിക്കുകയും ചെയ്തു.

ദംശോ—ഐന്ദ്രിയുടെ സമീപത്തിൽനിന്നുവന്ന ഈ രക്തബീജാസുരനെ വൈഷ്ണവി, ചക്രംകൊണ്ടു ഹിംസിക്കുകയും ഗദകൊണ്ടു താഡിക്കുകയും ചെയ്തു.

ഐന്ദ്രിക്കു് ഗദ എന്നു് ഒരായുധം ഇല്ലായ്കയാൽ അന്യാസ്ത്രങ്ങളെക്കൊണ്ടും യുദ്ധം ചെയ്യുന്നു എന്നു് ചിലർ പറയുന്നു. ചിലർ, ഗദകൊണ്ടു്=ക്രൂരവാക്കുകൊണ്ടു് അവനെ ഭർത്സിച്ചു എന്നു പറയുന്നു. "ഗദനം ഗദഃ" എന്നുണ്ടു്.

ജഗ—വൈഷ്ണവീ...മസുരേശ്വരം സ്വാഹാ ൪൭

൪൭. വൈഷ്ണവീചക്രഭിന്നസ്യ രുധിരസ്രാവസംഭവൈഃ
സഹസ്രശോ ജഗദ്വ്യാപ്തം തൽപ്രമാണൈർമ്മഹാസുരൈഃ. ൪൮

വൈഷ്ണവീചക്രഭിന്നസ്യ	= വൈഷ്ണവിയുടെ ചക്രായുധംകൊണ്ടു മുറിക്കപ്പെട്ട (രക്തബീജന്റെ)
രുധിരസ്രാവസംഭവൈഃ	= രക്തപ്രവാഹത്തിൽനിന്നു സംഭവിച്ചവരായി
തൽപ്രമാണൈഃ	= അവനെപ്പോലെയുള്ളവരായി ഇരിക്കുന്ന
സഹസ്രശഃ മഹാസുരൈഃ	= അനേകായിരംമഹാസുരന്മാരെക്കൊണ്ടു്
ജഗൽ വ്യാപ്തം	= ഭുവനം നിറയപ്പെട്ടു.

വൈഷ്ണവിയുടെ ചക്രായുധംകൊണ്ടു മുറിക്കപ്പെട്ട രക്തബീജന്റെ രക്തപ്രവാഹസംഭവന്മാരായി, അവനെപ്പോലെയുള്ളവരായ

ഇരിക്കുന്ന അനേകായിരം മഹാസുരന്മാരെക്കൊണ്ടു് ജഗത്തു് നിറയപ്പെട്ടു.

ശാന്ത—വൈഷ്ണവീശക്തിയായ ദേവതയുടെ ചക്രായുധംകൊണ്ടു് പിളക്കപ്പെട്ട രക്തബീജമഹാസുരന്റെ രക്തപ്രവാഹസമുൽഭൂതന്മാരായി രക്തബീജാസുരസദൃശന്മാരായിരിക്കുന്ന അനേകമനേകമായിരം മഹാസുരന്മാരെക്കൊണ്ടു് ജഗത്തു് വ്യാപിക്കപ്പെട്ടതായിത്തീൻ.

ജഗ—വൈഷ്ണവീ...മഹാസുരൈഃ സഹസ്രശഃ ൪൮.

൪൯. ശക്ത്യാ ജഘാന കൗമാരീ വാരാഹീ ച തഥാസിനാ
മാഹേശ്വരീ ത്രിശൂലേന രക്തബീജം മഹാസുരം. ൪൯

കൌമാരീ ശക്ത്യാ	= കുമാരശക്തി വേൽകൊണ്ടും
തഥാ	= അതുപോലെ
വാരാഹീ അസിനാ ച	= വരാഹശക്തി വാൾകൊണ്ടും
മാഹേശ്വരീ ത്രിശൂലേന	= മഹേശ്വരശക്തി മൂന്നുമുനയുള്ളശൂലം കൊണ്ടും
രക്തബീജം മഹാസുരം	= രക്തബീജനെന്ന മഹാസുരനെ
ജഘാന	= ഹിംസിച്ചു.

ആ രക്തബീജമഹാസുരനെ കൌമാരി, വേൽകൊണ്ടും, അപ്രകാരംതന്നെ വാരാഹി വാൾകൊണ്ടും, മാഹേശ്വരി ത്രിശൂലം കൊണ്ടും താഡിച്ചു.

ശാന്ത—കൌമാരീശക്തി വേലായുധംകൊണ്ടു രക്തബീജനെ താഡിച്ചു. അതുപോലെ വാരാഹീശക്തി വാൾകൊണ്ടു് അവനെ താഡിച്ചു. വാരാഹീദേവിക്കു് മുഖംമാത്രമേ വരാഹത്തെ അനുസരിച്ചുള്ളു. കരചരണാദികൾ വരാഹത്തെപ്പോലെയല്ല. അതുകൊണ്ടു യുദ്ധത്തിൽ ഖഡ്ഗസ്വീകാരം യുക്തംതന്നെ.

മാഹേശ്വരീശക്തി ശൂലംകൊണ്ടു് അവനെ താഡിച്ചു.

ഈ ശ്ലോകംകഴിഞ്ഞു്:—

"താഡയാമാസ ഹൃദയേ ന ചചാല തഥാപി സഃ" എന്നു് ഒരു അർദ്ധശ്ലോകംകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നു.

ജഗ—ശക്ത്യാ ജഘാന......മഹാസുരം സഹസ്രശഃ ൪൯.

൫൦. സ ചാപി ഗദയാ ദൈത്യഃ സർവ്വാ ഏവാഹനൽ പൃഥക്
മാതൄഃ കോപസമാവിഷ്ടോ രക്തബീജോ മഹാസുരഃ. ൫൦

സഃ രക്തബീജഃ	= ആ രക്തബീജൻ എന്ന
മഹാസുരഃ ദൈത്യഃ അപി	= മഹാസുരനായ ദൈത്യനും

കോപസമാവിഷ്ടഃ	= കോപത്തോടുകൂടിയവനായിട്ട്
ഗദയാ സർവാഃ മാതൄഃ	= ഗദകൊണ്ട് എല്ലാ മാതൃക്കളേയും
പൃഥക് ഏവ	= വേറെവേറെ തന്നെ
ആഘനൽ ച	= ഹനിക്കുകയും ചെയ്തു.

ആ രക്തബീജമഹാസുരനായ ദൈത്യൻ കോപത്തോടുകൂടി എല്ലാ മാതൃക്കളേയും വേറെവേറെ ഗദകൊണ്ട് താഡിച്ചു.

ശാന്ത — ആ രക്തബീജദൈത്യൻ കോപാഗ്നിജ്വാലാകുലനായിട്ട് ഗദായുധംകൊണ്ടു ബ്രഹ്മാണ്യാദിശക്തികളെയെല്ലാം വെവ്വേറെ താഡിച്ചു

ജഗ — സ ചാപി ഗദയാ......മഹാസുരഃ സ്വാഹാ ൪൦

൪൦. തസ്യാഹതസ്യ ബഹുധാ ശക്തിശൂലാദിഭിർഭുവി
പപാത യോ വൈ രക്തൗഘസ്തേനാസഞ്ഛതശോ ƒസുരാഃ൪൦

ശക്തിശൂലാദിഭിഃ	= വേൽ ശൂലം മുതലായ ആയുധങ്ങളാൽ
ബഹുധാ ആഹതസ്യ	= പലപ്രകാരത്തിൽ താഡിക്കപ്പെട്ട
തസ്യ യഃ രക്തൗഘഃ വൈ	= അവൻെറ യാതൊരുരക്തസമൂഹം
പപാത തേന	= പതിച്ചുവോ അതുനിമിത്തം
ശതശഃ അസുരാഃ ആസൻ	= അസംഖ്യം അസുരന്മാർ ഭവിച്ചു.

വേൽ ശൂലം മുതലായ ആയുധങ്ങളാൽ പലവിധത്തിൽ താഡിക്കപ്പെട്ട രക്തബീജൻെറ രക്തസമൂഹം ഭൂമിയിൽ പതിച്ചതുകൊണ്ട് അസംഖ്യം അസുരന്മാർ ഉണ്ടായി.

ശാന്ത — ശക്തി, ശൂലം മുതലായ ആയുധങ്ങളെക്കൊണ്ടു പല പ്രകാരത്തിൽ താഡിതനായിരിക്കുന്ന ആ രക്തബീജൻെറ വേഗത്തോടുകൂടിയ രുധിരപ്രവാഹം ഭൂമിയിൽ പതിച്ചതുനിമിത്തം നൂറ്, ആയിരം, ലക്ഷം, കോടി, അനന്തം അസുരന്മാർ രക്തബീജാസുരനെപ്പോലെ കായപരിണാമത്തോടും പരാക്രമത്തോടുംകൂടി ഉണ്ടായി.

ശക്തിശൂലാദ്യായുധങ്ങൾ എന്നു പറഞ്ഞതുകൊണ്ട് എല്ലാ മാതൃക്കളുടേയും ആയുധങ്ങളെ ധരിച്ചുകൊള്ളണം.

ബ്രഹ്മാണിയുടെ ആയുധം ശത്രുക്കളെ ഹനിക്കുന്ന മന്ത്രമാകുന്നു. വൈഷ്ണവിക്ക് ചക്രം, മാഹേശ്വരിക്ക് ശൂലം, കൗമാരിക്കു വേൽ, ഐന്ദ്രിക്ക് വജ്രം, വാരാഹിക്ക് ചക്രവും മുഖവും നഖങ്ങളും, ശിവദൂതിക്ക് ശൂലവും പിനാകമെന്ന വില്ലും, കാളിക്കു ശൂലവും ചക്രവും.

ജഗ — തസ്യാഹതസ്യ......ശോ ƒസുരാഃ സ്വാഹാ ൪൧

൪൧. തൈശ്ചാസുരാസൃക്സംഭൂതൈരസുരൈഃ സകലം ജഗൽ
വ്യാപ്തമാസീത്തതോ ദേവാ ഭയമാജഗ്മുരുത്തമം. ൪൧

അസുരാസൃക്സംഭൂതൈഃ	= രക്തബീജന്റെ രക്തത്തിൽനിന്നുണ്ടായ
തൈഃ അസുരൈഃ	= ആ അസുരന്മാരെക്കൊണ്ടു്
സകലം ജഗൽ ച	= ജഗത്തു മുഴുവനും
വ്യാപ്തം ആസീൽ	= വ്യാപിക്കപ്പെട്ടതായിത്തീൎന്നു.
തതഃ ദേവാഃ	= അതുനിമിത്തം ദേവന്മാർ
ഉത്തമം ഭയം ആജഗ്മുഃ	= നിരതിശയമായ ഭയത്തെ പ്രാപിച്ചു.

രക്തബീജന്റെ രക്തത്തിൽനിന്നുണ്ടായ ആ അസുരന്മാരാൽ ജഗത്തുമുഴുവനും നിറയപ്പെട്ടതുകൊണ്ടു് ദേവന്മാർ വളരെ ഭയപ്പെട്ടു.

ശാന്ത—രക്തബീജാസുരന്റെ രക്തപ്രവാഹത്തിൽനിന്നു് ഉത്ഭവിച്ച നാമനിർദ്ദേശത്തോടുകൂടാത്ത, രക്തബീജസദൃശന്മാരായി ഘാതുകന്മാരായി ഇരിക്കുന്ന അസുരന്മാരാൽ ത്രൈലോക്യംമുഴുവനും വ്യാപ്തമായി. അതുനിമിത്തം ദേവന്മാർ വളരെ ഭയപ്പെട്ടു.

ജഗ—തൈശ്ചാസുരാ......ജഗ്മുരുത്തമം സ്വാഹാ ൫൨.

൫൨. താൻ വിഷണ്ണാൻ സുരാൻ ദൃഷ്ട്വാ ചണ്ഡികാ പ്രാഹ സത്വരാ
ഉവാച കാളീം ചാമുണ്ഡേ! വിസ്തീൎണ്ണം വദനം കുരു. ൫൩.

ചണ്ഡികാ	= ചണ്ഡികാദേവി
താൻ സുരാൻ	= ആ ദേവന്മാരെ
വിഷണ്ണാൻ ദൃഷ്ട്വാ	= വിഷാദത്തോടുകൂടിയവരായി കണ്ടിട്ടു്
സത്വരാ പ്രാഹ	= വേഗത്തോടുകൂടിയവളായി പറഞ്ഞു.
ചാമുണ്ഡേ!	= അല്ലയോ ചാമുണ്ഡേ!
വദനം	= മുഖത്തെ
വിസ്തീൎണ്ണം കുരു	= വിസ്താരമുള്ളതാക്കി ചെയ്താലും എന്നു്
കാളീം ഉവാച	= കാളീദേവിയോടു് പറഞ്ഞു.

ചണ്ഡികാദേവി, വിഷാദത്തോടുകൂടിയ ആ ദേവന്മാരെ കണ്ടിട്ടു്, കാളിദേവിയോടു്, "ഹേ ചാമുണ്ഡേ! മുഖത്തെ വിസ്താരമുള്ളതാക്കി ച്ചെയ്താലും" എന്നു് വേഗത്തിൽ പറഞ്ഞു.

ശാന്ത—ചണ്ഡികാദേവി, ദേവന്മാരെ ദുഃഖിതന്മാരായി കണ്ടിട്ടു് സംഭ്രമത്തോടുകൂടി അവരോടു് "നിങ്ങൾ ദുഃഖിക്കേണ്ട, സ്വസ്ഥന്മാരായിരുന്നാലും, ഇപ്പോൾത്തന്നെ നിങ്ങളുടെ ശത്രുക്കളെ നശിപ്പിക്കുന്നുണ്ടു്" എന്നുപറഞ്ഞു് ദേവന്മാരെ ആശ്വാസപ്പെടുത്തി. അനന്തരം കാളിയോടു പറഞ്ഞു: "ഹേ ചാമുണ്ഡേ! ഹേ കാളി! നീ നിന്റെ മുഖത്തെ വിസ്താരപ്പെടുത്തിയാലും."

പ്രാഹ സത്വരാ = യുദ്ധത്തിൽ സംഭ്രമത്തോടുകൂടിയവൾ.

"പ്രയയൗ പ്രാഹ കാമ്യയാ" എന്നു ദേവീപുരാണം.

അല്ലെങ്കിൽ, പ്രാഹസത്വരാ=പ്രാഹസൽ, ത്വരാ എന്നു പദച്ഛേദം. പ്രാഹസൽ=ആക്ഷേപിച്ചു. ചണ്ഡികാദേവി ആ ദുഃഖിതന്മാരായ ദേവന്മാരെ കണ്ടിട്ടു വേഗത്തിൽ, ഇത്രമാത്രംകൊണ്ടു്—രക്തബീജരക്തത്തിൽ നിന്നുണ്ടായ ജന്തുക്കളുടെ ദർശനംകൊണ്ടു് നിങ്ങൾ ഭയപ്പെട്ടുവല്ലോ എന്നു് ആക്ഷേപിച്ചു.

ദംശോ—പ്രാഹസൽ=ആ ദേവന്മാരെ വിഷണ്ണന്മാരായി കണ്ടിട്ടു് "എന്റെ വീര്യത്തെ അറിയാതെ നിങ്ങൾ വിഷാദിക്കുന്നുവല്ലോ" എന്നു് ആക്ഷേപിച്ചു.

· ജഗ—താൻ വിഷണ്ണാൻ......വദനം കുരു സ്വാഹാ ൫൩

൫൩. മച്ഛസ്ത്രപാതസംഭൂതാൻ രക്തബിന്ദൂൻ മഹാസുരാൻ
രക്തബിന്ദോഃ പ്രതീച്ഛ ത്വം വക്ത്രേണാനേന വേഗിതാ.൪൯൩

ത്വം	= നീ
മച്ഛസ്ത്രപാതസംഭൂതാൻ	= എന്റെ ആയുധമേററു് ഉണ്ടാകുന്ന
രക്തബിന്ദൂൻ	= രക്തബിന്ദുക്കളാകുന്ന
മഹാസുരാൻ	= മഹാസുരന്മാരെ
അനേന വക്ത്രേണ	= ഈ വിസ്തീർണ്ണമുഖംകൊണ്ടു്
വേഗിതാ	= വേഗത്തോടുകൂടി
രക്തബിന്ദോഃ പ്രതീച്ഛ	= രക്തബിന്ദുക്കളായിട്ടുതന്നെഗ്രഹിച്ചാലും.

അല്ലയോ ചാമുണ്ഡേ! നീ, എന്റെ ആയുധമേററു് ഉണ്ടാകുന്ന രക്തബിന്ദുക്കളാകുന്ന മഹാസുരന്മാരെ ഈ വിസ്തീർണ്ണമുഖംകൊണ്ടു് വേഗത്തിൽ രക്തബിന്ദുക്കളായിട്ടുതന്നെ ഗ്രഹിച്ചാലും.

ശാന്ത—അല്ലയോ ചാമുണ്ഡേ! അല്ലയോ കാളീ! നീ ഈ വിസ്താരമുള്ള വായിന്റെ മുഖംകൊണ്ടു്, ചണ്ഡികയായ എന്റെ ശസ്ത്രങ്ങളുടെ പതനങ്ങളിൽനിന്നുണ്ടാകുന്ന രക്തബിന്ദുക്കളെ വേഗത്തോടുകൂടി ഗ്രഹിച്ചാലും, മഹാസുരന്മാരേയും ഗ്രഹിച്ചാലും. രക്തബിന്ദുക്കളെ ഭൂമിയിൽ പതിക്കുന്നതിനുമുൻപുതന്നെ ഗ്രഹിക്കണം.

"വക്ത്രേണാനേന വേഗിനാ" എന്നു പാഠഭേദം.

ജഗ—മച്ഛസ്ത്രപാത......വേഗിതാ സ്വാഹാ ൫൪

൫൪. ഭക്ഷയന്തീ ചര രണേ തദുൽപന്നാൻ മഹാസുരാൻ
ഏവമേഷ ക്ഷയം ദൈത്യഃ ക്ഷീണരക്തോ ഗമിഷ്യതി. ൪൯൪

തദുല്പന്നാൻ	= രക്തബീജരക്തത്തിൽനിന്നുത്ഭവിച്ചവ-
മഹാസുരാൻ ഭക്ഷയന്തീ	=മഹാസുരന്മാരെഭക്ഷിക്കുന്നവളായിട്ടു് [രായ
രണേ ചര	= യുദ്ധത്തിൽ സഞ്ചരിച്ചാലും.
ഏഷ ദൈത്യഃ	= ഈ രക്തബീജൻ

ഏവം ക്ഷീണരക്തഃ = ഇങ്ങനെ രക്തം ക്ഷയിച്ച്
ക്ഷയം ഗമിഷ്യതി = നാശത്തെ പ്രാപിക്കും.

അല്ലയോ ചാമുണ്ഡേ! നീ രക്തബീജരക്തത്തിൽനിന്നുണ്ടാകുന്ന മഹാസുരന്മാരെ ഭക്ഷിച്ചുകൊണ്ടു് യുദ്ധത്തിൽ സഞ്ചരിച്ചാലും. ഈ രക്തബീജൻ ഇങ്ങനെ രക്തംക്ഷയിച്ചിട്ടു് നാശത്തെ പ്രാപിക്കും.

ശാന്ത—അല്ലയോ ചാമുണ്ഡേ! കാളി! രക്തബീജരക്തത്തിൽ നിന്നു് സമുത്ഭവിക്കുന്ന മഹാസുരന്മാരെ ഭക്ഷിച്ചുംകൊണ്ടു് നീ യുദ്ധത്തിൽ വിഹരിച്ചാലും. ഇവൻ ഇങ്ങനെ ക്ഷീണരക്തനായിട്ടു് നാശത്തെ പ്രാപിക്കും.

ജഗ—ഭക്ഷയന്തീ......ഗമിഷ്യതി സ്വാഹാ. ൫൭

൫൮. ഭക്ഷ്യമാണാസ്ത്വയാ ചോഗ്രാ നചോല്പത്സ്യന്തി ചാപരേ
ഇത്യുക്ത്വാ താം തതോ ദേവീ ശൂലേനാഭിജഘാന തം. ൪൬൩

ത്വയാ ഭക്ഷ്യമാണാഃ = നിന്നാൽ ഭക്ഷിക്കപ്പെട്ടവരായാൽ
ഉഗ്രാഃ = രൗദ്രന്മാരായ അസുരന്മാർ
അപരേ ന ഉല്പത്സ്യന്തി ച= വേറേ ഉണ്ടാകുകയുമില്ല.
ദേവീ = ചണ്ഡികാദേവി
താം ഇതി ഉക്ത്വാ = ആ കാളിയോടു് ഇങ്ങനെ പറഞ്ഞിട്ടു്
തം = ആ രക്തബീജനെ
ശൂലേന അഭിജഘാന ച= ശൂലംകൊണ്ടു് താഡിക്കുകയും ചെയ്തു.

ഹേ ചാമുണ്ഡേ! നീ ഭക്ഷിച്ചാൽ ഉഗ്രന്മാരായി പിന്നെ വേറേ അസുരന്മാർ ഉണ്ടാകുകയില്ല എന്നു് ചണ്ഡികാദേവി കാളിയോടു് പറഞ്ഞിട്ടു് ആ രക്തബീജനെ ശൂലംകൊണ്ടു താഡിച്ചു.

ശാന്ത—"അല്ലയോ ചാമുണ്ഡേ! ഹേ കാളി! വേറേയും രക്തബീജരക്തത്തിൽ നിന്നുണ്ടായ ഉഗ്രന്മാരായ യാവചില മഹാസുരന്മാരുണ്ടോ അവരും നിന്നാൽ ഭക്ഷിക്കപ്പെട്ടവരായാൽ പിന്നീടുണ്ടാകുകയില്ല" എന്നിങ്ങനെ ജയശീലയായ ചണ്ഡികാദേവി ആ കാളിയോടു ആദേശിച്ചിട്ടു് രക്തബീജമഹാസുരനെ ശൂലായുധംകൊണ്ടു് വക്ഷസ്സിൽ താഡിച്ചു.

ജഗ—ഭക്ഷ്യമാണാ...ജഘാന തം സ്വാഹാ ൫൮

൫൯. മുഖേന കാളി ജഗൃഹേ രക്തബീജസ്യ ശോണിതം ൪൬൪
തതോ ƒസാവാജഘാനാഥ ഗദയാ തത്ര ചണ്ഡികാം.

കാളി മുഖേന = കാളിദേവി മുഖംകൊണ്ടു്
രക്തബീജസ്യ ശോണിതം ജഗൃഹേ } = രക്തബീജൻെറ രക്തത്തെ കുടിച്ചു.

തത്ര തതഃ = ആ യുദ്ധത്തിൽ അനന്തരം
അസൗ ഗദയാ = ഈ രക്ത‍ബീജൻ ഗദകൊണ്ടു്
ചണ്ഡികാം ആജഘ്നാന = ചണ്ഡികയെ താഡിച്ചു.

കാളിദേവി മുഖംകൊണ്ടു് രക്തബീജന്റെ രക്തത്തെ ഗ്രഹിച്ചു. ആ യുദ്ധത്തിൽ അനന്തരം രക്തബീജൻ ചണ്ഡികയെ ഗദകൊണ്ടു താഡിച്ചു.

ശാന്ത—കാളിയും മുഖംകൊണ്ടു് രക്തബീജമഹാസുരന്റെ ശോണിതത്തെ ഗ്രഹിച്ചു. ആ യുദ്ധത്തിൽ ദേവീശൂലപ്രയോഗാനന്തരം ഈ രക്തബീജാസുരനും ഗദകൊണ്ടു് ചണ്ഡികാദേവിയെ താഡിച്ചു.

നാഗോ—മുഖത്തിന്റെ വിസ്തീർണ്ണത്വംഹേതുവായിട്ടു് ഭൂഗതമായ രക്തത്തെത്തന്നെ ഗ്രഹിച്ചു.

ജഗ—മുഖേന കാളി......ശോണിതം സ്വാഹ ൫൭

൫൭ ന ചാസ്യാ വേദനാം ചക്രേ ഗദാപാതോഽല്പികാമപി ൪൯൭
തസ്യാഹതസ്യ ദേഹാത്തു ബഹു സുസ്രാവ ശോണിതം.

ഗദാപാതഃ അസ്യാഃ = ഗദാഘാതം ദേവിക്കു്
അല്പികാം അപി വേദനാം = സ്വല്പംപോലും വേദനയെ
ന ചക്രേ = ഉണ്ടാക്കിയില്ല.
ആഹതസ്യ തസ്യ = ചണ്ഡികാശസ്ത്രാഹതനായ രക്തബീ-
ദേഹാൽ തു = ശരീരത്തിങ്കൽനിന്നാകട്ടെ (ജന്റെ
ബഹു ശോണിതം = വളരെ ചോര
സുസ്രാവ ച = ഒഴുകുകയും ചെയ്തു.

രക്തബീജന്റെ ഗദകൊണ്ടുള്ള അടി, ദേവിക്കൊട്ടും വേദനയെ ഉണ്ടാക്കിയില്ല. ചണ്ഡികാശസ്ത്രമേററ രക്തബീജന്റെ ശരീരത്തിൽ നിന്നാകട്ടെ വളരെ രക്തം ഒലിച്ചു.

ശാന്ത—ഈ ഗദാഘാതം ദേവിക്കു് സ്വല്പംപോലും വേദനയെ ഉണ്ടാക്കിയില്ല. ദേവി പരമാനന്ദബ്രഹ്മാത്മകയാകകൊണ്ടു് ഒന്നുകൊണ്ടും ദുഃഖലേശം ഉണ്ടാകുവാൻ ഇടയില്ലല്ലോ. ചണ്ഡികാദേവിയുടെ ആയുധങ്ങളെക്കൊണ്ടു് അടിക്കപ്പെട്ട ആ രക്തബീജമഹാസുരന്റെ ദേഹത്തിൽനിന്നും വളരെ ചോര പുറപ്പെട്ടു.

ജഗ—തതോഽസാ...തോല്പികാമപി സ്വാഹാ ൫൮

൫൮. യതസ്തതസ്തദ്വക്ത്രേണ ചാമുണ്ഡാ സംപ്രതീച്ഛതി. ൪൯൮
മുഖേ സമുൽഗതാ യേസ്യാ രക്തപാതാൻ മഹാസുരാഃ

൫൯. താംശ്ചഖാദാഥ ചാമുണ്ഡാ പപൗ തസ്യ ച ശോണിതം.൪൯൯

ചാമുണ്ഡാ തൽ = ചാമുണ്ഡാദേവി ആ ശോണിതത്തെ
വക്ത്രേണ = മുഖംകൊണ്ടു്
യതഃ തതഃ സംപ്രതീച്ഛതി = അങ്ങുമിങ്ങുംനിന്നു് എടുത്തു്
രക്തപാതാൽ = രക്തബീജന്റെ ശോണിതപതനംകൊ
യേ മഹാസുരാഃ = യാവചില മഹാസുരന്മാർ [ണ്ടു്
അസ്യാഃ മുഖേ സമുൽഗതാഃ= ഈ ചാമുണ്ഡയുടെമുഖത്തിൽഉണ്ടായോ
അഥ ചാമുണ്ഡാ = അനന്തരം ചാമുണ്ഡാദേവി
താൻ ചഖാദ = അവരെ ഭക്ഷിച്ചു.
തസ്യ = ആ രക്തബീജന്റെ
ശോണിതം = രക്തത്തെ
പപൌ ച = പാനംചെയ്കയുംചെയ്തു

ആ രക്തത്തെ ചാമുണ്ഡാദേവി മുഖംകൊണ്ടു് അങ്ങുമിങ്ങുംനിന്നു് ഗ്രഹിച്ചു രക്തപതനംഹേതുവായിട്ടു് യാവചില മഹാസുരന്മാർ ഈ ദേവിയുടെ മുഖത്തിൽ ഉണ്ടായോ അവരെ അവൾ ഭക്ഷിക്കുകയും ആ രക്തബീജന്റെ ശോണിതത്തെ പാനംചെയ്കയും ചെയ്തു.

ശാന്ത—അങ്ങനെ പ്രവഹിച്ചുപ്രവഹിച്ചുവരുന്ന രക്തത്തെ കാളി, തന്റെ വിസ്താരമാക്കി ചെയ്യപ്പെട്ട മുഖംകൊണ്ടു് ഗ്രഹിച്ചു. ഈ ചാമുണ്ഡയുടെ മുഖത്തിൽ രക്തബീജന്റെ രുധിരപതനം ഹേതുവായിട്ടു് ഉണ്ടായ മഹാസുരന്മാരെ അവൾ ഭക്ഷിക്കുകയും അനന്തരം രക്തബീജന്റെ രക്തത്തെ പാനംചെയ്കയും ചെയ്തു.

ജഗ—തസ്യാഹതസ്യ...പ്രതീച്ഛതി സ്വാഹാ ൫൯
മുഖേ സമുൽഗതാ...ശോണിതം സ്വാഹാ ൬൦
ദേവീ ശൂലേന വജ്രേണ ബാണൈരസിഭിരൃഷ്ടിഭിഃ
൨൦. ജഘാന രക്തബീജം തം ചാമുണ്ഡാ പീതശോണിതം. ൬൧

ദേവീ = ചണ്ഡികാദേവി
ശൂലേന വജ്രേണ = ശൂലായുധംകൊണ്ടും വജ്രായുധംകൊണ്ടും
ബാണൈഃ അസിഭിഃ = ശരങ്ങളെക്കൊണ്ടും വാളുകളെക്കൊണ്ടും
ഋഷ്ടിഭിഃ = ഋഷ്ടികളെക്കൊണ്ടും
ചാമുണ്ഡാപീതശോണിതം= ചാമുണ്ഡയാൽ പാനം ചെയ്യപ്പെട്ട ചോരയോടുകൂടിയ
തം രക്തബീജം ജഘാന = ആ രക്തബീജനെ ഹിംസിച്ചു.

ചണ്ഡികാദേവി ശൂലം, വജ്രം, ശരങ്ങൾ, വാളുകൾ, ഋഷ്ടികൾ ഇവകളെക്കൊണ്ടു്, ചാമുണ്ഡയാൽ പാനംചെയ്യപ്പെട്ട രക്തത്തോടുകൂടിയ ആ രക്തബീജനെ ഹിംസിച്ചു.

ശാന്ത—"ദേവീ ശൂലേന ചക്രേണ" എന്നു പാഠഭേദം.

ഋഷ്ടികൾ രണ്ടുപുറത്തും മൂർച്ചയുള്ളവാളുകൾ

ജഗ—ദേവീ ശൂലേന......ശോണിതം സ്വാഹാ ൯൧

സ പപാത മഹീപൃഷ്ഠേ ശസ്ത്രസംഘസമാഹതഃ

൯൧. നീരക്തശ്ച മഹീപാല! രക്തബീജോ മഹാസുരഃ. ൭൧

മഹീപാല!	= ഹേ രാജാവേ!
സഃ രക്തബീജഃ മഹാസുരഃ	= ആ രക്തബീജൻ എന്ന മഹാസുരൻ
ശസ്ത്രസംഘസമാഹതഃ	= ആയുധസമൂഹങ്ങളാൽ താഡിക്കപ്പെട്ടവനായി
നീരക്തഃ ച	= നിഃശ്ശേഷം നശിച്ചിരിക്കുന്ന രക്തത്തോടു കൂടിയവനായിട്ട്
മഹീപൃഷ്ഠേ പപാത	= ഭൂമിയിൽ പതിച്ചു.

അല്ലയോ രാജാവേ! ആ രക്തബീജമഹാസുരൻ ആയുധസമൂഹങ്ങളാൽ താഡിക്കപ്പെട്ടവനായി നിശ്ശേഷം നശിച്ച രക്തത്തോടുകൂടിയവനായിട്ട് ഭൂമിയിൽ പതിച്ചു.

ശാന്ത—അല്ലയോ സുരഥമഹാരാജാവേ! ദേവിയുടെ ശസ്ത്രസമൂഹങ്ങളാൽ താഡിക്കപ്പെട്ട ആ രക്തബീജമഹാസുരൻെറ രക്തമെല്ലാം ചാമുണ്ഡാദേവി പാനംചെയ്തതുകൊണ്ട് തീരെ രക്തം നശിച്ചവനായിട്ട് അവൻ ഭൂമിയിൽ വീണു.

ജഗ—സ പപാത...മഹാസുരഃ സ്വാഹാ ൯൨

തതസ്തേ ഹർഷമതുലമവാപുസ്ത്രിദശാ നൃപ!

൯൨. ഹതേ മാതൃഗണസ്തസ്മിൻ നനർത്താസൃങ്മദോദ്ധതഃ ൭൨

നൃപ! തതഃ	= ഹേ രാജാവേ! അനന്തരം
തേ ത്രിദശാഃ	= ആ ദേവന്മാർ
അതുലം ഹർഷം അവാപുഃ	= തുല്യമില്ലാത്ത സന്തോഷത്തെ പ്രാപിച്ചു.
തസ്മിൻ ഹതേ	= ആ രക്തബീജൻ ഹതനായപ്പോൾ
മാതൃഗണഃ	= ബ്രഹ്മാണ്യാദി മാതൃസമൂഹം
അസൃങ്മദോദ്ധതഃ	= രുധിരപാനമദോൽക്കടമായിട്ട്
നനർത്ത	= നൃത്തംചെയ്തു.

അല്ലയോ രാജാവേ! അനന്തരം ആ ദേവന്മാർ തുല്യമില്ലാത്ത സന്തോഷത്തെപ്രാപിച്ചു. ആ രക്തബീജമഹാസുരൻ ഹതനായപ്പോൾ ബ്രഹ്മാണ്യാദിമാതൃക്കൾ രുധിരപാനമദോല്ക്കടമായിട്ട് നൃത്തംചെയ്തു.

ശാന്ത—അല്ലയോ രാജാവേ! രക്തബീജവധാനന്തരം, മുൻപിൽ ദുഃഖിതന്മാരായിരുന്ന ദേവകൾ തുല്യമില്ലാത്ത സന്തോഷത്തെപ്രാപി

ച്ച. ആ രക്തബീജൻ കൊല്ലപ്പെട്ടപ്പോൾ ബ്രാഹ്മാണിമുതലായ മാതൃക്കൾ രക്തമദംകൊണ്ടു് തരളമായിട്ടു് നൃത്തംചെയ്തു.

അസൃങ്മദോദ്ധതമെന്നുപറഞ്ഞതുകൊണ്ടു് യുദ്ധാവസാനത്തിൽ വീരപാനം സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

ജഗ—തതസ്തേ...മദോദ്ധതാഃ സ്വാഹാ ന്മ

ഇതി ശ്രീമാർക്കണ്ഡേയപുരാണേ സാവർണ്ണികേ മന്വന്തരേ

ദേവീമാഹാത്മ്യേ രക്തബീജവധോനാമ അഷ്ടമോദ്ധ്യായഃ

രക്തബീജവധം എന്ന എട്ടാമദ്ധ്യായം സമാപ്തം.

ഒൻപതാമദ്ധ്യായം.

രാജോവാച—ഠന്മ.

ഫ. വിചിത്രമിദമാഖ്യാതം ഭഗവൻ ഭവതാ മമ
ദേവ്യാശ്ചരിതമാഹാത്മ്യം രക്തബീജവധാശ്രിതം ഠ൦ര്

രാജാവു പറഞ്ഞു.

ഭഗവൻ!	= അല്ലയോ ഭഗവാനേ!
ഭവതാ മമ	= ഭവാനാൽ എനിക്കു്
രക്തബീജവധാശ്രിതം	= രക്തബീജവധത്തോടുകൂടിയതായി
വിചിത്രം	= ആശ്ചര്യമായിരിക്കുന്ന
ഇദം ദേവ്യാഃ	= ഈ ദേവിയുടെ
ചരിതമാഹാത്മ്യം	= ചരിത്രമാഹാത്മ്യം
ആഖ്യാതം	= പറയപ്പെട്ടു.

അല്ലയോ സുമേധസ്സമഹർഷേ! രക്തബീജവധത്തോടുകൂടിയതായി ആശ്ചര്യമായിരിക്കുന്ന ഈ ദേവിചരിത്രമാഹാത്മ്യത്തെ അവിടുന്നു് എന്നോടു പറഞ്ഞു.

ചതു—ചരിതമാഹാത്മ്യം =ചരിതത്തിന്റെ=ചേഷ്ടിതത്തിന്റെ, മാഹാത്മ്യം = ഔദാര്യം. അല്ലെങ്കിൽ ചരിതത്തിന്റെ = കർമ്മത്തിന്റെ, മാഹാത്മ്യം = പ്രഭാവാതിശയം.

ശാന്ത—സുമേധസമൃഷിം വാചം പ്രസ്തുതാമൂചിവാൻ നൃപഃ
സുവ്രതം സുരഥോ നാമ പ്രഷ്ടുമപ്യൽഭുതാന്തരം.

(ഭവതാമമ; എന്നതിനു് ഭവതാ, അമമ എന്നു പദച്ഛേദം, അമമ! മമതാരഹിത!)

അല്ലയോ സുമേധസ്സുമഹർഷേ! അല്ലയോ മമതാരഹിത! ഭവാനാൽ, രക്തബീജവധവിഷയമായി അത്ഭുതമായിരിക്കുന്ന ഈ ചണ്ഡികയുടെ ചരിത്രത്തിന്റെ മാഹാത്മ്യം എന്നോടു പറയപ്പെട്ടു.

ജഗ—രാജോവാച സ്വാഹാ ൧

വിചിത്ര...വധാശ്രിതം സ്വാഹാ ൨

൨. ഭൂയശ്ചേച്ഛാമ്യഹം ശ്രോതും രക്തബീജേ നിപാതിതേ
ചകാര ശുംഭോ യൽ കർമ്മ നിശുംഭശ്ചാതികോപനഃ. ൩൭

രക്തബീജേ നിപാതിതേ	= രക്തബീജൻ ഹനിക്കപ്പെട്ടപ്പോൾ
അതികോപനഃ	= ഏററവും കോപത്തോടുകൂടിയവനായ
ശുംഭഃ നിശുംഭഃ ച	= ശുംഭനും നിശുംഭനും
ഭൂയഃ	= പിന്നീട്
യൽ കർമ്മ ചകാര	= യാതൊരുകർമ്മം ചെയ്തുവോ അതിനെ
അഹം ശ്രോതും ഇച്ഛാമി	= ഞാൻ കേൾക്കുന്നതിന് ആഗ്രഹിക്കുന്നു.

അല്ലയോ സുമേധസ്സുമഹർഷേ! രക്തബീജാസുരൻ ദേവിയാൽ കൊല്ലപ്പെട്ടപ്പോൾ അതികോപിഷ്ഠനായ ശുംഭനും നിശുംഭനും പിന്നെ എന്തൊരു കർമ്മമാണ് ചെയ്തതു് എന്നു കേൾപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.

ശാന്ത—രാജാവു പറഞ്ഞു:—

അല്ലയോ സുമേധസ്സുമഹർഷേ! ദേവിയാൽ മഹാദൈത്യനായ രക്തബീജൻ നിപാതിതനായിരിക്കുംസമയത്തിങ്കൽ അതിപാപിഷ്ഠനായ ശുംഭനും നിശുംഭനും പിന്നെഎന്തുചെയ്തു എന്നു കേൾക്കുന്നതിന് ഞാൻ ഏററവും ആഗ്രഹിക്കുന്നു.

ജഗ—ഭൂയശ്ചേ......കോപനഃ സ്വാഹാ ൩

ഋഷിരുവാച—ഓം.

൩. ചകാര കോപമതുലം രക്തബീജേ നിപാതിതേ
ശുംഭാസുരോ നിശുംഭശ്ച ഹതേഷ്വന്യേഷു ചാഹവേ. ൩൮

ഋഷി പറഞ്ഞു.

ആഹവേ	= യുദ്ധത്തിൽ
രക്തബീജേ നിപാതിതേ	= രക്തബീജൻ പതിപ്പിക്കപ്പെട്ടപ്പോൾ
അന്യേഷു ച ഹതേഷു	= മററുള്ളവരും ഹനിക്കപ്പെട്ടപ്പോൾ
ശുംഭാസുരഃ നിശുംഭഃ ച	= ശുംഭാസുരനും നിശുംഭനും
അതുലം കോപം ചകാര	= തുല്യമില്ലാത്തതായ കോപത്തെ ചെയ്തു.

അല്ലയോ രാജാവേ! യുദ്ധത്തിൽ ദേവി, രക്തബീജനേയും മററുള്ള അസുരന്മാരേയും കൊന്നുവീഴ്ത്തിയപ്പോൾ ശുംഭാസുരനും നിശുംഭനും അസാമാന്യമായി കോപിച്ചു.

ചതു—അന്വേഷ്യ = ധൂമ്രലോചനാദികൾ

ശാന്ത—ഋഷിരുവാച = സുമേധസ്സമഹർഷി സുരഥനോടു പറഞ്ഞു:

അല്ലയോ രാജാവേ! കേട്ടാലും. യുദ്ധത്തിൽ രക്തബീജമഹാസുരനും മററുള്ള അസുരന്മാരും ദേവിയാൽ ഹനിക്കപ്പെട്ടപ്പോൾ ശുംഭനും നിശുംഭനും വളരെ കോപിച്ചു—അളവററവിധത്തിൽ കോപിച്ചു എന്നു താല്പര്യം.

ജഗ—ഋഷിരുവാച സ്വാഹാ ൪

ചകാര കോപ......ചാഹവേ സ്വാഹാ ൫

൪. ഹന്യമാനം മഹാസൈന്യം വിലോക്യാമർഷമുദ്വഹൻ
അഭ്യധാവന്നിശുംഭോऽഥ മുഖ്യയാऽസുരസേനയാ. ൧൦൮

അഥ നിശുംഭഃ	= അനന്തരം നിശുംഭൻ
ഹന്യമാനം	= കൊല്ലപ്പെട്ടതായ
മഹാസൈന്യം വിലോക്യ	= വലുതായസൈന്യത്തെ കണ്ടിട്ടു്
അമർഷം ഉദ്വഹൻ	= കോപത്തെ വഹിക്കുന്നവനായിട്ടു്
മുഖ്യയാ അസുരസേനയാ	= പ്രധാനപ്പെട്ടഅസുരസൈന്യത്തോടുകൂടി
അഭ്യധാവൽ	= നേരിട്ടു് ഓടി.

അനന്തരം ശുംഭൻ, ആ വലുതായ സൈന്യത്തെ കൊല്ലപ്പെട്ടതായി കണ്ടു് കോപാവിഷ്ടനായിട്ടു് തന്റെ മുഖ്യമായ അസുരപ്പടയോടുകൂടി ദേവിക്കു് അഭിമുഖമായി ഓടി.

ശാന്ത—"വിലോക്യാമർഷമുദ്വമൻ" എന്നു പാഠഭേദം.

ദേവിയാൽ ഹനിക്കപ്പെട്ട വലുതായ സൈന്യത്തെ കണ്ടിട്ടു് കോപാവിഷ്ടനായിട്ടു് നിശുംഭൻ തന്റെ അസുരസൈന്യത്തോടുകൂടി ദേവിയോടു യുദ്ധംചെയ്യുന്നതിനായി നേരിട്ടു് ഓടി.

ജഗ—ഹന്യമാനം......സേനയാ സ്വാഹാ ൬

൫. തസ്യാഗ്രതസ്തഥാപൃഷ്ഠേ പാർശ്വയോശ്ച മഹാസുരാഃ
സംദഷ്ടൗഷ്ഠപുടാഃ ക്രുദ്ധാ ഹന്തും ദേവീമുപായയുഃ. ൧൦൯

തസ്യ അഗ്രതഃ പൃഷ്ഠേ	= അവന്റെ മുൻപിലും പുറകിലും
തഥാ പാർശ്വയോഃ ച	= അതുപോലെതന്നെ ഇടത്തും വലത്തും
മഹാസുരാഃ	= മഹാസുരന്മാർ
സംദഷ്ടൗഷ്ഠപുടാഃ	= കടിക്കപ്പെട്ട അധരോഷ്ഠങ്ങളോടുകൂടിയ-
ക്രുദ്ധാഃ	= കോപത്തോടുകൂടിയവരായിട്ടു് [വരായി
ദേവീം ഹന്തും ഉപായയുഃ	= ദേവിയെ ഹനിക്കുന്നതിനു് സമീപത്തു ചെന്നു.

നിശുംഭന്റെ മുൻപിലും പുറകിലും ഇരുവശത്തും മഹാസുരന്മാർ ചുണ്ടുകടിച്ചുകൊണ്ടു് കോപത്തോടുകൂടി ദേവിയെ താഡിക്കുന്നതിനായി സമീപത്തിൽച്ചെന്നു.

ശാന്ത—നിശുംഭന്റെ മുൻപിലും അതുപോലെതന്നെ പുറകിലും വാമദക്ഷിണഭാഗങ്ങളിലും വർത്തിക്കുന്ന മഹാസുരന്മാർ രോഷംകൊണ്ടു് കടിക്കപ്പെട്ട അധരോഷ്ഠങ്ങളോടുകൂടിയവരായി കോപിഷ്ഠന്മാരായിട്ടു് ചണ്ഡികാദേവിയെ താഡിക്കുന്നതിനു് സമീപത്തെ പ്രാപിച്ചു.

ജഗ—തസ്യാഗ്രത......മുപായയുഃ സ്വാഹാ— ൧

൩. ആജഗാമ മഹാവീര്യഃ ശുംഭോ ഽപി സ്വബലൈർവൃതഃ
നിഹന്തും ചണ്ഡികാം കോപാൽ കൃത്വാ യുദ്ധം തു മാതൃഭിഃ൩൰

മഹാവീര്യഃ ശുംഭഃ അപി	=	അതിപരാക്രമിയായിരിക്കുന്ന ശുംഭനാ
സ്വബലൈഃ	=	തന്റെ സൈന്യങ്ങളാൽ
വൃതഃ	=	ചുററപ്പെട്ടവനായിട്ടു്
മാതൃഭിഃ യുദ്ധം കൃത്വാ	=	സപ്തമാതൃക്കളോടുകൂടി യുദ്ധം ചെയ്തിട്ടു്
കോപാൽ തു	=	കോപം നിമിത്തം
ചണ്ഡികാം നിഹന്തും	=	ചണ്ഡികയെ നിഗ്രഹിക്കുന്നതിനു്
ആജഗാമ	=	വന്നു.

അതിപരാക്രമിയായ ശുംഭാസുരൻ സ്വസൈന്യങ്ങളാൽ ചുററപ്പെട്ടവനായിട്ടു് സപ്തമാതൃക്കളോടുകൂടി എതിർത്തു യുദ്ധംചെയ്തതിന്റെശേഷം കോപം നിമിത്തം ചണ്ഡികാദേവിയെ നിഗ്രഹിക്കുന്നതിനായി വന്നു.

ശാന്ത—മഹാപ്രഭാവത്തോടുകൂടിയവനായി ദൈത്യേശ്വരനായിരിക്കുന്ന ശുംഭനും ബ്രഹ്മാണി മുതലായ മാതൃഗണങ്ങളോടുകൂടി യുദ്ധംചെയ്തിട്ടു് കോപംനിമിത്തം ചണ്ഡികാദേവിയെ ഹനിക്കുന്നതിനായി ആഗമിച്ചു.

ചണ്ഡികാദേവിയെ ഹനിക്കുവാൻ താൻ ശക്തനല്ലെന്നു് ഈ ശുംഭൻ അറിയുന്നില്ലെന്നുള്ളഭാവത്തെ കാണിക്കുവാനാണു് കോപാൽ എന്നു പറഞ്ഞിരിക്കുന്നതു്.

ജഗ—ആജഗാമ......മാതൃഭിഃ സ്വാഹാ വ്യ:

൧. തതോ യുദ്ധമതീവാസീദ്ദേവ്യാ ശുംഭനിശുംഭയോഃ
ശരവർഷമതീവോഗ്രം മേഘയോരിവ വർഷതോഃ ൩൰൧

തതഃ	=	അനന്തരം
വർഷതോഃ മേഘയോഃ ഇവ	=	വർഷിക്കുന്ന രണ്ടുമേഘങ്ങളെപ്പോലെ

അതീവ ഉഗ്രം	= ഏററവും ഭയങ്കരമായ
ശരവർഷം (വർഷതോഃ)	= ശരവൃഷ്ടിയെ പൊഴിക്കുന്ന
ശുംഭനിശുംഭയോഃ ദേവ്യാ	= ശുംഭനിശുംഭന്മാർക്കു് ദേവിയോടുകൂടി
അതീവ യുദ്ധം ആസീൽ	= ഏററവും വലുതായ രണം ഭവിച്ചു.

അനന്തരം വർഷിക്കുന്ന രണ്ടുകാർമേഘങ്ങളെപ്പോലെ അതിഭയങ്കരമായ ശരവർഷംപൊഴിച്ചുകൊണ്ടിരിക്കുന്ന ശുംഭനിശുംഭന്മാരും ദേവിയുമായി കഠിനമായ യുദ്ധം ഉണ്ടായി.

ശാന്ത—അനന്തരം വർഷിക്കുന്ന മേഘങ്ങളെപ്പോലെ ശരവർഷം ചെയ്യുന്ന ആ ശുംഭനിശുംഭന്മാർക്കും ദേവിക്കും തമ്മിൽ ഏററവും ഉഗ്രമായ യുദ്ധം ഉണ്ടായി.

"തയോര്യുദ്ധം" എന്നു പാഠഭേദം.

ജഗ—തതോ യുദ്ധ......വർഷതോഃ സ്വാഹാ ൯

വ്യ. ഛിച്ഛേദാസ്താംച്ഛരാംസ്താഭ്യാം ചണ്ഡികാ സ്വശരോൽക്കരൈഃ
താഡയാമാസ ചാംഗേഷു ശസ്ത്രൗഘൈരസുരേശ്വരൗ. ൧൦

താഭ്യാം അസ്താൻ ശരാൻ	= അവരാൽ അയയ്ക്കപ്പെട്ട ബാണങ്ങളെ
ചണ്ഡികാ	= ദേവി
സ്വശരോൽക്കരൈഃ ഛിച്ഛേദ	= തന്റെ ശരനികരങ്ങളെക്കൊണ്ടു് ഛേദിച്ചു.
അസുരേശ്വരൗ അംഗേഷു	= അസുരേശ്വരന്മാരെ അംഗങ്ങളിൽ
ശസ്ത്രൗഘൈഃ	= ബാണാദ്യായുധസമൂഹങ്ങളെക്കൊണ്ടു്
താഡയാമാസ ച	= താഡിക്കുകയും ചെയ്തു.

ആ ശുംഭനിശുംഭന്മാർ പ്രയോഗിച്ച ബാണങ്ങളെ ചണ്ഡികാദേവി തന്റെ ശരനിരകളെക്കൊണ്ടു് ഖണ്ഡിക്കുകയും അസുരേശ്വരന്മാരായ അവരെ അംഗങ്ങളിൽ ബാണസമൂഹങ്ങളെക്കൊണ്ടു താഡിക്കുകയുംചെയ്തു.

ശാന്ത—ആ ശുംഭനിശുംഭന്മാരാൽ അയയ്ക്കപ്പെട്ട ശരങ്ങളെ ചണ്ഡികാദേവി തന്റെ ശരസമൂഹങ്ങളെക്കൊണ്ടു് ഛേദിക്കുകയും ആ ശുംഭനിശുംഭന്മാരെ അംഗങ്ങളിൽ ആയുധസമൂഹങ്ങളെക്കൊണ്ടു് താഡിക്കുകയും ചെയ്തു.

ജഗ—ഛിച്ഛേദ......രസുരേശ്വരൗ സ്വാഹാ. ൧൦

൯, നിശുംഭോ നിശിതം ഖഡ്ഗം ചർമ്മ ചാദായ സുപ്രഭം
അതാഡയൻ മൂർദ്ധ്നി സിംഹം ദേവ്യാ വാഹനമുത്തമം. ൧൧

നിശുംഭഃ	= നിശുംഭൻ
നിശിതം	= മൂർച്ചയുള്ള

ഖഡ്ഗം ചൎമ്മ ച ആദായ= വാളും പരിചയും എടുത്തുകൊണ്ടു്
ദേവ്യാഃ = ദേവിയുടെ
ഉത്തമം വാഹനം സിംഹം= ശ്രേഷ്ഠമായ വാഹനസിംഹത്തെ
മൂൎദ്ധ്നി അതാഡയൽ = മൂൎദ്ധാവിൽ താഡിച്ചു.

നിശുംഭൻ മൂർച്ചയുള്ളവാളും സുപ്രഭാസമൂഹത്താൽ പ്രകാശിക്കുന്ന പരിചയും എടുത്തുകൊണ്ടു് ദേവിയുടെ ശ്രേഷ്ഠമായ വാഹനസിംഹത്തെ താഡിച്ചു.

ചതു—നിശിതം=ശാണോല്ലേഖനം ചെയ്തതു്.

ശാന്ത—നിശുംഭൻ, തീക്ഷ്ണമായ ഖഡ്ഗത്തേയും പ്രഭാമണ്ഡലം കൊണ്ടു് പ്രകാശിക്കുന്ന പരിചയേയും ഗ്രഹിച്ചിട്ടു് ചണ്ഡികാദേവിയുടെ ശ്രേഷ്ഠമായ വാഹനസിംഹത്തെ മൂൎദ്ധാവിൽ താഡിച്ചു. 'സുപ്രഭം' എന്നതു് ഖഡ്ഗത്തിന്റേയും വിശേഷണമാകും.

ജഗ—നിശുംഭോ......വാഹനമുത്തമം സ്വാഹാ ൧൨

൧൩. താഡിതേ വാഹനേ ദേവീ ക്ഷുരപ്രേണാസിമുത്തമം
നിശുംഭസ്യാശു ചിച്ഛേദ ചൎമ്മ ചാപ്യഷ്ടചന്ദ്രകം. ൧൩

വാഹനേ താഡിതേ = വാഹനസിംഹം താഡിക്കപ്പെട്ടപ്പോൾ
ദേവീ ക്ഷുരപ്രേണ = ചണ്ഡികാദേവി കത്തിയമ്പുകൊണ്ടു്
നിശുംഭസ്യ ഉത്തമം അസിം } = നിശുംഭന്റെ ശ്രേഷ്ഠമായ വാളിനേയും
അഷ്ടചന്ദ്രകം = എട്ടു ചന്ദ്രന്മാരെ ലേഖനംചെയ്തിരിക്കുന്ന
ചൎമ്മ ച ആശു ചിച്ഛേദ = പരിചയേയും വേഗത്തിൽ ഛേദിച്ചു.

ദേവിയുടെ വാഹനമായ സിംഹത്തെ നിശുംഭൻ വെട്ടിയപ്പോൾ ദേവി കത്തിയമ്പുകൊണ്ടു നിശുംഭന്റെ ശ്രേഷ്ഠമായ വാളിനേയും, എട്ടുചന്ദ്രന്മാരെ ലേഖനംചെയ്തിരിക്കുന്ന പരിചയേയും ക്ഷണത്തിൽ മുറിച്ചു.

ചതു—ക്ഷുരപ്രേണ = ക്ഷുരംപോലെ, = ക്ഷൌരക്കത്തിപോലെ മൂർച്ചയുള്ള വായോടുകൂടിയ അസ്ത്രംകൊണ്ടു്.

"ഖുരപ്രേണ" എന്നു പാഠഭേദം.

അഷ്ടചന്ദ്രകം = എട്ടു ചന്ദ്രകങ്ങളോടു് = ചന്ദ്രാകാരത്തിലുള്ള കൃത്രിമപ്പുണികളോടുകൂടിയതു്.

ശാന്ത—നിശുംഭനാൽ വാഹനസിംഹം താഡിതമായപ്പോൾ ചണ്ഡികാദേവി നിശുംഭന്റെ ശ്രേഷ്ഠമായിരിക്കുന്ന വാളിനേയും അഷ്ടചന്ദ്രകമായിരിക്കുന്ന പരിചയേയും വേഗത്തിൽ ഛേദിച്ചു.

നാഗോ—അഷ്ടചന്ദ്രകം = രത്നാദികളെക്കൊണ്ടു് പണിചെയ്യപ്പെട്ട എട്ടു ചന്ദ്രാകാരത്തോടുകൂടിയതു്.

ജഗ—താഡിതേ...ചന്ദ്രകം സ്വാഹാ ൧൨

൧൩. ഛിന്നേ ചർമ്മണി ഖഡ്ഗേ ച ശക്തിം ചിക്ഷേപ സോഽസുരഃ
താമപ്യസ്യ ദ്വിധാ ചക്രേ ചക്രേണാഭിമുഖാഗതാം ൧൩

ചർമ്മണിഖഡ്ഗേചഛിന്നേ	= പരിചയും വാളുംഛേദിക്കപ്പെട്ടപ്പോൾ
സഃഅസുരഃശക്തിംചിക്ഷേപ	= ആ അസുരൻ വേലിനെ എറിഞ്ഞു
അസ്യ അഭിമുഖാഗതാം	= നിശുംഭൻെറ നേരിട്ടുവരുന്ന
താം അപി	= അതിനേയും
ചക്രേണ ദ്വിധാ ചക്രേ	= ചക്രായുധംകൊണ്ടു് രണ്ടാക്കിച്ചെയ്തു.

നിശുംഭൻെറ വാളും പരിചയും മുറിഞ്ഞുപോയപ്പോൾ ആ അസുരൻ വേൽ പ്രയോഗിച്ചു. നേരിട്ടുവരുന്ന അവൻെറ ആ വേലും ദേവി ചക്രായുധംകൊണ്ടു് രണ്ടാക്കിച്ചെയ്തു.

ശാന്ത—നിശുംഭൻെറ പരിചയും വാളും ദേവിയാൽ മുറിക്കപ്പെട്ടപ്പോൾ ആ നിശുംഭാസുരൻ വേൽ പ്രയോഗിച്ചു. ദേവി, നേരിട്ടു വരുന്ന ആ നിശുംഭാസുരൻെറ വേലിനേയും ചക്രംകൊണ്ടു മുറിച്ചു.

എന്നാൽ ദേവി, ആ രണ്ടായുധത്തേയും മാത്രമല്ല നശിപ്പിച്ചതു്. അവൻെറ ദേഹശക്തിയേയുംകൂടി നശിപ്പിച്ചു.

ജഗ—ഛിന്നേ ചർമ്മണി...മുഖാഗതാം സ്വാഹാ ൧൩

൧൪. കോപാധ്മാതോ നിശുംഭോഽഥ ശൂലം ജഗ്രാഹ ദാനവഃ
ആയാന്തം മുഷ്ടിപാതേന ദേവീ തച്ചാപ്യചൂർണ്ണയൽ. ൧൪

അഥ	= അനന്തരം
കോപാധ്മാതഃ	= കോപംകൊണ്ടുജ്വലിക്കുന്ന
നിശുംഭഃ ദാനവഃ	= നിശുംഭാസുരൻ
ശൂലം ജഗ്രാഹ	= ശൂലായുധത്തെ പ്രയോഗിച്ചു.
ദേവീ	= ദേവി
ആയാന്തം തൽ ച അപി	= നേരിട്ടുവരുന്ന അതിനേയും
മുഷ്ടിപാതേനഅചൂർണ്ണയൽ	= മുഷ്ടിപ്രഹരംകൊണ്ടു് പൊടിയാക്കി.

അനന്തരം കോപംകൊണ്ടുജ്വലിക്കുന്ന ആ നിശുംഭാസുരൻ ശൂലായുധംപ്രയോഗിച്ചു. നേരിട്ടുവരുന്ന അതിനേയും ദേവി മുഷ്ടിപ്രഹരംകൊണ്ടു പൊടിയാക്കി.

ശാന്ത—അനന്തരം കോപാഗ്നിജ്വലിക്കുന്ന ആ നിശുംഭാസുരൻ ദേവിയുടെനേരേ ശൂലായുധത്തെ പ്രയോഗിച്ചു. ഉടനെ ദേവിനേരിട്ടു വരുന്ന ആ ശൂലത്തെ മുഷ്ടിപ്രഹരംകൊണ്ടു് പൊടിച്ചുകളഞ്ഞു.

ജപ—കോപാധ്മാതോ......ചൂർണ്ണയൽ സ്വാഹാ ൨൪

൨൫. ആവിധ്യാഥ ഗദാം സോऽപി ചിക്ഷേപ ചണ്ഡികാംപ്രതി
സാപി ദേവ്യാ ത്രിശൂലേന ഭിന്നാ ഭസ്മത്വമാഗതാ ൬൨൫

അഥ സഃ അപി	= അനന്തരം അവനും
ഗദാം ആവിധ്യ	= ഗദയെ കറക്കീട്ടു്
ചണ്ഡികാംപ്രതിചിക്ഷേപ	= ദേവിയേക്കുറിച്ചു് എറിഞ്ഞു.
സാ അപി	= ആ ഗദയും
ദേവ്യാ ത്രിശൂലേന ഭിന്നാ	= ദേവിയാൽ ത്രിശൂലംകൊണ്ടു് പിളക്ക[പ്പെട്ടിട്ടു്
ഭസ്മത്വം ആഗതാ	= ഭസ്മതയെ പ്രാപിച്ചു.

അനന്തരം ആ നിശുംഭാസുരനും ഗദയെ കറക്കി ചണ്ഡികാദേവിയുടെ നേരേ എറിഞ്ഞു അതും ദേവിയാൽ ത്രിശൂലംകൊണ്ടു പിളക്കപ്പെട്ടിട്ടു ഭസ്മമായിത്തീൎന്നു.

ഗുപ്ത—ആവിധ്യ = കറക്കീട്ടു് അല്ലെങ്കിൽ എടുത്തിട്ടു്

ശാന്ത—"അഥാദായ ഗദാം സോऽപി" എന്നു പാഠഭേദം.

ആദായ=എടുത്തിട്ടു്. .

അനന്തരം ആ നിശുംഭനും ഗദയെ എടുത്തിട്ടു് ചണ്ഡികയെക്കുറിച്ചു് എറിഞ്ഞു. നിശുംഭനാൽ പ്രേരിതയായിരിക്കുന്ന ആ ഗദ ചണ്ഡികാദേവിയാൽ അഗ്നിബീജഗൎഭമായിരിക്കുന്ന ത്രിശൂലംകൊണ്ടു് മുറിക്കപ്പെട്ടിട്ടു് ഭസ്മീഭവിച്ചു.

"ആവിവ്യാധ ഗദാം സോऽപി" എന്നു പാഠഭേദം.

ആവിവ്യാധ = താഡിച്ചു.

അങ്ങനെ നിശുംഭൻ ഗദകൊണ്ടു് ദേവിയെ താഡിച്ചു എന്നുവരുമ്പോൾ ദേവീപ്രയുക്തത്രിശൂലംകൊണ്ടു് നിശുംഭപ്രയുക്തഗദയുടെ ഭസ്മീകരണവൎണ്ണനം വിഫലമായിത്തീരുന്നു. അതുകൊണ്ടു് ദേവിക്കു് ഉൽകർഷാഭാവവും ഉണ്ടാകുന്നു. ഗദകൊണ്ടു് ദേവീവിഷയമായ താഡനവും, ത്രിശൂലംകൊണ്ടു് ഗദയുടെ ഭസ്മീകരണവും അസംഭാവ്യമായും തീരുന്നു.

ജപ—ആവിധ്യാഥ......മാഗതാ സ്വാഹാ ൨൫

൨൬. തതഃ പരശുഹസ്തം തമായാന്തം ദൈത്യപുംഗവം
ആഹത്യ ദേവീ ബാണൗഘൈരപാതയത ഭൂതലേ. ൬൨൬

തതഃ പരശുഹസ്തം	= അനന്തരം വെണ്മഴു ധരിച്ചു്
ആയാന്തം തം	= നേരിട്ടുവരുന്ന ആ
ദൈത്യപുംഗവം	= അസുരശ്രേഷ്ഠനെ
ദേവീ	= ദേവി

ബാണൌഘൈഃ ആഹത്യ= ശരസമൂഹങ്ങളെക്കൊണ്ടു താഡിച്ചിട്ട്
ഭൂതലേ അപാതയത = ഭൂമിയിൽ പതിപ്പിച്ചു.

അനന്തരം കോടാലിയെടുത്തുകൊണ്ടുനേരിട്ടുവരുന്ന ആ അസുരശ്രേഷ്ഠനെ ദേവി ബാണസമൂഹങ്ങളെക്കൊണ്ടു താഡിച്ച് ഭൂമിയിൽ വീഴ്ത്തി.

ശാന്ത—ഗദ ഭസ്മമായതിൻെറശേഷം പരശുപാണിയായി നേരിട്ടുവരുന്ന ആ ദാനവശ്രേഷ്ഠനായ ശുംഭനെ ചണ്ഡികാദേവി, ശരസമൂഹങ്ങളെക്കൊണ്ടു താഡിച്ചിട്ട് ഭൂമിയിൽ വീഴ്ത്തി.

"തതോ നിശുംഭഃ സംപ്രാപ്യ ചേതനാമാത്തകാർമ്മുകഃ"

എന്നുമേൽ പറയുന്നതുകൊണ്ട്, നിശുംഭൻ ഭൂമിയിൽ പതിച്ച് മൂർച്ഛയെ പ്രാപിച്ചതല്ലാതെ അപ്പോൾ മരിച്ചില്ല.

ജഗ—തതഃ പരശുഹസ്തം...ഭൂതലേ സ്വാഹാ എന്നു

൧൭. തസ്മിന്നിപതിതേ ഭൂമൌ നിശുംഭേ ഭീമവിക്രമേ
ഭ്രാതര്യതീവ സംക്രുദ്ധഃ പ്രയയൌ യോദ്ധുമംബികാം. ൧൮

തസ്മിൻ ഭീമവിക്രമേ	=	ആ ഘോരപരാക്രമശാലിയായ
നിശുംഭേ ഭ്രാതരി	=	നിശുംഭൻ എന്ന അനുജൻ
ഭൂമൌ നിപതിതേ	=	ഭൂമിയിൽ പതിച്ചപ്പോൾ (ജ്യേഷ്ഠനായ ശുംഭൻ)
അതീവസംക്രുദ്ധഃ	=	ഏററവും കോപത്തോടുകൂടിയവനായിട്ട്
അംബികാം യോദ്ധും	=	ദേവിയോട് യുദ്ധംചെയ്യുന്നതിനായി
പ്രയയൌ	=	ചെന്നു.

ഘോരപരാക്രമശാലിയായ അനുജൻ നിശുംഭൻ ഭൂമിയിൽവീണപ്പോൾ ജ്യേഷ്ഠനായ ശുംഭാസുരൻ ഏററവും കോപത്തോടുകൂടി ദേവിയോടു യുദ്ധം ചെയ്യുന്നതിനായി ചെന്നു.

ശാന്ത—ഘോരപരാക്രമനായി ഭ്രാതാവായിരിക്കുന്ന നിശുംഭൻ യുദ്ധഭൂമിയിൽ മൂർച്ഛിച്ചുപതിച്ചപ്പോൾ, ജ്യേഷ്ഠനായ ശുംഭൻ ഏററവും കോപാവിഷ്ടനായിട്ട് ചണ്ഡികാദേവിയോടു യുദ്ധംചെയ്യുന്നതിനായി പുറപ്പെട്ടു.

"പ്രയയൌ ഹന്തുമംബികാം" എന്നു പാഠഭേദം.

അംബികയെ കൊല്ലുന്നതു് ശക്യമല്ലെന്നു അവൻ അറിഞ്ഞില്ല.

ജഗ—തസ്മിന്നിപതിതേ......യോദ്ധുമംബികാം സ്വാഹാ ൧൮

൧൯. സ രഥസ്ഥസ്തഥാത്യുച്ചൈർഗ്ഗൃഹീതപരമായുധൈഃ
ഭുജൈരഷ്ടാഭിരതുലൈർവ്യാപ്യാശേഷം ബഭൌ നഭഃ ൨൦

തഥാ രഥസ്ഥഃ സഃ = അപ്രകാരം രഥാരൂഢനായ അവൻ
അത്യുച്ചൈഃ = അത്യുന്നതങ്ങളായി
ഗൃഹീതപരമായുധൈഃ = ശ്രേഷ്ഠായുധങ്ങളെ ധരിച്ചവയായി
അതുലൈഃ = തുല്യമില്ലാത്തവകളായി ഇരിക്കുന്ന
അഷ്ടാഭിഃ ഭുജൈഃ = എട്ടു കൈകളെക്കൊണ്ടു്
അശേഷം നഭഃ വ്യാപ്യ ബഭൌ = ആകാശം മുഴുവൻവ്യാപിച്ചിട്ടു്ശോഭിച്ചു.

അപ്രകാരം ശുംഭാസുരൻ തേരിൽ കയറി, അത്യുന്നതങ്ങളായി ശ്രേഷ്ഠായുധങ്ങളെ ധരിച്ചിരിക്കുന്നവകളായി നിസ്തുല്യങ്ങളായി ഇരിക്കുന്ന എട്ടുകൈകളെക്കൊണ്ടു് ആകാശമാസകലം വ്യാപിച്ചിട്ടു് ശോഭിച്ചു.

ശാന്ത—അപ്രകാരംതന്നെ, അപ്പോൾ അത്യുച്ചമായിരിക്കുന്ന രഥത്തിൽ ആരൂഢനായ ആ ശുംഭമഹാസുരൻ അത്യുന്നതങ്ങളായി ശ്രേഷ്ഠായുധങ്ങളെ ധരിച്ചിരിക്കുന്നവകളായി അനുപമങ്ങളായി ഇരിക്കുന്ന എട്ടുകൈകളെക്കൊണ്ടു് നഭോമണ്ഡലം മുഴുവനും വ്യാപിച്ചിട്ടു് = മറച്ചിട്ടു് = ആക്രമിച്ചിട്ടു് ശോഭിച്ചു.

നാഗോ—അവൻ, സാമുദ്രികാലക്ഷണപ്രകാരം അത്യുച്ചങ്ങളായിരിക്കുന്ന ഭുജങ്ങളെക്കൊണ്ടു് നഭസ്സിനെ വ്യാപിച്ചിട്ടു് ശോഭിച്ചു, എന്നൎത്ഥം.

ജഗ—സ രഥസ്ഥ......ബഭൌ നഭഃ സ്വാഹാ ൨൭

൨൮. തമായാന്തം സമാലോക്യ ദേവീ ശംഖമവാദയൽ
ജ്യാശബ്ദം ചാപി ധനുഷശ്ചകാരാതിവ ദുസ്സഹം. ൨൮

ദേവി = ചണ്ഡികാദേവി
തം ആയാന്തം സമാലോക്യ = ആ ശുംഭമഹാസുരൻ വരുന്നതു കണ്ടിട്ടു്
ശംഖം അവാദയൽ = ശംഖത്തെ മുഴക്കി.
അതീവ = വളരെ
ദുസ്സഹം = സഹിക്കാൻപാടില്ലാത്തതായ
ധനുഷഃ = വില്ലിന്റെ
ജ്യാശബ്ദം ച അപി ചകാര= ഞാണൊലിയേയുംചെയ്തു.

ചണ്ഡികാദേവി, ആ ശുംഭൻ വരുന്നതുകണ്ടിട്ടു് ശംഖനാദം പുറപ്പെടുവിക്കുകയും ഏററവും ദുഃസഹമായ ഞാണൊലിയിടുകയും ചെയ്തു.

ശാന്ത—ചണ്ഡികാദേവി, ആ ശുംഭമഹാസുരൻ നേരിട്ടുവരുന്നതുകണ്ടിട്ടു ശംഖത്തെ മുഴക്കുകയും, ഏററവും ഉത്സാഹമാകുംവണ്ണം ഞാണൊലിയിടുകയുംചെയ്തു.

ശംഖധ്വനിയും ഞാണൊലിയും യുദ്ധോത്സാഹത്തെ ജനിപ്പിക്കുന്നതാകുന്നു.

ജഗ—തമായാന്തം......ഉത്സാഹം സ്വാഹാ എൻ-

ഹവ്യ. പൂരയാമാസ കകുഭോ നിജഘണ്ടാസ്വനേന ച
സമസ്തദൈത്യസൈന്യാനാം തേജോവധവിധായിനാ ൨൨

സമസ്തദൈത്യസൈന്യാനാം= എല്ലാ അസുരസേനകളുടേയും
തേജോവധവിധായിനാ = തേജസ്സുകളുടെ വിനാശത്തെച്ചെയ്യുന്നതായ
നിജഘണ്ടാസ്വനേന ച = തന്റെ മണിയുടെ നാദംകൊണ്ടും
കകുഭഃ പൂരയാമാസ = ദിക്കുകളെ പൂരിപ്പിച്ചു.

എല്ലാ അസുരസേനകളുടേയും വീര്യത്തെ നശിപ്പിക്കുന്നതായ തന്റെ മണിയുടെ ശബ്ദംകൊണ്ടും പത്തു ദിക്കുകളേയും നിറച്ചു.

ശാന്ത—എല്ലാ അസുരസേനകളുടേയും തേജസ്സിന്റെ വിനാശത്തെച്ചെയ്യുന്നതായ തന്റെ മണിയുടെ നാദംകൊണ്ടും പത്തുദിക്കുകളേയും നിറച്ചു.

"ച"കാരംകൊണ്ടു ശംഖശബ്ദംകൊണ്ടും ഞാണൊലികൊണ്ടും ഘണ്ടാനാദംകൊണ്ടും ദിക്കുകളേ നിറച്ചു എന്നു താല്പര്യം.

ജഗ—പൂരയാമാസ......വിധായിനാ സ്വാഹാ ൨൦

എൻ. തതഃ സിംഹോ മഹാനാദൈസ്ത്യാജിതേഭമഹാമദൈഃ
പൂരയാമാസ ഗഗനം ഗാം തഥോപദിശോ ദശ. ൨൩

തതഃ സിംഹഃ = അനന്തരം സിംഹം
ത്യാജിതേഭമഹാമദൈഃ = ആനകളുടെ മഹാമദങ്ങളെ ദൂരീകരിക്കുന്ന
മഹാനാദൈഃ = വലിയ ഗർജ്ജനങ്ങളെക്കൊണ്ടു
ഗഗനം ഗാം = ആകാശത്തേയും ഭൂമിയേയും
ദശഉപദിശഃ പൂരയാമാസ= പത്തുദിക്കുകളേയും പൂരിപ്പിച്ചു.

അനന്തരം സിംഹം ആനകളുടെ വലുതായ മദത്തെ നശിപ്പിക്കുന്ന മഹാനാദത്തെക്കൊണ്ടു ആകാശത്തേയും ഭൂമിയേയും പത്തുദിക്കുകളേയും നിറച്ചു.

ചതു-ഗാം=സ്വർഗ്ഗത്തെ അല്ലെങ്കിൽ ഭൂമിയെ.

ഉപദിശഃ = സംഗ്രാമവൎത്തികളായ ദിക്പ്രദേശങ്ങളോടും ഉപദിക്കുകളോടും കൂടിയദിക്കുകൾ.

ശാന്ത—ശംഖാദിനിസ്സ്വനാനന്തരം ദേവിയുടെ വാഹനസിംഹം യുദ്ധംചെയ്യണമെന്നുള്ള ഇച്ഛയോടുകൂടി, ദൂരീകരിക്കപ്പെട്ട മഹാഗജങ്ങളുടെ മഹാമദപ്രവാഹങ്ങളോടുകൂടിയ (സിംഹനാദം കേൾക്കുമ്പോൾ ആനകളുടെ മദം നശിച്ചുപോകും) നാദങ്ങളെക്കൊണ്ടു് ആകാശത്തെ നിറച്ചു. അതുപോലെതന്നെ ആ മഹാനാദങ്ങളെക്കൊണ്ടു ഭൂമിയേയും പത്തുദിക്കുകളേയും നിറച്ചു.

"ഗാം തഥൈവ ദിശോ ദശ" എന്നു പാഠഭേദം.

അപ്രകാരംതന്നെ ആ മഹാനാദങ്ങളെക്കൊണ്ടു് പൃഥിവിയേയും പത്തു ദിക്കുകളേയും നിറച്ചു എന്നൎത്ഥം.

"ഗാം തഥോപദിശോദശ" എന്ന പാഠത്തിൽ 'ഉപ'ശബ്ദം ആധിക്യത്തെ കാണിക്കുന്നു. മുൻപുണ്ടായ ശംഖജ്യാഘണ്ടകളുടെ നാദത്തെക്കാൾ സിംഹനാദം അധികമായിരുന്നു എന്നു താല്പൎയ്യം. എന്തെന്നാൽ 'ഈ സിംഹനാദം ആകാശത്തേയും ഭൂമിയേയും പത്തുദിക്കുകളേയും നിറച്ചു. അതുകൊണ്ടു് മഹത്തായ സിംഹനാദത്താൽ ശംഖജ്യാഘണ്ടകളുടെ നാദങ്ങൾ തിരോഹിതങ്ങളായി' എന്നു് ഉപശബ്ദം സൂചിപ്പിക്കുന്നു.

ദംശോ—"ഗാം തഥൈവ ദിശോ ദശ" എന്ന പാഠം സുഗമം.

ജഗ—തതഃ സിംഹോ......ദിശോ ദശ സ്വാഹാ ൨൯

൩൦. തതഃ കാളീ സമുൽപത്യ ഗഗനം ക്ഷ്മാമതാഡയൽ
കരാഭ്യാം തന്നിനാദേന പ്രാക്‌സ്വനാസ്തേ തിരോഹിതാഃ. ൩൧

തതഃ കാളീ	= അനന്തരം ചണ്ഡികാദേവി
ഗഗനം സമുൽപത്യ	= ആകാശത്തെ സമുല്പതിച്ചിട്ടു്
ക്ഷ്മാംകരാഭ്യാം അതാഡയൽ	= ഭൂമിയെ കൈകൾകൊണ്ടു താഡിച്ചു.
തന്നിനാദേന	= ആ ശബ്ദംകൊണ്ടു്
തേ പ്രാക്‌സ്വനാഃ	= ആ മുൻപുണ്ടായ ശബ്ദങ്ങളെല്ലാം
തിരോഹിതാഃ	= മറയ്ക്കപ്പെട്ടു.

അനന്തരം കാളി നല്ലവണ്ണം മേൽപ്പോട്ടു ചാടീട്ടു് ഭൂമിയെ കൈകൾകൊണ്ടടിച്ചു. ആ ശബ്ദം മുൻപുണ്ടായശബ്ദങ്ങളെ എല്ലാം മറച്ചുകളഞ്ഞു.

ശാന്ത—സിംഹനാദാനന്തരം ചാമുണ്ഡാദേവി ആകാശത്തെ സമുല്പതിച്ചിട്ടു്—നല്ലവണ്ണം മേല്പോട്ടു ചാടീട്ടു്—ഭൂമിയെ കൈകൾകൊണ്ടു് അടിച്ചു. അല്ലെങ്കിൽ ചാമുണ്ഡ മേല്പോട്ടു ചാടീട്ടു് ഗഗനത്തെ

യും ഭൂമിയെയും കൈകൾകൊണ്ടു് അടിച്ചു. ആ ശബ്ദംകൊണ്ടു് മുൻപു് പറയപ്പെട്ട ശംഖജ്യാഘണ്ടാസിംഹനാദങ്ങൾ നിസ്സാരങ്ങളായി തീൎന്നു. അല്പമായ ശബ്ദം അധികശബ്ദത്താൽ നിസ്സാരമായി തീരുമല്ലോ. കാളി കൈകളെക്കൊണ്ടു് ഭൂമിയെയും ആകാശത്തെയും അടിച്ചു എന്നുള്ളതുകൊണ്ടു് ആ ചാമുണ്ഡാശക്തി ഇപ്രകാരം അത്ഭുതത്തെ ചെയ്യുന്നതാകുന്നു എന്നു താല്പൎയ്യം.

നാഗോ—സമുൽപത്യ = മേല്പോട്ടു ചാടീട്ടു് വീണ്ടും താഴത്തുവന്നു് ഭൂമിയെ അടിച്ചു എന്നൎത്ഥം.

ജഗ—തതഃ കാളീ......തിരോഹിതാഃ സ്വാഹാ ൧൧

൧൨. അട്ടാട്ടഹാസമശിവം ശിവദൂതീ ചകാര ഹ
തൈഃ ശബ്ദൈരസുരാസ്ത്രേസുഃ ശുംഭഃ കോപം പരം യയൌ. ഓ൧൪

ശിവദൂതീ അശിവം	= ശിവദൂതീദേവി അതിഭയങ്കരമായി
അട്ടാട്ടഹാസം ചകാര ഹ	= അത്യുച്ചമായഹാസത്തെ ചെയ്തു.
തൈഃ ശബ്ദൈഃ	= ആ ശബ്ദങ്ങളെക്കൊണ്ടു്
അസുരാഃ ത്രേസുഃ	= അസുരന്മാർ ഭയപ്പെട്ടു.
ശുംഭഃ	= ശുംഭൻ
പരം കോപം യയൌ	= അധികമായ കോപത്തെ പ്രാപിച്ചു.

ശിവദൂതീദേവി അതിഭയങ്കരമാകുംവണ്ണം അത്യുച്ചത്തിൽ അട്ടഹസിച്ചു. ആ ശബ്ദങ്ങളെക്കൊണ്ടു് അസുരന്മാർ ഭയപ്പെടുകയും ശുംഭൻ വളരെ കോപിക്കുകയും ചെയ്തു.

ശാന്ത—ചണ്ഡികാദേവിയുടെ ശരീരത്തിൽനിന്നു പുറപ്പെട്ട "ശിവദൂതീ" എന്ന ദേവത ദൈത്യന്മാൎക്കു കൎണ്ണകഠോരമാകുംവണ്ണം ചെയ്ത ഉച്ചമായ അട്ടഹാസശബ്ദങ്ങളെക്കൊണ്ടു് അസുരന്മാർ ഭയപ്പെടുകയും ശുംഭൻ അതികോപിഷ്ഠനായിത്തീരുകയും ചെയ്തു.

അട്ടാട്ടഹാസം = ശത്രുക്കളെ ഉല്ലംഘിച്ചു് ഉല്ലംഘിച്ചു് ഉള്ള ഹാസം = ശത്രുക്കളെ തീരെ നിസ്സാരമാക്കിക്കൊണ്ടുള്ള ചിരി.

"അട്ടട്ടഹാസം" എന്നു പാഠഭേദം.

അട്ടട്ടഹാസം = മഹാഹാസം = വലിയ ചിരി.

ജഗ—അട്ടാട്ടഹാസ......പരായയൌ സ്വാഹാ. ൧൩

൧൨. ദുരാത്മംസ്തിഷ്ഠതിഷ്ഠേതി വ്യാജഹാരാംബികാ യദാ
തദാ ജയേത്യഭിഹിതം ദേവൈരാകാശസംസ്ഥിതൈഃ— ഓ൧൫

ദുരാത്മൻ! തിഷ്ഠ തിഷ്ഠ ഇതി=എടാദുഷ്ട! നില്ക്കു് നില്ക്കു് എന്നിങ്ങനെ യദാ അംബികാ വ്യാജഹാര= യാതൊരുസമയത്തു് ദേവി അരുളിച്ചെ

യ്തുവോ

തദാ	= അപ്പോൾ
ആകാശസംസ്ഥിതൈഃ	= ആകാശത്തിൽ സ്ഥിതിചെയ്യുന്ന
ദേവൈഃ	= ദേവന്മാരാൽ
ജയ ഇതി അഭിഹിതം	= ജയിച്ചാലും എന്നു് പറയപ്പെട്ടു.

എടാദുഷ്ട! നില്ക്കു് നില്ക്കു് എന്നു ദേവി അരുളിച്ചെയ്തപ്പോൾ ആകാശത്തു സ്ഥിതിചെയ്യുന്ന ദേവന്മാർ 'തിന്തിരുവടി ജയിച്ചാലും' എന്നു പറഞ്ഞു.

ശാന്ത—എടാ ശുംഭ! എടാ ദുഷ്ട! നീ ആണല്ലോ ദൂതനെ തിരിച്ചയച്ചതു്, നിൽക്കു്, നിൽക്കു്, ഓടരുതു്; ദൂതനെ തിരിച്ചയച്ചതിൻെറ ഫലം കണ്ടുകൊൾക; നിഷ്ഠുരാലാപംകൊണ്ടു് പ്രയോജനമെന്തു്? ക്രിയാ കേവലമുത്തരം, എന്നിങ്ങനെ ദേവി പറഞ്ഞപ്പോൾ ആകാശസ്ഥന്മാരായ ദേവന്മാർ തിന്തിരുവടി ജയിച്ചാലും എന്നു ഘോഷിച്ചു.

നാഗോ—ആകാശസംസ്ഥിതന്മാർ = ദേവീദാനവയുദ്ധം ദർശിക്കുന്നതിനായി ആകാശത്തിൽ സ്ഥിതിചെയ്യുന്നവർ.

ജഗ—ദുരാത്മം......സംസ്ഥിതൈഃ സ്വാഹാ ൨൪

൨൫. ശുംഭേനാഗത്യ യാ ശക്തിർമ്മുക്താ ജ്വാലാതിഭീഷണാ
ആയാന്തീ വഹ്നികൂടാഭാ സാ നിരസ്താ മഹോല്ക്കയാ. ൭൨൭

ശുംഭേന ആഗത്യ	= ശുംഭനാൽ അടുത്തുചെന്നിട്ടു്
ജ്വാലാതിഭീഷണാ	= തേജസ്സുകൊണ്ടു് അതിഭയങ്കരമായ
യാ ശക്തിഃ മുക്താ	= യാതൊരു വേൽ എറിയപ്പെട്ടുവോ
സാ വഹ്നികൂടാഭാ	= അതു് തീക്കൂട്ടത്തിൻെറ ശോഭയോടുകൂടി
ആയാന്തീ	= നേരിട്ടുവന്നിട്ടു്
(ദേവ്യാ)	= (ദേവിയാൽ)
മഹോല്ക്കയാ നിരസ്താ	= മഹോല്ക്കാ എന്നു പേരോടുകൂടിയ ആയുധംകൊണ്ടു് ദൂരീകരിക്കപ്പെട്ടു.

ശുംഭൻ അടുത്തുചെന്നു്, തേജസ്സുകൊണ്ടു് അതിഭയങ്കരമായ ഒരു വേൽ പ്രയോഗിച്ചു. അഗ്നിപുഞ്ജത്തിൻെറ കാന്തിയോടുകൂടിയ അതു് നേരിട്ടുവന്നപ്പോൾ ദേവി തൻെറ മഹോല്ക്കാ എന്ന ആയുധംകൊണ്ടു് അതിനെ തടുത്തു.

ഗുപ്ത—മഹോല്ക്കയാ = തീക്കൊള്ളിക്കു് തുല്യവും 'മഹോല്ക' എന്നു പേരോടുകൂടിയതുമായ വേൽകൊണ്ടു്.

ശാന്ത—ശുംഭൻ അടുത്തു ചെന്നിട്ടു് തേജസ്സുകൊണ്ടു് അതിഭയങ്കരമായിരിക്കുന്ന യാതൊരു വേൽ പ്രയോഗിച്ചുവോ അതു് അഗ്നിപു

ഞ്ജത്തിൻെറ ശോഭയോടുകൂടി അടുത്തു വന്നപ്പോൾ ചണ്ഡികാദേവി 'മഹോല്ക' എന്ന ആയുധവിശേഷംകൊണ്ടു് തടുത്തു. മഹോല്കാ = മഹത്തായ ജ്വാലയോടുകൂടിയതും മഹോല്കാ എന്ന പേരോടുകൂടിയതും ചണ്ഡികാദേവിയുടെ ആയുധവുമായ വേൽ.

ജഗ—ശുംഭേനാഗത്യ......മഹോല്കയാ സ്വാഹാ ൨.൭

൨൮. സിംഹനാദേന ശുംഭസ്യ വ്യാപ്തം ലോകത്രയാന്തരം
നിർഘാതനിഃസ്വനോ ഘോരോ ജിതവാനവനീപതേ! ൨൮

അവനീപതേ!	= ഹേ രാജാവേ!
ശുംഭസ്യ സിംഹനാദേന	= ശുംഭൻെറ സിംഹനാദംകൊണ്ടു്
ലോകത്രയാന്തരം	= മൂന്നലോകങ്ങളുടേയും മദ്ധ്യം
വ്യാപ്തം	= വ്യാപിക്കപ്പെട്ടു(ആ സിംഹനാദത്താൽ)
ഘോരഃനിർഘാതനിസ്സ്വനഃ	= ഭയങ്കരമായ ഇടിവെട്ടുന്ന ശബ്ദം
ജിതവാൻ	= ജയിക്കപ്പെട്ടു.

അല്ലയോ സുരഥമഹാരാജാവേ! ശുംഭൻെറ സിംഹനാദം മൂന്നു ലോകങ്ങളുടേയും അന്തരാളത്തെ വ്യാപിച്ചു. ആ സിംഹനാദം ഇടിവെട്ടുമ്പോൾ ഉണ്ടാകുന്ന ഘോരമായ ശബ്ദത്തെ ജയിച്ചു.

ഗുപ്ത—ദേവീശക്തിയുടേയും ശുംഭശക്തിയുടേയും പ്രതിഘാതം നിമിത്തമുണ്ടായശബ്ദം ശുംഭൻചെയ്ത സിംഹനാദത്തെക്കാൾ അധികം ലോകങ്ങളെ വ്യാപിച്ചു.

ചതു—ലോകത്രയാന്തരം = ഭൂലോകത്തിൻേയും, ഭുവർലോകത്തിൻേറയും, സ്വർലോകത്തിൻേറയും മദ്ധ്യം.

ജയിച്ചു = അസൂയപ്പെട്ടു, ഭയങ്കരമായിരിക്കുന്ന ഇടിവെട്ടുന്ന ശബ്ദം ശുംഭൻെറ സിംഹനാദത്തോടു് അസൂയപ്പെട്ടു.

ശാന്ത—അല്ലയോ രാജാവേ! ഹേ സുരഥ! ശുംഭൻെറ സിംഹനാദംകൊണ്ടു് ജഗത്തിൻെറ അന്തർഭാഗം മുഴുവനും വ്യാപ്തമായി, എങ്കിലും അവൻെറ സൈന്യങ്ങളുടെ, ദേവിയെക്കുറിച്ചുള്ള യുദ്ധാരസാവേശം നിമിത്തമുണ്ടായ "ജയിച്ചാലും ജയിച്ചാലും, കൊന്നാലും, കൊന്നാലും" എന്നുള്ള ശബ്ദം, അല്ലെങ്കിൽ യുദ്ധത്തിനു് ഒരുക്കപ്പെട്ടിരിക്കുന്ന ഖഡ്ഗാദ്യായുധങ്ങളുടെ പരസ്പരസംഘട്ടനശബ്ദം, ലോകത്രയാന്തരാളവ്യാപ്തമായ ശുംഭസിംഹനാദത്തെ ജയിച്ചു.

നിർഘാതനിസ്സ്വനം = ആകസ്മികമായി ആകാശത്തിൽനിന്നു് ഇടിവാൾവീഴുന്നതുകൊണ്ടു് ഉണ്ടാകുന്ന ശബ്ദം. ആ ശബ്ദം ശുംഭൻ പതിച്ചു എന്നു സൂചിപ്പിക്കുന്ന ഉൽസൂചകമായതുകൊണ്ടു് അവനെ ജയിച്ചു.

അല്ലെങ്കിൽ യാതൊരു ശുംഭന്റെ സിംഹനാദം ആദ്യം ലോകത്രയാന്തരത്തെ വ്യാപിച്ചുവോ ആ ശുംഭൻ പിന്നീട്ട നിർഘാതനിസ്വനനായി = നിർഘാതത്തിന്റെ = നിർഘനമായ ഗഗനത്തിൽനിന്ന് താഴെവീഴുന്ന ദാനവനാശകാരിയായി ഉല്പാതരൂപമായി ഇരിക്കുന്ന ജ്യോതിർമ്മണ്ഡലത്തിന്റെ നിസ്സ്വനത്തോടുകൂടിയവനായിത്തീൎന്നു.

അല്ലെങ്കിൽ, മുൻപിൽ ദേവീവാഹനമായ സിംഹത്തിന്റെ യാതൊരു നാദംകൊണ്ടു് ലോകത്രയാന്തരം വ്യാപ്തമായോ ആ നാദം തന്നെ ലോകോൽകൃഷ്ടമായിട്ടു് ശുംഭനു ഭയങ്കരമായ നിർഘനഗഗനത്തിൽനിന്നു വീഴുന്ന മഹാജ്യോതിർധ്വനിരൂപമായിത്തീൎന്നു. മഹോൽപാതം പാപികൾക്കു് അമംഗളത്തെ ഉണ്ടാക്കുന്നതാകുന്നു.

അഘോരോജിതവാൻ = (അഘോരഃ അജിതവാൻ എന്നു പദച്ഛേദം) അഘംകൊണ്ടു് = പാപംകൊണ്ടു് വ്യാപ്തമായ ഉരസ്സോടു് = ഹൃദയത്തോടുകൂടിയവനായിട്ടു്, അജിതവാൻ = ദേവിയെ ജയിക്കാത്തവൻ ആയിത്തീൎന്നു.

ജഗ—സിംഹ......നവനീപതേ സ്വാഹാ ൨൬

൨൭. ശുംഭമുക്താൻ ശരാൻ ദേവി ശുംഭസ്തൽപ്രഹിതാൻ ശരാൻ
ചിച്ഛേദ സ്വശരൈരുഗ്രൈഃ ശതശോഽഥ സഹസ്രശഃ. ൭൬൯

അഥ	=	അനന്തരം
ശുംഭമുക്താൻ ശരാൻ	=	ശുംഭനാൽ പ്രയോഗിക്കപ്പെട്ട ശരങ്ങളെ
ദേവീ	=	ദേവിയും
തൽപ്രഹിതാൻ ശരാൻ	=	ദേവിയാൽ അയയ്ക്കപ്പെട്ട ശരങ്ങളെ
ശുംഭഃ	=	ശുംഭനും
ഉഗ്രൈഃ സ്വശരൈഃ	=	രൌദ്രങ്ങളായിരിക്കുന്ന തങ്ങളുടെ ശരങ്ങളെക്കൊണ്ടു്
ശതശഃ സഹസ്രശഃ	=	നൂറുവീതവും ആയിരംവീതവും ആയി
ചിച്ഛേദ	=	ഛേദിച്ചു.

അനന്തരം ശുംഭൻ വിട്ട ശരങ്ങളെ ദേവിയും, ദേവിഅയച്ച ശരങ്ങളെ ശുംഭനും തങ്ങളുടെ തീക്ഷ്ണങ്ങളായ ശരങ്ങളെക്കൊണ്ടു് നൂറുവീതവും ആയിരംവീതവുമായി മുറിച്ചു.

ശാന്ത—അനന്തരം ദേവി രൌദ്രങ്ങളായ തന്റെ ശരങ്ങളെക്കൊണ്ടു് നൂറുനൂറും ആയിരമായിരവുംവീതമായി ശുംഭൻ അയയ്ക്കുന്ന ഉഗ്രശരങ്ങളെ രണ്ടാക്കിച്ചെയ്തു. അതുപോലെതന്നെ ശുംഭനും രൌദ്രങ്ങളായ തന്റെ ശരങ്ങളെക്കൊണ്ടു് ദേവീപ്രയുക്തങ്ങളായ ശരങ്ങളെ നൂറുനൂറുവീതവും ആയിരം ആയിരം വീതവും ആയി മുറിച്ചു.

ഇങ്ങനെ പറഞ്ഞതുകൊണ്ടു് ദേവിക്കും ശുംഭനും യുദ്ധം സമമായിരുന്നു എന്നു താല്പര്യം.

ജഗ—ശുംഭമുക്താൻ......സഹസ്രശഃ സ്വാഹാ ൨൧

൨൬. തതഃ സാ ചണ്ഡികാ ക്രുദ്ധാ ശൂലേനാഭിജഘാന തം
സ തദാഭിഹതോ ഭൂമൗ മൂർച്ഛിതോ നിപപാത ഹ ൭൯൦

തതഃ സാ ചണ്ഡികാ	= അനന്തരം ആ ചണ്ഡികാദേവി
ക്രുദ്ധാ	= കോപത്തോടുകൂടിയവളായിട്ടു്
തം ശൂലേന അഭിജഘാന	= അവനെ ശൂലംകൊണ്ടു് താഡിച്ചു.
സഃ തദാ അഭിഹതഃ	= അവൻ അപ്പോൾ കുത്തേററിട്ടു്
മൂർച്ഛിതഃ ഭൂമൗ	= മോഹാലസ്യത്തോടുകൂടി ഭൂമിയിൽ
നിപപാത ഹ	= പതിച്ചു.

അനന്തരം ആ ചണ്ഡികാദേവി കോപത്തോടുകൂടിയവളായിട്ടു് ശൂലംകൊണ്ടു് ശുംഭനെ താഡിച്ചു. അവൻ ആ ശൂലത്താൽ താഡിക്കപ്പെട്ടു് മൂർച്ഛയോടുകൂടിയവനായിട്ടു് ഭൂമിയിൽ പതിച്ചു.

ശാന്ത—അനന്തരം ആ ചണ്ഡികാദേവി, ശുംഭൻ യുദ്ധത്തിൽ തനിക്കു തുല്യനായി നിൽക്കുന്നതുകണ്ടു് സഹിക്കാതെ കോപത്തോടുകൂടിയവളായിട്ടു് അവനെ ശൂലായുധംകൊണ്ടു് താഡിച്ചു. ആ ശുംഭൻ ദേവിയാൽ നല്ലവണ്ണം കുത്തപ്പെട്ടിട്ടു് മൂർച്ഛിതനായി യുദ്ധഭൂമിയിൽ പതിച്ചു.

"സ തദാനിഹതോ" എന്നു പാഠഭേദം.

തദാനിഹതൻ 2 ആ ദേവിയാൽ നല്ലവണ്ണം താഡിക്കപ്പെട്ടവൻ. തദാ, അനിഹതഃ എന്നു പദച്ഛേദം. അനിഹതൻ = കൊല്ലപ്പെടാത്തവനായിട്ടു് മൂർച്ഛിതനായിമാത്രം ഭൂമിയിൽ പതിച്ചു എന്നർത്ഥം.

ജഗ—തതഃ സാ . . . നിപപാത ഹ സ്വാ ൨൭

൨൭. തതോ നിശുംഭഃ സംപ്രാപ്യ ചേതനാമാത്തകാർമ്മുകഃ
ആജഘാന ശരൈർദ്ദേവീം കാളീം കേസരിണം തഥാ ൭൯൧

തതഃ നിശുംഭഃ	= അനന്തരം നിശുംഭൻ
ചേതനാം സംപ്രാപ്യ	= സംജ്ഞയെ പ്രാപിച്ചിട്ടു്
ആത്തകാർമ്മുകഃ	= വില്ലെടുത്തു്
ശരൈഃ ദേവീം കാളീം	= അസ്ത്രങ്ങളെക്കൊണ്ടു് ദേവിയേയും കാളിയേയും
തഥാ കേസരിണം	= അപ്രകാരം സിംഹത്തേയും
ആജഘാന	= താഡിച്ചു.

അനന്തരം നിശുംഭൻ മൂർച്ഛയെവിട്ടു് എഴുന്നേററു് സ്വസംജ്ഞയെ പ്രാപിച്ചിട്ടു് വില്ലെടുത്തു് അസ്ത്രങ്ങളെക്കൊണ്ടു് ദേവിയേയും കാളിയേയും അതുപോലെ സിംഹത്തേയും താഡിച്ചു.

ശാന്ത—'തതഃ പരശുഹസ്തം തം' ഇത്യാദിശ്ലോകത്തിൽ ദേവി നിശുംഭനെ ഭൂതലത്തിൽ പതിപ്പിച്ചു എന്നു മുൻപിൽ പറഞ്ഞിട്ടുണ്ടു്. അനന്തരം അവന്റെ പുനരുജ്ജീവനവും യുദ്ധാരംഭവും വർണ്ണിക്കുന്നു.

മുൻപിൽ മൂർച്ഛയെ പ്രാപിച്ചിരുന്ന നിശുംഭൻ, ക്ഷുദൻ മൂർച്ഛിതനായപ്പോൾ സംജ്ഞയെപ്രാപിച്ചു് വില്ലുധരിച്ചു് യുദ്ധത്തിനുവരികയും ശരങ്ങളെക്കൊണ്ടു് ചണ്ഡികയേയും ചാമുണ്ഡയേയും അതുപോലെതന്നെ ദേവീവാഹനമായ സിംഹത്തേയും താഡിക്കുകയും ചെയ്തു.

ജഗ—തതോ നിശുംഭഃ...കേസരിണംതഥാ സ്വാഹാ. ൨൯

വ്യ. പുനശ്ച കൃത്വാ ബാഹൂനാമയുതം ദനുജേശ്വരഃ
ചക്രായുധേന ദിതിജ ശ്ഛാദയാമാസ ചണ്ഡികാം. ഉപേ.വ

ദിതിജഃ	= ദിതിജനായിരിക്കുന്ന
ദനുജേശ്വരഃ	= ദനുജേശ്വരൻ
പുനശ്ച	= വീണ്ടും
ബാഹൂനാം അയുതംകൃത്വാ	= പതിനായിരം കൈകളെ ഉണ്ടാക്കിട്ടു്
ചക്രായുതേന	= പതിനായിരം ചക്രങ്ങൾകൊണ്ടു്
ചണ്ഡികാം ഛാദയാമാസ	= ദേവിയെ മൂടി.

അസുരനായി ദനുജേശ്വരനായിരിക്കുന്ന നിശുംഭൻ വീണ്ടും പതിനായിരം കൈകളെ ഉണ്ടാക്കി പതിനായിരം ചക്രങ്ങളെക്കൊണ്ടു് ദേവിയെ മൂടി.

ശാന്ത—അസുരനായി ദനുജന്മാൎക്കു് സ്വാമിയായി ഇരിക്കുന്ന ആ നിശുംഭൻ മായാവിയാകകൊണ്ടു് പിന്നെയും പതിനായിരം കൈകളെ ഉണ്ടാക്കിട്ടു്—പതിനായിരംകൈകളോടുകൂടിയവനായിത്തീൎന്നിട്ടു് പതിനായിരം ചക്രായുധങ്ങളെക്കൊണ്ടു് ചണ്ഡികാദേവിയെ മൂടി.

ജഗ—പുനശ്ച......ചണ്ഡികാം സ്വാഹാ ൩൦

വൻ. തതോ ഭഗവതീ ക്രുദ്ധാ ദുർഗ്ഗാ ദുർഗ്ഗാർത്തിനാശിനീ
ചിച്ഛേദ താനി ചക്രാണി സ്വശരൈഃ സായകാംശ്ച താൻ.

തതഃ	= അനന്തരം
ദുർഗ്ഗാർത്തിനാശിനീ	= ദുസ്തരാർത്തികളെ നശിപ്പിക്കുന്നവളായി
ഭഗവതീ ദുർഗ്ഗാ	= ഭഗവതിയായി ഇരിക്കുന്ന ചണ്ഡികാദേവി
ക്രുദ്ധാ	= കോപത്തോടുകൂടിയവളായിട്ടു്

സ്വശരൈഃ = തന്റെ ബാണങ്ങളെക്കൊണ്ടു്
താനി ചക്രാണി = ആ ചക്രങ്ങളേയും
താൻ സായകാൻ ച = ആ അമ്പുകളേയും
ചിച്ഛേദ = ഛേദിച്ചു.

അനന്തരം ദുസ്തരാർത്തികളെ നശിപ്പിക്കുന്നവളായി ഭഗവതിയായി ഇരിക്കുന്ന ചണ്ഡികാദേവി ക്രോധാവിഷ്ടയായിട്ടു് തന്റെ ബാണങ്ങളെക്കൊണ്ടു് ആ ചക്രങ്ങളേയും ആ അമ്പുകളേയും മുറിച്ചു.

ചതു—ദുർഗ്ഗാർത്തിനാശിനീ=ദുസ്സഹപീഡയെ നശിപ്പിക്കുന്നവൾ അല്ലെങ്കിൽ സങ്കടത്തിൽ ഉള്ള പീഡയെ നശിപ്പിക്കുകശീലമായിട്ടുള്ളവൾ. "ദുർഗ്ഗാർത്തിനാശിനീ" എന്നു പാഠഭേദം.

ശാന്ത—അനന്തരം ദുസ്തരങ്ങളായിരിക്കുന്ന ആർത്തികളെ നശിപ്പിക്കുന്നവളായി ഭഗവതിയായി ഇരിക്കുന്ന ചണ്ഡികാദേവി കോപത്തോടുകൂടി തന്റെ ബാണങ്ങളെക്കൊണ്ടു' ആ നിശുംഭപ്രേരിതങ്ങളായ ചക്രങ്ങളേയും അവനാൽ അയയ്ക്കപ്പെട്ട ശരങ്ങളേയും മുറിച്ചു.

ദുർഗ്ഗാ=ദുഃഖേന പ്രാപിക്കപ്പെട്ടുവാൻ യോഗ്യാ.

ജഗ—തതോ ഭഗവതീ......സായകാംശ്ച താൻ സ്വാഹാ ൫൩

൩൦. തതോ നിശുംഭോ വേഗേന ഗദാമാദായ ചണ്ഡികാം
അഭ്യധാവത വൈ ഹന്തും ദൈത്യസേനാസമാവൃതഃ. ൫൩൪

തതഃ നിശുംഭഃ = അനന്തരം നിശുംഭൻ
വേഗേന ഗദാം ആദായ = വേഗത്തിൽ ഗദയെ എടുത്തുംകൊണ്ടു്
ദൈത്യസേനാസമാവൃതഃ=അസുരസൈന്യത്താൽചുററപ്പെട്ടവനായിട്ടു്
ചണ്ഡികാം ഹന്തും = ദേവിയെ താഡിക്കുന്നതിനായിട്ടു്
അഭ്യധാവത വൈ = നേരിട്ടു ചെന്നു; നിശ്ചയം.

ഉടനേ നിശുംഭൻ അതിവേഗത്തിൽ ഗദയെ ധരിച്ചു് അസുരസൈന്യത്താൽ ചുററപ്പെട്ടവനായിട്ടു ദേവിയെ താഡിക്കുന്നതിനായി നേരിട്ടു ചെന്നു.

ശാന്ത—ചക്രങ്ങളും ബാണങ്ങളും ഖണ്ഡിക്കപ്പെട്ടതിനുശേഷം നിശുംഭൻ വേഗത്തിൽ ഗദയെടുത്തുംകൊണ്ടു് ചണ്ഡികാദേവിയെ താഡിക്കുന്നതിനായി നേരിട്ടു ചെന്നു. നിശ്ചയം.

ജഗ—തതോ നിശുംഭോ......സമാവൃതഃ സ്വാഹാ— ൩൨

൩൧. തസ്യാപതത ഏവാശു ഗദാം ചിച്ഛേദ ചണ്ഡികാ
ഖഡ്ഗേന ശിതധാരേണ സ ച ശൂലം സമാദദേ— ൫൩൫

ആപതതഃ ഏവ = വരുമ്പോൾത്തന്നെ
തസ്യ ഗദാം ചണ്ഡികാ = അവന്റെ ഗദയെ ചണ്ഡികാദേവി

ശിതധാരേണ ഖഡ്ഗേന	= മൂർച്ചയുള്ള വാൾകൊണ്ടു്
ആശു ചിച്ഛേദ	= വേഗത്തിൽ മുറിച്ചു.
സ ച ശൂലം സമാദദേ	= അവനും ശൂലത്തെ എടുത്തു.

വരുമ്പോൾത്തന്നെ അവന്റെ ഗദയെ ദേവി മൂർച്ചയുള്ള വാൾകൊണ്ടു് വേഗത്തിൽമുറിച്ചു. ഉടനെ അവൻ ശൂലായുധത്തെ എടുത്തു.

ശാന്ത—നേരിട്ടുവരുമ്പോൾത്തന്നെ നിശുംഭന്റെ ആ ഗദയെ ചണ്ഡികാദേവി മൂർച്ചയുള്ളവാളുകൊണ്ടു വേഗത്തിൽ ഖണ്ഡിച്ചു. ഉടനെ നിശുംഭൻ ഭഗ്നഗദായുധനായിട്ടു് ചണ്ഡികാദേവിയെ താഡിക്കുന്നതിനായി ശൂലായുധത്തെ എടുത്തു.

ജഗ—തസ്യാപതത...സമാദദേ സ്വാഹാ ൩൰

൩൨. ശൂലഹസ്തം സമായാന്തം നിശുംഭമമരാർദ്ദനം
ഹൃദി വിവ്യാധ ശൂലേന വേഗാവിദ്ധേന ചണ്ഡികാ–൬൩൰

ചണ്ഡികാ	= ദേവി
അമരാർദ്ദനം	= ദേവോപദ്രവിയായി
ശൂലഹസ്തം	= കയ്യിൽ ശൂലത്തോടുകൂടിയവനായി
സമായാന്തം നിശുംഭം	= നേരിട്ടുവരുന്ന നിശുംഭനെ
വേഗാവിദ്ധേന ശൂലേന	= ഊക്കോടുകൂടി ചുഴററിയെറിഞ്ഞ ശൂലം
ഹൃദി വിവ്യാധ	= മാറിടത്തിൽ താഡിച്ചു [കൊണ്ടു്

കയ്യിൽ ശൂലവുമായി നേരിട്ടുവരുന്ന ദേവവൈരിയായ നിശുംഭനെ ചണ്ഡികാദേവി, ഊക്കോടുകൂടി വേഗത്തിൽ ചുഴററിയെറിഞ്ഞ ശൂലംകൊണ്ടു് വക്ഷസ്സിൽ താഡിച്ചു.

ശാന്ത—ചണ്ഡികാദേവി, അമരദ്വേഷിയായി ശൂലഹസ്തനായിരിക്കുന്ന നിശുംഭൻ നേരിട്ടുവരുന്നതുകണ്ടിട്ടു് ഊക്കോടുകൂടി ചുഴററി എറിഞ്ഞ ശൂലായുധംകൊണ്ടു് അവന്റെ വക്ഷസ്സിൽ താഡിച്ചു.

ജഗ—ശൂലഹസ്തം...ചണ്ഡികാസ്വാഹാ ൩൪

൩൰ ഭിന്നസ്യ തസ്യശൂലേന ഹൃദയാന്നിസ്സൃതോഽപരഃ
മഹാബലോ മഹാവീര്യ്യസ്തിഷ്ഠേതി പുരുഷോ വദൻ ൭൩൰൧

ശൂലേന ഭിന്നസ്യ	= ശൂലംകൊണ്ടു് പിളക്കപ്പെട്ട
തസ്യ ഹൃദയാൽ	= അവന്റെ മാറിടത്തിൽ നിന്നു്
മഹാബലഃ മഹാവീര്യ്യഃ	= അതിബലവാനായി അതിവീര്യ്യവാനാ
തിഷ്ഠ ഇതി വദൻ	= നില്ക്കു് എന്നു പറഞ്ഞുകൊണ്ടു് [യി
അപരഃ പുരുഷഃ നിഃസൃതഃ	= വേറെ ഒരു പുരുഷൻ പുറപ്പെട്ടു.

ദേവീശൂലത്താൽ പിളക്കപ്പെട്ട നിശുംഭന്റെ മാറിടത്തിൽ നിന്നു് അതിബലവാനായി അതിവീൎയ്യവാനായി ഇരിക്കുന്ന വേറെ ഒരു പുരുഷൻ നില്ക്കു് എന്നു പറഞ്ഞുകൊണ്ടു് പുറപ്പെട്ടു.

ശാന്ത—ദേവിയുടെ ശൂലംകൊണ്ടു പിളക്കപ്പെട്ട ആ നിശുംഭന്റെ വക്ഷസ്സിൽനിന്നു് മഹാബലവാനായി മഹാവീൎയ്യവാനായി "ദേവിയോടു്, ഇപ്പോൾ എന്റെ മുമ്പിൽ നിന്നു് നീ എവിടേയ്ക്കു പോകുന്നു നിൽക്കു്" എന്നു പറഞ്ഞുംകൊണ്ടു് നിശുംഭനിൽനിന്നു് അന്യനായ ഒരു പുരുഷൻ ഉത്ഭവിച്ചു.

അപരനായ പുരുഷൻ എന്നു പറഞ്ഞതുകൊണ്ടു്, നിശുംഭന്റെ ആത്മാവിനെവിട്ടു് പരനല്ല, ദേഹഭേദംകൊണ്ടു് അന്യനാകുന്നു എന്നു ധരിച്ചുകൊള്ളണം.

ജഗ—ഭിന്നസ്യ തസ്യ......വദൻ സ്വാഹാ ൩൩

൩൪ തസ്യ നിഷ്ക്രാമതോ ദേവീ പ്രഹസ്യ സ്വനവത്തതഃ.
ശിരശ്ചിച്ഛേദ ഖഡ്ഗേന തതോഽസാവപതൽ ഭുവി—൩൪

തതഃ ദേവീ	= അനന്തരം ചണ്ഡികാദേവി
സ്വനവൽ	= ഉച്ചത്തിൽ
പ്രഹസ്യ നിഷ്ക്രാമതഃ	= ചിരിച്ചിട്ടു് പുറപ്പെടുന്ന
തസ്യ ശിരഃ	= അവന്റെ ശിരസ്സിനെ
ഖഡ്ഗേന ചിച്ഛേദ	= വാൾകൊണ്ടു് ഛേദിച്ചു.
തതഃ അസൗ	= അനന്തരം ഇവൻ
ഭുവി അപതൽ	= ഭൂമിയിൽ പതിച്ചു.

അനന്തരം ദേവി ഉച്ചത്തിൽ ചിരിച്ചിട്ടു് ഹൃദയത്തിങ്കൽനിന്നു പുറപ്പെടുന്ന അവന്റെ മസ്തകത്തെ വാൾകൊണ്ടു് വെട്ടി. ഉടനെ അവൻ യുദ്ധഭൂമിയിൽ വീണു.

ശാന്ത—"എല്ലാമായയും എന്റേതാകുന്നു. എന്റെ മായയേ അവലംബിച്ചിട്ടു് എന്നെത്തന്നെ ജയിക്കുന്നതിനു പുറപ്പെടുന്നു. അതുകൊണ്ടു് നിന്നെ ഞാൻ പ്രഹരിക്കുന്നുണ്ടു്" എന്നിപ്രകാരം ചിരിച്ചിട്ടു നിശുംഭശരീരത്തിൽനിന്നു നിൎഗ്ഗമിച്ച പുരുഷന്റെമസ്തകത്തെ ചണ്ഡികാദേവി ഖഡ്ഗംകൊണ്ടു് ഛേദിച്ചു. അതുഹേതുവായിട്ടു് ഈ നിശുംഭൻ എന്നു പേരോടുകൂടിയ ദൈത്യൻ യുദ്ധഭൂമിയിൽ പതിച്ചു.

ജഗ—തസ്യ നിഷ്ക്രാമ......പതൽ ഭുവി സ്വാഹാ— ൩൪

൩൫. തതഃ സിംഹശ്ച ഖാദോഗ്രദംഷ്ട്രാക്ഷുണ്ണശിരോധരാൻ
അസുരാംസ്താംതഥാ കാളീ ശിവദൂതീ തഥാഽപരാൻ— ൩൫

തതഃ സിംഹഃ = അനന്തരം സിംഹം
ഉഗ്രദംഷ്ട്രാക്ഷുണ്ണ ശിരോധരാൻ } = ഭയങ്കരങ്ങളായദംഷ്ട്രകളെക്കൊണ്ടു് പൊടിക്കപ്പെട്ട കഴുത്തുകളോട്കൂടിയവരായ
താൻ അസുരാൻ = ആ അസുരന്മാരേയും
തദാ കാളീ = അപ്പോൾ ചാമുണ്ഡാ
അപരാൻ = മററു ചില അസുരന്മാരേയും
തഥാ ശിവദൂതി = അപ്രകാരം ശിവദൂതിദേവി
(അപരാൻ അസുരാൻ) = (വേറെ ചില അസുരന്മാരേയും)
ചഖാദ = ഭക്ഷിച്ചു.

അനന്തരം സിംഹം ഭയങ്കരങ്ങളായ ദംഷ്ട്രകൾകൊണ്ടു് കഴുത്തു കടിച്ചുപൊടിച്ചു് ആ അസുരന്മാരെ ഭക്ഷിച്ചു. മററു ചില അസുരന്മാരെ കാളിയും, വേറെ ചില അസുരന്മാരെ ശിവദൂതിയും ഭക്ഷിച്ചു.

ശാന്ത—ശുംഭൻ പതിച്ചതിന്റെ ശേഷം അവനെ സംബന്ധിച്ച മററുള്ള അസുരന്മാൎക്കു് എന്തു സംഭവിച്ചുവെന്നു് ഋഷിപറയുന്നു:- നിശുംഭൻ പതിച്ചതിന്റെശേഷം നിശുംഭനിൽനിന്ന അന്യന്മാരായ ചില അസുന്മാരെ ദേവീവാഹനമായ സിംഹം രൗദ്രങ്ങളായ ദംഷ്ട്രങ്ങളെക്കൊണ്ടു് നല്ലവണ്ണം പൊടിക്കപ്പെട്ട കഴുത്തുകളോട്കൂടിയവരാക്കിട്ടു് ഭക്ഷിച്ചു. സിംഹം ഭക്ഷിച്ചതിൽനിന്നു് അന്യന്മാരായിരിക്കുന്ന അസുരന്മാരെ ചാമുണ്ഡാദേവി ഭക്ഷിച്ചു. സിംഹവും ചാമുണ്ഡയും ഭക്ഷിച്ചതിന്റെശേഷമുള്ള അസുന്മാരെ ചണ്ഡികാശക്തിയായ ശിവദൂതിയും ഭക്ഷിച്ചു.

"സിംഹശ്ചഖാദോഗ്രം എന്ന പാഠഭേദം. ക്രിയാവിശേഷണം.

ജഗ—തതഃ സിംഹ......തഥാ/പരാൻ സ്വാഹാ— ന്ദ

ന്ദ.ന്ദ കൌമാരീ ശക്തിനിർഭിന്നാഃ കേചിന്നേശുൎമ്മഹാസുരാഃ
ബ്രഹ്മാണീ മന്ത്രപൂതേന തോയേനാന്യേ നിരാകൃതാഃ—ഒർ൦

കേചിൽ മഹാസുരാഃ = ചില മഹാസുരന്മാർ
കൗമാരീശക്തി നിർഭിന്നാഃ = കൗമാരിയുടെ വേൽകൊണ്ടു പിളക്കപ്പെട്ടിട്ടു നശിച്ചു.
അന്യേ = വേറേ ചില മഹാസുരന്മാർ
ബ്രഹ്മാണീമന്ത്രപൂതേന തോയേന } = ബ്രഹ്മാണിയുടെ മന്ത്രംകൊണ്ടു പരിശുദ്ധമാക്കപ്പെട്ട ജലത്താൽ
നിരാകൃതാഃ = നിരാകൃതന്മാരായി.

ചില മഹാസുരന്മാർ കൌമാരിയുടെ വേൽകൊണ്ടു് പിളക്കപ്പെട്ടു നശിച്ചു. വേറെചിലർ ബ്രഹ്മാണിയുടെ മന്ത്രശുദ്ധമായ ജലത്താൽ നഷ്ടന്മാരായി.

ശാന്ത— ചില മഹാസുരന്മാർ കൗമാരീശക്തിയുടെവേലായുധംകൊണ്ടു് പിളക്കപ്പെട്ടവരായിട്ടു് പ്രാണങ്ങളെ ഉപേക്ഷിച്ചു. അന്യന്മാരായ മററു ചില അസുരന്മാർ ബ്രഹ്മശക്തിയായ ദേവതയുടെ ഗുഹ്യഭാഷണോചിതമായി വർണ്ണമയമായി നിഗമാഗമജ്ഞനായിരിക്കുന്ന ഗുരുവിൻെറ ഉപദേശംനിമിത്തം ലഭിക്കപ്പെടേണ്ടതായി ഇരിക്കുന്ന പ്രണവാദിമന്ത്രങ്ങൾകൊണ്ടു് ശുദ്ധമായിരിക്കുന്ന ജലത്താൽ നഷ്ടന്മാരായി. ബ്രഹ്മാണി = വേദത്തെ കഥിക്കുന്നവൾ.

നാഗോ—മന്ത്രഃ എന്നു് ഇവിടെ പറഞ്ഞിരിക്കുന്നതു് പ്രണവത്തെയാകുന്നു.

ജഗ—കൌമാരീ...നിരാകൃതാഃ സ്വാഹാ— ൩൮

൩൯ മാഹേശ്വരീ ത്രിശൂലേന ഭിന്നാഃ പേതുസ്തഥാ ഽപരേ
വാരാഹീതുണ്ഡഘാതേന കേചിച്ചൂർണ്ണീകൃതാ ഭുവി— ൪൦

തഥാ അപരേ	= അപ്രകാരം വേറേ ചില അസുരന്മാർ
മാഹേശ്വരീ ത്രിശൂലേന ഭിന്നാഃ കേചിൽ	= മാഹേശ്വരിയുടെ ത്രിശൂലംകൊണ്ടു് ഭേദിക്കപ്പെട്ടവരായിട്ടും ചിലർ
വാരാഹീതുണ്ഡ ഘാതേന	= വാരാഹിയുടെ മുഖംകൊണ്ടുള്ള അടികൊണ്ടു്
ചൂർണ്ണീകൃതാഃ	= പൊടയാക്കപ്പെട്ടവരായിട്ടും
ഭുവി	= ഭൂമിയിൽ(പതിച്ചു.)

അതുപോലെ വേറെചിലഅസുരന്മാർ മാഹേശ്വരിയുടെ ത്രിശൂലംകൊണ്ടുപിളക്കപ്പെട്ടവരായിട്ടും ചിലർ വാരാഹിയുടെ മുഖംകൊണ്ടുള്ള താഡനത്താൽ പൊടിക്കപ്പെട്ടവരായിട്ടും രണഭൂമിയിൽ വീണു.

ശാന്ത— ചില അസുരന്മാർ മഹേശ്വരശക്തിയായ ദേവതയുടെ ത്രിശൂലായുധംകൊണ്ടു പിളക്കപ്പെട്ടവരായിട്ടും മററു ചില അസുരന്മാർ വാരാഹിയുടെ മുഖതാഡനംകൊണ്ടു പൊടിക്കപ്പെട്ടവരായിട്ടും,നിശുംഭനെപ്പോലെതന്നെ യുദ്ധഭൂമിയിൽപതിച്ചു.

ജഗ—മാഹേശ്വരീ...കൃതാ ഭുവി സ്വാഹാ— ൩൯

൩൯ വ്യ. ഖണ്ഡം ഖണ്ഡം ച ചക്രേണ വൈഷ്ണവ്യാ ദാനവാഃ കൃതാഃ
വജ്രേണ ചൈന്ദ്രീഹസ്താഗ്രവിമുക്തേന തഥാ ഽപരേ—൪൧

ദാനവാഃ	= ചില അസുരന്മാർ
വൈഷ്ണവ്യാ ചക്രേണ	= വിഷ്ണുശക്തിയാൽ ചക്രംകൊണ്ടും
തഥാ അപരേ	= അപ്രകാരം വേറേചില അസുരന്മാർ
ഐന്ദ്രീഹസ്താഗ്ര വിമുക്തേന	= ഇന്ദ്രശക്തിയുടെ ഹസ്താഗ്രംകൊണ്ടു് നല്ലവണ്ണം എറിയപ്പെട്ട
വജ്രേണ ച	= വജ്രായുധംകൊണ്ടും
ഖണ്ഡംഖണ്ഡം കൃതാഃ	= കഷണം കഷണമാക്കി ചെയ്യപ്പെട്ടു.

ചില ദാനവന്മാർ വൈഷ്ണവിയുടെ ചക്രായുധംകൊണ്ടും വേറേ ചിലർ ഐന്ദ്രിയുടെ ഹസ്താഗ്രംകൊണ്ടു് എറിയപ്പെട്ട വജ്രായുധംകൊണ്ടും ക്ഷണംക്ഷണമാക്കി മുറിക്കപ്പെട്ടു

ശാന്ത—വൈഷ്ണവീശക്തിയാൽ വൈഷ്ണവായുധമായിരിക്കുന്ന ചക്രംകൊണ്ടു് ചില അസുരന്മാർ ക്ഷണംക്ഷണമാക്കി ചെയ്യപ്പെട്ടു. അതുപോലെതന്നെ ഐന്ദ്രീശക്തിയുടെ ഹസ്താഗ്രമുക്തമായ വജ്രായുധംകൊണ്ടു് മററു ചില അസുരന്മാരും നശിക്കപ്പെട്ടു.

"ഖണ്ഡഖണ്ഡം" എന്നു പാഠഭേദം.

നാഗോ—ഖണ്ഡംഖണ്ഡം = ഖണ്ഡത്തിന്റെ ഖണ്ഡം=ക്ഷണത്തെ ക്ഷണമാക്കിച്ചെയ്തു.

ജഗ—ഖണ്ഡംഖണ്ഡം...തഥാƒപരേ സ്വാഹാ— ൪൦

൩൯. കേചിദ്വിനേശുരസുരാഃ കേചിന്നഷ്ടാ മഹാഹവാൽ
ഭക്ഷിതാശ്ചാപരേ കാളീശിവദൂതീമൃഗാധിപൈഃ— ൪൩

കേചിൽ അസുരാഃ	= ചില അസുരന്മാർ
മഹാഹവാൽവിനേശുഃ	= വലുതായിരിക്കുന്ന ആ യുദ്ധംനിമിത്തം നശിച്ചു.
കേചിൽ നഷ്ടാഃ	= ചിലർ ഓടിപ്പോയി.
അപരേ	= മററു ചിലർ
കാളീ ശിവദൂതീമൃഗാധിപൈഃ	= കാളിയാലും, ശിവദൂതിയാലും, സിംഹത്താലും
ഭക്ഷിതാഃ ച	= ഭക്ഷിക്കപ്പെട്ടുകയും ചെയ്തു.

ചില അസുരന്മാർ ആ മഹായുദ്ധത്തിൽമരിക്കുകയും ചിലർഓടിപ്പോകുകയും മററുചിലർ കാളിയാലും ശിവദൂതിയാലും സിംഹത്താലും ഭക്ഷിക്കപ്പെട്ടുകയുംചെയ്തു.

ശാന്ത—ചില അസുരന്മാർ ആ മഹായുദ്ധം നിമിത്തം പ്രാണങ്ങളെ ഉപേക്ഷിച്ചു. ചില അസുരന്മാർ ഓടി. നിശുംഭസൈന്യത്തിൽ അവശിഷ്ടന്മാരായ സകലഅസുരന്മാരും ചാമുണ്ഡയാലും ശിവദൂതിയാലും ദേവീവാഹനസിംഹത്താലും ഭക്ഷിക്കപ്പെട്ടു.

ജഗ—കേചിദ്വിനേശു......മൃഗാധിപൈഃ സ്വാഹാ ൪൧.

ഇതി ശ്രീമാർക്കണ്ഡേയപുരാണേ സാവർണ്ണികേ മന്വന്തരേ
ദേവീമാഹാത്മ്യേ നിശുംഭവധോനാമ നവമോധ്യായഃ
നിശുംഭവധം എന്ന ഒൻപതാമധ്യായം സമാപ്തം.

പത്താം അദ്ധ്യായം

ഋഷിരുവാച ൪൪൮.

൧. നിശുംഭം നിഹതം ദൃഷ്ട്വാ ഭ്രാതരം പ്രാണസമ്മിതം
ഹന്യമാനം ബലഞ്ചൈവ ശുംഭഃ ക്രുദ്ധോഽബ്രവീദ്വചഃ— ൪൪൯

ഋഷി പറഞ്ഞു.

ശുംഭഃ = ശുംഭൻ
പ്രാണസമ്മിതം ഭ്രാതരം = പ്രാണതുല്യനായ അനുജൻ
നിശുംഭം നിഹതം = നിശുംഭനെ ഹനിക്കപ്പെട്ടവനായും
ബലം ഹന്യമാനം ച ഏവ= സൈന്യം ഹനിക്കപ്പെട്ടതായും
ദൃഷ്ട്വാ = കണ്ടിട്ടു്
ക്രുദ്ധഃ വചഃ അബ്രവീൽ = ക്രുദ്ധനായിട്ടു് വാക്കിനെ പറഞ്ഞു

പ്രാണതുല്യനായ അനുജൻ നിശുംഭനും സൈന്യവും കൊല്ലപ്പെട്ടതുകണ്ടിട്ടു് ശുംഭൻ കോപത്തോടുകൂടി പറഞ്ഞു.

ശാന്ത—അനന്തരം ദൈത്യേശ്വരനായ ശുംഭൻ പ്രാണതുല്യനായി ഭ്രാതാവായിരിക്കുന്ന നിശുംഭനേയും സൈന്യങ്ങളേയും ശ്രീദേവി നിഗ്രഹിച്ചതായിക്കണ്ടു് കോപത്തോടുകൂടിയവനായിട്ടു് ദേവിയോടു പറഞ്ഞു.

ദേവിയാൽ നിശുംഭൻ പതിപ്പിക്കപ്പെട്ടു എന്നുള്ളതു വ്യപദേശമാത്രമാകുന്നു. "അവൻ എന്റെ പ്രാണൻ ആണു്. അവൻ ആദ്യം ഹനിക്കപ്പെട്ടു. എന്റെ പ്രാണങ്ങൾ തന്നെയാണു് അവളാൽ ഹനിക്കപ്പെട്ടതു്. ഇനിയും എനിക്കു ഇഷ്ടമായി ശേഷിച്ചിരിക്കുന്നതെന്താണു്? ഒന്നുമില്ല" എന്നിങ്ങനെയുള്ള വിചാരത്തെ പ്രാണസമ്മിതപദം കൊണ്ടു് സൂചിപ്പിച്ചിരിക്കുന്നു.

ജഗ—ഋഷിരുവാച സ്വാഹാ. ൧

നിശുംഭം...ബ്രവീദ്വചഃ സ്വാഹാ. ൨

൨. ബലാവലേപാദ്ദുഷ്ടേ! ത്വം മാ ദുർഗ്ഗേ! ഗർവ്വമാവഹ
അന്യാസാം ബലമാശ്രിത്യ യുദ്ധ്യസേ യാതിമാനിനി— ൪൫൦

ദുർഗ്ഗേ! ദുഷ്ടേ! = അല്ലയോദുർഗ്ഗേ! അല്ലയോദുഷ്ടേ!
ത്വം ബലാവലേപാൽ = നീ ബലംകൊണ്ടുള്ള അഹങ്കാരംനിമിത്തം
ഗർവ്വം മാ ആവഹ = ഗർവ്വത്തെ പ്രാപിക്കരുതു്.
യാ = യാതൊരുവൾ

അന്യാസാം ബലം ആശ്രിത്യ	= മററുള്ളവരുടെ സാമത്ഥ്യത്തെ ആശ്രയിച്ചിട്ടു്
അതിമാനിനി	= ഏററവും മാനമുള്ളവളായിട്ടു്
യുദ്ധ്യസേ	= യുദ്ധം ചെയ്യുന്നു.

ഹേ ദുർഗ്ഗേ! ദുഷ്ടേ! നീ ബലംകൊണ്ടു് അഹങ്കരിക്കരുതു്. മററു സ്ത്രീകളുടെ ബലംകൊണ്ടാണു് വളരെ മാനമുള്ളവളായിട്ടു് നീ യുദ്ധം ചെയ്യുന്നതു്.

ശാന്ത—ശുംഭൻ ദേവിയോടു പറയുന്നു:-
ഹേ ദുർഗ്ഗേ! ഹേ ദുഷ്ടേ! ഹേ സർവ്വദാനവനാശിനി! ആ നീ ബലം ഹേതുവായിട്ടു് അഹങ്കാരത്തെ ആശ്രയിക്കരുതു്. നീ ബ്രാഹ്മാണിമുതലായ ശക്തികളുടെ പരാക്രമത്തെ ആശ്രയിച്ചിട്ടു് ഏററവും മാനത്തോടുകൂടിയവളായി യുദ്ധംചെയ്യുന്നു. നീ അന്യശക്തികളുടെ ബലത്തെ ആശ്രയിച്ചു യുദ്ധം ചെയ്യുന്നതുകൊണ്ടു് നിനക്കു് ഒട്ടും മാനം ഇല്ല. നീ അധികം മാനമുള്ളവളാകുന്നു എങ്കിൽ അന്യബലാശ്രയം യോജിക്കുന്നതുമല്ല.

"അല്ലയോ ദുഷ്ടേ! നീ മുൻപിൽ 'ആരു് എന്നെ യുദ്ധത്തിൽ ജയിക്കുന്നുവോ ആരു് എന്റെ അഹങ്കാരത്തെ നശിപ്പിക്കുന്നുവോ അവനെ ഞാൻ ഭർത്താവായി വരിക്കും' എന്നു പറഞ്ഞുവെല്ലോ. പിന്നെ ഇപ്പോൾ എന്താണു്? അന്യശക്തികളുടെ ബലംകൊണ്ടു് യുദ്ധംചെയ്യുന്നതു്. ചണ്ഡമുണ്ഡന്മാരെ കാളി വധിച്ചു. അവരുടെ സൈന്യങ്ങളെ നിന്റെ സിംഹം സംഹരിച്ചു. രക്തബീജന്റെ രക്തപാനംചെയ്തതും കാളിയാണു്. ബ്രഹ്മാണി മുതലായ മററുള്ളവരുടെ ബലത്തെ ആശ്രയിച്ചിട്ടാണു് നിശുംഭനും പതിപ്പിക്കപ്പെട്ടതു്. എന്റെ സൈന്യങ്ങളും അവരാൽത്തന്നെ ഹനിക്കപ്പെട്ടു. അതുനിമിത്തം നീ മുൻപിൽ ചെയ്ത സംഗ്രാമപ്രതിജ്ഞ വ്യത്ഥമായി" എന്നു് ശുംഭാഭിപ്രായം. "ബലാവലേപദുഷ്ടയായി=ബലാഹങ്കാരത്തോടുകൂടിയ ദൈത്യന്മാരെ സംഹരിക്കുന്നവളായി, മാ=ലോകമാതാവായിരിക്കുന്ന ലക്ഷ്മിയായി' അന്യാസയായി=പ്രാണിസമൂഹങ്ങളെ രക്ഷിക്കുന്നവളായി, അതിമാനിനീ=അത്യന്തം പൂജാർഹയായി ഇരിക്കുന്ന നിന്തിരുവടി ബലത്തോടുകൂടി യുദ്ധംചെയ്യുന്നു" എന്നു ദേവീപക്ഷാഭിപ്രായം.

"ബലാവലേപാ ദുഷ്ടാ" എന്നു പാഠഭേദം.

സാമത്ഥ്യഗർവ്വംകൊണ്ടുള്ള വികാരത്തോടുകൂടാത്തവൾ എന്നത്ഥം. അന്യാസാ=മുനികൾ മുതലായവരെ രക്ഷിക്കുന്നവൾ.

ജഗ—ബലാവലേപാ...മാനിനീ സ്വാഹാ. ൩

ദേവ്യുവാച—൪൮.

൩. ഏകൈവാഹം ജഗത്യത്ര ദ്വിതീയാ കാ മമാപരാ
പശ്യൈതാ ദുഷ്ട! മയ്യേവ വിശന്ത്യോ മദ്വിഭൂതയഃ— ൪൮൫

ദേവി പറഞ്ഞു

ദുഷ്ട! അത്രജഗതി	=	ഹേ ദുഷ്ട! ഈ ലോകത്തിൽ
അഹം ഏകാ ഏവ	=	ഞാൻ ഒരുത്തി മാത്രമാകുന്നു.
മമ ദ്വിതീയാ	=	എന്നിൽ നിന്നു് രണ്ടാമത്തവളായ
അപരാ കാ	=	ഒരുത്തി ആരുണ്ടു്
ഏതാഃ മദ്വിഭൂതയഃ	=	ഈ എന്റെ ശക്തികൾ
മയി ഏവ വിശന്ത്യഃപശ്യ	=	എന്നിൽതന്നെ പ്രവേശിക്കുന്നു കണ്ടാലും.

ഹേ ദുഷ്ട! ഈ ലോകത്തിൽ ഞാൻ ഒരുത്തിമാത്രമേയുള്ളൂ എന്നിൽനിന്നു് അന്യയായി ആരാണുള്ളതു്? ആരുമില്ല. ബ്രാഹ്മാണി മുതലായ എന്റെ ഈ ശക്തികൾ എന്നിൽതന്നെ പ്രവേശിക്കുന്നു നോക്കുക.

ഗുപ്ത—'ഏകൈവാഹം' എന്നതു് 'ഏകമേവാദ്വിതീയം' എന്ന ശ്രുതിയുടെ താല്പര്യമാകുന്നു.

ചതു—ഏകാ=സജാതീയ വിജാതീയഭേദത്തോടുകൂടാത്തവൾ.

പരാ = അന്യാ=വ്യതിരിക്താ.

"പശ്യ" എന്നതുകൊണ്ടു് 'നിന്നാൽ അനുഭവിക്കപ്പെടുന്ന ഭേദം വാസ്തവമല്ല' എന്നു പറയുന്നു.

ശാന്ത—ഹേ ദുഷ്ട! ഹേ അസൂയക! ഹേ ശുംഭ! ഈ മൂന്നുലോകത്തിലും ഞാൻ ഒരുത്തിയേ ഉള്ളൂ. 'ഏകമേവാദ്വിതീയം' എന്ന ശ്രുതിയനുസരിച്ചു് പരമാത്മരൂപിണിയായ ഞാൻ ഏകയായിത്തന്നെ ഭവിക്കുന്നു.

അല്ലെങ്കിൽ, അഹം = അഹങ്കാരരൂപിണിയായി മായാരൂപിണിയായി ചണ്ഡികാ എന്നു പേരോടുകൂടിയവളായി ഇരിക്കുന്ന ഞാൻ ഏകയായിത്തന്നെ ഭവിക്കുന്നു—ദേവിയായിരിക്കുന്ന എന്നിൽനിന്നു് രണ്ടാമതു് വേറെ ഒരു വ്യക്തി എവിടെയുണ്ടു്? അങ്ങനെയുണ്ടു് എന്നു തോന്നുന്നു എങ്കിൽ അതു് എന്നിൽനിന്നു് അന്യമല്ല.

അല്ലയോ ദുഷ്ടനായ ശുംഭ! എന്റെ വിഭൂതികളായിരിക്കുന്ന ഈ ബ്രാഹ്മാണിമുതലായ ശക്തികൾ എന്നിൽത്തന്നെ ലയിക്കുന്നു. എന്നിൽനിന്നുതന്നെയാണു് ഈ പലവിധത്തിലുള്ള ബ്രഹ്മാണ്യാദിവിഭൂതികളുടെ ഉത്ഭവം. ദേവിയായ എന്റെ ഈ വിഭൂതികൾ എന്റെ കായവ്യൂഹസിദ്ധികൊണ്ടുണ്ടായിരിക്കുന്ന സൃഷ്ടികൾ ആകുന്നു–എന്റെ

അവതാരങ്ങൾ ആകുന്നു. ഇവ എന്നിൽത്തന്നെ പ്രവേശിക്കുന്നു; നോക്കുക.

അല്ലെങ്കിൽ, ('ജഗത്യത്ര' എന്നതു് ജഗതി, എന്നും, അത്ര, എന്നും, പദച്ഛേദംചെയ്യണം. ജഗതി = ജഗത്തു്) ഏകമായിരിക്കുന്ന ജഗത്തു് ഞാനാകുന്നു. എനിക്കും ജഗത്തിനുംകൂടി ഐക്യം ഭവിക്കുമ്പോൾ എന്നിൽനിന്നു ജഗത്തും ജഗത്തിൽനിന്നു ഞാനും അന്യമാകുന്നതല്ല. അപ്പോൾ അപരയായി ദ്വിതീയയായിരിക്കുന്ന വ്യക്തി എവിടെയുണ്ടാകുന്നു? ഉണ്ടാകുന്നില്ല. അല്ലയോ ദുഷ്ട! എന്റെ അംശത്തിൽനിന്നുണ്ടായവരും എന്റെ തേജോമയികളും ആയ ബ്രഹ്മാണി മുതലായവർ ഇതാ എന്നിൽത്തന്നെ പ്രവേശിക്കുന്നു; നോക്കുക.

"ജഗതോനാഹമന്യാസ്യാം സ്യാന്മദന്യജ്ജഗച്ചന
ജഗതോ മമ ചാപ്യൈക്യാദ്വ്യക്തിരന്യാതതോऽസ്തികാ.
അഹഞ്ച ജഗതീ ചൈകാ ജഗതാ മന്മയീ യതഃ
ദുഗ്ധവദ്ദധി ചാപ്യേകം ദധിദുഗ്ധമയം യതഃ"

എന്ന പ്രമാണം മേൽപറഞ്ഞ അർത്ഥത്തെ സാധൂകരിക്കുന്നു. അല്ലയോ ശുംഭ! നീ പരസ്ത്രീലോലുപനാകകൊണ്ടും ശിവനാൽ പറയപ്പെട്ട എന്റെ സന്ദേശവാക്യത്തെ ഉപേക്ഷിച്ചതുകൊണ്ടും ദുഷ്ടനാകുന്നു അതുനിമിത്തം ഞാൻ യുദ്ധത്തിൽ നിന്നെ കൊല്ലും. ഈ വാക്കു് നിനക്കു് ഇപ്പോൾ ബോദ്ധ്യമായില്ലെങ്കിൽ അനുഭവംകൊണ്ടു് അറിഞ്ഞുകൊള്ളുക.

നാഗോ—പരമാത്മസ്വരൂപത്വം ഹേതുവായിട്ടു്, അപരയായി= അന്യയായി—എനിക്കു സഹായഭൂതയായി രണ്ടാമതൊരുവൾ ആരാണുള്ളതു്? യാതൊരുവളും ഇല്ല.

അനുഭവത്തിൽകാണുന്ന ഭേദം വാസ്തവമല്ല; നോക്കുക.

ജഗ—ദേവ്യുവാച സ്വാഹാ— ൪

ഏകൈവാഹം......മദ്വിഭൂതയഃ സ്വാഹാ— ൫

൪. തതഃ സമസ്താസ്താ ദേവ്യോ ബ്രഹ്മാണിപ്രമുഖാലയം
തസ്യാ ദേവ്യാസ്തനൗ ജഗ്മുരേകൈവാസീത്തദാംബികാ—൫൬

തതഃ താഃ സമസ്താഃ ബ്രഹ്മാണീപ്രമുഖാ ദേവ്യഃ	= അനന്തരം ആ സകല ബ്രഹ്മാണി തുടങ്ങിയുള്ള ദേവികളും
തസ്യാഃ ദേവ്യാഃ	= ആ ചണ്ഡികാദേവിയുടെ
തനൗ ഏവ ലയംജഗ്മുഃ	= ശരീരത്തിൽത്തന്നെ ലയത്തെ പ്രാപിച്ചു.
തദാ അംബികാ	= അപ്പോൾ ദേവി
ഏകാ ഏവ ആസീൽ	= ഒരുത്തിയായിത്തന്നെ ഭവിച്ചു.

അനന്തരം ബ്രഹ്മാണി മുതലായ എല്ലാ ദേവിമാരും ചണ്ഡികാ ദേവിയുടെ ശരീരത്തിൽ ലയിച്ചു. അപ്പോൾ ദേവി ഒരുത്തിമാത്രമായി ത്തീൎന്നു.

ഗുപ്ത—'സ്തനൗ' എന്നു പദഛേദംചെയ്യുന്നു എങ്കിൽ 'പ്രാപ്യ' എന്നു ചേൎക്കണം.

ശാന്ത—അല്ലയോ സുരഥ! ആ ശക്തികൾ എന്നിൽത്തന്നെ പ്രവേശിച്ചിട്ടു് സ്ഥിതിചെയ്യുന്നു എന്നു പറഞ്ഞതിന്റെശേഷം ബ്രഹ്മാണി തുടങ്ങിയുള്ള എട്ടുശക്തികളായ ദേവിമാർ ആ ആദ്യയായ ചണ്ഡികാദേവിയുടെ ശരീരത്തിൽ ലയത്തെ പ്രാപിച്ചു. അവൎക്കു ദേവിയുമായുണ്ടായ ഐക്യംനിമിത്തം ചണ്ഡികാദേവി ഏകയായി ട്ടുതന്നെ തീൎന്നു—അദ്വിതീയയായി സ്ഥിതിചെയ്തു.

നാഗോ—ദേവിയുടെ ശരീരത്തിൽ ലയത്തെ പ്രാപിച്ചു എന്നു പറഞ്ഞിരിക്കുന്നു.

ബ്രഹ്മാദികളിൽനിന്നും ഉണ്ടായവൎക്കുകൂടി ദേവീശരീരത്തിൽ ലയത്തെ കാണിച്ചിരിക്കുന്നതുകൊണ്ടും ഈ ശക്തി മൂലശക്തിയിൽനിന്നു് അഭിന്നയാകയാലും ഈ ദേവിക്കു് സമസ്തോപാദാനത്വം പറയപ്പെട്ടു.

ജഗ—തതഃ സമസ്താ......ത്തദാംബികാ സ്വാഹാ ൫

ദേവ്യുവാച—൬

൧ അഹം വിഭൂത്യാ ബഹുഭിരിഹ രൂപൈൎയ്യദാസ്ഥിതാ
തത്സംഹൃതം മയൈകൈവ തിഷ്ഠാമ്യാജൌ സ്ഥിരോഭവ ൭

ദേവി പറഞ്ഞു.

ഇഹ അഹം	= ഈ യുദ്ധഭൂമിയിൽ ഞാൻ
വിഭൂത്യാ	= ഐശ്വൎയ്യത്താൽ
ബഹുഭിഃ രൂപൈഃ	= അനേകം രൂപങ്ങളെക്കൊണ്ടു്
യൽ ആസ്ഥിതാ	= യാതൊരുബഹുത്വത്തെഅംഗീകരിച്ചുവോ
തൽ മയാ സംഹൃതാ	= ആ ബഹുത്വംഎന്നാൽസംഹരിക്കപ്പെട്ടു
ഏകാഏവതിഷ്ഠാമി	= (ഞാൻ) ഒരുവൾമാത്രമായിട്ടു് സ്ഥിതി ചെയ്യുന്നു.
ആജൗ സ്ഥിരഃ ഭവ	= (നീ)യുദ്ധത്തിൽ സ്ഥിരനായി ഭവിച്ചാലും.

ഞാൻ ഈ യുദ്ധഭൂമിയിൽ ഐശ്വൎയ്യംനിമിത്തം ബഹുരൂപങ്ങളെക്കൊണ്ടു പ്രാപിച്ച ബഹുത്വം ഇപ്പോൾ എന്നാൽത്തന്നെ സംഹരിക്കപ്പെട്ടു. ഞാൻ ഒരുത്തിയായിത്തന്നെയിരിക്കുന്നു. നീ യുദ്ധത്തിൽ സ്ഥിരനായി ഭവിച്ചാലും.

ചതുഷ്ടൽ = അനേകം രൂപങ്ങളോടുകൂടിയിരിക്കുന്ന അവസ്ഥയെ.

ശാന്ത—അല്ലയോ ശുംഭ! ഈ യുദ്ധഭൂമിയിൽ ചണ്ഡികാദേവിയായ ഞാൻ എന്റെ വിഭൂതികൊണ്ടു് യാതൊരു ബഹുത്വത്തെ അംഗീകരിച്ചുവോ ആ ബഹുത്വം—ബ്രഹ്മാണ്യാദിശക്തിരൂപങ്ങൾ—എന്നാൽ സംഹരിക്കപ്പെട്ടു. അതുകൊണ്ടു് ഞാൻ ഒരുത്തിയായിത്തന്നെയിരിക്കുന്നു. ഹേ ശുംഭ! നീ യുദ്ധത്തിൽ സ്ഥിരനായി ഭവിച്ചാലും.

നാഗോ—ഞാൻ എന്റെ ഐശ്വര്യംനിമിത്തം ബഹുവിധത്തിലുള്ള രൂപങ്ങളെക്കൊണ്ടു് യാതൊരുബഹുത്വത്തെ പ്രാപിച്ചിരുന്നുവോ ആ ബഹുത്വം എന്നാൽത്തന്നെ സംഹൃതമായി. അതുകൊണ്ടു് ഞാൻ ഏകയായിത്തന്നെയിരിക്കുന്നു. നീയും യുദ്ധത്തിൽ സ്ഥിരനായി ഭവിക്കുക.

ജഗ—ദേവ്യുവാച സ്വാഹാ. ൭

അഹം വിഭൂത്യാ......സ്ഥിരോ ഭവ സ്വാഹാ ൮

ഋഷിരുവാച—൩൨.

൯. തതഃ പ്രവവൃതേ യുദ്ധം ദേവ്യാഃ ശുംഭസ്യ ചോഭയോഃ
പശ്യതാം സർവദേവാനാമസുരാണാം ച ദാരുണം ൩൨

ഋഷിപറഞ്ഞു.

തതഃ പശ്യതാം	= അനന്തരംനോക്കിക്കൊണ്ടിരിക്കുന്നവരായ
സർവദേവാനാംഅസുരാണാം ച	= എല്ലാ ദേവന്മാൎക്കും അസുരന്മാൎക്കും
ദാരുണം യുദ്ധം	= ഭയങ്കരമാകുംവണ്ണം യുദ്ധം
ദേവ്യാഃ ശുംഭസ്യ	= ദേവിക്കും ശുംഭനും
ഉഭയോഃ ച പ്രവവൃതേ	= രണ്ടുപക്ഷക്കും ഉണ്ടായി.

അനന്തരം സകലദേവന്മാരും അസുരന്മാരും നോക്കിനില്ക്കുമ്പോൾ ദേവിക്കുംശുംഭനും തമ്മിൽ ഭയങ്കരമായ യുദ്ധം ഉണ്ടായി.

ശാന്ത—അനന്തരം ചണ്ഡികാദേവിക്കും ശുംഭാസുരനും രണ്ടുപേൎക്കും തമ്മിൽ എല്ലാദേവന്മാൎക്കും അസുരന്മാൎക്കും—യുദ്ധം നോക്കിക്കൊണ്ടിരിക്കുന്ന ആ രണ്ടുകൂട്ടൎക്കും—ഭയങ്കരമായിരിക്കുന്നയുദ്ധം ഉണ്ടായി.

ദാരുണം എന്നതിന്, ശുംഭൻ ജയിക്കുമോ എന്നു ദേവന്മാൎക്കു ഭയവും, ദേവി ജയിക്കുമോ എന്നു് അസുരന്മാൎക്കു ഭയവും ഉണ്ടായി എന്നു് അൎത്ഥം. അല്ലെങ്കിൽ ആ യുദ്ധം കണ്ടുനിൽക്കുന്നവൎക്കെല്ലാം ഭയമുണ്ടായി എന്നൎത്ഥം.

ജഗ—ഋഷിരുവാച സ്വാഹാ. ൯

തതഃ പ്രവവൃതേ......ദാരുണം സ്വാഹാ. ൧൦

൧. ശരവൎഷൈഃ ശിതൈഃ ശസ്ത്രൈസ്തഥാസ്ത്രൈശ്ചൈവ ദാരുണൈഃ
തയോൎയ്യുദ്ധമഭൂൽ ഭൂയഃ സൎവ്വലോകഭയങ്കരം. ൫൯

ശിതൈഃ ശരവൎഷൈഃ	= മൂൎച്ചയുള്ള ശരങ്ങളുടെവൎഷങ്ങൾകൊണ്ടും
തഥാ ശസ്ത്രൈഃ	= അതുപോലെ ശസ്ത്രങ്ങളെക്കൊണ്ടും
ദാരുണൈഃ	= ഭയങ്കരങ്ങളായ
അസ്ത്രൈഃ ച ഏവ	= അസ്ത്രങ്ങളെക്കൊണ്ടും
തയോഃ	= അവൎക്കു
ഭൂയഃ സൎവ്വലോകഭയങ്കരം	= വലുതായി സൎവ്വലോകങ്ങൾക്കും ഭയത്തെ ഉണ്ടാക്കുന്നതായി ഇരിക്കുന്ന
യുദ്ധം അഭൂൽ	= യുദ്ധം ഭവിച്ചു.

മൂൎച്ചയുള്ള ബാണങ്ങളുടെ വൎഷങ്ങൾകൊണ്ടും അപ്രകാരം ശസ്ത്രങ്ങളെക്കൊണ്ടും ഭയങ്കരങ്ങളായ ദിവ്യാസ്ത്രങ്ങളെക്കൊണ്ടും അവൎക്കു മഹത്തായി സൎവ്വലോകഭയങ്കരമായി ഇരിക്കുന്ന യുദ്ധം ഉണ്ടായി.

ചതു—ഭൂയഃ = മഹത്തായ, അല്ലെങ്കിൽ വീണ്ടും

ശാന്തന—"തയോൎയ്യുദ്ധമഭൂൽ ഭൃപ!" എന്നു പാഠഭേദം.

അല്ലയോ രാജാവേ! ഏററവും ഭയങ്കരങ്ങളായിരിക്കുന്ന ബാണവൎഷങ്ങളെക്കൊണ്ടു് അവൎക്കു ബഹുതരമായി സൎവ്വലോകഭയങ്കരമായിരിക്കുന്ന യുദ്ധം ഉണ്ടായി. അതുപോലെ മൂൎച്ചയുള്ളവയും കഠിനങ്ങളും ആയ ഖഡ്ഗാദ്യായുധങ്ങളെക്കൊണ്ടും ദിവ്യാസ്ത്രങ്ങളെക്കൊണ്ടും മഹത്തായി സൎവ്വലോകഭയങ്കരമായിരിക്കുന്ന യുദ്ധം ഉണ്ടായി.

ആയുധസാമ്യത്തിൽ യുദ്ധസാമ്യവും ആയുധഭേദത്തിൽ യുദ്ധഭേദവും ഭവിക്കുന്നു. ദാരുണങ്ങളായിരിക്കുന്ന ശസ്ത്രങ്ങളെക്കൊണ്ടു്—ഹസ്താഗ്രഗ്രാഹ്യങ്ങളായ ഖഡ്ഗാദിആയുധങ്ങളെക്കൊണ്ടു് സൎവ്വലോകഭയങ്കരമായിരിക്കുന്ന യുദ്ധം ഭവിച്ചതിനാൽ യുദ്ധസാമ്യം ഭവിച്ചു—സജാതീയങ്ങളായ ആയുധങ്ങളെക്കൊണ്ടു് അവർ യുദ്ധം ചെയ്തു—എന്നു താല്പൎയ്യം.

ജഗ—ശരവൎഷൈഃ......ഭയങ്കരം സാഹാ. ൧൧

൨. ദിവ്യാന്യസ്ത്രാണി ശതശോ മുമുചേ യാന്യഥാംബികാ
ബഭഞ്ജ താനി ദൈത്യേന്ദ്രസ്തൽപ്രതിഘാതകൎത്തൃഭിഃ. ൬൦

അഥ അംബികാ	= അനന്തരം ദേവി
യാനി ദിവ്യാനി അസ്ത്രാണി	= യാവചില ദിവ്യങ്ങളായ അസ്ത്രങ്ങളെ
ശതശഃ മുമുചേ	= നൂറുനൂറായി പ്രയോഗിച്ചുവോ
താനി ദൈത്യേന്ദ്രഃ	= അവയെ ശുംഭൻ
തൽപ്രതിഘാതകൎത്തൃഭിഃ ബഭഞ്ജ	= അവയുടെ നാശത്തെ ചെയ്യുന്നപ്രത്യസ്ത്രങ്ങളെക്കൊണ്ടു് മുറിച്ചു.

അനന്തരം അംബിക ത്വരന്തരായി പ്രയോഗിച്ച ദിവ്യാസ്ത്രങ്ങളെ അസുരേശ്വരനായ ശുംഭൻ അവയെ നശിപ്പിക്കുന്നതായ പ്രത്യസ്ത്രങ്ങളെക്കൊണ്ടു മുറിച്ചു.

ശാന്ത—അനന്തരം അംബിക ആ ദൈത്യേന്ദ്രനിൽ, ദിവ്യമന്ത്രദേവതകളോടുകൂടിയതായിരിക്കുന്ന അസ്ത്രങ്ങളെ പ്രയോഗിച്ചു. ശുംഭൻ അവയെ അതാതു് അസ്ത്രങ്ങൾക്കു വിരോധികളായിരിക്കുന്ന അസ്ത്രങ്ങളെക്കൊണ്ടു മുറിച്ചു.

ആഗ്നേയാസ്ത്രങ്ങളെ വാരുണാസ്ത്രങ്ങൾകൊണ്ടും, വാരുണാസ്ത്രങ്ങളെ വായവ്യാസ്ത്രങ്ങൾകൊണ്ടും, വായവ്യാസ്ത്രങ്ങളെ പന്നഗാസ്ത്രങ്ങൾകൊണ്ടും, പന്നഗാസ്ത്രങ്ങളെ ഗാരുഡാസ്ത്രങ്ങളെക്കൊണ്ടും ഇങ്ങനെ അസ്ത്രശാസ്ത്രസിദ്ധങ്ങളായിരിക്കുന്ന പ്രത്യസ്ത്രങ്ങളെക്കൊണ്ടു് മുറിച്ചു എന്നു താല്പര്യം

ജഗ—ദിവ്യാന്യസ്ത്രാണി......കർത്തൃഭിഃ സ്വാഹാ ൧൨

൯. മുക്താനി തേന ചാസ്ത്രാണി ദിവ്യാനി പരമേശ്വരീ
ബഭഞ്ജ ലീലയൈവോഗ്രഹുങ്കാരോച്ചാരണാദിഭിഃ. ൭൦

പരമേശ്വരീ	= ചണ്ഡികാദേവി
തേന ച മുക്താനി	= ശുംഭനാലും പ്രേരിതങ്ങളായ
ദിവ്യാനി അസ്ത്രാണി	= ദിവ്യങ്ങളായ അസ്ത്രങ്ങളെ
ഉഗ്രഹുങ്കാരോച്ചാരണാദിഭിഃ	= ഉഗ്രമായ ഹുങ്കാരം പുറപ്പെടുവിച്ചിട്ടും മററും
ലീലയാ ഏവ ബഭഞ്ജ	= കളിയായിട്ടുതന്നെ ഖണ്ഡിച്ചു.

ചണ്ഡികാദേവി ശുംഭനാൽ പ്രേരിതങ്ങളായ ദിവ്യാസ്ത്രങ്ങളെ ഉഗ്രമായി ഹുങ്കാരശബ്ദം പുറപ്പെടുവിച്ചിട്ടും മററും കളിയായിട്ടുതന്നെ മുറിച്ചു.

ശാന്ത—ചണ്ഡികാദേവി ആ ശുംഭനാലും പ്രയുക്തങ്ങളായ ദിവ്യാസ്ത്രങ്ങളെ ഉഗ്രമായിരിക്കുന്ന ഹുങ്കാരോച്ചാരണാദികളെക്കൊണ്ടു് നിഷ്പ്രയാസമായി ഖണ്ഡിച്ചു.

'ആദി'ശബ്ദംകൊണ്ടു് അസ്ത്രങ്ങളെക്കൊണ്ടും ഖണ്ഡിച്ചു എന്നർത്ഥം.

പരമേശ്വരീ	= പരമയായ ഈശ്വരി.

ജഗ—മുക്താനി......ച്ചാരണാദിഭിഃസ്വാഹാ ൧൩

൧൦. തതഃ ശരശതൈർദ്ദേവീമാച്ഛാദയത സോ ഽസുരഃ
സാപി തൽകുപിതാ ദേവി ധനുശ്ചിച്ഛേദ ചേഷുഭിഃ ൭൧

തതഃ സഃ അസുരഃ = അനന്തരം ആ ശുംഭാസുരൻ
ദേവീം = ചണ്ഡികയെ
ശരശതൈഃ ആച്ഛാദയത = അസംഖ്യം ബാണങ്ങൾകൊണ്ടു് മൂടി.
സാ ദേവി അപി = ആ ദേവിയും
തൽകുപിതാ = അതുനിമിത്തം കോപത്തോടുകൂടിയവ-
ഇഷുഭിഃ = ബാണങ്ങളെക്കൊണ്ടു് (ളായിട്ടു്
ധനുഃ ചിച്ഛേദ ച = വില്ലിനെ മുറിക്കുകയും ചെയ്തു.

അനന്തരം ആ ശുംഭാസുരൻ അസംഖ്യം ബാണങ്ങൾകൊണ്ടു് ദേവിയെ മൂടി. ആ ദേവിയും അതുനിമിത്തം കോപത്തോടുകൂടിയവളായിട്ടു ബാണങ്ങളെക്കൊണ്ടു് വില്ലിനെ മുറിക്കുകയും ചെയ്തു.

ശാന്ത—ദിവ്യാസ്ത്രങ്ങളെ മുറിച്ചതിനുശേഷം ആ ശുംഭാസുരൻ ചണ്ഡികാദേവിയെ അസംഖ്യംബാണങ്ങളെക്കൊണ്ടു മൂടി. ചണ്ഡികാദേവിയും ആ അസംഖ്യം ശരങ്ങൾകൊണ്ടുള്ള ആച്ഛാദനംനിമിത്തം കുപിതയായിട്ടു് ബാണങ്ങളെക്കൊണ്ടു് ശുംഭന്റെ വില്ലിനെ മുറിച്ചു.

"ഇഷുഭിഃ" എന്ന ബഹുവചനം, പിന്നെയും പിന്നെയും വില്ലിനെ മുറിച്ചു എന്നും, ശുംഭൻ പിന്നെയും പിന്നെയും വില്ലിനെ ഗ്രഹിച്ചു എന്നുംഉള്ള അൎത്ഥത്തിൽ പ്രയോഗിച്ചിട്ടുള്ളതാകുന്നു.

ജഗ—തതഃ ശരശതൈ......ചേഷുഭിഃ സ്വാഹാ ൧൪

൧൫. ഛിന്നേ ധനുഷി ദൈത്യേന്ദ്രസ്തഥാ ശക്തിമഥാദദേ
ചിച്ഛേദ ദേവി ചക്രേണ താമപ്യസ്യ കരേ സ്ഥിതാം. ഉവ്വ

അഥ ദൈത്യേന്ദ്രഃ = അനന്തരം ശുംഭൻ
തഥാ ധനുഷി ഛിന്നേ = അപ്രകാരം വില്ലു് മുറിക്കപ്പെട്ടപ്പോൾ
ശക്തിം ആദദേ = വേലിനെ എടുത്തു.
ദേവീ അസ്യ കരേ = ദേവി ഇവന്റെ കയ്യിൽ
സ്ഥിതാം താം അപി = ഇരിക്കുന്ന ആ വേലിനേയും
ചക്രേണ ചിച്ഛേദ = ചക്രംകൊണ്ടു് ഛേദിച്ചു.

അനന്തരം അസുരശ്രേഷ്ഠനായ ശുംഭൻ വില്ലുമുറിക്കപ്പെട്ടപ്പോൾ വേലിനെഎടുത്തു. ദേവി അവന്റെ കയ്യിലിരിക്കുന്ന ആ വേലിനേയും ചക്രായുധംകൊണ്ടു മുറിച്ചു.

ശാന്ത—അനന്തരം ദൈത്യേന്ദ്രനായ ശുംഭൻ അവന്റെ വില്ലു് അപ്രകാരം ദേവിയാൽ ഖണ്ഡിക്കപ്പെട്ടപ്പോൾ ശക്തി എന്ന ആയുധത്തെ എടുത്തു. ഉടനെ ദേവി, ശുംഭന്റെ, പ്രയോഗിക്കുവാനായി കയ്യിലെടുത്ത ആ വേലിനേയും ചക്രായുധംകൊണ്ടു് ഖണ്ഡംഖണ്ഡമായി മുറിച്ചു.

അപിശബ്ദംകൊണ്ടു് വില്ലിനേയും വേലിനേയും മുറിച്ചു എന്നൎത്ഥം.

"ശക്തിം സമാദദേ" എന്നു പാഠഭേദം.

ജഗ—ഛിന്നേ......സ്ഥിതാം സ്വാഹാ ൧൭

൧൮. തതഃ ഖഡ്ഗമുപാദായ ശതചന്ദ്രം ച ഭാനുമൽ
അഭ്യധാവത താം ദേവീം ദൈത്യാനാമധിപേശ്വരഃ. ൧൯൯

തതഃ	= അനന്തരം
ദൈത്യാനാം	= ദൈത്യന്മാരുടെ
അധിപേശ്വരഃ	= അധിപന്മാരുടെ അധിപനായ ശുംഭൻ
ഖഡ്ഗം ഭാനുമൽ ശതചന്ദ്രം	= വാളും പ്രകാശത്തോടുകൂടിയ പരിചയും
ഉപാദായ	= എടുത്തുംകൊണ്ടു്
താം ദേവീം അഭ്യധാവത	= ആ ദേവിയുടെ നേരേ ഓടി.

അനന്തരം ദാനവാധിപന്മാരുടെ നായകനായ ശുംഭൻ വാളും പ്രകാശത്തോടുകൂടിയ പരിചയും എടുത്തുകൊണ്ടു് ആ ദേവിയുടെ നേരേ ഓടി.

ചതു—ശതചന്ദ്രം=നൂറു കൃത്രിമചന്ദ്രന്മാരോടുകൂടിയ പരിച. ദൈത്യാനാമധിപേശ്വരഃ =ദൈത്യന്മാരുടെ അധിപന്മാൎക്കും ഈശ്വരനായി=സ്വാമിയായി ഉള്ളവൻ.

ശാന്ത—ശക്തിച്ഛേദനാനന്തരം ധൂമ്രലോചന,ചണ്ഡമുണ്ഡ, രക്തബീജ,നിശുംഭാദികൾക്കും സ്വാമിയായി ഇരിക്കുന്ന ശുംഭൻ സൂൎയ്യരശ്മികളുടെ ശോഭയോടുകൂടിയ ചന്ദ്രഹാസത്തേയും നൂറു ചന്ദ്രന്മാരുടെ ചിത്രങ്ങൾ എഴുതിയിരിക്കുന്ന പരിചയേയും എടുത്തുകൊണ്ടു് ആ ദേവിയെ നിഗ്രഹിക്കുന്നതിനായി ഓടി.

ദൈത്യാനാമധിപേശ്വരഃ=ദൈത്യന്മാൎക്കു് അധിപനായും ഈശ്വരനായും=ഐശ്വൎയ്യയുക്തനായും ഇരിക്കുന്നവൻ.

നാഗോ—'ശതചന്ദ്രം ച' എന്നതിലെ 'ച'കാരംകൊണ്ടു് വാളും പരിചയും ധരിച്ചു് അശ്വസാരഥികളോടുകൂടിവന്നു എന്നു ഗ്രഹിക്കണം.

ജഗ—തതഃ ഖഡ്ഗ......മധിപേശ്വരഃ സ്വാഹാ ൧൮

൧൯. തസ്യാപതത ഏവാശു ഖഡ്ഗം ചിച്ഛേദ ചണ്ഡികാ
ധനുർമ്മുക്തൈഃ ശിതൈർബാണൈശ്ചൎമ്മ ചാൎക്കകരാമലം.

ചണ്ഡികാ	= ചണ്ഡികാദേവി
തസ്യ ആപതത ഏവ	= അവൻ വരുമ്പോൾത്തന്നെ

ആശു ധനർമ്മുക്തൈഃ	= വേഗത്തിൽ വില്ലിൽനിന്നു വിട്ട
ശിതൈഃ ബാണൈഃ	= തീക്ഷ്ണങ്ങളായ ശരങ്ങൾകൊണ്ടു്
അക്കാരാമലം ഖഡ്ഗം	= സൂര്യരശ്മികൾ തട്ടിമിന്നുന്ന വാളും
ചർമ്മ ച ചിച്ഛേദ	= പരിചയും ഛേദിച്ചു.

അവൻ നേരിട്ടു് ഓടിവരുമ്പോൾത്തന്നെ സൂര്യരശ്മികൾ തട്ടി പ്രതിഫലിച്ചുമിന്നുന്ന അവന്റെ വാളിനേയും പരിചയേയും ചണ്ഡികാദേവി, വില്ലിൽനിന്നു് എയ്ത ബാണങ്ങൾകൊണ്ടു് വേഗത്തിൽ മുറിച്ചു.

ചതു—അക്കരാമലം = സൂര്യരശ്മികൾപോലെ നിർമ്മലമായ.

ശാന്ത—ചണ്ഡികാദേവി ആ ശുംഭൻ ഓടി വരുമ്പോൾത്തന്നെ വില്ലുവലിച്ചുവിട്ട മൂർച്ചയുള്ള ശരങ്ങളെക്കൊണ്ടു്, സൂര്യരശ്മികൾ പ്രതിഫലിച്ചതിനാൽ ഉജ്ജ്വലിക്കുന്നതായ വാളിനേയും പരിചയേയും മുറിച്ചു.

തടവില്ലാതെ പ്രതിഫലിക്കുന്ന സൂര്യകിരണങ്ങളുടെ സമ്പർക്കം നിമിത്തം ആ വാളിനും പരിചയ്ക്കും സൂര്യരശ്മികൾപോലെ നിർമ്മലത്വം ഉണ്ടാകുന്നതാകുന്നു. 'ബാണൈഃ' എന്ന ബഹുവചനപ്രയോഗം ഖഡ്ഗത്തേയും പരിചയേയും പൊടിച്ചുകളഞ്ഞു എന്നു സൂചിപ്പിക്കുന്നതുകൂടാതെ (അശ്വാംശ്ച പാതയാമാസ രഥം സാരഥിനാ സഹ) ആ ദേവി ശുംഭന്റെ വാളും പരിചയും മാത്രമല്ല ഛേദിച്ചതു്, പിന്നെയോ? കുതിരകളേയും, സാരഥിയോടുകൂടി തേരിനേയും പതിപ്പിച്ചു എന്നു ധ്വനിപ്പിക്കുന്നു.

ജഗ—തസ്യാപതത......കരാമലം സ്വാഹാ ൧൭

൧൮. ഹതാശ്വഃ സ തദാ ദൈത്യഃ ഛിന്നധന്വാ വിസാരഥിഃ
ജഗ്രാഹ മുദ്ഗരം ഘോരമംബികാനിധനോദ്യതഃ. ൩൬൪

തദാ സഃ ദൈത്യഃ	= അപ്പോൾ ആ അസുരൻ
ഹതാശ്വഃ	= കൊല്ലപ്പെട്ട കുതിരകളോടും
ഛിന്നധന്വാ	= മുറിക്കപ്പെട്ട വില്ലോടും
വിസാരഥിഃ	= കൊല്ലപ്പെട്ട സാരഥിയോടും കൂടിയവനായി
അംബികാനിധനോദ്യതഃ	= ദേവിയെ കൊല്ലുന്നതിനു് ഉദ്യതനായിട്ടു്
ഘോരം മുദ്ഗരം ജഗ്രാഹ	= ഭയങ്കരമായിരിക്കുന്ന ഗദയെ എടുത്തു.

ആ ശുംഭൻ കുതിരകളുംനശിച്ചു് വില്ലുമുറിഞ്ഞു് വിഗതനായ സാരഥിയോടുകൂടിയവനായിട്ടു് ദേവിയെ കൊല്ലുന്നതിനു് ഉദ്യതനായി ഭയങ്കരമായ ഗദയെ എടുത്തു.

ശാന്ത—അപ്പോൾ ആ ശുംഭാസുരൻ ദേവിയാൽ ഹനിക്കപ്പെട്ട കുതിരകളോടും നശിപ്പിക്കപ്പെട്ട തേരോടും മുറിക്കപ്പെട്ട വില്ലോടും കൊല്ലപ്പെട്ട സാരഥിയോടുംകൂടിയവനായി ദേവിയെ കൊല്ലുന്നതിന്ന് ഉദ്യുക്തനായിട്ട് ഭയങ്കരമായി ലോഹമയമായിരിക്കുന്ന 'ഘനം' എന്നു പറയുന്നതായ ആയുധവിശേഷത്തെ—ഗദയെ—എടുത്തു.

"അംബികാനിധനോദ്യതൻ = അംബികയാൽ കൊല്ലപ്പെടുന്നതിന്ന് ഉദ്യുക്തൻ" എന്നു ദേവീപാർഷദാഭിപ്രായം

ജഗ—ഹതാശ്വഃ......നിധനോദ്യതഃ സ്വാഹാ ൧൮

൧൯. ചിച്ഛേദാപതതസ്തസ്യ മുൽഗരം നിശിതൈഃ ശരൈഃ
തഥാപി സോ ഽഭ്യധാവത്താം മുഷ്ടിമുദ്യമ്യ വേഗവാൻ. അന്വ.

ആപതതഃ തസ്യ മുൽഗരം	=	അടുത്തുവരുന്ന ശുംഭൻെറ ഗദയെ
നിശിതൈഃ ശരൈഃ	=	തീക്ഷ്ണങ്ങളായ ശരങ്ങളെക്കൊണ്ട്
ചിച്ഛേദ	=	മുറിച്ചു.
തഥാ അപി സഃ	=	എന്നിട്ടും അവൻ
വേഗവാൻ	=	വേഗത്തോടുകൂടിയവനായിട്ട്
മുഷ്ടിം ഉദ്യമ്യ	=	കൈചുരുട്ടി പൊക്കിപ്പിടിച്ചുകൊണ്ട്
താം അഭ്യധാവൽ	=	ദേവിയുടെനേരേ ഓടി.

ദേവി, അടുത്തുവരുന്ന അവൻെറ ഗദയെ മൂർച്ചയുള്ള ബാണങ്ങൾകൊണ്ടു മുറിച്ചു. എന്നിട്ടും അവൻ വേഗത്തോടുകൂടി കൈ ചുരുട്ടി പൊക്കിപ്പിടിച്ചുകൊണ്ട് ദേവിയുടെനേരേ ഓടി.

ചതു—ഉദ്യമ്യ = ദേവിയുടെ ഹൃദയത്തിൽ പ്രയോഗിക്കുവാൻ തക്കവണ്ണം ഉയർത്തിയിട്ട്.

ശാന്ത—അനന്തരം ദേവി നേരിട്ട് ഓടിവരുന്ന ശുംഭാസുരൻെറ ഗദയെ തേജസ്സും മൂർച്ചയും ഉള്ള ശരങ്ങളെക്കൊണ്ട് ഛേദിച്ചു. ശുംഭാസുരൻ, തൻെറ ഗദ ദേവിയാൽ മുറിക്കപ്പെട്ടു എങ്കിലും വേഗത്തോടുകൂടി ദേവിയെ നിഗ്രഹിക്കുന്നതിനായി കൈചുരുട്ടിപ്പിടിച്ചുകൊണ്ട് ദേവിയുടെനേരേ ഓടി.

ജഗ—ചിച്ഛേദാ......വേഗവാൻ സ്വാഹാ ൧൯

൨൦. സ മുഷ്ടിം പാതയാമാസ ഹൃദയേ ദൈത്യപുംഗവഃ
ദേവ്യാസ്തം ചാപി സാ ദേവീ തലേനോരസ്യതാഡയൽ. അന്വ.

സഃ ദൈത്യപുംഗവഃ	=	ആ അസുരശ്രേഷ്ഠൻ
ദേവ്യാഃ ഹൃദയേ	=	ദേവിയുടെ വക്ഷസ്സിൽ
മുഷ്ടിം പാതയാമാസ	=	മുഷ്ടിയെ പതിപ്പിച്ചു.

സാ ദേവീ ച തലേന = ആ ദേവിയും കരതലംകൊണ്ടു്
തം അപി ഉരസി അതാഡയത് = അവനേയും മാറിടത്തിൽതാഡിച്ചു.

അസുരശ്രേഷ്ഠനായ ആ ശുംഭൻ ദേവിയുടെ മാറിടത്തിൽ കൈ ചുരുട്ടിപ്പിടിച്ചു് ഇടിച്ചു. ആ ചണ്ഡികാദേവിയും അവന്റെ മാറിടത്തിൽ കരതലംകൊണ്ടു് അടിച്ചു.

ശാന്ത—ആ അസുരശ്രേഷ്ഠൻ യുദ്ധത്തിങ്കൽ ദേവിയുടെ ഹൃദയത്തിൽ മുഷ്ടിയെ പതിപ്പിച്ചു. ആ ദേവിയും കരതലംകൊണ്ടു് ശുംഭനേയും വക്ഷസ്സിൽ താഡിച്ചു.

ദൈത്യപുംഗവൻ = പുംഗവനെ = കാളയെപ്പോലെ ബലവാനായ ദൈത്യൻ.

"സ്യുരുത്തരപദേ വ്യാഘ്രപുംഗവർഷഭകുഞ്ജരാഃ
സിംഹശാർദ്ദൂലനാഗാദ്യാഃ പുംസി ശ്രേഷ്ഠാർത്ഥഗോചരാഃ"

വ്യാഘ്രം, പുംഗവം, ഋഷഭം, കുഞ്ജരം, സിംഹം, ശാർദ്ദൂലം, നാഗം ഈ ഏഴും സമാസത്തിൽ ഉത്തരപദമായി ചേർത്താൽ 'ശ്രേഷ്ഠൻ' എന്നുള്ള അർത്ഥത്തോടുകൂടിയതായി ഭവിക്കും.

നാഗോ—തലം = വിരലുകളെ നിവർത്തിയിട്ടുള്ള കരതലം.

ജഗ—സ മുഷ്ടിം......താഡയൽ സ്വാഹാ ൨൦

൧൭. തലപ്രഹാരാഭിഹതോ നിപപാത മഹീതലേ
സ ദൈത്യരാജഃ സഹസാ പുനരേവ തഥോത്ഥിതഃ. ഉന്നർ

സഃ ദൈത്യരാജഃ = ആ അസുരരാജാവു്
തലപ്രഹാരാഭിഹതഃ = കരതലംകൊണ്ടുള്ള അടികൊണ്ടു് താ-
മഹീതലേ നിപപാത = ഭൂമിയിൽ വീണു. [ഡിതനായിട്ടു്
സഃ സഹസാ = അവൻ വേഗത്തിൽ
പുനഃ തഥാ ഏവ ഉത്ഥിതഃ = വീണ്ടും അപ്രകാരംതന്നെ എഴുന്നേറ്റു.

ആ ദൈത്യരാജാവായ ശുംഭൻ ദേവിയുടെ കരതലംകൊണ്ടുതാഡിക്കപ്പെട്ടവനായിട്ടു് ഭൂമിയിൽ പതിച്ചു. വേഗത്തിൽ പിന്നെയും മുൻപിലത്തെപ്പോലെ എഴുന്നേൽക്കുകയും ചെയ്തു.

ശാന്ത—ആ ദൈത്യരാജാവായ ശുംഭൻ ദേവിയുടെ കരതലംകൊണ്ടു് വക്ഷസ്സിൽ അടിക്കപ്പെട്ടവനായിട്ടു് ഭൂമിയിൽ പതിച്ചു. പിന്നെയും ആ ശുംഭൻ അടിയേൽക്കുന്നതിനുമുമ്പിൽ ഇരുന്നതുപോലെതന്നെ അതിബലത്തോടുകൂടി വേഗത്തിൽ എഴുനീറ്റു.

ജഗ—തലപ്രഹാരാഭി......തഥോത്ഥിതഃ സ്വാഹാ ൨൧

൧൮. ഉല്പത്യ ച പ്രഗൃഹ്യോച്ചൈർദ്ദേവീം ഗഗനമാസ്ഥിതഃ
തത്രാപി സാ നിരാധാരാ യുയുധേ തേന ചണ്ഡികാ. ഉന്നു

(സഃ) ഉല്പത്യ ച = (അവൻ) ചാടീട്ട്
ദേവീം പ്രഗൃഹ്യ = ദേവിയെ പിടിച്ചിട്ട്
ഉച്ചൈഃ = ഉച്ചൈസ്സാകുംവണ്ണം
ഗഗനം ആസ്ഥിതഃ = ആകാശത്തിൽ സ്ഥിതിചെയ്തു.
തത്ര അപി സാ ചണ്ഡികാ= അവിടേയും ആ ചണ്ഡികാദേവി
നിരാധാരാ = ഒരാധാരവുമില്ലാതെ
തേന യുയുധേ = അവനോടുകൂടി യുദ്ധംചെയ്തു.

ശുംഭൻ ചാടി ദേവിയെ പിടിച്ചിട്ട് ഉച്ചത്തിൽ ആകാശത്തിൽ സ്ഥിതിചെയ്തു. അവിടേയു ചണ്ഡികാദേവി നിരാധാരയായി അവനോടു യുദ്ധംചെയ്തു.

ചതു—ഉല്പത്യ = മേല്പോട്ടു ചാടീട്ട്.

ഉച്ചൈഃ ദേവീം പ്രഗൃഹ്യ = ബലമായി ദേവിയെ എടുത്തുംകൊണ്ടു്. നിരാധാരാ = കീഴ്പ്പോട്ടു പതിക്കാതെയിരിക്കുന്നതിന്ന് സപ്രയത്നമല്ലാതെ വേറേ കാരണത്തോടുകൂടാത്തവൾ.

ശാന്ത—ആ ശുംഭൻ ഭൂമിയിൽനിന്ന് മേല്പോട്ടുചാടി ദേവിയെ ഗ്രഹിച്ചിട്ട് പൊക്കത്തിൽ ആകാശത്തിൽ സ്ഥിതിചെയ്തു—ആകാശത്തിൽ കയറി. ആകാശത്തിലും ആ ചണ്ഡികാദേവി ഒരാധാരവുമില്ലാതെ ആ ശുംഭനോടുകൂടി യുദ്ധംചെയ്തു. അന്തൎഗ്ഗതങ്ങളായ, ഹംസഗരുഡമയൂരാദി വാഹനങ്ങളോടുകൂടിയ ബ്രഹ്മാണി, വൈഷ്ണവി, കൌമാരി മുതലായ രൂപങ്ങളെക്കൊണ്ടു് രൂപവതിയായി ഇരിക്കുന്ന ചണ്ഡികാദേവി ആധാരത്തോടുകൂടിയവളാണെന്നുള്ള രഹസ്യം ഭക്തന്മാർ ഊഹിക്കത്തക്കതാണ്.

നിരാധാരാ = (നിൎന്നിശ്ചയനിഷേധയോഃ എന്നുള്ളതുകൊണ്ടു്) ഞാൻതന്നെ സൎവ്വശക്തികളോടുംകൂടി ശത്രുക്കളെ നശിപ്പിക്കുന്നുണ്ടു് എന്നുള്ള നിശ്ചയജ്ഞാനാധാരത്തോടുകൂടിയവൾ.

സാനിരാധാരാ = (സാ അനിരാധാരാ എന്ന പദച്ഛേദം) ശബ്ദബ്രഹ്മരൂപമായ ആകാശസ്ഥിതിനിമിത്തം ആധാരത്തോടുകൂടിയവളാകകൊണ്ടു് ചണ്ഡികാദേവി അനിരാധാരയാകുന്നു—നിരാധാരയല്ല.

ശബ്ദബ്രഹ്മം മന്ത്രതത്വവും, മന്ത്രതത്വം ചണ്ഡികയും, ചണ്ഡികാദേവി ആകാശരൂപയും, ആകാശരൂപം സൎവ്വവ്യാപകമായിരിക്കുന്ന വിഭുവും, വിഭു നിരാധാരവുമാകുന്നു. ഇതെല്ലാം ദേവിയുടെ ഐശ്വൎയ്യങ്ങളാണ്. ഈ ചണ്ഡികാഭഗവതി ഇത്യാദി സദൈശ്വൎയ്യങ്ങളോടുംകൂടിയവളാകകൊണ്ടു് "നിരാധാര" എന്നുള്ളതു് അയുക്തംതന്നെ.

ജഗ—ഉല്പത്യ ച......ചണ്ഡികാ സ്വാഹാ ൧൧

൧൯. നിയുദ്ധം ഖേ തദാ ദൈത്യശ്ചണ്ഡികാ ച പരസ്പരം
ചക്രുതുഃ പ്രഥമം യുദ്ധം മുനിവിസ്മയകാരകം. ൩൬൩

തദാ ഖേ	= അപ്പോൾ ആകാശത്തിൽ
ദൈത്യഃ ചണ്ഡികാ ച	= അസുരനും ചണ്ഡികാദേവിയും
പരസ്പരം	= അന്യോന്യം
മുനിവിസ്മയകാരകം	= മുനിമാക്ക് ആശ്ചര്യത്തെ ഉണ്ടാക്കുന്ന
നിയുദ്ധം യുദ്ധം	= ബാഹുയുദ്ധമായ യുദ്ധത്തെ
പ്രഥമം ചക്രുതുഃ	= ഒന്നാമതായി ചെയ്തു.

അപ്പോൾ ആകാശത്തിൽവച്ച് ശുംഭാസുരനും ചണ്ഡികാദേവിയുംതമ്മിൽ മുനിമാക്ക് ആശ്ചര്യത്തെ ഉണ്ടാക്കത്തക്കവണ്ണം ആദ്യമായി ബാഹുയുദ്ധം എന്ന യുദ്ധംചെയ്തു.

ശാന്ത—ദേവിയെ ആകാശത്തിൽ കൊണ്ടുകയറിയപ്പോൾ ആദ്യം ആകാശത്തിൽവെച്ച് ശുംഭാസുരനും ചണ്ഡികാദേവിയുംതമ്മിൽ ബാഹുയുദ്ധം എന്നു പറയുന്ന യുദ്ധംചെയ്തു.

"സിദ്ധമുനിവിസ്മയകാരകം" എന്നു പാഠഭേദം.

'ആ യുദ്ധം നോക്കിക്കൊണ്ടിരിക്കുന്ന വിശ്വാവസുപ്രഭൃതികളായ സിദ്ധന്മാക്കും നാരദാദിദേവഷിമാക്കും ആശ്ചര്യജനകമായിരുന്നു' എന്നത്ഥം.

ജഗ—നിയുദ്ധം......കാരകം സ്വാഹാ ൧൨

൨൦. തതോ നിയുദ്ധം സുചിരം കൃത്വാ തേനാംബികാ സഹ
ഉല്പാത്യ ഭ്രാമയാമാസ ചിക്ഷേപ ധരണീതലേ. ൩൬൪

അംബികാ തേന സഹ	= ദേവി അവനോടുകൂടി
സുചിരം നിയുദ്ധം കൃത്വാ	= വളരെക്കാലം ബാഹുയുദ്ധം ചെയ്തിട്ട്
തതഃ ഉൽപാത്യ	= അനന്തരം ഉയത്തീട്ട്
ഭ്രാമയാമാസ	= ചുററിച്ചു.
ധരണീതലേ ചിക്ഷേപ	= ഭൂമിയിൽ എറിയുകയും ചെയ്തു.

ചണ്ഡികാദേവി അവനോട് വളരെക്കാലം ബാഹുയുദ്ധം ചെയ്തിട്ട് അവനെ ഉയത്തിക്കറക്കി ഭൂമിയിലേക്ക് എറിഞ്ഞു.

ചതു—"ഉൽപാട്യ" എന്നു പാഠഭേദം.

ശാന്ത—അംബികാദേവി ആ ശുംഭമഹാസുരനോടുകൂടി വളരെക്കാലം മുഷ്ടിയുദ്ധംചെയ്തിട്ട് അനന്തരം അവനെ പൊക്കി കാൽപിടിച്ചു കറക്കി. ആ ശുംഭാസുരനെ അങ്ങനെ വട്ടത്തിൽ കറക്കീട്ട് ഭൂമിയിൽ എറിഞ്ഞു.

"ഉൽപാദ്യ" എന്നും, "ഉൽക്ഷിപ്യ" എന്നും പാഠഭേദങ്ങൾ ഉണ്ടു്.

നാഗോ—ഉൽപാദ്യ=പന്തുപോലെ മേല്പോട്ടെറിഞ്ഞിട്ടു് താഴെ വരുമ്പോൾ കാൽപിടിച്ചു വട്ടത്തിൽ കറക്കി ഭൂമിയിൽ എറിയുകയും ചെയ്തു.

ജഗ—തതോ നിയുദ്ധം......ധരണീതലേ സ്വാഹാ ൨൪

൨൫. സ ക്ഷിപ്തോ ധരണീം പ്രാപ്യ മുഷ്ടിമുദ്യമ്യ വേഗതഃ
അഭ്യധാവത ദുഷ്ടാത്മാ ചണ്ഡികാനിധനേച്ഛയാ. അന്വ

ക്ഷിപ്തഃ സഃ ദുഷ്ടാത്മാ	=	എറിയപ്പെട്ട ആ ദുഷ്ടസ്വഭാവൻ
ധരണീം പ്രാപ്യ	=	ഭൂമിയെ പ്രാപിച്ചിട്ടു്
വേഗതഃ	=	വേഗത്തിൽ
ചണ്ഡികാനിധനേച്ഛയാ	=	ദേവിയെ കൊല്ലുവാനുള്ള ആഗ്രഹത്തോടുകൂടി
മുഷ്ടിം ഉദ്യമ്യ അഭ്യധാവത	=	മുഷ്ടിയെ ഉയർത്തിക്കൊണ്ടു നേരിട്ടു് ഓടി.

ആ ദുഷ്ടസ്വഭാവനായ ശുംഭൻ ദേവിയാൽ എറിയപ്പെട്ടു് ഭൂമിയിൽ പതിച്ചിട്ടു് ചണ്ഡികാദേവിയെ കൊല്ലുന്നതിനുള്ള ആഗ്രഹത്തോടുകൂടി മുഷ്ടിയെ ഉയർത്തിക്കൊണ്ടു വേഗത്തിൽ നേരിട്ടു് ഓടി.

ചതു—"വേഗിതഃ" എന്നു പാഠഭേദം.

'വേഗത്തോടുകൂടിയവനായി' എന്നർത്ഥം.

ശാന്ത—"വേഗവാൻ" എന്നു പാഠഭേദം.

ഭഗവതിയാൽ എറിയപ്പെട്ട ആ ദുഷ്ടസ്വഭാവനായ ശുംഭനാകട്ടെ ഭൂമിയിൽ പതിച്ചിട്ടു് വേഗത്തോടുകൂടിയവനായിട്ടു് ചണ്ഡികാദേവിയെ നിഗ്രഹിക്കുന്നതിനുള്ള ആഗ്രഹത്തോടുകൂടി മുഷ്ടിയെ ഉയർത്തിപ്പിടിച്ചുകൊണ്ടു് നേരിട്ടു് ഓടി.

'ചണ്ഡികാനിധനേച്ഛ = ചണ്ഡികയുടെ നിധനത്തിലുള്ള ആഗ്രഹം' എന്നു് ശുംഭനു് ഇഷ്ടമായ അർത്ഥം.

ദേവിസഖിജനേഷ്ടാർത്ഥമാകട്ടെ:—ചണ്ഡികാനിധനേച്ഛ = ചണ്ഡികയിൽനിന്നുമുള്ള മരണത്തിന്റെ ആഗ്രഹം—'ഈ ശുംഭൻ പിന്തിരിഞ്ഞു് ഓടിയിരുന്നു എങ്കിൽ മരിക്കുകയില്ലായിരുന്നു. ചണ്ഡികയിൽനിന്നുള്ള മരണത്തിൽ ആഗ്രഹം ഉള്ളതുകൊണ്ടാണു് മുഷ്ടിയെ ഉയർത്തിപ്പിടിച്ചുംകൊണ്ടു് നേരിട്ടോടിയതു്' എന്നാകുന്നു.

ജഗ—സക്ഷിപ്തോ......നിധനേച്ഛയാ സ്വാഹാ ൨൫

൨൬. തമായാന്തം തതോ ദേവീ സർവ്വദൈത്യജനേശ്വരം
ജഗത്യാം പാതയാമാസ ഭിത്വാ ശൂലേന വക്ഷസി. അന്വ

ആയാന്തം	=	വരുന്ന
സർവ്വദൈത്യജനേശ്വരം	=	സകല അസുരജനങ്ങളുടേയും രാജാവായ
തം തതഃ ദേവീ	=	അവനെ അനന്തരം ദേവി
വക്ഷസി ശൂലേന ഭിത്വാ	=	മാറിൽ ശൂലംകൊണ്ടു് ഭേദിച്ചിട്ടു്
ജഗത്യാം പാതയാമാസ	=	ഭൂമിയിൽ പതിപ്പിച്ചു.

അനന്തരം നേരിട്ടുവരുന്നവനും എല്ലാ അസുരജനങ്ങൾക്കും സ്വാമിയും ആയ ശുംഭനെ ദേവി ശൂലംകൊണ്ടു മാറിടത്തിൽ കുത്തീട്ടു ഭൂമിയിൽ പതിപ്പിച്ചു.

ശാന്ത—അനന്തരം നേരിട്ടുവരുന്ന; എല്ലാദൈത്യജനങ്ങൾക്കും രാജാവായ—സർവ്വാസുരപതിയായ—ആ ശുംഭാസുരനെ ദേവി ശൂലായുധംകൊണ്ടു് ഉരസ്സിൽ കുത്തിയിട്ടു് ഭൂമിയിൽവീഴ്ത്തി.

ജഗ—തമായാന്തം......വക്ഷസി സ്വാഹാ ൨൬.

൨൭. സ ഗതാസുഃ പപാതോർവ്യാം ദേവീശൂലാഗ്രവിക്ഷതഃ
ചാലയൻ സകലാം പൃഥ്വീം സാബ്ധിദ്വീപാം സപർവ്വതാം.

ദേവീശൂലാഗ്രവിക്ഷതഃ	=	ദേവിയുടെ ശൂലാഗ്രംകൊണ്ടു മുറിക്കപ്പെട്ട
സഃ	=	ആ ശുംഭൻ
സാബ്ധിദ്വീപാം	=	സമുദ്രങ്ങൾ ദ്വീപുകൾ ഇവയോട്ടും
സപർവ്വതാം	=	പർവ്വതങ്ങളോടുംകൂടിയ
സകലാം പൃഥ്വീം	=	ഭൂമിമുഴുവനും
ചാലയൻ	=	ചലിപ്പിച്ചുകൊണ്ടു്
ഗതാസുഃ ഉർവ്യാം പപാത	=	മൃതനായിട്ടു് ഭൂമിയിൽ പതിച്ചു.

ദേവിയുടെ ശൂലാഗ്രംകൊണ്ടു് മുറിക്കപ്പെട്ട ആ ശുംഭൻ, സമുദ്രങ്ങൾ, ദ്വീപുകൾ, പർവ്വതങ്ങൾ ഇവയോടുകൂടിയ ഭൂമണ്ഡലം മുഴുവൻ ചലിപ്പിച്ചുകൊണ്ടു് മൃതനായി ഭൂമിയിൽ വീണു.

ചതു—ശൂലാഗ്രം = പ്രധാനപ്പെട്ട ശൂലം.
വിക്ഷതൻ = വിശേഷേണ പൊടിക്കപ്പെട്ടവൻ.

ശാന്ത—ദേവിയുടെ ശൂലാഗ്രംകൊണ്ടു് വിശേഷേണ ഹിംസിക്കപ്പെട്ടവനായ ആ ശുംഭൻ സമുദ്രദ്വീപപർവ്വതങ്ങളോടുകൂടിയിരിക്കുന്ന ഭൂമിയെ മുഴുവൻ കമ്പിപ്പിച്ചുംകൊണ്ടു് മൃതനായിട്ടു ഭൂമിയിൽ വീണു.
ചലിപ്പിക്കുക = സ്ഥാനാന്തരത്തെ പ്രാപിപ്പിക്കുക.

ജഗ—സ ഗതാസുഃ......പർവ്വതാം സ്വാഹാ. ൨൮

൨൮. തതഃ പ്രസന്നമഖിലം ഹതേ തസ്മിൻ ദുരാത്മനി
ജഗത്സ്വാസ്ഥ്യമതീവാപ * നിമ്മലം ചാഭവന്നഭഃ. ൫൦

തസ്മിൻ ദുരാത്മനി ഹതേ	= ആ ദുഷ്ടൻ കൊല്ലപ്പെട്ടപ്പോൾ
തതഃ അഖിലം	= അതുനിമിത്തം സമസ്തവും
പ്രസന്നം	= സന്തോഷത്തോടുകൂടിയതായിത്തീൎന്നു
ജഗൽ	= ലോകം
അതീവ സ്വാസ്ഥ്യം ആപ	= ഏററവും സ്വസ്ഥതയെ പ്രാപിച്ചു.
നഭഃ ച നിമ്മലം അഭവൽ	= ആകാശവും നിമ്മലമായിത്തീൎന്നു.

ആ ദുഷ്ടൻ ഹതനായപ്പോൾ അതുനിമിത്തം എല്ലാം പ്രസന്നമായി. ജഗത്തു് ഏററവും സുഖത്തെ പ്രാപിച്ചു ആകാശവും നിമ്മലമായി ഭവിച്ചു.

ശാന്ത—ദേവിയാൽ ആ ദുഷ്ടസ്വഭാവനായ ശുംഭൻ ഹതനായപ്പോൾ ജഗത്തുമുഴുവനും പ്രകാശത്തോടുകൂടിയതായിട്ടു് ഏററവും സ്വസ്ഥതയെപ്രാപിച്ചു. ആകാശവും നിമ്മലമായി ഭവിച്ചു.—അവൻ ജീവിച്ചിരുന്നപ്പോൾ ഇതിനു വിപരീതമായിരുന്നു—എന്നു താല്പൎയ്യം.

ജഗ—തതഃ പ്രസന്ന......ഭവന്നഭഃ സ്വാഹാ ൨൮

൨൯. ഉല്പാതമേഘാഃ സോല്കാ യേ പ്രാഗാസംസ്തേ ശമം യയുഃ
സരിതോ മാൎഗ്ഗവാഹിന്യസ്തഥാ § സംസ്തത്രപാതിതേ. ൫൧

പ്രാക്	= ശുംഭൻ മരിക്കുന്നതിനു മുൻപിൽ
സോല്കാഃ യേ	= കൊള്ളിമീനോടുകൂടിയ യാവചില
ഉൽപാതമേഘാഃ	= ദുൎന്നിമിത്തസൂചകങ്ങളായ മേഘങ്ങൾ
ആസൻ	= ഉണ്ടായിരുന്നുവോ
തേ ശമം യയുഃ	= അവ ശമിച്ചു.
തഥാ തത്ര പാതിതേ	= അപ്രകാരം അവൻ ഹതനായപ്പോൾ
സരിതഃ	= നദികൾ
മാൎഗ്ഗവാഹിന്യഃ ആസൻ	= നേർവഴിയിൽക്കൂടി ഒഴുകുന്നവകൾ ആയിത്തീൎന്നു.

ശുംഭാസുരൻ മരിക്കുന്നതിനുമുമ്പിൽ ഉണ്ടായിരുന്ന ദുൎന്നിമിത്തസൂചകങ്ങളായ കൊള്ളിമീനോടുകൂടിയ മേഘങ്ങൾ ശമിച്ചു. ശുംഭൻ പതിപ്പിക്കപ്പെട്ടപ്പോൾ നദികൾ മാൎഗ്ഗവാഹിനികളായിട്ടു ഭവിച്ചു.

ചതു—ശമം യയുഃ = ഉപശാന്തിയെ പ്രാപിച്ചു.

ശാന്ത—ശുംഭാസുരമരണത്തിനുമുമ്പിൽ യാവചില ഉല്പാതമേഘങ്ങൾ ഉണ്ടായിരുന്നുവോ അവ ഇപ്പോൾ—ശുംഭാസുരൻ മരിച്ച

* "ജഗത്സ്വാസ്ഥ്യമതീവാസീന്നിമ്മലം" എന്നു പാഠഭേദം.
§ "സ്തഥാ ശുംഭേത്ര പാതിതേ" എന്നു പാഠഭേദം.

പ്പോൾ—ശാന്തിയെ പ്രാപിച്ചു. ദേവിയാൽ ശുംഭൻ നിപാതിതനായപ്പോൾ നദികൾ അനാകുലകളായി മാർഗ്ഗത്തിൽക്കൂടി ഒഴുകുന്നവകളായി ഭവിച്ചു.

മുൻപിൽ പാരവശ്യംഹേതുവായിട്ടു് നദികളുടെ അധിദേവതകൾ, ലഭിക്കുന്ന വഴികളിൽക്കൂടിത്തന്നെ പ്രവഹിച്ചുകൊണ്ടിരുന്നു. ഇപ്പോൾ അതിനു വിപരീതമായിട്ടു് ന്യായമാർഗ്ഗത്തിൽക്കൂടിത്തന്നെ പ്രവഹിച്ചു എന്നു താല്പര്യം.

നാഗോ—ഉല്പാതമേഘാഃ = ഉല്പാതസൂചകങ്ങളായ മേഘങ്ങൾ. ദേവകൾക്കു് ശുഭസൂചകങ്ങളായും അസുരന്മാക്കു് അശുഭസൂചകങ്ങളായും ഉള്ളവ എന്നർത്ഥം.

ഉല്കാ= ആകാശത്തിൽനിന്നും വീഴുന്ന വെളിച്ചം.

ജഗ—ഉല്പാത......പാതിതേ സ്വാഹാ ൨൯

൨൩. തതോ ദേവഗണാഃ സർവേ ഹർഷനിർഭരമാനസാഃ
ബഭൂവുർന്നിഹതേ തസ്മിൻ ഗന്ധർവാ ലളിതം ജഗുഃ. ൫൭൦

തസ്മിൻ നിഹതേ	= അവൻ കൊല്ലപ്പെട്ടപ്പോൾ
തതഃ	= അതുഹേതുവായിട്ടു്
സർവേ ദേവഗണാഃ	= സമസ്തമായ ദേവസമൂഹങ്ങളും
ഹർഷനിർഭരമാനസാഃ ബഭൂവുഃ	= സന്തോഷംകൊണ്ടു് നിറഞ്ഞ മനസ്സോടുകൂടിയവരായിട്ടു് ഭവിച്ചു.
ഗന്ധർവാഃ	= ഗന്ധർവന്മാർ
ലളിതം ജഗുഃ	= മനോഹരമാകുംവണ്ണം ഗാനംചെയ്തു.

ദേവിയാൽ ആ ശുംഭാസുരൻ നിഹതനായപ്പോൾ സകലദേവഗണങ്ങളും സന്തോഷപൂർണ്ണഹൃദയന്മാരായിത്തീൎന്നു. ഗന്ധർവന്മാർ മനോഹരമായി ഗാനംചെയ്തു.

ശാന്ത—ദേവിയാൽ അവിടെ ആ ശുംഭൻ നിഹതനായപ്പോൾ ബ്രഹ്മവിഷ്ണുമഹേശ്വരാദികളായിരിക്കുന്ന സുരസമൂഹങ്ങൾ സന്തോഷഭാരംകൊണ്ടു പൂർണ്ണങ്ങളായിരിക്കുന്ന ഹൃദയങ്ങളോടുകൂടിയവരായിട്ടു്—ആനന്ദപൂർണ്ണമനസ്കരായിട്ടു്—ഭവിച്ചു. ഹാഹാഹൂഹൂപ്രഭൃതികളായ ഗന്ധർവന്മാരും സന്തോഷപൂർണ്ണഹൃദയന്മാരായിട്ടു് മനോഹരമാകുംവണ്ണം ശ്രീദേവിയുടെ പരാക്രമത്തെ ഗാനംചെയ്തു.

ജഗ—തതോ ദേവഗണാഃ......ജഗുഃ സ്വാഹാ ൩൦

൨൧. അവാദയംസ്തഥൈവാന്യേ നനൃതുശ്ചാപ്സരോഗണാഃ
വവുഃ പുണ്യാസ്തഥാ വാതാഃ സുപ്രഭോഭൂദ്ദിവാകരഃ. ൫൭൧

തഥാ ഏവ = അപ്രകാരംതന്നെ
അന്യേ = വേറെ ചില ദേവഗണങ്ങൾ
അവാദയൻ = വാദ്യങ്ങളെ കൊട്ടിഘോഷിച്ചു.
അപ്സരോഗണാഃ = അപ്സരസ്സുകളുടെ കൂട്ടങ്ങൾ
നനൃതുഃ ച = നൃത്തംചെയ്യുകയുംചെയ്തു.
തഥാ = അപ്രകാരം
പുണ്യാഃ വാതാഃ വവുഃ = പുണ്യങ്ങളായ കാററുകൾ വീശി.
ദിവാകരഃ = സൂൎയ്യൻ
സുപ്രഭഃ അഭൂൽ = നല്ല തേജസ്സോടുകൂടിയവനായി ഭവിച്ചു.

വേറെചിലർ വാദ്യഘോഷംചെയ്തു അപ്സരസ്സുകളുടെ കൂട്ടങ്ങൾ നൃത്തംചെയ്തു. അപ്രകാരംതന്നെ നല്ല കാററുകൾ വീശി. സൂൎയ്യൻ നല്ലപ്രഭയോടുകൂടിയവനായി തീൎന്നു.

ചതു—പുണ്യങ്ങൾ=അനുകൂലങ്ങൾ.

ശാന്ത—ഗീതത്തെക്കുറിച്ചു പറഞ്ഞിട്ടു് വാദ്യത്തേയും നൃത്തത്തേയും കുറിച്ചു പറയുന്നു:—

ദേവിയാൽ ശുംഭൻ നിപാതിതനായപ്പോൾ ചിലർ ദിവ്യങ്ങളായ വാദ്യങ്ങളെ കൊട്ടിഘോഷിച്ചു. അന്യദേവഗണങ്ങളായ അപ്സരസ്സുകളുടെ—ഉൎവ്വശി മുതലായവരുടെ—കൂട്ടങ്ങൾ നൃത്തംചെയ്തു. ശൈത്യത്തോടും മന്ദതയോടും സൌരഭ്യത്തോടുംകൂടിയ കാററുകൾ അടിച്ചു. സൂൎയ്യൻ നല്ല തേജസ്സോടുകൂടിയവനായി ഭവിച്ചു.

ജഗ—അവാദയം......ദിവാകരഃ സ്വാഹാ നൃഥ

ഭവ്യ. ജജ്ജ്വലുശ്ചാഗ്നയഃ ശാന്താഃ ശാന്താ ദിഗ്ജനിതസ്വനാഃ.

അഗ്നയഃ ശാന്താഃ ജജ്വലുഃ = അഗ്നികൾ ശാന്തങ്ങളായിട്ടു് ജ്വലിച്ചു.
ദിഗ്ജനിതസ്വനാഃ = ദിക്കുകളിൽ ഉണ്ടായിരുന്ന ശബ്ദങ്ങൾ
ശാന്താഃ ച = ശമിക്കുകയും ചെയ്തു.

അഗ്നികൾ ശാന്തങ്ങളായി ജ്വലിക്കുകയും ദിക്കുകളിൽ ഉണ്ടായിരുന്ന ശബ്ദങ്ങൾ ശമിക്കുകയുംചെയ്തു.

ഗ്രന്ഥ—ഈ അദ്ധ്യായത്തിൽ 'ദേവ്യുവാച'എന്നു രണ്ടും 'ഋഷിരുവാച' എന്നു രണ്ടും—ഇങ്ങനെ നാലു്—ഉവാചമന്ത്രങ്ങൾ ഉണ്ടു്. എന്നാൽ നാലാംശ്ലോകമായി "തതഃ സമസ്താസ്താ ദേവ്യോ" എന്നുള്ളതിനു മുൻപിൽ 'ഋഷിരുവാച' എന്നു് ഒരു ഉവാചമന്ത്രംകൂടി വേണ്ടതാണെങ്കിലും അതിനെ ഒരു മന്ത്രമായി ഇവിടെ സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ടു് പറഞ്ഞിട്ടില്ല.

ചതു—മുൻപിൽ ഉപശാന്തിയെ പ്രാപിച്ചിരുന്ന അഗ്നികൾ ജ്വലിച്ചു.

ശാന്ത—ആഹവനീയഗാർഹപത്യദക്ഷിണാഗ്ന്യാദികൾ ധൂമരഹിതങ്ങളായിട്ട് നിർമ്മലങ്ങളായി ജ്വലിച്ചു—ശുംഭൻ നിഹതനായപ്പോൾ യാഗങ്ങൾ ആരംഭിച്ചു—എന്ന താല്പര്യം. ദുർന്നിമിത്തസൂചകങ്ങളായ ശബ്ദങ്ങൾ ഉപശാന്തിയെ പ്രാപിച്ചു. ശുംഭാദിദൈത്യന്മാരാൽ പീഡിപ്പിക്കപ്പെട്ട ദിഗ്ദേവതകളുടെ ഹാഹാകാരേണ ദിക്കുകളിലുള്ള ശബ്ദങ്ങൾ ശാന്തങ്ങളായി.

ജഗ—ജജ്ജ്വലു......ജനിതസ്വനാഃ സ്വാഹാ ൩൨

ഇതി ശ്രീമാർക്കണ്ഡേയപുരാണേ സാവർണ്ണികേ മന്വന്തരേ
ദേവീമാഹാത്മ്യേ ശുംഭവധോ നാമ ദശമോധ്യായഃ.

ശുംഭവധം എന്ന പത്താമദ്ധ്യായം സമാപ്തം.

പതിനൊന്നാം അദ്ധ്യായം.

ഋഷിരുവാച—൧

൧. ദേവ്യാ ഹതേ തത്ര മഹാസുരേന്ദ്രേ
സേന്ദ്രാഃ സുരാവഹ്നിപുരോഗമാസ്താം
കാത്യായനീം തുഷ്ടുവുരിഷ്ടലാഭാ-
ദ്വികാശിവക്ത്രാസ്തു വികാശിതാശാഃ. ൨

ഋഷി പറഞ്ഞു.

ദേവ്യാ തത്ര	= ദേവിയാൽ അവിടെ—യുദ്ധത്തിൽ
മഹാസുരേന്ദ്രേ	= മഹാസുരന്മാരിൽവച്ചു ശ്രേഷ്ഠൻ
ഹതേ	= കൊല്ലപ്പെട്ടപ്പോൾ
സേന്ദ്രാഃ	= ഇന്ദ്രനോടുകൂടിയവരായി
വഹ്നിപുരോഗമാഃ	= അഗ്നി മുൻപിൽഗമിക്കുന്നവരായി-
സുരാഃ	= ദേവന്മാർ [ഇരിക്കുന്ന
ഇഷ്ടലാഭാൽ	= ഇഷ്ടംസാധിച്ചതുകൊണ്ടു്
വികാശിവക്ത്രാഃ തു	= നല്ലവണ്ണം പ്രകാശിച്ചുകൊണ്ടിരിക്കുന്ന മുഖങ്ങളോടുകൂടിയവരും
വികാശിതാശാഃ	= പ്രകാശിക്കപ്പെട്ട ദിക്കുകളോടുകൂടിയവരുമായിട്ടു്
കാത്യായനീം തുഷ്ടുവുഃ	= ചണ്ഡികാദേവിയെ സ്തുതിച്ചു.

മഹാസുരന്മാരിൽവച്ച് ശ്രേഷ്ഠനായ ശുംഭാസുരനെ ദേവി യുദ്ധത്തിൽ നിഗ്രഹിച്ചപ്പോൾ ഇന്ദ്രാഗ്നിമുഖ്യന്മാരായദേവന്മാർ, ആഗ്രഹം സാധിച്ചതുനിമിത്തം, സന്തോഷംകൊണ്ടു വികസിച്ചിരിക്കുന്ന മുഖത്തോടും പ്രകാശിപ്പിക്കപ്പെട്ടദിക്കുകളോടുംകൂടിയവരായിട്ട് ചണ്ഡികാദേവിയെ—കാത്യായനിയെ—സ്തുതിച്ചു.

ചതു—തത്ര=ആ ശുംഭാസുരൻ.

ഇഷ്ടലാഭാൽ = ഇഷ്ടത്തിന്റെ = അഭിമതാൎത്ഥത്തിന്റെ പ്രാപ്തിഹേതുവായിട്ട്.

"ഇഷ്ടലംഭാൽ" എന്നു പാഠഭേദം.

"വികാസിവക്ത്രാംബുവികാസിതാശാഃ" എന്നു പാഠഭേദം.

"സന്തോഷംകൊണ്ടു വിടൎന്നിരിക്കുന്ന മുഖങ്ങളുടെ രശ്മികളെക്കൊണ്ടു പ്രകാശിപ്പിക്കപ്പെട്ട ദിക്കുകളോടുകൂടിയവർ" എന്നൎത്ഥം.

ശാന്ത—സുമേധസ്സുമഹൎഷി സുരഥരാജാവിനോടു പറഞ്ഞു:—

"വികാസിവക്ത്രാഃ സുവികാസിതാശാഃ" എന്നു പാഠഭേദം.

ചണ്ഡികയായ കാത്യായനീദേവിയാൽ, ആ യുദ്ധത്തിൽ അസുരശ്രേഷ്ഠനായ ശുംഭൻ ഹതനായപ്പോൾ ഇന്ദ്രനോടുകൂടിയവരും, അഗ്നി പുരസ്സരന്മാരും ആയ ദേവകൾ ശുംഭനാശലക്ഷണമായ ഇഷ്ടത്തിന്റെ സാദ്ധ്യംനിമിത്തം, പ്രകാശമുള്ള മുഖത്തോടുകൂടിയവരും നല്ലവണ്ണം പ്രകാശിപ്പിക്കപ്പെട്ട ദിക്കുകളോടുകൂടിയവരും—പ്രസന്നദിക്കുകളാക്കിചെയ്യപ്പെട്ടവരും—ആയിട്ട്, ആ ശുംഭമൎദ്ദിനിയായി കാത്യായനിയായിരിക്കുന്ന ചണ്ഡികാദേവിയെ സ്തുതിച്ചു.

"വികാശിവക്ത്രാബ്ജവികാസിതാശാഃ"എന്നു പാഠഭേദം. വിശേഷേണ പ്രകാശിക്കുന്ന മുഖങ്ങളാകുന്ന കമലങ്ങളോടുകൂടിയവരും വിശേഷേണ പ്രകാശിപ്പിക്കപ്പെട്ട ദിക്കുകളോടുകൂടിയവരും ആയിട്ട്" എന്നൎത്ഥം

"വികാസിവക്ത്രാബ്ജവികാസിതാശാഃ" എന്നു പാഠഭേദം. 'ഇഷ്ടലാഭംനിമിത്തം വികസിച്ചിരിക്കുന്ന മുഖാബ്ജത്തോടുകൂടിയവരും വിശേഷണ പ്രകാശിപ്പിക്കപ്പെട്ട ദിക്കുകളോടുകൂടിയവരും ആയിട്ട്', എന്നൎത്ഥം

നാഗോ—കാത്യായനി എന്നുള്ളതു് ചണ്ഡികയ്ക്കും കാത്യായനിക്കും അഭേദമാണെന്നു് സൂചിപ്പിക്കുന്നു.

ഭംശോ—വികാസിവക്ത്രാബ്ജവികാസിതാശാഃ = പ്രസന്നങ്ങളായ വക്ത്രാബ്ജങ്ങളെക്കൊണ്ടു് = മുഖചന്ദ്രന്മാരെക്കൊണ്ടു്, ശോഭി

പ്പിക്കപ്പെട്ട ദിക്കുകളോടുകൂടിയവർ. "അബ്ജോൎജ്ജെവാൎത്തുകഃ സോമോ" എന്നു് അഭിധാനം.

വികാശിതാശാഃ = വികാശിതങ്ങളായ = ഫലിതങ്ങളായ മനോരഥങ്ങളോടുകൂടിയവർ.

ജഗ—ദൂചിരുവാച സ്വാഹാ ഫ

ദേവ്യാ ഹതേ......വികാശിതാശാഃ സ്വാഹാ വ

വ. ദേവി! പ്രപന്നാൎത്തിഹരേ പ്രസീദ
പ്രസീദ മാതൎജ്ജഗതോഽഖിലസ്യ
പ്രസീദ വിശ്വേശ്വരി! പാഹി വിശ്വം
ത്വമീശ്വരി ദേവി ചരാചരസ്യ. ൩൫൭

പ്രപന്നാൎത്തിഹരേ ദേവി!	= ശരണംപ്രാപിക്കുന്നവരുടെ ദുഃഖത്തെ നശിപ്പിക്കുന്ന ദേവി!
പ്രസീദ	= നിന്തിരുവടി പ്രസാദിച്ചാലും.
അഖിലസ്യ ജഗതഃ മാതഃ	= അല്ലയോ സൎവ്വലോകജനനി!
പ്രസീദ	= നിന്തിരുവടി പ്രസാദിച്ചാലും.
വിശ്വേശ്വരി!	= അല്ലയോ ജഗദീശ്വരി!
വിശ്വം പാഹി	= പ്രപഞ്ചത്തെ രക്ഷിച്ചാലും.
ദേവി!	= അല്ലയോ ദേവി!
ത്വം	= നിന്തിരുവടി
ചരാചരസ്യ ഈശ്വരീ	= ചരാചരങ്ങൾക്കെല്ലാം സ്വാമിനിയാകുന്നു.

ശരണംപ്രാപിക്കുന്നവരുടെ ആൎത്തികളെ നശിപ്പിക്കുന്ന ദേവി! നിന്തിരുവടി പ്രസാദിച്ചാലും അല്ലയോ സൎവ്വലോകമാതാവേ! നിന്തിരുവടി പ്രസാദിച്ചാലും. ഹേ സൎവ്വേശ്വരി! നിന്തിരുവടി ലോകത്തെ രക്ഷിച്ചാലും. അല്ലയോ ദേവി! ചരാചരങ്ങൾക്കെല്ലാം നിന്തിരുവടി ഈശ്വരിയാകുന്നു.

ഗുപ്ത—ഇതുമുതൽ "നാരായണീസൂക്തം" എന്ന സ്തുതി ആരംഭിക്കുന്നു.

ചതു—പ്രപന്നാൎത്തിഹരേ! = ഭക്തന്മാരുടെ ദുഃഖത്തെ നശിപ്പിക്കുന്നവളേ!

'പ്രസീദ' എന്നു മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നതു് സംഭ്രമം കൊണ്ടാകുന്നു.

ഈശ്വരി = സ്വതന്ത്രാ.

ശാന്ത—അനന്യശരണന്മാരായി ശരണംപ്രാപിക്കുന്ന ഭക്തന്മാരുടെ പീഡയെ നശിപ്പിക്കുന്ന ദേവി! നിന്തിരുവടി പ്രസന്നയായി ഭവി

ച്ചാലും. അഖിലജഗത്തിന്റെയും ജനനിയായ ദേവി! നിന്തിരുവടി പ്രസന്നയായി ഭവിച്ചാലും. വിശ്വവ്യാപിയായിരിക്കുന്ന നിന്തിരുവടി പ്രസന്നയായി ഭവിച്ചാലും. അല്ലയോ ദേവി! നിന്തിരുവടി ലക്ഷ്മീരൂപിണിയായിട്ടു് ജഗത്തിനെ എല്ലാം രക്ഷിച്ചാലും. അല്ലയോ ദേവി! നിന്തിരുവടി ജംഗമാജംഗമാത്മകമായിരിക്കുന്ന ജഗത്തിന്റെ ഈശ്വരിയായി—വിഷ്ണുമായാരൂപേണ വ്യാപകയായി—ഭവിക്കുന്നു.

ഈശ്വരീ = ഈശ്വരന്റെ സ്ത്രീ = സ്വാമിനി = ഈശ്വരപത്നി.

നാഗോ—'പ്രസീദ' എന്ന ത്രിരുക്തി ആദരവുഹേതുവായിട്ടാകുന്നു. ത്വമീശ്വരീ ദേവി ചരാചരസ്യ = നിന്തിരുവടി ഈ ചരാചരങ്ങൾക്കെല്ലാം ഈശ്വരി—സ്വതന്ത്ര—യാകുന്നു. നിന്തിരുവടിയെ ഒഴിച്ചു മററുള്ളതെല്ലാം പരതന്ത്രമാകുന്നു എന്നു താല്പര്യം.

ജഗ—ദേവി പ്രപന്നാർത്തി......ചരാചരസ്യ സ്വാഹാ ൩

൩. ആധാരഭൂതാ ജഗതസ്ത്വമേകാ
മഹീസ്വരൂപേണ യതഃസ്ഥിതാസി
അപാം സ്വരൂപസ്ഥിതയാ ത്വയൈത-
ദാപ്യായ്യതേ കൃത്സ്നമലംഘ്യവീര്യേ! ൪൯

ത്വം യതഃ	= നിന്തിരുവടി യാതൊരുകാരണത്താൽ
മഹീസ്വരൂപേണ	= ഭൂമിയുടെ രൂപത്തോടുകൂടിയവളായിട്ടു്
സ്ഥിതാ അസി	= ഇരിക്കുന്നുവോ (അതുഹേതുവായിട്ടു്)
ജഗതഃ	= ജഗത്തിന്റെ
ആധാരഭൂതാ	= ആധാരമായിഭവിച്ചിരിക്കുന്നവൾ
(ത്വം) ഏകാ	= (നിന്തിരുവടി) ഒരുവളാകുന്നു.
അലംഘ്യവീര്യേ!	= ലംഘിക്കുന്നതിനു് അശക്യമായ ബലത്തോടുകൂടിയവളേ!
അപാം സ്വരൂപസ്ഥിതയാ	= ജലങ്ങളുടെ രൂപത്തോടുകൂടിയവളായ
ത്വയാ	= നിന്തിരുവടിയാൽ
ഏതൽ കൃത്സ്നം	= ഈ ജഗത്തു മുഴുവൻ
ആപ്യായ്യതേ	= വർദ്ധിപ്പിക്കപ്പെടുന്നു.

അല്ലയോ ദേവി! നിന്തിരുവടി ഭൂമിയുടെ രൂപത്തോടുകൂടിയവളായിരിക്കുന്നതുകൊണ്ടു് ജഗത്തിന്റെ ആധാരമായി ഭവിച്ചിരിക്കുന്നവൾ നിന്തിരുവടി ഒരുവൾ ആകുന്നു. ലംഘിക്കപ്പെടുവാൻ കഴിയാത്ത പരാക്രമത്തോടുകൂടിയ ദേവി! നിന്തിരുവടി ജലസ്വരൂപയായിരിക്കുന്നതുകൊണ്ടു് ഈ ജഗത്തിനെ മുഴുവനും വർദ്ധിപ്പിക്കുന്നു.

ശാന്ത—അല്ലയോ ദേവി! നിന്തിരുവടി യാതൊരുകാരണത്താൽ ഭൂമിരൂപേണ സ്ഥിതിചെയ്യുന്നുവോ അതുനിമിത്തം ഈ ജഗത്തിനു്

ആധാരമായിഭവിച്ചിരിക്കുന്നവൾ നിന്തിരുവടി ഒരുത്തിമാത്രമാകുന്നു— ഭൂമിരൂപിണി നിന്തിരുവടിയാകുന്നു. നിന്തിരുവടിയുടെ സ്വരൂപം തന്നെ ഭൂമി—എന്നു താല്പര്യം.

അല്ലയോ, ലംഘിക്കപ്പെട്ടുവാൻ കഴിയാത്ത പരാക്രമത്തോടുകൂടിയ ദേവി! ജലസ്വരൂപിണിയായിരിക്കുന്ന നിന്തിരുവടി ഒരുത്തിയാൽത്തന്നെ ഈ ജഗത്തുമുഴുവനും വൃദ്ധിയെ പ്രാപിപ്പിക്കപ്പെടുന്നു—ജലരൂപിണി നിന്തിരുവടിയാകുന്നു. നിന്തിരുവടിയുടെ സ്വരൂപംതന്നെ ജലം—എന്നുതാല്പര്യം.

നാഗോ—നിന്തിരുവടി ഭൂമിസ്വരൂപേണ സ്ഥിതിചെയ്യുന്നതുകൊണ്ടാകുന്നു ആധാരഭൂതയായിത്തീർന്നിരിക്കുന്നതു്. ജലസ്വരൂപിണിയാകയാൽ ജഗത്തിനെ വദ്ധിപ്പിക്കുന്നു.

ഇതുകൊണ്ടു് ദേവിക്കു് സവ്വാത്മകത്വം വിവക്ഷിച്ചിരിക്കുന്നു.

ദംശോ—'അപാം' എന്നു് ഷഷ്ഠിവിഭക്തി പ്രയോഗിച്ചിരിക്കുന്നതു് അഭേദത്തെ കാണിച്ചാണു് എങ്കിലും; 'രാഹുവിന്റെ ശിരസ്സു്' എന്നതുപോലെ ഉപചാരമായിട്ടാകുന്നു.

അല്ലെങ്കിൽ, അപാം = ജലദേവതകളുടെ, രൂപത്തോടുകൂടിയവൾ എന്നത്ഥം.

ആപ്യായ്യതേ = തൃപ്തിപ്പെടുത്തുന്നു.

അലംഘ്യവീയ്യേ! = അന്യന്മാരാൽ അതിക്രമിക്കപ്പെട്ടുവാൻ കഴിയാത്ത പ്രഭാവത്തോടുകൂടിയവളേ!

ജഗ—ആധാരഭൂതാ......മലംഘ്യവീയ്യേ! സ്വാഹാ ർ

ർ. ത്വം വൈഷ്ണവീശക്തിരനന്തവീയ്യാ
വിശ്വസ്യ ബീജം പരമാസി മായാ
സമ്മോഹിതം ദേവി! സമസ്തമേത-
ത്ത്വം വൈ പ്രസന്നാ ഭുവി മുക്തിഹേതുഃ. ഒവ്വം

(ദേവി) ത്വം	= (അല്ലയോദേവി!) നിന്തിരുവടി
അനന്തവീയ്യാ	= അവസാനമില്ലാത്ത വീയ്യത്തോടുകൂടിയതും
വൈഷ്ണവീശക്തിഃ	= വിഷ്ണുവിനേ സംബന്ധിച്ചതും ആയ ശക്തിയാകുന്നു.
(ത്വം)	= (നിന്തിരുവടി)
വിശ്വസ്യ ബീജം	= പ്രപഞ്ചത്തിന്റെ ആദികാരണമായ
സാ പരമാ	= ആ ഉൽകൃഷ്ടയായ
മായാ അസി	= അവിദ്യാശക്തിയായി ഭവിക്കുന്നു.

ദേവി!	= അല്ലയോ ദേവി! നിന്തിരുവടിയാൽ
ഏതൽ സമസ്തം	= ഈ കാണുന്ന സമസ്തമായ ജഗത്തും
സമ്മോഹിതം	= നല്ലവണ്ണം മോഹിപ്പിക്കപ്പെടുന്നു.
ത്വം പ്രസന്നാ	= നിന്തിരുവടി പ്രസന്നയായാൽ
ഭുവി മുക്തിഹേതുഃ	= ഭൂമിയിൽ മോക്ഷകാരണയാകുന്നു.
വൈ	= പ്രസിദ്ധം.

അല്ലയോ ദേവി! നിന്തിരുവടി അവസാനമില്ലാത്ത ബലത്തോടുകൂടിയ വിഷ്ണുശക്തിയാകുന്നു. നിന്തിരുവടി പ്രപഞ്ചത്തിന്റെ ആദികാരണയായി ഉൽകൃഷ്ടയായി ഇരിക്കുന്ന അവിദ്യാശക്തിയായി ഭവിക്കുന്നു. അല്ലയോ ദേവി! ആ അവിദ്യാശക്തിസ്വരൂപിണിയായ നിന്തിരുവടിയാൽത്തന്നെ ഈ സമസ്തമായ ജഗത്തും നല്ലവണ്ണം മോഹിപ്പിക്കപ്പെടുന്നു. നിന്തിരുവടി പ്രസന്നയായാൽ ഭൂലോകത്തിൽത്തന്നെ മോക്ഷകാരണയാകുന്നു എന്നുള്ളതു് പ്രസിദ്ധമാകുന്നു.

ശാന്ത—അല്ലയോ ദേവി! അവസാനമില്ലാത്ത ബലത്തോടുകൂടിയ നന്തിരുവടി വിഷ്ണുവിനെ സംബന്ധിച്ച ശക്തിയായി ഭവിക്കുന്നു. യാതൊരു ശക്തിനിമിത്തം വിഷ്ണുഭഗവാൻ അശേഷലോകങ്ങളേയും പാലിക്കുന്നുവോ ആ വിഷ്ണുസാമർത്ഥ്യലക്ഷണം നിന്തിരുവടിതന്നെ —എന്നർത്ഥം.

അല്ലയോ ദേവി! നിന്തിരുവടി ഈ കാണുന്ന ജഗത്തിനെല്ലാം ആദികാരണയായി, ലോകത്തിലും വേദങ്ങളിലും പ്രസിദ്ധയായി ഇരിക്കുന്ന—ആ സർവ്വവ്യാപിനിയായ—മായാശക്തിയാകുന്നു. ഈ പ്രപഞ്ചത്തിനു കാരണരൂപിണിയായി, ഉൽകൃഷ്ടയായി ഇരിക്കുന്ന ആ അവിദ്യാശക്തി നിന്തിരുവടിതന്നെ ആയി ഭവിക്കുന്നു—നിന്തിരുവടിയിൽനിന്നു് അന്യയല്ല—എന്നു താല്പര്യം.

അല്ലയോ ദേവി! അവിദ്യാരൂപിണിയായ (മായയായ) നിന്തിരുവടിയാൽ ഈ ജഗത്തുമുഴുവൻ മോഹത്തോടുകൂടിയതാക്കിച്ചെയ്യപ്പെട്ടിട്ടു് മമതാരൂപമായ മോഹക്കണ്ടിൽ പതിപ്പിക്കപ്പെടുന്നു—സംസാരപാശബദ്ധമാക്കിച്ചെയ്യപ്പെടുന്നു—എന്നു താല്പര്യം.

പ്രസിദ്ധയായി, ജ്ഞാനവൈരാഗ്യരൂപിണിയായി, ഉപനിഷത്തുകളിൽ പ്രതിപാദിക്കുന്ന പരമാത്മാവിന്റെ തത്ത്വത്തെ അറിയിപ്പിക്കുന്ന സ്വഭാവത്തോടുകൂടിയവളായി ഇരിക്കുന്ന നിന്തിരുവടി പ്രസന്നയായാൽ, പിന്നെയും പിന്നെയും ജനനമരണങ്ങളോടുകൂടിയ ഈ ഭൂലോകത്തിൽത്തന്നെ ജനനമരണങ്ങളോടുകൂടാത്ത അമൃതത്വരൂപമായ മുക്തിക്കു കാരണമായി ഭവിക്കുന്നു.

സന്ന്യാസികൾ വേദാന്തവിജ്ഞാനംനിമിത്തം ബ്രഹ്മലോകത്തെ പ്രാപിച്ച് വളരെക്കാലം കഴിഞ്ഞു് ആ ബ്രഹ്മാവിനോടുകൂടി മുക്തിയെ പ്രാപിക്കുന്നു. ദേവീഭക്തന്മാർ ആകട്ടെ തൽകടാക്ഷംനിമിത്തം ഇഹലോകത്തിൽത്തന്നെ വിദേഹമുക്തന്മാരായിത്തീരുന്നു.

നാഗേ:—ഈ ശ്ലോകത്തിലെ ആദ്യപാദംകൊണ്ടു്, ദേവി, പാലനശക്തിമതിയാണെന്നും, രണ്ടാംപാദംകൊണ്ടു് കാരണശക്തിമതിയാണെന്നും പറയുന്നു.

"ദേവി, അവിദ്യാശക്തിയായിട്ടു് ജഗത്തിനെ എല്ലാം മോഹിപ്പിച്ചു് സംസാരക്കണ്ടിൽ പതിപ്പിക്കുന്നു എന്നും, പ്രസന്നയായാൽ വിദ്യാശക്തിയായിട്ടു് മോക്ഷത്തെ കൊടുക്കുന്നു" എന്നും വിവരിച്ചിരിക്കുന്നു.

ജഗ—ത്വം വൈഷ്ണവീ......മുക്തിഹേതുഃ സ്വാഹാ ൫

൬. വിദ്യാഃ സമസ്താസ്തവ ദേവി! ഭേദാഃ
സ്ത്രിയഃ സമസ്താഃ സകലാ ജഗൽസു
ത്വയൈകയാ പൂരിതമംബയൈതൽ
കാ തേ സ്തുതിഃ സ്തവ്യപരാ/പരോക്തിഃ. ൬വൃ

ദേവി!	= അല്ലയോ ദേവി!
സമസ്താഃ വിദ്യാഃ	= എല്ലാ വിദ്യകളും
ജഗൽസു സകലാഃ	= ലോകങ്ങളിലുള്ള അറുപത്തിനാലു കലകളോടുകൂടിയ
സമസ്താഃ സ്ത്രിയഃ	= എല്ലാ സ്ത്രീകളും
തവ ഭേദാഃ	= നിന്തിരുവടിയുടെ അംശങ്ങൾ ആകുന്നു.
ഏതൽ	= ഈ ജഗത്തു്
ത്വയാ ഏകയാ അംബയാ	= നിന്തിരുവടിയാകുന്ന ഒരു മാതാവിനാൽ
പൂരിതം	= വ്യാപിക്കപ്പെട്ടിരിക്കുന്നു.
(അതഃ)	= (അതുഹേതുവായിട്ടു്)
സ്തവ്യപരാ/പരോക്തിഃ	= സ്തുത്യർഹമായ വസ്തുവിന്റെ മുഖ്യമായും ഗൌണമായും ഉള്ള വചനം
തേ കാ സ്തുതിഃ	= നിന്തിരുവടിക്കു് എന്തൊരു സ്തുതിയാണു്?

അല്ലയോ ദേവി! എല്ലാവിദ്യകളും ലോകത്തിലുള്ള അറുപത്തിനാലുകലകളോടുകൂടിയ സകലസ്ത്രീകളും നിന്തിരുവടിയുടെ അംശങ്ങളാകുന്നു. ഈ ചരാചരപ്രപഞ്ചം നിന്തിരുവടിയാകുന്ന ഒരു മാതാവിനാൽ നിറയപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് സ്തുത്യർഹമായ വസ്തുവിനെ സംബന്ധിച്ച പരാവാക്കും അപരാവാക്കും നിന്തിരുവടിക്കു എന്തൊരു സ്തുതിയാണു്? ഒരു സ്തുതിയുമല്ലാ.

ഗ്രന്ഥ—'സകലാഃ' എന്നതുകൊണ്ടു് അറുപത്തിനാലുകലകളോടുകൂടിയ വിദ്യകൾ എന്നും, പതിനാറു കാമകലകളോടുകൂടിയ സ്ത്രീകൾ എന്നും ഗ്രഹിക്കണം

ഈ കാണുന്ന ജഗത്തും, സ്തുതിയെ സംബന്ധിച്ച പരയായും അപരയായുംഉള്ള വാക്കുകളും നിന്തിരുവടിതന്നെയാകകൊണ്ടു് നിന്തിരുവടിയിൽനിന്നു് അന്യയായ സ്തുതി എന്താണു് ?

ചതു—വിദ്യാഃ=പതിനെട്ടുവിദ്യകൾ.

"അംഗാനി വേദാശ്ചത്വാരോ മീമാംസാ ന്യായവിസ്തരഃ
ധമ്മശാസ്ത്രം പുരാണാനി വിദ്യാ ഹ്യേതാശ്ചതുർദ്ദശ
ആയുവ്വേദോ ധനുവ്വേദോ ഗാന്ധവ്വശ്ചേതി തേ ത്രയഃ
അത്ഥശാസ്ത്രം ചതുത്ഥം ച വിദ്യാ ഹ്യഷ്ടാദശൈവ താഃ" (എന്നു്)

ശിക്ഷാ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ് ഇങ്ങനെ അംഗങ്ങൾ ആറു്. ഋക്കു്, യജുസ്സ്, സാമം, അഥവ്വണം, ഇങ്ങനെ വേദങ്ങൾ നാലു്. മീമാംസ ഒന്നു്. ന്യായവിസ്തരം ഒന്നു്. ധമ്മശാസ്ത്രം ഒന്നു്. പുരാണങ്ങൾ ഒന്നു്. ഇങ്ങനെ പതിന്നാലു്. ആയുവ്വേദം, ധനുവ്വേദം, ഗാന്ധവ്വം, അത്ഥശാസ്ത്രം ഇങ്ങനെ നാലു്. ആകെ പതിനെട്ടു വിദ്യകൾ.

ഈ പതിനെട്ടുവിദ്യകളും നിന്തിരുവടിയുടെ ഭിന്നശക്തികളാകുന്നു.

ഈ കാണുന്ന ജഗത്തു് നിന്തിരുവടിയാൽ അഭിവ്യാപ്തമാകുന്നു. ഈ സ്ഥിതിക്കു് നിന്തിരുവടിക്കു് എന്തൊരു സ്തുതിയാണു്? ഒന്നുമില്ലാ എന്നത്ഥം. എന്തുകൊണ്ടെന്നാൽ:—സ്തുതിക്കപ്പെടേണ്ടതായ വസ്തുവിന്റെ മുഖ്യമായും ഗൗണമായും ഉള്ള കീത്തനമാകുന്നു സ്തുതി എന്നു പറയപ്പെടുന്നതു്. സവ്വവ്യാപിനിയായ നിന്തിരുവടിക്കു് ഗൗണം എന്നുള്ളതു് ഇല്ലതന്നെ. മുഖ്യഗുണകീത്തനമായ സ്തുതിയില്ലേ എന്നാണെങ്കിൽ അതു് നിന്തിരുവടിയെക്കുറിച്ചു പറയുന്ന വാക്കാകുന്നു എന്നല്ലാതെ സ്തുതിവാക്കല്ല.

അല്ലെങ്കിൽ സ്തുത്യമായ വസ്തുവിനെ സംബന്ധിച്ച അന്യന്റെ ഉൽകൃഷ്ടവചനത്തെ സ്തുതി എന്നു പറയുന്നു. സവ്വവ്യാപിനിയായിരിക്കുന്നഭഗവതി ഞങ്ങളിൽനിന്നും അഭിന്നയാകകൊണ്ടു് അതും ഇവിടെ യോജിക്കുന്നതല്ല. അല്ലെങ്കിൽ, സ്തവ്യമായ വസ്തുവിനെക്കുറിച്ചുള്ള പരയായും അപരയായും ഉള്ള വാക്കുകൾ നിന്തിരുവടിതന്നെ ആകകൊണ്ടു് സ്തുതിയും നിന്തിരുവടിതന്നെയാകുന്നു.

"സൂക്ഷ്മാ കുണ്ഡലിനീമദ്ധ്യേ ജ്യോതിമ്മാത്രാഹ്യണീയസീ
അശ്രോത്രവിഷയാ തസ്മാദുൽഗതാ ചോർദ്ധ്വഗാമിനീ

സ്വയം പ്രകാശാ പശ്യന്തി സുഷുമ്നാമാശ്രിതാ ഭവേൽ
സൈവ ഹൃൽപങ്കജം പ്രാപ്യ മധ്യമാ നാദരൂപിണീ

അന്തഃ സങ്കല്പമാത്രാ സ്യാദവിഭക്തോർദ്ധ്വഗാമിനീ
സൈവോരഃകണ്ഠതാലുസ്ഥാ ശിരോഘ്രാണദ്വിജോപഗാ

ജിഹ്വാമൂലോഷ്ഠനിശ്ച്യുതവർണ്ണവ്യൂഹപരിഗ്രഹാ
ശബ്ദപ്രപഞ്ചജനനീ ശ്രോത്രഗ്രാഹ്യാ തു വൈഖരീ" (എന്നു്)

മൂലാധാരത്തിലുള്ള കുണ്ഡലിനീശക്തിയിൽ തേജോരൂപിണിയായി ഏററവും അതിസൂക്ഷ്മമായി ഉണ്ടാകുന്ന ശബ്ദത്തിനെ പരാവാക്കു് എന്നും, അവിടെനിന്നും മേല്പോട്ടുപോയി നാഭിയിൽ ചെല്ലുമ്പോൾ ഉണ്ടാകുന്ന അതിസൂക്ഷ്മമായ ശബ്ദത്തെ പശ്യന്തിവാക്കു് എന്നും, അവിടെനിന്നും ഹൃദയത്തിൽ ചെല്ലുമ്പോൾ ഉണ്ടാകുന്ന നാദത്തോടുകൂടിയുള്ള സൂക്ഷ്മശബ്ദത്തെ മധ്യമാവാക്കു് എന്നും, ആ ശബ്ദംതന്നെ പിന്നീട്ടു് ഉരസ്സ്, കണ്ഠം, താലു, മൂർദ്ധാവു്, നാസിക, ജിഹ്വ, ദന്തങ്ങൾ, ഓഷ്ഠം ഈ എട്ടുസ്ഥാനങ്ങളിൽ തട്ടീട്ടു പുറപ്പെടുന്നതും അന്യന്നു് ശ്രോത്രങ്ങൾകൊണ്ടു് ഗ്രഹിക്കത്തക്കതും ആയ അക്ഷരരൂപമായ ശബ്ദത്തെ വൈഖരീവാക്കു് എന്നും പറയുന്നു.

ഈ പരാവാക്കു് മുതലായവയുടെ ഭേദങ്ങൾ തന്ത്രാന്തരങ്ങളിൽ പ്രസിദ്ധമാണു്.

ഈ നാലുവിധവാക്കുകൾ വേദത്തിലും പറയുന്നുണ്ടു്.

"ചത്വാരി വാക് പരിമിതാ പദാനി താനി വിദുർബ്രാഹ്മണാ യേ മനീഷിണഃ ഗുഹാത്രീണി നിഹിതാനേങ്ഗയന്തി തുരീയം വാചോ മനുഷ്യാ വദന്തി" എന്നു്.

വാക്കുകൾ നാലുവിധമുണ്ടു്. അവയെ വിദ്വാന്മാരായ ബ്രഹ്മജ്ഞാനികൾ അറിയുന്നു. മൂന്നുവിധവാക്കുകളും മറഞ്ഞിരിക്കുന്നതുകൊണ്ടു് പ്രകാശിക്കുന്നില്ല. നാലാമത്തേതായ വൈഖരീവാക്കിനെ മനുഷ്യർ സംസാരിക്കുന്നു.

സകലാഃ = ആലിംഗനാദി അറുപത്തിനാലു കലകളോടുകൂടിയവർ.

ശാന്ത—അല്ലയോ ദേവി! വേദാദിസമസ്തവിദ്യകളും നിന്തിരുവടിയുടെഭേദങ്ങൾ (അവിടുത്തെ അംശങ്ങൾ) ആകകൊണ്ടു് നിന്തിരുവടിക്കും വിദ്യകൾക്കും പരസ്പരം ഭേദഭാവം ഇല്ലാത്തതിനാൽ നിന്തിരുവടിക്കു് എന്താണു സ്തുതിയായിത്തീരുന്നതു്? ഒന്നുമില്ല. സ്തുതിക്കപ്പെടുന്നതിനു് അർഹമായ വസ്തുവും പരയായും അപരയായുമുള്ള വാക്കുകളും നിന്തിരുവടിതന്നെ ആകുന്നു. അതുകൊണ്ടു് നിന്തിരുവടി വിദ്യാരൂപയാകുന്നു, സരസ്വതീരൂപയാകുന്നു, എന്നുള്ളസ്തുതി, സ്തുതിസ്തുത്യങ്ങൾക്കു്

ഭേദമില്ലാത്തതുകൊണ്ടു് ഇവിടെ യോജിക്കുന്നില്ല—ഏകത്വത്തിൽ സ്തുതി എന്താണു്? എന്നു താല്പര്യം. എന്നാൽ നിന്തിരുവടി ബ്രാഹ്മിയാകുന്നു, നിന്തിരുവടി ലക്ഷ്മിയാകുന്നു, നിന്തിരുവടി ശർവ്വാണിയാകുന്നു, നിന്തിരുവടി ഇന്ദ്രാണിയാകുന്നു, ഇങ്ങനെയുള്ള സ്തുതിയും ഈ ബ്രാഹ്മ്യാദികളും നിന്തിരുവടിയും ഏകമാകകൊണ്ടു് യോജിക്കുന്നില്ല.

അറുപത്തിനാലുകലകളോടും പാതിവ്രത്യാദിധർമ്മങ്ങളോടും സൃഷ്ടിസ്ഥിതിസംഹാരാദികൾക്കുള്ള സാമർത്ഥ്യത്തോടുംകൂടിയ ബ്രാഹ്മ്യാദികളായ സ്ത്രീകളും നിന്തിരുവടിയുടെ അംശങ്ങൾതന്നെ ആകുന്നു.

ഈ ജഗത്തും നിന്തിരുവടിയായ ഒരു മാതാവിനാൽത്തന്നെ നിറയപ്പെട്ടിരിക്കുന്നതുകൊണ്ടു് നിന്തിരുവടിതന്നെ ജഗത്തു്, ജഗത്തുതന്നെ നിന്തിരുവടി. അപ്പോൾ നിന്തിരുവടിക്കു് ഏതു സ്തുതിയാണു് യോജിക്കുന്നതു ?

ആ ദേവിതന്നെ വിദ്യ. ആ ദേവിതന്നെ ബ്രാഹ്മ്യാദികൾ. ആ ദേവിതന്നെ പരയായും അപരയായും ഉള്ള വാക്കുകൾ. ആ ദേവ്യാത്മകംതന്നെ ജഗത്തു്. അതുനിമിത്തം സ്തുത്യത്തിനും സ്തുതിക്കും സ്തോതാവിനും അഭേദമാകകൊണ്ടു് ഈ സ്തുതി യോജിക്കുന്നില്ല.

അന്യദീയഗുണങ്ങളുടെ അന്യത്രാരോപണവർണ്ണനമാകുന്നു സ്തുതി. എന്നാൽ ഇവിടെ പരദേവതയും, വിദ്യയും ബ്രാഹ്മ്യാദിസ്ത്രീകളും ജഗത്തും എല്ലാം ഒന്നായതുകൊണ്ടു് സ്തുതിസ്തുത്യത്തിന്റെ അഭേദംഹേതുവായിട്ടു് സ്തവ്യപരാപരോക്തിയായ യാതൊരു സ്തുതിയും യോജിക്കുന്നില്ല എന്നു താല്പര്യം.

അല്ലെങ്കിൽ സ്തുതിക്കപ്പെടേണ്ടതായി ന്യൂനമായി ഇരിക്കുന്ന വസ്തുവിനെ സംബന്ധിച്ച ശ്രേഷ്ഠയായുള്ള ഉക്തിയാകുന്നു സ്തുതി എന്നു പറയപ്പെടുന്നതു്. ദേവി ന്യൂനയായി ഭവിക്കുന്നില്ല. സ്വഭാവമായി അവിടത്തേക്കു് ശ്രേഷ്ഠോക്തിയാണുള്ളതു്. ന്യൂനത്തെ അധികരിച്ചു പറയുന്നതിനു് സൌകര്യമില്ലാത്തതുകൊണ്ടു് ആ ശ്രേഷ്ഠോക്തിയും എങ്ങനെ സ്തുതിയായിത്തീരും? തീരുകയില്ല.

നാഗോ—സകലകളായ സ്ത്രീകൾ = അറുപത്തിനാലു കലകളോടും പാതിവ്രത്യത്തോടും സൌന്ദര്യത്തോടും യൌവനാദികളോടും കൂടിയ സ്ത്രീകൾ.

പൂരിതം = ഉള്ളിലും വെളിയിലും വ്യാപിക്കപ്പെട്ടതു്.

ശംശോ—സകലകൾ = അറുപത്തിനാലുകലകളോടുകൂടിയവർ. ഈ അറുപത്തിനാലു കലകളെപ്പററി ശൈവതന്ത്രത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

൧. ഗീതം
൨. വാദ്യം
൩. നൃത്യം
൪. നാട്യം
൫. ആലേഖ്യം
൬. തിലകം
൭. തണ്ഡുലകുസുമബലിവികാരാ
൮. പുഷ്പാസ്തരണം
൯. ദശനവസനാംഗാനാംരാഗഃ
൧൦. മണിഭൂമികർമ്മ
൧൧. ശയനരചനം
൧൨. ഉദകവാദ്യം
൧൩. ചിത്രയോഗഃ
൧൪. ചിത്രമാല്യഗ്രഥനവികല്പഃ
൧൫. ശേഖരാപീഡയോജനം
൧൬. നേപഥ്യയോഗഃ
൧൭. കർണ്ണപത്രഭംഗി
൧൮. സുഗന്ധയുക്തി
൧൯. ഭൂഷണയോജനം
൨൦. ഐന്ദ്രജാലം
൨൧. ക്രൌഞ്ചമാരയോഗഃ
൨൨. ഹസ്തലാഘവം
൨൩. ചിത്രശാഖാപൂപഭക്ഷ്യവികാരക്രിയാ
൨൪. പാനകരസരാഗാസവയോജനം
൨൫. സൂചീവാനകർമ്മ
൨൬. സൂത്രക്രീഡാ
൨൭. ഡമരുകവീണാവാദ്യാനി
൨൮. പ്രഹേളികാ
൨൯. പ്രതിമാല
൩൦. ദുർവ്വാചകയോഗഃ
൩൧. പുസ്തകവാചനം
൩൨. നാടകാഖ്യായികാദർശനം
൩൩. കാവ്യസമസ്യാപൂരണം
൩൪. പട്ടികാവേത്രബാണവികല്പാഃ
൩൫. തക്കകർമ്മാണി
൩൬. തക്ഷണം
൩൭. വാസ്തുവിദ്യാ
൩൮. രൂപരത്നപരീക്ഷാ
൩൯. ധാതുവാദഃ
൪൦. മണിരാഗജ്ഞാനം
൪൧. ആകരജ്ഞാനം
൪൨. വൃക്ഷായുർവേദയോഗാഃ
൪൩. മേഷകുക്കുടലാവകയുദ്ധവിധിഃ
൪൪. ശുകസാരികാപ്രലാപനം
൪൫. ഉത്സാദനം
൪൬. കേശമാർജ്ജനം
൪൭. അക്ഷരമുഷ്ടികാകഥനം
൪൮. ശ്ലോകതക്കവികല്പഃ
൪൯. ദേശഭാഷാജ്ഞാനം
൫൦. പുഷ്പശകടികാ
൫൧. നിമിത്തജ്ഞാനം
൫൨. യന്ത്രമാതൃകാ
൫൩. ധാരണമാതൃകാ
൫൪. സംവാച്യം
൫൫. മാനസീകാവ്യക്രിയാ
൫൬. അഭിധാനകോശഃ
൫൭. ഛന്ദോജ്ഞാനം
൫൮. ക്രിയാവികല്പഃ
൫൯. ഛലിതകയോഗഃ
൬൦. വസ്ത്രഗോപനാനി
൬൧. ദ്യൂതവിശേഷഃ
൬൨. ആകർഷണക്രീഡാ
൬൩. ബാലക്രീഡനകാനി
൬൪. വൈനായികീനാം വൈയാസികീനാം ച വിദ്യാനാം ജ്ഞാനം.

അസൽഗുണാരോപണമാണല്ലോ സ്തുതി. സർവാത്മികയായ നിന്തിരുവടിയിൽ അതു് അയുക്തമാകുന്നു.

ജഗ—വിദ്യാഃ സമസ്താ......പരോക്തിഃ സ്വാഹാ ൫

൬. സർവ്വഭൂതാ യദാ ദേവീ സ്വർഗ്ഗമുക്തിപ്രദായിനി
ത്വം സ്തുതാ സ്തുതയേ കാ വാ ഭവന്തു പരമോക്തയഃ. ൭

ത്വം സർവ്വഭൂതാ	= നിന്തിരുവടി വിശ്വരൂപയാകുന്നു.
ദേവീ	= ദേവിയാകുന്നു.
സ്വർഗ്ഗമുക്തിപ്രദായിനീ	= സ്വർഗ്ഗസുഖവും മോക്ഷവും കൊടുക്കുന്നവളാകുന്നു
യദാ ത്വം സ്തുതാ	= ഇപ്രകാരം എപ്പോൾ നിന്തിരുവടി സ്തുതിക്കപ്പെട്ടുവോ
തദാ വാ	= അപ്പോൾ ആകട്ടെ
സ്തുതയേ	= നിന്തിരുവടിയുടെ സ്തുതിക്കായിക്കൊണ്ടു്
കാഃ പരമോക്തയഃ ഭവന്തു	= ഏതൊരുശ്രേഷ്ഠോക്തികളാണു് ഉള്ളതു്?

നിന്തിരുവടിയെ സർവസ്വരൂപിണിയാണെന്നും ദേവിയാണെന്നും സ്വർഗ്ഗമോക്ഷങ്ങളെ തരുന്നവളാണെന്നും സ്തുതിച്ചാൽ നിന്തിരുവടിയുടെസ്തുതിക്കു് ഇതിലധികമായ ശ്രേഷ്ഠവാക്കുകൾ മറ്റെന്താണു് ഉള്ളതു്?

ചതു—സർവ്വഭൂതാ = സർവ്വഭൂതങ്ങളേയും പ്രാപിച്ചിരിക്കുന്നവൾ.

സ്വർഗ്ഗമുക്തിപ്രദായിനീ = ദേവലോകത്തുള്ളവരാൽ അനുഭവിക്കപ്പെടുന്ന സുഖത്തേയും മോക്ഷത്തേയും കൊടുക്കുന്നവൾ.

സർവ്വഭൂതായദാ = (സർവ്വഭൂതാ, അയദാ എന്നു പദച്ഛേദം) സർവ്വഭൂതങ്ങൾക്കും = സർവ്വപ്രാണികൾക്കും, അയത്തെ = ഭാഗ്യത്തെ ദാനം ചെയ്യുന്നവൾ.

ശാന്ത—ദേവിയുടെസ്തുതി യോജിക്കുന്നില്ല എന്നു പിന്നെയും പറയുന്നു.

"ഭുക്തിമുക്തിപ്രദായിനി" എന്നു പാഠഭേദം.

ശ്രേഷ്ഠോക്തിയാകുന്നു സ്തുതി. അതുകൊണ്ടു്, അല്ലയോ ദേവി ഭുക്തിമുക്തിപ്രദായിനിയായ നിന്തിരുവടി സർവ്വഭൂതയാകുന്നു, സർവാത്മികയാകുന്നു, വിശ്വരൂപയാകുന്നു എന്നിങ്ങനെ എപ്പോൾ സ്തുതിക്കപ്പെട്ടുവോ അപ്പോൾ നിന്തിരുവടിയുടെ സ്തുതിക്കായിക്കൊണ്ടു വേറേ എന്തു ശ്രേഷ്ഠോക്തികളാണു് ഭവിക്കുന്നതു്? ഒന്നും ഭവിക്കുന്നില്ല.

സർവ്വം ദേവീരൂപമായതുകൊണ്ടു് ദേവി സർവ്വഭൂതയാകുന്നു എന്നു സ്തുതിച്ചാൽ, ആ സർവ്വത്തിനും ദേവിക്കും ഐക്യമുള്ളതുകൊണ്ടും ഭേദമില്ലാത്തതിനാലും ഏതുവസ്തുവാണു് സ്തുതിക്കപ്പെടുവാൻ യോഗ്യമായിട്ടുള്ളതു്? എന്തൊരു വാക്കാണു് സ്തുതിയായിട്ടുള്ളതു്? ഏതൊരു ശ്രേഷ്ഠോക്തികളെക്കൊണ്ടാണു് സ്തുതിക്കപ്പെടുന്നതു്?

നാഗോ—സർവ്വഭൂതാ = വിശ്വാത്മികാ.

ദേവി=പ്രകാശിച്ചുകൊണ്ടിരിക്കുന്നവൾ.

നിന്തിരുവടി വിശ്വാത്മികയാണു്, പ്രകാശിച്ചുകൊണ്ടിരിക്കുന്നവളാണു്, സ്വർഗ്ഗമുക്തിപ്രദായിനിയാണു് എന്നു് എപ്പോൾ സ്തുതിക്കപ്പെട്ടുവോ അപ്പോൾ സ്തുതിക്കായിട്ടു് ഇവയേക്കാൾ അധികകളായ ഉക്തികൾ എന്താണുള്ളതു്? യാതൊന്നുമില്ല.

ദംശോ—നിന്തിരുവടി സ്വർഗ്ഗമോക്ഷപ്രദയാണെന്നു ഞങ്ങൾ അറിയുന്നുഎങ്കിൽ അപ്പോൾത്തന്നെ സ്തുതിക്കപ്പെട്ടു. അല്ലാതെ സർവ്വാത്മികയായ നിന്തിരുവടിയെ സ്തുതിക്കുന്നതു അശക്യമാകുന്നു അല്ലെങ്കിൽ—നിന്തിരുവടി സർവ്വഭൂതങ്ങൾക്കും ശുഭഭാഗ്യങ്ങളെക്കൊടുക്കുന്നവൾ ആയതുകൊണ്ടു് നിന്തിരുവടിയുടെ സ്തുതിക്കു സമർത്ഥങ്ങളായി ഏതുവാക്കുകളാണുള്ളതു്?

ജഗ—സർവ്വഭൂതാ...... പരമോക്തയഃ സ്വാഹാ ൭

൭. സർവ്വസ്യ ബുദ്ധിരൂപേണ ജനസ്യ ഹൃദി സംസ്ഥിതേ!
സ്വർഗ്ഗാപവർഗ്ഗദേ! ദേവി! നാരായണി! നമോസ്തു തേ. ഉവ്വ്വ

ദേവി!	= അല്ലയോ ദേവി!
സർവ്വസ്യ ജനസ്യ ഹൃദി	= എല്ലാ ജനത്തിൻേറയും ഹൃദയത്തിൽ
ബുദ്ധിരൂപേണ	= ബുദ്ധിയായിട്ടു്
സംസ്ഥിതേ!	= വഴിപോലെ സ്ഥിതിചെയ്യുന്നവളേ!
സ്വർഗ്ഗാപവർഗ്ഗദേ!	= സ്വർഗ്ഗസുഖം മോക്ഷസുഖം ഇവയെ തരുന്നവളേ!
നാരായണി!	= അല്ലയോ നാരായണി!
തേ നമഃ അസ്തു	= നിന്തിരുവടിക്കു് നമസ്സു് ഭവിക്കട്ടെ.

അല്ലയോ ദേവി! സകലജനങ്ങളുടെയും ഹൃദയത്തിങ്കൽ ബുദ്ധിരൂപേണ സ്ഥിതിചെയ്യുന്നവളേ! അല്ലയോ സ്വർഗ്ഗാപവർഗ്ഗങ്ങളെ തരുന്ന ദേവി! അല്ലയോ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു് നമസ്കാരം ഭവിക്കട്ടെ.

ദ്രഷ്ട—ഈ ശ്ലോകംമുതൽ പതിനാറു ശ്ലോകങ്ങളാണു് നാരായണീസ്തുതി. ചിലർ പതിനെട്ടും ചിലർ പത്തൊൻപതും ശ്ലോകങ്ങൾ

നാരായണിസ്തുതിയായി പാഠംചെയ്തുവരുന്നു. അവ തന്ത്രാന്തരങ്ങളിൽ സ്വീകാര്യമാണെങ്കിലും ഇവിടെ സ്വീകരിച്ചിട്ടില്ല.

ചതു—അപ്രകാരമെല്ലാമാണെങ്കിലും നിന്തിരുവടിയുടെ സമീപംവന്നു് ഞങ്ങൾ നിന്തിരുവടിയെ സ്തുതിക്കുന്നു എന്നു പറയുന്നു.

നാരായണി = പരമാത്മാവിന്റെ ശക്തി.

ശാന്ത—അല്ലയോ ദേവി! സർവ്വജന്തുക്കളുടെയും ഹൃദയത്തിൽ ബുദ്ധിരൂപേണ സ്ഥിതിചെയ്യുന്നവളേ!—അല്ലയോ സർവ്വജനഹൃദയസ്ഥിതേ!—ബുദ്ധിരൂപേ! സ്വർഗ്ഗമോക്ഷങ്ങളെ ദാനംചെയ്യുന്നവളേ! അല്ലയോ നാരായണി! നിന്തിരുവടിക്കു് നമസ്കാരം ഭവിക്കട്ടെ. നാരായണി = വിഷ്ണുമായ, അല്ലെങ്കിൽ ലക്ഷ്മി.

ഈ അദ്ധ്യായത്തിന്റെ ആദ്യശ്ലോകത്തിൽ ദേവന്മാർ കാത്യായനിയെ സ്തുതിച്ചു, എന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഇവിടെ നാരായണിയെ നമസ്കരിക്കുന്നതു, സകലസ്ത്രീകളും കാത്യായന്യംശങ്ങൾതന്നെയാണെന്നു് മുൻപിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ കാര്യങ്ങൾക്കുമാത്രം ഭിന്നത്വമുണ്ടെന്നല്ലാതെ കാത്യായനിക്കും നാരായണിക്കും അഭേദമാകകൊണ്ടാണു് എന്നു് അറിഞ്ഞുകൊള്ളണം.

നാഗോ—നിന്തിരുവടി നിശ്ചയാത്മകജ്ഞാനദ്വാരാ സ്വർഗ്ഗമോക്ഷങ്ങളെ കൊടുക്കുന്ന ശുദ്ധസത്വപ്രധാനയായ വിഷ്ണുശക്തിയാകുന്നു.

നാരായണീ = ജീവസമൂഹത്തിനു് സ്ഥാനഭൂതാ.

ഭംശാ—മേല്പറഞ്ഞതുപോലെ നിന്തിരുവടിയെ സ്തുതിക്കുന്നതു് അസാദ്ധ്യമാണെങ്കിലും കേവലം അവിടുത്തെ നാമങ്ങളെക്കൊണ്ടു് നമസ്കാരത്തെത്തന്നെ ചെയ്യുന്നു എന്നു പറയുന്നു.

ബുദ്ധിരൂപേണ = അദ്ധ്യവസായകാര്യമായ അന്തഃകരണരൂപത്തോടുകൂടി.

നാരായണി=നാരായണന്റെ ശക്തി.

നാരായണൻ=നാരങ്ങൾ=അപ്പുകൾ. അയനമായി=സ്ഥാനമായി ഉള്ളവൻ—ജലശായി. അല്ലെങ്കിൽ, നാരം=നരസമൂഹം അയനമായുള്ളവൻ—സർവ്വാന്തര്യാമി, അല്ലെങ്കിൽ, നാരത്തിന്റെ=ജീവസമൂഹത്തിന്റെ അയനം=പ്രവൃത്തി, ആരിൽ നിന്നുണ്ടാകുന്നുവോ അവൻ. അല്ലെങ്കിൽ, നാരം=ദോഷങ്ങൾ ഇല്ലാത്തതു്—വൈകുണ്ഠം=അയനമായി = സ്ഥാനമായി ഉള്ളവൻ. അല്ലെങ്കിൽ നാരത്തെ = ജീവസമൂഹത്തെ അറിയുന്നവൻ. അല്ലെങ്കിൽ നാരങ്ങൾക്കു് = ഗുണങ്ങൾക്കു് ആശ്രയമായി ഉള്ളവൻ, അല്ലെങ്കിൽ സൃഷ്ടിക്കുന്നതുനിമിത്തം നരന്മാരെ സംബന്ധിച്ചവൻ നാരൻ = ബ്രഹ്മാവു്, ആ ബ്രഹ്മാവിനു്

സ്ഥാനമായി ഉള്ളവൻ. അല്ലെങ്കിൽ നാരൻെറ = വാസുദേവൻെറ അപത്യം.

ജഗ—സവ്വസ്യ......നമോസ്തു തേ സ്വാഹാ വൃ

വൃ. കലാകാഷ്ഠാദിരൂപേണ പരിണാമപ്രദായിനി!

വിശ്വസ്യോപരതൗ ശക്തേ! നാരായണി! നമോസ്തു തേ. ഉവ്വര്

കലാകാഷ്ഠാദിരൂപേണ	= കലാ കാഷ്ഠാ തുടങ്ങിയ കാലരൂപം കൊണ്ടു്
പരിണാമപ്രദായിനി!	= അന്യഥാഭാവത്തെ ചെയ്യുന്നവളേ!
വിശ്വസ്യ	= പ്രപഞ്ചത്തിൻെറ
ഉപരതൗ	= അവസാനവിഷയത്തിൽ
ശക്തേ!	= സാമൎത്ഥ്യമുള്ളവളേ!
നാരായണി! തേ	= അല്ലയോനാരായണി! നിന്തിരുവടിക്കു്
നമഃ അസ്തു	= നമസ്സു് ഭവിക്കട്ടേ.

കലാകാഷ്ഠാദികാലരൂപംകൊണ്ടു് അന്യഥാഭവത്തെ പ്രദാനം ചെയ്യുന്നദേവി! വിശ്വത്തിൻെറ നാശത്തിൽ ശക്തിയോടുകൂടിയവളേ! അല്ലയോ നാരായണി! നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടേ.

ചതു—"വിശ്വസ്യോപരതൗ സക്തേ!" എന്നു പാഠഭേദം.

'ജഗത്തിൻെറ നാശത്തിൽ ആസക്തിയുള്ളവളേ!—പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നവളേ!'—എന്നൎത്ഥം.

ശാന്ത—"അഷ്ടാദശനിമേഷാസ്തു കാഷ്ഠാ ത്രിംശത്തു താഃ കലാഃ" എന്ന അഭിധാനപ്രകാരം, 'കാഷ്ഠാ' എന്നു പറയുന്നതു് പതിനെട്ടു നിമേഷങ്ങളുടേയും, 'കലാ' എന്നു പറയുന്നതു് മുപ്പതുകാഷ്ഠകളുടേയും കാലമാകുന്നു. കാഷ്ഠാ, കലാ, ക്ഷണം, മുഹൂൎത്തം, അഹോരാത്രം, പക്ഷം, ഋതു, അയനം, സംവത്സരം ഇത്യാദി കാലരൂപംകൊണ്ടു് ബാല്യയൗവ്വനവാൎദ്ധക്യാദിവയോവിശേഷങ്ങൾമൂലം അന്യഥാഭാവത്തെ ചെയ്യുന്നവളേ! പ്രപഞ്ചത്തിൻെറ അവസാനവിഷയത്തിൽ ശക്തിയോടുകൂടിയവളേ! അല്ലയോ രുദ്രരൂപേ! അല്ലയോ നാരായണി! നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

'ക്ഷീരം ദധിരൂപേണ പരിണമിക്കുന്നു' എന്നു പറയുന്നതുപോലെ പരിണാമം എന്നതു് രൂപാന്തരപ്രാപ്തിയാകുന്നു—കാലകൃതശരീരാവസ്ഥാഭേദം—ഇത്രകാലം ബാല്യം ഇത്രകാലം യൗവ്വനം ഇത്യാദ്യവസ്ഥാഭേദം.

നാഗോ—പരിണാമം ജനങ്ങളുടെ അവസ്ഥാവിശേഷമാകുന്നു. അതുകൊണ്ടു ദേവിക്കു് അഖണ്ഡകാലരൂപത്വം സൂചിപ്പിക്കപ്പെട്ടിരി

ക്കുന്നു. അതിനെത്തന്നെ, 'വിശ്വസ്യോപരതൗ ശക്തേ'ഇത്യാദി വീണ്ടും പറയുന്നു.

ജഗ—കലാകാഷ്ഠാദി......നമോസ്തു തേ സ്വാഹാ ൻ

ൻ. * സൎവ്വമംഗളമാംഗല്യേ! ശിവേ! സൎവ്വാൎത്ഥസാധികേ!

ശരണ്യേ! ത്ര്യംബകേ! ഗൗരി! നാരായണി! നമോസ്തു തേ. ൧൦

സൎവ്വമംഗളമാംഗല്യേ!	= സകലമംഗളാദികൾക്കും മംഗളസ്വഭാവത്തിന്റെ രൂപത്തോടുകൂടിയദേവി!
ശിവേ!	= കല്യാണത്തെ ചെയ്യുന്ന ദേവി!
സൎവ്വാൎത്ഥസാധികേ!	= എല്ലാ പുരുഷാൎത്ഥങ്ങളേയും സാധിപ്പിക്കുന്ന ദേവി!
ശരണ്യേ!	= ശരണംപ്രാപിക്കാൻയോഗ്യേ!
ത്ര്യംബകേ!	= മൂന്നുകണ്ണുകളോടുകൂടിയവളേ!
ഗൌരി!	= സ്വൎണ്ണനിറത്തോടുകൂടിയവളേ!
നാരായണി!	= അല്ലയോ നാരായണി!
തേ നമഃ അസ്തു	= നിന്തിരുവടിക്കു നമസ്സ് ഭവിക്കട്ടെ.

സകലമംഗളങ്ങളുടേയും മംഗളസ്വഭാവരൂപിണിയായി കല്യാണകാരിണിയായി, സൎവ്വപുരുഷാൎത്ഥങ്ങളേയും സാധിപ്പിക്കുന്നവളായി, ശരണം പ്രാപിക്കാൻ യോഗ്യയായി മൂന്നു കണ്ണുകളോടുകൂടിയവളായി സ്വൎണ്ണവൎണ്ണയായി ഇരിക്കുന്ന അല്ലയോ നാരായണി! നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടേ.

ചതു—സൎവ്വമംഗളമാംഗല്യേ = മംഗളാദികളായിരിക്കുന്ന സകലങ്ങൾക്കും ഉള്ള മംഗളസ്വഭാവത്തിന്റെ രൂപത്തോടുകൂടിയദേവി! —മംഗളങ്ങൾക്കും മംഗളം നിന്തിരുവടിതന്നെ—എന്നൎത്ഥം. കല്യാണങ്ങളെ ചെയ്യുന്നവളായി, ആശ്രയിക്കുന്നതിനു യോഗ്യയായി മൂന്നുകണ്ണുകളോടും ഗൗരവൎണ്ണത്തോടും കൂടിയവളായി ഇരിക്കുന്ന ഹേ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം.

ശാന്ത—ശിവാ=പാൎവ്വതീദേവി. അല്ലെങ്കിൽ മംഗളങ്ങളോടുകൂടിയവൾ. രമാദേവിയും മംഗളങ്ങളോടുകൂടിയവളാകുന്നു.

സൎവ്വാൎത്ഥസാധികാ=സൎവ്വാൎത്ഥങ്ങളേയും സൎവ്വപ്രയോജനങ്ങളേയും സാധിപ്പിക്കുന്നവൾ.

ശരണ്യ=രക്ഷിതാക്കളിൽ ശ്രേഷ്ഠ. ഉമയും രമയും.

ത്ര്യംബക=സോമസൂൎയ്യാഗ്നികളാകുന്ന മൂന്നു കണ്ണുകളോടുകൂടിയ

* "സൎവ്വമംഗളമംഗല്യേ" എന്നു പാഠഭേദം.

വൾ. ഉമാദേവി, അല്ലെങ്കിൽ ബ്രഹ്മവിഷ്ണുമഹേശരരൂപന്മാരായിരിക്കുന്ന മൂന്നു അംബകന്മാർ=രക്ഷകന്മാർ പരിവാരമായുള്ളവൾ. ഉമയും രമയും.

ഗൗരി=ഉമ. അല്ലെങ്കിൽ ഗുപ്തമായി ശബ്ദിക്കപ്പെട്ടുന്നവൾ= മനസ്സുകൊണ്ടു ധ്യാനിക്കപ്പെട്ടുന്നവൾ, അതായതു് ഉമയും രമയും. അല്ലെങ്കിൽ ഗൗരവർണ്ണത്തോടു് = അരുണവർണ്ണത്തോടുകൂടിയവൾ.

നാരായണി=നാരായണനായിരിക്കുന്ന പരമാത്മാവിന്റെ മായാ= ഉമയും രമയും.

നാഗോ—"ത്ര്യംബകേ! ഗൗരി!" എന്നുള്ളതുകൊണ്ടു് 'ശിവശക്തി'എന്നു ധ്വനിപ്പിക്കുന്നു.

ദംശോ—"ത്ര്യംബികേ" എന്നു പാഠഭേദം

മൂന്നു് അംബങ്ങൾ = അക്ഷരങ്ങൾ = 'അ'കാര'ഉ'കാര'മ'കാരങ്ങൾ ആരെ പ്രതിപാദിക്കുന്നുവോ ആ ദേവി=പ്രണവപ്രതിപാദ്യ— എന്നൎത്ഥം

ജഗ—സൎവ്വമംഗള......നമോസ്തു തേ സ്വാഹാ ൧൦

൧൧. സൃഷ്ടിസ്ഥിതിവിനാശാനാം ശക്തിഭൂതേ! സനാതനി!
ഗുണാശ്രയേ! ഗുണമയേ! നാരായണി! നമോസ്തു തേ. ഠവൃന്ദ

സൃഷ്ടിസ്ഥിതിവിനാശാനാം	= സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു്
ശക്തിഭൂതേ!	= ശക്തിയായിഭവിച്ചിരിക്കുന്ന ദേവി!
സനാതനി!	= നിത്യേ!
ഗുണാശ്രയേ	= സത്വാദി മൂന്നുഗുണങ്ങൾക്കു് ആശ്രയമായുള്ളവളേ!
ഗുണമയേ! നാരായണി!	= ഗുണസ്വരൂപേ! അല്ലയോ ലക്ഷ്മി!
തേ നമഃ അസ്തു	= നിന്തിരുവടിക്കു് നമസ്കാരം ഭവിക്കട്ടെ.

സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു് ശക്തിയായി ഭവിച്ചിരിക്കുന്ന ദേവി! നിത്യേ! സത്വാദി മൂന്നുഗുണങ്ങൾക്കു് ആശ്രയമായുള്ളവളേ! ഗുണസ്വരൂപേ! അല്ലയോ നാരായണി! നിന്തിരുവടിക്കു് നമസ്കാരം ഭവിക്കട്ടെ.

ചതു—സൃഷ്ടിസ്ഥിതിസംഹാരങ്ങളുടെ ശക്തികളായ ബ്രഹ്മവിഷ്ണുരുദ്രാദികളായി ഭവിച്ചിരിക്കുന്നവളും നിത്യയും സത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥാരൂപിണിയും ആകാശാദിസ്വഭാവേന ഗുണങ്ങൾക്കു് ആശ്രയമായുള്ളവളും ശബ്ദാദിസ്വഭാവംകൊണ്ടു് ഗുണങ്ങളുടെ സ്വരൂപമായിത്തീൎന്നിരിക്കുന്നവളും ആയ അല്ലയോ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു് നമസ്കാരം.

ശാന്ത—അല്ലയോ ജഗത്തുക്കളുടെ സൃഷ്ടിസ്ഥിതിപ്രളയങ്ങൾക്ക് ശക്തിയായിത്തീൎന്നിരിക്കുന്ന ദേവി!—ജഗത്തിന്റെ സൃഷ്ടിസ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന വിഷയത്തിൽ ഉള്ള സാമൎത്ഥ്യത്തിന്റെ സ്വരൂപമായുള്ളവളേ!—സൃഷ്ടിയിൽ ബ്രാഹ്മീശക്തിയും, സ്ഥിതിയിൽ വൈഷ്ണവീശക്തിയും, വിനാശത്തിൽ മാഹേശ്വരീശക്തിയും ആയി മൂന്നുശക്തികളായി ഭവിച്ചിരിക്കുന്നവളും സാമാന്യേന ഏകശക്തിയും ആയ ദേവി! പരമാത്മാവിനോടുകൂടി കോൎക്കപ്പെട്ടവളേ!—നൂല്കൊണ്ടെന്നപോലെ നെയ്യപ്പെട്ടവളേ!—ശക്തികളുടെ അവതാരരൂപിണി!=ശക്തിഭൂമികളായി ഇരിക്കുന്ന ബ്രഹ്മവിഷ്ണുമഹേശ്വരന്മാരുടെ സംഘട്ടനയായി—നൂല്കൊണ്ടെന്നപോലെ അവരെ യോജിപ്പിക്കുന്നവളായി—ഉള്ള ശക്തിരൂപിണി! ശാശ്വതയായിരിക്കുന്നവളേ! സത്വരജസ്തമസ്സുകളെന്ന മൂന്നുഗുണങ്ങൾ ആശ്രയമായിട്ടുള്ളവളേ!—ആ ഗുണങ്ങളിൽത്തന്നെ വൎത്തിക്കുന്നവളേ!—ആ ഗുണങ്ങൾക്ക് ആശ്രയമായുള്ളവളേ!—സത്വാദിഗുണയുക്തന്മാരായിരിക്കുന്ന ബ്രഹ്മാദികൾ ആശ്രയമായിട്ടുള്ളവളേ! ഗുണങ്ങളോടുകൂടിഗ്ഗമിക്കുന്നവളേ! ദേവി! നിന്തിരുവടിക്കു നമസ്കാരം.

'അഗുണമയേ!' എന്നു പദച്ഛേദം. അഗുണത്തോട്=ബ്രഹ്മത്തോടുകൂടിഗ്ഗമിക്കുക ശീലമായിട്ടുള്ളവളേ! എന്നൎത്ഥം.

'ഗുണമയി'എന്ന പാഠത്തിൽ ഗുണങ്ങളുടെ വികാരമായിട്ടുള്ളവളെന്നൎത്ഥം—ഗുണങ്ങൾ പ്രകൃതങ്ങളായിട്ട് ആരിൽ പറയപ്പെടുന്നുവോ അങ്ങനെയുള്ളവൾ.

"അഗുണമയി" എന്നു പദച്ഛേദം. 'നിൎഗ്ഗുണ'എന്നൎത്ഥം.

നാരായണി = (ന, ആരാ, അയനി,എന്നു പദച്ഛേദം) ആദ്യാപ്തന്മാർ = ദേവകൾ സാധകത്വേന യാതൊരുവളിൽ വൎത്തിക്കുന്നില്ലയോ അവൾ—മുക്തിരൂപിണി—എന്നൎത്ഥം.

ഹേ നാരായണി! ഹേ മുക്തേ! നിന്തിരുവടിക്കായിക്കൊണ്ട് നമസ്കാരം.

നാഗോ—പൂൎവ്വാൎദ്ധംകൊണ്ട് ശ്രീദേവി ബ്രഹ്മാദികളുടെ സൃഷ്ട്യാദിശക്തികളാണെന്നും, ഉത്തരാൎദ്ധംകൊണ്ട് നിത്യയും മഹദാദിഗുണങ്ങളുടെ ആശ്രയഭൂതയും മിഥ്യകളായ ഗുണങ്ങളാൽ ചെയ്യപ്പെടുന്ന വികാരത്തോടുകൂടിയവളും ആണെന്നും പറയപ്പെട്ടു.

ജഗ—സൃഷ്ടിസ്ഥിതി......നമോസ്തു തേ സ്വാഹാ ൧൧

൧൨. ശരണാഗതദീനാൎത്തപരിത്രാണപരായണേ!
സൎവ്വസ്യാൎത്തിഹരേ! ദേവി! നാരായണി! നമോസ്തു തേ. ൧൨

ശരണാഗതദീനാർത്തപരിത്രാണപരായണേ!	=	ശരണംപ്രാപിച്ചവരായ ദീനന്മാരുടേയും ആർത്തന്മാരുടേയും രക്ഷണംതന്നെ അത്യന്തം അഭീഷ്ടമായുള്ളവളേ!
സർവ്വസ്യ	=	സകലലോകത്തിന്റേയും
ആർത്തിഹരേ!	=	പീഡയെ നശിപ്പിക്കുന്നവളേ!
ദേവി!	=	അല്ലയോ ദേവി!
നാരായണി!	=	അല്ലയോ നാരായണി!
തേ നമഃ അസ്തു	=	നിന്തിരുവടിക്കു് നമസ്കാരം ഭവിക്കട്ടെ.

ശരണംപ്രാപിച്ച ദീനന്മാരേയും ആർത്തന്മാരേയും രക്ഷിക്കുന്നതിൽ അത്യന്തം താല്പര്യത്തോടുകൂടിയവളും സകലലോകത്തിന്റേയും പീഡകളെ നശിപ്പിക്കുന്നവളും ആയ ദേവി! അല്ലയോ നാരായണി! നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

ചതു—ശരണാഗതന്മാരായിരിക്കുന്ന, വ്യാധിമുതലായദുഃഖങ്ങൾ കൊണ്ടു് ദീനന്മാരായുള്ളവരേയും തസ്കരാദിപീഡയോടുകൂടിയ ആർത്തന്മാരേയും രക്ഷിക്കുന്നതുതന്നെ മുഖ്യോദ്ദേശ്യമായുള്ള ദേവി! സർവ്വപീഡാനാശിനി! നിന്തിരുവടിക്കു് നമസ്കാരം.

ശാന്ത—"ശരണം ഗൃഹരക്ഷിത്രോഃ" എന്ന അഭിധാനപ്രകാരം രക്ഷിതാവിനെ പ്രാപിച്ചവരായ—രക്ഷിക്കണേ! രക്ഷിക്കണേ! എന്നിങ്ങനെ ശരണംപ്രാപിച്ചവരായ, ദീനന്മാരേയും ആർത്തന്മാരേയും ആപത്തുകളിൽനിന്നും നല്ലവണ്ണം രക്ഷിക്കുക എന്നുള്ളതു് പ്രധാനമായ നിശ്ചയമാക്കിവച്ചിരിക്കുന്ന ദേവി! സകലലോകത്തിന്റേയും പീഡകളെ ദൂരീകരിക്കുന്നവളേ!—അല്ലയോ ദുഃഖനാശിനി!, ഭഗവതി!, നാരായണി! വൈഷ്ണവപ്രകൃതിയായുള്ളവളേ! നിന്തിരുവടിക്കു നമസ്കാരം.

"നാരായണി നമോസ്തുതേ'എന്നതിനെ;-ന—ആരായണി–ന—മഃ-അ—സ്തുതേ—എന്നു് ആറു പദമാക്കണം.

ആരായണി=ആരന്മാൎക്കു്=ദേവന്മാൎക്കു് അയനിയായി=ആരാധിക്കപ്പെടുവാൻ യോഗ്യയായുള്ള ദേവി!, (നിന്തിരുവടിയെ)

മഃ=ശിവനും, അ=മഹാവിഷ്ണുവും, ന, ന, സ്തുതേ=സ്തുതിക്കുന്നില്ലെന്നല്ല—സ്തുതിക്കുകതന്നെ ചെയ്യുന്നു എന്നൎത്ഥം.

(ന. ന, എന്ന രണ്ടു പ്രതിഷേധങ്ങൾ അപ്രതിഷേധാൎത്ഥത്തെ കാണിക്കുന്നു)

നാഗോ—ദീനന്മാർ = സൎഗ്ഗാദി ദുഃഖഭാക്കുകൾ.

ആൎത്തന്മാർ	=	തസ്കരാദി പീഡിതന്മാർ.
പരായണ	=	താല്പൎയ്യമുള്ളവൾ.

ദംശോ—ശരണാഗതദീനാർത്തപരിത്രാണപരായണ = കാശ്യാദി ദുഃഖത്തോടുകൂടിയ ദീനന്മാരുടേയും, തസ്കരാദിപീഡിതന്മാരായ ആർത്ത ന്മാരുടേയും രക്ഷണമാകുന്ന അഭീഷ്ടത്തോടുകൂടിയവൾ.

"പരായണമഭീഷ്ടം സ്യാത്തൽപരാശ്രയയോരപി" എന്നഭിധാനം.

ജഗ—ശരണാഗത......നമോസ്തു തേ സ്വാഹാ ഹം

ഹം. ഹംസയുക്തവിമാനസ്ഥേ! ബ്രഹ്മാണീരൂപധാരിണി!

കൌശാംഭഃക്ഷരികേ! ദേവി! നാരായണി! നമോസ്തു തേ. ൧൨൧

ഹംസയുക്തവിമാനസ്ഥേ! = ഹംസങ്ങളോടുകൂടിയവിമാനത്തിൽ സ്ഥിതിചെയ്യുന്നവളേ!
ബ്രഹ്മാണീരൂപധാരിണി! = ബ്രാഹ്മീരൂപത്തെ ധരിച്ചിരിക്കുന്നവളേ!
കൌശാംഭഃക്ഷരികേ! = കുശോദകത്തെ എറിയുന്നവളേ!
ദേവി! നാരായണി! = ദേവി! ഹേ നാരായണി!
തേ നമഃ അസ്തു = നിന്തിരുവടിക്ക് നമസ്സ് ഭവിക്കട്ടെ.

ഹംസങ്ങളോടുകൂടിയവിമാനത്തിൽ സ്ഥിതിചെയ്യുന്നവളും ബ്രാഹ്മീരൂപത്തോടുകൂടിയവളും കുശമന്ത്രിതമായ ജലത്തെത്തളിക്കുന്നവളുമായ ഹേ ദേവി! അല്ലയോ നാരായണി! നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

ഗുപ്ത—കൌശാംഭഃക്ഷരിക = ജലപാത്രത്തിലുള്ള ദർഭയോടുകൂടിയജലത്തെ എറിയുന്നവൾ.

ചതു—കൌശാംഭഃക്ഷരിക=കുശമന്ത്രിതമായ ജലത്തെ ക്ഷേപിക്കുന്നവൾ=എറിയുന്നവൾ.

ശാന്ത—ഹംസങ്ങളോടുകൂടിയ ദേവതായാനത്തിൽ സ്ഥിതിചെയ്യുന്നവളും ബ്രഹ്മാണിയുടെ ആകൃതിയേ ധരിച്ചിരിക്കുന്നവളും, ദർഭയോടുകൂടിയ ജലപാത്രജലത്തെ ശത്രുക്കളിൽ എറിയുന്നവളുമായ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം.

ഹംസയുക്തവിമാനസ്ഥ = ഹംസന്മാരോട് =സംന്യാസികളോട് അല്ലെങ്കിൽ സൂര്യനോട്, യുക്തമായ=ചേർന്നിരിക്കുന്ന, വിമാനത്തിൽ= വിഗതാഹങ്കാരമായ ബ്രഹ്മതത്വത്തിൽ സ്ഥിതിചെയ്യുന്നവൾ.

ബ്രഹ്മാണി=ബ്രഹ്മശക്തി; അല്ലെങ്കിൽ (ബ്രഹ്മത്തിനു വേദമെന്നും, അണ് ധാതുവിന് ശബ്ദിക്കുക എന്നും അർത്ഥമാകകൊണ്ടു്) വേദത്തെ പാഠം ചെയ്യുന്നവൾ, അല്ലെങ്കിൽ പഠിപ്പിക്കുന്നവൾ.

കൌശാംഭഃക്ഷരിക=കുശജലം ആയുധമായുള്ളവൾ.

("കമണ്ഡലുജലാക്ഷേപഹതവീര്യാൻ ഹതൌജസഃ" എന്നു് എട്ടാമദ്ധ്യായം)

നാരായണി' നമോസ്തുതേ, എന്നതിനെ-നാ-അ-ആ-ജ്ഞ-ആയനി-ന-മാ-ഉഃ-സ്തുതേ-എന്ന പദച്ഛേദം ചെയ്യണം.

ആയനി! = അല്ലയോ ഇഷ്ടദേവതേ! നിന്തിരുവടിയെ, അഃ= വിഷ്ണുവും, ആഃ =ബ്രഹ്മാവും, ഉഃ =മഹേശ്വരനും, നാ = ത്രിമൂൎത്തി പുരുഷനും, ജ്ഞ = അദിതിയും, മാ-ന-സ്തുതേ= സ്തുതിക്കുന്നില്ലെന്നല്ല, പരദേവതയായ നിന്തിരുവടിയെ സ്തുതിക്കുകതന്നെചെയ്യുന്നു എന്നു താല്പൎയ്യം.

ജഗ—ഹംസയുക്ത......നമോസ്തു തേ സ്വാഹ ൧൧.

൧൨. ത്രിശൂലചന്ദ്രാഹിധരേ! മഹാവൃഷഭവാഹിനി!
മാഹേശ്വരീസ്വരൂപേണ നാരായണി! നമോസ്തു തേ. ഒവ്വൻ

മാഹേശ്വരീസ്വരൂപേണ	= മഹേശ്വരശക്തിയുടെ രൂപത്തോടുകൂടി
ത്രിശൂലചന്ദ്രാഹിധരേ!	= ത്രിശൂലത്തേയും ചന്ദ്രക്കലയേയും സൎപ്പങ്ങളേയും ധരിച്ചിരിക്കുന്നവളേ!
മഹാവൃഷഭവാഹിനി!	= മഹത്തായിരിക്കുന്ന വൃഷഭംവാഹനമായുള്ളവളേ!
നാരായണി!	= അല്ലയോ മഹാലക്ഷ്മി!
തേ നമഃ അസ്തു	= നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

മഹേശ്വരശക്തിയുടെ രൂപത്തോടുകൂടി ത്രിശൂലത്തേയും ചന്ദ്രക്കലയേയും സൎപ്പങ്ങളേയും ധരിച്ചിരിക്കുന്നവളും മഹത്തായ വൃഷഭം വാഹനമായുള്ളവളും ആയ അല്ലയോ നാരായണി! മഹാലക്ഷ്മി! നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

ചതു—ചന്ദ്രശബ്ദംകൊണ്ടു്, കിരീടത്തിനു് ഉചിതമായ അലങ്കാരമായിത്തീൎന്നിരിക്കുന്ന ഏകകലാത്മകനായിരിക്കുന്ന ചന്ദ്രനെ ഗ്രഹിച്ചുകൊള്ളണം.

ശാന്ത—മാഹേശ്വരീസ്വരൂപേണ, മൂന്നുമുനയുള്ള ശൂലായുധത്തേയും കിരീടോചിതമായ ചന്ദ്രക്കലയേയും സൎപ്പങ്ങളേയും ധരിച്ചിരിക്കുന്നവളും, മഹത്തായ വൃഷഭത്താൽ വാഹനവതിയായുള്ളവളും—മഹാവൃഷഭത്താൽ വഹിക്കപ്പെടുന്നവളും—ആയ അല്ലയോ നാരായണപത്നി! നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം.

മാഹേശ്വരീസ്വരൂപ=മാഹേശ്വരിയുടെ ആകാരത്തിൽ ധ്യാനിക്കപ്പെടുവാൻ യോഗ്യാ.

നാരായണി നമോസ്തുതേ—എന്നതിനെ,—നാ—അരായനി—ഇഃ-ന-മാ-ഉഃ-സ്തുതേ എന്നു പദച്ഛേദം ചെയ്യണം.

അരയ്ക്കു്=വിഷ്ണുവിനെ രക്ഷകത്വേന സ്വീകരിച്ചിരിക്കുന്ന ത്രിലോകിക്കു്, യനിയായി=പ്രാണനായിരിക്കുന്ന, ഇഃ=കാമനും, ഉഃ-

നാ=ശിവാഖ്യപുരുഷനും, ന-മാ-സ്തുതേ=നിന്തിരുവടിയെ സ്തുതിക്കുന്നി ല്ലെന്നല്ല സ്തുതിക്കുകയും ജപിക്കുകയുംതന്നെ ചെയ്യുന്നു.

ജഗ—ത്രിശൂലചന്ദ്രാഹി......നമോസ്തു തേ സ്വാഹാ ഫര്

ഫര്. മയൂരകുക്കുടവൃതേ! മഹാശക്തിധരേ ƒനഘേ!

കൌമാരീരൂപസംസ്ഥാനേ! നാരായണി! നമോസ്തു തേ. ഒൻ൦

മയൂരകുക്കുടവൃതേ!	=	മയിലിനോടുംകോഴിയോടുംകൂടിയവളേ!
മഹാശക്തിധരേ!	=	വലുതായ വേലായുധത്തെ ധരിച്ചിരിക്കുന്നവളേ!
അനഘേ!	=	പാപമില്ലാത്തവളേ!
കൗമാരീരൂപസംസ്ഥാനേ	=	സുബ്രഹ്മണ്യശക്തിയുടെ ആകൃതിയോടു കൂടി സ്ഥിതിചെയ്യുന്നവളേ!
നാരായണി!	=	അല്ലയോ നാരായണി!
തേ നമഃ അസ്തു	=	നിന്തിരുവടിക്ക് നമസ്കാരം ഭവിക്കട്ടെ.

മയിലിനോടും കോഴിയോടും കൂടിയവളും, വലുതായ വേലായുധത്തെ ധരിച്ചിരിക്കുന്നവളും, പാപമില്ലാത്തവളും,സുബ്രഹ്മണ്യശക്തിയുടെ ആകൃതിയോടുകൂടിയവളുമായ അല്ലയോ നാരായണി! നിന്തിരുവടിക്കു നമസ്കാരം.

ഗുപ്ത—"കുക്കുടഃ കുക്കുഭേ പിഞ്ഛേ പുത്രേ ച ചരണായുധേ" (എന്നു മേദിനി)

കുക്കുടശബ്ദത്തിനു് കാട്ടുകോഴി, മയിൽ, പീലി, പുത്രൻ, കോഴി എന്നെല്ലാം അർത്ഥമുണ്ടു്. വാസ്തവത്തിൽ ഇവിടെ മയൂരവും, കുക്കുടവും, സുബ്രഹ്മണ്യസ്വാമിയുടെ ആവരണപൂജയിലുള്ള മൂന്നാമത്തെ ആവരണത്തിൽ സ്ഥിതിചെയ്യുന്ന ദേവതകളാകുന്നു. ശിവാച്ചനചന്ദ്രികയിൽ സുബ്രഹ്മണ്യമന്ത്രപ്രകരണത്തിൽ ഇങ്ങനെ പറയുന്നു:—

"ദളാഗ്രേഷു ച പൂവാദി യജേദ്ദേവാനനന്തരം
ദേവസേനാപതിം ശക്തിം വിഷ്ണും കുക്കുടമേവ ച
മേധാം മയൂരം വജ്രം ച ദീപം ലോകേശ്വരാംസ്തതഃ"(എന്നു്.)

സ്കന്ദഭഗവാനാൽ കൊല്ലപ്പെട്ട ശൂരപത്മാസുരൻ മയിലും കോഴിയുമായിട്ടു് ക്രമേണ സ്വാമിയുടെ വാഹനമായിട്ടും ധ്വജചിഹ്നമായിട്ടും ഭവിച്ചു എന്ന കഥ സ്കാന്ദത്തിൽ വിസ്തരിക്കുന്നു.

ചതു—"മയൂരകുക്കുടധരേ" എന്നു പാഠഭേദം.

അനഘാ=പാപത്തോടും ദുഃഖത്തോടും കൂടാത്തവൾ.

ശാന്ത—നാരായണി=വിശ്വരൂപനായ ഭഗവാൻ നാരായണൻെറ ആകൃതിയായിരിക്കുന്നവൾ അല്ലെങ്കിൽ, നരായനത്തെ=നര

ന്മാരുടെ അയനം=ധമ്മാത്ഥകാമമോക്ഷം, ഇവയെ സാധിപ്പിക്കുന്നതിനായി അവതരിച്ചിരിക്കുന്നവൾ.

അനഘാ=അനന്മാരെ=വിഷ്ണുഭഗവാൻ പൂജ്യനാണെന്നറിയാത്ത ദൈത്യന്മാരെ ഹനിക്കുന്നവൾ—വിഷ്ണുദ്വേഷിഘാതിനി—എന്നത്ഥം.

മഹാശക്തിധര=മഹത്തായിരിക്കുന്ന ശക്തി എന്ന ആയുധവിശേഷത്തെ അല്ലെങ്കിൽ മഹാബലത്തെ ധരിക്കുന്നവൾ.

മയൂരകുക്കുടവൃതാ=വാഹനങ്ങളായിത്തീന്ന മയിലുകളാലും, യുദ്ധചാതുയ്യദശനത്തിനായിക്കൊണ്ടു് വളത്തപ്പെട്ടുന്ന കോഴികളാലും ചുററപ്പെട്ടവൾ, അല്ലെങ്കിൽ, മയിലുകളുടേയും കോഴികളുടേയും ക്രീഡയിൽ താല്പയ്യമുള്ളവൾ (കുക്കുടക്രീഡയിൽ കൗതുകത്തോടുകൂടിയ ബാല്യാവസ്ഥയെ സൂചിപ്പിച്ചാകുന്നു കൗമാരി എന്നു പറയപ്പെട്ടതു്) അല്ലെങ്കിൽ ദേവാസുരയുദ്ധത്തിൽ മയൂരവ്യൂഹത്താലും കുക്കുടവ്യൂഹത്താലും ചുററപ്പെട്ടവൾ (സൈന്യങ്ങളെ ഓരോ ആകൃതിയിൽ നിറുത്തുന്ന സമ്പ്രദായത്തിനാകുന്നു വ്യൂഹം എന്നു പറയുന്നതു്) അല്ലെങ്കിൽ, വാഹനങ്ങളായ മയിലുകളാലും കുക്കുടം എന്നു പറയുന്ന ആഭരണവിശേഷത്താലും ചുററപ്പെട്ടവൾ—കുക്കുടാഖ്യസ്വണ്ണഭൂഷണഭൂഷിതാ—എന്നത്ഥം (കുക്കുടസ്സാമ്രചൂഡേതി ഭൂഷായാമപി ദൃശ്യതേ” എന്നുണ്ടു്)

അല്ലെങ്കിൽ, മയൂരകുക്കുടം=പീലിയോടുകൂടാത്ത മയിൽ=പെൺമയിൽ, കുമാരൻ പുമാനാകകൊണ്ടു് മയിലിനെ ആരോഹണം ചെയ്യുന്നു. കൗമാരിയാകട്ടെ പെൺമയിലിനെ ആരോഹണം ചെയ്യുന്നു—എന്നു താല്പയ്യം.

അല്ലെങ്കിൽ മയൂരത്താലും=ലക്ഷ്മിയാലും ബ്രഹ്മാവിനാലും കാമനാലും ശിവനാലും അഗ്നിയാലും, കുക്കുടങ്ങളാലും=(ദേവസേനാധിപതിത്വം ഹേതുവായിട്ടു്) ദേവസൈന്യങ്ങളാലും ചുററപ്പെട്ടവൾ.

നാഗോ—“ധ്വജേന ശിഖിബഹ്ഹാണാം ഉച്ഛ്രിതേന സമാവൃത”
(എന്നു ഹരിവംശം)

മയൂരകുക്കുടവൃതാ = വലുതായ മയിൽപ്പീലികളെക്കൊണ്ടു ചുററപ്പെട്ട ധ്വജത്തോടുകൂടിയവൾ.

ദംശോ—“മയൂരകുക്കുടധൃതേ” എന്നു പാഠഭേദം.

‘മയിലിനേയും കോഴിയേയും ധരിച്ചിരിക്കുന്നവൾ’ എന്നത്ഥം.

ജഗ—മയൂരകുക്കുട......നമോസ്തു തേ സ്വാഹാ ൨൧

൨൧. ശംഖചക്രഗദാശാർങ്ഗ്ഗഹീതപരമായുധേ!
പ്രസീദ വൈഷ്ണവീരൂപേ! നാരായണി! നമോസ്തു തേ. ൧൯൨

ശംഖചക്രഗദാശാർങ്ഗ-ഗൃഹീതപരമായുധേ!	= ശംഖം, ചക്രം, ഗദാ, വില്ല് എന്നി ഉൽകൃഷ്ടായുധങ്ങളെ ധരിച്ചിരിക്കുന്നവളേ!
വൈഷ്ണവീരൂപേ!	= വിഷ്ണുശക്തിദേവതയുടെ ആകൃതിയോടുകൂടിയവളേ!
പ്രസീദ!	= നിന്തിരുവടി പ്രസാദിച്ചാലും!
നാരായണി!	= അല്ലയോ നാരായണി!
തേ നമഃ അസ്തു	= നിന്തിരുവടിക്ക് നമസ്കാരം ഭവിക്കട്ടെ.

ശംഖം, ചക്രം, ഗദാ, വില്ല് എന്നി ശ്രേഷ്ഠായുധങ്ങളെ ധരിച്ചിരിക്കുന്നവളും വിഷ്ണുശക്തിദേവതയുടെ രൂപത്തോടുകൂടിയവളുമായ നാരായണി! നിന്തിരുവടി പ്രസാദിച്ചാലും. അല്ലയോ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു് നമസ്കാരം.

ഗുപ്ത—"ശംഖചക്രഗദാശാർങ്ഗഗൃഹീതപരമായുധാ=ശംഖചക്രാദികളോടുകൂടി ഉൽകൃഷ്ടായുധങ്ങളായ വാളും ശരവും ധരിച്ചിരിക്കുന്നവൾ.

ശാന്ത—"ഗൃഹീതവിവിധായുധേ" എന്നു പാഠഭേദം.

വൈഷ്ണവീരൂപ = ജഗത്തിനെ രക്ഷിക്കുന്നതിനു താല്പര്യത്തോടുകൂടി പ്രത്യക്ഷപ്പെട്ടിരിക്കുന്ന വൈഷ്ണവീദേവിയുടെ ആകൃതിയോടുകൂടിയവൾ.

നാരായണിക്കു് = മുക്തിക്കു് കാരണമായുള്ളവൾ നാരായണി—ബ്രഹ്മവിദ്യ—എന്നർത്ഥം. "ജ്ഞാനാദേവ തു കൈവല്യം" എന്നു സിദ്ധാന്തം.

അല്ലയോ നാരായണി! = അല്ലയോ ബ്രഹ്മവിദ്യേ! ഉപനിഷത്തത്ത്വമായ ബ്രഹ്മത്തെ അറിയുന്നതിനു വിഷയമായുള്ള ജ്ഞാനത്തിന്റെ രൂപത്തോടുകൂടിയവളേ! നിന്തിരുവടി പ്രസാദിച്ചാലും. നിന്തിരുവടിക്കു നമസ്കാരവും ഭവിക്കട്ടെ.

ജഗ—ശംഖചക്ര......നമോസ്തു തേ സ്വാഹാ ഹന്ത

ഹന്ത. ഗൃഹീതോഗ്രമഹാചക്രേ! ദംഷ്ട്രോദ്ധൃതവസുന്ധരേ!
വരാഹരൂപിണി! ശിവേ! നാരായണി! നമോസ്തു തേ. ഉൻ്വ.

ഗൃഹീതോഗ്രമഹാചക്രേ!	= ഉഗ്രമായി മഹത്തായി ഇരിക്കുന്ന ചക്രത്തെ ധരിച്ചിരിക്കുന്നവളേ!
ദംഷ്ട്രോദ്ധൃതവസുന്ധരേ!	= തേററകൾകൊണ്ടു ഉയർത്തി പിടിക്കപ്പെട്ട ഭൂമിയോടുകൂടിയവളേ!
വരാഹരൂപിണി!	= വരാഹമൂർത്തിയുടെ രൂപത്തോടുകൂടിയവളേ!
ശിവേ!	= സർവമംഗളേ!

നാരായണി!	= അല്ലയോ നാരായണി!
തേ നമഃ അസ്തു	= നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

ഉഗ്രമായി ശ്രേഷ്ഠമായി ഇരിക്കുന്ന ചക്രത്തെ ധരിച്ചിരിക്കുന്നവളും, തേററകൾകൊണ്ടു് ഉയൎത്തിപ്പിടിക്കപ്പെട്ട ഭൂമിയോടുകൂടിയവളും, വരാഹമൂൎത്തിയുടെ ആകൃതിയോടുകൂടിയവളും, സൎവ്വമംഗളയും ആയ അല്ലയോ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം.

ശാന്ത—രൗദ്രമായി മഹത്തായി ഇരിക്കുന്ന വൈഷ്ണവായുധമായ ചക്രത്തോടുകൂടിയവളും, തേററകൾകൊണ്ടു് ഉയൎത്തിപ്പിടിച്ചിരിക്കുന്ന ഭൂമിയോടുകൂടിയവളും, വരാഹാവതാരമായി വിശ്വരൂപനായി ഇരിക്കുന്ന വിഷ്ണുഭഗവാന്റെ ആകൃതിയോടുകൂടിയവളും, സൎവ്വമംഗളയും ആയ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു് നമസ്കാരം.

നാരായണി = നാരത്തിന്റെ = ധൎമ്മാൎത്ഥകാമലക്ഷണമായ ത്രിവൎഗ്ഗത്തിന്റെ, അയനിയായ് = പ്രാപ്ത്യുപായമായുള്ളവൾ.

ജഗ—ഗൃഹീതോഗ്ര......നമോസ്തു തേ സ്വാഹാ ൧൭

൧൭. നൃസിംഹരൂപേണോഗ്രേണ ഹന്തും ദൈത്യാൻ കൃതോദ്യമേ!
ത്രൈലോക്യത്രാണസഹിതേ! നാരായണി! നമോസ്തു തേ. ൭൬൨

ഉഗ്രേണ	= ഭയങ്കരമായ
നൃസിംഹരൂപേണ	= നരസിംഹമൂൎത്തിയുടെ രൂപത്തോടുകൂടി
ദൈത്യാൻ ഹന്തും	= അസുരന്മാരെ കൊല്ലുന്നതിന്നു്
കൃതോദ്യമേ!	= ചെയ്യപ്പെട്ടുന്ന ഉദ്യോഗത്തോടുകൂടിയവളേ!
ത്രൈലോക്യത്രാണ-സഹിതേ!	= മൂന്നുലോകങ്ങളുടെയുംപരിപാലനത്തോടുകൂടിയവളേ!
നാരായണി!	= അല്ലയോ നാരായണി!
തേ നമഃ അസ്തു	= നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

ഭയങ്കരമായ നരസിംഹമൂൎത്തിയുടെ രൂപത്തോടുകൂടിയവളും അസുരന്മാരെ നിഗ്രഹിക്കുന്നതിന്നു് പരിശ്രമിക്കുന്നവളും മൂന്നുലോകങ്ങളേയും പരിപാലിക്കുന്നവളുമായ അല്ലയോ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം.

ചതു—ത്രൈലോക്യത്രാണസഹിത =മൂന്നുലോകങ്ങളേയും പാലിക്കുന്നതു ഹിതമായിട്ടുള്ളവൾ.

ശാന്ത—നരസിംഹസ്വാമിയുടെ രൗദ്രമായ രൂപത്തെ ധരിച്ചു്, അസുരന്മാരെ കൊല്ലുന്നതിന്നു് ഉദ്യമത്തോടുകൂടിയവളും, മൂന്നുലോകങ്ങ

ളേയും രക്ഷിക്കുന്നതിൽത്തന്നെ താല്പര്യത്തോടുകൂടിയവളും ആയ അല്ല യോ നാരായണി! നിന്തിരുവടിക്കു നമസ്കാരം.

"ത്രൈലോക്യത്രാണമഹിതേ" എന്നു പാഠഭേദം.

'മൂന്നുലോകങ്ങളേയും രക്ഷിക്കുന്നതുകൊണ്ടു് പൂജ്യയായുള്ളവളേ!' എന്നർത്ഥം.

നരായണത്തെ = ധർമ്മാർത്ഥകാമമോക്ഷങ്ങളെന്ന ചതുർവ്വർഗ്ഗത്തെ സാധിപ്പിക്കുന്ന ഭഗവതിയായ പരദേവതയ്ക്കു് 'നാരായണി' എന്നു പേർ പറയപ്പെടുന്നു.

ജഗ—നൃസിംഹരൂപേണ......നമോസ്തു തേ സ്വാഹാ ഹവ്യ ഹവ്യ. കിരീടിനി! മഹാവജ്രേ! സഹസ്രനയനോജ്ജ്വലേ!

വൃത്രപ്രാണഹരേ! ചൈന്ദ്രി! നാരായണി! നമോസ്തു തേ. ഇൻര്

കിരീടിനി!	= ഉത്തമകിരീടത്തോടുകൂടിയവളേ!
മഹാവജ്രേ!	= മഹത്തായ വജ്രായുധത്തെ ധരിച്ചിരിക്കുന്നവളേ!
സഹസ്രനയനോജ്ജ്വലേ!	= ആയിരംകണ്ണുകളെക്കൊണ്ടു ശോഭിക്കുന്നവളേ!
വൃത്രപ്രാണഹരേ	= വൃത്രാസുരൻെറ പ്രാണങ്ങളെ അപഹരിച്ചവളേ!
ഐന്ദ്രീ ച	= ഇന്ദ്രശക്തിയായും ഭവിച്ചവളേ!
നാരായണി!	= അല്ലയോ നാരായണി!
തേ നമഃ അസ്തു	= നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

കിരീടത്തോടുകൂടിയവളും മഹത്തായവജ്രായുധത്തെ ധരിച്ചിരിക്കുന്നവളും ആയിരംകണ്ണുകളാൽ ശോഭിക്കുന്നവളും വൃത്രാസുരൻെറ പ്രാണങ്ങളെ ഹരിച്ചവളും ഐന്ദ്രിയായി ഭവിച്ചവളുംആയ അല്ലയോ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു് നമസ്കാരം.

ചതു—വൃത്രാസുരൻ വിശ്വകർമ്മാവിൻെറ പുത്രനാകുന്നു.

ശാന്ത—അത്യുത്തമമായ മകുടത്തോടുകൂടിയവളും മഹത്തായ വജ്രായുധത്തോടു്, അല്ലെങ്കിൽ വജ്രരത്നങ്ങളോടുകൂടിയവളും, ആയിരം കണ്ണുകളെക്കൊണ്ടു് ശോഭിക്കുന്നവളും, വൃത്രൻ എന്ന അസുരൻെറ പ്രാണങ്ങളെ അപഹരിച്ചവളും ഇന്ദ്രശക്തിയായുള്ളവളും ആയ അല്ല യോ നാരായണി! നിന്തിരുവടിക്കു നമസ്കാരം.

സഹസ്രനയനോജ്ജ്വലാ = ആയിരം കണ്ണുകളോടുകൂടിയവളായും ഉൽകൃഷ്ടേണ ജ്വലിക്കുന്നവളായും ഉള്ളവൾ.

നാരായണി = (ണ്യ, നയേ–എന്ന ധാതു.) പുരുഷന്മാരെ സ്വൎഗ്ഗത്തിലേക്കു നയിപ്പിക്കുന്നതു് = വേദത്രയി, അതിൻെറ അധികരണഭൂതയായി അകാരാദ്യക്ഷരമയിയായി, സൎവ്വമന്ത്രമയിയായുള്ളവൾ.

ജഗ—കിരീടിനി!......നമോസ്തു തേ സ്വാഹാ ൧൯

൧൯. ശിവദൂതീസ്വരൂപേണ ഹതദൈത്യമഹാബലേ!
ഘോരരൂപേ! മഹാരാവേ! നാരായണി! നമോസ്തു തേ. ൧൯൪

ശിവദൂതിസ്വരൂപേണ	= ശിവദൂതിയുടെ സ്വരൂപത്തോടുകൂടി
ഹതദൈത്യമഹാബലേ!	= അസുരന്മാരുടെ മഹത്തായ സൈന്യത്തെ ഹനിക്കുന്നവളേ!
ഘോരരൂപേ!	= ഭയങ്കരമായരൂപത്തോടുകൂടിയവളേ!
മഹാരാവേ!	= വലുതായ ശബ്ദത്തോടുകൂടിയവളേ!
നാരായണി!	= അല്ലയോ നാരായണി!
തേ നമഃ അസ്തു	= നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

ശിവദൂതിയുടെ സ്വരൂപത്തെ ധരിച്ചു് അസുരന്മാരുടെ മഹത്തായിരിക്കുന്ന സൈന്യത്തെ ഹനിക്കുന്നവളും, ഭയങ്കരരൂപയും, വലിയ ശബ്ദത്തോടുകൂടിയവളുമായ അല്ലയോ നാരായണി! നിന്തിരുവടിക്കു നമസ്കാരം.

ശാന്ത—ചണ്ഡികാദേവിയുടെ ശരീരത്തിൽനിന്നു ഉത്ഭവിച്ച ദേവതയെ ആകുന്നു ശിവദൂതി എന്നു പറയുന്നതു്. ശിവദൂതി = ശിവനെ ദൂതനാക്കിയവൾ.

"ഹതദൈത്യേ! മഹാബലേ!" എന്നു പാഠഭേദം.

ഹതദൈത്യ = ഹനിക്കപ്പെട്ട അസുരന്മാരോടുകൂടിയവൾ. മഹാബല = മഹത്തായ സാമൎത്ഥ്യത്തോടു് അല്ലെങ്കിൽ സൈന്യത്തോടുകൂടിയവൾ. അല്ലെങ്കിൽ മഹത്തായ ബലിയോടു് = പൂജോപകരണത്തോടുകൂടിയവൾ. മഹാരാവ = (സൃഗാലപരിവാരത്വം ഹേതുവായിട്ടു്) മഹാധ്വനിയോടുകൂടിയവൾ.

നാരായണി = നരന്മാൎക്കു്, വിഷ്ണുവിനോടുകൂടി പ്രാണരക്ഷ ചെയ്യുന്നവൾ. നരായണിയുടെ അധിദേവത, നാരായണി.

ജഗ—ശിവദൂതീ......നമോസ്തു തേ സ്വാഹാ ൨൦

൨൦. ദംഷ്ട്രാകരാളവദനേ! ശിരോമാലാവിഭൂഷണേ!
ചാമുണ്ഡേ! മുണ്ഡമഥനേ! നാരായണി! നമോസ്തു തേ. ൧൯൫

ദംഷ്ട്രാകരാളവദനേ!	= ദംഷ്ട്രകളെക്കൊണ്ടു ഭയങ്കരമായിരിക്കുന്ന മുഖത്തോടുകൂടിയവളേ!

ശിരോമാലാവിഭൂഷണേ! = തലമാലകൾ അലങ്കാരമായുള്ളവളേ!
മുണ്ഡമഥനേ! = മുണ്ഡാസുരനെ നിഗ്രഹിച്ചവളേ!
ചാമുണ്ഡേ! = അല്ലയോ കാളി!
നാരായണി! = അല്ലയോ നാരായണി!
തേ നമഃ അസ്തു = നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

ദംഷ്ട്രകളെക്കൊണ്ടു ഭയങ്കരമായിരിക്കുന്ന വദനത്തോടുകൂടിയവളും തലമാലകൾ അണിഞ്ഞിരിക്കുന്നവളും മുണ്ഡാസുരനെ മഥനം ചെയ്തവളും ആയ കാളി! അല്ലയോ നാരായണി! നിന്തിരുവടിക്കു നമസ്കാരം.

ശാന്ത—നാരായണി = ദേവന്മാരുടെ വാഞ്ഛിതാൎത്ഥങ്ങളെ ചെയ്യുന്നവൾ.

ജഗ—ദംഷ്ട്രാകരാള......നമോസ്തു തേ സ്വാഹാ വ.ഫ.

വ.ഫ. ലക്ഷ്മി! ലജ്ജേ! മഹാവിദ്യേ! ശ്രദ്ധേ! പുഷ്ടി! സ്വധേ! ധ്രുവേ!
മഹാരാത്രി! മഹാമായേ! നാരായണി! നമോസ്തു തേ. ൨൰൧

ലക്ഷ്മി! = ഹേ ലക്ഷ്മി!
ലജ്ജേ! = അല്ലയോ ലജ്ജയായുള്ളവളേ!
മഹാവിദ്യേ! = ഉപനിഷദ്രൂപിണി!
ശ്രദ്ധേ! = ആസ്തിക്യബുദ്ധിയായുള്ളവളേ!
പുഷ്ടി! = പുഷ്ടിയായുള്ളവളേ!
സ്വധേ! = പിതൃതൃപ്തിസ്വരൂപേ!
ധ്രുവേ! = ശാശ്വതി!
മഹാരാത്രി! = മഹാപ്രളയരൂപേ!
മഹാമായേ! = സൎവ്വജഗത്തിനും കാരണമായുള്ളവളേ!
നാരായണി! = അല്ലയോ നാരായണി!
തേ നമഃ അസ്തു = നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടേ.

ലക്ഷ്മിയായും, ലജ്ജയായും, ഉപനിഷദ്രൂപിണിയായും, ആസ്തിക്യബുദ്ധിയായും, പുഷ്ടിയായും, പിതൃതൃപ്തിസ്വരൂപയായും, ശാശ്വതിയായും, മഹാപ്രളയരൂപയായും, മഹാമായയായും ഇരിക്കുന്ന അല്ലയോ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം.

ചതു—"ലക്ഷ്മി" എന്നു പാഠഭേദം.

മഹാവിദ്യ = ബ്രഹ്മപ്രാപ്തിഹേതുവായ വിദ്യ അല്ലെങ്കിൽ മഹാ, അവിദ്യ എന്നു പദച്ഛേദം. മോഹത്തെ ഉണ്ടാക്കുന്ന അജ്ഞാനം എന്നൎത്ഥം

മഹാരാത്രി = പരാൎദ്ധദ്വയത്തിന്റെ അവസാനത്തിലുള്ള രാത്രി.

ശാന്ത—"മഹാരാത്രേ!" എന്നു പാഠഭേദം.

നാരായണി = നാരായണിയുടെ =നരവൃത്തിയുടെ, സാധികയായിരിക്കുന്നവൾ—ധനാദിരൂപയായി അധിദേവതയായി ഇരിക്കുന്നവൾ.

അല്ലയോ നാരായണി! അല്ലയോ ലക്ഷ്മി! നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ. ഹേ നാരായണി! ഹേ ലജ്ജേ! നിന്തിരുവടിക്കു നമസ്കാരം ഹേ നാരായണി! ഹേ പരമാത്മദർശനത്തിനു വിഷയമായ ജ്ഞാനരൂപിണി! നിന്തിരുവടിക്കു നമസ്കാരം. ഹേ നാരായണി! ഹേ ആസ്തിക്യബുദ്ധിയായുള്ളവളേ! നിന്തിരുവടിക്കു നമസ്കാരം. ഹേ നാരായണി! ശരീരാദി അവയവങ്ങളെ പോഷിപ്പിക്കുന്ന ദേവി! നിന്തിരുവടിക്കു നമസ്കാരം. ഹേ നാരായണി! പിതൃതൃപ്തിസ്വരൂപേ! നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം. ഹേ നാരായണി! ഹേ ശാശ്വതി! ഹേ ബ്രഹ്മരൂപേ! നിന്തിരുവടിക്കു നമസ്കാരം. ഹേ നാരായണി! ഹിരണ്യഗർഭകാലാവസാനരൂപേ!—ഹിരണ്യഗർഭോദയകാലരൂപേ!—അനല്പാന്ധകാരത്തിന് അധികരണരൂപേ!—സർവ്വപ്രാണികൾക്കും മോഹത്തെ ചെയ്യുന്നവളേ! നിന്തിരുവടിക്കു നമസ്കാരം. ഹേ നാരായണി! മഹാമായാരൂപേണ സകലജഗത്തിനും കാരണഭൂതയായിരിക്കുന്ന ദേവി! നിന്തിരുവടിക്കു നമസ്കാരം.

മഹാമായ=(മഹാ-അമായ-എന്നു പദച്ഛേദം) വിദ്യാരൂപിണി.

നാഗോ—മഹാവിദ്യ = മഹതിയായിരിക്കുന്ന അവിദ്യ=എല്ലാററിനേയും മറയ്ക്കുന്നതിനു സാമർത്ഥ്യമുള്ള മഹാമോഹം.

ജഗ—ലക്ഷ്മി! ലജ്ജേ......നമോസ്തു തേ സ്വാഹാ ൨൨

൨൨. മേധേ! സരസ്വതി! വരേ! ഭൂതി! ബാഭ്രവി! താമസി!
നിയതേ! ത്വം പ്രസീദേശേ! നാരായണി! നമോസ്തു തേ. ഭർവ്വ

മേധേ!	=	ധാരണാശക്തിയോടുകൂടിയ ബുദ്ധിയായുള്ളവളേ!
സരസ്വതി!	=	വാഗ്ദേവതേ!
വരേ!	=	ശ്രേഷ്ഠേ!
ഭൂതി!	=	സത്വഗുണപ്രധാനേ!
ബാഭ്രവി!	=	രജോഗുണപ്രധാനേ!
താമസി!	=	തമോഗുണപ്രധാനേ!
നിയതേ!	=	ദൈവമായുള്ളവളേ!
ഈശേ! ത്വം പ്രസീദ!	=	സ്വാമിനി!നിന്തിരുവടി പ്രസാദിച്ചാലും.
നാരായണി!	=	അല്ലയോ നാരായണി!
തേ നമഃ അസ്തു	=	നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടേ.

ധാരണാശക്തിയോടുകൂടിയബുദ്ധിയായി, വാഗ്ദേവതയായി ശ്രേഷ്ഠയായി, സത്വരജസ്തമോഗുണപ്രധാനയായി ദൈവമായി സ്വാമിനിയായി ഇരിക്കുന്ന നിന്തിരുവടി പ്രസാദിച്ചാലും. ഹേ നാരായണി! നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം.

ചതു— മേധാ=ബഹുഗ്രന്ഥധാരണാശക്തി.താമസീ=നിദ്രാദേവി.

ഭൂതി=ഉത്തരോത്തരസമ്പത്ത്.

ഭൂതേ! എന്നതിനുപകരം 'ഭൂതി'എന്നപ്രയോഗം ആർഷമാകുന്നു. നിയതി=അവശ്യം സംഭവിക്കുന്നതായ പൂർവ്വജന്മകർമ്മഫലം.

ശാന്ത—ധാരണാശക്തിയോടുകൂടിയ ബുദ്ധിയും, വാഗ്ദേവതയും ശ്രേഷ്ഠയും, സമ്പദ്രൂപയും, വിഷ്ണുശക്തിയും നിദ്രാരൂപിണിയും, നിത്യയും സ്വാമിനിയും, ആയ അല്ലയോ നാരായണി! നിന്തിരുവടി പ്രസാദിച്ചാലും. നിന്തിരുവടിക്കായിക്കൊണ്ട് നമസ്കാരം ഭവിക്കട്ടെ.

നാഗോ—ഭൂതി, ബാഭ്രവി, താമസി എന്നതുകൊണ്ട് ദേവി ത്രിഗുണാത്മികയാണെന്നുപറഞ്ഞിട്ട്, 'നിയതി'ശബ്ദംകൊണ്ട് ത്രിഗുണാതീതയായ മൂലശക്തിയാണെന്നും പറയപ്പെട്ടു.

ജഗ—മേധേ! സരസ്വതി!......നമോസ്തുതേ സ്വാഹാ. ൨൩

൨൩. സർവ്വസ്വരൂപേ! സർവ്വേശേ! സർവ്വശക്തിസമന്വിതേ!
ഭയേഭ്യസ്ത്രാഹി നോ ദേവി! ദുർഗ്ഗേ! ദേവി! നമോസ്തു തേ. ൭൯൪

സർവ്വസ്വരൂപേ!	=	സർവ്വരൂപിണി!
സർവ്വേശേ!	=	സകലത്തിനും സ്വാമിനിയായുള്ളവളേ!
സർവ്വശക്തിസമന്വിതേ!	=	സകലശക്തികളോടുംകൂടിയവളേ!
ദേവി! നഃ	=	അല്ലയോ ദേവി! ഞങ്ങളെ
ഭയേഭ്യഃ ത്രാഹി	=	ഭയങ്ങളിൽനിന്ന് രക്ഷിച്ചാലും.
ദുർഗ്ഗേ! ദേവി!	=	അല്ലയോ ദുർഗ്ഗേ! ദേവി!
തേ നമഃ അസ്തു	=	നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

സർവ്വസ്വരൂപിണിയായി, സകലത്തിൻേറയും സ്വാമിനിയായി, സകലശക്തികളോടുംകൂടിയവളായി ഇരിക്കുന്ന അല്ലയോ ദേവി! നിന്തിരുവടി ഞങ്ങളെ സങ്കടങ്ങളിൽനിന്നു രക്ഷിച്ചാലും. അല്ലയോ ദുർഗ്ഗേ! ദേവി! നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം.

ഗുപ്ത—ഈ ശ്ലോകത്തിൽ 'ദേവി' എന്നു രണ്ടു സംബോധന പ്രയോഗിച്ചിരിക്കുന്നതു രണ്ടുവാക്യങ്ങളിലാകകൊണ്ടു പുനരുക്തിയല്ല.

ശാന്ത—ജഗത്ത്രയസ്വരൂപിണിയും സർവ്വപ്രപഞ്ചത്തിനും സ്വാമിനിയും സാമർത്ഥ്യംമുതലായ ശക്തികളോടും ബ്രാഹ്മിമുതലായ

ശക്തികളോടുംകൂടിയവളും ആയ നിന്തിരുവടി ഞങ്ങളെ സങ്കടങ്ങളിൽ നിന്നു രക്ഷിച്ചാലും. അല്ലയോ ദുർഗ്ഗാദേവി! നിന്തിരുവടിക്കു നമസ്കാരം.

സർവ്വസ്വരൂപേ = (സർവ്വസ്യ, അരൂപേ! എന്നു പദച്ഛേദം) സകലങ്ങളിലും അരൂപമായി വർത്തിക്കുന്നവൾ.

ഈ ശ്ലോകത്തിനുശേഷം ഇങ്ങനെയൊരുശ്ലോകംകൂടിയുണ്ടു്:—

"സർവ്വതഃ പാണിപാദാന്തേ സർവ്വതോക്ഷിശിരോമുഖേ
സർവ്വതഃ ശ്രവണഘ്രാണേ നാരായണി! നമോസ്തു തേ." (എന്നു്).

എല്ലായിടത്തും കൈകൾ കാലുകൾ മുതലായ അവയവങ്ങളോടു കൂടിയവളും, എല്ലായിടത്തും കണ്ണും തലയും മുഖവും ഉള്ളവളും, എല്ലായിടത്തും ചെവിയും മൂക്കും ഉള്ളവളും ആയ അല്ലയോ നാരായണി! നിന്തിരുവടിക്കു നമസ്കാരം.

നാരായണി = ദിവ്യജ്ഞാനത്തിനു സാധനമായിരിക്കുന്ന ശരീരത്തിന്റെ കൈകാൽമുതലായ അവയവങ്ങളുടെ വളർച്ചയ്ക്കു് അധിദേവതയായുള്ളവൾ.

"സർവ്വതഃ പാണിപാദാന്ത്രേ" എന്നു പാഠഭേദം.

കൈകളോടും കാലുകളോടും 'ആന്ത്രങ്ങൾ' എന്നു പറയുന്ന പ്രാണസൂത്രങ്ങളോടും കൂടിയവൾ എന്നർത്ഥം.

ജഗ—സർവ്വസ്വരൂപേ!......നമോസ്തു തേ സ്വാഹാ ൨൪

൨൪. ഏതത്തേ വദനം സൗമ്യം ലോചനത്രയഭൂഷിതം
പാതു നസ്സർവ്വഭൂതേഭ്യഃ കാത്യായനി! നമോസ്തു തേ. ൱൦൦

തേ	= നിന്തിരുവടിയുടെ
സൗമ്യം	= സുന്ദരമായി
ലോചനത്രയഭൂഷിതം	= മൂന്നു കണ്ണുകളെക്കൊണ്ടു് അലങ്കരിക്കപ്പെട്ടതായി ഇരിക്കുന്ന
ഏതൽ വദനം	= ഈ മുഖം
നഃ	= ഞങ്ങളെ
സർവ്വഭൂതേഭ്യഃ പാതു	= സകലഭൂതങ്ങളിൽനിന്നും രക്ഷിക്കട്ടെ.
കാത്യായനി!	= അല്ലയോ കാത്യായനി!
തേ നമഃ അസ്തു	= നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

സുന്ദരമായി മൂന്നുകണ്ണുകളെക്കൊണ്ടു് അലംകൃതമായി ഇരിക്കുന്ന നിന്തിരുവടിയുടെ ഈ മുഖം ഞങ്ങളെ സകലഭൂതങ്ങളിൽനിന്നും രക്ഷിക്കട്ടെ. ഹേ കാത്യായനി! നിന്തിരുവടിക്കു നമസ്കാരം.

ശാന്ത—"സർവ്വഭീതിഭ്യഃ" എന്നു പാഠഭേദം.

ഈ കാണുന്ന സൂര്യചന്ദ്രാഗ്നിരൂപങ്ങളായ നേത്രങ്ങളാൽ അലംകൃതമായി അതിസൗന്ദര്യത്തോടുകൂടിയതായി ഇരിക്കുന്ന നിന്തിരുവടിയുടെ മുഖം ഞങ്ങളെ സകലഭയങ്ങളിൽനിന്നും രക്ഷിക്കട്ടെ. ഹേ കാത്യായനി! നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം.

സർവ്വഭീതിഭ്യഃ = ഈതിബാധകൾ, ഔഷധികൾ ഇല്ലാതെ തീരുക, അന്നമില്ലാതെ ഭവിക്കുക, യാഗഭാഗം ഇല്ലാതെ ആകുക മുതലായ യജ്ഞഭാഗഭുക്കുകൾക്കുണ്ടാകുന്ന സകലസങ്കടങ്ങളിൽനിന്നും.

കാത്യായനി = കതൻ എന്ന മഹർഷിയുടെ പുത്രി അല്ലെങ്കിൽ കൻ = ബ്രഹ്മാവു്. അൻ = വിഷ്ണു. ഇവർ യാവചിലരെ ഗമിക്കുന്നുവോ അവർ കാത്യകൾ—സരസ്വതിയും ലക്ഷ്മിയും—ആ സരസ്വതിക്കും ലക്ഷ്മിക്കും അയനിയായി = പരമാധിഷ്ഠാനശക്തിയായി ഉള്ളവൾ.

നാഗോ—സർവ്വഭൂതേഭ്യഃ = സർവ്വപ്രാണികളിൽനിന്നും. കാത്യായനി = കാത്യായനമഹർഷിയുടെ ആശ്രമത്തിൽ ജനിച്ചവൾ.

ജഗ—ഏതത്തേ......നമോസ്തു തേ സ്വാഹാ ൨൫

൨൫. ജ്വാലാകരാളമത്യുഗ്രമശേഷാസുരസൂദനം
ത്രിശൂലം പാതു നോ ഭീതേർഭദ്രകാളി! നമോസ്തു തേ. ന്യാ൧

ജ്വാലാകരാളം = ജ്വാലകളെക്കൊണ്ടു ഭയങ്കരമായി
അത്യുഗ്രം = അതിരൗദ്രമായി
അശേഷാസുരസൂദനം = എല്ലാ അസുരന്മാരേയും ഹിംസിക്കുന്നതായി ഇരിക്കുന്ന
ത്രിശൂലം = ത്രിശൂലം എന്ന ആയുധം
നഃ = ഞങ്ങളെ
ഭീതേഃ പാതു = ഭയത്തിൽനിന്നു് രക്ഷിക്കട്ടേ.
ഭദ്രകാളി! = അല്ലയോ ഭദ്രകാളി!
തേ നമഃ അസ്തു = നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടേ.

ജ്വാലകളെക്കൊണ്ടു് അതിരൗദ്രമായി അശേഷാസുരന്മാരേയും ഹിംസിക്കുന്നതായി ഇരിക്കുന്ന നിന്തിരുവടിയുടെ ത്രിശൂലായുധം ഞങ്ങളെ ഭയത്തിൽനിന്നു രക്ഷിക്കട്ടെ. അല്ലയോ ഭദ്രകാളി! നിന്തിരുവടിക്കു നമസ്കാരം.

ശാന്ത—അല്ലയോ മംഗളയായും കാളിയായും ഉള്ള ചണ്ഡികേ! ജ്വാലകളെക്കൊണ്ടു് അത്യുഗ്രമായി അശേഷാസുരന്മാരേയും ഹിംസിക്കുന്നതായി ഇരിക്കുന്ന നിന്തിരുവടിയുടെ മൂന്നുമുനയുള്ള ശൂലായുധം ദേവന്മാരായിരിക്കുന്ന ഞങ്ങളെ ഭയത്തിൽനിന്നു രക്ഷിക്കട്ടെ. അല്ലയോ

ഭദ്രകാളി! ഹേ ചണ്ഡികേ! ദേവി! നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

ജഗ—ജ്വാലാകരാള......നമോസ്തു തേ സ്വാഹാ ൨൩

൨൩. ഹിനസ്തി ദൈത്യതേജാംസി സ്വനേനാപൂര്യ്യ യാ ജഗൽ

സാ ഘണ്ടാ പാതു നോ ദേവി! പാപേഭ്യോനഃ സുതാനിവ. ൩൦൨

ദേവി!	= അല്ലയോ ദേവി!
യാ ഘണ്ടാ	= നിന്തിരുവടിയുടെ കയ്യിലുള്ള യാതൊരു മണി
സ്വനേന ജഗൽ ആപൂര്യ്യ	= നാദംകൊണ്ടു് മൂന്നുലോകത്തേയും നിറ—[ച്ചിട്ടു്
ദൈത്യതേജാംസി	= അസുരന്മാരുടെ തേജസ്സുകളെ
ഹിനസ്തി സാ (ഘണ്ടാ)	= നശിപ്പിക്കുന്നുവോ ആ (മണി)
അനഃ സുതാൻ ഇവ	= മാതാവു് പുത്രന്മാരെ എന്നപോലെ
നഃ പാപേഭ്യഃ പാതു	= ഞങ്ങളെ പാപങ്ങളിൽനിന്നു് രക്ഷിക്കട്ടെ.

അല്ലയോ ദേവി! നാദംകൊണ്ടു് മൂന്നുലോകങ്ങളേയും നിറച്ചിട്ടു് അസുരന്മാരുടെ തേജസ്സുകളെ നശിപ്പിക്കുന്ന, നിന്തിരുവടിയുടെ കയ്യിലുള്ളമണി, മാതാവു് പുത്രന്മാരെ എന്നപോലെ ഞങ്ങളെ പാപങ്ങളിൽനിന്നു രക്ഷിക്കട്ടെ.

ശാന്ത—അല്ലയോ ദേവി! നിന്തിരുവടിയുടെ യാതൊരുമണി നാദംകൊണ്ടു് ലോകത്രയത്തേയും നിറച്ചിട്ടു് അസുരവീര്യങ്ങളെ നശിപ്പിക്കുന്നുവോ ആ മണി ദേവന്മാരായ ഞങ്ങളെ ദുരിതങ്ങളിൽനിന്നും അസുരന്മാരിൽനിന്നും, മാതാപിതാക്കൾ സ്വപുത്രന്മാരെ ദുരിതങ്ങളിൽ നിന്നു രക്ഷിക്കുന്നതുപോലെ രക്ഷിക്കട്ടെ.

അനഃ = (പ്രാണി, സ്വപുത്രന്മാരെ കഷ്ടങ്ങളിൽനിന്നും രക്ഷിക്കുന്നതുപോലെ എന്നൎത്ഥം)

"പാപേഭ്യഃ സ്വസുതാനിവ" എന്നു പാഠഭേദം.

ലോകം പാപങ്ങളിൽനിന്നു സ്വപുത്രന്മാരെ രക്ഷിക്കുന്നതുപോലെ ആ മണി ഞങ്ങളെ രക്ഷിക്കട്ടെ എന്നൎത്ഥം.

ജഗ—ഹിനസ്തി......സുതാനിവ സ്വാഹാ ൨൪

൨൪. അസുരാസൃഗ്വസാപങ്കചൎച്ചിതസ്തേ കരോജ്ജ്വലഃ

ശുഭായ ഖഡ്ഗോ ഭവതു ചണ്ഡികേ! ത്വാം നതാ വയം. ൩൦൩

ചണ്ഡികേ!	= അല്ലയോ ചണ്ഡികാദേവി!
അസുരാസൃഗ്വസാ—പങ്കചൎച്ചിതഃ	= അസുരന്മാരുടെ രക്തവും മേദസ്സും ആകുന്ന ചെളി പററിയിരിക്കുന്നതും

തേ കരോജ്ജ്വലഃ ഖഡ്ഗഃ = നിന്തിരുവടിയുടെ കയ്യിൽ പ്രകാശിച്ചു കൊണ്ടിരിക്കുന്നതുമായ വാൾ
ശുഭായ ഭവതു = (ഞങ്ങളുടെ) മംഗളത്തിനായിക്കൊണ്ടു്– [ഭവിക്കട്ടെ.
വയം ത്വാം = ഞങ്ങൾ നിന്തിരുവടിയെ
നതാഃ = നമസ്കരിക്കുന്നവരായി ഭവിക്കുന്നു.

അല്ലയോ ചണ്ഡികാദേവി! അസുരന്മാരുടെ ചോരയും കൊഴുപ്പു മാകുന്ന ചെളിപററിയിരിക്കുന്നതും, നിന്തിരുവടിയുടെ കരത്തെ പ്രകാശിപ്പിക്കുന്നതുമായ വാൾ, ഞങ്ങളുടെ മംഗളത്തിനായിക്കൊണ്ടു് ഭവിക്കട്ടെ. ഞങ്ങൾ നിന്തിരുവടിയെ നമസ്കരിക്കുന്നു.

ചതു — അസുരാസൃഗ്വസാപങ്കചർച്ചിതഃ = ചെളികൊണ്ടെന്ന പോലെ അസുരന്മാരുടെ ചോരകൊണ്ടും കൊഴുപ്പുകൊണ്ടും വ്യാപിക്കപ്പെട്ടതു്.

ശാന്ത — അല്ലയോ ചണ്ഡികേ! ദേവി! അസുരന്മാരുടെ രുധിരവും മേദസ്സുമാകുന്ന ചെളികൊണ്ടു് വ്യാപിക്കപ്പെട്ടതായി നിന്തിരുവടിയുടെ കരത്തിൽ ഉജ്ജ്വലിക്കുന്ന വാൾ ഞങ്ങളുടെ (അല്ലെങ്കിൽ ജഗത്തിൻെറ) ശുഭത്തിനായിക്കൊണ്ടു് ഭവിക്കട്ടെ. അല്ലയോ ചണ്ഡികേ! ഭഗവതി! ദേവന്മാരായ ഞങ്ങൾ നിന്തിരുവടിയെ നമസ്കരിക്കുന്നു. — ത്വദേകശരണന്മാരായിട്ടു് നിന്തിരുവടിയെ ഭജിക്കുന്നു.

നാഗോ — കരോജ്ജ്വലം=കരത്തെ പ്രകാശിപ്പിക്കുന്നതു്. അല്ലെങ്കിൽ രശ്മികളെക്കൊണ്ടു പ്രകാശിക്കുന്നതു്.

ജഗ — അസുരാ......നതാ വയം സ്വാഹാ ഉ.വ്യ

ഉ.വ്യ. രോഗാനശേഷാനപഹംസി തുഷ്ടാ
രുഷ്ടാ തു കാമാൻ സകലാനഭീഷ്ടാൻ
ത്വാമാശ്രിതാനാം ന വിപന്നരാണാം
ത്വാമാശ്രിതാ ഹ്യാശ്രയതാം പ്രയാന്തി. ന്ധൂർ

(ത്വം) തുഷ്ടാ = നിന്തിരുവടി സന്തോഷിച്ചവളായാൽ
അശേഷാൻ രോഗാൻ = സകലങ്ങളായ ഉപദ്രവങ്ങളേയും
രുഷ്ടാ തു = കോപിച്ചവളായാൽ
സകലാൻ അഭീഷ്ടാൻ കാമാൻ അപഹംസി } = എല്ലാ ഇഷ്ടങ്ങളായ മനോരഥങ്ങളേയും നശിപ്പിക്കുന്നു.
ത്വാം ആശ്രിതാനാം നരാണാം } = നിന്തിരുവടിയെആശ്രയിക്കുന്ന മനുഷ്യർക്കു്
വിപൽ ന = ആപത്തു് ഉണ്ടാകുകയില്ല.
ത്വാം ആശ്രിതാഃ = നിന്തിരുവടിയെ ആശ്രയിക്കുന്നവർ

ആശ്രയതാം = അന്യന്മാരാൽ ആശ്രയിക്കപ്പെടുന്ന സ്ഥി-
പ്രയാന്തി ഹി = പ്രാപിക്കുന്നു; പ്രസിദ്ധം. [തിയെ

നിന്തിരുവടി പ്രസാദിച്ചാൽ സകലരോഗങ്ങളേയും നശിപ്പിക്കു ന്നു. കോപിച്ചാൽ സകലമനോരഥങ്ങളെയും ഇല്ലാതാക്കുകയുംചെ യ്യുന്നു. നിന്തിരുവടിയെ ആശ്രയിക്കുന്നവൎക്കു യാതൊരു ആപത്തുകളും ഉണ്ടാകുകയില്ല. അവർ മററുള്ളവരാൽ ആശ്രയിക്കപ്പെടുന്നവരായി ഭവിക്കുന്നു.

ചതു—നിന്തിരുവടി സന്തോഷിച്ചാൽ സകലഉപദ്രവങ്ങളേയും, കോപിച്ചാൽ അതിപ്രിയങ്ങളായിരിക്കുന്ന എല്ലാ ആഗ്രഹങ്ങളേയും നശിപ്പിക്കുന്നു. വിശേഷിച്ചും നിന്തിരുവടിയെ ആശ്രയിക്കുന്നവരെ, മററുള്ളവർ ആശ്രയിക്കുകയും ചെയ്യുന്നു.

ശാന്ത—"ദദാസി കാമാൻ സകലാനഭീഷ്ടാൻ" എന്നു പാഠഭേദം. അല്ലയോ ദേവി! ആരാധനകൊണ്ടു നിന്തിരുവടി തുഷ്ടയായിത്തീൎന്നാൽ ആശ്രിതന്മാരുടെ അശേഷരോഗങ്ങളേയും നശിപ്പിക്കുകയും സകലാഭീ ഷ്ടങ്ങളേയും ദാനംചെയ്യുകയും ചെയ്യുന്നു. അല്ലയോ ദേവി! നിന്തിരുവ ടിയെ ആശ്രയിക്കുന്നമനുഷ്യൎക്കു ആപത്തുകൾ ഉണ്ടാകുകയില്ല. ആ ആശ്രയവാന്മാരായ മനുഷ്യർ അന്യന്മാരാൽ ആശ്രയിക്കപ്പെടുന്ന അവസ്ഥയെ—സേവിക്കപ്പെടുന്ന സ്ഥിതിയെ—പ്രാപിക്കുന്നു. ആരു നിന്തിരുവടിയെ ഭജിക്കുന്നുവോ അവർ അന്യന്മാരാൽ ആശ്രയിക്കപ്പെ ടുന്നു—എന്നു താല്പൎയ്യം.

ജഗ—രോഗാനശേഷാൻ......പ്രയാന്തി സ്വാഹാ ഹൻ

ഹൻ. ഏതൽ കൃതം യൽ കദനം ത്വയാദ്യ
ധൎമ്മദ്വിഷാം ദേവി! മഹാസുരാണാം
രൂപൈരനേകൈർബ്ബഹുധാത്മമൂൎത്തിം
കൃത്വാംബികേ തൽ പ്രകരോതി കാന്യാ? ൩൦

ദേവി! അംബികേ! = അല്ലയോദേവി! അല്ലയോഅംബികേ!
അദ്യ ത്വയാ = ഇപ്പോൾ നിന്തിരുവടിയാൽ
ആത്മമൂൎത്തിം = നിജശരീരത്തെ
അനേകൈഃ രൂപൈഃ = അനേകം രൂപങ്ങളെക്കൊണ്ടു
ബഹുധാ കൃത്വാ = ബഹുവിധത്തിലാക്കിച്ചെയ്തിട്ടു
ധൎമ്മദ്വിഷാം മഹാസുരാണാം = ധൎമ്മദ്രോഹികളായ മഹാസുരന്മാരുടെ
യൽ കദനം കൃതം = യാതൊരുനാശം ചെയ്യപ്പെട്ടുവോ
തൽ ഏതൽ = ആ ഇതു
അന്യാ കാ പ്രകരോതി = വേറേ ഏതൊരുവൾ ചെയ്യുന്നു?

അല്ലയോ ദേവി! അല്ലയോ അംബികേ! നിന്തിരുവടി ഇപ്പോൾ സ്വശരീരത്തെ ബ്രാഹ്മ്യാദിരൂപങ്ങളെക്കൊണ്ടു് പലവിധത്തിലാക്കി ച്ചെയ്തിട്ടു് ധർമ്മദ്രോഹികളായ മഹാസുരന്മാരുടെ നാശത്തെച്ചെയ്തു. അതു് ചെയ്യുവാൻ മററു് ഏതൊരുവൾ ശക്തിയുള്ളവളായിത്തീരുന്നു. ഒരുത്തിയും ശക്തിയുള്ളവളായി തീരുന്നില്ല.

ശാന്ത—അല്ലയോ അംബികേ! അല്ലയോ ചണ്ഡികേ! ഹേ ദേവി! ഇപ്പോൾ നിന്തിരുവടി നിജശരീരത്തെ ബ്രഹ്മാണ്യാദിശക്തി രൂപങ്ങളെക്കൊണ്ടു് അനേകരൂപങ്ങളാക്കിച്ചെയ്തിട്ടു് യാഗാദികർമ്മ ദ്രോഹികളായി—ധർമ്മദ്രോഹികളായി, ഇരിക്കുന്ന ശുംഭാദികളായ മഹാസുരന്മാരുടെ യാതൊരു നാശത്തെ ചെയ്തുവോ അതു് നിന്തിരുവ ടിയിൽനിന്നു് അപരയായി ഇരിക്കുന്ന യാതൊരു ദേവത ചെയ്യുന്നു? ആരു് ചെയ്വാൻ ശക്തയായിത്തീരുന്നു? ഒരുത്തരും ശക്തയായി തീരു ന്നില്ല—നിന്തിരുവടിതന്നെ ശക്തയായിത്തീരുന്നു എന്നർത്ഥം.

ഇവിടെ ധർമ്മം എന്നുപറഞ്ഞതു് വൈദികകർമ്മം ആകുന്നു.

"അഥാതോ ധർമ്മജിജ്ഞാസാ" എന്നു സൂത്രം.

ജഗ—ഏതൽ കൃതം......കാന്യാ സ്വാഹാ ൩൦

൩൦. വിദ്യാസു ശാസ്ത്രേഷു വിവേകദീപേ-
ഷ്വാദ്യേഷു വാക്യേഷു ച കാ ത്വദന്യാ
മമത്വഗർത്തേഽതിമഹാന്ധകാരേ
ബിഭ്രാമയത്യേതദതീവ വിശ്വം. ൩൧

വിദ്യാസു	= ഇന്ദ്രജാലാദിവിദ്യകളും
ശാസ്ത്രേഷു	= മനുസ്മൃത്യാദിശാസ്ത്രങ്ങളും
വിവേകദീപേഷു	= ഉപനിഷത്തുകളും
ആദ്യേഷു വാക്യേഷു ച	= വേദവാക്യങ്ങളും ഉണ്ടായിരിക്കുമ്പോൾ
യാ ഏതൽ വിശ്വം	= യാതൊരു ദേവി ഈ പ്രപഞ്ചത്തെ
അതിമഹാന്ധകാരേ	= അത്യന്തം അജ്ഞാനരൂപമായ
മമത്വഗർത്തേ	= മമതയാകുന്ന മോഹക്കുണ്ടിൽ (പതിപ്പിച്ചു്)
അതീവ ബിഭ്രാമയതി	= അത്യന്തം ഭ്രമിപ്പിക്കുന്നുവോ
(സാ)	= (ആ ദേവി)
ത്വദന്യാ കാ	= നിന്തിരുവടിയെവിട്ടു് മററാരാണു്?

ഇന്ദ്രജാലം മുതലായവിദ്യകൾ, മനുസ്മൃതിമുതലായ ശാസ്ത്ര ങ്ങൾ, ഉപനിഷത്തുകൾ, വേദവാക്യങ്ങൾ ഇവയെല്ലാം ഉള്ളപ്പോൾ ഈ പ്രപഞ്ചത്തെ ഏററവും അജ്ഞാനരൂപമായ മോഹക്കുണ്ടിലിട്ടു്

അത്യന്തം വട്ടംതിരിക്കുന്നദേവി, വിഷ്ണുമായാരൂപിണിയായ നിന്തിരുവടിയല്ലാതെ മററ് ആരാണ്? ആരുമില്ല.

ചതു—ഇന്ദ്രജാലാദിവിദ്യകളും വേദങ്ങളിൽനിന്ന് അന്യമായ വിദ്യകളും തത്ത്വസാക്ഷാൽകാരത്തെ ബോധിപ്പിക്കുന്ന വേദാന്തങ്ങളും ഉപനിഷത്തുകളേക്കാൾ പ്രാചീനത്വമുള്ള കർമ്മകാണ്ഡങ്ങളും ജ്ഞാനപ്രകാശകങ്ങളായ വേദങ്ങളും ഉള്ളപ്പോൾ ഈ പ്രപഞ്ചത്തെ അജ്ഞാനരൂപമായ സംസാരക്കുണ്ടിൽ ഇട്ട് വീണ്ടും വീണ്ടും വട്ടംകറക്കുന്നത് നിന്തിരുവടിയല്ലാതെ മററാരാണ്?

ശാന്ത—വലുതായിരിക്കുന്ന അജ്ഞാനമാകുന്ന അന്ധകാരപടലത്തെ പാടനം ചെയ്യുന്നതിനു സമർത്ഥങ്ങളായ പതിന്നാലു വിദ്യകളും ദണ്ഡനീതി മുതലായവയും, ജ്ഞാനപ്രദങ്ങളായ മന്ത്രങ്ങളും പ്രവൃത്തിമാർഗ്ഗത്തേയും നിവൃത്തിമാർഗ്ഗത്തേയും ഉപദേശിക്കുന്ന മനുസ്മൃതി മുതലായ ശാസ്ത്രങ്ങളും വേദങ്ങളും പുരാണങ്ങളും ഉള്ളപ്പോൾ അവകളിൽനിന്നുണ്ടാകുന്ന വിവേകങ്ങളെ എല്ലാം നശിപ്പിച്ചിട്ട് അത്യജ്ഞാനരൂപമായ മമതക്കുണ്ടിൽ ഈ പ്രപഞ്ചത്തെ പതിപ്പിച്ച് ഏററവും ഭ്രമിപ്പിക്കുന്നത് നിന്തിരുവടിയല്ലാതെ വേറേ ആരാണ്? വിഷ്ണുമായയായി മഹാമായയായി ഇരിക്കുന്ന നിന്തിരുവടിതന്നെ ആകുന്നു. മററാരുമല്ല.

വിദ്യാസുശാസ്ത്രേഷു=വിത്-യാ-സുശാസ്ത്രേഷു എന്നു പദച്ഛേദം.

ആദ്യേഷു വാക്യേഷു=വേദവാക്യങ്ങളിലും, വിവേകദീപേഷു സുശാസ്ത്രേഷു=ബ്രഹ്മജ്ഞാനമാകുന്ന വിവേകത്തെ പ്രകാശിപ്പിക്കുന്ന ശോഭനശാസ്ത്രങ്ങളിലും, യാ, വിത്=യാതൊരുജ്ഞാനം ഭവിക്കുന്നുവോ, സാ വിത്=ആ ജ്ഞാനം, ത്വദന്യാ കാ=വിദ്യാരൂപിണിയായ നിന്തിരുവടിയെവിട്ട് മററാരാണ്? അതുകൊണ്ടുതന്നെയാണ് നിന്തിരുവടി അഭക്തന്മാരെ സംസാരമോഹക്കുണ്ടിൽ ഇട്ട് വട്ടംതിരിക്കുന്നത്.

ജഗ—വിദ്യാസു......വിശ്വം സ്വാഹാ — ന.ഫ

ന.ഫ. രക്ഷാംസി യത്രോഗ്രവിഷാശ്ച നാഗാ
യത്രാരയോ ദസ്യുബലാനി യത്ര
ദാവാനലോ യത്ര തഥാബ്ധിമധ്യേ
തത്രസ്ഥിതാ ത്വം പരിപാസി വിശ്വം. ൫൦൭

രക്ഷാംസി യത്ര	= രാക്ഷസന്മാർ എവിടെയോ
ഉഗ്രവിഷാഃ നാഗാഃ ച	= മഹാവിഷങ്ങളെ ധരിക്കുന്ന സർപ്പങ്ങൾ എവിടെ
അരയഃ യത്ര	= ശത്രുക്കൾ എവിടെ

ദസ്യുബലാനി യത്ര	= കള്ളന്മാരുടെ കൂട്ടം എവിടെ
ദാവാനലഃ യത്ര	= കാട്ടുതീയ് എവിടെ
തഥാ അബ്ധിമധ്യേ	= അതുപോലെ സമുദ്രമദ്ധ്യത്തിലും
തത്രസ്ഥിതാ	= അവിടെ അവിടെ സ്ഥിതിചെയ്തിട്ട്
ത്വം വിശ്വം പരിപാസി	= നിന്തിരുവടി ലോകത്തെ രക്ഷിക്കുന്നു.

രാക്ഷസന്മാർ, ഉഗ്രവിഷമുള്ള സർപ്പങ്ങൾ, ശത്രുക്കൾ, കള്ളന്മാരുടെക്കൂട്ടം ഇവരിൽനിന്നുണ്ടാകുന്ന സങ്കടങ്ങളിൽനിന്നും കാട്ടുതീയ് നിമിത്തമുണ്ടാകുന്ന സങ്കടത്തിൽനിന്നും സമുദ്രമദ്ധ്യത്തിൽ ഉണ്ടാകുന്ന ആപത്തിൽനിന്നും ഈ പ്രപഞ്ചത്തെ എല്ലാം നിന്തിരുവടി അതാതുദിക്കിൽ സ്ഥിതിചെയ്തുകൊണ്ടു രക്ഷിക്കുന്നു.

ശങ്ക—അല്ലയോ ദേവി! നിന്തിരുവടി അതാതുദിക്കിൽ സ്ഥിതിചെയ്തുകൊണ്ട് വിശ്വത്തെ രക്ഷിക്കുന്നു—ഏതേതുദിക്കിൽ സ്ഥിതി ചെയ്തുകൊണ്ടാണു് രക്ഷിക്കുന്നതു്? എന്നാണെങ്കിൽ രാക്ഷസന്മാരും ദൈത്യന്മാരും ഉഗ്രവിഷങ്ങളോടുകൂടിയ തക്ഷകാദിസർപ്പങ്ങളും ശത്രുക്കളും കള്ളന്മാരുടെക്കൂട്ടവും കാട്ടുതീയും ഏതേതുദിക്കിലോ അവിടെ അവിടെ എല്ലാം സ്ഥിതിചെയ്തുകൊണ്ടും, അതുപോലെതന്നെ സമുദ്രമദ്ധ്യത്തിൽ സ്ഥിതിചെയ്തുകൊണ്ടും രക്ഷിക്കുന്നു. സകലദിക്കുകളിലും അതാതു് ഉപദ്രവങ്ങൾ ഉണ്ടാകുമ്പോൾ നിന്തിരുവടിയെ സ്മരിച്ചാൽ നിന്തിരുവടി സർവ്വവ്യാപിനിയാകകൊണ്ട് അവിടെ അവിടെ എല്ലാം ഇരുന്നു് ഈ ലോകത്തെ മുഴുവൻ രക്ഷിക്കുന്നു.

ജപം—രക്ഷാംസി......വിശ്വം സ്വാഹാ നമഃ

നമഃ. വിശ്വേശ്വരി ത്വം പരിപാസി വിശ്വം
വിശ്വാത്മികാ ധാരയസീതി വിശ്വം
വിശ്വേശവന്ദ്യാ ഭവതീ ഭവന്തി
വിശ്വാശ്രയാ യേ ത്വയി ഭക്തിനമ്രാഃ. സ്വാഹാ

ത്വം	= നിന്തിരുവടി
വിശ്വേശ്വരീ	= വിശ്വത്തിനു് ഈശ്വരിയായിഭവിക്കുന്നു.
വിശ്വം	= (അതുനിമിത്തം) ഈ ബ്രഹ്മാണ്ഡത്തെ
പരിപാസി	= രക്ഷിക്കുന്നു.
(ത്വം)	= (നിന്തിരുവടി)
വിശ്വാത്മികാ	= പ്രപഞ്ചസ്വരൂപിണിയാകുന്നു,
ഇതി	= അതുനിമിത്തം
വിശ്വം ധാരയസി	= ഈ പ്രപഞ്ചത്തെ ധരിക്കുന്നു.
ഭവതീ	= നിന്തിരുവടി

വിശേശ്വവന്ദ്യാ	= ലോകനാഥന്മാൎക്കു വന്ദ്യയായ് ഭവിക്കുന്നു. (അതുകൊണ്ടു്)
യേ ത്വയി	= യാവചിലർ നിന്തിരുവടിയിൽ
ഭക്തിനമ്രാഃ	= ഭക്തിയോടുകൂടി നമസ്കരിക്കുന്നവരായി ഭവിക്കുന്നുവോ
വിശ്വാശ്രയാഃ ഭവന്തി	= അവർ ലോകത്തിന്നു് ആശ്രയഭൂതന്മാരായി ഭവിക്കുന്നു.

അല്ലയോ ദേവി! നിന്തിരുവടി വിശ്വേശ്വരിയാകകൊണ്ടു് വിശ്വത്തെ പരിപാലിക്കുന്നു. നിന്തിരുവടി വിശ്വാത്മികയായതുകൊണ്ടു് വിശ്വത്തെ ധരിക്കുന്നു. നിന്തിരുവടി ഇന്ദ്രബ്രഹ്മാദികൾക്കുംകൂടി വന്ദ്യയാകകൊണ്ടു് നിന്തിരുവടിയെ ഭക്തിയോടുകൂടി നമസ്കരിക്കുന്നവർ വിശ്വത്തിന്നു് ആശ്രയഭൂതന്മാരായി ഭവിക്കുന്നു.

ശാന്ത—അല്ലയോ ദേവി! നിന്തിരുവടി വിശ്വേശ്വരിയാകകൊണ്ടു വിശ്വത്തെ പരിപാലിക്കുന്നു അല്ലെങ്കിൽ വിശ്വവ്യാപിനിയാകകൊണ്ടു് ലോകത്തെ പരിപാലിക്കുന്നു നിന്തിരുവടി വിശ്വാത്മികയാകകൊണ്ടു് വിശ്വത്തെ ധരിക്കുന്നു. നിന്തിരുവടി, വിശ്വസ്രഷ്ടാവായ ബ്രഹ്മാവു്, രക്ഷിതാവായ വിഷ്ണു, സംഹൎത്താവായ മഹേശ്വരൻ എന്നിവൎക്കുംകൂടി വന്ദ്യയായി സ്തുത്യയായി, ഭവിക്കുന്നതുകൊണ്ടു് നിന്തിരുവടിയെ ഭക്തിയോടുകൂടി നമസ്കരിക്കുന്നവർ വിശ്വത്തിന്നു് ആശ്രയഭൂതന്മാരായി ഭവിക്കുന്നു.

'വിശ്വേശ്വരി!'എന്നു് സംബുദ്ധിയാണെങ്കിൽ അല്ലയോ വിശ്വേശ്വരി! നിന്തിരുവടി ലോകത്തെ രക്ഷിക്കുന്നു എന്നൎത്ഥം.

"വിശ്വേശവന്ദ്യാ ഭവതി ഭവായ" എന്നു പാഠഭേദം.

ലോകനാഥന്മാൎക്കുംകൂടി വന്ദ്യയായിരിക്കുന്ന നിന്തിരുവടി ഭക്തന്മാൎക്കു് സമ്പത്തിനായിക്കൊണ്ടുതീരുന്നു എന്നൎത്ഥം.

ജഗ—വിശ്വേശ്വരീ......ഭക്തിനമ്രാഃ സ്വാഹാ ൩൩

൩൩. ദേവി! പ്രസീദ പരിപാലയ നോഽരിഭീതേ-
ൎന്നിത്യം യഥാഽസുരവധാദധുനൈവ സദ്യഃ
പാപാനി സൎവ്വജഗതാം പ്രശമം നയാശു
ഉൽപാതപാകജനിതാംശ്ച മഹോപസൎഗ്ഗാൻ. ൩൪

ദേവി! പ്രസീദ	= അല്ലയോ ദേവി! നിന്തിരുവടി പ്രസാദിച്ചാലും.
യഥാ	= എപ്രകാരം
അസുരവധാൽ	= മഹാസുരന്മാരെ വധിച്ചതുനിമിത്തം

അധുനാ ഏവ	= ഇപ്പോൾത്തന്നെ
സദ്യഃ നഃ	= ക്ഷണത്തിൽ ഞങ്ങളെ (രക്ഷിച്ചുവോ)
(തഥാ) അരിഭീതേഃ	= (അപ്രകാരം) ശത്രുഭയത്തിൽനിന്ന്
നിത്യം പരിപാലയ	= എല്ലായ്പോഴും രക്ഷിച്ചാലും.
സർവ്വജഗതാം പാപാനി	= സകലലോകങ്ങളുടേയും ദുരിതങ്ങളേയും
ഉല്പാതപാകജനിതാൻ	= അധർമ്മപരിണാമമായുണ്ടാകുന്ന
മഹോപസർഗ്ഗാൻ	= മഹോപദ്രവങ്ങളേയും
ആശു പ്രശമം നയ	= വേഗത്തിൽപ്രശാന്തിയെപ്രാപിപ്പിച്ചാലും.

അല്ലയോ ദേവി! നിന്തിരുവടി പ്രസാദിച്ചാലും. എപ്രകാരം മഹാസുരന്മാരെവധിച്ചതുനിമിത്തം ഇപ്പോൾത്തന്നെ ക്ഷണത്തിൽ ഞങ്ങളെ രക്ഷിച്ചുവോ അപ്രകാരംതന്നെ ശത്രുഭയത്തിൽനിന്ന് എല്ലായ്പോഴും രക്ഷിച്ചാലും. സകലലോകങ്ങളുടേയും ദുരിതങ്ങളേയും അധർമ്മപരിണാമമായുണ്ടാകുന്ന മസൂരി മുതലായ മഹോപദ്രവങ്ങളേയും വേഗത്തിൽ പ്രശാന്തിയെ പ്രാപിപ്പിച്ചാലും.

ശാന്ത—അല്ലയോദേവി! നിന്തിരുവടി ദേവന്മാരായ ഞങ്ങളെക്കുറിച്ച് പ്രസാദിച്ചാലും. നിന്തിരുവടി വേഗത്തിൽ ശുംഭാദ്യസുരന്മാരെ നിഗ്രഹിച്ചതുനിമിത്തം ഇപ്പോൾ ഞങ്ങളെ രക്ഷിച്ചു. അതുപോലെതന്നെ ഭാവികാലത്തുമുണ്ടാകുന്ന ശത്രുഭയത്തിങ്കൽനിന്ന് എല്ലായ്പോഴും ഞങ്ങളെ രക്ഷിച്ചാലും. അല്ലയോ ദേവി! സർവ്വലോകങ്ങളുടേയും പാപങ്ങളേയും അധർമ്മത്തിന്റെ പരിണാമംകൊണ്ടുണ്ടാകുന്ന ഇടിവെട്ടുക മുതലായ ഉപദ്രവങ്ങളേയും വേഗത്തിൽ നശിപ്പിച്ചാലും. ഇങ്ങനെ ത്വദേകശരണന്മാരായിരിക്കുന്ന ദേവകളായ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നാഗോ—അല്ലയോ ദേവി! നിന്തിരുവടി ഇപ്പോൾത്തന്നെ അസുരവധത്തിൽനിന്ന് ഞങ്ങളെ രക്ഷിച്ചതുപോലെ ശത്രുഭയത്തിൽനിന്നും രക്ഷിച്ചാലും. സകലലോകങ്ങളുടേയും പാപങ്ങളേയും അനിഷ്ടസൂചകങ്ങളായി കൊള്ളിമീൻവീഴുക മുതലായ ദുർന്നിമിത്തങ്ങളുടെ പരിണാമമായുണ്ടാകുന്ന മരണംമുതലായ ഉപദ്രവങ്ങളേയും നശിപ്പിച്ചാലും.

ജഗ—ദേവി! പ്രസീദ......മഹോപസർഗ്ഗാൻ സ്വാഹാ ൩൪

൩൪. പ്രണതാനാം പ്രസീദ ത്വം ദേവി! വിശ്വാർത്തിഹാരിണി!

ത്രൈലോക്യവാസിനാമീഡ്യേ ലോകാനാം വരദാ ഭവ. സ്വാഹാ

വിശ്വാർത്തിഹാരിണി! ദേവി!	= ലോകത്തിന്റെ പീഡകളെ നശിപ്പിക്കുന്ന ദേവി!
ത്വം	= നിന്തിരുവടി
പ്രണതാനാം	= ഭക്തിയോടുകൂടി നമസ്കരിക്കുന്നവർക്ക്

പ്രസീദ	= പ്രസാദിച്ചാലും.
ത്രൈലോക്യവാസിനാം	= മൂന്നുലോകത്തിലും വസിക്കുന്നവക്ക്
ഈഡ്യേ	= സ്തുതിക്കപ്പെട്ടുവാൻയോഗ്യയായുള്ളവളേ
(ത്വം) ലോകാനാം	= നിന്തിരുവടി ലോകങ്ങൾക്ക്
വരദാ ഭവ	= വരങ്ങളെ ദാനംചെയ്യുന്നവളായി ഭവിച്ചാലും.

അല്ലയോ പ്രപഞ്ചത്തിന്റെ ദുഃഖങ്ങളെ നശിപ്പിക്കുന്ന ദേവി! ഭക്തിയോടുകൂടി നമസ്കരിക്കുന്നവരിൽ പ്രസാദിച്ചാലും. ത്രൈലോക്യവാസികൾക്കെല്ലാം സ്തുത്യയായ നിന്തിരുവടി ലോകങ്ങൾക്ക് വരങ്ങളെ ദാനംചെയ്യുന്നവളായി ഭവിച്ചാലും.

ശാന്ത—ലോകത്തിലുള്ള പീഡകളെ എല്ലാം നശിപ്പിക്കുന്ന നിന്തിരുവടി ഭക്തിയോടുകൂടി നമസ്കരിക്കുന്നവരെക്കുറിച്ചു പ്രസാദിച്ചാലും. മൂന്നുലോകങ്ങളിലും വസിക്കുന്നവക്കെല്ലാം സ്തുതിക്കപ്പെടുവാൻ യോഗ്യയായ ദേവി! നിന്തിരുവടി ലോകങ്ങൾക്ക് വരങ്ങളെ ദാനം ചെയ്യുന്നവളായി ഭവിച്ചാലും.

ജഗ—പ്രണതാനാം......വരദാ ഭവ സ്വാഹാ ൩൫

ദേവ്യുവാച—൩൬

൩൫. വരദാഹം സുരഗണാഃ! വരം യന്മനസേച്ഛഥ
തം വൃണുധ്വം പ്രയച്ഛാമി ജഗതാമുപകാരകം. ൩൬

ദേവി പറഞ്ഞു.

സുരഗണാഃ!	= അല്ലയോ ദേവസമൂഹങ്ങളേ!
അഹം വരദാ	= ഞാൻ വരത്തെദാനംചെയ്യുന്നവളാകുന്നു.
യൽ വരം	= യാതൊരുവരത്തെ (നിങ്ങൾ)
മനസാ ഇച്ഛഥ	= മനസ്സുകൊണ്ടു് ഇച്ഛിക്കുന്നുവോ
ജഗതാം ഉപകാരകം	= ലോകങ്ങൾക്ക് ഉപകാരത്തെ ചെയ്യുന്നതായ
തം (വരം) വൃണുധ്വം	= ആ വരത്തെ പ്രാർത്ഥിച്ചാലും
പ്രയച്ഛാമി	= ഞാൻ തരുന്നുണ്ടു്.

അല്ലയോ ദേവഗണങ്ങളേ! ഞാൻ ഭക്തന്മാക്കു് വരത്തെ ദാനം ചെയ്യുന്നവളാകുന്നു. നിങ്ങൾ മനസ്സുകൊണ്ടു് ഏതൊരു വരത്തെ ഇച്ഛിക്കുന്നുവോ ലോകോപകാരകമായ ആ വരത്തെ വരിച്ചാലും. ഞാൻ ദാനംചെയ്യാം.

ചതു—"വരം യം മനസേച്ഛഥ" എന്നു പാഠഭേദം.

ശാന്ത—ചണ്ഡികാദേവി ആ ദേവന്മാരാൽ സ്തുതിക്കപ്പെട്ടിട്ടു് അവരോടു് ഉചിതമായ വാക്കിനെ പറഞ്ഞു.

അല്ലയോ സുരഗണങ്ങളേ! ഞാൻ വരാത്ത ദാനംചെയ്യുന്നവളാകുന്നു—ഞാൻ നിങ്ങൾക്കു വരദയായി ഭവിക്കുന്നു—പ്രീതയാകുന്നു, എന്നു താല്പര്യം. നിങ്ങൾ മനസ്സുകൊണ്ടു് യാതൊരുവരത്തെ ഇച്ഛിക്കുന്നുവോ, ജഗത്തുകൾക്കു് ഉപകാരത്തെ ചെയ്യുന്ന ആ വരത്തെ വരിച്ചാലും; ഞാൻ ദാനം ചെയ്യുന്നുണ്ടു്.

"വൃണീധ്വം" എന്നു പാഠഭേദം.

ജഗ—ദേവ്യുവാച സ്വാഹാ — ൩൬

വരദാഹം......മുപകാരകം സ്വാഹാ — ൩൭

ദേവാ ഊചുഃ—ന്യമ

൩൬. സർവ്വാബാധാപ്രശമനം ത്രൈലോക്യസ്യാഖിലേശ്വരി!
ഏവമേവ ത്വയാ കാര്യമസ്മദ്വൈരിവിനാശനം. — ൩൮

ദേവന്മാർ പറഞ്ഞു.

അഖിലേശ്വരി!	= അല്ലയോ സർവ്വേശ്വരി!
ത്രൈലോക്യസ്യ	= മൂന്നുലോകങ്ങൾക്കും
സർവ്വാബാധാപ്രശമനം	= സകലദുഃഖങ്ങളേയുംനശിപ്പിക്കുന്നതായ
അസ്മദ്വൈരിവിനാശനം	= ഞങ്ങളുടെ ശത്രുനാശം
ഏവം ഏവ	= ഇപ്രകാരംതന്നെ
ത്വയാ	= നിന്തിരുവടിയാൽ
കാര്യം	= ചെയ്യപ്പെടേണ്ടതാകുന്നു.

അല്ലയോ സർവ്വേശ്വരിയായ ദേവി! മൂന്നുലോകങ്ങൾക്കും സകലദുഃഖങ്ങളേയും നശിപ്പിക്കുന്നതായ ഞങ്ങളുടെ ശത്രുനാശം ഇപ്രകാരംതന്നെ നിന്തിരുവടിയാൽ കർത്തവ്യമാകുന്നു.

ശാന്ത—"സർവ്വബാധാപ്രശമനം" എന്നു പാഠഭേദം.

അഖിലവിശ്വവ്യാപകയായി ത്രൈലോക്യസ്വാമിനിയായി ഇരിക്കുന്ന അല്ലയോ ദേവി! ഭഗവതിയായ നിന്തിരുവടിയാൽ മൂന്നുലോകങ്ങൾക്കും സർവ്വദുഃഖവിനാശവും ഞങ്ങളുടെ ശത്രുവിനാശവും ഇപ്രകാരംതന്നെ ചെയ്യപ്പെടേണ്ടതാകുന്നു.

നിന്തിരുവടിയാൽ ഇപ്രകാരം ചെയ്യപ്പെട്ടതു് ജഗദുപകാരകമായ ഒരു കർമ്മമാകുന്നു—സർവ്വത്രവ്യാപിച്ചിരിക്കുന്ന ദുഃഖങ്ങളുടെ വിനാശവും ഞങ്ങളുടെ ശത്രുക്കളായിരിക്കുന്ന അസുരന്മാരുടെ വിനാശവും ആകുന്നു.

സർവ്വാബാധാപ്രശമനം=സർവ്വങ്ങളായ ആബാധകളുടെയും പ്രശമനം. ആബാധകൾ=മഹതികളായ ബാധകൾ=വലിയ ഉപദ്രവങ്ങൾ. അല്ലെങ്കിൽ ചുററുമുള്ള ഉപദ്രവങ്ങൾ.

ജഗ—ദേവാ ഊചുഃ സ്വാഹാ ൩൮

സർവ്വാബാധാ...വിനാശനം സ്വാഹാ ൩൯

ദേവ്യുവാച — ൪൦

൪൧. വൈവസ്വതേന്തരേ പ്രാപ്തേ അഷ്ടാവിംശതിമേ യുഗേ
ശുംഭോ നിശുംഭശ്ചൈവാന്യാവുല്പത്സ്യേതേ മഹാസുരൌ. ൪൧

ദേവി പറഞ്ഞു.

വൈവസ്വതേന്തരേ	= വൈവസ്വതമന്വന്തരത്തിൽ
അഷ്ടാവിംശതിമേ യുഗേ പ്രാപ്തേ	= ഇരുപത്തെട്ടാമത്തെ യുഗംവരുമ്പോൾ
ശുംഭഃ നിശുംഭഃ ച	= ശുംഭനിശുംഭന്മാർ എന്ന
അന്യൌ മഹാസുരൌ	= വേറെ രണ്ടു മഹാസുരന്മാർ
ഉൽപ്പത്സ്യേതേ	= ഉത്ഭവിക്കും.

വൈവസ്വതമന്വന്തരത്തിൽ ഇരുപത്തെട്ടാമത്തെ ചതുർയ്യുഗത്തിൽ ശുംഭനിശുംഭന്മാർ എന്ന പേരോടുകൂടി വേറെ രണ്ടു മഹാസുരന്മാർ ഉണ്ടാകും.

ഗുപ്ത—യുഗേ=ചതുർയ്യുഗത്തിൽ, അതിൽത്തന്നെ കലിദ്വാപരസന്ധിയിൽ എന്നു താല്പര്യം.

ചതു—വൈവസ്വതേന്തരേ=വൈവസ്വതമനുവിന്റെ അധികാരത്തോടുകൂടിയ കാലത്തിൽ=ഏഴാമത്തെ മന്വന്തരത്തിൽ.

ശാന്ത—'രക്തബീജവധാനന്തരം ദേവി, യാതൊരു കാലത്തിൽ ദേവന്മാരോട് മേൽപ്പറഞ്ഞവാക്കിനെ അരുളിച്ചെയ്തുവോ ആ കാലത്തിനുശേഷം മേൽ വരാൻപോകുന്ന വൈവസ്വതമന്വന്തരകാലത്തിൽ നന്ദഗോപകുലത്തിലും മററും ദേവിയുടെ അവതാരങ്ങൾ ഉണ്ടാകും" എന്ന് ഇതുമുതൽ പറയുന്നു.

അല്ലയോ ദേവന്മാരേ! കേട്ടാലും. ജഗദുപകാരത്തിനുവേണ്ടി ദേവിയായി സർവ്വകാരണഭൂതയായി ഇരിക്കുന്ന എന്നാൽ മധുകൈടഭന്മാർ വിഷ്ണുവിനെക്കൊണ്ടു നിഗ്രഹിക്കപ്പെട്ടു. അതിന്റെശേഷം സ്വല്പകാലംകഴിഞ്ഞിട്ട് മഹിഷാസുരനും എന്നാൽ ഹനിക്കപ്പെട്ടു. പിന്നീട് ചണ്ഡമുണ്ഡന്മാർ, ധൂമ്രലോചനൻ, രക്തബീജൻ, ശുംഭനിശുംഭന്മാർ എന്നീ അസുരന്മാരും സൈന്യങ്ങളോടുകൂടി യുദ്ധത്തിൽ പതിപ്പിക്കപ്പെട്ടു. ഇപ്പോൾ എന്റെ അനുഗ്രഹംഹേതുവായിട്ട് ലോകങ്ങൾ സന്തോഷിക്കട്ടെ. ഭാവികാലത്തും ലോകോപകാരത്തിനായും നിങ്ങളുടെ സന്തോഷത്തിനുവേണ്ടിയും എന്നാൽ ചെയ്യപ്പെടുന്ന ചിലകാര്യങ്ങൾ ഇപ്പോൾ പറയുന്നു;—മേൽ വരാൻപോകുന്നവൈവസ്വതമന്വന്തര

ത്തിൽ ഇരുപത്തെട്ടാമത്തെ ചതുര്യുഗത്തിൽ ഞാൻ ഇപ്പോൾ നിഗ്രഹിച്ച ശുംഭനിശുംഭന്മാരെക്കൂടാതെ വേറേ ശുംഭനിശുംഭന്മാർ എന്ന പേരോടുകൂടി രണ്ടു മഹാസുരന്മാർ ഉണ്ടാകും.

ജഗ—ദേവ്യുവാച സ്വാഹാ ൪൦

വൈവസ്വതേ...മഹാസുരൗ സ്വാഹാ ൪൧

൩൮. നന്ദഗോപഗൃഹേ ജാതാ യശോദാഗർഭസംഭവാ
തതസ്തൗ നാശയിഷ്യാമി വിന്ധ്യാചലനിവാസിനീ. ൩൧൨

തതഃ = അനന്തരം
നന്ദഗോപഗൃഹേ = നന്ദഗോപരുടെഗൃഹത്തിൽ
യശോദാഗർഭസംഭവാ ജാതാ = യശോദയുടെ പുത്രിയായി ജനിച്ചിട്ട്
വിന്ധ്യാചലനിവാസിനീ = വിന്ധ്യാദ്രിയിൽവസിച്ചുകൊണ്ട്
തൗ നാശയിഷ്യാമി = അവരെ നശിപ്പിക്കുന്നുണ്ട്.

അപ്പോൾ ഞാൻ നന്ദഗോപരുടെ ഗൃഹത്തിൽ യശോദയുടെപുത്രിയായി ജനിച്ചിട്ട് വിന്ധ്യാദ്രിയിൽ വസിച്ചുകൊണ്ട് അവരെ നശിപ്പിക്കുന്നുണ്ട്". .

ഗുപ്ത—വിന്ധ്യാചലനിവാസിനി=വിന്ധ്യപർവതത്തിൽ ഗംഗാതീരത്തിൽ നിവസിക്കുന്നവൾ.

ചതു—യശോദാഗർഭസംഭവാ=നന്ദഗോപപത്നിയായ യശോദയുടെഗർഭത്തിൽ ജനിച്ചവൾ.

ശാന്ത—'അനന്തരം ദേവി നന്ദഗോപരുടെ കുലത്തിൽ—നന്ദഗോപഗൃഹത്തിൽ—യശോദയുടെ ഗർഭത്തിൽനിന്ന് ഉത്ഭവിച്ചിട്ട് വിന്ധ്യപർവതത്തിൽ വസിച്ചുകൊണ്ട് ശുംഭനിശുംഭന്മാർ എന്ന പേരോടുകൂടിയ രണ്ട് അസുരന്മാരെ നശിപ്പിക്കുന്നു' എന്നു പറയുന്നു.

നാഗോ—നന്ദഗോപരുടെ പുത്രിയായി അവതരിക്കുന്ന ഈ ദേവി മഹാലക്ഷ്മ്യംശമാകുന്നു.

"നന്ദാ ഭഗവതീനാമ യാ ഭവിഷ്യതി നന്ദജാ
കനകോത്തമകാന്തിഃ സാ സുകാന്തികനകാംബരാ
കമലാങ്കുശപാശാബ്ജൈരലംകൃതചതുർഭുജാ
ഇന്ദിരാ കമലാ ലക്ഷ്മീഃ സാ ശ്രീരുക്മാംബുജാസനാ"
(എന്ന് രഹസ്യോക്തി)

ജഗ—നന്ദഗോപഗൃഹേ...നിവാസിനീ സ്വാഹാ ൪൨

൩൯. പുനരപ്യതിരൗദ്രേണ രൂപേണ പൃഥിവീതലേ
അവതീര്യ ഹനിഷ്യാമി വൈപ്രചിത്താംശ്ച ദാനവാൻ. ൩൧൩

പുനഃ അപി = പിന്നെയും
അതിരൗദ്രേണ രൂപേണ = അതിഭയങ്കരമായ രൂപത്തോടുകൂടി
പൃഥിവീതലേ അവതീര്യ = ഭൂമിയിൽ അവതരിച്ചിട്ടു്
വൈപ്രചിത്താൻ = വിപ്രചിത്തിയുടെ പുത്രന്മാരായ
ദാനവാൻ ച ഹനിഷ്യാമി = അസുരന്മാരേയും കൊല്ലുന്നുണ്ടു്.

പിന്നെയും ഞാൻ അതിഭയങ്കരമായ രൂപത്തോടുകൂടി ഭൂമിയിൽ അവതരിച്ചു് വിപ്രചിത്തിയുടെ പുത്രന്മാരായ അസുരന്മാരേയും കൊല്ലുന്നുണ്ടു്.

ഗുപ്ത—വൈപ്രചിത്തന്മാർ=വിപ്രചിത്തിയുടെ വംശത്തിൽ ജനിച്ചവർ.

ശാന്ത—"വൈപ്രചിത്താംസ്തു ദാനവാൻ" എന്നു പാഠഭേദം.

പിന്നെയും ദേവിയായ ഞാൻ വൈവസ്വതമന്വന്തരത്തിൽ തന്നെ ഇരുപത്തെട്ടാമത്തെ ദ്വാപരയുഗം കഴിഞ്ഞു് കലിയുഗം വരുമ്പോൾ വിപ്രചിത്തി എന്ന അസുരന്റെ അപത്യങ്ങളായ വൈപ്രചിത്തന്മാർ എന്ന ദാനവന്മാരെ, അതിഭയങ്കരമായ രൂപത്തോടുകൂടി ഭൂമിയിൽ അവതരിച്ചിട്ടു് നിഗ്രഹിക്കുന്നുണ്ടു്.

ജഗ—പുനരപ്യതി......ദാനവാൻ സ്വാഹാ ൪൯

൪൦. ഭക്ഷയന്ത്യാശ്ച താനുഗ്രാൻ വൈപ്രചിത്താൻ മഹാസുരാൻ
രക്താ ദന്താ ഭവിഷ്യന്തി ദാഡിമീകുസുമോപമാഃ. സ്ഥൻ

ഉഗ്രാൻ മഹാസുരാൻ = രൗദ്രന്മാരായി മഹാസുരന്മാരായി ഇരിക്കുന്ന
താൻ വൈപ്രചിത്താൻ = ആ വിപ്രചിത്തിയുടെ പുത്രന്മാരെ
ഭക്ഷയന്ത്യാഃ ദന്താഃ = ഭക്ഷിക്കുന്നവളായ എന്റെ പല്ലുകൾ
രക്താഃ ച = ചുവന്നു്
ദാഡിമീകുസുമോപമാഃ = മാതളത്തിൻപൂക്കൾപോലെ
ഭവിഷ്യന്തി = ഭവിക്കും.

ഉഗ്രന്മാരായി മഹാസുരന്മാരായി ഇരിക്കുന്ന ആ വിപ്രചിത്തിയുടെ പുത്രന്മാരെ ഭക്ഷിക്കുന്നവളായ എന്റെ പല്ലുകൾ രക്തവർണ്ണങ്ങളായും മാതളംപൂക്കളോടുതുല്യങ്ങളായും ഭവിക്കും.

ഗുപ്ത—ഈ ദേവിക്കു് എല്ലാഅവയവങ്ങളും രക്തമയങ്ങളാകകൊണ്ടു് ഈ ദേവിയെ 'രക്തചാമുണ്ഡാ' എന്നു പറയുന്നു. ദന്താംശത്തിൽ രക്തമാധിക്യംനിമിത്തം രക്തദന്തികാ എന്നും പേർ ഉണ്ടു്.

ശാന്ത—ഉഗ്രന്മാരായി ഇരിക്കുന്ന ആ വൈപ്രചിത്തന്മാരായ മഹാസുരന്മാരെ ഭക്ഷിക്കുന്ന എന്റെ ദന്തങ്ങൾ രക്തമയങ്ങളായും

മാതളത്തിൻെറ പൂക്കൾപോലെ ചുവന്നനിറത്തോടുകൂടിയവയായും ഭവിക്കും.

ജഗ—ഭക്ഷയന്ത്യാ......കസുമോപമാഃ സ്വാഹാ ൪൪

൪൧. തതോ മാം ദേവതാഃ സ്വർഗ്ഗേ മർത്ത്യലോകേ ച മാനവാഃ
സ്തുവന്തോ വ്യാഹരിഷ്യന്തി സതതം രക്തദന്തികാം. ൩൨.൦

തതഃ സ്വർഗ്ഗേ ദേവതാഃ = അതുഹേതുവായിട്ടു് സ്വർഗ്ഗലോകത്തിൽ ദേവന്മാരും
മർത്ത്യലോകേ മാനവാഃ ച = ഭൂമിയിൽ മനുഷ്യരും
മാം = എന്നെ
സതതം സ്തുവന്തഃ = എല്ലായ്പ്പോഴും സ്തുതിച്ചുകൊണ്ടു്
രക്തദന്തികാം വ്യാഹരിഷ്യന്തി= രക്തദന്തികാ എന്നു് വ്യവഹരിക്കുന്നു.

അതുനിമിത്തം സ്വർഗ്ഗലോകത്തിൽ ദേവന്മാരും ഭൂമിയിൽ മനുഷ്യരും എന്നെ എപ്പോഴും രക്തദന്തികാ എന്നുപറഞ്ഞു് സ്തുതിക്കും.

ശാന്ത—വിപ്രചിത്തിയുടെ പുത്രന്മാരായ അസുരന്മാരെ ഭക്ഷിക്കുന്നതുനിമിത്തം ഉണ്ടാകുന്ന ചുവന്ന നിറത്തോടുകൂടിയ ദന്തങ്ങൾ ഹേതുവായിട്ടു് എന്നെ സ്വർഗ്ഗലോകത്തിൽ ദേവഗണങ്ങളും മനുഷ്യലോകത്തിൽ മർത്ത്യന്മാരും എല്ലായ്പ്പോഴും സ്തുതിച്ചുംകൊണ്ടു് രക്തദന്തികാ എന്നു വ്യവഹരിക്കുന്നു.

നാഗോ—ഈ രക്തദന്തികാദേവി കാളീരൂപംശുഭ്രതയാകുന്നു. ഈ ദേവിയുടെ കേശങ്ങളും എല്ലാ അവയവങ്ങളും ആയുധങ്ങളും രക്തമയങ്ങളാകകൊണ്ടു് ഈ ദേവിയെ രക്തചാമുണ്ഡാ എന്നു വ്യവഹരിക്കുന്നു. ഇപ്രകാരം ദേവിക്കു് അനേകം നാമങ്ങൾ ഉണ്ടെങ്കിലും 'സർവ്വത്രാഹം' എന്നു നിർദ്ദേശിച്ചിരിക്കുന്നതുകൊണ്ടു് ശാക്തന്മാർ അഭേദമായിത്തന്നെ അഭിപ്രായപ്പെടുന്നു.

ജഗ—തതോ മാം......രക്തദന്തികാം സ്വാഹാ ൪൫

൪൨. ഭൂയശ്ച ശതവാർഷിക്യാമനാവൃഷ്ട്യാമനംഭസി
മുനിഭിഃ സംസ്തുതാ ഭൂമൗ സംഭവിഷ്യാമ്യയോനിജാ. ൩൨.൧

ഭൂയഃ ച ശതവാർഷിക്യാം = പിന്നെയും നൂറുവർഷം മുഴുവനും
അനാവൃഷ്ട്യാം = മഴപെയ്യാത്തതുകൊണ്ടു്
അനംഭസി ഭൂമൗ = ജലം ഇല്ലാത്തതായ ഭൂമിയിൽ
മുനിഭിഃ സംസ്തുതാ = മുനികളാൽ നല്ലവണ്ണം സ്മരിക്കപ്പെട്ടവളായിട്ടു് (ഞാൻ)
അയോനിജാ സംഭവിഷ്യാമി= അയോനിജയായി സംഭവിക്കുന്നുണ്ടു്.

പിന്നെയും നൂറുവർഷം മുഴുവനും മഴ പെയ്യാത്തതുകൊണ്ടു് വെള്ളം ഇല്ലാതെതീൎന്ന ഭൂമിയിൽ മുനികളാൽ ഞാൻ നല്ലവണ്ണം സ്മരിക്കപ്പെട്ടവളായിട്ടു് അയോനിജയായി ഭവിക്കുന്നുണ്ടു്.

ശാന്ത—“മുനിഭിഃ സംസ്തുതാ ഭൂമൗ” എന്നു പാഠഭേദം.

പിന്നെയും നൂറുവർഷംമുഴുവനും മഴയില്ലാത്തതുകൊണ്ടു് നദീതടാകാദികളിലും ജലംശൂന്യമായിത്തീൎന്ന ഭൂമിയിൽ മുനികളാൽ നല്ലവണ്ണം സ്തുതിക്കപ്പെട്ടവളായ ഞാൻ അയോനിജയായി സംഭവിക്കുന്നുണ്ടു്—സ്വയമേവ അവതരിക്കുന്നുണ്ടു്-എന്നു താല്പൎയ്യം.

നാഗോ—അനംഭസി=കൃഷി മുതലായവയ്ക്കു് ജലം ഇല്ലാതെ ആയിത്തീൎന്ന.

അയോനിജാ=ഇപ്പോൾ എങ്ങനെ പാൎവതീദേഹത്തിൽനിന്നു പ്രത്യക്ഷപ്പെട്ടുവോ അതുപോലെ.

ജഗ—ഭൂയശ്ച......മ്യയോനിജാ സ്വാഹാ ൪൫

൪൬. തതഃ ശതേന നേത്രാണാം നിരീക്ഷിഷ്യാമി യന്മുനീൻ
കീൎത്തയിഷ്യന്തി മനുജാഃ ശതാക്ഷീമിതി മാം തതഃ. ൩൨൨

തതഃ നേത്രാണാം ശതേന	= അനന്തരം നൂറുകണ്ണുകൾകൊണ്ടു്
മുനീൻ നിരീക്ഷിഷ്യാമി	= മുനികളെ കടാക്ഷിക്കുന്നുണ്ടു്
യൽ തതഃ	= എന്നതു യാതൊന്നു്, അതുഹേതുവായിട്ടു്
മാം മനുജാഃ	= എന്നെ മനുഷ്യർ
ശതാക്ഷീം ഇതി കീൎത്തയിഷ്യന്തി	= ശതാക്ഷീ എന്നു് കീൎത്തിക്കും.

അനന്തരം ഞാൻ നൂറുകണ്ണുകളെക്കൊണ്ടു് മുനികളെ കടാക്ഷിക്കും, അതുഹേതുവായിട്ടു് എന്നെ മനുഷ്യർ ‘ശതാക്ഷി’യെന്നു് കീൎത്തിക്കും.

ഗുപ്ത—ശതാക്ഷി, ശാകംഭരി, ദുൎഗ്ഗാ എന്നീ ദേവിയുടെ സ്ഥാനങ്ങൾ കൃഷ്ണാ വേണി തുംഗഭദ്രാ എന്ന നദികളുടെ മദ്ധ്യഭാഗത്തിൽ സഹ്യപൎവതത്തിനു് അല്പം കിഴക്കായിട്ടാണെന്നു പ്രസിദ്ധിയുണ്ടു്.

ശാന്ത—അയോനിജയായി അവതരിച്ചതിന്റെ ശേഷം എന്നെ സ്തുതിക്കുകയും സ്മരിക്കുകയും ചെയ്യുന്ന ഋഷിമാരെ ഞാൻ നൂറുകണ്ണുകളെക്കൊണ്ടു കടാക്ഷിക്കുന്നതുനിമിത്തം എന്നെ മനുഷ്യർ ശതാക്ഷീ=(നൂറു കണ്ണുകളോടുകൂടിയവൾ) എന്നു കീൎത്തിക്കും.

“നിരീക്ഷിഷ്യേ യതോ മുനീൻ” എന്നു പാഠഭേദം.

ജഗ—തതഃ ശതേന......മാം തതഃ സ്വാഹാ ൪൬

൪൮. തതോഹമഖിലം ലോകമാത്മദേഹസമുത്ഭവൈഃ
ഭരിഷ്യാമി സുരാഃ! ശാകൈരാവൃഷ്ടേഃ പ്രാണധാരകൈഃ. ന്ദവന്മ

സുരാഃ!	= അല്ലയോ ദേവന്മാരേ!
തതഃ അഹം	= അനന്തരം ഞാൻ
ആത്മദേഹസമുത്ഭവൈഃ	= എന്റെ ദേഹത്തിൽനിന്നു് ഉണ്ടായവയായി
പ്രാണധാരകൈഃ	= പ്രാണരക്ഷയെ ചെയ്യുന്നവയായി ഇരിക്കുന്ന
ശാകൈഃ	= സസ്യങ്ങളെക്കൊണ്ടു്
ആവൃഷ്ടേഃ	= മഴപെയ്യുന്നതുവരെ
അഖിലം ലോകം ഭരിഷ്യാമി	= സകലലോകത്തേയും രക്ഷിക്കും.

അല്ലയോ ദേവന്മാരേ! പിന്നീടു് ഞാൻ എന്റെ ദേഹത്തിൽ നിന്നുണ്ടായവയും പ്രാണനെ രക്ഷിക്കുന്നവയുമായ ചീര മുതലായ സസ്യങ്ങളെക്കൊണ്ടു് മഴപെയ്യുന്നതുവരെ സമസ്തലോകത്തേയും രക്ഷിക്കുന്നുണ്ടു്.

ശാന്ത—അല്ലയോ ദേവന്മാരേ! എന്നെ ശതാക്ഷി എന്നു കീർത്തിച്ചതിന്റെശേഷം ഞാൻ എന്റെ ദേഹത്തിൽനിന്നുതന്നെ ഉണ്ടായവയായി സകലപ്രാണികളുടേയും പ്രാണങ്ങളെ രക്ഷിക്കുന്നവയായി ഇരിക്കുന്ന ചീര മുതലായ സസ്യാദികളെക്കൊണ്ടു് മഴയുണ്ടാകുന്നതുവരെ സകലലോകത്തേയും പോഷിപ്പിക്കുന്നുണ്ടു്.

"പത്രമൂലകരീരാഗ്രഫലകാണ്ഡാസ്ഥിരൂഢകാഃ
ത്വക് പുഷ്പം കവചം ചേതി ശാകം ദശവിധം സ്മൃതം" (എന്നു്)

നാഗോ—വൈവസ്വതമന്വന്തരത്തിൽത്തന്നെ നാല്പതാമത്തെ യുഗത്തിലാണു് ശതാക്ഷീദേവിയുടെയും ശാകംഭരീദേവിയുടെയും അവതാരം.

"തസ്മിന്നേവാന്തരേ ശക്ര! ചത്വാരിംശത്തമേ യുഗേ
ശാകംഭരീം സ്തുവൻ ധ്യായൻ ജപൻ സമ്പൂജയൻ നമൻ
അക്ഷയാമശ്നുതേ ഭൂതിമന്നം പാനം ഭവാന്തരേ"

എന്നു് ലക്ഷ്മീതന്ത്രം.

അപ്പോൾത്തന്നെ ആണു് ദുർഗ്ഗാദേവിയാൽ ചെയ്യപ്പെട്ട ദുർഗ്ഗമാസുരവധവും.

ജഗ—തതോഹമഖില......ധാരകൈഃ സ്വാഹാ ൪വ്വ

൪൯. ശാകംഭരീതി വിഖ്യാതിം തദാ യാസ്യാമ്യഹം ഭുവി
തത്രൈവ ച വധിഷ്യാമി ദുർഗ്ഗമാഖ്യം മഹാസുരം. ന്ദവര

൫൦. ദുർഗ്ഗാദേവീതി വിഖ്യാതം തന്മേ നാമ ഭവിഷ്യതി

തദാ ഭുവി അഹം	= അപ്പോൾ ഭൂമിയിൽ ഞാൻ.
ശാകംഭരീ ഇതി	= ശാകംഭരി എന്നു്
വിഖ്യാതിം യാസ്യാമി	= കീർത്തിയെ പ്രാപിക്കും.
തത്ര ഏവ	= അപ്പോൾത്തന്നെ
ദുർഗ്ഗമാഖ്യം മഹാസുരം	= ദുർഗ്ഗമൻ എന്ന പേരോടുകൂടിയ മഹാസുരനെ
വധിഷ്യാമി ച	= വധിക്കുകയും ചെയ്യും.
തൽ മേ	= അതുഹേതുവായിട്ടു് എനിക്കു്
വിഖ്യാതം	= പ്രസിദ്ധമായി

ദുർഗ്ഗാദേവീഇതി നാമ ഭവിഷ്യതി= ദുർഗ്ഗാദേവീ എന്നു് നാമം ഭവിക്കും.

അപ്പോൾ ഞാൻ ഭൂമിയിൽ ശാകംഭരീ എന്നു് പ്രസിദ്ധയായി തീരും. അപ്പോൾത്തന്നെ ദുർഗ്ഗമൻ എന്ന മഹാസുരനെ വധിക്കുകയും ചെയ്യും. അതുനിമിത്തം എനിക്കു പ്രസിദ്ധമായിരിക്കുന്ന ദുർഗ്ഗാദേവി എന്ന പേർ ഉണ്ടാകും.

ചതു—തത്രൈവ = മേൽപ്പറഞ്ഞ അനാവൃഷ്ടികാലത്തുതന്നെ.

ശാന്ത—ശാകങ്ങളെക്കൊണ്ടു് അഖിലലോകങ്ങളുടെയും ഉദരങ്ങളെ ഭരിക്കുന്നകാലത്തു് ഭൂമിയിൽ എനിക്കു് ശാകംഭരീ എന്ന പ്രസിദ്ധമായ പേർ ഉണ്ടാകും. അപ്പോൾതന്നെ ദുർഗ്ഗമൻ എന്ന അസുരനെ നിഗ്രഹിക്കുകയുംചെയ്യും. ആ ദുർഗ്ഗമാസുരവധംനിമിത്തം എനിക്കു് പ്രസിദ്ധമായി ദുർഗ്ഗാദേവി എന്ന നാമധേയം ഭവിക്കും.

ദുർഗ്ഗമൻ = ദുഃഖേന ഗമിക്കപ്പെടുവാൻ യോഗ്യൻ. ശാകംഭരി = ലോകരക്ഷയ്ക്കായിക്കൊണ്ടു് സ്വശരീരോത്ഭവങ്ങളായ ശാകങ്ങളെ ഭരിക്കുന്നവൾ.

നാഗോ—ഈ ശാകംഭരിദേവി പാർവ്വതീദേവിയുടെ അംശമാകുന്നു

"ശാകംഭരീ ശതാക്ഷീ സാ സൈവ ദുർഗ്ഗാ പ്രകീർത്തിതാ
ഉമാ ഗൌരീ സതീ ചണ്ഡീ കാളികേശാ ച പാർവ്വതീ"(എന്നുണ്ടു്)

ജഗ—ശാകംഭരീ......മഹാസുരം സ്വാഹാ ൪൯

പുനശ്ചാഹം യദാ ഭീമം രൂപം കൃത്വാ ഹിമാചലേ. ൫൦ ൧
൪൯. രക്ഷാംസി ഭക്ഷയിഷ്യാമി മുനീനാം ത്രാണകാരണാൽ
തദാ മാം മുനയഃ സർവ്വേ സ്തോഷ്യന്ത്യാനമ്രമൂർത്തയഃ. ൫൧
൪൯. ഭീമാദേവീതി വിഖ്യാതം തന്മേ നാമ ഭവിഷ്യതി

പുനഃ ച അഹം	= പിന്നെയും ഞാൻ
യദാ ഹിമാചലേ	= യാതൊരുകാലത്തു് ഹിമവാൻപർവ്വതത്തിൽ

ഭീമം രൂപം കൃത്വാ	= ഭയങ്കരമായ രൂപത്തെ എടുത്തിട്ട്
മുനീനാം ത്രാണകാരണാൽ	= മുനികളുടെ രക്ഷയ്ക്കായിട്ട്
രക്ഷാംസി ഭക്ഷയിഷ്യാമി	= രാക്ഷസന്മാരെ ഭക്ഷിക്കുന്നുവോ
തദാ മാം	= അപ്പോൾ എന്നെ
ആനമ്രമൂർത്തയഃ	= ഭക്തിയോടുകൂടി നമസ്കരിച്ചുകൊണ്ട്
സർവേ മുനയഃ സ്തോഷ്യന്തി	= എല്ലാ മുനികളും സ്തുതിക്കും.
തൽ മേ	= അതുഹേതുവായിട്ട് എനിക്ക്
ഭീമാദേവീ ഇതി	= ഭീമാദേവി എന്ന്
വിഖ്യാതം നമ ഭവിഷ്യതി	= പ്രസിദ്ധപ്പെട്ട പേർ ഉണ്ടാകും.

പിന്നെയും ഞാൻ ഹിമവാൻപർവതത്തിൽ ഭയങ്കരമായ രൂപത്തെ ധരിച്ചിട്ട് മുനികളുടെ രക്ഷയ്ക്കായി രാക്ഷസന്മാരെ ഭക്ഷിക്കുമ്പോൾ വസിഷ്ഠൻ മുതലായ എല്ലാമുനിമാരും ഭക്തിയോടുകൂടി നമസ്കരിച്ചിട്ട എന്നെ സ്തുതിക്കും. അതുനിമിത്തം എനിക്ക് ഭീമാദേവി എന്ന പ്രസിദ്ധപ്പെട്ട നാമം ഉണ്ടാകും.

ഗുപ്ത—ഭീമാദേവ്യവതാരം ഇനിയും ഉണ്ടായിട്ടില്ലെന്നും വൈവസ്വതമന്വന്തരത്തിൽ അൻപതാമത്തെ ചതുര്യുഗത്തിൽ ആണ് ഉണ്ടാകുവാൻ പോകുന്നതെന്നും ലക്ഷ്മീതന്ത്രത്തിൽ കാണുന്നതായി ചിലർ പറയുന്നു. വാസ്തവത്തിൽ, രക്തദന്തികാ, ശതാക്ഷീ, ശാകംഭരീ, ദുർഗ്ഗാ, ഭീമാ, ഭ്രാമരി ഈ ആറവതാരങ്ങളും ഭാവിയിൽ ഉണ്ടാകുവാൻപോകുന്നവയാണ്. മൂലത്തിൽ 'ഭൂയശ്ച, പുനശ്ചാഹം, പുനരപി, എന്നീ പദങ്ങളെക്കൊണ്ട് ഉത്തരോത്തരകാലത്തെ ആണ് നിർദ്ദേശിക്കുന്നതു്.

'തസ്മിന്നേവാന്തരേ ശക്ര! ചത്വാരിംശത്തമേ യുഗേ' എന്നു തുടങ്ങി ശതാക്ഷ്യവതാരത്തേയും,

'ചതുര്യുഗേഽത്ര പഞ്ചാശത്തമേ മുനിഭിരർച്ചിതാ' (അൻപതാമത്തെ ചതുര്യുഗത്തിൽ മുനിമാരാൽ പൂജിതയായിട്ട്) എന്നു തുടങ്ങി ഭീമാദേവിയുടെ അവതാരത്തേയും,

'യുഗേ ഷഷ്ടിതമേ കശ്ചിദരുണോനാമ ദാനവഃ (അറുപതാമത്തെ ചതുര്യുഗത്തിൽ അരുണൻ എന്നു പേരോടുകൂടിയ ഒരസുരൻ) എന്നുതുടങ്ങി ഭ്രാമരീദേവിയുടെ അവതാരത്തേയും കുറിച്ച് ലക്ഷ്മീതന്ത്രത്തിൽ ഘോഷിക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ നടക്കുന്ന ശ്വേതവരാഹകല്പത്തിനു മുമ്പുണ്ടായിരുന്ന കല്പത്തിൽ ഈ ദേവ്യവതാരങ്ങൾ മന്വന്തരയുഗഭേദേന ഉണ്ടായിട്ടുള്ളതിനാൽ ആണ് ഈ കാലത്ത് ശാകംഭരി മുതലായ ദേവിമാരെ അതാതു കുലദേവതകളായി ധ്യാനിച്ച് പൂജിച്ചുപോരുന്നതു് എന്ന് അറിഞ്ഞുകൊള്ളണം.

ശാന്ത—അല്ലയോ ദേവന്മാരേ! പിന്നെയും ഞാൻ ഹിമവാൻ പർവ്വതത്തിൽ രാക്ഷസന്മാരെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്ന മുനികളെ രക്ഷിക്കുന്നതിനുവേണ്ടി ആ രാക്ഷസന്മാരെ ഭക്ഷിക്കുന്നുണ്ട്. അപ്പോൾ വസിഷ്ഠാദികളായ എല്ലാമുനികളും ഭക്തിയോടുകൂടി നമസ്കരിച്ചു കൊണ്ട് പ്രസിദ്ധമായി ഭീമാദേവി എന്ന നാമംകൊണ്ട് എന്നെ സ്തുതിക്കും.

നാഗോ—ഈ ഭീമാദേവി കാളൃംശമാകുന്നു.

"ഭീമാപി നിലവർണ്ണേവ ദംഷ്ട്രാദശനഭാസുര" (എന്നു്)

ജഗ—ദുർഗ്ഗാദേവി......ഹിമാചലേ സ്വാഹാ ൫൦

രക്ഷാംസി......നമ്രമൂർത്തയഃ സ്വാഹാ ൫൧

യദാരുണാഖ്യസ്ത്രൈലോക്യേ മഹാബാധാം കരിഷ്യതി. സ്വാഹ

ർൻ. തദാഹം ഭ്രാമരം രൂപം കൃത്വാഽസംഖ്യേയഷട്പദം

ത്രൈലോക്യസ്യ ഹിതാർത്ഥായ വധിഷ്യാമി മഹാസുരം. സ്വാഹ

൫൦. ഭ്രാമരീതി ച മാം ലോകാസ്തദാ സ്തോഷ്യന്തി സർവ്വതഃ

യദാ ത്രൈലോക്യേ	= യാതൊരുകാലത്തു് മൂന്നു ലോകത്തിലും
അരുണാഖ്യഃ	= അരുണൻ എന്ന മഹാസുരൻ
മഹാബാധാം കരിഷ്യതി	= വലുതായ പീഡയെ ചെയ്യുന്നുവോ
തദാ അഹം	= ആ കാലത്തു് ഞാൻ
അസംഖ്യേയഷട്പദം	= അവസാനമില്ലാത്ത വണ്ടുകളോടുകൂടിയ
ഭ്രാമരം കൃത്വാ	= വണ്ടുകളെക്കൊണ്ടുണ്ടാക്കിയിരിക്കുന്ന രൂപത്തെ എടുത്തിട്ടു്.
ത്രൈലോക്യസ്യ ഹിതാർത്ഥായ	= മൂന്നു ലോകത്തിന്റെയും രക്ഷയ്ക്കായി-
മഹാസുരം വധിഷ്യാമി	= ആ മഹാസുരനെകൊല്ലുന്നുണ്ടു് [ക്കൊണ്ടു്
തദാ ലോകാഃ	= അപ്പോൾ ജനങ്ങൾ
സർവ്വതഃ ഭ്രാമരീ ഇതി	= സകല ദിക്കിലും ഭ്രാമരീ എന്നു്
മാം സ്തോഷ്യന്തി	= എന്നെ സ്തുതിക്കും.

അരുണൻ എന്ന മഹാസുരൻ ത്രൈലോക്യങ്ങളിലും വലുതായ പീഡയെ ചെയ്യുന്നസമയത്തു് ഞാൻ, അസംഖ്യം വണ്ടുകളെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ഭ്രമരമയമായ രൂപത്തെ കൈക്കൊണ്ടു്, മൂന്നു ലോകങ്ങളേയും രക്ഷിക്കുന്നതിനുവേണ്ടി ആ മഹാസുരനെ നിഗ്രഹിക്കുന്നുണ്ടു്. അപ്പോൾ ജനങ്ങൾ എല്ലായിടത്തും എന്നെ 'ഭ്രാമരി' എന്നു സ്തുതിക്കും.

ഗ്രന്ഥ—ഭ്രാമരീദേവി, ഭീമ, രഥികാകിനി എന്ന നദികളുടെ സംഗമത്തിലുള്ള 'അനുഗുണ്ടം' എന്ന ക്ഷേത്രത്തിലും അവിടെനിന്നും

കിഴക്കുമാറിയുള്ള 'സന്നതി' എന്ന ക്ഷേത്രത്തിലും വസിക്കുന്ന ചന്ദ്രലാ പരമേശ്വരി, എന്ന പേരുകൊണ്ടു് പ്രസിദ്ധപ്പെട്ട ദേവിയാകുന്നു. ആ ദേവി ഞങ്ങളുടെ കുലദൈവമാകുന്നു.

ചതു—"യദാരുണാക്ഷ" എന്നു പാഠഭേദം.

ശാന്ത—അല്ലയോ ദേവന്മാരേ! അരുണൻ എന്ന പേരോടുകൂടിയ മഹാസുരൻ യാതൊരുകാലത്തു് മൂന്നുലോകത്തും വലുതായിരിക്കുന്ന പീഡയെ—ജനവധം മുതലായ ഉപദ്രവത്തെ—ചെയ്യുമോ അപ്പോൾ ഞാൻ അസംഖ്യം വണ്ടിൻകൂട്ടങ്ങളോടുകൂടിയ ഒരു വണ്ടിൻെറ ആകൃതിയെ കൈക്കൊണ്ടു് മൂന്നുലോകങ്ങളേയും രക്ഷിക്കുന്നതിനുവേണ്ടി ആ മഹാസുരനെ നിഗ്രഹിക്കും. അപ്പോൾ എല്ലായിടത്തും എന്നെ ലോകങ്ങൾ 'ഭ്രാമരി' എന്നു് പ്രകീത്തിക്കും.

നാഗോ—ഈ ഭ്രാമരീദേവി കാള്യംശമാകുന്നു.

"തേജോമണ്ഡലദുർദ്ധർഷാ ഭ്രാമരീ ചിത്രകാന്തിഭൃൽ" (എന്നു്).

ജഗ—ഭീമാദേവീ......കരിഷ്യതി സ്വാഹാ ൫൨

തദാഹം......മഹാസുരം സ്വാഹാ ൫൩

ഇത്ഥം യദാ യദാ ബാധാ ദാനവോത്ഥാ ഭവിഷ്യതി. ൫൪

ഉഫ. തദാ തദാവതീര്യാഹം കരിഷ്യാമ്യരിസംക്ഷയം ൫൫

ഇത്ഥം	= ഇപ്രകാരം
യദാ യദാ	= എപ്പോൾ എപ്പോൾ
ദാനവോത്ഥാ	= ദാനവന്മാരിൽനിന്നു് ഉത്ഭവിക്കുന്ന
ബാധാ ഭവിഷ്യതി	= പീഡകൾ ഉണ്ടാകുന്നുവോ
തദാ തദാ	= അപ്പോൾ അപ്പോൾ
അഹം അവതീര്യ	= ഞാൻ അവതരിച്ചിട്ടു്
അരിസംക്ഷയം കരിഷ്യാമി	= ശത്രുനാശത്തെ ചെയ്യുന്നുണ്ടു്.

ഇപ്രകാരം ദാനവന്മാരിൽനിന്നും ഉള്ള ഉപദ്രവം എപ്പോൾ എല്ലാം ഉണ്ടാകുന്നുവോ അപ്പോൾ എല്ലാം ഞാൻ അവതരിച്ചിട്ടു് ശത്രുക്കളുടെ നാശത്തെ ചെയ്യുന്നുണ്ടു്.

ഗുപ്ത—ഞാൻ ഏലാംബാ, തുലജാ, ഏകവീരാ, യോഗല ഇത്യാദിനാമങ്ങളോടുകൂടി അവതരിച്ചിട്ടു* ശത്രുനാശത്തെച്ചെയ്യുന്നുണ്ടു്.

ഈ അദ്ധ്യായത്തിൽ, ഋഷിരുവാച, ദേവ്യുവാച, ദേവാ ഊചുഃ, ദേവ്യുവാച എന്നിങ്ങനെ യഥാക്രമം നാലു് ഉവാചമന്ത്രങ്ങളാണു്

---

* ഈ അവതാരങ്ങളെപ്പററി പത്മപുരാണത്തിൽ നൂററിപ്പതിനെട്ടാമത്തേതായ ദേവീതീത്ഥമാഹാത്മ്യത്തിൽ വിവരിച്ചിരിക്കുന്നു.

ഉള്ളതു് എന്നാൽ സ്തോത്രാരംഭത്തിൽ രണ്ടാംശ്ലോകത്തിനു മുൻപിൽ. ദേവാ ഊചുഃ എന്നു് ഇല്ലാ.

ശാന്ത—ഞാൻ അപ്പോഴപ്പോൾ ത്വത്തൽകാര്യ്യാനുരൂപേണ പ്രത്യക്ഷപ്പെട്ടിട്ടു് ദാനവന്മാരാകുന്ന ശത്രുക്കളുടെ നാശത്തെച്ചെയ്യുന്നുണ്ടു്. ഇപ്പോൾ ദേവിയുടെ ഏതാനും അവതാരങ്ങളെക്കുറിച്ചു പ്രസ്താവിച്ചു. എന്നാൽ ദേവ്യവതാരങ്ങൾ അനന്തങ്ങളാകകൊണ്ടു് അവയെ എല്ലാം പറയുന്നതു് അശക്യമാകയാൽ ഇവിടെ ചുരുക്കിപ്പറഞ്ഞു് ഉപസംഹരിക്കുന്നു.

ജഗ—ഭ്രാമരീതി......ഭവിഷ്യതി സ്വാഹാ ൫൪

തദാ തദാ......സംക്ഷയം സ്വാഹാ ൫൫

ഇതി ശ്രീമാർക്കണ്ഡേയപുരാണേ സാവർണ്ണികേ മന്വന്തരേ ദേവീമാഹാത്മ്യേ നാരായണീസ്തുതിർന്നാമ ഏകാദശോദ്ധ്യായഃ.

'നാരായണീസ്തുതി' എന്ന പതിനൊന്നാമദ്ധ്യായം സമാപ്തം.

പന്ത്രണ്ടാം അദ്ധ്യായം.

ദേവ്യുവാച—ന്യാസം ൧

൧. ഏഭിഃ സ്തവൈശ്ച മാം നിത്യം സ്തോഷ്യതേ യഃ സമാഹിതഃ
തസ്യാഹം സകലാം ബാധാം നാശയിഷ്യാമ്യസംശയം. ന്യാ. ൨

ദേവി പറഞ്ഞു.

യഃ സമാഹിതഃ	= യാതൊരുവൻ അനന്യമനസ്സായിട്ടു്
ഏഭിഃ സ്തവൈഃ ച	= ഈ സ്തോത്രങ്ങളെക്കൊണ്ടു്
നിത്യം മാം സ്തോഷ്യതേ	= എന്നും എന്നെ സ്തുതിക്കുന്നുവോ
തസ്യ സകലാം ബാധാം	= അവൻെറ എല്ലാ ഉപദ്രവത്തേയും
അഹം നാശയിഷ്യാമി	= ഞാൻ നശിപ്പിക്കുന്നുണ്ടു്;
അസംശയം	= നിശ്ചയം.

ഈ സ്തോത്രങ്ങൾകൊണ്ടു് എന്നെ യാതൊരുവൻ ഏകാഗ്രമാനസനായിട്ടു് ദിവസവും സ്തുതിക്കുന്നുവോ അവൻെറ എല്ലാഉപദ്രവങ്ങളേയും ഞാൻ നിശ്ചയമായും നശിപ്പിക്കുന്നുണ്ടു്.

ഗുപ്ത—ഈ അദ്ധ്യായാരംഭത്തിലെ 'ദേവ്യുവാച' എന്നുമുതൽക്കുള്ള ഉത്തരഭാഗം ചരിത്രത്രയത്തിനുശേഷമാണെങ്കിലും ഉത്തമചരിത്രത്തിൽത്തന്നെ അന്തർഭവിച്ചിരിക്കുന്നു. ഇപ്രകാരംതന്നെ 'യോഗനി

ദ്രാം യദാ വിഷ്ണു' (അദ്ധ്യായം ൧—ശ്ലോകം ൪൯) ഇത്യാദിശ്ലോകത്തിനു മുമ്പുള്ള ഭാഗവും പ്രഥമചരിത്രത്തിൽ അന്തർഭവിച്ചിട്ടുള്ളതാണു്.

ശാന്ത—മുമ്പിൽ ദേവിതന്നെയാണു് പറഞ്ഞവസാനിപ്പിച്ചതെങ്കിലും പന്ത്രണ്ടാമദ്ധ്യായത്തിന്റെ പ്രാരംഭത്തിലും 'ദേവ്യുവാച' എന്നു ചേർത്തിരിക്കുന്നതു്, ദേവീവചനത്തിന്റെ പ്രാധാന്യത്തെ ധ്വനിപ്പിക്കുന്നതിനും, ദേവീമാഹാത്മ്യത്തിന്റെ പാരായണശ്രവണാദികളുടെ ഫലശ്രുതിപ്രമാണത്തെ ദർശിപ്പിക്കുന്നതിനും ആയി സാക്ഷാൽ ഭഗവതിയായ ശ്രീദേവിതന്നെ ദേവന്മാരോടു് ഉചിതമായ വാക്കു പറഞ്ഞു എന്നുള്ളതുകൊണ്ടാണു്.

യാതൊരുപുരുഷൻ ഭക്തിശ്രദ്ധയോടുകൂടി മുമ്പിൽപറഞ്ഞ സ്തോത്രങ്ങളെക്കൊണ്ടു് പിന്നെയും പിന്നെയും ഒരു ദിവസവും മുടക്കാതെ—നിത്യവും—ജഗജ്ജനനിയായി ദേവിയായി ഇരിക്കുന്ന എന്നെ സ്തുതിക്കുന്നുവോ ആ പുരുഷന്റെ സകലബാധകളേയും ഞാൻ നശിപ്പിക്കും; നിശ്ചയം. അല്ലെങ്കിൽ നിശ്ചയമായിട്ടും ഞാൻ സകലപീഡകളേയും നശിപ്പിക്കും.

ഈ സ്തുതികൾ എന്നുപറഞ്ഞതു്, ബ്രഹ്മാവിനാലും ഇന്ദ്രൻ മുതലായ ദേവന്മാരാലും ചെയ്യപ്പെട്ട സ്തുതികളാകുന്നു.

തസ്യ, അഹം, സകലാം, ബാധാം എന്നു പദച്ഛേദം. ഹംസഃ =സൂര്യൻ—പരമാത്മാ ("അസാവാദിത്യോ ബ്രഹ്മ" എന്നു ശ്രുതി) ഹംസകല=ഹംസത്തിന്റെ കല. അഹം സകല=മോഹരൂപമായി മമതാരൂപമായി ഇരിക്കുന്ന സംസാരം.

ആ സംസാരബാധയെ നിശ്ചയമായും നശിപ്പിക്കും എന്നു് മോക്ഷേച്ഛുക്കൾ അറിഞ്ഞുകൊള്ളണം.

അല്ലെങ്കിൽ, അഹമായി=അഹങ്കാരകൃതയായി ഇരിക്കുന്ന സർവ്വബാധയെ=മമതാരൂപമായി ഇരിക്കുന്ന സംസാരത്തെ ശമിപ്പിക്കും.

ജഗ—ദേവ്യുവാച സ്വാഹാ. ൧

ഏഭിഃ സ്തവൈ......മ്യസംശയം സ്വാഹാ ൨

൨. മധുകൈടഭനാശം ച മഹിഷാസുരഘാതനം
കീർത്തയിഷ്യന്തി യേ തദ്വദ്വധം ശുംഭനിശുംഭയോഃ ൩൩൨

൩. അഷ്ടമ്യാം ച ചതുർദ്ദശ്യാം നവമ്യാം ചൈകചേതസഃ
ശ്രോഷ്യന്തി ചൈവ യേ ഭക്ത്യാ മമ മാഹാത്മ്യമുത്തമം. ൩൩൪

൪. ന തേഷാം ദുഷ്കൃതം കിഞ്ചിൽ ദുഷ്കൃതോത്ഥാ ന ചാപദഃ
ന ഭവിഷ്യതി ദാരിദ്ര്യം ന ചൈവേഷ്ടവിയോജനം. ൩൩൫

യേ	= യാവചിലർ
മധുകൈടഭനാശം	= മധുകൈടഭന്മാരുടെ നാശത്തേയും
മഹിഷാസുരഘാതനം	= മഹിഷാസുരവധത്തേയും
തഥാ	= അതുപോലെതന്നേ
ശുംഭനിശുംഭയോഃ	= ശുംഭനിശുംഭന്മാരുടെ
വധം ച കീർത്തയിഷ്യന്തി	= വധത്തേയും കീർത്തിക്കുന്നുവോ
യേ ഏകചേതസഃ	= യാവചിലർ ഏകാഗ്രചിത്തന്മാരായിട്ട്
അഷ്ടമ്യാംച ചതുർദ്ദശ്യാം ച	= അഷ്ടമിയിലും ചതുർദ്ദശിയിലും
നവമ്യാം ച	= നവമിയിലും
മമ ഉത്തമം മാഹാത്മ്യം	= എന്റെ ഉത്തമമായ മാഹാത്മ്യത്തെ
ഭക്ത്യാ ശ്രോഷ്യന്തി ച	= ഭക്തിയോടുകൂടികേൾക്കുകയും ചെയ്യുന്നു-[വോ
തേഷാം	= അവക്ക്
ദുഷ്കൃതം ന കിഞ്ചിൽ	= പാപം ഒട്ടും ഉണ്ടാകുന്നില്ലാ.
ദുഷ്കൃതോത്ഥാഃ	= ദുഷ്കൎമ്മത്തിൽനിന്നുണ്ടാകുന്ന
ആപദഃ ച ന	= ആപത്തുകളും ഉണ്ടാകുന്നില്ലാ
ദാരിദ്ര്യം ന ഭവിഷ്യതി	= ദാരിദ്ര്യവും ഉണ്ടാകുന്നില്ല
ഇഷ്ടവിയോജനം ന	= ഇഷ്ടജനങ്ങളോടുള്ള വേർപാടും ഉണ്ടാകുന്നില്ല.

യാവചിലർ മധുകൈടഭനാശത്തേയും മഹിഷാസുരവധത്തേയും അപ്രകാരംതന്നെ ശുംഭനിശുംഭന്മാരുടെവധത്തേയും കീർത്തിക്കുന്നുവോ യാവചിലർ ഏകാഗ്രചിത്തന്മാരായിട്ട് അഷ്ടമിയിലും ചതുർദ്ദശിയിലും നവമിയിലും എന്റെ ഉത്തമമായ മാഹാത്മ്യത്തെ ഭക്തിയോടുകൂടി കേൾക്കുന്നുവോ അവക്ക് ഒട്ടും പാപം ഉണ്ടാകുകയില്ല. ദുഷ്കൎമ്മത്തിൽ നിന്നുണ്ടാകുന്ന ആപത്തുകളും സംഭവിക്കുകയില്ല. അവക്ക് ദാരിദ്ര്യവും ഇഷ്ടവിയോഗവും ഉണ്ടാകുകയില്ല.

ചതു—"ഏഭിഃ സ്തവൈഃ" എന്ന് മുൻശ്ലോകത്തിൽ പറഞ്ഞതിനെത്തന്നെ മധുകൈടഭേത്യാദിശ്ലോകംകൊണ്ട് വിശേഷേണ നിർദ്ദേശിക്കുന്നു.

ശാന്ത—യാവചില പുരുഷന്മാർ സാവധാനന്മാരായിട്ട് കൃഷ്ണശുക്ലപക്ഷങ്ങളിലുള്ള അഷ്ടമിയിലും നവമിയിലും ചതുർദ്ദശിയിലും, പാരായണക്രമത്തെവിട്ട് മധുകൈടഭനാശത്തേയും മഹിഷാസുരവധത്തേയും അപ്രകാരംതന്നെ ശുംഭനിശുംഭന്മാരുടെവധത്തേയും ഭക്തിയോടുകൂടി കീർത്തിക്കുന്നുവോ അപ്രകാരംതന്നെ യാവചിലർ, പുണ്യതമമായി സർവ്വകാമപ്രദമായിരിക്കുന്ന എന്റെ മാഹാത്മ്യത്തെ ഭക്തിയോടുകൂടി കേൾക്കുന്നുവോ അവക്ക് യാതൊരുദുരിതവും ഉണ്ടാകുകയില്ല. ദുഷ്കൎമ്മങ്ങളിൽ നിന്നുണ്ടാകുന്നതായ ആപത്തുകളും ഭവിക്കുകയില്ല. അങ്ങനെ

കീർത്തിക്കുകയും കേൾക്കുകയും ചെയ്യുന്നവൎക്കു് ദാരിദ്ര്യവും ഉണ്ടാകുകയില്ല—അവർ ആഢ്യന്മാരായിത്തന്നെ ഭവിക്കുമെന്നൎത്ഥം. അവൎക്കു് ഇഷ്ടന്മാരായ പുത്രാദികളോടും ഇഷ്ടങ്ങളായ ധനാദികളോടും ഉള്ള വിയോഗവും ഉണ്ടാകുകയില്ല.—ഇഷ്ടന്മാരോടും ഇഷ്ടവസ്തുക്കളോടുംകൂടി അവർ സദാ മോദിച്ചുകൊണ്ടുതന്നെ ഇരിക്കും എന്നൎത്ഥം.

"മഹിഷാസുരസൂദനം" എന്നു പാഠഭേദം.

ജപ—മധുകൈടഭ......നിശുംഭയോഃ സ്വാഹാ ൩

അഷ്ടമ്യാം ച......മുത്തമം സ്വാഹാ ൪

ന തേഷാം......വിയോജനം സ്വാഹാ ൫

൫. ശത്രുതോ ന ഭയം തസ്യ ദസ്യുതോ വാ ന രാജതഃ
ന ശസ്ത്രാനലതോയൗഘാൽ കദാചിൽ സംഭവിഷ്യതി. ൧൨൫

തസ്യ	= അവനു്
ശത്രുതഃ ഭയം ന	= ശത്രുവിൽനിന്നുള്ള പേടി ഇല്ലാ.
ദസ്യുതഃ രാജതഃ വാ	= തസ്കരനിൽനിന്നോ രാജാവിൽനിന്നോ
(ഭയം) ന	= ഭയവും ഇല്ലാ. (ഉള്ള
ശസ്ത്രാനലതോയൗഘാൽ	= ശസ്ത്രത്തിൽനിന്നോ അഗ്നിയിൽനിന്നോ ജലപ്രവാഹത്തിൽനിന്നോ ഉള്ള ഭയവും
കദാചിൽ ന സംഭവിഷ്യതി	= ഒരിക്കലും ഉണ്ടാകുന്നില്ല.

എന്റെ മാഹാത്മ്യത്തെ കീർത്തിക്കുകയോ കേൾക്കുകയോ ചെയ്യുന്നവനു് ശത്രുവിൽനിന്നോ തസ്കരനിൽനിന്നോ രാജാവിൽനിന്നോ ശസ്ത്രങ്ങളിൽനിന്നോ അഗ്നിയിൽനിന്നോ ജലപ്രവാഹത്തിൽനിന്നോ ഒരുകാലത്തും ഭയം സംഭവിക്കുകയില്ല.

ശാന്ത—യാവചിലർ എന്റെ മാഹാത്മ്യത്തെ പാരായണംചെയ്യുകയോ കേൾക്കുകയോ ചെയ്യുന്നുവോ അവൎക്കു് ഒരിക്കലും ശത്രുഭയം ഉണ്ടാകുകയില്ല. തസ്കരന്മാരിൽനിന്നും രാജാവിങ്കൽനിന്നും ഉള്ള ഭയവും ഉണ്ടാകുകയില്ല. ആയുധങ്ങളിൽനിന്നും അഗ്നിയിൽനിന്നും ജലപ്രവാഹത്തിൽനിന്നും ഉള്ള ഭയവും ഒരിക്കലും ഉണ്ടാകുകയില്ല.

ജപ—ശത്രുതോ......സംഭവിഷ്യതി സ്വാഹാ ൬

൬. തസ്മാന്മമൈതന്മാഹാത്മ്യം പഠിതവ്യം സമാഹിതൈഃ
ശ്രോതവ്യം ച സദാ ഭക്ത്യാ പരം സ്വസ്ത്യയനം മഹൽ. ൧൨൬

തസ്മാൽ	= അതുഹേതുവായിട്ടു്
സമാഹിതൈഃ	= ഏകാഗ്രചിത്തന്മാരാൽ
പരം മഹൽ	= ശ്രേഷ്ഠമായി മഹത്തായി

സ്വസ്ത്യയനം = മംഗളത്തിനു മാർഗ്ഗമായി ഇരിക്കുന്ന
മമ ഏതൽ മാഹാത്മ്യം = എന്റെ ഈ മാഹാത്മ്യത്തെ
ഭക്ത്യാ = ഭക്തിയോടുകൂടി
സദാ = നിത്യവും
പഠിതവ്യം ശ്രോതവ്യം ച = പഠിക്കേണ്ടതും കേൾക്കേണ്ടതുമാകുന്നു.

അതിനാൽ ശ്രേഷ്ഠമായി പൂജനീയമായി മംഗളത്തിനു കാരണമായി ഇരിക്കുന്ന എന്റെ ഈ മാഹാത്മ്യത്തെ മനുഷ്യർ ഏകാഗ്രചിത്തന്മാരായിട്ട് പഠിക്കേണ്ടതും ശ്രവിക്കേണ്ടതും ആകുന്നു.

ചതു—"സ്വസ്ത്യയനം ഹി തൽ" എന്നു പാഠഭേദം.

ശാന്ത—ആഗ്രഹിക്കുന്ന സകലകാര്യങ്ങളേയും സാധിപ്പിക്കുന്നതു നിമിത്തം, ജിതേന്ദ്രിയന്മാരായ പുരുഷന്മാരാൽ, പ്രകൃഷ്ടഫലത്തെ കൊടുക്കുന്നതും ശ്രേഷ്ഠവും പൂജ്യവും യോഗക്ഷേമത്തെച്ചെയ്യുന്നതും ഇഹലോകപരലോകഫലങ്ങളെ സാധിപ്പിക്കുന്നതും ആയ ഈ ദേവീമാഹാത്മ്യത്തെ ഭക്തിയോടുകൂടി ഭജിക്കുകയും പഠിക്കുകയും എല്ലായ്പോഴും അഭ്യസിക്കുകയും കേൾക്കുകയും ചെയ്യേണ്ടതാകുന്നു.

ജഗ—തസ്മാന്മമൈത......മഹൽ സ്വാഹാ. ൧

൧. ഉപസർഗ്ഗാനശേഷാംസ്തു മഹാമാരീസമുത്ഭവാൻ
തഥാ ത്രിവിധമുല്പാതം മാഹാത്മ്യം ശമയേന്മമ. ന്നുന്ന.വൃ

മമ മാഹാത്മ്യം = എന്റെ മാഹാത്മ്യം
മഹാമാരിസമുത്ഭവാൻ = മഹാമാരിസമുത്ഭവങ്ങളായ
അശേഷാൻ ഉപസർഗ്ഗാൻ തു = സകല ഉപദ്രവങ്ങളേയും
തഥാ ത്രിവിധം = അപ്രകാരം മൂന്നുവിധത്തിലുള്ള
ഉൽപാതം ശമയേൽ = ഉൽപാതങ്ങളേയും ശമിപ്പിക്കും.

എന്റെ മാഹാത്മ്യം (ദേവീമാഹാത്മ്യം) മഹാമാരീസമുത്ഭവങ്ങളായ സകല ഉപദ്രവങ്ങളേയും അപ്രകാരംതന്നെ മൂന്നുപ്രകാരത്തിലുള്ള ഉൽപാതങ്ങളേയും നശിപ്പിക്കും.

ചതു—മഹാമാരിസമുത്ഭവങ്ങൾ = മഹാമാരിയിൽനിന്ന് = മഹാജനക്ഷയത്തിൽനിന്ന് ഉണ്ടാകുന്നവ.

ശാന്ത—എന്റെ മാഹാത്മ്യം, ഭക്തിയോടുകൂടി പഠിക്കുകയും കേൾക്കുകയുംചെയ്യുന്ന പുരുഷന്മാരുടെ മഹാമാരിസമുത്ഭവങ്ങളായിരിക്കുന്ന എല്ലാഉപദ്രവങ്ങളേയും ദൂരികരിക്കും. എന്നാൽ കേവലം ആ ഉപദ്രവങ്ങളെമാത്രമല്ല ശമിപ്പിക്കുന്നത്. അതുപോലെതന്നെ ആ പുരുഷന്മാക്ക് മൂന്നുവിധത്തിലുള്ള ഉൽപാതങ്ങളേയും—ആദ്ധ്യാത്മികങ്ങ

ളായും ആധിഭൗതികങ്ങളായും ആധിദൈവികങ്ങളായും ഉള്ള സങ്കടങ്ങളേയും നശിപ്പിക്കും.

ആധ്യാത്മികങ്ങൾ=തങ്കൽനിന്നുണ്ടാകുന്ന രാഗദ്വേഷം മുതലായവ.

ആധിഭൗതികങ്ങൾ=ഭൂതപ്രേതാദികളിൽനിന്നുണ്ടാകുന്നവ.

ആധിദൈവികങ്ങൾ=ഇടിവെട്ടുകമുതലായവ.

ത്രിവിധം ഉൽപാതം=ഭൂർഭുവഃസ്വർല്ലോകങ്ങളിൽനിന്നും സംഭവിക്കുന്ന മൂന്നുവിധസങ്കടങ്ങൾ.

"ഭൂർല്ലോകോ ऽയം സ്മൃതോ ഭൂമിരന്തരിക്ഷം ഭുവഃ സ്മൃതം
സ്വരാഖ്യശ്ച തഥാ സ്വർഗ്ഗസ്ത്രൈലോക്യം തദിദം സ്മൃതം" എന്നു്.

ഭൂമിയിൽനിന്നും ഉണ്ടാകുന്ന ഉൽപാതങ്ങൾ, ഭൂകമ്പം മുതലായവ.

അന്തരിക്ഷത്തിൽനിന്നും ഉണ്ടാകുന്ന ഉൽപാതങ്ങൾ, കാറില്ലാതെ ഇടിവെട്ടുക മുതലായവ.

സ്വർല്ലോകത്തിൽനിന്നും ഉണ്ടാകുന്ന ഉൽപാതങ്ങൾ, കൂടെക്കൂടെ അനേകം നക്ഷത്രങ്ങൾ വീഴുക മുതലായവ.

നാഗോ—മഹാമാരീസമുത്ഭവങ്ങൾ= ജനക്ഷയകരിയായ ദേവതയിൽനിന്നുണ്ടാകുന്നവ.

ദംശോ—ഉൽപാതങ്ങൾ=ദുഷ്കൃമ്മഫലമായ അശുഭത്തെ സൂചിപ്പിക്കുന്നവ.

ജഗ—ഉപസർഗ്ഗാ......ശമയേന്മമ സ്വാഹാ വ്യ

വ്യ. യത്രൈതൽ പഠ്യതേ സമ്യങ്നിത്യമായതനേ മമ
സദാ ന തദ്വിമോക്ഷ്യാമി സാന്നിധ്യം തത്ര മേ സ്ഥിതം. ന്നമ്പ്‌ര

യത്ര മമ ആയതനേ	= യാതൊരിടത്തു് എന്റെ ഗൃഹത്തിൽ
ഏതൽ നിത്യം	= ഇതു് ദിവസംതോറും
സമ്യക് പഠ്യതേ	= വഴിപോലെ പാരായണം ചെയ്യുന്നുവോ
തൽ സദാ ന വിമോക്ഷ്യാമി	= ആ ഗൃഹത്തെ ഒരിക്കലും ത്യജിക്കുന്നതല്ല.
തത്ര	= ആ ഗൃഹത്തിൽ
മേ സാന്നിധ്യം	= എന്റെ സാന്നിധ്യം
സ്ഥിതം	= ഉണ്ടായിരിക്കുന്നതാകുന്നു.

എന്റെ യാതൊരുക്ഷേത്രത്തിൽവച്ചു് ഇതു് വഴിപോലെ ദിവസംതോറും പാരായണംചെയ്യപ്പെടുന്നുവോ ആ ക്ഷേത്രത്തെ ഞാൻ ഒരിക്കലും ഉപേക്ഷിക്കുന്നതല്ല. അവിടെ എന്റെ സാന്നിധ്യം ഉണ്ടായിരിക്കും.

ശാന്ത—ദേവിയായിരിക്കുന്ന എന്റെയാതൊരു ക്ഷേത്രത്തിൽ—ദേവീബിംബങ്ങളെ പ്രതിഷ്ഠിച്ചിരിക്കുന്ന മന്ദിരത്തിൽ മുൻപറഞ്ഞ ചരിത്രത്രയത്തോടുകൂടിയ മാഹാത്മ്യത്തെ—(ദേവീമാഹാത്മ്യത്തെ) ദിവസംതോറും പദശുദ്ധികളോടും അർത്ഥാനുസന്ധാനത്തോടുകൂടിയും ഭക്തിയായി പാരായണംചെയ്യുന്നുവോ ആ ക്ഷേത്രത്തെ ഞാൻ ഒരിക്കലും ഉപേക്ഷിക്കുകയില്ല. അവിടെ എന്റെ സാന്നിധ്യം ഉണ്ടായിരിക്കും.

ദംശോ—സമ്യക്=അർത്ഥാനുസന്ധാനത്തോടുകൂടിയും പറഞ്ഞിരിക്കുന്ന ക്രമംപോലെയും.

"ആധാരേ സ്ഥാപയിത്വാ തു പുസ്തകം വാചയേത്തതഃ
ഹസ്തസംസ്ഥാപനാദ്ദേവി! നിഹന്ത്യർദ്ധഫലം യതഃ
യാവന്ന പൂർണ്ണതോ/ദ്ധ്യായസ്താവന്ന വിരമേൽ പഠൻ
അനുക്രമം പഠേദ്ദേവി ശിരഃകമ്പാദികം ത്യജേൽ
ഭ്രമാദദ്ധ്യായമദ്ധ്യേ ചേദവിരാമോ ഭവതി പ്രിയേ
പുനരദ്ധ്യായമാരഭ്യ പഠേത്സർവ്വം മുഹുസ്തതഃ
ഹുനേൽ പ്രദീപിതേ വഹ്നൗ തിലധാന്യാദിതണ്ഡുലാൻ
ധർമ്മകാമാർത്ഥസംസിദ്ധ്യൈ മോക്ഷാർത്ഥീ പായസം ഹുനേൽ"

(എന്നു് വാരാഹീതന്ത്രം)

'പുസ്തകം ഒരു പീഠത്തിൽ വച്ചുകൊണ്ടു വായിക്കേണ്ടതാണു്. കയ്യിൽവച്ചുകൊണ്ടു വായിച്ചാൽ പകുതിഫലം നശിച്ചുപോകും. പാരായണം ചെയ്യുമ്പോൾ ഓരോ അദ്ധ്യായവും ഇടയ്ക്കുനിറുത്താതെ ആദ്യംമുതൽ അവസാനംവരെയും ശിരഃകമ്പാദികളോടുകൂടാതെയും പാരായണംചെയ്യേണ്ടതാകുന്നു. പ്രമാദംനിമിത്തം അദ്ധ്യായമദ്ധ്യത്തിൽ മുടക്കംവന്നാൽ പിന്നെയും അദ്ധ്യായാരംഭം മുതൽതന്നെ മുഴുവനും പാരായണംചെയ്യണം. ഉജ്ജ്വലിക്കുന്ന അഗ്നിയിൽ, തിലധാന്യാദിതണ്ഡുലങ്ങളെ ധർമ്മാർത്ഥകാമസിദ്ധിക്കായിക്കൊണ്ടും പായസത്തെ മോക്ഷസിദ്ധിക്കായിക്കൊണ്ടും യഥാക്രമം ഹോമംചെയ്യണം."

ജഗ—യന്മൈതൽ......മേ സ്ഥിതം സ്വാഹാ ൯

൯. ബലിപ്രദാനേ പൂജായാമഗ്നികാര്യേ മഹോത്സവേ
സർവ്വം മമൈതച്ചരിതമുച്ചാര്യം ശ്രാവ്യമേവ ച. ന്‍ ൧൦

ബലിപ്രദാനേ	= ദേവിയെ ഉദ്ദേശിച്ചുള്ളബലിദാനത്തിലും
പൂജായാം അഗ്നികാര്യേ	= പൂജയിലും ഹോമംചെയ്യുമ്പോഴും
മഹോത്സവേ	= മഹോത്സവത്തിലും
മമ ഏതൽ ചരിതം	= എന്റെ ഈ ചരിത്രം

സർവ്വം ഉച്ചാര്യം = മുഴുവനും ഉച്ചരിക്കപ്പെടേണ്ടതും
ശ്രാവ്യം ഏവ ച = കേൾക്കപ്പെടേണ്ടതുംതന്നെ ആകുന്നു.

ദേവിയെ ഉദ്ദേശിച്ചുള്ള ബലിദാനത്തിലും പൂജയിലും ഹോമം ചെയ്യുമ്പോഴും മഹോത്സവത്തിലും എന്റെ ഈ ചരിത്രത്തെ മുഴുവൻ പാരായണംചെയ്യേണ്ടതും കേൾക്കേണ്ടതുമാകുന്നു.

ഗുപ്ത—ബലിപ്രദാനാദികൾക്കും ദേവീമാഹാത്മ്യത്തിന്റെ പാരായണശ്രവണങ്ങൾക്കും അംഗാംഗീഭാവമുള്ളതാകുന്നു.

ചതു—മഹോത്സവം = പുത്രോല്പത്തി, വിവാഹം മുതലായവ.

ശാന്ത—ദേവിയെഉദ്ദേശിച്ചുള്ള ബലിദാനത്തിലും, പൂജയിലും, ഹോമത്തിലും, മഹോത്സവത്തിലും എന്റെ ഈ ചരിത്രം മുഴുവനും അവശ്യം പാരായണംചെയ്യപ്പെടേണ്ടതും ശ്രവിക്കപ്പെടേണ്ടതുംതന്നെ ആകുന്നു.

'മുഴുവനും' എന്നു പറഞ്ഞതു് ഏകദേശജപത്തിനു് ഛിദ്രതയുണ്ടാകുന്നതുകൊണ്ടാണു്.

'ചരിതാർദ്ധം തു ന ജപേൽ ജപം ഛിദ്രമവാപ്നുയാൽ'

(വൈകൃതികരഹസ്യം)

ബലിപ്രദാനേ = മഹാനവമി മുതലായ പുണ്യദിവസങ്ങളിൽ ദേവിയെ ഉദ്ദേശിച്ചു് ആടു്, പോത്തു്, പശു മുതലായ ജന്തുക്കളെ ബലികൊടുക്കുമ്പോൾ.

പൂജായാം = പുഷ്പോപഹാരദീപാദിസമർപ്പണത്തിൽ, അല്ലെങ്കിൽ വസ്ത്രം, മാല, ചന്ദനം, വാഹനം, ഛത്രം, ചാമരം മുതലായ അലങ്കാരങ്ങളെക്കൊണ്ടു് കുമാരികളേയും സുവാസിനികളേയും സമർച്ചിക്കുന്നതിൽ.

അഗ്നികാര്യം = ഫാൽഗുനമാസത്തിൽചെയ്യുന്ന അഗ്നിജ്വാലാർച്ചനം, അല്ലെങ്കിൽ ദേവീമാഹാത്മ്യമാലാമന്ത്രംകൊണ്ടുള്ള പുരശ്ചരണയുടെ അവസാനത്തിൽ വിഹിതമായി ചെയ്യുന്ന ഹോമം.

മഹോത്സവം = ഓരോ മാസത്തിലും പ്രത്യേകം അനുഷ്ഠിക്കുന്നതായ ഉത്സവം—അവ, ൧. ചൈത്ര (* മീനം—മേടം) മാസത്തിൽ വസന്തോത്സവം. ൨. വൈശാഖ (മേടം—ഇടവം) മാസത്തിൽ വാരണപുഷ്പപ്രചായികോത്സവം. ൩. ജ്യേഷ്ഠ (ഇടവം—മിഥുനം) മാസ

* ഈരണ്ടു മലയാളമാസം പറഞ്ഞിട്ടുള്ളതിൽ ആദ്യം പറഞ്ഞിരിക്കുന്ന ഓരോ മലയാളമാസത്തിലേയും ശുക്ലപ്രതിപദം മുതൽ അടുത്ത അമാവാസിവരെ അതാതു ആര്യമാസത്തെ കണക്കാക്കേണ്ടതാകുന്നു.

ത്തിൽ ജലക്രീഡോത്സവം. ൪. ആഷാഢ (മിഥുനം—കർക്കടകം) മാസത്തിൽ ഇന്ദ്രധ്വജോത്ഥാനോത്സവം. ൫. ശ്രാവണ(കർക്കടകം—ചിങ്ങം) മാസത്തിൽ ദോലാന്ദോലോത്സവം ൬. ഭാദ്രപദ (ചിങ്ങം—കന്നി) ഇന്ദ്രപാണിധനുശ്ച്ഛന്നോത്സവം. ൭. ആശ്വിന (കന്നി—തുലാം) മാസത്തിൽ ശാരദോത്സവം. ൮. കാർത്തിക (തുലാം—വൃശ്ചികം) മാസത്തിൽ ദീപോത്സവം. ൯ മാർഗ്ഗശീർഷ (വൃശ്ചികം—ധനു) മാസത്തിൽ മന്ദുരയോത്സവം. ൧൦. പൌഷ(ധനു—മകരം)മാസത്തിൽ നിധിപൂജോത്സവം. ൧൧. മാഘ (മകരം—കുംഭം) മാസത്തിൽ മേരുത്സവം. ൧൨. ഫാൽഗുന (കുംഭം—മീനം) മാസത്തിൽ ഗന്ധർവ്വോത്സവം—ഇവയാകുന്നു.

അല്ലെങ്കിൽ മഹോത്സവം= മന്ത്രദീക്ഷാഖ്യമായ യജ്ഞം. അല്ലെങ്കിൽ സൂര്യോത്സവം.

ജഗ—ബലിപ്രദാനേ......ശ്രാവ്യമേവ ച സ്വാഹാ ൧൦

൧൦. ജാനതാ/ജാനതാ വാപി ബലിപൂജാം തഥാ കൃതാം
പ്രതീക്ഷിഷ്യാമ്യഹം പ്രീത്യാ വഹ്നിഹോമം തഥാ കൃതം. ൬൧൪

തഥാ ജാനതാ	=	ശാസ്ത്രോക്തപ്രകാരം അറിവുള്ളവനോ
അജാനതാ അപി വാ	=	അറിവില്ലാത്തവനോ ആയിരുന്നാലും
കൃതാം ബലിപൂജാം	=	ചെയ്യപ്പെട്ട ബലിയേയും പൂജയേയും
തഥാ കൃതം	=	അപ്രകാരംതന്നെ ചെയ്യപ്പെട്ട
വഹ്നിഹോമം	=	അഗ്നിയിൽ ചെയ്യപ്പെടുന്ന ഹോമത്തേയും
അഹം പ്രീത്യാ പ്രതീക്ഷിഷ്യാമി	=	ഞാൻ പ്രീതിയോടുകൂടി സ്വീകരിക്കും.

ബലി മുതലായ കർമ്മങ്ങളുടെ വിധിനിഷേധങ്ങളെപ്പററിയുള്ള ബോധത്തോടുകൂടിയോ കൂടാതെയോ ചെയ്യപ്പെടുന്ന ബലി, പൂജ,ഹോമം ഇവയെ എൻെറ മാഹാത്മ്യോച്ചാരണത്തോടുകൂടിയാണെങ്കിൽ ഞാൻ സന്തോഷത്തോടുകൂടി അംഗീകരിക്കും.

ഗുപ്ത—"ജ്ഞാത്വാ കർമ്മാണി കുർവീത" എന്ന പ്രമാണത്താൽ, ജ്ഞാനത്തിനു കർമ്മാംഗത്വം ഉള്ളതുകൊണ്ടു കർമ്മസ്വരൂപത്തിൻെറ ജ്ഞാനംകൂടാതെചെയ്യുന്നബലിമുതലായ കർമ്മങ്ങൾക്കുണ്ടാകുന്നന്യൂനത ദേവീമാഹാത്മ്യപഠനശ്രവണങ്ങളെക്കൊണ്ടു് നിവർത്തിക്കാവുന്നതാണെന്നു പറയുന്നു.

ചതു—ബലിപൂജ = ബലിയും പൂജയും, അല്ലെങ്കിൽ ബലിയോടുകൂടിയ പൂജ.

ശാന്ത—ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഇന്നവിധം ചെയ്യണമെന്നു്അറിയുന്നവനോ അറിയാത്തവനോ ആയാലും അവൻ

ചെയ്യുന്ന ബലി, പൂജ, ഹോമം ഇവയെ എന്റെ മാഹാത്മ്യോച്ചാരണത്തോടുകൂടി ചെയ്താൽ ഞാൻ പ്രീതിയോടുകൂടി സ്വീകരിക്കും.

ജഗ—ജാനതാ / ജാനതാ......തഥാ കൃതം സ്വാഹാ ൧൧

൧൧. ശരൽകാലേ മഹാപൂജാ ക്രിയതേ യാ ച വാഷികി
തസ്യാം മമൈതന്മാഹാത്മ്യം ശ്രുത്വാ ഭക്തിസമന്വിതഃ ൩൪൨

൧൨. സവ്വാബാധാവിനിർമ്മുക്തോ ധനധാന്യസുതാന്വിതഃ
മനുഷ്യോ മൽപ്രസാദേന ഭവിഷ്യതി ന സംശയഃ. ൩൪൩

ശരൽകാലേ വാഷികീ ച	=	ശരൽകാലത്തിലും വഷകാലത്തിലും
യാ മഹാപൂജാ	=	യാതൊരു മഹാപൂജാ
ക്രിയതേ തസ്യാം	=	ചെയ്യപ്പെടുന്നുവോ ആ പൂജയിൽ
മമ ഏതൽ മാഹാത്മ്യം	=	എന്റെ ഈ മാഹാത്മ്യത്തെ
ഭക്തിസമന്വിതഃ മനുഷ്യഃ	=	ഭക്തിയോടുകൂടിയവനായ മനുഷ്യൻ
ശ്രുത്വാ	=	കേട്ടിട്ടു്
മൽപ്രസാദേന	=	എന്റെ പ്രസാദംനിമിത്തം
സവ്വാബാധാവി- നിർമ്മുക്തഃ	=	വലുതായ എല്ലാപീഡകളിൽനിന്നും നിർമ്മുക്തനായിട്ടു്
ധനധാന്യസുതാന്വിതഃ	=	ധനധാന്യങ്ങളോടും പുത്രന്മാരോടും കൂടിയവനായിട്ടു്
ഭവിഷ്യതി ന സംശയഃ	=	ഭവിക്കുന്നു; സംശയമില്ല.

ശരൽകാലത്തും വഷകാലത്തും യാതൊരുമഹാപൂജ ചെയ്യപ്പെടുന്നുവോ ആ പൂജയിൽ ദേവീമാഹാത്മ്യത്തെ ഭക്തിപുരസ്സരം കേൾക്കുന്നവൻ ദേവിയുടെ അനുഗ്രഹത്താൽ സകലഉപദ്രവങ്ങളിൽനിന്നും മോചിച്ചു് സന്താനസമ്പത്തുകളോടുകൂടിയവനായ്ഭവിക്കും; നിശ്ചയം.

ഗുപ്ത—ശരൽകാലേ = ശാരദനവരാത്രിയിലും. വാഷികീ = വസന്തനവരാത്രിയിലും, ദേവിയുടെ മഹാപൂജയും ദേവീമാഹാത്മ്യപാരായണവും ചെയ്യപ്പെടേണ്ടതാകുന്നു.

ഈ രണ്ടു നവരാത്രികളെക്കുറിച്ചു് ദേവീഭാഗവതത്തിലും, "പ്രതിസംവത്സരം കയ്യാപ്പാരദം വാഷികം തഥാ" എന്നു് തന്ത്രത്തിലും പറയുന്നുണ്ടു്.

'വാഷികീ!' എന്നപദത്തിനു് പ്രതിവഷം എന്നുള്ള അത്ഥം ശരിയല്ല.

ചതു—മഹാപൂജ = ഉഗ്ഗോത്സവരൂപയായ പൂജ.

ശാന്ത—പ്രസിദ്ധയായ 'വാഷികി' എന്ന മഹാപൂജ ശരൽകാലത്തു ചെയ്യുമ്പോൾ ദേവീമാഹാത്മ്യത്തെ മുഴുവനും ഭക്തിയോടുകൂടി

പഠിക്കുകയോ കേൾക്കുകയോചെയ്യുന്ന മനുഷ്യൻ എന്റെ പ്രസാദം ഹേതുവായിട്ട സർവ്വോപദ്രവങ്ങളിൽനിന്നും മോചിച്ച് സന്താനസമ്പത്തുകളോടുകൂടിയവനായി ഭവിക്കും; നിശ്ചയം.

"സർവ്വബാധാവിനിർമ്മുക്തോ" എന്നു പാഠഭേദം.

ജഗ—ശരൽകാലേ......സമന്വിതഃ സ്വാഹാ ൫൨

സർവ്വാബാധാ......ന സംശയഃ സ്വാഹാ ൫൩

൫൩. ശ്രുത്വാ മമൈതന്മാഹാത്മ്യം തഥാ ചോൽപത്തയഃ ശുഭാഃ
പരാക്രമം ച യുദ്ധേഷു ജായതേ നിർഭയഃ പുമാൻ. ൱൪

മമ ഏതൽ മാഹാത്മ്യം	= എന്റെ ഈ മാഹാത്മ്യത്തേയും
തഥാ	= അപ്രകാരം
ശുഭാഃ ഉൽപത്തയഃ ച	= ശുഭകളായ ഉൽപത്തികളേയും
യുദ്ധേഷു പരാക്രമം ച	= യുദ്ധങ്ങളിൽ ഉള്ള പരാക്രമത്തേയും
ശ്രുത്വാ	= കേട്ടിട്ട്
പുമാൻ	= മനുഷ്യൻ
നിർഭയഃ ജായതേ	= ഭയമില്ലാത്തവനായിട്ട് ഭവിക്കുന്നു.

എന്റെ ഈ മാഹാത്മ്യത്തേയും ബ്രഹ്മാണ്യാദിശുഭാവതാരങ്ങളേയും യുദ്ധങ്ങളിലുള്ള പരാക്രമങ്ങളേയും കേൾക്കുന്ന പുരുഷൻ ഭയരഹിതനായി ഭവിക്കുന്നു.

ശാന്ത—ഭേവിയായ എന്റെ ഈ ചരിത്രത്രയത്തോടുകൂടിയ മാഹാത്മ്യത്തെ—മഹാപ്രഭാവത്തെ—ഭക്തിയോടുകൂടി കേൾക്കുന്നവനും ഗുരുവിങ്കൽനിന്നും ഗ്രഹിച്ച് അൎത്ഥാനുസന്ധാനപൂൎവ്വകം പാരായണം ചെയ്യുന്നവനും ആയ പുരുഷൻ യുദ്ധങ്ങളിൽ നിർഭയനായി ഭവിക്കുന്നു. അതുപോലെതന്നെ എന്റെ ശുഭങ്ങളായി—ജഗദഭിവൃദ്ധികളെ ചെയ്യുന്നവകളായി ഉള്ള—ബ്രഹ്മാണ്യാദിമഹാശക്തിരൂപാവതാരങ്ങളേയും, പരാക്രമങ്ങളേയും—വീരകൎമ്മങ്ങളേയും കേൾക്കുന്ന പുരുഷനും യുദ്ധങ്ങളിൽ നിർഭയനായി ഭവിക്കുന്നു.

അല്ലെങ്കിൽ യുദ്ധങ്ങളിലുള്ള എന്റെ പരാക്രമങ്ങളേ കേൾക്കുന്ന പുരുഷൻ നിർഭയനായി ഭവിക്കുന്നു.

'യുദ്ധങ്ങളിൽ' എന്ന ബഹുവചനപ്രയോഗംകൊണ്ടു 'ഭയഹേതുക്കളായ എല്ലാ കാൎയ്യങ്ങളിലും നിർഭയനായി ഭവിക്കുന്നു' എന്നൎത്ഥം.

ജഗ—ശ്രുത്വാ......പുമാൻ സ്വാഹാ ൫൪

൫൪. രിപവഃ സംക്ഷയം യാന്തി കല്യാണം ചോപപദ്യതേ
നന്ദതേ ച കുലം പുംസാം മാഹാത്മ്യം മമ ശൃണ്വതാം. ൱൫

മമ മാഹാത്മ്യം = എന്റെ മാഹാത്മ്യത്തെ
ശൃണ്വതാം പുംസാം = കേൾക്കുന്ന പുരുഷന്മാർക്ക്
രിപവഃ സംക്ഷയം യാന്തി = ശത്രുക്കൾ നാശത്തെ പ്രാപിക്കുന്നു.
കല്യാണം ഉപപദ്യതേ ച = മംഗളം ഉണ്ടാകുകയും ചെയ്യുന്നു.
കുലം നന്ദതേ ച = ഗോത്രം വർദ്ധിക്കുകയും ചെയ്യുന്നു.

എന്റെ മാഹാത്മ്യത്തെ കേൾക്കുന്ന പുരുഷന്മാർക്ക് ശത്രുക്കൾ നശിക്കുകയും മംഗളം ഉണ്ടാകുകയും കുലം വർദ്ധിക്കുകയും ചെയ്യുന്നു.

ശാന്ത—ഭക്തിയോടുകൂടി എന്റെ മാഹാത്മ്യത്തെ കേൾക്കുന്ന പുരുഷന്മാർക്ക് ശത്രുക്കൾ നശിക്കുകയും, മംഗളം ഭവിക്കുകയും, കുലം അഭിവൃദ്ധിയെ പ്രാപിക്കുകയും ചെയ്യുന്നു

ജഗ—രിപവഃ......ശൃണ്വതാം സ്വാഹാ ൧൧

൧൧. ശാന്തികർമ്മണി സർവ്വത്ര തഥാ ദുഃസ്വപ്നദർശനേ
ഗ്രഹപീഡാസു ചോഗ്രാസു മാഹാത്മ്യം ശൃണുയാന്മമ. ന്യർന്ന

സർവ്വത്ര ശാന്തികർമ്മണി = എല്ലാ ശാന്തികർമ്മത്തിലും
തഥാ ദുഃസ്വപ്നദർശനേ = അപ്രകാരം ദുഃസ്വപ്നം കാണുമ്പോഴും
ഉഗ്രാസു = ഘോരങ്ങളായ
ഗ്രഹപീഡാസു ച = നവഗ്രഹങ്ങളെക്കൊണ്ടുള്ള ഉപദ്രവങ്ങളിലും
മമ മാഹാത്മ്യം = എന്റെ മാഹാത്മ്യം
ശൃണുയാൽ = കേൾക്കേണ്ടതാകുന്നു.

എല്ലാശാന്തികർമ്മത്തിലും അതുപോലെതന്നെ ദുഃസ്വപ്നദർശനത്തിലും നവഗ്രഹങ്ങളെക്കൊണ്ടുള്ള ഭയങ്കരങ്ങളായ ഉപദ്രവങ്ങളിലും എന്റെ മാഹാത്മ്യത്തെ കേൾക്കേണ്ടതാകുന്നു.

ഗുപ്ത—വിശേഷസന്ദർഭങ്ങളിലും ഈ ദേവീമാഹാത്മ്യത്തിന്റെ പഠനാദികൾ വേണ്ടതാണെന്നു പറയുന്നു.

"ശൃണുയാൽ" എന്നു പറഞ്ഞിട്ടുള്ളതിൽ 'പാരായണം ചെയ്യണം' എന്നുകൂടി അന്തർഭവിച്ചിട്ടുണ്ട്.

ചതു—ദുസ്സ്വപ്നം = അനിഷ്ടസൂചകമായ സ്വപ്നം.

ശന്ത—ഉൽപാതസൂചിതങ്ങളായ എല്ലാ ഉപദ്രവങ്ങൾക്കും ഉള്ള ശാന്തികർമ്മത്തിലും അതുപോലെതന്നെ അനിഷ്ടസൂചകമായ സ്വപ്നത്തിലും ഏററവും അനിഷ്ടഫലങ്ങളായിരിക്കുന്ന ഗ്രഹപീഡകളിലും എന്റെ മാഹാത്മ്യം കേൾക്കുകയും പാരായണംചെയ്യുകയും ചെയ്യേണ്ടതാകുന്നു. അങ്ങനെ ചെയ്യുന്ന പുരുഷന് സർവ്വബാധോപശാന്തിയും സർവ്വകാര്യങ്ങളിലും അർത്ഥസിദ്ധിയും ഉണ്ടാകുന്നതാണ്.

ജഗ—ശാന്തികർമ്മണി......ശൃണുയാന്മമ സ്വാഹാ ൧൩

൧൩. ഉപസർഗ്ഗാഃ ശമം യാന്തി ഗ്രഹപീഡാശ്ച ദാരുണാഃ
ദുഃസ്വപ്നം ച നൃഭിർദൃഷ്ടം സുസ്വപ്നമുപജായതേ. ൩൪൬

ഉപസർഗ്ഗാഃ = ബാധകളും
ദാരുണാഃ = ഭയങ്കരങ്ങളായ
ഗ്രഹപീഡാഃ ച = ഗ്രഹങ്ങളെക്കൊണ്ടുള്ള ഉപദ്രവങ്ങളും
ശമം യാന്തി = നാശത്തെ പ്രാപിക്കുന്നു.
നൃഭിഃ ദൃഷ്ടം ദുഃസ്വപ്നം = മനുഷ്യരാൽ കാണപ്പെടുന്നദുഃസ്വപ്നവും
സുസ്വപ്നം ഉപജായതേ ച = നല്ലസ്വപ്നമായിത്തീരുന്നു.

ഉൽപാതങ്ങളും നവഗ്രഹങ്ങളെക്കൊണ്ടുള്ള ഭയങ്കരങ്ങളായ ഉപദ്രവങ്ങളും നശിക്കും. മനുഷ്യരാൽ കാണപ്പെടുന്ന ദുഃസ്വപ്നം നല്ലസ്വപ്നമായി ഭവിക്കുകയും ചെയ്യും.

ശാന്ത—എന്റെ മാഹാത്മ്യശ്രവണത്താൽ അതിവൃഷ്ട്യാദികളായ ബാധകൾ നാശത്തെ പ്രാപിക്കുന്നു അല്ലെങ്കിൽ പ്രകൃതിവിരുദ്ധങ്ങളായ ഈതിബാധകൾ നാശത്തെ പ്രാപിക്കുന്നു. അതുപോലെ തന്നെ ആദിത്യാദിഗ്രഹങ്ങൾ നിമിത്തമുണ്ടാകുന്ന ഭയങ്കരങ്ങളായ ബാധകളും നാശത്തെ പ്രാപിക്കുന്നു. മനുഷ്യർാൽ കാണപ്പെടുന്ന ദുഃസ്വപ്നവും നല്ലസ്വപ്നമായിത്തീരുന്നു—ദുഃസ്വപ്നംകൊണ്ടു സൂചിപ്പിക്കപ്പെട്ട യാതൊരു ഭാവിഫലമുണ്ടോ അതു് നല്ല സ്വപ്നംകൊണ്ടു് സൂചിപ്പിക്കപ്പെട്ട ഫലമായിത്തന്നെ പരിണമിക്കുന്നു—എന്നു താല്പര്യം.

മണിയുടെയും മന്ത്രത്തിന്റെയും ഔഷധത്തിന്റെയും ദേവതകളുടെയും മാഹാത്മ്യം നിസ്തർക്കമാകുംവണ്ണം പ്രാപിക്കപ്പെടാവുന്ന ഫലത്തോടുകൂടിയതാകുന്നു.

'സ്വപ്നം' എന്നുള്ള നപുംസകലിംഗപ്രയോഗം ആർഷമാകയാൽ സാധുവാകുന്നു.

ജഗ—ഉപസർഗ്ഗാഃ......ജായതേ സ്വാഹാ ൧൪

൧൪. ബാലഗ്രഹാഭിഭൂതാനാം ബാലാനാം ശാന്തികാരകം
സംഘാതഭേദേ ച നൃണാം മൈത്രീകരണമുത്തമം. ൩൪൭

ബാലഗ്രഹാഭിഭൂതാനാം = ബാലന്മാരെ ഉപദ്രവിക്കുന്നഭൂതങ്ങളാൽ ആക്രമിക്കപ്പെട്ട
ബാലാനാം ശാന്തികാരകം = ശിശുക്കൾക്കു് ശാന്തിയെ ചെയ്യുന്നതും
നൃണാം = മിത്രങ്ങളായമനുഷ്യർക്കു്
സംഘാതഭേദേ = തമ്മിലുള്ള കലഹത്തിൽ
ഉത്തമം = ഉത്തമമായിരിക്കുന്ന
മൈത്രീകരണം = സ്നേഹത്തെയുണ്ടാക്കുന്നതും ആകുന്നു.

എന്റെ ഈ മാഹാത്മ്യം ബാലന്മാരെ ഉപദ്രവിക്കുന്ന ഭൂതങ്ങളാൽ ആക്രമിക്കപ്പെട്ട ബാലന്മാക്ക് ശാന്തിയെ ഉണ്ടാക്കുന്നതും, മിത്രങ്ങളായ മനുഷ്യക്ക് തമ്മിൽ ഉണ്ടാകുന്ന കലഹത്തിൽ ശ്രേഷ്ഠമായ സ്നേഹത്തെ ഉണ്ടാക്കുന്നതും ആകുന്നു.

ഗ്രഹ്ണ—സംഘാതഭേദേ=ഒരേജാതിയിൽപ്പെട്ട സംഘങ്ങൾക്ക പരസ്പരം വൈമനസ്യം വരുമ്പോൾ.

ശാന്ത—എന്റെ ഉത്തമമായിരിക്കുന്ന മാഹാത്മ്യശ്രവണം, ശിശുപീഡയെ ഉണ്ടാക്കുന്ന പൂതനാദിഭൂതങ്ങളാലും, ശ്മശാനാദികളിൽവസിക്കുന്നവയും, ദൃഷ്ടിബന്ധം, ഹൃൽബന്ധം, ഗളബന്ധം, ആന്ത്രബന്ധം, നാഭിബന്ധം, ശുക്ലബന്ധം, ഉപസ്ഥബന്ധം, രുധിരശോഷണം, മാംസശോഷണം, മൂത്രശോഷണം, കഫശോഷണം ഇവയെ ചെയ്യുന്നവയുമായ ദേവതകളാലും ആക്രമിക്കപ്പെട്ട ബാലന്മാക്ക് അവയുടെ ഉപശമനത്തിനായിക്കൊണ്ടു ഭവിക്കുന്നു. അതുകൂടാതെ ഐകമത്യത്തോടുകൂടിയിരിക്കുന്ന മനുഷ്യക്ക് ആഭിചാരങ്ങൾകൊണ്ടുണ്ടാകുന്ന മൈത്രീനാശത്തിൽ എന്റെ മാഹാത്മ്യശ്രവണംതന്നെ ഉത്തമമായിരിക്കുന്ന മൈത്രിയെ ഉണ്ടാക്കുകയും ചെയ്യുന്നു.

ഈ മാഹാത്മ്യത്തിനല്ലാതെ മററൊന്നിനും ഈ സാമത്ഥ്യം ഇല്ലാത്തതാകുന്നു.

ജഗ—ബാലഗ്രഹാ......മുത്തമം സ്വാഹാ ഹവ്യ

ഹവ്യ. ദുർവൃത്താനാമശേഷാണാം ബലഹാനികരം പരം
രക്ഷോഭൂതപിശാചാനാം പഠനാദേവ നാശനം. സൂർൻ

പഠനാൽ ഏവ	=	എന്റെ മാഹാത്മ്യപാരായണംകൊണ്ടു-[തന്നെ
അശേഷാണാം	=	എല്ലാ
ദുർവൃത്താനാം	=	ദുഷ്ടന്മാക്കും
പരം ബലഹാനികരം	=	ഏററവും ബലഹാനിയെ ചെയ്യുന്നതും
രക്ഷോഭൂതപിശാചാനാം	=	രക്ഷസ്സുകളുടേയും ഭൂതങ്ങളുടേയും പിശാചുക്കളുടേയും
നാശനം	=	നാശത്തെ ചെയ്യുന്നതുമാകുന്നു.

എന്റെ മാഹാത്മ്യപാരായണം സകലദുഷ്ടന്മാക്കും ഏററവും ശക്തിക്ഷയത്തേയും, രക്ഷസ്സുകൾക്കും ഭൂതങ്ങൾക്കും പിശാചുക്കൾക്കും നാശത്തേയും ചെയ്യുന്നതാകുന്നു.

ഗ്രഹ്ണ—"വാദി മൂകതി, രങ്കതി ക്ഷിതിപതി,വൈശ്വാനരഃ ശീതതി, ക്രോധീ ശാന്തതി, ദുർജ്ജനഃ സുജനതി, ക്ഷിപ്രാനുഗഃ ഖഞ്ജതി" ഇത്യാദി പ്രസിദ്ധഫലങ്ങളെ കൊടുക്കുന്നതാകുന്നു ദേവ്യുപാസന.

ശാന്ത—എന്റെ മാഹാത്മ്യപാരായണംകൊണ്ടുതന്നെ, ദുർവൃത്തന്മാരായിരിക്കുന്ന അശേഷപ്രാണികൾക്കും ബലഹാനിയുണ്ടാകുന്നതും, മായോപജീവികളായിരിക്കുന്ന രാക്ഷസന്മാർക്കും, ബാലഗ്രഹാദിഭൂതങ്ങൾക്കും, മാംസങ്ങളെ ഭക്ഷിക്കുന്നവയായി തമോഗുണസ്വഭാവത്തോടുകൂടിയവയായി അനേകോപദ്രവങ്ങളെ ചെയ്യുന്നവയായി ഇരിക്കുന്ന പിശാചുക്കൾക്കും നാശം സംഭവിക്കുന്നതുമാകുന്നു.

ജഗ—ദുർവൃത്താനാ......നാശനം സ്വാഹാ ൧൯

൧൯. സർവ്വം മമൈതന്മാഹാത്മ്യം മമ സന്നിധികാരകം
പശുപുഷ്പാർഘ്യധൂപൈശ്ച ഗന്ധദീപൈസ്തഥോത്തമൈഃ. ൬൪൦

൨൦. വിപ്രാണാം ഭോജനൈർഹോമൈഃ പ്രോക്ഷണീയൈരഹർന്നിശം
അന്യൈശ്ച വിവിധൈർഭോഗൈഃ പ്രദാനൈർവ്വത്സരേണ യാ. ൬൪൧

൨൧. പ്രീതിർമേ ക്രിയതേ സാസ്മിൻ സകൃദുച്ചരിതേ ശ്രുതേ
ശ്രുതം ഹരതി പാപാനി തഥാരോഗ്യം പ്രയച്ഛതി. ൬൪൨

മമ ഏതൽ മാഹാത്മ്യം = എന്റെ ഈ മാഹാത്മ്യം
സർവ്വം മമ = മുഴുവനും എന്റെ
സന്നിധികാരകം = സാന്നിധ്യത്തെ ഉണ്ടാക്കുന്നതാണ്.
പശുപുഷ്പാർഘ്യധൂപൈഃ ച = പശുക്കൾ പുഷ്പങ്ങൾ പൂജാംഗങ്ങളായ തേൻ നെയ്യ് മുതലായവ, ധൂപങ്ങൾ ഇവയെക്കൊണ്ടും
തഥാ ഉത്തമൈഃ = അപ്രകാരം ഉത്തമങ്ങളായ
ഗന്ധദീപൈഃ = ഗന്ധങ്ങളെക്കൊണ്ടുംദീപങ്ങളെക്കൊണ്ടും
അഹർന്നിശം = പകലും രാത്രിയും
വിപ്രാണാം ഭോജനൈഃ = ബ്രാഹ്മണരുടെ ഭോജനങ്ങളെക്കൊണ്ടും
ഹോമൈഃ പ്രോക്ഷണീയൈഃ = ഹോമങ്ങളെക്കൊണ്ടും അഭിഷേകാദികളെക്കൊണ്ടും
അന്യൈഃ വിവിധൈഃ = വേറേ പലവിധത്തിലുള്ള
ഭോഗൈഃ ച പ്രദാനൈഃ = ഭോഗങ്ങളെക്കൊണ്ടുംദാനങ്ങളെക്കൊണ്ടും
വത്സരേണ യാ പ്രീതിഃ = ഒരുവത്സരംകൊണ്ടു യാതൊരുപ്രീതി
മേ ക്രിയതേ = എനിക്കു് ഉണ്ടാക്കപ്പെടുന്നുവോ
സാ = ആ പ്രീതി
അസ്മിൻ സകൃൽ ഉച്ചരിതേ = ഈ മാഹാത്മ്യം ഒരിക്കൽ വായിക്കുകയോ
ശ്രുതേ = കേൾക്കുകയോചെയ്താൽ ഉണ്ടാകുന്നു.
ശ്രുതം = ദേവീമാഹാത്മ്യശ്രവണം
പാപാനി ഹരതി = പാപങ്ങളെ നശിപ്പിക്കുന്നു.
തഥാ ആരോഗ്യം പ്രയച്ഛതി = അപ്രകാരം ആരോഗ്യത്തെ ഉണ്ടാക്കുന്നു.

എന്റെ ഈ മാഹാത്മ്യം മുഴുവനും എന്റെ സാന്നിധ്യത്തെ ഉണ്ടാക്കുന്നതാകുന്നു. പശുക്കളെക്കൊണ്ടുള്ള ബലി, പുഷ്പങ്ങൾ, അർഘ്യാംഗങ്ങൾ, ധൂപങ്ങൾ, ഉത്തമങ്ങളായ ഗന്ധങ്ങളും ദീപങ്ങളും, ബ്രാഹ്മണഭോജനങ്ങൾ, ഹോമങ്ങൾ, അഭിഷേകങ്ങൾ, വേറെ നാനാവിധഭോഗങ്ങൾ, ദാനങ്ങൾ ഇവയെല്ലാം ഒരുവത്സരം മുഴുവനും പകലും രാത്രിയും ചെയ്താൽ എനിക്കു് യാതൊരു പ്രീതി ഉണ്ടാകുമോ ആ പ്രീതി എന്റെ ഈ മാഹാത്മ്യം ഒരിക്കൽ വായിക്കുകയോ കേൾക്കുകയോ ചെയ്താൽ ഉണ്ടാകുന്നതാണു്. ഈ മാഹാത്മ്യശ്രവണം പാപങ്ങളെ നശിപ്പിക്കുകയും ആരോഗ്യത്തെ ഉണ്ടാക്കുകയും ചെയ്യുന്നതാകുന്നു.

ഗുപ്ത—പ്രോക്ഷണീയങ്ങൾ = പഞ്ചാമൃതം, പനിനീർ മുതലായവയെക്കൊണ്ടുള്ള മഹാഭിഷേകങ്ങൾ.

ചതു—അർഘ്യം=അഷ്ടാംഗം.

"ആപഃക്ഷീരകുശാഗ്രാണി ദധിചന്ദനമക്ഷതാഃ
തിലാ യവാശ്ച സിദ്ധാർത്ഥാ അഷ്ടാംഗോർഘ്യഃ പ്രകീർത്തിതഃ"
(എന്നു്)

ജലം, പാൽ, ദർഭാഗ്രങ്ങൾ, തൈരു്, ചന്ദനം, അക്ഷതം, എള്ളു്, യവം ഇവയാകുന്നു അഷ്ടാംഗം.

പ്രോക്ഷണീയങ്ങൾ = മന്ത്രാദികളെക്കൊണ്ടു സംസ്കരിക്കപ്പെട്ട ജലത്താൽ പ്രോക്ഷണയോഗ്യങ്ങളായുള്ള പശു മുതലായവ.

ശാന്ത—"പ്രേക്ഷണീയൈഃ" എന്നു പാഠഭേദം.

ആദിമുതൽ അവസാനംവരെയുള്ള എന്റെ ഈ മാഹാത്മ്യം പാരായണംചെയ്താൽ അതു് എന്റെ സാന്നിധ്യത്തെ ഉണ്ടാക്കുന്നതാകുന്നു. ഭക്തന്മാരായ പുരുഷന്മാർ, ആട്ടു് പോത്തു് മുതലായവയെക്കൊണ്ടും മഹാപശുക്കളായ നരന്മാരെക്കൊണ്ടും ചെയ്യുന്ന ബലിനിമിത്തവും, സുഗന്ധപുഷ്പങ്ങളെക്കൊണ്ടും, പൂജാംഗങ്ങളായ തേൻ നെയ്യു് മുതലായവകൊണ്ടും, കർപ്പൂരം അകിൽ തിരുവട്ടപ്പശ മുതലായ ധൂപങ്ങളെക്കൊണ്ടും, ചന്ദനം, കർപ്പൂരം, കസ്തൂരി, രക്തചന്ദനം, തക്കോലപ്പുട്ടില്, അകിൽ, കുങ്കുമം ഇത്യാദി ഗന്ധങ്ങളെക്കൊണ്ടും, കർപ്പൂരദീപം നെയ്യു് മുതലായവകൊണ്ടുള്ള ദീപങ്ങൾ സൂര്യചന്ദ്രന്മാരുടേയും നക്ഷത്രങ്ങളുടേയും കാന്തികളെക്കൊണ്ടുള്ള ദീപങ്ങൾ പരമാത്മപരമായ ജ്യോതിസ്സുകളെക്കൊണ്ടുള്ള ദീപങ്ങൾ ഇവകളെക്കൊണ്ടും, ഷഡ്രസോപേതങ്ങളായി രുചികരങ്ങളായി ഇരിക്കുന്ന അന്നാദികളെക്കൊണ്ടുള്ള ബ്രാഹ്മണഭോജനങ്ങളെക്കൊണ്ടും അതുപോലെതന്നെ പകലും രാത്രിയും ദർശനീയങ്ങളായി ഇരിക്കുന്ന നൃത്തങ്ങളെക്കൊണ്ടും,

ഗീതങ്ങളെക്കൊണ്ടും, വാദ്യങ്ങളെക്കൊണ്ടും, അതുപോലെതന്നെ വിവിധങ്ങളായ ഭോഗങ്ങളെക്കൊണ്ടും, ദേവീപ്രീതിക്കായി ചെയ്യപ്പെടുന്ന പലവിധദാനങ്ങളെക്കൊണ്ടും, വസ്ത്രാലങ്കാരപൂജാദികളെക്കൊണ്ടും, ഒരുസംവത്സരം മുഴുവനും എന്നെ സേവിച്ചിട്ട് എന്റെ സർവ്വകാമദുഹയായ യാതൊരു പ്രീതിസമ്പാദിക്കുന്നുവോ ആ പ്രീതി, ഈ മാഹാത്മ്യം ഭക്തിയോടുകൂടി ഒരുതവണ ഉച്ചരിക്കുകയോ കേൾക്കുകയോ ചെയ്താൽ ഉണ്ടാകുന്നതാണ്. എന്റെ മാഹാത്മ്യശ്രവണം പാപങ്ങളെ നശിപ്പിക്കുകയും ആരോഗ്യത്തെ ഉണ്ടാക്കുകയും ചെയ്യും.

"സകൃത്സുചരിതേ ശ്രുതേ" എന്നു പാഠഭേദം.

ശ്രുതശബ്ദംകൊണ്ടു് ശ്രവണത്തിനാണു് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. "ദേവിയുടെ ഈ ശോഭനചരിതം ഒരുതവണ കേട്ടാൽ" എന്നർത്ഥം.

"പ്രോക്ഷണിയൈരഹന്നിശം" എന്ന പാഠത്തിനു് 'മന്ത്രംകൊണ്ടു ശുദ്ധമാക്കപ്പെട്ട ജലം പ്രോക്ഷിച്ചു് സംസ്കരിക്കപ്പെട്ട അജം മുതലായവയെക്കൊണ്ടുള്ള ബലി' എന്നു് അർത്ഥം പറയുന്നതു് ശരിയല്ല. 'ഉക്ഷ സേചനേ' എന്ന ധാതുവനുസരിച്ചു് 'ദിവസംതോറുമുള്ള പഞ്ചാമൃതാഭിഷേകം' എന്നും 'അവിച്ഛിന്നമാകുംവണ്ണം ഉള്ള ക്ഷീരാഭിഷേകം' എന്നും അർത്ഥമാകുന്നു.

ജഗ—സർവ്വം മമൈത......സ്തഥോത്തമൈഃ സ്വാഹാ ൨൦
വിപ്രാണാം......വത്സരേണ യാ സ്വാഹാ ൨൧
പ്രീതിർമേ......പ്രയച്ഛതി സ്വാഹാ ൨൨

൨൨ രക്ഷാം കരോതി ഭൂതേഭ്യോ ജന്മനാം കീർത്തനം മമ
യുദ്ധേഷു ചരിതം യന്മേ ദുഷ്ടദൈത്യനിബർഹണം. ൩൭൩

൨൩. തസ്മിൻ ശ്രുതേ വൈരികൃതം ഭയം പുംസാം ന ജായതേ
യുഷ്മാഭിഃ സ്തുതയോ യാശ്ച യാശ്ച ബ്രഹ്മർഷിഭിഃ കൃതാഃ ൩൭൪

൨൪. ബ്രഹ്മണാ ച കൃതാസ്താസ്തു പ്രയച്ഛന്തി ശുഭാം മതിം

മമ ജന്മനാം കീർത്തനം	=	എന്റെ ഉൽപത്തികളുടെ കഥനം
ഭൂതേഭ്യഃ രക്ഷാം കരോതി	=	ഭൂതങ്ങളിൽനിന്നു് രക്ഷയെ ചെയ്യുന്നു.
യുദ്ധേഷു	=	ദേവീദാനവയുദ്ധങ്ങളിൽ
യൽദുഷ്ടദൈത്യനിബർഹണം	=	യാതൊരു ദുഷ്ടദൈത്യന്മാരെ നിഗ്രഹിച്ചു എന്നുള്ള
മേ ചരിതം	=	എന്റെ ചരിത്രം ഉണ്ടോ
തസ്മിൻ ശ്രുതേ	=	ആ ചരിത്രം കേട്ടാൽ

പുംസാം വൈരികൃതം ഭയം	= മനുഷ്യർക്കു് ശത്രുക്കൾനിമിത്തമുണ്ടാകുന്ന ഭയം
ന ജായതേ	= ഉണ്ടാകുന്നതല്ല.
യുഷ്മാഭിഃ കൃതാഃ	= നിങ്ങളാൽ ചെയ്യപ്പെട്ട
യാഃ സ്തുതയഃ ച	= യാതൊരു സ്തുതികളുണ്ടോ
ബ്രഹ്മർഷിഭിഃ കൃതാഃ	= ബ്രഹ്മർഷികളാൽ ചെയ്യപ്പെട്ട
യാഃ സ്തുതയഃ ച താഃ	= യാതൊരു സ്തുതികളുണ്ടോ ആ സ്തുതികളും
ബ്രഹ്മണാ ച കൃതാഃ തു	= ബ്രഹ്മാവിനാൽ ചെയ്യപ്പെട്ട സ്തുതികളും
ശുഭാം മതിം പ്രയച്ഛന്തി	= സൽബുദ്ധിയെ നൽകുന്നു.

എന്റെ അവതാരങ്ങളുടെ കീർത്തനം ഭൂതങ്ങളിൽനിന്നും രക്ഷയെ ചെയ്യും. യുദ്ധങ്ങളിൽ ദുഷ്ടദൈത്യന്മാരെ നശിപ്പിച്ചതായ യാതൊരു എന്റെചരിതമുണ്ടോ അതുകേട്ടാൽ മനുഷ്യർക്കു് ശത്രുക്കളിൽനിന്നുള്ള ഭയം ഉണ്ടാകുന്നതല്ല. നിങ്ങളാലും ബ്രഹ്മർഷികളാലും ചെയ്യപ്പെട്ട സ്തുതികളും ബ്രഹ്മാവിനാൽ ചെയ്യപ്പെട്ട സ്തുതികളും പാഠംചെയ്താൽ സദ്ബുദ്ധിയെ ഉണ്ടാക്കുന്നതാകുന്നു.

ഗുപ്ത—'യുഷ്മാഭിഃ സ്തുതയഃ' എന്നതുകൊണ്ടു് ദേവീസൂക്തത്തേയും, നാരായണീസൂക്തത്തേയും നിർദ്ദേശിച്ചിരിക്കുന്നു. 'ബ്രഹ്മർഷിഭിഃ' എന്നതുകൊണ്ടു് ബ്രഹ്മാവിനാലും ഋഷികളാലും കാണപ്പെട്ട മഹിഷാന്തകരീസൂക്തത്തെ നിർദ്ദേശിച്ചിരിക്കുന്നു. ബ്രഹ്മർഷിശബ്ദംകൊണ്ടു് സുമേധസ്സുമഹർഷിയാൽ ചെയ്യപ്പെട്ട 'തഥാപി മമതാവർത്തേ' ഇത്യാദികമാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. 'ബ്രഹ്മണാ ച കൃതാഃ' എന്നതു് 'വിശ്വേശ്വരീം ജഗദ്ധാത്രീം' ഇത്യാദി സൂക്തത്തെ നിർദ്ദേശിക്കുന്നു.

ലക്ഷ്മീതന്ത്രത്തിൽ ഈ സ്തോത്രങ്ങൾക്കു് അനാദിത്വത്തെ കല്പിച്ചിരിക്കുന്നതുകൊണ്ടു്. 'കൃതാഃ' എന്നതിന്നു് 'ചെയ്യപ്പെട്ടവ' എന്നല്ല 'കാണപ്പെട്ടവ' എന്നാകുന്നു അർത്ഥം.

ചതു—ശുഭാം മതിം = മോക്ഷകാരണമായ ജ്ഞാനത്തെ.

ശാന്ത—ദേവിയായ എന്റെ ബ്രഹ്മാണ്യാദിശക്തിരൂപേണയുള്ള അവതാരങ്ങളുടെ ഉച്ചാരണം ഭക്തന്മാരെ ഭൂതപ്രേതപിശാചശത്രുസിംഹവ്യാഘ്രാദിഗ്രഹാദികളിൽനിന്നും രക്ഷിക്കുന്നതാകുന്നു.

"ജന്മിനാം കീർത്തനം" എന്നു പാഠഭേദം.

'ജന്മത്തോടുകൂടിയ പുരുഷന്മാർക്കു്' എന്നർത്ഥം

ദാനവന്മാരുമായുള്ള യുദ്ധത്തിൽ ആ ദുഷ്ടദൈത്യന്മാരെ സംഹരിക്കുന്ന ശസ്ത്രപ്രയോഗലക്ഷണമായ എന്റെ യാതൊരു ചരിത്രമുണ്ടോ അതു് കേൾക്കുന്ന പുരുഷന്മാർക്കു് ശത്രുക്കൾനിമിത്തമുള്ള ഭയം

ഉണ്ടാകുന്നതല്ല. സുമേധസ്സിനാലും മാർക്കണ്ഡേയനാലും ബ്രഹ്മർഷികളാലും ദേവിയായ എന്നെ സംബന്ധിച്ചു് യാവചില സ്തുതികൾ—'തഥാപി മമതാവത്തേ' ഇത്യാദിസ്തുതികൾ ചെയ്യപ്പെട്ടുവോ—ആ സ്തുതികളും, മധുകൈടഭഭീതനായ ബ്രഹ്മാവിനാൽ ചെയ്യപ്പെട്ട 'വിശേശ്വരീം ജഗദ്ധാത്രീം' ഇത്യാദി സ്തുതികളും പാഠംചെയ്യുന്ന ഭക്തന്മാൎക്കു് സൽബുദ്ധിയെ ഉണ്ടാക്കുന്നതാകുന്നു. അല്ലയോ ദേവന്മാരേ! നിങ്ങളാൽ ചെയ്യപ്പെട്ട 'ദേവ്യാ യയാ തതമിദം' ഇത്യാദി സ്തുതികളും, 'നമോ ദേവ്യൈ മഹാദേവ്യൈ' ഇത്യാദിസ്തുതികളും, 'ദേവി! പ്രപന്നാൎത്തിഹരേ! പ്രസീദ' ഇത്യാദിസ്തുതികളും ശുഭബുദ്ധിയെ ഉണ്ടാക്കുന്നതാകുന്നു.

"പ്രയച്ഛന്തി ശുഭാം ഗതിം" എന്നു പാഠഭേദം.

നാഗേം—'ബ്രഹ്മർഷിഭിഃ കൃതാ' എന്നതിലെ ബ്രഹ്മർഷി സുമേധസ്സുമഹർഷിയാകുന്നു. (ബഹുവചനം പൂജയെ കാണിക്കുന്നു) എന്നാൽ വാസ്തവത്തിൽ 'യുഷ്മാഭിസ്സ്തുതയോ യാശ്ച' എന്നതിനാൽ നാരായണീസൂക്തവും, 'ബ്രഹ്മണാ ച കൃതാ' എന്നതിനാൽ (ബ്രഹ്മാവിനോടും ഋഷികളോടുംകൂടി നിങ്ങളാൽ ചെയ്യപ്പെട്ട) മഹിഷാന്തകരീസൂക്തവും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ആ സ്തുതിയിൽ ഋഷികൾക്കും കർത്തൃത്വമുണ്ടു്. 'ഈ സ്തോത്രങ്ങളെല്ലാം അകർത്തൃകങ്ങളാണെന്നും അനാദിയായി ഉണ്ടായിരുന്നവയെ ബ്രഹ്മാദികൾ കണ്ടുപിടിച്ചു എന്നും' ലക്ഷ്മീതന്ത്രം ഘോഷിക്കുന്നു.

ജഗ—രക്ഷാം കരോതി......നിബർഹണം സ്വാഹാ ൨൨
തസ്മിൻ ശ്രുതേ......കൃതാഃ സ്വാഹാ ൨൩
അരണ്യേ പ്രാന്തരേ വാപി ദാവാഗ്നിപരിവാരിതഃ ൨൪

൨൫ ദസ്യുഭിർവാ വൃതഃ ശൂന്യേ ഗൃഹീതോ വാപി ശത്രുഭിഃ
സിംഹവ്യാഘ്രാനുയാതോ വാ വനേ വാ വനഹസ്തിഭിഃ ൨൬

൨൭. രാജ്ഞാ ക്രുദ്ധേന ചാജ്ഞപ്തോ വദ്ധ്യോ ബന്ധഗതോഽപി വാ
ആഘൂർണ്ണിതോ വാ വാതേന സ്ഥിതഃപോതേ മഹാൎണ്ണവേ.൨൮

൨൯. പതത്സു ചാപി ശസ്ത്രേഷു സംഗ്രാമേ ഭൃശദാരുണേ
സർവ്വബാധാസു ഘോരാസു വേദനാഭ്യർദ്ദിതോഽപി വാ. ൩൦

൩൧. സ്മരൻ മമൈതച്ചരിതം നരോ മുച്യേത സങ്കടാൽ

അരണ്യേ	= കാട്ടിൽ
ദാവാഗ്നിപരിവാരിതഃ അപി വാ	= കാട്ടുതീകൊണ്ടു ചുററപ്പെട്ടവനായിട്ടോ
പ്രാന്തരേ	= ദൂരത്തിലുള്ള ജനശൂന്യമായ മാൎഗ്ഗത്തിൽ

ദസ്യുഭിഃ വൃതഃ വാ = കള്ളന്മാരാൽ ചുററപ്പെട്ടവനായിട്ടോ
ശൂന്യേ = നിൎജ്ജനപ്രദേശത്തിൽ
ശത്രുഭിഃ ഗൃഹീതഃ അപി വാ = ശത്രുക്കളാൽ പിടിക്കപ്പെട്ടവനായിട്ടോ
വനേ സിംഹവ്യാഘ്രാ-നുയാതഃ വാ = കാട്ടിൽ സിംഹം, പുലി എന്നിവയാൽ അനുയാനം ചെയ്യപ്പെട്ടവനായിട്ടോ
വനഹസ്തിഭിഃ = കാട്ടാനകളാൽ കൊല്ലുന്നതിനായി ചുററപ്പെട്ടവനായിട്ടോ
ക്രുദ്ധേന രാജ്ഞാ = കോപിച്ച രാജാവിനാൽ
വധ്യഃ = വധാൎഹനാണെന്നു്
ആജ്ഞപ്തഃ ച = ആജ്ഞാപിക്കപ്പെട്ടവനായിട്ടോ
ബന്ധഗതഃ അപി വാ = കെട്ടപ്പെട്ടവനായിട്ടോ
മഹാൎണ്ണവേ = വൻകടലിൽ
പോതേ സ്ഥിതഃ = കപ്പലിൽ സ്ഥിതനായിട്ടു്
വാതേന = കാററുകൊണ്ടു്
ആഘൂൎണ്ണിതഃ വാ = ഇളക്കപ്പെട്ടവനായിട്ടോ
ഭൃശദാരുണേ സംഗ്രാമേ = അതിഭയങ്കരമായയുദ്ധത്തിൽ
ശസ്ത്രേഷു = ആയുധങ്ങൾ
പതത്സു അപി ച = പതിക്കമ്പോഴും
സൎവ്വബാധാസു = സൎവ്വോപദ്രവങ്ങളിലും
വേദനാഭ്യൎദ്ദിതഃ അപി വാ = കഠിനവേദനകൊണ്ടു് ഹിംസിക്കപ്പെട്ടവനായിട്ടോ ഭവിച്ചാലും
മമ ഏതൽ ചരിതം = എന്റെ ഈ മാഹാത്മ്യത്തെ
സ്മരൻ നരഃ = സ്മരണം ചെയ്യുന്ന മനുഷ്യൻ
സങ്കടാൽ മുച്യേത = ദുഃഖത്തിൽനിന്നു് മോചിക്കപ്പെടും.

കാട്ടിൽ കാട്ടുതീകൊണ്ടോ ദൂരത്തിലുള്ള ജനശൂന്യമായ മാൎഗ്ഗത്തിൽ കള്ളന്മാരാലോ ചുററപ്പെട്ടവനായാലും, നിൎജ്ജനപ്രദേശത്തിൽ ശത്രുക്കളാൽ പിടിക്കപ്പെട്ടവനായാലും, കാട്ടിൽ സിംഹം പുലി എന്നിവയാൽ അനുയാനംചെയ്യപ്പെട്ടവനായാലും, കാട്ടാനകളാൽ കൊല്ലുന്നതിനായി ചുററപ്പെട്ടവനായാലും, ക്രുദ്ധനായ രാജാവിനാൽ വധാൎഹനാണെന്നു ആജ്ഞാപിക്കപ്പെട്ടവനായാലും, തടവിലാക്കപ്പെട്ടവനായാലും, വലുതായസമുദ്രത്തിൽ കപ്പലിൽവച്ചു് കാററുകൊണ്ടു് ചലിക്കപ്പെട്ടവനായാലും, അതിഭയങ്കരമായയുദ്ധത്തിൽ ആയുധങ്ങൾ പതിക്കമ്പോഴും സൎവ്വോപദ്രവങ്ങളിലും കഠിനവേദനയാൽ ഹിംസിക്കപ്പെട്ടവനായാലും എന്റെ ഈ മാഹാത്മ്യത്തെ സ്മരണംചെയ്യുന്ന മനുഷ്യൻ സങ്കടങ്ങളിൽനിന്നു മോചിക്കപ്പെടും.

ടിപ്പ—പ്രാന്തരേ=ദൂരത്തിലുള്ള ജനശൂന്യമായ മാൎഗ്ഗത്തിൽ.

ശാന്ത—കാട്ടിൽ അകപ്പെട്ടവനും, ദൂരത്തിലുള്ള ജനശൂന്യമായ മാർഗ്ഗത്തിൽപ്പെട്ടവനും, കാട്ടുതീയാൽ ചുററപ്പെട്ടവനും, നിർജ്ജനപ്രദേശത്തിൽ തസ്കരന്മാരാൽ ചുററപ്പെട്ടവനും, ശത്രുക്കളാൽ ആക്രമിക്കപ്പെട്ടവനും, സിംഹത്താലും പുലിയാലും അനുഗമിക്കപ്പെട്ടവനും കാട്ടിൽ കാട്ടാനകളാൽ ചുററപ്പെട്ടവനും, ക്രുദ്ധനായ രാജാവിനാൽ 'ഇവൻ വധാർഹ'നാണെന്നു ആജ്ഞാപിക്കപ്പെട്ടവനും, തടവിൽപ്പെട്ടവനും, മഹാസമുദ്രത്തിൽ കപ്പലിൽ ഇരിക്കുമ്പോൾ കൊടുങ്കാററുകൊണ്ടു ചലിപ്പിക്കപ്പെട്ടവനും, അതികഠിനമായ യുദ്ധത്തിൽ ശസ്ത്രങ്ങൾ പതിക്കപ്പെട്ടവനും, ഭയങ്കരങ്ങളായിരിക്കുന്ന സർവോപദ്രവങ്ങളിലും, വേദനയാൽ പീഡിപ്പിക്കപ്പെട്ടവനും എന്റെ ഈ ചരിതത്തെ സ്മരിച്ചാൽ സങ്കടത്തിൽനിന്നു മോചിക്കുന്നതാണു്.

"സർവാബാധാസു ഘോരാസു" എന്നു പാഠഭേദം.

'മഹാബാധകൾ' എന്നർത്ഥം.

ചിലർ, 'സിംഹവ്യാഘ്രാനുയാതോ വാ, എന്നതിനെ 'അരണ്യേ പ്രാന്തരേ വാപി' എന്നതിനു മുൻപിൽ പാരായണം ചെയ്യുന്നു.

ജഗ—ബ്രഹ്മണാ......പരിവാരിതഃ സ്വാഹാ 2൫
ദസ്യുഭി......ഹസ്തിഭിഃ സ്വാഹ ൨൬
രാജ്ഞാ......മഹാർണവേ സ്വാഹാ ൨൭
പതൽസു......ഭിതോഽപി വാ സ്വാഹാ ൨൮

മമ പ്രഭാവാൽ സിംഹാദ്യാ ദസ്യവോ വൈരിണസ്തഥാ. ൨൯൯

൨൯. ദൂരാദേവ പലായന്തേ സ്മരതശ്ചരിതം മമ. ൩൦

മമ പ്രഭാവാൽ	= എന്റെ പ്രഭാവം ഹേതുവായിട്ടു്
സിംഹാദ്യാഃ ദസ്യവഃ	= സിംഹാദികളും തസ്കരന്മാരും
തഥാ വൈരിണഃ	= അപ്രകാരം ശത്രുക്കളും
മമ ചരിതം	= എന്റെ ചരിത്രത്തെ
സ്മരതഃ	= സ്മരിക്കുന്നവന്റെ അടുക്കൽനിന്നു്
ദൂരാൽ ഏവ പലായന്തേ	= ദൂരത്തിൽത്തന്നെ ഓടിപ്പോകും.

എന്റെ പ്രഭാവംനിമിത്തം സിംഹംമുതലായവയും കള്ളന്മാരും അതുപോലെതന്നെ ശത്രുക്കളും എന്റെ ചരിത്രത്തെ സ്മരണം ചെയ്യുന്നമനുഷ്യന്റെ സമീപത്തിൽനിന്നു് ദൂരെ ഓടിപ്പോകും.

ശാന്ത—എന്റെ സാമർത്ഥ്യം ഹേതുവായിട്ടു് സിംഹാദിദുഷ്ടജന്തുക്കളും തസ്കരന്മാരും വൈരികളും എന്റെ ചരിതത്തെ സ്മരണംചെയ്യുന്ന മനുഷ്യന്റെ സമീപത്തിൽനിന്നു് ദൂരത്തിൽ ഓടിപ്പോകുന്നു.

ജഗ—സ്മരൻ മമൈത......വൈരിണസ്തഥാ സ്വാഹാ ൨൯
ദ്ദുരാദേവ......ശ്ചരിതം മമ സ്വാഹാ ൩൦

ഋഷിരുവാച—൩൩൧

ഇത്യുക്ത്വാ സാ ഭഗവതീ ചണ്ഡികാ ചണ്ഡവിക്രമാ
൩൦. പശ്യതാമേവ ദേവാനാം തത്രൈവാന്തരധീയത. ൩൩൨

ഋഷി പറഞ്ഞു.

ചണ്ഡവിക്രമാ	= ഭയങ്കരപരാക്രമത്തോടുകൂടിയ
സാ ചണ്ഡികാഭഗവതീ	= ആ ചണ്ഡികാഭഗവതി
ഇതി ഉക്ത്വാ	= ഇപ്രകാരം പറഞ്ഞിട്ട്
ദേവാനാം പശ്യതാം ഏവ	= ദേവന്മാർനോക്കിനില്ക്കുമ്പോൾത്തന്നെ
തത്ര ഏവ അന്തരധീയത	= അവിടെത്തന്നെ അന്തർദ്ധാനംചെയ്തു.

ഭയങ്കരപരാക്രമത്തോടുകൂടിയവളായ ആ ചണ്ഡികാദേവി ഇങ്ങനെ പറഞ്ഞിട്ട് ദേവന്മാർ നോക്കിനിൽക്കുമ്പോൾത്തന്നെ അവിടെത്തന്നെ അന്തർദ്ധാനംചെയ്തു.

ശാന്ത—പ്രകടപരാക്രമയായിരിക്കുന്ന ആ ചണ്ഡികാദേവി ഇപ്രകാരം പറഞ്ഞിട്ട്, നോക്കിനിൽക്കുന്ന ദേവന്മാരുടെ പുരോഭാഗത്തിൽ അന്തർദ്ധാനംചെയ്തു—സ്വയം അദൃശ്യയായിത്തീൎന്നു—എന്നു താല്പൎയ്യം.

അല്ലെങ്കിൽ, ദേവന്മാർ നോക്കിനിൽക്കുമ്പോൾത്തന്നെ അവിടെ സഞ്ചരിച്ചുകൊണ്ടു് അവരെ രക്ഷിച്ചുകൊണ്ടു് സ്വയം മറഞ്ഞു.

അല്ലെങ്കിൽ, ആ ദേവി, നോക്കിനിൽക്കുന്ന ദേവന്മാരുടെ ശരീരങ്ങളിൽത്തന്നെ സ്വയമേവ ലയിച്ചു.

'പശ്യതാമേവ' എന്നു് അനാദരേ ഷഷ്ഠി.

മാതാവു് പുത്രന്മാരെ അനാദരിച്ചു് അവരുടെആലോകനത്തിൽനിന്നു് വ്യാജമായി മറയുന്നതുപോലെ സൎവ്വജനനിയായിരിക്കുന്ന ഈ ദേവിയും ദേവദൎശനത്തിൽനിന്നു് സ്വയമേവ അന്തർദ്ധാനംചെയ്തു—എന്നൎത്ഥം.

ജഗ—ഋഷിരുവാച സ്വാഹാ ൩൧
ഇത്യുക്ത്വാ......ന്തരധീയത സ്വാഹാ ൩൨

തേപി ദേവാ നിരാതങ്കാഃ സ്വാധികാരാൻ യഥാപുരാ
൩൧. യജ്ഞഭാഗഭുജഃ സൎവ്വേ ചക്രുൎവിനിഹതാരയഃ ൩൩൩

തേ സൎവ്വേ ദേവാ അപി	= ആ സകലദേവന്മാരും
വിനിഹതാരയഃ	= ഹനിക്കപ്പെട്ടശത്രുക്കളോടുകൂടിയവരായി

യജ്ഞഭാഗഭുജഃ = യജ്ഞാംശങ്ങൾ ഭുജിക്കുന്നവരായി
നിരാതങ്കാഃ = നിർഭയന്മാരായിട്ടു്
യഥാപുരാ = പണ്ടത്തെപ്പോലെ
സ്വാധികാരാൻ ചക്രുഃ = അവരവരുടെ അധികാരങ്ങളെ നടത്തി.

ആ സകലദേവന്മാരും ശത്രുക്കൾനശിച്ചവരായിട്ടു് മുൻപിലത്തെപ്പോലെ യാഗഭാഗങ്ങളെ ഭുജിച്ചുകൊണ്ടു് നിർഭയന്മാരായിട്ടു് അവരവരുടെ അധികാരങ്ങളെ നടത്തി.

ശാന്ത—അനന്തരം ആ ദേവന്മാരെല്ലാം നശിക്കപ്പെട്ട ശത്രുക്കളോടുകൂടിയവരായിട്ടു്, ശുംഭനിശുംഭാദികളുടെ ഉത്ഭവത്തിനുമുൻപിൽ എന്നതുപോലെ നിർഭയന്മാരായി യാഗഭാഗങ്ങളെ ഭുജിക്കുന്നവരായിട്ടു് മുൻപിലത്തെപ്പോലെതന്നെ അവരവരുടെ അധികാരങ്ങളെ നടത്തി.

ജഗ—തേപി ദേവാ......ഹുതാരയഃ സ്വാഹാ ൩൨

ദൈത്യാശ്ച ദേവ്യാ നിഹതേ ശുംഭേ ദേവരിപൌ യുധി
൩.൨. * ജഗദ്വിധ്വംസിനി തസ്മിൻ മഹോഗ്രേ ƒതുലവിക്രമേ. ൩൩
നിശുംഭേ ച മഹാവീര്യ്യേ ശേഷാഃ പാതാളമായയുഃ

ദേവരിപൌ = ദേവശത്രുവായി
ജഗദ്വിധ്വംസിനി = ത്രൈലോക്യദ്രോഹിയായി
മഹോഗ്രേ = അതിരൗദ്രനായി
അതുലവിക്രമേ = അനുപമശക്തനായിരിക്കുന്ന
തസ്മിൻ ശുംഭേ ച = ആ ശുംഭാസുരനും
മഹാവീര്യ്യേ നിശുംഭേ ച = മഹാബലവാനായ നിശുംഭാസുരനും
ദേവ്യാ യുധി നിഹതേ = ദേവിയാൽ യുദ്ധത്തിൽ ഹനിക്കപ്പെട്ടപ്പോൾ
ശേഷാഃ ദൈത്യാഃ = ശേഷിച്ച അസുരന്മാർ
പാതാളം ആയയുഃ = പാതാളത്തെ പ്രാപിച്ചു.

ദേവശത്രുവായി, ജഗദ്രോഹിയായി, അതിക്രൂരനായി, അനുപമശക്തനായി ഇരിക്കുന്ന ആ ശുംഭനേയും മഹാബലവാനായ നിശുംഭനേയും ദേവി യുദ്ധത്തിൽ ഹനിച്ചപ്പോൾ ശേഷിച്ച അസുരന്മാർ പാതാളത്തിലേക്കുപോയി.

ശാന്ത—ദേവശത്രുവായി, ത്രൈലോക്യഭഞ്ജകനായി അതിരൗദ്രനായി തുല്യമില്ലാത്തപരാക്രമത്തോടുകൂടിയവനായി സസൈന്യനായി ഇരിക്കുന്ന ശുംഭനും, മഹാവീര്യനായി സസൈന്യനായി ഇരിക്കുന്ന നിശുംഭനും യുദ്ധത്തിൽ ദേവിയാൽ ഹനിക്കപ്പെട്ടപ്പോൾ അവശിഷ്ടന്മാരായിരിക്കുന്ന ദൈത്യന്മാർ പാതാളത്തെ പ്രവേശിച്ചു.

* "ജഗദ്വിധ്വംസകേ" എന്നു പാഠഭേദം.

ജഗ—ദൈത്യാശ്ച......വിക്രമേ സ്വാഹാ ൩൪

൩൩. ഏവം ഭഗവതി ദേവി സാ നിത്യാപി പുനഃ പുനഃ. ൩൩൫
സംഭൂയ കുരുതേ ഭൂപ! ജഗതഃ പരിപാലനം

ഭൂപ!	= അല്ലയോ രാജാവേ!
ഏവം സാ ഭഗവതീ ദേവീ	= ഇപ്രകാരം ആ ഭഗവതിയായ ദേവി
നിത്യാ അപി	= നിത്യയാണെങ്കിലും
പുനഃ പുനഃ സംഭൂയ	= പിന്നെയും പിന്നെയും അവതരിച്ചിട്ടു്
ജഗതഃ	= ത്രൈലോക്യത്തിൻെറ
പരിപാലനം കുരുതേ	= രക്ഷണത്തെ ചെയ്യുന്നു.

അല്ലയോ രാജാവേ! ആ ഭഗവതിയായ ദേവി നിത്യയാണെങ്കിലും ഇപ്രകാരം വീണ്ടുംവീണ്ടും അവതരിച്ചിട്ടു് ത്രൈലോക്യത്തെ പരിപാലിക്കുന്നു.

ചതു—സംഭൂയ = ശരീരത്തെ സ്വീകരിച്ചിട്ടു്.

ശാന്ത—സുമേധസ്സ്, സുരഥമഹാരാജാവിനോടു പറയുന്നു.

അല്ലയോ രാജാവേ! മുൻപിൽ പറഞ്ഞതുപോലെ ആ ഭഗവതിയായ ദേവി, നിത്യയും നാശമില്ലാത്തവളും വികാരത്തോടു കൂടാത്തവളും ആണെങ്കിലും, പിന്നെയും പിന്നെയും അവതരിച്ചിട്ടു്, സർവ്വജനനിയാകയാൽ, ത്രൈലോക്യത്തിൻെറ പരിപാലനത്തെ ചെയ്യുന്നു.

ഇതു് മുൻപിലും പറഞ്ഞിട്ടുണ്ടു്—"നിത്യൈവ സാ ജഗന്മൂർത്തിഃ"എന്നും,
"ദേവാനാം കാര്യസിദ്ധ്യർത്ഥമാവിർഭവതി സാ യദാ
ഉല്പന്നേതി തദാ ലോകേ സാ നിത്യാപ്യഭിധീയതേ" എന്നും.

ജഗ—നിശുംഭേ ച......പുനഃ പുനഃ സ്വാഹാ ൩൫

൩൪. തയൈതന്മോഹ്യതേ വിശ്വം സൈവവിശ്വംപ്രസൂയതേ ൩൩൬
സാഽയാചിതാ ച വിജ്ഞാനം തുഷ്ടാ ഋദ്ധിം പ്രയച്ഛതി

തയാ	= ആ ദേവിയാൽ
ഏതൽ വിശ്വം മോഹ്യതേ	= ഈ പ്രപഞ്ചം മോഹിപ്പിക്കപ്പെടുന്നു.
സാ ഏവ	= ആ ദേവിതന്നെ
വിശ്വം	= ലോകത്തെ
പ്രസൂയതേ	= പ്രസവിക്കുന്നു.
സാ	= ആ ദേവി
അയാചിതാ	= ഫലാപേക്ഷകൂടാതെആരാധിതയായിട്ടു്
വിജ്ഞാനം	= മോക്ഷോപയോഗിയായജ്ഞാനത്തേയും

തുഷ്ടാ	= സന്തോഷിക്കപ്പെട്ടവളായിട്ട്
ഋദ്ധിം ച പ്രയച്ഛതി	= ഐശ്വര്യത്തേയും കൊടുക്കുന്നു.

ആ ദേവിയാൽ ഈ വിശ്വം മോഹിപ്പിക്കപ്പെടുന്നു. ആ ദേവി തന്നെ ഈ ലോകത്തെ ജനിപ്പിക്കുന്നു. നിഷ്കാമമായിട്ടാരാധിച്ചാൽ ആ ദേവി കൈവല്യജനകമായ ജ്ഞാനത്തേയും, പ്രസാദിച്ചാൽ ഐശ്വര്യത്തേയും നൽകുന്നു.

ശാന്ത—"തുഷ്ടാ വൃദ്ധിം പ്രയച്ഛതി" എന്നു പാഠഭേദം.

ആ ദേവിയാൽത്തന്നെ ഈ വിശ്വം മോഹിപ്പിക്കപ്പെടുന്നു. ആ ദേവിതന്നെ ഈ വിശ്വത്തെ പ്രസവിക്കുന്നു. ആ ദേവി ഭക്തന്മാരാൽ യാചിതയായിട്ട് വിവേകപൂർവ്വകമായ ജ്ഞാനത്തെ നൽകുന്നു. ആ ദേവി തുഷ്ടയായിട്ട്—തപസ്സുകൊണ്ട് ജനിതസന്തോഷയായിട്ട്—വൃദ്ധിയെ = മഹത്തായ സമ്പത്തിനെ കൊടുക്കുന്നു.

"സാ യാചിതാത്ഥവിജ്ഞാനം" എന്നു പാഠഭേദം.

ഭക്തന്മാർ ആ ദേവിയെ സകാമമായി സേവിച്ചാൽ ഇഹലോകസുഖങ്ങളേയും, നിഷ്കാമമായി സേവിച്ചാൽ മോക്ഷത്തേയും കൊടുക്കുന്നവളാകുന്നു.

തന്നാത്ര വിസ്മയഃ കാര്യോ യോഗനിദ്രാ ജഗല്പതേഃ
മഹാമായാ ഹരേശ്ചൈഷാ തയാ സംമോഹ്യതേ ജഗൽ
ജ്ഞാനിനാമപി ചേതാംസി ദേവീ ഭഗവതീ ഹി സാ
ബലാദാകൃഷ്യ മോഹായ മഹാമായാ പ്രയച്ഛതി
തയാ വിസൃജ്യതേ വിശ്വം ജഗദേതച്ചരാചരം
സൈഷാ പ്രസന്നാ വരദാ നൃണാം ഭവതി മുക്തയേ. (എന്ന്)

നാഗോ—സുരഥമഹാരാജാവ് സുമേധസ്സമഹർഷിയോട് ചോദിച്ച മോഹകാരണത്തെ "തയൈതന്മോഹ്യതേ" ഇത്യാദിശ്ലോകം കൊണ്ട് ഉപസംഹരിക്കുന്നു.

ജഗ—സംശ്രയ കുരുതേ......പ്രസൂയതേ സ്വാഹാ നമ്ര

നമ്ര. വ്യാപ്തം തയൈതത്സകലം ബ്രഹ്മാണ്ഡം മനുജേശ്വര! ന്യന്ദ

മഹാകാള്യാ മഹാകാലേ മഹാമാരീസ്വരൂപയാ

മനുജേശ്വര!	= അല്ലയോ രാജാവേ!
മഹാകാലേ	= മഹാപ്രളയത്തിൽ
മഹാമാരീസ്വരൂപയാ	= സംഹാരക്രിയാരൂപിണിയായി
മഹാകാള്യാ	= മഹത്തുക്കളായ ബ്രഹ്മാദികളെ അതാതു അധികാരങ്ങളിൽ പ്രവത്തിപ്പിക്കുന്നവളായിരിക്കുന്ന

തയാ	= ആ ദേവിയാൽ
ഏതൽസകലംബ്രഹ്മാണ്ഡം	= ഈ ബ്രഹ്മാണ്ഡംമുഴുവൻ
വ്യാപ്തം	= വ്യാപിക്കപ്പെട്ടിരിക്കുന്നു.

അല്ലയോ രാജാവേ! പ്രളയകാലത്തിൽ സംഹാരക്രിയാസ്വരൂപിണിയായി, ബ്രഹ്മാദികളായ മഹത്തുക്കളെക്കൂടി അതാതു അധികാരങ്ങളിൽ പ്രവൎത്തിപ്പിക്കുന്നവളായി ഇരിക്കുന്ന ആ ദേവി ഈ ബ്രഹ്മാണ്ഡം ആസകലം വ്യാപിച്ചിരിക്കുന്നു.

ശാന്ത—സുമേധസ്സുമഹൎഷി സുരഥരാജാവിനോടു പറയുന്നു:—

അല്ലയോ സുരഥമഹാരാജാവേ! മഹാമാരിസ്വരൂപയായി ഇരിക്കുന്ന ആ മഹാകാളിയാൽ—മഹാതാമസിയായ മഹാദേവിയാൽ—പ്രളയകാലത്തിൽ ഈ ത്രൈലോക്യാന്തൎഗ്ഗതമായിരിക്കുന്ന ബ്രഹ്മാണ്ഡസ്ഥാനംമുഴുവനും വ്യാപിക്കപ്പെട്ടിരിക്കുന്നു.

മഹാകാലേ = മഹത്തായിരിക്കുന്ന അകാലത്തിൽ = സംഹാരസമയത്തിൽ.

മഹാകാളീ = മഹാനായിരിക്കുന്ന കാലന്റെ = കാലാഗ്നിരുദ്രന്റെ സ്ത്രീ. മഹാമാരീസ്വരൂപാ = മഹാപ്രളയാനലജ്വാലയുടെ സ്വരൂപത്തോടുകൂടിയവൾ.

"മൃത്യുജിഹ്വാ മഹാമാരീ ജഗത്സംഹാരകാരിണീ
മഹാരാത്രിർമഹാനിദ്രാ മഹാകാളപ്രതിതാമസീ
സൈവ കാലാനലജ്വാലാ സൈവ വിദ്യാ തമഃപ്രസൂഃ
സൈവ മോഹപ്രസൂർമൃത്യുഃ സൈവ സൎവ്വാധിദേവതാ" എന്നു്.

ജഗ—സ്വായാചിതാ......മനുജേശ്വര! സ്വാഹാ ൩൭

൩൮. സൈവ കാലേ മഹാമാരീ സൈവ സൃഷ്ടിർഭവത്യജാ. സ്ഥിതിം കരോതി ഭൂതാനാം സൈവ കാലേ സനാതനീ

കാലേ സാ ഏവ	= മഹാപ്രളയസമയത്തിൽആദേവിതന്നെ
മഹാമാരീ ഭവതി	= സംഹാരശക്തിയായി ഭവിക്കുന്നു.
(കാലേ)	= (ഉൽപത്തികാലത്തിൽ)
അജാ സാ ഏവ	= ജന്മഹീനയായ ആ ദേവിതന്നെ
സൃഷ്ടിഃ ഭവതി	= സൃഷ്ടിശക്തിയായി ഭവിക്കുന്നു.
കാലേ	= പരിപാലനകാലത്തിൽ
സനാതനീ സാ ഏവ	= നിത്യയായ ആ ദേവിതന്നെ
ഭൂതാനാം സ്ഥിതിം കരോതി	= ഭൂതങ്ങൾക്കു് രക്ഷയെ ചെയ്യുന്നു.

ജന്മഹീനയായി നിത്യയായി ഇരിക്കുന്ന ആ ദേവിതന്നെ പ്രളയകാലത്തിൽ സംഹാരശക്തിയായും ഉൽപത്തികാലത്തിൽ സൃഷ്ടി

ശക്തിയായും, പരിപാലനസമയത്തിൽ ഭൂതങ്ങൾക്കു രക്ഷയെ ചെയ്യുന്നവളായും ഇരിക്കുന്നു.

ചതു—കാലേ=പരാൎദ്ധവ്യയാവസാനത്തിൽ.

ശാന്ത—ജനനമില്ലാത്തവളായി ശാശ്വതിയായി ഇരിക്കുന്ന ആ ദേവിതന്നെ, സകലപ്രാണികളും ലയിച്ചിരിക്കുന്ന പ്രളയത്തിൽ തമോഗുണമയിയായിത്തീൎന്നിട്ടു് മഹാമാരി എന്നുപറയപ്പെടുന്നു. അതുപോലെതന്നെ ആ ദേവി ഭൂതങ്ങളുടെ ഉല്പത്തികാലത്തിൽ സത്വഗുണപ്രധാനയായി സൃഷ്ടികാരണഭൂതയായി ഭവിക്കുന്നു. അപ്രകാരം ആ ദേവിതന്നെ ഭൂതങ്ങളുടെ പാലനകാലത്തിൽ രജോഗുണപ്രധാനയായിട്ടു് പാലനത്തെ ചെയ്യുന്നു.

ജഗ—മഹാകാള്യാ......ഭവത്യജാ സ്വാഹാ. ൩൫

൩൬. ഭവകാലേ നൃണാം സൈവ ലക്ഷ്മീൎവൃദ്ധിപ്രദാ ഗൃഹേ. സൈവാഭാവേ തഥാലക്ഷ്മീൎവിനാശായോപജായതേ

നൃണാം ഗൃഹേ	= മനുഷ്യരുടെ ഗൃഹത്തിൽ
ഭവകാലേ സാ ഏവ	= സമ്പൽകാലത്തിൽ ആ ദേവിതന്നെ
വൃദ്ധിപ്രദാ	= അഭിവൃദ്ധിയെ ദാനംചെയ്യുന്ന
ലക്ഷ്മീഃ	= ലക്ഷ്മിയായി ഭവിക്കുന്നു.
തഥാ അഭാവേ	= അപ്രകാരം ആപൽകാലത്തിൽ
സാ ഏവ അലക്ഷ്മീഃ	= ആ ദേവിതന്നെ അലക്ഷ്മിയായിട്ടു്
വിനാശായ ഉപജായതേ	= വിനാശത്തിനായിക്കൊണ്ടു് തീരുന്നു.

മനുഷ്യരുടെഗൃഹത്തിൽ സമ്പൽകാലത്തു് ആ ദേവിതന്നെ അഭിവൃദ്ധിയെ കൊടുക്കുന്ന ലക്ഷ്മിയായിട്ടും, അതുപോലെ ആപൽകാലത്തു ആ ദേവിതന്നെ വിനാശത്തിനായിക്കൊണ്ടു് അലക്ഷ്മിയായിട്ടും ഭവിക്കുന്നു.

ശാന്ത—ദേവിയുടെ സാന്നിദ്ധ്യം സംഭവിച്ചിരിക്കുന്ന നല്ലകാലത്തിൽ മനുഷ്യരുടെ ഗൃഹങ്ങളിൽ ആ ദേവിതന്നെ സമ്പത്തിനെക്കൊടുക്കുന്ന ലക്ഷ്മിയായിട്ടും അതുപോലെ ദേവീപ്രസാദമില്ലാത്ത ആപൽക്കാലത്തിൽ ആ ദേവിതന്നെ നാശത്തിനായിക്കൊണ്ടു് അലക്ഷ്മിയായിട്ടും ഭവിക്കുന്നു.

എവിടെ ലക്ഷ്മി അല്ലെങ്കിൽ സമ്പത്തുണ്ടോ അവിടെ ദേവിയുടെ സാന്നിദ്ധ്യം ഉണ്ടു്. എവിടെയാണോ ദേവിയുടെ അസാന്നിദ്ധ്യം ഉള്ളതു് അവിടെ സമ്പത്തുമില്ല. ഇപ്രകാരം സമ്പത്തും ദേവീസാന്നിദ്ധ്യവുംതമ്മിൽ അന്വയവ്യതിരേകമാകുന്നു.

ജഗ—സ്ഥിതിം കരോതി......പ്രദാ ഗൃഹേ സ്വാഹാ. ൩൭

ഋവ്യ. സ്തുതാ സംപൂജിതാ പുഷ്പൈർധൂപഗന്ധാദിഭിസ്തഥാ. ൩൮
ദദാതി വിത്തം പുത്രാംശ്ച മതിം ധർമ്മേ ഗതിം ശുഭാം ൩൯

(സാ ദേവീ) സ്തുതാ	=	(ആ ദേവി) സ്തുതിക്കപ്പെട്ടവളും
തഥാ പുഷ്പൈഃ	=	അപ്രകാരം പുഷ്പങ്ങളെക്കൊണ്ടും
ധൂപഗന്ധാദിഭിഃ	=	ധൂപഗന്ധാദികളെക്കൊണ്ടും
സമ്പൂജിതാ	=	വഴിപോലെ പൂജിക്കപ്പെട്ടവളുംആയിട്ട്
വിത്തം പുത്രാൻ ച	=	സമ്പത്തിനേയും പുത്രന്മാരെയും
ധർമ്മേ മതിം ശുഭാം ഗതിം	=	ധർമ്മബുദ്ധിയെയും സൽഗതിയേയും
ദദാതി	=	കൊടുക്കുന്നു.

ആ ദേവിയെസ്തുതിച്ച് പുഷ്പങ്ങൾകൊണ്ടും ധൂപഗന്ധാദികൾകൊണ്ടും പൂജിച്ചാൽ സമ്പത്തിനേയും പുത്രന്മാരേയും ധർമ്മബുദ്ധിയേയും മോക്ഷത്തേയും കൊടുക്കുന്നു.

ഗുപ്ത—മുൻശ്ലോകത്തിൽ പറഞ്ഞതുപോലെ ദേവീസാന്നിധ്യമില്ലാത്തകാലത്തിലും ആ സാന്നിധ്യത്തെ ഉണ്ടാക്കുന്നതിനുള്ളമാർഗ്ഗം ഈ ശ്ലോകംകൊണ്ടു പറയുന്നു.

ശാന്ത—ദേവീസാന്നിധ്യം നിത്യവും ഉണ്ടാകുന്നതിനുള്ള കാരണത്തേയും അങ്ങനെ ഉണ്ടായാൽ ഉള്ള ഫലത്തേയും സുമേധസ്സുമഹർഷി സുരഥമഹാരാജാവിനോട് ഉപദേശിക്കുന്നു.

ആ ദേവി സ്തോത്രങ്ങൾകൊണ്ട് സ്തുതിക്കപ്പെട്ടവളും പുഷ്പങ്ങൾകൊണ്ട് പൂജിക്കപ്പെട്ടവളും, കർപ്പൂരം, ചന്ദനം, കസ്തൂരിമുതലായ ഗന്ധങ്ങളെക്കൊണ്ട് ആലേപനംചെയ്യപ്പെട്ടവളും അതുപോലെതന്നെ പലവിധസുഗന്ധദ്രവ്യങ്ങളെക്കൊണ്ട് ധൂപിക്കപ്പെട്ടവളും വസ്ത്രം അലങ്കാരം താംബൂലംമുതലായവകൊണ്ട് സന്തോഷിപ്പിക്കപ്പെട്ടവളും ആയി അതിഭക്തിയോടുകൂടി നമസ്കരിച്ച് പ്രാർത്ഥിക്കപ്പെട്ടവളായിട്ട് ഭക്തന്മാർക്ക് സന്താനങ്ങളേയും സമ്പത്തുകളേയും ആയുരാരോഗ്യങ്ങളേയും ധർമ്മബുദ്ധിയേയും മോക്ഷത്തേയും കൊടുക്കുന്നു.

ജഗ—സൈവാഭാവേ......ഗന്ധാദിഭിസ്തഥാ സ്വാഹാ. ൪൦
ദദാതി വിത്തം......ഗതിം ശുഭാം സ്വാഹാ. ൪൧

ഇതി ശ്രീമാർക്കണ്ഡേയപുരാണേ സാവർണ്ണികേ മന്വന്തരേ ദേവീമാഹാത്മ്യേ ദേവീചരിതമാഹാത്മ്യംനാമ ദ്വാദശോദ്ധ്യായഃ.

ദേവീചരിതമാഹാത്മ്യം എന്ന പന്ത്രണ്ടാമദ്ധ്യായം സമാപ്തം.

പതിമൂന്നാം അദ്ധ്യായം.

ഋഷിരുവാച—൬൯൨.

൧. ഏതത്തേ കഥിതം ഭൂപ! ദേവീമാഹാത്മ്യമുത്തമം
ഏവം പ്രഭാവാ സാ ദേവി യയേദം ധാൎയ്യതേ ജഗൽ. ൬൯൩

ഭൂപ!	= അല്ലയോ രാജാവേ!
ഏതൽ	= ഈ
ഉത്തമം ദേവീമാഹാത്മ്യം	= ശ്രേഷ്ഠതമമായ ദേവിയുടെ മാഹാത്മ്യം
തേ കഥിതം	= ഭവാനോടു പറയപ്പെട്ടു.
യയാ	= യാതൊരു ദേവിയാൽ
ഇദം ജഗൽ ധാൎയ്യതേ	= ഈ കാണുന്ന ജഗത്തെല്ലാം ധരിക്കപ്പെടുന്നുവോ
സാ ദേവീ ഏവം	= ആ ദേവി ഇപ്രകാരം
പ്രഭാവാ	= മാഹാത്മ്യത്തോടുകൂടിയവളാകുന്നു.

അല്ലയോ രാജാവേ! ഈ ഉത്തമമായ ദേവിമാഹാത്മ്യം ഞാൻ ഭവാനോടു പറഞ്ഞു. യാതൊരുദേവിയാൽ ഈ കാണുന്ന ജഗത്തെല്ലാം സൃഷ്ട്യാദികളെക്കൊണ്ടു് ധരിക്കപ്പെടുന്നുവോ ആ ദേവി ഇപ്രകാരമുള്ള മാഹാത്മ്യത്തോടുകൂടിയവളാകുന്നു.

ശാന്ത—അല്ലയോ സുരഥമഹാരാജാവേ! ഈ അത്യുത്തമമായിരിക്കുന്ന ദേവീമാഹാത്മ്യത്തെ ഞാൻ ഭവാനോടു പറഞ്ഞു. സൎവ്വജനനിയായി സൎവ്വപോഷിണിയായി സൎവ്വസംഹാരിണിയായി ഇരിക്കുന്ന യാതൊരുദേവിയാൽ ഈ കാണുന്ന ജഗത്തെല്ലാം യഥാകാലം സൃഷ്ടിസ്ഥിതിസംഹാരങ്ങളെക്കൊണ്ടു് ധരിക്കപ്പെടുന്നു ആ ദേവി ഈവിധമുള്ള മാഹാത്മ്യത്തോടുകൂടിയവളാകുന്നു.

ജഗ—ഋഷിരുവാച സ്വാഹാ. ൧
ഏതത്തേ......ജഗൽ സ്വാഹാ. ൨

൨. വിദ്യാ തഥൈവ ക്രിയതേ ഭഗവദ്വിഷ്ണുമായയാ
തയാ ത്വമേഷ വൈശ്യശ്ച തഥൈവാന്യേ വിവേകിനഃ. ൬൯൪

൩. മോഹ്യന്തേ മോഹിതാശ്ചൈവ മോഹമേഷ്യന്തി ചാപരേ
താമുപൈഹി മഹാരാജ! ശരണം പരമേശ്വരീം. ൬൯൫

൪. ആരാധിതാ സൈവ നൃണാം ഭോഗസ്വൎഗ്ഗാപവൎഗ്ഗദാ ൬൯൬

ഭഗവദ്വിഷ്ണുമായയാ വിദ്യാ = വിഷ്ണുഭഗവാന്റെ മായയാൽ ജ്ഞാനവും
തഥൈവ ക്രിയതേ = അപ്രകാരംതന്നെ ഉണ്ടാക്കപ്പെടുന്നു.
തയാ = ആ ദേവിയാൽ
ത്വം ഏഷഃ വൈശ്യഃ ച = ഭവാനും ഈ വൈശ്യനും
തഥൈവ = അപ്രകാരംതന്നെ
വിവേകിനഃ അന്യേ = വിവേകികളായിരിക്കുന്ന അന്യന്മാരും
മോഹ്യന്തേ = മോഹിപ്പിക്കപ്പെടുന്നു.
മോഹിതാഃ ച ഏവ = മോഹിപ്പിക്കപ്പെടുകയും ചെയ്തു.
അപരേ = വേറേ ചിലർ
മോഹം ഏഷ്യന്തി ച = മോഹത്തെ പ്രാപിപ്പിക്കപ്പെടുകയും- [ചെയ്യും
മഹാരാജ! = അല്ലയോ മഹാരാജാവേ!
താം പരമേശ്വരീം = ആ പരമേശ്വരിയെ
ശരണം ഉപൈഹി = ശരണംപ്രാപിച്ചാലും.
ആരാധിതാ = ആരാധിക്കപ്പെട്ടവളായാൽ
സാ ഏവ നൃണാം = ആ ദേവിതന്നെ മനുഷ്യർക്കു്
ഭോഗസ്വർഗ്ഗാപവർഗ്ഗദാ = ഇഹലോകസുഖത്തേയും സ്വർഗ്ഗസുഖത്തേയും മോക്ഷത്തേയും കൊടുക്കുന്നവളായിത്തീരുന്നു.

വിഷ്ണുഭഗവാന്റെ ആ മായതന്നെയാണു് ജ്ഞാനംനൽകുന്നതു്. ആ ദേവി ഭവാനേയും ഈ വൈശ്യനേയും വിവേകികളായ അന്യന്മാരേയും മോഹിപ്പിക്കുന്നു. മോഹിപ്പിച്ചു, മോഹിപ്പിക്കും. മഹാരാജാവേ! അങ്ങു് ആ പരമേശ്വരിയെ ശരണംപ്രാപിച്ചാലും. ആരാധിക്കപ്പെട്ടവളായാൽ ആ ദേവിതന്നെ ഇഹലോകസുഖങ്ങളേയും, സ്വർഗ്ഗസുഖങ്ങളേയും, മോക്ഷത്തേയും കൊടുക്കുന്നവളായി ഭവിക്കുന്നു.

ശാന്ത—വിഷ്ണുഭഗവാന്റെ മായയായ ചണ്ഡികാദേവിയാൽ മോക്ഷോപയോഗിയായ ജ്ഞാനം ഉണ്ടാക്കപ്പെടുന്നു. പരമാത്മജ്ഞാനസാധനം ദേവ്യുപാസ്തിതന്നെ—എന്നു താല്പര്യം.

അല്ലയോ രാജാവേ! അങ്ങു് വിവേകിയാണെങ്കിലും ആ ദേവിയാൽ ഇപ്പോൾ മോഹിപ്പിക്കപ്പെടുന്നു. മുൻപിൽ മോഹിപ്പിക്കപ്പെട്ടു. ഭാവിയിൽ മോഹിപ്പിക്കപ്പെടുകയും ചെയ്യും. അപ്രകാരം സമാധി എന്നുപേരോടുകൂടിയ ഈ വൈശ്യനും മോഹിപ്പിക്കപ്പെടുന്നു മോഹിതനായി മോഹത്തെ പ്രാപിക്കും. അതുപോലെതന്നെ നിങ്ങളിൽനിന്നു് അന്യന്മാരായി ശാസ്ത്രാഭ്യാസംചെയ്തിട്ടുള്ളവരും അവരിൽനിന്നു് അന്യന്മാരായവരും എന്നുവേണ്ടാ സകലരും ആ ദേവിയാൽതന്നെ മോഹിപ്പിക്കപ്പെടുന്നു. മോഹിതരായി മോഹത്തെ പ്രാപിക്കുകയും ചെയ്യും.

ഇതിനെക്കുറിച്ചു് ഇങ്ങനെ പറഞ്ഞിട്ടുണ്ടു്:—

"തഥാപി മമതാവൎത്തേ മോഹഗൎത്തേ നിപാതിതാഃ
മഹാമായാപ്രഭാവേണ സംസാരസ്ഥിതികാരിണാ
തന്നാത്ര വിസ്മയഃ കാൎയ്യോ യോഗനിദ്രാ ജഗല്പതേഃ
മഹാമായാ ഹരേശ്ചൈഷാ തയാ സംമോഹ്യതേ ജഗൽ
ജ്ഞാനിനാമപി ചേതാംസി ദേവീ ഭഗവതീ ഹി സാ
ബലാദാകൃഷ്യ മോഹായ മഹാമായാ പ്രയച്ഛതി"

"ഭഗവംസ്ത്വാമഹം പ്രഷ്ടുമിച്ഛാമ്യേകം വദസ്വ തൽ"

എന്നു് സുരഥമഹാരാജാവു് സുമേധസ്സമഹൎഷിയോടു ചോദിച്ച രഹസ്യമായ ചോദ്യത്തിനു് ഇപ്പോറം മഹൎഷി "ഹേ സുരഥമഹാരാജാവേ! ഭവാൻ ആ പരമേശ്വരിയെ ശരണം പ്രാപിച്ചാലും; ആരാധിക്കപ്പെട്ടാൽ ഭൂലോകത്തിൽ സകലഭോഗങ്ങളേയും ജന്മാന്തരത്തിൽ സ്വൎഗ്ഗത്തേയും ജ്ഞാനത്തേയും മോക്ഷത്തേയും കൊടുക്കുന്നവരം ആ ദേവിതന്നെയാകുന്നു" എന്നു ഉപദേശിക്കുന്നു.

"ഉപേഹി" എന്നതിനു പകരം "ഉപൈഹി" എന്ന പ്രയോഗം ആൎഷമാകുന്നു.

ഭംശോ—താമുപേഹി മഹാരാജ!" എന്നു പാഠഭേദം.

ജഗ—വിദ്യാ തഥൈവ......വിവേകിനഃ സ്വാഹാ ൬
മോഹ്യന്തേ......പരമേശ്വരീം സ്വാഹാ ൭
ആരാധിതാ......വൎഗ്ഗദാ സ്വാഹാ ൮

മാൎക്കണ്ഡേയ ഉവാച. ൬൯൦

ഇതി തസ്യ വചഃ ശ്രുത്വാ സുരഥഃ സ നരാധിപഃ. ൬൯൧
൧. പ്രണിപത്യ മഹാഭാഗം തമൃഷിം സംശിതവ്രതം
നിൎവ്വിണ്ണോऽതിമമത്വേന രാജ്യാപഹരണേന ച. ൬൯൨
൨. ജഗാമ സദ്യസ്തപസേ സ ച വൈശ്യോ മഹാമുനേ!
സന്ദൎശനാൎത്ഥമംബായാ നദീപുളിനമാസ്ഥിതഃ. ൬൯൩

മാൎക്കണ്ഡേയൻ പറഞ്ഞു.

ഇതി	= ഇപ്രകാരം
തസ്യ വചഃ ശ്രുത്വാ	= സുമേധസ്സമഹൎഷിയുടെ വാക്കിനെ കേ
സുരഥഃ സഃ നരാധിപഃ	= സുരഥൻ എന്ന ആ രാജാവു് [ട്ടിട്ടു്
മഹാഭാഗം	= മഹാഭാഗ്യവാനായി
സംശിതവ്രതം	= തീവ്രവ്രതനായി ഇരിക്കുന്ന
തം ഋഷിം പ്രണിപത്യ	= ആ മഹൎഷിയെ നമസ്കരിച്ചിട്ടു്

മമത്വേന	= മമതകൊണ്ടും
രാജ്യാപഹരണേന ച	= രാജ്യത്തെ അപഹരിച്ചതുകൊണ്ടും
അതിനിർവിണ്ണഃ	= ഏററവും ദുഃഖിതനായിട്ട്
സദ്യഃ തപസേ ജഗാമ	= വേഗത്തിൽ തപസ്സിനായിട്ട് പോയി.
സ വൈശ്യഃ ച (ജഗാമ)	= ആ വൈശ്യനും പോയി.
മഹാമുനേ!	= അല്ലയോ ക്രോഷ്ടുകിമഹർഷേ!
അംബായാഃ സന്ദർശനാർത്ഥം	= ദേവിയുടെ പ്രത്യക്ഷീകരണത്തിനായിട്ട്
നദീപുളിനം ആസ്ഥിതഃ	= നദീതീരത്തെ പ്രാപിച്ചു.

ഇപ്രകാരം അദ്ദേഹത്തിൻെറ വാക്കിനെ കേട്ടിട്ട് ആ സുരഥ മഹാരാജാവ്, മഹാഭാഗ്യവാനായി കഠിനവ്രതനിഷ്ഠയോടുകൂടിയവ നായി ഇരിക്കുന്ന ആ സുമേധസ്സമഹർഷിയെ നമസ്കരിച്ചിട്ട്, മമത കൊണ്ടും ശത്രുക്കൾ രാജ്യം അപഹരിച്ചതുകൊണ്ടും ഏററവും ദുഃഖിത നായിട്ട് വേഗത്തിൽ തപസ്സിനായി പോയി. ഹേ മഹാമുനേ! ആ വൈശ്യനും തപസ്സുചെയ്യാൻ പോയി. ദേവിയെ പ്രത്യക്ഷമായി കാണുന്നതിനു് നദീതീരത്തിൽ സ്ഥിതിചെയ്തു.

ഗുപ്ത—സന്ദർശനാർത്ഥമംബായാഃ = തുരീയയായ ദേവിയെ പ്രത്യ ക്ഷമായി കാണുന്നതിനു്.

ശാന്ത—"ദേവിയെ ശരണംപ്രാപിച്ചാലും" എന്നു് സുമേധസ്സു മഹർഷി മുൻപിൽ ഉപദേശിച്ച വാക്കിനെ കേട്ടിട്ട്, സുരഥൻ എന്ന ആ രാജാവ്, മഹാഭാഗ്യവാനായി ഭയങ്കരമായ വ്രതനിഷ്ഠയോടുകൂടിയ വനായി ഇരിക്കുന്ന ആ മഹർഷിയെ നമസ്കരിച്ചിട്ട് പുത്രമിത്രകളത്രാ ദികളിലുള്ള മമത എന്ന അതിമോഹംകൊണ്ടും, ശത്രുക്കളാൽ ചെയ്യ പ്പെട്ട രാജ്യാപഹരണം നിമിത്തവും അത്യന്തം ദുഃഖിതനായിട്ട് ദേവി യെ ഉദ്ദേശിച്ചു് തപസ്സുചെയ്യുന്നതിനായിട്ട് വേഗത്തിൽ ഗമിച്ചു. ആ വൈശ്യനും തപസ്സിനായിട്ട് പോയി. അവർ ജഗദംബയെ പ്രത്യക്ഷീകരിക്കുന്നതിനായി നദീതീരത്തിൽ സ്ഥിതന്മാരായി.

"ഇതി തസ്യ വചഃ ശ്രുത്വാ സുരഥഃ ക്ഷത്രിയർഷഭഃ" എന്നു പാഠഭേദം.

ജഗ—മാർക്കണ്ഡേയ ഉവാച സ്വാഹാ. ന്ന
ഇതി തസ്യ......നരാധിപഃ സ്വാഹാ. ൧
പ്രണിപത്യ......ഹരണേന ച സ്വാഹാ. ൨
ജഗാമ......സ്ഥിതഃ സ്വാഹാ. ൻ

൫. സ ച വൈശ്യസ്തപസ്തേപേ ദേവീസൂക്തം പരം ജപൻ
തൗ തസ്മിൻ പുളിനേ ദേവ്യാഃ കൃത്വാ മൂർത്തിം മഹീമയീം. ന്ന്വ

വ്യ. അർഹണാം ചക്രതുസ്തസ്യാഃ പുഷ്പധൂപാഗ്നിതർപ്പണൈഃ

സഃ ച വൈശ്യഃ	= ആ സുരഥമഹാരാജാവും വൈശ്യനും
പരം ദേവീസൂക്തം ജപൻ	= ശ്രേഷ്ഠമായ ദേവീസൂക്തത്തെ ജപിച്ചുകൊണ്ടു്
തപഃ തേപേ	= തപസ്സിനെ ചെയ്തു.
തസ്മിൻ പുളിനേ	= ആ മണൽത്തിട്ടയിൽ
തൗ മഹീമയീം	= അവർ മണ്ണുകൊണ്ടു്
ദേവ്യാഃ മൂർത്തിം കൃത്വാ	= ദേവിയുടെ ആകൃതിയെ ഉണ്ടാക്കിയിട്ടു്
തസ്യാഃ	= ആ ദേവിക്കു്
പുഷ്പധൂപാഗ്നിതർപ്പണൈഃ	= പുഷ്പങ്ങൾകൊണ്ടും ധൂപങ്ങൾകൊണ്ടും ഹോമങ്ങൾകൊണ്ടും തർപ്പണങ്ങൾകൊണ്ടും
അർഹണാം ചക്രതുഃ	= പൂജയെ ചെയ്തു.

ആ സുരഥമഹാരാജാവും വൈശ്യനും ശ്രേഷ്ഠമായ ദേവീസൂക്തത്തെ ജപിച്ചുകൊണ്ടു് തപസ്സുചെയ്തു. ആ മണൽത്തിട്ടിൽ അവർ മണ്ണുകൊണ്ടു് ദേവിയുടെ രൂപം ഉണ്ടാക്കിയിട്ടു് ആ ദേവിയെ പുഷ്പധൂപാദികൾകൊണ്ടും ഹോമങ്ങൾകൊണ്ടും തർപ്പണങ്ങൾകൊണ്ടും പൂജിച്ചു.

ഗുപ്ത—ദേവീസൂക്തം—ഇതു് അനേകം ഋക്കുകളിൽ പ്രസിദ്ധമായിട്ടുള്ള ഒന്നാണു് എന്നു് ഒരു പക്ഷം. അന്യതന്ത്രങ്ങളിൽ മൂന്നദ്ധ്യായങ്ങളെക്കൊണ്ടു പറയപ്പെടുന്നതും, കിഴക്കുദിക്കുകളിൽ മിക്കവാറും പ്രസിദ്ധമായിട്ടുള്ളതും ആയ ഒന്നാണെന്നു് രണ്ടാം പക്ഷം. മാലാമന്ത്രാത്മകമായി ഗദ്യരൂപമായി ചില ദിക്കുകളിൽ പ്രസിദ്ധിയെപ്രാപിച്ചിട്ടുള്ള ഒന്നാണു് എന്നു മൂന്നാംപക്ഷം. ഈ ദേവീമാഹാത്മ്യം അഞ്ചാമദ്ധ്യായത്തിലുള്ള 'നമോ ദേവ്യൈ മഹാദേവ്യൈ'ഇത്യാദിസ്തോത്രമാണെന്നു് ലക്ഷ്മീതന്ത്രം ഘോഷിക്കുന്നു. ഇതു് നാലാംപക്ഷം.

ഈ നാലും വ്യാഖ്യാനഭേദമനുസരിച്ചു്യഥാസംപ്രദായം സ്വീകാര്യങ്ങളായി കാണുന്നു.

ശാന്ത—ആ സുരഥൻ എന്ന രാജാവും സമാധി എന്ന വൈശ്യനും ശ്രേഷ്ഠമായി, സർവാർത്ഥപ്രദമായി, ദേവ്യധിദൈവതമായി ഇരിക്കുന്ന വേദത്തിലുള്ള ദേവീമാഹാത്മ്യം എന്നമന്ത്രത്തെ അല്ലെങ്കിൽ ഈ ചണ്ഡികാദേവിയുടെ ചരിത്രത്രയത്തെ—ദേവീമാഹാത്മ്യത്തെ—ജപിച്ചുകൊണ്ടു് തപസ്സുചെയ്തു.

തപസ്സ്=ദേഹത്തെ തപിപ്പിക്കുന്ന ഉപവാസാദികൾ.

ദേവീസൂക്തം=ദേവിയെ സംബന്ധിച്ചു്, സുഷ്ടുവായി=ശോഭനമായി ഉക്തമായിരിക്കുന്നതു്. അല്ലെങ്കിൽ, ദേവീവിഷയത്തിൽ

ആചാര്യന്മാരാൽ സൂക്തമായ=ഉപദിഷ്ടമായ—ആഗമസംബന്ധിയായി അഗ്നിഗർഭമായിരിക്കുന്ന ദേവീപ്രണവം. ഇതുതന്നെയാണ് ചണ്ഡികാദേവിയുടെ ചരിത്രത്രയം.

ചിലർ സന്ദർശനാത്ഥമംബായാഃ—എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു്, അംബാ=മാതാ=മാതൃകാ—എന്ന മാതൃകാ മന്ത്രരൂപമാണ് ദേവീസൂക്തമെന്നുപറയുന്നു.

വേറേ ചിലർ 'ദേവീസൂക്തം പരം ജപൻ'എന്നതിനു് "ദേവീസൂക്തം" എന്നുവേറെ ഒന്നുണ്ടു' എന്നും അതു രഹസ്യമായി ജപിച്ചുകൊണ്ടു്, എന്നും അത്ഥംപറയുന്നു.

ശ്രുതിസ്മൃതിപുരാണോക്തങ്ങളായ ദേവീസൂക്തങ്ങളാണ് ദേവീസൂക്തശബ്ദംകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നതെന്നു ചിലർ പറയുന്നു.

ആ അംബികാദേവിയെ പുഷ്പങ്ങൾകൊണ്ടും ധൂപങ്ങൾകൊണ്ടും അഗ്നികാര്യങ്ങളായ ഹോമങ്ങൾകൊണ്ടും തർപ്പണങ്ങൾകൊണ്ടും അവർ രണ്ടുപേരും പ്രത്യേകംപ്രത്യേകം ആരാധിച്ചു.

നാഗോ—ദേവീസൂക്തം എന്നതു് ഋഗ്വേദപ്രസിദ്ധമായ സൂക്തമാണെന്നു് ചിലർ പറയുന്നു. എന്നാൽ വാസ്തവത്തിൽ ദേവീസൂക്തം അഞ്ചാമദ്ധ്യായത്തിലെ "നമോ ദേവ്യൈ മഹാദേവ്യൈ"ഇത്യാദിയായ സ്തുതിയാണു്.

സർവ്വദേവതയായി കൂടസ്ഥയായി ഇരിക്കുന്ന മഹാലക്ഷ്മിയെപ്പററിയുള്ള ആ സ്തോത്രം ശുംഭാദിവധാത്ഥികളായ ദേവന്മാരാൽ ദൃഷ്ടവും സർവ്വക്ലേശങ്ങളേയും നശിപ്പിക്കുന്നതും, ഐശ്വര്യാദികളെ കൊടുക്കുന്നതുമാകുന്നു.

ക്ലേശനാശൈശ്വര്യാദിപ്രാപ്തിക്കായിട്ടു് അതു് ആ രാജവൈശ്യന്മാരാൽ ജപിക്കപ്പെട്ടു.

"നമോ ദേവ്യൈ മഹാദേവ്യൈ"എന്നു് ദേവീപദംപ്രയോഗിച്ചിരിക്കുന്നതുകൊണ്ടു് ഇതാണു് ദേവീസൂക്തം എന്നു ഗ്രഹിക്കുന്നതു് ഉചിതമാകുന്നു. ലക്ഷ്മീതന്ത്രവും ഇതിനെ സമ്മതിക്കുന്നു.

"പ്രാണാധഃസംസ്ഥിതം ബീജം വ്യോമബീജം ഹുതാശനഃ
ത്രികോണബിന്ദുനാദാഢ്യം പ്രണവാദിനമോന്തകം
അംബികാസിദ്ധിദം ജ്ഞേയം ദേവീസൂക്തം പരം സ്മൃതം"
(എന്നു്)

പുഷ്പധൂപങ്ങൾ എന്നതിൽ ഗന്ധദീപങ്ങൾകൂടി ഉൾപ്പെടും.

ഭംശോ—ദേവീസൂക്തം=ദേവീമാഹാത്മ്യവും ശ്രീസൂക്തവും.

അഗ്നിതപ്പ്ണൈഃ=അഗ്നിഃ=ദീപം, തപ്പ്ണം=നൈവേദ്യാദികൾ.

ജഗ—സ ച വൈശ്യ......മഹീമയീം സ്വാഹാ ൧൦

നിരാഹാരൗ യതാഹാരൗ തന്മനസ്കൗ സമാഹിതൗ. ന്ദവൃ

ൻ. ദദതുസ്തൗ ബലിഞ്ചൈവ നിജഗാത്രാസൃഗുക്ഷിതം

തൗ യതാഹാരൗ	= അവർ അല്പാഹാരന്മാരായി
നിരാഹാരൗ	= ത്യക്താഹാരന്മാരായി
തന്മനസ്കൗ	= ദേവിയിൽതന്നെ മനസ്സിനെ ഉറപ്പിച്ച വരായി
സമാഹിതൌ	= ജിതേന്ദ്രിയന്മാരായിട്ടു്
നിജഗാത്രാസൃഗുക്ഷിതം	= തങ്ങളുടെ ശരീരങ്ങളിലെ ചോരകൊണ്ടു നനയ്ക്കപ്പെട്ട
ബലിം ദദതുഃ ച ഏവ	= ഉപഹാരത്തെ ദാനംചെയ്യുകയും ചെയ്തു.

അവർ ആഹാരത്തെ ക്രമേണചുരുക്കിയും, പിന്നീടു് തീരെ ഉപേക്ഷിച്ചും ദേവിയിൽത്തന്നെ മനസ്സിനെ ലയിപ്പിച്ചു് ജിതേന്ദ്രിയന്മാരായിട്ടു് തങ്ങളുടെ ശരീരങ്ങളിൽ ഉള്ള രക്തത്തെ പ്രോക്ഷിച്ചു് ബലിയെ ദാനംചെയ്തു.

ഗുപ്ത—ആദിയിൽ അല്പാഹാരന്മാരായിട്ടും കുറേക്കാലംകഴിഞ്ഞു് നിരാഹാരന്മാരായിട്ടും ഇരുന്നു.

അവർ ബ്രാഹ്മണേതരവർണ്ണങ്ങളിൽ പെട്ടവരായതുകൊണ്ടു രക്തസമ്മിശ്രമായ ബലികൊടുക്കുന്നതു് നിഷേധിക്കപ്പെട്ടിട്ടുള്ളതല്ല.

ശാന്ത—അവർ ഹവിസ്സുമുതലായതുകൊണ്ടു് നിശ്ചിതാഹാരന്മാരായി പിന്നീടു് ക്രമേണ ഫലമൂലാശികളായി, പർണ്ണാശനന്മാരായി, ജലഭക്ഷകന്മാരായി, വായുഭക്ഷകന്മാരായിട്ടു് നിരാഹാരന്മാരായിത്തീൎന്നു.

"നിരാഹാരൗ യതാത്മാനൗ" എന്നു പാഠഭേദം.

വിഷയങ്ങളിൽനിന്നു് നിവൃത്തിക്കപ്പെട്ട മനസ്സു്, നേത്രം മുതലായ ജ്ഞാനേന്ദ്രിയങ്ങളോടുകൂടിയവരായി = നിശ്ശേഷം ജയിക്കപ്പെട്ട ഇന്ദ്രിയസമൂഹങ്ങളോടുകൂടിയവരായിട്ടു് എന്നൎത്ഥം.

"താവജ്ജിതേന്ദ്രിയോ ന സ്യാദ്വിജിതാന്യേന്ദ്രിയഃ പുമാൻ
ന ജയേദ്രസനം യാവജ്ജിതം സർവം ജിതേ രസേ" (എന്നു്)

സമാഹിതന്മാർ=ഗുരു ഉപദേശിച്ച മാൎഗ്ഗത്തിൽ ഉറപ്പിച്ച മനസ്സോടുകൂടിയവർ — നിരസ്തസംശയന്മാർ— ബഹുവിഘ്നപരിഹാരപരന്മാർ—നിയമപരായണന്മാർ.

ആ സുരഥവൈശ്യന്മാർ തപസ്സുചെയ്യുമ്പോൾ പരഹിംസാ പരാങ്മുഖത്വംഹേതുവായിട്ടു് സ്വശരീരോത്ഭവരക്തത്തേയും അന്നമയമായ ബലിയേയും ദാനംചെയ്തു.

"ഉരുജോ ബാഹുജോ വാപി രക്തമാംസമയം ബലിം
ഭക്ത്യാവേശാന്മഹാശൂരോ മഹാമായാർത്ഥമുൽസൃജേൽ"(എന്നു്)

'ബലിം ചൈവ' എന്നതിലെ ചശബ്ദംകൊണ്ടു് തന്റെ ശരീരത്തിൽ നിന്നുണ്ടായ രക്തമാകുന്ന രക്തചന്ദനംകൊണ്ടു് ദേവിക്കു് വിലേപനവുംചെയ്തു എന്നർത്ഥം.

ഇതുകൊണ്ടു്, ഒന്നുകിൽ ശരീരത്തെ പതിപ്പിക്കുകയോ അല്ലെങ്കിൽ മന്ത്രത്തെ സാധിപ്പിക്കുകയോ ചെയ്യും എന്ന ഹഠയോഗം സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

നാഗോ—ആ രാജാവും വൈശ്യനും രക്തമയമായ ബലികൊടുത്തു എന്നു പറയുന്നു. അതു് രാജാവിനുള്ള രാജസപൂജയ്ക്കു് ഉചിതം തന്നെ. മോക്ഷേച്ഛയോടുകൂടിയ വൈശ്യനോ എന്നാണെങ്കിൽ, ബ്രാഹ്മണനു് സാത്വികപൂജകൊണ്ടു് രാജസഫലം ലഭിക്കുന്നതുപോലെ വൈശ്യനും രാജസപൂജകൊണ്ടു് സാത്വികഫലപ്രാപ്തിക്കു വിരോധമില്ലാത്തതാകുന്നു.

ജഗ—അർഹണാം...സമാഹിതൗ സ്വാഹാ ൧൯

ഏവം സമാരാധയതോ സ്ത്രിഭിർവ്വർഷ്യതാത്മനോഃ. സുവ്യ.

൨൦. പരിതുഷ്ടാ ജഗദ്ധാത്രീ പ്രത്യക്ഷം പ്രാഹ ചണ്ഡികാ സുവ്യ

ഏവം സമാരാധയതോഃ	= ഇപ്രകാരം വഴിപോലെ ആരാധിക്കുന്ന
യതാത്മനോഃ	= ജിതചിത്തന്മാരായ അവർക്കു്
ത്രിഭിഃ വർഷൈഃ	= മൂന്നു സംവത്സരങ്ങൾകൊണ്ടു്
ജഗദ്ധാത്രീ ചണ്ഡികാ	= ജഗന്മാതാവായ ചണ്ഡികാദേവി
പരിതുഷ്ടാ പ്രത്യക്ഷം	= അതിപ്രീതയായി പ്രത്യക്ഷീഭവിച്ചിട്ടു്
പ്രാഹ	= പറഞ്ഞു.

ഇങ്ങനെ ജിതചിത്തന്മാരായി വഴിപോലെ ആരാധിക്കുന്ന അവർക്കു് മൂന്നുവർഷംകൊണ്ടു് ജഗദ്ധാത്രിയായ ചണ്ഡികാദേവി പരിതുഷ്ടയായി പ്രത്യക്ഷീഭവിച്ചിട്ടു് അരുളിച്ചെയ്തു.

ശാന്ത—ഇങ്ങനെ മൂന്നുവർഷംമുഴുവനും മനസ്സിനെ ദേവിയിൽ ഉറപ്പിച്ചു് വഴിപോലെ ആരാധിച്ച ആ ക്ഷത്രിയവൈശ്യന്മാർക്കു് ജഗത്തിനെ ധരിക്കുന്നവളായ ചണ്ഡികാദേവി അവരുടെ തപസ്സുകൊണ്ടു് ഏററവും പ്രീതയായി പ്രത്യക്ഷീഭവിച്ചിട്ടു് പറഞ്ഞു.

ചണ്ഡികാദേവി ജഗദ്ധാത്രിയായതുകൊണ്ടു് ഉഗ്രതപസ്സികളായ അവൎക്കു പ്രത്യക്ഷീഭവിച്ചു. അല്ലെങ്കിൽ അവരുടെ ഘോരതപസ്സുകൊണ്ടു് അഗ്നികൊണ്ടെന്നപോലെ ജഗത്തുകൾ ദഹിച്ചുപോകുമായിരുന്നു.

ജഗദ്ധാത്രി=ലോകങ്ങളെ എല്ലാം ഭരിക്കുന്നവൾ.

ജഗ—ദദതുസ്തൌ......യതാത്മനോഃ സ്വാഹാ ൩൨

പരിതുഷ്ടാ......ചണ്ഡികാ സ്വാഹാ ൩൩

ദേവ്യുവാച—ന്വ്വ൫

യൽ പ്രാൎത്ഥ്യതേ ത്വയാ ഭൂപ! ത്വയാ ച കുലനന്ദന!

൩൩. മത്തസ്തൽ പ്രാപ്യതാം സൎവ്വം പരിതുഷ്ടാ ദദാമി വാം ന്വ്വ

ദേവി പറഞ്ഞു:

ഭൂപ! ത്വയാ	= അല്ലയോ രാജാവേ! ഭവാനാലും
കുലനന്ദന! ത്വയാ ച	= അല്ലയോ വൈശ്യ! ഭവാനാലും
യൽ പ്രാൎത്ഥ്യതേ	= യാതൊന്നു് പ്രാൎത്ഥിക്കപ്പെടുന്നുവോ
തൽ സൎവ്വം	= അതു് എല്ലാം
മത്തഃ പ്രാപ്യതാം	= എന്നിൽനിന്നു് പ്രാപിച്ചുകൊള്ളുക.
പരിതുഷ്ടാ	= ഞാൻ പരിതുഷ്ടയായിട്ടു്
വാം ദദാമി	= നിങ്ങൾ രണ്ടുപേൎക്കും തരുന്നുണ്ടു്.

അല്ലയോ രാജാവേ! അല്ലയോ വൈശ്യ! നിങ്ങളാൽ യാതൊന്നു പ്രാൎത്ഥിക്കപ്പെടുന്നുവോ അതെല്ലാം എന്നിൽനിന്നു സ്വീകരിച്ചുകൊള്ളുക. ഞാൻ സന്തുഷ്ടയായിട്ടു് നിങ്ങൾ രണ്ടുപേൎക്കും ദാനംചെയ്യുന്നുണ്ടു്.

ശാന്ത—അല്ലയോ രാജാവേ! ഭവാനാൽ യാതൊന്നുപ്രാൎത്ഥിക്കപ്പെടുന്നുവോ അല്ലയോ വൈശ്യ! ഭവാനാലും യാതൊന്നുപ്രാൎത്ഥിക്കപ്പെടുന്നുവോ അതെല്ലാം എങ്കൽനിന്നു സ്വീകരിച്ചാലും; ഞാൻ സന്തുഷ്ടയായിട്ടു് അതെല്ലാം ക്ഷത്രിയവൈശ്യന്മാരായിരിക്കുന്ന നിങ്ങൾക്കു രണ്ടുപേൎക്കും തരുന്നുണ്ടു്.

"ദദാമി തൽ" എന്നു പാഠഭേദം.

ജഗ— * ദേവ്യുവാച സ്വാഹാ ൩൪

യൽ പ്രാൎത്ഥ്യതേ......നന്ദന! സ്വാഹാ ൩൫

മത്തസ്തൽ......ദദാമി വാം സ്വാഹാ ൩൬

---

* ഈ ശ്ലോകംമുതൽ ഏതാനും ശ്ലോകങ്ങളുടെ ഒടുവിൽ കാണിച്ചിരിക്കുന്ന മന്ത്രസംഖ്യയ്ക്കും ജഗച്ചന്ദ്രചന്ദ്രികാവ്യാഖ്യാതാവിന്റെ മന്ത്രവിഭാഗത്തിനും തമ്മിൽ ചിലവിത്യാസങ്ങൾ ഉണ്ടു്. സപ്തശതീമന്ത്രവിഭാഗം (പതിമൂന്നാമദ്ധ്യായം) നോക്കുക.

മാൎക്കണ്ഡേയ ഉവാച—ന്വവ്വൌ

തതോ വവ്രേ നൃപോ രാജ്യമവിഭ്രംശ്യന്യജന്മനി. ന്വവ്വ

ഫവ. അത്രാപി ച നിജം രാജ്യം ഹതശത്രുബലം ബലാൽ

മാൎക്കണ്ഡേയൻ പറഞ്ഞു.

തതഃ നൃപഃ	= അനന്തരം രാജാവു്
അന്യജന്മനി	= അടുത്തജന്മത്തിലും
അവിഭ്രംശി രാജ്യം	= കൈവിട്ടുപോകാത്ത രാജ്യവും
അത്ര അപി	= ഈ ജന്മത്തിലും
ബലാൽ ഹതശത്രുബലം	= ഹനിക്കപ്പെട്ട ശത്രുസൈന്യങ്ങളോട്ടുകൂടി
നിജം രാജ്യം ച വവ്രേ	= തന്റെ രാജ്യത്തേയും വരിച്ചു. [യ

അനന്തരം ആ സുരഥമഹാരാജാവു് അടുത്തജന്മത്തിലും ഭ്രംശിച്ചുപോകാത്തതായ രാജ്യത്തേയും ഈ ജന്മത്തിൽ തന്റെ ബലംനിമിത്തം നശിപ്പിക്കപ്പെട്ട ശത്രുബലത്തോട്ടുകൂടിയ സ്വരാജ്യത്തേയും വരിച്ചു.

ശാന്ത—ദേവിപറഞ്ഞതിന്റെശേഷം, ആ സുരഥമഹാരാജാവു്, ഈ ജന്മത്തെ അപേക്ഷിച്ചു അടുത്തതായി—വരാൻ പോകുന്ന—ജന്മത്തിലും കൈവിട്ടുപോകാത്ത മന്വന്തരപ്രാപ്തിസാദ്ധ്യമായ രാജഭോഗത്തെ—രാജ്യത്തേ—യും ഈ ജന്മത്തിൽ തന്റെ ബലംകൊണ്ടു നശിപ്പിക്കപ്പെട്ട ശത്രുസൈന്യങ്ങളോട്ടുകൂടിയ നിജരാജ്യത്തേയും പ്രാൎത്ഥിച്ചു.

ജഗ—മാൎക്കണ്ഡേയ ഉവാച സ്വാഹാ ഫൌ

തതോ വവ്രേ......ജന്മനി സ്വാഹാ ഫവ്വ

സോഽപി വൈശ്യസ്തതോ ജ്ഞാനം വവ്രേ നിൎവ്വിണ്ണമാനസഃ

ഫന. മമേത്യഹമിതി പ്രാജ്ഞഃ സംഗവിച്യുതികാരകം ന്വൻ൦

തതഃ നിൎവ്വിണ്ണമാനസഃ	=അനന്തരം വിരക്തചിത്തനായി
പ്രാജ്ഞഃ സഃവൈശ്യഃഅപി	= പ്രാജ്ഞനായിരിക്കുന്ന ആ വൈശ്യനും
മമ ഇതി അഹം ഇതി	= എന്റെ എന്നും ഞാൻ എന്നും ഉള്ള
സംഗവിച്യുതികാരകം	= സംഗത്തിന്റെ നാശത്തെ ഉണ്ടാക്കുന്നതായ
ജ്ഞാനം വവ്രേ	= ജ്ഞാനത്തെ വരിച്ചു.

അനന്തരം വിരക്തചിത്തനും ബുദ്ധിമാനുമായ ആ വൈശ്യനും എന്റെതെന്നും ഞാനെന്നുമുള്ള സംഗങ്ങളെ നശിപ്പിക്കുന്ന ജ്ഞാനത്തെ വരിച്ചു.

ഗുപ്ത—പ്രാജ്ഞൻ=എന്റേതെന്നും ഞാനെന്നുമുള്ള അഭിമാനം കൊണ്ടു് ഏററവും മൂഢൻ.

ചതു—മമ=തന്റേതല്ലാത്തതിൽ തന്റേതാണെന്നുള്ള അഭിമാനം. അഹം = ആത്മാവല്ലാത്തതിൽ ആത്മാവാണെന്നുള്ള അഭിമാനം.

വൈശ്യൻ ഈ അഭിമാനങ്ങളെ നശിപ്പിക്കുന്നതിനുള്ള ജ്ഞാനത്തെ പ്രാർത്ഥിച്ചതു്. മിക്കവാറും സംസാരത്തിങ്കൽനിന്നു വിരക്തനും അഹംമമാഭിമാനംകൊണ്ടു് ദുഃഖിതനും ആയതുകൊണ്ടാണു്.

പ്രാജ്ഞൻ=വൈദികജ്ഞാനംകൊണ്ടു ചരിക്കുന്നവൻ.

ശാന്ത—ദേവി അരുളിച്ചെയ്തതിന്റെശേഷം മോക്ഷത്തെ ആഗ്രഹിക്കുന്നതുനിമിത്തം ഏററവും ബുദ്ധിമാനായി സംസാരദുഃഖപരവശനായി ഇരിക്കുന്ന ആ സമാധിഎന്ന വൈശ്യനും ഏററവും വിരക്തനായിട്ടു് മോക്ഷബുദ്ധിയെ പ്രാർത്ഥിച്ചു.

എന്റെതെന്നും ഞാനെന്നുമുള്ള സംഗത്തിന്റെ നാശത്തെച്ചെയ്യുന്നതായി—ഇവൻ എന്റെ പുത്രനാകുന്നു, ഞാൻ അച്ഛനാകുന്നു; ഇവൾ എന്റെ കളത്രമാകുന്നു, ഞാൻ ഭർത്താവാകുന്നു; ഇതു് എന്റെ ധനമാകുന്നു, ഞാൻ ഇതിന്റെ സ്വാമിയാകുന്നു; ഇത്യാദി അഹംമമാഭിമാനത്തിന്റെ നാശത്തിനു കാരണമായി—സംസാരമോഹനാശകാരകമായി ഇരിക്കുന്ന ബ്രഹ്മജ്ഞാനത്തെ വരിച്ചു. 'സംഗം' എന്നു പറയുന്നതു് ഞാനെന്നും എനിക്കുള്ളതെന്നും പറയുന്നതാകുന്നു അതു തന്നെ ഭേദബുദ്ധികൊണ്ടുണ്ടാകുന്ന ദ്വൈതജ്ഞാനം. അതിന്റെ നാശത്തെ ചെയ്യുന്നതായ അദ്വൈതജ്ഞാനത്തെ—ഏതൊരുജ്ഞാനമുണ്ടായാൽ വൈരാഗ്യമുണ്ടാകുമോ ആ ജ്ഞാനത്തെ–വരിച്ചു, എന്നതാല്പര്യം. 'ജ്ഞാനാദേവ ഹി വൈ രാജൻ ജ്ഞേയം വൈരാഗ്യലക്ഷണം' (എന്നു മഹാഭാരതം.)

നാഗോ—പ്രാജ്ഞൻ = മോക്ഷേച്ഛ ഉണ്ടായതുകൊണ്ടു് അതിബുദ്ധിമാനായുള്ളവൻ.

ജഗ—അത്രാപി ച......മാനസഃ സ്വാഹാ ൧൯

മമേത്യഹ......കാരകം സ്വാഹാ ൨൦

ദേവ്യുവാച—ന്നൻഫ.

സ്വല്പൈരഹോഭിർന്നൃപതേ! സ്വം രാജ്യം പ്രാപ്സ്യതേഭവാൻ ൱൨

൧൪. ഹത്വാ രിപൂനസ്ഖലിതം തവ തത്ര ഭവിഷ്യതി ൱൩

ദേവി പറഞ്ഞു.

നൃപതേ! = അല്ലയോ രാജാവേ!

ഭവാൻസ്വല്പൈഃഅഹോഭിഃ = അങ്ങു് ഏതാനും ദിവസങ്ങൾകൊണ്ടു്

സ്വം രാജ്യം പ്രാപ്സ്യതേ = തന്റെ രാജ്യത്തെ പ്രാപിക്കും.
രിപൂൻ ഹത്വാ = ശത്രുക്കളെ ഹനിച്ചിട്ട്
തവ തത്ര = ഭവാനു് ആ രാജ്യത്തിൽ
അസ്ഖലിതം ഭവിഷ്യതി = സ്ഥിരതയും ഭവിക്കും.

അല്ലയോ രാജാവേ! ഭവാൻ അല്പദിവസങ്ങൾകൊണ്ടു് സ്വരാജ്യത്തെ പ്രാപിക്കും. അവിടെ അങ്ങേയ്ക്കു് ശത്രുക്കളെ ഹനിച്ചിട്ടു് ആ രാജ്യം സ്ഥിരമായും ഭവിക്കും.

ശാന്ത—അല്ലയോ രാജാവേ! അങ്ങു് സ്വല്പദിവസങ്ങളെക്കൊണ്ടു് സ്വരാജ്യത്തെ പ്രാപിക്കും. അവിടെ ശത്രുക്കളെ ഹനിച്ചിട്ടു് അങ്ങേയ്ക്കു് ആ രാജ്യം കൈവിട്ടുപോകാത്തതായി ഭവിക്കും. അടുത്ത ജന്മത്തിൽ ആ രാജ്യം സ്ഥിരമായി ഭവിക്കും.

"തവ രാജ്യം ഭവിഷ്യതി" "തവ തച്ച ഭവിഷ്യതി" "തവ തത്ര ഭവിഷ്യതി" എന്നു് മൂന്നു പാഠഭേദങ്ങൾ.

തത്ര = ആ നഗരത്തിൽ അല്ലെങ്കിൽ ജന്മാന്തരത്തിൽ.

നാഗോ—'സ്വം രാജ്യം' എന്നതിനു് സമസ്തരാജ്യം എന്നർത്ഥമില്ല.

ജഗ—ദേവ്യുവാച സ്വാഹാ ൨൯
സ്വല്പൈരഹോഭി......ഭവാൻ സ്വാഹാ ൨൨
മൃതശ്ച ഭൂയഃ സംപ്രാപ്യ ജന്മ ദേവാദ്വിവസ്വതഃ. ൱൪
൫൦. സാവർണ്ണികോ നാമ മനുർഭവാൻ ഭുവി ഭവിഷ്യതി ൱൫൦

ഭവാൻ മൃതഃ ച ഭൂയഃ = അങ്ങു് മരിച്ചിട്ടും പിന്നെയും
വിവസ്വതഃ ദേവാൽ = സൂൎയ്യദേവങ്കൽനിന്നു്
ജന്മ സംപ്രാപ്യ = ജന്മത്തെ പ്രാപിച്ചിട്ടു്
ഭുവി = ഭൂമിയിൽ
സാവർണ്ണികഃ നാമ മനുഃ = സാവർണ്ണി എന്നുപേരോടുകൂടിയ മനുവാ[യിട്ടു്
ഭവിഷ്യതി = ഭവിക്കും.

ഭവാൻ ഈ ശരീരത്തെ ഉപേക്ഷിച്ചതിന്റെശേഷം പിന്നെയും ഭൂമിയിൽ സൂൎയ്യദേവനിൽനിന്നു ജനിച്ചിട്ടു് സാവർണ്ണി എന്നു പേരോടു കൂടിയ മനുവായി ഭവിക്കും.

ശാന്ത—അല്ലയോ രാജാവേ! അങ്ങു് ഈ ശരീരത്തെ ഉപേക്ഷിച്ചതിന്റെശേഷം പിന്നെയും സൂൎയ്യദേവങ്കൽനിന്നും സൂൎയ്യപത്നിയായ സവർണ്ണയിൽനിന്നും ജന്മത്തെപ്രാപിച്ചിട്ടു് ഭൂമിയിൽ സാവർണ്ണി എന്നു പേരോടുകൂടിയ മനുവായി ഭവിക്കും.

സാവർണ്ണി = സൂൎയ്യതനയനായ എട്ടാമത്തെ മനു.
"സാവർണ്ണികോ മനുർന്നാമ" എന്നു പാഠഭേദം

ജഗ—ദത്വാ രിപൂ......ദിവസ്വതഃ സ്വാഹാ ൨൩

വൈശ്യവര്യ്യ ത്വയാ യശ്ച വരോ ƒസ്മത്തോഭിവാഞ്ഛിതഃ ൨൯൩

൧൩. തം പ്രയച്ഛാമി സംസിദ്ധ്യൈ തവ ജ്ഞാനം ഭവിഷ്യതി ൨൯൪

വൈശ്യവര്യ്യ!	= അല്ലയോ വൈശ്യശ്രേഷ്ഠ!
അസ്മത്തഃ	= എങ്കൽനിന്നു്
യഃ വരഃ ച അഭിവാഞ്ഛിതഃ	= യാതൊരു വരം ഇച്ഛിക്കപ്പെട്ടുവോ
തം	= ആ വരത്തെ
സംസിദ്ധ്യൈ പ്രയച്ഛാമി	= മോക്ഷത്തിനായിക്കൊണ്ടു് തരുന്നുണ്ടു്
തവ ജ്ഞാനം ഭവിഷ്യതി	= ഭവാനു് ബ്രഹ്മജ്ഞാനം ഉണ്ടാകും.

അല്ലയോ വൈശ്യശ്രേഷ്ഠ! ഭവാൻ എങ്കൽനിന്നു് യാതൊരുവരത്തെ ഇച്ഛിച്ചുവോ ആ വരത്തെ ഭവാനു് മോക്ഷത്തിനായിട്ടു് ഞാൻ തരുന്നു. അങ്ങേയ്ക്കു് ബ്രഹ്മജ്ഞാനം സിദ്ധിക്കും.

ശാന്ത—അല്ലയോ വൈശ്യശ്രേഷ്ഠ! ഭവാനാൽ എങ്കൽനിന്നു് യാതൊരു വരം ഇച്ഛിക്കപ്പെട്ടുവോ ആ വരത്തെ പരമാത്മസ്വരൂപജ്ഞാനത്തിനായിക്കൊണ്ടു് ഞാൻ തരുന്നുണ്ടു്. ഞാൻ ആ വരം തരുന്നതുനിമിത്തം അങ്ങേയ്ക്കു് ജ്ഞാനം ഭവിക്കും.

വൈശ്യവര്യ്യ = ഹേ വൈശ്യ!, ഹേ വര്യ്യ = അല്ലയോ വൈശ്യ! അല്ലയോ ശ്രേഷ്ഠ!

"വൈശ്യവര്യ്യ! ത്വയാ മത്തോ വരോ യശ്ചാഭിവാഞ്ഛിതഃ" എന്നു പാഠഭേദം.

നാഗോ—'അസ്മത്തഃ' എന്ന ബഹുവചനപ്രയോഗം ദേവിസർവ്വാത്മികയാണെന്നുള്ളതിനെ പ്രതിപാദിക്കുന്നു.

ജഗ—സാവർണ്ണികോ......വാഞ്ഛിതം സ്വാഹാ ൨൪

തം പ്രയച്ഛാമി......ഭവിഷ്യതി സ്വാഹാ ൨൫

മാർക്കണ്ഡേയ ഉവാച—൨൯൫

ഇതി ദത്വാ തയോർദ്ദേവീ യഥാഭിലഷിതം വരം

൧൪. ബഭൂവാന്തർഹിതാ സദ്യോ ഭക്ത്യാ താഭ്യാമഭിഷ്ടുതാ. ൨൯൬

മാർക്കണ്ഡേയൻ പറഞ്ഞു.

ഇതി ദേവീ തയോഃ	= ഇപ്രകാരം ദേവി അവർക്കു്
യഥാഭിലഷിതം	= ആഗ്രഹിക്കപ്പെട്ടതുപോലെ ഉള്ള
വരം ദത്വാ	= വരത്തെ ദാനംചെയ്തിട്ടു്
താഭ്യാം ഭക്ത്യാ	= അവരാൽ ഭക്തിയോടുകൂടി
അഭിഷ്ടുതാ	= നല്ലവണ്ണംസ്തുതിക്കപ്പെട്ടവളായിട്ടു്
സദ്യഃ അന്തർഹിതാ ബഭൂവ	= വേഗത്തിൽ അന്തർദ്ധാനം ചെയ്തു.

ഇപ്രകാരം ചണ്ഡികാദേവി ആ രാജവൈശ്യന്മാൎക്ക് അവർ ആഗ്രഹിച്ചതുപോലെയുള്ള വരത്തെ ദാനംചെയ്തിട്ട് അവരാൽ ഭക്തിയോടുകൂടി സ്തുതിക്കപ്പെട്ടവളായിട്ട് വേഗത്തിൽ അന്തൎദ്ധാനംചെയ്തു.

ശാന്ത—മാൎക്കണ്ഡേയമുനി തന്റെ ശിഷ്യനായ ക്രോഷ്ടുകിമഹൎഷിയോടു പറയുന്നു. ചണ്ഡികാദേവി, ആ സുരഥമഹാരാജാവിനും സമാധി എന്ന വൈശ്യനും അപേക്ഷിച്ചതിൽ അധികമായ വരങ്ങളേയും കൊടുക്കുന്നതിന് ശക്തിയുള്ളവളു ആണെങ്കിലും അവർ ആഗ്രഹിച്ചതുപോലെയുള്ള വരങ്ങളെ ദാനംചെയ്തിട്ട് അവരാൽ 'നിന്തിരുവടി ജഗത്തുകളെ സൃഷ്ടിക്കുന്നവളാകുന്നു, രക്ഷിക്കുന്നവളാകുന്നു, സംഹരിക്കുന്നവളാകുന്നു, ജഗജ്ജനനിയാകുന്നു' എന്നിങ്ങനെ ഭക്തിയോടുകൂടി നല്ലവണ്ണം സ്തുതിക്കപ്പെട്ടവളായിട്ട് വേഗത്തിൽ അന്തൎദ്ധാനം ചെയ്തു.

ജഗ—മാൎക്കണ്ഡേയ ഉവാച സ്വാഹാ ൩൯

ഇതി ദത്വാ......വരം സ്വാഹാ ൩൬

ഏവം ദേവ്യാ വരം ലബ്ധ്വാ സുരഥഃ ക്ഷത്രിയൎഷഭഃ

൧൨. സൂൎയ്യാജ്ജന്മ സമാസാദ്യ സാവൎണ്ണിൎഭവിതാ മനുഃ ൧൦൦

സാവൎണ്ണിൎഭവിതാ മനുഃ

ഏവം	= ഇപ്രകാരം
ക്ഷത്രിയൎഷഭഃ സുരഥഃ	= ക്ഷത്രിയശ്രേഷ്ഠനായസുരഥമഹാരാജാവു്
ദേവ്യാഃ വരം ലബ്ധ്വാ	= ദേവിയിൽനിന്നു് വരത്തെ ലഭിച്ചിട്ടു്
സൂൎയ്യാൽ ജന്മ സമാസാദ്യ	= സൂൎയ്യനിൽനിന്നു് ജന്മത്തെപ്രാപിച്ചിട്ടു്
സാവൎണ്ണിഃ മനുഃ ഭവിതാ	= സാവൎണ്ണി എന്ന മനുവായിട്ടു് ഭവിക്കും.

ഇപ്രകാരം ക്ഷത്രിയശ്രേഷ്ഠനായ സുരഥമഹാരാജാവു് ദേവിയോടു് വരംവാങ്ങി സൂൎയ്യങ്കൽനിന്നു് ജന്മത്തെപ്രാപിച്ചിട്ടു് സാവൎണ്ണി മനുവായി ഭവിക്കും.

ഗുപ്ത—സൂൎയ്യസാവൎണ്ണി, ദക്ഷസാവൎണ്ണി, ബ്രഹ്മസാവൎണ്ണി, ധൎമ്മസാവൎണ്ണി, രുദ്രസാവൎണ്ണി, രൌച്യൻ, ഭൌത്യൻ എന്നു് ഭാവിയിൽ വരുവാൻ പോകുന്ന ഏഴുമനുക്കളിൽ ഒന്നാമനായ സൂൎയ്യസാവൎണ്ണി എന്ന മനുവായി ഭവിക്കും.

ചതു—സാവൎണ്ണിൎഭവിതാ മനുഃ = സൂൎയ്യപുത്രനായി എട്ടാമത്തെ മന്വന്തരത്തിന്റെ അധിപനായിരിക്കുന്ന മനുവായി ഭവിക്കും. "സാവൎണ്ണിൎഭവിതാ മനുഃ" എന്ന പുനരാവൃത്തി സമാപ്തിയെ കാണിക്കുന്നു.

നാഗോ—'സാവൎണ്ണിൎഭവിതാമനുഃ' എന്ന പുനരാവൃത്തി കാത്യായനിതന്ത്രമനുസരിച്ചും ആചാരംനിമിത്തവുമാകുന്നു.

'മാർക്കണ്ഡേയ' എന്ന തുടങ്ങി 'മനു' എന്നു് അവസാനിച്ചു്— 'മ'കാരാദി 'നു'കാരാന്തമായി—ഇരിക്കുന്നതുകൊണ്ടും, മനുശബ്ദത്തിനു മന്ത്രം എന്നു് അർത്ഥമുള്ളതിനാലും ഈ സപ്തശതീ മഹാമാലാമന്ത്രമാകുന്നു. ഇതിനെക്കുറിച്ചു് ലക്ഷ്മീതന്ത്രത്തിൽ ഇങ്ങനെ പറയുന്നു.

"സമ്യക് ഹൃദിസ്ഥിതാ സേയം ജന്മകർമ്മാവലിസ്തുതിഃ
ഏതാം ദ്വിജമുഖാൽ ജ്ഞാത്വാ അധീയാനോ നരഃ സദാ
വിധൂയ നിഖിലാം മായാം സമ്യക് ജ്ഞാനം സമശ്നുതേ
സർവ്വസമ്പദ ആപ്നോതി ധുനോതി സകലാപദഃ" (എന്നു്)

അതിനാൽ ഈ മഹാമാലാമന്ത്രം സർവ്വേഷ്ടസിദ്ധിപ്രദമാണെന്നു പ്രതിപാദിതമായി.

ദംശോ—ചില ഗ്രന്ഥങ്ങളിൽ 'സാവർണ്ണിർഭവിതാ മനുഃ' എന്നതിന്റെ ആവൃത്തി സമാപ്തിയെ കാണിക്കുവാനാണെന്നു പറയുന്നു.

ജഗ—ബഭ്രുവാ......ക്ഷത്രിയർഷഭഃ സ്വാഹാ വ.വ്യ.
സൂര്യാജ്ജന്മ......ഭവിതാ മനുഃ സ്വാഹാ ഉ.ൻ.

ഇതി ശ്രീമാർക്കണ്ഡേയപുരാണേ സാവർണ്ണികേ മന്വന്തരേ
ദേവീമാഹാത്മ്യേ സുരഥവൈശ്യയോർവരപ്രദാനംനാമ
ത്രയോദശോ ഽദ്ധ്യായഃ

സുരഥവൈശ്യവരലാഭം എന്ന പതിമൂന്നാമദ്ധ്യായം സമാപ്തം.

ദുർഗ്ഗാസപ്തശതീ സംപൂർണ്ണം. സർവ്വമനവദ്യം, ശിവം.

ഉത്തരന്യാസം.

ഖഡ്ഗിനീ ശൂലിനീ ഘോരാ ഗദിനീ ചക്രിണീ തഥാ
ശംഖിനീ ചാപിനീ ബാണഭുശുണ്ഡീപരിഘായുധാ.
ഐം ഹൃദയായ നമഃ.

ശൂലേന പാഹി നോ ദേവി പാഹി ഖഡ്ഗേന ചാംബികേ
ഘണ്ടാസ്വനേന നഃ പാഹി ചാപജ്യാനിസ്സ്വനേന ച.
ഹ്രീം ശിരസേ സ്വാഹാ.

പ്രാച്യാം രക്ഷ പ്രതീച്യാം ച ചണ്ഡികേ രക്ഷ ദക്ഷിണേ
ഭ്രാമണേനാത്മശൂലസ്യ ഉത്തരസ്യാം തഥേശ്വരി.
ക്ലീം ശിഖായൈ വഷട്.

സൌമ്യാനി യാനി രൂപാണി ത്രൈലോക്യേ വിചരന്തി തേ
യാനി ചാത്യന്തഘോരാണി തൈ രക്ഷാസ്മാംസ്തഥാ ഭുവം.
ഐം കവചായ ഹും.

ഖഡ്ഗശൂലഗദാദീനി യാനി ചാസ്ത്രാണി തേംബികേ
കരപല്ലവസംഗീനി തൈരസ്മാൻ രക്ഷ സർവ്വതഃ.
ഹ്രീം നേത്രത്രയായ വൌഷട്.

സർവ്വസ്വരൂപേ സർവ്വേശേ സർവ്വശക്തിസമന്വിതേ
ഭയേഭ്യസ്ത്രാഹി നോ ദേവി! ദുർഗ്ഗേ! ദേവി! നമോസ്തു തേ.
ക്ലീം അസ്ത്രായ ഫട്.

ഓംഭൂർഭുവസ്സ്വരോമിതി ദിഗ്വിമോചഃ

ധ്യാനം.

൧. ഖഡ്ഗം ചക്രഗദേഷുചാപപരിഘാൻ ശൂലം ഭുശുണ്ഡീം ശിരഃ
ശംഖം സന്ദധതീം കരൈസ്ത്രിനയനാം സർവ്വാംഗഭൂഷാവൃതാം
നീലാശ്മദ്യുതിമാസ്യപാദദശകാം സേവേ മഹാകാളികാം
യാമസ്തൌത്സ്വപിതേ ഹരൌ കമലജോ ഹന്തും മധും കൈടഭം.

൨. അക്ഷസ്രക്പരശൂംഗദേഷുകുലിശം പത്മം ധനുഃ കുണ്ഡികാം
ദണ്ഡം ശക്തിമസിം ച ചർമ്മ ജലജം ഘണ്ടാം സുരാഭാജനം
ശൂലം പാശസുദർശനേ ച ദധതീം ഹസ്തൈഃ പ്രസന്നാനനാം
സേവേ സൈരിഭമർദ്ദിനീമിഹ മഹാലക്ഷ്മീം സരോജസ്ഥിതാം.

൩. ഘണ്ടാശൂലഹലാനി ശംഖമുസലേ ചക്രം ധനുഃ സായകം
ഹസ്താബ്ജൈർദധതീം ഘനാന്തവിലസച്ഛീതാംശുതുല്യപ്രഭാം
ഗൌരീദേഹസമുത്ഭവാം ത്രിനയനാമാധാരഭൂതാം മഹാ-
പൂർവ്വാമത്ര സരസ്വതീമനുഭജേ ശുംഭാദിദൈത്യാർദ്ദിനീം.

൪. വിദ്യുദ്ദാമസമപ്രഭാം മൃഗപതിസ്കന്ധസ്ഥിതാം ഭീഷണാം
കന്യാഭിഃ കരവാളഖേടവിലസദ്ധസ്താഭിരാസേവിതാം
ഹസ്തൈശ്ചക്രഗദാസിഖേടവിശിഖാംശ്ചാപം ഗുണം തർജ്ജനീം
ബിഭ്രാണാമനലാത്മികാം ശശിധരാം ദുർഗ്ഗാം ത്രിനേത്രാം ഭജേ.

ശ്രീചണ്ഡികായൈ നമഃ.
സമസ്തോപചാരപൂജാം സമർപ്പയാമി.

൧൮. ദേവീസൂക്തം *

നമോ ദേവ്യൈ മഹാദേവ്യൈ ശിവായൈ സതതം നമഃ
നമഃ പ്രകൃത്യൈ ഭദ്രായൈ നിയതാഃ പ്രണതാഃ സ്മ താം. ൧

രൌദ്രായൈ നമോ നിത്യായൈ ഗൌര്യൈ ധാത്ര്യൈ നമോനമഃ
ജ്യോത്സ്നായൈ ചേന്ദുരൂപിണ്യൈ സുഖായൈ സതതം നമഃ ൨

കല്യാണ്യൈ പ്രണതാം വൃദ്ധ്യൈ സിദ്ധ്യൈ കുർമ്മോ നമോനമഃ
നൈരൃത്യൈ ഭൂഭൃതാം ലക്ഷ്മ്യൈ ശർവ്വാണ്യൈ തേ നമോനമഃ ൩

ദുർഗ്ഗായൈ ദുർഗ്ഗപാരായൈ സാരായൈ സർവ്വകാരിണ്യൈ
ഖ്യാത്യൈ തഥൈവ കൃഷ്ണായൈ ധൂമ്രായൈ സതതം നമഃ ൪

അതിസൌമ്യാതിരൌദ്രായൈ നതാസ്തസ്യൈ നമോനമഃ
നമോ ജഗൽപ്രതിഷ്ഠായൈ ദേവ്യൈ കൃത്യൈ നമോനമഃ ൫

യാ ദേവീ സർവ്വഭൂതേഷു വിഷ്ണുമായേതി ശബ്ദിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൬

യാ ദേവീ സർവ്വഭൂതേഷു ചേതനേത്യഭിധീയതേ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൭

യാ ദേവീ സർവ്വഭൂതേഷു ബുദ്ധിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൮

യാ ദേവീ സർവ്വഭൂതേഷു നിദ്രാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൯

യാ ദേവീ സർവ്വഭൂതേഷു ക്ഷുധാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൧൦

യാ ദേവീ സർവ്വഭൂതേഷു ഛായാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൧൧

യാ ദേവീ സർവ്വഭൂതേഷു ശക്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൧൨

യാ ദേവീ സർവ്വഭൂതേഷു തൃഷ്ണാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൧൩

യാ ദേവീ സർവ്വഭൂതേഷു ക്ഷാന്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൧൪

---

* ഇതു് അഞ്ചാമദ്ധ്യായത്തിൽ ൭ മുതൽ ൩൬ വരെയുള്ള ശ്ലോകങ്ങളായതുകൊണ്ടു അവിടെ വ്യാഖ്യാനിച്ചിട്ടുണ്ടു്.

യാ ദേവീ സർവ്വഭൂതേഷു ജാതിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൧൫
യാ ദേവീ സർവ്വഭൂതേഷു ലജ്ജാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൧൬
യാ ദേവീ സർവ്വഭൂതേഷു ശാന്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൧൭
യാ ദേവീ സർവ്വഭൂതേഷു ശ്രദ്ധാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൧൮
യാ ദേവീ സർവ്വഭൂതേഷു കാന്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൧൯
യാ ദേവീ സർവ്വഭൂതേഷു ലക്ഷ്മീരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൨൦
യാ ദേവി സർവ്വഭൂതേഷു വൃത്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൨൧
യാ ദേവീ സർവ്വഭൂതേഷു സ്മൃതിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൨൨
യാ ദേവീ സർവ്വഭൂതേഷു ദയാരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൨൩
യാ ദേവീ സർവ്വഭൂതേഷു തുഷ്ടിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൨൪
യാ ദേവീ സർവ്വഭൂതേഷു മാതൃരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൨൫
യാ ദേവീ സർവ്വഭൂതേഷു ഭ്രാന്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ ൨൬
ഇന്ദ്രിയാണാമധിഷ്ഠാത്രീ ഭൂതാനാമഖിലേഷു യാ
ഭൂതേഷു സതതം തസ്യൈ വ്യാപ്ത്യൈ ദേവ്യൈ നമോനമഃ ൨൭
ചിതിരൂപേണ യാ കൃത്സ്നമേതദ്വ്യാപ്യ സ്ഥിതാ ജഗൽ
നമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോനമഃ. ൨൮

സ്തുതാസുരൈഃ പൂർവ്വമഭീഷ്ടസംശ്രയാ-
ത്തഥാ സുരേന്ദ്രേണ ദിനേഷു സേവിതാ
കരോതു സാ നഃ ശുഭഹേതുരീശ്വരീ
ശുഭാനി ഭദ്രാണ്യഭിഹന്തു ചാപദഃ. ൨൯

യാ സാമ്പ്രതം ചോദ്ധതദൈത്യതാപിതൈ-
രസ്മാഭിരീശാ ച സുരൈർന്നമസ്യതേ
യാ ച സ്മൃതാ തൽക്ഷണമേവ ഹന്തി നഃ
സർവ്വാപദോ ഭക്തിവിനമ്രമൂർത്തിഭിഃ ൨൦

ദേവീസൂക്തം സമാപ്തം.

(ഇങ്ങനെ ദേവീസൂക്തം പാരായണം ചെയ്തതിന്റെ ശേഷം നവാക്ഷരീമന്ത്രം ൧൦൮ ഉരു ജപിക്കണം.)

"ഗുഹ്യാതിഗുഹ്യഗോപ്ത്രീ ത്വം
ഗൃഹാണാസ്മൽകൃതം ജപം
സിദ്ധിർഭവതു മേ ദേവി! ത്വൽപ്രസാദാന്മഹേശ്വരി!
അനേന ദേവീമാഹാത്മ്യ പാരായണേന
ഭഗവതീ സർവ്വാത്മികാ ശ്രീ ചണ്ഡികാ തൃപ്യതു."

എന്നു് ജപം ദേവിയിൽ സമർപ്പിക്കണം.

൧൯. പ്രാധാനിക രഹസ്യം.

അസ്യശ്രീ രഹസ്യത്രയസ്യ—

ബ്രഹ്മ വിഷ്ണു രുദ്രാ ഋഷയഃ, അനുഷ്ടുപ്ഛന്ദഃ, മഹാകാളീ മഹാലക്ഷ്മീമഹാസരസ്വത്യോ ദേവതാഃ, മഹാലക്ഷ്മീ ബീജം, ശ്രീഃ ശക്തിഃ, ഹ്രീം കീലകം അഭീഷ്ടഫലസിദ്ധ്യർത്ഥേ ജപേ വിനിയോഗഃ രാജോവാച.

൧—ഭഗവന്നവതാരാ മേ ചണ്ഡികായാസ്ത്വയോദിതാഃ
ഏതേഷാം പ്രകൃതിം ബ്രഹ്മൻ പ്രധാനം വക്തുമർഹസി

രാജാവു പറഞ്ഞു.

ഭഗവൻ!	= അല്ലയോഭഗവാനേ!
ചണ്ഡികായാഃ അവതാരാഃ	= ചണ്ഡികാദേവിയുടെ അവതാരങ്ങൾ
ത്വയാ മേ ഉദിതാഃ	= ഭവാനാൽ എന്നോടു് പറയപ്പെട്ടു.
ഏതേഷാം പ്രകൃതിം	= ഈ അവതാരങ്ങളുടെ മൂലഭൂതയായി
പ്രധാനം	= മുഖ്യയായി ഇരിക്കുന്നദേവിയേ
ബ്രഹ്മൻ!	= അല്ലയോ ബ്രാഹ്മണശ്രേഷ്ഠ!
വക്തും അർഹസി	= പറയുന്നതിന്നു് ഭവാൻ അർഹനാകുന്നു.

ഹേ ഭഗവാനേ! ഭവാൻ ചണ്ഡികാദേവിയുടെ അവതാരങ്ങളെ എന്നോടു പറഞ്ഞു. ഈ അവതാരങ്ങളുടെ മൂലഭൂതയായി മുഖ്യയായി ഇരിക്കുന്ന ദേവിയെ, അല്ലയോ ബ്രാഹ്മണശ്രേഷ്ഠ! പറയുന്നതിന്ന് ഭവാൻ അർഹനാകുന്നു.

ഗുപ്ത—സുരഥമഹാരാജാവ് സുമേധസ്സമഹർഷിയോടു ചോദിക്കുന്നു:—അല്ലയോ ഭഗവാനേ! ഉപാസ്യദേവതകളിൽ മുഖ്യയായി ഇരിക്കുന്ന ദേവിയേയും ഉപാസനാസമ്പ്രദായത്തേയും ഉപദേശിച്ചാലും.

ശാന്ത—"യത്ഭയാദ്വാതി വാതോയം സൂര്യോ ഭീത്യാ ച ഗച്ഛതി
ഇന്ദ്രാഗ്നിമൃത്യവസ്തദ്വൽ സാ ദേവീ ചണ്ഡികാസ്മൃതാ"

എന്നു് (ഭുവനേശ്വരസംഹിത)

അങ്ങനെയുള്ള ചിദ്രൂപിണിയായ ചണ്ഡികദേവിയുടെ അവതാരങ്ങളെ ഭവാൻ പറഞ്ഞു. ഈ അവതാരങ്ങളുടെ മൂലഭൂതയായി മുഖ്യയായി ഇരിക്കുന്ന ദേവിയെ പറഞ്ഞാലും. മൂലത്തിലുള്ള ജലസേചനം ശാഖകൾക്കും സേചനമായി ഭവിക്കുന്നതുപോലെ മുഖ്യ ദേവതയുടെപൂജ എല്ലാ അവതാരങ്ങൾക്കും പൂജയായിഭവിക്കുന്ന സമ്പ്രദായത്തെ പറഞ്ഞാലും.

൨. ആരാദ്ധ്യം യന്മയാ ദേവ്യാഃ സ്വരൂപം യേന തദ്വിജ!
വിധിനാ ബ്രൂഹിസകലം യഥാവൽ പ്രണതസ്യ മേ.

ദ്വിജ!	= അല്ലയോ ബ്രാഹ്മണ!
മയാ യേനവിധിനാ	= എന്നാൽ ഏതു വിധിപ്രകാരം
ദേവ്യാഃ യൽ സ്വരൂപം	= ദേവിയുടെ യാതൊരു സ്വരൂപം
ആരാദ്ധ്യം	= ആരാധിക്കപ്പെടുവാൻ യോഗ്യമാകുന്നു [വോ
തൽ സകലം	= അതെല്ലാം
പ്രണതസ്യ മേ	= നമസ്കരിക്കുന്ന എന്നോടു്
യഥാവൽ ബ്രൂഹി	= വാസ്തവമായി പറഞ്ഞാലും.

അല്ലയോ ബ്രാഹ്മണ! ഞാൻ ദേവിയെ ഏതുവിധം ആരാധിക്കണമോ ആ സമ്പ്രദായമെല്ലാം നമസ്കരിക്കുന്നവനായ എന്നോടു വാസ്തവമായി പറഞ്ഞാലും.

ശാന്ത—ഏതുവിധിപ്രകാരം ആ ദേവീസ്വരൂപം ആരാധിക്കപ്പെടണമോ ആ വിധിയേയും ആ ആരാദ്ധ്യമായ സ്വരൂപത്തേയും നമസ്കരിക്കുന്ന ശിഷ്യനായ എന്നോടുപറഞ്ഞാലും.

ഗുരു അഭിയുക്തനായ ശിഷ്യനോടു് എല്ലാ സംഗതിയും വാസ്തവമായി ഉപദേശിക്കേണ്ടതാണല്ലോ.

ഋഷിരുവാച.

൩. ഇദം രഹസ്യം പരമ മനാഖ്യേയം പ്രചക്ഷതേ
ഭക്തോഽസീതി ന മേ കിഞ്ചിത്തവാവാച്യം നരാധിപ!

ഋഷി പറഞ്ഞു.

ഇദം പരമം രഹസ്യം	= ഇതു് ഏററവും രഹസ്യമാകുന്നു
അനാഖ്യേയം പ്രചക്ഷതേ	= പറവാൻപാട്ടുള്ളതല്ല എന്നു പറയുന്നു
നരാധിപ! ഭക്തഃഅസി	= ഹേ രാജാവേ! ഭവാൻ ഭക്തനാകുന്നു.
ഇതി മേ	= അതുകൊണ്ടു് എനിക്കു്
തവ അവാച്യം	= ഭവാനോടു് പറയാൻപാടില്ലാത്തതായി
കിഞ്ചിൽ ന	= ഒന്നുമില്ല.

ഈ മുഖ്യരൂപം അത്യന്തം രഹസ്യമാകുന്നു. ഇതുപറയാൻ പാട്ടുള്ളതല്ല എന്നു മഹാന്മാർ പറയുന്നു. അല്ലയോ രാജാവേ! അങ്ങു ദേവിയുടേയും ഗുരുവിൻേറയും ഭക്തനാകുന്നു. അതുകൊണ്ടു് എനിക്കു അങ്ങയോടുപറയാൻ പാടില്ലാത്തതായി ഒന്നുംതന്നെയില്ല.

ഗുപ്ത—ഈ ഗ്രന്ഥത്തിൻെറ ആരംഭത്തിൽ വർണ്ണിച്ചിരിക്കുന്ന ബ്രഹ്മം തന്നെ, ചണ്ഡിക എന്നപദംകൊണ്ടുപറയുന്ന ഉപാസ്യരൂപം. ആ ചണ്ഡികയ്ക്കു് മഹാകാളി, മഹാലക്ഷ്മി, മഹാസരസ്വതി എന്നു് വ്യഷ്ടിയായി മൂന്നുരൂപങ്ങൾ ഉണ്ടു്. അവരുടെ സമഷ്ടിരൂപിണിയായ ചണ്ഡിക തുരീയയും നിർഗ്ഗുണയും നിരാകാരയും അലക്ഷ്യയും അവതാരത്രയാന്തർഗ്ഗതയും ആകുന്നു. ആ ചണ്ഡികയുടെ അവതാരാന്തരങ്ങളെ സൃഷ്ടിക്രമേണ പറയാൻ ആരംഭിക്കുന്നു.

ശാന്ത—രാജാവിൻെറ ചോദ്യത്തിനു് മഹർഷി ഉത്തരം പറയുന്നു:—അല്ലയോ രാജാവേ! ഭവാനാൽ ചോദിക്കപ്പെട്ടതു് അത്യന്തം രഹസ്യമാകുന്നു. അതു് ആരോടും പറയരുതെന്നു മഹാന്മാർ പറയുന്നു. തന്ത്രങ്ങളിലും സർവ്വഥാ പ്രകാശനിഷേധം വിധിച്ചിരിക്കുന്നു.

'നാഭക്തായ പ്രദാതവ്യം നാശിഷ്യായ കഥഞ്ചന'

എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ഭക്തനായ ശിഷ്യനോടു് ഉപദേശിക്കുന്നതിനു് അനുമതികാണുന്നു. ഭവാൻ ദേവീഭക്തനും ഗുരുഭക്തനുമായ ഒരു ശിഷ്യനാണു്. അതുകൊണ്ടു് എനിക്കു ഭവാനോടു പറയാൻപാടില്ലാത്തതായി ഒന്നുംതന്നെയില്ല. അങ്ങു ചോദിച്ചതിനെ സാവധാനമായി കേട്ടുകൊള്ളുക.

൪. സർവ്വസ്യാദ്യാ മഹാലക്ഷ്മീസ്ത്രിഗുണാ പരമേശ്വരി
ലക്ഷ്യാലക്ഷ്യസ്വരൂപാ സാവ്യാപ്യ കൃത്സ്നം വ്യവസ്ഥിതാ.

സർവ്വസ്യ	= കാര്യപ്രപഞ്ചത്തിനും അവതാരങ്ങൾക്കും
ആദ്യാ	= ആദിയിലുള്ളവൾ
ത്രിഗുണാ	= സത്വരജസ്തമോഗുണസാമ്യാവസ്ഥാരൂപിണിയായി
പരമേശ്വരീ മഹാലക്ഷ്മീഃ	= സർവ്വോൽകൃഷ്ടയായ ഈശ്വരിയായി ഇരിക്കുന്ന മഹാലക്ഷ്മിയാകുന്നു.
സാ	= ആ മഹാലക്ഷ്മി
ലക്ഷ്യാലക്ഷ്യസ്വരൂപാ	= കാണപ്പെടാവുന്നതായും കാണപ്പെടുവാൻ പാടില്ലാത്തതായും ഇരിക്കുന്ന രൂപത്തോടുകൂടിയവളും
കൃത്സ്നം വ്യാപ്യ	= ഈ ജഗത്തുമുഴുവനും വ്യാപിച്ച്
വ്യവസ്ഥിതാ	= സ്ഥിതിചെയ്യുന്നവളുമാകുന്നു.

ഈ കാണുന്ന അശേഷമായ കാര്യപ്രപഞ്ചത്തിനും എല്ലാഅവതാരങ്ങൾക്കും ആദിയിലുള്ളവൾ സത്വരജസ്തമോഗുണസാമ്യാവസ്ഥാരൂപിണിയായി സർവ്വോൽകൃഷ്ടയായി ഈശ്വരിയായി ഇരിക്കുന്ന മഹാലക്ഷ്മിയാകുന്നു, ആ മഹാലക്ഷ്മി കാണപ്പെടാവുന്നതും കാണപ്പെടുവാൻ പാടില്ലാത്തതുമായ രൂപത്തോടുകൂടിയിരിക്കുന്നവളും ഈ ജഗത്തുമുഴുവനും വ്യാപിച്ച് സ്ഥിതിചെയ്യുന്നവളുമാകുന്നു.

ഗുപ്ത—'മഹാലക്ഷ്മി' എന്നതു്, സാത്വികരാജസതാമസമൂർത്തികളായിരിക്കുന്ന മഹാലക്ഷ്മി മഹാസരസ്വതി മഹാകാളികളുടെ വ്യഷ്ടിരൂപിണിയും തുരീയയുമായിരിക്കുന്ന ചണ്ഡികാദേവിയുടെതന്നെ നാമാന്തരമാകുന്നു.

"സദാശിവാങ്കമാരൂഢാ ശക്തിരിത്യാഹ്വയാ ശിവാ
മഹാലക്ഷ്മീരിതി ഖ്യാതാ സർവ്വദേവഗുണാന്വിതാ"

(എന്നു് ശിവപുരാണം)

ലക്ഷ്യാ = സഗുണാ. അലക്ഷ്യാ = നിർഗ്ഗുണാ = ജ്ഞാനരൂപാ.

ശാന്തു—എല്ലാ ദേവതകൾക്കും സ്ഥൂലം എന്നും സൂക്ഷ്മം എന്നും രണ്ടു രൂപമുണ്ടു്. അതിൽ സൂക്ഷ്മം മന്ത്രവാച്യവും തത്തദുപാധിവിശിഷ്ടമായിരിക്കുന്ന ചൈതന്യരൂപവും, സ്ഥൂലം സൂക്ഷ്മോപാസകന്മാരായ ഭക്തന്മാരെ അനുഗ്രഹിക്കുന്നതിനായി ആ സൂക്ഷ്മരൂപംതന്നെ കരചരണാദ്യവയവങ്ങളോടുകൂടി അവലംബിച്ചിരിക്കുന്ന കാണപ്പെടാവുന്നതായ ആകൃതിവിശേഷവുമാകുന്നു. സൂക്ഷ്മം മാംസചക്ഷുസ്സുകൾക്കു വിഷയമല്ലാത്ത ബ്രഹ്മസ്വരൂപവും സ്ഥൂലം മാംസചക്ഷുസ്സുകൾക്കു് വിഷയമായ രൂപത്തോടുകൂടിയ മായാസ്വരൂപവുമാകുന്നു. മഹാലക്ഷ്മി ഈ രണ്ടുരൂപത്തോടുകൂടിയ മായാശബളബ്രഹ്മരൂപിണിയും

ത്രിഗുണാത്മികയും ജഗത്തുമുഴുവനും വ്യാപിച്ചിരിക്കുന്ന പൂർണ്ണയുമാകുന്നു. കാർയ്യമായഘടം കാരണമായ മൃത്തിനാൽ വ്യാപ്തമായിരിക്കുന്നതു പോലെ ഈ കാർയ്യമായജഗത്തും കാരണമായ സച്ചിദാനന്ദമായാശബ്ദബ്രഹ്മത്താൽ വ്യാപിക്കപ്പെട്ടിരിക്കുന്നു.

൯. മാതുലിംഗം ഗദാം ഖേടം പാനപാത്രം ച ബിഭ്രതീ
നാഗം ലിംഗം ച യോനിം ച ബിഭ്രതീ നൃപ! മൂർധ്നി

൰. തപ്തകാഞ്ചനവർണ്ണാഭാ തപ്തകാഞ്ചനഭൂഷണാ
ശൂന്യം തദഖിലം സ്വേന പൂരയാമാസ തേജസാ.

നൃപ!	= അല്ലയോ രാജാവേ!
മാതുലിംഗം ഗദാം ഖേടം	= മാതളനാരങ്ങയേയും ഗദയേയും പരിചയേയും
പാനപാത്രം ച ബിഭ്രതി	= വട്ടകയേയും ധരിച്ചിരിക്കുന്നവളായും
മൂർധ്നി നാഗം ലിംഗം ച	= ശിരസ്സിൽ സർപ്പത്തേയും ലിംഗത്തേയും
യോനിം ച ബിഭ്രതീ	= യോനിയേയും ധരിച്ചിരിക്കുന്നവളായും
തപ്തകാഞ്ചനവർണ്ണാഭാ	= തപിക്കപ്പെട്ട സ്വർണ്ണത്തിൻെറ പ്രഭയോട്ടുകൂടിയിരിക്കുന്നവളായും
തപ്തകാഞ്ചനഭൂഷണാ	= തപിക്കപ്പെട്ട സ്വർണ്ണംകൊണ്ടുള്ള ആഭരണങ്ങളെ ധരിച്ചിരിക്കുന്നവളായും (ഉള്ള മഹാലക്ഷ്മി)
ശൂന്യം തൽ അഖിലം	= സ്വസത്താശൂന്യമായിരിക്കുന്ന ജഗത്തു മുഴുവനും
സ്വേന തേജസാ	= തൻെറ തേജസ്സുകൊണ്ടു്
പൂരയാമാസ	= നിറച്ചു.

അല്ലയോ സുരഥമഹാരാജാവേ! നാലുകൈകളിൽ, മാതളനാരങ്ങ, ഗദ, പരിച, വട്ടക ഇവകളെ ധരിച്ചിരിക്കുന്നവളും, ശിരസ്സിൽ സർപ്പം, ലിംഗം, യോനി ഇവകളെ ധരിച്ചിരിക്കുന്നവളും, തപിക്കപ്പെട്ട സ്വർണ്ണത്തിൻെറ പ്രഭയോട്ടുകൂടിയവളും, തപിക്കപ്പെട്ട സ്വർണ്ണംകൊണ്ടുള്ള ആഭരണങ്ങളെ അണിഞ്ഞിരിക്കുന്നവളും ആയ മഹാലക്ഷ്മി സ്വസത്താശൂന്യമായിരിക്കുന്ന ജഗത്തുമുഴുവനും തൻെറ തേജസ്സു—സ്വ സത്ത—കൊണ്ടു നിറച്ചു.

ഗുപ്ത—ഭക്തന്മാർക്ക് കാണപ്പെടാവുന്ന സ്ഥൂലരൂപത്തെ പറയുന്നു:—മാതുലിംഗാദികൾ നാലുകൈകളിലും, നാഗാദികൾ മൂന്നും ശിരസ്സിലും ധരിച്ചിരിക്കുന്നു. പുരുഷചിഹ്നമായ ലിംഗം രുദ്രനേയും, സ്ത്രീചിഹ്നമായ യോനി വിഷ്ണുവിനേയും (വിഷ്ണു സ്ത്രീപുരുഷാത്മകനാകുന്നു. "വിഷ്ണുർയ്യോനിം കല്പയതു" എന്നു ശ്രുതി) നാഗം ബ്രഹ്മാവി

ന്നേയും പറയുന്നതാകുന്നു. അതുകൊണ്ടു് മഹാലക്ഷ്മിക്കു് ബ്രഹ്മവിഷ്ണു രുദ്രാത്മകത്വവും സ്ത്രീപുരുഷാത്മകത്വവും നിർദ്ദേശിക്കപ്പെട്ടു.

ആ മഹാലക്ഷ്മി മഹാപ്രളയത്തിൽ സ്ഥൂലരൂപമെല്ലാം നശിച്ചു് സംസ്കാരാത്മനാ അവസ്ഥിതമായ ജഗത്തിനെ ചിന്മാത്രരൂപമായ സ്വതേജസ്സുകൊണ്ടു് വ്യാപിക്കപ്പെട്ടവളായി.

ശാന്ത—സർവ്വകാരണമായിരിക്കുന്ന സൂക്ഷ്മരൂപത്തെ പറഞ്ഞിട്ടു് അവതാരങ്ങൾക്കെല്ലാം മൂലഭൂതമായിരിക്കുന്ന സ്ഥൂലരൂപത്തെ പറയുന്നു. ആ സ്ഥൂലരൂപിണിയായ മഹാലക്ഷ്മി, വലത്തു താഴത്തെ കയ്യിൽ പാനപാത്രവും, മുകളിലത്തെ കയ്യിൽ ഗദയും, എടത്തുമുകളിലത്തെ കയ്യിൽ മാതളനാരങ്ങയും, താഴത്തെ കയ്യിൽ പരിചയും ധരിച്ചിരിക്കുന്നു.

ആയുധക്രമത്തെക്കുറിച്ചു് രേണുകാമാഹാത്മ്യത്തിൽ സഹ്യാദ്രിഖണ്ഡത്തിൽ ഇങ്ങനെ പറയുന്നു:—

"ദക്ഷിണാധഃകരേ പാത്രമൂർദ്ധ്വേ കൌമോദകീം തഥാ
വാമേഥ ഖേടകം ധത്തേ ശ്രീഫലം തദധഃകരേ
വിഭ്രതീ മസ്തകേ ലിംഗം പൂജനീയാ വിഭൂതയേ" (എന്നു്)

ആയുധാർത്ഥത്തെക്കുറിച്ചു് ഭുവനേശ്വരീതന്ത്രത്തിൽ ഇങ്ങനെ പറയുന്നു:—

"മാതുലിംഗം കർമ്മവൃന്ദം ക്രിയാശക്ത്യാത്മികാ ഗദാ
ജ്ഞാനശക്ത്യാത്മകം ഖേടം തുര്യവൃത്തിസ്തു പാനകം
ലിംഗം പുരുഷ ഇത്യുക്തോ യോനിസ്തു പ്രകൃതിഃ സ്മൃതാ
നാഗഃ കാലഃ സമാഖ്യാതഃ സംബന്ധസ്തു തയോർദ്വയോഃ
ത്രയാണാമപ്യധിഷ്ഠാനം യതസ്യാല്പരമേശ്വരി
നവാർണ്ണമന്ത്രമദ്ധ്യസ്ഥമായാബീജസ്വരൂപിണീ" (എന്നു്)

മാതളഫലം ധരിച്ചിരിക്കുന്നതുകൊണ്ടു് സർവ്വകർമ്മങ്ങൾക്കും ഫലദാത്രിയാണെന്നും, ഗദാധാരണംകൊണ്ടു് ക്രിയാസ്വരൂപിണിയായ വിക്ഷേപശക്തി എന്നിലുണ്ടെന്നും, പരിചധരിച്ചിരിക്കുന്നതിനാൽ ജ്ഞാനശക്ത്യാത്മകമായ ആവരണശക്തിയേയും, പാനപാത്രധാരണത്താൽ നിരന്തരം സ്വാനന്ദാനുഭവരസത്തെ പാനംചെയ്യുന്നവളാണെന്നും ബോധിപ്പിക്കുന്നു. ലിംഗം പുരുഷനും, യോനി പ്രകൃതിയും, നാഗം പ്രകൃതിപുരുഷന്മാരുടെ സംബന്ധാത്മകമായ കാലവും ആകുന്നു. ദേവി അവയെ ധരിക്കുന്നതുകൊണ്ടു് പ്രകൃതിപുരുഷന്മാരുടേയും കാലത്തിൻെറയും അധിഷ്ഠാനബ്രഹ്മരൂപിണി താൻ ആണെന്നു് അറിയിക്കുന്നു. ഈ മഹാലക്ഷ്മി നവാക്ഷരിമന്ത്രത്തിലുള്ള മായാബീജസ്വ

രൂപിണിയാകുന്നു. ഈ ബീജം ഭുവനേശ്വരീബീജമാണെന്നു തന്ത്രങ്ങൾ ഘോഷിക്കുന്നു. എന്നാൽ മഹാലക്ഷ്മി മാതുലിംഗഗദാഖേടപാനപാത്രങ്ങളേയും, ഭുവനേശ്വരി പാശാങ്കുശവരദാഭയങ്ങളേയും ധരിച്ചിരിക്കുന്നതിനാൽ സ്ഥൂലരൂപത്തിൽ ധ്യാനഭേദംകൊണ്ടു ഭേദവ്യവഹാരമുണ്ടെങ്കിലും സൂക്ഷ്മരൂപത്വംകൊണ്ടും മായാബീജമന്ത്രത്വംകൊണ്ടും മഹാലക്ഷ്മിക്കും ഭുവനേശ്വരിക്കും അഭേദംതന്നെ ആകുന്നു.

൭. ശൂന്യം തദഖിലം ലോകം വിലോക്യ പരമേശ്വരീ
ബഭാര രൂപമപരം തമസാ കേവലേന ഹി.

പരമേശ്വരീ	= മഹാലക്ഷ്മി
തൽ അഖിലം ലോകം	= ആ ലോകം മുഴുവനും
ശൂന്യം വിലോക്യ	= ശൂന്യമായി കണ്ടിട്ടു്
കേവലേന തമസാ	= തമോഗുണോപാധികൊണ്ടു്
അപരം രൂപം ബഭാര ഹി	= വേറൊരു രൂപത്തെ ധരിച്ചു.

മഹാലക്ഷ്മി ആ ലോകം മുഴുവനും ശൂന്യമായി കണ്ടിട്ടു് തമോഗുണോപാധികൊണ്ടു് വേറെ ഒരു രൂപത്തെ ധരിച്ചു.

ഗുപ്ത—മഹാലക്ഷ്മിതന്നെ മഹാകാളിയായും പരിണമിച്ചു എന്നു പറയുന്നു.

ശാന്ത—തുരീയരൂപാധിഷ്ഠാത്രിയായി, സർവ്വാവതാരമൂലഭൂതയായി ഇരിക്കുന്ന മഹാലക്ഷ്മിയുടെ സ്വരൂപത്തെ പറഞ്ഞിട്ടു് ഇപ്പോൾ വേറെ ഒരു അവതാരരൂപത്തെ പറയുന്നു:—

പ്രളയകാലത്തിൽ അധിഷ്ഠാതാക്കളാൽ ശൂന്യമായിരിക്കുന്ന സകലലോകത്തേയും കണ്ടിട്ടു് തമോഗുണമാകുന്ന ഉപാധികൊണ്ടു് രൂപാന്തരത്തെ ധരിച്ചു.

മായാശബളമായ ബ്രഹ്മത്തിനു് സത്തു്, ചിത്തു്, ആനന്ദം എന്നു മൂന്നുരൂപങ്ങളും സത്വരജസ്തമോഗുണസാമ്യാവസ്ഥയുംഉണ്ടു്. പ്രളയകാലത്തിൽ ലീനങ്ങളായിരിക്കുന്ന പ്രാണികളുടെ കർമ്മപരിപാകംനിമിത്തം ആ തമോഗുണം സ്വസ്ഥാനത്തിൽനിന്നു് അല്പം ഇളകിയതുപോലെ ആയിത്തീർന്നു. അപ്പോൾ ഇളകിയ കേവലതമോഗുണവിശിഷ്ടമായ വസ്തു—ആ മായ—തമോഗുണാഭിമാനത്വംകൊണ്ടു് 'മഹാകാളീ' എന്നു പേരോടുകൂടിയ ഒരു രൂപത്തെ അവലംബിച്ചു. മഹാലക്ഷ്മി സാമ്യാവസ്ഥാഭിമാനിനിയും മഹാകാളി തമോഗുണാഭിമാനിനിയുമാകുന്നു.

൮. സാഭിന്നാഞ്ജനസങ്കാശാ ദംഷ്ട്രാഞ്ചിതവരാനനാ
വിശാലലോചനാ നാരീ ബഭൂവ തനുമദ്ധ്യമാ

൯. ഖഡ്ഗപാത്രശിരഃഖേടൈരലംകൃതചതുർഭുജാ
കബന്ധഹാരം ശിരസാ ബിഭ്രാണാ ശിരസാം സ്രജം

സാ = ആ മഹാകാളി
ഭിന്നാഞ്ജനസങ്കാശാ = പൊട്ടിച്ച അഞ്ജനക്കല്ലിന്റെ വർണ്ണത്തോടും
ദംഷ്ട്രാഞ്ചിതവരാനനാ = ദംഷ്ട്രകൾകൊണ്ടുമനോഹരമായിരിക്കുന്ന മുഖത്തോടും
വിശാലലോചനാ = വിസ്തീർണ്ണങ്ങളായ നേത്രങ്ങളോടും
തനുമദ്ധ്യമാ = കൃശമായ മദ്ധ്യപ്രദേശത്തോടും (കൂടിയവളായും)
നാരീ = സ്ത്രീരൂപിണിയായും
ഖഡ്ഗപാത്രശിരഃഖേടൈഃ= വാൾ, വട്ടക, ശിരസ്സ്, പരിച ഇവയെക്കൊണ്ട്
അലംകൃതചതുർഭുജാ = അലങ്കരിക്കപ്പെട്ട നാലുകൈകളോടുകൂടിയവളായും
കബന്ധഹാരം = തലയില്ലാത്ത ഉടലുകൾകൊണ്ടുള്ളമാലയെ (ഉരസ്സിലും)
ശിരസാം സ്രജം = ശിരസ്സുകൾകൊണ്ടുള്ളമാലയെ
ശിരസാ = ശിരസ്സിലും (ശിരസ്സുകൊണ്ടും)
ബിഭ്രാണാ ബഭൂവ = ധരിച്ചിരിക്കുന്നവളായും ഭവിച്ചു.

ആ മഹാകാളി, പൊട്ടിച്ച അഞ്ജനക്കല്ലിന്റെ നിറത്തോടുകൂടിയവളായും, ദംഷ്ട്രകൾകൊണ്ടു മനോഹരമായിരിക്കുന്ന മുഖത്തോടും, വിസ്തീർണ്ണങ്ങളായ കണ്ണുകളോടും കൃശമായ മദ്ധ്യപ്രദേശത്തോടും കൂടിയവളായും സ്ത്രീരൂപിണിയായും, വാൾ, വട്ടക, ശിരസ്സ്, പരിച ഇവയാൽ അലങ്കരിക്കപ്പെട്ട നാലുകൈകളോടുകൂടിയവളായും, ഉരസ്സിൽ, തലയില്ലാത്ത ഉടലുകൾകൊണ്ടുള്ളമാലയേയും ശിരസ്സിൽ ശിരസ്സുകൾ കൊണ്ടുള്ള മാലയേയും ധരിച്ചിരിക്കുന്നവളായും ഭവിച്ചു.

ഗുപ്ത—ശിരസ്സ്=വടിയിൽ കുത്തിക്കോർത്ത കഴുത്തോടുകൂടിയതല =ഖട്വാംഗം.

കബന്ധമാലയെ ഉരസ്സിലും ശിരോമാലയെ ശിരസ്സിലും ധരിച്ചു.

ശാന്ത—ഭിന്നാ എന്നും അഭിന്നാ എന്നും പാഠഭേദം. ആ കാളി മൂലദേവിയിൽനിന്ന് ഭിന്നയായും, അവക്ക് അഭേദമാകകൊണ്ട് അഭിന്നയായും ഭവിച്ചു എന്നർത്ഥം.

ശിരസ്സ്=മുണ്ഡം(=ദക്ഷിണകാളികാധ്യാനത്തിൽ പറഞ്ഞിട്ടുള്ളത്.)

"ദംഷ്ട്രാങ്കിതവരാനനാ" എന്നും
"കബന്ധഹാരമുരസാ ബിഭ്രാണാ ഹി ശിരസ്രജം" എന്നും പാഠഭേദങ്ങൾ.

'അഹിശിരസ്രജം' എന്നു പദച്ഛേദം.

അഹിശിരസ്രക്=സർപ്പമസ്തകമാല.

"മൂർദ്ധ്നി സർപ്പസഹസ്രാണാം സ്രജം വൈ സുന്ദരീതദാ"
(എന്നു യാമളതന്ത്രം)

൧൦, സാ പ്രോവാച മഹാലക്ഷ്മീം താമസീ പ്രമദോത്തമാ
നാമകർമ്മ ച മേ മാതർദ്ദേഹി തുഭ്യം നമോനമഃ

താമസീ = തമോഗുണസംബന്ധിനിയാണെങ്കിലും
പ്രമദോത്തമ = സർവ്വസ്ത്രീസമൂഹോത്തമയായി ഇരിക്കുന്ന
സാ മഹാലക്ഷ്മീം പ്രോവാച = ആ മഹാകാളി മഹാലക്ഷ്മിയോടു് പറഞ്ഞു.
മാതഃ മേ = ഹേ മാതാവേ! എനിക്കു്
നാമ കർമ്മ ച ദേഹി = പേരും കർമ്മവും തന്നാലും
തുഭ്യം = നിന്തിരുവടിക്കായിക്കൊണ്ടു്
നമോനമഃ = അനേകം നമസ്കാരം

തമോഗുണസംബന്ധിനിയാണെങ്കിലും സർവ്വസ്ത്രീസമൂഹോത്തമയായിരിക്കുന്ന ആ മഹാകാളി, മഹാലക്ഷ്മിയോടു് 'അല്ലയോ മാതാവേ! എനിക്കു നാമങ്ങളേയും കർമ്മങ്ങളേയും തന്നാലും; നിന്തിരുവടിക്കായിക്കൊണ്ടു് അനേകം നമസ്കാരം' എന്നു പറഞ്ഞു.

ശാന്ത—ആ കാളി അന്തർഭാഗത്തിൽ തമോഗുണത്തോടുകൂടിയവളാണെങ്കിലും സ്വാമി മര്യാദയെ പരിപാലിക്കുന്നതിനായി ഇങ്ങനെ ചോദിച്ചതുകൊണ്ടു് തമോഗുണദോഷം സ്പർശിക്കാത്തവളാകുന്നു എന്നു ധ്വനിപ്പിച്ചിരിക്കുന്നു. സ്വേച്ഛയാ തമോഗുണത്തെ സ്വീകരിച്ചതുകൊണ്ടു് അതു് ആ കാളിയുടെ അധീനത്തിലാണു്—എന്നു താല്പര്യം.

൧൧, താം പ്രോവാച മഹാലക്ഷ്മീ സ്താമസീം പ്രമദോത്തമാം
ദദാമി തവ നാമാനി യാനി കർമ്മാണി താനി തേ.

മഹാലക്ഷ്മീഃ പ്രമദോത്തമാം താമസീം താം = മഹാലക്ഷ്മി സ്ത്രീകളിൽവച്ചു് ഉത്തമയായി തമോഗുണസംബന്ധിനിയായി (ഇരിക്കുന്ന) ആ കാളിയോടു്
തവ യാനി നാമാനി = ഭവതിക്കു് യാവചില നാമങ്ങളും
തേ (യാനി) കർമ്മാണി = ഭവതിക്കു് (യാവചില) കർമ്മങ്ങളും ഉണ്ടോ
താനി = അവയെ
ദദാമി പ്രോവാച = തരുന്നുണ്ടു് (എന്നു) പറഞ്ഞു.

മഹാലക്ഷ്മി, സ്ത്രീകളിൽവച്ചു് ഉത്തമയായി, തമോഗുണസംബന്ധിനിയായി ഇരിക്കുന്ന ആ കാളിയോടു് ഭവതിയുടെ നാമങ്ങളേയും കൎമ്മങ്ങളേയും ഞാൻ തരുന്നുണ്ടു് എന്നു അരുളിച്ചെയ്തു.

ശാന്ത—എനിക്കു് അഭിലഷിതങ്ങളായി ഭവതിയാൽ കൎത്തവ്യങ്ങളായി യാവചില കൎമ്മങ്ങൾ ഉണ്ടോ ആ കൎമ്മങ്ങൾ അൎത്ഥവത്തുകളായി തീൎത്തക്കവണ്ണമുള്ള നാമങ്ങളെ ഞാൻ ഭവതിക്കായി തരുന്നുണ്ടു് നാമങ്ങളുടെ അൎത്ഥങ്ങൾക്കു് അനുരൂപങ്ങളായ കൎമ്മങ്ങളെ ചെയ്താലും— എന്നു താല്പൎയ്യം. കൎമ്മങ്ങളെ ദാനംചെയ്താലും എന്നുള്ള അപേക്ഷയ്ക്കുത്തരമായി മേൽ കൎമ്മങ്ങളെ പറയാത്തതുകൊണ്ടു് ആ മഹാകാളിക്കു് ഇന്നും കൎമ്മാഭാവംനിമിത്തം കൎമ്മങ്ങളെ ദാനംചെയ്താലും എന്നുള്ള ചോദ്യം അനുപപന്നമാകുന്നു.

൫൮. മഹാമായ മഹാകാളി മഹാമാരി ക്ഷുധാതൃഷാ
നിദ്രാ തൃഷ്ണാ ചൈകവീരാ കാളരാത്രിൎദ്ദുരത്യയാ

൫൯. ഇമാനി തവ നാമാനി പ്രതിപാദ്യാനി കൎമ്മഭിഃ
ഏദ്ധിഃ കൎമ്മാണി തേ ജ്ഞാത്വാ യോധീതേസോശ്നുതേ സുഖം

മഹാമായാ	=	ബ്രഹ്മാദികളേയുംമോഹിപ്പിക്കുന്നവൾ
മഹാകാളീ	=	ബ്രഹ്മാദികളെ നിൎമ്മിക്കുന്നവൾ
മഹാമാരീ	=	ബ്രഹ്മാദികളെ മരിപ്പിക്കുന്നവൾ
ക്ഷുധാ തൃഷാ	=	അവിദ്യാദികളെ എല്ലാം ഭക്ഷിക്കുന്നതിൽ ഇച്ഛയുള്ളവൾ
നിദ്രാ	=	യോഗനിദ്രാ എന്ന സമാധിയുടെ രൂപത്തോടുകൂടിയവൾ
തൃഷ്ണാ	=	ഭക്തന്മാരാൽ ചെയ്യപ്പെടുന്ന ഭക്തിയിൽ ഇച്ഛയുള്ളവൾ
ഏകവീരാ	=	പ്രപഞ്ചത്തിൽ പരാക്രമവിശിഷ്ടയായ വീരാ താൻ ഒരുത്തിമാത്രമായുള്ളവൾ
കാളരാത്രിഃ	=	സൎവ്വത്തേയും നശിപ്പിക്കുന്നവൾ
ദുരത്യയാ	=	പാലനസ്വഭാവത്തോടുകൂടിയവൾ
ഇമാനി നാമാനി തവ	=	ഈ നാമങ്ങൾ ഭവതിക്കു്
കൎമ്മഭിഃ	=	കൎമ്മങ്ങളെക്കൊണ്ടു്
പ്രതിപാദ്യാനി	=	പ്രതിപാദ്യങ്ങളാകുന്നു.
ഏഭിഃ	=	ഈ നാമങ്ങൾകൊണ്ടു്
തേ കൎമ്മാണി ജ്ഞാത്വാ	=	ഭവതിയുടെ കൎമ്മങ്ങളെ അറിഞ്ഞിട്ടു്
യഃ	=	യാവനൊരുത്തൻ

അധീതേ	= പിന്നെയും പിന്നെയും അവയെ ജപിക്കുന്നവോ
സഃ സുഖം അശ്നുതേ	= അവൻസുഖത്തെഅനുഭവിക്കുന്നു.

ബ്രഹ്മാദികളേയും മോഹിപ്പിക്കുന്നവൾ, അവരെ നിമ്മിക്കുന്നവൾ, അവരെ മരിപ്പിക്കുന്നവൾ, അവിദ്യാദികളെ എല്ലാം ഭക്ഷിക്കുന്നതിൽ ആഗ്രഹത്തോടുകൂടിയവൾ, യോഗനിദ്രാ എന്ന സമാധിയുടെ രൂപത്തോടുകൂടിയവൾ—യോഗനിദ്രയ്ക്കു് അധിഷ്ഠാനമായുള്ളവൾ—ഭക്തന്മാരാൽ ചെയ്യപ്പെടുന്ന ഭക്തിയിൽ ഇഷ്ടയുള്ളവൾ, പ്രപഞ്ചത്തിൽ പരാക്രമവിശിഷ്ടയായുള്ള വീരാ താൻ ഒരുത്തിമാത്രമായുള്ളവൾ, സവ്വത്തേയും നശിപ്പിക്കുന്നവൾ, പാലനസ്വഭാവത്തോടുകൂടിയവൾ എന്നീനാമങ്ങൾ ഭവതിക്കു് കമ്മങ്ങളെക്കൊണ്ടുപ്രതിപാദ്യങ്ങളാകുന്നു. ഈ പത്തുനാമങ്ങൾകൊണ്ടു് ഭവതിയുടെ കമ്മങ്ങളെ അറിഞ്ഞു് അവയെ പിന്നെയും പിന്നെയും ജപിക്കുന്നവൻ സുഖത്തെ അനുഭവിക്കുന്നു.

ഇഷ്ട—മഹാമായാശബ്ദത്തിനു് കാളികാപുരാണത്തിൽ ഇങ്ങനെ അത്ഥംപറയുന്നു:

"ഗർഭാന്തർജ്ഞാനസമ്പന്നം പ്രേരിതം സൂതിമാരുതൈഃ ·
ഉല്പന്നം ജ്ഞാനരഹിതം കുരുതേ യാ നിരന്തരം
പൂവ്വാതിപൂവ്വസംസ്കാരസംഘാതേന നിയോജ്യ ച
അഹരാദൗ തതോ മോഹമമതാജ്ഞാനസംശയം
ക്രോധോപരോധ ലോഭേഷു ക്ഷിപ്ത്വാ ക്ഷിപ്ത്വാ പുനഃ പുനഃ
പശ്ചാൽ കാമേന സംയോജ്യ ചിന്തായുക്തമഹന്നിശം
അമോദയുക്തം വ്യസനാസക്തം ജന്തും കരോതിയാ
മഹാമായേതി സംപ്രോക്താ തേന സാ ജഗദീശ്വരീ" എന്നു്

ഗർഭത്തിൽ ജ്ഞാനസമ്പന്നനായിരിക്കുന്ന ജന്തുവിനെ സൂതികാവായുവിനാൽ പ്രേരിപ്പിക്കപ്പെട്ടു് ജനിക്കുമ്പോൾ ജ്ഞാനഹീനനാക്കിച്ചെയ്യുന്ന യാതൊരുശക്തിയുണ്ടോ ആ ശക്തിക്കു് മഹാമായ എന്നു പേർ പറയുന്നു. പൂവ്വജന്മങ്ങളിൽ ചെയ്തകമ്മങ്ങൾക്കുള്ള വാസനയെ ചേത്തു് അഹംമമാദിമാനങ്ങളെ ഉണ്ടാക്കി കാമക്രോധാദികളോടു കൂടിച്ചേത്തു് മോഹിപ്പിക്കുന്നതു് യാതൊരുശക്തിയോ ആ ശക്തിക്കു് മഹാമായ എന്നു പേർപറയുന്നു.

മേൽപ്പറഞ്ഞ നാമങ്ങൾക്കു് ദേവീപുരാണത്തിൽ നിവ്വചനാദ്ധ്യായത്തിലുംമററും അത്ഥങ്ങൾ വിവരിക്കുന്നുണ്ടു്.

അത്ഥജ്ഞാനത്തോടുകൂടിയുള്ള നാമസംകീത്തനം ഫലവത്തായിത്തീരുന്നു.

ശാന്ത—മഹാകാളി തമോഗുണപ്രധാനയാകകൊണ്ടു് കൃഷ്ണവർണ്ണയും, ഈ നാമങ്ങൾ തമോഗുണകാര്യസംബന്ധികളും ആകുന്നു.

൧൪. താമിത്യുക്ത്വാമഹാലക്ഷ്മീസ്സ്വരൂപമപരം നൃപ!
സത്വാഖ്യേനാതിശുദ്ധേന ഗുണേനേന്ദുപ്രഭം ദധൗ

നൃപ!	= അല്ലയോ രാജാവേ!
മഹാലക്ഷ്മീഃ	= മഹാലക്ഷ്മി
താം ഇതി ഉക്ത്വാ	= ആ മഹാകാളിയോടു് ഇങ്ങനെ പറഞ്ഞിട്ടു്
അതിശുദ്ധേന	= അത്യന്തം ശുദ്ധമായിരിക്കുന്ന
സത്വാഖ്യേന ഗുണേന	= സത്വം എന്നു പറയുന്ന ഗുണംകൊണ്ടു്
ഇന്ദുപ്രഭം	= പൂർണ്ണചന്ദ്രതുല്യമായ
അപരം സ്വരൂപം ദധൗ	= വേറെ ഒരു സ്വരൂപത്തെ ധരിച്ചു.

അല്ലയോ രാജാവേ! മഹാലക്ഷ്മി, ആ മഹാകാളിയോടു് ഇപ്രകാരംപറഞ്ഞിട്ടു് ഏററവും ശുദ്ധമായിരിക്കുന്ന സത്വഗുണംകൊണ്ടു് പൂർണ്ണചന്ദ്രതുല്യമായ മറെറാരു രൂപത്തെ ധരിച്ചു.

ഗുപ്ത—മഹാലക്ഷ്മി മഹാസരസ്വതിയായും പരിണമിച്ചു എന്നു പറയുന്നു

൧൫. അക്ഷമാലാങ്കുശധരാ വീണാപുസ്തകധാരിണീ
സാ ബഭൂവ വരാ നാരീ നാമാന്യസ്യൈ ച സാ ദദൗ

സാ	= അവൾ
അക്ഷമാലാങ്കുശധരാ	= ജപമാലയേയും തോട്ടിയേയും ധരിക്കുന്നവളായും
വീണാപുസ്തകധാരിണീ	= വീണയേയും പുസ്തകത്തേയും ധരിക്കുന്നവളായും ഇരിക്കുന്ന.
വരാ നാരീ ബഭൂവ	= ഉത്തമസ്ത്രീയായി ഭവിച്ചു.
അസ്യൈ സാ	= ഇവൾക്കു് ആ മഹാലക്ഷ്മി
നാമാനി ദദൗ ച	= നാമങ്ങളെ കൊടുക്കുകയും ചെയ്തു.

അവൾ ജപമാല, അങ്കുശം, വീണ, പുസ്തകം ഇവയെ ധരിക്കുന്ന ഒരു ഉത്തമസ്ത്രീയായി ഭവിച്ചു. ആ മഹാലക്ഷ്മി ഇവൾക്കു നാമങ്ങളെ കൊടുത്തു.

ഗുപ്ത—'ഇമാനി തവ നാമാനി' ഇത്യാദിശ്ലോകം ഈ മഹാവിദ്യാദി പത്തുനാമങ്ങൾക്കും സംബന്ധിക്കുന്നതാകുന്നു.

൧൬. മഹാവിദ്യാ മഹാവാണീ ഭാരതീ വാക് സരസ്വതീ
ആര്യാ ബ്രാഹ്മീ കാമധേനുർവ്വേദഗർഭാ ച ധീശ്വരീ

മഹാവിദ്യാ	=	മഹാവിദ്യാരൂപിണി
മഹാവാണീ, ഭാരതീ,വാക്	=	വാഗധിഷ്ഠാനദേവത
സരസ്വതീ	=	മഹാസരസ്വതീദേവി
ആര്യാ	=	ശ്രേഷ്ഠാ
ബ്രാഹ്മീ	=	ബ്രഹ്മാവിനെ സംബന്ധിച്ചവൾ
കാമധേനുഃ	=	സകലാഭീഷ്ടദാത്രി
വേദഗർഭാ	=	വേദസ്വരൂപിണി
ധീശ്വരീ	=	ബുദ്ധീശ്വരി

മഹാവിദ്യാരൂപിണി, വാഗധിഷ്ഠാനദേവത, മഹാസരസ്വതി, ശ്രേഷ്ഠാ, ബ്രഹ്മാവിനെ സംബന്ധിച്ചവൾ, സകലാഭീഷ്ടദാത്രി, വേദങ്ങൾ അന്തർഭാഗത്തിലുള്ളവൾ, ബുദ്ധീശ്വരി ഇവയാകുന്നു മേൽപറഞ്ഞ നാമങ്ങൾക്കർത്ഥം.

"മഹാധേനുർവേദഗർഭാ സുരേശ്വരീ" എന്നു പാഠഭേദം.

ശാന്ത—മഹാസരസ്വതിയുടേയും കർമ്മങ്ങൾ മുൻപിലത്തെപ്പോലെ നാമാന്തരൂപങ്ങൾതന്നെയാകുന്നു.

ഗുണത്രയോപാധിയോടുകൂടിയ മഹാലക്ഷ്മിയുടെ തമോഗുണസത്വഗുണാഭിമാനികളായ രണ്ടു രൂപങ്ങൾ പറയപ്പെട്ടു.

രജോഗുണോപാധികമായ രൂപാന്തരം പറയപ്പെട്ടില്ല. ഗുണത്രയസാമ്യാവസ്ഥാഭിമാനിയായ മഹാലക്ഷ്മീരൂപംതന്നെ രജോഗുണോപാധികം. ഓരോ ഗുണങ്ങൾക്കും ഓരോ രൂപം വേണമെന്നു് സർവ്വകർമ്മബലങ്ങളോടുകൂടിയ ഭഗവതിക്കു് ഇച്ഛയില്ലാത്തതുകൊണ്ടു് രൂപാന്തരത്തെ സ്വീകരിച്ചില്ല. എന്നാൽ ഗുണത്രയസാമ്യാവസ്ഥാഭിമാനിയായ സ്വസ്വരൂപത്തിനു തന്നെ രജോഗുണാഭിമാനിത്വം സ്വീകരിക്കപ്പെട്ടിരിക്കുന്നു. മൂലഭൂതയായ മഹാലക്ഷ്മി രജോഗുണാഭിമാനിയായതുകൊണ്ടാണു് രക്തവർണ്ണത്വം പറഞ്ഞിരിക്കുന്നതു്.

ദേവീഭാഗവതം പ്രഥമസ്കന്ധത്തിൽ ഇങ്ങനെ പറയുന്നു:—

"തസ്യാസ്തു സാത്വികീശക്തിഃ രാജസീ താമസീ തഥാ
മഹാകാളീ മഹാലക്ഷ്മീർമ്മഹാവാണീതി താഃസ്ത്രിയഃ" (എന്നു്)

ഈ മൂർത്തിത്രയമദ്ധ്യത്തിൽ മഹാലക്ഷ്മിയെ ഗണിച്ചിരിക്കുന്നു. ഈ മൂന്നു ശക്തികളും മഹാലക്ഷ്മിയുടെ അവതാരങ്ങൾതന്നെയാണെന്നും മഹാലക്ഷ്മിക്കുതന്നെ പ്രാധാന്യംഎന്നും പ്രഥമസ്കന്ധത്തിലും മൂലഭൂതയായ മഹാലക്ഷ്മിയും അവതാരലക്ഷ്മിയും ഒന്നുതന്നെ ആണു് എന്നു് തൃതീയസ്കന്ധത്തിലുംഘോഷിക്കുന്നു.

ഈ നാലു ശക്തികളും പതിരഹിതകളും വിഷയവാസനയോടുകൂടാത്തവരും കേവലം സ്വാനന്ദാനുഭവംകൊണ്ടുതന്നെ നന്ദിക്കുന്നവരും ആണെന്ന് ഭുവനേശ്വരീസംഹിതയിലും പറയുന്നു.

൧൭. അഥോവാച മഹാലക്ഷ്മീർമ്മഹാകാളീം സരസ്വതീം
യുവാം ജനയതാം ദിവ്യൗ മിഥുനേ സ്വാനുരൂപതഃ

അഥാ മഹാലക്ഷ്മീഃ	= അനന്തരം മഹാലക്ഷ്മി
മഹാകാളീം സരസ്വതീം	= മഹാകാളിയോടും മഹാസരസ്വതിയോടും
യുവാം സ്വാനുരൂപതഃ	= നിങ്ങൾ സ്വസ്വഗുണാനുരൂപേണ
ദിവ്യൗ മിഥുനേ	= ദിവ്യങ്ങളായ മിഥുനങ്ങളെ
ജനയതാം ഉവാച	= ജനിപ്പിച്ചാലും എന്ന് പറഞ്ഞു.

അനന്തരം മഹാലക്ഷ്മി, മഹാകാളിയോടും മഹാസരസ്വതിയോടും 'നിങ്ങൾ സ്വസ്വഗുണാനുരൂപേണ ദിവ്യങ്ങളായ സ്ത്രീപുരുഷന്മാരെ ജനിപ്പിച്ചാലും' എന്ന് അരുളിച്ചെയ്തു.

൧൮. ഇത്യുക്ത്വാ തേ മഹാലക്ഷ്മീഃ സസർജ്ജമിഥുനം സ്വയം
ഹിരണ്യഗർഭൗ രുചിരൗ സ്ത്രീപുംസൗ കമലാസനൗ.

മഹാലക്ഷ്മീഃ	= മഹാലക്ഷ്മി
തേ	=മഹാകാളിയോടും മഹാസരസ്വതിയോടും
ഇതി ഉക്ത്വാ	= ഇപ്രകാരം പറഞ്ഞിട്ട്
സ്വയം ഹിരണ്യഗർഭൗ	= താൻതന്നെ ജ്ഞാനസമ്പന്നമായി
രുചിരൗ	= മനോഹരമായി
കമലാസനൗ	= പത്മാസനത്തിൽസ്ഥിതിചെയ്യുന്നതായ
സ്ത്രീപുംസൗ	= സ്ത്രീപുരുഷാത്മകമായി ഇരിക്കുന്ന
മിഥുനം സസർജ്ജ	= ഒരു മിഥുനത്തെ സൃഷ്ടിച്ചു.

മഹാലക്ഷ്മി അവരോട് ഇപ്രകാരം പറഞ്ഞിട്ട്, താൻതന്നെ, ജ്ഞാനസമ്പന്നമായി, മനോഹരമായി, പത്മാസനത്തിൽ സ്ഥിതിചെയ്യുന്നതായി, സ്ത്രീപുരുഷാത്മകമായി ഇരിക്കുന്ന ഒരു മിഥുനത്തെ സൃഷ്ടിച്ചു.

ഗുപ്ത—മിഥുനം = പുത്രനും പുത്രിയുമായ സഹോദരസഹോദരികൾ.

ശാന്ത—മഹാലക്ഷ്മി ആ ദേവിമാരോട് ഇങ്ങനെ പറഞ്ഞിട്ട് ആദ്യം സ്വയമേവ ഒരു മിഥുനത്തെ സൃഷ്ടിച്ചു. ആ മിഥുനം ജ്ഞാനസമ്പൂർണ്ണവും മനോഹരവും പത്മാസനത്തിൽ സ്ഥിതിചെയ്യുന്നതും സ്ത്രീപുരുഷാത്മകവും ആയിരുന്നു.

൧൯. ബ്രഹ്മൻ വിധേ വിരിഞ്ചേതി ധാതരിത്യാഹ തം നരം
ശ്രീഃ പത്മേ കമലേ ലക്ഷ്മീരിത്യാഹ മാതാസ്ത്രീയഞ്ചതാം

മാതാ	= മഹാലക്ഷ്മിയായ മാതാവു്
ബ്രഹ്മൻ! വിധേ! വിരിഞ്ച ഇതി	= ഹേ ബ്രഹ്മൻ! വിധേ! വിരിഞ്ച! എന്നും
ധാതഃ ഇതി	= ധാതാവേ! എന്നും
തം നരം ആഹ	= ആ പുരുഷനെ പേർ വിളിച്ചു.
ശ്രീഃ! പത്മേ! കമലേ! ലക്ഷ്മി! ഇതി	= ഹേ ശ്രീഃ! പത്മേ! കമലേ! ലക്ഷ്മി! എന്നു്
താം സ്ത്രീയം ച ആഹ	= ആ സ്ത്രീയേയും പേർ വിളിച്ചു.

മഹാലക്ഷ്മിയായ മാതാവു് ആ പുരുഷനെ അല്ലയോ ബ്രഹ്മാവേ! വിധേ! വിരിഞ്ച! ധാതാവേ! എന്നും ആ സ്ത്രീയെ, ഹേ ശ്രീഃ! പത്മേ! കമലേ! ലക്ഷ്മി! എന്നും പേർവിളിച്ചു.

ശാന്ത—അനന്തരം ദേവി അവൾക്കു് ഇങ്ങനെ നാമകരണം ചെയ്തു

൨൦. മഹാകാളീ ഭാരതീച മിഥുനേ സൃജതിസ്മഹ
ഏതയോരപി രൂപാണി നാമാനി ച വദാമി തേ

മഹാകാളീ ഭാരതീച	= മഹാകാളിയും സരസ്വതിയും
മിഥുനേ സൃജതിസ്മഹ	= ഓരോ മിഥുനങ്ങളെ സൃഷ്ടിച്ചു.
ഏതയോഃ അപി രൂപാണി	= ഇവരുടെ രൂപങ്ങളെയും
നാമാനി ച തേ വദാമി	= നാമങ്ങളേയും ഭവാനോടു് പറയുന്നുണ്ടു്.

മഹാകാളിയും മഹാസരസ്വതിയും ഓരോ മിഥുനങ്ങളെ സൃഷ്ടിച്ചു. ഇവരുടേയും രൂപങ്ങളേയും നാമങ്ങളേയും ഞാൻ ഭവാനോടു് പറയാം.

ശാന്ത—അതിൽ പിന്നീടു് മാതാവിൻെറ ആജ്ഞഹേതുവായിട്ടു മഹാകാളി മഹാസരസ്വതി എന്ന രണ്ടുദേവിമാരും ഓരോമിഥുനത്തെ ഉല്പാദിപ്പിച്ചു.

൨൧. നീലകണ്ഠം രക്തബാഹും ശ്വേതാംഗം ചന്ദ്രശേഖരം
ജനയാമാസ പുരുഷം മഹാകാളീ സിതാം സ്ത്രീയം

മഹാകാളി	= മഹാകാളി
നീലകണ്ഠം	= നീലനിറത്തിലുള്ള കണ്ഠത്തോടുകൂടിയവനായും
രക്തബാഹും	= ചുവന്ന കൈകളോടുകൂടിയവനായും
ശ്വേതാംഗം	= വെളുത്തനിറത്തോടുകൂടിയവനായും

ചന്ദ്രശേഖരം	= ചന്ദ്രക്കല ശിരോലങ്കാരമായുള്ളവനായും ഇരിക്കുന്ന പുരുഷനെയും
സിതാം സ്ത്രീയം	= വെളുത്തനിറത്തോടുകൂടിയ സ്ത്രീയേയും
ജനയാമാസ	= ജനിപ്പിച്ചു.

മഹാകാളി, നീലനിറത്തിലുള്ള കണ്ഠത്തോടും ചുവന്നകൈകളോടും വെളുത്തനിറത്തോടും, ചന്ദ്രക്കലയാകുന്ന ശിരോലങ്കാരത്തോടുംകൂടിയ പുരുഷനേയും വെളുത്തനിറത്തോടുകൂടിയ ഒരു സ്ത്രീയേയും ജനിപ്പിച്ചു.

ശാന്ത—ശുഭ്രവർണ്ണത്തോടുകൂടിയ ഈ മിഥുനത്തെ സൃഷ്ടിച്ചതുകൊണ്ടു് മഹാകാളി അന്തർഭാഗത്തിൽ സത്വഗുണത്തോടുകൂടിയവളാകുന്നു എന്നു് വെളിപ്പെടുന്നു.

൨൨. സ രുദ്രഃ ശങ്കരഃ സ്ഥാണുഃ കപർദ്ദീ ച ത്രിലോചനഃ
ത്രയീവിദ്യാ കാമധേനുഃ സാ സ്ത്രീ ഭാഷാ സ്വരാക്ഷരാ

സഃ രുദ്രഃ	= അവൻ ജഗൽസംഹാരത്തെ ചെയ്യുന്നവനും
ശങ്കരഃ	= ഭക്തന്മാർക്കു സുഖത്തെച്ചെയ്യുന്നവനും
സ്ഥാണുഃ കപർദ്ദീ	= അചലനും ജടാജൂടത്തോടുകൂടിയവനും
ത്രിലോചനഃ ച	= മൂന്നുകണ്ണുകളോടുകൂടിയവനും ആകുന്നു.
സാ ത്രയീ	= അവൾ വേദരൂപിണിയും
വിദ്യാ	= ജ്ഞാനരൂപിണിയും
കാമധേനുഃ	= ഭക്തന്മാർക്കു് സകലാഭീഷ്ടങ്ങളേയും ദാനംചെയ്യുന്നവളും
സ്ത്രീഃ ഭാഷാ	= സ്ത്രീരൂപിണിയും ഭാഷാസ്വരൂപിണിയും
സ്വരാക്ഷരാ	= സ്വരങ്ങളുടേയും വ്യഞ്ജനങ്ങളുടേയും രൂപത്തോടുകൂടിയവളും ആകുന്നു.

അവൻ രുദ്രനും, ശംകരനും, സ്ഥാണുവും, കപർദ്ദിയും, ത്രിലോചനനും, അവൾ ത്രയിയും, വിദ്യയും, കാമധേനുവും, സ്ത്രീയും, ഭാഷയും, സ്വരങ്ങളും വ്യഞ്ജനങ്ങളും ആകുന്നു.

ശാന്ത—'സ്ത്രീഭാഷാ' എന്നു് ഒരു പാഠം.

'ബാലഭാഷാ' എന്നർത്ഥം

അക്ഷരാ = നിത്യാ. സ്വരാ = ഉദാത്താദി സ്വരരൂപാ.

൨൩. സരസ്വതി സ്ത്രീയം ഗൌരീം കൃഷ്ണഞ്ച പുരുഷം നൃപ!
ജനയാമാസ നാമാനി തയോരപി വദാമി തേ

നൃപ! = അല്ലയോ രാജാവേ!
സരസ്വതീ = മഹാസരസ്വതി
ഗൗരീംസ്ത്രീയം = സ്വൎണ്ണനിറത്തോടുകൂടിയഒരുസ്ത്രീയേയും
കൃഷ്ണം പുരുഷം ച = നീലനിറത്തോടുകൂടിയ പുരുഷനേയും
ജനയാമാസ = ജനിപ്പിച്ചു.
തയോഃ അപി നാമാനി = അവരുടേയും നാമങ്ങളേയും
തേ വദാമി = ഭവാനോട്ടു് പറയാം.

അല്ലയോ രാജാവേ! മഹാസരസ്വതി, സ്വൎണ്ണനിറത്തോടുകൂടിയ ഒരു സ്ത്രീയേയും നീലനിറത്തോടുകൂടിയ ഒരു പുരുഷനേയും ജനിപ്പിച്ചു. അവരുടേയും നാമങ്ങളേയും ഞാൻ ഭവാനോട്ട പറയാം.

ശാന്ത—കൃഷ്ണവൎണ്ണനായ പുരുഷനെജനിപ്പിച്ചതുകൊണ്ടു് മഹാസരസ്വതിക്കു് തമോഗുണത്വം സ്ഫുരിക്കുന്നു.

൨൮. വിഷ്ണുഃ കൃഷ്ണോ ഹൃഷീകേശോ വാസുദേവോ ജനാൎദ്ദനഃ
ഉമാ ഗൗരീ സതീ ചണ്ഡീ സുന്ദരീ സുഭഗാ ശിവാ

വിഷ്ണുഃ കൃഷ്ണഃ = വ്യാപനശീലനും കാളാംബുദശ്യാമളനും
ഹൃഷീകേശഃ = അന്തൎയ്യാമിസ്വരൂപനും
വാസുദേവഃ = ഇന്ദ്രിയങ്ങളെ പ്രകാശിപ്പിക്കുന്നവനും
ജനാൎദ്ദനഃ = ദുഷ്ടജനങ്ങളെ പീഡിപ്പിക്കുന്നവനും ആകുന്നു
ഉമാ = മഹാ തപസ്വിനിയും
ഗൗരീ = സ്വൎണ്ണവൎണ്ണത്തോടുകൂടിയവളും
സതീ = മഹാ പതിവ്രതയും
ചണ്ഡീ = അത്യന്തം കോപത്തോടുകൂടിയവളും
സുന്ദരീ = അതിസൗന്ദൎയ്യവതിയും
സുഭഗാ = മഹാഭാഗ്യത്തോടുകൂടിയവളും
ശിവാ = സൎവ്വമംഗളരൂപിണിയും (ആകുന്നു)

ആ കൃഷ്ണപുരുഷൻ വിഷ്ണുവും, കൃഷ്ണനും, ഹൃഷീകേശനും, വാസുദേവനും, ജനാൎദ്ദനനും ആ ഗൗരിയായ സ്ത്രീ ഉമയും, ഗൗരിയും, സതിയും, ചണ്ഡിയും, സുന്ദരിയും, സുഭഗയും, ശിവയും ആകുന്നു.

൨൯. ഏവം യുവതയഃ സദ്യഃ പുരുഷത്വം പ്രപേദിരേ
ചക്ഷുഷ്മന്തോऽനപശ്യന്തി നേതരേऽതദ്വിദോ ജനാഃ

ഏവം യുവതയഃ = ഇങ്ങനെ ആ സ്ത്രീകൾ
പുരുഷത്വം പ്രപേദിരേ = പുരുഷത്വത്തെ പ്രാപിച്ചു
ചക്ഷുഷ്മന്തഃ = ജ്ഞാനചക്ഷുസ്സുകളായുള്ളവർ

അനുപശ്യന്തി	= ഇതിനെ കാണുന്നു.
ഇതരേ	= അന്യന്മാരായി
അതദ്വിദഃ	= ആ മായയെഅറിയാത്തവരായിഇരിക്കുന്ന
ജനാഃ ന	= ജനങ്ങൾ കാണുന്നില്ല.

ഇങ്ങനെ ആ സ്ത്രീകൾ പുരുഷത്വത്തെ പ്രാപിച്ചതിനെ ജ്ഞാനചക്ഷുസ്സുകളായുള്ളവർ കാണുന്നു. അന്യന്മാരായി ആ മായയെ അറിയാത്തവരായി ഉള്ളവർ കാണുന്നില്ല.

ഗുപ്ത — ഇങ്ങനെ മൂന്നുമിഥുനങ്ങളെ സൃഷ്ടിച്ചിട്ടു് അവൾ വിവാഹത്തിനു വേറെ പുരുഷന്മാർ ഇല്ലാത്തതിനാലും അവരെ കന്യകാദാനം ചെയ്തു് ദമ്പതിമാരാക്കണമെന്നുദ്ദേശിച്ചും സ്വയമേതന്നെ ഈ രണ്ടു രൂപത്തെ ധരിച്ചു. മഹാലക്ഷ്മി ബ്രഹ്മത്വത്തേയും, മഹാകാളി രുദ്രത്വത്തേയും മഹാസരസ്വതി വിഷ്ണുത്വത്തേയും പ്രാപിച്ചു. ഈ രൂപങ്ങളെ മാംസചക്ഷുസ്സുകളോടുകൂടിയവർ കാണുന്നില്ല. ചക്ഷുസ്സുകളുടെ ഗുണപൌഷ്കല്യം ജ്ഞാനത്തിനാകകൊണ്ടു് ജ്ഞാനചക്ഷുസ്സുകളായുള്ളവർ കാണുന്നു എന്നൎത്ഥം.

ശാന്ത — മാംസചക്ഷുസ്സിനല്ല, ജ്ഞാനചക്ഷുസ്സിനാണു് മുഖ്യചക്ഷുസ്ത്വം. അതുകൊണ്ടു് ജ്ഞാനികൾ കാണുന്നു. ജ്ഞാനമില്ലാത്തവർ കാണുന്നില്ല. സ്ത്രീകൾ എങ്ങനെ പുരുഷന്മാരായിത്തീൎന്നു? ഇതു മനസ്സിലാകുന്നില്ല. ഇതു് ആശ്ചൎയ്യമാണല്ലോ. എന്നാണെങ്കിൽസത്യംതന്നെ എന്നാൽ മായാശക്തിസാമൎത്ഥ്യത്തെ അറിയുന്ന ജ്ഞാനികൾക്കു് ഇതു് ഒരാശ്ചൎയ്യമായി ഭവിക്കുന്നില്ല.

വന്നു ബ്രഹ്മണേ പ്രദദൌ പത്നീം മഹാലക്ഷ്മീർ നൃപ! ത്രയീം
രുദ്രായഗൌരീം വരദാം വാസുദേവായ ച ശ്രിയം

നൃപ! മഹാലക്ഷ്മീഃ	= അല്ലയോരാജാവേ! മഹാലക്ഷ്മി
ത്രയീം ബ്രഹ്മണേ പത്നീം	= സരസ്വതിയെ ബ്രഹ്മാവിനു് പത്നിയായും
വരദാം ഗൌരീം	= വരങ്ങളെ ദാനം ചെയ്യുന്നവളായഗൌരിയെ
രുദ്രായ	= രുദ്രനു് പത്നിയായും
ശ്രിയം വസുദേവായ ച	= ലക്ഷ്മിയെ വിഷ്ണുവിനു പത്നിയായും
പ്രദദൌ	= കൊടുത്തു.

അല്ലയോ രാജാവേ! മഹാലക്ഷ്മി സരസ്വതിയെ ബ്രഹ്മാവിനു് പത്നിയായും വരങ്ങളെ ദാനംചെയ്യുന്നവളായ ഗൌരിയെ രുദ്രനു് പത്നിയായും ലക്ഷ്മിയെ വിഷ്ണുവിനു പത്നിയായും കൊടുത്തു.

ശാന്ത — ഇങ്ങനെ പരസ്പരം വിവാഹം ഉണ്ടായതിന്റെശേഷം സൃഷ്ടിയെ പറയുന്നു.

൨൬. സ്വരയാ സഹ സംഭൂയ വിരിഞ്ചോഽണ്ഡമജീജനൽ
ബിഭേദ ഭഗവാൻ രുദ്രസ്തൽഗൌര്യ്യാ സഹ വീര്യ്യവാൻ

വിരിഞ്ചഃ = ബ്രഹ്മാവു്
സ്വരയാ സഹസംഭൂയ = സരസ്വതിയോടുകൂടിയവനായിട്ടു്
അണ്ഡം അജീജനൽ = ബ്രഹ്മാണ്ഡത്തെ ജനിപ്പിച്ചു.
വീര്യ്യവാൻ രുദ്രഃ ഭഗവാൻ= അതിവീര്യ്യത്തോടുകൂടിയ രുദ്രഭഗവാൻ
ഗൌര്യ്യാ സഹ തൽബിഭേദ= ഗൌരിയോടുകൂടി ആ അണ്ഡത്തെഭേദിച്ചു.

ബ്രഹ്മാവു് സരസ്വതിയോടുകൂടി ബ്രഹ്മാണ്ഡത്തെ ജനിപ്പിച്ചു. അതിവീര്യ്യവാനായ രുദ്രഭഗവാൻ ഗൌരിയോടുകൂടി ആ അണ്ഡത്തെ ഭേദിച്ചു.

ഉപ്പു—സ്വരാ = ത്രയീവിദ്യ = വേദവിദ്യ.

ശാന്ത—പ്രളയകാലത്തിൽ പ്രാണികളുടെ കർമ്മസമൂഹത്തോടു കൂടിയിരുന്ന ആ അണ്ഡത്തെ ഗൌരീസഹിതനായ രുദ്രഭഗവാൻ നാമരൂപങ്ങളെക്കൊണ്ടു് വ്യാകരിച്ചു. "തന്നാമരൂപാഭ്യാമേവ വ്യാക്രിയതേ'' എന്നു ശ്രുതി.

നാമരൂപവിശേഷണരൂപമായി ഭേദിച്ചു എന്നർത്ഥം.

൨൭. അണ്ഡമദ്ധ്യേ പ്രധാനാദികാര്യ്യജാതമഭൂന്നൃപ!
മഹാഭൂതാത്മകം സർവ്വം ജഗൽസ്ഥാവരജംഗമം

൨൮. പുപോഷ പാലയാമാസ തല്ലക്ഷ്മ്യാ സഹ കേശവഃ
സംജഹാര ജഗത്സർവ്വം സഹ ഗൌര്യ്യാ മഹേശ്വരഃ

നൃപ! അണ്ഡമദ്ധ്യേ = അല്ലയോ രാജാവേ! ആ ബ്രഹ്മാണ്ഡത്തിൽ
പ്രധാനാദി = മൂലപ്രകൃതി മഹദഹങ്കാരം മുതലായ
കാര്യ്യജാതം അഭൂൽ = തത്വസമൂഹം ഭവിച്ചു.
മഹാഭൂതാത്മകം = മഹാപഞ്ചഭൂതസ്വരൂപമായി
സ്ഥാവരജംഗമം = ചരാചരങ്ങളോടുകൂടിയതായി ഇരിക്കുന്ന
തൽ സർവ്വം ജഗൽ കേശവഃ= ആ ജഗത്തുമുഴുവനും വിഷ്ണുഭഗവാൻ
ലക്ഷ്മ്യാസഹ പുപോഷ = ലക്ഷ്മിയോടുകൂടി വർദ്ധിപ്പിക്കുകയും
പാലയാമാസ = പാലിക്കുകയും
മഹേശ്വരഃ ഗൌര്യ്യാ സഹ = മഹേശ്വരൻ ഗൌരിയോടുകൂടി
സർവ്വം ജഗൽ സംജഹാര = ആ ജഗത്തുമുഴുവനും സംഹരിക്കുകയും ചെയ്തു.

ഹേ രാജാവേ! ആ ബ്രഹ്മാണ്ഡത്തിൽ മൂലപ്രകൃതി മഹദഹങ്കാരം മുതലായ തത്വസമൂഹം ഉണ്ടായി. പഞ്ചഭൂതസ്വരൂപമായി ചരാ

ചരങ്ങളോടുകൂടിയതായി ഇരിക്കുന്ന ആ ജഗത്തുമുഴുവനും വിഷ്ണുഭഗവാൻ ലക്ഷ്മീദേവിയോടുകൂടി വൎദ്ധിപ്പിക്കുകയും പാലിക്കുകയും ചെയ്തു—വൎദ്ധിക്കത്തക്കവണ്ണം പാലിച്ചു. മഹേശ്വരൻ ഗൗരിയോടുകൂടി ആ ജഗത്തുമുഴുവനും സംഹരിക്കുകയുംചെയ്തു.

ശാന്ത—മഹേശ്വരൻ സംഹാരകാലത്തിൽ ഗൗരിയോടുകൂടി സ്വസൃഷ്ടമായ ആ ജഗത്തിനെ സംഹരിച്ചു. പുരാണാദികളിൽ സൃഷ്ട്യാദികൎമ്മം ചെയ്യുന്നതു് ബ്രഹ്മാദികളാണെന്നു് പറയുന്ന ശ്രുത്യുക്തിന്യായേന ബ്രഹ്മാദിശബ്ദംകൊണ്ടു് സൂക്ഷ്മതത്വത്തെ ഗ്രഹിച്ചുകൊള്ളണം.

യാതൊരു ദേവിയുടെ മാഹാത്മ്യം സൎവ്വപ്രപഞ്ചസൃഷ്ട്യാദികൾക്കും തദധിഷ്ഠാതൃക്കളായ ബ്രഹ്മാദികളുടെ സൃഷ്ടികൎമ്മങ്ങൾക്കും സാമൎത്ഥ്യമുള്ളതാകകൊണ്ടു് ആ ദേവി അത്യന്തം വൎണ്ണനീയതന്നെയാകുന്നു. ആ മഹാലക്ഷ്മീമാഹാത്മ്യത്തെ അടുത്തശ്ലോകം കൊണ്ടുപറയുന്നു.

൩൦. മഹാലക്ഷ്മീരേവ മതാ രാജൻ സൎവ്വേശ്വരേശ്വരീ
നിരാകാരാ ച സാകാരാ സൈവ നാനാഭിധാനഭൃൽ
൩൧. നാമാന്തരൈൎന്നിരൂപ്യൈഷാ നാമ്നാ നാന്യേന കേനചിൽ

രാജൻ! മഹാലക്ഷ്മീഃ ഏവ = ഹേരാജാവേ! മഹാലക്ഷ്മിതന്നെ
സൎവ്വേശ്വരേശ്വരീ = എല്ലാ ഈശ്വരന്മാൎക്കും ഈശ്വരികൾക്കും ഈശ്വരി എന്നു്
മതാ = വേദശാസ്ത്രപുരാണേതിഹാസോപനിഷത്തുകൾ മുതലായവകൊണ്ടു സമ്മതിക്കപ്പെട്ടിരിക്കുന്നവളാകുന്നു.
നിരാകാരാ = ആകാരത്തോടുകൂടാത്തവളും
സാകാരാ ച = ആകൃതിയോടുകൂടിയവളും
നാനാഭിധാനഭൃൽസാ ഏവ = മഹാകാള്യാദി പല നാമങ്ങളെ ധരിക്കുന്നവളും ആ മഹാലക്ഷ്മിതന്നെ
നാമാന്തരൈഃ = മഹാമായാദി നാമങ്ങളെക്കൊണ്ടും മഹാവിദ്യാദി നാമങ്ങളെകൊണ്ടും
നിരൂപ്യാ ഏഷാ = നിരൂപിക്കപ്പെടുന്നവളും ഇവൾ ആകുന്നു.
അന്യേന = അന്യമായ
കേനചിൽ നാമ്നാ = ഏതു നാമംകൊണ്ടു്
ന = നിരൂപിക്കപ്പെടുന്നവൾ ഇവൾ അല്ല?

അല്ലയോ രാജാവേ! എല്ലാ ഈശ്വരന്മാൎക്കും ഈശ്വരിമാൎക്കും ഈശ്വരിയായുള്ളവൾ മഹാലക്ഷ്മിതന്നെ ആണെന്നു് വേദശാസ്ത്രപുരാണേതിഹാസോപനിഷത്തുകൾ സമ്മതിക്കുന്നു. ആകൃതിയോടുകൂടാത്തവളും മാംസചക്ഷുസ്സുകൾക്കു വിഷയമായ ആകാരത്തോടുകൂടിയവളും—ലക്ഷ്യാലക്ഷ്യസ്വരൂപങ്ങളെ വഹിക്കുന്നവളും—മഹാകാ

ള്യാദി പലനാമങ്ങളെ ധരിക്കുന്നവളും ആ മഹാലക്ഷ്മിതന്നെ. മഹാമായാദി നാമങ്ങളെക്കൊണ്ടും മഹാവിദ്യാദിനാമങ്ങളെക്കൊണ്ടും നിരൂപിക്കപ്പെടുന്നവളും ഈ മഹാലക്ഷ്മിയാകുന്നു. ഈ മഹാലക്ഷ്മി അന്യമായി ഏതു നാമംകൊണ്ടും നിരൂപിക്കപ്പെടുന്നവളല്ല? സർവ്വനാമങ്ങളെക്കൊണ്ടും നിരൂപിക്കപ്പെടുന്നവൾ തന്നെയാകുന്നു.

ഗുപ്ത—തുരീയയായ മഹാലക്ഷ്മിക്ക് നാമങ്ങൾ ഇല്ലാത്തതിനാൽ അന്യകളായി വ്യഷ്ടിരൂപിണികളായി ഇരിക്കുന്ന മഹാകാളി മുതലായവരുടെ നാമങ്ങൾകൊണ്ടു തന്നേ അവൾ നിരൂപിക്കപ്പെടേണ്ടവളാകുന്നു. സമഷ്ടിയായി തുരീയയായി ഇരിക്കുന്ന ആ മഹാലക്ഷ്മിയെ വിട്ട് 'വ്യഷ്ടിത്രയമദ്ധ്യസ്ഥയായ മഹാലക്ഷ്മിതന്നെ സർവ്വോത്തമാ' എന്നു പറയുന്നതു് ഉപാസകാഭിമാനത്തിനായുള്ള ഗ്രന്ഥത്തിന്റെ സരസാഭിപ്രായമാകുന്നു.

ഈ ദേവീമാഹാത്മ്യത്തിൽ നാലു സ്തുതികൾ ഉണ്ടു്. അവയിൽ ദേവീസൂക്തം മഹാകാള്യാദി മൂന്നു ദേവതകളിൽ നിന്നും അഭിന്നയായി തുരീയയായി ഇരിക്കുന്ന മഹാലക്ഷ്മിയെ സ്തുതിക്കുന്നതും മററു മൂന്നും ക്രമേണ സഗുണകളായ കാള്യാദി മൂന്നു മൂർത്തികളെ സ്തുതിക്കുന്നതുമാകുന്നു. ചിലർ 'തുരീയയായ മഹാലക്ഷ്മിതന്നെ ഉപാസിക്കപ്പെടുവാൻ യോഗ്യ' എന്നും, 'വ്യഷ്ടികളായ കാള്യാദികൾ അപ്രധാനകളാണു്' എന്നും 'മഹാകാളിയും മഹാലക്ഷ്മിയും മഹാസരസ്വതിയും ക്രമേണ ചരിത്രത്രയത്തിന്റെ ദേവതകളും മഹാലക്ഷ്മി നവാക്ഷരീമന്ത്രത്തിന്റെ ദേവതയും ആകുന്നു' എന്നും പറയുന്നു. അപ്പോൾ ദേവീമാഹാത്മ്യംകൊണ്ടു് മഹാലക്ഷ്മി ഉപാസ്യയല്ലെന്നും മഹാകാള്യാദികൾ തന്നെ ഉപാസ്യകൾ എന്നും വന്നുകൂടുന്നു. പാഞ്ചരാത്രലക്ഷ്മീതന്ത്രാദികളിൽ ദേവീദേവേന്ദ്രസംവാദത്തിൽ ദേവിയുടെ ദശാവതാരങ്ങളെ വർണ്ണിക്കുമ്പോൾ ഒന്നാമതായി മഹാലക്ഷ്മിയുടേയും അനന്തരം മഹാകാള്യാദിഭ്രാമര്യന്തമുള്ള ഒൻപതു അവതാരങ്ങളേയും പറയുന്നു. അതുകൂടാതെ:—

"ഏതാസാം പരമാ പ്രോക്താ കൂടസ്ഥാ സാ മഹീയസീ
മഹാലക്ഷ്മീർമഹാഭാഗാ പ്രകൃതിഃ പരമേശ്വരീ
അമുഷ്യാഃ സാവതാരായാഃ മഹാലക്ഷ്മ്യാ മമാനഘ
ജന്മാനി ചരിതൈഃ സാർദ്ധം സ്തോത്രവൈഭവവാദിഭിഃ
കഥിതാനി പുരാ ശക്ര! വസിഷ്ഠേന മഹാത്മനാ
സ്വാരോചിഷേന്തരേ രാജ്ഞേ സുരഥായ മഹാത്മനേ
സമാധയേ ച വൈശ്യായ പ്രണതായാവസീദതേ" (എന്നു്)

ഇങ്ങനെയും പറയുന്നതുകൊണ്ടു് ദേവീമാഹാത്മ്യം തുരീയയായ മഹാലക്ഷ്മിയുടെതന്നെ ജന്മങ്ങളേയും ചരിതങ്ങളേയും വർണ്ണിക്കുന്ന

താകയാൽ മേൽപറഞ്ഞ അഭിപ്രായം തെററാകുന്നു. അതുനിമിത്തം ചരിത്രത്രയരൂപമായ ദേവീമാഹാത്മ്യംകൊണ്ടും നവാക്ഷരീമന്ത്രം കൊണ്ടും ഉപാസ്യയായ ദേവത വ്യഷ്ടിത്രയാഭിന്നയായും സമഷ്ടിസ്വരൂപിണിയായും ഇരിക്കുന്ന ശ്രീമഹാലക്ഷ്മിതന്നെയാകുന്നു.

ശാന്ത—മഹാലക്ഷ്മി നിർഗ്ഗുണയാണെങ്കിലും സഗുണയും നാനാനാമങ്ങളോടുകൂടിയവളും ആകുന്നു.

"ഏകൈവ സർവത്ര വർത്തതേ തസ്മാദുച്യതേ ഏകാ ഏകൈവ വിശ്വരൂപിണീതസ്മാദുച്യതേ അനേകേതി"(എന്നു ദേവ്യഥർവശിരസ്സ്)

സത്യം, ജ്ഞാനം, ചിത്ത്, മഹാമായ മുതലായ ശബ്ദങ്ങളെക്കൊണ്ടും മററു നാമങ്ങളെക്കൊണ്ടും നിരൂപിക്കപ്പെടുന്നവൾ മഹാലക്ഷ്മി തന്നെ. ആ മഹാലക്ഷ്മിയെത്തന്നെ ആകുന്നു 'ദുർഗ്ഗാദേവി' എന്നു പറയുന്നതും.

"ജ്ഞാനാനാം ചിന്മയാതീതാ ശൂന്യാനാം ശൂന്യസാക്ഷിണീ
യസ്യാഃ പരതരം നാസ്തി സൈഷാ ദുർഗ്ഗാ പ്രകീർത്തിതാ"
"യതോ വാചോ നിവർത്തന്തേ അപ്രാപ്യമനസാ സഹ"
(എന്നു ശ്രുതി)

മഹാലക്ഷ്മീർമഹാരാജ! സർവസത്വമയീശ്വരി"എന്നുപാഠഭേദം.

സർവകാരണകാരണയായി, തുരീയയായി, ചരിത്രത്രയദേവതാസമഷ്ടിരൂപിണിയായി, വ്യഷ്ടിത്രയാത്മികയായി, നിർഗ്ഗുണയായി, ഗുണത്രയസാമ്യാവസ്ഥാസ്വരൂപിണിയായി, രജോഗുണപ്രധാനയായി ഇരിക്കുന്ന ആദിമഹാലക്ഷ്മി മഹാകാളിയായും മഹാ സരസ്വതിയായും അവതരിച്ചു. ആ മഹാലക്ഷ്മി ബ്രഹ്മാവിനേയും മഹാലക്ഷ്മിയേയും മഹാകാളി രുദ്രനേയും സരസ്വതിയേയും, മഹാസരസ്വതി വിഷ്ണുവിനേയും പാർവതിയേയും, ഇങ്ങനെ മൂന്നുപേരും മൂന്നു മിഥുനങ്ങളെ സൃഷ്ടിച്ചിട്ട്, ആ ആദിമഹാലക്ഷ്മി തന്നെ, സരസ്വതിയെ ബ്രഹ്മാവിനും, ഗൌരിയെ രുദ്രനും, ലക്ഷ്മിയെ വിഷ്ണുവിനും കൊടുത്തു. ബ്രഹ്മാവു് സരസ്വതിയോടുകൂടി ബ്രഹ്മാണ്ഡത്തെ സൃഷ്ടിച്ചു. രുദ്രൻ ഗൌരിയോടുകൂടി ആ അണ്ഡത്തെ ഭേദിച്ചു് നാമരൂപവിഭാഗം ചെയ്തു് വിസ്താരമാക്കി. വിഷ്ണു ലക്ഷ്മിയോടുകൂടി വർദ്ധിക്കത്തക്കവണ്ണം അതിനെ പാലിച്ചു. ഒടുവിൽ രുദ്രൻതന്നെ ഗൌരിയോടുകൂടി അതിനെ സംഹരിച്ചു. മേൽപറഞ്ഞ അവതാരങ്ങൾക്കും ജഗൽസൃഷ്ട്യാദികൾക്കും മൂലകാരണം ആ ആദിമഹാലക്ഷ്മിതന്നെ എന്നു് സൃഷ്ടിയുടെ പ്രധാനരഹസ്യത്തെ പ്രാധാനികരഹസ്യം കൊണ്ടുപറഞ്ഞിട്ടു് വൈകൃതികരഹസ്യം കൊണ്ടു് ആ മഹാകാള്യാദികളുടെ ധ്യാനോപാസനാസമ്പ്രദായങ്ങളെ മേൽ പറയുന്നു.

പ്രാധാനികരഹസ്യം സമാപ്തം.

൨൦. വൈകൃതികരഹസ്യം

ഋഷിരുവാച

൧. ത്രിഗുണാ താമസീ ദേവീ സാത്വികീ യാ ത്രിധോദിതാ
സാ ശർവ്വാ ചണ്ഡികാ ദുർഗ്ഗാ ഭദ്രാ ഭഗവതീര്യ്യതേ.

ഋഷിപറഞ്ഞു.

യാ	=	യാതൊരുദേവി
ത്രിഗുണാ	=	തമസ്സത്വഗുണാത്മികയായും രജോഗുണവിശിഷ്ടയായും ഇരിക്കുന്ന മഹാലക്ഷ്മി
താമസീ ദേവീ	=	തമോഗുണാത്മികയായ മഹാകാളി
സാത്വികി	=	സത്വഗുണാത്മികയായ മഹാസരസ്വതി, ഇങ്ങനെ
ത്രിധാ ഉദിതാ	=	മൂന്നുപ്രകാരത്തിൽ പറയപ്പെട്ടവോ
സാ ശർവ്വാ	=	ആ ദേവി ശർവ്വാ എന്നും
ചണ്ഡികാ ദുർഗ്ഗാ	=	ചണ്ഡികാ എന്നും ദുർഗ്ഗാ എന്നും
ഭദ്രാ ഭഗവതീ ഈര്യ്യതേ	=	ഭദ്രാ എന്നും ഭഗവതിഎന്നും പറയപ്പെടുന്നു.

തമസ്സത്വഗുണാത്മികയായും രജോഗുണവിശിഷ്ടയായും ഇരിക്കുന്ന മഹാലക്ഷ്മി, തമോഗുണാത്മികയായ മഹാകാളി, സത്വഗുണാത്മികയായ മഹാസരസ്വതി ഇങ്ങനെ മൂന്നുവിധത്തിൽ പറയപ്പെട്ട ആ ദേവിയെ ശർവ്വാ, ചണ്ഡികാ, ദുർഗ്ഗാ, ഭദ്രാ, ഭഗവതി എന്നിങ്ങനെയും പറയുന്നു.

ശാന്ത—'ശർവ്വാണി' എന്നു പറയുന്നതിനുപകരം 'ശർവ്വാ' എന്നു പറഞ്ഞിരിക്കുന്നതു്, ഈ ദേവിമാർ പുരുഷസംബന്ധമില്ലാത്ത സ്വതന്ത്രകൾ ആണെന്നുള്ളതിനെ ധ്വനിപ്പിച്ചാകുന്നു.

മഹാലക്ഷ്മി മൂന്നുപ്രകാരത്തിലുള്ളവൾ ആണെങ്കിലും വാസ്തവത്തിൽ ഏകതന്നെ എന്നുദ്ദേശിച്ചാണു് ശർവ്വാദിനാമങ്ങളെക്കൊണ്ടു പറയപ്പെട്ടതു്.

൨. യോഗനിദ്രാ ഹരേരുക്താ മഹാകാളീ തമോഗുണാ
മധുകൈടഭനാശാർത്ഥം യാം തുഷ്ടാവാംബുജാസനഃ

അംബുജാസനഃ	= ബ്രഹ്മാവ്
മധുകൈടഭനാശാർത്ഥം	= മധുകൈടഭന്മാരെ നശിപ്പിക്കുന്നതിനായിട്ട്
യാം തുഷ്ടാവ	= യാതൊരു ദേവിയെ സ്തുതിച്ചുവോ
ഹരേഃ യോഗനിദ്രാ	= വിഷ്ണുഭഗവാന്റെ യോഗനിദ്രയായി
തമോഗുണാ	= തമോഗുണാത്മികയായി ഇരിക്കുന്ന
(സാ)	= ആ ദേവി
മഹാകാളി ഉക്താ	= മഹാകാളീഎന്ന് പറയപ്പെട്ടു.

ബ്രഹ്മാവ് മധുകൈടഭനാശത്തിനായിട്ട് യാതൊരുദേവിയെ സ്തുതിച്ചുവോ, വിഷ്ണുഭഗവാന്റെ യോഗനിദ്രയായി തമോഗുണാത്മികയായി ഇരിക്കുന്ന ആ ദേവിമഹാകാളി എന്നു പറയപ്പെട്ടു.

൩. ദശവക്ത്രാ ദശഭുജാ ദശപാദാഞ്ജനപ്രഭാ
വിശാലയാ രാജമാനാ ത്രിംശല്ലോചനമാലയാ

(സാ)	= ആ ദേവി
ദശവക്ത്രാ	= പത്തുമുഖങ്ങളോട്ടുകൂടിയവളും
ദശഭുജാ	= പത്തുകൈകളോട്ടുകൂടിയവളും
ദശപാദാ	= പത്തുപാദങ്ങളോട്ടുകൂടിയവളും
അഞ്ജനപ്രഭാ	= അഞ്ജനക്കല്ലിന്റെ പ്രഭപോലെയുള്ള പ്രഭയോട്ടുകൂടിയവളും
വിശാലയാ	= വിസ്തീർണ്ണങ്ങളായ
ത്രിംശൽലോചനമാലയാ	= മുപ്പതു കണ്ണുകളെക്കൊണ്ട്
രാജമാനാ	= ശോഭിക്കുന്നവളും ആകുന്നു.

ആ മഹാകാളി പത്തുമുഖങ്ങളോട്ടും പത്തുകൈകളോട്ടും പത്ത് പാദങ്ങളോട്ടും കൂടിയവളും അഞ്ജനക്കല്ലിന്റെ പ്രഭപോലെയുള്ള പ്രഭയോട്ടുകൂടിയവളും വിസ്താരമുള്ള മുപ്പതു കണ്ണുകളെക്കൊണ്ട് ശോഭിക്കുന്നവളും ആകുന്നു.

ശാന്ത—അഞ്ചു വലത്തുകൈകളും അഞ്ച് ഇടത്തുകൈകളും പത്തുപാദങ്ങളും ഓരോ മുഖത്തിനും മൂന്നുകണ്ണുകൾവീതം പത്തുമുഖത്തിന് മുപ്പതുകണ്ണുകളും ആകുന്നു.

൪. സ്ഫുരദ്ദശനദംഷ്ട്രാ ഭീമരൂപാപി ഭൂമിപ!
രൂപസൗഭാഗ്യകാന്തീനാം സാ പ്രതിഷ്ഠാ മഹാശ്രിയാം

ഭൂമിപ! സാ	= ഹേ രാജാവേ! അവൾ
സ്ഫുരദ്ദശനദംഷ്ട്രാ	= പ്രകാശിക്കുന്നവയായ ദന്തങ്ങളുടേയും ദംഷ്ട്രകളുടേയും ശോഭയോട്ടുകൂടിയവളും
ഭീമരൂപാ അപി	= ഭയങ്കരരൂപിണി ആണെങ്കിലും

രൂപസൗഭാഗ്യകാന്തീനാം	=	സൗന്ദര്യത്തിനും കാന്തികൾക്കും
മഹാശ്രിയാം	=	മഹദൈശ്വര്യങ്ങൾക്കും
പ്രതിഷ്ഠാ	=	ഇരിപ്പിടമായുള്ളവളും ആകുന്നു.

അപ്പയോ രാജാവേ! ആ ദേവി, പ്രകാശിക്കുന്നവയായ ദന്തങ്ങളുടേയും ദംഷ്ട്രകളുടേയും ശോഭയോടുകൂടിയവളും ഭയങ്കരരൂപിണി ആണെങ്കിലും രൂപസൗന്ദര്യത്തിനും കാന്തികൾക്കും മഹദൈശ്വര്യങ്ങൾക്കും ഇരിപ്പിടമായുള്ളവളും ആകുന്നു.

ശാന്ത—ആ മഹാകാളി ശത്രുക്കൾക്ക് ഭയങ്കരരൂപിണിആണെങ്കിലും ഭക്തന്മാൎക്ക് സൗമ്യരൂപിണിയും സൗന്ദര്യസമ്പത്തുകളെ ദാനം ചെയ്യുന്നവളും ആകുന്നു.

൫. ഖഡ്ഗബാണഗദാശൂലശംഖചക്രഭുശുണ്ഡിഭൃൽ
പരിഘം കാർമ്മുകം ശീൎഷം നിശ്ച്യോതദ്രുധിരം ദധൗ

൬. ഏഷാ സാ വൈഷ്ണവീമായാ മഹാകാളീ ദുരത്യയാ
ആരാധിതാ വശീകുൎയ്യാൽപൂജാകൎത്തുശ്ചരാചരം

(സാ)	=	ആ ദേവി
ഖഡ്ഗബാണഗദാ ശൂല ശംഖ ചക്ര ഭുശുണ്ഡിഭൃൽ	=	വാൾ, ശരം, ഗദാ, ശൂലം, ശംഖം, ചക്രം, ഭുശുണ്ഡി ഈ ആയുധങ്ങളെ ധരിക്കുന്നവളായും
പരിഘം കാർമ്മുകം	=	ഇരുമ്പുലക്കയേയും വില്ലിനേയും
നിശ്ച്യോതദ്രുധിരം ശീൎഷം	=	ചോരയൊലിക്കുന്ന ശിരസ്സിനേയും
ദധൗ	=	ധരിക്കുന്നവളായും ഇരുന്നു.
സാ ഏഷാ വൈഷ്ണവീമായ	=	ആ ഈ വിഷ്ണുമായ
ദുരത്യയാ	=	അതിക്രമിക്കാൻ പാടില്ലാത്തവളായ
മഹാകാളീ	=	മഹാകാളിയാകുന്നു.
ആരാധിതാ പൂജാകൎത്തുഃ	=	ആരാധിക്കപ്പെട്ടാൽ പൂജിക്കുന്നഭക്തന്ന്
ചരാചരം വശീകുൎയ്യാൽ	=	ചരാചരം മുഴുവനും അധീനമാക്കി (ച്ചെയ്യും.

വാൾ, ശരം, ഗദാ, ശൂലം, ശംഖം, ചക്രം, ഭുശുണ്ഡി, ഇരുമ്പുലക്ക, വില്ല്, ചോരയൊലിക്കുന്ന ശിരസ്സ് ഈ ആയുധങ്ങളെ ധരിക്കുന്നവളായി വിഷ്ണുമായയായി അതിക്രമിക്കാൻ പാടില്ലാത്തവളായി ഇരിക്കുന്ന ആ ഈ മഹാകാളി ആരാധിക്കപ്പെട്ടാൽ ഭക്തന്മാൎക്ക് ജഗത്തുമുഴുവനും വശമാക്കിച്ചെയ്യുന്നവളാകുന്നു.

ശാന്ത—വലത്തുതാഴത്തെകൈമുതൽ തുടങ്ങി ഇടത്തുതാഴത്തെകൈവരെ ആകുന്നു ആയുധങ്ങളെപറഞ്ഞിരിക്കുന്നത്. ചോരയൊലിക്കുന്ന ശിരസ്സിന്ന് ചിലർ 'ഖട്വാംഗം' എന്നു പറയുന്നു.

൧. സർവ്വദേവശരീരേഭ്യോ യാവിർഭൂതാ ऽമിതപ്രഭാ
ത്രിഗുണാ സാ മഹാലക്ഷ്മീഃ സാക്ഷാന്മഹിഷമർദ്ദിനി

യാ	= യാതൊരുദേവി
സർവ്വദേവശരീരേഭ്യഃ	= സകല ദേവന്മാരുടേയും ശരീരങ്ങളിൽ നിന്നു്
അമിതപ്രഭാ	= അളവില്ലാത്ത കാന്തിയോടുകൂടി
ആവിർഭൂതാ	= പ്രത്യക്ഷപ്പെട്ടുവോ
സാ ത്രിഗുണാ	= ആ ദേവി മൂന്നുഗുണങ്ങളോടുകൂടിയവളും
സാക്ഷാൽ മഹിഷമർദ്ദിനീ	= സാക്ഷാൽ മഹിഷാസുരമർദ്ദിനിയുംആയ
മഹാലക്ഷ്മീഃ	= മഹാലക്ഷ്മിയാകുന്നു.

സകലദേവന്മാരുടെയും ശരീരങ്ങളിൽനിന്നു് അളവില്ലാത്ത പ്രഭയോടുകൂടി പ്രത്യക്ഷപ്പെട്ട ആ ദേവി സത്വരജസ്തമോഗുണങ്ങളോടുകൂടിയവളും സാക്ഷാൽ മഹിഷാസുരമർദ്ദിനിയും ആയ മഹാലക്ഷ്മി ആകുന്നു.

൨. ശ്വേതാനനാനീലഭുജാ സുശ്വേതസ്തനമണ്ഡലാ
രക്തമദ്ധ്യാ രക്തപാദാ നീലജംഘോരുരുന്മദാ

(സാ)	= ആ മഹാലക്ഷ്മി
ശ്വേതാനനാ	= നിർമ്മലമുഖത്തോടുകൂടിയവളും
നീലഭുജാ	= നീലനിറത്തിലുള്ള ഭുജങ്ങളോടുകൂടിയവളും
സുശ്വേതസ്തനമണ്ഡലാ	= നല്ലവണ്ണം വെളുത്തിരിക്കുന്നസ്തനമണ്ഡലങ്ങളോടുകൂടിയവളും
രക്തമദ്ധ്യാ	= രക്തനിറത്തിലുള്ള മദ്ധ്യപ്രദേശത്തോടുകൂടിയവളും
രക്തപാദാ	= ചുവന്ന പാദങ്ങളോടുകൂടിയവളും
നീലജംഘോരുഃ	= നീലനിറത്തിലുള്ള മുഴംകാലുകളോടും തുടകളോടുകൂടിയവളും
ഉന്മദാ	= ഉൽകൃഷ്ടമായ മദത്തോടുകൂടിയവളും ആകുന്നു.

ആ മഹാലക്ഷ്മി, നിർമ്മലമായ മുഖത്തോടും, നീലനിറത്തിലുള്ള കൈകളോടും നല്ലവണ്ണം വെളുത്തിരിക്കുന്ന സ്തനമണ്ഡലങ്ങളോടും രക്തവർണ്ണത്തിലുള്ള മദ്ധ്യപ്രദേശത്തോടും, ചുവന്നപാദങ്ങളോടും, നീലനിറത്തിലുള്ള തുടകളോടും, മുഴംകാലുകളോടും, ഉൽകൃഷ്ടമായ മദത്തോടും കൂടിയവളാകുന്നു.

ശാന്ത—മുഖത്തിനു് ധാവള്യം ശിവാംശജന്യത്വം കൊണ്ടാകുന്നു. സ്തനങ്ങൾക്കു് അതിനൈർമ്മല്യം സോമാംശജന്യത്വംകൊണ്ടാ

ണ്ടു. ഇങ്ങനെ ഓരോന്നും മധ്യമചരിത്രം അനുസരിച്ച് ഊഹിച്ചു കൊള്ളണം.

൯. സുചിത്രജഘനാ ചിത്രമാല്യാംബരവിഭൂഷണാ
ചിത്രാനുലേപനാ കാന്തിരൂപസൗഭാഗ്യശാലിനി

(സാ)	= ആ ദേവി
സുചിത്രജഘനാ	= ഏററവും ആശ്ചര്യമായിരിക്കുന്നജഘനപ്രദേശത്തോടുകൂടിയവളും
ചിത്രമാല്യാംബരവിഭൂഷണാ	= മനോഹരങ്ങളായ മാല്യങ്ങളോടും വസ്ത്രങ്ങളോടും ആഭരണങ്ങളോടും കൂടിയവളും
ചിത്രാനുലേപനാ	= ആശ്ചര്യജനകമായിരിക്കുന്ന കുറിക്കൂട്ടുധരിച്ചിരിക്കുന്നവളും
കാന്തിരൂപസൗഭാഗ്യശാലിനി	= പ്രഭകൾകൊണ്ടും രൂപവിശേഷംകൊണ്ടും സൗന്ദര്യംകൊണ്ടും കൊണ്ടാടത്തക്കവളും ആകുന്നു.

ആ മഹാലക്ഷ്മി ഏററവും ആശ്ചര്യമായിരിക്കുന്ന ജഘനത്തോടുകൂടിയവളും മനോഹരങ്ങളായ മാല്യങ്ങൾ വസ്ത്രങ്ങൾ ആഭരണങ്ങൾ ഇവയോടുകൂടിയവളും ആശ്ചര്യജനകമായിരിക്കുന്ന കുറിക്കൂട്ടു ധരിച്ചിരിക്കുന്നവളും പ്രഭകൾകൊണ്ടും രൂപവിശേഷംകൊണ്ടും സൌന്ദര്യംകൊണ്ടും കൊണ്ടാടത്തക്കവളും ആകുന്നു.

൧൦. അഷ്ടാദശഭുജാ പൂജ്യാ സാ സഹസ്രഭുജാ സതി
ആയുധാന്യത്ര വക്ഷ്യന്തേ ദക്ഷിണാധഃകരക്രമാൽ

സാ	= ആ മഹാലക്ഷ്മി
സഹസ്രഭുജാസതി	= അസംഖ്യം ഭുജങ്ങളോടുകൂടിഭവിക്കുന്നുഎ[ങ്കിലും
അഷ്ടാദശഭുജാ	= പതിനെട്ടു കൈകളോടുകൂടി
പൂജ്യാ	= പൂജിക്കപ്പെടുവാൻ യോഗ്യയാകുന്നു.
അത്ര	= ഇവിടെ
ദക്ഷിണാധഃകരക്രമാൽ	= വലത്തുതാഴത്തെ കൈമുതൽ
ആയുധാനി വക്ഷ്യന്തേ	= ആയുധങ്ങളെ പറയുന്നു.

ആ മഹാലക്ഷ്മി, അസംഖ്യം കൈകളോടുകൂടിയവളാണെങ്കിലും പതിനെട്ടു കൈകളോടുകൂടിയവളായി പൂജിക്കപ്പെടുവാൻ യോഗ്യയാകുന്നു. ഇവിടെ വലത്തുതാഴത്തെ കൈമുതല്ക്കുള്ള ആയുധങ്ങളെ ക്രമേണ പറയുന്നു.

൧൧. അക്ഷമാലാ ച കമലം ബാണോഽസിഃ കുലിശം ഗദാ
ചക്രം ത്രിശൂലം പരശുഃ ശംഖോ ഘണ്ടാ ച പാശകഃ

൫൨. ശക്തിർദ്ദണ്ഡശ്ചർമ്മ ചാപം പാനപാത്രം കമണ്ഡലുഃ
അലംകൃതഭുജാമേഭിരായുധൈഃ കമലാസനാം

൫൩. സർവ്വദേവമയീമീശാം മഹാലക്ഷ്മീമിമാം നൃപ!
പൂജയേത്സർവ്വദേവാനാം സ ലോകാനാം പ്രഭുർഭവേൽ

നൃപ!	=	അല്ലയോ രാജാവേ!
അക്ഷമാലാ ചകമലംബാണാഃ	=	ജപമാല പത്മം ശരം
അസിഃ കലിശം ഗദാ ചക്രം	=	വാൾ വജ്രായുധം ഗദാ ചക്രം
ത്രിശൂലം പരശുഃ ശംഖഃ	=	ശൂലായുധം കോടാലി ശംഖു്
ഘണ്ടാച പാശകഃ ശക്തിഃ	=	മണി പാശം വേൽ
ദണ്ഡഃ ചർമ്മ ചാപം	=	ദണ്ഡം പരിച വില്ലു്
പാനപാത്രം കമണ്ഡലുഃ	=	വട്ടക ജലപാത്രം
ഏഭിഃ ആയുധൈഃ	=	ഈ ആയുധങ്ങളെക്കൊണ്ടു്
അലംകൃതഭുജാം	=	അലങ്കരിക്കപ്പെട്ട കൈകളോടുകൂടിയവ[ളായും
കമലാസനാം	=	പത്മാസനയായും
സർവ്വദേവമയീം	=	സകലദേവസ്വരൂപിണിയായും
ഈശാം	=	സർവ്വനാഥയായും ഇരിക്കുന്ന
ഇമാം മഹാലക്ഷ്മീം	=	ഈ മഹാലക്ഷ്മിയെ
പൂജയേൽ സഃ	=	പൂജിച്ചാൽ അവൻ
സർവ്വദേവാനാം ലോകാനാം	=	സർവ്വദേവന്മാൎക്കും എല്ലാ ലോകങ്ങൾക്കും
പ്രഭുഃ ഭവേൽ	=	പ്രഭുവായി ഭവിക്കും.

അല്ലയോ രാജാവേ! ജപമാല, പത്മം, ശരം, വാൾ, വജ്രായുധം, ഗദാ, ചക്രം, ത്രിശൂലം, കോടാലി, ശംഖു്, മണി, പാശം, വേൽ, ദണ്ഡം, പരിച, വില്ലു്, വട്ടക, ജലപാത്രം ഈ ആയുധങ്ങളെക്കൊണ്ടു് അലങ്കരിക്കപ്പെട്ട കൈകളോടുകൂടിയവളായും, പത്മാസനയായും, സകലദേവസ്വരൂപിണിയായും സർവ്വനാഥയായും ഇരിക്കുന്ന ഈ മഹാലക്ഷ്മിയെ പൂജിക്കുന്നവൻ സകലദേവന്മാൎക്കും സകലലോകങ്ങൾക്കും പ്രഭുവായി ഭവിക്കും.

൫൪. ഗൗരീദേഹാത്സമുൽഭൂതാ യാ സത്വൈകഗുണാശ്രയാ
സാക്ഷാത്സരസ്വതീപ്രോക്താ ശുംഭാസുരനിബർഹിണീ

യാ	=	യാതൊരുദേവി
സത്വൈകഗുണാശ്രയാ	=	സത്വഗുണപ്രധാനയായിട്ടു്
ഗൗരീദേഹാൽ	=	ഗൗരിയുടെ ദേഹത്തിങ്കൽനിന്നു
സമുൽഭൂതാ	=	സമുത്ഭവിച്ചുവോ
(സാ)	=	(ആ ദേവി)
ശുംഭാസുരനിബർഹിണി	=	ശുംഭാസുരനെ നിഗ്രഹിച്ച

സാക്ഷാൽ സരസ്വതി = സാക്ഷാൽ സരസ്വതി എന്ന്
പ്രോക്താ = പറയപ്പെട്ടു.

സത്വഗുണപ്രധാനയായി ഗൗരിയുടെ ദേഹത്തിൽനിന്ന് ഉത്ഭവിച്ചവളായി ഇരിക്കുന്ന ആ ദേവി ശുംഭാസുരനെ നിഗ്രഹിച്ചു സാക്ഷാൽ സരസ്വതി എന്നു പറയപ്പെട്ടു.

ശിഷ്യ—മഹാലക്ഷ്മിയുടെ ധ്യാനത്തെ പറഞ്ഞിട്ട് മഹാസരസ്വതി ധ്യാനത്തെ പറയുന്നു.

൧൯. ദധൗ ചാഷ്ടഭുജാ ബാണമുസലേ ശൂലചക്രഭൃൽ
ശംഖം ഘണ്ടാം ലാംഗലം ച കാർമ്മുകം വസുധാധിപ!

വസുധാധിപ! = അല്ലയോ രാജാവേ!
(സാ) = (ആ മഹാസരസ്വതി)
അഷ്ടഭുജാ = എട്ടുകൈകളോടുകൂടിയവളും
ബാണമുസലേ = ശരത്തേയും ഉലക്കയേയും
ശൂലചക്രഭൃൽ = ശൂലചക്രങ്ങളേയും ഭരിക്കുന്നവളും
ശംഖം ഘണ്ടാം = ശംഖിനേയും മണിയേയും
ലാംഗലം കാർമ്മുകം ച = കലപ്പയേയും വില്ലിനേയും
ദധൌ ച = ധരിച്ചിരിക്കുന്നവളും ആകുന്നു.

അല്ലയോ രാജാവേ! ആ മഹാസരസ്വതി ശരം, ഉലക്ക, ശൂലം, ചക്രം, ശംഖ്, മണി, കലപ്പ, വില്ല് ഈ ആയുധങ്ങളെ ധരിച്ചിരിക്കുന്ന എട്ടുകൈകളോടുകൂടിയവളാകുന്നു.

൨൰ ഏഷാ സംപൂജിതാ ഭക്ത്യാ സർവ്വജ്ഞത്വം പ്രയച്ഛതി
നിശുംഭമഥനീ ദേവീ ശുംഭാസുരനിബർഹിണീ

നിശുംഭമഥനീ = നിശുംഭാസുരനെ മഥനം ചെയ്തവളും
ശുംഭാസുരനിബർഹിണീ = ശുംഭാസുരനെ നിഗ്രഹിച്ചവളും ആയ
ഏഷാ ദേവീ = ഈ മഹാസരസ്വതി
ഭക്ത്യാ സംപൂജിതാ = ഭക്തിയോടുകൂടി നല്ലവണ്ണം പൂജിക്കപ്പെട്ടാൽ
സർവ്വജ്ഞത്വം പ്രയച്ഛതി = സർവ്വജ്ഞത്വത്തെ കൊടുക്കുന്നു.

ശുംഭനിശുംഭന്മാരെ നിഗ്രഹിച്ച ഈ മഹാസരസ്വതിയെ ഭക്തിയോടുകൂടി പൂജിച്ചാൽ സർവ്വജ്ഞത്വത്തെ കൊടുക്കുന്നു.

൨൧ ഇത്യുക്താനി സ്വരൂപാണി മൂർത്തീനാം തവ പാർത്ഥിവ!
ഉപാസനം ജഗന്മാതുഃ പൃഥഗാസാം നിശാമയ

പാർത്ഥിവ! = രാജാവേ!
മൂർത്തീനാം = മഹാകാള്യാദി മൂന്നുമൂർത്തികളുടേയും
സ്വരൂപാണി = സ്വരൂപങ്ങൾ

തവ	=	ഭവാനോട്
ഇതി ഉക്താനി	=	ഇപ്രകാരം പറയപ്പെട്ട
ജഗന്മാതുഃ	=	ആദിമഹാലക്ഷ്മിയുടേയും
പൃഥക് ആസാം	=	വെവ്വേറെ ഈ മഹാകാള്യാദികളുടേയും
ഉപാസനം നിശാമയ	=	ഉപാസനയെ കേട്ടാലും.

അല്ലയോ രാജാവേ! മഹാകാള്യാദി മൂന്നുമൂർത്തികളുടേയും സ്വരൂപങ്ങളെ ഭവാനോട് ഇപ്രകാരം പറഞ്ഞു. ആദിമഹാലക്ഷ്മിയുടേയും വെവ്വേറെ ഈ മഹാകാള്യാദികളുടേയും ഉപാസനയെ കേട്ടാലും.

൧൭. മഹാലക്ഷ്മീര്യദാ പൂജ്യാ മഹാകാളി സരസ്വതി
ദക്ഷിണോത്തരയോഃ പൂജ്യേ പൃഷ്ഠതോ മിഥുനത്രയം

യദാ	=	എപ്പോൾ
മഹാലക്ഷ്മിഃ പൂജ്യാ	=	മഹാലക്ഷ്മി പൂജിക്കപ്പെടുന്നുവോ
(തദാ) ദക്ഷിണോത്തരയോഃ	=	അപ്പോൾ ദക്ഷിണവാമഭാഗങ്ങളിൽ
മഹാകാളീ സരസ്വതീ	=	മഹാകാളിയും മഹാസരസ്വതിയും
പൂജ്യേ	=	പൂജിക്കപ്പെടേണ്ടവരാകുന്നു.
പൃഷ്ഠതഃ	=	ദേവിയുടെ പൃഷ്ഠഭാഗത്തിൽ
മിഥുനത്രയം	=	മിഥുനത്രയത്തേയും (പൂജിക്കണം)

മഹാലക്ഷ്മിയെ പൂജിക്കുമ്പോൾ വലത്തുഭാഗത്തും ഇടത്തുഭാഗത്തും മഹാകാളിയേയും മഹാസരസ്വതിയേയും പൃഷ്ഠഭാഗത്തിൽ സരസ്വത്യാദികളോടുകൂടിയ ബ്രഹ്മാദികളായ മിഥുനത്രയത്തേയും പൂജിക്കണം.

ഗുപ്ത—മഹാലക്ഷ്മിയുടെ പൂജയെ പറയുന്നു.

ദക്ഷിണോത്തരവിഭാഗം പൂജകനെ അനുസരിച്ചാകുന്നു.

ശാന്ത—'തപ്തകാഞ്ചന' ഇത്യാദി ധ്യാനംകൊണ്ടു പറയപ്പെട്ട നാലു കൈകളോടുകൂടിയ മഹാലക്ഷ്മി എപ്പോൾ പൂജിക്കപ്പെടുന്നുവോ അപ്പോൾ ആ ദേവിയെ മദ്ധ്യസ്ഥാനത്തിൽ പൂജിച്ചിട്ട് ആ ദേവിയുടെ തന്നെ ദക്ഷിണോത്തരഭാഗങ്ങളിൽ നാലുകൈകളോടുകൂടിയ മഹാകാളിയേയും നാലു കൈകളോടുകൂടിയ മഹാസരസ്വതിയേയും പൂജിക്കണം. ഈ മഹാലക്ഷ്മിയും മാഹാകാളിയും മഹാസരസ്വതിയും മുൻപിൽ പറയപ്പെട്ട നാല് ആയുധങ്ങൾവീതം ധരിച്ചിരിക്കുന്ന നാലു കൈകൾവീതംഉള്ളവരായിട്ട് പൂജിക്കപ്പെടേണ്ടവരാകുന്നു. ഇവരുടെ പൃഷ്ഠഭാഗത്തിൽ മിഥുനത്രയവും പൂജിക്കപ്പെടണം.

൧൮. വിരിഞ്ചിഃ സ്വരയാ മദ്ധ്യേ രുദ്രോ ഗൌര്യാ ച ദക്ഷിണേ
വാമേ ലക്ഷ്മ്യാ ഹൃഷീകേശഃ പുരതോ ദേവതാത്രയം.

മദ്ധ്യേ = മദ്ധ്യഭാഗത്തിൽ
സ്വരയാ വിരിഞ്ചിഃ = സരസ്വതിയോടുകൂടി ബ്രഹ്മാവും
ദക്ഷിണേ = ദക്ഷിണഭാഗത്തു്
ഗൌര്യ്യാ ച രുദ്രഃ = പാർവ്വതിയോടുകൂടി രുദ്രനും
വാമേ = വാമഭാഗത്തു്
ലക്ഷ്മ്യാ ഹൃഷീകേശഃ = ലക്ഷ്മിയോടുകൂടി വിഷ്ണുവും
പുരതഃ = മുൻഭാഗത്തു്
ദേവതാത്രയം = മൂന്നുദേവതകളും (പൂജിക്കപ്പെടണം)

മദ്ധ്യത്തിൽ സരസ്വതിയോടുകൂടി ബ്രഹ്മാവിനേയും, വലത്തുഭാഗത്തു് പാർവ്വതിയോടുകൂടി രുദ്രനേയും, ഇടത്തുഭാഗത്തു് ലക്ഷ്മിയോടുകൂടി വിഷ്ണുവിനേയും മുൻഭാഗത്തു് മഹാകാള്യാദി മൂന്നുദേവതകളേയും പൂജിക്കണം.

൨൦ * അഷ്ടാദശഭുജാ മദ്ധ്യേ വാമേ ചാസ്യാ ദശാനനാ
ദക്ഷിണേഽഷ്ടഭുജാ, ലക്ഷ്മിർമ്മഹതീതി സമർച്ചയേൽ

മദ്ധ്യേ അഷ്ടാദശഭുജാ = മദ്ധ്യത്തിൽ പതിനെട്ടുകയ്യുള്ള ലക്ഷ്മിയും
അസ്യാഃ വാമേ = ഇവളുടെ വാമഭാഗത്തു്
ദശാനനാ ച = പത്തുമുഖങ്ങളോടുകൂടിയ കാളിയും
ദക്ഷിണേ അഷ്ടഭുജാ = ദക്ഷിണഭാഗത്തു് എട്ടുകയ്യുള്ള സരസ്വതിയും
ലക്ഷ്മീഃ മഹതീ ഇതി = മഹാലക്ഷ്മി മഹതിയായും
സമർച്ചയേൽ = പൂജിക്കപ്പെടണം

മദ്ധ്യഭാഗത്തിൽ പതിനെട്ടു കൈകളോടുകൂടിയ മഹാലക്ഷ്മിയേയും, മഹാലക്ഷ്മിയുടെ ഇടത്തുഭാഗത്തു് പത്തുമുഖങ്ങളോടുകൂടിയ മഹാകാളിയേയും, വലത്തുഭാഗത്തു എട്ടുകൈകളോടുകൂടിയ മഹാസരസ്വതിയേയും, ഇതിൽ മഹാലക്ഷ്മിയെ മഹതിയായും = പ്രധാനയായും പൂജിക്കണം.

൨൧. അഷ്ടാദശഭുജാ ചൈഷാ യദാ പൂജ്യാ നരാധിപ!
ദശാനനാ ചാഷ്ടഭുജാ ദക്ഷിണോത്തരയോസ്തദാ

൨൨. കാലമൃത്യൂ ച സംപൂജ്യൌ സർവ്വാരിഷ്ടപ്രശാന്തയേ

---

* അഷ്ടാദശഭുജയായ ലക്ഷ്മിയുടെ, വാമഭാഗത്തു ചതുർഭുജമഹാകാളിക്കു നേരെ ദശാനനയായ കാളിയെ പൂജിക്കണമെന്നും, ദക്ഷിണഭാഗത്തു് ചതുർഭുജസരസ്വതിയുടെ നേരെ മുൻപിൽ അഷ്ടഭുജസരസ്വതിയെ പൂജിക്കണമെന്നും ശാന്തനവീവ്യാഖ്യാതാവു് പറയുന്നു. ഈ അഭിപ്രായം ൧൯, ൨൦ ഈ ശ്ലോകങ്ങളുടെ അർത്ഥത്തോടു യോജിക്കുന്നില്ല.

നരാധിപ! = ഹേ രാജാവേ!
ഏഷാ അഷ്ടാദശഭുജാ ച = ഈ പതിനെട്ടുകൈകളോടുകൂടിയ മഹാലക്ഷ്മിയും
ദശാനനാ = പത്തുമുഖങ്ങളോടുകൂടിയ മഹാകാളിയും
അഷ്ടഭുജാ ച = എട്ടുകൈകളോടുകൂടിയ മഹാസരസ്വതിയും
യദാ പൂജ്യാ = എപ്പോൾ പൂജിക്കപ്പെടുന്നുവോ
തദാ ദക്ഷിണോത്തരയോഃ = അപ്പോൾ ദക്ഷിണോത്തരഭാഗങ്ങളിൽ
കാലമൃത്യൂ ച = കാലനും മൃത്യുവും
സർവാരിഷ്ടപ്രശാന്തയേ = സർവാരിഷ്ടശമനത്തിനായി
സംപൂജ്യൌ = പൂജിക്കപ്പെടേണ്ടവരാകുന്നു.

അല്ലയോ രാജാവേ! അഷ്ടാദശഭുജയായ മഹാലക്ഷ്മിയേയും, ദശമുഖമഹാകാളിയേയും, അഷ്ടഭുജമഹാസരസ്വതിയേയും പൂജിക്കുമ്പോൾ സർവാരിഷ്ടശാന്തിക്കായിക്കൊണ്ടു് ദക്ഷിണോത്തരഭാഗങ്ങളിൽ കാലനേയും മൃത്യുവിനേയുംകൂടി പൂജിക്കേണ്ടതാകുന്നു.

യദാ ചാഷ്ടഭുജാ പൂജ്യാ ശുംഭാസുരനിബർഹിണീ
നവാസ്യാഃ ശക്തയഃ പൂജ്യാസ്തഥാ രുദ്രവിനായകൌ
നമോ ദേവ്യാ ഇതി സ്തോത്രൈർമ്മഹാലക്ഷ്മീം സമർച്ചയേൽ

യദാ = എപ്പോൾ
ശുംഭാസുരനിബർഹിണീ = ശുംഭാസുരനെ നിഗ്രഹിച്ച
അഷ്ടഭുജാ ച = എട്ടുകൈകളോടുകൂടിയ സരസ്വതി
പൂജ്യാ = പൂജിക്കപ്പെടുന്നുവോ
(തദാ) = അപ്പോൾ
അസ്യാഃ = ഈ സരസ്വതിയുടെ
നവ ശക്തയഃ = ഒൻപതു ശക്തികളും
തഥാ = അപ്രകാരം ദക്ഷിണോത്തരഭാഗങ്ങളിൽ
രുദ്രവിനായകൌ = രുദ്രവിനായകന്മാരുംകൂടി
പൂജ്യാഃ = പൂജിക്കപ്പെടേണ്ടവരാകുന്നു.
മഹാലക്ഷ്മീം = മഹാലക്ഷ്മിയെ
നമോദേവ്യാ ഇതി = നമോദേവ്യാ എന്നുള്ള
സ്തോത്രൈഃ സമർച്ചയേൽ = സ്തോത്രങ്ങളെക്കൊണ്ടു് പൂജിക്കണം.

ശുംഭാസുരനെ നിഗ്രഹിച്ച അഷ്ടഭുജസരസ്വതിയെ പൂജിക്കുമ്പോൾ ഈ സരസ്വതിയുടെ (കവചത്തിൽ പറയുന്ന ശൈലപുത്ര്യാദികളായ) ഒൻപതുശക്തികളേയും ദക്ഷിണോത്തരഭാഗങ്ങളിൽരുദ്രവിനായകന്മാരേയും പൂജിക്കണം. മഹാലക്ഷ്മിയെ "നമോദേവ്യൈ"ഇത്യാദിസ്തോത്രംകൊണ്ടു് അർച്ചിക്കണം.

ഗുപ്ത—'നമോദേവ്യൈ' എന്ന ഒരു മന്ത്രംകൊണ്ടോ അല്ലെങ്കിൽ അഥർവ്വശിരസ്സിൽ പറയുന്ന 'രൗദ്രായൈ' ഇത്യാദി സ്തോത്രമന്ത്രങ്ങൾ എല്ലാം കൊണ്ടോ അർച്ചിക്കണം.

൨൪. അവതാരത്രയാർച്ചായാം സ്തോത്രമന്ത്രാസ്തദാശ്രയാ
അഷ്ടാദശഭുജാ ചൈഷാ പൂജ്യാ മഹിഷമർദ്ദിനീ

൨൫. മഹാലക്ഷ്മീർമ്മഹാകാളീ സൈവ പ്രോക്താ സരസ്വതീ
ഈശ്വരീ പുണ്യപാപാനാം സർവ്വലോകമഹേശ്വരീ

അവതാരത്രയാർച്ചായാം	=	മഹാകാള്യാദി മൂന്നവതാരങ്ങളെ പൂജിക്കു-
സ്തോത്രമന്ത്രാഃ	=	സ്തോത്രമന്ത്രങ്ങൾ [മ്പോൾ
തദാശ്രയാഃ	=	അവരവരെ ആശ്രയിച്ചുള്ളതുതന്നെ ആകു-
മഹിഷമർദ്ദിനി	=	മഹിഷാസുരമർദ്ദിനിയായ [ന്നു
ഏഷാ അഷ്ടാദശഭുജാ ച	=	ഈ പതിനെട്ടുകൈയുള്ള മഹാലക്ഷ്മി
പൂജ്യാ	=	മുഖ്യമായി പൂജിക്കപ്പെടേണ്ടവളാകുന്നു
മഹാലക്ഷ്മീഃ മഹാകാളീ	=	മഹാലക്ഷ്മി മഹാകാളിയാകുന്നു.
സരസ്വതീ	=	മഹാസരസ്വതിയും
പുണ്യപാപാനാം	=	പുണ്യപാപങ്ങൾക്ക്
ഈശ്വരീ	=	ഈശ്വരിയും
സർവ്വലോകമഹേശ്വരീ	=	എല്ലാലോകങ്ങൾക്കും മഹതിയായഈശ്വ
സാ ഏവ	=	ആ മഹാലക്ഷ്മിതന്നെ എന്നു് [രിയും
പ്രോക്താ	=	പറയപ്പെട്ടിരിക്കുന്നു.

മഹാകാള്യാദി മൂന്നവതാരങ്ങളെ പൂജിക്കുമ്പോൾ ചെയ്യേണ്ട സ്തോത്രമന്ത്രങ്ങൾ അവരവരെ ആശ്രയിച്ചുള്ളതുതന്നെ ആകുന്നു. മഹിഷമർദ്ദിനിയായി അഷ്ടാദശഭുജയായി ഇരിക്കുന്ന ഈ മഹാലക്ഷ്മി മുഖ്യമായി പൂജിക്കപ്പെടേണ്ടവളും, ആ മഹാലക്ഷ്മിതന്നെ മഹാകാളിയായും മഹാസരസ്വതിയായും പുണ്യപാപങ്ങൾക്ക് ഈശ്വരിയായും സകലലോകങ്ങൾക്കും മഹതിയായ ഈശ്വരിയായും ഭവിച്ചിരിക്കുന്നവളും ആണെന്നു് പറയപ്പെട്ടിരിക്കുന്നു.

ഗുപ്ത—മഹാകാളിയെ 'ത്വം സ്വാഹാ ത്വം സ്വധാ' ഇത്യാദി സ്തോത്രമന്ത്രങ്ങളെക്കൊണ്ടും, മഹാലക്ഷ്മിയെ 'ദേവ്യാ യയാ തതം' ഇത്യാദിസ്തോത്രമന്ത്രങ്ങളെക്കൊണ്ടും, മഹാസരസ്വതിയെ 'ദേവി!പ്രപന്നാർത്തിഹരേ!' ഇത്യാദി സ്തോത്രമന്ത്രങ്ങളെക്കൊണ്ടും അർച്ചിക്കണം. ചണ്ഡികോപാസകന്മാർക്കു് അഷ്ടാദശഭുജയായി മദ്ധ്യമചരിത്രദേവതയായി ഇരിക്കുന്ന മഹാലക്ഷ്മിയുടെ പൂജതന്നെ പ്രധാനം. മഹാകാളീമഹാസരസ്വതികളുടെ പൂജയും ചെയ്താൽ വിശേഷംതന്നെ.

44

ഇല്ലെങ്കിലും ഈ മഹാലക്ഷ്മി സമഷ്ടിരൂപിണിയായതുകൊണ്ടു് ഈ ദേവിയുടെ പൂജ മററുദേവിമാരുടേയും പൂജയായും ഭവിക്കുന്നതാകുന്നു.

൨൩. മഹിഷാന്തകരീ യേന പൂജിതാ സജഗൽപ്രഭുഃ
പൂജയേജ്ജഗതാം ധാത്രീം ചണ്ഡികാം ഭക്തവത്സലാം

൨൧. അർഘ്യാദിഭിരലംകാരൈർഗ്ഗന്ധപുഷ്പൈസ്തഥാക്ഷതൈഃ
ധൂപൈർദ്ദീപൈശ്ച നൈവേദ്യൈർന്നാനാഭക്ഷ്യസമന്വിതൈഃ

ജഗതാം ധാത്രീം	= പതിനാലുലോകങ്ങളേയും ഭരിക്കുന്നവ-[ളായും
ചണ്ഡികാം	= ചണ്ഡികയായും
ഭക്തവത്സലാം	= ഭക്തന്മാരിൽ വാത്സല്യത്തോടുകൂടിയവളായും ഇരിക്കുന്ന മഹാലക്ഷ്മിയെ
അർഘ്യാദിഭിഃ	= അർഘ്യം മുതലായവയെക്കൊണ്ടും
അലംകാരൈഃ	= അലംകാരങ്ങളെക്കൊണ്ടും
ഗന്ധപുഷ്പൈഃ	= ചന്ദനം, പുഷ്പം ഇവയെക്കൊണ്ടും
തഥാ അക്ഷതൈഃ	= അതുപോലെതന്നെ അക്ഷതങ്ങളെ-[ക്കൊണ്ടും
ധൂപൈഃ ദീപൈഃ ച	= ധൂപങ്ങളെക്കൊണ്ടും ദീപങ്ങളെക്കൊണ്ടും
നാനാഭക്ഷ്യസമന്വിതൈഃ	= പലവിധത്തിലുള്ള ഭക്ഷണസാധനങ്ങ-[ളോടുകൂടിയ
നൈവേദ്യൈഃ പൂജയേൽ	= നൈവേദ്യങ്ങളെക്കൊണ്ടും പൂജിക്കണം.
യേന	= യാവനൊരുത്തനാൽ
മഹിഷാന്തകരീ	= മഹിഷാസുരമർദ്ദിനിയായ മഹാലക്ഷ്മി
പൂജിതാ സഃ	= പൂജിക്കപ്പെട്ടുവോ അവൻ
ജഗൽപ്രഭുഃ	= ജഗൽപ്രഭുവായി ഭവിക്കുന്നു.

പതിനാലുലോകങ്ങളേയും ഭരിക്കുന്നവളായി, ചണ്ഡികയായി, ഭക്തവത്സലയായി, മഹിഷാസുരമർദ്ദിനിയായി ഇരിക്കുന്ന മഹാലക്ഷ്മിയെ, അർഘ്യം മുതലായവ, അലംകാരങ്ങൾ, ചന്ദനം, പുഷ്പം, അക്ഷതം, ധൂപം, ദീപം, പലവിധത്തിലുള്ള ഭക്ഷണസാധനങ്ങളോടുകൂടിയ നൈവേദ്യങ്ങൾ ഇവകളെക്കൊണ്ടു പൂജിക്കുന്നവൻ ജഗൽപ്രഭുവായി ഭവിക്കുന്നു.

ശാന്ത—മഹാലക്ഷ്മി മഹാകാള്യാദികളായ മററുദേവതകളുടേയും സ്വരൂപത്തോടുകൂടിയവൾതന്നെ ആയതുകൊണ്ടു് ആ മഹാലക്ഷ്മിയെ ത്തന്നെ പൂജിക്കണം എന്നു താല്പര്യം. സഗുണമായി നോക്കുമ്പോൾ മററു ദേവിമാരെ അപേക്ഷിച്ചു് മഹാലക്ഷ്മിക്കു മൂലപ്രകൃതിയോടു് ഐക്യാധിക്യംഉള്ളതുകൊണ്ടു് ആ മഹാലക്ഷ്മിക്കുതന്നെ പ്രാധാന്യം.

൨൨. രുധിരാക്തേന ബലിനാ മാംസേന സുരയാ നൃപ!
പ്രണാമാചമനീയേന ചന്ദനേന സുഗന്ധിനാ
൨൩. സകർപ്പൂരൈശ്ച താംബൂലൈർഭക്തിഭാവസമന്വിതൈഃ

നൃപ!	= ഹേ രാജാവേ!
രുധിരാക്തേന ബലിനാ	= രക്തത്തോടുകൂടിയ ബലിദാനംകൊണ്ടും
സുരയാ മാംസേന	= മധുമാംസങ്ങളെക്കൊണ്ടും
പ്രണാമാചമനീയേന	= നമസ്കാരം ആചമനംഇവകൊണ്ടും
സുഗന്ധിനാ ചന്ദനേന	= സുഗന്ധത്തോടുകൂടിയ ചന്ദനംകൊണ്ടും
ഭക്തിഭാവസമന്വിതൈഃ	= ഭക്തിയോടുകൂടി
സകർപ്പൂരൈഃ താംബൂലൈഃ ച	= കർപ്പൂരംകൊണ്ടും താംബൂലംകൊണ്ടും
(പൂജയേൽ)	= ആ മഹാലക്ഷ്മിയെ പൂജിക്കണം.

അല്ലയോ രാജാവേ! രക്തത്തോടുകൂടിയ ബലിദാനംകൊണ്ടും, മധുമാംസങ്ങളെക്കൊണ്ടും, നമസ്കാരം ആചമനം ഇവകളെക്കൊണ്ടും സുഗന്ധത്തോടുകൂടിയ ചന്ദനംകൊണ്ടും, കർപ്പൂരതാംബൂലങ്ങൾകൊണ്ടും ആ മഹാലക്ഷ്മിയെ ഭക്തിയോടുകൂടി പൂജിക്കണം.

ശാന്ത—രക്തത്തോടുകൂടിയുള്ള ബലിദാനവും മധുമാംസങ്ങളെക്കൊണ്ടുള്ള പൂജയും ഇവിടെ സുരഥമഹാരാജാവു് ക്ഷത്രിയനും, സമാധി വൈശ്യനും, ആകകൊണ്ടു് വിധിച്ചിട്ടുള്ളതാകുന്നു. ആ പൂജ അബ്രാഹ്മണവിഷയമാണു്.

"ബ്രാഹ്മണഃ സുരാം ന പിബേൽ, പാപ്മനാ സംസൃജ്യത"

"ഗൗഡീ, പൈഷ്ടീ, തഥാ മാധ്വീ വിജ്ഞേയാ ത്രിവിധാ സുരാ
യഥൈവൈകാ തഥാ സർവ്വാ ന പേയാ ബ്രഹ്മവാദിഭിഃ"

ഇത്യാദി ശ്രുതികൾ ബ്രാഹ്മണൻ മദ്യസ്വീകാരം ചെയ്യരുതെന്നു ഘോഷിക്കുന്നതുകൊണ്ടും കാപാലഭൈരവാദിതന്ത്രങ്ങളിൽ മദ്യസ്വീകാരം വിധിച്ചിട്ടുണ്ടെങ്കിലും അതു് ശ്രുതിവിരോധമാകകൊണ്ടു് അജ്ഞാനികളായ പാപികളെ മോഹിപ്പിക്കുന്നതിനായി പരമശിവൻ വിധിച്ചിട്ടുള്ളതാണെന്നു് സ്ഥാപിച്ചിരിക്കുന്നതിനാലും ഈ പൂജ അബ്രാഹ്മണവിഷയംതന്നെ ആകുന്നു.

വാമഭാഗേഽഗ്രതോ ദേവ്യാ ഛിന്നശീർഷം മഹാസുരം
൨൪. പൂജയേന്മഹിഷം യേന പ്രാപ്തം സായുജ്യമീശയാ

ദേവ്യാഃ വാമഭാഗേ	= ദേവിയുടെ ഇടത്തുപുറത്തു്.
അഗ്രതഃ	= മുൻപിലായിട്ടു്
യേന ഈശയാ	= യാവനൊരുത്തനാൽ മഹാദേവിയോടുകൂടി

സായുജ്യം പ്രാപ്തം = ഐക്യം പ്രാപിക്കപ്പെട്ടവോ
ഛിന്നശീഷം മഹിഷം = ശിരസ്സു മുറിക്കപ്പെട്ട മഹിഷൻ എന്ന
മഹാസുരം പൂജയേൽ = ആ മഹാസുരനെ പൂജിക്കണം.

ദേവിയുടെ ഇടത്തുഭാഗത്തു് മുൻപിലായിട്ടു് മഹാദേവിയോടു് ഐക്യംപ്രാപിച്ചവനായി, ശിരസ്സുമുറിക്കപ്പെട്ടവനായി ഇരിക്കുന്ന ആ മഹിഷമഹാസുരനെ പൂജിക്കണം.

ശാന്ത—ഇതുകൊണ്ടു് ജഗന്മാതാവായ ഭഗവതിക്കു് ശത്രുക്കളിലുംകൂടി വാത്സല്യമുണ്ടെന്നു ധ്വനിപ്പിക്കുന്നു.

"വൈരിഷ്വപി പ്രകടിതൈവ ദയാ ത്വയേത്ഥം" എന്നു പറഞ്ഞിരിക്കുന്നതും അതനുസരിച്ചുതന്നെയാണു്.

ദക്ഷിണേ പുരതസ്സിംഹം സമഗ്രം ധമ്മമീശ്വരം

ന.മ. വാഹനം പൂജയേദ്ദേവ്യ ധൃതം യേന ചരാചരം
യഃ കുയ്യാൽ പ്രയതോ ധീമാൻ തസ്യാ ഏകാഗ്രമാനസഃ

യഃ ധീമാൻ പ്രയതഃ = യാതൊരു ബുദ്ധിമാൻ ശുദ്ധനായി
ഏകാഗ്രമാനസഃ = ഏകാഗ്രമനസ്സോടുകൂടിയവനായിട്ടു്
തസ്യാഃ (പൂജാം)കുയ്യാൽ = ആ പരമേശ്വരിയുടെ പൂജയെ ചെയ്യു-[ന്നുവോ
(സഃ) ദക്ഷിണേ പുരതഃ = അവൻ ദേവിയുടെ ദക്ഷിണഭാഗത്തു് മുൻപിലായിട്ടു്
യേന ചരാചരം = യാവനൊരുത്തനാൽ ഈ ചരാചരമെ-
ധൃതം = ധരിക്കപ്പെടുന്നുവോ [ല്ലാം
സമഗ്രം ധമ്മം ഈശ്വരം = ധമ്മംമുഴുവനും മൂത്തിമത്തായി ഈശ്വരനായി ഇരിക്കുന്ന
ദേവ്യാഃ വാഹനം = ദേവിയുടെ വാഹനമായ
സിംഹം പൂജയേൽ = സിംഹത്തെ പൂജിക്കണം.

ശുദ്ധനായി ഏകാഗ്രമനസ്സോടുകൂടിയവനായിട്ടു് ആ പരമേശ്വരിയെ പൂജിക്കുന്ന ബുദ്ധിമാൻ, ദേവിയുടെ വലത്തുഭാഗത്തു് മുൻപിൽ ഈ ജഗത്തിനെ ധരിക്കുന്നവനായി, ധമ്മസ്വരൂപിയായി, ഈശ്വരനായി ഇരിക്കുന്ന ദേവീവാഹനസിംഹത്തേയും പൂജിക്കണം.

ശാന്ത—യാതൊരു ബുദ്ധിമാൻ ഏകാഗ്രമനസ്സോടുകൂടി ശുദ്ധനായിട്ടു് ആ പരമേശ്വരിയെ പൂജിക്കുന്നുവോ അവൻ ധമ്മാത്മകമായിരിക്കുന്ന സിംഹത്തെയും പൂജിക്കേണ്ടതാകുന്നു.

ഈ ദേവിക്കു് ധമ്മം വാഹനമാണെന്നു പറഞ്ഞതുകൊണ്ടു് ധമ്മനിഷ്ഠന്മാരായ പുരുഷന്മാർമാത്രമേ ഈ ദേവിയെ പ്രാപിക്കുകയുള്ളൂ എന്നു താല്പയ്യം.

൩൨. തതഃ കൃതാഞ്ജലിർഭൂത്വാ സ്തുവീത ചരിതൈരിമൈഃ
ഏകേന വാ മദ്ധ്യമേന നൈകേനേതരയോരിഹ

൩൩. ചരിതാർദ്ധന്തു ന ജപേൽ ജപം ഛിദ്രമവാപ്നുയാൽ

തതഃ	= അനന്തരം
കൃതാഞ്ജലിഃ ഭൂത്വാ	= തൊഴുകയ്യോട്ടുകൂടിയവനായി ഭവിച്ചിട്ടു്
ഇമൈഃ ചരിതൈഃ	= പ്രഥമ മദ്ധ്യമോത്തമ ചരിത്രങ്ങളെക്കൊ-
ഏകേന	= ഒരു ചരിത്രംകൊണ്ടോ [ണ്ടോ
മദ്ധ്യമേന വാ സ്തുവീത	= മദ്ധ്യമചരിത്രംകൊണ്ടോ സ്തുതിക്കണം
ഇഹ ഇതരയോഃ	= ഇവിടെ പ്രഥമോത്തമചരിത്രങ്ങളിൽ
ഏകേന ന	= ഒന്നുകൊണ്ടു് സ്തുതിക്കരുതു്
ചരിതാർദ്ധം തു നജപേൽ	= ഒരു ചരിത്രത്തിന്റെ പകുതിയും ജപിക്ക
ജപം ഛിദ്രം അവാപ്നുയാൽ	= ജപം ഛിദ്രത്തെ പ്രാപിക്കും. [രുതു്

പൂജാനന്തരം കൈതൊഴുതുപിടിച്ചുകൊണ്ടു് ചരിത്രത്രയംകൊണ്ടോ മദ്ധ്യമചരിത്രംമാത്രംകൊണ്ടോ സ്തുതിക്കണം. പ്രഥമോത്തമചരിത്രങ്ങളിൽ ഒന്നുകൊണ്ടുമാത്രം സ്തുതിക്കരുതു്, ഒരു ചരിത്രത്തിന്റെ പകുതിജപിക്കുകയും അരുതു്. അങ്ങനെ ജപിച്ചാൽ ജപത്തിനു ഛിദ്രതയുണ്ടാകും.

ഗുപ്ത—അംഗദേവതകളെ പൂജിച്ചതിന്റെശേഷം ചരിത്രത്രയംകൊണ്ടോ, മദ്ധ്യമചരിത്രംമാത്രംകൊണ്ടോ, നാലുസ്തുതികളെക്കൊണ്ടോ സ്തുതിക്കണം

ശാന്ത—ആദ്യം കവചം, പിന്നീടു് അർഗ്ഗളം, പിന്നീടു് കീലകം, അനന്തരം രാത്രിസൂക്തം, പിന്നെ നവാക്ഷരീജപം, മദ്ധ്യത്തിൽ ചരിത്രത്രയം, പിന്നെയും നവാക്ഷരീജപം, പിന്നെ ദേവീസൂക്തം, അനന്തരം രഹസ്യത്രയം ഈക്രമമനുസരിച്ചു സ്തുതിക്കണം. ചരിത്രത്രയത്തെ സംപൂർണ്ണമായി പാഠംചെയ്യുന്നതിനു ശക്തിയില്ലാത്തവനും ഒരു സ്തുതികൊണ്ടുമാത്രം സ്തുതിക്കാൻ ഇച്ഛിക്കുന്നവനും മദ്ധ്യമചരിത്രംകൊണ്ടുമാത്രം സ്തുതിക്കേണ്ടതാകുന്നു.

മഹാലക്ഷ്മി മൂലപ്രകൃതിയിൽനിന്നു് അഭിന്നയും സർവ്വദേവതാത്മികയും ആകകൊണ്ടു് മഹാലക്ഷ്മീചരിത്രപാഠം നിമിത്തം എല്ലാ ദേവതകളും തൃപ്തിപ്പെടുമെന്നു താല്പര്യം.

പ്രഥമോത്തമചരിത്രങ്ങളിൽ ഒന്നുകൊണ്ടുമാത്രം സ്തുതിക്കുന്നതു മദ്ധ്യമമാകുന്നു.

പ്രദക്ഷിണാം നമസ്കാരാൻ കൃത്വാമൂർദ്ധ്നി കൃതാഞ്ജലിഃ
൩൪. ക്ഷമാപയേജ്ജഗദ്ധാത്രീം മുഹുർമ്മുഹുരതന്ദ്രിതഃ

പ്രദക്ഷിണാൻ	= പ്രദക്ഷിണങ്ങളേയും
നമസ്കാരാൻ കൃത്വാ	= നമസ്കാരങ്ങളേയും ചെയ്തിട്ട്
മൂർദ്ധ്നി കൃതാഞ്ജലിഃ	= ശിരസ്സിൽ കൈ തൊഴുതുപിടിച്ചും കൊണ്ടു്
അതന്ദ്രിതഃ മുഹുർമ്മുഹുഃ	= ഏകാഗ്രചിത്തനായിട്ടു് പിന്നെയും പിന്നെയും
ജഗദ്ധാത്രീം	= ജഗത്തിനെധരിക്കുന്നവളായദേവിയോട്ട്
ക്ഷമാപയേൽ	= ക്ഷമായാചനം ചെയ്യണം.

പൂജകൻ പ്രദക്ഷിണനമസ്കാരങ്ങളെ ചെയ്തിട്ടു് ശിരസ്സിൽ കൈ തൊഴുതുപിടിച്ചുംകൊണ്ടു് ഏകാഗ്രമനസ്സോടുകൂടി ജഗത്തിനെ ധരിക്കുന്നവളായ ദേവിയോടു് പിന്നെയും പിന്നെയും ക്ഷമായാചനം ചെയ്യണം.

പ്രതിശ്ലോകഞ്ച ജുഹുയാല്പായസം തിലസർപ്പിഷാ
൩൭. ജുഹുയാൽ സ്തോത്രമന്ത്രൈർവ്വാ ചണ്ഡികായൈ ശുഭം ഹവിഃ

ചണ്ഡികായൈ	= ചണ്ഡികാദേവിക്കായിട്ടു്
പ്രതിശ്ലോകം ച	= ശ്ലോകംതോറും
തിലസർപ്പിഷാ	= എള്ളു് നെയ്യ് ഇവയോടുകൂടി
പായസം ജുഹുയാൽ	= പായസത്തെ ഹോമിക്കണം.
വാ സ്തോത്രമന്ത്രൈഃ	= അല്ലെങ്കിൽ സ്തോത്രമന്ത്രങ്ങളെ കൊണ്ടു
ശുഭം ഹവിഃ	= ശുദ്ധമായിരിക്കുന്ന ഹവിസ്സിനെ
ജുഹുയാൽ	= ഹോമിക്കണം.

ചണ്ഡികാദേവിയെ ഉദ്ദേശിച്ചു് ഓരോ ശ്ലോകംകൊണ്ടും എള്ളു് നെയ്യ് ഇവയോടുകൂടി പായസത്തേയോ അല്ലെങ്കിൽ സ്തോത്രമന്ത്രങ്ങളെക്കൊണ്ടു് ശുദ്ധമായിരിക്കുന്ന ഹവിസ്സിനേയോ ഹോമിക്കണം.

കുറിപ്പ്—പ്രതിശ്ലോകം എന്നുപറഞ്ഞിരിക്കുന്നതിന്റെ താല്പര്യം ഏഴുനൂറു ശ്ലോകങ്ങൾകൊണ്ടും ഹോമിക്കണമെന്നാണു്. അല്ലാതെ മന്ത്രവിഭാഗം അനുസരിച്ചുള്ള ൭൦൦ മന്ത്രങ്ങളെക്കൊണ്ടു് ഹോമിക്കണമെന്നല്ല. ചിലർ കവചാദിത്രയത്തിലും രഹസ്യത്രയത്തിലും ഉള്ള ശ്ലോകങ്ങൾകൊണ്ടും ഹോമിക്കണമെന്നുപറയുന്നു. എന്നാൽ കവചംകൊണ്ടുള്ള ഹോമം തന്ത്രാന്തരനിഷേധംകൊണ്ടു് അയുക്തമാകുന്നു.

ചണ്ഡീസ്തവേ പ്രതിശ്ലോകമേകൈകാഹുതിരിഷ്യതേ
രക്ഷാകവചകൈർമ്മന്ത്രൈർഹോമം തത്ര ന കാരയേൽ.

മൗർഖ്യാല്കവചൈർമ്മന്ത്രൈഃ പ്രതിശ്ലോകം ജുഹോതി യഃ
സ്യാദ്ദേഹപതനം തസ്യ നരകഞ്ച പ്രപദ്യതേ

അന്ധകാഖ്യോ മഹാദൈത്യോ ദുൎഗ്ഗാഭക്തിപരായണഃ
കവചാഹുതിജാൽ പാപാൽ മഹേശേന നിപാതിതഃ (എന്നു്)

ശാന്ത—പ്രതിശ്ലോകം എന്നതിനു് പ്രതിമന്ത്രം എന്നൎത്ഥം. ആ മന്ത്രങ്ങൾ കാത്യായനീതന്ത്രമനുസരിച്ചുവിഭാഗിച്ചിരിക്കുന്ന 'മാൎക്കണ്ഡേയ ഉവാച സ്വാഹാ' ഇത്യാദി എഴുനൂറു മന്ത്രങ്ങളാകുന്നു. ഇങ്ങനെ ഹോമം ചെയ്യുന്നതിനു ശക്തിയില്ലാത്തവൻ സ്തോത്രമന്ത്രങ്ങളെക്കൊണ്ടു് ഹോമംചെയ്യണം.

നമോനമഃപദൈൎദ്ദേവീം പൂജയേത്സുസമാഹിതഃ
൰൬. പ്രയതഃ പ്രാഞ്ജലിഃ പ്രഹ്വഃ പ്രണമ്യാരോപ്യ ചാത്മനി
സുചിരം ഭാവയേദീശാം ചണ്ഡികാം തന്മയോ ഭവേൽ

നമോനമഃപദൈഃ	= നമോനമഃ എന്നുള്ള പദങ്ങളെക്കൊണ്ടു്
സുസമാഹിതഃ	= അത്യന്തം ഏകാഗ്രമനസ്സോടുകൂടി
ദേവീം പൂജയേൽ	= ദേവിയെ പൂജിക്കണം.
പ്രയതഃ പ്രാഞ്ജലിഃ	= ശുദ്ധനായി കൈ തൊഴുതുപിടിച്ചുംകൊണ്ടു്
പ്രഹ്വഃ	= വളരെ വിനയത്തോടുകൂടിയവനായിട്ടു്
ഈശാം ചണ്ഡികാം	= ലോകനാഥയായ ചണ്ഡികാദേവിയെ
പ്രണമ്യ	= നമസ്കരിച്ചിട്ടു്
ആത്മനി ആരോപ്യ ച	= മനസ്സിൽ തദ്രൂപത്തെ നല്ലവണ്ണം ആരോപിച്ചിട്ടു്
സുചിരം ഭാവയേൽ	= വളരെ നേരം ഭാവനചെയ്യണം
തന്മയഃ ഭവേൽ	= എന്നാൽ ആ ദേവീരൂപനായിത്തന്നെ ഭവിക്കും.

നമോനമഃ എന്നുള്ള പദങ്ങളെക്കൊണ്ടു് അത്യന്തം ഏകാഗ്രമനസ്സോടുകൂടി ദേവിയെ പൂജിക്കണം. ശുദ്ധനായി കൈതൊഴുതുപിടിച്ചുംകൊണ്ടു് വളരെ വിനയത്തോടുകൂടി ചണ്ഡികാദേവിയെനമസ്കരിച്ചു്, തദ്രൂപത്തെ മനസ്സിൽ നല്ലവണ്ണം ധ്യാനിച്ചു് വളരെനേരം ഭാവനചെയ്യണം. എന്നാൽ ആ ദേവീരൂപനായിത്തന്നെഭവിക്കും.

൰൭. ഏവം യഃ പൂജയേത്ഭക്ത്യാ പ്രത്യഹം പരമേശ്വരീം
ഭുക്ത്വാ കാമാൻ യഥാകാമം ദേവീസായുജ്യമാപ്നുയാൽ

യഃ ഏവം	= യാവനൊരുത്തൻ ഇപ്രകാരം
ഭക്ത്യാ പ്രത്യഹം	= ഭക്തിയോടുകൂടി ദിവസംതോറും
പരമേശ്വരീം പൂജയേൽ	= പരമേശ്വരിയെ പൂജിക്കുന്നുവോ
(സഃ) യഥാകാമം	= അവൻ ഇഷ്ടംപോലെയുള്ള
കാമാൻ ഭുക്ത്വാ	= ആഗ്രഹങ്ങളെ അനുഭവിച്ചിട്ടു്

ദേവീസായുജ്യം	=	ദേവ്യൈക്യത്തെ
ആപ്നയാൽ	=	പ്രാപിക്കും.

ഇപ്രകാരം ദിവസംതോറും ഭക്തിയോടുകൂടി പരമേശ്വരിയെ പൂജിക്കുന്നവൻ ഇഷ്ടംപോലെയുള്ള ആഗ്രഹങ്ങളെ എല്ലാം സാധിച്ചിട്ടു് ദേവ്യൈക്യത്തെ പ്രാപിക്കും.

ഗ്രന്ഥ—ഈ ശ്ലോകംകൊണ്ടു് ദേവീപൂജ ഇഹലോകസുഖങ്ങളേയും മോക്ഷത്തേയും കൊടുക്കുന്നതാണെന്നു പ്രതിപാദിക്കുന്നു.

൩൮. യോ ന പൂജയതേ നിത്യം ച ണ്ഡികാം ഭക്തവത്സലാം
ഭസ്മീകൃത്യാസ്യ പുണ്യാനി നിർദ്ദഹേൽ പരമേശ്വരീ

യഃ നിത്യം	=	യാവനൊരുത്തൻ ദിവസംതോറും
ഭക്തവത്സലാം ചണ്ഡികാം	=	ഭക്തവത്സലയായ ചണ്ഡികാദേവിയേ
ന പൂജയേൽ	=	പൂജിക്കുന്നില്ലയോ
പരമേശ്വരീ	=	ആപരമേശ്വരി
അസ്യ പുണ്യാനി	=	ഇവന്റെ പുണ്യങ്ങളെ
ഭസ്മീകൃത്യ നിർദ്ദഹേൽ	=	നശിപ്പിച്ചിട്ടു് നിശ്ശേഷം ദഹിപ്പിക്കും.

ഭക്തവത്സലയായ ചണ്ഡികാദേവിയെ പൂജിക്കാത്തവന്റെ പുണ്യങ്ങളെ ആ പരമേശ്വരി നശിപ്പിച്ചു് അവനെ ദഹിപ്പിക്കും.

൩൯. തസ്മാൽ പൂജയ ഭൂപാല സർവ്വലോകമഹേശ്വരീം
യഥോക്തേന വിധാനേന ചണ്ഡികാം സുഖമാപ്സ്യസി

ഭൂപാല! തസ്മാൽ	=	ഹേ രാജാവേ! അതുഹേതുവായിട്ടു്
സർവ്വലോകമഹേശ്വരീം	=	സകലലോകങ്ങൾക്കും നാഥയായിരിക്കുന്ന
ചണ്ഡികാം	=	ചണ്ഡികാദേവിയെ
യഥോക്തേന	=	പറഞ്ഞിരിക്കുന്നതുപോലെ
വിധാനേന പൂജയ	=	വിധിയനുസരിച്ചു പൂജിച്ചാലും
സുഖം ആപ്സ്യസി	=	സുഖത്തെ പ്രാപിക്കും.

അല്ലയോ രാജാവേ! അതുകൊണ്ടു് സർവ്വലോകങ്ങൾക്കും നാഥയായിരിക്കുന്ന ചണ്ഡികാദേവിയെ വിധിപ്രകാരം പൂജിച്ചാലും ഭവാൻ സകല സുഖങ്ങളേയും പ്രാപിക്കും.

വൈകൃതികരഹസ്യം സമാപ്തം.

൨൧. മൂർത്തിരഹസ്യം.

ഋഷിരുവാച

൧. നന്ദാഭഗവതി നാമ യാ ഭവിഷ്യതി നന്ദജാ
സാ സ്തുതാ പൂജിതാ ഭക്ത്യാ വശീകുര്യാജ്ജഗത്രയം.

ഋഷി പറഞ്ഞു

നന്ദാഭഗവതീ നാമ	= നന്ദാഭഗവതി എന്നു് പേരോടുകൂടി
യാ	= യാതൊരുദേവി
നന്ദജാ ഭവിഷ്യതി	= നന്ദഗോപരുടെ പുത്രിയായി അവതരി-[ക്കുമോ
സാ	= ആ ദേവി
ഭക്ത്യാ പൂജിതാ സ്തുതാ	= ഭക്തിയോടുകൂടി പൂജിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്താൽ
ജഗത്രയം വശീകുര്യാൽ	= മൂന്നുലോകങ്ങളേയും വശമാക്കിച്ചെയ്യും.

നന്ദഗോപരുടെ പുത്രിയായി 'നന്ദാ' എന്ന പേരോടുകൂടി അവതരിക്കുന്നദേവിയെ ഭക്തിയോടുകൂടി പൂജിക്കുകയും സ്തുതിക്കുകയും ചെയ്താൽ അവനു് മൂന്നുലോകങ്ങളും വശമായി ഭവിക്കും.

ഗുപ്ത—അനന്തരം നന്ദജാദികളായ ഏഴുമൂർത്തികളുടെ ഉപാസനയെച്ചുരുക്കി പറയുന്നു.

ശാന്ത—ജഗദ്രക്ഷയ്ക്കായി അവതരിക്കുവാൻപോകുന്ന നന്ദജാദി അവതാരങ്ങളെ പതിനൊന്നാമദ്ധ്യായത്തിന്റെ ഒടുവിൽ പറയപ്പെട്ടിട്ടുണ്ടു്. ആ അവതാരങ്ങളുടെ ധ്യാനോപാസനകളെപറയുന്നു:—

ഈ നന്ദജാദേവി വിന്ധ്യവാസിനിയാകുന്നു.

"നന്ദഗോപഗൃഹേ ജാതാ യശോദാഗർഭസംഭവാ
തതസ്തൗ നാശയിഷ്യാമി വിന്ധ്യാചലനിവാസിനി" എന്നു്

൨ കനകോത്തമകാന്തിഃ സാ സുകാന്തികനകാംബരാ
ദേവീ കനകവർണ്ണാഭാ കനകോത്തമഭൂഷണാ.

സാ ദേവീ	= ആ നന്ദാദേവി
കനകോത്തമകാന്തിഃ	= കനകംപോലെ ഉത്തമമായകാന്തിയോടുകൂടിയവളും
സുകാന്തികനകാംബര	= ഏററവും ശോഭയോടുകൂടിയ നീരാളത്തോടുകൂടിയവളും
കനകവർണ്ണാഭാ	= സ്വർണ്ണനിറത്തോകൂടിയവളും

കനകോത്തമഭൂഷണാ	= സ്വർണ്ണമയമായ ഉത്തമാഭരണങ്ങളോട്ടു കൂടിയവളും ആകുന്നു

ആ നന്ദാദേവി കനകംപോലെ ഉത്തമകാന്തിയോട്ടുകൂടിയവളും ഏററവും ശോഭയോട്ടുകൂടിയ നിറമുള്ളതോടുംകൂടിയവളും സ്വർണ്ണനിറത്തോട്ടുകൂടിയവളും സ്വർണ്ണമയമായി ശ്രേഷ്ഠമായി ഇരിക്കുന്ന ആഭരണങ്ങളോട്ടുകൂടിയവളും ആകുന്നു.

ശാന്ത—കനകോത്തമകാന്തി=സ്വർണ്ണത്തിൽ ഏററവും ഇച്ഛയുള്ളവൾ.

൩. കമലാംകുശപാശാബ്ജൈരലംകൃത ചതുർഭുജാ
ഇന്ദിരാ കമലാ ലക്ഷ്മീഃ സാ ശ്രീരുക്മാംബുജാസനാ.

സാ	= ആ ദേവി
കമലാങ്കുശപാശാബ്ജൈഃ	= താമരപ്പൂവ്, തോട്ടി, കയറ്, ശംഖ് ഇവകളെക്കൊണ്ടു്
അലംകൃത ചതുർഭുജാ	= അലങ്കരിക്കപ്പെട്ട നാലുകൈകളോട്ടുകൂടിയവളും
രുക്മാംബുജാസനാ	= തങ്കത്താമരപ്പൂവിൽ സ്ഥിതിചെയ്യുന്ന-[വളും
ഇന്ദിരാ കമലാ	= ഇന്ദിരയും കമലയും
ലക്ഷ്മീഃ ശ്രീഃ	= ലക്ഷ്മിയും ശ്രീയും ആകുന്നു.

ആ ദേവി താമരപ്പൂവ്, തോട്ടി, കയറ്, ശംഖ് ഇവകളെക്കൊണ്ടു അലംകരിക്കപ്പെട്ട നാലു കൈകളോട്ടുകൂടിയവളും തങ്കത്താമരപ്പൂവിൽ സ്ഥിതിചെയ്യുന്നവളും, ഇന്ദിരയും, കമലയും, ലക്ഷ്മിയും, ശ്രീയും ആകുന്നു.

ഗുപ്ത—അബ്ജത്തിന്നു ശംഖമെന്നും കമലമെന്നും പറയാം.

ലക്ഷ്മീധ്യാനത്തിൽ രണ്ടു താമരപ്പൂക്കളെ ധരിച്ചിരിക്കുന്നതായ ചില ദിക്കിൽ കാണുന്നുണ്ടു്.

ശാന്ത—അബ്ജം=ശംഖം.

ശാരദാതിലകത്തിൽ വിന്ധ്യവാസിനീധ്യാനത്തിൽ ഇങ്ങനെ പറയുന്നു..

'ചക്രം ശംഖവരാഭയാനി ദധതി' (എന്നും)

൪. യാ രക്തദന്തികാ നാമ ദേവീപ്രോക്താ മയാ/നഘ!
തസ്യാസ്സ്വരൂപം വക്ഷ്യാമി ശൃണു സർവ്വഭയാപഹം

അനഘ!	= അല്ലയോ പാപമില്ലാത്തവനേ!
മയാ	= എന്നാൽ

രക്തദന്തികാ നാമ = രക്തദന്തികാ എന്ന പേരോടുകൂടി
യാദേവീ പ്രോക്താ = യാതൊരു ദേവി പറയപ്പെട്ടുവോ
തസ്യാഃ = ആ ദേവിയുടെ
സൎവ്വഭയാപഹം = സകലഭയങ്ങളേയും നശിപ്പിക്കുന്നതായ
സ്വരൂപം വക്ഷ്യാമി ശൃണു = ആകൃതിയെ പറയാം കേട്ടാലും

അല്ലയോ പാപമില്ലാത്തവനായ രാജാവേ! ഞാൻ പറഞ്ഞ, സകല ഭയങ്ങളേയും നശിപ്പിക്കുന്നതായ രക്തദന്തികാദേവിയുടെ ആകൃതിയെ പറയാം; കേട്ടാലും.

ശാന്ത—രക്തദന്തികാദേവിയെ പറയുന്നു.

൧. രക്താംബരാ രക്തവൎണ്ണാ രക്തസൎവ്വാംഗഭൂഷണാ
രക്തായുധാ രക്തനേത്രാ രക്തകേശാതിഭീഷണാ

൨. രക്തതീക്ഷ്ണനഖാ രക്തദശനാ രക്തദന്തികാ
പതിം നാരീവാനുരക്താ ദേവീഭക്തം ഭജേജ്ജനം

രക്താംബരാ = രക്തനിറത്തിലുള്ള വസ്ത്രത്തോടുകൂടിയ
രക്തവൎണ്ണാ = രക്തവൎണ്ണത്തോടുകൂടിയവളും [വളും
രക്തസൎവ്വാംഗഭൂഷണാ = ചുവന്നനിറത്തിലുള്ള സൎവ്വാംഗാഭരണത്തോടുകൂടിയവളും
രക്തായുധാ = രക്തനിറത്തിലുള്ള ആയുധങ്ങളോടുകൂടിയവളും
രക്തനേത്രാ = ചുവന്നകണ്ണുകളോടുകൂടിയവളും
രക്തകേശാ = രക്തനിറത്തിലുള്ള തലമുടിയോടുകൂടിയവളും
അതിഭീഷണാ = അത്യന്തം ഭയത്തെചെയ്യുന്നവളും
രക്തതീക്ഷ്ണനഖാ = ചുവന്ന മൂൎച്ചയുള്ള നഖങ്ങളോടുകൂടിയവളും
രക്തദശനാ = ചുവന്ന പല്ലുകളോടുകൂടിയവളും ആയ
രക്തദന്തികാദേവി = രക്തദന്തികാദേവി
ഭക്തംജനം = ഭക്തനായവനെ
നാരീ = ഉത്തമയായ സ്ത്രീ
പതിം ഇവ = ഭൎത്താവിനെ എന്നപോലെ
അനുരക്താ = അനുരാഗത്തോടുകൂടിയവളായിട്ടു്
ഭജേൽ = ഭജിക്കും.

രക്തനിറത്തിലുള്ള വസ്ത്രത്തോടും, രക്തനിറത്തോടും, രക്തനിറത്തിലുള്ളആയുധത്തോടും, ചുവന്ന കണ്ണുകളോടും, ചുവന്ന തലമുടിയോടും, ചുവന്ന മൂൎച്ചയുള്ള നഖങ്ങളോടും, ചുവന്ന പല്ലുകളോടുംകൂടി

യവളും, ഏററവും ഭയത്തെചെയ്യുന്നവളും ആയ രക്തദന്തികാദേവി. ഉത്തമസ്ത്രീ ഭർത്താവിനെ എന്നപോലെ ഭക്തനെ അനുരാഗത്തോടു കൂടി ഭജിക്കും.

ശാന്ത—നാരി ഭർത്താവിനെ എന്ന ദൃഷ്ടാന്തം അനുരാഗാംശത്തിൽ മാത്രം സംബന്ധിക്കുന്നതാണ്.

൧. വസുധേവ വിശാലാ സാ സുമേരുയുഗളസ്തനി
ദീർഘൗ ലംബാവതിസ്ഥൂലൗ താവതീവമനോഹരൗ

൨. കർക്കശാവതികാന്തൗ തൗ സർവാനന്ദപയോനിധീ
ഭക്താൻ സമ്പായയേദ്ദേവീ സർവകാമദുഘൗ സ്തനൗ

സാ = ആ രക്തദന്തികാദേവി
വസുധാ ഇവ = ഭൂമി എന്നപോലെ
വിശാലാ = വിസ്താരമുള്ള ശരീരത്തോടുകൂടിയവളും
സുമേരുയുഗളസ്തനി = രണ്ടു മഹാമേരുപർവതങ്ങൾപോലെ സ്തനങ്ങളോടുകൂടിയവളും ആകുന്നു.
തൗ = ആ സ്തനങ്ങൾ
ദീർഘൗ ലംബൗ = ദീർഘങ്ങളും ലംബമാനങ്ങളും
അതിസ്ഥൂലൗ = ഏററവും തടിച്ചിരിക്കുന്നവയും
അതീവ മനോഹരൗ = അത്യന്തം മനോഹരങ്ങളും ആകുന്നു
ദേവീ = ആ ദേവി
കർക്കശൗ = കഠിനങ്ങളും
അതികാന്തൗ = അത്യന്തം കാന്തിയോടുകൂടിയവയും
സർവാനന്ദപയോനിധീ = സർവാനന്ദരസങ്ങളാകുന്ന ക്ഷീരങ്ങൾക്ക് ഇരിപ്പിടമായുള്ളവയും
സർവകാമദുഘൗ = സകലാഭീഷ്ടങ്ങളേയും കൊടുക്കുന്നവയും
തൗ സ്തനൗ = ആ സ്തനങ്ങളെ [ആയ
ഭക്താൻ സമ്പായയേൽ = ഭക്തന്മാരെ പാനംചെയ്യിക്കും.

ആ രക്തദന്തികാദേവി ഭൂമിയെപ്പോലെ വിസ്താരമുള്ള ശരീരത്തോടുകൂടിയവളും രണ്ടു മഹാമേരുപർവതങ്ങൾപോലെയുള്ള സ്തനങ്ങളോടുകൂടിയവളും ആകുന്നു. ആ സ്തനങ്ങൾ ദീർഘങ്ങളും ലംബമാനങ്ങളും ഏററവും തടിച്ചിരിക്കുന്നവയും അതിമനോഹരങ്ങളുംആകുന്നു. ആ ദേവി, കഠിനങ്ങളായി അത്യന്തം കാന്തിയോടുകൂടിയവയായി സർവാനന്ദരസങ്ങളാകുന്ന ക്ഷീരങ്ങൾക്ക് ഇരിപ്പിടമായി സകലാഭീഷ്ടങ്ങളേയും കൊടുക്കുന്നവയായി ഇരിക്കുന്ന ആ സ്തനങ്ങളെ ഭക്തന്മാരെ പാനംചെയ്യിക്കും.

ശാന്ത—ദീർഘൌ, ലംബൌ, എന്നും, അതിസ്ഥൂലൌ, കക്കശൌ എന്നും പറഞ്ഞിരിക്കുന്നതുകൊണ്ടു് ദേവിയുടെ സ്തനങ്ങൾ അധോഭാഗത്തേക്കു് ലംബമാനങ്ങളല്ലെന്നും തിയ്യക്ലംബായമാനങ്ങളാണെന്നും ധരിച്ചുകൊള്ളണം.

൯. ഖഡ്ഗം പാത്രം ച മുസലം ലാംഗലം ച ബിഭർത്തിസാ
ആഖ്യാതാ രക്തചാമുണ്ഡാ ദേവീയോഗേശ്വരീതി ച

൧൦. അനയാവ്യാപ്തമഖിലം ജഗൽസ്ഥാവരജംഗമം
ഇമാം യഃ പൂജയേത്ഭക്ത്യാ സ വ്യാപ്നോതി ചരാചരം

സാ	= ആ രക്തദന്തികാദേവി
ഖഡ്ഗം പാത്രംച മുസലം	= വാൾ മധുപാനപാത്രം ഉലക്ക
ലാംഗലം ച ബിഭർത്തി	= കലപ്പ ഇവയെ ധരിച്ചിരിക്കുന്നു.
ദേവീ രക്തചാമുണ്ഡാ	= ആ ദേവി രക്തചാമുണ്ഡാ എന്നും
യോഗേശ്വരി ഇതി ച	= യോഗേശ്വരി എന്നും
ആഖ്യാതാ	= പറയപ്പെടുന്നു
അനയാ	= ഈ ദേവിയാൽ
അഖിലം സ്ഥാവരജംഗമം	= എല്ലാ ചരാചരസ്വരൂപമായ
ജഗൽ വ്യാപ്തം	= ജഗത്തും വ്യാപിക്കപ്പെട്ടിരിക്കുന്നു
യഃ ഭക്ത്യാ	= യാതൊരുത്തൻ ഭക്തിയോടുകൂടി
ഇമാം പൂജയേൽ	= ഈ ദേവിയെ പൂജിക്കുമോ
സഃ	= അവൻ
ചരാചരം വ്യാപ്നോതി	= ചരാചരത്തെ വ്യാപിക്കുന്നു.

ആ രക്തദന്തികാദേവി വാൾ, മധുപാനപാത്രം, ഉലക്ക, കലപ്പ ഇവയെ ധരിച്ചിരിക്കുന്നവളും, രക്തചാമുണ്ഡാ എന്നും യോഗേശ്വരി എന്നും പറയപ്പെടുന്നവളും ചരാചരസ്വരൂപമായ ഈ ജഗത്തുമുഴുവൻ വ്യാപിച്ചിരിക്കുന്നവളും ആകുന്നു. ഈ ദേവിയെ ഭക്തിയോടുകൂടി പൂജിക്കുന്നവൻ അത്യന്തം കീർത്തിമാനായി ഭവിക്കുന്നു.

ഗുപ്ത—പാത്രം=മധുപാനസാധനം

൧൧, അധീതേ യ ഇമം നിത്യം രക്തദന്ത്യാ വപുഃ സ്തവം
തംസാ പരിചരേദ്ദേവീ പതിം പ്രിയമിവാംഗനാ

യഃ നിത്യം	= യാതൊരുത്തൻ ദിവസംതോറും
രക്തദന്ത്യാഃ	= രക്തദന്തികാദേവിയുടെ
ഇമം വപുഃസ്തവം	= ഈ വപുഃസ്തോത്രത്തെ
അധീതേ	= പിന്നെയും പിന്നെയും പാഠംചെയ്യുന്നുവോ

സാ ദേവി തം	= ആ ദേവി അങ്ങനെ പാഠംചെയ്യുന്നവനെ
അംഗനാ	= ഉത്തമയായ തരുണി
പ്രിയം പതിം ഇവ	= ഇഷ്ടനായ ഭർത്താവിനെ എന്നപോലെ
പരിചരേൽ	= ശുശ്രൂഷിക്കും

രക്തദന്തികാദേവിയുടെ ഈ സ്തോത്രത്തെ ദിവസംപ്രതി പിന്നെയും പിന്നെയും പാഠംചെയ്യുന്ന പുരുഷനെ ആ ദേവി, ഉത്തമയായതരുണി പ്രിയനായ ഭർത്താവിനെ എന്നപോലെ ശുശ്രൂഷിക്കും.

൧൨. ശാകംഭരീ നീലവർണ്ണാ നീലോല്പലവിലോചനാ
ഗംഭീരനാഭിഃ ത്രിവലീവിഭൂഷിതതനൂദരീ

൧൩. സുകർക്കശസമോത്തുംഗവൃത്തപീനഘനസ്തനീ

ശാകംഭരീ	= ശാകംഭരീ ദേവി
നീലവർണ്ണാ	= ഇന്ദ്രനീലരത്നത്തിൻെറ നിറത്തോടുകൂടിയവളും
നീലോല്പലവിലോചനാ	= കരിംകൂവളപ്പൂവിൻെറ ഇതളുകൾപോലെയുള്ള നേത്രങ്ങളോടുകൂടിയവളും
ഗംഭീരനാഭിഃ	= അഗാധമായ നാഭിയോടുകൂടിയവളും
ത്രിവലീവിഭൂഷിത തനൂദരീ	= ത്രിവലികളെക്കൊണ്ടു് അലങ്കരിക്കപ്പെട്ട കൃശമായ ഉദരത്തോടുകൂടിയവളും
സുകർക്കശസമോത്തുംഗ വൃത്തപീനഘനസ്തനീ	= ഏററവും കഠിനങ്ങളായി, തുല്യങ്ങളായി, ഉന്നതങ്ങളായി, വൃത്തങ്ങളായി, തടിച്ചവയായി, ഘനങ്ങളായി ഇരിക്കുന്ന സ്തനങ്ങളോടുകൂടിയവളും ആകുന്നു.

ശാകംഭരിദേവി ഇന്ദ്രനീലരത്നത്തിൻെറ വർണ്ണത്തോടും, കരിംകൂവളപ്പൂവിൻെറ ദളങ്ങൾപോലെയുള്ള നേത്രങ്ങളോടും, അഗാധമായ നാഭിയോടും, ത്രിവലികളെക്കൊണ്ടു് അലംകരിക്കപ്പെട്ട കൃശമായ ഉദരത്തോടും, ഏററവും കഠിനങ്ങളായി, തുല്യങ്ങളായി, ഉന്നതങ്ങളായി, വൃത്തങ്ങളായി, തടിച്ചവയായി, ഘനങ്ങളായി ഇരിക്കുന്ന സ്തനങ്ങളോടും കൂടിയവളാകുന്നു. (രക്തദന്തികാദേവിയെപ്പററി പറഞ്ഞതിനുശേഷം ശാകംഭരിയെക്കുറിച്ചു പറയുന്നു)

മുഷ്ടിം ശിലീമുഖാപൂർണ്ണം കമലം കമലാലയാ
൧൪. പുഷ്പപല്ലവമൂലാദിഫലാഢ്യം ശാകസഞ്ചയം
കാമ്യാനന്തരസൈര്യുക്തം ക്ഷുത്തൃന്മൃത്യുജ്വരാപഹം
൧൫. കാർമ്മുകഞ്ച സ്ഫുരൽകാന്തി ബിഭ്രതീ പരമേശ്വരി

കമലാലയാ പരമേശ്വരി	= ആ പത്മവാസിനിയായ പരമേശ്വരി
ശിലീമുഖാപൂർണ്ണം മുഷ്ടിം	= ബാണപൂർണ്ണമായ മുഷ്ടിയും

കമലം	= താമരപ്പൂവും
കാമ്യാനന്തരസൈഃ യുക്തം	= ആഗ്രഹിക്കപ്പെട്ടവാൻ യോഗ്യങ്ങളായ അനേകരസങ്ങളോട്ടുകൂടിയതും
ക്ഷുത്തൃണ്മൃത്യുജ്വരാപഹം	= വിശപ്പ്, ദാഹം, മരണം, ജ്വരം എന്നിവയെ നശിപ്പിക്കുന്നതും
പുഷ്പപല്ലവമൂലാദി ഫലാഢ്യം	= പൂവ്, തളിരു്, മൂലഫലങ്ങൾ ഇവയോട്ടുകൂടിയതുമായ
ശാകസഞ്ചയം	= ചീരക്കൂട്ടവും
സ്ഫുരൽകാന്തി	= ശോഭിക്കുന്നകാന്തിയോട്ടുകൂടിയ
കാർമ്മുകംച ബിഭ്രതി	= വില്ലും ധരിച്ചിരിക്കുന്നവളാകുന്നു.

ആ പത്മവാസിനിയായ പരമേശ്വരി നാലുകൈകൾകൊണ്ടു് ബാണം, താമരപ്പൂവ്, ആഗ്രഹിക്കപ്പെട്ടവാൻ യോഗ്യങ്ങളായ അനേകം രസങ്ങളോട്ടുകൂടിയതായി, വിശപ്പ്, ദാഹം, മരണം, ജ്വരം ഇവയെ നശിപ്പിക്കുന്നതായി, പൂവ്, തളിരു്, മൂലഫലങ്ങൾ ഇവയോട്ടുകൂടിയതായി ഇരിക്കുന്ന ചീരക്കൂട്ടം, കാന്തികൊണ്ടു് ഉജ്വലിക്കുന്ന വില്ല് ഇവയെ ധരിച്ചിരിക്കുന്നവളാകുന്നു.

ഇപ്പ—നാലുകൈകളെക്കൊണ്ടു്, വില്ല്, ബാണം, പത്മം, ചീര ഇവയെ ധരിച്ചിരിക്കുന്നു.

ശാകംഭരീ ശതാക്ഷീ സാ സൈവ ദുൎഗ്ഗാ പ്രകീൎത്തിതാ

എന്നു. വിശോകാ ദുഷ്ടദമനീ ശമനീ ദുരിതാപദാം
ഉമാ ഗൗരീ സതീ ചണ്ഡീ കാളികാ സാപി പാൎവ്വതീ

സാ ശാകംഭരീ	= ആ ശാകംഭരി
ശതാക്ഷി	= ശതാക്ഷീദേവിയും ആകുന്നു.
സാ ഏവ	= ആ ദേവി തന്നെ
ദുൎഗ്ഗാപ്രകീൎത്തിതാ	= ദുൎഗ്ഗാ എന്നും പറയപ്പെടുന്നു.
സാ വിശോകാ	= ആ ദേവി ദുഃഖത്തോട്ടുകൂടാത്തവളും
ദുഷ്ടദമനി	= ദുഷ്ടന്മാരായ അസുരന്മാരെ നശിപ്പിക്കുന്നവളും
ദുരിതാപദാം ശമനി	= അത്യന്താപത്തുകളെ ശമിപ്പിക്കുന്നവളും
ഉമാ ഗൗരി	= ഉമയും ഗൗരിയും
സതി	= സതീദേവിയും (മഹാപതിവ്രതയും)
ചണ്ഡീ കാളികാ	= ചണ്ഡികയും കാളികാദേവിയും
പാൎവ്വതീ അപി	= പാൎവ്വതിയും ആകുന്നു.

ആ ശാകംഭരീദേവി, ശതാക്ഷിഎന്നും ദുൎഗ്ഗാഎന്നും പറയപ്പെടുന്നവളും, ആനന്ദരൂപിണിയും, ദുഷ്ടാസുരന്മാരെ നശിപ്പിക്കുന്നവളു ,

വലുതായ ആപത്തുകളെ ശമിപ്പിക്കുന്നവളും, ഉമയും, ഗൗരിയും, സതിയും, ചണ്ഡികയും, കാളികയും, പാർവ്വതിയും ആകുന്നു.

൫൭. ശാകംഭരീം സ്തുവൻ ധ്യായൻ ജപൻ സമ്പൂജയന്നമൻ
 അക്ഷയ്യമശ്നുതേ ശീഘ്രമന്നപാനാമൃതം ഫലം

ശാകംഭരീം സ്തുവൻ	= ആ ശാകാംഭരീദേവിയെ സ്തുതിക്കുന്നവനും
ധ്യായൻ ജപൻ	= ധ്യാനിക്കുന്നവനും ജപിക്കുന്നവനും
സമ്പൂജയൻ	= വഴിപോലെ പൂജിക്കുന്നവനും
നമൻ	= നമസ്കരിക്കുന്നവനും
ശീഘ്രം	= വേഗത്തിൽ
അക്ഷയ്യം	= നാശമില്ലാത്തതായ
അന്നപാനാമൃതം	= അന്നാമൃതവും പാനാമൃതവും ആയ
ഫലം അശ്നുതേ	= ഫലത്തെ അനുഭവിക്കുന്നു.

ആ ശാകംഭരീദേവിയെ സ്തുതിക്കുകയും ധ്യാനിക്കുകയും ജപിക്കുകയും വിധിയാകുംവണ്ണം പൂജിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നവൻ വേഗത്തിൽ അമൃതംപോലെയുള്ള അന്നപാനാദികളെ അനുഭവിക്കുന്നു.

ശാന്ത—പതിനൊന്നാമദ്ധ്യായത്തിന്റെ ഒടുവിൽ ലോകരക്ഷയ്ക്കായി അവതരിക്കുന്ന, നന്ദജാ, രക്തദന്തികാ, ശതാക്ഷീ, ശാകംഭരീ, ദുർഗ്ഗാ, ഭീമാ, ഭ്രാമരീ എന്നിങ്ങനെ ഏഴവതാരങ്ങളെ പറയുന്നതിൽ ശതാക്ഷിയും, ശാകംഭരിയും, ദുർഗ്ഗയും ഏകാവതാരമാകകൊണ്ട് ശാകംഭരിപൂജതന്നേ ശതാക്ഷിക്കും ദുർഗ്ഗയ്ക്കും പൂജയായിത്തീരുന്നതാകുന്നു.

൫൮. ഭീമാപി നീലവർണ്ണാ സാ ദംഷ്ട്രാദശനഭാസുരാ
 വിശാലലോചനാ നാരീ വൃത്തപീനപയോധരാ

൫൯. ചന്ദ്രഹാസം ച ഡമരും ശിരഃ പാത്രം ച ബിഭ്രതീ
 ഏകവീരാ കാളരാത്രിഃ സൈവോക്താ കാമദാ സ്തുതാ

സാ	= ആ ഭീമാദേവി
ഭീമാ അപി	= അതിഭയങ്കര രൂപിണിയാണെങ്കിലും
നീലവർണ്ണാ	= നീലനിറത്തോടുകൂടിയവളും
ദംഷ്ട്രദശനഭാസുരാ	= ദംഷ്ട്രകളെക്കൊണ്ടും ദന്തങ്ങളെക്കൊണ്ടും ശോഭിക്കുന്നവളും
വിശാലലോചനാ	= വിസ്തീർണ്ണങ്ങളായ നേത്രങ്ങളോടുകൂടിയവളും

വൃത്തപീനപയോധരാ	= വൃത്തങ്ങളായി തടിച്ചവയായി ഇരിക്കുന്ന സ്തനങ്ങളോടുകൂടിയവളും
നാരീ	= സ്ത്രീരൂപത്തോടുകൂടിയവളും
ചന്ദ്രഹാസം ഡമരും	= ഖഡ്ഗത്തേയും ഡമരു എന്ന ആയുധത്തേയും
ശിരഃ ച പാത്രം ച	= ശിരസ്സിനേയും പാനപാത്രത്തേയും
ബിഭ്രതീ	= ധരിച്ചിരിക്കുന്നവളും ആകുന്നു.
സാ ഏവ ഏകവീരാ	= ആ ദേവിതന്നെ ഏകവീരാ എന്നും
കാളരാത്രിഃ ഉക്താ	= കാളരാത്രി എന്നും പറയപ്പെട്ടു.
സ്തുതാ	= അവൾ സ്തുതിക്കപ്പെട്ടാൽ
കാമദാ	= ആഗ്രഹങ്ങളെ എല്ലാം സാധിപ്പിക്കുന്നവളാകുന്നു.

ആ ഭീമാദേവി, അതിഭയങ്കരരൂപിണിയാണെങ്കിലും, നീലനിറത്തോടുകൂടിയവളും ദംഷ്ട്രകളെക്കൊണ്ടും ദന്തങ്ങളെക്കൊണ്ടും ശോഭിക്കുന്നവളും, വിസ്തീർണ്ണങ്ങളായ നേത്രങ്ങളോടും, വൃത്തങ്ങളായി തടിച്ചവയായി ഇരിക്കുന്ന സ്തനങ്ങളോടും, സ്ത്രീരൂപത്തോടുംകൂടിയവളും ഖഡ്ഗം ഡമരു ശിരസ്സ് പാനപാത്രം ഇവയെ ധരിച്ചിരിക്കുന്നവളും, ഏകാവീര എന്നും കാളരാത്രി എന്നും പറയപ്പെടുന്നവളും സ്തുതിച്ചാൽ സർവ്വകാമങ്ങളേയും കൊടുക്കുന്നവളും ആകുന്നു. (ഇങ്ങനെ ഭീമാദേവീധ്യാനത്തെ പറഞ്ഞിട്ട് ഇനിയും ഏഴാമത്തെ അവതാരമായ ഭ്രാമരിയുടെ ധ്യാനത്തെ പറയാൻപോകുന്നു

൨൦. തേജോമണ്ഡലദുർദ്ധർഷാ ഭ്രാമരീ ചിത്രകാന്തിഭൃൽ
ചിത്രാനുലേപനാ ദേവീ ചിത്രാഭരണഭൂഷിതാ.

൨൧. ചിത്രഭ്രമരപാണിഃ സാ മഹാമാരീതി ഗീയതേ

ഭ്രാമരീദേവീ	= ഭ്രാമരീദേവി
തേജോമണ്ഡലദുർദ്ധർഷാ	= കാന്തിസമൂഹംകൊണ്ടു് തടുക്കാൻ പാടില്ലാത്തവളും
ചിത്രകാന്തിഭൃൽ	= അനേകനിറത്തിലുള്ള കാന്തിയോടുകൂടിയവളും
ചിത്രാനുലേപനാ	= പലവിധത്തിലുള്ള കുറിക്കൂട്ടുകളെ ധരിച്ചിരിക്കുന്നവളും
ചിത്രാഭരണഭൂഷിതാ	= നാനാപ്രകാരത്തിലുള്ള ആഭരണങ്ങളെ അണിഞ്ഞിരിക്കുന്നവളും
ചിത്രഭ്രമരപാണിഃ	= കയ്യിൽ അനേകവർണ്ണവിശിഷ്ടമായ വണ്ടിനെ ധരിച്ചിരിക്കുന്നവളും ആകുന്നു.

സാ	= ആ ഭ്രാമരീദേവി
മഹാമാരി ഇതി ഗീയതേ	= മഹാമാരി എന്നു് പറയപ്പെടുന്നു.

ആ ഭ്രാമരീദേവി, കാന്തിസമൂഹംകൊണ്ടു് തടുക്കാൻപാടില്ലാത്തവളും അനേകനിറത്തിലുള്ള കാന്തിയോടുകൂടിയവളും അനേകവിധത്തിലുള്ള കുറിക്കൂട്ടുകളെ ധരിച്ചിരിക്കുന്നവളും പലപ്രകാരത്തിലുള്ള ആഭരണങ്ങളെ അണിഞ്ഞിരിക്കുന്നവളും കയ്യിൽ അനേകവർണ്ണവിശിഷ്ടങ്ങളായ വണ്ടുകളെ ധരിച്ചിരിക്കുന്നവളും മഹാമാരി എന്നു പറയപ്പെടുന്നവളും ആകുന്നു.

ശാന്ത — ഭ്രാമരീദേവി കയ്യിൽ ധരിച്ചിരിക്കുന്ന വണ്ടുകൾ ജീവസ്വരൂപങ്ങളെക്കൊണ്ടു് സർവ്വജീവങ്ങളും ദേവ്യധീനങ്ങളാണെന്നു വെളിപ്പെടുന്നു. ഭുവനേശ്വരീസംഹിതയിൽ ഇങ്ങനെ പറയുന്നു:—

"ദ്വിരേഫാ ജീവരൂപാ സ്യുര്യയാ ഹസ്തേ ധൃതാഃ സദാ
ജീവാധിശാ തതഃ പ്രോക്താ ഭ്രാമരീ ലോകസുന്ദരീ" (എന്നു്)

ഈ ദേവതകളുടെ ഉപാഖ്യാനം ദേവീഭാഗവതത്തിൽ ഉണ്ടു്.

ഇത്യേതാ മൂർത്തയോ ദേവ്യാ വ്യാഖ്യാതാ വസുധാധിപ!

൨൨. ജഗന്മാതുശ്ചണ്ഡികായാഃ കീർത്തിതാഃ കാമധേനവഃ

വസുധാധിപ!	= അല്ലയോ രാജാവേ!
ജഗന്മാതുഃ	= ലോകമാതാവായ
ചണ്ഡികായാഃ ദേവ്യാഃ	= ചണ്ഡികാദേവിയുടെ
കാമധേനവഃ	= ഇഷ്ടങ്ങളെ എല്ലാം കൊടുക്കുന്നവർ എന്നു്
കീർത്തിതാഃ	= കൊണ്ടാടപ്പെടുന്നവരായ
ഏതാഃ മൂർത്തയഃ	= ഈ മൂർത്തികൾ
ഇതി വ്യാഖ്യാതാഃ	= ഇങ്ങനെ വർണ്ണിക്കപ്പെട്ടു.

അല്ലയോ രാജാവേ! ലോകമാതാവായ ചണ്ഡികാദേവിയുടെ അവതാരങ്ങളും ഇഷ്ടങ്ങളെ എല്ലാം കൊടുക്കുന്നവർ എന്നു കൊണ്ടാടപ്പെടുന്നവരും ആയ ഈ മൂർത്തികൾ എന്നാൽ ഇങ്ങനെ വർണ്ണിക്കപ്പെട്ടു.

ഇദം രഹസ്യം പരമം ന വാച്യം കസ്യചിത്ത്വയാ.

൨൩. വ്യാഖ്യാനം ദിവ്യമൂർത്തീനാമധിഷ്ഠ്വാഽവഹിതസ്സ്വയം

ഇദം	= ഈ ആഖ്യാനം
പരമം രഹസ്യം	= അത്യന്തം രഹസ്യമാകുന്നു.

ത്വയാ കസ്യചിൽ	= നിന്നാൽ ആരോടും
വാച്യം ന	= പറയപ്പെടാവുന്നതല്ല.
സ്വയം അവഹിതഃ	= ഭവാൻതന്നെ ഏകാഗ്രചിത്തനായിട്ടു്
ദിവ്യമൂൎത്തിനാം വ്യാഖ്യാനം	= ഈ ദിവ്യമൂൎത്തികളുടെ ആഖ്യാനത്തെ
അധീഷ്വ	= പിന്നെയുംപിന്നെയും പാഠംചെയ്താലും.

അല്ലയോ രാജാവേ! ഈ ആഖ്യാനം അത്യന്തം രഹസ്യമാകുന്നു. നിന്നാൽ ആരോടും പറയപ്പെടാവുന്നതല്ല. ഭവാൻതന്നെ ഏകാഗ്രമാനസനായിട്ടു് ഈ ദിവ്യമൂൎത്തികളുടെ ആഖ്യാനത്തെ പിന്നെയും പിന്നെയും പാഠംചെയ്താലും.

ഗുപ്ത—അവഹിതൻ = അൎത്ഥവിചാരത്തോടുകൂടിയവൻ.

തസ്മാത്സൎവ്വപ്രയത്നേന ദേവീം ജപ നിരന്തരം.

൨൪. സപ്തജന്മാൎജ്ജിതൈൎഘോരൈൎബ്രഹ്മഹത്യാസമൈരപി
പാഠമാത്രേണ മന്ത്രാണാം മുച്യതേ സൎവ്വകിൽബിഷൈഃ.

തസ്മാൽ	= മേൽപ്പറഞ്ഞ കാരണങ്ങളാൽ
സൎവ്വപ്രയത്നേന	= വളരെ പ്രയാസപ്പെട്ടും
നിരന്തരം	= എല്ലായ്പോഴും
ദേവീം ജപ	= ദേവിയെ ഉദ്ദേശിച്ചു് ജപിച്ചാലും;
മന്ത്രാണാം	= ഈ രഹസ്യമന്ത്രത്രയങ്ങളുടെ
പാഠമാത്രേണ	= പാരായണംകൊണ്ടുമാത്രം
സപ്തജന്മാൎജ്ജിതൈഃ	= മുൻപിൽ ഏഴുജന്മങ്ങൾകൊണ്ടു സമ്പാദിക്കപ്പെട്ടവയും
ഘോരൈഃ	= കഠിനങ്ങളും
ബ്രഹ്മഹത്യാസമൈഃ	= ബ്രഹ്മഹത്തിയോടു തുല്യങ്ങളും ആയ
സൎവ്വകിൽബിഷൈഃ അപി	= എല്ലാ പാപങ്ങളിൽനിന്നും
മുച്യതേ	= മോചിക്കപ്പെടുന്നു.

അല്ലയോ രാജാവേ! മേൽപ്പറഞ്ഞ കാരണങ്ങളാൽ വളരെ പ്രയാസപ്പെട്ടും ദേവിയേ ഉദ്ദേശിച്ചു ജപിച്ചാലും. ഈ രഹസ്യമന്ത്രത്രയങ്ങളുടെ പാരായണംമാത്രംകൊണ്ടു് മുൻപു് ഏഴുജന്മംകൊണ്ടു സമ്പാദിക്കപ്പെട്ടവയും കഠിനങ്ങളും ബ്രഹ്മഹത്തിക്കു തുല്യങ്ങളും ആയ സകലപാപങ്ങളിൽനിന്നും മോചിക്കപ്പെടുന്നു.

൨൫. ദേവ്യാ ധ്യാനം മയാഖ്യാതം ഗുഹ്യാൽഗുഹ്യതരം മഹൽ
തസ്മാൽ സൎവ്വപ്രയത്നേന സൎവ്വകാമഫലപ്രദം.

തസ്മാൽ = അതുകൊണ്ടു്
ഗുഹ്യാൽഗുഹ്യതരം = രഹസ്യത്തിൽവച്ചുംരഹസ്യമായി
മഹൽ = മഹത്തായി
സൎവ്വകാമഫലപ്രദം = ധൎമ്മാൎത്ഥകാമമോക്ഷങ്ങളെ കൊടുക്കുന്നതായി ഇരിക്കുന്ന
ദേവ്യാഃ ധ്യാനം = ശ്രീചണ്ഡികാദേവിയുടെ ധ്യാനത്തെ
മയാ സൎവ്വപ്രയത്നേന = എന്നാൽ പണിപ്പെട്ടും
ഖ്യാതം = നിനക്കായിക്കൊണ്ടു പറയപ്പെട്ടു.

അതുകൊണ്ടു് അതിരഹസ്യമായി, മഹത്തായി, ധൎമ്മാൎത്ഥകാമമോക്ഷങ്ങളെ കൊടുക്കുന്നതായി ഇരിക്കുന്ന ശ്രീചണ്ഡികാദേവീധ്യാനത്തെ ഞാൻ പണിപ്പെട്ടും ഭവാനോടു പറഞ്ഞു.

തന്ത്രോക്തം മൂൎത്തിരഹസ്യം

സമാപ്തം.

ശ്രീ ച ണ്ഡി കാ യൈ ന മഃ

സൎവ്വമനവദ്യം, ശിവം.

GN